
# മലങ്കര സൂര്യൻ



പീറ്റർ സി. ഏബ്രഹാം

malankaralibrary.com

# മലങ്കര സൂര്യൻ

ജീവ ചരിത്ര നോവൽ

(മാർ ഈവാനിയോസ്
തിരുമേനിയുടെ ജീവിത കഥ)

malankaralibrary.com

# മലങ്കര സൂര്യൻ

## (മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിത കഥ)

പീറ്റർ സി. ഏബ്രഹാം

The cause of Canonisation
of the Servant of God Archbishop Mar Ivanios
Catholicate Centre, Pattom, Trivandrum - 695 004

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com
malankaralibrary.com

MALANKARA SŪRYAN
(Life Story)

By Peter C. Abraham


First Published : September, 1996
By Bethany Publications, Kottayam-10

Second Edition : July 2008
By The cause of Canonisation
of the Servant of God Archbishop Mar Ivanios
Catholicate Centre, Pattom,
Trivandrum - 695 004

Printed at : St. Mary's Press, Pattom, Tvm.
Ph : 0091-471-2446116

Price : Rs.200.00


malankaralibrary.com

# പുനരർപ്പണം

എന്റെ വത്സല പിതാവിന്റെ മടിയിലിരുന്ന് ശൈശവത്തിലോ ബാല്യത്തിലോ ഞാൻ ശ്രദ്ധിച്ച ആദ്യത്തെ അമരകഥ, മാർ ഈവാനിയോസ് എന്ന അനന്യതേജസ്വിയുടെ വീരകഥയായിരുന്നു. ആ താപസമഹാത്മാവ് സ്ഥാപിച്ചുവളർത്തിയ സന്ന്യാസിനീ സമൂഹാംഗങ്ങളായ എന്റെ സഹോദരികൾ സിസ്റ്റർ ശാലീത്താ, സിസ്റ്റർ വിനീത എന്നിവർ ആ സൂര്യോജ്ജ്വാലഭാവങ്ങളെ എന്റെ ഇളം മനസ്സിൽ ഊതിത്തെളിച്ചുകൊണ്ടിരുന്നു. ഏറെ അറിയുവാനുള്ള ദാഹത്തോടെ പിന്നെപ്പിന്നെ ഒരുപാടു മഹത്തുക്കളുടെ പാദാന്തികത്തിൽ ചെന്നിരുന്ന് ആ വിസ്മയപ്രകാശത്തിന്റെ ശക്തിസൗന്ദര്യങ്ങളെ ഞാനാവാഹിച്ചുപോന്നു. അപ്പോൾ എന്റെ ഹൃദയവും ജ്വലിക്കുന്നതായി ഞാൻ തിരിച്ചറിഞ്ഞു. ഉള്ളിലെ പ്രകാശപ്രളയം അക്ഷരവഴികളിലൂടെ പകർന്നു നല്കാനായിരുന്നു പിന്നീടുള്ള എന്റെ ശ്രമം. അതിന്റെ പരിണതിയായിരുന്നു 1996-ലെ 'മലങ്കരസൂര്യ'ന്റെ ഉദയം.

ജനം ഹൃദയത്തോടു ചേർത്തു പിടിച്ച് സവിശേഷമായി സ്നേഹിച്ച ഗ്രന്ഥമാണിതെന്ന് അനേകർ നേരിട്ടും എഴുതിയും ഫോണിലൂടെയും അറിയിച്ച അംഗീകാര സന്ദേശങ്ങൾ വ്യക്തമാക്കുന്നു. ഇതിന്, ബഥനി പബ്ലിക്കേഷന്റെ 1996-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഏറ്റവും മികച്ച പുസ്തകത്തിനുള്ള അവാർഡ് ലഭിച്ചു; മറ്റു മൂന്നു പുരസ്കാരങ്ങളും. ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ CMI എന്ന അത്യാദരണീയനായ പുരോഹിതന്റെ ഈയിടെ വന്ന കത്താണ് പ്രകീർത്തനശ്രേണിയിൽ ഏറ്റവും ഒടുവിലായി ലഭിച്ചത്. പല പുണ്യാത്മാക്കളുടെയും വിശുദ്ധപദനാമകരണ നടപടികളുടെ പോസ്റ്റുലേറ്ററും റോമിൽ ലത്തീൻ ഭാഷയിൽ സമർപ്പിക്കപ്പെട്ട ഏറ്റവും മികച്ച 'പൊസിസിയോ'യുടെ കർത്താവുമായ അദ്ദേഹം ഇപ്രകാരമെഴുതി; "Returning from Trivandrum on October 23, I went through the biography of Mar Ivanios written by Peter C. Abraham. I was very much impressed by the heroic life of Mar Ivanios. I think we have begun the cause too late. We should have begun it much earlier. His life was very heroic as I see in the biography. I think that the author of this biography has made a good research on the life and activities of Mar Ivanios". ഈ പുസ്തകത്തിനു

malankaralibrary.com

ലഭിച്ച സ്വീകാര്യതയെപ്പറ്റിയുള്ള ഓർമ്മകൾ എന്റെ രചനാസപര്യയുടെ പിൻബലമാണെന്നു പറയാം. ജോൺസ് എന്ന ഒരു ഫിലിം ഡയറക്ടർ ഇതു വായിച്ച് ചിത്രീകരണമോഹം പങ്കുവയ്ക്കുകയുണ്ടായി. വായനാനന്തര സംതൃപ്തിയോടെ ബ. ഡൊമിനിക് സഖറിയാസച്ചൻ എന്റെ വാസഗൃഹത്തിലെത്തി ഒരു ദിവസം ചെലവിട്ടതും എന്നെ വിസ്മയിപ്പിച്ചു. പ്രശസ്തനായ ആർട്ടിസ്റ്റ് ദേവസിയുടെ വരപ്പുകളോടെ ഈ പുസ്തകത്തിന്റെ സചിത്രചരിതം ബ. ജോഷ്വാ കുറ്റിയിലച്ചൻ പുറത്തിറക്കിയതായും ഞാനറയുന്നു. 'In His Master's foot steps' എന്ന ശീർഷകത്തിൽ എന്റെ ഗ്രന്ഥത്തിന് പ്രൊഫ. റബേക്കാ തോമസ് നൽകിയ സമർത്ഥമായ ആംഗല പരിഭാഷയുടെ അടിസ്ഥാനത്തിൽ അമേരിക്കയിലെ പുതുതലമുറക്കാരായ മലങ്കരമക്കൾ ഒരു നാടകം തയ്യാറാക്കി അവതരിപ്പിച്ചതായും അറിയിക്കുകയുണ്ടായി. വിഖ്യാത പ്രഭാഷകൻ ഡോ. റൂബിൾ രാജ് ഒരു തീവണ്ടിയാത്രക്കിടയിൽ ഗ്രന്ഥം സമഗ്രമായി വായിച്ചശേഷം ആവേശപൂർവ്വം എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു, “ഈ മഹാത്മാവിനെപ്പറ്റി ലോകം അറിയേണ്ടത് ആവശ്യമാണ്. അതിനാൽ അഖിലകേരളാ അടിസ്ഥാനത്തിൽ ഒരു ചോദ്യോത്തരമത്സര പരിപാടി തിരുമേനിയുടെ പേരിൽ വർഷന്തോറും നടത്തുവാൻ ആഗ്രഹിക്കുന്നു.” ഇപ്രകാരം നാനാ തലങ്ങളിൽ നിന്നുള്ള സ്വീകാര്യതകളുടെ പൂമാലകൾ ഞാൻ ആദരവോടെ കൈക്കൊള്ളുന്നു.

ഹൃദ്യമായ രൂപപരിണാമങ്ങളോടെ, വിശുദ്ധപദ നാമകരണ കാര്യാലയത്തിന്റെ നേതൃത്വത്തിൽ ഈ 'സൂര്യൻ', സഹൃദയ മനോനഭസ്സിൽ പുനർപ്രകാശിതമാക്കുവാൻ തിരുസഭ ഉദ്യമിച്ചിരിക്കുന്നത് എത്രയോ വലിയ അനുഗ്രഹമായിരിക്കുന്നു. എന്റെ രചനാ സപരിയിലുടനീളം നന്മകൾ ചൊരിയുന്ന മേജർ ആർച്ചുബിഷപ് പരിശുദ്ധ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ തിരുമനസ്സിനോടുള്ള എന്റെ നന്ദി വാക്കുകൾക്കതീതമാണ്. എഴുത്തുകാരനെന്ന നിലയിൽ എന്റെ വളർച്ചാഹേതുവായി വർത്തിച്ച പ്രഥമ കാതോലിക്കാ ബാവാ പരിശുദ്ധ സിറിൽ ബസേലിയോസ് പിതാവിനേയും എനിക്കൊരിക്കലും മറക്കാനാവില്ല. ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ പുണ്യനാമകരണ കാര്യാലയാദ്ധ്യക്ഷൻ അത്യാദരണീയനായ ഡോ. ആന്റണി വലിയവിളയിൽ ഒ.ഐ.സി. അച്ചന്റെ അക്ഷീണാദ്ധ്വാനം നിറഞ്ഞ ഉത്സുകതയുടെ പരിണതികൂടിയാണീ ഗ്രന്ഥസാഫല്യം. സഭാചാൻസലർ എന്ന ബഹുകർത്തവ്യഭാരം ചുമലിൽ പേറുമ്പോഴും നിതാന്തശാന്തതയോടെ ഓരോ സംരംഭവും ആവിഷ്കരണ പൂർണ്ണതിയിലെത്തിക്കുന്ന ബഹു അച്ചന്റെ കർമ്മകുശലത തന്നെയാണ് ഈ രണ്ടാം പതിപ്പിന്റെ അടിസ്ഥാനം. ഏറ്റവും സ്വീകാര്യനായ അവതാരകനെ കണ്ടെത്താനും ഭാവതീക്ഷ്ണതയ്ക്കുവേണ്ടി അനുയോജ്യമായ വരപ്പുകൾ തര

malankaralibrary.com

പ്പെടുത്താനും എനിക്കു വഴികാട്ടിയായത് പെരിയ ബഹു. ഡോ. മരിയദാസ് ഒ.ഐ. സി. അച്ചനാണ്. സ്വകാര്യമോഹം തെല്ലുമില്ലാതെ, ദൈവജനവളർച്ചയ്ക്കുവേണ്ടി ജാഗരൂകതയോടെ സഭയിൽ വർത്തിക്കുന്ന - സിനഡൽ കമ്മീഷനുകളിലെ ഏക അൽമായ സെക്രട്ടറി കൂടിയായ ശ്രീ. ജോമി തോമസ് കലയപുരം, ഈ പുനഃപ്ര കാശന ധർമ്മത്തിന്റെ സൂത്രധാരനാണെന്നു പറയാം.

ഗ്രന്ഥസ്വീകാര്യതയിൽ ഗണനീയപദവിയുണ്ട് അവതാരകന്. പ്രഗത്ഭരും വിഖ്യാതരുമായ പലരുടെ പേരുകളും ആലോചനാസമിതിയുടെ ശ്രദ്ധയിൽപെട്ടി രുന്നു. എന്നാൽ ഈ സൽഗുണങ്ങൾക്കൊപ്പം ഗ്രന്ഥവിഷയമായ മഹാത്മാവിന്റെ കരസ്പർശാനുഗ്രഹം സിദ്ധിക്കുകയും അസാദ്ധ്യമെന്നു ശാസ്ത്രം വിധിച്ച പലതും ആ പുണ്യപിതാവിന്റെ മാദ്ധ്യസ്ഥ്യത്താൽ നേടുകയും ചെയ്ത ശ്രേഷ്ഠനായ ഗുരു നാഥൻ ഡോ. സിറിയക് തോമസിനെത്തന്നെ ഇതിന്റെ അവതാരകനായി ലഭിച്ചി രിക്കുന്നു. മിഴിവുള്ള വരപ്പുകളിലൂടെ അൻപത് അദ്ധ്യായങ്ങളെയും പ്രഥമവീ ക്ഷണത്തിൽത്തന്നെ ആകർഷകമാക്കിയത്, വരയുടെ അസാധാരണവരം ലഭിച്ച കലാകാരൻ ശ്രീ.ബെന്നി ജയിംസ് ആലപ്പുഴയാണ്. കാത്തിരിപ്പിന്റെ ദീർഘകാല ഇടവേളക്കുശേഷം രണ്ടാമതൊരു കുഞ്ഞിനുവേണ്ടി മാർ ഈവാനിയോസ് പിതാ വിന്റെ തിരുവസ്ത്രത്തിൽ തൊട്ട് മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് അനുഗ്രഹ സാഫല്യം നേടിയ ലത്തീൻ സഭാംഗമായ ബെന്നി ജയിംസിനല്ലാതെ മറ്റാർക്കാണ് ഇത്ര മഹ ത്തരമായി ഈ സൂര്യ തേജസ് ചിത്രീകരിക്കാൻ കഴിയുക.

കാനനൈസേഷൻ കാര്യാലയത്തിലെ വന്ദ്യ വൈദികർ, സന്ന്യാസിനികൾ, അൽമായ സഹോദരങ്ങൾ, ഗ്രന്ഥനിർമ്മിതിക്കാവശ്യമായ ധനം തന്നു സഹായി ച്ചവർ തുടങ്ങി എല്ലാവരുടേയും പ്രാർത്ഥനയും ഉത്സുകതയും എനിക്കനുഭവവേ ദ്യമാണ്. എല്ലാവർക്കും നന്ദിയുടെ കൂപ്പുകൈ.

സൂര്യതേജസ്സായ മാർ ഈവാനിയോസ് പിതാവിന്റെ അസ്തമിക്കാത്ത പ്രകാശം മാനവീയതയുടെ സമസ്ത തലങ്ങളിലും ജ്വലിച്ചു നിൽക്കട്ടെ; ആ പ്രകാശം നമ്മെ വഴി നടത്തട്ടെ.

പീറ്റർ സി. ഏബ്രഹാം

malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE, PATTOM, TRIVANDRUM-695 004, KERALA, INDIA
Tel: +91 471 2558864, Fax: +91 471 2553244, E-mail:mccuria@asianetindia.com

*Address of Residence:*
THIRUSANNIDHI
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

**MORAN MOR BASELIOS CLEEMIS**
MAJOR ARCHBISHOP-CATHOLICOS

## അനുഗ്രഹാശംസ



സനാതനസത്യമായ ക്രിസ്തുവിന്റെ രക്ഷാകരസഭാ സംവിധാനത്തിൽ സർവ്വരും ഒരുമയോടെ വ്യാപരിക്കണമെന്ന ഏക ലക്ഷ്യത്തോടെ മലങ്കരയിൽ കർമ്മനിരതനായി എരിഞ്ഞുനിന്ന സൂര്യതേജസ്സാണ് മാർ ഈവാനിയോസ് തിരുമേനി. സഭയിൽ ആ മഹാരഥൻ മുൻകൈയെടുത്തു നടപ്പാക്കിയ പദ്ധതികൾ, യുഗങ്ങളെ അതിജീവിക്കാൻ കെല്പുള്ള ദീർഘ വീക്ഷണസംരംഭങ്ങളായിരുന്നു. എം.എ.ബിരുദധാരിയായ പ്രഥമ സുറിയാനി വൈദികൻ, എം.ഡി.സെമിനാരി പ്രിൻസിപ്പൽ, സെറാമ്പൂർ കോളജ് പ്രൊഫസർ, സന്ന്യാസ - സന്ന്യാസിനീ സമൂഹങ്ങളുടെ സ്ഥാപകൻ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്, പൂർണ്ണതയിൽ സത്യം കണ്ടെത്തിയ പുനരൈക്യാചാര്യൻ, ഭൗമപ്രതാപങ്ങളോടു വിടചൊല്ലിയ പരിത്യാഗി യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡോക്ടറേറ്റ് സ്വീകർത്താവ്, രാജ്യാന്തര ഖ്യാതിയാർജിച്ച വിശ്വപൗരൻ, ഇങ്ങനെയെത്രയോ ഭാവോജ്ജ്വല കീർത്തിമുദ്രകളുണ്ട് ആ അനന്യതേജസ്വിക്കു ചാർത്താൻ. അറിയുന്തോറും ഏറെ മാനങ്ങളിലേക്ക് നമ്മെ ആനയിക്കുന്ന മഹാവ്യക്തിത്വ വിസ്മയമാണവിടുന്ന്. അളവുകൾക്കതീതമായ ആ പ്രകാശത്തെ അക്ഷരങ്ങളിലേക്കാവാഹിച്ച് വരും തലമുറകളെ ഭാസുരമാക്കാനുള്ള തീക്ഷണവും നിസ്തൂലവുമായ കർമ്മസാഫല്യമാണ് പീറ്റർ സി. എബ്രഹാമിന്റെ മലങ്കരസൂര്യൻ എന്ന ഈ അമൂല്യഗ്രന്ഥം.

malankaralibrary.com

അനിതരസാധാരണമായ ഭാഷാശൈലിയിൽ മഹത്തുക്കളുടെ പ്രേരണാത്മക ജീവിതം അവതരിപ്പിച്ച് മലയാള ജീവചരിത്രശാഖയെത്തന്നെ സമ്പന്നമാക്കിയ പീറ്റർ സി. എബ്രഹാം ക്രൈസ്തവലോകത്തിന്റെ അഭിമാനമാണ്. ഗ്രന്ഥകാരനെ അകമഴിഞ്ഞ് അനുമോദിക്കുന്നു; സാഹിത്യ സദസ്സിൽ ഏറെ തിളങ്ങാൻ വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കുന്നു.

എന്റെ മുൻഗാമി മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായുടെ അവതാരികയോടെ ഒരു വ്യാഴവട്ടക്കാലത്തിനു മുമ്പ് പ്രകാശിതമായ ഈ കൃതി അനേകരുടെ നിരന്തരമായ ആവശ്യപ്രകാരം പുന: പ്രസിദ്ധീകരിക്കുകയാണല്ലോ. പുണ്യാത്മാവായ മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധപദനാമകരണനടപടികൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലത്ത് ഈ മഹത്കൃതിയുടെ പുന:പ്രസിദ്ധീകരണം ഏറെ സാന്ദർഭികമായിരിക്കുന്നു. ഇതിനു മുൻകൈയെടുത്ത പോസ്റ്റുലേറ്റർ ബഹു. ആന്റണി വലിയവിളയിൽ അച്ചനെയും കാനനൈസേഷൻ സമിതിയെയും വളരെ ഉദാരതയോടെ ധനസഹായം ചെയ്ത സഭാതല്പരരേയും അഭിനന്ദിക്കുന്നു. പുസ്തകത്തിനു അംഗീകാര പ്രചുരിമയും ഗ്രന്ഥകാരനു വാഴ്വും നേരുന്നു.

+ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ
മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്

malankaralibrary.com

# പ്രസാധകക്കുറിപ്പ്

**ദൈ**വദാസൻ ആർച്ച് ബിഷപ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ മലങ്കര മക്കളെ എപ്പോഴും പുളകമണിയിക്കുന്നു. ധന്യവും കരുണാ സമ്പന്നവുമായ ഒരു ജീവിതത്തിനുടമയായിരുന്നു പിതാവ്. സത്യത്തിനു വേണ്ടി അക്ഷീണം യത്നിച്ച ഈ കർമ്മയോഗി മലങ്കര സഭയുടെ നവോത്ഥാന ശില്പിയും ക്രൈസ്തവ പൗരുഷത്തിന്റെ വിളനിലവുമായിരുന്നു. ദൈവകേന്ദ്രീകൃതമാനവികതയിലടിയുറച്ചു നിന്നുകൊണ്ട് ഈശ്വര വിശ്വാസത്തിന്റെ മധുര മന്ത്രധ്വനി മുഴക്കി തപശ്ചര്യയാർന്ന ജീവിതം നയിച്ച് ദൈവദാസൻ സ്വർഗ്ഗീയാനുഭവത്തിന്റെ മുത്തുകൾ മലങ്കര മക്കൾക്ക് ലഭ്യമാക്കി. നിരന്തരമായ ശരണം - പ്രാർത്ഥന - ചര്യയാക്കിയ പിതാവിന്റെ അടിയുറച്ച ജീവിതശൈലി നമുക്കെന്നും മാതൃകയാണ്. പുനരൈക്യ പ്രസ്ഥാനത്തിലൂടെ ദൈവാനുഭവത്തിന്റെ ഗഹനത വെളിപ്പെടുത്താൻ പിതാവിനു കഴിഞ്ഞു. ഈ പ്രകാശ ഗോപുരത്തിൽ നമുക്ക് ദൈവോന്മുഖത ദർശിക്കാം, ദൈവാശ്രയത്തിൽ ശരണപ്പെടാം.

ദൈവദാസന്റെ ജീവിതവും ദർശനവും വിലയിരുത്തിക്കൊണ്ടുള്ള നിരവധി ഗ്രന്ഥങ്ങൾ ഇതിനോടകം പുറത്തിറങ്ങിയിട്ടുണ്ട്. ഇവയിലൂടെ പിതാവിനെ സംബന്ധിച്ച പരിജ്ഞാനം പൊതുജനങ്ങൾക്ക് ഏറെക്കുറെ ലഭ്യമായിട്ടുണ്ട്. ഇനിയും വളരെയധികം വെളിച്ചത്തുവരേണ്ട ഒന്നാണ് പിതാവിന്റെ ജീവിതം. ആഴമായ പഠനവും, ഗവേഷണതൃഷ്ണയും ചരിത്രബോധ്യവും അതിനാവശ്യമാണ്.

ദൈവദാസന്റെ പാവനസ്മരണയെ വർത്തമാന ലോകത്തിനും പുതുതലമുറയ്ക്കും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മലങ്കരസഭയിലെ പ്രശസ്ത സാഹിത്യകാരനും ചരിത്രകാരനുമായ ശ്രീ പീറ്റർ സി. എബ്രഹാം മൈലപ്ര രചിച്ച ഉജ്ജ്വലമായൊരു കൃതിയാണ് "മലങ്കര സൂര്യൻ". ജീവചരിത്രനോവൽ വിഭാഗത്തിലുൾപ്പെടുന്ന ഈ ഗ്രന്ഥം കേവലം ഒരു നോവലായി പരിമിതപ്പെടുത്തരുത്. ചരിത്രത്തിന്റെ പിൻബലവും ആധികാരികതയുമുള്ള സർവ്വോത്തമമായ ഒരു ജീവചരിത്രമാണിത്. ദീർഘനാൾ പഠിച്ചും

malankaralibrary.com

പ്രാർത്ഥിച്ചും ചിന്തിച്ചും അനുഭവിച്ചറിഞ്ഞ കാര്യങ്ങളെ ഉൾച്ചേർത്തു നിർമ്മിച്ച ഈ കൃതി വായനക്കാരിൽ ദൈവികാനുഭൂതിയുടെ വെളിച്ചം പകരുന്ന ഒരു കെടാവിളക്കാണ്. മലങ്കര സഭയുടെ ചരിത്രവും, വികാസ പരിണാമങ്ങളും, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദൈവിക ദൗത്യവും, ഹൃദ്യവും ആലങ്കാരികവുമായ ഭാഷയിൽ ഈ കൃതിയിൽ ആലേഖനം ചെയ്തിരിക്കുന്നു. ഒരു കാലഘട്ടത്തിന്റെ ആവേശമായിരുന്ന മാർ ഈവാനിയോസ് പിതാവിനെ അതേ ആവേശത്തോടും വികാരത്തോടും ആദർശത്തോടും ഉൾക്കൊള്ളുവാൻ ഇന്നത്തെ തലമുറയ്ക്കും വരും തലമുറയ്ക്കും ഈ ഗ്രന്ഥം പ്രചോദനമേകും എന്നതിൽ സംശയമില്ല.

പ്രശസ്തമായ നിരവധി ഗ്രന്ഥങ്ങളിലൂടെ നമുക്കേവർക്കും പ്രിയങ്കരനായ ശ്രീ പീറ്ററിന്റെ ഈ പരിശ്രമത്തെ സഭ അഭിമാനപൂർവ്വം വീക്ഷിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. നാമകരണ നടപടികാര്യാലയത്തിലൂടെയും സുന്നഹദോസ് ചരിത്രകമ്മീഷനിലൂടെയും അദ്ദേഹത്തിന്റെ സേവനങ്ങൾ സഭയ്ക്കു സംലഭ്യമാണ്. 1996-ൽ ബഥനി പബ്ലിക്കേഷൻസ് പുറത്തിറക്കിയ ഈ ഗ്രന്ഥത്തിന്റെ ആദ്യപതിപ്പ് ചുരുങ്ങിയ കാലയളവിനുള്ളിൽ തീർന്നുപോയി. വിശ്വാസികളും വൈദിക, സന്യാസി സന്യാസിനികളും ഹൃദയത്തോട് ചേർത്തുപിടിച്ച് ആവേശമുൾക്കൊണ്ട ഈ ഗ്രന്ഥം നിരവധി ആസ്വാദകരുടെ പ്രശംസയ്ക്കും അഭിനന്ദനങ്ങൾക്കും ഇതിനോടകം പാത്രീഭവിച്ചിട്ടുണ്ട്. മാർ ഈവാനിയൻ ഭക്തി മലങ്കരമക്കളിൽ വളരാൻ ഒരു പരിധിവരെ ഈ ഗ്രന്ഥം സഹായിച്ചിട്ടുമുണ്ട്. നിരവധി പഠനങ്ങൾക്കും പ്രഭാഷണങ്ങൾക്കും വിശ്വാസികളെ ഒരുക്കാൻ ഈ ഗ്രന്ഥം ഉപകരിച്ചു. ഈ ഗ്രന്ഥത്തിന്റെ പുന:പ്രകാശനത്തിനായി നിരവധി വായനക്കാരും വിശ്വാസികളും കാലങ്ങളായി നിരന്തരം ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ പന്ത്രണ്ടു വർഷക്കാലത്തെ ആഗ്രഹ സഫലീകരണത്തിനായി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടി കാര്യാലയം മുന്നിട്ടിറങ്ങുകയുണ്ടായി. നാമകരണ നടപടികൾ അതിന്റെ ദ്വിതീയ ഘട്ടത്തിലേക്കു പ്രവേശിക്കുന്ന ഈ വേളയിൽ ഈ ഗ്രന്ഥം പുന:പ്രകാശനം ചെയ്യാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

ഈ ശ്രമങ്ങൾക്ക് പ്രോത്സാഹനവും ഈ ഗ്രന്ഥത്തിന് അനുഗ്രഹാശംസയും എഴുതിയ മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ പരിശുദ്ധ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ തിരുമേനിയോടുള്ള നന്ദി ഇത്തരുണത്തിൽ അറിയിക്കുന്നു. ഈ ഗ്രന്ഥത്തിന് ഉചിതവും ചിന്തനീയവുമായ അവതാരിക എഴുതി ധന്യമാക്കിയ മഹാത്മാ

malankaralibrary.com

ഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസിനോടും അകമഴിഞ്ഞ നന്ദി അർപ്പിക്കുന്നു. ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിനനുയോജ്യമായ വിധം ചിത്രങ്ങൾ വരച്ചുതന്നും, കവർ ഡിസൈൻ ചെയ്തും തന്ന ശ്രീ ബെന്നി ജെയിംസ് ആലപ്പുഴയോടും, ഡി.റ്റി.പി.യും അച്ചടിയും നിർവ്വഹിച്ച സെന്റ് മേരീസ് പ്രസ്സിനോടും നന്ദി അറിയിക്കുന്നു.

നാമകരണ നടപടികാര്യാലയത്തിൽ എന്നോടൊപ്പം പ്രവർത്തിക്കുന്ന ബഹു. സിസ്റ്റേഴ്സ്, ശ്രീ ജോമി തോമസ് കലയപുരം എന്നിവരുടെ നിസ്വാർത്ഥ സേവനങ്ങളും പ്രോത്സാഹനങ്ങളും ഈ ഗ്രന്ഥത്തിന്റെ പുനപ്രസിദ്ധീകരണത്തിന് വളരെയധികം സഹായിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ രണ്ടാം വരവിന് അകമഴിഞ്ഞ സഹായസഹകരണങ്ങൾ നൽകിയ

1. ഡോ. ജെയിംസ് പാലമുറ്റം, റിയാദ്, സൗദ്യഅറേബ്യ
2. ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ്, കോട്ടയം
3. ബഥനി സിസ്റ്റേഴ്സ് പ്രൊവൻഷ്യലേറ്റ്, തിരുമൂലപുരം, തിരുവല്ല
4. ഡി.എം. പ്രൊവിൻഷ്യലേറ്റ്, സുൽത്താൻ ബത്തേരി.
5. ശ്രീ. സാം കുട്ടി ജി. അക്ഷയ കോട്ടേജ്, പറക്കോട്
6. ഡി.എം. ജനറലേറ്റ്, കുടപ്പനക്കുന്ന്, തിരുവനന്തപുരം
7. ശ്രീ. ജോസ് അലക്സാണ്ടർ, ഷാരോം, പ്ലാമൂട്
8. ഡോ. കെ. സി. പൗലോസ്
9. ശ്രീ. ജോസ് പോൾ മാർട്ടിൻ
10. ശ്രീമതി അനന്യ തെരേസ് വർഗ്ഗീസ്, പുത്തൻപുരയിൽ, തുമ്പമൺ
11. ബഥനി സിസ്റ്റേഴ്സ് പ്രൊവിൻഷ്യലേറ്റ്, മൂവാറ്റുപുഴ
12. ശ്രീ. കെ.റ്റി. ദാനിയേൽ, അയ്യനേത്ത്
13. ശ്രീ. ജോൺ റ്റൈറ്റസ്, ന്യൂയോർക്ക്, അമേരിക്ക
14. ശ്രീ. ബാബു വലിയവീട്ടിൽ
15. ശ്രീ. സജി സി. തോമസ്, തോട്ടുംകരയിൽ, പുനലൂർ
16. ശ്രീമതി അന്നമ്മ തോമസ്, മുഴയൻപുന്നയ്ക്കൽ, കളത്തിപടി, കോട്ടയം
17. ശ്രീ. ജോൺസൺ പറങ്കിമാംമൂട്ടിൽ, കൊട്ടാരക്കര
18. ബഥനി മഠം, കായംകുളം
19. ശ്രീ. തോമസും കുടുംബവും, ചിറയിൽ, നാലാഞ്ചിറ
20. പ്രൊഫ. എബ്രഹാം മാത്യു, സെന്റ് ജോൺസ് കോളേജ്, അഞ്ചൽ
21. പ്രൊഫ. ഒ. ജോർജ്ജ്, സെന്റ് ജോൺസ് കോളേജ്, അഞ്ചൽ

malankaralibrary.com

22. ശ്രീ. ബേബി കുഞ്ഞുമോൻ, കെ.എസ്.ഭവൻ, പറക്കോട്

23. ശ്രീ. കോശി ജോയി, വലിയവിളയിൽ, അടൂർ

24. ശ്രീമതി. ലാലി ഫിലിപ്പോസ്, കടകുംപള്ളിൽ, പുത്തൂർ

25. ശ്രീമതി സിമി തോമസ്, എം.എസ്. കോട്ടേജ്, കൊടുമൺ

എന്നിവരോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥത്തിൽ പ്രൂഫ്റീഡിംസ് നടത്തിയ ശ്രീ. പീറ്റർ കിയാലിൽ പ്രത്യേകം നന്ദി അർഹിക്കുന്നു.

ശ്രീ പീറ്റർ സി. എബ്രഹാമിന്റെ "**മലങ്കര സൂര്യൻ**" എന്ന ഗ്രന്ഥം നാമകരണ നടപടി കാര്യാലയത്തിലൂടെ പുറത്തിറക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഈ സാഹിത്യ സംഭാവന നാമകരണ നടപടികാര്യാലയം അദ്ദേഹത്തിൽ നിന്നും കൃതജ്ഞതയോടെ ഏറ്റുവാങ്ങുകയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുകയും ചെയ്യുന്നു.

**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി**
പോസ്റ്റുലേറ്റർ,
ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ
നാമകരണനടപടി

malankaralibrary.com

# ഒരു ഭക്തന്റെ അവതാരിക

## ഡോ. സിറിയക് തോമസ്

മുൻ വൈസ് ചാൻസിലർ - മഹാത്മാഗാന്ധി സർവ്വകലാശാല

പുസ്തകങ്ങളുടെ പുന:പ്രകാശനം സാഹിത്യലോകത്തിൽ അസാധാരണമായ ഒന്നല്ല. എന്നാൽ ഒരു ജീവചരിത്രഗ്രന്ഥം വീണ്ടും വീണ്ടും പ്രസിദ്ധീകരിക്കുവാനിടവരുന്നുവെങ്കിൽ അതിനർത്ഥം അതു വ്യത്യസ്തമായ ഒരു ഗ്രന്ഥമാണെന്നതുതന്നെയാണ്. 'മലങ്കരസൂര്യൻ' എന്ന പേരിൽ പീറ്റർ സി. എബ്രഹാം രചിച്ച ആർച്ചുബിഷപ് മാർ ഈവാനിയോസിന്റെ ജീവിതകഥയെ അടിസ്ഥാനമാക്കിയുള്ള ഈ പുസ്തകം, കൈയ്യിലെടുത്താൽ താഴെവയ്ക്കാതെ തന്നെ വായിച്ചു തീർക്കുവാൻ വായനക്കാരനെ നിർബന്ധിക്കുന്ന ഒരു മനോഹര രചനയാണെന്നു പറയുവാൻ, ഈ പുസ്തകം ഒരിക്കൽ വായിച്ചവർക്കു രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല. ഒരു ആഖ്യായികപോലെ അയത്ന ലളിതമായ വായനയ്ക്ക് ഈ ഗ്രന്ഥം വായനക്കാരനു സഹായകരമായ സാഹചര്യമൊരുക്കുകയാണ്. അതേസമയം, പുസ്തകത്തിന്റെ ഗതിപ്രയാണത്തിൽ ചരിത്രാധിഷ്ഠിതമായ ഒരു ഗണനാക്രമവും ഗ്രന്ഥകർത്താവ് സൂക്ഷ്മതയോടെ സൂക്ഷിച്ചിരിക്കുന്നു.

തിരുവിതാംകൂറിന്റെ ചരിത്രവുമായി സഗാഢം ബന്ധപ്പെട്ടുകിടക്കുന്ന മാവേലിക്കരയിലെ പാരമ്പര്യപ്രശസ്തമായ ഒരു തറവാട്ടിൽ പിറന്ന്, പരമ്പരാഗതമായ ആയോധനകലകളിലും മെയ്യഭ്യാസപരിശീലനത്തിലും ബാല്യത്തിൽതന്നെ സാമർത്ഥ്യം തെളിയിച്ച്, വിശ്വാസത്തിലും ഭക്തിയിലും സതീർത്ഥ്യരെയെല്ലാം നിഷ്പ്രയാസം നിഷ്പ്രഭരാക്കി, പുലിക്കോട്ടു ദിവന്നാസ്യോസ് തിരുമേനിയാൽത്തന്നെ വേർതിരിക്കപ്പെട്ടും വിളിക്കപ്പെട്ടും, വട്ടശ്ശേരിൽ തിരുമേനിയുടെ പാണ്ഡിത്യവും പ്രാഗത്ഭ്യവും തെളിയിച്ച്, പ്രായേണ വളരെ ചെറുപ്പത്തിൽ തന്നെ കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിന്റെ സമർത്ഥനായ സാരഥിയായി പ്രതിഷ്ഠനേടിയ 'എം.എ.ശെമ്മാശൻ' പിന്നീട് എം.എ.അച്ചനും കൽക്കത്ത സെറാ

malankaralibrary.com

മ്പൂർ സർവ്വകലാശാലാ പ്രൊഫസറുമായി വിജ്ഞാനലോകത്തിലെ മുടിചൂടാമന്നനായി വിരാജിക്കവേ അധികാരവും പദവിയും പണവും സൗകര്യങ്ങളുമെല്ലാം ഉപേക്ഷിച്ച്, സന്ന്യാസത്തിന്റെ പരുക്കൻ വഴികൾ തേടി, ഒരു സർവ്വസംഗപരിത്യാഗിയായി, ദൈവത്തിന്റെ നിയോഗം കണ്ടും ചരിത്രത്തിന്റെ വിളികേട്ടും സഭാനേതൃത്വരംഗത്തേയ്ക്കു മടങ്ങിവന്ന് ബഥനിയുടെ മെത്രാനും സഭയുടെ മെത്രാപ്പോലീത്തയുമായിത്തീർന്ന്, സഭാചരിത്രത്തിന്റെ ഗതിമാറ്റിയ മഹാമാന്ത്രികനായി പ്രഭവിതറിയ ഒരാത്മീയ മഹാചാര്യന്റെ ഉദ്വേഗപൂർണ്ണമായ കഥയാണ് പീറ്റർ സി. എബ്രഹാം ഹൃദ്യവും ലളിതവുമായ ഭാഷയിൽ 'മലങ്കരസൂര്യ'നിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. മാർ ഈവാനിയോസിന്റെ ജീവിതകഥ വായനക്കാരന് ഒരേസമയം ചരിത്രവും അനുഭവവുമാണ്. അവിശ്വസനീയമായ ധൈര്യത്തിന്റെയും ത്യാഗത്തിന്റെയും കഥ! അനന്യമായ സന്ന്യാസാഭിമുഖ്യത്തിന്റെയും ഗുരുകടാക്ഷത്തിന്റെയും ശിഷ്യവാത്സല്യത്തിന്റെയും കഥയാണിത്. അതോടൊപ്പം തന്നെ സന്ന്യാസലാളിത്യത്തിന്റെയും അച്ചടക്കത്തിന്റെയും കാർക്കശ്യത്തിന്റെയും കഥയുമാണ്. ഒരു കാലഘട്ടത്തിൽ യാക്കോബായ സഭ കടന്നുപോയ തീക്ഷ്ണാനുഭവങ്ങളുടെ മദ്ധ്യത്തിലും ഒരു ഭദ്രദീപംപോലെ സർവ്വർക്കും വെളിച്ചം പകർന്നു നല്കിയ സന്ന്യാസശ്രേഷ്ഠനായ ആത്മീയ മഹാചാര്യന്റെ സ്തോഭജനകമായ ജീവിതകഥ. വായനക്കാരനെ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും മാത്രമല്ല, ഇടയ്ക്കിടെ വായനയ്ക്കിടയിൽ കരയിപ്പിക്കുകയും ചെയ്യുന്ന അതീവഹൃദ്യമായ ഒരു ജീവിതകഥയുമാണിത്.

ഒരു നല്ല ജീവിതം ജീവിക്കുന്നതിനേക്കാൾ പ്രയാസമാണ് ഒരു നല്ല ജീവചരിത്രമെഴുതുന്നതെന്നു പറയാറുണ്ട്. എന്നാൽ ഒരു നല്ല ജീവിതം നയിച്ച പുനരൈക്യശില്പിയായ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തയുടെ നല്ല ഒരു ജീവചരിത്രമാണ് ഗ്രന്ഥകർത്താവു രചിച്ചിട്ടുള്ളത്. വായനാഗതിയിൽ ഒരിടത്തും മടുപ്പിന്റെ അംശമില്ല. ഊഷ്മളമായ ഉള്ളടക്കവും ഹൃദയങ്ഗമായ ഭാഷയും അതിശയോക്തി അശേഷമില്ലാത്ത വസ്തുതാകഥനവുമാണ് ഈ പുസ്തകത്തിന്റെ സവിശേഷത. ഒരേസമയം ഇതൊരു സഭാചരിത്രവും നാടിന്റെ രാഷ്ട്രീയ ചരിത്രവുമാണെന്നു പറയാം. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ സംഭവബഹുലമായ ഒരു കാലഘട്ടത്തിൽ സഭയിലും സമൂഹത്തിലും സർവ്വരുടെയും ശ്രദ്ധാകേന്ദ്രമായിരുന്നല്ലോ. എല്ലാവരും തിരുമേനിയെ ആദരിച്ചു. മിക്കവരും സ്നേഹിച്ചു. ചിലർ സംശയിച്ചു. മറ്റുചിലരാകട്ടെ കഠിനമായി വിമർശിക്കുകയും അതിശക്തമായി എതിർക്കുകയും ചെയ്തു. ആദരവും അപമാനവും സമൃദ്ധിയും ദാരിദ്ര്യവും സ്നേഹവും വൈരാ

malankaralibrary.com

ഗ്യവും സഹകരണവും എതിർപ്പുമെല്ലാം സൂര്യന്റെ സ്ഥിതിസമാനമായ സ്ഥിരചിത്തതയോടെയാണ് മാർഈവാനിയോസ് അഭിമുഖീകരിച്ചത്. അതീവ ധിഷണാശാലിയായിരുന്നല്ലോ തിരുമേനി. രണ്ടു പാത്രിയർക്കീസുമാരെ തന്റെ വിരൽത്തുമ്പിൽ ചലിപ്പിച്ച ഈ മലങ്കരസൂര്യനു മാർപ്പാപ്പായിൽ നിന്നും താൻ ഉദ്ദേശിച്ച ആനുകൂല്യങ്ങൾ മുഴുവൻ മലങ്കരസഭയ്ക്കായി നേടുവാനും ഒട്ടും പ്രയാസമുണ്ടായില്ല. നേതൃഗുണങ്ങളെല്ലാം മാർഈവാനിയോസിനു ജന്മസിദ്ധമായിരുന്നുവെന്നു പറയണം. ഭയമെന്നതെന്തെന്ന് പി. റ്റി. ഗീവറുഗീസ് പണിക്കർക്ക് അറിഞ്ഞുകൂടായിരുന്നു.

സത്യം കണ്ടറിഞ്ഞപ്പോഴാണ് അദ്ദേഹം പുനരൈക്യത്തിന്റെ വക്താവായത്. വട്ടശ്ശേരിൽ തിരുമേനിയുമായുള്ള വേർപിരിയൽ മാർ ഈവാനിയോസിൽ വലിയ മുറിവുണ്ടാക്കിയിരുന്നുവെന്നതാണു സത്യം. അത്രഗാഢവും അഭേദ്യവുമായ ഒരു ഗുരു-ശിഷ്യബന്ധമായിരുന്നല്ലോ ആദ്യം മുതൽ അവർതമ്മിലുണ്ടായിരുന്നത്. സാഹചര്യങ്ങൾ മാറുന്നതനുസരിച്ച് സത്യം മാറുന്നില്ല എന്ന ദൃഢബോദ്ധ്യമാണ് അദ്ദേഹത്തെ പുനരൈക്യത്തിന്റെ പാതയിൽ ഉറപ്പിച്ചു നിർത്തിയതെന്ന് നിസ്സംശയം പറയാം.

ദീർഘകായനും ദൃഢമനസ്ക്കനുമായിരുന്ന മാർഈവാനിയോസിനെ കാണുവാനും തിരുമേനിയുടെ അനുഗ്രഹവാത്സല്യങ്ങൾ അനുഭവിക്കുവാനും എന്റെ ബാല്യത്തിൽ എനിക്കും ഭാഗ്യമുണ്ടായി. ഞങ്ങളുടെ പിതാവ് ആർ. വി. തോമസ്, എന്നും മാർ ഈവാനിയോസിന്റെ ഒരു വിശ്വസ്തസുഹൃത്തായിരുന്നു. 'ആർ. വി.' യെന്നുള്ള വിളിയിൽ പിതാവിനോടുള്ള സ്നേഹവും 'മകളേ' എന്ന സംബോധനയിൽ അമ്മയോടുള്ള വാത്സല്യവും തിരുമേനി എപ്പോഴും സാക്ഷ്യപ്പെടുത്തി. പിതാവ് നിയമസഭാസ്പീക്കറായും പിന്നീട് പി.എസ്.സി. അംഗമായും തിരുവനന്തപുരത്തു താമസിക്കുമ്പോൾ മെത്രാപ്പോലീത്താ തിരുമേനി പലപ്പോഴും വീട്ടിൽ വരുമായിരുന്നു. പോകുമ്പോൾ, ഞങ്ങൾ മക്കളെയെല്ലാം ചേർത്തുപിടിച്ച് ശിരസ്സിൽ കുരിശുവരച്ച് പ്രാർത്ഥിച്ച് അനുഗ്രഹിച്ചിരുന്നു. ആ സ്നേഹവാത്സല്യത്തിന്റെ ഓർമ്മ നല്കിയ ധൈര്യത്തിലും വിശ്വാസത്തിലുമാണ് തിരുമേനിയുടെ അൻപതാം ചരമവാർഷികദിനാചരണദിവസം പട്ടത്തെ കത്തീഡ്രലിലും തിരുമനസ്സിലെ കബറിങ്കലും നിന്നുകൊണ്ട്, കോട്ടയം കാരിത്താസ് ആശുപത്രിയിലായിരുന്ന എന്റെ മകളുടെ സുഖപ്രസവത്തിനു വേണ്ടി ഞാൻ മാർ ഈവാനിയോസ് തിരുമേനിയുടെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിച്ചത്. എന്റെ മന: പ്രയാസം മനസ്സിലാക്കി അഭിവന്ദ്യ സിറിൽ പിതാവും ജോഷാപിതാവും ഈവാനിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ എന്നെ അപ്പോൾ ധൈര്യപ്പെടുത്തുകയും

malankaralibrary.com

ചെയ്തു. മകൾക്ക് ഓപ്പറേഷൻ വേണ്ടിവരുമെന്നു മെഡിക്കൽ ശാസ്ത്ര പ്രകാരം വിധിച്ച ഡോക്ടറന്മാരെക്കൂടി അത്ഭുതപ്പെടുത്തിക്കൊണ്ടാണ്, ഞാൻ തിരുവനന്തപുരത്തു മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കൽ ഉള്ളുരുകി നേർന്നു പ്രാർത്ഥിക്കുമ്പോൾ മകൾ യാതൊരു പ്രയാസവും കൂടാതെ അവളുടെ ആദ്യജാതനെ പ്രസവിച്ചത്. അവൻ അന്നു മുതൽ ഞങ്ങൾക്ക് 'ഇവാൻ' ആയി. ഈവാനിയോസ് മെത്രാപ്പോലിത്ത, തിരുസഭയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിശുദ്ധ പദവിയിലെത്തുവാൻ എത്രനാളുകൾ കൂടിള്ള്യഎടുത്താലും തിരുമേനി അന്നും ഇന്നും വിശുദ്ധനാണെന്നു വിശ്വസിക്കുവാൻ എനിക്കുള്ള ബോദ്ധ്യം ഞങ്ങളുടെ അനുഭവം തന്നെ. തിരുമേനിയുടെ മാദ്ധ്യസ്ഥ്യശക്തിയെ ഞാൻ നേരിലറിഞ്ഞതാണല്ലോ.

ദൈവദാസൻ മാർ ഈവാനിയോസിനെക്കുറിച്ച് ഇത്ര മനോഹരമായൊരു ഗ്രന്ഥം ഇത്രമേൽ ആധികാരികമായ വസ്തുതാവിശകലനത്തോടെ രചിക്കുവാനിടയായത് ഗ്രന്ഥകർത്താവിന്റെ ഭാഗ്യമെന്നതുപോലെ തന്നെ, സഹൃദയരുടെ അനുഗ്രഹാനുഭവവുമാണ്. ഇപ്പോൾ പുസ്തകത്തിന് മറ്റൊരു പതിപ്പുകൂടി ആവശ്യമായിവന്നിരിക്കുന്നുവെന്നത് വായനക്കാർക്കിടയിൽ ഗ്രന്ഥകർത്താവിനു ലഭിച്ച വിശ്വാസ്യതയും അംഗീകാരവുമാണെന്നതിൽ രണ്ടുപക്ഷമില്ല. ശ്രീ. പീറ്റർ സി. എബ്രഹാം ഏറ്റവും ശ്രേഷ്ഠമായ ഒരു ദൗത്യമാണ് ഈ ഗ്രന്ഥരചനയിലൂടെ നിർവ്വഹിച്ചിട്ടുള്ളത്. 'മലങ്കരസൂര്യൻ' മലങ്കര കത്തോലിക്കാസഭാസമൂഹത്തിന്റെ ശ്രേഷ്ഠമായ സ്വത്തായിത്തീർന്നിരിക്കുന്നുവെന്നതാണു ശരി. മലയാളത്തിന്റെ ജീവചരിത്രസാഹിത്യശാഖയിലെ അമൂല്യമായ ഒരു രത്നവും.

ആർ. വി. സാൻജോഹൗസ്
പാലാ 686575
09-06-2008

malankaralibrary.com

# ആസ്വാദനം

## വി. കിളിച്ചിമല

അറ്റവേനലിൽ കുറ്റൻമഴ! ഊഷരഭൂമിയിൽ തെളിനീരുറവ. ഈ അനുഭവമാണ് മലങ്കരസൂര്യൻ എന്ന പുസ്തകം കയ്യിൽ കിട്ടിയപ്പോഴുണ്ടായത്. ദാഹിച്ചു വലയുമ്പോൾ വരണ്ടതൊണ്ട കുളിർപ്പിക്കുന്ന തേൻപാനീയലബ്ധിപോലെ. പീറ്റർ സി. ഏബ്രഹാമിനെ എത്ര കണ്ട് അഭിനന്ദിച്ചാലാണു മതിയാവുക!

ചടുലമായ അവതരണം, മനോഹരപ്രതിപാദനം, ഊർജ്ജസ്വലങ്ങളായ ചെറുവാക്യങ്ങളുടെ കയറിക്കയറിയുള്ള നില്പ്, ഉദാത്തചിത്രീകരണം - എല്ലാം രചനയെ ശ്രേഷ്ഠമാക്കുകയാണ്. കാലഘട്ടം ഉയർത്തിയ ഒരു മഹാത്മാവിന്റെ വളർച്ച, ആ മഹനീയ വ്യക്തിത്വം രൂപപ്പെടുത്തിയ കാലത്തിന്റെ വെളിച്ചം - രണ്ടും മലങ്കര സൂര്യനിലുണ്ട്. കലങ്ങി മറിഞ്ഞ 71 വർഷങ്ങളിലെ സംഭവപരമ്പരകൾക്കു ചുക്കാൻ പിടിച്ച വ്യക്തിത്വമാണത്. അവിടെ തിരമാലകളുടെ അലർച്ചയുണ്ട്; സാമൂഹ്യ സാംസ്കാരിക കോളിളക്കങ്ങളുണ്ട്, പ്രതിസന്ധികളും തീവ്രവേദനകളുമുണ്ട്, ആദർശധീരതയുടെ വൈജയന്തികളുണ്ട്, അദ്ധ്യാത്മികതയുടെ തിളക്കമുണ്ട് - വെള്ളിത്തിരയിലെന്നവണ്ണം എല്ലാം ഈ അമൂല്യഗ്രന്ഥത്തിൽ ചിത്രിതമായിട്ടുണ്ട്.

ഈ പുസ്തകം കൈയിലെടുത്താൽ നിങ്ങൾ അറിയാതെ വായിച്ചു പോകും. അവസാനം വരെ ഇടനിർത്താതെ വായിക്കുകയും രസിക്കുകയും ചിന്തയിൽ ആഴുകയും ചെയ്യും. മന:സാക്ഷിയെ ഇളക്കുവാനും ആഴമായ ആത്മശോധനയിലേക്കു തിരിയുവാനും ഇതിന്റെ വായന ഇടയാക്കും. വ്യക്തിയിലും സ്ഥാപനത്തിലും ഈ ആത്മശോധന മാറ്റം വരുത്തും.

malankaralibrary.com

ഇത്തരം കൃതികൾ ഇന്നു നന്നേ ചുരുങ്ങും. ഉദാത്ത കഥ പറഞ്ഞാൽ വളയൂരിപ്പോകുമെന്നാണ് പൊതുവെ മാദ്ധ്യമങ്ങളുടെ ധാരണ. സൂര്യവെട്ടം ഭയക്കുന്ന വാവൽപരിഷപോലെ.

460 -ലേറെ പുറങ്ങളുണ്ട് ഈ ബൃഹത്കൃതിക്ക്! എത്രമാത്രം സമയം ഇതിന്റെ രചനയ്ക്ക് ഗ്രന്ഥകാരൻ ചെലവഴിച്ചിട്ടുണ്ട്. മാറി മാറി പകർത്താൻ എത്ര കടലാസ് വിനിയോഗിച്ചിട്ടുണ്ട്. ഉപ്പിനും കർപ്പൂരത്തിനും വില കൂടിയിട്ടില്ലേ? പുസ്തകത്തിനും എഴുത്തുകാരനും പ്രതിഫലം നല്കുകയില്ലെന്നത്രേ സമൂഹത്തിന്റെ ക്രൂരമായ നില. ഈ കഠോരത ഇനിയും വച്ചുപുലർത്താമോ? ഉറക്കം തൂങ്ങൽ നീക്കിയേ പറ്റൂ. പുസ്തകം എല്ലാവരും വാങ്ങട്ടെ. കഴിവു കുറഞ്ഞവർക്കു പാരീഷ് ലൈബ്രറി പുസ്തകം ലഭ്യമാക്കട്ടെ. അല്ലെങ്കിൽ നമ്മൾ കുറ്റവാളികളാകും. അവകാശപ്പെട്ട പ്രതിഫലം ജോലിക്കാരനു കൊടുത്തില്ലെന്ന വലിയപാപത്തിന് ഇരയാകും. പരിശുദ്ധാത്മാവിനെതിരായ പാപമാണത്.

'ചരിത്രനോവൽ' എന്ന് ഇക്കൃതിയെ വിളിക്കാമോ? ഇതിൽ സങ്കല്പപാത്രങ്ങളില്ല; സങ്കല്പ സംഭവങ്ങളുമില്ല. 'നോവൽപോലെ പാരായണസുഖം നല്കുന്ന സരസ ജീവിതചരിത്രം' എന്നല്ലോ ന്യായമായി ഇപ്പുസ്തകത്തെ വിശേഷിപ്പിക്കേണ്ടത്.

malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1 | അസാമാന്യബാലൻ | 23 |
| 2 | ജന്മനാടിനോടു വിട | 31 |
| 3 | പഴയ സെമിനാരിയിൽ ധ്യാനപൂർവ്വം | 39 |
| 4 | ജ്ഞാന കുബേരൻ | 45 |
| 5 | അയിത്തക്കുടിലുകളിൽ സേവന നിരതൻ | 51 |
| 6 | ക്രാന്തദർശിയായ പ്രിൻസിപ്പൽ | 56 |
| 7 | അവശരുടെ പക്ഷവാദി | 64 |
| 8 | അബ്ദുള്ളാബാവായുടെ വരവ് | 70 |
| 9 | അധികാര വടംവലി | 78 |
| 10 | സഭാധികാരിക്ക് 'മുടക്ക്' | 88 |
| 11 | ശണ്ഠകളുടെ അഗ്നികലാശം | 102 |
| 12 | കാതോലിക്കാ സിംഹാസനസ്ഥാപനം | 114 |
| 13 | മഹാനായ പ്രൊഫസർ | 127 |
| 14 | സമർപ്പിത ഗുരു | 136 |
| 15 | അദ്ധ്യാത്മപ്രയാണം | 146 |
| 16 | ആർഷതീർത്ഥാടനം | 156 |
| 17 | ഭാരതീയതയുടെ ആത്മാവിലേക്ക് | 165 |
| 18 | ജ്ഞാനയോഗത്തിന്റെ പുണ്യപാതയിൽ | 174 |
| 19 | സർവ്വസംഗപരിത്യാഗം | 186 |
| 20 | വനാന്തരത്തിലൊരു പർണ്ണശാല | 198 |
| 21 | യോഗി ഒരു യാഗപ്പശു | 208 |
| 22 | വറുതിയുടെ ദിനചര്യകൾ | 215 |


malankaralibrary.com

| | | |
|---|---|---|
| 23 | ആശ്വാസഭവനം - ബഥനി | 227 |
| 24 | അതിശയം ഈ ഈശ്വരപാലനം! | 235 |
| 25 | മെത്രാനാകേണ്ടാ | 243 |
| 26 | ബഥനിത്തിരുമേനി | 253 |
| 27 | അധ:സ്ഥിതരുടെ വിമോചകൻ | 262 |
| 28 | പുനരൈക്യത്തിന് യാക്കോബായ സിനഡിന്റെ തീരുമാനം | 270 |
| 29 | അദ്ധ്യാത്മ ജ്വാലയിൽ മുണ്ടൻമല | 281 |
| 30 | ചങ്കുറപ്പുള്ള ഒറ്റയാൾ മുന്നേറ്റം | 289 |
| 31 | സത്യം കണ്ടെത്തി, ഇനി പിന്തിരിയില്ല | 295 |
| 32 | ബഥനിക്കു വിലക്ക് | 305 |
| 33 | 'ബഥനിമലയേ പുശ്ബഌാമോ' | 314 |
| 34 | 'ഉരുക്കിടുന്നു; മിഴിനീരിലിട്ടു മുക്കുന്നു...' | 323 |
| 35 | തിരിച്ചെത്തുന്നു, മാതൃസഭയുടെ മടിയിലേക്ക് | 330 |
| 36 | പകയുടെ വിഷഫണങ്ങൾക്കു നടുവിൽ | 341 |
| 37 | തിരുസഭയുടെ സിരാകേന്ദ്രത്തിലേക്ക് | 350 |
| 38 | മലങ്കര ഹൈരാർക്കി വിസ്മയവേഗത്തിൽ | 360 |
| 39 | സംസ്ഥാനതലസ്ഥാനത്ത് സഭാ ആസ്ഥാനം | 370 |
| 40 | പ്രതിസന്ധികളുടെ കൊടുങ്കാറ്റിലും കഴലുറപ്പോടെ | 377 |
| 41 | സർ സി.പി.ക്കു ചുട്ട മറുപടി | 386 |
| 42 | ചുവടൊന്നുറപ്പിക്കാൻ ധീരപോരാട്ടം | 395 |
| 43 | ദൈവാനുഗ്രഹത്തിന്റെ നിറവ് | 403 |
| 44 | പത്തിതാഴ്ത്തിയ മൂർഖൻ സി.പി. | 414 |
| 45 | സ്വാശ്രയസർവ്വകലാശാല എന്ന ലക്ഷ്യത്തോടെ കോളജ് സ്ഥാപനം | 419 |
| 46 | സപ്തസാഗരങ്ങൾക്കപ്പുറം | 428 |
| 47 | സർവ്വാദരണീയൻ ഈ വിശ്വപൗരൻ | 436 |
| 48 | ഓസ്ട്രേലിയായിലും മുഖ്യാതിഥി | 445 |
| 49 | ന്യൂനപക്ഷസംരക്ഷകൻ | 453 |
| 50 | നിത്യവിശുദ്ധിയിലേക്ക് | 463 |

malankaralibrary.com



# 1

# അസാമാന്യബാലൻ

മണി മുഴങ്ങുന്നു. പള്ളിയിൽ നിന്നാണ്. പുതിയകാവിന്റെ ഗ്രാമ ഹൃദയത്തെ പിടിച്ചുണർത്തുന്ന മണിമുഴക്കത്തിൽ അവന്റെ ഏകാഗ്രത യുടെ വേരറ്റു. ഇപ്പോൾ മണിമുഴങ്ങേണ്ട കാര്യമെന്താണ്? സന്ധ്യാ പ്രാർത്ഥനയുടെ മണിയല്ല. അത് അരനാഴിക മുമ്പ് കേട്ടതാണല്ലോ. അതു കേട്ട ഉടൻ പ്രാർത്ഥനാമുറിയിൽ പോയി പ്രാർത്ഥിച്ചു മടങ്ങിയെത്തി യതല്ലേ ഉള്ളു! വായിച്ചുകൊണ്ടിരുന്ന പുസ്തകത്തിൽ കഷ്ടിച്ച് എട്ടോ പത്തോ പുറങ്ങൾ മറിഞ്ഞുകാണും. അപ്പോഴേക്കും കൂട്ടമണി.

“ടാ കീവറീച്ചാ.... നമ്മുടെ പള്ളീലല്ലേ മണിയടിക്കുന്നത്. അതും കൂട്ടമണി”. അടുക്കളയിൽനിന്നും അമ്മ വിളിച്ചുചോദിച്ചു.

“അതെ അമ്മേ, ഞാനൊന്നറിഞ്ഞു വരാം”..

അവൻ സിദ്ധരൂപം മടക്കി. ഷെൽഫിലെ അമരകോശത്തിനും നീതി സാരത്തിനും ഇടയിലായി തിരുകിവച്ചു. കസേര വിട്ടെഴുന്നേറ്റു. അയ യിൽനിന്നും ഉടുപ്പെടുത്തണിഞ്ഞു. മുടി ചീകി. പിന്നൊരൊറ്റ ഓട്ടം; കല മാന്റെ വേഗത്തിൽ.

“കീവറീച്ചാ... കൊടയെടുത്തോണ്ടുപോ, ഭയങ്കര മഴയാ വരുന്നേ”.

malankaralibrary.com

പിന്നിൽനിന്നും വിളിച്ചുപറഞ്ഞ അമ്മയുടെ വാക്കുകൾ നേർത്ത തായി മാത്രമേ അവൻ കേട്ടുള്ളൂ. അത്ര ദൂരത്തിലവൻ മുന്നേറിയിരുന്നു.

"ഉടൻ ഞാൻ വന്നേക്കാം,". ഓട്ടത്തിനിടയിൽ വഴിവക്കിൽ തെറി ച്ചുവീണ മറുപടി.

മനസ്സുനിറയെ ആകാംക്ഷയായിരുന്നു. എന്താണു സംഭവിച്ചതെന്ന റിയാൻ. ആപത്തൊന്നും ആകല്ലേ എന്നായിരുന്നു ആ ബാലമനസ്സിന്റെ പ്രാർത്ഥന. കാർമേഘം മുറ്റിക്കറുത്ത ആകാശം. ഇടയ്ക്കിടയ്ക്ക് കൊള്ളി യാനും. ദിക്കുകൾ നടുക്കുന്ന ഇടിമുഴക്കവും. കാട്ടുപൊന്തകൾക്കിടയി ലൂടെ കുറുക്കുവഴി കണ്ടുപിടിച്ച് അവനോടി. മഴ ചാറിത്തുടങ്ങി. അലറി യടുക്കുന്ന രാക്ഷസഭ്രാന്തിയെപ്പോലെ അതിന്റെ ശക്തിയേറി. മഴ ആക്ര മിക്കും മുമ്പേ പള്ളി മുറ്റത്ത് ഓടിയെത്തുവാൻ കഴിഞ്ഞു. പള്ളി തുറന്നു കിടക്കുന്നു. റാന്തലിന്റെ വെട്ടത്തിൽ ആളുകൾ വട്ടത്തിൽ തിങ്ങിനിൽക്കു ന്നു. മുറ്റത്തു വില്ലുവണ്ടി. വലിയ ആളുകളാരോ വന്നിരിക്കുന്നു! ആരാവും?

അപ്പോഴേക്കും മഴ അലറിപ്പെയ്തു തുടങ്ങി. ഇരുട്ടു വളർന്നു.

റാന്തൽ കത്തിച്ച് പള്ളിയിലേക്കു തിടുക്കത്തിൽ നടന്ന കപ്യാരോട് തിരക്കി.

" ആരാ വന്നത്? "

"വല്യ തിരുമേനി എഴുന്നെള്ളിയിരിക്കുന്നു"

" ആര്! പുലിക്കോട്ടു ദിവന്നാസ്യോസ് വലിയ തിരുമേനിയോ!"

" ഓ തന്നെ, " ഓടുന്നതിനിടയിൽ കപ്യാർ സ്ഥിരീകരിച്ചു.

ഉള്ളിൽ ആഹ്ലാദത്തിന്റെ പൂത്തിരി കത്തി. മലങ്കര യാക്കോബായ സഭാനൗകയെ മൂന്നു ദശാബ്ദങ്ങളായി നയിക്കുന്ന അമരക്കാരൻ ഇതാ തന്റെ ഇടവകയിൽ! അപ്പനിൽനിന്നു കിട്ടിയ വാങ്മയചിത്രമായി മനസ്സിൽ കുടികൊള്ളുന്ന വലിയ തിരുമേനിയെ നേരിൽ കാണാൻ കഴിയുക!

അവൻ പള്ളിക്കുള്ളിൽ കയറി. പള്ളിപ്രമാണിമാർ ചുറ്റും നിരന്നുനിൽക്കുന്നു. അരണ്ടവെളിച്ചത്തിൽ പല പരിചിതമുഖങ്ങളും അവൻ കണ്ടു. ദാവീദാശാൻ, ആശാന്റെ മകൻ യോഹന്നാൻ അങ്ങനെ പലരും. കാലുപൊന്തിച്ച് തള്ളവിരലുകളിൽനിന്ന് കഴുത്തു നീട്ടി ജനവ ലയമദ്ധ്യത്തിലേക്ക് ആകാംക്ഷയോടെ നോക്കി.

എന്തുഫലം! ഒരു പതിനഞ്ചുകാരന്റെ പരിമിതിയിൽ ആദ്യമായി സങ്ക ടപ്പെട്ട നിമിഷം. തകർത്തു പെയ്യുന്ന പേമാരിയുടെ അലർച്ചയിൽ സ്വച്ഛ ശാന്തമായി തിരുമേനി സംസാരിക്കുകയാണ്. ശബ്ദം വേർതിരിച്ചെടു ക്കാൻ കാതോർത്തുനിൽക്കുന്ന ആളുകൾ.



malankaralibrary.com

"നമ്മുടെ വീട്ടിനാൽ ശെമ്മാശനെ കാണേണ്ട അത്യാവശ്യമുണ്ട്. അയാളെ ഇത്രടംവരെ വിളിച്ചുകൊണ്ടുവരുവാൻ ആർക്കെങ്കിലും വഴുവാടിവരെ പോകാൻ സാധിക്കുമോ? "

അതുവരെ സംസാരിച്ചു നിന്നവരെല്ലാം നിശബ്ദരായി. ഓരോരുത്തരും പരസ്പരം പാളിനോക്കി കുനിഞ്ഞുനിന്നു. വഴുവാടിവരെ ഒരു മൈൽ ദൂരമേയുള്ളൂവെന്ന് അവർക്കറിയാം. എന്നാൽ ഈ പേമാരിയിൽ ആരാണു പോകുവാൻ ധൈര്യപ്പെടുക. പ്രത്യേകിച്ച് ഈ കൂരിരുട്ടിൽ. അലറിവീശുന്ന കനത്ത കാറ്റിന്റെ ഭയാനകമായ മൂളൽ; നടുക്കുന്ന ഇടിയും മിന്നലും. മലങ്കര മെത്രാപ്പോലീത്തായാണു കല്പിക്കുന്നതെങ്കിൽക്കൂടി ഇതനുസരിക്കാൻ ആർക്കുണ്ട് ചങ്കുറപ്പ്!

തിരുമേനിയെ കാണുവാൻ കഴിയാതെ പിന്നിൽനിന്ന ബാലൻ തിങ്ങിനിന്ന പ്രമാണിമാർക്കിടയിലൂടെ നുഴഞ്ഞു കയറി, വഴിതെളിച്ച് വലിയ തിരുമേനിയുടെ മുന്നിലെത്തി കൂപ്പുകയ്യോടെ കൈമുത്തി. സകലരുടെയും മരവിച്ച മൗനത്തിനു മുകളിൽ അവന്റെ വാക്കുകൾ ഉണർന്നെണീറ്റു.

"തിരുമേനീ അടിയൻ പോകാം" .

നെഞ്ചുവിരിച്ചുനിന്ന പ്രമാണിമാരുടെ മുഖം മഞ്ഞളിച്ചുപോയി. പലരും, ഇവൻ ആരെന്നറിയുവാൻ തിക്കിത്തിരക്കി മുന്നോട്ടാഞ്ഞു. ബാലയോദ്ധാവിനെപ്പോലെ അവൻ നട്ടെല്ലുനിവർത്തി നിന്നു. റാന്തലിന്റെ നേർത്ത വെളിച്ചത്തിൽ ഇമവെട്ടാതെനിന്ന അവന്റെ കണ്ണുകൾ തിളങ്ങി. എന്തെല്ലാം കണ്ടുതഴമ്പിച്ച തിരുമേനിയുടെ വൃദ്ധനയനങ്ങളിൽപോലും ആശ്ചര്യത്തിന്റെ വികാസം. അഭിനന്ദനത്തിന്റെ മന്ദഹാസത്തോടെ അദ്ദേഹം അവനെ കൈനീട്ടി പിടിച്ചടുപ്പിച്ച് വാത്സല്യത്തോടെ ചോദിച്ചു.

"കുഞ്ഞേതാ ?"

"അടിയൻ പണിക്കരുവീട്ടിൽ തോമ്മാപണിക്കരുടെ മകനാണ്"

"അതായത്, നമ്മുടെ സ്കറിയാ കത്തനാരുടെ അനുജന്റെ മകൻ, അല്ലേ. കൊള്ളാം, നിന്റെ പേരെന്ത്?"

"പി.റ്റി. ജോർജ്ജ്"

"പണിക്കർ വംശത്തിന്റെ ശ്രേഷ്ഠമായ രക്തമാണ് നിന്നിലുള്ളത്. ശരി. നീ പോയി ശെമ്മാശനെ വിളിച്ചുകൊണ്ടു വരൂ"

"അടിയൻ"

ഉടൻ അവൻ പോകാനിറങ്ങി. ആളുകൾ ഇരുവശത്തേക്കും മാറിനിന്ന് വഴികൊടുത്തു. റാന്തലും ഓലക്കുടയുമായി കപ്യാർ വന്നു. അവൻ വിളക്കും കുടയുമായി പുറത്തേക്കിറങ്ങി.



malankaralibrary.com

കൊടുങ്കാറ്റിൽ ഒടിഞ്ഞുവീഴുന്ന മരച്ചില്ലകളുടെ കരച്ചിൽ എവിടെയോ കേട്ടു. നിർത്താതെ ചരൽ വലിച്ചെറിയുന്ന മേഘങ്ങൾ. എവിടെയും മുട്ടോളം വെള്ളം. ചീർത്ത പെരുമ്പാമ്പിനെപ്പോലെ ചീറിയൊഴുകുന്ന തോടിന്റെ ശബ്ദം. കൂരിരുട്ടിൽ വല്ലപ്പോഴുമെത്തുന്ന മിന്നലിന്റെ സഹായത്താൽ വഴിയറിഞ്ഞ് കാട്ടുപൊന്തകളിലൂടെ അവൻ നടന്നുമറഞ്ഞു. റാന്തൽവെളിച്ചം ഒരു മിന്നാംമിനുങ്ങായി ശോഷിക്കുന്നതുവരെ എല്ലാവരും അവന്റെ പോക്ക് നോക്കിനിന്നു.

അപ്പോഴാണ് തോമ്മാപ്പണിക്കരുടെ വരവ്. കുടയുണ്ടായിട്ടും മുക്കാലും നനഞ്ഞിരിക്കുന്നു. മറ്റൊരു കുടയും കരുതിയാണ് വന്നിരിക്കുന്നത്. മകനുവേണ്ടിയാണതെന്ന് എല്ലാവർക്കും അറിയാം. തിരുമേനിയെ കാണാനുള്ള ആകാംക്ഷയിലേറെ മകനെ കാണാനുള്ള തിടുക്കമായിരുന്നു അദ്ദേഹത്തിന്. മകനെ തെരഞ്ഞുനടക്കുന്നതിനിടയിൽ ആളുകൾ കാര്യങ്ങൾ അറിയിച്ചു. അതുകേട്ട് അറിയാതെ കുരിശുവരച്ചുപോയി. രണ്ടു വാക്കുകളും തെറിച്ചു വീണു.

"മാതാവേ രക്ഷിക്കണേ"

ഭയംകൊണ്ടല്ല കുരിശുവരച്ചതും പ്രാർത്ഥിച്ചതും. ഭയമെന്തെന്ന് പണിക്കര് വംശത്തിനറിയില്ല. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ അംഗരക്ഷകരായി ആരംഭിച്ച പാരമ്പര്യമാണ്. കൊല്ലാൻ പാഞ്ഞടുത്ത കാട്ടുപോത്തിനുനേരെ വാളൂരി വെട്ടി ഓടിച്ച് രാജാവിനെ രക്ഷിച്ച പാരമ്പര്യമാണ്. പക്ഷേ മൂത്ത മകനെക്കുറിച്ചോർക്കുമ്പോൾ ഹൃദയം തരളമാകുന്നു. എന്തുകൊണ്ടാണെന്നു വ്യക്തമായി പറയുക വയ്യ. എന്തുകൊണ്ടോ അവന്റെ കാര്യത്തിൽ മറ്റാരോടുമില്ലാത്ത ശ്രദ്ധയും കരുതലും ഉണ്ടായിപ്പോകുന്നു.

വലിയ തിരുമേനിയുടെ പക്കൽ തോമാപണിക്കർ ചെന്നു കൈമുത്തി. നേരത്തെ പലതവണ വലിയതിരുമേനിയെ കാണുവാൻ തോമാപണിക്കർ ചെന്നിട്ടുണ്ട്.

"എന്താ പണിക്കരേ, മകനെ തെരക്കി ഇറങ്ങിയതാവും, അല്ലേ? അവനെ ഞാനൊരാവശ്യത്തിനയച്ചിരിക്കുകയാണ്".

"വിവരമെല്ലാം അറിഞ്ഞു തിരുമേനി"

"മകൻ ബഹുസമർത്ഥൻ തന്നെ. ആകട്ടെ; ആനുകൂല്യങ്ങളൊക്കെ മുടക്കമില്ലാതെ കിട്ടുന്നുണ്ടല്ലോ".

തലമുറകളായി സേനാനായകന്മാരായി സേവനം ചെയ്തു പോന്ന പണിക്കർവംശത്തെ മാനിച്ച് രാജാവിൽ നിന്നും പള്ളികളിൽനിന്നും അവകാശങ്ങൾ ലഭിച്ചുപോന്നിരുന്നു.



malankaralibrary.com

“തിരുമേനിയുടെ കല്പനപ്രകാരം എല്ലാം യഥായോഗ്യം പള്ളിയിൽനിന്നും കിട്ടുന്നുണ്ട്. വെറ്റിലക്കെട്ടും പണവും എല്ലാം”.

“കളരി അഭ്യാസത്തിനു ദൂരസ്ഥർപോലും എത്തുന്നുണ്ടെന്നു കേൾക്കുന്നല്ലോ”.

“ഇല്ല തിരുമേനി, കളരി ഇപ്പോൾ ഞാൻ നടത്തുന്നില്ല. എല്ലാം അടച്ചുപൂട്ടി, നായന്മാരെയെല്ലാം പറഞ്ഞുവിട്ടു. ക്ഷേത്രത്തിലെ ആറാട്ടിനും ഇപ്പോൾ പോകുന്നില്ല” .

“ഓഹോ! അതാണു നല്ലത്. രാജാവിന്റെ സേനാനായകന്മാരെന്നനിലയിൽ കളരി നിങ്ങൾക്ക് ഉപേക്ഷിക്കാനാവാത്തതാണെങ്കിലും അതു ക്രിസ്ത്യാനികൾക്കു ചേർന്നതല്ല. യുദ്ധത്തിനുവേണ്ടിയല്ലേ കളരി. ശത്രുവിനെപ്പോലും സ്നേഹിക്കാനല്ലേ കർത്താവു നമ്മെ പഠിപ്പിക്കുന്നത്”.

“മകൻ കീവറീച്ചനും ഇതുതന്നെയാ പറയുന്നത്. അതുകൊണ്ടിപ്പോൾ കൃഷിയിലേക്കു തിരിഞ്ഞു. ഇനി അവനെക്കൂടി കൃഷിപ്പണിയൊക്കെ പഠിപ്പിക്കണം” .

“അവനിപ്പോൾ എന്തു പഠിക്കുന്നു”

“ഫോർത്തുഫോം ജയിച്ചു നിൽക്കുവാ. സി.എം.എസ്സുകാരുടെ സ്കൂളിലായിരുന്നു”.

“ഇതുവരെ എല്ലാ വിഷയങ്ങൾക്കും അവനാ ഒന്നാമൻ” . കൂടിയിരുന്നവർക്കിടയിൽനിന്നും ദാവീദാശാൻ അവന്റെ ബുദ്ധി സാമർത്ഥ്യത്തെ പ്രകീർത്തിച്ചു. ബഹുമിടുക്കനായ കീവറീച്ചനെ നിലത്തെഴുതിക്കുവാനും കൂട്ടിവായിക്കുവാനും പഠിപ്പിക്കുവാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം ആശാന്റെ വാക്കുകളിൽ തുടിച്ചു.

“ഇത്ര സമർത്ഥനായ മകനെ കൃഷിപ്പണിക്കു വിടുകയോ, വേണ്ടാ പണിക്കരേ. അവനെ പഠിപ്പിക്കണം. അവൻ വലിയൊരാളാവും” .

“ആഗ്രഹമില്ലാഞ്ഞല്ല തിരുമേനി. മുതലും തമ്പുരാൻ തന്നിട്ടൊണ്ട്. എന്നാൽ ഇനിയുള്ള പഠിത്തം കോട്ടയത്തല്ലേയുള്ളൂ” .

“അതിനെന്താണ്, അവിടെ അയച്ചായാലും അവനെ പഠിപ്പിക്കണം”.

തിരുമേനിയുടെ ഉത്തരവുകേട്ട് എല്ലാവർക്കും സന്തോഷം. അവർക്കെല്ലാം കീവറീച്ചൻ അത്രയ്ക്കു പ്രിയങ്കരനായിരുന്നു.

എന്നിട്ടും തോമാപണിക്കരുടെ മുഖം മാത്രം വിടർന്നില്ല. മാവേലിക്കരയിൽനിന്നും കോട്ടയത്തേക്ക് വള്ളം മാത്രമാണ് യാത്രാമാർഗ്ഗം. യാത്രാക്ലേശം പോകട്ടെന്നു വയ്ക്കാം. കോട്ടയത്ത് എവിടെ താമസിക്കും? ചാർച്ചക്കാരെല്ലാം മാവേലിക്കരയിലും ചുറ്റുവട്ടത്തുമാണ്. ഏറിയാൽ മുപ്പതു മൈൽ ദൂരമേയുള്ളെങ്കിലും കോട്ടയം അകലെയെവിടെയോ



malankaralibrary.com

പോലെ തോന്നിപ്പോകുന്നു. അവിടെ വീട്ടുകാരെയെല്ലാംവിട്ട് കൊച്ചുകീവറീച്ചൻ ഒറ്റയ്ക്ക്....! ദൃഢചിത്തനായ സൈന്യാധിപന്റെ മനസ്സ് എന്തൊക്കെയോ ചിന്തിച്ചുപോയി.

"ഒന്നുമാലോചിക്കാനില്ല. ഞാനവനെ കോട്ടയത്തേക്കു കൊണ്ടുപോകാൻ നിശ്ചയിച്ചു. ഹൈസ്ക്കൂൾ പഠനത്തിനു മാത്രമല്ല. സഭാവേലയ്ക്ക് വേണ്ടിയും.... എന്താ സമ്മതമല്ലേ" .

എന്തു പറയണമെന്നറിയില്ല. ഉപരിപഠനത്തിനു സൗകര്യം കിട്ടുന്നത് എത്രയോ വലുത്. എന്നാൽ സഭാവേലകൾക്കായി വിടുകയെന്നുവച്ചാൽ! അതിലും നല്ലതല്ലേ അവനൊരു സൈന്യാധിപനായി കാണുക. കുലത്തൊഴിലും അതാണല്ലോ. പക്ഷേ അവന്റെ ആഗ്രഹം സഭാവേലതന്നെയാണു താനും. ചെറുപ്പം മുതൽക്കേ പ്രാർത്ഥനയും പള്ളിക്കാര്യങ്ങളും അവനു പ്രാണവായുവാണ്.

സൈന്യത്തിൽ ചേരണമെന്ന് ഒരിക്കൽ താൻ അവനോടു പറഞ്ഞപ്പോൾ അവനന്നു പറഞ്ഞ എതിർപ്പ് ഇപ്പോഴും കാതിൽ മുഴങ്ങുന്നുണ്ട്.

"അതെന്റെ വഴിയല്ലപ്പാ" .

അതു പറഞ്ഞവൻ കന്യാമറിയത്തിന്റെ പടത്തിനു മുന്നിൽ മെഴുകുതിരിതെളിച്ച് ഒരു ദിവസം മുഴുവൻ ഉപവസിച്ച് പ്രാർത്ഥിക്കുകയായിരുന്നു; തന്റെ മനസ്സുമാറ്റാൻ. അവന്റെ അമ്മയും അവന്റെ വശത്തായിരുന്നു. അവളുടെ കുടുംബത്തിൽ പാരമ്പര്യമായി ആൺകുട്ടികൾ പിറക്കാതിരുന്നപ്പോൾ അവളും കന്യാമറിയത്തോട് കരഞ്ഞു പറഞ്ഞതാണ്.

"അമ്മേ! എനിക്കെങ്കിലും ഒരാൺകുഞ്ഞിനെ തരണേ, അവനെ ഞാൻ ദൈവവേലയ്ക്ക് അയച്ചോളാം".

ആ പ്രാർത്ഥനയ്ക്കുത്തരം കിട്ടി. കീവറീച്ചനായിരുന്നു ആ ഉത്തരം. കന്യാമറിയത്തിന്റെ ജനനദിവസത്തിൽത്തന്നെയുള്ള ജനനം. ആ പ്രതിജ്ഞ അവൾക്കു നിറവേറ്റേണ്ടേ? ശൈശവം മുതൽ അവൾ അവനെ അതിനായി പരിശീലിപ്പിക്കുകയുമായിരുന്നില്ലേ. ഇനി താൻ അവന്റെ ജന്മാഭിലാഷത്തിനു തടസ്സമാകരുത്. അവന്റെ അമ്മയുടെ പ്രാർത്ഥനകൾക്ക് അങ്ങനെ സാഫല്യമുണ്ടാകട്ടെ. മനസ്സില്ലാമനസ്സോടെ പറഞ്ഞു.

"തിരുമേനി കല്പിക്കുംപോലെ. എങ്കിലും ജ്യേഷ്ഠനോട് ഇതേപ്പറ്റി ഒന്ന് ആലോചിക്കണമായിരുന്നു".

"സ്കറിയാ കത്തനാരോടോ? നല്ലതുതന്നെ. നാളെ കാലത്തു തന്നെ അദ്ദേഹത്തോട് ഇത്രടം വരാൻ പറയുക. അയാൾക്കിതിൽ സന്തോഷമേയുണ്ടാകൂ" .



malankaralibrary.com

"അതിൽ യാതൊരു സംശയവുമില്ല. ജ്യേഷ്ഠനെപ്പോലെ നിത്യബ്ര ഹ്മചാരിയാകണമെന്ന് കീവറീച്ചൻ വ്രതമെടുത്തിട്ടുപോലുമുണ്ട്".

"ഓഹോ, നമ്മുടെ സഭയിൽ ബ്രഹ്മചാരികളായ ചുരുക്കം ചിലരിൽ ഒരാളാണ് സ്കറിയാകത്തനാർ. അദ്ദേഹത്തിന്റെ ശ്രേഷ്ഠത മകൻ ഉജ്ജ്വ ലമാക്കും. തീർച്ച" .

പ്രഥമ ദർശനത്തിൽത്തന്നെ അവനിൽക്കണ്ട എന്തോ ഒരു പ്രത്യേ കത അർത്ഥമുള്ളതായിരുന്നല്ലോ എന്നു വലിയ തിരുമേനിക്കു ബോധ്യ മായി. അദൃശ്യമായ ഒരു ദൈവവിളിക്ക് ചെവിയോർത്തുനിൽക്കുന്ന കൊച്ചുപണിക്കരുടെ രൂപം അദ്ദേഹത്തിൽ കൂടുതൽ മിഴിവോടെ തെളിഞ്ഞു.

മഴ കുറഞ്ഞു തുടങ്ങി. കനത്ത ഇരുട്ടിൽ രണ്ടു റാന്തലുകളുടെ വെളിച്ചം പള്ളിയിലേക്ക് അടുത്തുവരുന്നു. സംഭാഷണങ്ങളും. കീവറീ ച്ചൻ ശെമ്മാശനെ വിളിച്ചുകൊണ്ടു വരികയാണ്. അവർ തമ്മിൽ പരിച യക്കാർ മാത്രമല്ല ചാർച്ചക്കാരുമാണ്. കറ്റാനം ആന്നിയിൽ വീട്ടിലെ ശെമ്മാ ശൻ വിവാഹം ചെയ്തിരിക്കുന്നത് പണിക്കരുവീട്ടിൽ നിന്നാണ്.

ആപത്തൊന്നും കൂടാതെ കീവറീച്ചൻ തിരിച്ചെത്തിയതു കണ്ട് ഏവർക്കും ആശ്വാസം.

എല്ലാവരും അവന്റെ പക്കൽ ഓടിയെത്തി പ്രകീർത്തിച്ചു. ചിലർ തോളിൽത്തട്ടി അഭിനന്ദിച്ചു.

"മിടുമിടുക്കൻ"

അവനു പക്ഷേ സാഹസം ചെയ്ത മട്ടൊന്നുമുണ്ടായിരുന്നില്ല.

തോട്ടുവക്കിലെ കൈതക്കാട്ടിൽ കാൽ വഴുതി വീണപ്പോൾ പറ്റിയ മുറിവ് മറച്ചുപിടിച്ച് അവൻ വിനയത്തോടെ മന്ദഹസിച്ചു.

"ഈ സാഹസത്തിനൊരു സമ്മാനം വലിയ തിരുമേനി വച്ചിട്ടുണ്ട്. അങ്ങോട്ടു ചെല്ല്"

ദാവീദാശാനാണു പറഞ്ഞത്.

അവനൊന്നും മനസ്സിലായില്ല. എങ്കിലും തിരുമേനിയുടെ മുമ്പിലെ ത്തി. തിരുമേനി കുരിശുയർത്തി അവന്റെ ശിരസ്സിൽ വച്ചനുഗ്രഹിച്ചു.

"നിന്നെ ഞാൻ സെമിനാരിയിലേക്കു കൊണ്ടുപോകയാണ്. നാളെ ഉച്ചയ്ക്കുമുമ്പേ പുറപ്പെടാൻ തയ്യാറായി ഇവിടെ വരണം"

"ദൈവമേ! അവിടുന്ന് എന്റെ പ്രാർത്ഥനയ്ക്കുത്തരം തന്നുവല്ലോ". ആനന്ദംതിങ്ങിയ അവന്റെ മനസ്സു മൊഴിഞ്ഞു. ഇതിൽപരം എന്താനന്ദ മാണുണ്ടാവുക. സെമിനാരിയിൽ ചേർന്ന് കൂടുതൽ പഠിക്കണം. നിത്യ ബ്രഹ്മചാരിയായ വൈദികനാകണം.



malankaralibrary.com

കന്യാസ്ത്രീയമ്മച്ചിക്കുകൊടുത്ത വാഗ്ദാനം പാലിക്കണം. ഇതെല്ലാം സാദ്ധ്യമാകാൻ പോവുകയാണോ. ദൈവമേ അവിടുത്തെ സ്നേഹം എത്ര ഉദാരം.

എങ്കിലും തെല്ല് ആശങ്കയോടെ അവൻ അപ്പന്റെ മുഖത്തു നോക്കി.

"സമ്മതമാണു കുഞ്ഞേ" എന്ന് ആ മുഖം പറയുന്നതുപോലെ. എല്ലാവരോടും നന്ദിപറയേണ്ട നിമിഷം.

വലിയതിരുമേനിയുടെ മുമ്പിൽച്ചെന്ന് അപ്പനും മകനും കൈമുത്തി പിരിഞ്ഞു.

"നാളെയുച്ചയ്ക്കുമുമ്പിങ്ങെത്തണേ" . പിന്നിൽനിന്നും കപ്യാർ വിളിച്ച് ഓർമ്മിപ്പിച്ചു.

വേഗം വീട്ടിലേക്കു നടന്നു. ഉമ്മറപ്പടിയിൽ അമ്മ കാത്തിരിക്കുന്നു. അരികിൽ അനുജൻ മത്തായിയുമുണ്ട്.

ചെന്ന ഉടൻ അമ്മയെ കെട്ടിപ്പിടിച്ച് കീവറീച്ചൻ പറഞ്ഞു.

"പ്രാർത്ഥനയ്ക്കുത്തരം കിട്ടിയമ്മേ"

അമ്മയ്ക്കൊന്നും മനസ്സിലായില്ല. നടന്നതെല്ലാം അവൻ വിവരിച്ചു. അമ്മയുടെ മിഴികൾ ആനന്ദത്താൽ നിറഞ്ഞൊഴുകി.

"വാ മോനേ, നമുക്കു പ്രാർത്ഥിക്കാം. പിന്നീട് ചോറുണ്ണാം. "

അവരെല്ലാവരും പ്രാർത്ഥനാ മുറിയിലേക്കു പോയി. തിരികൾ കത്തിച്ചു.

"കുഞ്ഞമ്മ എവിടെ അമ്മേ? അനുജത്തിയെ പ്രാർത്ഥനാമുറിയിൽ കാണാതെ അവൻ തെരക്കി.


"അവൾ മഴ തൊടങ്ങിയപ്പോഴേ കെടന്നൊറക്കമായി" .

പ്രാർത്ഥനയും അത്താഴവും കഴിഞ്ഞ് അവൻ യാത്രയ്ക്കുള്ള ഒരുക്കങ്ങളിൽ മുഴുകി. ആദ്യം എടുത്തു പെട്ടിയിൽ വച്ചത് ഇഷ്ടപ്പെട്ട പുസ്തകങ്ങൾ. നീതിസാരം, ബാലപ്രബോധനം അങ്ങനെ പലതും. അതിനുമീതെ ഉടുപ്പും മുണ്ടും. പിന്നെ അത്യാവശ്യം വേണ്ടതൊക്കെ എടുത്തുവച്ചു. പെട്ടിപൂട്ടി. നേരം പാതിരാ ആയിരിക്കുന്നു. വിളക്കണച്ചു കിടന്നു. കെടാവിളക്കിലെ ഒരു ചെറുതിരി മാത്രം ഉണർന്നിരിക്കുന്നു. അതിന്റെ പ്രകാശത്തിൽ, തന്നെ നോക്കി പുഞ്ചിരിക്കുന്ന കന്യാസ്ത്രീയമ്മച്ചിയുടെ പടം. കണ്ണെടുക്കാതെ അതിൽനോക്കി അവൻ കിടന്നു. എത്ര കണ്ടാലും മതിയാവാത്തപോലെ.

✠



malankaralibrary.com



# 2

# ജന്മനാടിനോടു വിട

"അന്നമ്മേ, ഞാൻ അച്ചനെ വിളിക്കാൻ പോവ്വാ. വന്നിട്ടുവേണം മോന്റെ സ്കൂൾമാറ്റ സർട്ടിഫിക്കറ്റു വാങ്ങാൻ"

അപ്പന്റെ ശബ്ദം കേട്ടാണു കീവറീച്ചൻ ഉണർന്നത്. നേരം വെളുക്കാൻ ഇനിയും സമയമുണ്ട്. സ്കറിയാ കത്തനാർ മാവേലിക്കരയിൽത്തന്നെയുള്ള ഒരു പള്ളിയിലാണ്. എങ്കിലും ഇപ്പൊഴേ പുറപ്പെട്ടാലേ അച്ചനെ കണ്ടുകിട്ടുകയുള്ളൂ. രാവിലെ കുർബാന കഴിഞ്ഞ് ചേരികളിലേക്ക് അദ്ദേഹം പൊയ്ക്കളയും. അഗതിസേവനമാണല്ലോ അദ്ദേഹത്തിന്റെ ജീവിതവ്രതം. മകനെ വലിയതിരുമേനി കൂട്ടിക്കൊണ്ടുപോയി എന്ന് വല്ലവരും പറഞ്ഞറിയാൻ അദ്ദേഹത്തിന് ഇടവരരുത്. കീവറീച്ചനെ ഏറ്റവുമധികം സ്നേഹിച്ചിട്ടുള്ളതും ജ്യേഷ്ഠൻ തന്നെയാണല്ലോ.

ചൂട്ടുകറ്റ വീശി നടന്നകലുന്ന അപ്പനെ നോക്കി കീവറീച്ചൻ തിണ്ണയിൽ നിന്നു. അമ്മ കൊടുത്ത ചുടുചക്കരക്കാപ്പി ഊതിക്കുടിച്ചുകൊണ്ടവൻ പറഞ്ഞു.

"അമ്മേ, പരുമല തിരുമേനിയെ പോയിക്കണ്ട് അനുഗ്രഹം വാങ്ങിക്കണമെന്നുണ്ട്. അമ്മ ഓർക്കുന്നില്ലേ അന്നു ഞാൻ ജ്വരം പിടിച്ചു



malankaralibrary.com

മരിക്കാറായത്. മരുന്നു വേണ്ടെന്നും പരുമല തിരുമേനി തൊട്ടു പ്രാർത്ഥിച്ചാൽ മതിയെന്നും നിർബന്ധിച്ചത്".

ഏഴെട്ടു വർഷങ്ങൾക്കു പിന്നിലേക്ക് അമ്മയുടെ ഓർമ്മകൾ പറന്നെത്തി. അന്ന് അടുത്തുള്ള പള്ളിയിൽ പരുമല ഗ്രിഗോറിയോസ് തിരുമേനി എഴുന്നെള്ളി. ജ്വരം മാറാൻ കൊച്ചുതിരുമേനിയുടെ അടുത്തുകൊണ്ടുപോകാൻ കീവറീച്ചൻ എന്തൊരു ശാഠ്യമായിരുന്നു. അന്ത്യാഭിലാഷംപോലുള്ള അവന്റെ വാക്കുകൾ കേൾക്കാതെ പറ്റുമോ. ഭാഗ്യം. അവൻ വിശ്വസിച്ചതുപോലെ സംഭവിച്ചു. രോഗത്തിൽനിന്നു പൂർണ്ണ വിടുതൽ കിട്ടി. ഇതെന്തൊരു സിദ്ധി. ദൈവത്തിനായി സമർപ്പിച്ചവർക്കേ ഈ സിദ്ധി ഉണ്ടാകൂ എന്നവൻ വിശ്വസിച്ചു. അന്നവൻ പറഞ്ഞ വാക്കുകൾ ആ അമ്മയ്ക്ക് മറക്കാനാവില്ലല്ലോ.

"അമ്മേ, പരുമല തിരുമേനിയെ കണ്ടതു മുതൽ എനിക്കൊരാഗ്രഹം. എനിക്കും ഒരു വൈദികനാകണം." ഭക്തയായ അമ്മയുടെ ഉള്ളിൽ തിളങ്ങുകയാണ് ഈ ഓർമ്മകൾ.

"ഇന്നിനി അതിനു നേരമില്ല കുഞ്ഞേ. അല്ലെങ്കിൽത്തന്നെ അദ്ദേഹത്തിന്റെ അനുഗ്രഹം നിനക്കുണ്ട്".

അവൻ കുളിച്ചു വന്നു. അലക്കിത്തേച്ച വെള്ളമുണ്ടും ഉടുപ്പും അണിഞ്ഞു. നിറമുള്ള വസ്ത്രങ്ങളൊക്കെ അവൻ അമ്മയെ ഏൽപ്പിച്ചു. മത്തായിക്കു കൊടുക്കാൻ, അല്ലെങ്കിൽ സാധുക്കൾക്ക്.

പലരോടും യാത്ര ചോദിക്കുവാനുണ്ട്. ആദ്യക്ഷരം പറഞ്ഞുതന്ന ഗുരുവിന്റെ വീട്ടിലേക്ക് നടന്നു. മുറ്റത്തു ചെന്നപ്പോഴേക്കും, "ആഹാ! ഇതാര്? 'ചട്ടംപിള്ളയോ'" എന്നുറക്കെ പറഞ്ഞ് വയസ്സനായ ദാവീദാശാൻ ഇറങ്ങിവന്നു.

ആശാന്റെ മക്കൾ യോഹന്നാനും ശമുവേലും ഉമ്മറത്തുവന്നു ചിരിച്ചു. ശമുവേൽ വന്നു കൈപിടിച്ചു. അവർ സമപ്രായക്കാരാണ്. താണക്ലാസിൽ ഒന്നിച്ചു പഠിച്ചവർ. ആത്മീയ കാര്യങ്ങളിൽ തല്പരനും.

എവിടെ നിന്നോ ഒരു നാൽക്കാലി പൊടിതുടച്ച് ആശാൻ തിണ്ണയിൽ വച്ചു. പല്ലില്ലാത്ത വായ തുറന്നു ചിരിച്ചുകൊണ്ട് ആശാൻ ക്ഷണിച്ചു.

"വാ ചട്ടംപിള്ളേ, ഇരിക്ക്".

പഠനത്തിനും സൽസ്വഭാവത്തിനും കളരിയിൽ ഒന്നാമനാരോ അവർക്ക് ആശാൻ നൽകുന്ന സ്ഥാനമാണ് ചട്ടംപിള്ള. ആശാൻ ഇല്ലെങ്കിലും കളരിയിലെ ചട്ടങ്ങൾ തെറ്റാതെ നോക്കണം. അതാണു ചട്ടംപി



malankaralibrary.com

ള്ളയുടെ ധർമ്മം. അതെന്നും കൊച്ചുപണിക്കരിലാണ് ആശാൻ അർപ്പി ച്ചിരുന്നത്.

"എപ്പൊഴാ പുറപ്പെടുന്നേ?" യോഹന്നാൻ ആരാഞ്ഞു.

"ഉച്ചയ്ക്കിപ്പുറം". യോഹന്നാനെ നോക്കി അവൻ സൗമ്യനായി പറഞ്ഞു.

ആ സൗമ്യഭാവത്തിനു താൻ അർഹനാണോ എന്നോർത്ത് യോഹ ന്നാന്റെ മുഖം താണു.

വയസ്സനായ അപ്പൻ, ആശാൻ സ്ഥാനത്തുനിന്നു പിരിഞ്ഞ് പകരം മൂത്ത മകനായ തന്നെ നിയമിച്ചു. തന്റെ മദ്യപാന ശീലത്തെപ്പറ്റി അറി യാതെയാവാം നിയമനം നടത്തിയത്. ഒരു ദിവസം ലഹരിപാനം കുറേ കൂടിപ്പോയി. അന്നു യാതൊരു കാരണവുമില്ലാതെ താൻ കഠിനമായി ശിക്ഷിച്ച ഒരു വിദ്യാർത്ഥിയുണ്ടായിരുന്നില്ലേ? പി.റ്റി. ജോർജ്ജ് പണിക്കർ. അതെ, യാത്രചോദിച്ച് ഇതാ ഉമ്മറത്ത്. പകയില്ലാതെ, സൗമ്യനായ്, ശാന്തനായ്.

"കുഞ്ഞു വല്യ ആളാകുമ്പോ മറുക്വോ ഈ ആശാനെ? "

"ആദ്യക്ഷരം എഴുതിച്ച എന്റെ ആശാനെ ഞാൻ മറക്കുകയോ, ഒരി ക്കലുമില്ല" .

"മറന്നാലും ഞാൻ മറക്കത്തില്ല. അത്ര കുരുത്തക്കേടല്ലാരുന്നോ കയ്യിൽ" എന്നു പറഞ്ഞ് ഒരു പഴങ്കഥ എല്ലാവരോടുമായി ആശാൻ വിവരിച്ചു.

"എട്ടുപത്താണ്ടായിക്കാണും. കൊച്ചാണന്നിവൻ. അന്നൊരിക്കൽ എന്തിനോ ഞാനൊന്നു കോപിച്ചുപോയി. ഉടനെ എഴുത്തോല എന്റെ നേരെനീട്ടി ഇവൻ പറയുവാ. ആശാനേ, ആശാന്റെ എഴുത്തങ്ങെടുത്തേച്ച് എന്റെ ഓലയിങ്ങുതരാൻ. അഹ്-ഹ-ഹ-ഹ". ആശാന്റെ പൊട്ടിച്ചിരി യിൽ എല്ലാവരും ചേർന്നു.

ആശാന്റെ അടുത്തേക്കു അവൻ ചെന്നു. പുകയിലപ്പൊതി ആ വയ സ്സനു കൊടുത്തു.

"ആശാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണം". അവൻ യാത്ര ചോദി ച്ചു. നിറകണ്ണുകളോടെ ഇരുകരങ്ങളും അവന്റെ ശിരസ്സിലർപ്പിച്ച് പ്രാർത്ഥ നയോടെ ദാവീദാശാൻ പറഞ്ഞു.

"നീ മഹാനാകും കുഞ്ഞേ".

വഴിയിൽ കണ്ടവരെല്ലാം അടുത്തുവന്നു. യാത്രാമംഗളങ്ങൾ നേർന്നു. വീടുകളിൽനിന്നും ആളുകൾ ഇറങ്ങി വന്ന് വർത്തമാനം പറഞ്ഞു. സഹ



malankaralibrary.com

പാഠികൾ ചുറ്റുംകൂടി നിറമിഴികളോടെ വിടചൊല്ലി. തന്റെ കൂടുമാറ്റ വൃത്താന്തം പുതിയകാവിലെങ്ങും നിറഞ്ഞിരിക്കുന്നു. എത്ര സ്നേഹാദരവോടെയാണ് എല്ലാവരും കാര്യങ്ങൾ തെരക്കുന്നത്. അഭിമാനം തോന്നി. പണിക്കർവീട്ടിൽ പിറവി തന്ന ദൈവത്തോടു കൃതാർത്ഥതയും. അഭ്യാസം നിർത്തിവച്ച കളരിപ്പറമ്പിനരികിലൂടെ, ഓടിക്കളിച്ച തരിശുനിലത്തിലൂടെ അവൻ വേഗം നടന്നു. കുയിലുകൾ സങ്കീർത്തനം പാടുന്ന കാവുകടന്നു. ഉള്ള സമയത്തിനുള്ളിൽ കാണേണ്ടവരെയൊക്കെക്കണ്ടു. സമയം പോയതറിഞ്ഞില്ല. നേരെ വീട്ടിലേക്കോടി. അവിടെ സ്ക്കറിയാ കത്തനാരും മറ്റു പലരും എത്തിയിട്ടുണ്ട്. അവൻ ഭവ്യതയോടെ പിതൃജ്യേഷ്ഠന്റെ പക്കലെത്തി.

"ഞാൻ വലിയ തിരുമേനിയെ കണ്ടിട്ടാണ് വരുന്നത്. നിന്നെ സെമിനാരിയിൽ ചേർക്കാനാണ് നിശ്ചയം. എന്റെ മനസ്സറിയാനാണ് വിളിപ്പിച്ചത്. ഉടൻ പള്ളിയിലേക്കിറങ്ങണം".

"ഞാൻ ഇതാ ഇറങ്ങിക്കഴിഞ്ഞു".

"തോമ്മച്ചൻ നിന്നെ പട്ടാളക്കാരനാക്കാൻ ആഗ്രഹിച്ചിരിക്കുകയായിരുന്നു. ഇപ്പോൾ മനസ്സൊന്നു മാറിയിട്ടുണ്ട്. എന്നാലും സെമിനാരി ഫീസൊന്നും തരത്തില്ലെന്നാ പറയുന്നത്."

പുറപ്പെടേണ്ട സമയമായി. പതിനഞ്ചു വർഷങ്ങൾ ചെലവിട്ട തറവാടിനോടവൻ വിടപറഞ്ഞു. വീരശൂരന്മാരായ പിതാമഹന്മാരുടെ ചിത്രങ്ങൾക്കു മുന്നിൽ കണ്ണടച്ചവൻ അനുഗ്രഹം യാചിച്ചു. അവരുപയോഗിച്ചിരുന്ന ആയുധങ്ങൾ ചുമരിൽ ഉറപ്പിച്ചുവച്ചിരിക്കുന്നു. വാളും പരിചയും കണ്ഠകോടാലിയും കുന്തവും എല്ലാം. മല്ലിട്ടപ്പണിക്കർ വെട്ടിയെടുത്ത കാട്ടുപോത്തിന്റെ വളഞ്ഞ കൊമ്പുകളുള്ള കൂറ്റൻ തല സ്വീകരണമുറിയിൽ തന്നെയുണ്ട്. ശൂരപാരമ്പര്യത്തിന്റെ തിരുശേഷിപ്പുകളായ അവയെല്ലാം ആ ഇളമുറക്കാരന് മറക്കാനാവില്ലല്ലോ. മനസ്സുകൊണ്ടാണെങ്കിലും അവയോടെല്ലാം അവൻ വിടപറയുകയാണ്.

പാട്ടുപാടി പ്രാർത്ഥിച്ച് പടിയിറങ്ങി. പഴയൊരു തുകൽപ്പെട്ടിയും പിടിച്ച് നേരെ പള്ളിയിലേക്ക്. അറിഞ്ഞെത്തിയവരെല്ലാം കൂടെയുണ്ട്. അതിപുരാതനപള്ളി; ആയിരത്തോളം വർഷങ്ങളുടെ പഴക്കമുള്ള ആരാധനാലയം. പണിക്കർ തറവാട്ടിലെ കാരണവന്മാരാണതിന്റെ താക്കോൽ സൂക്ഷിക്കുക. സ്കൂളിലേക്ക് പോകുമ്പോഴും മടങ്ങുമ്പോഴും കയറി പ്രാർത്ഥിക്കാറുള്ള തന്റെ പ്രിയപ്പെട്ട ദേവാലയം.

"ഇതൊരു ഘോഷയാത്രയ്ക്കുള്ള ആൾക്കൂട്ടമുണ്ടല്ലോ". വലിയ തിരുമേനിയുടെ പെട്ടിയെടുത്ത് കുതിരവണ്ടിയിൽ വയ്ക്കുന്നതിനിടയിൽ ഇടവകവികാരി പറഞ്ഞു.



malankaralibrary.com

മെത്രാപ്പോലീത്താ കുരിശുയർത്തി എല്ലാവരേയും ആശീർവ്വദിച്ച് വണ്ടിയിൽ കയറി. ജോർജ്ജിനെ തൊട്ടരികിൽ പിടിച്ചിരുത്തി. ഒരിക്കൽക്കൂടി അവൻ സകലരോടും നിശബ്ദമായി യാത്ര പറഞ്ഞു. കുതിരയിളകി. വീടും പള്ളിയും പുതിയകാവ് ഗ്രാമവും എല്ലാം പിന്നിലാക്കി വണ്ടി ഓടിപ്പോയി.

കോട്ടയത്തെത്തിയപ്പോഴേക്കും സന്ധ്യയുടെ മുഖത്ത് ഇരുൾ വീണിരിക്കുന്നു; പർദ്ദയണിഞ്ഞ ഒരു സുന്ദരിയെപ്പോലെ. ദീർഘയാത്ര കഴിഞ്ഞ് മെത്രാപ്പോലീത്താ നന്നേ ക്ഷീണിച്ചിരിക്കുന്നു. യാത്രയിലുടനീളം മലങ്കരസുറിയാനി സഭാചരിത്രം പറഞ്ഞു തരികയായിരുന്നു. എത്ര നിഷ്ഠയോടെയാണദ്ദേഹം യാമപ്രാർത്ഥനകൾ നടത്തിയത്. ഒരുപക്ഷേ, ഈ മാതൃകാപിതാവിനെ പുതിയകാവിലേക്ക് ദൈവം ആനയിച്ചതു തനിക്കു വേണ്ടിയല്ലേ.

പഴയ സെമിനാരിയുടെ വിശാലമായ അങ്കണത്തിലൂടെ അവർ നടന്നു. മെത്രാപ്പോലീത്താ അകത്തേക്കുപോയി. ചുറ്റും കണ്ണോടിച്ച് ജോർജ്ജ് അവിടെത്തന്നെ നിന്നു. വിചിത്രമായ തടിപ്പണികളുള്ള മനോഹരമായ പഴയസെമിനാരി. സായാഹ്നസൂര്യന്റെ അവസാന രശ്മികളിൽപോലും വ്യക്തമാകുന്ന തച്ചുശാസ്ത്രവൈദഗ്ദ്ധ്യത്തിന്റെ പെരുമ. അടുത്തുതന്നെ സെമിനാരി ചാപ്പൽ. യാത്രാവേളയിൽ ധാരാളം പ്രാർത്ഥിച്ചുവെങ്കിലും പള്ളി കണ്ടാൽ അതിനുള്ളിലിത്തിരി നേരമെങ്കിലും ഇരിക്കാതെവയ്യ. ചെരിപ്പഴിച്ച് ചാപ്പലിനുള്ളിൽ കയറി. ധ്യാനിക്കാൻ എത്ര നല്ല അന്തരീക്ഷം. എങ്ങും നിശബ്ദത. തടിപ്പടികൾ ചവിട്ടി പഴയ സെമിനാരിയുടെ മുകൾ നിലയിലേക്ക് ആളുകൾ കയറുന്നതിന്റെ നേർത്ത ശബ്ദമേയുള്ളൂ. വെളിച്ചം മങ്ങിയ അന്തരീക്ഷത്തിൽ തെളിഞ്ഞുകത്തുന്ന കെടാവിളക്കിലേക്കു ദൃഷ്ടികൾവച്ച് അവൻ മുട്ടുകളിൽ നിന്നു.

യാത്ര കഴിഞ്ഞെത്തിയ മെത്രാപ്പോലീത്താ പുറങ്കുപ്പായം അഴിച്ച് മുറിയിൽ നിന്നിറങ്ങി. ജോർജ്ജിന്റെ കാര്യം വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനെ ഏൽപ്പിക്കണം. ശെമ്മാശന്മാരെ സുറിയാനി പഠിപ്പിച്ച് മുകളിലത്തെ നിലയിലാണ് മല്പാൻ. മെത്രാപ്പോലീത്തയെ കണ്ടപ്പോൾ മല്പാൻ കാര്യങ്ങൾ തെരക്കി. യാത്രാക്ഷീണം മറയ്ക്കുന്ന മുഖപ്രസാദത്തോടെ മെത്രാപ്പോലീത്താ പറഞ്ഞു.

"പോയ കാര്യങ്ങളെല്ലാം സാധിച്ചു. കൂട്ടത്തിൽ നല്ലൊരു സമ്മാനവും കിട്ടി."

രണ്ടു ലക്ഷത്തിൽപ്പരം മലങ്കര വിശ്വാസികളുടെ പ്രിയനായകനല്ലേ. എവിടെച്ചെന്നാലും സമ്മാനങ്ങൾ കിട്ടുക പതിവാണ്. പറഞ്ഞതിൽനിന്നും അത്രയേ മല്പാൻ കരുതിയുള്ളൂ. ആഘോഷവേളകളിലും മറ്റും അദ്ദേഹം



malankaralibrary.com

ധരിക്കാറുള്ള സ്വർണ്ണ അരപ്പട്ട അങ്ങനെ കിട്ടിയ ഒരു സമ്മാനമാണല്ലോ. ആരെയും അദ്ദേഹം കാണിക്കാറുള്ള വൈരക്കല്ലും അതിൽപെടുമല്ലോ. അത്തരമൊന്നായിരിക്കും ഇപ്പോഴത്തെ സമ്മാനവും. എങ്കിലും അതെന്താണെന്നറിയണമല്ലോ.

"സമ്മാനം ഒന്നു കാണട്ടെ തിരുമേനി"

വൃദ്ധവദനത്തിൽ നിഷ്കളങ്കമായ ഒരു കുസൃതിച്ചിരി.

"ഞാനാ സമ്മാനം മല്പാനെ ഏല്പ്പിക്കാൻ പോകയാ. വെറും പൊന്നും വെള്ളിയുമൊന്നുമല്ല. ജീവനുള്ള ഒരു വിശ്ഷ്ട സമ്മാനം"

കാര്യങ്ങൾ വ്യക്തമാകാതെ മല്പാൻ നിന്നു.

"അതാ, ആ വരാന്തയിൽ നില്പുണ്ട്." മെത്രാപ്പോലീത്താ ചൂണ്ടിപ്പറഞ്ഞു.

മല്പാൻ ഒരു കുതിപ്പിനു വരാന്തയിലെത്തി. അവിടാരുമില്ല. ഒരു തുകൽപ്പെട്ടി മാത്രമുണ്ട്. മുറികളിൽ വിളക്കു തെളിച്ചുകൊണ്ടിരിക്കുന്ന ശെമ്മാശന്മാരോടു മല്പാൻ നിർദ്ദേശിച്ചു.

"ആരെങ്കിലും പുറത്തു നിൽപ്പുണ്ടോ എന്നു നോക്ക് "

'ഇല്ല' എന്നു പറഞ്ഞ് അവർ തിരിച്ചെത്തി.

പുറംവാതില്ക്കൽ നിന്ന് മെത്രാപ്പോലീത്താ വിളിച്ചു

"ജോർജ്ജ്.....ജോർജ്ജ്...."

ചാപ്പലിന്റെ കതക് തുറന്നുകിടക്കുന്നത് മല്പാന്റെ ദൃഷ്ടിയിൽപ്പെട്ടു. ഊരിവെച്ച ചെരിപ്പുകളും.

ചാപ്പലിനടുത്തുചെന്ന് ജനലിലൂടെ നോക്കി. കെടാവിളക്കിന്റെ നേർത്ത വെളിച്ചത്തിൽ ഒരു ബാലൻ. കൂപ്പുകയ്യോടെ മുട്ടുകുത്തി ഒരു ശിലാവിഗ്രഹം പോലെ. കുറേനേരം അവനെ നോക്കിനിന്നു പോയി. പിന്നെ, വിശാലമായ സ്വീകരണമുറിയിൽ കസേരയിലിരിക്കുന്നതിനിടയിൽ വലിയ തിരുമേനിയോടു പറഞ്ഞു.

"അവൻ ചാപ്പലിലുണ്ട്"

അവനെപ്പറ്റി മെത്രാപ്പോലീത്താ പറഞ്ഞു തുടങ്ങി. ജോർജ്ജ് പണിക്കരുടെ വ്യക്തമായ വാങ്മയരൂപം വട്ടശ്ശേരിൽ മല്പാന്റെ ഉള്ളിൽ തെളിഞ്ഞു. ചാപ്പലിന്റെ കതകടയ്ക്കുന്ന ശബ്ദം. ചാവടിയിലേക്കു വന്ന അവനെ കണ്ട് മല്പാൻ വിളിച്ചു. അവൻ സ്വീകരണമുറിയിലെത്തി. വലിയ തിരുമേനി വാത്സല്യത്തോടെ അവനെ പിടിച്ച് മല്പാന്റെ കയ്യിലേല്പിച്ചു.



malankaralibrary.com

"ഇവന്റെ എല്ലാ കാര്യങ്ങളും ഇന്നു മുതൽ മല്പാൻ നോക്കി ക്കോണം".

നവാഗതനെ മല്പാൻ ആപാദചൂഡം കണ്ണുകൾകൊണ്ടുഴിഞ്ഞു. ജ്വലിക്കുന്ന ദൃഷ്ടികൾ, വിശാല നെറ്റി, ഉയർന്ന നാസിക, എഴുന്നുപിടിച്ച വലിയ ചെവികൾ, തന്നെക്കാൾ തെളിഞ്ഞ നിറം, ഒതുങ്ങിയതെങ്കിലും ബലമുള്ള ദേഹം. സ്വതവേ ഗൗരവക്കാരനായ മല്പാന്റെ ഇരുണ്ട മുഖത്ത് അനുകൂലഭാവത്തിന്റെ പ്രകാശം.

"ഇനി ഞാൻ പോയി അല്പം വിശ്രമിക്കട്ടെ". കടമതീർത്ത ചാരി താർത്ഥ്യത്തോടെ വലിയതിരുമേനി പടികൾ കയറി രണ്ടാം നിലയിലേക്കു പോയി.

എതിർവശത്തു കിടന്ന കസേര ചൂണ്ടി മല്പാൻ പറഞ്ഞു. "നീ ഇരിക്ക്". അപ്പോൾ അദ്ദേഹത്തിന്റെ കയ്യ് എന്തോ ദീനം കൊണ്ടെന്ന പോലെ വിറയ്ക്കുന്നുണ്ടായിരുന്നു. ഇടയ്ക്കതു കൂടുന്നു. പിന്നെ കുറ യുന്നു. വാതമായിരിക്കുമോ. പക്ഷേ അത്രയ്ക്കു പ്രായമൊന്നുമില്ലല്ലോ. ഏറിയാൽ നാൽപത്.

ചൂണ്ടിയതു തന്റെ നേർക്കു തന്നെ. പക്ഷേ, നോക്കുന്നതു മറ്റാരെയോ പോലെ. മറ്റാരും മുറിയിലില്ല താനും. അപ്പോൾ പിന്നെ ആജ്ഞ തന്നോടു തന്നെ എന്നുറച്ച് അവൻ കസേരയിലമർന്നു. ഐകരൂപ്യമില്ലാത്ത ദൃഷ്ടി കളുടെ വികൃതിയാണതിന്റെ കാരണമെന്ന് ഉടൻ പിടികിട്ടി. പുഞ്ചിരി വറ്റിയ ഇരുണ്ട മുഖത്ത് പൊരുത്തമില്ലാത്ത കണ്ണുകൾ കൂടിയായപ്പോൾ ഗൗരവം ഇരട്ടിക്കുന്നതുപോലെ. എങ്കിലും യാതൊരു ചാഞ്ചല്യവും അവനു തോന്നിയില്ല. വലിയതിരുമേനി ദീർഘദൃഷ്ടിയുള്ള ആളല്ലേ. പ്രകാശമുള്ളൊരു ഭാവി തനിക്കുതരാൻ കഴിവുള്ളൊരു വന്ദ്യപുരോഹി തൻ തന്നെയാവും ഇദ്ദേഹം. മലങ്കര മല്പാൻ എന്ന അപൂർവ്വമായ ഉന്ന തസ്ഥാനം നൽകിയതു തന്നെ അദ്ദേഹം ശ്രേഷ്ഠനായതുകൊണ്ടല്ലേ.

"എന്താ നിന്റെ ലക്ഷ്യം ? പഠനമോ സെമിനാരി ജീവിതമോ"?

"രണ്ടും വേണമെന്നുണ്ട്".

"പഠിക്കാൻ സമർത്ഥനാണെന്ന് വല്യ മെത്രാച്ചൻ പറഞ്ഞു. വൈദികജീവിതം ആഗ്രഹിക്കാൻ വല്ല കാരണവും പ്രത്യേകിച്ചുണ്ടോ".

അവൻ പഴയ സംഭവം വിസ്തരിച്ചു. പരുമല തിരുമേനി തലയിൽ കൈവച്ച് ജ്വരം ഭേദമാക്കിയ സംഭവം.

പിന്നീട് സഭാപരമായും പൊതുവായും കുറെ കാര്യങ്ങൾ ചോദി ച്ചു. വേദപുസ്തകത്തിൽനിന്നും ചോദ്യങ്ങളുണ്ടായി. എല്ലാത്തിനും ഉത്തരം തൃപ്തികരം.



malankaralibrary.com

കുറച്ചുകൂടി ഗഹനങ്ങളായവ ചോദിച്ചു. അപ്പോഴും പിഴയ്ക്കാത്ത ഉത്തരങ്ങൾ.

വളർന്ന്, താടിനിറച്ചിട്ടില്ലാത്ത കറുത്തമീശയിൽ വിരലുകൾ ഓടിച്ച് അവസാനം ചോദിച്ചു.

"വേദപുസ്തകം നന്നായി വായിച്ചിരിക്കുന്നു. എത്ര തവണ? ഒന്നോ രണ്ടോ?"

"പൂർണ്ണമായും മൂന്നു തവണ വായിച്ചിട്ടുണ്ട്".

"കൊള്ളാം, ബോർഡിംഗിലുള്ളവർക്കൊപ്പം നിന്നെ ഞാൻ വിടുന്നില്ല. എന്റെ മുറിയുടെ തൊട്ടടുത്ത മുറിയിൽ താമസിച്ചാൽ മതി".

ശെമ്മാശന്മാർ കുളിക്കാനായി പടിയിറങ്ങി കടവിലേക്കു പോകുന്നു. നവാഗതൻ അവരുടെ കണ്ണിൽ കൗതുകമായി. മല്പാൻ അവനെ അവർക്കു പരിചയപ്പെടുത്തി.

"ഇതു ഗീവർഗീസ് പണിക്കർ. ഇനി മുതൽ നിങ്ങൾക്കൊപ്പമുണ്ടാകും". ആദ്യമായാണ് അവൻ അങ്ങനൊരു സംബോധന കേൾക്കുന്നത്. മല്പാനു തെറ്റിയതാകുമെന്നു കരുതി അവൻ തിരുത്തി.

"പി.റ്റി. ജോർജ്ജു പണിക്കർ" അങ്ങനെയാണല്ലോ സകല റിക്കാർഡിലും. പക്ഷേ, മല്പാൻ പറഞ്ഞതുതന്നെ ആവർത്തിക്കുന്നു.

"രണ്ടും ഒന്നുതന്നെയല്ലേ. ഗീവറുഗീസ് എന്നതാണു കൂടുതൽ സഭാപരം. ഇനി മുതൽ നീ പി.റ്റി. ഗീവർഗ്ഗീസ് പണിക്കർ തന്നെ".

തന്റെ പേരിൽത്തന്നെ പ്രിയശിഷ്യനും അറിയപ്പെടണമെന്ന ഗുരുവിന്റെ ആഗ്രഹമോ, ശാഠ്യമോ!

ശെമ്മാശന്മാർ സഹർഷം അവനെ സ്വീകരിച്ചു.

"യാത്ര കഴിഞ്ഞെത്തിയതല്ലേ. ഇവരോടൊപ്പം പോയി കുളിച്ചു വരൂ".

മുറി തുറന്നുകൊടുക്കാനായി മല്പാൻ ഒരു ശെമ്മാശനെ നിയോഗിച്ച് മുകളിലേക്കുവിട്ടു.

എല്ലാം ഒരു നല്ല സ്വപ്നംപോലെ അവനു തോന്നി. എത്ര യാദൃച്ഛികമായാണ് ഒരു വഴിത്തിരിവുണ്ടായിരിക്കുന്നത്. ഉന്മേഷകരമായ ചിന്തകളോടെ പടികൾ ചവിട്ടി പി.റ്റി. ഗീവർഗ്ഗീസ് പണിക്കർ മുകളിലേക്കു നടന്നുകയറി.

✠



malankaralibrary.com



# 3

# പഴയ സെമിനാരിയിൽ ധ്യാനപൂർവ്വം

നല്ലോരു കൂട്ടുകുടുംബത്തിന്റെ അനുഭവം. അതോ, ഗുരുകുലത്തിന്റെയോ. യാതൊരു ഗൃഹാതുരത്വവും അവനു തോന്നിയില്ല. സ്നേഹമൂർത്തിയായ തറവാട്ടുകാരണവരായി വലിയതിരുമേനി. വിട്ടുവീഴ്ചകൾ തീരെയില്ലെങ്കിലും അറിവിന്റെ കലവറയായ വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ. സതീർത്ഥ്യരായി ഇരുപത്തഞ്ചോളം ശെമ്മാശന്മാർ. പിന്നെ നേരമ്പോക്കായി സ്ലീബാശെമ്മാശനും. വിദേശത്തുനിന്നും അബ്ദുള്ളാ പാത്രിയാർക്കീസ് ബാവാ ഇവിടേക്ക് അയച്ച ആളാണ്. മലയാളം വികലമായി പറയുന്നതു കേൾക്കാൻ ബഹുരസമാണ്.

ഗീവർഗീസ് എല്ലാം നോക്കിക്കാണുകയാണ്. തച്ചുശാസ്ത്രമഹിമ പേറി തലയെടുത്തുനില്ക്കുന്ന പഴയസെമിനാരി. ഓരോ മുറിയിലും തച്ചന്മാരുടെ ഭാവനാനിപുണത നിറഞ്ഞ മരക്കൂട്ടുകൾ. വടക്കുഭാഗത്തു മീനച്ചിലാറാണ്. അവിടെ നിന്നെത്തുന്ന കുളിർകാറ്റ് സെമിനാരിയുടെ വിശറിയാണ്. അതിലേറെ അനുഭൂതിദായകമായി മുറ്റത്തുള്ള പ്രാർത്ഥനാലയം. മുറിയിലില്ലെങ്കിൽ ഗീവർഗ്ഗീസിനെ കാണാൻ ചാപ്പലിൽ നോക്കിയാൽ



malankaralibrary.com

മതിയെന്ന് എല്ലാവർക്കും ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഞായറാഴ്ചകളിൽ ശുശ്രൂഷകനായി അവൻ മദ്ബഹായിലുണ്ടാകും. പള്ളി എപ്പോഴും വെടിപ്പാക്കാനും ഉത്സുകൻ. എന്നും ആരാധനകഴിഞ്ഞ് സ്വയം തൂത്തുവൃത്തിയാക്കും. സെമിനാരിമുറ്റത്തുനിന്നും പൂക്കൾ ഇറുത്തെടുത്ത് അൾത്താര അലങ്കരിക്കും. അതുകൊണ്ടാവാം വട്ടശ്ശേരിൽ മല്പാൻ അവനോടു പറഞ്ഞു.

"സെമിനാരി ചാപ്പൽ സൂക്ഷിക്കാനുള്ള പൂർണ്ണചുമതല നിന്നെ ഏൽപ്പിക്കുകയാണ്". അന്നുമുതൽ ചാപ്പലിന്റെ താക്കോൽ അവന്റെ കയ്യിലായി.

സ്കൂൾ ആരംഭത്തോടെ അവൻ എം.ഡി. സെമിനാരി ഹൈസ്ക്കൂളിൽ ചേർന്നു. കോട്ടയത്തുള്ള ഏക ഇംഗ്ലീഷ് സ്കൂളാണത്. പഴയ സെമിനാരിയിൽനിന്നും രാവിലെയും വൈകിട്ടും രണ്ടുമൈൽ അകലെയുള്ള സ്കൂളിലേക്കു പോയിവരാൻ യാതൊരു പ്രയാസവും തോന്നിയില്ല. യാത്രയിൽ ഒപ്പം ശെമ്മാശന്മാരുമുണ്ടാകും. പാഠഭാഗങ്ങളെപ്പറ്റി ചർച്ചചെയ്തുകൊണ്ടാവും സഞ്ചാരം. പഠിപ്പിക്കുന്നത് ഒരിക്കൽ കേട്ടാൽ അതു ഗ്രഹിക്കാനും അതെപ്പോഴും ഓർത്തിരിക്കാനുമുള്ള ബുദ്ധിശക്തി അവനുണ്ടല്ലോ. ഈയിടെ പഠിക്കാൻ തുടങ്ങിയ സുറിയാനിയിൽപോലും നേരത്തെ പഠിച്ചു തുടങ്ങിയവരേക്കാൾ അവൻ മിടുക്കു കാട്ടിയില്ലേ? അതുകൊണ്ടു തന്നെ അവനോടൊപ്പം സ്കൂളിലേക്കു പോകാനും വരാനും ശെമ്മാശന്മാർ ഉത്സാഹിച്ചു.

പഠനത്തിൽ മാത്രമല്ല കായികരംഗത്തും അവൻ തിളങ്ങി. ഫുട്ബോളിലായിരുന്നു കമ്പം. ടീം ക്യാപ്റ്റൻവരെയാകാൻ അവനു കഴിഞ്ഞു.

സ്കൂൾമൈതാനത്ത് ആവേശകരമായ മത്സരം നടക്കുകയാണ്. അക്കൊല്ലത്തെ സമ്മാനം നേടുകതന്നെയെന്ന് അവനുറച്ചു. അതുതന്നെ സംഭവിക്കുകയും ചെയ്തു. അന്നുമുതൽ സ്കൂളിലെ ഏറ്റം ശ്രദ്ധേയനായ വിദ്യാർത്ഥി അവനായി. അഭിനന്ദിക്കാൻ ആദ്യം ഓടിയെത്തിയത് ഹെഡ്മാസ്റ്ററാണ്; കെ.സി. മാമ്മൻമാപ്പിള. ചീകിവയ്ക്കാത്ത കുറ്റിമുടിയും ഉരുണ്ട തലയും കട്ടിമീശയും വട്ടക്കണ്ണടയുമുള്ള ഹെഡ്മാസ്റ്റർ. വീരനായ സമുദായസ്നേഹി. നല്ല പത്രലേഖകൻ.

"നീയീ സ്കൂളിന്റെ അഭിമാനപുത്രനാണ്". കളിയിലുള്ള ജയം മാത്രമല്ല പ്രകീർത്തനഹേതു. എല്ലാ വിഷയങ്ങൾക്കും ഒന്നാമൻ അവനാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. പോരെങ്കിൽ വട്ടശ്ശേരിൽ മല്പാനിൽനിന്നും അവനെപ്പറ്റി ശരിക്കുമറിഞ്ഞിരുന്നു.



malankaralibrary.com

അവന്റെ സൽസ്വഭാവത്തെപ്പറ്റി അദ്ധ്യാപകരെല്ലാം പ്രശംസിക്കുന്നതും കേട്ടിട്ടുണ്ട്. പാഠം അന്നന്നു പഠിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്തവൻ; പ്രൊട്ടസ്റ്റന്റു വിശ്വാസികളോടു തർക്കിച്ചു ജയിക്കുന്നവൻ......

കളിയിൽ ജയിച്ച് ആഹ്ലാദത്തോടെ പഴയ സെമിനാരിയിലെത്തി. മല്പാൻ അന്നവിടെയില്ല. പരുമല സെമിനാരിയിലേക്കു പോയിരിക്കുന്നു. ഗ്രിഗോറിയോസ് തിരുമേനിയെ സഹായിക്കാൻ മിക്കവാറും അദ്ദേഹം പരുമലയിലേക്ക് പോകാറുണ്ടല്ലോ. രാത്രിയിലേ മടങ്ങിയെത്തുകയുള്ളൂ. അന്നത്തെ സുറിയാനി പഠനം അങ്ങനെ മുടങ്ങിയതിൽ അവനു വിഷമമായി.

മുറിയിൽ സഭാചരിത്രത്തിന്റെ കനത്ത പുസ്തകം നിവർത്തി അവൻ വായന തുടങ്ങി. വട്ടശ്ശേരിൽ മല്പാനെഴുതിയ 'മാതോപദേശസാരങ്ങൾ' എന്ന പുസ്തകവും മേശപ്പുറത്തുണ്ട്. അപ്പോഴേക്കും ശെമ്മാശന്മാർ കുളിക്കാൻ തയ്യാറായി.

"പണിക്കരേ, വാ.... കടവിൽ പോകാം".

തോർത്തുമായി അവർക്കൊപ്പം നടന്നു. കടവിലേക്കുള്ള വഴി പരന്ന ഒരു പാറയുടെ ഓരം ചേർന്നു പോകുന്നു. പാറയുടെ അടുത്തെത്തിയപ്പോൾ ഗീവറുഗീസിന്റെ ഉള്ളിൽ എന്തോ ഒരു പ്രേരണ. ഒരു കരിങ്കൽചീളെടുത്ത് പാറയുടെ നടുവിൽ അമർത്തി ഒരു കുരിശുവരച്ചു.

"എന്താ പണിക്കരീ ചെയ്യുന്നത്?" കൂട്ടുകാർക്ക് ആശങ്ക.

" എല്ലാവരും ഈ കുരിശുപാറയുടെ മുമ്പിൽ തലവണങ്ങി മുത്തിയിട്ടേ ഇനി മുതൽ കടവിലേക്കു പോകാവൂ".

പറയുന്നതു ഗീവറുഗീസ് പണിക്കർ തന്നെ. അതുകൊണ്ടാണവർക്കു വിസ്മയം. ഇതുവരെ അവന്റെ ചിന്തകൾ ഉയരത്തിലേ പറന്നിട്ടുള്ളൂ. ഇന്നു മാത്രം ഇതെന്തുപറ്റി?

"എന്തു വിവരക്കേടാണു പണിക്കർ പറയുന്നത്? ഇതിനു ഞങ്ങളെ കിട്ടില്ല".

"എന്തായാലും ഇപ്പോൾ പറയുന്നതു കേൾക്കുക. അനുസരിച്ചാൽ ദുഃഖിക്കേണ്ടി വരികയില്ല".

ഇതുകേട്ട് അവർ അമ്പരക്കുക തന്നെ ചെയ്തു. ഒരുപക്ഷേ പൊടുന്നനെയുണ്ടായ അവന്റെ ഉൾപ്രേരണയ്ക്കു പിന്നിൽ ദൈവികമായ ഒരു നിയോഗമുണ്ടെങ്കിലോ.

"ഉം്ഹാ - എന്നാൽ പറഞ്ഞതുപോലെ". കൂട്ടത്തിൽ ഒരാൾ മുന്നോട്ടുചെന്നു പണിക്കർ പറഞ്ഞതുപോലെ ചെയ്തു. പിന്നാലെ മറ്റുള്ളവരും. എന്നാൽ ഒരാൾ മാത്രം അതിനു തയ്യാറായില്ല.



malankaralibrary.com

"ഞാനീ വിഡ്ഢിത്തം ചെയ്യൂല്ല. എന്താ വരുന്നേന്ന് കാണണമല്ലോ".

"വിഡ്ഢിത്തമെന്നു തോന്നുന്ന എന്തെന്തു കാര്യങ്ങൾ പഴയ നിയമത്തിൽ വായിക്കുന്നുണ്ട്. വടിയെടുത്തു കടലിനു നടുവിൽ അടിക്കുക എന്ന് യഹോവ പറഞ്ഞപ്പോൾ ഈ വിഡ്ഢിത്തം ഞാൻ ചെയ്യില്ലെന്നു മോശ പറഞ്ഞിരുന്നെങ്കിലോ...." ഗീവറുഗീസിന്റെ ചോദ്യത്തിന് ഉത്തരം നൽകാതെ അവൻ കടവിലേക്കു നടന്നു.

എല്ലാവരും ആറ്റുതീരത്തുനിന്നു കുളിക്കുമ്പോൾ ഒരു ശബ്ദം. കാൽ വഴുതി കൂട്ടത്തിലൊരാൾ ആറ്റിലേക്കു വീണു. എത്ര ശ്രമിച്ചിട്ടും എഴുന്നേൽക്കാനാവുന്നില്ല. പുഴയിൽ നല്ല ഒഴുക്കും.

അയാൾ പതുക്കെ ഒഴുകിത്തുടങ്ങി. ഉടൻ ഗീവറുഗീസ് എടുത്തുചാടി. നീന്തിച്ചെന്ന് അവനെ കരയിലെത്തിച്ചു. പാറയിൽ മുത്താതെ ധിക്കരിച്ചുപോന്ന ശെമ്മാശനായിരുന്നു അത്. അയാൾക്ക് കുറ്റബോധം.

"അതു വിഢിത്തമല്ലായിരുന്നെന്നു മനസ്സിലായി പണിക്കരേ". എല്ലാവരും ആശ്ചര്യപ്പെട്ടു ഗീവറുഗീസിനെ നോക്കി. അവൻ പക്ഷേ, ശാന്തചിത്തനായി നിന്നതേയുള്ളൂ.

കുളി കഴിഞ്ഞവർ മടങ്ങി. എന്തിന്റേയോ ദുരൂഹപ്രതീകം പോലെ അതാ പാറ. എല്ലാവരും ഭയാദരവോടെ അവിടെ വണങ്ങി, സെമിനാരിയിലേക്കു നിശബ്ദരായി നടന്നു.

രാത്രിയിലാണു വട്ടശ്ശേരിൽ മല്പാൻ തിരിച്ചെത്തിയത്. അന്നു വന്ന കത്തുകളെല്ലാം മല്പാന്റെ കയ്യിൽ ഗീവറുഗീസ് ഏൽപ്പിച്ചു. മല്പാനുള്ള കത്തുകൾ ശേഖരിച്ചുവയ്ക്കുക, പറഞ്ഞുകൊടുക്കുന്ന മറുപടികൾ എഴുതിവയ്ക്കുക, ഇതൊക്കെ അവന്റെ ചുമതലകളായിരുന്നു. കൂട്ടത്തിൽനിന്നും ഒരു കത്തു തുറന്ന് മല്പാൻ അവന്റെ നേരെ നീട്ടി.

ഗീവറുഗീസിനു ശെമ്മാശപ്പട്ടം നൽകാൻ സമയമായി. അതിനു മുമ്പേ അവന്റെ ഇടവകയിൽനിന്നും മാതാപിതാക്കളിൽനിന്നും സമ്മതപത്രം കിട്ടേണ്ടതുണ്ട്. അന്നു തോമാപണിക്കരും സ്കറിയാ കത്തനാരും വലിയ തിരുമേനിയോടു സമ്മതം അറിയിച്ചതാണെങ്കിലും അതു പോരാ; രേഖയായിത്തന്നെ കിട്ടേണ്ടതുണ്ട്. അതിനായി മാവേലിക്കര പള്ളിയിലേക്ക് മെത്രാപ്പോലീത്താ കത്തെഴുതിയിരുന്നു. അതിന്റെ മറുപടിയാണിത്.

'ഗീവറുഗീസിനു ശെമ്മാശപ്പട്ടം നൽകുന്നതിൽ ഞങ്ങൾക്ക് യാതൊരു തടസ്സവുമില്ല".

പിന്നീടുള്ള ഓരോ നിമിഷവും അവൻ പ്രാർത്ഥനയോടെ കാത്തിരുന്നു. സകലർക്കും ആഹ്ലാദം. പുത്തൻകാവു പള്ളിയിൽ വച്ച് ശെമ്മാശപ്പട്ടം കൊടുക്കാൻ നിശ്ചയിച്ചു; മാതാവിന്റെ പുകഴ്ചപ്പെരുന്നാളിൽത്ത



malankaralibrary.com

ന്നെ. വിവരം എല്ലാവരേയും അറിയിച്ചു. അപ്പനും അമ്മയും വളരെ നേരത്തെ പള്ളിയിലെത്തി. അവർ മകനെ ആശ്ലേഷിച്ചനുഗ്രഹിച്ചു.

അനേകം വൈദികരെത്തി. മലങ്കര സഭാധിപൻ പുലിക്കോട്ടു മാർ ദിവന്നാസ്യോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ പൗരോഹിത്യ ത്തിന്റെ പ്രാരംഭ പടിയിലേക്ക് അവൻ ഉയർത്തപ്പെട്ടു; പി.റ്റി. ഗീവറുഗീസ് പണിക്കർ ശെമ്മാശൻ എന്ന പേരിൽ.

പേരിനെന്നപോലെ രൂപത്തിനും ചില മാറ്റങ്ങളായി. അതുവരെയും വെള്ളമുണ്ടും നീണ്ട കയ്യുള്ള വെള്ള ഉടുപ്പുമായിരുന്നു. അതു മാറ്റി പകരം കഴുത്തു മുതൽ പാദംവരെ നീണ്ട ഒരു കുപ്പായം. കനത്ത ചരടുകൊണ്ട് ഇടക്കെട്ട്. കറുത്തതൊപ്പി, ക്രമേണ മീശയും വളർത്തിത്തുടങ്ങി.

ശെമ്മാശന്റെ ഹൈസ്കൂൾ ജീവിതം അവസാനിച്ചു. കോട്ടയത്തുള്ള സി.എം.എസ്. കോളേജിൽ ചേരാൻ മല്പാൻ നിർദ്ദേശിച്ചു. ഇംഗ്ലീഷിൽ വ്യുൽപത്തി നേടുക;ഗ്രന്ഥപാരായണത്തിന്റെ ലോകം വിസ്തൃതമാക്കുക; അതായിരുന്നു കോളജ് പ്രവേശനത്തോടെ ശെമ്മാശൻ ലക്ഷ്യംവച്ചത്.

കേരളത്തിലെ ആദ്യകോളേജാണ് സി.എം.എസ്. അവിടെത്തന്നെ പഠിക്കാൻ കഴിയുന്നത് വലിയ കാര്യം. വളരുവാനുള്ള സാഹചര്യങ്ങ ളെല്ലാം പരമാവധി പ്രയോജനപ്പെടുത്തുകയാണ്.

ഗ്രന്ഥാലയത്തിൽനിന്നും അത്യപൂർവ്വങ്ങളായ കൃതികൾ തേടിയെ ടുത്തു. ആരും വായിക്കാതെ കിടന്ന അനർഘഗ്രന്ഥങ്ങൾ പൊടിതുട ച്ചെടുത്ത് വായന തുടങ്ങി. വളരെ കനത്ത അവയിൽ പലതും പാഠ്യവി ഷയങ്ങളുമായി ബന്ധമില്ലാത്തവയായിരുന്നു. അതുകൊണ്ടാവാം ചില അദ്ധ്യാപകർപോലും ചോദിച്ചു.

“ഇതൊക്കെ വായിച്ചുകൊണ്ടിരുന്നാൽ പരീക്ഷയ്ക്കുത്തരമെഴുതു ന്നതെങ്ങനെ?”

അതിനു മറുപടിയായി പുഞ്ചിരിക്കുക മാത്രം ചെയ്തു. പക്ഷേ പരീ ക്ഷകളിലെല്ലാം ക്ലാസിൽ ഒന്നാമൻ ശെമ്മാശൻ തന്നെ.

കോളേജിലായതിൽപിന്നെ രാത്രിയിൽ ധാരാളം വായിച്ചു. വളരെ നാളായി കാത്തിരുന്ന ഒരമൂല്യ ഗ്രന്ഥം ഇത്തവണ കിട്ടിയിരിക്കുന്നു. രാത്രി യേറെ വൈകിയിട്ടും സമയബോധം പോലുമില്ലാതെ വായിച്ചിരുന്നു പോയി. രസിപ്പിക്കുന്ന സഭാവിജ്ഞാനത്തിന്റെ വിസ്തൃതാകാശത്തിലേക്ക് മനസ്സു പറന്നുല്ലസിക്കുന്ന അവസ്ഥ.

മുറിയിൽ റാന്തൽ വെളിച്ചം കണ്ട് തൊട്ടടുത്ത മുറിയിൽ നിന്നും മല്പാൻ വിളിച്ചു.



malankaralibrary.com

"ശെമ്മാശാ....."

എം.ഡി. സെമിനാരിയുടെ പ്രിൻസിപ്പൽ അന്നു വട്ടശ്ശേരിൽ മൽപാനാണ്. അതുമായി ബന്ധപ്പെട്ട ചില പരിഷ്കാര പദ്ധതികളെപ്പറ്റി അഭിപ്രായം ആരായാൻ വിളിച്ചതാണ്.

പക്ഷേ, മറുപടിയില്ല.

വീണ്ടും വിളിച്ചു. എന്നിട്ടും അനക്കമില്ല.

റാന്തൽ അണയ്ക്കാതെ ഉറങ്ങിപ്പോയിരിക്കുമെന്നു കരുതി ശെമ്മാശന്റെ മുറിയുടെ വാതിൽക്കൽ മുട്ടി വീണ്ടും ഉറക്കെ വിളിച്ചു. യാതൊരനക്കവുമില്ല. പതുക്കെ കതക് തുറന്നുനോക്കി. മല്പാന്റെ കണ്ണു തള്ളിപ്പോയി.


ഒരു നാൽക്കാലിപ്പുറത്തു കയറിനിന്ന് ഉയരത്തിൽ കെട്ടിത്തൂക്കിയിട്ട റാന്തലിന്റെ വെട്ടത്തിൽ പുസ്തകം വായിച്ച് ശെമ്മാശൻ നിൽക്കുന്നു. പുറംചട്ട കണ്ടപ്പോൾത്തന്നെ പുസ്തകം ഏതെന്നു മനസ്സിലായി. ബാർ എബ്രായയുടെ കാനോൻ സംഹിത. പരുമല ഗ്രിഗോറിയോസ് തിരുമേനി സ്വന്തം കൈപ്പടയിൽ എഴുതിയതാണ്. പ്രിയശിഷ്യനെന്ന നിലയിൽ തനിക്കതു പൈതൃകമായി കിട്ടി. അത് കഴിഞ്ഞ ദിവസം തന്നിൽനിന്നും ഗീവറുഗീസ് ശെമ്മാശൻ വാങ്ങിയിരുന്നു. അത് സശ്രദ്ധം വായിച്ചു പഠിക്കുകയാണ് ശെമ്മാശൻ. മേശപ്പുറത്ത് സഭാചരിത്ര പുസ്തകവും ഉണ്ട്. ഉറക്കം വരാതിരിക്കാനായി ശെമ്മാശൻ കണ്ടെത്തിയ മാർഗ്ഗമാണ് നിന്നുകൊണ്ടുള്ള വായന. ശെമ്മാശന്റെ ഏകാഗ്രത വെട്ടിമുറിക്കാൻ മല്പാനു മനസ്സു വന്നില്ല. മുറി അടച്ച് പുറത്തിറങ്ങുമ്പോൾ മല്പാൻ സ്വയം പറഞ്ഞുപോയി.

"ഇത്ര ഏകാഗ്രതയുള്ള ഒരു മനുഷ്യനോ!"

✠



malankaralibrary.com




# 4

# ജ്ഞാന കുബേരൻ

സി.എം.എസിലെ ദ്വിവത്സര പഠനം കഴിഞ്ഞു. അറിവിന്റെ തേൻകനികൾക്കായുള്ള സഞ്ചാരം ഇനിയും ദൂരേക്ക്. ഇക്കാര്യത്തിൽ വലിയ തിരുമേനിയും മല്പാനും തീരുമാനിച്ചുകഴിഞ്ഞു. 'മദ്രാസ് ക്രിസ്ത്യൻ കോളേജിൽ തുടർന്നു പഠിപ്പിക്കുക'.

സഭാനേതാക്കന്മാരെല്ലാം പഠിച്ച് പടിയിറങ്ങിയ കലാലയം. സഭാസ്നേഹികളിൽ പലരും ഇപ്പോഴും അവിടെ പഠിക്കുന്നുണ്ട്. എ. പീലിപ്പോസ് അത്തരത്തിൽ ഒരാൾ. വട്ടശ്ശേരിൽ മല്പാന്റെ നിർദ്ദേശാനുസരണം മദ്രാസ് തീവണ്ടി നിലയത്തിൽ പീലിപ്പോസ് കാത്തുനിന്നു. പെട്ടിയും തൂക്കി പ്ലാറ്റു ഫോറത്തിലൂടെ നിവർന്നു നടന്ന ശെമ്മാശന്റെ മുമ്പിൽ പീലിപ്പോസ് ഓടിയെത്തി.

"അറിയുമോ? മാരേട്ട് എ. പീലിപ്പോസ്. കല്ലൂപ്പാറയാണു സ്വദേശം".

"ഓ. അറിയുമല്ലോ, മിസ്റ്റർ ഇ.എം. ഫിലിപ്പ് പറഞ്ഞിരുന്നു". വലിയ തിരുമേനിയുടെ സെക്രട്ടറിയാണു ഇ.എം. ഫിലിപ്പ്.

"ശെമ്മാശന്റെ കാര്യങ്ങളൊക്കെ ശരിയാക്കാൻ അദ്ദേഹം എനിക്കെഴുതിയിരുന്നു. ബി.ഏ.യ്ക്കുള്ള പ്രവേശനം ശരിയായിട്ടുണ്ട്. താമസസൗകര്യവും".



malankaralibrary.com

"ചരിത്രം തന്നെ മുഖ്യ വിഷയമായി കിട്ടിയിട്ടുണ്ടല്ലോ".

"ഉണ്ട്. എന്നാൽ താമസസൗകര്യം കുറച്ചകലെയായിപ്പോയി. കോളേജിൽനിന്നും നാലു മൈൽ അകലമുണ്ട്. സള്ളിവൻ ഗാർഡൻ എന്ന ഒരു ഹോസ്റ്റലിലാണ്. അച്ചന്മാരുടെ താമസം അവിടാകയാൽ ശെമ്മാശനതു പ്രയോജനപ്പെടുമെന്ന് കരുതി".

"ഇവിടെ വൈ.എം.സി.എ. എവിടെയാണ്"?

"അതു കോളേജിനടുത്താണ്".

"എങ്കിൽ അവിടെ താമസിക്കുന്നതല്ലേ നല്ലത്. സമയം നഷ്ടപ്പെടുത്താതെ പഠിക്കാമല്ലോ".

"എങ്കിൽ ഇന്നു തന്നെ അവിടെ പോയി അന്വേഷിക്കാം".

മനോഹരമായ കോളജും പരിസരവും ശെമ്മാശന് ഇഷ്ടമായി. താമ്പരത്ത് നാനൂറ് ഏക്കറുകളിൽ പരന്നുകിടക്കുന്ന ക്യാമ്പസ്. സ്കോട്ട്ലന്റ് മിഷനറിമാർ സ്ഥാപിച്ച പ്രശസ്ത സ്ഥാപനം. പക്ഷേ എവിടെയും പ്രൊട്ടസ്റ്റന്റ് ആധിപത്യം. അറിവു കൊടുക്കുന്നതോടൊപ്പം പ്രൊട്ടസ്റ്റന്റ് വിശ്വാസം കൂടി പ്രചരിപ്പിക്കുകയാണ് അവരുടെ ലക്ഷ്യം. ആദ്യംതന്നെ ഇതിനൊരു പരിഹാരം തേടുകയായിരുന്നു ശെമ്മാശൻ.

ഒരു സായാഹ്നത്തിൽ നടക്കാനിറങ്ങിയപ്പോഴും മനസ്സിൽ ഈ ചിന്തയായിരുന്നു. കൂടെ എ. പീലിപ്പോസിനെ കൂടാതെ കെ.വി. ചാക്കോയുമുണ്ട്.

സഹപാഠിയാണു ചാക്കോ. മല്ലപ്പള്ളിക്കാരൻ. ആജാനുബാഹു. സംസാരചാതുര്യൻ. ശെമ്മാശൻ പറഞ്ഞു.

"മലങ്കരയിൽനിന്നും അനേകരിവിടെ പഠിക്കുന്നുണ്ടല്ലോ. പ്രൊട്ടസ്റ്റന്റുകാരുടെ പ്രചരണതന്ത്രങ്ങളിൽ നിന്നും അവരെ രക്ഷിക്കേണ്ടതുണ്ട്. അതിന് നമുക്കൊരു മലയാള സമാജമുണ്ടാക്കണം".

"പക്ഷേ എല്ലാവരും എവിടെ സമ്മേളിക്കും"? ചാക്കോ ചോദിച്ചു.

"വൈ.എം.സി.എ. യിൽ വളരെ വിശാലമായ മുറിയിലാണ് ഞാൻ താമസിക്കുന്നത്. മാസന്തോറും നമുക്കവിടെ ഒത്തുചേരാം. ചർച്ചകളും പ്രസംഗങ്ങളും സാംസ്കാരിക പരിപാടികളുമൊക്കെയാവുമ്പോൾ എല്ലാവർക്കും നല്ലൊരനുഭവമായിരിക്കും അത്. അല്ലേ"?

"എങ്കിൽ നമുക്കാദ്യം മലങ്കര സുറിയാനിക്കാരുടെ ഒരു നാമാവലിയുണ്ടാക്കാം. അതനുസരിച്ച് അവരെ വിളിച്ചുകൂട്ടാം". എ. പീലിപ്പോസ് പറഞ്ഞു.

"എല്ലാ രണ്ടാംശനിയാഴ്ചയും യോഗം ചേർന്നാലോ". "എങ്കിൽ



malankaralibrary.com

ജോലി കുറയും. അല്ലെങ്കിൽ ഓരോ യോഗത്തിനു മുമ്പും അറിയിപ്പു കൊടുക്കണമല്ലോ". കെ.വി. ചാക്കോ പിന്താങ്ങി.

ശെമ്മാശന്റെ നേതൃത്വത്തിൽ രണ്ടുപേരും ഉത്സാഹത്തോടെ പ്രവർത്തിച്ചു. മലയാള സമാജം തുടങ്ങി. അതു ശക്തമായി തുടർന്നു. വൈ.എം.സി.എ. യിൽ ശെമ്മാശന്റെ മുറിയിൽ രണ്ടാം ശനിയാഴ്ചകളിൽ വിദ്യാർത്ഥികൾ തിങ്ങി. ശെമ്മാശന്റെ പ്രസംഗമായിരുന്നു ആകർഷക ഘടകം. വായിച്ചുകൂട്ടിയ വിജ്ഞാനശേഖരത്തിൽനിന്നും വാരിക്കൊടുക്കുകയാണദ്ദേഹം. ഒന്നാന്തരമായി ആംഗലഭാഷ ഉപയോഗിക്കാനറിയാമെങ്കിലും മിക്കവാറും, മലയാളത്തിൽത്തന്നെയാണ് പ്രസംഗങ്ങൾ. അതും പ്രൗഢസുന്ദരമായിത്തന്നെ. അതു കേട്ടിരുന്നാൽ നാഴികകൾ കൊഴിയുന്നത് അറിയുകയില്ല. മലങ്കര സഭാപൈതൃകം മാത്രമല്ല പ്രഭാഷണ വിഷയം. ജീവിതവും വേദപുസ്തക രഹസ്യവുമെല്ലാം ഉണ്ടാവും. നിഗൂഢമെന്നോ അപ്രാപ്യമെന്നോ കരുതപ്പെട്ട വിഷയങ്ങൾ തെളിഞ്ഞ കുളിരരുവിപോലെ സുഗ്രഹമായി അവിടൊഴുകി. അതുകഴിഞ്ഞുള്ള ചർച്ചകളിൽ വീറും വാശിയും നിറഞ്ഞുനിന്നു.

മലയാള സമാജവും അതിന്റെ ജനയിതാവും കോളേജിലെങ്ങും അറിയപ്പെട്ടു. എല്ലാ ക്ലാസിലും മാതൃകാ വിദ്യാർത്ഥികൾ മലങ്കര സുറിയാനിക്കാരായി. ഇതിനു കാരണം മലയാളസമാജവും. പ്രിൻസിപ്പൽ ഡോക്ടർ മില്ലറും പ്രൊഫസറന്മാരും ശെമ്മാശനെ പ്രത്യേകം അനുമോദിച്ചു.

സഭാതീക്ഷ്ണതയുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുകയായിരുന്നു ശെമ്മാശന്റെ ലക്ഷ്യം. അതിനായി സദാ പ്രവർത്തനനിരതനായി. എങ്കിലും അതൊന്നും പഠനത്തെ പ്രതികൂലമായി ബാധിച്ചില്ല. ബി.എ. കഴിഞ്ഞു. ഇനി എന്ത് എന്നാലോചിക്കും മുമ്പ് വട്ടശ്ശേരിൽ മല്പാന്റെ നിർദ്ദേശം കിട്ടി.

"അവിടെത്തന്നെ എം.എ. യ്ക്കു ചേരണം".

ആഗ്രഹിച്ചതാണെങ്കിലും അതു പ്രതീക്ഷിച്ചിരുന്നില്ല. ഇന്നോളം മലങ്കര സുറിയാനി ശെമ്മാശന്മാരോ വൈദികരോ ആരും എം. എ.യ്ക്കു ചേർന്നിട്ടില്ലല്ലോ. തനിക്കതിനു ആദ്യവസരം കൈവന്നിരിക്കുന്നു.

നിർദ്ദേശങ്ങൾക്കെല്ലാം പിന്നിൽ വലിയതിരുമേനിയാണെന്നറിയാം. ഉള്ളുകൊണ്ടെല്ലാവരോടും നന്ദിയോതി.

വാർത്തയറിഞ്ഞ് സമാജം പ്രവർത്തകർ ആഹ്ലാദിച്ചു.

"ഈ ശെമ്മാശൻ ആരായിത്തീരും? " പ്രതീക്ഷകളോടെ അവരോർത്തു. സുഹൃത്തുക്കളോടു ശെമ്മാശൻ പറഞ്ഞു.



malankaralibrary.com

"കുറേപ്പേർ പഠനം കഴിഞ്ഞു പിരിഞ്ഞാലും നമ്മുടെ സമാജം തുടരണം. പുതുതായി വരുന്നവർ അതിനുത്സാഹിക്കണം".

"എം.എ. പഠിക്കാൻ ശെമ്മാശൻ ഇവിടെത്തന്നെയുണ്ടല്ലോ. അപ്പോൾ സമാജത്തിനൊരു കുഴപ്പവും വരില്ല". കെ.വി. ചാക്കോ പ്രത്യാശിച്ചു.

"എം.എ. എന്നാൽ മാസ്റ്റർ ഓഫ് ആർട്ട്സ് എന്നല്ലേ. ഒരു വിഷയത്തിൽ മാസ്റ്റർ ആകണമെങ്കിൽ ആഴമായ പഠനം വേണം. അതിനു കൂടുതൽ സമയം വേണം. അതുകൊണ്ടിനിയും നിങ്ങൾതന്നെ സംഘടന മുന്നോട്ടു കൊണ്ടുപോകണം".

ശെമ്മാശന്റെ വാക്കുകൾക്ക് മാറ്റമുണ്ടാവില്ലെന്നറിയാം. അതിനാൽ പീലിപ്പോസ് ഒരു നിർദ്ദേശം സമർപ്പിച്ചു.

"നേരമുള്ളപ്പോൾ സമാജത്തിനു പ്രസംഗിക്കാൻ വരണം".

"തീർച്ച പറയുക വയ്യ. ഞാൻ താമസം വൈ.എം.സി.എ. യിൽ നിന്നു മാറ്റുകയാണ്. എനിക്കൊരു ഇംഗ്ലീഷ് പ്രബന്ധം എഴുതാനുണ്ട്. ദീർഘനാൾ ആഴമായ പഠനം അതിനാവശ്യമുണ്ട്. കോളേജു ലൈബ്രറിയിൽ അതിനാവശ്യമായ പുസ്തകങ്ങൾ കിട്ടാനില്ല. വലിയൊരു ലൈബ്രറി കണ്ടെത്തിയിട്ടുണ്ട്. അതിനടുത്തെവിടെയെങ്കിലും താമസവും ശരിയാക്കണമെന്നു കരുതുന്നു".

"പ്രബന്ധവിഷയം എന്താണ്?" കൂട്ടുകാർക്ക് ജിജ്ഞാസ

"വേർ ദി സിറിയൻ ക്രിസ്റ്റ്യൻസ് നെസ്റ്റോറിയൻസ്? "

"അതൊരു കീറാമുട്ടി വിഷയമല്ലേ ശെമ്മാശാ". സഭാചരിത്രത്തിൽ കമ്പമുള്ള കെ.വി. ചാക്കോ ചോദിച്ചു.

സുറിയാനി ക്രിസ്ത്യാനികൾ നെസ്റ്റോറിയരാണെന്ന് മലങ്കര സഭാവിരോധികളായ പോർട്ടുഗീസുകാർ പ്രചരിപ്പിച്ചിരുന്നു. അതൊരിക്കലും ശരിയല്ലെന്നു സഭാപഠനങ്ങളും. അപ്പോൾ പിന്നെ ഇതൊരു കീറാമുട്ടിയാകാതിരിക്കുന്നതെങ്ങനെ?

ശെമ്മാശനിൽ ആത്മവിശ്വാസത്തിന്റെ പുഞ്ചിരി പൂക്കുന്നതവർ കണ്ടു.

"അതൊന്നു കീറാൻ ശ്രമിക്കുകയാണ്".

"എന്താണീ നെസ്തോറിയൻ വിശ്വാസം?"കൂട്ടത്തിൽനിന്ന ഒരാൾക്ക് ഈ വിഷയത്തിൽ അജ്ഞത.

ശെമ്മാശൻ വിശദമാക്കി.

"നെസ്തോറിയൻസ് എന്നൊരാൾ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റി



malankaralibrary.com

നോപ്പിളിന്റെ പാത്രിയാർക്കീസായി. കന്യാമറിയം യേശുവിന്റെ മാതാവാണ് - ദൈവമാതാവല്ല എന്നദ്ദേഹം പഠിപ്പിച്ചു. അതിനാൽ എഫേസൂസിലെ സൂനഹദോസ് അയാളെ വേദശത്രുവെന്നു മുദ്രകുത്തി മുടക്കിക്കളഞ്ഞു. അതോടെ അയാൾ ശത്രുരാജ്യമായ പേർഷ്യായിലേക്ക് രക്ഷപ്പെട്ടു. പേർഷ്യാക്കാർ നെസ്തോറിയൻ വിശ്വാസത്തെ പ്രചരിപ്പിച്ചു. അങ്ങയെ ഏഷ്യയിലെങ്ങും വ്യാപിച്ചു".

"നമ്മുടെ സഭയിൽ ഈ വിശ്വാസം കടന്നുവെന്നു പറയുന്നതെങ്ങനെ?"

കെ.വി. ചാക്കോ ആരാഞ്ഞു.

"അങ്ങനെ പറയുന്നതു ശരിയല്ല. ഒന്നാം മാർത്തോമ്മായെ വാഴിക്കാൻ മെത്രാന്മാരില്ലാതെ വന്നപ്പോൾ പന്ത്രണ്ടു വൈദികർ ചേർന്നതാണല്ലോ പ്രസ്തുതകർമ്മം നിർവ്വഹിച്ചതായി വരുത്തിയത്. ഈ മെത്രാഭിഷേകത്തെ അംഗീകരിക്കാൻ ഒരു മെത്രാനെ അയച്ചു തരണമെന്നദ്ദേഹം അനേകം പാത്രിയർക്കീസൻമാർക്കെഴുതി. എന്നാൽ മെത്രാനെ അയച്ചത് അന്ത്യോഖ്യായിലെ യാക്കോബായ പാത്രിയർക്കീസ് മാത്രം. യരുശലേമിലെ മാർ ഗ്രിഗോറിയോസായിരുന്നല്ലോ അത്. അതിനുമുമ്പ് ഇവിടേക്കു യാത്രതിരിച്ച അഹത്തുള്ളാ പാത്രിയർക്കീസ് ബാബിലോണിയായിലെ നെസ്തോറിയൻ പാത്രിയർക്കീസിന്റെ ആളായിരുന്നു എന്നതു ശരി. എന്നാല് അദ്ദേഹം ഇവിടെ എത്തിയില്ലല്ലോ".

"ഈ അറിവ് എനിക്കു പുതുമയാണ്". എ. പീലിപ്പോസ് സമ്മതിച്ചു. ശെമ്മാശൻ പുഞ്ചിരിയോടെ തുടർന്നു.

"മലങ്കര സഭയിൽ നെസ്തോറിയൻ വിശ്വാസമുണ്ടെന്നു പഴി പറഞ്ഞ് ഉദയംപേരൂർ സുനഹദോസിനുശേഷം പോർട്ടുഗീസുകാർ നമ്മുടെ അതിപുരാതനമായ വിലപ്പെട്ട രേഖകളെല്ലാം തീവച്ചുകളഞ്ഞു. അതിനാൽ ഇതേപ്പറ്റിയുള്ള നമ്മുടെ അറിവ് പരിമിതമാണ്."

ശെമ്മാശന്റെ ആദ്യഗ്രന്ഥരചനയ്ക്ക് എല്ലാവരും ആശംസകൾ നേർന്നു പിരിഞ്ഞു. ഗ്രന്ഥാലയത്തിനടുത്തേക്കു ശെമ്മാശൻ താമസം മാറ്റി. കൂടെ എ. പീലിപ്പോസും സഹായത്തിനുണ്ട്. രാപകലില്ലാതെ ശെമ്മാശൻ അദ്ധ്വാനിച്ചു. പകർത്തിയെഴുതാൻ പീലിപ്പോസിന്റെ സാന്നിദ്ധ്യം സഹായകമായി. അഭ്യർത്ഥനപ്രകാരം അപൂർവ്വങ്ങളായ രേഖകൾ കെ.സി. മാമ്മൻമാപ്പിളയിൽനിന്നും അയച്ചുകിട്ടി. ഒപ്പം പ്രോത്സാഹനങ്ങളും.

അങ്ങനെ പുസ്തകം പൂർത്തിയാക്കി. ഭംഗിയായി അച്ചടിച്ചു. നൊന്തുപെറ്റ അമ്മ കടിഞ്ഞൂൽക്കനിയെ കാണുന്നത്ര നിർവൃതി.



malankaralibrary.com

വായിച്ചവർ വായിച്ചവർ പ്രകീർത്തിച്ചു. പുസ്തകത്തെപ്പറ്റിയുള്ള ആസ്വാദനം മിക്ക സഭാപ്രസിദ്ധീകരണങ്ങളിലും പ്രത്യക്ഷപ്പെട്ടു. സഭാചരിത്രപണ്ഡിതന്മാർപോലും അതിന്റെ പ്രതിക്കായി കാത്തിരുന്നു. എല്ലാവർക്കും പറയാനുള്ളത് ഒരേ അഭിപ്രായം.

'പ്രൗഢമായ ആശയങ്ങളുടെ പണ്ഡിതോചിതവും അതേ സമയം ലളിതവുമായ ആവിഷ്കരണം'.

സി.പി. തരകൻ എന്നൊരു സഭാസ്നേഹി ശെമ്മാശനെ സമീപിച്ചു. ആദ്യകൃതിയുടെ വിവർത്തനാനുമതി തരണമെന്ന് അപേക്ഷിച്ചു. ശെമ്മാശൻ സമ്മതിച്ചു.

'സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നോ' എന്ന തലക്കെട്ടിൽ പരിഭാഷ പുറത്തിറങ്ങി. അതു ദിവസങ്ങൾക്കുള്ളിൽ വിറ്റു തീർന്നു.

ശെമ്മാശന്റെ ഓരോ ചുവടുവയ്പും മലങ്കരയിൽ പ്രതീക്ഷയുടെ പെരുമ്പറ മുഴക്കമായിരുന്നു. അങ്ങനെ എല്ലാവരും ഉറ്റു നോക്കിയിരുന്ന ദിവസം വന്നു. എം.എ. ഫലം പ്രഖ്യാപിക്കുന്ന ദിനം. ഉയർന്ന മാർക്കോടെ ശെമ്മാശനു വിജയം.

ഇനിയും മടങ്ങണം. മലങ്കരസഭ തന്നെ കാത്തിരിക്കുന്നു. മാടി വിളിക്കുന്നു. ഉടനെ മടങ്ങണം; തന്നിൽ പ്രതീക്ഷകളർപ്പിച്ചവരോടുള്ള കടമകൾ നിറവേറ്റിക്കൊണ്ട്; എവിടെനിന്ന് വന്നുവോ അവിടേയ്ക്ക്.

✠



malankaralibrary.com



# 5

# അയിത്തക്കുടിലുകളിൽ സേവന നിരതൻ

അഭിമാനിക്കാൻ ഇതിൽപ്പരം എന്തുവേണം! മലങ്കര സുറിയാനി വൈദിക ചരിത്രത്തിൽ ആദ്യമായി ഇതാ ഒരു എം.എ.ക്കാരൻ. ശെമ്മാശനായിരിക്കേതന്നെ ആരുണ്ടിത്രത്തോളം പ്രഖ്യാതരായിട്ടുള്ളവർ. ഉജ്ജ്വലവാഗ്മി, അതിബുദ്ധിമാൻ, ഗംഭീരമായൊരു ഇംഗ്ലീഷ് കൃതിയുടെ കർത്താവ്, ചെറുപ്പക്കാർക്കിടയിലെ നേതാവ്. പണിക്കരു ശെമ്മാശന്റെ ഉയർച്ചയിൽ സഭ മുഴുവൻ ആഹ്ലാദിക്കുകയാണ്. എല്ലാവരും ഓമനിച്ചു വിളിച്ചു; എം.എ. ശെമ്മാശൻ.

എവിടെയും സ്വീകരണങ്ങൾ. അക്കാര്യത്തിൽ പള്ളികൾ തമ്മിൽ മത്സരിക്കുന്നതുപോലെ. സ്വീകരണത്തോടൊപ്പം ശെമ്മാശന്റെ പ്രസംഗങ്ങൾ കേൾക്കാമല്ലോ എന്നാണ് എല്ലാവരുടേയും പ്രതീക്ഷ.

കാഴ്ചയിൽ ഒതുക്കമുള്ള ദേഹം. മീശ വളർന്നുതുടങ്ങിയ അല്പം നീണ്ട മുഖം. ഇരുണ്ടനിറം. ജ്വലിക്കുന്ന ദൃഷ്ടികളുടെ കാര്യമൊഴിച്ചാൽ അസാധാരണത്വം അധികമില്ല. പ്രസംഗപീഠത്തിൽ കയറിയാലോ;



malankaralibrary.com

ജ്ഞാനത്തിന്റെ കൊടുമുടിയിൽനിന്നും ഗംഭീരമായ ആശയങ്ങൾ സരളമായി ഒഴുകുകയായി. സംസ്കൃതം അറിയാവുന്ന ശെമ്മാശന്റെ അക്ഷരസ്ഫുടതയുടെ ഇമ്പം ഒന്നുവേറെ തന്നെ. പ്രസംഗത്തിലുള്ള പ്രകടനഭംഗിയോ, അത് ആശയാവിഷ്കാരത്തിൽ ഇഴുകിച്ചേരുന്നു. പ്രഭാഷകന്റെ വികാരങ്ങൾ ജനഹൃദയങ്ങളിലേക്കു ജ്വലിപ്പിക്കാനുള്ള അസാമാന്യ കഴിവുണ്ടായിരുന്നു. വേദപുസ്തകം കയ്യിലുയർത്തി 'ദൈവം തന്റെ മക്കൾക്ക് നിത്യസൗഭാഗ്യത്തെപ്പറ്റി എഴുതി അയച്ചുതന്ന കത്താണിത്' എന്നൊക്കെ പറയുമ്പോൾ തുടർന്നു കേൾക്കാനുള്ള ആകാംക്ഷയായിരുന്നു ജനത്തിന്.

ഇപ്പോൾ എന്നും പ്രസംഗങ്ങളുണ്ട്. പ്രസംഗവിഷയം കൂദാശകളാണ്. സഭയുടെ ജീവൻ കൂദാശകളായിരിക്കേ അതു മറക്കാനുള്ള ദുഷ്പ്രേരണകൾ കടന്നുവരുന്നു എന്നതാണ് കാരണം. പ്രൊട്ടസ്റ്റന്റുകാരുടെ അബദ്ധോപദേശത്തിൽനിന്നും സഭയെ രക്ഷിക്കണം. അതിന് കൂദാശകളുടെ ദൈവികതയെപ്പറ്റി ജനങ്ങൾ അറിയണം. സഹായത്തിന് രണ്ടു വൈദികരെക്കൂടി ശെമ്മാശൻ തെരഞ്ഞെടുത്തു. യാതൊരു തയ്യാറെടുപ്പുമില്ലാതെ രാപകൽ പ്രസംഗിക്കാൻ കഴിവുണ്ടായിട്ടും ഓരോ പ്രസംഗത്തിനു മുമ്പും സ്ഥലകാലാനുസൃതമായി പറയേണ്ടവ മുൻകൂട്ടി ചിന്തിച്ചു. കൂദാശകളെപ്പറ്റി പ്രസംഗിച്ച് നാടെങ്ങും നടക്കുന്നതിനാൽ ജനങ്ങളിപ്പോൾ 'കൂദാശാ ശെമ്മാശൻ' എന്നു പോലും വിളിക്കുന്നു.

ശെമ്മാശന്റെ വളർച്ചയിൽ ആഹ്ലാദമുണ്ടെങ്കിലും ചിന്താക്കുഴപ്പത്തിലായ രണ്ടുപേരുണ്ട്, മെത്രാപ്പോലീത്തയും വട്ടശ്ശേരിൽ മല്പാനും.

ഇത്ര ഉന്നതനിലയിൽ മടങ്ങിയെത്തിയ ശെമ്മാശന് എന്തു ഉദ്യോഗമാണ് നൽകുക. അതിനുത്തരം കിട്ടാൻ ഇരുവരും ചർച്ചയായി. മല്പാൻ അഭിപ്രായം പറഞ്ഞു:

"എന്റെ ഇപ്പോഴത്തെ ജോലി ശെമ്മാശനെ ഏൽപ്പിച്ചാൽ എന്താണ്?"

"എം.ഡി. സെമിനാരിയുടെ പ്രിൻസിപ്പൽ ഉദ്യോഗമാണോ ഉദ്ദേശിക്കുന്നത്?" മെത്രാപ്പോലീത്ത ആരാഞ്ഞു.

"അതെ, പതിനൊന്നു കൊല്ലമായി ഞാനിരുന്ന പ്രിൻസിപ്പൽ കസേരയല്ലേ. പണിക്കരു ശെമ്മാശന് എന്റെ വക സമ്മാനമായി ആ കസേര എനിക്കു കൊടുക്കണം. അഞ്ചുകൊല്ലം മുമ്പ് പരുമലത്തിരുമേനി കാലം ചെയ്തപ്പോൾ അവിടുത്തെ സെമിനാരിയുടെ ചുമതലകൂടി എനിക്കു നോക്കേണ്ടിവന്നല്ലോ. അന്നേ കരുതിയതാണ് ഈ പ്രിൻസിപ്പൽ സ്ഥാനം ഒഴിയണമെന്ന്. എന്നാൽ അന്നതിനു യോഗ്യനായ ഒരാളുണ്ടായിരുന്നില്ല".



malankaralibrary.com

“മല്പാൻ പറയുന്നതു നല്ലതുതന്നെ. പക്ഷേ കെ.സി. മാമ്മൻ മാപ്പിളയല്ലേ അവിടെ ഹെഡ്മാസ്റ്റർ. അയാളുടെ ശിഷ്യനല്ലേ പണിക്കരു ശെമ്മാശൻ. ഗുരുവിന്റെ മേലധികാരിയായി ശിഷ്യനെ നിയമിച്ചാൽ അദ്ദേഹത്തിനത് ഇഷ്ടപ്പെടുമോ? പോരെങ്കിൽ വലിയ അഭിമാനിയും”.

“മാമ്മൻ മാപ്പിള ഈയിടെ ചികിത്സയ്ക്കായി തിരുവനന്തപുരത്തേക്കു പോകുന്നതായി കേൾക്കുന്നല്ലോ. അപ്പോഴത്തെ ഒഴിവിലേക്കു ശെമ്മാശനെ നമുക്കു തൽക്കാലത്തേക്കു നിയമിക്കാം. എന്താ? ”

“എങ്കിലങ്ങനാവട്ടെ”

ശെമ്മാശനെ മല്പാൻ വിവരമറിയിച്ചു. സഭാ പിതാക്കന്മാരുടെ തീരുമാനം എന്തായാലും അതേറ്റുവാങ്ങാൻ അദ്ദേഹം ഒരുക്കമായിരുന്നു.

താൻ പഠിച്ച കലാലയത്തിന്റെ സാരഥ്യം പത്തു കൊല്ലങ്ങൾക്കു ശേഷം ഏൽക്കാൻ പോകുന്നു. സന്തോഷം തന്നെ. പക്ഷേ, തന്റെ ഗുരുവും ഹെഡ്മാസ്റ്ററുമായ കെ.സി.മാമ്മൻ മാപ്പിളയ്ക്കത് പ്രയാസമാകുമോ? ശെമ്മാശൻ ഈ സംശയം മല്പാനോടുതന്നെ ചോദിച്ചു.

മല്പാൻ ഉപായം പറഞ്ഞു.

“അതോർത്തു ശെമ്മാശൻ ഭാരപ്പെടേണ്ടാ. മാമ്മൻ മാപ്പിള ഒരു മാസത്തേക്ക് അവധിയെടുക്കാൻ പോകുകയാണ്. അതു കഴിഞ്ഞ് മധ്യവേനൽ അവധിയാണല്ലോ. പിന്നെ ജൂണാകുമ്പോഴേക്കും എല്ലാത്തിനും ഒരു തീരുമാനമാകും. ഇപ്പോൾ ശെമ്മാശൻ ചുമതല ഏൽക്കുക. താമസം അവിടുത്തെ ബംഗ്ലാവിലേക്കു മാറ്റുക”.

തന്നെ ഗാഢമായി സ്നേഹിക്കുന്ന മല്പാനെ അനുസരിക്കാതെ വയ്യല്ലോ. താക്കോൽ ഏറ്റുവാങ്ങി.

“ദൈവം അനുഗ്രഹിക്കട്ടെ” വയസ്സനായ വലിയ തിരുമേനി ചാരുകസേരയിൽ നിന്നെണീക്കാൻ ശ്രമിച്ചുകൊണ്ട് ആശംസിച്ചു. വിറയ്ക്കുന്ന കയ്യിൽ കുരിശെടുത്ത് ശെമ്മാശന്റെ നെറ്റിയിൽ വച്ചു പ്രാർത്ഥിച്ചു.

സ്കൂളിന്റെ ചുമതല ഏറ്റെങ്കിലും അവധി ദിവസങ്ങളിൽ പ്രസംഗിച്ചു നടന്നു. അങ്ങനെ പരുമലയിലെത്തി. ഏറ്റം ഇഷ്ടമുള്ള സ്ഥലം. കാരണങ്ങൾ രണ്ടാണ്. പരിശുദ്ധ ഗ്രിഗോറിയോസ് തിരുമേനി കബറടങ്ങിയ സ്ഥലം. പിന്നെ അധഃകൃതവർഗ്ഗക്കാർ നിറഞ്ഞ സ്ഥലം. അവർണ്ണരെ സമൂഹം പേപ്പട്ടികളെപ്പോലെ എറിഞ്ഞോടിക്കുമ്പോൾ അവരെ ആശ്ലേഷിക്കാനുള്ള ആഗ്രഹമുണ്ട്. ജന്മനാൽ ഉള്ള ഒരു വികാരമാണിതെന്നു തോന്നുന്നു. ഒരുപക്ഷേ സ്ക്കറിയാ കത്തനാരുടെ മാതൃക തന്നെ സ്വാധീ



malankaralibrary.com

നിച്ചതാവാം. പള്ളിയിലെ ശുശ്രൂഷ കഴിഞ്ഞാൽ പുറജാതിക്കാരുടെ ചേരികളിലേക്കാണല്ലോ അദ്ദേഹം പോയിരുന്നത്. എത്രയോ തവണ അദ്ദേഹത്തോടൊപ്പം താനും സഹായകനായി പോയിട്ടുണ്ട്.

പരുമലയിലുള്ള അധഃകൃതരുടെ കുടിലുകളിൽ ശെമ്മാശൻ കയറിയിറങ്ങി. ഒപ്പം വരാൻ പള്ളിക്കാരും മറ്റും മടിച്ചതിനാൽ തനിച്ചായിരുന്നു സന്ദർശനം.

ചേരികളിൽ കറുത്തു വാടിയ അധഃകൃതർ ശെമ്മാശനെ നോക്കി വിസ്മയിച്ചു നിന്നു.

കുപ്പായവും തൊപ്പിയും ധരിച്ച മീശയുള്ള ശെമ്മാശനെ നോക്കി ചേരിപ്പിള്ളേർ നിഷ്കളങ്കരായി ചിരിച്ചു. ക്രൈസ്തവമതത്തിൽ ചേർന്ന ചിലരെങ്കിലും അക്കൂട്ടത്തിലുണ്ട്. കൂട്ടംകൂടി നിന്ന അവരോട് ശെമ്മാശൻ കുശലം ചോദിച്ചു.

"ക്രിസ്ത്യാനികളാകാൻ എന്താണു കാരണം?"

"ജാതീലടിയങ്ങള് താഴെയായിപ്പോയി തമ്പ്രാ. മേലാളമ്മാര് ഒന്നിനും സമ്മതിക്കൂലാ. വെള്ളത്തുണി ചുറ്റാൻ മേലാ, വഴി നടക്കാൻ മേലാ, അമ്പലത്തിക്കേറാനും മേലാ. മടുത്തു തമ്പ്രാ....." പറ്റിച്ചേർന്നു നിന്ന പുലയക്കിടാവിന്റെ പുറത്തു വീണ അടിയുടെ പാടു കാട്ടിക്കൊണ്ട് അവന്റെ തള്ള കരഞ്ഞുപ്രാകി.

"എന്റെ കുഞ്ഞാ തമ്പ്രാ. നോക്ക്. വെശന്നപ്പോ അമ്പലത്തീന്നെന്തേലും കിട്ടുന്നോർത്ത് ചെന്നതാ. അമ്പലക്കാര് തല്ലിത്തല്ലി ന്റെ കുഞ്ഞിനെ കൊല്ലാതെ കൊന്നൂമ്പ്രാ....."

ശെമ്മാശന്റെ ഉള്ളുലഞ്ഞു. അടിയുടെ ഓർമ്മയിൽ കണ്ണീർ വാർത്തു പുലയച്ചെറുക്കനെ ദേഹത്തോടു ചേർത്തുനിർത്തി ശെമ്മാശൻ ആശ്വസിപ്പിച്ചു.

"ക്രിസ്ത്യാനികളാകാൻ ആരാണു നിങ്ങളെ സഹായിച്ചത്? "

"ഒരൊപദേശിയാ. ചെന്നിത്തലക്കാരൻ. കീവർഗ്ഗീസ്".

"ഓഹോ. അയാളിപ്പോൾ എവിടെക്കാണും?"

"ഇക്കുടീലെങ്ങാണ്ടൊണ്ട്. നല്ല പാട്ടും പടിപ്പീരുമാ"

ഗീവറുഗീസ് ഉപദേശിയെത്തേടി ശെമ്മാശൻ നടന്നു. കണ്ടുമുട്ടി.

പുതുക്രിസ്ത്യാനികളെ ഉപദേശിക്കുന്നതിനിടയിലായിരുന്നു കണ്ടത്.



malankaralibrary.com

ഉപദേശിയുടെ ശുഷ്കാന്തി കണ്ട് ശെമ്മാശനു തൃപ്തി തോന്നി. അദ്ദേഹത്തെ ഉപയോഗപ്പെടുത്താനായി ശെമ്മാശന്റെ ആഗ്രഹം.

ഇപ്പോൾത്തന്നെ ധാരാളം സ്ഥലത്തു പ്രസംഗിക്കാനുണ്ട്. എല്ലായിടത്തും ഓടിയെത്തുക ദുഷ്കരം. ഉപദേശിയെക്കൂടി ചേർത്താൽ ഒരു ചെറിയ സുവിശേഷ സംഘത്തിനു രൂപം കൊടുക്കാമായിരുന്നു. ഉപദേശിയോട് ഇക്കാര്യം അറിയിക്കുകയും ചെയ്തു.

"താങ്കളെ എന്റെ സ്ഥിരം ഉപദേശിയാക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ മെത്രാപ്പോലീത്തായുടെ അനുവാദം ഞാൻ വാങ്ങിക്കൊള്ളാം".

വിഖ്യാതനായ പണിക്കരു ശെമ്മാശനിൽനിന്ന് ഇതുകേട്ട് ഉപദേശി സന്തോഷിച്ചു. തന്റെ പ്രവർത്തനമേഖല വളർത്തേണ്ടത് എങ്ങനെയെന്ന് കരുതിയിരിക്കുകയായിരുന്നു. എങ്കിലും ഒരാശങ്ക. അതു ശെമ്മാശനോട് അറിയിക്കുകയും ചെയ്തു.

"ഞാനും അധഃകൃതനായിരുന്നു. പരുമലത്തിരുമേനിയാ എനിക്കു മാമോദീസാ തന്ന് സഭയിൽ ചേർത്തത്. പക്ഷേ, ഇങ്ങനെയുള്ളവരെ അച്ചന്മാർക്കുപോലും ഇഷ്ടമല്ല. പള്ളികളിൽ ഞങ്ങൾക്കു പ്രവർത്തന സ്വാതന്ത്ര്യവും തരാറില്ല. അങ്ങനെയുള്ള ഞാൻ....?"

ശെമ്മാശൻ ധൈര്യപ്പെടുത്തി.

"ഒന്നും സംഭവിക്കില്ല. ജാതിഭ്രാന്തിൽനിന്നു സമൂഹം മോചനം നേടണം. അതിനു നമുക്കു പ്രവർത്തിക്കണം. ഇക്കാര്യത്തിൽ ഉപദേശിക്ക് വളരെക്കാര്യങ്ങൾ ചെയ്യാനാവും".

✠



malankaralibrary.com



# 6

# ക്രാന്തദർശിയായ പ്രിൻസിപ്പൽ

"ഇനിയും മുതൽ നിങ്ങള് വെറും ചാക്കോച്ചനല്ല; മാനേജർ ചാക്കോച്ചനായിരിക്കും. കേട്ടോ" സെമിനാരി ബംഗ്ലാവിലെ ജോലിത്തിരക്കിനിടയിൽ ശെമ്മാശൻ പറഞ്ഞു.

പ്രിൻസിപ്പലായതോടെ ഉത്തരവാദിത്വങ്ങൾ ഏറിക്കഴിഞ്ഞു. അതിനാൽ ഒരു സഹായകൻ അത്യാവശ്യമായിവന്നു. ആരെ നിയോഗിക്കണമെന്നാലോചിച്ചപ്പോൾ ആദ്യം മനസ്സിൽ വന്നത് മാവേലിക്കരയിലുള്ള തന്റെ ഒരു ബന്ധുവിന്റെ കാര്യമാണ്. കിളിലേത്തുവീട്ടിലെ ചാക്കോച്ചൻ. തിരുവല്ലായിൽ നെല്ലുകുത്തു സ്ഥാപനം നടത്തുകയായിരുന്നു. എങ്കിലും വിളിച്ചപ്പോൾ അതെല്ലാം ഉപേക്ഷിച്ച് കൂടെപ്പോന്നു. പിതൃസഹോദരന്റെ കൊച്ചുമകനായതുകൊണ്ട് മാത്രമല്ല, അയാൾക്കു തന്നോട് അത്രയും അടുപ്പമുണ്ടായിരുന്നു. തന്നേക്കാൾ അഞ്ചാറു വയസ്സിന് ഇളപ്പമാണെങ്കിലും അതിൽക്കവിഞ്ഞ പാകതയുണ്ട്. അതിനാൽ മാനേജർ സ്ഥാനം അദ്ദേഹത്തിന് ഒട്ടും അധികമല്ല.

പുസ്തകങ്ങൾ അടുക്കി ഷെൽഫിൽ വയ്ക്കുന്നതിനിടയിൽ ചാക്കോച്ചൻ തമാശയായി പറഞ്ഞു.



malankaralibrary.com

"മാനേജരുടെ ജോലികളെന്തെന്നുകൂടി അറിഞ്ഞാലെ സ്വീകാര്യമാണോ അല്ലയോ എന്നു പറയാനാവൂ"

"ഒന്നാമതായി, നാലു മണിക്കൂറിൽ അധികം എന്നെ ഉറങ്ങാൻ അനുവദിക്കരുത്"

"അപ്പോൾ ഇരുപതു മണിക്കൂർ അദ്ധ്വാനമോ! അങ്ങനെ ജോലി ചെയ്യുന്ന ആളിനെ ഉറങ്ങാനും അനുവദിക്കരുതെന്നു പറഞ്ഞാൽ.... എനിക്കീ മാനേജരുദ്യോഗം വേണ്ടാ ശെമ്മാശാ"

"ഇതു കളിയല്ല ചാക്കോച്ചാ. വളരെ ഉത്തരവാദിത്വമുള്ള ജോലിയാണ് എന്റേത്. എം.ഡി. ഹൈസ്ക്കൂളിനെ ഒന്നുടച്ചു വാർക്കണം. അതിനുമുമ്പേ മാറ്റങ്ങളുണ്ടാകേണ്ടത് എന്നിലാണ്. ഇരുപതുമണിക്കൂർ പോലും ജോലിക്കു തികയില്ല. പഴയസെമിനാരി കാര്യത്തിലും സമുദായത്തിന്റെ പൊതുകാര്യത്തിലും മറ്റും ഇടപെടേണ്ടതുണ്ടല്ലോ. അതുകൊണ്ടാണു പറഞ്ഞത് എത്ര താമസിച്ച് ഉറങ്ങാൻ കിടന്നാലും നാലുമണിക്കൂറിൽ കൂടുതൽ ഉറങ്ങാൻ അനുവദിക്കരുതെന്ന്".

"ശ്ശരി". കാര്യഗൗരവം ഗ്രഹിച്ചുള്ള മറുപടി.

ശെമ്മാശൻ മേശപ്പുറത്തെന്തോ തെരയുകയാണ്. വളരെ അത്യാവശ്യമുള്ളതെന്തോ പോലെ. ചാക്കോച്ചൻ കാര്യം തെരക്കി.

"ഞാനെപ്പോഴും വായിക്കാറുള്ള ഒരു പുസ്തകം കാണുന്നില്ല. 'ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ്' എന്ന ഇംഗ്ലീഷ് പുസ്തകമാണ്. ഷെൽഫിലുണ്ടോ എന്നു നോക്കുക".

ഉറക്കമുണർന്നാലുടൻ കാൽമണിക്കൂർ അതു വായിക്കുക ശെമ്മാശന്റെ നിഷ്ഠയാണ്. അതു കഴിഞ്ഞേ നമസ്കാരവും പ്രാർത്ഥനയുമുള്ളൂ. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ മാതൃകാ വിദ്യാർത്ഥിക്കുള്ള സമ്മാനമായി കിട്ടിയതാണ്. കത്തോലിക്കനായ തോമസ് അക്കമ്പിസ് രചിച്ച വിഖ്യാത കൃതിയാണ്. ലോകത്ത് വേദപുസ്തകം കഴിഞ്ഞാൽ ഏറ്റവുമധികം വിറ്റഴിക്കപ്പെട്ട പുസ്തകം. മനുഷ്യന്റെ എല്ലാ ഭൗമവാസനകളേയും നശിപ്പിച്ച് ദൈവതേജസ്സിലേക്ക് ഉയരാനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണിതിൽ. എത്ര വായിച്ചാലും വീണ്ടും വായിക്കാൻ പ്രേരണ നൽകുന്ന പുസ്തകം.

"ഇതാണോന്നു നോക്കിക്കേ". ഷെൽഫിൽ നിന്നും ചുവന്ന പുറംചട്ടയുള്ള അധികം വലുപ്പമില്ലാത്ത പുസ്തകം ചാക്കോച്ചൻ എടുത്തു കാണിച്ചു.

"അതെ, അതെപ്പോഴും ഈ മേശമേൽത്തന്നെ ഇരിക്കട്ടെ"

എം.ഡി. ഹൈസ്ക്കൂളിനെപ്പറ്റി ഉള്ളിൽ താലോലിക്കുന്ന ഒരു മോഹ



malankaralibrary.com

മുണ്ട്. ഇന്നതിന് അരിഷ്ടതകൾ പലതുണ്ടെങ്കിലും സർക്കാർ തരുന്ന ആനുകൂല്യം തെകയുന്നില്ല. അതിനു പോംവഴി കാണണം. പഠന നില വാരം മെച്ചപ്പെടണം. അറിവുനേടുക മാത്രമല്ല, സൽസ്വഭാവ പോഷണ വുമാണ് വിദ്യാഭ്യാസ ലക്ഷ്യമെന്ന് കുട്ടികൾക്ക് ബോദ്ധ്യപ്പെടണം. ഇങ്ങനെ പലതും ചെയ്യുവാനുണ്ട്.

സമുദായക്കാര്യങ്ങൾക്കും സ്കൂൾ ഇടപെടലുകൾക്കും ധാരാളം യാത്ര ചെയ്യേണ്ടി വരുന്നു. സ്വന്തമായി വാഹനം അത്യാവശ്യമാകുമെന്ന് പലരും നേരത്തേ നിർദ്ദേശിച്ചെങ്കിലും അത്ര ഗൗനിച്ചില്ല. ഇനിയും അതൊന്നു വാങ്ങുക തന്നെ. നാലു ചക്രമുള്ള ചന്തമുള്ള ഒരു കുതിര വണ്ടി ഒത്തുകിട്ടി. ഓട്ടുമണിക്കുല കുതിരയുടെ കഴുത്തിൽ ഞാന്നു കിട ന്നു. ഓടുമ്പോൾ അതിന്റെ ത്ധിൽ ത്ധിൽ നാദം. ആരും പിന്തിരിഞ്ഞു വഴിമാറി നിന്നുപോകും. ക്രമേണ അതു കോട്ടയം നഗരത്തിനു പരിചി തമായിക്കഴിഞ്ഞു. ഒച്ചകേൾക്കുമ്പോഴേ ആകാംക്ഷയോടെ ആളുകൾ പറയും.

"അതാ, പ്രിൻസിപ്പൽ ശെമ്മാശൻ വരുന്നു".

വെട്ടിത്തിളങ്ങുന്ന ഒന്നാന്തരം വെള്ളക്കുപ്പായം അണിഞ്ഞ് ഗൗരവ ത്തോടെ പിന്നിൽ നിവർന്നിരുന്നു സഞ്ചരിക്കുന്ന ശെമ്മാശനെ ആളു കൾ ആദരവോടെ നോക്കിനിന്നു.

കുതിരവണ്ടി മൂലം സൗകര്യമായത് സ്കൂളിലെ കുട്ടികൾക്കായിരു ന്നെന്നു പറയാം. വരുന്ന ഒച്ച കേൾക്കുമ്പോഴേ അവർക്കു നല്ലപിള്ള ചമ ഞ്ഞിരിക്കാമല്ലോ.

പക്ഷേ മുഖം നോക്കി മനസ്സിലിരിപ്പ് ചൂഴ്ന്നെടുക്കുന്ന ശെമ്മാശന്റെ മുമ്പിൽ അവർ രക്ഷപ്പെടുകയോ! ഹൃദയംവരെ ആഴ്ന്നിറങ്ങുന്ന ആ നോട്ട മുണ്ടല്ലോ, അതുമതി കുറ്റക്കാരുടെ മനോനില പുറത്തു ചാടാൻ.

സ്കൂൾപരിസരത്തു വണ്ടി വന്നു നിന്നാലുടൻ പ്രത്യേക വേഷധാ രിയായ ശിപായി ഓടിയെത്തും. ഡീക്കൻ പി.റ്റി. ഗീവറുഗീസ് എം.എ. എന്ന് വെളുത്ത അക്ഷരത്തിലെഴുതിയ കറുത്ത ബാഗ് വണ്ടിയിൽ നിന്നെ ടുത്ത് പ്രിൻസിപ്പലിനു മുന്നിലായി അയാൾ ഓഫീസിലേക്കു നടക്കും. അഭിമാനപൂർവ്വമുള്ള ശിപായിയുടെ ആ നടപ്പും ഇടംവലം നോക്കാതെ യുള്ള പ്രിൻസിപ്പൽ ശെമ്മാശന്റെ വരവുമൊക്കെ കാണാൻ എല്ലാവർക്കും കൗതുകമാണ്.

സ്കൂളിൽ വന്നാലുടൻ എല്ലാ ക്ലാസുകളിലും ശെമ്മാശൻ കയറിയി റങ്ങും. കൂട്ടിനു ചൂരൽ വടിയും കാണും. ഓരോ വിദ്യാർത്ഥിയുടെയും പേരും ഗൃഹചരിതവും ഉള്ളിൽ സൂക്ഷിച്ചു കൊണ്ടാവും വരവ്. പഠിപ്പി



malankaralibrary.com

ക്കുകയും ചെയ്യും, ഇരുന്നുകൊണ്ട്. അതിനായി, പ്രിൻസിപ്പൽ വരുന്നതിനു മുമ്പേ ശിപായി കസേര അതാതു മുറിയിലെത്തിക്കും. ഓരോ ക്ലാസു തീരുമ്പോഴേക്കും കസേര അടുത്ത ക്ലാസിലേക്കു ഇളക്കി പ്രതിഷ്ഠിക്കും.

ബുദ്ധിയിൽ പിന്നോക്കമായവരോടു പ്രത്യേക സ്നേഹമായിരുന്നു. അവരെ തെരഞ്ഞുപിടിച്ച് കൂടുതൽ സമയം കൊടുത്ത് പഠിപ്പിച്ച് മറ്റുള്ളവർക്കൊപ്പമാക്കി. എന്നാൽ മനഃപൂർവ്വം പഠിക്കാത്തവരുണ്ട്. ശണ്ഠക്കാരുണ്ട്. അവർക്കു പക്ഷേ, മാപ്പില്ല. ചൂരൽ സമ്മാനം കൈവെള്ളയിൽ വച്ചുകൊടുക്കും. പിന്നീടവരെ പ്രത്യേകം നിരീക്ഷിക്കും. ബാലശിക്ഷയുടെ പ്രയോജനം കാണുംവരെ. എന്നിട്ടും പശ്ചാത്തപിക്കാൻ കൂട്ടാക്കാത്ത ഒരു ശല്യക്കാരനുണ്ടായിരുന്നു. മുതിർന്ന ക്ലാസിലാണ്. മറ്റു കുട്ടികളെക്കൂടി അവൻ വഴിതെറ്റിച്ചുകൊണ്ടിരുന്നു. എല്ലാ സാഹചര്യവും ഉണ്ടായിട്ടും പഠിക്കാൻ കൂട്ടാക്കാത്തവൻ. അദ്ധ്യാപകരെല്ലാം അവനെക്കൊണ്ടു പൊറുതിമുട്ടി. എന്നാൽ പ്രിൻസിപ്പാളിന്റെ കണ്ണുവെട്ടിക്കാൻ അവനു കഴിഞ്ഞില്ല. കൈവെള്ളയിൽ പലതവണ അടിച്ചു. തൊലി പൊട്ടി ചോര പൊടിച്ചു. ഉച്ചത്തിലവൻ പ്രിൻസിപ്പലിന്റെ നേർക്കു കയർത്തു.

"ഇതിനെതിരെ ഞാൻ ക്രിമിനൽ കേസുകൊടുക്കും"

പിറ്റേന്നവന്റെ അപ്പൻ ശെമ്മാശനെ വന്നുകണ്ടു പറഞ്ഞു.

"ന്റെ ചെക്കനുവേണ്ടി ഞാൻ മാപ്പു ചോദിക്കുന്നു. മേലിൽ ഇതാവർത്തിക്കത്തില്ല".

"അവനെവിടെ"

മുറിയുടെ പുറത്തുനിന്ന അവൻ പതുക്കെ കയറി വന്നു.

ശെമ്മാശൻ അവന്റെ കൈത്തലം തടവി വാത്സല്യത്തോടെ ചോദിച്ചു.

"ഇപ്പോൾ വേദനയുണ്ടോ? "

"ഇല്ല".

"എന്നാൽ നീ എന്റെ മനസ്സിലേല്പിച്ച മുറിവിന്റെ വേദന എനിക്കിനിയും ശമിച്ചിട്ടില്ല. നീ നല്ല കുട്ടിയാകുവോളം എന്റെ ഉള്ളിൽ ചോര പൊടിഞ്ഞുകൊണ്ടിരിക്കും."

കോപാഗ്നി എരിഞ്ഞുനിന്ന അവന്റെ മുഖം ക്ഷണത്തിൽ തണുത്തു. പശ്ചാത്താപത്തോടെ അവൻ വാക്കുകൊടുത്തു.

"മേലിൽ ഞാൻ അങ്ങയെ വേദനിപ്പിക്കില്ല".

ഉത്തരവാദിത്വമുള്ള കുട്ടികളോട് ശെമ്മാശന് വലിയ പ്രതിപത്തി



malankaralibrary.com

തന്നെയായിരുന്നു. അതുകൊണ്ടാണ് ഒളശ്ശയിൽ കളപ്പുരയ്ക്കൽ യാക്കോബിനെ അധികം സ്നേഹിച്ചത്. വീട്ടിലെ മൂത്തപുത്രനാണ്. അപ്പൻ മരിച്ചുപോയി. അവന്റെ അമ്മാച്ചൻ ഈ സ്കൂളിലെ ഒരദ്ധ്യാപകനാണ്. എൻ. ഐ. പോത്തൻ. യാക്കൂബിനോട് അടുക്കാൻ പ്രധാനപ്പെട്ട ഒരു കാരണമുണ്ടായിരുന്നു. ചെറുപ്പം മുതൽക്കേ യാക്കൂബിന്റെ ലക്ഷ്യം വൈദികനാകുക എന്നതായിരുന്നു. പക്ഷേ അമ്മ സമ്മതിക്കുന്നില്ല. അവസാനം അവൻ തന്നോടു സങ്കടം പറഞ്ഞു. അതറിഞ്ഞ ഉടൻ സൈക്കിളിൽ ഒളശ്ശയിലേക്കു പോയി. എന്തായാലും അമ്മയിൽനിന്നു സമ്മതം വാങ്ങിച്ചുകൊണ്ടാണു മടങ്ങി വന്നത്. അതറിഞ്ഞ യാക്കൂബ് അന്നുമുതൽ ഒരു നിഴൽപോലെ പിന്തുടരുകയാണ്.

പ്രിൻസിപ്പൽ എന്ന നിലയിൽ ഖ്യാതി വളരുകയാണ്. എവിടെയും അനുമോദനയോഗങ്ങൾ. അതിലേറ്റം ഗംഭീരം നിരണം പള്ളിയിൽവച്ചുള്ളത്. അവിടെനിന്നു സമ്മാനിക്കപ്പെട്ടത് സ്വർണ്ണഘടികാരം. കണ്ടത്തിൽ കുടുംബവക മനോരമ പത്രത്തിൽ പിറ്റേന്ന് അതിന്റെ വിശദവിവരങ്ങൾ. അതേ കുടുംബക്കാരനായ കെ.സി. മാമ്മൻ മാപ്പിള ഹെഡ്മാസ്റ്റർ സ്ഥാനം രാജിവച്ച് പിരിഞ്ഞുപോയിരുന്നു. മറ്റെന്തോ കാരണത്താൽ സെക്രട്ടറി സ്ഥാനം ഉപേക്ഷിച്ച് ഇ.എം. ഫിലിപ്പും പിരിഞ്ഞു. വട്ടശ്ശേരിൽ മല്പാന്റെ കത്തിടപാടുകളിൽ സഹായിക്കുകയും സ്കൂളിന്റെ പണമിടപാടുമായിരുന്നല്ലോ ഫിലിപ്പിന്. എന്തിനു പിരിയുന്നു എന്ന് ആരോ ചോദിച്ചപ്പോൾ ഫിലിപ്പ് പറഞ്ഞുവത്രേ.

"പ്രിൻസിപ്പലും മാനേജരും സെക്രട്ടറിയുമെല്ലാമായി ഒരാൾ മതിയല്ലോ ഇനി. ഇപ്പോഴേ തടി തപ്പുന്നതാ ബുദ്ധി".

എന്തായാലും പകരമൊരു സെക്രട്ടറി ഉണ്ടായാലേ പറ്റൂ. അങ്ങനെ കെ.വി. ചാക്കോ നിയമിതനായി. പ്രിൻസിപ്പലുമായി നല്ല യോജിപ്പുള്ള വ്യക്തി. മദ്രാസിൽ വച്ചുതന്നെ തനിക്കു പ്രിയംകരനായ വ്യക്തി.

നിരണത്തുനിന്നും ശെമ്മാശൻ കോട്ടയം പഴയ സെമിനാരിയിൽച്ചെന്നു. വലിയ തിരുമേനി അവശനായി വശംചെരിഞ്ഞു കിടക്കുന്നു. ചുമലിലൊരു വലിയ വ്രണം. എന്തു ചെയ്തിട്ടും കരിയുന്നില്ല. വേദനയ്ക്കിടയിലും ശെമ്മാശനോട് വളരെ മൃദുലസ്വരത്തിൽ തിരുമേനി പറഞ്ഞു.

"എന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു. മെത്രാപ്പോലീത്താ ജീവിച്ചിരിക്കേ അനന്തരാവകാശിയെ വാഴിക്കുന്ന പാരമ്പര്യം നമുക്കില്ല. എങ്കിലും അന്ത്യോഖ്യയിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. വട്ടശ്ശേരിലിനെ മലങ്കരയുടെ അടുത്ത മെത്രാപ്പോലീത്തയാക്കണമെന്നാണ് അപേക്ഷിച്ചത്. ഇന്നു മറുപടി വന്നു 'അനുവദിച്ചിരിക്കുന്നു' എന്ന്".



malankaralibrary.com

റമ്പാൻസ്ഥാനം നൽകി നിർത്തിയിട്ടുള്ളവർ രണ്ടുപേരേയുള്ളൂ. അതിൽ കൂറിലോസ് റമ്പാനെക്കാൾ യോഗ്യൻ വട്ടശ്ശേരിൽ തന്നെയാണെന്ന് ആർക്കാണ് അറിയാത്തത്. എന്നാൽ ചിലരു പറയുമായിരിക്കും രൂപപരമായ ചില വൈകല്യങ്ങൾമൂലം വട്ടശ്ശേരിൽ റമ്പാൻ യോഗ്യനല്ലെന്ന്. എന്നാൽ ഇത്തരം വൈകല്യങ്ങൾ മെത്രാഭിഷേകത്തിനു തടസ്സമാവില്ലെന്ന് സഭാനിയമാവലിയിലുണ്ടല്ലോ.

ശെമ്മാശന് വലിയ സന്തോഷമായി. തിടുക്കത്തിൽ റമ്പാന്റെ പക്കലെത്തി. അദ്ദേഹം ചിന്തയിൽ മുഴുകി ചാരുകസേരയിൽ കിടക്കുന്നു. ശിരസ്സിൽ മസനപ്സാ, അയഞ്ഞ കറുത്ത കുപ്പായം. മല്പാനിൽനിന്നും റമ്പാനിലേക്കുള്ള വളർച്ച. എങ്കിലും പെരുമാറ്റത്തിൽ യാതൊരു മാറ്റവുമില്ല. അൻപതു വയസ്സേ ഉള്ളെങ്കിലും മീശ മിക്കവാറും നരച്ചിരിക്കുന്നു.

"വിവരങ്ങളൊക്കെ വലിയ തിരുമേനിയിൽനിന്നറിഞ്ഞു. എന്റെ ആശംസകൾ" ശെമ്മാശൻ പറഞ്ഞു.

"എല്ലാം തമ്പുരാന്റെ നിശ്ചയം. എങ്കിലും ഒന്നു ഞാൻ പ്രാർത്ഥിച്ചിരുന്നു; പണിക്കരു ശെമ്മാശന്റെ വൈദികാഭിഷേകം ഈ കൈകൊണ്ടു നടത്താൻ എനിക്കിടയാകണമേ എന്ന്".

"ഓർശ്ലേമിലേക്ക് എന്നാണു പോകേണ്ടത്?"

" ഉടൻ ചെല്ലാനാണ് അബ്ദുള്ളാ പാത്രിയർക്കീസ് ബാവയുടെ കല്പന. അടുത്തയാഴ്ച പോവുകയാണ്. കൂടെ കൂറിലോസ് റമ്പാനും ഉണ്ടാകും. യാത്രാക്രമീകരണങ്ങളൊക്കെ ശെമ്മാശൻ തന്നെ ചെയ്തു തരണം."

"അക്കാര്യം ശരിയാക്കിക്കൊള്ളാം. എങ്കിലും ചോദിക്കട്ടെ; നമ്മുടെ സഭ പാരമ്പര്യമായി ഉൾഭരണ സ്വാതന്ത്ര്യമുള്ള പ്രാദേശിക സഭയല്ലേ? എന്നിട്ടും എന്തുകൊണ്ടാണ് മെത്രാഭിഷേകത്തിനായി ഇത്രയേറെ പണം ചെലവാക്കി ഓർശ്ലേമിൽ പോകേണ്ടിവരുന്നത്"

ഇതുകേട്ട് വട്ടശ്ശേരിൽ റമ്പാൻ തെല്ലു വിസ്മയത്തോടെ പറഞ്ഞു.

"ശെമ്മാശന്റെ ചിന്തകൾ ഇവിടെങ്ങും ഒതുങ്ങുന്നില്ലല്ലോ. ഇത്ര ഉയരങ്ങളിലേക്കൊന്നും നമ്മൾ ചിന്തിക്കേണ്ടാ. അതുകൊണ്ടൊരു നേട്ടവുമില്ല. അതാണനുഭവം."

"എന്തനുഭവം"

'മലങ്കരയുടെ യാതൊരു ഭൗതിക കാര്യങ്ങളിലും അന്ത്യോഖ്യ ഇടപെടുന്നില്ല. എങ്കിലും ആത്മീയ കാര്യങ്ങളിൽ അതല്ലല്ലോ സ്ഥിതി. ആത്മീയ അധികാരം കൂടി മലങ്കര സഭയ്ക്ക് വിട്ടുതരണമെന്ന് അബ്ദദ്



malankaralibrary.com

മിശിഹാ പാത്രിയർക്കീസിനോട് നമ്മൾ നേരത്തെ ആവശ്യപ്പെട്ടിരുന്നതാണ്. പക്ഷേ അതു തള്ളിക്കളയുകയാണുണ്ടായത്".

"വലിയ തിരുമേനിക്കു മുമ്പ് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന മാർ അത്തനാസ്യോസു മുതലല്ലേ ഈ പരാശ്രയം നമുക്കുണ്ടായത്. അതിനുമുമ്പ് മലങ്കര മെത്രാപ്പോലീത്താമാർ തന്നെയായിരുന്നല്ലോ പിൻഗാമികളെ വാഴിച്ചിരുന്നത്. ഇനിയും അതുപോലെ ഇവിടെത്തന്നെ മെത്രാന്മാരെ വാഴിച്ചു കാണാൻ എന്നെങ്കിലും സാധിക്കുമോ എന്തോ?"

"എന്തിനാ ശെമ്മാശാ ഈ നടക്കാത്ത കാര്യങ്ങൾ ചിന്തിക്കുന്നത്? ഞാനിപ്പോൾ ചിന്തിക്കുന്നത് മറ്റൊന്നാണ്. ഓർശ്ലേമിലെത്തുമ്പോൾ അബ്ദുള്ളാ പാത്രിയർക്കീസ് ബാവായ്ക്ക് എന്തു സമ്മാനം കാഴ്ച വയ്ക്കുമെന്നാണ്."

"അതു ശരിയാണ്. ബാവായ്ക്കിത്തരം സമ്മാനങ്ങളിൽ വലിയ കമ്പമാണെന്നും കേട്ടിട്ടുണ്ട്."

വാസ്തവത്തിൽ അബ്ദുള്ളാ ബാവായല്ലല്ലോ യഥാർത്ഥ പാത്രിയർക്കീസ്; അബ്ദദ് മിശിഹാ ബാവായല്ലേ. സഭാകാനൻ പ്രകാരം രണ്ടു പാത്രിയർക്കീസന്മാർ ഒരേസമയം തെരഞ്ഞെടുക്കപ്പെട്ടാൽ ഒന്നാമൻ ഭരിക്കണം; രണ്ടാമൻ സ്വസ്ഥനായിരിക്കണം എന്നാണല്ലോ. ഇവിടെ ആദ്യം വാഴിക്കപ്പെട്ട ആൾ അബ്ദദ് മിശിഹാ പാത്രിയർക്കീസ് ബാവായാണല്ലോ. അപ്പോൾ യഥാർത്ഥ പാത്രിയർക്കീസായ അദ്ദേഹത്തിൽനിന്നും മെത്രാനാകുന്നതല്ലേ നല്ലത്".

ഒരേ സമയം രണ്ടു പാത്രിയർക്കീസന്മാർ, ഓരോരുത്തരും താനാണ് യഥാർത്ഥ പാത്രിയർക്കീസ് എന്നു വാദിക്കുന്നു. എന്നാൽ മർദ്ദീനിൽ യാതൊരധികാരവും കൊടുക്കാതെ തള്ളപ്പെട്ടു കഴിയുന്ന അബ്ദദ് മിശിഹായാണ് യഥാർത്ഥ പാത്രിയർക്കീസെന്ന് ആർക്കാണറിഞ്ഞു കൂടാത്തത്. അബ്ദള്ളാ ബാവായെക്കാൾ മുമ്പ് പാത്രിയർക്കീസായി ഇരുന്നതും അദ്ദേഹം തന്നെയായിരുന്നല്ലോ. എന്നാൽ അവിടെ ഭരിക്കുന്ന മുസ്ലീം രാജാവിന് അഞ്ഞൂറു പവൻ കൈക്കൂലി കൊടുത്ത് രാജാവിനെ അബ്ദള്ളാ ബാവാ വശപ്പെടുത്തി. അബ്ദദ് മിശിഹായെ പാത്രിയർക്കീസ് സ്ഥാനത്തുനിന്ന് തള്ളി, പകരം തന്നെ നിയമിക്കുന്നതിനായിരുന്നു കൈക്കൂലി. അതു സംഭവിക്കുകയും ചെയ്തു.

ശെമ്മാശന്റെ വാദം കേട്ട് റമ്പാൻ കുഴങ്ങി.

"ശരി തന്നെ. പക്ഷേ, അബ്ദദ് മിശിഹായുടെ വാസസ്ഥാനം മർദ്ദീനാണ്. ഓർശ്ലേമിൽനിന്നും അനേകദിവസങ്ങളുടെ യാത്രയുണ്ട് അവിടേക്ക്. അവിടേക്കുള്ള വഴി വളരെ അപകടകരവുമാണെന്നാണ് പറഞ്ഞു



malankaralibrary.com

കേൾക്കുന്നത്. കൊള്ളക്കാരുടെ ആക്രമണം സാധാരണമാണത്രേ. മാത്രമല്ല, തുർക്കി സുൽത്താന്റെ അനിഷ്ടത്തിൽ തള്ളപ്പെട്ടുകഴിയുന്ന അദ്ദേഹത്തിൽനിന്നും സ്ഥാനമേൽക്കാൻ മുസ്ലീങ്ങൾ എതിർക്കുകയും ചെയ്തേക്കാം. ക്രമീകരണങ്ങളെല്ലാം അബ്ദുള്ളാബാവാ ചെയ്തിട്ടുമുണ്ട്. മാത്രമല്ല, ഇവിടെ പലർക്കും അബ്ദുള്ളായോടാണു ചായ്വ്. ഏതു വിധേനയും അബ്ദദ് മിശിഹായിൽനിന്നും സ്ഥാനമേറ്റ് എത്തിയാൽതന്നെ അവർ എന്നെ വക വച്ചു തരുമോ?"

"എങ്കിൽ ബാവായ്ക്കുള്ള സമ്മാനത്തെപ്പറ്റി നമുക്കിനി ചിന്തിക്കാം. വലിയ തിരുമേനിയുടെ മുറിയിൽ സമ്മാനം കിട്ടിയ വകയിൽ ധാരാളം അംശവടികളുണ്ടല്ലോ. വെള്ളിയിൽ തീർത്ത ഇരട്ടപ്പത്തിയുള്ള മനോഹരമായ അംശവടി അവിടുണ്ട്. അതു കൊടുത്താലോ".

"ശെമ്മാശന്റെ ഇഷ്ടംപോലെ. പിന്നെ മറ്റൊരു പ്രധാന കാര്യം കൂടി അബ്ദുള്ളാബാവാ എഴുതിയിട്ടുണ്ട്. അദ്ദേഹവും കൂട്ടരും താമസിയാതെ മലങ്കരയിലേക്ക് എഴുന്നെള്ളുന്നുണ്ടെന്ന്. തീയതി പിന്നാലെ അറിയിക്കുമെന്നും."

സഭയുടെ പരമാദ്ധ്യക്ഷൻ മലങ്കര സന്ദർശനത്തിനെത്തുന്നു! ഇന്നോളമുള്ള സഭാചരിത്രത്തിൽ നാലാമതൊരു പാത്രിയർക്കീസു കൂടി മലങ്കരയിലെത്തുന്നു! ആഹ്ലാദിക്കേണ്ട നിമിഷമാണ്. പക്ഷേ മനസ്സിൽ ആഹ്ളാദമല്ല; ആശങ്കകളുടെ പുകയാണ് നിറയുന്നത്.

ചരിത്രാനുഭവങ്ങളുടെ മുൾവഴികളിലൂടെ ചിന്തകളെ ആനയിച്ചുകൊണ്ട് ശെമ്മാശൻ പ്രതിമപോലെ നിന്നുപോയി.

✠



malankaralibrary.com



# 7

# അവശരുടെ പക്ഷവാദി

ചുവന്ന കുപ്പായം. മുഴുവൻ നരച്ച താടിമീശ. മദ്ധ്യവയസ്കനെങ്കിലും അതിലേറെ പ്രായം തോന്നും. വ്യത്യസ്ത ധ്രുവങ്ങളിലേക്കു തെറിച്ചു പായുന്ന കരിങ്കുതിരകളെപ്പോലെ കണ്ണുകൾ. നോട്ടത്തിലോ ഭാവത്തിലോ യാതൊരു മയവുമില്ല. താൻ പാതി ദൈവം പാതി എന്ന മട്ടിൽ സഗൗരവം എഴുന്നെള്ളിയിരിക്കുന്നു. വലതു കൈയുടെ വിറയൽ അപ്പോഴുമുണ്ട്. ശിരോവസ്ത്രവും അതിനു മുകളിലെ കുംഭത്തൊപ്പിയും വളഞ്ഞപിടിയുള്ള നടക്കമ്പും കൂടിയായപ്പോൾ മൊത്തത്തിൽ ഒരു പ്രത്യേകത ഇല്ലെന്നു പറയാതെ വയ്യ. മലങ്കരയിലെ ഏഴിടവകകളുടേയും അധിപനായി അദ്ദേഹം വാഴിക്കപ്പെട്ടിരിക്കുന്നു; വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത എന്ന പേരിൽ.

ശീമയിൽനിന്നും മെത്രാപ്പോലീത്തായ്ക്കൊപ്പം രണ്ടു മെത്രാന്മാർ കൂടി എത്തിയിട്ടുണ്ട്. ഇരുവരും നവാഭിഷിക്തർ തന്നെ. ഒന്ന് മാർ കൂറിലോസാണ്. മറ്റേത് ആരെന്ന് ഒറ്റനോട്ടത്തിൽ അറിയാൻ കഴിഞ്ഞില്ല. ശെമ്മാശൻ അടുത്തെത്തിയപ്പോഴാണു ആളെ തിരിച്ചറിഞ്ഞത്. പഴയ



malankaralibrary.com

സ്ലീബാ ശെമ്മാശൻ; മാർ ഓസ്താത്തിയോസ് ആയി മടങ്ങിയെത്തിയിരിക്കുന്നു.

ശെമ്മാശനെ കണ്ട് മാർ ഓസ്താത്തിയോസ് ചിരിച്ചു. സുറിയാനി മാത്രം നന്നായി അറിയാവുന്ന അദ്ദേഹത്തിന് മലയാളവും അല്പം അറിയാം. അത്ര ദീർഘനാൾ മലങ്കരയിലായിരുന്നല്ലോ. നാവിൽ വഴങ്ങാത്ത മലയാളത്തിൽ അദ്ദേഹം പറഞ്ഞു.

"പണിക്കർ... ശെമ്മാച്ചൻ..എം.എ. ആയി, അല്ലേ. മാർ ദിവന്നാസ്യോസ് പറഞ്ഞു. കൊള്ളാം കൊള്ളാം".

മലങ്കര മെത്രാപ്പോലീത്തായ്ക്ക് വരവേൽപ്പു നൽകുകയാണ്. കോട്ടയത്ത് ജനം നിറഞ്ഞു. എല്ലാച്ചുമതലകളും എം.എ. ശെമ്മാശന്. മെത്രാപ്പോലീത്തായെ ശെമ്മാശൻ വേദിയിലേക്ക് ആനയിച്ചു. അനുമോദനപ്രസംഗത്തിനായി എഴുന്നേറ്റതു കോനാട്ടു മാത്തൻ മല്പാൻ. മലങ്കര സഭയിൽ മല്പാൻ പദവി നേടിയ രണ്ടാളുകളേയുള്ളൂ. അതിലൊരാൾ ഇപ്പോൾ മലങ്കര സഭാധിപനായിരിക്കുന്നു. ഇനിയുള്ള ഏക മല്പാൻ കോനാട്ടു മല്പാനാണ്. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ എക്കാലത്തേയും ശക്തനായ പ്രതിയോഗി, വിഖ്യാതനായ സുറിയാനി അദ്ധ്യാപകൻ. സമപ്രായക്കാരും.

ജനം വീർപ്പടക്കിയിരിക്കുന്നു. എന്താവും കോനാട്ടു മല്പാൻ പറയുക. മാർ ഒസ്താത്തിയോസ് സന്തോഷപൂർവ്വം കോനാട്ടിനെ നോക്കി ഇരിക്കുകയാണ്. മെത്രാപ്പോലീത്തായ്ക്കെതിരെ മുനവച്ചു നാലു വാക്കുകൾ കേൾക്കാമെന്ന പ്രതീക്ഷയോടെ.

കോനാട്ടു പ്രസംഗം തുടങ്ങി. ശരിക്കും മെത്രാപ്പോലീത്തയെ പ്രശംസിച്ചുതന്നെ. വാക്കുകളുടെ പൂമാല അണിയിക്കുമ്പോഴും മൽപാന്റെ യഥാർത്ഥ മനോനില അറിയാവുന്ന ശെമ്മാശൻ നിർവ്വികാരനായി നിന്നതേയുള്ളൂ.

വേദിയിൽ കണ്ടനാട് ഇടവകാധിപൻ മാർ യുവാക്കീം ഈവാനിയോസുമുണ്ട്. അദ്ദേഹത്തിന്റെ ധർമ്മം ഒരു സമ്മാന ദാനമാണ്. മറ്റാർക്കുമല്ല; സഭാസമ്പത്തായ എം.എ. ശെമ്മാശന്. മൊത്തത്തിലുള്ള സഭാസേവനങ്ങളെ മാനിച്ചാണ്. ശെമ്മാശന്റെ പേരുമുഴങ്ങിയപ്പോൾ ജനക്കൂട്ടത്തിന്റെ ആവേശകരമായ കയ്യടി. വൃദ്ധനായ കണ്ടനാട്ടു തിരുമേനിയുടെ മുമ്പിൽച്ചെന്നു നമ്രശിരസ്സോടെ ശെമ്മാശൻ നിന്നു. നിറഞ്ഞ ഹർഷാരവങ്ങൾക്കു മുന്നിൽ വിനയാന്വിതനായ പ്രതിഭാശാലിയുടെ കുപ്പായത്തിൽ സ്വർണ്ണമെഡൽ അണിയിച്ചു. തുടർന്ന് അനുമോദന വാക്കുകളും. അതിൽനിന്നൊരു വാർത്ത ജനത്തിനു കിട്ടി. കാത്തിരുന്ന കാര്യം



malankaralibrary.com

കേട്ടപോലുള്ള തൃപ്തിയായിരുന്നു ജനത്തിന്. അവർ നിർത്താതെ കൈയ്യടിച്ചു.

"പണിക്കർ ശെമ്മാശൻ വൈദികാഭിഷിക്തനാകാൻ പോകുന്നു"

സന്തോഷവാർത്ത സമുദായം മുഴുവൻ പരന്നു.

മെത്രാപ്പോലീത്ത, ശെമ്മാശനെ വിളിച്ച് ചോദിച്ചു.

"പട്ടംകൊട എന്നുവേണമെന്നാ അഭിപ്രായം"

"തമ്പുരാന്റെ അമ്മച്ചിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ദിവസത്തിലാകണമെന്നാണ് താല്പര്യം"

കന്യാമറിയത്തോടുള്ള ശെമ്മാശന്റെ ഭക്തിപാരവശ്യം ആർക്കാണറിയാത്തത്. 'തമ്പുരാന്റെ അമ്മച്ചീ' എന്ന സംബോധനയിൽത്തന്നെ പ്രകടമാണ് ആ ഭക്തി തീക്ഷ്ണത. സഭാപഞ്ചാംഗം നോക്കി മെത്രാപ്പോലീത്താ പറഞ്ഞു.

"എങ്കിൽ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിലാവട്ടെ. പരുമല സെമിനാരിയിൽവച്ചു നടത്താം."

ശെമ്മാശൻ വലിയ തിരുമേനിയെ ചെന്നുകണ്ടു.

ഭരണനുകം പുതിയ മെത്രാപ്പോലീത്തയുടെ ചുമലിൽവച്ച് വിശ്രമിച്ചു കഴിയുകയാണദ്ദേഹം. യാത്രകൾ തീരെയില്ല. ദൈവത്തിന്റെ വിളിക്കായി കാതുകൂർപ്പിച്ച് കാത്തുകിടക്കുന്നു.

ശെമ്മാശൻ ചെല്ലുമ്പോൾ പാതിമയക്കത്തിലായിരുന്നു. പതുക്കെ വിളിച്ചു.

"തിരുമേനീ"

കണ്ണുതുറന്നു. ശെമ്മാശനെക്കണ്ട് കണ്ണുകുളിർത്തു. പതിനൊന്നു വർഷം മുമ്പ് താൻ കണ്ടെത്തിയ മാണിക്യം.

"ശെമ്മാശൻ പട്ടമേൽക്കുകയാണ്, അല്ലേ". ആത്മനിർവൃതിയുടെ വാക്കുകൾ.

"തമ്പുരാന്റെ മഹാകൃപകൊണ്ട്, അവിടുത്തെ പ്രാർത്ഥന കൊണ്ട്. "പട്ടംകൊടയ്ക്കു തിരുമേനി വരണം. അനുഗ്രഹിക്കണം"

ഇടതൂർന്നു തഴച്ച മീശ നിറഞ്ഞ ശെമ്മാശന്റെ കവിളിൽ വാത്സല്യപൂർവ്വം തട്ടിക്കൊണ്ട് തിരുമേനി പറഞ്ഞു.

"തമ്പുരാൻ എന്നെ തിരിച്ചുവിളിക്കാത്തതുതന്നെ അതിനു വേണ്ടിയല്ലേ. ദൂരമാണെങ്കിലും എനിക്കു വരണം. ഈ ശിരസ്സിൽ കൈവയ്ക്കണം".



malankaralibrary.com

സ്വർഗ്ഗാരോപണത്തിരുന്നാൾ എത്തി. ശെമ്മാശൻ, പരുമലത്തിരുമേനിയുടെ കബറിടത്തിൽ ദിവസങ്ങളോളം ഉപവസിച്ചു ധ്യാനിച്ചു. പരുമല സെമിനാരിയിൽ ജനം നിറഞ്ഞു. അസ്വസ്ഥതയെല്ലാം മറന്ന് പുലിക്കോട്ടു വലിയ തിരുമേനി വന്നു. കാർമ്മികൻ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി. സുദീർഘമായ അന്തോഖ്യൻ ശുശ്രൂഷകൾ. എം.എ. ശെമ്മാശൻ, എം.എ. അച്ചനായി അഭിഷിക്തനാവുകയായിരുന്നു.

തുടർന്ന് അനുമോദന യോഗങ്ങൾ. സ്വീകരണങ്ങൾ, സമ്മാനങ്ങൾ, മനോരമ പത്രത്തിൽ സചിത്ര വാർത്തകൾ.

സമുദായത്തിന്റെ വരവേല്പുകൾ സ്വീകരിച്ച് സഞ്ചരിക്കുമ്പോഴും എം.എ. അച്ചന്റെ മനസ്സിൽ തന്റെ വിളിയെപ്പറ്റിയുള്ള ബോധം കൂടുതൽ ശക്തമാവുകയായിരുന്നു.

പൗരോഹിത്യമെന്ന ശ്രേഷ്ഠപദവിയിലേക്ക് താൻ ഉയർത്തപ്പെട്ടിരിക്കുന്നു. സമുദായത്തിന്റെ ദൃഷ്ടികൾ മുഴുവനും തന്നിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നു. അപ്പോൾ എന്താണു തന്റെ ധർമ്മമെന്ന് ഇനി കണ്ടെത്തണം.

എം. ഡി. ഹൈസ്കൂളിന്റെ പ്രിൻസിപ്പലായി തുടരുകയോ? അതെ; ഒന്നാംകിട കോളേജാക്കി അതിനെ ഉയർത്തുംവരെ അങ്ങനെ തന്നെ. എന്നാൽ അതിലും വലിയൊരു കർമ്മപദ്ധതിക്ക് താൻ തുടക്കമിട്ടിരുന്നില്ലേ. സുവിശേഷ പ്രഘോഷണം തന്നെ. ഗീവറുഗീസ് ഉപദേശി ഒറ്റയ്ക്ക് അദ്ധ്വാനിക്കുകയാണ്. ഈ രംഗത്താണു കർമ്മനിരതനാകേണ്ടത്. പക്ഷേ മറ്റുപല കടമകൾക്കിടയിൽ കൂടുതൽ സമയം അതിനായി കണ്ടെത്താനാവുന്നില്ലല്ലോ. കൂദാശകളെപ്പറ്റിയും വേദപുസ്തക രഹസ്യങ്ങളെപ്പറ്റിയുമൊക്കെ പ്രസംഗിച്ചുകൊണ്ട് നാടാകെ നടന്നപ്പോൾ ജനങ്ങളിൽ ഉണർവ്വും ഭക്തിയും കണ്ടുതുടങ്ങിയതാണ്.

അതു കെട്ടുപോകും മുമ്പേ വീണ്ടും ഇന്ധനം നൽകണം. ഓടിനടന്നു പഠിപ്പിക്കാതെ ഓരോ സ്ഥലത്തും കുറെനാൾ താമസിച്ചു പ്രസംഗിക്കുകയാണ് വേണ്ടത്. ഇപ്പോഴാണെങ്കിൽ മദ്ധ്യവേനൽ അവധിയും.

എന്നാൽ തുടർച്ചയായ പ്രസംഗങ്ങൾമൂലം സ്വരം തീരെയില്ല. അതിനെന്താണു മാർഗ്ഗം.

തന്റെ ബാല്യകാല സുഹൃത്തും ഗുരുവായ ദാവീദാശാന്റെ മകനും സഭാതൽപ്പരനുമായ ശമുവേലിനെ കൂട്ടുപിടിച്ചാലോ. അയാൾ ഉച്ചത്തിൽ ഏറ്റുപറയും. അയാൾക്കെഴുതി. മറുപടി വന്നില്ല. പകരം അയാൾ നേരിട്ടുവന്നു; കൊച്ചച്ചന്റെ ഉപദേശിയാകാനുള്ള ആശയോടെ. അയാളോട് എം.എ. അച്ചൻ പറഞ്ഞു.



malankaralibrary.com

“പരുമല എനിക്ക് വളരെ ഇഷ്ടമുള്ള സ്ഥലമാണ്. അവിടുത്തെ ചേരികളിലേക്കാണു നമുക്കു പോകേണ്ടത്. എല്ലാ തരത്തിലും പുറംതള്ളപ്പെട്ട അധഃകൃതരാണവിടെ. നമ്മെക്കൊണ്ടാവുന്നതു ചെയ്യണം”.

പരുമല പള്ളിയുടെ ചുമതല കുറച്ചു നാളത്തേക്ക് ഏൽക്കണമെന്ന് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടിരുന്നതുമാണ്. പള്ളിയിൽ താമസിച്ചുകൊണ്ട് പിന്നോക്കക്കാരുടെ വീടുകൾ സന്ദർശിക്കുക; അവരിലൊരാളായി തീരുക.

വറുഗീസ് ഉപദേശിയെയും വരുത്തി മൂവരും പരുമലയിലെത്തി.

കുറേ നാൾ മുമ്പു സന്ദർശിച്ച ചേരികളിലെ പുലയച്ചാളകളിൽ വീണ്ടും ചെന്നു. ഇന്നും അതേ അവസ്ഥയിലാണവർ. എം.എ. അച്ചന്റെ മുമ്പിൽ അവർ വേദനകളുടെ ഭാണ്ഡം അഴിച്ചു. അവരെ അച്ചൻ ആശ്വസിപ്പിച്ചു. ക്രൈസ്തവരായ ഹരിജനങ്ങളുടെ കുടിലുകളിൽ കെട്ടുപ്രായം കടന്ന അനവധി പെൺകുട്ടികൾ. ക്രിസ്ത്യാനികൾ അവരെ വിവാഹം ചെയ്യാൻ തയ്യാറല്ല. പുലയ ക്രിസ്ത്യാനികളല്ലേ; ഹൈന്ദവരും തയ്യാറല്ല.

എന്താണിതിനു പരിഹാരം. എം.എ. അച്ചൻ സഗാഢം ചിന്തിച്ചു. പിന്നീട് ഏതാനും പുലയ യുവാക്കളെ ചെന്നു കണ്ടു. അവരെ ഉപദേശിച്ചു. അവർ അച്ചനോടൊപ്പം ഇറങ്ങിത്തിരിച്ചു. ക്രിസ്തീയാചാരപ്രകാരം വിവാഹം ചെയ്യാനും അവർ തയ്യാറായി. പക്ഷേ, ഇടവകക്കാർ ഇതറിഞ്ഞു. അവർ ഒത്തുകൂടി. അച്ചന്റെ പുലയ സംസർഗ്ഗം അവരെ അരിശപ്പെടുത്തി. അതു ഭീഷണിയായി വളർന്നു.

അദ്ദേഹം പക്ഷേ, തെല്ലും പിൻവാങ്ങിയില്ല. വിവാഹ ദിവസം തീരുമാനിച്ചു. പ്രശസ്തമായ പരുമല സെമിനാരിയിൽവച്ചു തന്നെ ചടങ്ങുകൾ നടത്തുവാനും. രഹസ്യമായി ഓരോ പുലയക്കുടിലിലും അച്ചനും സഹചരന്മാരും കയറിയിറങ്ങി. പുലയ ദമ്പതികളെ വ്യക്തിപരമായി കണ്ടുപറഞ്ഞു.

“നിങ്ങളുടെ വിവാഹം പള്ളിയിൽ വച്ചു നടത്തുവാൻ ഇടവകക്കാർ സമ്മതിക്കില്ല. അതിനാൽ പള്ളിയിലെ ആരാധന നടക്കുന്നതിന് രണ്ടു മണിക്കൂർ മുമ്പേ നിങ്ങൾ പള്ളിയിലെത്തണം. ഇടവകക്കാർ വരുന്നതിനുമുമ്പ് നിങ്ങൾക്ക് വിവാഹശുശ്രൂഷയും കഴിഞ്ഞ് മടങ്ങുകയും ആവാം”

അതു പറഞ്ഞ് അച്ചൻ ഓരോ പെൺകുട്ടിക്കും ഓരോ ചെറിയ പൊതിക്കെട്ടു കൊടുത്തു; ചരടിൽ കോർത്ത മിന്ന്. കല്ല്യാണത്തിനു വരാൻ നല്ല വസ്ത്രമില്ലാത്തവർക്കായി അതും നൽകി.

പിറ്റേന്നു വെളുപ്പിനാണ് പുലയരുടെ സമൂഹവിവാഹം.



malankaralibrary.com

പറഞ്ഞതുപോലെ സൂര്യോദയത്തിനുമുമ്പേ അവർ പള്ളിയിലെത്തി. പണിക്കരച്ചൻ വിവാഹശുശ്രൂഷകൾ നടത്തി ആശീർവദിച്ചു.

ഇടവകക്കാർ ഇതു മണത്തറിഞ്ഞു. വാർത്ത പരന്നു. നിമിഷങ്ങൾക്കകം പള്ളിമുറ്റം നിറയെ ഇടവക പ്രമാണിമാർ. അവർ കോപം കൊണ്ടു തുള്ളി.

"ആരാടാ ഞങ്ങടെ പള്ളി അശുദ്ധമാക്കിയത്" ആരോ അലറി. ഭയന്നു പള്ളിയിൽനിന്നും പുറത്തിറങ്ങിയ സാധുക്കളെ അവർ അടിച്ചവശരാക്കി. ആകെ ബഹളം. മുറ്റത്തുനിന്നും പരിഹാസങ്ങളുടെ കൂരമ്പുകൾ. ഒരുത്തൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

"എം.എ. അച്ചോ! മുണ്ടും നേര്യതും വാങ്ങിക്കൊടുത്ത് ഒരു പൊലപ്പെണ്ണിനെ മിന്നുകെട്ടി അച്ചനുമങ്ങു കൊണ്ടുപൊക്കോ". തുടർന്നു പ്രമാണിമാരുടെ കൂട്ടച്ചിരി.


പിന്നൊരു കുതിപ്പായിരുന്നു. സിംഹക്കുട്ടിയെപ്പോലെ. പടികൾ ചാടിക്കയറി സെമിനാരിയുടെ മുകളിലെത്തി. എരിയുന്ന ദൃഷ്ടികളോടെ ഓരോരുത്തരേയും നോക്കി. സകലരും നിശബ്ദരായി. താക്കീതിന്റെ ഗർജ്ജനമായിരുന്നു പിന്നെ.

"നിങ്ങളിപ്പോൾ എന്നെ പരിഹസിക്കുന്നു; അല്ലേ. നിങ്ങളെയെല്ലാം ഞാനൊരു കോർമ്പലിൽ കോർത്തില്ലെങ്കിൽ ഞാൻ വിശ്വസിക്കുന്നത് സത്യദൈവത്തിലല്ലെന്ന് ഓർത്തുകൊള്ളുക".

✠



malankaralibrary.com



# 8

# അബ്ദുള്ളാബാവായുടെ വരവ്

നിമിഷങ്ങൾ മാത്രം ബാക്കി. സമുദായ പ്രമുഖരെല്ലാം വന്നിട്ടുണ്ട്. സർവ്വരും വലിയ തിരുമേനിയുടെ കിടക്കയ്ക്കരികിൽ. ചുമലിൽ കരിയാത്ത വ്രണം. അതിന്റെ വേദനപോലും അറിയാതെ അർദ്ധബോധാവസ്ഥയിലാണ്. എം.എ. അച്ചൻ, വട്ടശ്ശേരിൽ തിരുമേനിയെ വിവരമറിയിച്ചു. പരുമല സെമിനാരിയിലെ ശെമ്മാശന്മാരെ സുറിയാനി പഠിപ്പിക്കുകയായിരുന്നു അദ്ദേഹം. വിവരമറിഞ്ഞ് ഉടൻ വന്നു. മാർ വട്ടശ്ശേരിലും എം.എ. അച്ചനും വലിയ തിരുമേനിയുടെ തൊട്ടടുത്തിരുന്നു. അച്ചന്റെ നിർദ്ദേശങ്ങൾക്ക് കാതോർത്ത് കിളിലേത്തു ചാക്കോച്ചൻ അടുത്തുണ്ട്. കോനാട്ടു മാത്തൻ മല്പാനോടു ചേർന്ന് മറ്റൊരാൾ ഇരിക്കുന്നു. പൊക്കം അല്പം കുറഞ്ഞ ഒരു സുമുഖൻ. സി.ജെ. കുര്യനാണ്. അവർ പരസ്പരം രഹസ്യമായി എന്തൊക്കെയോ സംസാരിക്കുന്നതുപോലെ. മലങ്കര മെത്രാപ്പോലീത്തായെ സഹായിക്കാനുള്ള കൂട്ടു ട്രസ്റ്റികളാണ് അവർ. അപ്പോൾ അവർക്കു പലതും ആലോചിക്കാനുണ്ടായേക്കും. ഇടയ്ക്കിടയ്ക്ക് മാർ ഒസ്താത്തിയോസും അവരോടു ചേർന്ന് ഭാഷണത്തിൽ പങ്കുപറ്റുന്നുണ്ട്. കുറച്ചു മാറി കെ.സി. മാമ്മൻ മാപ്പിളയും ഇ.എം. ഫിലിപ്പും.

കിളിലേത്തിനെ വിളിച്ച് പണിക്കരച്ചൻ നിർദ്ദേശിച്ചു.



malankaralibrary.com

'സ്കൂളിലും വിവരമറിയിക്കണം'

അറിഞ്ഞ ഉടൻ കെ.വി. ചാക്കോ വന്നു. അല്പം കഴിഞ്ഞ് പാറേട്ട് മാത്യു ശെമ്മാശന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളും.

പ്രിയ ശിഷ്യനായ പാറേട്ട് ശെമ്മാശൻ പ്രിൻസിപ്പൽ അച്ചന്റെ അടുത്തുവന്നു. മുറ്റത്തുകൂടിയ സന്ദർശകരെ കിളിലേത്ത് ക്രമമായി കടത്തിവിട്ടു. എല്ലാ കണ്ണുകളും മരണാസന്നനായ വലിയ തിരുമേനിയിൽ നാൽപ്പത്തിനാലു വർഷങ്ങൾ മലങ്കര സുറിയാനി സഭയെ സംരക്ഷിച്ച ഭരണനിപുണൻ മരണം കാത്തു കിടക്കുകയാണ്. അണയും മുമ്പ് പടുതിരിയെരിയുന്ന വിളക്കുപോലെ അന്ത്യ നിമിഷത്തിൽ ജീവൻവച്ച മുഖം. പാതി തുറന്ന നരച്ച കണ്ണുകളിൽ പല മുഖങ്ങളും പതിഞ്ഞു. വരണ്ട ചുണ്ടുകൾ ജലകണികയ്ക്കായി ദാഹിക്കുന്നതുപോലെ. പണിക്കരച്ചൻ ജലമിറ്റിച്ചു. അനുഗ്രഹവചസുകൾക്കായി ആ ചുണ്ടുകൾ വിറച്ചു. പക്ഷേ പറയാനാവുന്നില്ല. മനസ്സിലതു കുരുങ്ങിക്കിടന്നു. എന്നേക്കുമായി.

പുലിക്കോട്ടു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. വർത്തമാന പത്രങ്ങളിലെ ഒന്നാം വാർത്ത. ജനം ഒഴുകിയെത്തി.

മുന്നണിയിൽനിന്ന് എം.എ. അച്ചൻ എല്ലാകാര്യങ്ങളും ക്രമീകരിച്ചു. സമുദായപ്രമുഖരുടെ സേവനങ്ങൾ അദ്ദേഹം ഉപയോഗപ്പെടുത്തി. ശവസംസ്കാരശുശ്രൂഷ ഗംഭീരമായി നടന്നു.

പിന്നീടുള്ള ദിവസങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ശുശ്രൂഷകളും. അടിയന്തിരം മുപ്പതാം ദിനത്തിലായിരുന്നു. അന്നുതന്നെ പൂർണ്ണ അധികാരത്തോടെ പുതിയ മെത്രാപ്പോലീത്ത അവരോധിതനായി. എല്ലാ പള്ളികളിൽനിന്നും പ്രതിനിധികൾ എത്തിയിരുന്നതിനാൽ അദ്ദേഹത്തെ അനുമോദിക്കാൻ യോഗവും ചേർന്നു.

അവിടെയും മാർ ഒസ്താത്തിയോസുണ്ട്. തൊട്ടടുത്തായി കൂട്ടു ട്രസ്റ്റികളായ കോനാട്ടു മല്പാനും സി.ജെ. കുര്യനും. എവിടെയും അവർ ഒന്നിച്ചുകാണും.

വെറുതെ ഇരിക്കുകയുമല്ല. എന്തൊക്കെയോ ചില നിഗൂഢ ചർച്ചകളിലാണവർ. എന്തോ കരുതിക്കൂട്ടി തയ്യാറാക്കുംപോലെ. പുലിക്കോട്ടു തിരുമേനിയുടെ കാലശേഷം അവരുടെ കൂട്ടായ്മയ്ക്കു ശക്തി വർദ്ധിച്ചതുപോലുണ്ട്. അവർ അനുമോദനയോഗം അലങ്കോലപ്പെടുത്താനുള്ള ശ്രമമാണോ എന്നുപോലും എം.എ. അച്ചനു സംശയം തോന്നി. അല്ലെങ്കിൽ അവർ തന്നെ കാണുമ്പോൾ ഉടൻ ചർച്ചനിർത്തി 'ഒന്നുമറിഞ്ഞില്ലേ' എന്ന മട്ടിൽ പെരുമാറുന്നതെന്തുകൊണ്ട്. കോനാട്ടു മല്പാൻ അന്ന് മാർ വട്ടശ്ശേരിലിനെ പുകഴ്ത്തി പ്രസംഗിച്ചെങ്കിലും മനസ്സിൽ നിറയെ വൈരാ



malankaralibrary.com

ഗ്യമാണ്. കുര്യനെക്കൂടി ഇപ്പോൾ വശത്താക്കിയിരിക്കുന്നു. ഇരുവരും സമുദായത്തിൽ ഉന്നത സ്ഥാനീയർ. കൂട്ടു ട്രസ്റ്റികൾ. ട്രസ്റ്റിയായ മലങ്കര മെത്രാപ്പോലീത്തായ്ക്കു തൊട്ടുതാഴെയുള്ളവർ.

എം.എ. അച്ചൻ മാറിയിരുന്ന് അവരുടെ ഭാവമാറ്റം ശ്രദ്ധിക്കുന്നുണ്ട്. എം.ഡി. ഹൈസ്കൂളിനെ ഒന്നാംകിട കോളേജാക്കി ഉയർത്താൻ വേണ്ട നിർദ്ദേശങ്ങളുമായാണ് എം.എ. അച്ചൻ എത്തിയത്. കെ.സി. മാമ്മൻ മാപ്പിളയും ഇതുപോലെന്തോ ആവശ്യങ്ങളുമായാണ് വന്നത്.

മലങ്കര ഭരണസമിതി അംഗം എം.എ. ചാക്കോയുമായി വട്ടശ്ശേരിൽ മെത്രാപ്പോലീത്താ വേദിയിലെത്തി അദ്ധ്യക്ഷപീഠത്തിലമർന്നു.

ഭരണസംബന്ധമായ വിഷയത്തിലേക്കു കടന്ന് അദ്ദേഹം പ്രസംഗിച്ചു. ഇതൊന്നും തങ്ങൾക്ക് ബാധകമല്ലെന്നമട്ടിൽ മാർ ഒസ്താത്തിയോസും കൂട്ടുട്രസ്റ്റികളും എന്തൊക്കെയോ സംസാരിക്കുന്നു. അങ്ങനെയിരിക്കേ ട്രസ്റ്റികളുടെ നേതൃത്വത്തിലുള്ള കൂട്ടുഭരണത്തെപ്പറ്റി മെത്രാപ്പോലീത്താ പറഞ്ഞു. പഴയ സെമിനാരി ഭരണം മലങ്കര മെത്രാപ്പോലീത്തായുടെ ഏകപക്ഷീയവും പൂർണ്ണവുമായ അധികാരത്തിലാണ് അന്നുവരെയും നടന്നിരുന്നത്. അതിൻപ്രകാരം സെമിനാരി താക്കോലുകൾ, കാലംചെയ്യും മുമ്പേ വലിയ തിരുമേനിയിൽനിന്നും മാർ വട്ടശ്ശേരിൽ കൈവശപ്പെടുത്തിയിരുന്നു. അക്കാര്യം പരാമർശിച്ചപ്പോൾ കൂട്ടുട്രസ്റ്റികൾ ചാടിയെഴുന്നേറ്റു.

ഇരിക്കവിടെ എന്നു പറയാൻ ആരുടേയും നാവിനു ബലമുണ്ടായിരുന്നില്ല. അത്രമാത്രം ഉന്നതസ്ഥാനീയരാണല്ലോ അവർ; പ്രബല കുടുംബങ്ങളിലെ അംഗങ്ങളെന്ന നിലയിലും സമൂഹത്തിൽ നല്ല സ്വാധീനമുള്ളവരെന്ന നിലയിലും.

കോനാട്ടിന്റെ ഉറച്ച ശബ്ദം പന്തലിൽ നിറഞ്ഞു.

"താക്കോൽ ഒരാൾതന്നെ സൂക്ഷിക്കുകയാണെങ്കിൽ പിന്നെ കൂട്ടു ട്രസ്റ്റികളായ ഞങ്ങളെ എന്തിനാ തെരഞ്ഞെടുത്തിരിക്കുന്നത്?"

മറുപടി പറയാനൊരുങ്ങിയ മെത്രാപ്പോലീത്തായെ അതിനനുവദിക്കാതെ സി.ജെ. കുര്യൻ വിളിച്ചു പറഞ്ഞു.

"സെമിനാരിയുടെയും സെമിനാരിപ്പറമ്പിന്റെയും ഭരണം മൂന്നു ട്രസ്റ്റികളുടെയും തുല്യാവകാശത്തിലുള്ളതാണ്. ട്രസ്റ്റിയെന്നും കൂട്ടു ട്രസ്റ്റികളെന്നുമുള്ള വേർതിരിവ് അവസാനിപ്പിക്കണം". ഇതു കേട്ട് ആളുകൾ അമ്പരന്നു. കാലം ചെയ്ത വലിയ തിരുമേനി ട്രസ്റ്റിയായിരുന്നപ്പോഴും കൂട്ടു ട്രസ്റ്റികളായിരുന്നവരാണ് ഇവർ ഇരുവരും.



malankaralibrary.com

അന്നത്തെ ഭരണരീതി മാത്രമാണ് ഇപ്പോൾ പുതിയ മെത്രാപ്പോലീത്തായും പ്രസ്താവിച്ചിട്ടുള്ളത്. അന്നവർ വലിയ തിരുമേനിയെ എല്ലാക്കാര്യങ്ങളിലും അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. എന്നാലിപ്പോൾ ഇവർക്കെന്തുപറ്റി?

ട്രസ്റ്റികളുടെ കാര്യം തന്ത്രപൂർവ്വം ഒഴിവാക്കി മെത്രാപ്പോലീത്താ മറ്റൊരു വിഷയത്തിലേക്കു കടന്നു.

പൊതുയോഗം അവസാനിച്ചു. ജനം പിരിഞ്ഞു.

എം.എ. അച്ചൻ നേരെ മെത്രാപ്പോലീത്തായെ സമീപിച്ചു. സമുദായനേതാക്കൾ മെത്രാപ്പോലീത്തായുടെ ചുറ്റും കൂടി. കെ.സി. മാമ്മൻ മാപ്പിളയും ഇലഞ്ഞിക്കൽ ജോൺ വക്കീലും ഇ.എം. ഫിലിപ്പും എം.എ. ചാക്കോയും എ. ഫീലിപ്പോസും മറ്റും. എം.എ. അച്ചൻ ബാഗിൽനിന്നും ഒരു കത്ത് പുറത്തെടുത്തു. വട്ടക്കണ്ണട മുഖത്തുറപ്പിച്ചു. നിരന്തരമായ എഴുത്തും വായനയും മൂലം ഈയിടെയായി കണ്ണട ആവശ്യമായിരിക്കുന്നു. കത്തുതുറന്നുകൊണ്ട് ആമുഖമായി പറഞ്ഞു.

“അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ ലണ്ടനിൽനിന്നും മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക് അയച്ചുതന്ന കത്താണിത്. ബാവാ ഉടനെ കപ്പലിൽ ഇവിടേക്കു യാത്ര തിരിക്കുന്നുവെന്ന് ”

കത്തുവായിച്ച് എം.എ. അച്ചൻ ഇരുന്നു.

ഇനിയും കാര്യങ്ങൾ നിർദ്ദേശിക്കേണ്ടത് മെത്രാപ്പോലീത്തയാണ്. അദ്ദേഹം ഇരുന്നുകൊണ്ടുതന്നെ പറഞ്ഞു.

“നമുക്കു ബോംബെയിൽ പോയി ബാവായെ സ്വീകരിക്കണം. അദ്ദേഹം നേരത്തേ ഇവിടെ വന്നിട്ടുണ്ടെങ്കിലും സഭാതലവൻ എന്ന നിലയിൽ ആദ്യമായി വരികയാണ്”

സെക്രട്ടറിയായ കെ.വി. ചാക്കോ യോഗവിവരങ്ങൾ എഴുതുന്നതിനിടയിൽ ചോദിച്ചു.

“ആരൊക്കെയാണ് ബോംബെയിലേക്കു പോകേണ്ടതെന്നു കൂടി.....”

ബോംബെയിലെ സ്വീകരണം പോലെ ശ്രദ്ധിക്കേണ്ടതാണ് ഇവിടുത്തെ ക്രമീകരണങ്ങളും. കമ്മിറ്റിക്കാരായ നിങ്ങൾതന്നെയാണ് ഈ രണ്ടുകാര്യങ്ങളും ഭംഗിയാക്കേണ്ടത്. എന്തായാലും ബോംബെയിലേക്ക് ഞാൻ പോയേ മതിയാകൂ. ഒപ്പം എം.എ. അച്ചനും ഉണ്ടാവണം. ബാക്കിയൊക്കെ നിങ്ങൾ തീരുമാനിക്കുക”. മെത്രാപ്പോലീത്താ പറഞ്ഞു.

അവർ കൂടിയാലോചിച്ച് തീരുമാനത്തിലെത്തി. ബോംബെയിലേക്കു പോരാൻ കെ.സി. മാമ്മൻ മാപ്പിളയും ഇ.എം. ഫിലിപ്പും കൂടിയിരിക്കട്ടെ. ബാക്കിയുള്ളവർ ഇവിടുത്തെ ക്രമീകരണങ്ങൾ ചെയ്യട്ടെ. അപ്പോഴേക്കും



malankaralibrary.com

കോനാട്ടുമല്പാൻ കയറിവന്നു. അദ്ദേഹത്തെയും ബോംബെ യാത്രയിൽ സഹകാരിയാക്കാൻ തീരുമാനിച്ചു.

ബോംബെയിൽ നിന്നും പല ദിവസങ്ങൾക്കുശേഷമേ ബാവാ മലങ്കരയിലെത്തുകയുള്ളൂ. ഇടയ്ക്കെല്ലാം ധാരാളം സന്ദർശനങ്ങളുണ്ടാവും. അപ്പോഴൊക്കെ താമസസൗകര്യവും മറ്റും ശരിയാക്കാൻ മാമ്മൻമാപ്പിള കൂടെയുള്ളതു പ്രയോജനപ്പെടും. അദ്ദേഹത്തിന്റെ വലംകയ്യായ ഇ.എം. പീലിപ്പോസാണല്ലോ കൂടെയുള്ളത്. ഒരു കാര്യത്തിലും അകന്നുപോകാൻ മെത്രാപ്പോലീത്ത, തന്നെ അനുവദിക്കില്ല. "പണിക്കരച്ചാ...." എന്നു വിളിച്ചാൽ ഉടൻ ഓടിയെത്തത്തക്ക വിധത്തിൽ താൻ എപ്പോഴും അരികിലുണ്ടാകണമെന്ന് അദ്ദേഹത്തിനു നിഷ്ഠയുള്ളതുപോലെ.

"യാത്രച്ചെലവിനുള്ള പണം എവിടെനിന്നെടുക്കും?"

ഇം.എം.ഫിലിപ്പിന്റെ സംശയം. മെത്രാപ്പോലീത്താ നിർദ്ദേശിച്ചു.

"ആവശ്യമുള്ള പണം ട്രസ്റ്റ് ഫണ്ടിൽ നിന്നെടുക്കാം".

വിശദമായ ആലോചന കഴിഞ്ഞു. ബാവായുടെ സന്ദർശനവിവരം മലങ്കരയിലെങ്ങും അറിഞ്ഞു. എവിടെയും സ്വീകരണങ്ങൾക്കുള്ള ഒരുക്കങ്ങൾ.

സ്കൂളിലെ ജോലിക്കിടയിലും എം.എ. അച്ചൻ യാത്രാക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരുന്നു. എപ്പോഴും അദ്ദേഹത്തിന്റെ ചിന്തകൾ പാത്രിയർക്കീസിനെ ചുറ്റിപ്പറ്റിയായിരുന്നു. സ്കൂളിലെ ജോലി തീരുമ്പോഴേക്കും മിക്കവാറും സന്ധ്യയാകും. പിന്നെ, കാണണമെങ്കിൽ സ്കൂളിനു പിറകിലെ വിശാലമായ പാറപ്പുറത്ത് നോക്കണം. ബോർഡിംഗ് കുട്ടികൾ പന്തുകളിക്കാൻ അപ്പോഴേക്കും സ്കൂൾമുറ്റത്ത് എത്തിയിട്ടുണ്ടാവും. അദ്ധ്യാപകർ സായാഹ്നസവാരിക്കിറങ്ങിയിട്ടുണ്ടാവും. പാറപ്പുറത്തിരിക്കുന്ന പ്രിൻസിപ്പൽ അച്ചനെക്കണ്ട് ആദരവോടെ പുഞ്ചിരിച്ച് സവാരി തുടങ്ങുകയല്ലാതെ അവരാരും എം.എ അച്ചനെ കൂട്ടിനു വിളിക്കാൻ ധൈര്യപ്പെട്ടില്ല. വെറുതെ നേരം കൊല്ലാൻ അദ്ദേഹത്തെ കിട്ടില്ല എന്നറിയാവുന്നതിനാൽത്തന്നെ. എങ്കിലും പാറപ്പുറത്തു കൂട്ടിന് ചുരുക്കം ചിലർ ഉണ്ടാവും. കെ.വി. ചാക്കോയും എ. പീലിപ്പോസുമാണ് മിക്കവാറും. അന്നൊരു ഒഴിവു ദിവസമാകയാൽ രാവിലെതന്നെ അവർ പാറപ്പുറത്തെത്തി. പലതും പറയാനുണ്ട്. ചർച്ചചെയ്യാനുണ്ട്. പ്രധാനമായും ബാവായുടെ മലങ്കര സന്ദർശനം. അച്ചൻ അവരോടു ചോദിച്ചു.

"എന്തെങ്കിലും കാരണം കൂടാതെ ബാവാ എഴുന്നെള്ളുമോ?"

"പള്ളികളിലേക്ക് മെത്രാപ്പോലീത്താ അയച്ച കൽപ്പനയിൽ ബാവായുടെ സന്ദർശന ലക്ഷ്യം എഴുതിയിരുന്നല്ലോ. അതിൻപ്രകാരം ഇവി



malankaralibrary.com

ടുത്തെ ഭരണം ശക്തിപ്പെടുന്നതിനും അന്യോന്യയുമായുള്ള ബന്ധം ദൃഢപ്പെടുന്നതിനുമാണെന്നാണല്ലോ വായിച്ചുകേട്ടത്".

എം.എ.അച്ചൻ ഒന്നിരുത്തി മൂളുകമാത്രം ചെയ്തു.

എ. പീലിപ്പോസിനു പക്ഷേ, ഈ വരവിൽ എന്തോ പന്തികേടു തോന്നുന്നപോലെ.

"മാർ ഒസ്താത്തിയോസിന്റെ ചില വർത്തമാനങ്ങളിൽനിന്നും മറ്റെന്തൊക്കെയോ ലക്ഷ്യം ഉള്ളതുപോലെ തോന്നിപ്പോകുന്നു. മലങ്കര മെത്രാപ്പോലീത്തായ്ക്ക് തുല്യമായ അധികാരം നൽകിയാണ് തന്നെ ഇവിടേക്ക് ബാവാ അയച്ചിരിക്കുന്നതെന്നും മറ്റുമാണല്ലോ അദ്ദേഹത്തിന്റെ വീരവാദം".

"ഈ വരവ് സഭയെ പിളർത്തുമോ എന്നാണെന്റെ ആശങ്ക".

"നമ്മുടെ സഭയെ പിളർത്തുകയോ! അതെങ്ങനെ നടക്കാൻ? മെത്രാപ്പോലീത്തായ്ക്കു ശത്രുക്കളുണ്ടെന്നതു നേര്. പക്ഷേ..." കെ.വി.ചാക്കോ സംശയം പ്രകടിപ്പിച്ചു.

സഭാചരിത്രപടുവായ എം. എ. അച്ചൻ ചില കഴിഞ്ഞകാല സംഭവങ്ങളിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചു.

"കേരളത്തിൽ യാക്കോബായ സഭ എന്നാണുണ്ടായത്. ആരാണതിനു കാരണക്കാരൻ എന്നറിയാമല്ലോ. കൂനൻ കുരിശു സത്യം നടന്ന് രണ്ടുവർഷം കഴിഞ്ഞ് ഇവിടെത്തിയ മാർ ഗ്രീഗോറിയോസാണതിനു പിന്നിൽ. പിന്നീടു മാർ ഗ്രീഗോറിയോസ് എന്ന മറ്റൊരു പാത്രിയർക്കീസ് വന്നു. അതോടെ നമ്മിൽനിന്നും തൊഴിയൂർ സഭ ജനിച്ചു. മൂന്നാമത് മാർ പത്രോസ് പാത്രിയർക്കീസെത്തി. മുപ്പത്തിനാലുകൊല്ലം മുമ്പാണത്. അതോടെ സഭ പിളർന്ന് മാർത്തോമ്മ സഭയുണ്ടായി. ഇപ്പോൾ നാലാമനായി അബ്ദുള്ളാ പാത്രിയർക്കീസ് വരുന്നു. വീണ്ടുമൊരു പിളർപ്പിലേക്ക് അതു വഴിതെളിക്കാതിരുന്നെങ്കിൽ..."

കൂട്ടുകാരുടെ സംശയങ്ങൾ പെരുകി. അതെല്ലാം സമർത്ഥമായി പരിഹരിച്ച് അച്ചനിരുന്നു. ഉടനെ ശെമ്മാശനൊരാൾ പാറപ്പുറത്തേക്ക് ഓടിക്കയറിവന്നു. എന്തോ അത്യാവശ്യ കാര്യം അറിയിക്കാനുള്ളപോലെ. ആഗതൻ അറിയിച്ചു.

"കമ്പിവന്നു. മാവേലിക്കരയിൽനിന്നാ. സ്ക്കറിയാകത്തനാർക്ക് ദീനം കൂടുതലാണ്".

വിശ്വസിക്കാനാവാത്ത വാർത്ത. എഴുപതോളം വയസ്സുണ്ടെങ്കിലും അസുഖമോ ക്ഷീണമോ ഇന്നോളം അദ്ദേഹത്തിൽ കണ്ടിട്ടില്ല.

ഒരു കുതിപ്പിന് അച്ചൻ ബംഗ്ലാവിലെത്തി. ടെലഗ്രാം പരിശോധിച്ചു.



malankaralibrary.com

തര്യതു പണിക്കരാണ് കമ്പി അയച്ചിരിക്കുന്നത്; മറ്റൊരു പിതൃ സഹോദരൻ. രോഗം വസൂരിയാണ്.

അലക്കിത്തേച്ചുവച്ചിരുന്ന വെള്ളക്കുപ്പായം പെട്ടെന്നു ധരിച്ചു. ഒരു ജോഡി ബാഗിൽവച്ചു. മരണാസന്നനായ രോഗിക്കുവേണ്ടിയുള്ള വിശുദ്ധ തൈലം എടുത്തു.

പലരും വിലക്കി. വസൂരിവന്നാൽ ജീവനോടെ കുഴിച്ചു മൂടുന്ന കാലം. വളരെ വേഗം പകരുന്ന രോഗം.

പക്ഷേ എം.എ. അച്ചൻ അറച്ചുനിന്നില്ല.

കുതിരവണ്ടിയുമായി മെത്രാപ്പോലീത്താ എങ്ങോ പോയിരിക്കുന്നു. സാരമില്ല. പകരം സൈക്കിൾ ഉണ്ടല്ലോ. കുതിരയുടെ ജോലി സ്വയം ചെയ്യണമെന്നു മാത്രം. ഉടൻ പുറപ്പെട്ടു. കറുത്ത തൊപ്പിയും വെള്ളക്കുപ്പായവും അണിഞ്ഞ് തിളങ്ങുന്ന പുതിയ ഹംബർ സൈക്കിളിൽ.

കുഴിനിറഞ്ഞവഴി. കല്ലുകൾ ഇളകിക്കിടക്കുന്നു. എന്നാൽ ശങ്കിച്ചു നിൽക്കാനാവില്ലല്ലോ. പരമാവധി വേഗതയിൽ പാഞ്ഞു. സൈക്കിൾ എന്ന അപൂർവ്വ വാഹനംകണ്ട് പാതയോരങ്ങളിൽ ആളുകൾ നോക്കി നിൽക്കുന്നു. ശ്രദ്ധയോടെ വസ്ത്രം ധരിച്ച് മിന്നിപ്പറക്കുന്നത് എം.എ. അച്ചനാണെന്നറിഞ്ഞപ്പോൾ അവരുടെ ആശ്ചര്യം ഇരട്ടിച്ചു. അവരിൽ പലരും കൂപ്പുകൈകൾ ഉയർത്തിയിട്ടുപോലും ശ്രദ്ധിച്ചില്ല. മനസ്സിൽ ലക്ഷ്യം ഒന്നേയുള്ളൂ. അദ്ദേഹത്തിന്റെ കണ്ണടയും മുമ്പേ അവിടെത്തുക.

തീ വെയിലാണ്. വിയർപ്പുചാലുകൾ ദേഹമാസകലം. കാൽ കുഴയുന്നു. എങ്കിലും വിശ്രമിക്കാൻ നേരമില്ല. മനസ്സിൽ ഒരു രൂപം മാത്രം. പിതൃസഹോദരൻ എന്നതിലുപരി അദ്ദേഹം തന്റെ ആത്മീയ ഗുരുവല്ലേ. സകലരും ആട്ടിയകറ്റിയ അധഃകൃതർക്കുവേണ്ടി ജീവിതം സമർപ്പിച്ച ശുദ്ധഹൃദയൻ.

മാവേലിക്കരയിലെത്തിയപ്പോൾ രാത്രി ഒൻപതുമണി. നേരേ തര്യതു പണിക്കരുടെ വീട്ടിലേക്ക്. കലശലായ ദാഹം. ശരീരവേദന. പുതിയ വേഷം ആകെ മുഷിഞ്ഞിരിക്കുന്നു. വെള്ളവുമായി തര്യതുപണിക്കർ. ദാഹം തീരുവോളം കുടിച്ചു. അതിനിടയിൽ തെരക്കി.

"ഏതു മുറിയിലാണ്?"

തര്യതു പണിക്കർ വഴി നടത്തി. വീടിന്റെ പിൻഭാഗത്തുള്ള ഒറ്റപ്പെട്ട മുറിയിൽ. മുറി കാട്ടിക്കൊണ്ട് അച്ചനെ അദ്ദേഹം ഓർമ്മപ്പെടുത്തി.

"സൂക്ഷിക്കണേ. ദീനം എന്താന്ന് അറിയാല്ലോ. കൊച്ചച്ചനെ ഒന്നു കാണണമെന്ന് പലതവണ പറയുന്നതുകേട്ടു. അതോണ്ടാ കമ്പിയടിച്ചേ. വേഗം കണ്ടിട്ട് ഇറങ്ങിക്കോളൂ".



malankaralibrary.com

വസൂരിയാണ്. അതിനു പ്രതിവിധിയില്ല. രോഗം വന്നാൽ രോഗിയെ ഒറ്റപ്പെടുത്തി സ്വന്തക്കാർപോലും പിൻതിരിയുകയാണ് പതിവ്. രോഗികളെ പായയിൽ തെറുത്ത് പാതിജീവനോടെ കുഴിച്ചുമൂടിയ എത്രയോ കഥകളും ഉണ്ട്.

ബന്ധുവിന്റെ വാക്കുകൾക്കു മറുപടി പറയാതെ ചോദിച്ചു.

"കന്തീല കൊടുക്കാൻ അച്ചന്മാരാരെങ്കിലും വന്നോ?"

"ആരും വന്നില്ല. കുമ്പസാരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. അതും നടന്നില്ല. ഒന്നുരണ്ടച്ചന്മാർ വന്ന് ജനലിലൂടെ നോക്കി തിരിച്ചുപോയതേയുള്ളൂ. "

വാതിൽ തുറന്ന് മുറിയിലെത്തി. എണ്ണ വറ്റാറായ റാന്തലിന്റെ നേരിയവെട്ടം മാത്രം. കണ്ണടച്ച് ചുരുണ്ടു കിടക്കുന്ന ഒരവശരൂപം. തിരിച്ചറിയാനാത്ത അത്ര മാറ്റം. മുഖവും ശരീരവും നിറയെ വസൂരിക്കുരുക്കൾ. മുറിയിലെങ്ങും വല്ലാത്ത ഗന്ധവും.

കട്ടിലിനോടു ചേർന്ന് കുനിഞ്ഞുനിന്ന് പതുക്കെ വിളിച്ചു. അതു കേട്ടു മിഴികൾ പാതി തുറന്നു. അതിൽ സന്തോഷത്തിന്റെ ഉറവ പൊടിഞ്ഞു.

"വന്നു..... അല്ലേ....." ഞരക്കം മാത്രം.

ഒട്ടും നേരം കളയാനില്ല. നിനച്ചിരിക്കാത്ത നേരത്തെത്തുന്ന കള്ളനെപ്പോലെയല്ലേ മൃത്യുവും.

"അങ്ങേയ്ക്കു കുമ്പസാരിക്കേണ്ടേ?"

അതു കേട്ടാകെയൊന്നുണർന്നപോലെ. മറുപടി കേൾക്കാൻ കൊച്ചച്ചൻ ചെവി ചായ്ചുനിന്നു.

"വേണം..... വേണം...." അവശതയിലും ആകാംക്ഷയോടെ പറഞ്ഞു. കിടന്നുകൊണ്ടു പറയുന്ന ഹൃദയ നൊമ്പരങ്ങൾ. കൊച്ചച്ചൻ ശ്രദ്ധയോടെ കേട്ടു. വിശുദ്ധ കുർബാന നാവിൽ നൽകി. അനന്തരം രോഗികൾക്കുള്ള ശുശ്രൂഷകളും നടത്തി.

"ഇനിയെനിക്കാശ്വാസത്തോടെ മരിക്കാം" . അവസാന വാചകം. കൊച്ചച്ചൻ മുട്ടുകുത്തി തല കുനിച്ചു നിന്നു. വൃദ്ധ പുരോഹിതൻ തന്റെ ഇളമുറക്കാരനെ അനുഗ്രഹിച്ചു. പിന്നെ കൊച്ചച്ചന്റെ മടിയിൽ ശിരസ്സു ചായിച്ച് വിശ്രമിച്ചു. എന്നേക്കുമായി.

✠



malankaralibrary.com



# 9

# അധികാര വടംവലി

ആദ്യമായാണ് ഒരു പാത്രിയർക്കീസിനെ കാണുന്നത്. ബോംബെയുടെ ഇരുണ്ട കടൽപ്പരപ്പിൽ മഞ്ഞിന്റെ നിറമുള്ള ഈജിപ്ത് എന്ന വലിയ കപ്പൽ. ചെങ്കുപ്പായം ധരിച്ച് ഗംഭീര രൂപനായി ഇറങ്ങി വരികയാണ് അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ. തുറമുഖത്തിന്റെ വിശ്രമാലയത്തിൽനിന്നും എം.എ. അച്ചൻ കൗതുകത്തോടെ നോക്കി. മാല ചാർത്തി സ്വീകരിക്കാനായി എല്ലാവരും ഒരുങ്ങി നിൽക്കുകയാണ്. ഇ.എം. ഫിലിപ്പ് പൂമാലയുമായി മുൻനിരയിൽ മെത്രാപ്പോലീത്തായുടെ അരികിൽ നിന്നു. കെ.സി. മാമ്മൻ മാപ്പിള താമസസൗകര്യം ശരിയാക്കാനായി പോയിരിക്കുകയാണ്. കോനാട്ടു മല്പാൻ ബ്രിട്ടീഷ് തൊപ്പിയും ധരിച്ച് മെത്രാപ്പോലീത്തായിൽ നിന്നകന്നു മാറി മുൻനിരയിൽത്തന്നെ നിൽക്കുന്നു. ബാവായുടെ ആഗമന വാർത്തയറിഞ്ഞ് ബോംബെയിൽ പാർക്കുന്ന മലങ്കര മക്കൾ അനേകർ തുറമുഖത്ത് കൂടിയിട്ടുണ്ട്.

കാത്തുനിന്നവരുടെ മുമ്പിലേക്ക് നടന്നെത്തി. കാണാൻ ആകെയൊരു പ്രത്യേകത. പഴുക്കായുടെ നിറം. അറബികൾക്കുള്ളതുപോലെ തലക്കെട്ട്. പാൽപതപോലെ കുടവയറോളം താഴ്ന്നുകിടക്കുന്ന വെളുത്ത മീശ. മെത്രാഭിഷേകത്തിനായി വട്ടശ്ശേരിൽ റമ്പാൻ ശീമയിലെത്തിയപ്പോൾ



malankaralibrary.com

സമ്മാനിച്ച ഇരട്ടപ്പത്തിയുള്ള വെള്ളി അംശവടി പിടിച്ചിട്ടുണ്ട്. ഇരുവശത്തും ഓരോ ശീമ റമ്പാന്മാരുമുണ്ട്.

മെത്രാപ്പോലീത്താ ഹാരം അണിയിച്ചു. സഭാപ്രമുഖർ കൈമുത്തി ആദരവറിയിച്ചു. ഒടുവിൽ കൈമുത്താൻ നിന്ന എം.എ. അച്ചനെ നോക്കി മെത്രാപ്പോലീത്തയോടു ബാവാ സുറിയാനിയിൽ ചോദിച്ചു.

"ഇയാളുടെ കാര്യമല്ലേ നിങ്ങൾ ശീമയിൽവച്ച് നമ്മോടു പറഞ്ഞത്?" തന്റെ കാര്യം ശീമയിൽ വച്ച് മെത്രാപ്പോലീത്തായിൽ നിന്നറിഞ്ഞുവെന്നോ! എന്തു കാര്യം?

മെത്രാപ്പോലീത്താ പറഞ്ഞു.

"അതേ, ഇദ്ദേഹം സമുദായത്തിനുവേണ്ടി സ്വയം അടിയറവു വച്ചിട്ടുള്ള ആളാണ്."

എം.എ. അച്ചൻ പലതും ഊഹിച്ചു. തന്നെപ്പറ്റി എന്തൊക്കെയോ കൊള്ളാവുന്ന മുൻവിധികളുമായാണ് ബാവാ എത്തിയിട്ടുള്ളത്. അതിനു ഭംഗമുണ്ടാകാതിരിക്കട്ടെ.

ബാവായുടെ ഏതാവശ്യവും നിറവേറ്റാം എന്ന ഭാവത്തിൽ കോനാട്ടു മല്പാൻ ബാവായുടെ കൂടെ നടന്നു.

തന്നെക്കാണാൻ തടിച്ചുകൂടിയ ജനത്തെക്കണ്ട് ബാവായുടെ കണ്ണു കുളിർത്തു.

താമസസൗകര്യം പ്രത്യേകം സജ്ജീകരിച്ചിരുന്നു. ബാവാ അവിടെ ഒറ്റയ്ക്കു വിശ്രമിക്കുകയാണ്.

കൂടെവന്ന റമ്പാന്മാരും സ്വീകരണസംഘവും തൊട്ടടുത്ത വിശാലമായ മുറിയിലും.

ബാവായുടെ മുറിയിലേക്ക് എം.എ. അച്ചൻ ചെന്നു. കയ്യിൽ ഒരു കെട്ട് ടെലഗ്രാമുകൾ. മംഗളങ്ങൾ നേർന്ന് അനേകർ ബാവായ്ക്ക് അയച്ചതാണ്. ഒന്നാന്തരം സുറിയാനിയിൽ ബാവായോടു വിവരം പറഞ്ഞു. ഓരോന്നും വായിച്ചു കേൾപ്പിക്കാൻ ബാവാ കല്പിച്ചു.

ഇംഗ്ലീഷിലുള്ളവയാണേറെയും. ഇംഗ്ലീഷിലുള്ളവ കണ്ണുകൾ കൊണ്ടുഗ്രഹിച്ച് തൽക്ഷണം സുറിയാനിയിലാക്കി ഭാഷാന്തരം ചെയ്യുകയാണ് എം.എ. അച്ചൻ.

ബാവാ സംതൃപ്തിയോടെ സുറിയാനിയിൽ പറഞ്ഞു.

"നാം കേട്ടറിഞ്ഞതിനേക്കാൾ ബഹുസമർത്ഥനാണു നിങ്ങൾ. നാം മടങ്ങുന്നതുവരെ സെക്രട്ടറിയായി നിങ്ങൾ നമ്മോടൊപ്പം ഉണ്ടാവണം."

സഭയുടെ പരമാദ്ധ്യക്ഷന്റെ സഹചാരിയാവുന്നതു നല്ലൊരനുഭവമ



malankaralibrary.com

ല്ലേ. അച്ചൻ പുഞ്ചിരിയോടെ അനുസരിച്ചു. മംഗളാശംസകൾക്കൊപ്പം ബാവായുടെ പേർക്ക് സ്വകാര്യമായി വന്ന ഒരു കത്തുണ്ടായിരുന്നു. വ്യക്തിപരമായ ആ കത്തു പൊട്ടിക്കുന്നതു ശരിയല്ലല്ലോ. അതു ബാവായെത്തന്നെ ഏൽപ്പിച്ചു. അദ്ദേഹം തുറന്നു. ഇംഗ്ലീഷിലുള്ള ആ കത്തു കണ്ട് ബാവാ പറഞ്ഞു.

"നിങ്ങൾതന്നെ വായിച്ചുകാര്യം പറയുക, നമുക്കു സുറിയാനി മാത്രമേ വശമുള്ളൂ".

കത്തു നിവർത്തി അച്ചൻ ഉള്ളടക്കം ഗ്രഹിച്ചു. കത്തയച്ചത് കോട്ടയത്തുകാരൻ പുകിടിയിൽ വീട്ടിൽ ഇട്ടൂപ്പ്.

മെത്രാപ്പോലീത്താ അറിയാതെ സഭയുടെ പരമാധികാരിക്ക് ഒരല്മായൻ എഴുതിയിരിക്കുന്നു. അത് മലങ്കരയുടെ കേന്ദ്രമായ കോട്ടയത്തുനിന്നും!

എം.എ. അച്ചനു ജിജ്ഞാസയായി. പെട്ടെന്നതു മുഴുവൻ വായിച്ചു. സ്ഫോടനാത്മകമായ വിഷയം. എങ്കിലും യാതൊരു ചാഞ്ചല്യവും കൂടാതെ പാത്രിയർക്കീസിനെ വിഷയം അറിയിച്ചു.

"കോട്ടയത്തുള്ള ഇട്ടൂപ്പ് എന്നയാൾ ബാവാ തിരുമേനിക്ക് പതിനായിരം രൂപാ ഉടൻ സംഭാവന നൽകാൻ തയ്യാറാണെന്ന്".

അത്രയും കേട്ടതേയുള്ളൂ; ബാവായുടെ കണ്ണുകളിൽ ആഹ്ലാദത്തിന്റെ പൂത്തിരി കത്തി. വിശ്വാസം വരാത്തപോലെ അത്യാകാംക്ഷയോടെ തിരക്കി.

"നേരോ! ദൈവം എന്റെ കൂടെയുണ്ട്........ ആകട്ടെ, ഇത്ര ഭീമമായ തുക തരാൻ പ്രത്യേകിച്ചെന്തെങ്കിലും ഉദ്ദേശ്യമുണ്ടോ?"

"അക്കാര്യം വ്യക്തമാക്കുന്നുണ്ട്. മലങ്കര സഭയുടെ ഭൗതിക സ്വത്തുക്കളെല്ലാം ബാവാ തിരുമേനിക്കുള്ളതാണെന്നും അതിനുള്ള അധികാരത്തിനായി വേണ്ടിവന്നാൽ കോടതിയിൽ വ്യവഹാരം കൊടുക്കണമെന്നും അതിന്റെ ചെലവിലേക്കുള്ള സംഭാവനയാണീ തുകയെന്നുമാണ് എഴുതിയിട്ടുള്ളത്."

ബാവാ ഉടൻതന്നെ അച്ചന്റെ കയ്യിൽനിന്നും കത്ത് തിരിച്ചു വാങ്ങി. പുറങ്കുപ്പായത്തിന്റെ കീശയിലൊളിപ്പിച്ചു.

എം.എ. അച്ചന്റെ മനോഭാവമറിയാൻ അദ്ദേഹം ദൃഷ്ടികൾ പായിച്ചു. യാതൊരനിഷ്ടവും കാണിക്കാതെ നിശബ്ദനായിരുന്നു എം.എ. അച്ചൻ. മനസ്സിൽ ചിന്താശരങ്ങൾ മൂളിപ്പായുന്നു. ഊഹാപോഹങ്ങൾ സത്യമാവുകയാണോ? മലങ്കര സ്വത്തുക്കൾ അധീനപ്പെടുത്താനുള്ള പട



malankaralibrary.com

പ്പുറപ്പാടാണോ ഇത്. ഇന്നോളം പാത്രിയർക്കീസിന് മലങ്കര സഭയിൽ ആത്മീയാധികാരമല്ലാതെ യാതൊരു ഭൗതീകാധികാരവുമില്ല. ഈ പാരമ്പര്യത്തെ തകർക്കുകയാണോ ഓർക്കാപ്പുറത്തുള്ള ഈ മലങ്കര സന്ദർശനത്തിന്റെ ഉദ്ദേശ്യം. എങ്കിലതെങ്ങനെ പര്യവസാനിക്കുമെന്ന് യാതൊരു നിശ്ചയവുമില്ല. എങ്കിലും ഒന്നു തീർച്ച. താൻ സത്യത്തിന്റെ വശത്തായിരിക്കും.

അബ്ദുള്ളാ ബാവാ അനുനയത്തിൽ സമീപിച്ച് പറഞ്ഞു. "നാം ചില തീരുമാനങ്ങളുമായാണ് വന്നിട്ടുള്ളത്. ചിലപ്പോൾ ദിവന്നാസ്യോസുമായി നമുക്കു പിണങ്ങേണ്ടിവരും. അങ്ങനെ വന്നാൽ നിങ്ങൾ നമുക്കൊപ്പം നിൽക്കുമോ,അയാൾക്കൊപ്പം നിൽക്കുമോ?" കുഴയ്ക്കുന്ന ചോദ്യം. എങ്കിലും ആലോചിച്ചു പറഞ്ഞു.

"ആബൂൻ മാർ ദിവന്നാസ്യോസ് എന്റെ ഗുരുവാണ്. സത്യത്തിനെതിരായി അദ്ദേഹം പ്രവർത്തിക്കുന്നെങ്കിൽ ഞാൻ കൂട്ടുകാരനാവുകയില്ല. അല്ലാത്തപക്ഷം ഞാൻ അദ്ദേഹത്തോടൊപ്പമേ നിൽക്കുകയുള്ളൂ."

പ്രതീക്ഷകളോടെ എം.എ. അച്ചനെ ഉറ്റുനോക്കിയിരുന്ന പാത്രിയർക്കീസിന്റെ മുഖം മങ്ങി. അച്ചനെ സ്വാധീനിക്കാനിനി എന്താണു വഴി. ഉടൻ ഉപായപൂർവ്വം ഗുണദോഷിച്ചു.

"ആഗോള യാക്കോബായ സഭയുടെ പരമാധികാരിയാണു നാം. നമ്മോടൊത്തുനിന്നാൽ നിങ്ങളെ നാം വലിയൊരു നിലയിൽ ആക്കും".

"മലങ്കര സഭയുടെ വളർച്ചയ്ക്കുവേണ്ടി ബാവാ തിരുമേനി കൈക്കൊള്ളുന്ന ഏതു നടപടിക്കും എന്റെ എളിയ പിന്തുണ ഉണ്ടാകും. എന്നാലത് യാതൊരുവിധ സമ്മാനവും ആഗ്രഹിച്ചുകൊണ്ടാവില്ല".

ഉപാധികൾവച്ചുള്ള എം.എ. അച്ചന്റെ മറുപടിയിൽ തൃപ്തിയോ അതൃപ്തിയോ പ്രകടിപ്പിച്ചില്ല. പിന്നീട് സഭാ സംബന്ധമായ സ്ഥിതിവിവരങ്ങൾ വിശദമായി ചോദിച്ചറിഞ്ഞു. ഇലയ്ക്കും മുള്ളിനും കേടില്ലാത്ത തരത്തിലുള്ള മറുപടി.

മണിക്കൂറുകളുടെ പഴക്കം മാത്രമുള്ള പരിചയം. എന്നാലത് ദീർഘനാളുകളായതുപോലെ ദൃഢപ്പെട്ടു കഴിഞ്ഞു. ബാവാ തന്റെ വ്യക്തിപരമായ കാര്യങ്ങൾപോലും പറഞ്ഞുതുടങ്ങി. തന്റെ കത്തോലിക്കാ സംസർഗ്ഗത്തെപ്പറ്റിയും അതിനിടയിൽ പറഞ്ഞു.

അക്കാര്യം എം.എ. അച്ചൻ നേരത്തെയറിഞ്ഞിരുന്നു. പത്രോസ് പാത്രിയർക്കീസിനുശേഷം തൽസ്ഥാനത്തെത്താൻ ചില ഉപായങ്ങൾ പ്രയോഗിച്ചയാളാണിദ്ദേഹം. സാധിക്കാതായപ്പോൾ മാതൃസഭയുപേക്ഷിച്ച് കത്തോലിക്കനായി. പത്തുവർഷമങ്ങനെ ഹോംസ് രൂപതയുടെ മെത്രാ



malankaralibrary.com

നായി ഭരിച്ചു. ആയിടയ്ക്ക് പാത്രിയർക്കീസാകാനുള്ള സാഹചര്യം ഒത്തുവന്നു. ഉടൻ കത്തോലിക്കാ ബന്ധം ഉപേക്ഷിച്ച് യാക്കോബായ സഭയിൽ തിരിച്ചെത്തി സഭാധിപനായി.

എന്നാൽ ചരിത്രസത്യങ്ങൾ മറച്ചുപിടിച്ചുകൊണ്ടാണ് എം.എ. അച്ചനോടദ്ദേഹം പറഞ്ഞത്. "റോമാ വിശ്വാസം ഒന്നു പരീക്ഷിച്ചു നോക്കാനാണ് നാം അവിടേക്കു പോയത്."

അതിന് കത്തോലിക്കാ വിശ്വാസമടങ്ങിയ പുസ്തകം വായിച്ചാൽ പോരെ. അങ്ങനെ ചോദിക്കണമെന്നു തോന്നി. എങ്കിലും നാവിനെ നിയന്ത്രിക്കുകയായിരുന്നു. അപ്പോഴേക്കും വാതിൽ തുറന്ന് മെത്രാപ്പോലീത്താ കടന്നെത്തി. എം.എ. അച്ചനെ വിളിച്ചു. ബാവായുടെ മലങ്കര യാത്രയെപ്പറ്റി ആലോചിക്കാനാണ്. താമസസൗകര്യമുൾപ്പെടെ എല്ലാം ക്രമീകരിച്ചിരിക്കുന്നു. ബാവായെ വിവരം അറിയിച്ചു. എത്രയുംവേഗം മലങ്കരയിലെത്താൻ ധൃതി കൂട്ടിയിരിക്കുകയാണ് ബാവ.

സംഘം പുറപ്പെട്ടു. ബോംബെയിൽനിന്ന് ഊട്ടി വഴി നേരെ കോട്ടയം പഴയ സെമിനാരിയിലെത്തി. അവിടെയൊരുജ്ജ്വല വരവേൽപ്പിനുള്ള ക്രമീകരണങ്ങൾ ചെയ്തിരുന്നു. എല്ലാ പള്ളികളിൽ നിന്നും അനേകായിരങ്ങൾ തടിച്ചു കൂടിയിട്ടുണ്ട്. അലങ്കരിച്ച കുതിര വണ്ടിയുമായി എം.എ. അച്ചൻ എത്തി. ബാവാ വണ്ടിയിൽ കയറി. ഒപ്പം എം.എ. അച്ചനും. ബാവായുടെ അംശവടി പിടിച്ച് അദ്ദേഹം അരികിൽ നിന്നു. അംശവടി പിടിക്കാൻ ഒരുങ്ങി നിൽക്കുകയായിരുന്നു കോനാട്ട് മല്പാൻ. സഭയിൽ മൽപാൻ സ്ഥാനം അലങ്കരിക്കുന്ന തനിക്ക് അതു കിട്ടാതെ വന്നിരിക്കുന്നു. എം.എ. അച്ചൻ ശ്രേഷ്ഠനും വിഖ്യാതനുമായിരിക്കുന്നു. കുതിരവണ്ടി നീങ്ങുകയാണ്. മുൻ നിരയിലിരുന്ന് ഇരുവശത്തുമുള്ളവരെ ബാവാ കുരിശുയർത്തി ആശീർവദിച്ചു. വരവേൽപ്പ് പഴയ സെമിനാരിയിലെത്തി, പള്ളിയിൽ കയറി ലുത്തിനിയാ ചൊല്ലി. എം.എ. അച്ചൻ ബാവായെ സെമിനാരിയിലേക്കു ക്ഷണിച്ചു. എവിടെയും അലങ്കാരങ്ങൾ. കൈമുത്താൻ കാത്തു നിൽക്കുന്ന ജനാവലി. പഴയ സെമിനാരിയുടെ രണ്ടാം നിലയിൽ വടക്കേമുറിയിലാണ് ബാവായ്ക്കുള്ള താമസസൗകര്യം. മെത്രാപ്പോലീത്തായുടെ മുറിയുടെ തൊട്ടടുത്ത വിശാലമായ ഹാളും ഒരു മുറിയും അതിനായി സജ്ജമാക്കിയിരുന്നു. സുഖകരമായ കട്ടിലിലിരുന്ന് എന്തോ ആലോചിച്ച് എം.എ. അച്ചനോട് പറഞ്ഞു.

"പരുമലയിൽ പെരുന്നാളാണെന്നു അറിഞ്ഞല്ലോ. എങ്കിൽ നമുക്കുടനെ അവിടേക്കു പോകണം. എന്നിട്ടാവട്ടെ വിശ്രമം" .

പരുമല യാത്രയിലും എം.എ. അച്ചൻ കൂടെയുണ്ടായിരുന്നു.

പെരുന്നാൾ ആഘോഷത്തിൽ മുങ്ങിനിൽക്കുകയാണ് പരുമല



malankaralibrary.com

പള്ളിയും പരിസരവും. എം.എ. അച്ചൻ ആദ്യം പരുമല തിരുമേനിയുടെ കബറിങ്കലേക്കു നീങ്ങി. മുട്ടുകുത്തി കൂപ്പുകയ്യോടെനിന്ന് കണ്ണടച്ചു പ്രാർത്ഥിച്ചു. എന്നിട്ടു പള്ളിക്കുള്ളിലെത്തുമ്പോൾ ബാവാ കസേരയിൽ ഇരിക്കുന്നു. അടുത്തു തന്നെ മെത്രാപ്പോലീത്തായും. ഇരുപതോളം ആളുകൾ പെരുന്നാൾ വഴിപാട് എണ്ണിക്കൊണ്ടിരിക്കുന്നു. ഏഴുനാഴികകളായി എണ്ണുകയാണ് അവർ.

വഴിപാട് എണ്ണിക്കൊണ്ടിരുന്നവർ എം.എ. അച്ചനോടു പറഞ്ഞു.

"എണ്ണിത്തീർന്നു. മൂവായിരത്തോളമുണ്ട്. ഇതാ കണക്ക്" . കൃത്യമായ കണക്കവർ അച്ചനെ ഏൽപ്പിച്ചു. അതു കൊടുക്കാൻ മെത്രാപ്പോലീത്തായുടെ അടുത്തേക്കു നടന്നു. ഉടൻ ബാവായുടെ ഉറച്ച ശബ്ദം പള്ളിയിൽ മുഴങ്ങി.

"അതിങ്ങു തരൂ. നമുക്കവകാശപ്പെട്ട പണമാണിത്"

മെത്രാപ്പോലീത്താ അതുകേട്ട് ഞെട്ടി എഴുന്നേറ്റു. കാണുന്നതെല്ലാം സ്വന്തമാക്കുന്ന ആളാണു ബാവാ എന്ന് അറിയാത്തതല്ല. എന്നാൽ തന്റെ ഭരണകാലത്ത് ഇതനുവദിക്കില്ല. മലങ്കരയുടെ എല്ലാ സ്വത്തുക്കളും സംരക്ഷിക്കേണ്ടത് തന്റെ ധർമ്മമാണ്. ബാവായുടെ നേർക്കുതിരിഞ്ഞ് മെത്രാപ്പോലീത്താ പറഞ്ഞു.

"ഈ വഴിപാടുകൊണ്ടു മാത്രമാണ് പരുമല സെമിനാരിച്ചെലവുകൾ നടക്കുന്നത്. അതങ്ങ് ആവശ്യപ്പെടരുത്"

ശാന്തനായാണു പറഞ്ഞത്. എങ്കിലും ബാവാ ക്രൂദ്ധനായി.

"സെമിനാരിയുടെ മാത്രമല്ല മലങ്കരയുടെ മുഴുവൻ ചെലവുകളും ഇനി നാം നേരിട്ടു നടത്താൻ തീരുമാനിച്ചിരിക്കുന്നു. അതുകൊണ്ട് ഇവിടുത്തെ വരുമാനം മുഴുവൻ ഇനിമുതൽ നമ്മുടേതാണ്." .

എന്തു പറയണമെന്നറിയാതെ മെത്രാപ്പോലീത്താ നിന്നു. അദ്ദേഹം എം.എ. അച്ചന്റെ മുഖത്തേക്കു നോക്കി. യാതൊരു വിട്ടു വീഴ്ചയും വേണ്ടെന്നു മന്ത്രിക്കുന്ന മുഖഭാവം. അതിൽനിന്നു കിട്ടിയ ശക്തിയാലെന്നപോലെ മറുപടി കൊടുത്തു.

"മലങ്കര അസോസിയേഷന്റെ തീരുമാനപ്രകാരമേ ഇതു നടപ്പാക്കാനൊക്കുകയുള്ളൂ" .

ഇതുകേട്ട് പാത്രിയർക്കീസ് കോപിച്ചു.

"ധിക്കാരം പറയുന്നോ. ഇതിനു ശിക്ഷ നാം തരുന്നുണ്ട്. ഊർശ്ലേമിലെ ഈവാനിയോസിനോടു ചെയ്തത് താങ്കളോടും നാം ചെയ്യും" .

പാത്രിയർക്കീസിന്റെ അട്ടഹാസം കേട്ട് പള്ളിമുറ്റത്തുനിന്നും ഇല



malankaralibrary.com

ഞ്ഞിക്കൽ ഇ.ജെ.ജോൺ വക്കീൽ ഓടിയെത്തി. സമുദായ പ്രമാണിയായ അദ്ദേഹം പരുമല പെരുന്നാളിൽ പങ്കെടുക്കാൻ വന്നതായിരുന്നു.

അദ്ദേഹം എം.എ. അച്ചനോടു തെരക്കി.

"ഊർശ്ലേമിലെ ഈവാനിയോസിന് എന്താ സംഭവിച്ചത്?"

അച്ചൻ പള്ളിയുടെ വാതില്ക്കലേക്കു നീങ്ങി. വക്കീലിനു മുമ്പിൽ ചരിത്രത്തിന്റെ ചുരുൾ നിവർത്തി.

"അബ്ദുള്ളാബാവായുടെ പ്രതിനിധിയായിരുന്നു ഊർശ്ലേമിലെ ഈവാനിയോസ് മെത്രാൻ. യഥാർത്ഥ പാത്രിയർക്കീസായ അബൂദ് മിശിഹായെ സ്ഥാന ഭ്രഷ്ടനാക്കാൻ അബ്ദുള്ളാ ബാവായെ സഹായിച്ച ആളുമാണ്. എന്നാൽ കാര്യം കണ്ടുകഴിഞ്ഞ് ചില കാര്യങ്ങളിൽ ഇരുവരും പിണങ്ങി. അതോടെ ഇദ്ദേഹം ഈവാനിയോസിനെ മുടക്കിക്കളഞ്ഞു".

ഇതുകേട്ട് ശാന്തഗംഭീരനായ ജോൺ വക്കീൽ വിഷമിച്ചു. മാനേജിംഗ് കമ്മിറ്റി അംഗമെന്ന നിലയിൽ അദ്ദേഹത്തിനതു സഹിക്കില്ല. തങ്ങളുടെ പ്രിയപ്പെട്ട മെത്രാപ്പോലീത്തായ്ക്കു കടിഞ്ഞാണിടാനുള്ള ആരുടെ ശ്രമത്തിനും കൂട്ടു നിൽക്കാനാവില്ല. എങ്കിലും എന്താണു പറയേണ്ടത്? ചെയ്യേണ്ടത്? അറിയില്ല. എം.എ. അച്ചനോടു തെരക്കി.

"ബാവാ കാര്യമായാണോ പറയുന്നത്. അതോ പെട്ടെന്നുണ്ടായ കോപം കൊണ്ട്.....?"

"ബാവാ കരുതിക്കൂട്ടിത്തന്നെയാണു വന്നിരിക്കുന്നത്. മലങ്കര സ്വത്തിന്മേലാണു ബാവായുടെ കണ്ണ് ".

"അതനുസരിച്ചുകൊടുത്താൽ കുഴപ്പമല്ലേ?"

"കുഴപ്പമാണ്. അതനുവദിച്ചുകൊടുക്കുക സാദ്ധ്യമല്ല. അനുവദിച്ചാൽ, നാം നൂറ്റാണ്ടുകളായി കാത്തുസൂക്ഷിക്കുന്ന പൈതൃകമെല്ലാം നമുക്കു നഷ്ടമാകും"

"മലങ്കര സഭ അപ്പോൾ അന്ത്യോഖ്യായുടെ അടിമത്തത്തിൽ ആവുകയും ചെയ്യും." ജോൺ വക്കീൽ പിന്താങ്ങി.

"അതെ, വളർച്ചയില്ലാതെ കാലക്രമത്തിൽ മലങ്കര സഭ നിർജ്ജീവമാവുകയും ചെയ്യും. ചവച്ചെറിഞ്ഞ കരിമ്പിൻചണ്ടിപോലെ".

"അപ്പോൾ പിന്നെ എന്താണൊരു പോംവഴി?"

"ഒറ്റ വഴിയേയുള്ളൂ. നാമെല്ലാവരും ഒറ്റക്കെട്ടായി മെത്രാപ്പോലീത്തായോടൊപ്പം നിൽക്കുക"

"ബാവായ്ക്കൊപ്പം നിൽക്കാനും ആളുണ്ടാവില്ലേ?"

"അമ്മയെ തല്ലുമ്പോഴും രണ്ടു പക്ഷമുണ്ടാവുമല്ലോ. ചിലർ ബാവയ്ക്കൊപ്പം നിൽപ്പുണ്ട്. കോനാട്ടു മല്പാനും, സി.ജെ. കുര്യനുമൊക്കെ....."



malankaralibrary.com

"അവർ കൂട്ടു ട്രസ്റ്റികളല്ലേ? അവർ ബാവായ്ക്കൊപ്പം ചേർന്നാൽ ശക്തി മുഴുവൻ അവർക്കാവില്ലേ?"

"കൂട്ടുട്രസ്റ്റികളെ തെരഞ്ഞെടുത്തത് മലങ്കര അസോസിയേഷനാണ്. അസോസിയേഷന്റെ ഭൂരിപക്ഷം മെത്രാപ്പോലീത്തായ്ക്കൊപ്പം ഉണ്ടായിരുന്നാൽ മതി. അവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി നമ്മുടെ പക്ഷത്തു നിർത്തണം. അതാണിപ്പോൾ വേണ്ടത്."

പാത്രിയർക്കീസ്, പള്ളിയിൽ നിന്നിറങ്ങി, പരുമലയിൽ വന്നത് അബദ്ധമായെന്ന മട്ടിൽ.

കോനാട്ടു മല്പാനെ നോക്കി ബാവാ പറഞ്ഞു.

"ഉടൻ കോട്ടയത്തിനു പോകാനുള്ള ക്രമീകരണങ്ങൾ ചെയ്യുക".

യാതൊന്നും സംഭവിക്കാത്ത മട്ടിൽ മെത്രാപ്പോലീത്തായും എം.എ. അച്ചനും നിന്നു.

കോട്ടയത്തെത്തിയിട്ടും ബാവാ ക്രൂദ്ധനായിരുന്നു. അടിയേറ്റ മൂർഖൻ പാമ്പിനെപ്പോലെ ബാവായുടെ മനസ്സിൽ പകയുടെ വിഷം നിറഞ്ഞു. ആഞ്ഞുകൊത്താൻ തന്നെയാണു തീരുമാനം. ദംശനമേറ്റ് മെത്രാപ്പോലീത്താ പിടഞ്ഞു വീഴണം. മെത്രാപ്പോലീത്താ കഴിഞ്ഞാൽ പിന്നെ എം.എ. അച്ചനാണ്. പക്ഷേ അദ്ദേഹം ഏതു ചേരിയിൽ നിൽക്കുമെന്ന് ഇനിയും വ്യക്തമായിട്ടില്ല. ദിവന്നാസ്യോസിനൊപ്പം നിൽക്കുകയാണെങ്കിൽ അടുത്ത ദംശനം പിന്നെ അയാൾക്ക്. അവർ രണ്ടും പിടഞ്ഞു വീണാൽ പിന്നീടുള്ളവരൊന്നും പ്രശ്നമുണ്ടാക്കില്ല. എങ്കിൽ പിന്നെ മലങ്കരയുടെ സർവ്വാധിപൻ ഈ അബ്ദുള്ളാ പാത്രിയർക്കീസായിരിക്കും.

അതിന്റെ ആദ്യ നടപടിയായി സ്വപക്ഷത്തുള്ളവരെ ഉടൻ വിളിച്ചു കൂട്ടണം. മലങ്കര യാക്കോബായ പൊതുയോഗം കൂടണം. എല്ലാ പള്ളികളിലേക്കും അതിനുള്ള കല്പന ബാവാ അയച്ചു, മെത്രാപ്പോലീത്തായെ അറിയിക്കുകപോലും ചെയ്യാതെ.

കല്പനപ്രകാരം ഓരോ പള്ളിയിൽനിന്നും ഒരു വൈദികനും രണ്ടു പള്ളി പ്രതിനിധികളും കോട്ടയത്തെത്തി. നൂറു കണക്കിന് ആളുകൾ.

യോഗാദ്ധ്യക്ഷപദം ബാവാ സ്വയം ഏറ്റെടുത്തു. പ്രസംഗം തുടങ്ങി. പ്രസംഗത്തിലൂടെ തന്റെ ആഗ്രഹം തുറന്നുപറഞ്ഞു.

"സഭാതലവൻ എന്ന നിലയിൽ മലങ്കരസഭയുടെ പരമാധികാരി നാം തന്നെയാണ്. ഇതു നിങ്ങൾ സമ്മതിച്ച് ഉടമ്പടി എഴുതി നമുക്കു തരണം".

ഇതുകേട്ട് ജനം നടുങ്ങി. ഇതെന്തുകഥ എന്ന മട്ടിൽ അവർ തമ്മിൽ നോക്കി. സംസാരമായി. തേനീച്ചക്കൂട്ടിൽ ഈച്ച ഇളകി മുരളുന്നതു പോലെ.



malankaralibrary.com

മലങ്കര അസോസിയേഷനിൽ പണ്ടുമുതൽ പൊരിഞ്ഞ മത്സരമായിരുന്നു. തെക്കരും വടക്കരും എന്ന രണ്ടു വിഭാഗങ്ങൾ തമ്മിൽ. വടക്കരുടെ നേതാവ് കോനാട്ടു മല്പാൻ. എന്നാൽ ഇത്തവണ ചേരിതിരിയാതെ ഭൂരിപക്ഷവും ബാവയുടെ കല്പനയ്ക്കെതിരേ തിരിഞ്ഞു.

എം.എ. അച്ചൻ യോഗത്തിന്റെ മുൻനിരയിലാണ്. ഇലഞ്ഞിക്കൽ ജോൺ വക്കീലും എം.എ. ചാക്കോയുമാണ് ഇരുവശങ്ങളിൽ. കൊച്ചിരാജ്യത്തെ പോലീസ് മേധാവിയാണ് എം.എ. ചാക്കോ. അദ്ദേഹം എഴുന്നേറ്റ് ബാവായ്ക്കെതിരെ പറഞ്ഞുതുടങ്ങി. ജോൺ വക്കീലും മാമ്മൻ മാപ്പിളയും കെ.വി. ചാക്കോയും ഇ.എം. ഫിലിപ്പും എ പീലിപ്പോസുമെല്ലാം അതിന്റെ ചുവടുവെച്ചു ധൈര്യമായി എതിർത്തു. എം.എ. അച്ചനിൽനിന്നു കിട്ടിയ ശക്തി അവർ തുറന്നു കാട്ടുകയായിരുന്നു.

ബാവായ്ക്കു മിണ്ടാൻ വയ്യെന്നായി. വിഷയം മാറ്റി ബാവാ പറഞ്ഞു.

"നമുക്കാരുടേയും അധികാരപത്രമൊന്നും വേണ്ടാ. ദൈവത്തിൽനിന്നുള്ള അധികാരം മാത്രം മതി. നാമിപ്പോൾ മലങ്കരയിലേക്കു വന്നത് മറ്റൊരു കാര്യത്തിനാണ്. നിങ്ങൾക്ക് ഏതാനും മെത്രാന്മാരെ വേണമെന്നു പറഞ്ഞല്ലോ. എത്ര പേരെയാണു വേണ്ടത്? പറയുക".

മുന്നൂറോളം പള്ളികളിൽ നിന്നെത്തിയ ആയിരത്തോളം ആളുകൾ വിളിച്ചു പറഞ്ഞു.

"രണ്ട്...... രണ്ട്....."

അതും ബാവായ്ക്കു രസിച്ചില്ല.

"മലങ്കരയിൽ ഏഴ് ഇടവകകൾക്കും കൂടി ഇപ്പോൾ മൂന്നു മെത്രാന്മാരല്ലേ ഉള്ളൂ. ഒരിടവകയ്ക്ക് ഒരു മെത്രാൻവീതമെങ്കിലും വേണം. ഉടനെ നാലുപേരെ വാഴിക്കണം".

എന്നാൽ പലരും എഴുന്നേറ്റ് എതിർത്തു. ജോൺ വക്കീൽ എഴുന്നേറ്റു പറഞ്ഞു.

"കൂടുതൽ മെത്രാന്മാർ സഭയ്ക്കു ഭാരമാണ്. മൂന്നു ലക്ഷം ജനങ്ങളുള്ള ഇവിടുത്തെ റോമാ സുറിയാനി സഭയ്ക്ക് മൂന്നു മെത്രാന്മാരെ ഉള്ളൂ. അപ്പോൾപിന്നെ രണ്ടുലക്ഷം ജനങ്ങളുള്ള നമ്മുടെ സഭയിൽ എന്തിനാണ് ഏഴുമെത്രാന്മാർ? പത്രോസ് പാത്രിയർക്കീസിന്റെ മലങ്കര സന്ദർശനത്തോടെയാണല്ലോ ഇവിടെ ഏഴ് ഭദ്രാസനങ്ങളുണ്ടായത്. അന്നുമുതൽ ഇന്നോളം മൂന്നു മെത്രാന്മാർ മാത്രമാണ് അതു ഭംഗിയായി ഭരിച്ചുപോന്നത്"



malankaralibrary.com

നാലു മെത്രാന്മാരെ വാഴിക്കുന്നതിനോട് ഭൂരിപക്ഷം പേർക്കും താല്പര്യമില്ലെന്നായി. സ്വപക്ഷത്തുള്ളവരെ മെത്രാന്മാരാക്കി അധികാരം നേടാനുള്ള ബാവായുടെ ആശ നടക്കുകയില്ലെന്നായി. ബാവാ അവിടെനിന്നിറങ്ങി രണ്ടാം നിലയിലെ തന്റെ മുറിയിലേക്കു പാഞ്ഞു.

മെത്രാപ്പോലീത്തായും എം.എ. അച്ചനും ജോൺ വക്കീലും പുറകേ ചെന്നു.

മെത്രാപ്പോലീത്താ ബാവായോടുണർത്തിച്ചു.

"സന്ധ്യയാകാറായി, ആളുകൾക്കു സന്തോഷത്തോടെ പിരിഞ്ഞു പോകാനുള്ള അവസരം കൊടുക്കണം. അവരെ അങ്ങ് ആശീർവദിച്ചയയ്ക്കണം"

ഇതുകേട്ട് ബാവാ കയർത്തു.

"താങ്കൾ ഒന്നും മിണ്ടണ്ട. പരുമലപ്പണം എനിക്കു തന്നോ? താങ്കളെ ഞാൻ മുടക്കും".

ഉടൻ ജോൺ വക്കീൽ ചോദിച്ചു.

"അതിനുള്ള കാരണം എന്താണു തിരുമേനി? "

ബാവായ്ക്കു മൗനം. പക്ഷേ വക്കീൽ അതുതന്നെ വീണ്ടും ചോദിച്ചു.

ബാവാ ക്ഷോഭത്തോടെ പറഞ്ഞു.

"കാരണമോ; ഇവൻ കശീശന്മാരെ മൂത്രമൊഴിക്കുവോളം അടിക്കും". തന്റെ ഗുരുവിനെതിരെ കാര്യമില്ലാതെ കയർക്കുന്നതു കണ്ട് എം.എ. അച്ചൻ വിഷമിച്ചു. ഇത്തരം തരംതാഴ്ന്ന ആക്രോശങ്ങൾ കേൾക്കാൻ അദ്ദേഹത്തിനു വയ്യ. ശക്തമായ ചില തീരുമാനങ്ങൾ മനസ്സിൽ രൂപപ്പെട്ടു. ഉടനെ അദ്ദേഹം മുറിവിട്ട് പുറത്തിറങ്ങി.

✠



malankaralibrary.com



# 10

# സഭാധികാരിക്ക് 'മുടക്ക്'

"മെത്രാന്മാരെ വാഴിക്കാനുള്ള അധികാരം ആർക്കാണ്?" വിദ്യാർത്ഥിയുടെ ചോദ്യം കേട്ട് എം. എ. അച്ചൻ ഒരു നിമിഷം ചിന്തിച്ചു. എം.ഡി. സെമിനാരിയിലെ വേദപാഠക്ലാസിലാണു ചോദ്യം. കൂദാശകളെപ്പറ്റി പഠിപ്പിക്കുകയായിരുന്നു.

ഉത്തരം എളുപ്പമാണ്. പക്ഷേ സത്യം തുറന്നുപറഞ്ഞാൽ ബാവാ പക്ഷത്തുള്ളവർക്കു രസിക്കില്ലെന്നു തീർച്ച. ക്ലാസിലെ വിദ്യാർത്ഥികളിൽത്തന്നെ രണ്ടു പക്ഷക്കാരുമുണ്ട്. എങ്കിലും ശരിയുത്തരം പറയാതെ പറ്റുമോ. സത്യം പറയുന്നതിന്റെ പേരിൽ എന്തു സംഭവിച്ചാലും അതു നേരിടുക തന്നെ.

ഉത്തരം കിട്ടാനായി വിദ്യാർത്ഥികൾ ആകാംക്ഷയോടിരിക്കുന്നു. യാതൊരു ചാഞ്ചല്യവും കൂടാതെ ഉത്തരം കൊടുത്തു.

"അതിനുള്ള അധികാരം മെത്രാന്മാരുടെ സൂനഹദോസിനാണ്. രണ്ടോ മൂന്നോ മേല്പ്പട്ടക്കാർ ചേർന്നാൽ മെത്രാനെ വാഴിക്കാമെന്ന് നിഖ്യാ സൂനഹദോസിന്റെ തീരുമാനത്തിലുണ്ട്. മലങ്കരയിലെ മൂന്നു മേല്പ്പട്ടക്കാർ ചേർന്നാണല്ലോ നമ്മുടെ അൽവാറീസ് മെത്രാച്ചനെ വാഴിച്ചത്".



malankaralibrary.com

വിദ്യാർത്ഥികളിൽ ചിലരുടെ മുഖത്ത് സന്തോഷത്തിന്റെ തെളിച്ചം. മറ്റു ചിലരിൽ അനിഷ്ടഭാവവും.

ആത്മരക്ഷയെപ്പറ്റി പഠിപ്പിച്ചുകൊണ്ടു ക്ലാസു തുടർന്നു. സ്കൂൾ സമയം കഴിഞ്ഞിട്ടും അവർ പിരിഞ്ഞുപോകുന്നില്ല. പാത്രിയർക്കീസിന്റെ വരവുമൂലം അവർക്കു പല ക്ലാസുകളും നഷ്ടപ്പെട്ടിരുന്നല്ലോ. അവർക്കൊപ്പമിരുന്ന് സംശയങ്ങളെല്ലാം തീർത്തുകൊടുക്കുകയായിരുന്നു എം.എ. അച്ചൻ. സഭാ വിഷയങ്ങൾ അറിയാൻ ദാഹിച്ചിരുന്ന മിടുക്കന്മാരായ ശെമ്മാശന്മാരുണ്ടായിരുന്നു. എം.എ. അച്ചനെ സംബന്ധിച്ച് അവർ ശിഷ്യരെക്കാളുപരി സുഹൃത്തുക്കളായിരുന്നു. ആദ്യം പരിചയപ്പെട്ടത് യാക്കൂബ് ശെമ്മാശനായിരുന്നു. ഇപ്പോൾ മറ്റു രണ്ടുമൂന്നു പേരെക്കൂടി കിട്ടിയിരിക്കുന്നു. ഒരാൾ വട്ടശ്ശേരിൽ തിരുമേനിയുടെ ബന്ധു. മല്ലപ്പള്ളി വാളക്കുഴിയിൽ ജോസഫ് ശെമ്മാശൻ. അയാളുടെ മാതൃമാതുലനാണ് വട്ടശ്ശേരിൽ മെത്രാപ്പോലീത്താ. താമസം പഴയ സെമിനാരിയിൽ. സ്കൂളിലെ അറിയപ്പെടുന്ന സ്പോർട്ട്സ്മാനുമാണ്. മറ്റു രണ്ടുപേർ വലിയ സഭാപാരമ്പര്യമുള്ള കുടുംബങ്ങളിൽ നിന്നുള്ളവർ. ഒരാൾ പുലിക്കോട്ടു ജോസഫ് ശെമ്മാശൻ. മറ്റേ ആൾ ചേപ്പാട്ടു പീലിപ്പോസു ശെമ്മാശൻ. ഇരുവരും നല്ല പ്രസംഗകരും എഴുത്തുകാരും. ഇവരെല്ലാമാണീ ക്ലാസിലുള്ളത്. അവരുടെ സംശയങ്ങൾ പരിഹരിച്ച് ക്ലാസ് അവസാനിപ്പിച്ചു.

പലരും പഴയ സെമിനാരിയിൽ കാത്തിരിക്കുന്നതറിഞ്ഞ് അങ്ങോട്ടുപോയി. എല്ലാവരും മെത്രാപ്പോലീത്തായെ ചെന്നുകണ്ടു.

അദ്ദേഹം ചിന്താകുലനായിരുന്നു. എം.എ. അച്ചനെ കണ്ടപ്പോൾ പറഞ്ഞു.

“അധികാര ഉടമ്പടി ബാവാ പലതവണ ആവശ്യപ്പെട്ടു. നേരിട്ടും കൂടെ വന്ന റമ്പാന്മാർ മുഖേനയും. പുതുപ്പള്ളിക്കാരും മറ്റും ഉടമ്പടി എഴുതിക്കൊടുത്തുവെന്നാണു കേൾക്കുന്നത്” .

എം.എ. അച്ചൻ അദ്ദേഹത്തെ ധൈര്യപ്പെടുത്തി.

“ആരെഴുതിക്കൊടുത്താലും അങ്ങതു ചെയ്യരുത്. ലോകത്തുള്ള ഒരു പാത്രിയർക്കീസിനും ലൗകീകാധികാരമില്ല. അതാതു സ്ഥലത്തുള്ള സൂനഹദോസിനു മാത്രമാണ് അതിനുള്ള അധികാരം. മലങ്കര സഭ സ്വയം ഭരണാവകാശമുള്ള മെത്രാപ്പോലീത്തൻ ഇടവകയാണ്. ഗ്രീക്കിലെ യൗനാ സഭയിൽ പതിനഞ്ചുകോടി ജനങ്ങളുണ്ട്. അവരെല്ലാം കുസ്തന്തീനോസ് പോലീസിലെ പാത്രിയർക്കീസിനെ മതാദ്ധ്യക്ഷനായി ആദരിക്കുന്നു. എന്നാൽ അവിടെങ്ങും പാത്രിയർക്കീസിനു യാതൊരു ലൗകികാധികാരവുമില്ല. ബൾഗേറിയൻ സഭയിലും റുമാനിയാ സഭയിലുമെല്ലാം ഇതുതന്നെ സ്ഥിതി”.



malankaralibrary.com

സഭാചരിത്ര നിപുണനായ എം.എ. അച്ചന്റെ വിശദീകരണത്തിൽ എല്ലാവർക്കും ധൈര്യം.

"മലങ്കര പൊതുയോഗം ഉടൻ വിളിച്ചു കൂട്ടാനുള്ള കല്പനകൾ അയച്ചിട്ടുണ്ട്. എല്ലാവരോടും പണിക്കരച്ചൻ തന്നെ കാര്യങ്ങൾ പറഞ്ഞു ബോദ്ധ്യപ്പെടുത്തണം"

എം.എ. അച്ചൻ പറഞ്ഞു.

"ബാവാ ഈയിടെ വിളിച്ചുകൂട്ടിയ പൊതുയോഗത്തിൽ വച്ചുതന്നെ ഭൂരിപക്ഷം സമുദായ പ്രതിനിധികളും നമ്മുടെ പക്ഷത്താണെന്ന് തെളിഞ്ഞുകഴിഞ്ഞു. അപ്പോൾ പിന്നെ മറ്റൊരു പൊതുയോഗം കൂടി അടിയന്തിരമായി ചേരണമോ?"

"പണിക്കരച്ചന്റെ വാദം ശരിതന്നെ. ദൂരദേശത്തുനിന്നും യാത്രാസൗകര്യം പോലുമില്ലാതെയാണ് നമ്മുടെ ആളുകൾ വരേണ്ടത്. എങ്കിലും ഉടനൊരു പൊതുയോഗം ആവശ്യമാണ്. നമ്മുടെ പക്ഷക്കാരെക്കൂടി സ്വാധീനിക്കാൻ ബാവായും കൂട്ടരും നാടെങ്ങും ഓടിനടന്ന് പ്രവർത്തിക്കുന്നെന്നാണറിയുന്നത്"

സംസാരിച്ചിരിക്കുന്നതിനിടയിൽ ഒരാൾ വന്നു പറഞ്ഞു."എം.എ. അച്ചനെ ബാവ തിരുമേനി വിളിക്കുന്നു". എല്ലാവരും പരിഭ്രമിച്ചു. എന്താണു കാര്യമെന്നറിയാൻ എല്ലാവർക്കും ആകാംക്ഷ. അനിഷ്ടമായതെന്തെങ്കിലും സംഭവിക്കുമെന്നവർ ആകുലപ്പെട്ടു.

എം.എ. അച്ചൻ തൊട്ടടുത്ത മുറിയിലെത്തി. കസേരയിൽ വളരെ ഗൗരവത്തോടിരിക്കുകയാണ് ബാവാ. അടുത്ത് മാർ കൂറിലോസ്, കോനാട്ട് മല്പാൻ, ശീമ റമ്പാന്മാർ തുടങ്ങിയവർ.

ചെന്നയുടൻ ബാവാ ദേഷ്യപ്പെട്ടു.

"പാത്രിയർക്കീസന്മാർക്കു മാത്രമല്ല മെത്രാപ്പോലീത്താമാർക്കും മൂറോൻ കൂദാശ ചെയ്യാമെന്നും മെത്രാന്മാരെ വാഴിക്കാമെന്നും താൻ സ്കൂളിൽ പഠിപ്പിച്ചുവെന്നു നാം അറിഞ്ഞു. ഇതു വാസ്തവമോ?"

താൻ ഊഹിച്ചതുതന്നെ സംഭവിച്ചിരിക്കുന്നു. ബാവാപക്ഷത്തുള്ള വിദ്യാർത്ഥികളാരോ തന്നെ ഒറ്റുകൊടുത്തിരിക്കുന്നു. എന്നാൽ സത്യമല്ലാതെ മറ്റൊന്നും താൻ പഠിപ്പിച്ചിട്ടില്ലല്ലോ. അതുകൊണ്ട് നിർഭയനായി മറുപടി കൊടുത്തു.

"മൂറോനെപ്പറ്റി യാതൊന്നും പഠിപ്പിച്ചിട്ടില്ല. മേല്പട്ടക്കാരെ വാഴിക്കുന്നതിനെപ്പറ്റി മാത്രമാണു പഠിപ്പിച്ചത്."

"ശരി. അങ്ങനെ പഠിപ്പിക്കാനുള്ള കാരണം?"



malankaralibrary.com

എം.എ. അച്ചനെ ബാവാ ശിക്ഷിക്കുന്നതു കാണാൻ ആർത്തിപൂണ്ടു നിൽക്കുകയാണ് ബാവാപക്ഷക്കാർ. അവരുടെ കഴുകൻ കണ്ണുകളിലേക്ക് ഒരു നിമിഷം നോക്കി ചങ്കുറപ്പോടെ അച്ചൻ പറഞ്ഞു.

"ഹൂദായ കാനോനിൽ അപ്രകാരമാണ് കാണുന്നത്". ഒരക്ഷരം പിന്നെ ചോദിക്കാൻ ബാവായ്ക്കു കഴിഞ്ഞില്ല. സഭാനിയമത്തിൽ എം.എ. അച്ചനുള്ള അവഗാഹം വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ബാവാ ഹാസ്യാത്മകമായി ചിരിച്ചുകൊണ്ട് തൊട്ടടുത്തുനിന്ന കോനാട്ടു മല്പാനോടു പറഞ്ഞു.

"ഇയ്യാളുടെ വഴി വിസ്താരമുള്ളത്. ഇയ്യാളൊരു വിജ്ഞാന സമുദ്രം തന്നെ".

എം.എ. അച്ചനെ നോക്കി ബാവാ തുടർന്നു.

"നാം നിങ്ങളോടു ക്ഷമിച്ചിരിക്കുന്നു. അനുഗ്രഹിക്കട്ടെ, മുട്ടുകുത്തുക".

എം.എ. അച്ചൻ പറഞ്ഞു.

"അതിനു ഞാൻ യാതൊരു കുറ്റവും ചെയ്തിട്ടില്ല. എങ്കിലും അവിടുത്തെ അനുഗ്രഹം ആവശ്യമാണ്"

ബാവായുടെ അനുഗ്രഹം നേടി അദ്ദേഹം തിരിച്ചുപോന്നു.

വീണ്ടും കോട്ടയത്ത് മലങ്കര അസോസിയേഷന്റെ അടിയന്തിര യോഗം. മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം സകലരും ഹാജരായി.

എല്ലാവരുടെയും ആശാകേന്ദ്രം എം.എ. അച്ചൻ. അദ്ദേഹം വേദിയിൽ പ്രസംഗിക്കാൻ എഴുന്നേറ്റു.

"..... പാത്രിയർക്കീസിനു മലങ്കര സഭമേൽ എന്തെല്ലാം അധികാരങ്ങൾ ഉണ്ടോ അവയെല്ലാം നാം അദ്ദേഹത്തിനു കൊടുക്കണം. ഇല്ലാത്ത യാതൊന്നും തീരെ സമ്മതിക്കുകയുമരുത്".

അതുകേട്ട് ജനം ഉച്ചത്തിൽ കയ്യടിച്ചു.

എം.എ. അച്ചൻ തുടർന്നു.

"തെറ്റു കണ്ടാൽ തിരുത്തുക മാത്രമായിരുന്നു ആദ്യ കാലത്ത് പാത്രിയർക്കീസിന്റെ ധർമ്മം. പിന്നീടത് അധികാരത്തിലേക്ക് വന്നു. മുടക്കെന്ന ഭീഷണിയുമായി ഇവിടെ അബ്ദുള്ളാ ബാവാ തിരുമേനി എത്തിയിരിക്കുന്നു. ഊർശ്ലേമിലെ മാർ ഈവാനിയോസിനു സംഭവിച്ചതുതന്നെ നമ്മുടെ മെത്രാപ്പോലീത്താ തിരുമനസ്സിനും ഉണ്ടാകുമെന്നാണ് അദ്ദേഹം കൽപ്പിക്കുന്നത്. എന്നാൽ സഭാനിയമപ്രകാരം പൊതുഅംഗീകാരം



malankaralibrary.com

കൂടാതെ മുടക്കാൻ ആർക്കും അധികാരമില്ല. നിങ്ങളെല്ലാവരുടെയും പിന്തുണ ഇപ്പോഴാണ് അത്യാവശ്യമായിട്ടുള്ളത്".

ജനം വീണ്ടും കയ്യടിച്ചുകൊണ്ട് തങ്ങളുടെ പിന്തുണ അറിയിച്ചു.

അദ്ദേഹം തുടർന്നു.

"ഒരിക്കലൊരു പാത്രിയർക്കീസ് ഒരു വൈദികനെ പൊതു സമ്മതം കൂടാതെ മുടക്കി. വൈദികൻ കാലുപിടിച്ചപേക്ഷിച്ചിട്ടും പാത്രിയർക്കീസ് മുടക്കഴിച്ചില്ല. വൈദികൻ നേരെ മെത്രാൻ സംഘത്തെ കണ്ട് സങ്കടമറിയിച്ചു. അവർ ഒന്നടങ്കം പാത്രിയർക്കീസിനെതിരെ ശബ്ദമുയർത്തി. എന്നിട്ടും പാത്രിയർക്കീസ് വഴിപ്പെടാതായപ്പോൾ മെത്രാന്മാർ എന്താണു ചെയ്തതെന്നോ? അവർ പാത്രിയർക്കീസിനെ നിഷേധിക്കുകയും മുടക്കപ്പെട്ട വൈദികനെ പുതിയ പാത്രിയർക്കീസായി ഉയർത്തുകയുമാണ് ചെയ്തത്"

ജനത്തെ ബലപ്പെടുത്തുന്ന പ്രസംഗമായിരുന്നു അത്. രണഭൂമിയിലേക്കു കുതിച്ചുചാടാൻ അവർ സജ്ജരാക്കപ്പെട്ടതുപോലെ.

പ്രതീക്ഷയുള്ള പള്ളികളിലെല്ലാം ബാവായും കൂട്ടരും കയറിയിറങ്ങി. പലരും ബാവായെ ഭയന്ന് അധികാരപത്രം ഒപ്പുവച്ചു കൊടുത്തു. മാർ കൂറിലോസ് അധികാരമോഹം മൂലം ഉടമ്പടി എഴുതിക്കൊടുത്തു. എന്നിട്ടും ബാവായുടെ ദൃഷ്ടികൾ മലങ്കരാധിപനായ മെത്രാപ്പോലീത്തായിലാണ്. അദ്ദേഹത്തിൽനിന്നുള്ള ഉടമ്പടി കിട്ടിയെങ്കിലേ ലക്ഷ്യം നേടാനാകൂ.

അതിനുമുമ്പേ സ്വപക്ഷത്തുള്ള പ്രബലന്മാരെയെല്ലാം പഴയ സെമിനാരിയിലേക്കു ബാവാ വരുത്തി. മറുഭാഗത്തുള്ളവർ താമസിക്കുന്ന മുറികളുടെ താക്കോലുകൾ സൂത്രത്തിൽ കവർന്നെടുത്തു. മുറികളിൽ സൂക്ഷിച്ചിരിക്കുന്ന വിലപിടിച്ച രേഖകളും തുകയും കൈക്കലാക്കി മാർ കൂറിലോസ്, കോനാട്ടു മല്പാൻ എന്നിവരോട് പഴയസെമിനാരിയുടെ വടക്കുവശത്ത് ഒഴിവുള്ള മുറികളെല്ലാം കയ്യടക്കാൻ ബാവാ കൽപിച്ചു. മാർ ഒസ്താത്തിയോസ് തെക്കു പടിഞ്ഞാറുള്ള കോണുമുറിയിൽ താമസമാക്കി.

നേരത്തെതന്നെ താമസമാക്കിയിരുന്ന ശീമറമ്പാന്മാർക്ക് കൂട്ടായി ഔഗേൻ റമ്പാനും വന്നു. ഇനി തെക്കുവശത്ത് മെത്രാപ്പോലീത്തായുടെ മുറി കഴിഞ്ഞാൽ തൊട്ടടുത്ത് ഒന്നുരണ്ടു മുറികൾ മാത്രമേയുള്ളൂ.

പഴയ സെമിനാരിയിലെ മുറികളെല്ലാം ബാവായും കൂട്ടരും കൈക്കലാക്കുന്നുവെന്നു കേട്ട് എം.എ. അച്ചൻ താമസം എം.ഡി. സെമിനാരി



malankaralibrary.com

യിൽനിന്നും പഴയ സെമിനാരിയിലേക്കു മാറ്റി. മെത്രാപ്പോലീത്തായുടെ മുറിയുടെ തൊട്ടടുത്ത മുറിയിൽ. അവിടെനിന്നും ചേപ്പാട്ടു ശെമ്മാശനെയും കൊണ്ടുവന്ന് ഒഴിവുള്ള മറ്റൊരു മുറിയിൽ പാർപ്പിച്ചു. സഭാവിജ്ഞാനത്തിനായി ദാഹിക്കുന്ന ശെമ്മാശന് എം.എ. അച്ചന്റെ തൊട്ടടുത്തുള്ള വാസം ഏറ്റം ആഹ്ളാദകരമായി. അതുപോലെ, ശൂരനായ ശെമ്മാശന്റെ സാന്നിദ്ധ്യം എം.എ. അച്ചനെ സംബന്ധിച്ച് സഹായകവും.

സെമിനാരി മുറികളും വസ്തുവകകളും കയ്യടക്കിയിട്ടും ബാവായ്ക്കു വഴിപ്പെടാൻ മെത്രാപ്പോലീത്താ കൂട്ടാക്കുന്നില്ല. ബാവാ കടുത്ത ചില നിശ്ചയങ്ങളോടെ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ നേരിട്ടു.

"അവസാനമായി ഒരവസരംകൂടി നാം നൽകുന്നു. അധികാരപത്രം ഒപ്പുവച്ച് ഉടൻ തരണം. ഇല്ലെങ്കിൽ നിങ്ങൾ ദുഃഖിക്കേണ്ടിവരും"

ഒട്ടും കൂസാതെ മാർ വട്ടശ്ശേരിൽ തറപ്പിച്ചു പറഞ്ഞു.

"അഭിപ്രായം മാറ്റിപ്പറയുന്ന പ്രകൃതക്കാരനല്ല ഞാൻ. തരില്ല എന്നു പറഞ്ഞാൽ എന്നും അതുതന്നെയേ പറയൂ."

ബാവാ കോപത്താൽ ജ്വലിച്ചു. മെത്രാപ്പോലീത്തായുടെ മുഖത്തുനോക്കി ഉഗ്രമായി അദ്ദേഹം ആട്ടി.

"ഫൂ...... അഹങ്കാരീ...... ആരെയാണ് ധിക്കരിക്കുന്നതെന്നറിയാമോ. നിങ്ങളെ വാഴിച്ചതു നാമാണെങ്കിൽ മുടക്കാനും നമുക്കറിയാം."

മെത്രാച്ചൻ പിന്നൊന്നും പറഞ്ഞില്ല. ഉടൻ തൊട്ടടുത്ത മുറിയിലേക്ക് പോയി. ക്ഷോഭത്തിന്റെ ഫലമായെന്നവണ്ണം കയ്യ് ശക്തമായി വിറയ്ക്കുന്നുണ്ടായിരുന്നു.

പക്ഷേ, മെത്രാപ്പോലീത്തായും അടങ്ങിയിരുന്നില്ല. മാനേജിംഗ് കമ്മറ്റിയുടെ പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു. കൂട്ടു ട്രസ്റ്റികളായ കോനാട്ടു മല്പാനെയും സി.ജെ. കുര്യനെയും സ്ഥാനഭ്രഷ്ടരാക്കുവാൻ മെത്രാപ്പോലീത്തായും മാനേജിംഗ് കമ്മിറ്റിയും തീരുമാനിച്ചു. പകരം വൈദികരുടെ ഭാഗത്തു നിന്നൊരാളെയും അൽമായരിൽ നിന്നൊരാളെയും തെരഞ്ഞെടുക്കണം. ഭൂരിപക്ഷ തീരുമാനപ്രകാരം പാലപ്പള്ളിൽ മാണി പൗലൂസ് കത്തനാരും ചിറക്കടവിൽ കോരുള അബ്രഹാമും പുതിയ കൂട്ടു ട്രസ്റ്റികളായി രംഗപ്രവേശം ചെയ്തു.

ഇതോടെ പഴയ സെമിനാരിയിൽ ശക്തമായ രണ്ടു ചേരികൾ. ബാവായും കൂട്ടരും യുദ്ധത്തിനൊരുങ്ങി. പടനായകന്മാരായി കോനാട്ടു മല്പാനും സി.ജെ. കുര്യനും മുൻനിരയിൽ. എന്തും ചെയ്യാൻ തയ്യാറായി



malankaralibrary.com

ഊഴം കാത്തു കഴിയുകയാണ് ഇരുവരും. കൂർമ്മബുദ്ധിയായ കോനാട്ടു മല്പാനും മെത്രാപ്പോലീത്തായുടെ ഓരോ നീക്കവും ശ്രദ്ധയോടെ വീക്ഷിക്കുകയാണ്. കാലിനു സ്വാധീനക്കുറവുണ്ടെങ്കിലും കുര്യനും ഒട്ടും മോശമല്ല. വാതംമൂലം നടക്കാൻതന്നെ അയാൾക്കു പ്രയാസമാണ്. തിരുവനന്തപുരത്ത് 'വെസ്റ്റാർ' എന്ന ഇംഗ്ലീഷ് പത്രത്തിന്റെ ഉടമയാണ്. അതിന്റെ പത്രാധിപസ്ഥാനം മറ്റൊരാളെ ഏൽപ്പിച്ച് ഇവിടെയെത്തി പഴയ സെമിനാരിയിൽ താമസിക്കുകയാണയാൾ.

പഴയ സെമിനാരിയും പറമ്പും തങ്ങൾക്കധീനമാണെന്ന് കാണിച്ച് ഇരുവരും കോടതിയിൽ വ്യവഹാരം നടത്തുകയുമാണ്.

സമരിക്കേസ് എന്ന പേരിൽ നടക്കുന്ന വ്യവഹാരത്തിന്റെ വിധി കാത്തു കഴിയുകയാണവർ. അതിനുള്ള അവസാന ആയുധവും പ്രയോഗിക്കാൻ ബാവാ ഉറച്ചുകഴിഞ്ഞു.

മെത്രാപ്പോലീത്തായെ മുടക്കുക!

പാത്രിയർക്കീസ് മുടക്കുകൽപ്പന എഴുതി. അച്ചടിച്ചു കൊണ്ടുവരാൻ കോനാട്ടു മല്പാനെ ഏൽപ്പിച്ചു. പാമ്പാക്കുട യൂലിയോസ് പ്രസ്സിൽനിന്നും അച്ചടിപ്പിച്ച് ബാവായെ അതേല്പിച്ചു.

മുടക്കുകല്പന തൊട്ടടുത്ത മുറിയിലുള്ള മെത്രാപ്പോലീത്തായ്ക്കു കൊടുക്കണം. പക്ഷേ, ആരുകൊടുക്കും. അഥവാ അങ്ങനെ കൊടുത്താൽ അതിനു തെളിവുണ്ടോ? പാത്രിയർക്കീസ് മുടക്കുകല്പന അഞ്ചൽ തപാൽവഴി രജിസ്റ്റർ ചെയ്തയച്ചു. മാർ കൂറിലോസിനെ മെത്രാപ്പോലീത്തയാക്കിയതായി പ്രഖ്യാപിക്കുകയും ചെയ്തു.

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മുടക്കുകല്പന കൈപ്പറ്റി. റാന്തൽ വെളിച്ചത്തിൽ തുറന്നു വായിച്ചു. എന്തും സഹിക്കാൻ ഉറപ്പേറിയ നെഞ്ചാണെങ്കിലും ഒരു നിമിഷം മനസ്സുപതറിപ്പോയി. വലതുകയ്യുടെ വിറയൽ രൂക്ഷമായി. റാന്തൽ വെളിച്ചമുണ്ടെങ്കിലും ഒന്നും കാണാനാവാത്ത പോലെ. നിന്ന നിൽപ്പിൽ ഉറക്കെ വിളിച്ചു.

"ചേപ്പാട്ടു ശെമ്മാശാ...."

ശെമ്മാശൻ ഓടിവന്നു. കടവിൽനിന്നും കുളികഴിഞ്ഞെത്തിയതേയുള്ളൂ ശെമ്മാശൻ.

"ഉടൻ പണിക്കർ കത്തനാരെ വിളിച്ചുകൊണ്ടുവരൂ"

എം.ഡി. സെമിനാരിയുടെ പൂർണ്ണ ഉത്തരവാദിത്വം ഉള്ളതിനാൽ എം.എ. അച്ചന് എപ്പോഴും പഴയ സെമിനാരിയിൽ നിൽക്കാൻ കഴിഞ്ഞില്ല. അച്ചൻ അന്ന് എം.ഡി. ഹൈസ്കൂളിലാണ്.



malankaralibrary.com

മെത്രാപ്പോലീത്തായുടെ മട്ടും ഭാവവും കണ്ടിട്ട് എന്തോ പന്തികേടു ള്ളതുപോലെ. വലതുകൈ ഇത്രയധികമായി വിറയ്ക്കണമെങ്കിൽ എന്തോ വലിയ മനഃപ്രയാസമുണ്ട്.

ശെമ്മാശനു സംശയം തോന്നി. മെത്രാപ്പോലീത്തായുടെ കയ്യിലെ രജിസ്റ്റർ കത്തു കണ്ടപ്പോൾ ചിലതൊക്കെ ഊഹിക്കുകയും ചെയ്തു.

ഉടൻ വടക്കുവശത്തു നിന്ന് ബാവാപക്ഷക്കാരുടെ അട്ടഹാസം മുഴങ്ങി. അധിക്ഷേപ ശബ്ദവും.

"ആരെ വിളിച്ചോണ്ടുവന്നാലും ഈ മുടക്കഴിയത്തില്ലെടോ ശെമ്മാശാ..." ഇരുട്ടായതിനാൽ മുഖം വ്യക്തമല്ല.

ശെമ്മാശനു കാര്യം പിടികിട്ടി. തങ്ങളുടെ ആദരണീയനായ മെത്രാപ്പോലീത്തായെ ബാവാ മുടക്കിയിരിക്കുന്നു. പിന്നൊരു നിമിഷം അമാന്തിച്ചില്ല. രാത്രിയിൽ വിളക്കുകൂടി എടുക്കാതെ പുറത്തിറങ്ങി ഓടി. മഴ ചാറുന്നുണ്ട്. വഴിനിറയെ കുഴിയും ചെളിയും. ഒന്നും കാര്യമാക്കിയില്ല. നനഞ്ഞുകുളിച്ച് എം.ഡി. സെമിനാരിയിലെത്തി.

സെമിനാരി വക ബംഗ്ലാവിൽ റാന്തൽ വെട്ടത്തിൽ എം.എ. അച്ചൻ ബോർഡിംഗിലുള്ള ശെമ്മാശന്മാരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

മഴ നനഞ്ഞ് രാത്രിയിൽ ഓടിക്കിതച്ചെത്തിയ ശെമ്മാശനെ കണ്ട് അച്ചൻ ചോദിച്ചു.

"എന്താ ശെമ്മാശാ ഈ അസമയത്ത്"

കിതച്ചുകൊണ്ട് ശെമ്മാശൻ അറിയിച്ചു.

"നമ്മുടെ തിരുമേനിയെ ബാവാ മുടക്കി. രജിസ്റ്റർ ചെയ്തയച്ച മുടക്കു കല്പന കിട്ടി. അച്ചൻ ഉടൻ പഴയ സെമിനാരിയിലെത്തണമെന്ന് തിരുമേനി കൽപ്പിച്ചു"

പഠിപ്പിക്കൽ നിർത്തി എം.എ. അച്ചൻ എഴുന്നേറ്റു. ഒപ്പം ശെമ്മാശന്മാരും. അച്ചൻ അവരോടു പറഞ്ഞു.

"എല്ലാവരും പഴയ സെമിനാരിയിലേക്ക് പോകാൻ ഇറങ്ങിക്കൊള്ളുക"

കൂടാതെ കെ.വി. ചാക്കോയെയും എ. പീലിപ്പോസിനെയും വിളിച്ചു. കെ.സി. മാമ്മൻ മാപ്പിളയെ വിളിക്കാനായി ഒരാളെ മനോരമയിലേക്ക് പറഞ്ഞയച്ചു. വാതരോഗത്താൽ നടക്കാൻ വയ്യാതെ വിശ്രമിക്കുകയായിരുന്നു മാമ്മൻ മാപ്പിള.



malankaralibrary.com

മഴച്ചാറ്റൽ ശക്തമാണ്. അതേറ്റ് എല്ലാവരും ഓടി.

പ്രശ്നസങ്കേതമായ പഴയ സെമിനാരിയിലെത്തി. എല്ലാവരും മെത്രാപ്പോലീത്തായുടെ മുറിയിലേക്ക് ഇരച്ചു കയറി.

അദ്ദേഹം അവിടിരുന്ന് അത്താഴം കഴിക്കുകയാണ്. മട്ടയ്ക്കൽ കത്തനാർ കഞ്ഞി വിളമ്പിക്കൊടുക്കുന്നു.

പണിക്കരച്ചൻ ഓടിയെത്തി കൈമുത്തി. മറ്റെല്ലാവരും മുറിയുടെ വാതിലിലും പുറത്തുമായി നിന്നു. എം.എ. അച്ചൻ മെത്രാപ്പോലീത്തായുടെ അരികിലിരുന്നു. നിശബ്ദനായിരുന്ന് കഞ്ഞി കുടിക്കുന്നതിനിടയിൽ ളോഹയുടെ കീശയിൽനിന്നും മുടക്കു കല്പന വലിച്ചെടുത്ത് എം.എ. അച്ചന്റെ കയ്യിൽക്കൊടുത്തു.

കടലാസ് നിവർത്തി വളരെവേഗം അദ്ദേഹം വായിച്ചു. സുറിയാനിയിൽ അച്ചടിച്ച രൂക്ഷമായ ഭാഷയിലുള്ള കത്ത്.

"നീ ഇനിമേൽ മേൽപ്പട്ടക്കാരനോ കത്തനാരോ അല്ല. കത്തനാരന്മാരുടെയും മേല്പട്ടക്കാരുടെയും കൂട്ടത്തിൽനിന്ന് നിന്നെ നാം തള്ളിക്കളഞ്ഞിരിക്കുന്നു."

"മേല്പട്ട സ്ഥാനത്തിന്റെയും പട്ടത്വത്തിന്റെയും മഹത്ത്വമുള്ള അങ്കിയിൽനിന്നും നീ ഉരിയപ്പെട്ടിരിക്കുന്നു."

ഇതിനർത്ഥം എന്താണ്! എം.എ. അച്ചൻ സ്വയം ചോദിച്ചു.

പട്ടത്വം മുടക്കുകൊണ്ട് അഴിഞ്ഞുപോകുമെന്നോ? അഴിവില്ലാത്ത കൂദാശയാണു പട്ടത്വം എന്ന് പാത്രിയർക്കീസിനറിഞ്ഞു കൂടേ. മുടക്കു മൂലം പട്ടത്വം ഇല്ലാതാകുമെങ്കിൽ ഒരാളുടെ മുടക്കു തീർക്കുമ്പോൾ അയാൾ വീണ്ടും പട്ടം ഏൽക്കണമല്ലോ!

മലങ്കരയിലെ ഫറവോൻ എന്നാണ് മെത്രാപ്പോലീത്തായെ കത്തിൽ ഉടനീളം വിശേഷിപ്പിച്ചിരിക്കുന്നത്.

എം.എ. അച്ചൻ ഒരു നിമിഷം വായന നിർത്തി എന്തോ ആലോചിച്ചു. എന്നിട്ട് മെത്രാപ്പോലീത്തായുടെ മുഖത്തേക്കു നോക്കി.

ഇസ്രയേൽജനത്തെ അടിമവേല ചെയ്യിച്ച് കൊല്ലാക്കൊല ചെയ്ത നിഷ്ഠൂരനായ ഫറവോനുമായി താരതമ്യം ചെയ്യാൻ വിധിക്കപ്പെട്ട തന്റെ ഗുരുവിന്റെ മുഖത്തേക്ക്. മർക്കടമുഷ്ടിക്കാരൻ എന്നായിരുന്നു വിശേഷണമെങ്കിൽ അതൊട്ടൊക്കെ ശരിവയ്ക്കാമായിരുന്നു. അത്ര കർക്കശനാണല്ലോ അദ്ദേഹം.

ആരുടെയും മുമ്പിൽ തല കുനിക്കില്ല. ശരിയെന്നു തോന്നിയാൽ മറ്റാരെതിർത്താലും വകവയ്ക്കില്ല. സ്വന്തം ഗുരുനാഥനെന്ന് എവിടെയും



malankaralibrary.com

പറയാൻ സന്തോഷം തരുന്ന വ്യക്തിത്വം. പക്ഷേ ഫറവോൻ എന്ന ചിത്രീകരണം! അതു ക്രൂരമല്ലേ. മെത്രാപ്പോലീത്തായുടെ മുഖം നിർഭയമായിരിക്കുന്നു. എന്തും സഹിക്കാൻ മനസ്സിനെ പഠിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ആശ്വാസം.

നിർത്തിയിടത്തുനിന്നും വായന തുടർന്നു. മുടക്കാനുള്ള കാരണം എന്താണെന്നാണ് അറിയേണ്ടത്.

അക്കമിട്ട് നിരവധി കാരണങ്ങൾ നിരത്തിയിട്ടുമുണ്ട്. അനുസരണമില്ലാത്തവൻ; സ്വത്ത് തോന്നുംപോലെ ചെലവിടുന്നവൻ; കോങ്കണ്ണൻ; കൈവിറയൽമൂലം പരാശ്രയം തേടുന്നവൻ.....

പിന്നെയും എന്തൊക്കെയോ കാരണങ്ങൾ. തുടർന്നു വായിക്കാൻ തോന്നിയില്ല. കത്തുമടക്കി തിരിച്ചേൽപ്പിച്ചു. എന്നിട്ട് പറഞ്ഞു.

"ദുർബലങ്ങളും അടിസ്ഥാനമില്ലാത്തവയുമായ കാരണങ്ങളാണ് മുടക്കു കല്പനയിലുള്ളത്. ഓരാത്മീയ പിതാവ് ഇത്ര കുടില മാർഗ്ഗം സ്വീകരിച്ചതിൽ മാത്രമാണു നാം ദുഃഖിക്കേണ്ടത്."

കഞ്ഞി കുടിച്ചെഴുന്നേറ്റ് മെത്രാച്ചൻ പറഞ്ഞു;

"എനിക്കിപ്പോൾ ദുഃഖമൊന്നുമില്ല പണിക്കരച്ചാ. ബാവായ്ക്കു ഒരു വെടിക്കുള്ള മരുന്നേയുള്ളൂ. അതെടുത്തങ്ങു പ്രയോഗിച്ചു. അത്രമാത്രം".

മുറിയിലേക്ക് ഇലഞ്ഞിക്കൽ ജോൺ വക്കീൽ കടന്നുവന്നു. സഭയിൽ പ്രശ്നങ്ങളുണ്ടായതിൽപിന്നെ തിരുവനന്തപുരത്തു നിന്നും കോട്ടയത്തു വന്ന് താമസിക്കുകയായിരുന്നു ജോൺ വക്കീൽ. വ്യവഹാരങ്ങൾ വളരെയുണ്ടായിട്ടും സഭാസേവനത്തിനായി മുഴുവൻ സമയവും നീക്കിവെച്ചിരിക്കുകയാണദ്ദേഹം.

വക്കീൽ വീറോടെ പറഞ്ഞു.

"ബാവായെ കണ്ടിട്ടാണു ഞാൻ വരുന്നത്. മുഷിഞ്ഞു ചിലത് പറയേണ്ടതായും വന്നു. മുടക്ക് ആത്മീയവുമല്ല, ലൗകികവുമല്ല, പൈശാചികമാണ് എന്നു ഞാൻ തുറന്നു പറഞ്ഞു. മുടക്കണമെന്നു നിർബന്ധമാണെങ്കിൽ എന്നെ മുടക്ക്, ഞാനതു തകർത്തു കാണിക്കാം എന്നു വെല്ലുവിളിക്കുകവരെ ചെയ്തുപോയി".

ഇത്ര വീറോടെ ജോൺവക്കീൽ ഒരിക്കലും എതിർത്തു കണ്ടിട്ടില്ല. അത്ര ശാന്തനും സമാധാന കാംക്ഷിയുമായ അയാൾപോലും ബാവായെ വെറുത്തുകഴിഞ്ഞു.



malankaralibrary.com

വക്കീലിന്റെ തോളിൽത്തട്ടി എം.എ. അച്ചൻ പുഞ്ചിരിയോടെ പറഞ്ഞു.

"ബാവായുടെ മുടക്കുകല്പനയ്ക്ക് ഇത്രയേറെ പ്രാധാന്യം കൊടുക്കേണ്ടതില്ല. കോപാവേശത്തിന്റെ പ്രകടനമായി മാത്രം അതിനെ കരുതിയാൽ മതി. മുടക്കാനായി ഹൂദായ കാനോനിൽ പറയുന്ന കാര്യങ്ങളൊന്നും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. മുടക്കുന്നതിനുമുമ്പ്, മേല്പട്ടക്കാരുടെ സൂനഹദോസു കൂടേണ്ടതുണ്ട്. മൂന്നു മേല്പട്ടക്കാരില്ലാതെ മെത്രാനെ വാഴിക്കാൻ പറ്റാത്തതുപോലെ ഒരാളുമാത്രം വിചാരിച്ചാൽ മുടക്കാനും പറ്റില്ല".

കാനൻ പണ്ഡിതനായ എം.എ. അച്ചന്റെ വിശദീകരണം കേട്ട് പുറത്തുനിന്നവരെല്ലാം മുറിയിലേക്കു കയറാൻ തിക്കിത്തിരക്കിനിന്നു. വിശദീകരണം തുടർന്നു.

"അതുപോലെതന്നെ ആരെ മുടക്കണമോ അവർക്കെതിരെ കുറ്റാരോപണങ്ങൾ ഉണ്ടായിരിക്കണം. ഇവിടെ നമ്മുടെ തിരുമേനിക്കെതിരെ എന്തു കുറ്റാരോപണമാണുള്ളത്. കൈയ്ക്കു വിറയലുള്ളതിനാൽ പരസഹായം വേണ്ടിവരുന്നു എന്നതുമാത്രമാണിവിടെ എടുത്തു പറയുന്നത്. പാത്രിയർക്കീസുബാവായും ബലിയർപ്പണസമയത്ത് ക്ഷീണം നിമിത്തം കസേരയിലിരിക്കുകയും പകരം കുർബാന ചൊല്ലാൻ മറ്റൊരാളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ടല്ലോ. മാത്രമല്ല; ശരീരത്തിന്റെ ഊനം, സ്ഥാനത്തിന് അയോഗ്യത ഉണ്ടാക്കുന്നില്ല എന്ന് ഹൂദായ കാനോനിലുണ്ട്. വിറയലുണ്ടെന്നകാര്യം അറിഞ്ഞുകൊണ്ടുതന്നെയാണ് പാത്രിയർക്കീസു ബാവാ മെത്രാഭിഷേകം നടത്തിയതും".

മെത്രാപ്പോലീത്ത എം.എ. അച്ചനോടു ചോദിച്ചു.

"നമ്മൾ മുടക്കു കല്പന കാര്യമാക്കുന്നില്ലെങ്കിലും ബാവാ കക്ഷികൾ അങ്ങനെയല്ലല്ലോ. അതിന്റെ പേരിൽ നമ്മളെ ഇവിടെനിന്നിറക്കിവിടാൻ തുനിഞ്ഞാലോ. അതുകൊണ്ട് നമുക്കുടനെ മാനേജിംഗ് കമ്മിറ്റി കൂടി ആലോചിച്ചാലോ?"

എം.എ. അച്ചൻ മറുപടി പറയുംമുമ്പ് ജോൺ വക്കീൽ പറഞ്ഞു.

"പക്ഷേ, നാളെ പള്ളിയിൽ മുടക്കു കല്പന പരസ്യമായി വായിക്കുമെന്നൊരു ശ്രുതി കേൾക്കുന്നുണ്ട്. അതിനിപ്പോൾ എന്തുചെയ്യാൻ പറ്റുമെന്നാണ് ഉടൻ ചിന്തിക്കേണ്ടത്"

അതുവരെയും എല്ലാം സശ്രദ്ധം കേട്ടുകൊണ്ടു നിന്ന ചേപ്പാട്ടു പീലിപ്പോസ് ശെമ്മാശൻ മുന്നോട്ടു വന്നു പറഞ്ഞു.



malankaralibrary.com

“മുടക്കു കല്പന നാളെ വായിക്കാൻ തുടങ്ങിയാൽ അതു തടസ്സപ്പെടുത്തുന്ന കാര്യം ഞാനേറ്റു”

“അത്കു തടസ്സപ്പെടുത്താൻ ശെമ്മാശൻ എന്തുചെയ്യും?” ശെമ്മാശന്റെ ഗുരുവായ എം.എ. അച്ചൻ ചോദിച്ചു.

അലങ്കോലപ്പെടുത്താനാണു ശ്രമമെങ്കിൽ അതുപാടില്ലെന്നു പറയാൻ വേണ്ടിയാണ് ചോദിച്ചത്. കാരണം, പള്ളിയുടെ പാവനത നശിപ്പിക്കപ്പെടരുതല്ലോ.

ഉടൻ ചേപ്പാട്ടു ശെമ്മാശൻ സെമിനാരിക്കുട്ടികളുടെ അടുത്തു ചെന്ന് എന്തോ രഹസ്യമായി ചോദിച്ചു. അവരെല്ലാവരും അനുകൂലമായി തലയാട്ടി സമ്മതം കൊടുത്തു. കുട്ടികളുടെ മുഖത്ത് പെട്ടെന്നൊരുണർവ്വും സന്തോഷവും.

കുട്ടികളുടെ അടുത്തുനിന്നും ചേപ്പാട്ടു ശെമ്മാശൻ തിരികെ വന്ന് പദ്ധതി വിവരിച്ചു.

“മുടക്കു കല്പന പള്ളിയിൽ വായിക്കാൻ തുടങ്ങിയാൽ നമ്മുടെ സെമിനാരിക്കുട്ടികൾ നിർത്താതെ കുറിയേലായിസോൻ...... എന്നുറക്കെ നീട്ടി വിളിച്ചുകൊണ്ടു നിൽക്കും.” പരിശുദ്ധ കുർബ്ബാന മദ്ധ്യേയാണെങ്കിൽപോലും കുറിയേലായിസോൻ എന്ന് എത്ര ഉച്ചത്തിൽ വിളിച്ചാലും അതു തെറ്റാവുകയില്ലല്ലോ

ശെമ്മാശന്റെ പദ്ധതി എല്ലാവരും അംഗീകരിച്ചു. പിന്നെ നയപരിപാടികൾ ചർച്ച ചെയ്തശേഷം പാതിരാത്രിയോടെ സമുദായപ്രമാണിമാർ പിരിഞ്ഞുപോയി.

പിറ്റേന്നു ഞായറാഴ്ച.

മുടക്കു കല്പന പള്ളിയിൽ വായിക്കുമെന്ന വാർത്ത കോട്ടയത്തെങ്ങും പരന്നു. പതിവിലേറെ രാവിലെതന്നെ ഇരുകൂട്ടരും പഴയ സെമിനാരിയിലേക്കു കുതിച്ചു. മുടക്കു കല്പന കേൾക്കാൻ സന്തോഷത്തോടെ ബാവാകക്ഷിക്കാർ നിൽക്കുന്നു. എന്നാൽ മെത്രാൻ കക്ഷികളുടെ മുഖത്ത് ആശങ്കയും ക്രൗര്യവും. ഒളിപ്പിച്ച ആയുധങ്ങളുമായാണ് പലരുടേയും വരവ്. മുടക്കുകല്പന വായിച്ചാൽ പള്ളി യുദ്ധക്കളമാക്കാനാണവരുടെ പരിപാടി.

പള്ളിക്കുള്ളിൽ സ്ഥലം പോരായ്കയാൽ മുറ്റത്തും ജനം തിങ്ങി നിൽക്കുന്നു. ആരാധനാലയമാണെന്നുള്ള ബോധംപോലും പലർക്കുമില്ലാത്ത പോലെ. എവിടെയും സംസാരകോലാഹലം. ഉച്ചത്തിൽ അസഭ്യവർഷവും.



malankaralibrary.com

ഉടൻ ബാവാ എത്തി. കൂടെ മാർ കൂറിലോസും കോനാട്ടു മല്പാനും സി.ജെ. കുര്യനും. ജനവികാരം എന്തെന്നറിയാനായി കുര്യൻ പള്ളി മുറ്റത്തു തന്നെ നിന്നു. ബാവായും കൂട്ടരും ജനക്കൂട്ടത്തിനിടയിലൂടെ ഞെരുങ്ങി നടന്ന് മദ്ബഹായിൽ പ്രവേശിച്ചു.

ആരാധന തുടങ്ങിക്കഴിഞ്ഞാണ് എം.എ. അച്ചൻ വന്നത്. എം.ഡി. സെമിനാരിയിൽ നിന്നുമാണ് വരുന്നത്. നേരേ മദ്ബഹായിലെത്തി. ബാവാ അവിടെ കസേരയിലുണ്ട്. തൊട്ടരികിൽ കോനാട്ടു മല്പാൻ.

അല്പം കഴിഞ്ഞതേയുള്ളൂ.ചേപ്പാട്ടു പീലിപ്പോസു ശെമ്മാശൻ മദ്ബ ഹായുടെ പിൻവഴിയിലൂടെ വന്ന് എം.എ. അച്ചനെ രഹസ്യമായി കൈകാട്ടി വിളിച്ചു. അത്യാവശ്യമെന്തെങ്കിലുമാവുമെന്നു കരുതി അദ്ദേഹം ശെമ്മാശനെ സമീപിച്ചു. ഉദ്വേഗത്തോടെ ശെമ്മാശൻ അറിയിച്ചു.

“ധൃതിക്കിടയിൽ ബാവാ മുറി പൂട്ടാതെയാണ് ഇറങ്ങിപ്പോന്നത്. അവർ നമ്മിൽനിന്നും മോഷ്ടിച്ചെടുത്ത പല അത്യാവശ്യരേഖകളും പണവും മുറികളുടെ താക്കോലുകളുമെല്ലാം ആ മുറിക്കുള്ളിലിരിപ്പുണ്ട്. ഞാനതെല്ലാം തിരിച്ചെടുക്കട്ടെയോ? അവിടൊരൊറ്റ മനുഷ്യരുമില്ല”

“വേണ്ടാ”

വിലക്കിയിട്ടും ശെമ്മാശനു മനസ്സുവരുന്നില്ല. അദ്ദേഹം വീറോടെ പറഞ്ഞു.

“എങ്കിൽ ഞാനതു ആറ്റിലെറിഞ്ഞു കളഞ്ഞേക്കാം” കനത്ത ശബ്ദ ത്തിൽ എം.എ. അച്ചൻ വീണ്ടും വിലക്കി.

“നമ്മുടെ മാർഗ്ഗമതല്ല. നമ്മിൽനിന്നും മോഷ്ടിച്ചെടുത്തവരിൽ നിന്നും ദൈവം തമ്പുരാൻ തന്നെ നമുക്കു തിരിച്ചുതരും. അനാവശ്യമൊന്നും ചെയ്യരുത്”

ശെമ്മാശൻ തിരികെ പള്ളിക്കകത്തു കയറി സെമിനാരി കുട്ടികളുടെ നേതാവായി നിന്നു.

ആരാധനയിൽ ഭക്തിയോടെ പങ്കെടുക്കാനാവുന്നില്ല. പ്രാർത്ഥനയും കോലാഹലവും ഒരുമിച്ചു കേൾക്കാം. എന്നിട്ടും ആരാധനയിൽ മുഴുകി എം.എ. അച്ചൻ മദ്ബഹായുടെ കോണിൽ മറ്റെല്ലാം മറന്നു നിന്നു. അപ്പോൾ വെളുത്തുകൊഴുത്ത ഒരു കൈ മദ്ബഹായുടെ ജനൽവഴി കോനാട്ടു മല്പാന്റെ നേരെ നീണ്ടുവരുന്നു. കയ്യിൽ മടക്കിയ ഒരു കടലാസ്. എം.എ. അച്ചൻ ജനൽ വഴി താഴേക്കു നോക്കി. സി.ജെ. കുര്യ നാണ്. കുറിപ്പു നിവർത്തി മല്പാൻ വായിച്ചു. എന്നിട്ടുടൻ കസേരയിലി രിക്കുന്ന ബാവായുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. പിന്നെ കടലാസു കീറി ചുരുട്ടി ആരും കാണാതെ മദ്ബഹായുടെ മൂലയിലിട്ടു.



malankaralibrary.com

എം.എ. അച്ചൻ പക്ഷേ വെറുതെ നിന്നില്ല. കടലാസിൽ എന്താണെന്നറിയണം. നിലത്തുകിടന്ന കടലാസിനുനേർക്ക് കാലു നീണ്ടു. കാൽവിരലിൽ കൊരുത്ത് പൊക്കിയെടുത്തു. തുണ്ടുകൾ ചേർത്തുവച്ച് വായിച്ചു.

"മുടക്കു വായിക്കേണ്ട"

കൈപ്പട കുര്യന്റേതുതന്നെ. അച്ചൻ അതു ഭദ്രമായി കീശയിൽ സൂക്ഷിച്ചു; വലിയൊരു പ്രതിസന്ധി തൽക്കാലം ഒഴിവായല്ലോ എന്ന ആശ്വാസത്തോടെ.

✠



malankaralibrary.com



# 11

# ശണ്ഠകളുടെ അഗ്നികലാശം

മുടക്കിയിട്ടും മുട്ടുമടക്കാത്ത മെത്രാപ്പോലീത്താ. മാനേജിംഗ് കമ്മിറ്റിയുടെ പിൻബലം അദ്ദേഹത്തിനുണ്ട്. അതിനാൽ പഴയ സെമിനാരിയിൽനിന്നും അദ്ദേഹത്തെ പുറത്താക്കാൻ ബാവായ്ക്കു കഴിയുന്നില്ല.

ബാവായുടെ കൂർമ്മബുദ്ധി മറ്റൊരു വഴിക്കു തിരിഞ്ഞു. സെമിനാരിപ്പറമ്പ് കൈവശപ്പെടുത്തുക. തന്റെ പ്രിയംകരനായ സി.ജെ. കുര്യനെയാണ് അക്കാര്യം ബാവാ ഏൽപ്പിച്ചത്.

ഫലം നിറഞ്ഞ തെങ്ങിൻ പുരയിടം. അതു കൈക്കലാക്കാൻ അയാൾക്കു സന്തോഷം! പക്ഷേ കാലുവേദനകൊണ്ട് നടക്കാൻ വയ്യാത്ത അയാൾ എന്തു ചെയ്യാൻ. ജ്യേഷ്ഠപുത്രനായ അക്കരപാപ്പാനുമായി അയാൾ സെമിനാരിപ്പറമ്പിലെത്തി. ചാക്കും കുട്ടയുമായി രണ്ടുമൂന്നു ജോലിക്കാരുമുണ്ട്. തേങ്ങാ ഇടുകയാണു ലക്ഷ്യം.

അവർക്കു പിന്തുണ കൊടുത്ത് സെമിനാരിയുടെ രണ്ടാം നിലയിലെ പുറകു വരാന്തയിൽ കൗതുകത്തോടെ മൂന്നുപേർ നിൽക്കുന്നു. മാർ കൂറിലോസും കോനാട്ടു മല്പാനും കുര്യനും.



malankaralibrary.com

ജോലിക്കാർ തേങ്ങാ ഇട്ടുതുടങ്ങി. ശബ്ദം കേട്ട് മട്ടയ്ക്കൽ അച്ചൻ പറമ്പിലേക്ക് ഓടിയെത്തി.

ആരുപറഞ്ഞിട്ടാണ് തേങ്ങാ ഇടുന്നതെന്നു ഉറക്കെ ചോദിച്ച് തടയാൻ ചെന്നു. ഇതിനുത്തരമായി അക്കരപാപ്പാൻ ചീറിയടുത്തു. മട്ടയ്ക്കലച്ചന്റെ മീശപിടിച്ച് ആഞ്ഞുപറിച്ചു. തുടർന്നടിയും. 'അയ്യോ' എന്നു നിലവിളി ഉയർന്നു. ഇതു കേട്ട് വട്ടശ്ശേരിൽ മെത്രാപ്പോലീത്താ ജനൽവഴി പറമ്പിലേക്ക് നോക്കി. പെട്ടെന്നദ്ദേഹം മുറി തുറന്നു വരാന്തയിലെത്തി. പിന്നിൽ മെത്രാപ്പോലീത്താ നിൽക്കുന്നതറിയാതെ പറമ്പിലെ ക്രൂരതകൾക്ക് നേതൃത്വം കൊടുത്ത് കോനാട്ടു മല്പാനും മറ്റും. മെത്രാപ്പോലീത്താ മുറിയിൽനിന്നും കനത്ത ചൂരൽ എടുത്തു. ഒച്ചയുണ്ടാക്കാതെ പതുക്കെ നടന്ന് കോനാട്ടു മല്പാന്റെ പിന്നിലെത്തി. മൽപാൻ തന്നെക്കാൾ ശക്തനാണ്. എങ്കിലും പതറിയില്ല. രണ്ടുകൈകൊണ്ടും ചൂരലുയർത്തി. സർവ്വശക്തിയുമെടുത്ത് മല്പാന്റെ പുറത്ത് ഒരൊറ്റയടി.

അയ്യോ എന്നൊരലർച്ചയോടെ മൽപാൻ ഞെട്ടിത്തിരിഞ്ഞു. വേദനകൊണ്ടു പുളഞ്ഞു പോയി. കുര്യൻ ഞൊണ്ടി വലിഞ്ഞ് ഇരുവരുടെയും ഇടയ്ക്ക് ചാടിവീണു പറഞ്ഞു.

"തിരുമേനി കോപിക്കാതെ"

"നിന്റെ തിരുമേനി. താൻ മര്യാദക്കാരനാണെങ്കിൽ മട്ടയ്ക്കൽ അച്ചനെ തല്ലുന്ന നിന്റെ അനുജനെ മാറ്റിനിർത്ത്"

പുച്ഛത്തോടെ ശകാരിച്ചുകൊണ്ടു മെത്രാപ്പോലീത്താ കുര്യന്റെ കൈ തട്ടി മാറ്റി. അപ്പോഴേക്കും പറമ്പിൽ മറ്റു ശെമ്മാശന്മാരും ഓടിച്ചെന്നു. തേങ്ങായുമായി ഇറങ്ങിയ ചട്ടമ്പിയെ ഒരു ശെമ്മാശൻ അടിച്ചു താഴെയിട്ടു. അവർ തൽക്കാലം പറമ്പുവിട്ടു.

രാത്രിയായി. പ്രാർത്ഥനയും അത്താഴവും കഴിഞ്ഞ് ശെമ്മാശന്മാർ പഠനത്തിൽ മുഴുകി. ഉടൻ സെമിനാരി മുറികളിലേക്ക് കല്ലുകൾ വലിച്ചെറിയുന്നു. കതകിലും ജനലിലും അതു പതിച്ച് വെടി പൊട്ടുന്നത്ര ഒച്ച. ഓടുകൾ തകർന്നു വീഴുന്നു. പുറത്ത് അസഭ്യവർഷവും.

എം.എ. അച്ചൻ ഇരുളിൽ പുറത്തിറങ്ങി നോക്കി. ഇരുപത്തഞ്ചോളം ചട്ടമ്പികൾ സെമിനാരിയുടെ മതിൽക്കെട്ടിൽ കയറി ഇരിക്കുന്നു.

മെത്രാപ്പോലീത്തായെയും കൂട്ടാളികളെയും സെമിനാരിയിൽ നിന്നും ഭയപ്പെടുത്തി ഓടിക്കുകയാണു ലക്ഷ്യമെന്നു വ്യക്തം.

അച്ചൻ മുറിക്കുള്ളിൽ തിരിച്ചെത്തി. പ്രാർത്ഥനയിൽ മുഴുകി.

വാർത്ത നാടെങ്ങും പരന്നു. മെത്രാപ്പോലീത്തായെ ചട്ടമ്പികൾ അടിച്ചെന്നുള്ള കിംവദന്തിയും. ജനങ്ങൾ ഇരച്ചെത്തി. എന്തും നേരിടാൻ അവർ



malankaralibrary.com

മുന്നിട്ടിറങ്ങി. ബാവായെയും കൂട്ടരെയും ഓടിക്കാൻ അവരുടെ രക്തം തിളച്ചു.

പോലീസുദ്യോഗസ്ഥന്മാർ രംഗത്തെത്തി. കോട്ടയത്തെ പള്ളികളെല്ലാം അടച്ചു പൂട്ടാൻ സർക്കാർ ഉത്തരവിട്ടു. പഴയ സെമിനാരി ചാപ്പൽപോലും അടച്ചു മുദ്രവച്ചു.

മേത്തന്മാരായ കുറേ ചട്ടമ്പികളെ ബാവാകക്ഷികൾ സെമിനാരിയിൽ കാവൽ നിർത്തി. കത്തിയും കുറുവടിയുമായി പഴയ സെമിനാരിയുടെ രണ്ടാം നിലയിലെ ഇടനാഴിയിൽ അവർ താവളമുറപ്പിച്ചു. സംഘത്തലവൻ കമ്മാലുദ്ദീൻ. കൊലക്കേസിൽ പ്രതിയാണ്.

മെത്രാപ്പോലീത്തായോ എം.എ. അച്ചനോ ഇടനാഴിയിൽ പ്രത്യക്ഷപ്പെട്ടാൽ ഉടൻ മേത്തന്മാർ ചീറിയടുക്കും. വഴിമാറാതെ വിലങ്ങനെ നിൽക്കും.

ഇങ്ങനെ തുടർന്നാൽ മെത്രാപ്പോലീത്തായ്ക്കും എം.എ. അച്ചനും ജീവഹാനി സംഭവിച്ചേക്കുമെന്ന് സമുദായ സ്നേഹികൾ ഭയന്നു.

അവർ എം.എ. അച്ചനോടു അഭ്യർത്ഥിച്ചു.

"ബാവാകക്ഷികൾ ചട്ടമ്പികളെ നിയോഗിച്ചുകഴിഞ്ഞു. നമുക്കും കാവൽക്കാരെ കൊണ്ടുവരണം"

പാവനമായ സെമിനാരിയിൽ ചട്ടമ്പികളെ പാർപ്പിക്കുക! അവരുടെ നെറികെട്ട നാവിൽനിന്നും വീഴുന്ന തെറിവിളിയിൽ ഈ അന്തരീക്ഷം മലിനപ്പെടുക! കത്തിയും കുറുവടിയും ഓങ്ങിയുള്ള അവരുടെ ശണ്ഠകൾക്കു സാക്ഷിയായിത്തീരുക!

ഇതെന്തൊരു അധഃപതനമാണ്. എന്തൊരു ആത്മീയ പാപ്പരത്തമാണ്.

എന്നാൽ നിരപരാധിയായ മെത്രാപ്പോലീത്തായെ ആക്രമിക്കാനായി മല്ലന്മാരായ മേത്തന്മാരെ ബാവാകക്ഷികൾ കൊണ്ടുവന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ സമുദായ പ്രമാണികളുടെ അഭ്യർത്ഥനയിലും കാര്യമില്ലേ.

പാതി മനസ്സോടെ അതു സമ്മതിക്കേണ്ടിവന്നു. പിന്നെ അന്വേഷണമായി.

തിരുവല്ലാ പെരിങ്ങരയിൽ ഒരു മഹാ മല്ലനുള്ളതായി അറിഞ്ഞു. നേരിൽകണ്ട് കൂട്ടിക്കൊണ്ടുവരാനായി ഇറങ്ങി.

വെള്ളപ്പൊക്കക്കാലമാണ്. പഴയ സെമിനാരിയുടെ മുറ്റംവരെ വെള്ളം കയറിക്കഴിഞ്ഞു. നടന്നു പോവുക അസാദ്ധ്യം. അതിനാൽ ചെറിയൊരു വള്ളത്തിൽ യാത്ര തിരിച്ചു.



malankaralibrary.com

പ്രശ്നങ്ങൾ അറിഞ്ഞു അനുജൻ മത്തായി പണിക്കരും എത്തിയിട്ടുണ്ട്. വിവരങ്ങൾ അന്വേഷിച്ചറിയാൻ വീട്ടുകാർ അയച്ചതാണ്. രണ്ടു പേരും വള്ളത്തിൽ കയറി. എം.ഡി. സെമിനാരിയിൽ നിന്നാണ് യാത്ര തിരിച്ചത്. പഴയ സെമിനാരിയിൽ ഒന്നു കയറിയിട്ടു വേണം തിരുവല്ലായിലേക്കു പോകാൻ.

എതിരേ അതാ കമ്മാലുദ്ദീനും സംഘവും. മുണ്ടുയർത്തിക്കുത്തി ചെളിവെള്ളത്തിലൂടെ നടന്നുവരികയാണ്. വള്ളം അവരോടടുത്തു. അവർ വള്ളം വിടാതെ നിരന്നുനിന്നു. തെറി പറഞ്ഞു.

ഒന്നും കേൾക്കാത്ത മട്ടിൽ പണിക്കരച്ചൻ വഞ്ചിയിലിരുന്നു. പക്ഷേ, അനുജന്റെ ചോര തിളയ്ക്കുകയാണ്. എതിരാളികൾ അനേകരുണ്ടെന്നതൊന്നും അയാൾക്കു പ്രശ്നമല്ലാത്തതുപോലെ.

തെറിപറഞ്ഞ ചട്ടമ്പിക്കു നേരെ മത്തായി പണിക്കർ മുഷ്ടി ചുരുട്ടി ചാടിയെഴുന്നേറ്റു.

എം.എ. അച്ചൻ അനുജനെ വിലക്കി. അയാൾ മുറുമുറുപ്പോടെ ജ്യേഷ്ഠനൊപ്പം വള്ളപ്പടിയിൽ ഇരുന്നു.

ഉടൻ കമ്മാലുദ്ദീൻ വഞ്ചിക്കരികിലേക്ക് ചീറിയടുത്ത് കാലുയർത്തി ചെളി വെള്ളത്തിൽ ആഞ്ഞൊരു ചവിട്ട്.

പണിക്കരച്ചന്റെ തൂവെള്ളക്കുപ്പായം നിറയെ ചെളി. മത്തായി പണിക്കർ ക്രുദ്ധനായി വീണ്ടും ചാടിയെഴുന്നേറ്റു. വള്ളത്തിൽ നിന്നും പുറത്തുചാടി ദ്വന്ദ്വയുദ്ധത്തിനു തന്നെയാണു പുറപ്പാട്.

കമ്മാലുദ്ദീൻ കഠാര വലിച്ചൂരി തയ്യാറായി നിന്നു.

"ദൈവമേ"! പണിക്കരച്ചൻ നെഞ്ചിൽ കൈവച്ച് ഒരു നിമിഷം പ്രാർത്ഥിച്ചു.

എന്തോ ഒരുൾപ്രേരണയാലെന്നപോലെ പണിക്കരച്ചൻ വെറുതെ അത്യുച്ചത്തിൽ പൊട്ടിച്ചിരിച്ചു.

ഞരമ്പു മുറുകി ചോര തിളച്ചു നിന്നവരെല്ലാം ചിരിയുടെ പൊരുളറിയാൻ പെട്ടെന്നു പണിക്കരച്ചനെ നോക്കി.

അനുജന്റെ ശ്രദ്ധയും പണിക്കരച്ചനിലേക്കു തിരിഞ്ഞു. 'എന്താണീ പൊട്ടിച്ചിരിയുടെ അർത്ഥം?' എല്ലാവരുടേയും ചിന്ത അങ്ങനെ തിരിഞ്ഞു. സംഘർഷം അലിഞ്ഞു. മുറുകിയ മുഷ്ടികൾ അയഞ്ഞു. മത്തായി പണിക്കരെ പണിക്കരച്ചൻ പിടിച്ചിരുത്തി. വള്ളക്കാരൻ കോലൂന്നി. യാതൊരനിഷ്ടവും ഉണ്ടാകാതെ വള്ളം കടവിലേക്കു നീങ്ങി.

യാത്ര തിരുവല്ലാ പെരിങ്ങരയിലെത്തി. ആറ്റുപുറത്തു വർക്കി വർഗീസ് എന്ന മഹാ മല്ലാനെ കണ്ടെത്തി. 'ആനപ്പാപ്പി' എന്ന മറുപേരു



malankaralibrary.com

കാരൻ. അത്ര ഭയങ്കര രൂപം. ആരുമായും സാമ്യപ്പെടുത്താനാവാത്ത ശരീരം. എണ്ണയും കരിയും കുഴച്ചു തേച്ചപോലുള്ള കൊഴുത്ത ദേഹം. പനങ്കുറ്റിപോലെ തടിച്ചു കുറുകിയ കാലുകൾ ചവിട്ടി നടക്കുമ്പോൾ അവിടമാകെ കുലുങ്ങുന്നപോലെ. ചുവന്ന ഉണ്ടക്കണ്ണുകൾ കൊണ്ടുള്ള തറപ്പിച്ച നോട്ടം.

ആനപ്പാപ്പിയുമായി എം.എ. അച്ചൻ പഴയ സെമിനാരിയിലെത്തി. മെത്രാപ്പോലീത്തായുടെ അംഗരക്ഷകനായി അവൻ കാവലാരംഭിച്ചു. ഇതിനോടകം മെത്രാപ്പോലീത്തായുടെ ദേഹരക്ഷാർത്ഥം പന്ത്രണ്ടു പള്ളിക്കാർ ഓരോ കാവൽക്കാരനെ അയച്ചു കൊടുത്തിരുന്നു. എന്നാൽ ശത്രുപക്ഷത്തിനു ഭയം ആനപ്പാപ്പിയെ മാത്രമായിരുന്നു. കൊലപ്പുള്ളിയായ കമ്മാലുദ്ദീൻ പോലും ആനപ്പാപ്പിയെ നേരെ നോക്കാൻ നിൽക്കില്ല. അയാൾ കാവൽ കിടക്കുന്ന ഇടനാഴികയിലേക്ക് എത്തിനോക്കാൻപോലും എതിരാളികൾ ഒരുമ്പെട്ടില്ല.

വിശക്കുമ്പോൾ ആനപ്പാപ്പി മീനച്ചിലാറിന്റെ മണൽപ്പരപ്പിലെത്തും. അവിടെ തീകൂട്ടി കഞ്ഞിവച്ചു കുടിക്കും. എതിരാളികളും കഞ്ഞി വയ്ക്കുന്നത് അവിടെത്തന്നെ. പക്ഷേ ആനപ്പാപ്പിയുമായി അടുക്കാൻ ആരും ആഗ്രഹിച്ചില്ല. കടവിലുള്ള വള്ളക്കാർക്കും ചായക്കടക്കാർക്കുമെല്ലാം അയാളൊരു വിസ്മയമായിരുന്നു.

അന്നു രാത്രിയിലും ഇരുകൂട്ടരും കാവൽകിടന്നു. പാതിരാത്രിയായി. സകലരും ഗാഢനിദ്രയിൽ. ഉടനൊരു കരച്ചിൽ കേട്ടു.

"കൊത്തേൻലീ...... കൊത്തേൻലീ....." രണ്ടാം നിലയിലെ ഇടനാഴിയിൽ നിന്നാണു നിലവിളി. എം.എ. അച്ചൻ ഞെട്ടിയെഴുന്നേറ്റു. ആരാണു കരയുന്നതെന്നു മനസ്സിലാവുന്നില്ല. സുറിയാനി മാത്രം വശമുള്ളവർ ആരോ ആണെന്നു വ്യക്തം. "എന്നെ കൊല്ലുന്നേ" എന്നാണല്ലോ വിളിച്ചു കരയുന്നത്.

പെട്ടെന്നു റാന്തൽ തെളിച്ചു. അതെടുത്ത് പണിക്കരച്ചൻ ഒച്ചകേട്ട ഭാഗത്തേക്കു പാഞ്ഞു. ആരോ കൊല്ലപ്പെട്ടുവെന്നു പേടിച്ച് മറ്റുള്ളവർ വിറയലോടെ നിന്നു.

ഇടനാഴിയിൽ ഏഴെട്ടുപേർ കൂടിനിൽക്കുന്നു. അവരുടെ നടുവിൽ നിന്നാണു കരച്ചിൽ. അവശനിലയിൽ അതിപ്പോഴും ഉയരുന്നുണ്ട്. മറ്റു ചിലർകൂടി എം.എ. അച്ചന്റെ പിന്നാലെ ചെന്നു. ഒച്ചയും ബഹളവും. എല്ലാവരുംകൂടി ഒരാളെ വട്ടംപിടിച്ചു നിർത്തിയിരിക്കയാണ്. റാന്തൽവെട്ടം വന്നപ്പോഴാണ് ആളെ തിരിച്ചറിഞ്ഞത്. ഒരു വയസ്സൻ റമ്പാച്ചൻ. ശീമയിൽനിന്നും ബാവായ്ക്കൊപ്പം എത്തിയ രണ്ടു റമ്പാന്മാരിൽ ഒരാൾ.



malankaralibrary.com

ബാവായുടെ അംഗരക്ഷകർ തന്നെയാണ് റമ്പാച്ചനെ പിടിച്ചു വച്ചിരിക്കുന്നത്. ഇതിൽ ആശ്ചര്യപ്പെട്ട് എം.എ. അച്ചൻ ചട്ടമ്പികളോടു ചോദിച്ചു.

"എന്തിനാ ഈ സാധുവിനെ നിങ്ങൾ പിടിച്ചു വച്ചിരിക്കുന്നത്?"

റമ്പാച്ചനെ സ്വതന്ത്രനാക്കി ഇളിഭ്യതയോടെ അവർ പറഞ്ഞു.

"ഈ വരാന്തയിലൂടെ ഇരുട്ടിൽ ആരോ നടക്കുന്ന ശബ്ദം കേട്ടു. കള്ളനായിരിക്കുമെന്നു വിചാരിച്ചു ഞങ്ങൾ കേറിപ്പിടിച്ചു" . എന്നിട്ടു അച്ചൻ സുറിയാനിയിൽ റമ്പാച്ചനോടു ചോദിച്ചു.

"എന്തിനാണ് രാത്രിയിൽ ഇറങ്ങി നടക്കുന്നത്? "

വൃദ്ധനായ റമ്പാച്ചൻ കാര്യം തുറന്നു പറഞ്ഞു.

"എനിക്കു മൂത്രമൊഴിവിന്റെ ദീനമുണ്ട്. മൂത്രം നിറഞ്ഞ പാത്രം പുറത്തു കളയാനായി ഇരുട്ടത്തിറങ്ങിയതാ" .

അതുകേട്ട് എം.എ. അച്ചൻ പൊട്ടിച്ചിരിച്ചുപോയി. കൂടെനിന്നവരോട് അച്ചൻ വിവരം പറഞ്ഞപ്പോൾ അവരും കൂടെ ചിരിച്ചു. റമ്പാച്ചനെ ചട്ടമ്പികൾ പിടിച്ചുലച്ചപ്പോൾ പാത്രത്തിൽനിന്നും മൂത്രം തെറിച്ച് വട്ടം പിടിച്ചവരുടെ ദേഹത്തു വീണിരുന്നു. അതു തുടച്ച് അവർ വീണ്ടും സ്വസ്ഥാനങ്ങളിലേക്കു മടങ്ങി.

ആനപ്പാപ്പി കാവലിനുണ്ട്. ഇനിയും തനിക്ക് എം.ഡി. സെമിനാരിയിൽത്തന്നെ രാത്രി കഴിക്കാം. അവിടുത്തെ കാര്യങ്ങൾ ശ്രദ്ധിക്കാൻ ഈയിടെയായി സമയം കിട്ടുന്നുമില്ല.

ഇക്കാര്യം മെത്രാപ്പോലീത്തായെ അറിയിച്ചു. സമ്മതിച്ചു. ഒരു കാര്യം ഓർമ്മിപ്പിക്കുകയും ചെയ്തു.

"ഇവിടുള്ള വിലപിടിച്ച കടലാസ്സുകളെല്ലാം കൂടെക്കൊണ്ടു പൊക്കോളൂ. അവിടെ ബംഗ്ലാവിൽ സൂക്ഷിക്കുന്നതാണ് കൂടുതൽ സുരക്ഷിതം" .

പഴയ സെമിനാരിയിൽനിന്നും വിലപ്പെട്ട രേഖകളെല്ലാം ഒരു തടിപ്പെട്ടിയിലാക്കി. ചേപ്പാട്ടു ശെമ്മാശൻ അതു കയ്യിലെടുത്തു. ഇരുവരും കുതിരവണ്ടിയിൽ കയറി. എം.ഡി. സെമിനാരി ബംഗ്ലാവിലെത്തി.

ബംഗ്ലാവ് ബലവത്താണെങ്കിലും ശെമ്മാശനെ എം.എ. അച്ചൻ ഓർമ്മപ്പെടുത്തി.

"ഇനി രാത്രികളിൽ ശെമ്മാശനും എന്റെ മുറിയിൽ കിടന്നാൽ മതി"

എന്നും ഒറ്റയ്ക്ക് കിടക്കാൻ ഇഷ്ടപ്പെടുന്ന ആളാണ്.

പാതിരാവരെ വായിക്കുന്നതിനും പിന്നീടുറക്കത്തിൽ ഇടയ്ക്കെണീറ്റ് പ്രാർത്ഥിക്കുന്നതിനും ധ്യാനിക്കുന്നതിനും മറ്റും ഏകാന്തത ആവശ്യമാ



malankaralibrary.com

യിരുന്നു. എങ്കിലും സമുദായസംബന്ധമായ അനർഘരേഖകളാണ് മുറിയിലിരിക്കുന്നത്. ശത്രുക്കൾ അതു കൈക്കലാക്കാൻ തക്കം പാർത്തിരിക്കുകയുമാണ്. അതിൽ ജാഗ്രത പുലർത്തേണ്ട സമയം.

പ്രമാണങ്ങളെല്ലാം എം.ഡി. സെമിനാരിയിലേക്കു മാറ്റിയ വിവരം ശത്രുപക്ഷം മണത്തറിഞ്ഞു. ഏതു വിധത്തിലും അതു മോഷ്ടിക്കാനാണവരുടെ നീക്കം.

അർദ്ധരാത്രി കഴിഞ്ഞ നേരം. എല്ലാവരും സുഖനിദ്രയിൽ. നാലഞ്ചു മേത്തന്മാർ എം.ഡി. സെമിനാരിയിലെത്തി. ബംഗ്ലാവിൽ എം.എ. അച്ചന്റെ മുറി കണ്ടുപിടിച്ചു. പിന്നിലൂടെ വന്ന് ജനലിന്റെ കൊളുത്ത് പതുക്കെ ഇളക്കി. അതുവഴി മുറിക്കുള്ളിൽ ഊർന്നിറങ്ങി. ഒരുത്തന്റെ കയ്യിൽ ഒരു വലിയ ചാക്ക്. രണ്ടുപേരുടെ കയ്യിൽ ഓരോ വെട്ടുകത്തി.

രണ്ടു കട്ടിലുകളിൽ എം.എ. അച്ചനും ചേപ്പാട്ടു ശെമ്മാശനും യാതൊന്നും അറിയാതെ നല്ലുറക്കമാണ്. വെട്ടുകത്തി കയ്യിലുയർത്തി ഒരക്രമി എം.എ. അച്ചന്റെ തലഭാഗത്തു നിന്നു. മറ്റൊരു ക്രൂരൻ ശെമ്മാശന്റെ അടുത്തും. മുറിയിൽ റാന്തൽ തിരി താഴ്ന്നു കത്തുന്നുണ്ട്. അച്ചന്റെ സമീപം നിന്ന അക്രമി, സംഘത്തലവനോട് രഹസ്യത്തിൽ ചോദിച്ചു.

"എന്താ കാച്ചട്ടെ"

തലയും ഉടലും ഒറ്റവെട്ടിന് രണ്ടാക്കാനായി അയാൾ വെട്ടുകത്തി ഉയർത്തി നിൽക്കുകയാണ്.

"വേണ്ടടാ; ഒണരുന്നേൽ വെട്ടിയാ മതി".

റാന്തലിന്റെ മങ്ങിയ വെട്ടത്തിൽ അവർ അതിവേഗം തെരഞ്ഞു. പൂട്ടി വച്ച തടിപ്പെട്ടി മേത്തന്റെ കണ്ണിലുടക്കി. അതു തുറക്കാനായി പിന്നെ ശ്രമം. ഒച്ചകേട്ട് ശെമ്മാശൻ മെല്ലെ ഉണർന്നു. കണ്ണുകൾ അല്പം തുറന്നു. ഒരു നിമിഷത്തിനുള്ളിൽ എന്തൊക്കെയോ കണ്ണിൽപ്പെട്ടു. മേത്തന്മാർ, വെട്ടുകത്തി..... ഇങ്ങനെന്തൊക്കെയോ. ദൈവമേ എന്നു മനസ്സിൽ നിലവിളിച്ചുപോയി.

നാവനങ്ങിയില്ല. പണിക്കരച്ചന്റെ കഥ കഴിഞ്ഞിട്ടുണ്ടാവുമെന്നു തീർച്ചപ്പെടുത്തി. പിന്നൊന്നും ഓർമ്മയില്ല. ബോധം മറഞ്ഞുപോയി.

തെല്ലു കഴിഞ്ഞാണു ബോധം വീണ്ടുകിട്ടിയത്. അപ്പോഴേക്കും മേത്തന്മാർ തടിപ്പെട്ടിയുമായി ജനൽവഴി പുറത്തിറങ്ങി.

പീലിപ്പോസു ശെമ്മാശൻ ചാടിയെഴുന്നേറ്റു. പണിക്കരച്ചനെ കുലുക്കി വിളിച്ചു.



malankaralibrary.com

“എന്താ. ശെമ്മാശാ. എന്താ?” ഉണർന്ന് അച്ചൻ ചോദിച്ചു.

ശെമ്മാശന് ആശ്വാസം! അച്ചന് യാതൊരാപത്തും സംഭവിച്ചില്ലല്ലോ.

ഭയന്നുവിറച്ച് ശെമ്മാശൻ വിക്കലോടെ നടന്നതെല്ലാം അറിയിച്ചു.

പണിക്കരച്ചൻ പുറത്തിറങ്ങാൻ കുതിച്ചു. എന്നാൽ വാതിലുകൾ തുറക്കുന്നില്ല. അതു പുറത്തുനിന്നും പൂട്ടിയിട്ടാണ് മേത്തന്മാർ മോഷണത്തിനെത്തിയത്.

അച്ചൻ അകത്തുനിന്നും ഉറക്കെ വിളിച്ചു.

“മാനേജർ”

ഉറങ്ങിക്കിടന്ന മാനേജർ ചാക്കോച്ചൻ ഞെട്ടിയുണർന്നു. തൊട്ടടുത്തു കിടന്ന വാളക്കുഴിയിൽ ജോസഫ് ശെമ്മാശനും. പീലിപ്പോസ് ശെമ്മാശൻ വിളിച്ചു പറഞ്ഞു.

“കള്ളൻ........ കള്ളൻ”

കിളിലേത്തു ചാക്കോച്ചൻ അതുകേട്ട ഉടൻ കള്ളന്മാർക്കു പിന്നാലെ പാഞ്ഞു. ഓട്ടത്തിനിടയിൽ കള്ളന്മാരുടെ കയ്യിൽ നിന്നും തടിപ്പെട്ടി വഴിയിൽ വീണു. വാളക്കുഴി ശെമ്മാശൻ അതെടുത്ത് എം.എ. അച്ചനെ ഏൽപ്പിച്ചു.

അച്ചൻ പിന്നീടുറങ്ങിയില്ല. മുറിയിലിരുന്നു പ്രാർത്ഥിച്ചു. എന്തിനോ വേണ്ടി ആയുസ്സു നീട്ടിക്കിട്ടിയിരിക്കുന്നു. ചേപ്പാട്ടു ശെമ്മാശൻ ഉണർന്ന വിവരം മേത്തന്മാർ അറിയുകയേ വേണ്ടിയിരുന്നുള്ളൂ; തന്റെയും ശെമ്മാശന്റെയും ശിരസ്സും ഉടലും രണ്ടാകാൻ. പക്ഷേ യാതൊനർത്ഥവും ഉണ്ടായില്ല.

മനസ്സു പിന്നിലേക്കു ചക്രം ചവിട്ടുകയാണ്. ശൈശവത്തിലുണ്ടായ ആ സംഭവത്തിലേക്ക്.

തനിക്കന്നു മൂന്നര വയസ്സ്. തറവാട്ടിൽ അന്നു കാളവണ്ടിയുണ്ട്. വണ്ടിക്കാരന് അന്നൊരു മോഹം. തന്നെ വാരിയെടുത്ത് കാളവണ്ടിയുടെ കോൽമരത്തിൽ വച്ചു. വണ്ടി പതുക്കെ ഓടിച്ചു. എന്തുകൊണ്ടെന്നറിയില്ല; കാളകൾ ഉടൻ വിരണ്ടു പാഞ്ഞു.

താൻ തെറിച്ചു കാളവണ്ടിക്കു കീഴിലും. കണ്ടവരെല്ലാം അലമുറയിട്ടു.

അന്നും എന്തുകൊണ്ടെന്നറിയില്ല. ആരോ പിടിച്ചു നിർത്തിയപോലെ കാളകൾ രണ്ടും തൽക്ഷണം നിന്നു. തന്റെ കഴുത്തിൽ തൊട്ടു-തൊട്ടില്ല എന്ന സ്ഥിതിയിൽ ഇരുമ്പു പട്ട തറച്ച കൂറ്റൻ വണ്ടിചക്രം!



malankaralibrary.com

അപ്പനും അമ്മയും ഈ സംഭവം ഓർത്ത് കണ്ണീരോടെ പ്രാർത്ഥിക്കുന്നത് എത്രയോ തവണ കണ്ടിട്ടുണ്ട്.

'ദൈവമേ! ഇത്തവണയും അവിടുന്ന് അടിയനെ മരണത്തിൽ നിന്നും വിടുവിക്കുന്നു. കുറേക്കാലം കൂടി അടിയൻ ജീവിക്കണമെന്നാണോ അവിടുത്തെ തിരുഹിതം. മരിക്കാനും ജീവിക്കാനും ഞാനിതാ തയ്യാർ. നിന്റെ ഹിതം എന്നിൽ പൂർത്തിയാകണമെന്നേയുള്ളൂ.

പ്രാർത്ഥനയിൽ മുഴുകി നേരം പുലർന്നു.

രാത്രിയിലുണ്ടായ സംഭവം എന്തായാലും മെത്രാപ്പോലീത്തായെ അറിയിക്കുക തന്നെ. അന്നു ക്ലാസു കഴിഞ്ഞ് വൈകിട്ടാണ് പഴയ സെമിനാരിയിലേക്കു തിരിച്ചത്. കൊത്തുപണികളുള്ള മനോഹരമായ നടക്കമ്പ് കയ്യിലെടുത്തു ചുഴറ്റി. തൊപ്പിയണിഞ്ഞു. കുതിരവണ്ടിയിൽ കയറി. കൂടെ ഒരു വൈദികനും.

പഴയ സെമിനാരിയുടെ മുറ്റത്തു കുതിരവണ്ടി നിന്നു. മല്ലന്മാർ അവിടവിടെ നിന്നു തുറിച്ചു നോക്കുന്നുണ്ട്. അതു കാര്യമാക്കാതെ നേരേ മെത്രാപ്പോലീത്തായെ ചെന്നു കണ്ടു.

അദ്ദേഹം പറഞ്ഞു.

"കത്തനാരെത്തിയതു നന്നായി. ചില അത്യാവശ്യങ്ങൾ പറയാനുണ്ട്. ഇരിക്ക്"

എം.എ. അച്ചൻ ശ്രദ്ധയോടെ കേട്ടു.

"പാത്രിയർക്കീസ് ബാവാ തിരുവനന്തപുരത്ത് പോയി ബ്രിട്ടീഷ് റസിഡന്റിനെ കണ്ടിരിക്കുന്നു"

"എന്താണു ലക്ഷ്യം"

"നമ്മുടെ വട്ടിപ്പട്ടണത്തിന്റെ പലിശ കിട്ടാറായല്ലോ. അതവർക്കു വേണമത്രേ. മാർ കൂറിലോസിനും കോനാട്ടിനും കുര്യനും അത് അവകാശപ്പെട്ടതാണത്രേ"

"അതിനനുവദിക്കരുത്. ഉടൻ നമുക്കു റസിഡന്റിനെ പോയി കാണണം".

"ഞാനതു തീരുമാനിച്ചു കഴിഞ്ഞു. വേണ്ടിവന്നാൽ മദ്രാസ് ഗവർണ്ണറെയും കാണാം. കേസെടുപ്പിച്ചിട്ടേ മടങ്ങുകയുള്ളൂ. അതുവരെ ഇവിടുത്തെ എല്ലാക്കാര്യങ്ങളും എം.എ. അച്ചനെ ഏൽപ്പിക്കുന്നു"

വട്ടിപ്പണമാണു സമുദായത്തിന്റെ മുഖ്യ ആസ്തി. നൂറു വർഷത്തിനുമുമ്പ് ആറാം മാർത്തോമാ ഈസ്റ്റിന്ത്യാ കമ്പനിയിൽ മൂവായിരം പൂവരാഹൻ സ്ഥിരമായി നിക്ഷേപിച്ചത് സമുദായത്തിന്റെ ഭാവികാര്യങ്ങൾ



malankaralibrary.com

കുഴപ്പം കൂടാതെ നടന്നുപോകാനല്ലേ. എട്ടുശതമാനം വട്ടിയേയുള്ളൂവെങ്കിലും അതുകൊണ്ടല്ലേ കോട്ടയത്തെ സുറിയാനി സെമിനാരിയിലെ ശെമ്മാശന്മാരുടെ ചെലവുകൾ നടക്കുന്നത്.

ബോർഡിംഗ് പഠനത്തിന് ഒരു ശെമ്മാശൻ രണ്ടു രൂപാ വീതമല്ലേ ഇപ്പോൾ മാസംതോറും തരുന്നുള്ളൂ. അതുകൊണ്ടെന്താകാനാണ്. സർക്കാർ തരുന്ന നേരിയ ഗ്രാന്റ് എം.ഡി. ഹൈസ്കൂളിന്റെ അറ്റകുറ്റപ്പണികൾക്കുപോലും തികയുന്നില്ല. വട്ടിപ്പണം മാത്രമാണ് എല്ലാത്തിനും സഹായം.

അതപഹരിക്കാൻ തുനിഞ്ഞാൽ തടയുകതന്നെ വേണ്ടേ. എം.എ. അച്ചൻ പറഞ്ഞു.

"വട്ടിപ്പണം നമുക്കുതന്നെ അനുവദിപ്പിച്ചെടുക്കണം. ആ പണം കൊണ്ട് പല വികസനപ്രവർത്തനങ്ങളും നമുക്കു നടത്തണം. തിരുമേനിക്കറിയാമല്ലോ എം.ഡി. സെമിനാരിയെ ഒരു എ ഗ്രേഡ് കോളേജാക്കണമെന്നാണ് എന്റെ ആഗ്രഹം. എന്തുകൊണ്ടാണെന്നറിയില്ല. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ പലതും പാളിപ്പോവുകയാണ്"

"എന്തു പാളിച്ചകൾ?"

"അവിവാഹിതർക്കു മാത്രമേ അർപ്പണബോധത്തോടെ പ്രവർത്തിക്കാനും നമ്മുടെ സ്കൂളിനെ ഉയർത്താനും കഴിയുകയുള്ളൂ എന്നാണ് എന്റെ വിശ്വാസം. അതിനായി എന്റെ ശമ്പളം ഉപയോഗിച്ച് നാലു ശെമ്മാശന്മാരെ തൃശിനാപ്പള്ളി കോളേജിൽ പഠിക്കാൻ അയച്ചിരുന്നു. അവരിലൊരു ശെമ്മാശൻ മരിച്ചുപോയി. മറ്റു മൂന്നുപേരും വിവാഹിതരാവുകയും ചെയ്തു".

"അതോർത്ത് കത്തനാർ വിഷമിക്കേണ്ടാ. വലിയ ലക്ഷ്യങ്ങളിലേക്കുള്ള വഴിയിൽ പ്രതിസന്ധികളുണ്ടാവും. എങ്കിലും ഈ ലക്ഷ്യങ്ങൾ എന്നെങ്കിലും സാധിക്കാതിരിക്കില്ല"

"എന്നാൽ ഇതിനാവശ്യമായ പണത്തിന് ഇനി എന്തു ചെയ്യും? വട്ടിപ്പണമായിരുന്നു ഏക പ്രതീക്ഷ"

അല്പം ആചോലനയോടെ മെത്രാപ്പോലീത്താ പറഞ്ഞു.

"എനിക്കൊരാലോചനയുണ്ട്. നമ്മൾ രണ്ടാളിന്റെയും പേര് ഒന്നു തന്നെയല്ലേ? ഗീവറുഗീസ്. നമ്മുടെ സഭയിൽ കൂടുതൽ ആളുകളും ഇതേ പേരുള്ളവരാണ്. എങ്കിൽ മലങ്കരയിൽ ഗീവർഗ്ഗീസ് എന്നു പേരുള്ളവരെല്ലാവരും കഴിയുന്നത്ര നിക്ഷേപം അയച്ച് പ്രതിസന്ധിയിൽ സഹായിക്കാനായി ഞാൻ കല്പന കൊടുക്കാം. എന്താ?"

"നല്ല ചിന്ത തന്നെ. ഇതിനോടു ചേർന്ന് എനിക്കൊരു നിർദ്ദേശം



malankaralibrary.com

കൂടിയുണ്ട്. ഈ നിക്ഷേപ സമാഹരണത്തിൽ നമ്മുടെ സഹോദരിമാരെക്കൂടി പങ്കാളികളാക്കണം. പരിശുദ്ധ കന്യാമറിയത്തിന്റെ പേരുള്ളവരിൽ നിന്നായാലോ അത്?"

"കൊള്ളാം, ഇതിന്റെയെല്ലാം പൂർണ്ണ ചുമതല അച്ചനെ തന്നെ ഏൽപ്പിക്കുന്നു. അപ്പോൾ ആദ്യ നിക്ഷേപം നമ്മൾ രണ്ടുപേരിൽ നിന്നുമാവട്ടെ"

എം.എ. അച്ചൻ പറഞ്ഞു.

"എന്റെ കയ്യിൽ കാര്യമായി യാതൊരു നിക്ഷേപവുമില്ലെന്ന് അങ്ങേക്ക് അറിയാമല്ലോ. ശെമ്മാശന്മാരുടെ ചെലവു കഴിഞ്ഞ് മാസം തോറും ചെറിയൊരു തുക മിച്ചം വരുന്നുണ്ട്. അത് ഒന്നിച്ചെടുത്ത് തന്നു കൊള്ളാം. അല്പം സാവകാശം വേണമെന്നേയുള്ളൂ."

"അതിനെന്താ. സഭയ്ക്ക് പണിക്കരു കത്തനാരു തന്നെയാണ് ഏറ്റം വലിയ സമ്പത്ത്"

സംസാരിച്ചിരുന്നു നേരം സന്ധ്യ കഴിഞ്ഞു.

കൂടുതൽ ഇരുളുംമുമ്പ് എം.ഡി. സെമിനാരിയിലെത്താൻ യാത്ര തിരിച്ചു.

പകുതി ദൂരം ചെന്നപ്പോഴേക്കും പെട്ടെന്നു കുതിരവണ്ടി നിന്നു.

"എന്തടോ?" വണ്ടിക്കാരനെ നോക്കി പിന്നിൽ നിന്നും എം.എ. അച്ചൻ ചോദിച്ചു.

അയാൾ യാതൊന്നും മിണ്ടുന്നില്ല.

കാര്യമറിയാൻ മുന്നിലേക്കു നോക്കി. ഇരുളാകയാൽ വ്യക്തമല്ല. ആരൊക്കെയോ വണ്ടി തടഞ്ഞ് നിർത്തിയിരിക്കുകയാണ്. കുതിരയുടെ ജീനിയിൽ ആരോ കയറിപ്പിടിച്ചിരിക്കുന്നു. ശത്രുപക്ഷത്തെ മല്ലന്മാരാണ്. ഉള്ളൊന്നു കലങ്ങി. എന്തു ചെയ്യും? ഓടിയൊളിക്കാനാവില്ല; എതിർക്കാനും.

എങ്കിലും ഉറക്കെ പറഞ്ഞു.

"എടോ വണ്ടിക്കാരൻ, വണ്ടിവിടൂ...."

പക്ഷേ അതിനയാൾക്കു ധൈര്യമില്ല.

ഉടൻ ചട്ടമ്പികളിൽ ചിലർ വണ്ടിയുടെ പിന്നിലെത്തി. അവരുടെ നേതാവിനെ തിരിച്ചറിഞ്ഞു. ജീവപര്യന്തം തടവിനു വിധിക്കപ്പെട്ട കൊലപാതക പ്രതി, കമ്മാലുദ്ദീൻ.

അയാളോട് എം.എ. അച്ചൻ ഉറക്കെ പറഞ്ഞു.

"മര്യാദയാണോ ഇത്? കുതിരയെ വിട്"



malankaralibrary.com

അതിനുത്തരം, കളിയാക്കിയുള്ള അട്ടഹാസം.

കമ്മാലുദ്ദീൻ പിച്ചാത്തി വലിച്ചൂരി. അതുചൂണ്ടി ആക്രോശിച്ചു.

"വണ്ടീന്നു പൊറത്തെറങ്ങ്"

"എന്തിന്"

"ബാവായുടെ കാവൽക്കാരാണു ഞമ്മൾ. പഴേ ശെമിനാരീന്ന് എന്തേലും കടത്ത്വാന്നോന്ന് ഞമ്മക്കറീണം. അഴിക്ക് കുപ്പായം"

കമ്മാലുദ്ദീൻ തിളങ്ങുന്ന പിച്ചാത്തിയുമായി അടുക്കുകയാണ്.

"സാദ്ധ്യമല്ല"

"ങാഹാ...." ക്രുദ്ധനായി കമ്മാലുദ്ദീൻ മുന്നോട്ടാഞ്ഞു. കുപ്പായത്തിൽ പിടിക്കാൻ കൈനീട്ടി. പക്ഷേ കയ്യിൽ കിട്ടിയത് നടക്കമ്പ്.

നല്ല കൊത്തുവേലകളുള്ള അതു വിട്ടുകൊടുക്കാൻ അച്ചനു പ്രയാസം. മുറുകെ പിടിച്ചു. അതിലും ശക്തിയായി അക്രമിയും. എന്നാൽ അതങ്ങു വിട്ടുകൊടുക്കുകയാണ് ബുദ്ധിയെന്നു പെട്ടെന്നൊരു തോന്നൽ. പിടിവിട്ടു.

"വടിയുമായി പിന്നിലേക്കു മറിഞ്ഞ കമ്മാലുദ്ദീൻ കൂട്ടുകാരോടു പറഞ്ഞു.

"ഇതുമതിയെടാ, ഇനി പോട്ട്"

ആശ്വാസം! അച്ചൻ ദീർഘമായൊന്നു നിശ്വസിച്ചു. വണ്ടിക്കാരനു ജീവൻ കിട്ടി. കുതിരകളിളകി. കുതിരക്കുളമ്പടികളുടെ താളം മുറുകി. ബംഗ്ലാവിലേക്ക് വണ്ടി പറക്കുകയായിരുന്നു.

✠



malankaralibrary.com



# 12

# കാതോലിക്കാ സിംഹാസനസ്ഥാപനം

വിപ്പോഴും മനസ്സിൽ തെളിയുന്നത് മെത്രാപ്പോലീത്തായുടെ മുഖം. എന്തുകണ്ടാലും അടയാത്ത കണ്ണുകളും എന്തുകേട്ടാലും കുലുങ്ങാത്ത മനസ്സും അദ്ദേഹത്തിന്റെ പ്രത്യേകതയാണെങ്കിലും ഇപ്പോൾ അസ്വസ്ഥനായിരിക്കുന്നു. മുടക്കിന്റെ കുരുക്കിൽപെട്ട് ഉഴലുകയാണദ്ദേഹം. ഇതിനൊരു പരിഹാരം കണ്ടെത്തിയേ പറ്റൂ. ഒരുപക്ഷേ, മരണപ്പിടിയിൽനിന്നും പലവട്ടം തന്നെ രക്ഷിച്ച ദൈവത്തിന് തന്റെമേൽ ചില ലക്ഷ്യങ്ങളില്ലാതെ വരുമോ. പ്രതിസന്ധിയിൽനിന്നും ഗുരുവിനെ രക്ഷിക്കുകയെന്നത് അതിലൊന്നാവുമോ. എങ്കിൽ അതെത്ര ശ്രേഷ്ഠമായ ഗുരുദക്ഷിണയായിരിക്കും.

പരിഷ്കാരപ്പാറയിലെ ചർച്ചയിലും ഭക്ഷണസമയത്തും മയങ്ങാൻ കിടക്കുമ്പോൾ പോലും എന്തിനേറെ, സ്വപ്നത്തിൽ പോലും അലട്ടുന്നത് ഇതൊന്നുമാത്രം. ചിന്തകളിൽ ഇതിനൊരു പോംവഴിയേ കാണുന്നുള്ളൂ.

അബ്ദദ് മിശിഹാ പാത്രിയർക്കീസിനെ ഉടൻ മലങ്കരയിലേക്കു വരുത്തുക. വെറുതെ വരുത്തിയാൽ പോരാ. സഭാനിയമപ്രകാരം അദ്ദേഹ



malankaralibrary.com

മാണ് യഥാർത്ഥ പാത്രിയർക്കീസെന്നു തെളിയിക്കുകയും വേണം. അതു തെളിയിക്കാൻ കാതോലിക്കാ സിംഹാസന സ്ഥാപനം ഇവിടെ നടത്തണം. അതു സാധിച്ചു കിട്ടിയാൽ പിന്നെ പാത്രിയർക്കീസിന്റെ നിയന്ത്രണമോ സഹായമോ ഇതുപോലെ വേണ്ടാ. കാതോലിക്കാ പരമാദ്ധ്യക്ഷനായുള്ള മെത്രാന്മാരുടെ സൂനഹദോസിനാണു പിന്നെ എല്ലാ അധികാരവും.

എന്നാൽ പുതുതായി ഒരു കാതോലിക്കാ സിംഹാസനം സ്ഥാപിച്ചു കിട്ടുക പ്രയാസമാണ്. എവിടെയെങ്കിലും നിലവിലുള്ള കാതോലിക്കാ സിംഹാസനത്തെ മലങ്കരയിലേക്കു പുനഃസ്ഥാപിച്ചു കിട്ടിയാൽ മതി. ചിന്തയിൽ അതിനും അനുകൂലമാർഗ്ഗം കാണുന്നുണ്ട്.

മെസപ്പൊട്ടോമിയായിലെ തിഗ്രീസിൽ പുരാതനമായൊരു പൗരസ്ത്യ സിംഹാസനമുണ്ട്. നൂറ്റാണ്ടോളമായി കാതോലിക്കാ ഇല്ലാതെ നിർജ്ജീവമായി കിടക്കുകയുമാണത്. അതു മലങ്കരയിലേക്കു മാറ്റി സ്ഥാപിച്ചു കിട്ടിയാൽമതി. അതിനു കാനോനിക തടസ്സങ്ങളൊന്നും ഇല്ലതാനും.

അന്ത്യോഖ്യായിലെ പാത്രിയർക്കീസു സിംഹാസനം പോലും മർദ്ദീനിലേക്കു മാറ്റുകയുണ്ടായല്ലോ. ത്രിഗ്രീസിലെ ഈ കിഴക്കിന്റെ കാതോലിക്കാ സ്ഥാപനവും എ.ഡി. ഇരുനൂറ്റി മുപ്പത്തി ഒന്നാം ആണ്ടുവരെ സെലൂക്യയിലായിരുന്നല്ലോ.

ഉറച്ച തീരുമാനത്തോടെ എം.എ. അച്ചൻ കടലാസും പേനയും എടുത്തു. അബ്ദുള്ള പാത്രിയർക്കീസു മൂലം മലങ്കരയ്ക്കു നേരിടുന്ന സകല കാര്യങ്ങളും വിശദമായി എഴുതി. അത് അബ്ദദ് മിശിഹാ ബാവായുടെ പേർക്ക് അയച്ചു.

അതിനുള്ള മറുപടി വരട്ടെ. എന്നിട്ട് കാതോലിക്കാ സ്ഥാപനം നടത്തി മലങ്കരയ്ക്ക് ഉൾഭരണ സ്വാതന്ത്ര്യം തരാൻ അപേക്ഷിക്കാം.

തീവണ്ടിയും കപ്പലുമൊക്കെ കയറി കത്തവിടെച്ചെന്ന് പടുവയസ്സനായ അബ്ദ്മിശിഹാ പാത്രിയർക്കീസിന്റെ മറുപടിയുമായി എന്നാണോ ഇങ്ങെത്തുക. എന്തായാലും ഈ ദുരിതങ്ങൾക്ക് ഒരു പരിഹാരം കാണും വരെ മനസ്സുറയ്ക്കുന്നില്ല.

തീപിടിച്ച ചിന്തകളോടെ വിശ്രമിക്കാൻ കട്ടിലിൽ ചുമൽ ചായ്ചു. രാത്രിയാണ്. ശെമ്മാശന്മാർ പലരും ഉറങ്ങിയിട്ടില്ല. മുറികളിൽ റാന്തൽ വെട്ടം. അപ്പോഴും മായാതെ മനസ്സിൽ വടി തട്ടിപ്പറിച്ച വഴക്കാളികളുടെ ഭീകരരൂപം. അതിന്നലെയായിരുന്നു. ഇന്നിനി എന്താണുണ്ടാവുക എന്നു പ്രവചിക്കുക വയ്യ. പലതും ചിന്തിച്ചു കണ്ണൊന്നടഞ്ഞു തുടങ്ങി.



malankaralibrary.com

ഉടൻ മുറിയ്ക്കുള്ളിലേക്കു കൊടുങ്കാറ്റുപോലെ ചേപ്പാട്ടു ശെമ്മാശൻ പറന്നെത്തി. അയാൾ വിയർപ്പിൽ കുളിച്ചിരിക്കുന്നു. സംഭ്രമത്തോടെ പറഞ്ഞു.

"ആനപ്പാപ്പിയെ കൊന്നിട്ടിരിക്കുന്നു"

"എന്റെ ദൈവമേ!" നെഞ്ചത്തടിച്ച് എം.എ. അച്ചൻ ചാടിയെഴുന്നേറ്റു.

"എവിടെ? എങ്ങനെ...?"

ഉരുക്കിന്റെ ബലമുള്ള മനസ്സ് നടുങ്ങിപ്പോയി.

"വള്ളക്കടവിൽ....." കൂടുതലൊന്നും ശെമ്മാശന് അറിയില്ല

"റാന്തലെടുക്ക്. നമുക്കിറങ്ങാം..."

"അച്ചോ ഈ രാത്രിയിൽ.....വേണ്ടാ.... പോകരുത്. മേത്തന്മാർ കലിയിളകി നടക്കുവാണ്".

"തമ്പുരാൻ തീരുമാനിക്കാതെ ഒന്നും സംഭവിക്കില്ലെടോ. വാ ഉടൻ നമുക്കിറങ്ങാം".

പാതി മനസ്സോടെ ശെമ്മാശൻ കൂടെയിറങ്ങി.

ഊടുവഴികളിലൂടെ ചാടിയിറങ്ങി മീനച്ചിലാറിന്റെ കടവിലെത്തി. അവിടം വിജനം. കടവിൽ വള്ളം മാത്രം. വള്ളക്കാരില്ല. വൈക്കത്തേക്കും മറ്റും പോകാൻ ആളുകൾ കൂടിനിൽക്കാറുള്ള കടവ് ശൂന്യം. മേത്തന്മാരുടെ കഞ്ഞിപ്പുരകളിലും ആരുമില്ല. സദാ തിരക്കുണ്ടായിരുന്ന ചായക്കടകളും അടഞ്ഞു കിടക്കുന്നു. എല്ലാവരും ഭയന്നോടി മറഞ്ഞു.

നരച്ചുനീണ്ട താടിമീശയുള്ള ഒരു വയസ്സൻ മാത്രം മണൽപ്പുറത്തിരിപ്പുണ്ട്. അച്ചനും ശെമ്മാശനും അയാളോടു തെരക്കി.

"നിങ്ങൾ സംഭവം കണ്ടോ?"

"ഓ, തന്നെ. ദാ.... അവിടാ തല്ലിക്കൊന്നിട്ടത്"

ഞരമ്പെഴുന്ന വിരൽ മണൽപ്പരപ്പിലേക്കു ചൂണ്ടി വൃദ്ധൻ പറഞ്ഞു.

"എന്നിട്ടെവിടെ?" ചൂണ്ടിക്കാട്ടിയ സ്ഥലത്ത് ശവം കാണാതായപ്പോൾ ചോദിച്ചു.

"ആശുപത്രീ കൊണ്ടുപോയി. ഇപ്പോഴെങ്ങു ചെന്നു കാണത്തില്ല"

''എന്താ ഉണ്ടായത്? ആരാ കൊന്നത്?'' ഉദ്വേഗത്തോടെ തെരക്കി.

കമ്മാലുദ്ദീനും കൂട്ടരുമാ. അവമ്മാരു പതിനേഴു പേരുണ്ടാരുന്നു. ആനപ്പാപ്പി ഒറ്റയ്ക്ക്. ദാ.... ഈ കാപ്പിക്കടേന്നാ വഴക്കു തൊടങ്ങിയത്. പാപ്പി



malankaralibrary.com

ഒറ്റയ്ക്കു കാപ്പി കുടിക്കുവാരുന്നു. ഒടനെ മേത്തമ്മാര് പതിനേഴെണ്ണോം കടേലോട്ടു കേറി അവനെ തെറി പറയാൻ തൊടങ്ങി. അവൻ വിടുമോ. കിട്ടിയവനെ തൊഴിച്ചെറിഞ്ഞു. കടേന്നു ചാടി പൊറത്തിറങ്ങി അടിയായി. ഒടനെ മേത്തമ്മാരു വടിവാളെടുത്തു. ഒലക്കേം കരുതീട്ടൊണ്ടാരുന്നു. അവസാനം പതിനേഴുപേരും പാപ്പിക്കു ചുറ്റും വളഞ്ഞു. കർത്താവേ..... പിന്നത്തേതൊന്നും ഓർക്കാൻ വയ്യ! പറയാനും വയ്യ!...."

എം.എ. അച്ചൻ നിശ്ചലനായി കേട്ടു നിൽക്കുകയാണ്. വൃദ്ധൻ വീണ്ടും പറഞ്ഞു.

"ചുറ്റും വളഞ്ഞ് മേത്തമ്മാർ ഒലക്കയെടുത്ത് അവന്റെ തലയ്ക്കടി തൊടങ്ങി. ഒറ്റയ്ക്കൊരാൾ എത്രന്നു വച്ചാ തട്ടേന്നേ?

അടികിട്ടി ചോര ഒഴുകി അലറിവിളിച്ചോണ്ട് അവൻ അവിടുന്നോടി. കമ്മാലുദ്ദീൻ ഒടനെ വടിവാളെടുത്ത് ഒരേറ്. പാപ്പീടെ കാലറ്റു പോയി അച്ചോ. മല മറിഞ്ഞു വീഴുന്ന പോലല്ല്യോ വീണത്. ഓടിച്ചെന്ന മേത്തമ്മാർ ഒലക്കകൊണ്ടടിയോടടി. അവന്റെ തല തരിപ്പണമായേ"

വൃദ്ധൻ അതു പറഞ്ഞു കരഞ്ഞു.

പോലീസുകാർ പാഞ്ഞെത്തി. എം.എ. അച്ചൻ അവരെയും കൂട്ടി ആശുപത്രിയിലേക്കു കുതിച്ചു.

രാക്ഷസതുല്യനായ പാപ്പിയുടെ ശരീരം കട്ടിലിന്റെ ഇരുവശത്തേക്കും കവിഞ്ഞു കിടക്കുന്നു. തലയോട്ടിക്കുള്ളിൽ നിന്നും ഇരച്ചൊഴുകുന്ന ചുടുചോര മുഖത്തും ദേഹത്തും ചാലുകൾ ഉണ്ടാക്കി.

അവനിൽ ജീവന്റെ ഒരു തരി ഇനിയും ശേഷിക്കുന്നുണ്ട്. തലച്ചോറു രണ്ടിടത്ത് പുറത്തേക്കു ചാടിയിരുന്നു. എന്നിട്ടും അവന്റെ തുറിച്ച കണ്ണുകൾ തന്റെ നേരെ ദയനീയമായി നോക്കുന്നത് എം.എ. അച്ചൻ കണ്ടു.

പിറ്റേന്നുവരെ അങ്ങനെ കിടന്നു. ഉള്ളിൽ കുരുങ്ങിയ വാക്കുകളുമായി തന്നെ നോക്കിക്കിടന്ന അവന്റെ കണ്ണുകൾ എന്നേക്കുമായി അടഞ്ഞു. മനസ്സിൽ വർണ്ണനാതീതമായ അസ്വാസ്ഥ്യം. പോസ്റ്റുമോർട്ടം മുറിയിൽ കണ്ട ഭീകര ദൃശ്യം മനസ്സിൽ നിന്നു മായുന്നില്ല. തന്നെ മാത്രമാണ് പോസ്റ്റുമോർട്ടം മുറിയിൽ കടക്കാൻ അധികാരികൾ അനുവദിച്ചത്. അതു വേണ്ടിയിരുന്നില്ലെന്ന് ഇപ്പോൾ തോന്നുന്നു. തലയിലെ തൊലി ഉരിച്ചു മാറ്റിയപ്പോൾ കണ്ടത് തലയോടു പതിമൂന്നു കഷണങ്ങളായി പൊട്ടിത്തകർന്നതാണ്.

തിരികെ എം.ഡി. സെമിനാരിയിൽ വിഷാദമൂകനായി ചെല്ലുമ്പോൾ



malankaralibrary.com

അവിടൊരു കമ്പി സന്ദേശം. അന്ത്യോഖ്യയിൽനിന്നും അബ്ദദ് മിശിഹാ പാർത്രിയർക്കീസ് അയച്ചതാണ്. തിടുക്കത്തിൽ തുറന്നു വായിച്ചു.

“ദിവന്നാസ്യോസും കൂട്ടരും അനുഗൃഹീതരാകുന്നു. അബ്ദുള്ളായുടെ മുടക്ക് അസാധുവാണ്”

മനസ്സിൽ ആശ്വാസം നിറഞ്ഞു. വാർത്ത ഉടൻ മെത്രാപ്പോലീത്തായെ അറിയിക്കണം.

പഴയ സെമിനാരിയിലെത്തി. ചട്ടമ്പികളിൽ ആരെയും അവിടെ കാണുന്നില്ല. പകരം കൊലപ്പുള്ളികളെ തെരയുന്ന പോലീസുകാർ.

ബാവായും കൂട്ടരും ഭയന്നു മിണ്ടാതെ കഴിയുന്നു. ഇനിയും അവിടെ തുടർന്നാൽ ജീവൻപോലും നഷ്ടമാകുമെന്ന ആധി.

പാപ്പിയുടെ ചോര കുടിച്ചു ചീർത്ത അവിടമാകെ അവന്റെ നിലവിളികൾ തങ്ങിനിൽക്കുന്നതുപോലെ.

ബാവാ മടങ്ങിപ്പോകാൻ വട്ടംകൂട്ടുകയാണ്. ഇടവകകൾ തോറും കയറിയിറങ്ങി ശേഖരിച്ച പതിനാലായിരത്തിൽപ്പരം രൂപയുണ്ട് കയ്യിൽ. കിട്ടിയതുമായി തടിതപ്പുകയാണ് യുക്തിയെന്നു ബാവായ്ക്കുതോന്നി.

പഴയ സെമിനാരിയിൽ മെത്രാപ്പോലീത്തായുണ്ട്. ഇലഞ്ഞിക്കൽ ജോൺ വക്കീലുമായി നിയമകാര്യങ്ങൾ ചർച്ചചെയ്തുകൊണ്ടിരിക്കുന്നു.

വട്ടിപ്പണക്കേസ് നടക്കുകയാണ്. വാദിഭാഗം അൻപത്തിയൊന്നാം സാക്ഷിയാണ് എം.എ. അച്ചൻ. തൊട്ടടുത്ത സാക്ഷി മെത്രാപ്പോലീത്തായും. കോടതിയിൽ സാക്ഷിമൊഴിക്കാവശ്യമായ തയ്യാറെടുപ്പുകൾ നടത്തുകയാണ്.

അയച്ചുകിട്ടിയ കമ്പി മെത്രാപ്പോലീത്തയുടെ നേർക്കു നീട്ടി. അതു വായിച്ച് വിശ്വാസം വരാത്തപോലെ അദ്ദേഹം നിന്നുപോയി.

കുറേനാളുകളായി മങ്ങിനിന്ന മുഖം ഒന്നുണർന്നു. തനിക്കു വേണ്ടി ത്യാഗം സഹിക്കുന്ന എം.എ. അച്ചനെ നന്ദിയോടെ നോക്കി. കണ്ണുകൾ നിറഞ്ഞു. ഇരുകവിളുകളിലൂടെ കണ്ണീർ ഒലിച്ചിറങ്ങി.

ആദ്യമായാണ് തന്റെ ഗുരുനാഥൻ കരഞ്ഞു കാണുന്നത്. ശക്തിമൂർത്തിയായ തിരുമേനി എം.എ. അച്ചനെ ആശ്ലേഷിച്ചു വിതുമ്പി.

“നമുക്കൊരു സ്നേഹിതനുണ്ടെങ്കിൽ അതു നിങ്ങൾ മാത്രമാണ്”

അബ്ദദുമിശിഹാ മലങ്കരയിലേക്കു കമ്പി അയച്ച വിവരം എങ്ങനെയോ അബ്ദുള്ളാ ബാവാ അറിഞ്ഞു. കെട്ടുമുറുക്കി മടക്ക യാത്രയ്ക്കൊരുങ്ങിനിൽക്കുകയായിരുന്നു. എങ്കിലും മെത്രാപ്പോലീത്തായുടെ മുന്നിലേക്കുവന്ന് ഗർജ്ജിച്ചു.



malankaralibrary.com

"മുടക്കഴിക്കാൻ അബ്ദദ്മിശിഹായെക്കൊണ്ടു കഴിയുമെന്നു കരുതേണ്ടാ. അയാൾ അവിടെ തുറുങ്കിലാണ്. എത്ര തുക ചെലവഴിച്ചാലും അയാളെ ഇവിടെത്തിക്കാൻ നിങ്ങൾക്കാവില്ല".

അബ്ദുള്ളാബാവാ പിന്നീടവിടെ തങ്ങിയില്ല. കൂടെ വന്ന റമ്പാന്മാരുമൊത്ത് മടക്കയാത്ര തുടങ്ങി. കയ്യടക്കിയ പഴയ സെമിനാരിയിലെ മുറികളിൽനിന്നും യാതൊരു ആഘോഷവുമില്ലാതെ - ലക്ഷ്യങ്ങളൊന്നും സാധിക്കാതെ - ബാവായും റമ്പാന്മാരും നിഷ്ക്രമിച്ചു.

പക്ഷേ അതുകൊണ്ടുമാത്രം പ്രശ്നങ്ങൾ ഒടുങ്ങുന്നില്ല. ബാവായുടെ പിന്നണികൾ കുറെയെങ്കിലും ഇവിടുണ്ട്. പത്തി ഉയർത്തുംമുമ്പ് അവരെ ഒതുക്കണം. അത് അവരുപയോഗിച്ച അക്രമത്തിലൂടെയല്ല. കാനോൻ പ്രകാരമുള്ള ശാശ്വത മാർഗ്ഗത്തിലൂടെ.

കാതോലിക്കാ സിംഹാസന സ്ഥാപനം മാത്രമാണ് അതിനുള്ള പരിഹാരം. അതിന് അബ്ദദ് മിശിഹാ പാത്രിയർക്കീസ് മലങ്കരയിലെഴുന്നെള്ളണം.

ഇക്കാര്യം ആവശ്യപ്പെട്ട് രണ്ടാമതൊരു കത്ത് അന്തോഖ്യയിലേക്കെഴുതി. അതിനും അനുകൂല മറുപടി.

എന്നാൽ യാത്രച്ചെലവിനായി നൂറു പവൻ ഉടൻ അയച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

സമുദായസ്വത്തുക്കളെല്ലാം തട്ടിയെടുത്താണ് അബ്ദുള്ളാ ബാവാ മടങ്ങിയത്. ഉടനെ നൂറു പവൻ കൂടി എങ്ങനെ കണ്ടെത്തും? വിവരം മെത്രാപ്പോലീത്തായോടു പറഞ്ഞു.

അദ്ദേഹം ഉപദേശിച്ചു.

"അത്യാവശ്യമുള്ള തുക പരുമല വരുമാനത്തിൽ നിന്നെടുക്കുക. അച്ചൻതന്നെ ബോംബെയ്ക്കുപോയി പാത്രിയർക്കീസിനെ സ്വീകരിച്ചുകൊണ്ടു വരികയും വേണം"

കറാച്ചിവരെ കപ്പലിലും അവിടെ നിന്നും ബോംബെവരെ തീവണ്ടിയിലുമായാണ് ബാവായുടെ വരവ്.

അറിയിച്ച ദിവസം എം.എ. അച്ചൻ ബോംബെയിൽ കാത്തുനിന്നു. പറഞ്ഞ തീവണ്ടിയും വന്നു കഴിഞ്ഞു. ആളുകളെല്ലാം ഇറങ്ങിക്കഴിഞ്ഞിട്ടും ബാവായെ കാണുന്നില്ല.

മുസ്ളീം വേഷത്തിൽ അറബി സംസാരിച്ച് കടന്നുപോയ മൂന്നാളുകൾ കണ്ണിൽപ്പെട്ടു. വെള്ളത്തൊപ്പിയും കറുത്ത കോട്ടും ധരിച്ചവർ. രണ്ടു മദ്ധ്യവയസ്കരും ഒരു പടുവയസ്സനും. വയസ്സന്റെ തിളച്ചു തൂവിയ



malankaralibrary.com

പാൽപ്പതപോലെ നീണ്ട താടിമീശ കണ്ട് സംശയം തോന്നി. അവരുടെ പിന്നാലെ ചെന്ന് അവർ ആരെന്ന് ഇംഗ്ലീഷിൽ അന്വേഷിച്ചു.

സായിപ്പിനെപ്പോലെ ഇംഗ്ലീഷ് പറയുന്ന കത്തനാരെക്കണ്ട് ബാവാ തിരിഞ്ഞ് സുറിയാനിയിൽ ചോദിച്ചു.

"മലങ്കരയിലെ ഗീവർഗ്ഗീസ് പണിക്കരച്ചനാണോ?" അല്ലാതെ മറ്റേതു കത്തനാരാണ് തങ്ങളെ തെരക്കി ഇവിടെ വരിക.

ഇരുകൂട്ടരുടെയും ഊഹം കൃത്യമായിരുന്നു. അച്ചൻ ആദരവോടെ ചെന്നു കൈമുത്തി. അന്തോഖ്യായിൽ നിന്നെത്തുന്ന ബാവായെ കണ്ടത് ഭാഗ്യമായി അച്ചൻ കരുതി. ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന പേര് ആദ്യമായി കിട്ടിയ പുരാതന സ്ഥലമാണല്ലോ അന്ത്യോഖ്യാ.

മദ്ധ്യവയസ്കർ ഇരുവരും റമ്പാന്മാരാണ്.

ഹോട്ടൽ മുറിയിൽച്ചെന്ന് ബാവാ കോട്ടുമാറി. ചുവന്ന കുപ്പായം ധരിച്ചു. അതിനുമീതെ പുറങ്കുപ്പായവും. തൊപ്പി മാറ്റി മസനപ്സാ അണിഞ്ഞു. കറുത്ത കുപ്പായവും പുറം ളോഹയും ധരിച്ച് റമ്പാന്മാരും മലങ്കര യാത്രയ്ക്കിറങ്ങി.

യാത്രയ്ക്കിടയിലും സമയം പാഴാക്കാൻ എം.എ. അച്ചനും മനസ്സില്ല. അദ്ദേഹം പാത്രിയർക്കീസിനോടു ചേർന്നിരുന്ന് സംശയങ്ങൾ പലതും ചോദിച്ചു.

"അവിടുന്ന് കാനൻപ്രകാരമുള്ള യഥാർത്ഥ പാത്രിയർക്കീസായിരിക്കേ അബ്ദുള്ളാ ബാവയെ സ്ഥാനഭ്രഷ്ടനാക്കിക്കൂടേ?" ശോകം കലർന്ന സ്വരത്തിൽ അബ്ദദ് മിശിഹാ ബാവാ പറഞ്ഞു.

"പാത്രിയർക്കീസന്മാർ മുഹമ്മദീയരായ തുർക്കി രാജാക്കന്മാരുടെ അടിമകളാണ്. ആർക്ക് അധികാരം കൊടുക്കണമെന്ന് അവർ നിശ്ചയിക്കും"

"അവിടെയുള്ള ക്രിസ്ത്യാനികളോടും അവർ ഇങ്ങനെയാണോ പെരുമാറുന്നത്?"

"ക്രിസ്ത്യാനികൾക്കവിടെ പള്ളിയിൽ വന്നു പ്രാർത്ഥിക്കാൻ അനുവാദമില്ല. പള്ളികളിൽ മണിയടിച്ചാൽ അവർ പിടിച്ചു ജയിലിലിടും. ഞായറാഴ്ച അദ്ധ്വാനിക്കുകയും വെള്ളിയാഴ്ച വിശുദ്ധ ദിവസമായി ആചരിക്കുകയും വേണം. മാത്രമല്ല റംസാൻ മാസമായാൽ ക്രിസ്ത്യാനികളും മുസ്ലീങ്ങൾക്കൊപ്പം നോമ്പു നോക്കണം"

സംസാരം പിന്നെ അബ്ദുള്ളാ പാത്രിയർക്കീസിനെ ചുറ്റിപ്പറ്റി നീങ്ങി.



malankaralibrary.com

പിന്നെ അന്ത്യോഖ്യൻ ആചാരങ്ങളെപ്പറ്റി. അങ്ങനെ അനേകം വിഷയങ്ങൾ.

അവസാനം കൊച്ചിയിലെത്തി. വട്ടശ്ശേരിൽ മെത്രാപ്പോലീത്താ അവിടെ കാത്തു നിൽപ്പുണ്ടായിരുന്നു. അദ്ദേഹം ബാവായെ സ്വീകരിച്ച് കോട്ടയത്തേക്കു പുറപ്പെടാനൊരുങ്ങി.

അപ്പോഴേക്കും വീണ്ടും പ്രശ്നം. സി.ജെ. കുര്യൻ തന്നെയാണു കാരണക്കാരൻ. അയാൾ ജില്ലാ മജിസ്ട്രേട്ടിൽനിന്നു ഉത്തരവു നേടിയിരിക്കുന്നു.

അബ്ദദ് മിശിഹാ തുർക്കി ഗവൺമെന്റിനാൽ മുടക്കപ്പെട്ട പാത്രിയർക്കീസാകയാൽ കോട്ടയം പട്ടണത്തിൽ കാലുകുത്താൻ പാടില്ലത്രേ. ശത്രുക്കൾ ലഹളയുണ്ടാക്കുമെന്ന കാരണമാണ് ഉത്തരവിൽ പറയുന്നത്. അതിനാൽ കൊച്ചിയിൽ നിന്നു നേരെ പരുമലയിലേക്കു പോന്നു.

പ്രശ്നങ്ങൾ ഉണ്ടാകുംമുമ്പ് കാര്യം സാധിച്ചു മടങ്ങാൻ ബാവാ തിടുക്കംകൂട്ടി. അതു മെത്രാപ്പോലീത്തായെ അറിയിക്കുകയും ചെയ്തു.

“നാം വന്ന കാര്യം ഉടൻ സാധിക്കട്ടെ. കാതോലിക്കാ ബാവാ വാഴ്ച കഴിഞ്ഞ് നമുക്കാശ്വസിക്കാം.”

കൂടുതൽ ആലോചനയ്ക്കായി ബന്ധപ്പെട്ടവരെയെല്ലാം എം.എ. അച്ചൻ വരുത്തി. കാതോലിക്കാ വാഴ്ച എന്ന അത്യപൂർവ്വവും അതിശ്രേഷ്ഠവുമായ പദവി മലങ്കരയ്ക്കു കൈവരാൻ പോകുന്നതിൽ പലർക്കും അത്യാഹ്ളാദം. എന്നാൽ പലർക്കും പല സംശയങ്ങൾ.

കൂട്ടുകാരനായ എ. പീലിപ്പോസ് വക്കീൽപോലും സംശയത്തോടെ എം.എ. അച്ചനെ സമീപിച്ചു.

“അബ്ദദ് മിശിഹായെ തുർക്കി സർക്കാർ ബഹിഷ്കരിച്ചതല്ലേ. അങ്ങനെയുള്ള അദ്ദേഹത്തിന്റെ പാത്രിയർക്കീസ് സ്ഥാനം സാധുവാണോ? കാതോലിക്കായെ വാഴിക്കാൻ അദ്ദേഹത്തിന് അർഹതയുണ്ടോ?”

നറും ചിരിയോടെ അച്ചന്റെ മറുപടി ഉടൻ കിട്ടി.

“നമ്മുടെ കർത്താവായ യേശുമിശിഹായെ അന്നത്തെ ഭരണകൂടം കുരിശിൽ തറച്ചു കൊന്നില്ലേ. എന്നിട്ടും മിശിഹായുടെ രക്ഷണ്യസ്ഥാനത്തിന് എന്തെങ്കിലും ഭേദമുണ്ടായോ? ഉന്നതങ്ങളിൽ നിന്നു കിട്ടിയ സ്ഥാനം ഭൗമികർക്ക് എടുത്തുകളയുക സാദ്ധ്യമല്ല”

ഇതുപോലെ അനേകം സംശയങ്ങൾക്കു അച്ചൻ പരിഹാരമുണ്ടാക്കി. ആശയപരമായ ഐക്യം അവരിലുണ്ടായി.



malankaralibrary.com

മലങ്കരയുടെ പ്രഥമ കാതോലിക്കാ സ്ഥാനത്തേക്ക് അങ്ങനെ അവർ ഒരാളെ നിർദ്ദേശിച്ചു.

കണ്ടനാട് ഭദ്രാസനാധിപൻ മുറിമറ്റത്തു മാർ ഈവാനിയോസ് മെത്രാപ്പോലീത്താ.

അഭിഷേക വേദിയും നിശ്ചയിച്ചു; നിരണം പള്ളി.

വിപുലമായ ഒരുക്കങ്ങൾ വേണം. ദിവസങ്ങൾ അധികമില്ലതാനും. ഭാരമെല്ലാം തന്റെ ചുമലിൽ. എം.എ. അച്ചൻ ജോലികൾ വിഭജിച്ച് ഓരോരുത്തർക്കു നൽകി.

തന്റെ ശിഷ്യനും സഹവാസിയുമായ ചേപ്പാട്ടു വഞ്ചിയിൽ പീലിപ്പോസ് ശെമ്മാശന് വൈദികാഭിഷേക സമയമായി. അത് അബ്ദദ് മിശിഹാ ബാവായുടെ കയ്യാൽത്തന്നെ ആകണമെന്ന് എം.എ. അച്ചന് ആശ.

കൊല്ലം ജില്ലയിലെ പള്ളികൾ സന്ദർശിച്ച് ബാവാ സഞ്ചരിക്കുന്ന സമയം. അങ്ങനെ ചേപ്പാട്ടു പള്ളിയിലെത്തിയപ്പോൾ ഇക്കാര്യം സാധിക്കുകയും ചെയ്തു.

പിൻബലമായി ഒരച്ചനെക്കൂടി കിട്ടിയതിൽ എം.എ. അച്ചൻ സന്തോഷിച്ചു. ചേപ്പാട്ടു പീലിപ്പോസ് അച്ചനും കാതോലിക്കാ വാഴ്ചയ്ക്കുള്ള ക്രമീകരണ പ്രവർത്തനങ്ങളിൽ മുഴുകി.

മലങ്കരയിൽ വാർത്ത നിറഞ്ഞു. കാതോലിക്കാ വാഴ്ചയെന്നു കേട്ടുകേൾവിപോലുമില്ല. അനുകൂലികളും പ്രതികൂലികളും നിമിഷങ്ങൾ എണ്ണി കാത്തിരിക്കുകയാണ്. മലങ്കരയിൽ കാതോലിക്കായെ വാഴിച്ചാൽ പിന്നെ മെത്രാപ്പോലീത്തായുടെ മുടക്ക് അസാധുവാകുമെന്ന് ശത്രുക്കൾക്കറിയാം. അതിനാൽ അവർക്കതു ഭയാനകമായ സംഭവവുമാണ്. എങ്ങനെയെങ്കിലും അതു നടക്കാതിരുന്നെങ്കിൽ എന്നാണവരുടെ ചിന്ത.

ഒരു കൂട്ടർക്ക് ആഹ്ലാദത്തിന്റെയും മറു പക്ഷത്തിനു നടുക്കത്തിന്റെയും ദിവസമെത്തി.

ആയിരത്തിത്തൊള്ളായിരത്തി പന്ത്രണ്ട്, സെപ്തംബർ പതിനഞ്ച്, ഞായർ.

നിശ്ചിതസമയത്തിനുമുമ്പേ നിരണം പള്ളിയിൽ പതിനായിരങ്ങൾ ഇരച്ചെത്തി. അലകെയുള്ളവർ തലേ ദിവസംതന്നെ എത്തി. പള്ളിപ്പരിസരം തോരണങ്ങളാൽ നിറഞ്ഞു. കാറ്റിൽ പറന്നുല്ലസിക്കുന്ന തോരണങ്ങളുടെ ആഹ്ലാദാരവം.

നിയുക്ത കാതോലിക്കാ എത്തി. സഹകാർമ്മികരായി മെത്രാപ്പോലീത്തായും മാർ ഗ്രിഗോറിയോസുമെത്തി.



malankaralibrary.com

മുഖ്യകാർമ്മികനായ ബാവായെ ക്ഷണിക്കാൻ മെത്രാപ്പോലീത്താ മേടയിലെത്തി. ബാവാ മുറിപൂട്ടി ഉള്ളിലിരിക്കുകയാണ്. ജനൽവഴി ബാവായെ വിളിച്ചു.

ബാവായുടെ മറുപടി മെത്രാപ്പോലീത്തായെ നടുക്കിക്കളഞ്ഞു.

"കൂടെ വന്ന റമ്പാന്മാർ ഇന്നലെ രാത്രിയിൽ നമ്മോടു ശണ്ഠകൂടി. മലങ്കരയിൽ കാതോലിക്കാ വാഴ്ച നടത്തുന്നതിന് അവർ എതിരാണെന്ന്. മലങ്കരയിൽ ശീമക്കാരുടെ മേൽക്കോയ്മ തുടരണമെന്നാണവരുടെ വാദം. അവരെ ധിക്കരിക്കാൻ നമുക്കു കഴിവില്ല മെത്രാച്ചാ"

എന്തുപറയണം, എന്തു ചെയ്യണം എന്നറിയാതെ മെത്രാപ്പോലീത്ത പതറി.

എം.എ. അച്ചനാണെങ്കിൽ എന്തോ അത്യാവശ്യം മൂലം മാവേലിക്കരയിലേക്കു തലേ രാത്രിയിൽ പോയതാണ്. യഥാസമയം എത്താമെന്നാണു പറഞ്ഞത്. എന്നിട്ടും കാണുന്നില്ലല്ലോ.

തകർന്ന മനസോടെ വേദിയിലേക്കു പായുന്നതിനിടയ്ക്ക് അസ്വസ്ഥനായി സ്വയം പിറുപിറുത്തുപോയി.

"എം.എ. അച്ചൻ വന്നില്ലല്ലോ"

പറഞ്ഞുതീരുമ്പോൾ മുമ്പിൽ അദ്ദേഹം. മാവേലിക്കരയിൽ നിന്നും പാഞ്ഞെത്തിയതാണ്. വന്നപാടെ തിരക്കി.

"സമയം കഴിഞ്ഞല്ലോ. എന്താ താമസം? ബാവായെവിടെ?"

ജനമുഖങ്ങളിൽ നിന്നും കാത്തിരിപ്പിന്റെ അസഹ്യത അദ്ദേഹം വായിച്ചറിഞ്ഞിരിക്കുന്നു.

മ്ലാനമുഖനായ മെത്രാപ്പോലീത്ത ദുഃഖസത്യം അറിയിച്ചു.

അതുകേട്ട് എം.എ. അച്ചൻ സ്തബ്ധനായി നിന്നുപോയി. അത്യദ്ധ്വാനംമൂലം പടുത്തുയർത്തിയ സൗധം ഇടിഞ്ഞു നിലംപൊത്തുന്ന അവസ്ഥ. എവിടെയും ഉയർന്നു നിന്ന തന്റെ ശിരസ്സ് ഛേദിക്കപ്പെട്ടതുപോലെ. അലകടൽപോലെ ഇളകിയുലഞ്ഞ മനസിനെ ശാന്തമാക്കാൻ പണിപ്പെട്ടു. എന്നിട്ടൊരു പടക്കുതിരപോലെ മുന്നോട്ടു കുതിച്ചു.

ബാവായുടെ മുറിയിൽ ശക്തമായി മുട്ടി.

അടച്ച മുറിക്കുള്ളിൽനിന്ന് വിറയലോടെ ബാവാ പറഞ്ഞു.

"ആരും നമ്മെ വിളിക്കണ്ടാ. നമുക്കൊന്നും ചെയ്യാൻ കഴിവില്ല"

"തിരുമനസ്സേ ഇതു ഞാനാണ്; ഫാദർ ഗീവറുഗീസ് പണിക്കർ".

"ഓഹോ - മകനോ..."



malankaralibrary.com

ആരു മുട്ടിയിട്ടും തുറക്കാത്ത വാതിൽ ബാവാ മലർക്കെ തുറന്നു. ഭയന്നു വിളറിയ മുഖം. നരച്ച കണ്ണുകളോടെ ബാവാ എം.എ. അച്ചനെ നോക്കി. അസ്വസ്ഥതയോടെ വീണ്ടും ചാരുകസേരയിൽ പോയി ചിന്താകുലനായി തളർന്നു കിടന്നു.

ബാവായുടെ കൈമുത്തി പരിഭവത്തോടെ എം.എ. അച്ചൻ പറഞ്ഞു.

"ഇതിൽപരം ഒരപമാനം വരുവാനില്ലല്ലോ. സഭയുടെ പരമാദ്ധ്യക്ഷനായ അവിടുന്നിങ്ങനെ വാക്കുമാറിയാൽ ആരിനി അങ്ങയെ അനുസരിക്കും. കാതോലിക്കായെ വാഴിച്ചു തരാമെന്ന് അവിടുന്നെനിക്ക് എഴുതിത്തന്നതല്ലേ"

"അതിനെനിക്ക് ഇപ്പോഴും താല്പര്യമേയുള്ളൂ മകനേ"

"എങ്കിൽ ഉടൻ പള്ളിയിലേക്കു പോകാം"

"പക്ഷേ, മകനേ.... ഇവിടെ കാതോലിക്കാ വാഴ്ച നടത്തിയാൽ നമ്മെ കൊല്ലുമെന്ന് കൂടെ വന്ന റമ്പാന്മാർ ഇന്നലെ രാത്രി പറഞ്ഞു. കപ്പലിൽ മടങ്ങുമ്പോൾ കടലിലെറിഞ്ഞു കൊല്ലുമെന്നവർ പറഞ്ഞു. നമുക്കിപ്പോൾ ഒന്നും വേണ്ടാ; രക്ഷപ്പെട്ടാൽ മതിയെന്നേയുള്ളൂ"

"ഈ റമ്പാന്മാരെ അവിടുന്നു ഭയപ്പെടുകയോ. അവർ വിചാരിച്ചാൽ ഒന്നും നടക്കുകയില്ല. അവിടുന്നു ഞങ്ങളുടെ മുട്ടിപ്പായ അപേക്ഷയെ സാധിച്ചു തരണം"

"ഇങ്ങനെ പറഞ്ഞതുകൊണ്ട് നമുക്കെങ്ങനെ ധൈര്യമുണ്ടാകും. സ്വദേശത്ത് എത്തുന്നതുവരെ നിങ്ങൾക്കു നമ്മോടൊരുമിച്ചു പോരാൻ സാധിക്കുമോ. അതാണു നമുക്കറിയേണ്ടത്"

"ബോംബെ വരെ നിശ്ചയമായും അവിടുത്തോടൊപ്പം ഞാനുണ്ടാകും. കപ്പലിൽ കയറ്റിയിട്ടേ ഞാൻ മടങ്ങിപ്പോരൂ. ശേഷവും ഞാൻ കൂടെയുണ്ടാവണമെന്നു കല്പിക്കുന്നപക്ഷം അതിനും ഒരുക്കം തന്നെ. പോരേ"

ഇത്രയും ശക്തികൊടുത്തിട്ടും ബാവായുടെ മനസ്സിൽ ആശങ്കകളുടെ ഒഴിയാത്തിരകൾ.

"റമ്പാന്മാരെപ്പറ്റി നമുക്കു വേറൊരു ശങ്കകൂടിയുണ്ടു മകനേ. നമ്മുടെ കയ്യിൽ കുറച്ചു പണമുണ്ട്. അതവർ തട്ടിയെടുക്കാൻ..... വയസ്സനായ നമുക്കെന്തു ചെയ്യാനൊക്കും".

"എല്ലാം മനസ്സിലായി. തിരുമനസേ ധൈര്യപ്പെടുക. എനിക്കായുസ്സുണ്ടെങ്കിൽ – എന്നു മാത്രമേ ഇപ്പോൾ ഉണർത്തിക്കുന്നുള്ളൂ. ശീമയിൽ നിന്നിത്ര കഷ്ടപ്പെട്ടു വന്നിട്ട് ഉദ്ദേശിച്ച കാര്യം സാധിക്കാതെ പോയാൽ



malankaralibrary.com

അതു മലങ്കരസഭയ്ക്കു വലിയൊരു നഷ്ടത്തിനു കാരണമായിരിക്കും. ഇതാ....വളരെയേറെ ആളുകൾ തിങ്ങിക്കൂടിയിരിക്കുന്നു. പള്ളിയിലേക്കുടൻ എഴുന്നെള്ളാം"

"ഓഹോ! എങ്കിലങ്ങനാവട്ടെ"

ഔദ്യോഗിക വേഷഭൂഷാദികളോടെ പാത്രിയർക്കീസും തൂവെള്ള ക്കുപ്പായമിട്ട എം.എ. അച്ചനും പന്തലിലേക്കു നീങ്ങി. പതിനായിരങ്ങളുടെ ദൃഷ്ടികൾ അവരിൽ തറച്ചുനിന്നു.

കാറ്റേറ്റു കാർമേഘപടലം അകന്ന നീലാകാശം പോലൊരനുഭവം. മെത്രാപ്പോലീത്തായ്ക്ക്, നിലച്ച ശ്വാസം വീണ്ടുകിട്ടിയതുപോലെ. പതിനായിരങ്ങളുടെ മുമ്പിലാണെന്നുപോലും മറന്ന് അദ്ദേഹം എം.എ. അച്ചനെ ആനന്ദപൂർവ്വം ആശ്ലേഷിച്ചു.

സുദീർഘമായ കാതോലിക്കാ സ്ഥാപന ശുശ്രൂഷകളിൽ ജനം ലയിച്ചുനിന്നു. പുതിയൊരു സഭാ ജീവിതം അങ്ങനെ രൂപീകൃതമായി. കിഴക്കിന്റെ ആദ്യ കാതോലിക്കാ, ബസേലിയോസ് പൗലൂസ് പ്രഥമൻ എന്ന നാമത്തിൽ അഭിഷിക്തനായി.

ചടങ്ങുകൾക്കുശേഷം എം.എ. അച്ചൻ മെത്രാപ്പോലീത്തായോടു പറഞ്ഞു. "അങ്ങയുടെ മുടക്കിൽനിന്നും രക്ഷനേടാനുള്ള താല്ക്കാലികമായ ഉപാധിയാവരുത് ഈ കാതോലിക്കാ സ്ഥാപനം. മലങ്കരയിൽ ഇതു എന്നേക്കും നിലനിൽക്കണം. അതിനായി, അക്കാര്യം വ്യക്തമാക്കുന്ന കല്പന ബാവായിൽനിന്നു കിട്ടിയെങ്കിലേ കാര്യങ്ങൾക്ക് ഉറപ്പും പൂർണ്ണതയും ഉണ്ടാകൂ".

മെത്രാപ്പോലീത്താ ഇക്കാര്യം പാത്രിയർക്കീസിനെ അറിയിച്ചു.

ബാവാ പറഞ്ഞു.

"അതിനെന്താ. കാര്യങ്ങൾ എഴുതിത്തന്നാട്ടെ. നാം ഒപ്പുവച്ചു തരാം".

എം.എ. അച്ചൻ തെല്ലുമാറിയിരുന്ന് കാതോലിക്കായുടെ കല്പന എഴുതിത്തുടങ്ങി.

'മെത്രാപ്പോലീത്തായുടെ സഹകരണത്തോടെ കാതോലിക്കാ മേല്പട്ടക്കാരെ വാഴിച്ചുതരും; വിശുദ്ധ മൂറോൻ കൂദാശ ചെയ്തു തരും, കാതോലിക്കാ ദിവംഗതനാകുമ്പോൾ മറ്റൊരു കാതോലിക്കായെ വാഴിക്കാൻ മലങ്കര മെത്രാന്മാർക്ക് അധികാരമുണ്ട്'

അധികാര വിശദീകരണത്തിനു പിന്നാലെ വിശ്വാസികൾക്കുള്ള ബാവായുടെ ഉപദേശമായി ഇങ്ങനെ എഴുതി നിർത്തി.

'കാതോലിക്കായ്ക്കും ശ്ലീഹായ്ക്കും അടുത്തതും പത്രോസാകുന്ന



malankaralibrary.com

പാറമേൽ പണിയപ്പെട്ടിരിക്കുന്നതുമായ സത്യവിശ്വാസത്തെ നിങ്ങൾ മുറുകെ പിടിക്കണം എന്ന് അബ്ദദ്മിശിഹാ ദ്വിതീയൻ ഇഗ്നാത്തിയോസ് പാത്രിയർക്കീസു ബാവ'

എഴുതിയ ഉടമ്പടി ബാവായെ ഏൽപ്പിച്ചു. സ്വന്തം പേരിനടുത്ത് അദ്ദേഹം ഒപ്പുവച്ചു.

മലങ്കരയിലങ്ങനെയൊരു പുതുയുഗം പിറന്നു. ഈ പുതുയുഗ ശില്പി യായ എം.എ. അച്ചനു ചുറ്റും നിലക്കാത്ത സ്തുതികൾ, നന്ദിയുടെ കൂപ്പു കൈകൾ;വാത്സല്യാശ്ലേഷങ്ങൾ. എല്ലാ മുഖങ്ങളിലും ആശ്വാസത്തിന്റെ പ്രകാശം പരന്നു.

ദീർഘ നാളുകൾക്കുശേഷം മലങ്കരസഭയ്ക്കു പ്രാണശ്വാസം തന്നെ വീണ്ടുകിട്ടുകയായിരുന്നു.

✠



malankaralibrary.com



# 13

# മഹാനായ പ്രൊഫസർ

**ബോം**ബെയിൽ പോയി പാത്രിയർക്കീസ് ബാവായെ സുരക്ഷിതമായി കപ്പലിൽ കയറ്റി തിരിച്ചെത്തുമ്പോൾ മനസ്സിൽ ഒരാഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. ഇനിയെങ്കിലും എം.ഡി. സെമിനാരിയുടെ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

കാതോലിക്കാ സ്ഥാപനത്തോടെ ശത്രുപക്ഷം ഇളകി മറിയുകയാണെങ്കിലെന്ത്? പാത്രിയർക്കീസ് കക്ഷിയെന്നും മെത്രാൻ കക്ഷിയെന്നും ഇരുവിഭാഗങ്ങൾ ശക്തിയാവുകയാണെങ്കിലെന്ത്? അതിൽനിന്നെല്ലാം മനസു പിഴുത് സ്കൂൾ വികസനത്തിൽ മുഴുകണം.

എന്നാൽ ഉടനെ വീണ്ടുമൊരു യാത്രയ്ക്കുള്ള നറുക്കു വീണിരിക്കുന്നു. മെത്രാപ്പോലീത്തായിൽ നിന്നാണ് അറിഞ്ഞത്.

“നമുക്കു കൽക്കത്തായിലെ സെറാംപൂരെന്ന സ്ഥലംവരെ പോകണം. ഒരാഴ്ചത്തെ ഒരു സമ്മേളനമുണ്ടവിടെ. അമേരിക്കയിലെ ഡോക്ടർ ജോൺ ആർ മോട്ട് എന്ന പ്രൊട്ടസ്റ്റന്റുകാരനാണ് ക്ഷണിച്ചിരിക്കുന്നത്”

എം.എ. അച്ചൻ ചോദിച്ചു.

“പ്രൊട്ടസ്റ്റന്റുകാരുടെ യോഗത്തിൽ നമ്മെ ക്ഷണിക്കുന്നതെന്തിന്”?



malankaralibrary.com

“നമ്മെ മാത്രമല്ല മാർത്തോമ്മാ, സി.എം.എസ്. എന്നിവരെയെല്ലാം വിളിച്ചു കൂട്ടുന്നുണ്ട്. വേദപുസ്തക സത്യങ്ങൾ ഭാരതമാകെ പ്രചരിപ്പിക്കുകയാണ് അവരുടെ ലക്ഷ്യം.”

“അതു നല്ലത്. എന്നാൽ പ്രൊട്ടസ്റ്റന്റുകാരുമായുള്ള ചങ്ങാത്തം നമുക്കു നല്ലതാണോ എന്നു ചിന്തിക്കണം”

“വട്ടിപ്പണക്കേസിൽ നമ്മൾ തോറ്റുപോയാൽ നമ്മെ സഹായിക്കാൻ ആരെങ്കിലും വേണ്ടേ? കാതോലിക്കാവാഴ്ചമൂലം നമുക്കു ഭയക്കേണ്ടതില്ലെങ്കിലും സാമ്പത്തിക സ്ഥിരത നമുക്കില്ലല്ലോ. അക്കാര്യത്തിൽ എന്തെങ്കിലും നേട്ടം അവരിൽ നിന്നുണ്ടാകുമോ എന്നു നോക്കാം”

ഇരുവരും സെറാമ്പൂരിലെത്തി. പ്രശസ്തമായ ബാപ്റ്റിസ്റ്റ് കോളേജിൽ വച്ചാണു പരിപാടികൾ. വെള്ള തേച്ച, വിദേശവാസ്തുശില്പ സൗന്ദര്യം തുടിക്കുന്ന നെടുങ്കൻ കെട്ടിടം.

സമ്മേളനം തുടങ്ങി.

ഓരോ വിഭാഗത്തിന്റെയും പ്രതിനിധികൾക്ക് വേദിയിൽച്ചെന്ന് പ്രസംഗിക്കാനുള്ള അവസരമുണ്ട്

മലങ്കരയുടെ ഊഴമായി. മെത്രാപ്പോലീത്തായുടെ നിർബന്ധം മൂലം എം.എ. അച്ചൻ വേദിയിലേക്കു നീങ്ങി. വേദിയിൽ ആരോ ആംഗല ഭാഷയിൽ മലങ്കരയിലെ നവീന സഭാ സംഭവം സദസ്യരെ അറിയിക്കുന്നു. അതിന്റെ കാരണക്കാരനാണ് പ്രസംഗിക്കാൻ വരുന്നതെന്നറിഞ്ഞ് ജനം കയ്യടിച്ചെതിരേറ്റു. ഉറച്ച കാൽവയ്പോടെ മഞ്ഞിന്റെ വെൺമയുള്ള കുപ്പായമണിഞ്ഞ് സഗൗരവം വേദിയിലെത്തിയ ഇടതൂർന്ന മീശക്കാരനായ യുവവൈദികനെ ജനം ഉറ്റുനോക്കിയിരുന്നു.

എല്ലാം മറന്ന് അടങ്ങിയിരുന്ന ജനാവലിയുടെ മുന്നിൽ പരുക്കനെങ്കിലും മുഴങ്ങുന്ന ശബ്ദത്തിൽ സംസാരിച്ചു തുടങ്ങി.

“മാർതോമാശ്ലീഹാ പത്തൊൻപതു ശതാബ്ദങ്ങൾക്കുമുമ്പ് ക്രൈസ്തവ ദർശനം ഇവിടെ കൊളുത്തിയെങ്കിലും ഇന്നും ക്രൈസ്തവർ വെറും രണ്ടുശതമാനം. ഇതെന്തുകൊണ്ട്?”

ചോദ്യം ജനഹൃദയങ്ങളിൽ അമ്പുപോലെ തറച്ചു.

അതിന്റെ കാരണവും പരിഹാരവും സമർത്ഥിക്കുന്ന ഉജ്ജ്വല പ്രഭാഷണത്തിന്റെ വശ്യതയിൽ മതിമറന്നിരിക്കുന്ന ജനം. പൊടിക്കഥകളും നർമ്മവും അവസരോചിതമായി മേമ്പൊടി ചേർന്ന പ്രസംഗം.

തുടർന്നു ചർച്ചകൾ. അവിടെയും തിളങ്ങിയത് മറ്റാരുമല്ല. ഡോക്ടർ ജോൺ മോട്ട് എം.എ. അച്ചന്റെ അടുത്തെത്തി. കൂടെ മറ്റൊരു സായ്പും.



malankaralibrary.com

ഹസ്തദാനം ചെയ്തു ഡോക്ടർ മോട്ട് പറഞ്ഞു.

"പ്രസംഗം ഗംഭീരം" എന്നിട്ട് കൂടെയുള്ള സായ്പിനെ പരിചയപ്പെടുത്തി.

"ഇതു ഡോക്ടർ ഹവ്വൽസ്, സെറാമ്പൂർ കോളേജിന്റെ പ്രിൻസിപ്പൽ. ഇദ്ദേഹത്തിന് ഫാദർ പണിക്കരോട് ചിലതു സംസാരിക്കാനുണ്ടത്രേ. അതിനുമുമ്പ് ഞാനൊരു കാര്യം പറഞ്ഞോട്ടെ"

മെത്രാപ്പോലീത്തായും അടുത്തു വന്നു. ഡോക്ടർ മോട്ട് പറഞ്ഞു.

"യാക്കോബായക്കാരായ നിങ്ങളും ഞങ്ങളോടൊപ്പം ചേർന്ന് സുവിശേഷം പ്രസംഗിക്കണം. തയ്യാറാണെങ്കിൽ അൻപതിനായിരം രൂപാവീതം പത്തുകൊല്ലം നിങ്ങൾക്കു ഞങ്ങൾ തരും. നിങ്ങൾ നടത്തുന്ന സുവിശേഷപ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഓരോ കൊല്ലവും ഞങ്ങളുടെ പരിശോധകരെ ഏൽപ്പിക്കുകയേ വേണ്ടൂ."

സങ്കൽപ്പിക്കാൻപോലും വയ്യാത്തത്ര ഭീമമായ ധനസഹായം. എന്നാൽ ചെലവിന്റെ വിശദാംശങ്ങൾ കൊടുക്കണം. അതാണ് മെത്രാപ്പോലീത്തായ്ക്ക് സമ്മതിക്കാനാവാത്തത്. കൊടുക്കുന്ന കണക്കുകൾ കൃത്യമല്ലെന്ന് പരിശോധകനു തോന്നിയാൽ അതു ചീത്തപ്പേരുണ്ടാക്കും. അത്തരം അടിമത്തം വേണ്ട. മെത്രാപ്പോലീത്ത തുറന്നു പറഞ്ഞു.

"നിങ്ങൾ തരുന്ന പണം ഞങ്ങൾ സുവിശേഷ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം. എന്നാൽ നിങ്ങൾ ഞങ്ങളെ പൂർണ്ണമായി വിശ്വസിക്കണം. അല്ലാതെ, പ്രവർത്തന റിപ്പോർട്ടുണ്ടാക്കി പരിശോധക സമക്ഷം സമർപ്പിക്കാനൊന്നും കഴിയുകയില്ല."

ഡോക്ടർ പറഞ്ഞു.

"എങ്കിൽ ഈ പദ്ധതി ഉപേക്ഷിക്കുകയേ മാർഗ്ഗമുള്ളൂ,"

അല്പം ആലോചിച്ച് അദ്ദേഹം തുടർന്നു.

"എന്നാൽ മറ്റൊരു കാര്യമുണ്ട്. അതു ഡോക്ടർ ഹവ്വൽസ് പറയും" ഹവ്വൽസ്, എം.എ. അച്ചനോടു പറഞ്ഞു.

"ഫാദർ പണിക്കർക്ക് ഈ കോളേജിലെ പ്രൊഫസറായി വരാൻ സാധിക്കുമോ? എങ്കിൽ ഈ കോളേജിന് അതൊരു വലിയ നേട്ടമായിരിക്കും"

ഗംഭീരാശയനും പ്രഭാഷണ ചതുരനുമായ പണിക്കരച്ചനെ കോളേജ് പ്രിൻസിപ്പലിന് ഇഷ്ടപ്പെട്ടിരിക്കുന്നു.

പണിക്കരച്ചൻ ചിന്തിച്ചു. ഇന്ത്യയിലെ ഏക ക്രൈസ്തവ സർവ്വകലാശാലയിലെ പ്രൊഫസർ പദവി. കൂടുതൽ പഠിക്കാനും പഠിപ്പിക്കാനും



malankaralibrary.com

മതിയായ സൗകര്യങ്ങൾ. പക്ഷേ, എം.ഡി. സെമിനാരിയിൽ നിന്നകലേണ്ടി വരുന്നത് ദുഃഖകരമല്ലേ. അതിന്റെ ഉയർച്ചയിൽ കാര്യമായെന്തെങ്കിലും ചെയ്യാൻ സഭാ വഴക്കുകൾ കാരണം ഇതുവരെ കഴിഞ്ഞില്ല.

അതിനാൽ എന്തു മറുപടി കൊടുക്കും. പുഞ്ചിരിയോടെ പറഞ്ഞു. "ഇക്കാര്യത്തിൽ തീരുമാനിക്കേണ്ടത് മെത്രാപ്പോലീത്താ തിരുമേനിയാണ്".

മെത്രാപ്പോലീത്തായും ആശയക്കുഴപ്പത്തിലായി. പ്രശസ്തമായ സെറാമ്പൂർ കോളേജിലെ പ്രൊഫസർ സ്ഥാനം മലങ്കരയ്ക്ക് ആകമാനം അഭിമാന ഹേതുവാണ്. പക്ഷേ, തന്റെ ശക്തിസ്രോതസായ എം.എ. അച്ചനില്ലാതെ മലങ്കരയിൽ ഒറ്റയ്ക്കെങ്ങനെ കഴിയും.

എങ്ങും തൊടാത്ത തരത്തിലൊരു മറുപടി കൊടുക്കാനാണ് അപ്പോൾ തോന്നിയത്.

"കാര്യം നല്ലതു തന്നെ. പക്ഷേ, അതിനു പല വിഷമതകളും കാണുന്നുണ്ട്. എന്തായാലും ആലോചിച്ചു മറുപടി അയയ്ക്കാം".

നാട്ടിലെത്തിക്കഴിഞ്ഞും കത്തുകളിലൂടെ ഡോക്ടർ ഹവ്വൽസിന്റെ നിർബന്ധം. കത്തുകൾ നിരന്തരം വരുന്നു. പക്ഷേ എന്തു മറുപടി നൽകും. കക്ഷിവഴക്കുകൾ രൂക്ഷമായിരിക്കുന്നു. ഈ സാഹചര്യത്തിൽ മെത്രാപ്പോലീത്തായെ വിട്ടുപോവുക വേദനാജനകം.

മെത്രാപ്പോലീത്തായ്ക്കു വട്ടിപ്പണക്കേസിൽ മൊഴി കൊടുക്കാനായി നിരന്തരം കോടതിയിലെത്തണം. അപ്പോൾ അദ്ദേഹത്തെ സഹായിക്കാൻ മറ്റാരുണ്ടാകും. ശത്രുക്കളാണെങ്കിൽ മെത്രാപ്പോലീത്തായെ വധിക്കാൻപോലും തരം പാർത്തിരിക്കുന്ന സാഹചര്യം.

എങ്കിലും ഡോക്ടർ ഹവ്വൽസ് വാഗ്ദാനം ചെയ്യുന്ന സൗകര്യങ്ങളോർത്താൽ പോകാതിരിക്കാനും തോന്നുന്നില്ല. ആ സൗകര്യങ്ങളെല്ലാം സഭാവളർച്ചയ്ക്ക് മുതൽക്കൂട്ടുകളാക്കാം. സെറാമ്പൂരിൽ സായിപ്പന്മാരായ അദ്ധ്യാപകർക്കു കിട്ടുന്നതിന്റെ പകുതി ശമ്പളമേ ഭാരതീയരായ അദ്ധ്യാപകർക്ക് നൽകുകയുള്ളൂ. എന്നാൽ തനിക്കുവേണ്ടി മാത്രം നിയമം മാറ്റിയെഴുതാൻ പോലും അവർ ഒരുക്കമാണത്രേ. പാശ്ചാത്യ അദ്ധ്യാപകർക്കു തുല്യമായ വേതനം തനിക്കും തരും. അത് എം.ഡി. സെമിനാരിയിലെ ശമ്പളത്തിന്റെ പത്തിരട്ടിയോളം വരും.

ഇപ്പോൾ കിട്ടുന്ന ശമ്പളംകൊണ്ടുതന്നെ നാലു ശെമ്മാശന്മാരുടെ ഉപരിപഠനം നടത്താൻ തനിക്കു കഴിയുന്നുണ്ടല്ലോ.

അപ്പോൾ സെറാമ്പൂരിലെ ശമ്പളമുപയോഗിച്ച് നാൽപ്പതോളം പേരെ പഠിപ്പിക്കാൻ കഴിഞ്ഞേക്കും.



malankaralibrary.com

അങ്ങനെ പഠിച്ചു വരുന്നവരുടെ സേവനം ഉപയോഗപ്പെടുത്തി എം.ഡി. സെമിനാരിയോടു ചേർന്ന് വൈദിക കോളേജ് തുടങ്ങുകയും ആവാം.

എങ്കിലും മെത്രാപ്പോലീത്താ അനുവദിക്കാതെ സ്വതന്ത്രമായൊരു തീരുമാനം സ്വീകരിക്കാനും വയ്യ.

വലിയൊരു വടംവലി മനസ്സിൽ നടക്കുകയാണ്. എപ്പോഴും ചിന്ത ഇതുതന്നെ. ഉറക്കംപോലും കെടുത്തുന്ന ചിന്തകൾ.

എരിയുന്ന ചിന്തകൾ ദൈവത്തിൽ സമർപ്പിച്ച് രാപ്പകൽ പ്രാർത്ഥിച്ചു. ഈശ്വരനിശ്ചയം പോലെ പ്രവർത്തിക്കാൻ നിശ്ചയിച്ചപ്പോൾ മനസ്സിൽ ശാന്തി.

സെറാമ്പൂരിലേക്കു പോകാൻ ആരോ പ്രേരിപ്പിക്കുന്നതുപോലെ തോന്നി. ഇക്കാര്യം മെത്രാപ്പോലീത്തായെ അറിയിച്ചു.

ആദ്യം എതിർത്തെങ്കിലും പിന്നീടു തോന്നി ഇതു മലങ്കരയ്ക്കു ഒരു വലിയ നേട്ടമാകുമെന്ന്. അവസാനം ഇങ്ങനെ പറഞ്ഞു.

"ശരി. അങ്ങനെ തന്നെയാവട്ടെ. സന്തോഷപൂർവ്വം നാം അനുവദിച്ചിരിക്കുന്നു".

എത്രയും വേഗം സെറാമ്പൂരിലെത്തണമെന്നാണ് മിഷനറിമാരുടെ നിർബന്ധം.

എം.ഡി. സെമിനാരിയിലെ സർവ്വ ചുമതലകളും പെട്ടെന്ന് ആരെ ഏൽപ്പിക്കും. അതു കെ.വി. ചാക്കോയെത്തന്നെ ഏല്പിച്ചാലോ. നല്ല വിദ്യാഭ്യാസമുണ്ട്. തലയെടുപ്പുണ്ട്. കാര്യപ്രാപ്തിയും.

മറ്റു കാര്യങ്ങൾ കിളിലേത്തു ചാക്കോയെ ഏൽപ്പിച്ചു പറഞ്ഞു.

"ഞാൻ സെറാമ്പൂരിലാണെങ്കിലും ഇവിടുത്തെ എല്ലാ വിവരങ്ങളും അപ്പപ്പോൾ അറിയിക്കണം." സ്കൂൾ ജോലികളെല്ലാം മുഴുമിച്ചു. കൽക്കത്തയിൽ താമസമുള്ള പ്രമുഖ വ്യക്തികളുടെ വിലാസങ്ങൾ ഡയറിയിൽ കുറിച്ചെടുത്തു.

സെറാമ്പൂരിലേക്കു ഒരാളെക്കൂടി കൊണ്ടുപോകാനും നിശ്ചയിച്ചു. തനിക്കേറ്റം പ്രിയപ്പെട്ട ശിഷ്യൻ; കളപ്പുരയ്ക്കൽ യാക്കോബു ശെമ്മാശൻ. പഠനത്തിൽ സമർത്ഥൻ. നിർമ്മല ഹൃദയൻ. വിദ്യാർത്ഥികളുടെ ഇടയിലെ വിശുദ്ധൻ. ഇപ്പോൾ അദ്ധ്യാപകർക്കിടയിലേതും. മെട്രിക്കുലേഷൻ ജയിച്ച് ഇപ്പോൾ എം.ഡി. ഹൈസ്കൂളിൽ പഠിപ്പിക്കുന്നു. അയാൾ എവിടെച്ചെന്നാലും മാതൃകാപൂർണ്ണനാവും. തന്റെ നിഴലുപോലെ എപ്പോഴും കൂടെ വരാൻ കൊതിക്കുന്ന ആളും. ക്ലാസിൽ പഠിപ്പിക്കു



malankaralibrary.com

മ്പോൾ, തന്നെ ഉറ്റുനോക്കിയിരിക്കുന്ന ആ ശാലീന മുഖം മറക്കാനാവി ല്ലല്ലോ. സെറാമ്പൂരിൽ അദ്ദേഹത്തെയും കൊണ്ടുപോകണം; കൂടുതൽ പഠിപ്പിക്കണം.

ശെമ്മാശൻ ഇതറിഞ്ഞു ദൈവത്തെ സ്തുതിച്ചു. പ്രാർത്ഥനാ നിറ വുള്ള പ്രഗത്ഭനായ ഗുരുവിന്റെ കൂടെ വസിക്കാൻ ഇടയായല്ലോ.

നാളെയാണു യാത്ര.

മുറി അടുക്കേണ്ട ജോലിയൊന്നുമില്ല. എന്നും അതു വെടിപ്പാണ്. എങ്കിലും ആവശ്യമുള്ള പുസ്തകങ്ങൾ എടുത്തു വയ്ക്കണം. സുറിയാ നിയിലും മറ്റുമുള്ള അനർഘവും അതിപുരാതനവുമായ ചില പുസ്തക ങ്ങളുണ്ട്. ഗ്രന്ഥശേഖരത്തിൽ നിന്നും അവ തെരഞ്ഞെടുക്കണം.

പുസ്തകം തെരഞ്ഞു ചെന്നപ്പോൾ ഒരുകെട്ടു കത്തുകൾ വളരെ ഭദ്രമായി പൊതിഞ്ഞു സൂക്ഷിച്ചിരിക്കുന്നു. രോഷാകുലമായ കത്തുകൾ. പാത്രിയർക്കീസ് കക്ഷികളിൽപ്പെട്ട ശത്രുക്കൾ തന്റെ പേർക്ക് എഴുതിയ ഭീഷണിക്കത്തുകളാണ്. പലതിലും അസഭ്യഭാഷ. എങ്കിലും നശിപ്പിക്കാൻ അന്നു തോന്നിയില്ല.

കത്തുകളെല്ലാം കയ്യിലെടുത്തു. അതെഴുതിയവരുടെ പേരുകൾ ഒരി ക്കൽക്കൂടി നോക്കി. മുറ്റത്തു കൂട്ടിയിട്ടു തീ കൊളുത്തി.

നിർമ്മലഹൃദയത്തോടെ പുതിയൊരു പ്രഭാതത്തിലേക്കു നീങ്ങുന്ന അനുഭവം.

എല്ലാവരോടും വിട പറയുകയാണ്. അതിനുമുമ്പ് മിച്ചമുണ്ടായിരുന്ന തുക മുഴുവൻ സഭാസെക്രട്ടറിയെ ഏൽപ്പിച്ചു. മൂവായിരത്തിമുന്നൂറു രൂപ. തൃശിനാപ്പള്ളിയിലെ ശെമ്മാശന്മാരുടെ ചെലവു കഴിഞ്ഞ് അത്രയുമാണു മിച്ചമുണ്ടായിരുന്നത്. ഗീവറുഗീസ് നാമധാരികളിൽനിന്നും ശേഖരിക്കുന്ന മെത്രാപ്പോലീത്തൻ ഫണ്ടിലേക്കു അതു ലയിപ്പിച്ചു.

തന്റെ വിദ്യാഭ്യാസത്തിനായി സഭ ചെലവഴിച്ച ആയിരത്തി എണ്ണൂ റ്റിനാല്പത്തിനാലു രൂപയ്ക്കു പകരമായി ഇത്രയും തുക തിരിച്ചുകൊടു ക്കാൻ കഴിഞ്ഞതിൽ എം.എ. അച്ചനു ചാരിതാർത്ഥ്യം തോന്നി.

അച്ചനെ യാത്രയാക്കാൻ വട്ടശ്ശേരിൽ മെത്രാപ്പോലീത്താ പഴയസെമി നാരിയുടെ വരാന്തയിലേക്കിറങ്ങി.

ശരീരത്തിൽനിന്നും ഒരവയവം അറുത്തുമാറ്റുന്ന ദുസ്സഹ വേദനയാ യിരുന്നു മെത്രാപ്പോലീത്തായ്ക്ക്. നിലയില്ലാകയത്തിൽ താണുപോയ പ്പോൾ തന്നെ രക്ഷിച്ച ആളാണു വിടപറയുന്നത്. പ്രിയ ശിഷ്യനെ കെട്ടി പ്പിടിച്ച് ഉമ്മവച്ച് അനുഗ്രഹിച്ച് അദ്ദേഹം യാത്രയാക്കി.



malankaralibrary.com

വിഖ്യാതമായ സെറാമ്പൂർ സർവ്വകലാശാലയുടെ വാതായനങ്ങൾ മലങ്കരയിൽനിന്നുള്ള പ്രൊഫസർക്കു മുന്നിൽ ആദ്യമായി തുറക്കപ്പെട്ടു. കാത്തിരിപ്പിന്റെ സാഫല്യമായിരുന്നു സായിപ്പന്മാരായ മിഷനറിമാർക്ക്. പുതിയ പ്രൊഫസറെ ആദരവോടെ വരവേറ്റ് കോളേജിന്റെ രണ്ടാം നിലയിലേക്ക് ഡോക്ടർ ഹവ്വൽസ് കൂട്ടിക്കൊണ്ടു പോയി.

പാർപ്പിട സൗകര്യം അവിടെയാണ് ഒരുക്കിയിട്ടുള്ളത്. യാക്കൂബ് ശെമ്മാശനെയും കൂടെ പാർപ്പിച്ചു.

ഡോക്ടർ ഹവ്വൽസ് സഹപ്രവർത്തകർക്കു മുന്നിൽ പുതിയ പ്രൊഫസറെ പരിചയപ്പെടുത്തി. മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തോടെ അതിന്റെ നായകൻ എന്ന നിലയിൽ വിഖ്യാതനായ പ്രൊഫസറെ എല്ലാവരും അഭിമാനപൂർവ്വം സ്വീകരിച്ചു.

തുടക്കത്തിൽ എല്ലാം കണ്ടു മനസ്സിലാക്കുകയായിരുന്നു. തൂവെള്ളച്ചായമണിഞ്ഞ വിദേശ വാസ്തുശില്പ സമുച്ചയം. വിശാലമായ ക്ലാസുമുറികൾ. ബ്രഹ്മാണ്ഡമായ സമ്മേളനശാല. വിസ്തൃത കളിസ്ഥലം.

കുന്തുരുക്കമരങ്ങളുടെ തണൽ പരന്ന അങ്കണം. അതിസമർത്ഥരായ പഠിതാക്കളുടെ വിജ്ഞാന തൃഷ്ണ മുറ്റിയ ഗ്രന്ഥാലയം. അതിനായി വലിയൊരു കെട്ടിടം തന്നെയുണ്ട്.

അതിനുള്ളിൽ കടന്നപ്പോൾ പിന്നെ മറ്റൊന്നിലേക്കും മനസ്സിളകുന്നില്ല. പുസ്തകങ്ങളെ അത്രമാത്രം സ്നേഹിച്ചു പോയില്ലേ.

പ്രൗഢമായ ഗ്രന്ഥാലയത്തിലേക്കു കടന്ന് ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനിടയിൽ പ്രിൻസിപ്പലിന്റെ നിർദ്ദേശം ഓർത്തു.

"ഫാദർ പണിക്കർക്ക് രണ്ടു വിഷയങ്ങൾ തരുന്നു. ധനതത്വശാസ്ത്രവും, സഭാചരിത്രവും. ലൈബ്രറിയിൽ ഈ വിഷയങ്ങളിലുള്ള ധാരാളം പുസ്തകങ്ങളുണ്ട്. ആരെഴുതിയ പുസ്തകവും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അങ്ങേയ്ക്കുണ്ട്."

ആദ്യം കടന്നെത്തിയത് സഭാചരിത്രവിഭാഗത്തിലേക്ക്. പലതും വായിച്ചിട്ടുള്ളവയാണ്. അല്ലാത്തവയും ധാരാളം.

ആരെഴുതിയതാണു പഠിപ്പിക്കേണ്ടത്. പുസ്തകങ്ങളോരോന്നും ശ്രദ്ധയോടെ പരിശോധിച്ചു. കൂട്ടത്തിൽ അഡ്രിയാൻ ഫ്രൊട്ടസ്ക്ക് എന്നൊരാളെഴുതിയ സഭാചരിത്രം കിട്ടി. മറ്റു ഗ്രന്ഥങ്ങളിലില്ലാത്ത സമഗ്രത അതിലുള്ളതുപോലെ തോന്നി. കത്തോലിക്കാ അകത്തോലിക്കാ സഭകളുടെ വ്യത്യാസങ്ങൾ അതിൽ വിശദമായിട്ടുണ്ട്. എന്നാൽ ഗ്രന്ഥകർത്താവ് കത്തോലിക്കനാണ്. യാക്കോബായനായ താൻ കത്തോലിക്കനെഴുതിയ



malankaralibrary.com

പുസ്തകം പഠിപ്പിക്കുന്നതിൽ വിദ്യാർത്ഥികൾ അത്ഭുതപ്പെട്ടാലോ. എങ്കിൽ ഇങ്ങനെ മറുപടികൊടുക്കാം.

"ക്രിസ്തുവിനോളം പഴക്കമുള്ള സഭ കത്തോലിക്കാസഭ മാത്രമാണ്. ബാക്കി സകല സഭകളും പിന്നീട് ഓരോരോ അഭിപ്രായവ്യത്യാസം മൂലം രൂപപ്പെട്ടതാണ്. അതിനാൽ സമഗ്രമായ സഭാചരിത്രമെഴുതാൻ ആധികാരികതയുള്ളതു കത്തോലിക്കനു തന്നെ".

ഭാരിച്ച ഗ്രന്ഥങ്ങളും പേറി മുറിയിലെത്തി. വിഷയസംബന്ധമായ കുറിപ്പുകൾ തയ്യാറാക്കി.

വിദ്യാദാനത്തോടെ പഠിതാക്കൾക്കു ഉദാത്തമായ ജീവിതദർശനം ലഭിക്കണമെന്ന ലക്ഷ്യത്തോടെയാണു കുറിപ്പുകൾ എഴുതുന്നത്.

ആഴമായ പഠനങ്ങൾക്കു സമയം തികയുന്നില്ല. രാവിലെ നാലുമണിക്കുണരും. കൂടെയുള്ളവരെയും വിളിച്ചുണർത്തും. പഠനവും പഠിപ്പിക്കലും തുടരും.

കൃത്യസമയത്തു ക്ലാസിലെത്തും. ഒരു നിമിഷം മുമ്പോ പിമ്പോ ആവില്ല. ചുളിവുവീഴാത്ത തൂവെള്ള കുപ്പായമണിഞ്ഞ് അറിവിന്റെ നിറവായി ജ്വലിക്കുന്ന എം.എ. അച്ചൻ ആർക്കും വിസ്മയം തന്നെ. ക്ലാസ്സുകഴിഞ്ഞാൽ നേരെ ഗ്രന്ഥാലയത്തിലെത്തും.

സഹാദ്ധ്യാപകരുടെ നേരംകൊല്ലിക്കുന്ന വിനോദങ്ങളിലൊന്നും താൽപര്യം തോന്നിയില്ല.

ചുറ്റും എന്തു സംഭവിച്ചാലും അറിയാത്തത്ര ഏകാഗ്രതയോടെ മണിക്കൂറുകളോളം വായനയിൽ ലയിക്കും. വിജ്ഞാനസാഗരത്തിന്റെ അനന്തതയിൽ നീന്തിക്കളിക്കാനായിരുന്നു തൃഷ്ണ. ശിഷ്യഗണത്തെ അതിലേക്ക് ഇറക്കിവിടാനും.

ക്ലിപ്തപ്പെടുത്തിയ വിഷയാതിർത്തികൾക്കപ്പുറത്തേക്കു ശിഷ്യരെ ആനയിക്കുന്ന തരത്തിലുള്ള അനിതരസാധാരണമായ അദ്ധ്യാപനശൈലി. ഓരോ വിദ്യാർത്ഥിയുടെയും പഠനനിലവാരം അളന്നുള്ള വിദ്യാദാനം.

കൂടെക്കൂടെ പരീക്ഷകൾ നടത്തി. ഇതിനെല്ലാം പുറമേ കോളേജിലെ സകല പൊതുപ്രവർത്തനങ്ങളിലും സജീവസാന്നിദ്ധ്യം.

പ്രഭാഷണപാടവമുള്ള വിദ്യാർത്ഥികളുടെ സംഘടനയുണ്ടാക്കി. ശിപായി മുതൽ പ്രിൻസിപ്പൽവരെയുള്ളവർക്ക് അങ്ങനെ അത്യാദരണീയനാവുകയായിരുന്നു പുതിയ പ്രൊഫസർ.

അദ്ദേഹത്തിന്റെ എന്താവശ്യവും സാധിച്ചുകൊടുക്കാൻ അധികാരികൾ ഉത്സുകരായിരുന്നു. അതു ഗ്രഹിച്ച എം.എ. അച്ചൻ ഡോക്ടർ ഹവ്വൽസിനോട് അഭ്യർത്ഥിച്ചു.



malankaralibrary.com

"എനിക്കിവിടെ രണ്ടു കാര്യങ്ങൾകൂടി അനുവദിച്ചു തരണം. കുറച്ചു സുറിയാനിക്കാരെ മലങ്കരയിൽനിന്നും ഇവിടേക്കു കൊണ്ടുവരണമെന്നു ണ്ട്. ഒന്നാന്തരം മാർക്ക് ഇല്ലാത്തവരാണെന്ന കാരണത്താൽ അവരെ ഉപേ ക്ഷിക്കരുത്. പിന്നത്തെ കാര്യം, ആരാധനാ സൗകര്യം സംബന്ധിച്ചതാ ണ്. ഇവിടെയുള്ള സുറിയാനിക്കാർക്കുവേണ്ടി പൗരസ്ത്യസഭാസംബന്ധ മായ വേദോപദേശം പഠിക്കാനും സുറിയാനി സഭയുടെ പുരാതനരീതി ക്കനുസരിച്ച് പ്രത്യേകമായ ആരാധനാലയം ഉണ്ടാക്കി ആരാധന നട ത്താനും സഹായിക്കണം"

ഒട്ടും ആലോചിക്കാതെ പ്രിൻസിപ്പൽ പറഞ്ഞു.

"ഫാദർ പണിക്കർ ഞങ്ങളുടെ സ്വത്തല്ലേ. ആത്മീയമായും വിദ്യാ ഭ്യാസപരമായും അങ്ങേയ്ക്കൊരു വലിയ ദർശനമുണ്ട്. ആ സ്ഥിതിക്ക് ഇതൊക്കെ സാധിച്ചു തരേണ്ട ബാദ്ധ്യത എനിക്കില്ലേ"

അന്നുതന്നെ മെത്രാപ്പോലീത്തായ്ക്കെഴുതി. സഭാതീക്ഷ്ണതയുള്ള വരും സമർത്ഥരുമായ ഒരുപറ്റം ശെമ്മാശന്മാരുടെ പേരുകൾ മനസ്സിലു ണ്ട്. വാളക്കുഴിയിൽ ജോസഫ് ശെമ്മാശൻ, പാറേട്ട് മാത്യൂസ്, മൂക്കഞ്ചേ രിൽ പത്രോസ് അങ്ങനെ പലർ. പിന്നെ ചില വൈദികർ, അൽമായർ.

സഭാവളർച്ചയിൽ അവരെ മുഖ്യ ഉപകരണങ്ങളാക്കണം. അവരെ യെല്ലാം സെറാമ്പൂരിലേക്കയയ്ക്കണമെന്നാണഭ്യർത്ഥന. മെത്രാപ്പോലീ ത്തായ്ക്കിതു തൃപ്തികരമാകാതിരിക്കില്ല. ഇന്നുവരെ തന്റെ അഭ്യർത്ഥ നകളെല്ലാം നടത്തിത്തന്നിട്ടുള്ള ആളാണദ്ദേഹം. തന്റെ നീക്കങ്ങളെല്ലാം സഭാവളർച്ച ലക്ഷ്യമാക്കിയുള്ളതാണെന്ന് അദ്ദേഹത്തിനറിയാം.

പ്രതീക്ഷയോടെ കാത്തിരുന്നു. മലങ്കരയുടെ ഒരുപറ്റം മിടുക്കന്മാർ താമസിയാതെ വന്നുചേരും. ഇപ്പോഴുള്ള താമസസൗകര്യം അവർക്കു തികയുകയില്ല. ഇരുനിലയിലുള്ള സാമാന്യം വലിയ ഒരു പഴയ കെട്ടിടം വാടകയ്ക്കു കിട്ടിയത് അതിനുള്ള പോംവഴിയായി.

താമസസൗകര്യവും കലാലയ പ്രവേശനവും ശരിയാക്കി എം.എ. അച്ചൻ അവരുടെ വരവുകാത്തു കഴിഞ്ഞു.

✠



malankaralibrary.com



# 14

# സമർപ്പിത ഗുരു

ശമ്പളമില്ലാതെ മറ്റൊരു വരുമാനവുമില്ല. കിട്ടുന്നതുകൊണ്ടു തെക യുന്നുമില്ല. ഒരാളിന്റെ വരുമാനംകൊണ്ട് ചെലവു കഴിയേണ്ടവർ ഇരുപ തിൽപ്പരം. കുട്ടികൾ സെറാമ്പൂരിൽ മാത്രമല്ലല്ലോ. അഹമ്മദ്ബാദിലും മദ്രാസിലും അയച്ചിട്ടുള്ളവരുടെ കാര്യവും നോക്കണ്ടേ. ആഹാരം മാത്രം മതിയോ. വീട്ടുവാടകയും തുണിച്ചെലവും നടക്കണം. കോളേജു ഫീസാ ണെങ്കിൽ ഭീമവും. നിവൃത്തിയില്ലാതായപ്പോൾ ചിലരിൽനിന്നും കടം വാങ്ങേണ്ടതായും വന്നു. പുതിയ വരുമാന മാർഗ്ഗങ്ങൾ എന്തെങ്കിലും കണ്ടെത്താത്ത പക്ഷം കാര്യങ്ങൾ കുഴയും. എന്തായാലും മുന്നോട്ടു വച്ച കാൽ തിരിച്ചെടുക്കില്ല. ദൃഢനിശ്ചയമാണത്.

സാമ്പത്തിക പ്രതിസന്ധിയിലും ദൈവം ഒരു വഴി കാട്ടിത്തന്നു. കോളേജിൽ ക്രിസ്മസ് പരീക്ഷ കഴിഞ്ഞു. പത്തുനാൾ അവധി. ഡോക്ടർ ഹവ്വൽസ് വന്നുപറഞ്ഞു.

"അദ്ധ്യാപകരെല്ലാം കൂടി വിനോദയാത്രയ്ക്കു പോകുന്നു. ഫാദർ പണിക്കർ യാത്രാസംഘത്തെ നയിക്കണം"

സ്വന്തം സുഖത്തിനായി ഇന്നോളം ജീവിച്ചിട്ടില്ല. വിനോദത്തിനു



malankaralibrary.com

സമയം കണ്ടെത്തിയിട്ടുമില്ല. ഇനിയും അതു വേണ്ട. പ്രിൻസിപ്പലിനോടു പറഞ്ഞു.

"ദയവായി എന്നെ അതിൽ നിന്നൊഴിവാക്കണം. വലിയൊരു ഭാരം എന്റെ ചുമലിലുള്ളത് അറിയാമല്ലോ. കിട്ടുന്ന പണമൊന്നും തികയുന്നില്ല"

"പിന്നെ, അവധിക്കാലത്ത് എന്താണു പരിപാടി ?"

"കുട്ടികളുടെ ഉത്തരക്കടലാസുകൾ നോക്കാനുണ്ട്. എന്റെ വിഷയങ്ങൾക്കു പുറമേയുള്ള പരീക്ഷക്കടലാസുകൾകൂടി മൂല്യനിർണ്ണയം ചെയ്യാൻ കിട്ടിയാൽ നന്നായിരുന്നു"

അതിനുള്ള പ്രതിഫലം ശമ്പളത്തിനു പുറമെയാണ്. അവധിക്കാലത്ത് രാപ്പകൽ അദ്ധ്വാനിച്ച് ശമ്പളത്തിനു പുറമെ പണം കണ്ടെത്തണം.

"നല്ല കാര്യം. ഞങ്ങൾ സായിപ്പൻമാർക്ക് ഇത്ര മുഷിഞ്ഞുള്ള പണി വയ്യ. അതിൽ നിന്നുള്ള വിടുതൽ ഈ വിനോദയാത്രയും മറ്റുമാണ്. ഞങ്ങളുടെ ജോലികൂടി ഫാദർ പണിക്കർ ഏറ്റെടുക്കുന്നതിൽ സന്തോഷമേയുള്ളൂ. ഇംഗ്ലീഷിന്റെ കടലാസ്സുകൾ കൂടി പരിശോധിച്ചോളൂ. പിന്നെ ഒരു കാര്യം ശ്രദ്ധിക്കണം."

തെല്ലു നിർത്തി ഡോക്ടർ ഹവ്വൽസ് പറഞ്ഞു."ആരോഗ്യം സൂക്ഷിക്കണം. ഉറക്കമില്ലാതെയുള്ള അങ്ങയുടെ അദ്ധ്വാനം ഞാൻ കാണുന്നുണ്ട്. സഭയ്ക്കുവേണ്ടിയാണെങ്കിൽ കൂടി അത് കുറയ്ക്കണം".

പറയുന്നതിൽ കാര്യമുണ്ട്. എങ്കിലും അതിനു മനസ്സു കൂടി വഴങ്ങണ്ടേ? ആരോഗ്യം ശ്രദ്ധിക്കുക, നല്ല ഭക്ഷണം കഴിച്ച് വിനോദങ്ങളിൽ ഏർപ്പെടുക, വിശ്രമിക്കുക; ഇതൊക്കെ തന്റെ ജീവിതശൈലിക്കു യോജിച്ചതാണോ? ആരോഗ്യമുള്ള കാലത്തോളം വിയർപ്പൊഴുക്കി അദ്ധ്വാനിക്കുവാനാണ് മനസു പറയുന്നത്. എത്രനാൾ ജീവിതമുണ്ടെന്ന് ആരറിയുന്നു. മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കാനുള്ള അവസരം ഒരിക്കലും നഷ്ടമാക്കിക്കൂടാ. ഇപ്പോൾ പല ജോലികളിൽ ഒന്നുമാത്രമാണല്ലോ പരീക്ഷാക്കടലാസ്സുകളുടെ പരിശോധന. വിശ്വാസികളുടെ ആത്മീയോത്തേജനത്തിനായി 'പാപമോചനം' എന്ന പേരിൽ ഒരു മലയാള പുസ്തകം എഴുതുകയുമാണല്ലോ. കഴിയുമെങ്കിൽ അവധി കഴിയുംമുമ്പേ അതെഴുതിത്തീർക്കണം.

ഡോക്ടർ ഹവ്വൽസിന്റെ ഉപദേശംകേട്ട് പുഞ്ചിരിതൂകി നിന്നതേയുള്ളൂ.



malankaralibrary.com

പരീക്ഷാക്കടലാസ്സുകളുടെ കെട്ടുകൾ എം.എ. അച്ചന്റെ മുറിനിറച്ചു. അവധിക്കാലം മുഴുവൻ വേണ്ടിവന്നു അതു പരിശോധിച്ചു തീർക്കുവാൻ. കഷ്ടപ്പെട്ടെങ്കിലും വരുമാനം കൂട്ടി.

ഇതുവരെയും കൃത്യമായ വരവുചെലവുകണക്കുകൾ എഴുതി സൂക്ഷിക്കാൻ കഴിഞ്ഞില്ല. ഇനി അത് അത്യാവശ്യമാണ്. ഒരുപക്ഷേ, വരവിനേക്കാൾ ചെലവ് അധികമായേക്കാം. എങ്കിലും കൃത്യമായ കണക്കുണ്ടാകുന്നതു നല്ലതാണ്. യാക്കൂബ് ശെമ്മാശനെ വിളിച്ച് അക്കാര്യം നിർദ്ദേശിച്ചു.

"ഇപ്പോൾ പഴയതുപോലല്ലല്ലോ. വിദ്യാർത്ഥികൾ വർദ്ധിച്ചു. ദൈവാനുഗ്രഹത്താൽ ചെലവിനു തക്കവരവും ഉണ്ടായിരിക്കുന്നു. ഇനിയിപ്പോൾ വരവുചെലവു കണക്കുകൾ എഴുതി സൂക്ഷിക്കേണ്ടത് ആവശ്യമാണ്. അക്കാര്യം ശെമ്മാശൻ ചെയ്യണം. ഒപ്പം പണമിടപാടുകളും നടത്തിക്കൊള്ളണം. വല്ലപ്പോഴും നേരം കിട്ടുമ്പോൾ ഞാനവയൊന്ന് ഓടിച്ചുനോക്കിക്കൊള്ളാം".

അന്നുതന്നെ കയ്യിലെ മുഴുവൻ പണവും ശെമ്മാശനെ ഏൽപ്പിച്ചു. ഓരോ വിദ്യാർത്ഥിക്കുവേണ്ടിയും മാസന്തോറും ചെലവാക്കേണ്ട തുകയുടെ കണക്കും കൊടുത്തു.

ശെമ്മാശൻ സൂക്ഷ്മതയോടെ എഴുതിത്തുടങ്ങി.

മനസ്സിൽ പദ്ധതികൾ ധാരാളം. മലങ്കരയിൽ യാതൊരു ശാന്തിയുമില്ലെന്ന് എ. പീലിപ്പോസും മാമ്മൻ മാപ്പിളയും എഴുതി അറിയിച്ചിരിക്കുന്നു. ഒരുപറ്റം പുരുഷന്മാരെ പഠിപ്പിച്ചുയർത്തിയതുകൊണ്ടുമാത്രം സമുദായോദ്ധാരണം പൂർണ്ണമാകുമോ? മലങ്കരയിലെ സ്ത്രീജനങ്ങളെക്കൂടി പരിഗണിക്കേണ്ടേ? കുടുംബത്തിന്റെ വിളക്കു സ്ത്രീയല്ലേ?

അവരുടെ ഉയർച്ചയല്ലേ സമൂഹത്തിന്റെയും ഉയർച്ച? എന്നാൽ അതറിയാൻ ആരുണ്ട്? മലങ്കര സ്ത്രീകൾ അടിമകളെപ്പോലെ കഴിയുകയല്ലേ. വിദ്യാഭ്യാസം അവർക്കു നിഷേധിക്കപ്പെട്ടിരിക്കുന്നു. അവഗണിക്കപ്പെട്ടവരും അസ്വതന്ത്രരുമാണവർ. അവർക്കുകൂടി വിദ്യാഭ്യാസം നൽകണം. സമുദായ സേവനത്തിന് സന്നദ്ധരായ സമർത്ഥകളെ കണ്ടെത്തണം. നല്ല വിദ്യാഭ്യാസം നൽകണം. അതിനൊരു സഹായവും ഉണ്ടാകുന്നതുവരെ പദ്ധതികളുമായി കാത്തിരിക്കുക തന്നെ.

ശെമ്മാശൻ താമസിക്കുന്ന വാടകക്കെട്ടിടത്തിൽത്തന്നെ ഒരു ചാപ്പലുണ്ടാക്കി. തിരക്കേത്രയായാലും മിക്കവാറും അവിടെച്ചെന്ന് ശിഷ്യരെക്കാണും, ധ്യാനിച്ചിരിക്കും. സഭാപരവും വേദഗ്രന്ഥപരവുമായ അറിവിന്റെ മണിമുത്തുകൾ വാരിവിതറും.



malankaralibrary.com

സായിപ്പന്മാരുടെ കേളേജാണ്. ഒന്നാന്തരം ഇംഗ്ലീഷ് പഠിക്കാൻ ഇതിനേക്കാൾ നല്ലൊരിടമില്ല. തന്റെ ശിഷ്യഗണം ക്രമേണ ഇംഗ്ലീഷിന്റെ ലഹരിയിലേക്കു മുങ്ങിത്താഴുകയാണ്. ഇംഗ്ലീഷിൽ വ്യുൽപ്പത്തിയുള്ള വൈദികർ മലങ്കരയ്ക്ക് ആവശ്യമാണ്. പക്ഷേ ശിഷ്യന്മാർ സുറിയാനി ക്രിസ്ത്യാനികളല്ലേ. ഇംഗ്ലീഷിന്റെ മാത്രം മോഹവലയത്തിലായി സുറിയാനിയെ അവർ മറന്നുകളഞ്ഞാലോ!. അതൊരിക്കലും അനുവദിക്കരുത്. യേശുതമ്പുരാന്റെ സംസാര ഭാഷയാണത്. സുറിയാനിയിലുള്ള അവഗാഹം മലങ്കര വൈദികർക്ക് ഒഴിവാക്കാനാവാത്തതാണ്. സഭാപരമായ പുസ്തകങ്ങൾ ഏറെയും സുറിയാനിയിലാണല്ലോ.

വാടകക്കെട്ടിടത്തിന്റെ മുകളിലെ പഠനമുറിയിൽ സുറിയാനി പാഠങ്ങൾ തുടങ്ങി. സുറിയാനി പുസ്തകത്തിൽ കണ്ണുകളോടിക്കുകയും തത്സമയം അതിന്റെ ഭാഷാന്തരം ഉച്ചരിക്കുകയും ചെയ്യാനുള്ള പരിശീലനം വരെയായി.

പിന്നെ തന്റെ അസാന്നിദ്ധ്യത്തിൽപോലും സുറിയാനി പഠിക്കാൻ സഹായിക്കുന്ന ഒരു പുസ്തകം എഴുതാൻ തുടങ്ങി. റാബിൻസൺ ഗ്രാമർ എന്നതിനു പേരിട്ടു.

അതുമായി നേരെ കൽക്കത്താ സർവ്വകലാശാലയിലെത്തി. സുറിയാനി ഭാഷാപഠനം സർവ്വകലാശാലാതലത്തിൽ ആരംഭിക്കുകയാണു ലക്ഷ്യം. വൈസ് ചാൻസലറെക്കണ്ട് സ്വയം പരിചയപ്പെടുത്തി.

പേരുകേട്ട് ജിജ്ഞാസയോടെ അദ്ദേഹം മുഖമുയർത്തി കസേര ചൂണ്ടി ആഹ്ലാദപൂർവ്വം പറഞ്ഞു.

"ഡോക്ടർ ഹവ്വൽസിൽനിന്നും പ്രൊഫസറെപ്പറ്റി കേട്ടിട്ടുണ്ട്. എന്താണ് ഇപ്പോഴത്തെ വരവിന്റെ ഉദ്ദേശ്യം?"

നേരെ വിഷയത്തിലേക്കു കടന്നു.

"സുറിയാനിക്കാരായ ധാരാളം വൈദികരും ഡീക്കന്മാരും നമ്മുടെ കോളേജുകളിൽ പഠിക്കുന്നുണ്ടെന്നറിയാമല്ലോ". ഇവരുടെ സംഖ്യ ഭാവിയിൽ ഏറിവരികയേയുള്ളൂ. ഇവർക്ക് ഒഴിവാക്കാനാവാത്ത വിഷയമാണ് സുറിയാനി. പക്ഷേ, ഇതു പഠിക്കാനുള്ള യാതൊരു സാഹചര്യവും ഇന്ന് ഇന്ത്യയിൽ എങ്ങുമില്ല. ഇക്കാര്യത്തിൽ അങ്ങയുടെ സഹായം ആവശ്യമുണ്ട്. ഇംഗ്ലീഷിനൊപ്പം സുറിയാനിയും ഐച്ഛിക വിഷയമായി അംഗീകരിക്കണം"

"ഫാദർ പണിക്കർ ഇക്കാര്യം നേരത്തെത്തന്നെ ഡോക്ടർ ഹവ്വൽസിനോടു പറഞ്ഞിരുന്നല്ലോ. അദ്ദേഹം സുറിയാനിക്കാര്യത്തിന് എന്നോടു ശിപാർശ ചെയ്യുകയും ചെയ്തു. ഈയിടെ കൂടിയ ഭരണസമിതി മുമ്പാകെ



malankaralibrary.com

സുറിയാനി വിഷയം ഞാൻ അവതരിപ്പിക്കുകയും ചെയ്തു. പൊതുവേ ഏവർക്കും സമ്മതം തന്നെ. പക്ഷേ പലരും ഒരാശങ്ക ഉന്നയിച്ചു. പെട്ടെന്നു സുറിയാനിഭാഷ ഉൾക്കൊള്ളിക്കാൻവേണ്ട പാഠപുസ്തകങ്ങൾ ലഭ്യമല്ലല്ലോ."

റാബിൻസൺ ഗ്രാമിന്റെ ഒരു പ്രതി വൈസ്ചാൻസലർക്കു നേരെ നീട്ടി എം.എ. അച്ചൻ പറഞ്ഞു.

"ബി.എ. വരെ പഠിക്കാൻ വേണ്ട കാര്യങ്ങളെല്ലാം ഇതിലുണ്ട്"

വൈസ് ചാൻസലർ പുസ്തകം വാങ്ങി ആശ്ചര്യത്തോടെ പറഞ്ഞു.

"എങ്കിൽ ഇനി തടസ്സങ്ങളൊന്നുമില്ല. പക്ഷേ, ഒരു ചുമതലകൂടി ഏൽക്കാൻ പ്രൊഫസർ പണിക്കർ തയ്യാറാകണം. സുറിയാനി ഭാഷാ ബോർഡിന്റെ ചെയർമാൻ സ്ഥാനം".

"സന്തോഷമേയുള്ളൂ. അതിൽനിന്നുള്ള വരുമാനംകൂടി സമുദായ ത്തിനുവേണ്ടി ചെലവിടാമല്ലോ".

നന്ദിപറഞ്ഞ് വിജയാഹ്ലാദത്തോടെ കോളേജിലെത്തി. സഭാവിജ്ഞാനം പഠിപ്പിക്കാനെത്തിയ ക്ലാസ്സിൽ കുട്ടികളുമായി തന്റെ സന്തോഷം പങ്കുവച്ചു. പലരും റാബിൻസൺ ഗ്രാമർ മുൻകൂട്ടി വിലയ്ക്കു വാങ്ങി. മറ്റു ക്ലാസിലെ വിദ്യാർത്ഥികൾപോലും എം.എ. അച്ചന്റെ ക്ലാസു കേൾക്കാൻ എത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ക്ലാസിൽ അതു പതിവാണ്.

അഡ്രിയാൻ ഫ്രൊട്ടസ്ക്കിന്റെ പുസ്തകം തുറന്നു മേശമേൽ വച്ചി ട്ടുണ്ട്. വല്ലപ്പോഴുമേ അതിലേക്കു കണ്ണുകൾ പായിക്കൂ. എല്ലാം മനസ്സിൽ നിറഞ്ഞു കിടപ്പുണ്ട്. വ്യത്യസ്ത ക്രൈസ്തവസഭകൾ തമ്മിലുള്ള ചേർച്ചയും അകൽച്ചയുമാണ് വിഷയം.

ഓർക്കാപ്പുറത്ത് ഒരു വിദ്യാർത്ഥി എണീറ്റു.

"ഫാദർ, ഒരു സംശയമുണ്ട്"

"ചോദിക്കൂ"

"ക്രിസ്തുവിനാൽ സ്ഥാപിതമായ സഭ ഏതാണ്. യാക്കോബായ സഭയോ, കത്തോലിക്കാ സഭയോ?"

ഇരുന്നു പഠിപ്പിച്ച അദ്ദേഹം ചോദ്യം കേട്ടെഴുന്നേറ്റു. തെല്ലുനേരം ആലോചിച്ചു.

സകല കണ്ണുകളും പ്രൊഫസറിൽ ആകാംക്ഷയോടെ കേന്ദ്രീകരി ച്ചു. എല്ലാവരേയും ഒന്നുനോക്കി. ഉത്തരം കൊടുക്കുവാൻ പ്രയാസമില്ല. പക്ഷേ അത് അവരിലുണ്ടാക്കുന്ന പ്രതികരണം രൂക്ഷമായേക്കാം. പണ്ട് എം.ഡി. സെമിനാരിയിൽ വച്ച് പാത്രിയർക്കീസിന്റെ അധികാരത്തെപ്പറ്റി



malankaralibrary.com

മറുപടി കൊടുക്കേണ്ടിവന്ന സാഹചര്യം ഓർമ്മയിലെത്തി. അന്ന് പാത്രിയർക്കീസിന്റെ വിസ്താരത്തിനു വിധേയനാകേണ്ടതായും വന്നു. എന്തു വന്നാലും മനഃസാക്ഷിയെ വഞ്ചിക്കാൻ തനിക്കാവില്ല. തന്റെ ദർശനം സത്യസന്ധമായി ആരുടെ മുമ്പിലും തുറന്നുവയ്ക്കുകതന്നെ ചെയ്യും.

യാതൊരു ഭാവഭേദവും കൂടാതെ മറുപടി പറഞ്ഞു.

"എന്തായാലും അത് ഞാനുൾപ്പെടുന്ന യാക്കോബായ സഭയല്ല, അതു കത്തോലിക്കാസഭയാണോ എന്ന കാര്യം ഞാനിപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്നതേയുള്ളൂ"

ക്ലാസുകഴിഞ്ഞും മനസ്സിൽ ആ ചോദ്യം മുഴങ്ങുകയായിരുന്നു. അതിനു കൃത്യമായ ഉത്തരം കണ്ടെത്തിയേപറ്റൂ.

വീണ്ടും പഠനം. ആൾസമ്പർക്കം. യാത്ര.

ഇവിടെവിടെയോ ഓക്സ്ഫോർഡ് മിഷൻ പ്രവർത്തകരുണ്ടല്ലോ. യൂറോപ്യൻ വൈദികരായ അവർ മൂന്നാലു കൊല്ലങ്ങൾക്കുമുമ്പ് തിരുവിതാംകൂറിൽ മലങ്കര വിദ്യാർത്ഥി സമാജത്തിൽ പ്രസംഗിക്കാൻ വന്നിരുന്നല്ലോ. അന്നവർ തന്ന വിലാസം ഡയറിയിൽ നോക്കി ചെന്നുകണ്ടു. ഷോർ, ഹോംസ്, സ്ട്രോംഗ് എന്നീ വൈദികർ.

മനോനിശ്ചയങ്ങൾ പലതും അവരുടെ മുമ്പിൽ നിരത്തി. പ്രധാനമായും മലങ്കരയിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യം.

അതിനവർ ചൂണ്ടിക്കാട്ടിയത് കൽക്കത്തയിൽ തന്നെയുള്ള ഡയോസിസൻ വനിതാ കോളേജാണ്.

അതിന്റെ പ്രിൻസിപ്പലിനെ പോയികണ്ടു. സിസ്റ്റർ മേരി വിക്ടോറിയ എന്ന മദാമ്മ.

സ്വയം പരിചയപ്പെടുത്താൻ തുനിഞ്ഞപ്പോൾ അവർ പറഞ്ഞു. "വേണ്ടാ. ഞാനോർക്കുന്നുണ്ട്. രണ്ടരവർഷം മുമ്പ് ഫാദർ പണിക്കർ ചെയ്ത പ്രസംഗം ഇപ്പോഴും മനസ്സിൽ മുഴങ്ങുന്നുണ്ട് "

സെറാമ്പൂരിൽ അന്നു ഡോക്ടർ ഹവ്വൽസ് വിളിച്ചു കൂട്ടിയ സമ്മേളനത്തിലെ കാര്യമാണ് സിസ്റ്റർ അനുസ്മരിക്കുന്നത്.

അവർ തുടർന്നു ചോദിച്ചു.

" ഞാൻ അച്ചനുവേണ്ടി എന്തു സഹായമാണു ചെയ്യേണ്ടത്?"

അതിനൊരവസരം ഉണ്ടാകുന്നതു ജന്മസാഫല്യമാണെന്ന മട്ടിലുള്ള ചോദ്യം.

അച്ചൻ വ്യക്തമാക്കി.

"കേരളത്തിൽ നിന്നും കുറെ വൈദികരെയും ശെമ്മാശന്മാരെയും



malankaralibrary.com

മറ്റും കൊണ്ടുവന്ന് ഞാൻ പഠിപ്പിക്കുന്നുണ്ട്. ഇതുപോലെ കുറച്ചു പെൺകുട്ടികളെക്കൂടി ഉപരിപഠനത്തിന് കൊണ്ടുവരണമെന്നുണ്ട്. ഒപ്പം അവർക്ക് സന്ന്യാസ പരിശീലനവും കൊടുക്കണം. ഇക്കാര്യത്തിൽ സിസ്റ്ററിന്റെ സഹായം ഞാനഭ്യർത്ഥിക്കുന്നു.”

“ആദ്യം പറഞ്ഞത് ഞാനേറ്റു. എം.എ. വരെ പഠിക്കാനുള്ള സൗകര്യം ഇവിടുണ്ട്. എന്നാൽ സന്യാസ പരിശീലന സൗകര്യം അങ്ങു ബാരിസോളിലേ ഉള്ളല്ലോ.... പക്ഷേ, നിങ്ങളുടെ ഇടയിൽ സന്ന്യാസ സമൂഹം ഇല്ലെന്നാണല്ലോ ഞാൻ കേട്ടിട്ടുള്ളത്”

“ശരി തന്നെ. പുരുഷന്മാരുൾക്കൊള്ളുന്ന സന്ന്യാസ പ്രസ്ഥാനം പോലും മലങ്കരയിലില്ല. സ്ത്രീകളുടെ സന്ന്യാസ സമൂഹമെന്നത് കേട്ടുകേൾവി പോലുമില്ലാത്ത കാര്യമാണ്. എങ്കിലും ഈ ലക്ഷ്യവുമായി മുന്നോട്ടു പോവുകയാണു ഞാൻ”

“ഇക്കാര്യത്തിൽ അങ്ങയെ സഹായിക്കാൻ പറ്റിയ ഒരാളുണ്ട്. അതിവിശിഷ്ടയായ ഒരാൾ; മദർ ഈഡിത്ത്. ഞങ്ങളുടെ സമൂഹസ്ഥാപകയും മഠാധിപതിയുമാണ് മദർ. ഓക്സ്ഫോർഡു യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ. ബിരുദം നേടിയ ആദ്യവനിതയുമാണ്”

വിലാസം പറഞ്ഞുകൊടുത്തു. യൂക്കൂബ് ശെമ്മാശൻ അതെഴുതിയെടുത്തു. ‘മദർ ഈഡിത്ത്, ഓക്സ്ഫോർഡ് മിഷൻ ഓഫ് എപ്പിഫനി, ബാരിസോൾ, ഈസ്റ്റ് ബംഗാൾ’.

പിന്നെ നീണ്ട യാത്ര. ഇരുന്നൂറു മൈൽ ദൂരെയുള്ള ബാരിസോളിലേക്ക്.

സെറാമ്പൂരിനേക്കാൾ എത്ര വ്യത്യസ്ത ഭൂപ്രകൃതി. ഗംഗ - ബ്രഹ്മപുത്രാ നദികളുടെ സംഗമം. ഡൽറ്റാ പ്രദേശമാണ്. അവിടെ ചെറിയ പട്ടണം; ബാരിസോൾ.

ഹിമാലയം അകലെയെങ്കിലും അതിശൈത്യം നിറഞ്ഞ കാറ്റ്. ഹിമാലയത്തിലെ മഞ്ഞുരുകി വേനലിൽപോലും ആറേഴു മാസം വെള്ളം പൊങ്ങുന്ന സ്ഥലം.

പാറയോ കല്ലോ എങ്ങും കാണാനില്ല. ചെളിയും ചതുപ്പും മാത്രം. ചതുപ്പിൽ കനത്തു വളരുന്ന മുളങ്കാടുകൾ. എങ്ങും അവകൊണ്ടുണ്ടാക്കിയ കുടിലുകൾ. കുടിലുകൾക്കുള്ളിൽ ബംഗാളി പറയുന്ന മുസ്ലീമുകൾ. പലരുടെ കയ്യിലും തോക്ക്. കാടിറങ്ങുന്ന പുള്ളിപ്പുലികളെ തുരത്താനുള്ള ഉപാധിയാണത്.

പൊതുവേ വെള്ളം നിറഞ്ഞ സ്ഥലം. അതിലൂടെ തെന്നി നീങ്ങുന്ന വഞ്ചികൾ. അപൂർവ്വമായി ബോട്ടുകളുടെ അലർച്ചയും.



malankaralibrary.com

ഇങ്ങനെയൊരു സ്ഥലം തന്നെ ഓക്സ്ഫോർഡുമിഷൻ പ്രവർത്തകർ തെരഞ്ഞെടുക്കാൻ കാരണങ്ങൾ കാണും. ദരിദ്രരുടെ ഇടയിലാണല്ലോ സേവനപദ്ധതികൾക്ക് പ്രസക്തി.

കൽക്കത്താ ബിഷപ്പിന്റെ അഭ്യർത്ഥന പ്രകാരം അവർ ബാരിസോളിനെ ദത്തെടുത്തിരിക്കുന്നു. ത്യാഗപൂർവ്വം ഗ്രാമവാസികൾക്ക് അവർ സേവനത്തിന്റെ പൗർണ്ണമിയാകുന്നു. ഗ്രാമത്തെ പട്ടണമാക്കിയതിന്റെ പിന്നിലും അവരുടെ സേവനഹസ്തങ്ങൾ തന്നെ.

കൽക്കത്തയിലെപോലെ ഇവിടെയും രണ്ടു കോളേജുകൾ അവർ നടത്തുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെയുള്ളവ. എല്ലാം ഇംഗ്ലണ്ടിലെ ഹൈചർച്ച് സഭയ്ക്കു സ്വന്തം. ആംഗ്ലിക്കൻ സഭാധികാരികളുടെ നിയന്ത്രണത്തിലുള്ളവ.

സിസ്റ്റർ വിക്ടോറിയ നൽകിയ വിലാസം നോക്കി മദർ ഈഡിത്തിന്റെ മഠം കണ്ടെത്തി. മുളയും തടിയും കൊണ്ടുണ്ടാക്കിയ ലളിതമായ മഠത്തിന്റെ ഗേറ്റിലെത്തി.

മഠത്തിനോടുചേർന്ന് വളർന്നുനിൽക്കുന്ന ആര്യവേപ്പിന്റെ ശീതളത്തണലിൽ മദ്ധ്യവയസ്സുള്ള ഒരു യൂറോപ്യൻ കന്യാസ്ത്രീ വർണ്ണനൂൽകൊണ്ട് എന്തോ തുന്നിക്കൊണ്ടിരിക്കുന്നു.

മുഖവും കൈപ്പത്തിയും പാദങ്ങളും ഒഴികെ തൂവെള്ള കുപ്പായത്തിനുള്ളിൽ. ഇടക്കെട്ടുമാത്രം കറുത്ത തുകലിൽ.

പ്രസന്നശാന്തമായ മുഖം. സുന്ദരവും പ്രൗഢവുമാണത്.

ചുറ്റും കുറെ സന്ന്യാസിനികളുണ്ട്. തുന്നുന്നതിനിടയിൽ അവരെ പഠിപ്പിക്കുകയാണ്. ചുണ്ടനങ്ങുന്നതല്ലാതെ പറയുന്നതു കേൾക്കുന്നില്ല. അത്ര മൃദുസ്വരം.

സന്ന്യാസിനികൾ എഴുതുന്നത് ശരിയോ എന്നറിയാനാവും ഇളം പച്ചമിഴികൾ നീട്ടി അവരുടെ കുറിപ്പുകളിലേക്കു നോക്കുന്നുണ്ട്. തെറ്റുകൾക്ക് വാത്സല്യത്തോടെയുള്ള തിരുത്തൽ. "ഇതുതന്നെ മദർ ഈഡിത്ത്"; മനസ്സുചൊല്ലി.

ഗേറ്റു കടന്ന് മഠാങ്കണത്തിലെ മണൽവിരിപ്പിലൂടെ നടക്കുമ്പോൾ മദർ മുഖമുയർത്തി.

എഴുന്നേറ്റു നിന്ന് മദർ കൈകൂപ്പി സ്വാഗതം ചെയ്തു. ആരാണ് എന്നറിയാതെതന്നെ മദർ സ്വീകരണമുറിയിലേക്ക് ആനയിച്ചു. മണിയടിച്ച് വാല്യക്കാരിയെ വരുത്തി. കുടിക്കാനെടുക്കാൻ നിർദ്ദേശിച്ചു. എം.എ. അച്ചൻ സ്വയം പരിചയപ്പെടുത്തി.



malankaralibrary.com

മഠം തുടങ്ങാൻ ആഗ്രഹിക്കുന്ന വിവരമറിഞ്ഞ് മദർ അറിയിച്ചു.

"കേരളത്തിൽവന്ന് മഠം തുടങ്ങുവാൻ ഞങ്ങൾക്ക് അനുവാദമില്ല ല്ലോ. സി.എം.എസ്. മിഷനറിമാർ അവിടില്ലാത്തതിനാലാണ്. സന്ന്യാസി നികളാകാൻ ഒരുക്കമുള്ള കുറേ കുഞ്ഞുങ്ങളെ ഇവിടെത്തിച്ചുതരാൻ സാധിക്കുമോ? എങ്കിൽ അവരുടെ പരിശീലനച്ചുമതല ഞാനേൽക്കാം."

മദറിന്റെ മധുരമൃദുലമായ സംസാരം. ഇത്ര ഒന്നാംതരമായി ഇംഗ്ലീഷ് പറയുന്ന ഒരു മഹിളാരത്നത്തെ ആദ്യമായി പരിചയപ്പെടുകയാണ്. മാതൃ തുല്യമായ വാത്സല്യം തുളുമ്പുന്ന സംസാരം. 'നോ' എന്നു പറയാൻ മദറിനു അറിയാത്തപോലെ.

മലങ്കര സഭയിൽ സ്ഫോടനാത്മകമായ ഒന്നല്ലേ സന്ന്യാസിനീ സമൂഹം. അതിനു മദറിന്റെ പൂർണ്ണ സഹായം ഉണ്ടാകാൻ പോകുന്നു.

എം.എ. അച്ചൻ പറഞ്ഞു.

"അവിടെനിന്നും കുറേ പെൺകുട്ടികളെ ഇവിടേക്ക് ഞാൻ കൊണ്ടുവരാം. അവർക്ക് ഡയോസിഷൻ കോളേജിൽ പ്രവേശനം കൊടു ക്കാമെന്ന് സിസ്റ്റർ വിക്ടോറിയ വാക്കുതന്നിട്ടുണ്ട്."

"അതു നന്നായി. സന്ന്യാസപരിശീലനവും ഉപരിപഠനവും ഒരുമിച്ച് നടക്കുമല്ലോ"

ഹൃദയം നന്ദിയാൽ പൂരിതമാകുന്നു. അമ്മയുടെ സ്നേഹത്തിലക പ്പെട്ട മകന്റെ അനുഭവം. ഇത്ര എളുപ്പം ലക്ഷ്യം നേടാനാവുമെന്ന് പ്രതീ ക്ഷിച്ചതല്ല. വഴിതെളിച്ചു തരുന്ന ദൈവത്തിനു മുമ്പിൽ ഹൃദയം നമിച്ചു.

വിടചോദിക്കുംമുമ്പ് മദറിനോടു പറഞ്ഞു. "എനിക്കിപ്പോൾ രണ്ടമ്മ മാരുള്ളതായി തോന്നുന്നു. ദൂരെയുള്ള പെറ്റമ്മയും ഇതാ ഈ ആത്മീയ മാതാവും."

വിശുദ്ധിയുടെ പ്രകാശമായി മദർ പുഞ്ചിരിച്ചു ചോദിച്ചു.

"കുഞ്ഞുങ്ങളെ എന്നു കൊണ്ടുവരാനാണുദ്ദേശിക്കുന്നത്?"

"നിർഭാഗ്യവശാൽ സമുദായം വക കേസ് അവിടെ നടക്കുകയാണ്. സാക്ഷി മൊഴി എടുക്കാൻ തിരുവനന്തപുരത്തെത്തണമെന്ന് മെത്രാപ്പോ ലീത്ത തിരുമേനി എഴുതിയിട്ടുണ്ട്. അതുകഴിഞ്ഞ് മടങ്ങുമ്പോൾ പെൺകുട്ടികളെക്കൂടി കൊണ്ടുവരണമെന്നാണ് വിചാരം"

അച്ചൻ പറഞ്ഞെഴുന്നേറ്റു.

മദർ പകുതിതീർത്ത മനോഹരമായ ചിത്രവേല മേശപ്പുറത്ത്. ചോര ത്തുള്ളികൾ ഇറ്റിറങ്ങുന്ന തിരുഹൃദയം. മുൾവലയത്തിൽ അതു പിടയു



malankaralibrary.com

ന്നപോലെ. ഇനിയും നൂൽപണികൾ ബാക്കിയുണ്ട്. എങ്കിലും ജീവനുള്ള ചിത്രം.

കണ്ണെടുക്കാനാവാത്തപോലെ ആ ചിത്രത്തിൽ നോക്കിനിന്നു ആശ്ച ര്യപൂർവ്വം മദറിനോടു ചോദിച്ചു.

"നൂൽപ്പണിയിൽ ഇത്ര വൈദഗ്ദ്ധ്യം മദറിനു എങ്ങനെ കിട്ടി"

"വല്യമ്മച്ചി പഠിപ്പിച്ചതാണ്"

മഠത്തിനുള്ളിൽനിന്നും ഒരു മദാമ്മ സിസ്റ്റർ കൂടി ഇറങ്ങിവന്നു. സിസ്റ്റർ ഹെലൻ. അഞ്ചാറു കൊല്ലമേയായുള്ളൂ ഇന്ത്യയിൽ വന്നിട്ട്. യുദ്ധ ത്തിൽ മുറിവേറ്റ സഹോദരനെ കാണാനാണ് ഇംഗ്ലണ്ടിൽനിന്നും ഇന്ത്യ യിൽ വന്നത്. അക്കൂട്ടത്തിൽ സാന്ദർഭികമായാണ് മദർ ഈഡിത്തിനെ പരിചയപ്പെട്ടത്. അന്നുമുതൽ കന്യാസ്ത്രീയായി ബാരിസോളിൽക്കൂടി.


അൽപ്പസമയത്തിനുള്ളിൽ എല്ലാവരുമായി ഗാഢമായൊരു ആത്മ ബന്ധം നേടിയ സംതൃപ്തി. യാത്ര പറഞ്ഞിറങ്ങി.

മുറ്റത്തു പൂങ്കുലകളിൽ തുള്ളിപ്പറക്കുന്ന വർണ്ണശലഭങ്ങൾ. മനസ്സിലും ഒരായിരം പൂമ്പാറ്റകൾ നൃത്തം വയ്ക്കുന്നതുപോലെ.

✠



malankaralibrary.com



# 15

# അദ്ധ്യാത്മപ്രയാണം

രണഭൂമിയിലേക്കാണെങ്കിലും മടങ്ങാതെ വയ്യല്ലോ. അന്തോഖ്യൻ ആരാധനയുടെ വസന്തം പൂത്തുനിൽക്കുന്ന മലങ്കര. അതു തനിക്കു പ്രാണവായുവല്ലേ; ജീവരക്തമല്ലേ. അവിടെ വഴക്കും അകൽച്ചയും ഉച്ച കോടിയിലായിരിക്കുന്നു. ശാപഗ്രസ്തമെന്നല്ലാതെന്തു പറയാൻ. സെറാമ്പൂരിൽ തനിക്കെല്ലാ ക്ഷേമവുമുണ്ട്. അതിന്റെ കുളിർമ്മയിൽ മലങ്കരയുടെ വരൾച്ചയ്ക്കു ശമനമുണ്ടാകണം.

എത്തുന്ന ദിവസം എഴുതി അറിയിച്ചു.

മൂന്നു വർഷത്തിനുശേഷമുള്ള വരവാണ്. ശിഷ്യന്മാരും കൂടെ വരുന്നുണ്ട്. തീവണ്ടിയിറങ്ങുമ്പോൾ സ്വീകരിക്കാൻ സുഹൃത്തുക്കൾ കാത്തുനിൽക്കുന്നു. ഇലഞ്ഞിക്കൽ വക്കീൽ ഓടിവന്നാശ്ലേഷിച്ചു. കെ.വി. ചാക്കോയും പീലിപ്പോസ് വക്കീലും വന്നു കൈപിടിച്ചു.

എം.എ. അച്ചൻ ചോദിച്ചു.

"കേസ് എവിടെ വരെയായി?"

"മൂന്നു വർഷമായി നടക്കുന്ന വിസ്താരത്തെപ്പറ്റി ഞങ്ങൾ സെറാമ്പൂരിലേക്ക് എഴുതിയിരുന്നല്ലോ. സഭയിൽ ഇപ്പോൾ ഊർജ്ജിതമായി നട



malankaralibrary.com

ക്കുന്നത് വ്യവഹാര കാര്യങ്ങൾ മാത്രമാണ്. നാലഞ്ചുകൊല്ലമെങ്കിലും ഇനിയും വിസ്താരം വേണ്ടി വന്നേക്കും"

പീലിപ്പോസ് വക്കീൽ പിൻതാങ്ങി.

"ഓരോ പള്ളിയും ഓരോ കേസിൽ കുരുങ്ങിക്കിടക്കുകയാണ്; ആരുടേതാണെന്ന തർക്കത്തിൽ. അടിയും വഴക്കുമില്ലാത്ത ദിവസങ്ങളില്ല ".

സംസാരചതുരനായ കെ.വി. ചാക്കോ പറഞ്ഞു.

"വന്ദ്യ തിരുമേനിമാരെ കാണണമെങ്കിൽ ഇപ്പോൾ അരമനയിലേക്കല്ല പോകേണ്ടത്; കോടതി വരാന്തയിലേക്കാണ്. കറുത്ത കോട്ടിട്ട വക്കീലന്മാരാണെന്നേ ആദ്യം തോന്നൂ. മസനപ്സയും നീണ്ട താടിമീശയും ഉള്ളതുകൊണ്ട് മാത്രം തിരിച്ചറിയാം. മേല്പട്ടക്കാരുടെ കല്പനകളല്ല കോടതിയുത്തരവാണ് ജനങ്ങൾക്കും വേണ്ടത്. തലകുത്തിയുള്ള ഈ പോക്ക് നമ്മെ എവിടെത്തിക്കുമെന്നാണെന്റെ ഭയം"

ജോൺ വക്കീൽ പറഞ്ഞു.

"എല്ലാർക്കും അധികാരഭ്രാന്താണ്. വട്ടിപ്പണക്കേസിനായി എന്തു തുക ചെലവഴിക്കാനും മടിയില്ല. പരിശുദ്ധ കൂദാശകളെ പട്ടക്കാർ പണസമ്പാദനത്തിനുള്ള ഉപാധിയാക്കി മാറ്റിക്കഴിഞ്ഞു. അതുകൊണ്ടിപ്പോൾ കൂദാശകളിൽ ജനങ്ങൾക്ക് യാതൊരു വിശ്വാസവുമില്ല"

സഭാമാതാവിന്റെ മാരകരോഗലക്ഷണങ്ങളറിഞ്ഞ് എം.എ. അച്ചന്റെ നെഞ്ചു കുലുങ്ങി. നിറകണ്ണുകളോടെ സുഹൃത്തുക്കളോടു ചോദിച്ചു.

"മാനേജിംഗ് കമ്മറ്റികൂടി പോംവഴികളൊന്നും കണ്ടെത്താനായില്ലേ?"

ജോൺ വക്കീൽ തന്നെ വിശദീകരിച്ചു.

"കാതോലിക്കായുടെ അദ്ധ്യക്ഷതയിൽ നമ്മുടെ മാനേജിംഗ് കമ്മറ്റി കൂടുകയുണ്ടായി. പക്ഷേ അവിടെടുത്ത തീരുമാനം വിശ്വാസം രക്ഷിക്കാനുള്ളതായിരുന്നില്ല. പള്ളിയും പള്ളിസ്വത്തുക്കളും പാത്രിയർക്കീസ് കക്ഷികൾക്ക് വിട്ടുകൊടുക്കാതിരിക്കാനുള്ള സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതായിരുന്നു"

വേദനയോടെ അച്ചൻ വിതുമ്പി.

"എല്ലാം പരിത്യജിച്ച യേശുവിന്റെ ശിഷ്യരെന്നഭിമാനിക്കുന്ന നമ്മൾ നൈമിഷികങ്ങളായ സമ്പത്തിനു പിന്നാലെ പായുന്നു. അഗതികളെപ്പോറ്റി, ആതുരസേവനം ചെയ്യേണ്ട നമ്മുടെ സന്നദ്ധസംഘടനകൾ ശത്രുസംഹാരത്തിനുള്ള പ്രതിരോധസേനകളായിത്തീരുന്നു"

അല്പം ആലോചിച്ചു നിന്നശേഷം അച്ചൻ പറഞ്ഞു.

"നമുക്കൊരുമിച്ച് എല്ലാ പള്ളികളിലും ഒന്നു കയറിയിറങ്ങാം.



malankaralibrary.com

ജനങ്ങളുടെ മനസ്സുവായിച്ചറിയണം. കൂദാശകളിലേക്കും നമ്മുടെ ശ്രേഷ്ഠമായ പൈതൃകത്തിലേക്കും അവരെ തിരിച്ചു കൊണ്ടുപോകാൻ നമുക്കെന്തെങ്കിലുമൊക്കെ ചെയ്തേ പറ്റൂ."

"അച്ചന്റെ കൂടെ ഞങ്ങളുണ്ട്". ഏകസ്വരത്തിൽ സമ്മതം.

കൂടെയുള്ള യാക്കൂബു ശെമ്മാശനോടു അച്ചൻ പറഞ്ഞു.

"ഞാനെഴുതിയ പുസ്തകങ്ങൾ കൂടെ കരുതിക്കൊള്ളണം. ആവശ്യക്കാർക്ക് അതു സൗജന്യമായി കൊടുത്തുകൊള്ളുക."

'പാപമോചനം' എന്ന പുസ്തകത്തിന്റെ നൂറോളം പ്രതികളുമായാണ് സെറാമ്പൂരിൽനിന്നും തിരിച്ചത്.

മെത്രാപ്പോലീത്തായെ കാണാൻ ആകാംക്ഷയായിരുന്നു. ഓടിയെത്തുമ്പോൾ മ്ലാനമുഖനായ അദ്ദേഹം ആശ്വാസത്തോടെ സ്വീകരിച്ചു.

മൂന്നു വർഷങ്ങൾക്കുള്ളിൽ തിരുമേനി കൂടുതൽ വൃദ്ധനായതുപോലെ. സെറാമ്പൂരിലെ കാര്യങ്ങൾ കേട്ട് അദ്ദേഹം സന്തോഷിച്ചു. ഉപരിപഠനത്തിന് പെൺകുട്ടികളെകൂടി കൊണ്ടുപോകാനുള്ള ആഗ്രഹത്തെ അനുകൂലിച്ചു; അനുവാദവും നൽകി.

എം.എ. അച്ചന്റെ നേതൃത്വത്തിലുള്ള സംഘം അങ്ങനെ പള്ളിസന്ദർശനം ആരംഭിച്ചു.

ആരാധനയിൽ പങ്കെടുക്കാൻ ജനങ്ങൾക്ക് യാതൊരുതാല്പര്യവും ഇല്ലാതായിരിക്കുന്നു. അത്യാവശ്യമായ ആണ്ടുകുമ്പസാരം പോലും നടത്താത്തവർ ഓരോ ഇടവകയിലും അനേകം. ബലിവസ്തുവായി പങ്കെടുക്കേണ്ട വിശ്വാസികൾ കുർബ്ബാനസമയത്തുപോലും പള്ളിമുറ്റത്തുനിന്ന് വ്യവഹാരകാര്യങ്ങൾ ചർച്ചചെയ്യുന്നു. അവരെ ഉപദേശിക്കാൻ ഭയക്കുന്ന വൈദികർ. ശിഥിലമായ സഭാന്തരീക്ഷത്തിൽ മുതലെടുപ്പുനടത്താൻ പ്രൊട്ടസ്റ്റന്റുകാരും മറ്റും വീടുതോറും കയറിയിറങ്ങി അവരുടെ മോഹവലയത്തിലേക്ക് സുറിയാനിക്കാരെ അകപ്പെടുത്തുന്നു. തായ്ത്തടിയിൽനിന്നും ഛേദിച്ചെറിഞ്ഞ ശാഖപോലെയുള്ള മൃതാവസ്ഥ!

ആരാദ്ധ്യനായ എം.എ അച്ചന്റെ ആഗമനം അറിഞ്ഞ് ജനങ്ങൾ പള്ളികളിൽ തിങ്ങി. പലരും വേദനയോടെ പറഞ്ഞു.

"ഇവിടാരാധനേം, പ്രാർത്ഥനേം ഒന്നുമില്ലെമ്മേയച്ചോ. വട്ടിപ്പണക്കേസിനുവേണ്ടി പണം കൊടുക്കണമെന്നു പറഞ്ഞ് തിരുമേനീടെ കല്പന മാത്രം മൊടങ്ങാതെ പള്ളിയിൽ വായിക്കുന്നൊണ്ട്. പിള്ളേർക്കു മരുന്നു വാങ്ങിക്കാനുള്ള കാശുപോലുമെടുത്ത് അതിനു കൊടുത്തു. മൂവായിരം രൂപയുടെ വട്ടിപ്പണത്തിനുവേണ്ടി കേസു പറഞ്ഞ് ഒരു ലക്ഷം രൂപാ ഇതു



malankaralibrary.com

വരെ ചെലവാക്കീന്നൊക്കെ കേക്കുന്നു. ഇനി ഞെക്കിപ്പിഴിഞ്ഞാലും ഞങ്ങൾക്കൊന്നും കൊടുക്കാനില്ലച്ചോ".

അച്ചൻ അവളെ ആശ്വസിപ്പിച്ചു.

"നമ്മുടെ സഭയിൽ ഇതു പരീക്ഷയുടെ നാളുകളാണ്. പരീക്ഷകളിൽ അവസാനംവരെ സഹിച്ചുനിൽക്കുന്നവരാണു ഭാഗ്യവാന്മാർ എന്നറിയാമല്ലോ. എല്ലാം കലങ്ങിത്തെളിയുവാൻ ദൈവതിരുമുമ്പാകെ മുട്ടിപ്പായി നിങ്ങൾ പ്രാർത്ഥിക്കണം".

ആത്മീയമുന്നേറ്റസംഘം പള്ളികൾ തോറും പ്രസംഗിച്ചു നടന്നു. അങ്ങനെ പരുമല സെമിനാരിയിലെത്തി.

ധാരാളം ആളുകൾ. സവർണ്ണരുടെ വിലക്കുകൾ മറന്നു ജനക്കൂട്ടത്തിനു മുമ്പിലേക്ക് പരിവർത്തന പുലയന്മാർ കടന്നെത്തി. അവരുടെ നേതാവായി ഗീവറുഗീസ് ഉപദേശിയുമുണ്ട്.

'പാപമോചന'ത്തിന്റെ പ്രതികൾ ആവശ്യക്കാർക്കു വിതരണം ചെയ്തു.

പ്രസംഗമദ്ധ്യേ എം.എ.അച്ചൻ സെറാമ്പൂരിലെ തന്റെ ജീവിതത്തെപ്പറ്റി പറഞ്ഞു. പെൺകുട്ടികൾക്ക് ഉപരിവിദ്യാഭ്യാസവും സന്ന്യാസപരിശീലനവും നൽകാനുള്ള പദ്ധതിയെപ്പറ്റി പറഞ്ഞു.

പ്രസംഗം തീർന്നപ്പോൾ സംഘത്തിലുള്ള ഇലഞ്ഞിക്കൽ വക്കീൽ പറഞ്ഞു.

"അച്ചന്റെ പുതിയ പദ്ധതി പുത്തൻകുറ്റുകാർക്ക് ആദ്യാനുഭവമാണ്. എങ്കിലും അച്ചനു തെറ്റു പറ്റില്ലെന്നെനിക്ക് ഉറപ്പുണ്ട്. ഞാൻ എന്റെ മകൾ അച്ചാമ്മയെ കൽക്കത്തായിലേക്ക് അയയ്ക്കാൻ നിശ്ചയിച്ചു കഴിഞ്ഞു".

അച്ചനു സന്തോഷമായി. വിനീതയും ധൈര്യശാലിയുമായ അവളെ ഒരിക്കൽ കണ്ട ഓർമ്മയുണ്ട് എം.എ.അച്ചന്.

താമസിയാതെ പരുമല സെമിനാരിയിൽനിന്നും ഒരു ശെമ്മാശൻ കൂപ്പുകയ്യോടെ മുന്നിൽവന്ന് അഭ്യർത്ഥിച്ചു.

"ഞാൻ മട്ടയ്ക്കൽ അലക്സിയോസ് ശെമ്മാശനാണ്. അവധി കഴിഞ്ഞ് അങ്ങു മടങ്ങുമ്പോൾ എന്നെകൂടി സെറാമ്പൂരിൽ കൊണ്ടുപോകണം".

ആഗതനെ എം.എ.അച്ചൻ അടിമുടി ഒന്നുനോക്കി. ആരെയും ഒറ്റനോട്ടത്തിൽ അളന്നെടുക്കുന്ന ദൃഷ്ടികളല്ലേ.

കാഴ്ചയിൽ ഊർജ്ജസ്വലനായ ചെറുപ്പക്കാരൻ. സ്വപ്രേരണയാൽ തന്റെ കൂടെവരാൻ ആഗ്രഹിക്കുന്നു.



malankaralibrary.com

ശെമ്മാശനോടു കൂടുതൽ ചോദിച്ചറിഞ്ഞു. അയാളെ ഇഷ്ടപ്പെട്ടു. കൂടെപ്പോരാൻ അനുവാദവും നൽകി.

അവിടെവച്ച് മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഇടവകക്കാരും വന്ന് ഒരു പ്രധാനകാര്യം ഉണർത്തിച്ചു.

"നമ്മുടെ ക്ഷീണാവസ്ഥ മുതലെടുക്കുകയാണ് മറ്റുചില സഭക്കാര്".

എം.എ.അച്ചൻ ആരാഞ്ഞു.

"എങ്ങനെ?"

"പ്രസിദ്ധമായ മാരാമൺ കൺവൻഷനിൽവച്ച് നമ്മെ പരസ്യമായി കളിയാക്കി ഒരാൾ പ്രസംഗിച്ചു".

"അവർ എന്തു പറഞ്ഞു?"

"നമ്മുടെ സഭ വഴക്കാളി സഭയാണെന്നും സമാധാനം വേണമെങ്കിൽ അവരുടെ സഭയിൽ വരണമെന്നും അവർ പരസ്യമായി പ്രസംഗിച്ചു. നമ്മുടെ പരമ്പരാഗത വിശ്വാസങ്ങൾ തെറ്റാണെന്നും അവർ പല വിശ്വാസ സത്യങ്ങളും നിരത്തിവച്ച് ആക്ഷേപിച്ചു. മരിച്ചവർക്കായി പ്രാർത്ഥിക്കുന്നതും പരിശുദ്ധ കന്യാമറിയത്തെ വണങ്ങുന്നതും മറ്റും തെറ്റാണെന്നവർ പ്രസംഗിച്ചു."

എം.എ. അച്ചന്റെ ഉള്ളുകത്തി. വിശ്വാസപാരമ്പര്യത്തെ ചോദ്യം ചെയ്യുന്നത് സഹിക്കാനാവുമോ. ഒരാളുടെ വെല്ലുവിളിയാണെങ്കിൽ അതു കേട്ടില്ലെന്നുവയ്ക്കാം. എന്നാലിത് ആയിരങ്ങൾ തിങ്ങിക്കൂടുന്ന മാരാമൺ കൺവൻഷനിലാണ് പ്രസംഗിക്കപ്പെട്ടത്.

ആരുടെയും വായ് മൂടിക്കെട്ടാനാവില്ല. അതിന്റെ ആവശ്യവുമില്ല. അവരുടെ വിശ്വാസത്തെ ചോദ്യം ചെയ്യുകയും വേണ്ടാ. എന്നാൽ യാക്കോബായ വിശ്വാസത്തെ സംരക്ഷിക്കാനും പ്രചരിപ്പിക്കാനും ആവശ്യമായ പദ്ധതികളുണ്ടാകണം. അതെന്താണെന്നാണ് കണ്ടെത്തേണ്ടത്.

രാത്രിയായിട്ടും മനസ്സിൽ അതുമാത്രമായിരുന്നു ചിന്ത. സെമിനാരി മുറ്റത്തുകൂടി ഈ ചിന്തയുമായി അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു നടന്നു. മനസ്സിൽ വഴി തെളിയുന്നതുവരെ ഇതാണു ശൈലി. ചിലപ്പോൾ ഒറ്റയ്ക്കാവും. മറ്റുചിലപ്പോൾ കൂടുതൽ അടുപ്പമുള്ളവരുടെ കൈയിൽ കടന്നുപിടിച്ചുകൊണ്ടാവും. ഇപ്പോൾ കിട്ടിയിരിക്കുന്നത് യാക്കൂബ് ശെമ്മാശനെ. അതിശീഘ്രം പായുന്ന ഗുരുവിനൊപ്പം എത്താൻ പാടുപെടുകയാണ് ശെമ്മാശൻ.

ഇടയ്ക്കിടെ ചോദ്യങ്ങൾ ഉയരുന്നുമുണ്ട്.

"അപ്പോൾ... എന്താണിതിനൊരു പരിഹാരം?"



malankaralibrary.com

ഉത്തരം കൊടുക്കാൻ പാവം ശെമ്മാശനു ധൈര്യമില്ല. അപ്പോൾ ചോദ്യത്തിനുത്തരം സ്വയം പറയും. അതിൽ എന്തെങ്കിലും അപാകത യുണ്ടോ എന്ന് അടുത്ത നിമിഷത്തിൽ ചിന്തിക്കും. നിലാവുള്ള രാത്രി യാണ്.

എം.എ.അച്ചന്റെ നടപ്പും ആംഗ്യവും നോക്കി സെമിനാരി വരാന്ത യിൽ പീലിപ്പോസ് വക്കീലും കെ.വി.ചാക്കോയും ഇലഞ്ഞിക്കൽ വക്കീലും ശെമ്മാശന്മാരുമൊക്കെ നിൽപ്പുണ്ട്.

മാർഗ്ഗം നിർദ്ദേശിക്കാൻ അവർക്കും കല്പനയുണ്ട്. എന്നാൽ ആദ്യം പദ്ധതി വിളഞ്ഞത് എം.എ.അച്ചന്റെ തലച്ചോറിൽത്തന്നെ.

എല്ലാവരോടും പറഞ്ഞു.

"സ്ഥിരമായി ഒരു കൺവൻഷൻ നമുക്കും തുടങ്ങണം. വർഷം തോറും ഒരേ സമയത്ത് കൃത്യമായ ഒരു സ്ഥലത്തുവച്ച് അതു നടക്കണം".

"അതിനുപറ്റിയ സ്ഥലം എവിടെ കണ്ടെത്തും?" പീലിപ്പോസ് വക്കീൽ ചോദിച്ചു.

അച്ചൻ തന്നെ അതിനും മറുപടി കൊടുത്തു.

"എല്ലാവർക്കും വന്നുചേരാൻ പറ്റിയ സ്ഥലമായിരിക്കണം. പത്ത നംതിട്ട മാക്കാംകുന്നു പള്ളിമൈതാനം ആയാലെന്താണ് എന്നാണെന്റെ ആലോചന".

തുമ്പമൺ ഭദ്രാസനത്തിൽപ്പെട്ട പള്ളിയാണത്. ജനങ്ങൾക്ക് സുഗ മമായി വന്നുചേരാം. ചെറിയൊരു കുന്നായതിനാൽ നല്ല കാറ്റു കിട്ടും. ആയിരങ്ങൾക്ക് സൗകര്യമായി ഇരിക്കാൻ വേണ്ട ഇടവുമുണ്ട്. മാത്രമല്ല അവിടെ പീഠികയിൽ ഗീവറുഗീസച്ചന്റെ നേതൃത്വത്തിൽ വിശ്വാസസം ബന്ധമായ ചർച്ചാസമ്മേളനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണല്ലോ.

"ഇനി, ഏതു സമയത്ത് കൺവൻഷൻ കൂടണം എന്ന് കൂടി തീരുമാ നിക്കണം".

തെല്ലുനേരം ആലോചിച്ച് എം.എ.അച്ചൻ പറഞ്ഞു.

"ആത്മനവീകരണമാണല്ലോ കൺവൻഷനുകളുടെ ലക്ഷ്യം. എങ്കിൽ ഏതെങ്കിലും നോമ്പിനോടനുബന്ധിച്ചുള്ള ദിവസങ്ങളാണ് നല്ലത്. മൂന്നുനോമ്പിന്റെ ദിവസങ്ങളിൽത്തന്നെ ആവട്ടെ. മാരാമൺ കൺവൻഷന് രണ്ടാഴ്ചയോളം ഇപ്പുറവുമാണല്ലോ അത്".

എം.എ. അച്ചന്റെ പ്രായോഗിക ബുദ്ധിയിൽ എല്ലാവർക്കും തൃപ്തി. കെ.വി.ചാക്കോ പറഞ്ഞു.



malankaralibrary.com

“മൂന്നുനോമ്പിന് ഇനി ഏറെ നാളുകളില്ലല്ലോ. ഈ വർഷംതന്നെ നമുക്ക് മാക്കാംകുന്നു കൺവൻഷൻ തുടങ്ങണം”.

എം.എ. അച്ചൻ പറഞ്ഞു.

“കൺവൻഷൻ നടത്തേണ്ട സർവ്വ ചുമതലയും നിങ്ങൾക്കു വിട്ടു തരുന്നു. നാളെത്തന്നെ മാക്കാംകുന്നു പള്ളിയിൽച്ചെന്ന് തെങ്ങുംതറയിൽ ഗീവറുഗീസ് അച്ചനെയും പീടികയിൽ ഗീവർഗീസച്ചനേയും കണ്ട് പ്രവർത്തനങ്ങൾ തുടങ്ങുക. എല്ലാ പള്ളികളിലും വാർത്ത എത്തിക്കുകയും വേണം”.

കെ.വി.ചാക്കോ ഉടൻ പറഞ്ഞു.

“കൺവൻഷൻ നടത്തുന്ന കാര്യം ഞങ്ങൾക്കു വിട്ടുതന്ന സ്ഥിതിക്ക് മുഖ്യ പ്രസംഗകനായി എം.എ.അച്ചനെത്തന്നെ ഞങ്ങൾ ബുക്കുചെയ്തിരിക്കുന്നു”.

അദ്ദേഹം സമ്മതിച്ചു. ഡയറിയിൽ ഇക്കാര്യം കുറിച്ചു വയ്ക്കുവാൻ സ്വന്തം സെക്രട്ടറിയായ യാക്കൂബ് ശെമ്മാശനോടു നിർദ്ദേശിച്ചു. പള്ളികൾ തോറുമുള്ള സന്ദർശനം തുടർന്നു.

മാക്കാംകുന്നു കൺവൻഷനുള്ള ദിവസങ്ങളായി. പള്ളികളിലെല്ലാം അറിയിപ്പു ചെന്നു. വലിയ പന്തലുയർന്നു.

എല്ലാവർക്കും എം.എ. അച്ചനെ കാണണം. അദ്ദേഹത്തിന്റെ ദിവ്യമായ വാഗ്ധോരണി ആസ്വദിക്കണം. അതൊരിക്കൽ കേട്ടവർക്ക് വീണ്ടും കേൾക്കാൻ കൊതി.

സായാഹ്നമായപ്പോഴേക്കും മാക്കാംകുന്നിൽ ജനം നിറഞ്ഞു. മലയിറങ്ങിയും അച്ചൻകോവിലാറിൽ ഇറങ്ങിക്കയറിയും വളരെയേറെ നടന്നും ആളുകൾ വന്നു.

പന്തലിൽ ഭക്തിഗാനം ഉയർന്നു. പാട്ടു തീർന്നാലുടൻ എം.എ.അച്ചന്റെ പ്രസംഗമാണ്. വൈകിയെത്തിയവർ ഇരിക്കാൻ സ്ഥലം കിട്ടാതെ പന്തലിനു ചുറ്റുമുള്ള മരങ്ങളിൽ കയറിക്കൂടി. എം.എ അച്ചന്റെ ഒരു വാക്കുപോലും നഷ്ടമാകരുതെന്നാണവരുടെ പ്രാർത്ഥന. ഗാനശുശ്രൂഷ സമാപിച്ചു.

സകലദൃഷ്ടികളും വേദിയിലെ റാന്തൽ വെളിച്ചത്തിലേക്ക് ഉറ്റു നോക്കുകയാണ്.

“എം.എ.അച്ചൻ വന്നോ...? വന്നോ...?”

പന്തലിൽ നിറയുന്ന ആകാംക്ഷാസ്വരം



malankaralibrary.com

ഇടംകൈയ്യിൽ നെഞ്ചോടു ചേർത്തുപിടിച്ച വേദപുസ്തകവുമായി കൃശഗാത്രനായ ആ ശാന്തിദൂതൻ സാവധാനം നടന്ന് വേദിയിലെത്തി.

പന്തലിൽ പൊടുന്നനെ പൂർണ്ണ നിശബ്ദത.

അച്ചന്റെ സമീപം ഏറ്റുപദേശി നിന്നു.

മിഴികളടച്ച് പ്രസംഗം പതുക്കെ തുടങ്ങി. വേദപുസ്തകജ്ഞാനം നിറഞ്ഞ പ്രസംഗം ഏറ്റുപദേശി ഉച്ചത്തിൽ പറഞ്ഞു. സ്വരം എത്താവുന്ന പരിധിയിലേക്ക് ജനം അടുത്തുകൂടി. ഇടയ്ക്കിടെ സാരോപദേശ കഥകളുമുണ്ട്.

തെളിഞ്ഞ ചിന്ത. ആഴമായ ജ്ഞാനം. ആർക്കും സുഗ്രാഹ്യമായ ലളിതശൈലി. കറ തീർന്ന ഉച്ചാരണം. കത്തിക്കയറുകയാണു പ്രസംഗം. അതനുസരിച്ച് സ്വരവും കനക്കുന്നു. ക്രമേണ അത് ഏറ്റുപദേശിയുടെ ഉച്ചത്തിലുള്ള ശബ്ദത്തേയും കവിഞ്ഞ് പന്തലും കടന്ന് മാക്കാംകുന്നിൽ മുഴുവൻ മുഴങ്ങുകയായി.

"ഇനി തന്റെ സേവനമെന്തിന്?" എന്ന മട്ടിൽ പ്രസംഗകന്റെ നേരെ ഏറ്റുപദേശിയുടെ ദയനീയ നോട്ടം.

സഭാകലഹത്തിൽ മുങ്ങി കൗദാശികജീവിതത്തിൽ നിന്നകന്ന ജനങ്ങളുടെ ദയനീയ ചിത്രം കണ്ട് എം.എ. അച്ചൻ ഉച്ചത്തിൽ ചോദിച്ചു.

"ക്രിസ്തുവാണ് നമ്മുടെ അന്നന്നത്തെ ആഹാരം. അന്നന്നു വേണ്ട ആഹാരം ഞങ്ങൾക്കു തരണമേ എന്നു പ്രാർത്ഥിക്കുമ്പോൾ ലക്ഷ്യമാക്കേണ്ടത് യേശുവിന്റെ തിരുശരീരമാകുന്ന അപ്പത്തെയാണ്. പിന്നെന്തുകൊണ്ടാണ് നാമിത് നിത്യവും ഭക്ഷിക്കാത്തത്? വിശുദ്ധ കുർബ്ബാന സകല വിശുദ്ധിയുടെയും ഉൽപ്പത്തിയാകുന്നു. അതു ദിവ്യമായ ഔഷധമാകുന്നു. നിസ്സാരകാര്യങ്ങളെപ്രതി വിശുദ്ധകുർബ്ബാനാനുഭവം നിങ്ങൾ മുടക്കരുത്. എത്രയും വേഗം കുളിച്ച് വെടിപ്പാകുക. വിഷം ഛർദ്ദിച്ചുകളഞ്ഞ് മറുമരുന്നു സേവിക്കുക".

ജനഹൃദയങ്ങളിലതു തറച്ചു കയറി. പന്തലിൽ അവിടവിടെ തൂക്കിയ റാന്തലിന്റെ വെട്ടത്തിൽ അവരുടെ മുഖങ്ങൾ പശ്ചാത്താപവിവശമാകുന്നത് കാണാമായിരുന്നു.

പ്രസംഗം തീരരുതേ എന്ന മട്ടിൽ ഉറ്റുനോക്കിയിരിക്കുന്ന ജനം. എങ്കിലും നിശ്ചയിച്ച കൃത്യസമയത്തു തന്നെ പ്രസംഗം ഉപസംഹരിച്ചു.

"അവസാനം ഒരു സംഭവംകൂടി പറഞ്ഞുകൊണ്ട് പ്രസംഗം നിർത്തിക്കൊള്ളട്ടെ. ഫോറിയാ പ്രഭ്വി ദിവസം മുഴുവനും വിശുദ്ധ കുർബ്ബാനയുടെ മുമ്പിൽ ചെലവിട്ടിരുന്നു. ഇതുകണ്ട് മറ്റുള്ളവർ ചോദിച്ചു; 'ഇത്ര നേരം പള്ളിയിൽ എന്തു ചെയ്യുകയാണ്?' പ്രഭ്വി മറുപടി പറഞ്ഞു; പട്ടി



malankaralibrary.com

ണിയാൽ വലയുന്ന ഒരാളെ ഭക്ഷണസമൃദ്ധമായ മേശയ്ക്കു മുമ്പിൽ ഇരുത്തിയാൽ അയാൾ എന്തു ചെയ്യുമോ, അതാണു ഞാനും ചെയ്യുന്നത്".

രാത്രിയിൽ ക്ലേശമാർഗ്ഗങ്ങളിലൂടെ ബഹുദൂരം പോകേണ്ടവർ പോലും എം.എ.അച്ചനെ അടുത്തുകാണാൻ തിരക്കു കൂട്ടുന്നുണ്ടായിരുന്നു.

സെറാമ്പൂരിൽ നിന്നുവന്ന അന്നുതുടങ്ങിയ സഞ്ചാരമാണ്. ഇനി തിരുവനന്തപുരത്തു പോകണം. വട്ടിപ്പണക്കേസിൽ മൊഴികൊടുക്കണമല്ലോ. അതിനു മുമ്പ് കോട്ടയത്തു പോയി പല കാര്യങ്ങളും ചർച്ചചെയ്യാനുണ്ട്.

പിറ്റേന്നു കോട്ടയത്ത് പഴയ സെമിനാരിയിലേക്കു കടക്കുമ്പോൾ കിളിലേത്തു ചാക്കോച്ചൻ അറിയിച്ചു.

"രണ്ടു സ്ത്രീകൾ കാത്തിരിക്കുന്നു".

"ഏതു സ്ത്രീകൾ?"

"ഒളശ്ശയിൽനിന്നു വന്നവരാണ്"

അവർ സ്വീകരണമുറിയിലുണ്ട്. അച്ചനെ കണ്ടപ്പോൾ എഴുന്നേറ്റുനിന്ന് കൈകൂപ്പി.

തിരിച്ചറിയാൻ താമസിച്ചില്ല.

യാക്കൂബു ശെമ്മാശന്റെ അമ്മയും പെങ്ങളുമാണ്.

എം.എ. അച്ചൻ ചിരിച്ചുകൊണ്ട് ചോദിച്ചു.

"എന്താ മകനെ തിരികെ കൊണ്ടുപോകാനാണോ?"

അതു കേട്ട് കുറ്റബോധത്തോടെ അവർ പറഞ്ഞു.

"ഒരിക്കലുമല്ലച്ചോ. എന്റെ കുഞ്ഞിനെ ദൈവത്തിനാവശ്യമുണ്ട്. തിരിച്ചുചോദിക്കാൻ ഞാനാരാ. അച്ചനന്നു വീട്ടിൽ വന്നു നിർബ്ബന്ധിച്ചില്ലാരുന്നേൽ എന്റെ മോന് ഈ ഭാഗ്യം കിട്ടത്തില്ലായിരുന്നു."

എന്നിട്ട് കൂടെ നിന്ന മകളെ തൊട്ട് അവർ പരിചയപ്പെടുത്തി.

"ഇതെന്റെ ഇളയ മകളാണച്ചോ".

"പറയാതറിയാവുന്നതേയുള്ളൂ. ശെമ്മാശന്റെ അതേ മുഖഛായ. നിന്റെ പേരെന്ത്?

വിശുദ്ധിയുടെ വെണ്ണിലാവു പരന്ന അവളുടെ മുഖം നോക്കി അച്ചൻ ചോദിച്ചു.

"ഏലിയാമ്മ". ചുണയുള്ള ശാലീന നാദം. മണിനാദം പോലതു മുഴങ്ങി. അവളുടെ അമ്മ കാര്യങ്ങളെല്ലാം തുറന്നു പറഞ്ഞു.

"സെറാമ്പൂരിലെ കാര്യങ്ങളെല്ലാം യാക്കൂബ് വീട്ടിലേക്ക് എഴുതുമായിരുന്നു. അച്ചൻ മഠം തുടങ്ങുന്ന കാര്യങ്ങൾ അറിഞ്ഞതുമുതൽ



malankaralibrary.com

ഇവൾക്ക് ഒരേ ചിന്ത. മഠത്തിൽ ചേരണമെന്ന്. സ്കൂൾ പരീക്ഷയെല്ലാം ജയിച്ചു നിൽക്കുവാ ഇവൾ."

സമർത്ഥയാണെന്ന് ഒറ്റനോട്ടത്തിലറിയാം. പരിശീലനമൊന്നുമില്ലാതെതന്നെ അവളുടെ മുഖത്ത് സന്ന്യാസത്തിന്റെ നിറവ്.

"യാക്കൂബ് ശെമ്മാശന്റെ പെങ്ങളല്ലേ. തീർച്ചയായും നീ മഠത്തിൽ ചേരണം. പോരാൻ തയ്യാറായി ഇരുന്നോളൂ". ജന്മാഭിലാഷം സാധിച്ച മട്ടിൽ അവൾ ആനന്ദിച്ചു.


വിനയപൂർവ്വം തലകുനിച്ചവൾ യാത്രചോദിക്കുമ്പോൾ യാക്കൂബ് ശെമ്മാശനോട് എം.എ.അച്ചൻ പറഞ്ഞു.

"ശെമ്മാശൻ വീട്ടിൽ പോയിട്ട് ഏറെ നാളായില്ലേ. അമ്മയെയും പെങ്ങളെയും തനിച്ചയക്കേണ്ടാ. കൂടെ പൊയ്ക്കോളൂ".

✠



malankaralibrary.com



# 16

# ആർഷതീർത്ഥാടനം

സെറാമ്പൂരിൽ തിരിച്ചെത്തുമ്പോൾ കൂടെ പുതുമുഖങ്ങളുടെ ഒരു സംഘം. മട്ടയ്ക്കൽ അലക്സിയോസ് ശെമ്മാശനെക്കൂടാതെ നാലഞ്ചു യുവാക്കളും ഏതാനും പെൺകുട്ടികളും ആഗതരായിട്ടുണ്ട്.

മലങ്കരയിൽ അപൂർവ്വാനുഭവമാണ് സന്ന്യാസസമൂഹം. അതു വിജയിക്കുമോ? സകലർക്കും ആശങ്ക. തങ്ങളുടെ പുത്രിമാരുടെ ജീവിതം പരീക്ഷണ വിധേയമാക്കാൻ ആരും ഒരുക്കമല്ല. എങ്കിലും കുറേപ്പേർ സ്വയം പ്രേരിതരായി തന്നോടൊപ്പം വന്നിരിക്കുന്നു. ദൈവം ഒരുക്കി വേർതിരിച്ചവർ. ഏതാനും പെൺകുട്ടികളും ഒരു യുവതിയും എന്നു പറയുന്നതാണു ശരി.

തന്നെക്കാൾ ഒരു വയസ്സു മാത്രം ഇളപ്പമുള്ള എം.പി.ശോശാമ്മയാണ് കൂട്ടത്തിൽ മുതിർന്നവൾ. സെറാമ്പൂരിൽ തനിക്കൊപ്പം നേരത്തെ പഠിക്കാനെത്തിയ മൂക്കഞ്ചേരിൽ എം.പി.പത്രോസ് ശെമ്മാശന്റെ മൂത്തപെങ്ങൾ. അയാളുടെ കത്തുകളിൽ നിന്നും കാര്യങ്ങളറിഞ്ഞ് മഠത്തിൽ ചേരാൻ വെമ്പി നിൽക്കുകയായിരുന്നു അവൾ. തൃപ്പൂണിത്തുറയിൽ



malankaralibrary.com

ശ്രേഷ്ഠ പുരാതനമായ മൂക്കഞ്ചേരിൽ കുടുംബാംഗമാണവൾ. വൈദിക ധാരാളമുള്ള തറവാട്. പിതൃസഹോദരൻ ഒരാൾ റമ്പാച്ചനുണ്ട്. പക്ഷേ അവൾ വിധവയാണ്. എട്ടാം വയസ്സിൽ വിവാഹിതയായ അവൾ താമസിയാതെ വിധവയുമായി. പുനർവിവാഹത്തിനു നിർബന്ധിച്ചു കൊണ്ടിരുന്ന വീട്ടുകാരോട് അവൾ പറഞ്ഞു: "എന്റെ മണവാളൻ ഇനി യേശുക്രിസ്തുവാണ്. ജീവിതം മുഴുവൻ അവിടുത്തേക്കു സമർപ്പിക്കുവാൻ നിങ്ങളെന്നെ അനുവദിക്കണം".

എങ്കിലും അവർക്കതു സമ്മതമായില്ല. ഭാവിയിൽ ആരവളെ സംരക്ഷിക്കും. മുപ്പത്തിമൂന്നാം വയസ്സിലും അവളെ അവർ നിർബന്ധിച്ചു കൊണ്ടിരുന്നു. അങ്ങനെയിരിക്കെയാണ് അവളുടെ ഭാഗ്യം തെളിഞ്ഞത്. എം.എ.അച്ചൻ അവധിക്കു വന്നിരിക്കുന്നു. പിന്നൊന്നും ചിന്തിച്ചില്ല. ആ വെളിച്ചത്തിലേക്കവൾ ചാടിയിറങ്ങി.

"കുഞ്ഞിളച്ചീ..." വിളികേട്ടവൾ നോക്കി. ആങ്ങളയാണ്. പത്രോസ് ശെമ്മാശൻ. പെങ്ങളെ അങ്ങനെയാണ് വിളിക്കുന്നത്. പെങ്ങളുടെ ആഗ്രഹം പോലെ നടക്കുന്നതിൽ ശെമ്മാശനു വലിയ സന്തോഷം.

ശെമ്മശന്റെ സംബോധന കേട്ട് കൂടെയുള്ള പെൺകുട്ടികളും അങ്ങനെ വിളിച്ചു തുടങ്ങി.

അതു കേട്ട് എം.എ.അച്ചൻ പറഞ്ഞു.

"പ്രായത്തിലും പക്വതയിലും നിങ്ങളിൽ ഒന്നാമതു നിൽക്കുന്നത് ശോശാമ്മയാണ്. അതുകൊണ്ട് 'കുഞ്ഞിളച്ചീ' എന്ന വിളി മാറ്റി 'ഇളയമ്മ' എന്നു വേണം ശോശാമ്മയെ നിങ്ങൾ വിളിക്കാൻ".

പെൺകുട്ടികളെല്ലാം ഒന്നാംതരം ഭവനങ്ങളിൽനിന്നുള്ളവർ. കുലീന ദമ്പതികളുടെ പൊന്നോമന പുത്രിമാർ. അവരുടെ മട്ടും ഭാവവും അതു വ്യക്തമാക്കുന്നു.

ആച്ചിയമ്മയാണൊരുവൾ. കായങ്കുളം പൊൻവാണിഭം ഇടിച്ചാണ്ടിയുടെ മകൾ. സ്നേഹം തുളുമ്പുന്ന പുഞ്ചിരിയാണവളുടെ മുഖത്ത്. കണ്ണിൽ കരുണയും. ആർക്കും എന്തും ചെയ്യാൻ സന്നദ്ധതയുള്ള മനസ്സിനുടമ.

എന്നാൽ കെ.വി.സാറാമ്മയുടെ മുഖത്തു നിറയുന്നതു ധീരതയാണ്. തല ഉയർത്തിയുള്ള അവളുടെ നിൽപ്പിൽത്തന്നെയുണ്ട് ഗാംഭീര്യം. വെണ്ണിക്കുളം കുടത്തുംമുറിയിൽ കണ്ടത്തിൽ വീട്ടിലെ മകളാണ് താനെന്ന ആത്മാഭിമാനമാവും അതിനു പിന്നിൽ. ശരിയെന്നു നിശ്ചയമുള്ള കാര്യങ്ങൾ വെട്ടിത്തുറന്നു പറയും. അതിനുള്ള അറിവവൾക്കുണ്ടുതാനും. അഥവാ, അങ്ങനെയാണവളുടെ അപ്പൻ വറുഗീസ് പഠിപ്പിച്ചിട്ടുള്ളത്. എങ്കിലും



malankaralibrary.com

നിഷ്കളങ്കമായ ആ പുഞ്ചിരിയിൽ അവളുടെ ഗാംഭീര്യം അലിയുന്നതു പോലെ.

പിന്നെ കറ്റാനത്ത് ആന്നിയിൽ പോളച്ചിറയ്ക്കൽ തോമസിന്റെ മകൾ ഏലിശൂബാ. എം.എ.അച്ചന്റെ 'കുമ്പസാരം' എന്ന പുസ്തകമാണവളെ ഈ വഴിത്തിരിവിലെത്തിച്ചത്. അവൾക്കതു വായിച്ച് ആത്മീയ ലഹരി പിടിച്ചു. പിന്നെ, എം.എ.അച്ചൻ എവിടെയുണ്ടോ അവിടെല്ലാം അപ്പനെയും കൂട്ടിപ്പോയി. അങ്ങനെ മാക്കാംകുന്നു കൺവൻഷനിലുമെത്തി. വശ്യമായ പ്രഭാഷണം അവളുടെ മനസ്സിനെ സന്ന്യാസാഭിവാഞ്ഛയുടെ പരകോടിയിലെത്തിച്ചു.

കൂട്ടത്തിൽ ചെറിയ പെൺകുട്ടി അന്നമ്മയാണ്. പതിനൊന്നു വയസ്സേയുള്ളൂ. മാവേലിക്കര വടക്കേ വീട്ടിൽ പീലിപ്പോസിന്റെ മകൾ. വിനയത്തോടെ തല തെല്ലുതാഴ്ത്തി അവൾ ഒതുങ്ങിനിൽക്കുന്നു.

സെറാമ്പൂരിൽനിന്നും നാളെയാണ് ബാരിസോളിലേക്കു പോകേണ്ടത്. അതുവരെ അവർക്കു കഴിയാനുള്ള താമസസൗകര്യം ശരിയാക്കിയശേഷം എം.എ.അച്ചൻ വാടകക്കെട്ടിടത്തിന്റെ രണ്ടാം നിലയിലേക്കുപോയി. അവിടെ ചാപ്പലിൽ കയറി കണ്ണടച്ചിരുന്നു. രാത്രി വളരെയായിട്ടും ഉറക്കം വരുന്നില്ല.

നെഞ്ചിൽ ബീഭത്സമായൊരു കരിങ്കല്ല് കയറ്റിവച്ചതുപോലെ. പോറ്റമ്മയായ മലങ്കര സഭയെപ്പറ്റിയുള്ള ഓർമ്മകൾ പോലും തന്നെ ശ്വാസം മുട്ടിക്കുകയാണ്. ആത്മീയതയുടെ പ്രാണൻ അവളെ വിട്ടുപോകാറായിരിക്കുന്നു. മലങ്കരസഭ ഇന്നു മൃതാവസ്ഥയിലായിരിക്കുന്നു.

വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതെന്നും അപ്പസ്തോലികവും കാതോലികവുമായ സത്യവിശ്വാസത്തെ ഉപദേശിക്കുന്നതെന്നും അഭിമാനിച്ചുപോരുന്ന മലങ്കര സഭ. എന്നാൽ അതിന്റെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന മ്ളേച്ഛതകളെ കാണുവാനും മണക്കുവാനുമുള്ള അവസരം തനിക്കുണ്ടായിരിക്കുന്നു.

സഭയെ ഈ ദു:സ്ഥിതിയിൽനിന്നും രക്ഷപ്പെടുത്താൻ കാര്യമായൊന്നും തനിക്കു ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ശേഷിക്കുന്ന ഈ ജീവിതം അതിനായി മാത്രം മാറ്റിവയ്ക്കണം. ആത്മീയതയുടെ മൃതസഞ്ജീവനി തന്റെ സഭയുടെ ശവശരീരത്തിൽ തളിക്കണം. അതുവരെ ഇനി വിശ്രമമില്ല.

ചില വഴികൾ മനസ്സിൽ തെളിയുന്നുണ്ട്.

സുവിശേഷവെളിച്ചം പരത്താൻ ഇന്നോളം തന്റെ സമുദായത്തിനു



malankaralibrary.com

കഴിഞ്ഞിട്ടുണ്ടോ. സുവിശേഷം പ്രഘോഷിക്കാൻ ഒരു മിഷനറിയെയെങ്കിലും തിരുക്കൊച്ചിക്കപ്പുറത്തയയ്ക്കാൻ സഭയ്ക്കു കഴിഞ്ഞിട്ടുണ്ടോ? ലജ്ജാകരം!

പൗലോസ് അപ്പസ്തോലൻ പറയുന്നതെന്താണ്?;

"സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ഹാ! ദുരിതം".

ആ ദുരിതത്തിൽനിന്നും തനിക്കു രക്ഷ വേണം. തന്റെ ശിഷ്യർക്കു രക്ഷ വേണം. മനസ്സിൽ ഒരു വേദവാക്യം കിടന്നു നിലവിളിക്കുകയാണ്; 'വിളവു സമൃദ്ധം; വേലക്കാരോ ചുരുക്കം'.

സ്നേഹമാകുന്ന മഹാസമുദ്രത്തിലേക്ക് എടുത്തു ചാടുവാൻ സർവ്വശക്തനായ ദൈവം ആഹ്വാനം ചെയ്യുന്നതുപോലെ.

മനസ്സ് ശൂന്യമാക്കി. കുഴമണ്ണുപോലെ അതു മൃദുവാകുന്ന അനുഭവം. കുശവന്റെ മുമ്പിൽ അതു സമർപ്പിച്ചു. വിശ്വംചമച്ച വലിയ കുശവന്റെ തിരുമുമ്പിൽ.

ധ്യാനാർദ്രമായ യാമങ്ങൾ. കുഴമണ്ണിനു രൂപമുണ്ടാകുന്നതുപോലെ. നിശബ്ദതയിൽ മനസ്സു പ്രകമ്പിതമാകുന്നതുപോലെ. അതൊരു വാക്യത്തിന്റെ മുഴക്കമാകുന്നതുപോലെ.

"ദൈവസേവനത്തേക്കാൾ ദൈവസമ്പാദനം നിനക്കു ശ്രേഷ്ഠം".

ധ്യാനത്തിന്റെ ആഴങ്ങളിൽ നിന്നുകിട്ടിയ ഒരമൂല്യ മുത്തുപോലെ ആ വാക്യം മനസ്സിൽക്കിടന്നു തിളങ്ങി.

അപാരമായ ആത്മാനുഭൂതിയോടെ വേദഗ്രന്ഥം നിവർത്തി. റാന്തൽ വെളിച്ചത്തിൽ ആദ്യം കണ്ടത് മർക്കോസിന്റെ സുവിശേഷം ഒൻപതാം അദ്ധ്യായം ഇരുപത്തൊൻപതാം വാക്യം.

"പ്രാർത്ഥനയും പരിത്യാഗവും കൊണ്ടല്ലാതെ ഈ വർഗ്ഗത്തെ പുറത്താക്കുക അസാദ്ധ്യം".

പ്രാർത്ഥന തന്റെ പ്രാണവായുവാണ്. എന്നാൽ ഇനി മുതൽ അതു പരിത്യാഗബന്ധിതമാകണം.

സ്വയം മറക്കണം. പദവികളൊക്കെ ഉപേക്ഷിക്കണം. വലിയവനെന്ന ഭാവം എറിഞ്ഞൊടുങ്ങണം.

എത്രയോ കൊല്ലങ്ങളായി 'ക്രിസ്താനുകരണം' താൻ വായിക്കുന്നു. ലോകം മുഴുവൻ വെറും മായയെന്ന് അതിന്റെ ഓരോ താളും എത്ര ആവർത്തി തന്നോടുപദേശിച്ചു.

ധനവും ബഹുമതിയും ക്രിസ്ത്യാനിക്കു ശാപമെന്നും ദാരിദ്ര്യവും



malankaralibrary.com

അപമാനവും അഭിലഷണീയവുമെന്ന് എത്രയോ തവണ അതു തന്നെ പ്രബോധിപ്പിച്ചു.

എങ്കിലും സ്വജീവിതം അതു പൂർണ്ണമായിട്ടുൾക്കൊണ്ടുവോ? മലങ്കരയിലെ പ്രഥമസ്ഥാനീയനായ വൈദികൻ എന്ന് തന്നെപ്പറ്റി മെത്രാപ്പോലീത്താ മുതൽ സകലരും കീർത്തിക്കുമ്പോൾ അഭിമാനിച്ചിട്ടില്ലേ? എം.ഡി.സെമിനാരി പ്രിൻസിപ്പൽ സ്ഥാനവും സെറാമ്പൂരിലെ പ്രൊഫസർ പദവിയും ശ്രേഷ്ഠ കാര്യങ്ങളായി കണക്കാക്കിയിട്ടില്ലേ? തൂവെള്ളക്കുപ്പായത്തിൽ ഒരു പൊടി പറ്റിയാൽ ഉടനതു മാറ്റി അലക്കിത്തേച്ചതു ധരിക്കാൻ നിർബന്ധമായിരുന്നില്ലേ? അപൂർവ്വ വസ്തുവായ സൈക്കിൾ സ്വന്തമായപ്പോൾ മനഃപൂർവ്വം വേഗത കൂട്ടി കാണികളെ അമ്പരപ്പിച്ചില്ലേ?

ദൈവമേ! ഇതെല്ലാം എന്തിനുവേണ്ടിയായിരുന്നു.

സങ്കീർത്തനത്തിൽ ദാവീദു രാജാവു പറയുന്നല്ലോ;

“ഇതാ ലോകത്തിൽ സമൃദ്ധിയുള്ളവർ പുകപോലെ മാഞ്ഞുപോകുന്നു. അവരുടെ സ്മരണകൂടി നശിച്ചുപോകുന്നു”.

മലങ്കര വൈദികരിൽ ആദ്യ എം.എ.ക്കാരനെ പത്രങ്ങളും ജനങ്ങളും വാഴ്ത്തിപ്പാടിയപ്പോൾ അതൊക്കെ സ്വീകരിക്കാൻ എത്ര ഉത്സാഹമായിരുന്നു. അവർ സമ്മാനിച്ച തങ്കപ്പതക്കങ്ങളും കീർത്തി മുദ്രകളും നിധി പോലെ ഭദ്രമായി സൂക്ഷിച്ചുവച്ചിരിക്കുന്നു.

എല്ലാം എന്തിനുവേണ്ടി? കാണുന്നതു കൊണ്ടു കണ്ണു തൃപ്തിപ്പെടുകയോ കേൾക്കുന്നതു കൊണ്ടു ചെവി നിറയുകയോ ചെയ്യുന്നുണ്ടോ? കേവലമൊരു ശ്വാസം മാത്രമായ താൻ എന്തിനീ പദവികളിൽ ശാന്തി കണ്ടെത്തി? മറ്റുള്ളവർക്കായി പരിത്യാഗിയാവുകയല്ലേ വേണ്ടത്. അവനല്ലേ നിത്യ ശാന്തി കിട്ടൂ. ലോകത്തിന്റെ പ്രഭുവും ക്രിസ്തുവിന്റെ സ്നേഹിതനും സ്വർഗ്ഗത്തിന്റെ അവകാശിയും അവനല്ലേ?

ഊണും നിദ്രയും വെടിഞ്ഞുപോലും ജ്ഞാനം നേടാൻ ആവേശമായിരുന്നില്ലേ? എന്തിനുവേണ്ടി? സർവ്വാദരണീയനായ ഗുരുവാകാൻ!

ദൈവത്തെ സ്നേഹിക്കുന്നതൊഴികെ മറ്റെല്ലാം മായയെന്നുഗ്രഹിക്കാൻ എന്തിനിത്ര വൈകിപ്പോയി. ലോകത്തെ വെറുത്ത് ദൈവത്തെ സമ്പാദിക്കുന്നതു മാത്രമല്ലേ യഥാർത്ഥ ജ്ഞാനം.

മുഷ്ടി ചുരുട്ടി ഇരുകരങ്ങളും നെഞ്ചിൽ ആഞ്ഞടിച്ച് പശ്ചാത്താപത്തോടെ പൊട്ടിക്കരഞ്ഞുപോയി.

“അപ്പാ! പാപസമുദ്രത്തിൽ കിടന്ന് അങ്ങയുടെ ഈ മകൻ മുങ്ങിത്താഴുമ്പോൾ, ബലവാനേ... കൈപിടിച്ചെന്നെ രക്ഷിക്കണേ...



malankaralibrary.com

കർത്താവേ, കണ്ണുനീരിന്റെ ഉറവയും നുറുങ്ങിയ ഹൃദയവും എനിക്കു തരണമേ. എന്നിട്ടെന്നെക്കുറിച്ചു തന്നെ എനിക്കു നിലവിളിക്കണം. എന്റെ ആയുസ്സിന്റെ സംവത്സരങ്ങൾ പ്രയോജനമില്ലാത്ത വ്യർത്ഥ ശ്രമങ്ങൾക്കായി നഷ്ടപ്പെട്ടു പോയല്ലോ".

നെഞ്ചത്തടിയുടെ പെരുമ്പറ ശബ്ദം അർദ്ധരാത്രിയുടെ നിശബ്ദയാമങ്ങളിൽ വീണ്ടും മുഴങ്ങി.

ക്രിസ്തുവിന്റെ സ്നേഹത്താൽ മനസ്സുനിറയുന്ന അനുഭവമായിരുന്നു. ജീവിക്കാനോ മരിക്കാനോ ആശയില്ലാത്ത അവസ്ഥയിലെത്തിയതുപോലെ.

'ലോകം, താതസഹോദരർ, ജാതിയതും തറവാടും ആകെ ഉപേക്ഷിച്ചേശുവിനായ് മരണം സ്നേഹിക്കു'ന്ന സന്ന്യാസികളുടെ ഒരു സംഘമാണ് ആവശ്യം.

അവരുടെ പ്രധാന ചുമതല സുവിശേഷപ്രവർത്തനമാവണം. അതു മലങ്കരസഭയിൽ മാത്രം ഒതുങ്ങുന്നതാവരുത്. ഭാരതമാകെ അവർക്കു കർമ്മഭൂമിയാകണം. മിശിഹായെ എല്ലാ അർത്ഥത്തിലും തീവ്രമായി അനുകരിക്കുന്ന സമൂഹമാകണം.

വെറുതെ സുവിശേഷം പ്രഘോഷിച്ചു നടന്നാൽ പോരാ, അതു സ്വജീവിതത്തിൽ പാലിക്കുന്നവരാവണം അവർ.

കിഴക്ക്, ചക്രവാളത്തിൽ കാവിനിറം പടർന്നു തുടങ്ങി. സൂര്യോദയമായി.

താഴത്തെ നിലയിൽ നിന്നും പടിചവിട്ടി ചാപ്പലിലേക്കു കയറി വരുന്നവരുടെ കാലൊച്ച.

ധ്യാനത്തിൽ നിന്നുണർന്നു. വിശുദ്ധ ബലിയർപ്പണത്തിനായി ഒരുങ്ങാൻ മദ്ബഹായിൽ കയറി.

ശെമ്മാശന്മാർ തിരിതെളിച്ചു. പുതുതായി വന്ന അലക്സിയോസ് ശെമ്മാശൻ ധൂപക്കുറ്റി വീശി.

ചാപ്പലിന്റെ മുൻനിരയിൽ ശെമ്മാശന്മാരും മറ്റുപുരുഷന്മാരും നിരന്നു. അവർക്കുപിന്നിൽ സുറിയാനി പെൺകിടാങ്ങൾ.

മറ നീങ്ങി.

വെട്ടിത്തിളങ്ങുന്ന തിരുവസ്ത്രങ്ങൾ ധരിച്ച് കുന്തുരുക്കപ്പുക ഉയരുന്ന ധൂപക്കുറ്റി വീശി 'മറിയം ദീലേത്തോക്...' പാടി ജനത്തിനഭിമുഖമായി അദ്ദേഹം തിരിഞ്ഞുവരുന്നു.

കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം. കാർമ്മികന്റെ കണ്ണുകളിൽ നിന്നാ



malankaralibrary.com

ണ്. മുഖത്ത് അസാധാരണ ശോഭ. ഇന്നോളം കാണാത്ത ഒരുജ്ജ്വലത! ആ സൂര്യമുഖത്തേക്കുനോക്കാനാവാതെ മുന്നിൽനിന്ന പലരും കണ്ണടച്ചു പോയി.

സ്വരത്തിലും ബലി മദ്ധ്യേ ചെയ്ത പ്രസംഗത്തിലും എല്ലാം വല്ലാത്തൊരു മാസ്മരഭാവം. കാണികളെ, ശ്രോതാക്കളെ തന്നിലേക്കു പിടിച്ചടുപ്പിക്കുന്ന അദൃശ്യമായ ഒരു കാന്തശക്തി. ഓരോവാക്കും കേൾക്കുമ്പോൾ അഗ്നിക്കനലുകൾ മനസ്സിൽവന്നുവീഴുന്ന അനുഭവമായിരുന്നു അവർക്ക്.

ശുശ്രൂഷകൾ കഴിഞ്ഞ് അദ്ദേഹം കല്പിച്ചു.

"പെൺകുട്ടികളെല്ലാം ബാരിസോളിലേക്കു പോകാൻ ഇറങ്ങിക്കൊള്ളുക".

വീണ്ടും യാത്ര. ട്രെയിനിൽ ക്യാബിൻ മുറി കിട്ടിയതു നന്നായി. ബാഹ്യശല്യങ്ങളില്ലാതെ സ്വതന്ത്രമായി അവർക്കു സംസാരിക്കാൻ കഴിഞ്ഞു.

അദ്ദേഹം പറഞ്ഞു.

"നിങ്ങൾക്കുവേണ്ടി ഞാനൊരു ലഘു കവിത ചമച്ചിട്ടുണ്ട്. ജീവിതാന്ത്യംവരെ നിങ്ങളുടെ സഭാജീവിതത്തിൽ പ്രയോജനമുള്ളതായിരിക്കും ഇത്. ഇതു മന:പാഠമാക്കിയാൽ സഭാസംവത്സരത്തിലെ എല്ലാ പ്രത്യേക ദിനങ്ങളും അടുക്കായി നിങ്ങൾക്കോർമ്മിക്കാൻ കഴിയും. ഡയറി തുറന്ന് അദ്ദേഹം ചൊല്ലിത്തുടങ്ങി.

"ഒന്നാമതു കൂദോസ് ഈത്തോ

തിരുസഭതൻ ശുദ്ധീകരണം.

സഭതൻ ശ്രേഷ്ഠനവീകരണം

ഹൂദോസ് ഈത്തോ ആകുന്നു".

ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടിയിൽ ബുദ്ധിമുട്ടി ചിലർ അതെഴുതിയെടുത്തുകൊണ്ടിരുന്നു.

സന്ധ്യയ്ക്കുമുമ്പ് ബാരിസോളിൽ. വ്യത്യസ്തമായ ഭാഷ, വേഷം, ഭൂപ്രകൃതി! നവാഗതർക്ക് ആകെയൊരു അപരിചിതത്വം. ഹിമപ്പുലികളുടെ വിഹാരകേന്ദ്രമെന്നുകൂടി കേട്ടപ്പോൾ മനസ്സിൽ ഭീതിയുടെ തരിപ്പ്. മുഖങ്ങളിൽ അതു നിഴലിക്കുന്നുമുണ്ട്. അതുകണ്ട് എം.എ.അച്ചന്റെ സാന്ത്വനം.

"ദൈവാശ്രയത്തിൽ ജീവിക്കുക. എങ്കിൽ നിങ്ങൾക്കിവിടം പറുദീസയാക്കാൻ കഴിയും".



malankaralibrary.com

അവരിൽ ധൈര്യത്തിന്റെ പ്രത്യാഗമം. എങ്കിലും ഹിമാലയത്തിൽ നിന്നിറങ്ങിവരുന്ന ശീതക്കാറ്റിൽ അവർ വിറച്ചു.

തണുപ്പ് സഹിക്കാനാവുന്നില്ലെന്ന് ഏലിശുബാ. പെൺസമാജ നേതാവായി നിൽക്കുന്ന ശോശാമ്മ, ബാഗിൽ നിന്നൊരു പുതപ്പെടുത്ത് അവളെ പുതപ്പിച്ചു.

വറ്റാത്ത പുഞ്ചിരിയോടെ മദർ ഈഡിത്ത് ഇറങ്ങിവന്ന് എല്ലാവരേയും സ്വീകരിച്ചു.

മദറിന്റെ പുഞ്ചിരിവിടർന്ന സുന്ദരമുഖം നോക്കി ദീർഘയാത്രയുടെ ക്ലേശങ്ങൾപോലും മറന്നവർനിന്നു.

"കുപ്പയിലെ മാണിക്യങ്ങളായ ഈ സുറിയാനിക്കുഞ്ഞുങ്ങളെ ഞാൻ മദറിനു തരുന്നു. തേച്ചുമിനുക്കി ഇവരെ എനിക്കു മദർ തിരിച്ചുതരണം". എം.എ.അച്ചൻ രക്ഷാകർത്തൃസ്ഥാനം മദറിനെ ഏൽപ്പിക്കുകയാണ്.

സിസ്റ്റർ ഹെലൻ വന്ന് എല്ലാവരേയും അകത്തേക്കുകൊണ്ടുപോയി. നവാഗതരെക്കാണാൻ കേട്ടറിഞ്ഞ് പലരും എത്തി.

ഇനിയും അവരുടെ ആരാധനക്കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ല. സുറിയാനിക്കുട്ടികൾക്ക് അവർ ശീലിച്ചുപോന്ന തരത്തിൽ ആരാധിക്കാനുള്ള സൗകര്യങ്ങൾ വേണം. ആംഗ്ലിക്കൻ സഭയുടെ കൂദാശകൾ മലങ്കരസഭയ്ക്ക് അംഗീകരിക്കാനാവില്ലല്ലോ.

അച്ചൻ ഇക്കാര്യം മദറിന്റെ ശ്രദ്ധയിൽപ്പെടുത്തി.

മദർ പറഞ്ഞു.

"അവർക്കുവേണ്ടി പ്രത്യേകമായി ഒരു ചാപ്പൽ ഇവിടുണ്ടാക്കിക്കൊടുക്കാം. എന്നാൽ സുറിയാനി വൈദികനില്ലാത്ത കുറവ് അങ്ങു പരിഹരിച്ചുകൊള്ളണം".

"സെറാമ്പൂരിൽനിന്നും ഒരു വൈദികനെ ഇവിടേക്ക് അയച്ചുതരാം. മാസത്തിലൊരിക്കലെങ്കിലും ഞാനും വന്നുകൊള്ളാം. മദറിനെ ഞാൻ പ്രയാസപ്പെടുത്തുകയാവും. എങ്കിലും ഒരു കാര്യം കൂടി സാധിച്ചു തരണം".

"അങ്ങയുടെ കറ തീർന്ന സമുദായ സേവനങ്ങളിൽ എനിക്കു കൂടി പങ്കാളിത്തം കിട്ടുന്നത് വലിയ ഭാഗ്യമായാണു ഞാൻ കരുതുന്നത്".

ഔദാര്യത്തിന്റെ സമൃദ്ധമായ വാഗ്പ്രവാഹം.

"സന്ന്യാസ നിയമങ്ങൾ ഞാൻ പഠിച്ചുവരികയാണ്. വിശുദ്ധ ബസേലിയോസിന്റെ സന്ന്യാസ നിയമങ്ങൾ എനിക്കാവശ്യമുണ്ട്. പക്ഷേ,



malankaralibrary.com

ഗ്രീക്കിൽ മാത്രമേ അതെഴുതപ്പെട്ടിട്ടുള്ളൂ. മദർ അതെനിക്ക് ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തു തരണം".

മദർ പറഞ്ഞു.

"വളരെ ശ്രേഷ്ഠവും പുരാതനവുമായ സന്ന്യാസ നിയമസംഹിതയാണത്. അതിന്റെ ഗ്രീക്കു പുസ്തകം എന്റെ പക്കലുണ്ടുതാനും. അങ്ങയുടെ അടുത്ത വരവോടുകൂടി തർജ്ജമ ചെയ്തുതരാം. ചാപ്പലിന്റെ പണി തീർന്നാലുടനെ അക്കാര്യം അറിയിക്കുകയും ചെയ്യാം".

കാര്യങ്ങൾക്കെല്ലാം ഒരടുക്കും ചിട്ടയും ഉണ്ടാവുകയാണ്. ഇവിടെ നിന്നും സെറാമ്പൂരിലേക്കു മടങ്ങുമ്പോൾ മനസ്സുനിറയെ അവാച്യമായൊരു ആശ്വാസമായിരുന്നു.

✠



malankaralibrary.com



# 17

# ഭാരതീയതയുടെ ആത്മാവിലേക്ക്

അറിയാതെ അറിയാതെ അനുനിമിഷം ശൂന്യാവസ്ഥയിലേക്കുള്ള ആരോഹണം. കൂടുതൽ ശോഭായമാനമാകുന്ന ഏതോ ഒരു ജ്വാല ഉള്ളിൽ ആളുന്നതുപോലെ.

ബാഹ്യമായിപ്പോലും മാറ്റങ്ങളുണ്ടാകുന്നു. ഒന്നും മന:പൂർവ്വമല്ല. അറിയാതെ വന്നുചേരുന്ന അനുഭവം. സ്വന്തം മേധാശക്തിയാൽ ക്ലിപ്ത പ്പെടുത്തിയ ദിനചര്യകളുടെ താളംതെറ്റുന്നു. ചുളിവില്ലാത്ത കുപ്പായവും സായിപ്പൻ തൊപ്പിയും ധരിച്ച് നടക്കമ്പു കയ്യിൽ ചുഴറ്റി ബൗദ്ധികാഗ്ര നെന്ന ഭാവത്തിൽ വിലസിനടന്ന തനിക്ക് ഇപ്പോൾ അതിലൊന്നും നിഷ്ഠ യില്ലാതായിരിക്കുന്നു.

കാവി നിറമുള്ള ഒരു പരുക്കൻ ഷാൾ കഴുത്തിൽ ചുറ്റി വേഷത്തിൽ അല്പം മാറ്റം വരുത്തി,

ഭാരതീയ സന്ന്യാസത്തിൽ ഷാളൊരു ഭൂഷണമാണല്ലോ. സായി പ്പന്റെന്ന ടൈ' എന്ന കണ്ഠശീലയുടെ ഉദ്ദേശ്യം ഭംഗിയായിരിക്കാം.



malankaralibrary.com

എന്നാലിത് ആർഷഭാരത കുലീനതയുടെ ചിഹ്നമാണ്. ഭിക്ഷാടനവേളയിൽ ധാന്യമോ മറ്റോ കിട്ടിയാൽ ഷാൾകൊണ്ടതു പൊതിഞ്ഞെടുക്കാം. ചാറ്റമഴയിൽനിന്നോ വെയിലിൽനിന്നോ രക്ഷനേടാം. വിരിച്ച് മരത്തണലിലോ മറ്റോ കിടക്കുകയും ആവാം.

എന്നാൽ ഈ മാറ്റം കോളജ് അധികൃതരെയും വിദ്യാർത്ഥികളെയും ആശ്ചര്യപ്പെടുത്തി. എന്തുവിഷയം പഠിപ്പിക്കുമ്പോഴും വേദാന്തവും ദൈവശാസ്ത്രവും ഒഴുകിവീഴുന്നു. ഗുരുവെന്ന ചിന്ത പോലും മറയുന്നു. കൂടുതൽ അറിയാനാണുത്സാഹം.

കിട്ടിയിടത്തോളം ആത്മീയ കൃതികൾ വായിച്ചു തീർത്തു. അപൂർവ്വമായവ തേടിയലഞ്ഞു. സന്ന്യാസ നിയമാവലികൾ പഠിച്ചു. അവയിലേറെയും ഹൈന്ദവർക്കു സ്വന്തം.

ശ്രീരാമകൃഷ്ണാശ്രമത്തിലെത്തി. രാമായണവും ഭഗവത്ഗീതയും അവിടെനിന്നെടുത്തു. പുരാണങ്ങൾ, വേദങ്ങൾ, ഉപനിഷത്തുകൾ എല്ലാം ഗ്രഹിച്ചു. ഹിന്ദു സന്ന്യാസികളുമായി ദിവസങ്ങളോളം ചർച്ചനടത്തി.

ഭാരതീയതയിൽ രൂപപ്പെട്ട ക്രൈസ്തവദർശനം മനസ്സിൽ ഉരുവാകുകയാണ്. ഓരോ രാജ്യത്തിനും തനതു സംസ്കാരമുണ്ട്; പൈതൃകമുണ്ട്. വൈദേശിക രീതികൾ ഇവിടെ പന്തലിക്കുക അസാദ്ധ്യം.

ഭാരതത്തിൽ ഇന്നോളം ക്രൈസ്തവർക്കു പറ്റിയ പാളിച്ച അതാണ്. വൈദേശികമായ ക്രൈസ്തവാചാരങ്ങൾ അതേപടി ഇവിടെ പറിച്ചു നടാനാണു ശ്രമിച്ചത്. ഫലമോ, മുരടിപ്പുമാത്രം.

ഇതിനു മാറ്റമുണ്ടാകണം. വിശ്വോത്തരമായ ക്രൈസ്തവ ദർശനം ഇവിടെ വിളയണം. അതിനു ക്രൈസ്തവർ സംസ്കൃതം പഠിക്കണം. വേദോപനിഷത്തുക്കളും പുരാണങ്ങളും അറിയണം. ആർഷസംസ്കാരത്തിലാകൃഷ്ടരാകണം. വേഷഭാവങ്ങളിൽ ഋഷീശ്വരന്മാരുടെ സത്ത നിഴലിക്കണം.

വായിച്ചറിഞ്ഞ ഗ്രന്ഥങ്ങൾക്ക് കണക്കില്ല. ഇനി, യോഗീശ്വര താവളങ്ങൾ തേടിയുള്ള പുറപ്പാടാണാവശ്യം.

ഭാരതമാകെ വിഖ്യാതമായ അത്തരം രണ്ടാശ്രമങ്ങളുണ്ടല്ലോ. രവീന്ദ്രനാഥടാഗൂറിന്റെ ശാന്തിനികേതനും മഹാത്മാഗാന്ധിയുടെ സബർമതിയും. ശാന്തിനികേതൻ ഇവിടെ ബംഗാളിൽ തന്നെയാണല്ലോ. അതിനാൽ ആദ്യം അവിടേയ്ക്ക്.

മഹാകവി കൂടിയായ ടാഗൂറിന്റെ ചില കാവ്യപാദങ്ങൾ എവിടെയോ വായിച്ച ഓർമ്മയുണ്ട്.



malankaralibrary.com

“ഞാനെവിടെയും ഈശ്വരനെത്തേടി നടന്നു; കണ്ടില്ല. അവസാനം കണ്ണുകളടച്ച് ഉള്ളിലേക്കു നോക്കിയപ്പോൾ, ദൈവത്തെ കണ്ടു”.

മൗനസാന്ദ്രമായ ആശ്രമത്തിലേക്കു വഴിതെളിക്കുന്ന ആശയം. ശാന്തിനികേതന്റെ മുറ്റം നിറയെ മാമരങ്ങൾ. സമൃദ്ധമായ ഇലച്ചാർത്തുള്ള ആര്യവേപ്പിൻ തണലിലിരിക്കുന്ന മുനിസദൃശ്യനായ കുലപതി. ചിത്രങ്ങളിൽ കണ്ടു ശീലിച്ച അതേ രൂപം.

കുബേരൻ. പക്ഷേ, പഠിക്കാൻ വയ്യെന്നു പറഞ്ഞ് ഇംഗ്ലണ്ടിൽ നിന്നു തിരിച്ചു പോന്നവൻ. ഇവിടെവന്ന് വിദ്യാഭ്യാസമണ്ഡലത്തിൽ വിപ്ലവങ്ങൾ വരുത്തിയവൻ. വിദേശങ്ങളിൽ പോലും വിസ്മയമുണർത്തുന്ന ‘വിശ്വഭാരതി സർവ്വകലാശാല’യുടെ സ്ഥാപകാധിപൻ. സാഹിത്യത്തിനു ‘നൊബേൽ’ സമ്മാനിതനായ ഏക ഭാരതീയൻ. ഒന്നാന്തരം ചിത്രകാരൻ. ശുദ്ധ സംഗീതജ്ഞൻ. നാടകകൃത്ത്; ചെറുകഥാകൃത്ത്.

തേജോമയരൂപൻ. എഴുന്നു നിൽക്കുന്ന ഭംഗിയുള്ള നാസിക. നീണ്ട മുടിയും താടിമീശയും. കഴുത്തു മുതൽ പാദംവരെ മറയുന്ന കുപ്പായം. പ്രകൃതിയുടെ വിസ്മയഭാവങ്ങളിൽ മനസ്സർപ്പിച്ച് എന്തോ ചിന്തിച്ചിരിക്കുന്നതു പോലെ. കൂട്ടിനു വയലിനുമുണ്ട്.

പരിസരങ്ങളിൽ ആശ്രമവാസികൾ ഓരോ വേലകളിൽ മുഴുകുന്നു.

ആശ്രമാങ്കണത്തിലെത്തുമ്പോൾ ഗുരുദേവിന്റെ ദീപ്ത മിഴികൾ തന്നിലേക്ക്. ഉടൻ എഴുന്നേറ്റ് ഇരുകരങ്ങളും വിരിച്ചു പറഞ്ഞു.

“ഞാൻ കാത്തിരിക്കുകയായിരുന്നു. കത്തിൽ എഴുതിയ സമയം കൃത്യമായി പാലിച്ചുവല്ലോ”.

സന്ദർശനാനുമതി എഴുതിച്ചോദിച്ചിരുന്നു.

“കത്തെഴുതിയ ആൾ ഞാൻ തന്നെയെന്നു ഗുരുദേവ് മനസ്സിലാക്കിയതെങ്ങനെ?”

“യാതൊരു യൂണിവേഴ്സിറ്റി ബിരുദവും ഇല്ലാത്തവനാണ് ഞാൻ. എങ്കിലും മനുഷ്യനയനങ്ങൾ നോക്കി ആളെ അളക്കാനറിയാം. മാത്രമല്ല, ക്രൈസ്തവർ ചുരുക്കമായേ ഈ ആശ്രമത്തിലെത്താറുള്ളൂ. പുരോഹിതർ തീരെയുമില്ല”.

“സന്ന്യാസത്തിന്റെ പ്രായോഗികതകളാണ് എനിക്കു കണ്ടറിയേണ്ടത്. ഭാരതീയമായ ക്രൈസ്തവാശ്രമം സ്ഥാപിക്കുകയാണെന്റെ ആഗ്രഹം. അക്കാര്യത്തിൽ ഗുരുദേവ് എനിക്കിന്നു ഗുരുവായിത്തീരണം”.

“ആശ്രമച്ചിട്ടകൾ കണ്ടു പഠിക്കാനാണെങ്കിൽ അതിനുള്ള അവസരം ഇവിടുണ്ട്. ഇവിടെ താമസിച്ചതു അഭ്യസിക്കുകയും ആവാം. എന്നാൽ ആശയപരമായ അറിവ് ഫാദറിനാവശ്യമുണ്ടെന്നു തോന്നുന്നില്ല”.



malankaralibrary.com

അതുകേട്ട് വിസ്മയം തോന്നി. അങ്ങനെ പറയാൻ കാരണമെന്തെന്ന ശങ്കയും.

മനോനില അറിഞ്ഞ് ഗുരുദേവ് തുടർന്നു.

"ഫാദർ എഴുതിയ ഒരിംഗ്ലീഷ് ലേഖനം ഞാൻ വായിച്ചിട്ടുണ്ട്. 'ക്രൈസ്തവ-ഹൈന്ദവ ദർശന സമന്വയം' എന്ന പേരിൽ. സെറാമ്പൂർ കോളജിന്റെ വാർഷികപ്പതിപ്പിലായിരുന്നെന്നാണ് ഓർമ്മ. ഭാരതീയത യുടെ എല്ലാ വശങ്ങളും അതിലുണ്ടായിരുന്നു. അതെഴുതിയ ആളിന് ആശ്രമച്ചിട്ടകൾ അഭ്യസിക്കുക എളുപ്പമാവും".

ഒരിക്കൽപോലും തന്നെ നേരിൽ കണ്ടിട്ടില്ലെങ്കിലും തന്റെ ലേഖനം അദ്ദേഹം വായിച്ചിരിക്കുന്നു. അതു വ്യക്തമായി ഓർമ്മിക്കുകയും ചെയ്യുന്നു. ആശ്ചര്യം തോന്നി.

കലാ സാഹിത്യ വിദ്യാഭ്യാസ സന്ന്യാസ വിഷയങ്ങളിൽ മുഴുകിക്ക ഴിയുമ്പോഴും ഇതൊക്കെ ഓർത്തുവയ്ക്കാൻ ഇദ്ദേഹത്തിനെങ്ങനെ കഴി യുന്നു.

ടാഗൂർതന്നെ എല്ലാം പരിചയപ്പെടുത്തിക്കൊണ്ട് ആശ്രമാങ്കണത്തി ലൂടെ നടന്നു. ആശ്രമ മുറ്റത്ത്, വിശാലമായ പച്ചപ്പുൽപ്പരപ്പിൽ ഗുരുവിന്റെ ശിക്ഷണത്തിൽ യോഗാഭ്യാസം നടത്തുന്ന ആശ്രമവാസികളെ കണ്ടു. ആശ്രമത്തിൽ പലയിടത്തും ടാഗൂർ വരച്ച ഉദാത്തങ്ങളായ ചിത്രങ്ങൾ. ധ്യാനവിഷയങ്ങൾപോലെ ബംഗാളിയിലും ഇംഗ്ലീഷിലും എഴുതി ഭിത്തി യിൽ പതിച്ച ശ്ളോകങ്ങൾ.

നടന്നു കാണിക്കുന്നതിനിടയിൽ ടാഗൂർ പറഞ്ഞു.

"ഭാരതീയ രീതിയിലുള്ള ക്രൈസ്തവ സന്ന്യാസ പ്രസ്ഥാനം ഇന്ത്യ യിൽ അപൂർവ്വമാണെന്നു തോന്നുന്നല്ലോ. അതുകൊണ്ടുതന്നെ ആരംഭ ത്തിൽ പല എതിർപ്പുകളും അങ്ങേയ്ക്ക് നേരിടേണ്ടി വന്നേക്കാം".

"ശരിയാണ്. കാവിയുടുത്ത്, മുടിയും താടിയും നീട്ടി വളർത്തി, രുദ്രാക്ഷവും ധരിച്ച് ഒരു ക്രൈസ്തവ പുരോഹിതൻ ചെന്നാൽ എതിർപ്പു കൾ സ്വാഭാവികമാവും".

"എനിക്കിതനുഭവമുള്ളതാണ്. എന്റെ അച്ഛൻ ദേവേന്ദ്രനാഥ ടാഗൂർ കൂടിച്ചേർന്നാണ് ബ്രഹ്മസമാജം സ്ഥാപിച്ചത്. ഇതുപോലെ സാമൂഹ്യസേ വനം ആയിരുന്നു അതിന്റേയും ലക്ഷ്യം. എന്നാൽ ബ്രാഹ്മണനായ അച്ഛൻ നവീനാശയക്കാരോടു ചേർന്നു പ്രവർത്തിച്ചതിൽ ബ്രാഹ്മണ സമുദായം കോപിച്ചു. അവർ ഞങ്ങളെ സമുദായത്തിൽനിന്നു ഭ്രഷ്ടരാക്കുകവരെ ചെയ്തു".



malankaralibrary.com

“എതിർപ്പുകളുടെ ശരവർഷം ഉണ്ടായാലും അതു പ്രസ്ഥാനത്തെ ബാധിക്കാത്ത തരത്തിലൊരു മാർഗ്ഗം ഞാൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

“അതെന്തു പദ്ധതി?”

“സഭാധിപന്മാർക്കാർക്കും കൈവയ്ക്കാനാവാത്ത തരത്തിൽ സ്വതന്ത്രഭരണമുള്ള സന്ന്യാസ പ്രസ്ഥാനമാവും എന്റേത്”.

“ആശ്രമം എവിടെ തുടങ്ങാനാണുദ്ദേശ്യം?”

“പഞ്ചാബിലുള്ള ഒരുൾനാടൻ ചേരിപ്രദേശം മനസ്സിലുണ്ട്. പാവങ്ങൾ നിറഞ്ഞ സ്ഥലമാണെന്നാണ് അറിയുന്നത്. താമസിയാതെ ആ സ്ഥലംപോയി കാണണമെന്നുണ്ട്”.

മൺതളികകളിൽ പാലും പഴങ്ങളുമെത്തി. ആശ്രമസ്ഥർക്കൊപ്പം ചമ്രം പടിഞ്ഞിരുന്ന് കഴിച്ചു.

പിന്നെ ടാഗൂറിന്റെ സ്വന്തം മുറിയിലേക്ക്. പുതിയൊരു പുസ്തകമെടുത്ത് ടാഗൂർ നീട്ടി പറഞ്ഞു.

“പ്രഥമ ദർശനത്തിൽത്തന്നെ ഫാദർ എനിക്കു സുഹൃത്തായിരിക്കുന്നു. ഇതാ... ഈ സന്ദർശനത്തിന്റെ ഓർമ്മയ്ക്ക് എന്റെ എളിയ സമ്മാനം”.

ഇരു കരങ്ങളും നീട്ടി വാങ്ങി.

ഗീതാഞ്ജലിയുടെ ഇംഗ്ലീഷ്പതിപ്പ്.

തുറന്നു കിട്ടിയ താളിൽ കണ്ണുടക്കി.

“ദൈവമേ, എനിക്കങ്ങയെ മതി,-

അങ്ങയെ മാത്രം”.

അതു വായിക്കുമ്പോൾ ‘ദൈവസമ്പാദനം’ എന്ന തന്റെ ആശയം അയവിറക്കുന്ന അനുഭവം.

മടങ്ങുമ്പോൾ ടാഗൂറിനോടു പറഞ്ഞു.

“വൈകാതെ, ഗാന്ധിജിയുടെ സബർമതിയിലേക്കും പോകണമെന്നുണ്ട്. ഗാർഹിക ബ്രഹ്മചര്യത്തിനു വിഖ്യാതമാണല്ലോ അത്”.

“നല്ലതു തന്നെ. അങ്ങേയ്ക്കെന്റെ എളിയ പ്രാർത്ഥനകളും ആശംസകളും”.

“നന്ദി, ഗുരുദേവ്”

കൈകൂപ്പി വിടപറഞ്ഞു.



malankaralibrary.com

താമസമുറിയിലെത്തുമ്പോൾ കത്തുകൾ കാത്തു കിടക്കുന്നു. മദർ ഈഡിത്തിന്റെ കത്ത് ആദ്യം തുറന്നു.

ചാപ്പൽ പൂർത്തിയായിരിക്കുന്നുവെന്ന്. കൂദാശയ്ക്കുചെല്ലണമെന്നും. പഠനവും സഞ്ചാരവും മൂലം കാലം പോയതറിഞ്ഞില്ല. ഇനിയെങ്കിലും അവിടെയെത്തണം. അർത്ഥിനികൾക്ക് മദർ ഉണ്ടെങ്കിലും തന്റെ സാന്നിദ്ധ്യവും ആവശ്യമുണ്ട്. ആരാധനകളിൽ സംബന്ധിക്കാനാകാതെ അവർ ശ്വാസം മുട്ടുകയാവും. ദൂരക്കൂടുതലും സമയക്കുറവും മൂലം അവിടെയെത്തി വിശുദ്ധ കുർബ്ബാന അർപ്പിക്കാൻ ഇതുവരെയും കഴിഞ്ഞില്ല. ഇനി സ്ഥിരമായി ഒരു വൈദികനെ അയയ്ക്കണം.

തെക്കേടത്തു സ്കറിയാ കത്തനാരെ വിളിക്കാൻ മട്ടയ്ക്കൽ ശെമ്മാശനോടു പറഞ്ഞു.

വാടകക്കെട്ടിടത്തിൽനിന്നും അച്ചൻ ഇറങ്ങി വന്നു.

"ബാരിസോളിൽ സുറിയാനിക്കുട്ടികൾക്കു വേണ്ടിയുള്ള ചാപ്പൽ പൂർത്തിയായി. അച്ചനെ അവിടേക്കയയ്ക്കുകയാണ്. ഇന്നുതന്നെ നമുക്കു പോകണം. നാളെ വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളാണല്ലോ. ചാപ്പൽ കൂദാശ ചെയ്യാൻ ഏറ്റം നല്ല ദിവസം."

മാസന്തോറുമുള്ള വരുവു ചെലവു കണക്കുകൾ ശരിയാക്കി യാക്കൂബ് ശെമ്മാശൻ കാണിച്ചു.

"ഇപ്പോൾ ഇതു പരിശോധിക്കാനുള്ള നേരമില്ല ശെമ്മാശാ. എല്ലാം കൃത്യമായി എഴുതുന്നുണ്ടല്ലോ. വരവിനേക്കാൾ കൂടുതലായി ചെലവു വരുന്നെങ്കിൽ പറഞ്ഞാൽ മതി. എവിടുന്നെങ്കിലും കടമെടുത്തു തരാം. പിന്നൊരു കാര്യം. ബാരിസോളിലേക്ക് ശെമ്മാശനും വരണം. നമ്മുടെ കൊച്ചുങ്ങളുടെ കാര്യങ്ങൾ നോക്കാൻ മദർ ഒറ്റയ്ക്കല്ലേ ഉള്ളൂ. ശെമ്മാശൻ കൂടി സ്ക്കറിയാ കത്തനാർക്കൊപ്പം അവിടെ താമസിച്ച് മദറിനെ സഹായിക്കണം".

മൂന്നുപേരും ബാരിസോൾ മഠത്തിലെത്തുമ്പോൾ അർത്ഥിനികൾക്ക് അതിരറ്റ ആഹ്ലാദം. എങ്കിലും മദറിന്റെ അനുവാദം കിട്ടിയിട്ടേ അവർ ഗുരുസവിധത്തിൽ ചെന്നുള്ളൂ. ശോശാമ്മയുടെ നേതൃത്വത്തിലാണവരുടെ വരവ്.

മദർ പറഞ്ഞു.

"അപ്പനും മക്കളും സംസാരിച്ചിരിക്ക്. അല്പം കഴിഞ്ഞ് ഞാൻ വന്നോളം".

മദറിനറിയാം തങ്ങളുടെ ആത്മീയ പിതാവിനെക്കാണാൻ, വാമൊഴി കേൾക്കാൻ അവർക്കെത്രത്തോളം തിടുക്കമുണ്ടെന്ന്.



malankaralibrary.com

അവർക്കായി വാങ്ങിയ ഒരു കുട്ട ഓറഞ്ച് യാക്കൂബ് ശെമ്മാശൻ താങ്ങിപ്പിടിച്ചു നിൽക്കുകയാണ്.

"ശെമ്മാശ്ശാ... അതു കുഞ്ഞുങ്ങൾക്ക് കൊടുക്ക്".

ശോശാമ്മ അതു വാങ്ങി മാറ്റിവച്ചു.

ഗുരുവിനെക്കാണാൻ സംഘത്തിനു പിന്നിൽനിന്ന് ഏലിശുബാ തല പൊന്തിച്ചു നോക്കി. അതുകണ്ട് അദ്ദേഹം അവളെ വിളിച്ചു.

'നീയിങ്ങുവന്നേ... ഇവിടുത്തെ കാലാവസ്ഥ നിനക്കെങ്ങനെ?"

അവൾ ഒന്നും പറയാതെ വിനയാന്വിതയായി നിന്നതേയുള്ളൂ. അതിനുത്തരം ശോശാമ്മ നൽകി.

"ഏലിശുബായ്ക്ക് ഇവിടുത്തെ തണുപ്പു തീരെ സഹിക്കാൻ പറ്റുന്നില്ലെന്നു പറയാറുണ്ട്".

"ഇതു നിനക്കിരിക്കട്ടെ. കമ്പിളി ഉടുപ്പാണ്." കയ്യിലിരുന്ന പൊതി അദ്ദേഹം നീട്ടി.

അതു വാങ്ങുമ്പോൾ അവളുടെ കണ്ണു നിറഞ്ഞുപോയി. പേരുചൊല്ലിവിളിക്കുന്ന ഇടയനെ അവൾ കണ്ണിമയ്ക്കാതെ നോക്കി നിന്നുപോയി.

എല്ലാവരോടും അദ്ദേഹം ചോദിച്ചു.

"നിങ്ങൾക്കെങ്ങനെയുണ്ടു മക്കളേ..."

അലിവുള്ള ആ ചോദ്യം കേട്ട് അവർ പറഞ്ഞു.

"മദറിനു ഞങ്ങളെ ജീവനാണ്. ആരോടും മദറിനു വേർതിരിവില്ല. എന്നും രാത്രിയിൽ ഉറങ്ങുംമുമ്പ് ഞങ്ങൾ ഓരോരുത്തരുടെയും കട്ടിലിൽവന്ന് മദർ ഇരിക്കും. എന്നിട്ട് സുകൃത കാര്യങ്ങൾ പറഞ്ഞുതരും. എല്ലാ ആഴ്ചയിലും മദർ ഞങ്ങളോരോരുത്തരേയും പ്രത്യേകം പ്രത്യേകം ഇന്റർവ്യൂ ചെയ്യുന്നുമുണ്ട്".

"നിങ്ങൾക്ക് ഭാഷ ഒരു പ്രശ്നമാകുന്നുണ്ടോ?"

ഗുരു വീണ്ടും തിരക്കി.

"മദറിന്റെ ഇംഗ്ലീഷ് കേൾക്കുമ്പോൾ ആദ്യം പേടിയായിരുന്നു. പക്ഷേ, മദർ ക്ഷമയോടിരുന്ന് ഞങ്ങളെ പഠിപ്പിച്ചു തരും. ഇപ്പോൾ പേടിയൊന്നുമില്ല".

മദർ പുഞ്ചിരിയോടെ കടന്നുവന്ന് അർത്ഥിനികളോടു പറഞ്ഞു.

"കുശലാന്വേഷണങ്ങൾ എവിടെ വരെയായി? തീർന്നെങ്കിൽ ഞങ്ങൾക്കിനി അല്പം സംസാരിക്കാനുണ്ട്. നിങ്ങൾ അതുവരെ പഠിച്ചുകൊണ്ടിരിക്ക്".

അർത്ഥിനികൾ പോകുംമുമ്പ് അച്ചൻ, മദറിനോടു പറഞ്ഞു.



malankaralibrary.com

"മദറിനെപ്പറ്റിയാണിവർക്കു പറയാനുള്ളതെല്ലാം. ഇവിടെയെത്തിയത് ഇവരുടെ മഹാഭാഗ്യമാണെന്ന്..."

കയ്യിലിരുന്ന നോട്ടുബുക്ക് മദർ അദ്ദേഹത്തെ ഏൽപ്പിച്ചു. മദറിന്റെ കൈപ്പടയിലുള്ളതാണ്. ആദ്യ താളിൽ കണ്ടു. 'എ ഗൈഡ് ടു ദി റിലിജിയസ്".

വലിയൊരു ബുക്കു നിറയെ അതിന്റെ ഇംഗ്ലീഷ് കയ്യെഴുത്ത്. വിശുദ്ധ ബസേലിയോസിന്റെ ഗ്രീക്കിലുള്ള സന്ന്യാസ നിയമങ്ങളുടെ തർജ്ജമയാണ്.

മദർ പറഞ്ഞു.

"അർത്ഥിനികൾക്കായി ഞങ്ങളുടേതുപോലുള്ള വേഷം അല്പം മാറ്റത്തോടെ രൂപപ്പെടുത്തി വച്ചിട്ടുണ്ട്.

വേഷത്തിന്റെ വിശദാംശങ്ങളിലേക്കു മദർ കടന്നു. അദ്ദേഹത്തിനതെല്ലാം തൃപ്തികരമായി തോന്നി.

അപ്പോഴേക്കും പ്രത്യേക വേഷം ധരിച്ച ഒരു സ്ത്രീ ഗേറ്റു കടന്ന് മഠത്തിലേക്കു വന്നു.

എം.എ. അച്ചനോട് മദർ പറഞ്ഞു.

ബ്രഹ്മസമാജ പ്രവർത്തകയാണവർ. കന്യാസ്ത്രീകളെ ബംഗാളി പഠിപ്പിക്കാൻ കുറേ നാളുകളായി അവർ ഇവിടെ വരുന്നുണ്ട്. ഞാനും പഠിക്കുന്നുണ്ട്".

"ഓഹോ. നല്ലതുതന്നെ. ബംഗാളി പഠിച്ചു കഴിഞ്ഞിട്ടു വേണം മദറിനെ എനിക്കു മലയാളം പഠിപ്പിക്കാൻ..."

മദർ ചിരിയോടെ പറഞ്ഞു.

"എല്ലാം ദൈവേഷ്ടം പോലെയാകട്ടെ"

"മദർ ബംഗാളി പഠിക്കുന്ന സമയത്ത് ഞാൻ കുട്ടികളെ സുറിയാനി പഠിപ്പിച്ചു കൊള്ളട്ടെ. കോളജിൽ അവർ ഐച്ഛികമായി സുറിയാനിയാണല്ലോ പഠിക്കുന്നത്".

"ശരി. ഞാൻ കുട്ടികളെ പറഞ്ഞു വിടാം. ഇവിടിരുന്നു പഠിപ്പിക്കുകയുമാവാം".

ബ്രഹ്മസമാജം പ്രവർത്തകയുമായി മദർ അകത്തേക്കു പോയി. തെല്ലുകഴിഞ്ഞ് പെൺകുട്ടികൾ ഇറങ്ങി വന്നു. അവരുടെ കയ്യിൽ നോട്ടുബുക്കും പെൻസിലും. മുഖത്തു നിറഞ്ഞ സന്തോഷവും.

"അന്നു തീവണ്ടിയിൽവച്ച് ചൊല്ലിത്തന്ന കവിതകൾ എല്ലാവരും പഠിച്ചുവോ?"



malankaralibrary.com

പലർക്കും ആഹ്ലാദം. പൂർണ്ണമായും ഓർമ്മിക്കാനാവാത്ത ചിലരുടെ മുഖങ്ങളിൽ വിഷാദം. അവരെ ആശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

"ഇനിയും പഠിക്കാനുള്ളവർ അടുത്ത തവണ ഞാൻ ചോദിക്കുമ്പോഴേക്കും പഠിച്ചു ചൊല്ലണം. പഠിച്ചിട്ടുള്ളവർ ആരൊക്കെയാണ്?"

അവർ കൈപൊക്കി.

"നിങ്ങളുടെ ഇളയമ്മതന്നെ ആരംഭിച്ചോളൂ. അഞ്ചാം ശ്ലോകമാണു ചൊല്ലേണ്ടത്".

ശോശാമ്മ എഴുന്നേറ്റു ചൊല്ലി

"യൽദായിൻ പിറ്റേദിവസം

മാതാവിൻ മഹിമാദിവസം

പിറ്റേന്നാൾ കർത്താവിന്നായ്

കൊലയേറ്റ ശിശുക്കൾക്കോർമ്മ".

"ഇനി അവസാന ഭാഗം ഏലിയാമ്മ ചൊല്ല്".

യാക്കൂബ് ശെമ്മാശന്റെ പെങ്ങളല്ലേ. അപ്പോൾ മധുരമായൊരു ശ്ലോകം കേൾക്കാമെന്ന പ്രതീക്ഷയിൽ സകലരും കാതു കൂർപ്പിച്ചിരുന്നു. അവൾ ഇമ്പമായി ചൊല്ലി.

"കന്നി പതിന്നാലിൽ സ്ലീബാ,

അന്നോളം ക്യംതാ തൻ ഓർമ്മ

പിന്നെ സ്ലീബായിൻ സ്മരണ

കൂദോശ് ഈത്തോ വരെയുണ്ട്".

തുടർന്നു സുറിയാനി പഠനം. അതു മണിക്കൂറുകൾ നീണ്ടു. പലരുടെയും മുഖത്ത് ക്ഷീണം. വിശപ്പായിക്കാണും.

അവരെ അവിടെയിരുത്തി എം.എ. അച്ചൻ ഗേറ്റു കടന്നു പുറത്തേക്കു പോയി. ഷാളിൽ എന്തോ പൊതിഞ്ഞുകെട്ടി തിരിച്ചെത്തി.

"ഇതു തീർത്തിട്ടു മതി ഇനി പഠനം".

ഷാൾ അഴിച്ച് അച്ചൻ പറഞ്ഞു.

പൊരികടലയാണ്. നിരത്തിറങ്ങിച്ചെല്ലുന്ന നാൽക്കവലയിലെ കടയിൽനിന്നും വാങ്ങി. കാഴ്ചയിൽ ഗംഭീരനായ വൈദികൻ പ്രൊഫസറുദ്യോഗത്തിന്റെ യാതൊരു പത്രാസുമില്ലാതെ അവർക്കൊപ്പം തമാശ പറഞ്ഞ് കടല വാരി കൊറിക്കുന്നതുകണ്ട് മഠത്തിലെ അന്തേവാസികൾ സാകൂതം നിന്നു.

✠



malankaralibrary.com



# 18

# ജ്ഞാനയോഗത്തിന്റെ പുണ്യപാതയിൽ

"നമ്മുടെ സഭ ശക്തിയുള്ള സഭയല്ല. അതിനാൽ സന്ന്യാസ പ്രസ്ഥാനം നമ്മുടെ സഭയിൽ വിജയിക്കുമോ?"

കത്തിലൂടെ വട്ടശ്ശേരിൽ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ശങ്കയോടെ ചോദിക്കുന്നു. എങ്കിലും തന്റെ പുതിയ സംരംഭങ്ങൾക്ക് കലവറയില്ലാത്ത പിന്തുണയും അനുമതിയും അറിയിച്ചിരിക്കുന്നു.

സന്ന്യാസ രൂപീകരണ സംബന്ധമായി നിർദ്ദേശങ്ങളും ഉപദേശങ്ങളും ആരാഞ്ഞുകൊണ്ടാണ് മെത്രാപ്പോലീത്തായ്ക്ക് എഴുതിയത്.

എന്നാൽ മറുപടിയിൽ അതൊന്നുമില്ല. തന്റെ തീരുമാനങ്ങളെല്ലാം അദ്ദേഹത്തിനു സ്വീകാര്യമാണത്രേ.

മാസങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു.

ഇനിയിപ്പോൾ ആശ്രമചിട്ടകൾ പതുക്കെ തുടങ്ങണം. അതിനാധാരമായ മുഖ്യകാര്യങ്ങൾ പലതും സാധിച്ചു കഴിഞ്ഞു. ഗാന്ധിജിയുടെ സബർമതി ആശ്രമവും സന്ദർശിക്കാൻ കഴിഞ്ഞു.



malankaralibrary.com

ടാഗൂറിന്റെ ശാന്തിനികേതനിൽനിന്നും വ്യത്യസ്തമാണത്.

അഹമ്മദാബാദിൽ, കൃഷ്ണാ നദിക്കരയിലുള്ള സബർമതി ഒരു ഗൃഹസ്ഥാശ്രമം തന്നെ. ആശയങ്ങളിൽ വ്യത്യസ്തതയുള്ള ഭാര്യാ ഭർത്താക്കന്മാരായിട്ടുപോലും ഗാന്ധിജിയും കസ്തൂർബായും ആശ്രമസ്ഥരാകുന്നു. സർവ്വസംഗപരിത്യാഗികളല്ലാത്തവർക്കുപോലും ഗാർഹിക ബ്രഹ്മചര്യം പാലിക്കാൻ കഴിയുമെന്നതിന്റെ മാതൃകയാണവിടം.

എല്ലാ ശിഷ്യരേയും വിളിച്ചുകൂട്ടി ഗുരു ഉപദേശിച്ചു.

"ഒരിക്കൽകൂടി നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ; ദൈവസേവനത്തേക്കാൾ ദൈവ സമ്പാദനമാണ് നമ്മുടെ ലക്ഷ്യം. പൗലൂസ് ശ്ലീഹായെപ്പോലെ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നുവെന്ന് നമുക്കോരോരുത്തർക്കും പറയാൻ സാധിക്കണം.

നമ്മെപ്പോലെ നമ്മുടെ സഹോദരങ്ങളെയും സ്നേഹിക്കാൻ നമുക്കു കഴിയണം. അതിനായി നമുക്കു സ്വയം വിശുദ്ധീകരിക്കാം. അധികം പുറത്തിറങ്ങി നടക്കുന്നവർക്ക് വിശുദ്ധിയിൽ ജീവിക്കുക എളുപ്പമല്ല. അതിനാൽ അടക്കമൊതുക്കത്തോടെ നമുക്ക് ആശ്രമവാസികളാകാം".

ഇടയ്ക്കൊന്നു നിർത്തി, കണ്ണുതുറന്ന് ശിഷ്യമുഖങ്ങളിലേക്ക് നോക്കി. പറയുന്നതെന്തും പാലിക്കാൻ ഉത്സുകരാണവർ. വത്സല ശിഷ്യനായ യാക്കൂബ്ബു ശെമ്മാശൻ കൂടി ഇവിടുണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിച്ച നിമിഷം.

എങ്കിലും ആ കുറവു നികത്താൻ അലക്സിയോസ് ശെമ്മാശനുണ്ട്. അയാൾ പലപ്പോഴും തന്റെ മുറിയിൽ കടന്നുവന്ന് സന്ന്യാസവിഷയങ്ങൾ ആരാഞ്ഞിരുന്നല്ലോ.

നിർദ്ദേശം തുടർന്നു.

"ലളിതമായ ആചാരങ്ങളോടെ തുടങ്ങിയാൽ മതി. കൃത്യസമയത്തുതന്നെ നമസ്കാര പ്രാർത്ഥനകൾ നടത്തണം. പിന്നെ ധ്യാനമാവാം.

ധ്യാനത്തെപ്പറ്റി ചില പ്രധാന കാര്യങ്ങൾ നിങ്ങൾ അറിഞ്ഞിരിക്കണം. കേവലം നല്ല ചിന്തകളുമായുള്ള സംസർഗ്ഗമല്ല ധ്യാനം. ദൈവവുമായുള്ള ഒന്നുചേരലാണത്. ഓരോ ദിവസത്തേക്കുമുള്ള ധ്യാനവിഷയങ്ങൾ നിങ്ങൾക്കു തരുന്നതാണ്. ഒരു ധ്യാനവിഷയത്തിൽനിന്നും മറ്റൊന്നിലേക്ക് ധൃതിയോടെ കടന്നുകയറരുത്. ധ്യാനവിഷയം ആത്മാവിൽ ലയിച്ചുചേരണം. ഹൃദയം പഴുത്തിരിക്കുന്ന ചില അവസരങ്ങൾ നിങ്ങൾക്കുണ്ടായേക്കാം. പ്രാർത്ഥിക്കാൻ വാക്കുകൾ കിട്ടിയില്ലെന്നും വരാം. അപ്പോൾ ഭാഷാശുദ്ധിയൊന്നും ശ്രദ്ധിക്കാതെതന്നെ സ്വതന്ത്രമായി പ്രാർത്ഥിച്ചുകൊള്ളുക.



malankaralibrary.com

ധ്യാനത്തിലൂടെ ഓരോരുത്തർക്കും വ്യത്യസ്ത അനുഭവങ്ങളാവും കിട്ടുക. ചിലർക്ക് അത്യാനന്ദമാകാം. അപ്പോളവർ മതിമറന്നു തുള്ളിച്ചാടരുത്. ചിലർക്കു മ്ളാനതയായേക്കാം. അവർ ഭഗ്നാശരാവുകയുമരുത്.

അതുപോലെതന്നെ, ധ്യാനിക്കാൻ ഓരോരുത്തർക്കും ഏറ്റം അനുയോജ്യമായ ആസനം ഏതോ അതു തെരഞ്ഞെടുക്കാം. അതു കണ്ടെത്തുന്നതുവരെ മുട്ടിന്മേൽനിന്നോ ചമ്രം പടിഞ്ഞിരുന്നോ ഒക്കെ ധ്യാനിക്കുക".

എല്ലാവരും നിശബ്ദരാണ്. ഗുരുവിന്റെ വാക്കുകൾ കേൾക്കുന്നതു തന്നെ ധ്യാനതുല്യമാണവർക്ക്.

ഉപദേശം തുടർന്നു.

"ഉറങ്ങുംമുമ്പ് എല്ലാവരും ആത്മശോധന ചെയ്യണം. ദൈവസ്നേഹത്തിനും പരസ്നേഹത്തിനും എതിരായി എന്തെങ്കിലും ചെയ്തുപോയിട്ടുണ്ടെങ്കിൽ കണ്ണീരോടെ പശ്ചാത്തപിക്കണം. സുത്താറാ കഴിഞ്ഞാൽ പൂർണ്ണമൗനം പാലിക്കണം. മൗനം ഭഞ്ജിക്കേണ്ടത് പിറ്റേന്നു പ്രഭാതഭക്ഷണത്തിനു ശേഷം മാത്രമായിരിക്കുകയും വേണം".

വീണ്ടും അൽപം കഴിഞ്ഞ് ഗുരു പറഞ്ഞു.

"തൽക്കാലം ഇത്രയും മതി. ഇതു നമ്മുടെ 'ശൈശവാശ്രമം' ആയിരിക്കും. ഞാൻ നിങ്ങളുടെ ആബോയും".

ലൗകിക പദവികൾ വെറുത്തു തുടങ്ങിയിരിക്കുന്നു. എം.എ.അച്ചനെന്നോ സെറാമ്പൂർ പ്രൊഫസറെന്നോ വിളിച്ചു കേൾക്കാൻ ഇനി ആശയില്ല. ശിഷ്യരുടെ നാവിൽനിന്നും 'ആബോ ഗീവറുഗീസ്' എന്നു വിളിച്ചു കേൾക്കാനാണ് താൽപ്പര്യം.

"നമ്മുടെ ആശ്രമത്തിന്റെ പേരെന്താണ് ആബോ?"

മട്ടയ്ക്കൽ അലക്സിയോസ് ശെമ്മാശനാണു ചോദിച്ചത്.

"ഇനിയും അനേക കാര്യങ്ങൾ ശരിയാകാനുണ്ട്. ആശ്രമം ഇതുപോലൊരു പട്ടണത്തിലായിക്കൂടരുതല്ലോ. ഏകാന്തമായൊരിടം അതിനുണ്ടാകണം. അതിനുശേഷം നല്ലൊരു പേര് തമ്പുരാൻ നമുക്കു തരും. നമുക്കു കാത്തിരിക്കാം".

"ആശ്രമവാസവും പ്രൊഫസറുദ്യോഗവും ഒരുപോലെങ്ങനെ തുടരും, ആബോ?"

പാറേട്ട് മാത്യൂസ് ശെമ്മാശൻ സംശയം ചോദിച്ചു.

"രണ്ടും കൂടി പറ്റില്ല. ജോലി ഞാൻ രാജി വയ്ക്കും".



malankaralibrary.com

സന്ന്യാസശിഷ്യരെങ്കിലും അതു കേട്ടവർ ഞെട്ടി.

മലങ്കരസഭയിലൊരാൾക്കും ഇത്ര ഭീമമായ ശമ്പളം കിട്ടുന്നുണ്ടാവില്ല. ഇരുപത്തഞ്ചോളം പേർക്ക് ഉന്നത വിദ്യാഭ്യാസം സാദ്ധ്യമാക്കി കൊടുത്തത് അതുപയോഗിച്ചാണ്. തങ്ങളുടെ പൊന്നോമന പുത്രനായ എം.എ. അച്ചൻ, സായിപ്പിന്റെ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറാണെന്നു പറഞ്ഞാണിപ്പോൾ മെത്രാൻ കക്ഷികൾ അഭിമാനിക്കുന്നത്. ഈ സാഹചര്യത്തിൽ ഇത്ര ഉന്നതമായ പദവി ഉപേക്ഷിക്കുകയെന്നു പറഞ്ഞാൽ...!

അവരുടെ മനോനില ഗ്രഹിച്ച് ആബോ സാത്വികനായി പറഞ്ഞു. "യൂണിവേഴ്സിറ്റി പ്രൊഫസർ സ്ഥാനത്തേക്കാൾ എനിക്കഭികാമ്യം സന്ന്യാസമാണ്. യഥാർത്ഥ സന്ന്യാസത്തിലേക്കു വന്നിരുന്നെങ്കിൽ നിങ്ങൾ അമ്പരക്കുമായിരുന്നില്ല. സന്ന്യാസി, ലോകത്തിനു മൃതനും ദൈവത്തിനായി ജീവിക്കുന്നവനുമാണ്. അംഗീകാരവും പ്രശംസയും സന്ന്യാസിക്ക് അധമങ്ങളാണെന്ന് നിങ്ങൾ മറന്നുപോയോ. കഷ്ടതകളും ദാരിദ്ര്യവുമാണ് അവന്റെ ശിരോഭൂഷണം. ദൈവസമ്പാദനം മാത്രമാണവന്റെ ലക്ഷ്യം. മത്സ്യം ജലത്തിലെന്നതുപോലെ സന്ന്യാസി എപ്പോഴും ദൈവസമ്പർക്കത്തിലായിരിക്കണം".

ആശ്രമാദ്ധ്യക്ഷന്റെ ഉപദേശങ്ങൾ ദിനചര്യകളിൽ പാലിക്കാൻ അവർ ഉത്സാഹിച്ചു. ബാഹ്യലക്ഷണമായി താടി മീശ വളർത്തിത്തുടങ്ങി. ഭാരതീയ സന്ന്യാസ പ്രകാരവും പൗരസ്ത്യ സഭാപരമായും ശ്മശ്രുപോഷണം അർത്ഥവത്താണ്. ലോകത്തിൽ നിന്നുള്ള വേർതിരിവിന്റെ ലക്ഷണവും.

ക്രിസ്തുദേവന്റെ സ്നേഹത്തിലും കാരുണ്യത്തിലും ദയാവായ്പിലും ഹൃദയമർപ്പിച്ച് ഇടയനും ആടുകളുമെന്നപോലെ അവർ കഴിയുകയാണ്. ഓർക്കാപ്പുറത്ത് പെട്ടെന്നൊരു കമ്പി സന്ദേശം വന്നു. അതു വായിച്ച് ആശങ്കയോടെ നിൽക്കുമ്പോൾ അലക്സിയോസ് ശെമ്മാശൻ ആരാഞ്ഞു.

"എന്താണ് ആബോ?"

"ബാരിസോളിൽനിന്നും ഫാദർ സ്ട്രോംഗിന്റെ കമ്പിയാണ്. ഞാനുടൻ അവിടെത്തണമെന്ന്. കൂടുതൽ വിവരമൊന്നുമില്ല".

"നമ്മുടെ സിസ്റ്റേഴ്സിനെന്തെങ്കിലും...?"

"എങ്കിൽ മദർ ഈഡിത്തല്ലേ വിവരം അറിയിക്കുക. പെൺകുട്ടികളെ ഒരാഴ്ച ധ്യാനിപ്പിക്കാൻ ഞാൻ മദറിന് എഴുതിയിരുന്നു. അതിനുശേഷം അവരെ നൊവിഷ്യേറ്റിലേക്കു പ്രവേശിപ്പിക്കണം. അതിനു മറുപടി കഴിഞ്ഞാഴ്ചയിൽ മദർ അയച്ചുതരികയും ചെയ്തു. അതിൽ എല്ലാവരും സുഖമായിരിക്കുന്നുവെന്നാണ് എഴുതിയിട്ടുള്ളത്".



malankaralibrary.com

“എങ്കിൽ നമ്മുടെ സ്ക്കറിയാ കത്തനാർക്കോ യാക്കൂബു ശെമ്മാശനോ വല്ല പ്രയാസവും...?”

“ഒന്നും സംഭവിക്കില്ല. ദൈവസന്നിധിയിൽ നിങ്ങൾ പ്രാർത്ഥിച്ചു കൊണ്ടിരിക്കണം”.

അവധി എഴുതി മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശനെ ഏൽപ്പിച്ച് കോളജിലേക്കയച്ചു.

കൂടെവരാൻ കണ്ണങ്കോട്ടു ലൂക്കോസ് അച്ചനോടു നിർദ്ദേശിച്ചു. പോകാനിറങ്ങുമ്പോൾ അലക്സിയോസ് ശെമ്മാശനോടു പറഞ്ഞു.

“ആശ്രമച്ചിട്ടകൾ ശ്രദ്ധിച്ചുകൊള്ളണം”.

യാത്രയിൽ നെഞ്ചുരുകി പ്രാർത്ഥിച്ചു. തീവണ്ടിയിറങ്ങി ഓടിയെത്തിയത് ഫാദർ സ്ട്രോംഗിന്റെ മുറിയിൽ. അദ്ദേഹത്തിൽനിന്നും നടുക്കുന്ന വാർത്തകേട്ടു.

“മാരകമായൊരു വിഷപ്പനി ഇവിടെ പടർന്നുപിടിച്ചു. ഫാദർ സ്ക്കറിയായ്ക്കും ഡീക്കൻ യാക്കൂബിനും അതു ബാധിച്ചു.”

“എന്നിട്ടിപ്പോൾ...?” പെട്ടെന്നു ചോദിച്ചു.

“അത്യാസന്നനിലയിലായിരുന്നു. ഇപ്പോൾ അപകടനില തരണം ചെയ്തുവെന്നാണു ഡോക്ടർ പറഞ്ഞത്”.

“അവരെവിടെയാണു കിടക്കുന്നത്?”

“ആശുപത്രിയിൽനിന്നും ഇന്നു രാവിലെ ബോർഡിംഗ് മുറിലേക്കു മാറ്റി”.

“ഞാനവരെ ഒന്നു കാണട്ടെ”.

ഫാദർ സ്ട്രോംഗും കൂടെച്ചെന്നു. തിടുക്കത്തിൽ നടക്കുന്നതിനിടയിൽ ആബോ തെരക്കി.

“മഠത്തിലാർക്കെങ്കിലും പനി പിടിച്ചോ?”

“ദൈവകൃപയാൽ അതുണ്ടായില്ല. ആൾപ്പാർപ്പു കൂടുതലുള്ളിടത്താണ് വിഷപ്പനി പടർന്നത്. മഠം ഇവിടെനിന്നും കുറച്ചകലെയല്ലേ. ഒറ്റപ്പെട്ടും. മാത്രമല്ല സിസ്റ്റർ ഹെലൻ അവർക്കെല്ലാർക്കും പ്രതിരോധമരുന്നുകൾ കൊടുക്കുകയും ചെയ്തു”.

അടുത്തടുത്ത കട്ടിലുകളിൽ അച്ചനും ശെമ്മാശനും തളർന്നു കിടക്കുന്നു. ക്ഷീണിച്ചവശരായിരിക്കുന്നു. എങ്കിലും ഗുരുസാന്നിദ്ധ്യം അറിഞ്ഞ് പതുക്കെ കണ്ണുതുറന്നു നോക്കി. ക്ലേശപൂർവ്വം എഴുന്നേൽക്കാൻ ശ്രമിച്ചു. ‘വേണ്ടാ’ എന്നു ഗുരുവിന്റെ ആംഗ്യം.

ഓരോ കിടക്കയിലും ചെന്ന് പ്രാർത്ഥിക്കുകയും ആശ്വസിപ്പിക്കു



malankaralibrary.com

കയും ചെയ്തു. രണ്ടുപേരോടും ശൈശവാശ്രമത്തെപ്പറ്റി പറഞ്ഞു. അത റിഞ്ഞ് ക്ഷീണാവസ്ഥയിൽപോലും അവരുടെ മനസ്സുണർന്നു.

അവർ ആബോയോടു ചോദിച്ചു.

"ഞങ്ങളിനി അങ്ങോട്ടു പോന്നോട്ടേ?"

വാക്കുകളിൽ ഗുരുവിനെ പിരിഞ്ഞുകഴിയുന്നതിലുള്ള നൊമ്പരം.

"സുഖമായാലുടൻ നിങ്ങളെയും സെറാമ്പൂരിലേക്കു കൊണ്ടുപോകാം. അർത്ഥിനികളുടെ ആത്മീയ കാര്യങ്ങൾക്ക് കണ്ണങ്കോട്ടച്ചൻ ഇവിടെ നിൽക്കട്ടെ".

അർത്ഥിനികൾ 'ധർമ്മശിഷ്യകളാ'കാൻ പോകുന്നു. അഥവാ അന്വേഷകർ സന്ന്യാസശിശുക്കളാകാൻ പോകുന്നു. ആദ്യം കൂടെ വന്ന അർത്ഥിനികൾ അവധിക്ക് നാട്ടിൽപോയി മടങ്ങിയപ്പോൾ അവർക്കൊപ്പം കുറേ പെൺകുട്ടികൾ കൂടി എത്തിച്ചേർന്നിട്ടുണ്ട്. ധർമ്മശിഷ്യകളാകാൻ പോകുന്നവർക്കുള്ള ഒരുക്കധ്യാനം മഠത്തിനടുത്തുള്ള ചാപ്പലിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ധ്യാനം അഞ്ചുനാൾ പിന്നിട്ടുവെന്ന് സിസ്റ്റർ ഹെലൻ പറഞ്ഞു. ഇനിയുള്ള രണ്ടു ദിവസങ്ങളിൽ ധ്യാനം നടത്താൻ മദർ ഈഡിത്തിന്റെ ക്ഷണം.

അതനുസരിച്ച് ആബോ ചാപ്പലിൽ കടന്നു. സ്വയം പ്രാർത്ഥിച്ചൊരുങ്ങി.

കുളിരുന്ന നിശബ്ദതയിൽ കണ്ണടച്ചിരുന്ന് സ്വരം താഴ്ത്തി പഠിപ്പിച്ചു.

വേദപുസ്തക വെളിച്ചത്തിലേക്ക് ആനയിക്കുംമുമ്പ് ഭാരതീയ സന്ന്യാസദർശനമാണു പറഞ്ഞുതുടങ്ങിയത്.

"സന്ന്യാസത്തിന്റെ ലക്ഷ്യം എന്താണെന്നറിയാമോ? ജനനമരണത്തിൽനിന്നുള്ള മോക്ഷമാണ്. മോക്ഷം നേടാൻ രണ്ടു മാർഗ്ഗങ്ങളുണ്ട്. പ്രവൃത്തി മാർഗ്ഗവും നിവൃത്തി മാർഗ്ഗവും. ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്ന്യാസം ഇവയാണ് പ്രവൃത്തി മാർഗ്ഗത്തിലുള്ളത്.

എന്നാൽ നിവൃത്തി മാർഗ്ഗത്തിൽ ഒന്നേ അനുശാസിക്കുന്നുള്ളൂ. ലൗകിക കാര്യങ്ങളിൽനിന്നും പൂർണ്ണ മുക്തി നേടി ദൈവകാര്യങ്ങളിൽ മാത്രം മുഴുകുക.

സന്ന്യാസിയുടെ ജീവിതത്തിൽ മൂന്നു ഘട്ടങ്ങളാണുള്ളത്. ആദ്യഘട്ടത്തിൽ എന്താണു നശ്വരമെന്നും അനശ്വരമെന്നുമുള്ള തിരിച്ചറിവുണ്ടാകുന്നു.



malankaralibrary.com

രണ്ടാംഘട്ടത്തിൽ നശ്വരമായവയെ ത്യജിക്കാൻ പഠിക്കുന്നു. മൂന്നാംഘട്ടത്തിൽ നിരന്തര സാധകംവഴി ഞാനെന്ന ഭാവത്തെ കൊന്ന് സഹനശക്തിയിലൂടെ മോക്ഷം നേടുന്നു."

ആമുഖത്തിനുശേഷം വേദപുസ്തകം തുറന്നുവായിച്ചു. 'എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ സ്വയം പരിത്യജിച്ച് കുരിശെടുത്ത് എന്റെ പിന്നാലെ വരട്ടെ'.

അതിനെ ആസ്പദമാക്കി വീണ്ടും പറഞ്ഞു.

"സന്ന്യാസി വിശുദ്ധ ദാരിദ്ര്യത്തെ സ്നേഹിക്കണം. ലോകസമ്പത്തെല്ലാം ഭാരമാകുന്നു. സമൃദ്ധിയെ ഭയക്കണം. ദരിദ്രരും അറിവില്ലാത്തവരും നിന്ദിതരുമായവരെ അധികം ഇഷ്ടപ്പെട്ടു കൊള്ളണം."

ഇങ്ങനെ സന്ന്യാസപർവ്വതത്തിലേക്കുള്ള ആരോഹണമായിരുന്നു രണ്ടു ദിവസവും. മുകളിലെത്തിക്കഴിഞ്ഞപ്പോൾ വർണ്ണനാതീതമായ ആത്മബലം.

ഒരാഴ്ചനീണ്ട ധ്യാനം കഴിഞ്ഞപ്പോൾ ആബോ അവരോട്;

"ഇനി നിങ്ങളെല്ലാവരും നൊവിഷ്യേറ്റിലേക്കു പ്രവേശിക്കുകയാണ്. അതിനുമുമ്പ് നമുക്കൊരു വിനോദയാത്ര നടത്തിയാലോ...?"

സന്ന്യാസക്കുട്ടികൾ അതു കേൾക്കേണ്ട താമസം ഒന്നിച്ചു പറഞ്ഞു;

"വേണം-വേണം"

ആബോ പറഞ്ഞു.

"മൂന്നു കൊല്ലത്തിലേറെയായല്ലോ നിങ്ങളിവിടെ ആയിട്ട്. എന്നിട്ടും എന്റെ സമയക്കുറവുമൂലം ഇവിടുത്തെ സ്ഥലങ്ങളൊന്നും കാണിച്ചുതരാൻ കഴിയാതെ പോയി".

"എവിടേക്കാണു നമ്മൾ പോകുന്നത്?" സാറാമ്മ ആരാഞ്ഞു.

"ഹൂഗ്ലി നദിയിലൂടെ വള്ളത്തിൽ ഒരു യാത്ര. സിസ്റ്റർ ഹെലനെക്കൂടി വിളിച്ചോളൂ. സിസ്റ്ററുമായി ആലോചിക്കട്ടെ മറ്റെവിടൊക്കെ പോകണമെന്ന്".

നിറഞ്ഞ ഉത്സാഹത്തോടെ അവർ സിസ്റ്റർ ഹെലനോടു വിവരം പറഞ്ഞു. എല്ലാവരും തയ്യാറായി വന്നു.

മലങ്കരപെൺകുട്ടികൾതന്നെ പതിനൊന്നു പേരുണ്ട്. അവരുടെ നായികയായി സിസ്റ്റർ ഹെലൻ. മഠത്തിൽനിന്നും സിസ്റ്റർ കുറെ പഴുത്ത ഓമയ്ക്കാ ഒരു കുട്ടയിലാക്കി ചാവടിയിൽ വച്ചു.

യാത്രയ്ക്കിടയിൽ കഴിക്കാനാണ്.



malankaralibrary.com

എന്നാൽ ഇതൊരു ചുമക്കും? സ്ത്രീകളാണെല്ലാവരും. അല്ലാതുള്ളത് കണ്ണങ്കോട്ടച്ചൻ മാത്രം.

അതു ചുമക്കൻ ആബോ കൂട്ടത്തിൽ നിന്നൊരാളെ കണ്ടുപിടിച്ചു. "ഓമയ്ക്കാ കുട്ട ചുമക്കുന്ന ജോലി സാറാമ്മയ്ക്കാണ്".

ആഢ്യത്വം നിറഞ്ഞ ആ കോമളാംഗി അതു നിനച്ചിരുന്നില്ല. ബി. എ.യ്ക്കു പഠിക്കുന്ന ആ കോളജുകുമാരി ഒന്നു പരുങ്ങി. എങ്കിലും അടുത്ത നിമിഷത്തിൽ അവളോർത്തു. ധനാഢ്യന്റെ പുത്രിയായ തന്നെക്കൊണ്ട് ഈ കഴുതച്ചുമടെടുപ്പിക്കുന്നതിന്റെ പിന്നിൽ ഒരുദ്ദേശ്യമുണ്ടാവില്ലേ?

ആബോയുടെ ധ്യാനോപദേശങ്ങൾ അവളുടെ മനസ്സിൽ തെളിഞ്ഞു. സന്ന്യാസിനിയാകാൻ തനിക്കുള്ള യോഗ്യത അളക്കുകയല്ലെന്നു പറയാനൊക്കുമോ. അല്ലെങ്കിൽ മറ്റുള്ളവർക്കു താനൊരു മാതൃകയാവട്ടെ എന്നു കരുതിയുമാവാം.

അവൾ കുനിഞ്ഞ് കുട്ട ഉയർത്താനാഞ്ഞു. വലിയ ഭാരം. നല്ല മുഴുത്ത എട്ടുപത്തു ഓമയ്ക്കായുണ്ട്. കുനിഞ്ഞനിൽപ്പിൽത്തന്നെ വിടർന്ന കണ്ണുകളിൽ സഹായാഭ്യർത്ഥനയോടെ അവൾ തല ചുറ്റും തിരിച്ചുനോക്കി.

ആബോ തന്നെ മുന്നോട്ടുവന്ന് അതുയർത്തി അവളുടെ തലയിൽ കയറ്റിവച്ചു.

ബാരിസോൾ പട്ടണത്തിലൂടെ തലയിൽ ഓമയ്ക്കാക്കുട്ടയുമായി ചുറുചുറുക്കോടെ സാറാമ്മ നിവർന്നു നടന്നു.

ഡൽറ്റാപ്രദേശത്തു കണ്ണെത്താദൂരത്തിൽ നെല്ലു വിളഞ്ഞ വയൽ. വയൽ വരമ്പിലൂടെ പതിനെട്ടംഗസംഘം. മുന്നിൽ നടക്കുന്നത് ആബോ. തണുപ്പകറ്റാൻ വലിയൊരു കാവിഷാൾ വാരിച്ചുറ്റിയിട്ടുണ്ട്. ഹൂഗ്ലി നദിയിൽ നിന്നെത്തുന്ന തണുത്ത കാറ്റിൽ അവരുടെ മുടിയും ഉടയാടകളും ഉലയുന്നു. അതുകണ്ട് കുലുങ്ങിച്ചിരിക്കുന്ന നെൽച്ചെടികൾ.

യേശുവും ശിഷ്യന്മാരും ഗോതമ്പുവയലിലൂടെ നടന്നുപോകുന്നതുപോലൊരു രംഗം.

നടന്നെത്തിയതു ഹൂഗ്ലിയുടെ തീരത്ത്. വള്ളവും ബോട്ടും സുലഭം. വഞ്ചിയാത്രയാണ് നല്ലതെന്നുതോന്നി. ഇരുവശവുമുള്ള കാഴ്ചകൾ കണ്ട് സാവധാനം സഞ്ചരിക്കാമല്ലോ.

എല്ലാവരും വള്ളത്തിൽ കയറി. വള്ളക്കാരൻ മുളങ്കോൽ വെള്ളത്തിലാഴ്ത്തി ശക്തിയായി ഊന്നി.



malankaralibrary.com

ഇരുകരയും ചതുപ്പാണെങ്കിലും ഡൽറ്റാപ്രദേശത്തിനും സൗന്ദര്യമുണ്ട്. നീളൻപുല്ല് വളർന്നുതിങ്ങിയ ഡൽറ്റാ. ഇര കൊത്താൻ അവിടേക്കു പറന്നുതാഴുന്ന വെള്ളക്കൊക്കുകൾ. മുളങ്കാടുകൾ, കുറ്റിച്ചെടികൾ, വള്ളിപ്പടർപ്പുകൾ.

അമരത്തിരിപ്പുണ്ട് ആബോ. കളിയും കാര്യവുമുള്ള സംസാരം. കടലകൊറിച്ച് അതു കേൾക്കുകയും കാഴ്ചകൾ കാണുകയുമാണ് പെൺകുട്ടികൾ.

സിസ്റ്റർ ഹെലന്റെ കയ്യിൽ ക്യാമറയുണ്ട്. പടമാക്കാൻ പറ്റിയ ദൃശ്യങ്ങൾക്കായി കാത്തിരിക്കുകയാണവർ.

ഹൂഗ്ലിയുടെ കരകാണാത്ത ഇരുണ്ടനെഞ്ചിൽ കൊതുമ്പുപോലെ വള്ളം നീങ്ങുകയാണ്.

പെട്ടെന്നൊരലർച്ച!

ഭ്രാന്തുപിടിച്ച ഏതോ സ്പീഡ് ബോട്ട് എതിരേ അലറിവരുന്നു. വള്ളത്തിൽ തൊട്ടു-തൊട്ടില്ല എന്നമട്ടിൽ അതുപാഞ്ഞു. കരിനീലനിറമുള്ള ഹൂഗ്ലിയുടെ നെഞ്ചുലഞ്ഞു. ശക്തമായ ഓളങ്ങൾ നാലുപാടും. വള്ളത്തിലേക്ക് വെള്ളം അടിച്ചു കയറി. അടിവശം പരന്ന വള്ളമാണ്. അതിന്റെ സമനിലതെറ്റി. ചരിഞ്ഞാടുകയാണത്. തിര കൈകളിൽ അമ്മാനമാടുന്നതുപോലെ. നനഞ്ഞുകുളിച്ച പെൺകുട്ടികൾ അലറിക്കരയുകയാണ്. സ്പീഡ് ബോട്ടിന്റെ അലർച്ചയിൽ അവരുടെ ആർത്തനാദവും മുഴങ്ങി. ഉലച്ചിലിനൊപ്പം അവരും അങ്ങോട്ടുമിങ്ങോട്ടും മറിഞ്ഞുവീഴുകയാണ്. വള്ളക്കാരന്റെ മുഖത്തും ഭീതി. അയാൾ ഉച്ചത്തിലെന്തോ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ബഹളത്തിൽ വ്യക്തമാകുന്നില്ല.

കഴിയുന്നത്ര ശക്തിയോടെ അമരപ്പലകയിൽ പിടിച്ചിരിക്കുകയാണ് ആബോ. എങ്കിലും ശാന്തമാണാ മുഖം. എന്തോ ആഴത്തിൽ ചിന്തിച്ചിരിക്കുകയാണെന്നേ തോന്നൂ. പ്രാർത്ഥനപോലെ ചുണ്ടുകൾ പതുക്കെ ചലിക്കുന്നുണ്ട്.

"അരുത്. നിങ്ങൾ വെപ്രാളപ്പെടരുത്" എന്നൊക്കെ വിളിച്ചുപറഞ്ഞാലും ആർത്തലയ്ക്കുന്ന പെൺകുട്ടികൾ അതൊന്നും കേൾക്കില്ലെന്നറിയാവുന്നതുകൊണ്ട് മൗനമായിരുന്നതേയുള്ളൂ.

എങ്കിലും സിസ്റ്റർ ഹെലന്റെ സാന്ത്വനം ഉറക്കെ കേൾക്കാമായിരുന്നു.

ഭാഗ്യം! ഓളങ്ങൾ പതുക്കെ നിലയ്ക്കുകയാണ്. വള്ളത്തിന്റെ ഉലച്ചിലും സാവധാനമായി. വെള്ളത്തിൽ കുളിച്ച് വള്ളത്തിൽ വീണുകിടന്നിരുന്ന സന്ന്യാസാർത്ഥിനികൾ സ്വസ്ഥാനങ്ങളിൽ ഇരുന്നു. ഭയംപൂണ്ട



malankaralibrary.com

മുഖം കാൽമുട്ടുകളിൽ കുനിച്ചിരിക്കുകയാണ് പലരും. അവർക്കു കാഴ്ചകളൊന്നും കാണണമെന്നില്ല. മരണത്തെ തൊട്ടശേഷം പിന്മാറിയ അനുഭവം. മെല്ലെയവർ ജീവനിലേക്കു മടങ്ങുകയാണ്. എങ്കിലും ആരും മിണ്ടുന്നില്ല.

കനത്ത നിശബ്ദത ഭഞ്ജിച്ചതു സിസ്റ്റർ ഹെലനാണ്.

"അപകടനേരത്ത് അങ്ങെന്താണ് ചിന്തിച്ചത്?"

ആബോയോടാണ്.

"രണ്ടു കാര്യങ്ങൾ ചിന്തിച്ചുപോയി. എന്തെങ്കിലും സംഭവിച്ചുപോയാൽ ഈ കുഞ്ഞുങ്ങളുടെ രക്ഷാകർത്താക്കളോട് എന്തു സമാധാനം പറയുമെന്നാണ് ആദ്യം ഓർത്തത്".

"രണ്ടാമതു ചിന്തിച്ചതോ?"

"വേദപുസ്തകത്തിലെ ഒരു സംഭവം ഓർത്തു. യേശുവും ശിഷ്യന്മാരും വള്ളത്തിൽ സഞ്ചരിച്ചപ്പോൾ കടൽക്ഷോഭിച്ചതും വഞ്ചി മുങ്ങാറായതും മറ്റും".

"അതു ഗ്ലീലാക്കടലും ഇതു ഹൂഗ്ലിനദിയും ആണെന്ന വ്യത്യാസമേയുള്ളല്ലോ. ഒരാപത്തുംവരുത്താതെ കർത്താവ് കാത്തു".

സിസ്റ്റർ ആശ്വസിച്ചു.

പരിഭ്രമം വിട്ടുമാറാത്ത പെൺകുട്ടികളോട് ആബോ പറഞ്ഞു.

"ഇനിയും പേടി പോയില്ലേ, മക്കളേ. എല്ലാ പ്രതിസന്ധികളിലും ഈശ്വരൻ നമ്മോടൊപ്പമുണ്ടെന്നതിന്റെ ഒരു സൂചനയായി ഇതിനെ കണ്ടാൽമതി".

എന്നിട്ടു വള്ളക്കാരനോടു പറഞ്ഞു.

"വള്ളം കടവിലടുപ്പിക്ക്".

"അയാൾ സൗകര്യം നോക്കി. കാട്ടുപൊന്തകൾ കഴിഞ്ഞുള്ള കടവിൽ വള്ളം ചേർത്തടുപ്പിച്ചു.

ബാരിസോളിൽനിന്നും കുറച്ചു ദൂരത്തിലുള്ള ഒരപരിചിതസ്ഥലം.

"ന്യൂ മാർക്കറ്റിലേക്കുള്ള വഴി ഏതാണ്?"

കടവിലുണ്ടായിരുന്നവരോടു തെരക്കി. അവരുടെ നിർദ്ദേശാനുസരണം നടന്നു.

ആദിവാസികളുടെ കോളനിയിലൂടെ വേണം പോകാൻ. ആബോയ്ക്കതു സന്തോഷകരമായിരുന്നു. യാത്രാസംഘത്തെക്കണ്ട് ആദിവാസികൾ ആരവത്തോടെ ചുറ്റുമെത്തി.



malankaralibrary.com

ബംഗാളിയിൽ അവർ എന്തെല്ലാമോ പറയുന്നു, ചോദിക്കുന്നു.

സിസ്റ്റർ ഹെലനു മാത്രം ബംഗാളിയറിയാം. സിസ്റ്ററിൽനിന്നും ആബോ അവരുടെ സംസാരം ഗ്രഹിച്ചു. ആബോയുടെ മറുപടി സിസ്റ്റർ തർജ്ജമ ചെയ്ത് അവരെ അറിയിച്ചു.

ആദിവാസികളിലൊരാളുടെ ചോദ്യം കേട്ടു സിസ്റ്റർ ഹെലൻ പൊട്ടി ച്ചിരിച്ചുപോയി.

"എന്താണു തമാശ?" അതുകേട്ട് ആബോ ചോദിച്ചു.

"അവർ ചോദിക്കുകയാണ് ഞാൻ വെളുത്തിരിക്കുന്നത് ചൂടു വെള്ള ത്തിൽ കുളിച്ചിട്ടാണോ എന്ന്"

എല്ലാവരും ചേർന്നുള്ള പൊട്ടിച്ചിരി.

ആദിവാസിക്കുട്ടികളെ ആബോ അടുത്തു വിളിച്ചു. കുഴപ്പക്കാരല്ലെ ന്നറിഞ്ഞ് പിള്ളേർ പതുക്കെ അടുത്തു വന്നു. കുട്ടയിൽനിന്ന് മൂന്നുനാല് ഓമയ്ക്കാ എടുത്തുകൊള്ളാൻ അവരോട് ആബോ ആംഗ്യം കാട്ടി. പിള്ളേർ ആർത്തിയോടെ അതെടുത്ത് ഓടിപ്പോയി. കുട്ടയുടെ ഭാരം കുറഞ്ഞുവരുന്നതിൽ സാറാമ്മയ്ക്ക് ആശ്വാസം.

അവിടെനിന്നും ന്യൂ മാർക്കറ്റിലേക്ക്. പ്രശസ്തമാണവിടം. എന്തു സാധനവും വിലക്കുറവിൽ കിട്ടും.

ആബോ ഓർമ്മപ്പെടുത്തി.

"തിരക്കുള്ള സ്ഥലമാണ്. ആരും കൂട്ടം വിട്ടുപോകരുത്"

സിസ്റ്റർ ഹെലനു ചുറ്റും അവർ നിന്നു.

ആബോ ചോദിച്ചു.

"നിങ്ങൾക്കെന്താണു വാങ്ങേണ്ടത്? പറഞ്ഞോളൂ..."

ഒന്നും വേണ്ടെന്ന മട്ടിൽ അവർ വിനയപൂർവ്വം നിന്നു.

"മടിക്കാതെ ചോദിച്ചോളൂ". സിസ്റ്റർ ഹെലൻ പ്രേരിപ്പിച്ചു.

കൂടിയാലോചനയ്ക്കുശേഷം അവർ പറഞ്ഞു.

"ചീപ്പ്".

ബംഗാളിലെ കാലാവസ്ഥയിൽ മുടി അലങ്കോലമായിരിക്കുന്നു. നാട്ടിൽനിന്നും കൊണ്ടുവന്ന ചീപ്പെല്ലാം പല്ലൊടിഞ്ഞവശതയിലുമാണ്.

ആബോ പുഞ്ചിരിയോടെ തമാശ പറഞ്ഞു.

"ചീപ്പിനേക്കാൾ നിങ്ങൾക്കാവശ്യം കത്രികയല്ലേ?"

അവർക്കർത്ഥം പിടികിട്ടി. തങ്ങൾ കന്യാസ്ത്രീകളാകാൻ പോകു



malankaralibrary.com

കയല്ലേ. മുടിമുറിച്ച്, ഭൗതികമോഹങ്ങളുടെ വർണ്ണച്ചിറകുകളരിഞ്ഞ് മഠങ്ങളിലേക്ക് ഒതുങ്ങാൻ പോകുകയല്ലേ. അപ്പോൾ ചീപ്പെന്തിന്?

കറുത്ത വെള്ളച്ചാട്ടംപോലെ തഴച്ചുനീണ്ട തങ്ങളുടെ മുടിയെപ്പറ്റി പലരും ഒരു നിമിഷം ഓർത്തുപോയി.

പക്ഷേ ആബോ ചീപ്പു വിൽപ്പനക്കാരന്റെ അടുത്തെത്തി. നിലത്തു വിരിച്ച തുണിയിൽ പലതരത്തിലുള്ള ചീപ്പുകൾ നിരത്തിവച്ചിരിക്കുന്നു. കുനിഞ്ഞുനിന്ന് അവയിലൊരെണ്ണം എടുത്തുകാണിച്ചുകൊണ്ട് പെൺകുട്ടികളോടു ചോദിച്ചു.

"ഇതു മതിയോ?"

"മതി"

"എങ്കിൽ ഓരോരുത്തരും വന്നെടുത്തുകൊള്ളൂ".

അവർ അനുസരിച്ചു.

എന്നിട്ട് ആബോ അടുത്തുകണ്ട പുസ്തകക്കടയിലേക്കു കയറി. അവിടെക്കണ്ട മിക്ക ആത്മീയ പുസ്തകങ്ങളും വായിച്ചിട്ടുള്ളവയാണ്. വീണ്ടും തെരഞ്ഞ് രണ്ടു പുസ്തകങ്ങളെടുത്തു. ഭാരതീയ കലകളെപ്പറ്റിയുള്ളതാണ്.

സംഘത്തിൽ തിരിച്ചെത്തി ആബോ പറഞ്ഞു.

"നമുക്കിനി മടങ്ങാം മക്കളേ".

രാവിലെ തുടങ്ങിയ സഞ്ചാരമാണ്. എല്ലാവരും കുഴഞ്ഞു കഴിഞ്ഞു.

അവർ പറഞ്ഞു.

"ശരി ആബോ".

മഠത്തിലേക്കു തിരിക്കുമ്പോൾ ആബോ ഓർമ്മിച്ചു.

"ഈ മടക്കയാത്ര ലോകമോഹങ്ങളിൽനിന്നും കറതീർന്ന സന്ന്യാസത്തിലേക്കുള്ളതാണെന്ന് ഓർത്തുകൊള്ളണം".

✠



malankaralibrary.com



# 19

# സർവ്വസംഗപരിത്യാഗം

രാത്രി.

ആബോ വരുന്നു.

പഠിച്ചുകൊണ്ടിരിക്കുന്ന ശിഷ്യഗണം ആദരവോടെ എഴുന്നേറ്റു.

രണ്ടാം നിലയിലേക്കുള്ള പടികൾ വേഗത്തിൽ കയറുന്നതിനിടയിൽ വാളക്കുഴി ശെമ്മാശനെ ആബോ വിളിച്ചു.

"മുകളിലേക്കു വരൂ." ഗൗരവമുള്ള ആജ്ഞ.

ശെമ്മാശൻ ഒന്നു നടുങ്ങി. തന്നിൽ എന്തെങ്കിലും തെറ്റ് ഉണ്ടായോ. ആബോ ഏൽപ്പിച്ച കാര്യങ്ങളെല്ലാം അക്ഷരാർത്ഥത്തിൽ ചെയ്തിട്ടുണ്ടല്ലോ.

പുസ്തകം മടക്കിവച്ച് ശെമ്മാശൻ പിന്നാലെ കയറി.

ആബോ ചാപ്പലിൽ കടന്നു. കെടാവിളക്കിന്റെ വെളിച്ചം മാത്രമുണ്ട്. പിന്നാലെ ശെമ്മാശനും ചെന്നു.

"കതകുകൾ അടയ്ക്ക്". വീണ്ടും ആജ്ഞ. ഭയത്തോടെ അതും അനുസരിച്ചു.



malankaralibrary.com

അപ്പോഴേക്കും മദ്ബഹായിൽനിന്നും ചൂരൽവടിയുമായി ആബോ മുമ്പിൽ.

ശെമ്മാശൻ വിറച്ചു തുടങ്ങി. സന്ന്യാസവ്രതം താൻ തെറ്റിച്ചിട്ടില്ല. ലക്ഷ്യബോധത്തോടെ പഠിക്കുന്നുമുണ്ട്. പിന്നെന്തിനീ ശിക്ഷ?

"പിടിക്കെടോ ചൂരൽ"

കാര്യമൊന്നും മനസ്സിലാകാതെ അതും അനുസരിച്ചു.

കുടുക്കുകൾ അഴിച്ച് ആബോ കുപ്പായം തലയിലൂടെ വലിച്ചൂരി.

ശെമ്മാശന്റെ മുൻപിൽ പുറംതിരിഞ്ഞ് നിന്നു വീണ്ടും കല്പന.

"അടിക്കെടോ"

ശെമ്മാശന്റെ കണ്ണിൽ കൂരിരുട്ടു നിറയുന്നതുപോലെ.

പിതൃതുല്യം ആദരിക്കുന്ന തന്റെ ആബോയെ അടിക്കാനോ. വേദനയോടെ ചോദിച്ചുപോയി.

"എനിക്കൊന്നും മനസ്സിലാവുന്നില്ല ഗുരോ".

അതിനുത്തരം മുഖം തിരിച്ചൊരു നോട്ടമായിരുന്നു.

തീ പാറുന്ന ആ നോട്ടത്തിന്റെ ശക്തിയാൽ ശെമ്മാശന്റെ കൈ താനേ ഉയർന്നു താണു.

പക്ഷേ അടി ആബോയുടെ ചുമലിലായിരുന്നില്ല. അയാൾക്കതു ചെയ്യാൻ പറ്റില്ല. വായുവിൽത്തന്നെ ചൂരൽ ഒന്നു മൂളിത്താണതേയുള്ളൂ. ശെമ്മാശൻ മുഖം പൊത്തിക്കരഞ്ഞു.

വീണ്ടും ആബോ തിരിഞ്ഞു.

"പറയുന്നതു കേൾക്ക്. അല്ലെങ്കിൽ ഞാൻ മറ്റു മാർഗ്ഗം തേടും".

മറ്റു മാർഗ്ഗം ഇതിലും ഭയങ്കരമായെങ്കിലോ. ശെമ്മാശൻ ചൂരൽവടി കയ്യിലെടുത്തു. എന്തിനാണിതെന്നു ചോദിക്കണമെന്നുണ്ട്. എങ്കിലും ധൈര്യമില്ല.

അടി കാത്ത് നഗ്നമായ ചുമൽ കാട്ടി നിൽക്കുകയാണ് ആബോ.

വേദനിക്കാത്ത മട്ടിൽ ശെമ്മാശൻ ആ ചുമലിൽ ഒന്നടിച്ചു.

ആബോ ഉടൻ തിരിഞ്ഞു. ശെമ്മാശന്റെ കയ്യിൽനിന്നും ചൂരൽ പിടിച്ചുവാങ്ങി. അതുയർത്തി സ്വന്തം ശരീരത്തിലേക്ക് വലിച്ചടിച്ചുകൊണ്ടു പറഞ്ഞു.

"ഇതിലും ശക്തിയായി പ്രഹരിക്കണം".



malankaralibrary.com

"ജീവിക്കുന്ന വിശുദ്ധനായ അങ്ങ് എന്തിനീ ആത്മദണ്ഡന മേൽക്കുന്നു?" അറിയാതെ ശെമ്മാശൻ ചോദിച്ചുപോയി.

"ആദ്യം എന്നെ അനുസരിക്ക്. നിർത്താൻ പറയുന്നതുവരെ അടിക്കണം".

എതിർക്കാനുള്ള ശക്തി ഇനിയില്ല. ശെമ്മാശൻ ആഞ്ഞടിച്ചു. മതി എന്നു പറയുന്നതുവരെ.

ഇരുണ്ട ചുമലിൽ ചൂരൽ വലിപ്പത്തിൽ തിണർപ്പുകൾ നിറഞ്ഞു. ചിലതു പൊട്ടി രക്തം പൊടിച്ചു. കെടാവിളിക്കിന്റെ വെട്ടത്തിൽ അതു രത്നത്തരികൾ പോലെ തിളങ്ങി. ചൂരലിന്റെ അറ്റം പൊട്ടിപ്പിളർന്നിരുന്നു.

"ഉം. മതി. ഇനി ശെമ്മാശൻ പൊയ്ക്കൊള്ളൂ".

ഏങ്ങലടിച്ച് വിറയ്ക്കുന്ന കാലുകളോടെ ചാപ്പലിൽ നിന്നിറങ്ങിയ ശെമ്മാശനോടു പറഞ്ഞു.

"ആത്മദണ്ഡനം അവനവനുവേണ്ടി മാത്രമല്ല. മറ്റുള്ളവർക്കു വേണ്ടിയും ചെയ്യാവുന്നതാണ്".

കൂടുതലൊന്നും ചിന്തിച്ച് ശെമ്മാശൻ തല നീറ്റിയില്ല. ഗുരു അസാധാരണനാണ്. അദ്ദേഹത്തിന്റെ ആലോചനകൾ അത്ര സുഗ്രഹമല്ല. ഹിമാലയത്തോളം ഉയരമില്ലേ അതിന്. അതിനാൽ ഗുരുവിൽനിന്നും ഉൾക്കൊള്ളാൻ കഴിയുന്നതു സ്വീകരിക്കുക; അത്ര തന്നെ.

യാക്കൂബ് ശെമ്മാശനും സ്ക്കറിയാകത്തനാരും മടങ്ങിയെത്തി. ശിഷ്യന്മാർ ഇരുപത്തിമൂന്നായിരിക്കുന്നു. ലളിത തപോനിഷ്ഠകൾ മാറ്റാറായി. എന്നാൽ അതിനുമുമ്പേ ആശ്രമം സ്ഥാപിക്കാൻ പറ്റിയ സ്ഥലം കണ്ടെത്തണം. അക്കാര്യത്തിൽ മറ്റൊരാളുടെ അഭിപ്രായംകൂടി ആരായുന്നതു നല്ലതാണെന്നു തോന്നുന്നു.

ആശ്രമം തുടങ്ങേണ്ടത് പ്രശാന്തമായ ഒരു സ്ഥലത്താവണം. പഞ്ചാബിലെ ഉൾനാടൻ ചേരിപ്രദേശം ഇപ്പോഴും മനസ്സിലുണ്ട്. അതു തീരുമാനിക്കുംമുമ്പ് ഉറ്റചങ്ങാതിയായ ഇലഞ്ഞിക്കൽ ജോൺവക്കീലിനു കത്തെഴുതി അഭിപ്രായം അറിയണം. അതു കേവലം മര്യാദ കൊണ്ടല്ല. അയാളുടെ അഭിപ്രായം വിലയുള്ളതാകയാൽത്തന്നെ. ധനാഢ്യനായ അയാൾ തനിക്കുവേണ്ടി എത്ര തുകയും തരാൻ തയ്യാറാണ്. എന്നാലിപ്പോൾ സ്വത്തല്ല അത്യാവശ്യം. ആശ്രമസ്ഥാപനം എവിടെ വേണമെന്നുള്ള അയാളുടെ അഭിപ്രായമാണ്.

വക്കീലിന്റെപേർക്ക് കത്തയച്ച് കാത്തിരുന്നു.

വർഷാന്ത്യപരീക്ഷയ്ക്ക് മുമ്പുള്ള അവധിക്കാലമായി. ശിഷ്യരെ



malankaralibrary.com

യെല്ലാം ചാപ്പലിലേക്കു വിളിച്ചുകൂട്ടി. കഠിനമായ ആശ്രമച്ചിട്ടകളിലേക്ക് ശിഷ്യരെക്കൂടി വഴിനടത്താൻ പോവുകയാണ്. ഇതുവരെയും താൻമാത്രം അനുഷ്ഠിച്ചിരുന്ന കഠിനമായ ഉപവാസവും ഗൗരവമേറിയ ധ്യാനവും ശിഷ്യരെക്കൂടി പഠിപ്പിക്കാൻ പോവുകയാണ്.

"നമുക്കു പ്രാർത്ഥിക്കാം". ആബോ പറഞ്ഞുകൊണ്ട് മുട്ടുകുത്തി. പിന്നിൽ ശിഷ്യരും.

നിശബ്ദ പ്രാർത്ഥനയാണ്. മൗനത്തിന്റെ ആഴങ്ങളിൽ വിരിയുന്ന അനുഭൂതി അവർക്കും അനുഭവവേദ്യമായിരിക്കുന്നു.

ആ നിൽപ് വളരെ നേരത്തേക്കു നീണ്ടു. സാധാരണയിൽ കൂടുതൽ സമയമായി. പലർക്കും മുട്ടുകൾ മരവിച്ചു തുടങ്ങി. വേദനമൂലം ഇരിക്കണമെന്നുണ്ട്. പക്ഷേ ആബോ എഴുന്നേറ്റിട്ടില്ലല്ലോ.

അദ്ദേഹം തൊട്ടുമുമ്പിലുള്ള കസേരക്കയ്യിലേക്ക് കൂപ്പുകൈ ഊന്നി തല അതിലർപ്പിച്ച് നിശ്ചലനായിരിക്കുന്നു.

വളരെ നേരമായിട്ടും യാതൊരനക്കവുമില്ല. ധ്യാനം മതിയാക്കുവാൻ കസേരക്കയ്യിലോ മറ്റോ രണ്ടുകൊട്ടി ശിഷ്യരെ അറിയിക്കാറുള്ള ഗുരു ഇന്ന് അനങ്ങുന്നതേയില്ല. പലർക്കും എന്തോ പന്തികേടു തോന്നി. തൊട്ടുപിന്നിൽനിന്ന യാക്കൂബ് ശെമ്മാശൻ ആബോയുടെ തോളിൽ തൊട്ടുവിളിച്ചു. എന്നിട്ടും ചലനമില്ല. കുലിക്കിവിളിച്ചു. ആബോ കസേരക്കയ്യിൽനിന്നും ഊർന്ന് ശെമ്മാശന്റെ നെഞ്ചിലേക്കു മറിഞ്ഞുവീണു.

എല്ലാവരും പാഞ്ഞടുത്തു.

പാറേട്ടു ശെമ്മാശൻ മുഖത്ത് വെള്ളം തളിച്ചു. പത്രോസ് ശെമ്മാശൻ പ്രാർത്ഥനാപുസ്തകം നിവർത്തിവീശി. അലക്സിയോസ് ശെമ്മാശൻ കോളജു ഡോക്ടറെ വിളിക്കാൻ ഓടി. മറ്റുള്ളവർ ഗുരുവിനെ താങ്ങിയെടുത്തു മുറിയിൽകൊണ്ടുപോയി കട്ടിലിൽ കിടത്തി. പതുക്കെ കണ്ണുതുറന്നു. എങ്കിലും എഴുന്നേൽക്കാൻ വയ്യ.

അപ്പോഴേക്കും ഡോക്ടർ എത്തി. പരിശോധനയിൽ കുഴപ്പമൊന്നുമില്ല. എങ്കിലും പറഞ്ഞു.

"തീരെ വിശ്രമമില്ലാത്തതാണു കാരണം. അക്കാര്യത്തിൽ ശ്രദ്ധ വേണം. തൽക്കാലം പാലും പഴങ്ങളും മാത്രം കഴിച്ചാൽ മതി. ഞാൻ കൂടെക്കൂടെ വന്നുകൊള്ളാം".

ശെമ്മാശന്മാരായ അലക്സിയോസും യാക്കൂബും രാപകൽ ശുശ്രൂഷിച്ച് അരികിലുണ്ട്.

ഒരാഴ്ച കഴിഞ്ഞു. ഇനിയും ഒരാഴ്ചകൂടി വേണമെന്നാണു ഡോക്ട



malankaralibrary.com

റുടെ നിർദ്ദേശം. എന്നാൽ ആബോയ്ക്ക് അടങ്ങിക്കിടക്കാൻ വയ്യ. ജോലികൾ വളരെയുണ്ട്. വ്യർത്ഥദിനങ്ങൾ ഇങ്ങനെ നീണ്ടാൽ ചെയ്തു തീർക്കേണ്ട ജോലികൾ കുന്നുകൂടും.

ഇലഞ്ഞിക്കൽ വക്കീലിന്റെ മറുപടികിട്ടി. കിടന്നുകൊണ്ടുതന്നെ തുറന്നു വായിച്ചു.

"... അകലെയെങ്ങും അച്ചൻ ആശ്രമം സ്ഥാപിക്കരുത്. എങ്കിലതു മലങ്കരയ്ക്ക് മഹാനഷ്ടമായിരിക്കും. വടശ്ശേരിക്കരയ്ക്കടുത്തുള്ള പെരുനാട്ടിൽ എനിക്കു കുറച്ചു ഭൂമിയുണ്ട്. കാടും മലയുമൊക്കെയാണ്. എങ്കിലും ആശ്രമത്തിന് പറ്റിയതാണെന്ന് തോന്നുന്നു. അതുമതിയെങ്കിൽ നൂറേക്കർ സൗജന്യമായി എടുത്തുകൊള്ളുക".

അതു വായിച്ചപ്പോൾ ക്ഷീണമെല്ലാം ഓടിമറഞ്ഞതുപോലെ.

കട്ടിലിൽ എഴുന്നേറ്റിരുന്നു പലതും ആലോചിച്ചു.

ആശ്രമസ്ഥാപനത്തിനുവേണ്ട പ്രധാന കാര്യങ്ങളെല്ലാം ശരിയായിക്കഴിഞ്ഞു. ഇനിയും വേണ്ടത് നല്ലൊരു പേരാണ്. ആലോചിച്ചിട്ടൊന്നും തൃപ്തികരമാകുന്നില്ല. ഇത്രയും കാര്യങ്ങൾ സാധിച്ചുതന്നെ സർവ്വശക്തനായ ദൈവം ഇതുകൂടി സാധിച്ചുതരില്ലേ?

യാക്കോബു ശെമ്മാശനോടു പറഞ്ഞു.

"എന്റെ മേശപ്പുറത്തുനിന്നും വേദപുസ്തകനിഘണ്ടു കൊണ്ടുവരൂ".

ആബോ കസേരയിൽ കണ്ണടച്ചിരുന്നു പ്രാർത്ഥിച്ചു. ശെമ്മാശൻ നിഘണ്ടു കൊണ്ടുവന്ന് മുന്നിൽവച്ചു.

കണ്ണടച്ചുകൊണ്ടുതന്നെ ആബോ അതു തുറന്നു. കിട്ടിയ താളിൽ എവിടെയോ വലതുകൈയിലെ ചൂണ്ടുവിരൽ ഊന്നിനിന്നു. മിഴികൾ തുറന്നുനോക്കി.

അർത്ഥപൂർണ്ണമായൊരു വാക്ക് ദൈവം ചൂണ്ടിക്കാട്ടിയിരിക്കുന്നു.

ആ പദം രണ്ടുതവണ ആബോ ഉറക്കെ ഉച്ചരിച്ചു.

"ബതാനിയ! ബതാനിയാ"

വേദപുസ്തകത്തിലെ ബതാനിയായുടെ പശ്ചാത്തലത്തിലേക്ക് ചിന്തകൾ പറക്കുകയായിരുന്നു.

ഓർശ്ലേമിനു കിഴക്ക് ഒലിവുമലയുടെ തെക്കേ ചെരിവിൽ സ്ഥിതി ചെയ്യുന്ന ഗ്രാമം. യേശുമിശിഹാ ഏറ്റം സ്നേഹിച്ചിരുന്ന ലാസറും മറിയയും മാർത്തയും വസിച്ച ഗ്രാമം. ആശ്വാസത്തിന്റെ ഭവനം എന്നല്ലേ



malankaralibrary.com

അതിന്നർത്ഥം. വഴക്കു മൂർഛിച്ച മലങ്കരസഭയിൽ ഇത് ആശ്വാസഭവനം തന്നെയാകണമേ എന്നു പ്രാർത്ഥിച്ചു.

ശിഷ്യന്മാർ വീണ്ടും ചോദിച്ചു.

"ആശ്രമത്തിനും മഠത്തിനും ബതാനിയ എന്ന പേരു കിട്ടി. ഇനി നമ്മുടെ സന്ന്യാസ സമൂഹത്തിന് ഒരു പേരു വേണ്ടേ?"

"അതു ഞാൻ നേരത്തെതന്നെ കണ്ടുവച്ചിട്ടുണ്ട്. സന്ന്യാസികളുടേതിന് 'ഓർഡർ ഓഫ് ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ്' എന്നും സന്ന്യാസിനികളുടേതിന് സിസ്റ്റർ ഹുഡ് ഓഫ് ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ്' എന്നും പേരു നൽകാം".

"ഇത് ആബോ എപ്പോഴും വായിക്കുന്ന പുസ്തകത്തിന്റെ പേരുപോലിരിക്കുന്നല്ലോ". ഒരു ശിഷ്യൻ പറഞ്ഞു.

"അതെ, 'മിശിഹാനുകരണം' എന്ന പുസ്തകമാണത്. എല്ലാ അർത്ഥത്തിലും മിശിഹാതമ്പുരാനെ അനുകരിക്കേണ്ടവരാണല്ലോ നാം. അതിനാൽ ഈ പേരു വളരെ അനുയോജ്യംതന്നെ. ഇംഗ്ലീഷിലുള്ള അതിന്റെ ചുരുക്കെഴുത്ത് ഓരോരുത്തരുടെയും പേരിനോടൊപ്പം ചേർക്കുകയും ചെയ്യാം. അതായത് ആശ്രമസ്ഥരുടെ പേരിനുശേഷം ഒ.ഐ.സി.എന്നും കന്യാസ്ത്രീകളുടെ പേരിനുശേഷം എസ്.ഐ.സി. എന്നും".

ഇനിയുള്ള പ്രവർത്തനങ്ങളെപ്പറ്റിയും മനസ്സിൽ വ്യക്തമായ രൂപരേഖയുണ്ട്. അതിനുതകുന്നതാണോ പെരുനാട്ടിലെ സ്ഥലം എന്നറിയണം. ചെന്നുകണ്ടപ്പോൾ തൃപ്തയായി.

പമ്പാനദിയും കക്കാട്ടാറും സംഗമിക്കുന്നിടത്തുനിന്നും അല്പം കിഴക്കായി ഘോരവനം ചൂഴ്ന്ന് ആകാശം മുട്ടുന്ന മലകൾ. മുടിയും താടിയും വളർത്തി ധ്യാനനിമഗ്നനായി തപസ്സുചെയ്യുന്ന കുലപതിയായ മുനിശ്രേഷ്ഠനെപ്പോലെ ഗംഭീരമായ മല. പ്രാപഞ്ചികത്തിരമാലകളുടെ ബഹളങ്ങളൊന്നുമില്ല. സർവ്വം മറന്ന് തമ്പുരാനെ വിളിക്കാൻ ഇതിലും നല്ലൊരിടമുണ്ടോ? അകലെ തേയിലത്തോട്ടത്തിൽനിന്നുയിരെടുത്തെത്തുന്ന കിഴക്കൻ കാറ്റിൽ മലയുടെ മുടിയും ജടയും ഉലയുന്നു.

ആബോ മലകണ്ടാസ്വദിച്ചു. സ്ഥലം വിശദമായി കാട്ടിക്കൊണ്ട് വക്കീൽ പറഞ്ഞു.

"ഇതറിയപ്പെടുന്നതു മുണ്ടൻ മലയെന്നാണ്. ഞാൻപറഞ്ഞ നൂറേക്കർ ഭൂമി അതാ ആ രണ്ടു മലകൾക്കിടയിലായിട്ടാണു കിടക്കുന്നത്".

ആബോ വിരൽ ചൂണ്ടി ചോദിച്ചു.

"രണ്ടു മലകൾക്കുള്ളിൽ കാടുപിടിച്ചു കിടക്കുന്ന ആ സ്ഥലമോ?"



malankaralibrary.com

"അതു സർക്കാരിന്റേതാണ്. മുന്നൂറേക്കറോളമുണ്ടത്".

"അതും കൂടിക്കിട്ടിയാൽ നാനൂറേക്കറുള്ള ഒറ്റ പുരയിടമാകും അല്ലേ?"

"അതെ. പക്ഷേ അതിനു സർക്കാരിൽ വലിയൊരു തുക കെട്ടി വയ്ക്കണം".

"പണമിടപാടുകളെല്ലാം ഇപ്പോൾ അലക്സിയോസ് ശെമ്മാശനെ ഏൽപ്പിച്ചിരിക്കുകയാണ്. മിച്ചമൊന്നുമില്ലെന്നാണ് അയാൾ പറയുന്നത്".

"പിന്നെന്തു ചെയ്യും?"

"പണം മുന്നിൽക്കണ്ട് ഞാനിതുവരെ യാതൊന്നും പ്ലാൻചെയ്തിട്ടില്ല. ആദ്യം പദ്ധതി; പിന്നെ പണം. എന്തെങ്കിലും മാർഗ്ഗം തമ്പുരാൻ കാണിച്ചുതരും."

നേരത്തെതന്നെ എഴുതി അറിയിച്ച പ്രകാരം മത്തായി പണിക്കർ അവിടെത്തി. ജ്യേഷ്ഠന്റെ മുന്നിൽ ഭയാദരവോടെ നിന്നു.

ആബോ പറഞ്ഞു.

"നിന്നെ വരുത്തിയത് ചില കാര്യങ്ങൾ പറയാനാണ്. ഉടൻ എനിക്കു കുറച്ചു പണം അത്യാവശ്യമായി വേണം. എന്താണൊരു മാർഗ്ഗം?"

"രണ്ടായിരത്തിന്റെ ഒരു ചിട്ടി അപ്പനു മൊതലിച്ചുകിട്ടിയിട്ടുണ്ട്. അതുടൻ എത്തിക്കാം".

"അതു കിട്ടിയാൽ സർക്കാർ ഭൂമി വിലയ്ക്കെടുക്കാം. എന്നാൽ ഈ കാടെല്ലാം തെളിച്ച് താമസയോഗ്യമാക്കണ്ടേ. പണത്തിന് എവിടെ പ്പോകും?"

അതുകേട്ടു മത്തായി പണിക്കർ പറഞ്ഞു.

"ജോൺവക്കീൽ തരുന്ന നൂറേക്കർ ഭൂമിയുടെ ആധാരം ആർക്കെങ്കിലും പണയപ്പെടുത്തിയാൽ അതിനാവശ്യമായ പണം കിട്ടുമല്ലോ".

"അതു വേണ്ടടോ. ദാനമായി കിട്ടിയ പറമ്പിന്റെ ആധാരം പണയം വയ്ക്കുന്നതു ശരിയല്ല".

താഴ്വാരത്തിലൂടെ അവർ നടന്നു. വഴിയില്ല. പുല്ലും വള്ളിയും ചവിട്ടി നടക്കുകയാണ്. ചീവീടുകളുടെ നിലയ്ക്കാത്ത ഗാനമേള. കാടന്മാരുടെ ഓലിയിടലും.

ആൾപ്പാർപ്പില്ല. പക്ഷേ എവിടെനിന്നോ ചില മനുഷ്യശബ്ദം അടുത്തുവരുന്നു. കാട്ടുജാതിക്കാരാവുമെന്നോർത്ത് മൂവരും കാതോർത്തു.

"സ്വാമിയേ... ശരണമയ്യപ്പാ..."



malankaralibrary.com

കരിഞ്ചേലചുറ്റി, ഇരുമുടിക്കെട്ടുമേന്തി നടന്നവശരായ മൂന്നാല് അയ്യപ്പന്മാർ. ലക്ഷ്യം ശബരിമല.

മുണ്ടൻ മലയുടെ അടിവാരത്തിലവർ നിന്നു. അവിടെ എരിയുന്ന എണ്ണവിളക്കും ശിവലിംഗവും അപ്പോഴാണ് ആബോ കണ്ടത്. അയ്യപ്പഭക്തന്മാർ വിളക്കിൽ എണ്ണ പകർന്ന് വിഗ്രഹത്തിനടുത്തുള്ള ചതുരക്കല്ലിൽ തേങ്ങാ എറിഞ്ഞുടയ്ക്കുന്നു.

കൂടെയുള്ളവർ പറഞ്ഞു.

"ഇതു വഴിയാണു ശബരിമലയ്ക്കു പോകുന്നത്. തീർത്ഥാടകരെല്ലാം മലമടക്കിലെ ഈ കെടാവിളക്കിൽ എണ്ണ പകർന്നേ പോകൂ. പഴക്കമുള്ളൊരു പതിവാണിത്".

പുഞ്ചിരിതൂകി ആബോ പറഞ്ഞു.

"നമുക്ക് ഈ മലയുടെ മുകളിൽ ഒരു കെടാവിളക്ക് തെളിക്കണം, അല്ലേ?"

"അതേ. മലങ്കരസഭയിൽ മുഴുവൻ അതിന്റെ വെളിച്ചം പ്രസരിക്കണം". വക്കീൽ പ്രത്യാശിച്ചു.

ഇതിനിടയിൽ ഉമ്മൻ വാദ്ധ്യാരെത്തി. ശൂരനാട്ടുകാരനാണ്. ഇപ്പോൾ പഠിപ്പിക്കുന്നത് ഇവിടടുത്തൊരു പള്ളിക്കൂടത്തിൽ. ആബോ പറഞ്ഞിട്ടുവന്നതാണ്.

അനുജനോടും വാദ്ധ്യാരോടും ആബോ പറഞ്ഞു.

"കുറെ പണിക്കാരെക്കൂട്ടി ഈ വനമൊക്കെ തെളിച്ചെടുക്കണം. മലമുകളിൽ നല്ലൊരു സ്ഥാനം കണ്ടുപിടിച്ച് ആശ്രമം കെട്ടണം. കാട്ടുകമ്പും മുളയുമൊക്കെ ഉപയോഗിച്ചു മതി. കുത്തനെയുള്ള കയറ്റം ലഘുവാകത്തക്കവിധം മലചുറ്റി വഴിയും ഉണ്ടാകണം. അതിനും മുമ്പേ ഈ താഴ്വാരത്തിൽ ഒരു സത്രമാണു വേണ്ടത്. എല്ലാം വളരെ ലളിതമായി മതി. അതു തീർന്നാലുടൻ സെറാമ്പൂരിലേക്കെഴുതി എന്നെ വിവരം അറിയിക്കണം. എന്നിട്ടുവേണം മദർ ഈഡിത്തിനെ ഇവിടേയ്ക്കയയ്ക്കാൻ".

അല്പം ആലോചിച്ച് ആബോ വീണ്ടും നിർദ്ദേശിച്ചു.

"നല്ല തടികൾ കുറേ വെട്ടി ചങ്ങാടത്തിൽ കയറ്റി തിരുമൂലപുരത്തെത്തിക്കണം. അവിടെ നമ്മുടെ പോളച്ചിറയ്ക്കൽ മാത്യൂസ് കത്തനാരെ ഏൽപ്പിച്ചാൽ മതി".

പലപ്പോഴും തിരുമൂലപുരം വഴി യാത്രചെയ്യുമ്പോൾ തന്റെ മനസ്സും നയനങ്ങളും ഉടക്കിനിന്ന ബ്രഹ്മാണ്ഡമായ ഒരു കെട്ടിടമുണ്ട്. കണ്ടത്തിൽ വറുഗീസ് മാപ്പിള തനിക്കു കിട്ടിയ ലോട്ടറി തുകകൊണ്ട് പണിത



malankaralibrary.com

കെട്ടിടമാണത്. എന്നാൽ ഇതുവരെ അതൊന്നിനും ഉപയോഗിക്കാൻ കഴിഞ്ഞില്ല. മുഴുവൻ കാടുവളർന്ന് കിടക്കുകയാണ്. അതൊന്നു വൃത്തിയാക്കിയാൽ ഒരു ഹൈസ്കൂൾ തുടങ്ങാനുള്ള എല്ലാ സൗകര്യവുമുണ്ട്. പെൺകുട്ടികൾക്കുമാത്രമായി ഒരു സ്കൂൾ തുടങ്ങിയാൽ ഏറ്റം നന്ന്. എങ്കിൽ സമുദായത്തിനൊരു ഉണർവ്വുണ്ടാകും. എത്രയും വേഗം ആ സ്ഥലവും കെട്ടിടവും വിലയ്ക്കെടുക്കാൻ പോളച്ചിറയ്ക്കൽ കത്തനാരെ ഏൽപ്പിച്ചിട്ടുണ്ട്. അതു കിട്ടുമെന്ന് ഏതാണ്ടുറപ്പായിരിക്കുന്നു. എങ്കിൽ തൊട്ടടുത്തായി മഠം പണിയണം. അതിനാവശ്യമായ തടികൾ ഇവിടെ നിന്നും കിട്ടുമല്ലോ. സന്ന്യാസിനികളുടെ പരിശീലനവും പെൺപള്ളിക്കൂടത്തിന്റെ നടത്തിപ്പും ഏറ്റെടുക്കാമെന്ന് മദർ ഈഡിത്ത് വാക്കു തന്നിട്ടുമുണ്ടല്ലോ.

കാര്യങ്ങളെല്ലാം ഏൽപ്പിച്ച് ആബോ പറഞ്ഞു.

"എനിക്കുടനെ പഴയ സെമിനാരിയിലേക്കു പോകണം. മുണ്ടൻ മലയിൽത്തന്നെ ആശ്രമം സ്ഥാപിക്കുന്ന വിവരം തിരുമനസ്സിനെ അറിയിക്കണം".

കോട്ടയത്തേക്കുള്ള യാത്രയ്ക്കിടയിൽ ഇലഞ്ഞിക്കൽ വക്കീൽ പറഞ്ഞു.

"വട്ടിപ്പണക്കേസിൽ നമുക്ക് അനുകൂല വിധിയുണ്ടായതിൽ എല്ലാവരും ആഹ്ലാദിച്ചിരിക്കുകയാണ്".

"വിധി രണ്ടാഴ്ച മുമ്പായിരുന്നില്ലേ? വിവരത്തിന് അയച്ച കമ്പി എനിക്കു കിട്ടി. പത്രങ്ങളിലും കണ്ടു".

"ഏഴു വർഷത്തെ വാദപ്രതിവാദങ്ങൾക്കുശേഷമുള്ള വിധിയാണിത്. ചരിത്രത്തിൽ ഒരു മെത്രാപ്പോലീത്തായും കോടതിയിൽ ഇത്ര ദീർഘമായി മൊഴി കൊടുത്തിട്ടുണ്ടാവില്ല".

"സമുദായത്തിനുവേണ്ടി തിരുമനസ്സ് എത്രയധികം ത്യാഗം സഹിച്ചു!"

"വളരെ വളരെ. ക്രോസ്സുവിസ്താരം പലപ്പോഴും ക്രൂരമായിരുന്നു. ഗതികെട്ട് അവസാനം ജഡ്ജിയുടെ നേരെ തിരിഞ്ഞ് തിരുമേനി അപേക്ഷിച്ചു. 'അനാവശ്യമായ ഇത്തരം ചോദ്യങ്ങൾ ചോദിച്ച് എന്നെ ഇങ്ങനെ ക്ഷീണിപ്പിക്കരുതേ' എന്ന്".

"മെത്രാപ്പോലീത്തായുടെ കോടതിമൊഴികൾ അതേപടി മനോരമയിൽ വന്നിരുന്നല്ലോ. അതെല്ലാം എക്കാലത്തേക്കുമായി സൂക്ഷിച്ചു വയ്ക്കണം".

"കെട്ടുകളാക്കി വച്ചിട്ടുണ്ട്. നാലു മാസത്തിലേറെ ദീർഘിച്ച വിസ്താരത്തിൽ ഒരു തവണ മെത്രാപ്പോലീത്താ കരഞ്ഞു".



malankaralibrary.com

"എന്തിന്?"

"എം.എ.അച്ചനെ പരാമർശിച്ചപ്പോൾ തന്നെ. മേത്തന്മാർ അന്നൊരിക്കൽ അച്ചന്റെ കുതിരവണ്ടി തടയുകയും കുപ്പായം കീറാൻ കൈവയ്ക്കുകയും വടി തട്ടിപ്പറിക്കുകയും ചെയ്തില്ലേ? ആ രംഗം വിശദമാക്കുവാൻ വക്കീൽ ആവശ്യപ്പെട്ടു. കണ്ണീരോടെ വിതുമ്പിക്കൊണ്ടാണ ദ്ദേഹം അതു വിശദമാക്കിയത്. ഉടൻ നമ്മുടെ ഇ.ജെ.ഫീലിപ്പോസ് വക്കീൽ എഴുന്നേറ്റ് കോടതിയോടാവശ്യപ്പെട്ടു; 'ഈ കരച്ചിലും കോടതി രേഖകളിൽ ചേർക്കണ'മെന്ന്. കോടതി അങ്ങനെ ചെയ്യുകയും ചെയ്തു".

"കാതോലിക്കാ സിംഹാസന സ്ഥാപനത്തെപ്പറ്റി എതിർവക്കീൽ എന്തൊക്കെ ചോദിച്ചു?"

"അബ്ദദ് മിശിഹായെ എം.എ.അച്ചൻ മലങ്കരയിലേക്കു വരുത്തിയത് തിരുമേനിയുടെ അറിവോടെയാണോ എന്നു ചോദിച്ചു. 'അല്ല' എന്നു മറുപടിയും കൊടുത്തു".

"പിന്നെന്തു ചോദിച്ചു?"

"മലങ്കരയിലെ കാതോലിക്കാ വാഴ്ച തിരുമേനിയുടെ ആവശ്യപ്രകാരമായിരുന്നോ എന്നായി അടുത്ത ചോദ്യം. അതിനും അല്ല എന്നായിരുന്നു മറുപടി".

"മറ്റുള്ളവരെപ്പോലെ കോടതിയിൽ കള്ളമൊഴികൊടുക്കാൻ തിരുമനസ്സിനു സാദ്ധ്യമല്ലല്ലോ. അവർ കോടതിയിൽ ഹാജരാക്കിയ പതിനെട്ടക്ക കാനോനില്ലേ? അതു വ്യാജമായിരുന്നു. അതിന്റെ കൈപ്പട ഒസ്താത്തിയോസ് മെത്രാന്റേതായിരുന്നു. എന്തായാലും സത്യം തന്നെ അവസാനം ജയിച്ചല്ലോ".

യാത്ര തീരുമ്പോഴേക്കും കോടതി വിസ്താരത്തിന്റെ വ്യക്തമായ വിവരണം ഇലഞ്ഞിക്കൽ വക്കീലിൽനിന്നും കിട്ടി.

ഇനിയുള്ളവ തിരുമനസ്സിൽനിന്ന് നേരിട്ടറിയാം. ആ ലക്ഷ്യത്തോടെ മെത്രാപ്പോലീത്തായുടെ അടുത്തു ചെന്നു.

പക്ഷേ, അദ്ദേഹം മ്ലാനമുഖനായിരിക്കുന്നു. തന്റെ പ്രിയശിഷ്യനെ ക്കണ്ടപ്പോൾ ഭാവംമാറി. പുതുമഴയിൽ കുളിർത്ത ഭൂമി പോലെ.

തന്റെ സർവ്വസ്വവുമാണ് എം.എ.അച്ചൻ. പ്രതിസന്ധികളിൽ ഏകശരണം.

മെത്രാപ്പോലീത്തായെക്കണ്ട് ആബോ പറഞ്ഞു.

"സഭയ്ക്കുവേണ്ടി അങ്ങനുഭവിച്ച ത്യാഗങ്ങൾ അംഗീകരിക്കപ്പെട്ടുവല്ലോ".



malankaralibrary.com

"പക്ഷേ എതിരാളികൾ ഹൈക്കോർട്ടിൽ അപ്പീലിനു പോകുമെന്നു കേൾക്കുന്നു".

"ആത്മീയപിതാവായ അങ്ങ് വീണ്ടും കോടതിയിൽ കഴിയേണ്ടിവരുന്നത് ദു:ഖകരമാണ്".

"അല്ലാതെന്തുചെയ്യേണ്ടൂ മകനേ? സഭയെ സംരക്ഷിക്കണ്ടേ".

"സംരക്ഷണം ഒന്നാമതുണ്ടാകേണ്ടതു ആത്മീയ കാര്യങ്ങളിലല്ലേ. നമ്മുടെ സഭയിൽ അതിനു നേതൃത്വം നൽകാൻ ആരുണ്ടിന്ന്?"

"ആരുമില്ലെന്നാരു പറഞ്ഞു? ഇവിടെ ആത്മീയതയുടെ കൊടുങ്കാറ്റുണ്ടാകാൻ പോവുകയല്ലേ?"

"അക്കാര്യങ്ങളെപ്പറ്റി ചിലതു ബോധിപ്പിക്കാനുണ്ട്. എല്ലാവരുടെയും താല്പര്യപ്രകാരം ആശ്രമം ഇവിടെത്തന്നെ ആരംഭിക്കണമെന്നു വിചാരിക്കുന്നു. അതിനായി പെരുനാട്ടിലെ മുണ്ടൻമല കിട്ടിയിട്ടുണ്ട്. എന്നാലത് സ്വതന്ത്രമായൊരു പ്രസ്ഥാനമാക്കാനാണ് ആഗ്രഹിക്കുന്നത്".

"അതാണു നല്ലത്. എങ്കിലേ വളർച്ചയുണ്ടാകൂ. അല്ലെങ്കിൽ സഭാവഴക്കിൽപെട്ട് അതും മുരടിച്ചുപോകും".

എം.എ.അച്ചൻ തുടർന്നു.

"പാത്രിയർക്കീസിനോ, മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിക്കോപോലും ഞങ്ങളിൽ നിയന്ത്രണങ്ങളുണ്ടാകരുത്. വരവു ചെലവുകളെല്ലാം ഞങ്ങളിൽത്തന്നെ ഒതുങ്ങി നിൽക്കും".

"പ്രസ്ഥാനത്തിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്?"

"ഒന്നാമതായി വിജാതീയർക്കിടയിൽ സുവിശേഷപ്രചരണം. ഒപ്പം സാമൂഹ്യസേവനവും".

"അപ്പോൾ കോളജുദ്യോഗം?"

"അതുപേക്ഷിക്കാൻ തീരുമാനിച്ചു".

അതുകേട്ട് മെത്രാപ്പോലീത്താ ഒരു നിമിഷം നിശബ്ദനായി. എം.എ.അച്ചൻ ഇന്ന് ഒരു വ്യക്തിയല്ല; ഒരു പ്രസ്ഥാനമാണ്. അനേകരുടെ പ്രകാശസ്രോതസ്സാണ്. അതിനാൽ അദ്ദേഹത്തെ തിരുത്താൻ മെത്രാപ്പോലീത്തായ്ക്കു കഴിയില്ല. എങ്കിലും ചോദിച്ചു.

"വട്ടിപ്പണത്തോളം വരുന്ന ഗണ്യമായൊരു തുകയല്ലേ വർഷന്തോറും അവിടെനിന്നും കിട്ടിക്കൊണ്ടിരിക്കുന്നത്. അതില്ലാതായാൽ ആശ്രമച്ചെലവുകൾ എങ്ങനെ നടക്കും?"

"ആകാശപ്പറവകളെ പോറ്റുന്ന തമ്പുരാൻ എന്റെ എല്ലാ ആഗ്രഹ



malankaralibrary.com

ങ്ങളും സാധിച്ചുതരുമെന്നെനിക്ക് ഉറപ്പുണ്ട് തിരുമേനി. സന്മനസ്സുള്ള വർ ബഥനിയെ സഹായിക്കും എന്നാണെന്റെ വിശ്വാസം".

"നമ്മുടെ സർവ്വ സഹായവും കത്തനാർക്കുണ്ടായിരിക്കും. ദൈവം അനുഗ്രഹിക്കട്ടെ".

എ. പീലിപ്പോസ് വക്കീലും കെ.വി.ചാക്കോയും ആബോയുടെ ആഗ മനവാർത്തയറിഞ്ഞ് ഓടിയെത്തി. ആബോ അവരോട്;

"നിങ്ങൾ വന്നതുനന്നായി. നമുക്കു മാന്നാനം കർമ്മലീത്താ ആശ്ര മത്തിലേക്കൊന്നു പോകണം. ചില കാര്യങ്ങൾ അവിടെ നിന്നും പഠി ക്കാനുണ്ട്".

ആശ്രമത്തിലെത്തി ചരടുവലിച്ച് മണിമുഴക്കുമ്പോൾ പ്രൊക്യൂറേറ്റർ അച്ചൻ ഇറങ്ങിവന്നു.

ആശ്രമനിയമങ്ങളെപ്പറ്റിയും ദിനചര്യകളെപ്പറ്റിയും സംസാരിച്ചിരിക്കു ന്നതിനിടയിൽ ആബോയോടു അദ്ദേഹം ചോദിച്ചു.

"നിങ്ങളുടെ ആശ്രമത്തിന് എന്തുപേരു നൽകാനാണുദ്ദേശിക്കു ന്നത്?"

"ബതാനിയ".

അതു കേട്ട് വർദ്ധിത സന്തോഷത്തോടെ പ്രൊക്യുറേറ്റർ അച്ചൻ പറഞ്ഞു.

"ഓ! ബതാനിയാ. അതു ഞങ്ങളോടു വളരെ അടുത്താണല്ലോ".

ആബോ ചിരിച്ചു. പൊരുളറിയാതെനിന്ന കൂട്ടുകാരോടു അദ്ദേഹം വിശദമാക്കി.

"കർമ്മലീത്താക്കാർ 'കർമ്മൽ' പർവ്വതവുമായി ബന്ധമുള്ളവരല്ലേ? അതിനടുത്തുതന്നെയാണു ബതാനിയാ ഗ്രാമവും".

പ്രൊക്യുറേറ്റർ അച്ചൻ നിർദ്ദേശപൂർവ്വം ചോദിച്ചു.

"ബതാനിയാ! നല്ലപേര്. എന്നാൽ ബഥനി എന്നാകുന്നതല്ലേ കുറേ ക്കൂടി സൗകര്യം".

ആബോ കൂട്ടുകാരുടെ മുഖത്തേക്കു നോക്കി.

"നിങ്ങളുടെ അഭിപ്രായം എന്താണ്?"

അവർ പറഞ്ഞു.

"ശരിയാണ്. പറയാൻ കുറേക്കൂടി എളുപ്പം അതാണ്".

ആബോ പ്രത്യുത്തരിച്ചു.

"എങ്കിൽ 'ബഥനി' എന്നാവട്ടെ".

✠



malankaralibrary.com



# 20

# വനാന്തരത്തിലൊരു പർണ്ണശാല

**വി**ശ്രമിക്കണമെന്നാണു വൈദ്യനിർദ്ദേശം. എന്നാലതിനു കഴിയുന്നില്ലല്ലോ. ഉത്തരവാദിത്തങ്ങൾ ദിനം പ്രതി വളരുകയല്ലേ. കൽക്കത്തയിലെ ചേരികളിൽ തുടക്കമിട്ട ക്ഷേമപ്രവർത്തനങ്ങളുണ്ട്. ആലംബഹീനരായ രോഗികളാണവിടെ. അവധി ദിനങ്ങളിലെങ്കിലും അവർക്കാശ്വാസമാകണം. ചേരികളിൽനിന്നും മടങ്ങിയെത്തിയാലോ. രാത്രി മുഴുവൻ എഴുതുവാനുണ്ട്.

ഇതിനിടയിലാണ് ആശ്രമാവശ്യത്തിന് പണം കണ്ടെത്തേണ്ടത്. ആശ്രമം തുടങ്ങണം. ഇരുപത്തഞ്ചോളം ആശ്രമസ്ഥരുടെ ചെലവുകൾ കഴിയണം. ആശ്രമസ്ഥലം മാത്രം പോരല്ലോ. സമീപപ്രദേശങ്ങളിൽ പള്ളികൾ വേണം. പള്ളിക്കൂടങ്ങൾ വേണം. പിന്നെയെന്തെല്ലാം.

അപ്പൻ തരുന്ന തുകയേക്കാൾ മൂന്നാലിരട്ടിയെങ്കിലും ഉടൻ കിട്ടിയേ മതിയാകൂ. കടമായിട്ടു മതിയായിരുന്നു. അതിനെന്താണൊരു വഴി? തലയെരിയുന്ന ചിന്തകൾ ഡോക്ടർ ഹവ്വത്സിനെ അറിയിച്ചു. അദ്ദേഹം പറഞ്ഞു.



malankaralibrary.com

"ഇവിടെ ഹാമിൽട്ടൺ എന്നൊരു സുഹൃത്തുണ്ടെനിക്ക്. പണക്കാരൻ മാത്രമല്ല സന്മനസ്സുള്ള ആളുമാണ്. ഫാദറിനെ അയാൾ സഹായിക്കാതിരിക്കില്ല."

ഡോക്ടർ ഹവ്വത്സിന്റെ നിർദ്ദേശം പ്രയോജനപ്പെട്ടു. ഔദാര്യത്തോടെ ഹാമിൽട്ടൺ പറഞ്ഞു.

"ഫാദറിന്റെ വലിയ സംരംഭങ്ങൾക്ക് ചെറിയൊരു തുക ഞാൻ തരാം. ഏഴായിരം രൂപാ. അതു മതിയോ?"

"ഏഴായിരം രൂപാ ചെറിയ തുകയോ! എന്റെ ഒരാണ്ടത്തെ വരുമാനത്തോളം വലുതാണല്ലോ അത്".

"ബാങ്കിൽനിന്നും എടുത്ത് ഇന്നുതന്നെ തരാം. ദൈവിക കാര്യങ്ങൾക്കാകയാൽ പലിശയൊന്നും വേണ്ടാ. കേട്ടോ".

"അതുപോരാ. കടമാകുമ്പോൾ പലിശയും വേണം".

"ഫാദറിന് നിർബ്ബന്ധമാണെങ്കിൽ ചെറിയൊരു പലിശയും ആയിക്കോട്ടെ. രണ്ടു ശതമാനം. എന്താ?"

"അതു മാത്രംപോരാ. ആശ്രമപുരയിടത്തിന്റെ ആധാരം കൂടി സ്വീകരിക്കണം".

"ഉറപ്പിനുവേണ്ടിയാണെങ്കിൽ ഇതിന്റെയൊന്നും ആവശ്യമില്ല. ഫാദർ പണിക്കരുടെ വാക്കാണ് എനിക്കുറപ്പ്".

പണം കിട്ടിയ ഉടൻ അത് അലക്സിയോസ് ശെമ്മാശനെ ഏൽപ്പിച്ച് ആബോ പറഞ്ഞു.

"ശെമ്മാശന് പട്ടമേൽക്കേണ്ട സമയമായില്ലേ. ഉടൻ പഴയ സെമിനാരിയിലേക്കു പോകണം. അവിടെ കണ്ടനാട്ടു തിരുമേനി വിശ്രമിക്കുന്നുണ്ട്. അദ്ദേഹം ശെമ്മാശന് വൈദിക പട്ടം നൽകും. എന്നിട്ട് മുണ്ടൻ മലയിലേക്കു പോകണം. പോകുമ്പോൾ പഴയ സെമിനാരിയിൽനിന്നും മാനേജർ ചാക്കോച്ചനെക്കൂടി കൂട്ടിക്കൊള്ളണം".

* * * * *

കാലിന്റെ വേദന സഹിക്കാൻ വയ്യ. പാദത്തിൽനിന്നും നോവ് കടിച്ചു കയറുകയാണ്. രാത്രിയിലാണ് നോവിന്റെ മൂർദ്ധന്യം. കാല് വലിച്ചുകുടഞ്ഞു കിടക്കും. ഉറങ്ങിയിട്ടെത്രയോ രാവായി.

"വാതമാ" കൂടെയുള്ളവർ വിധിച്ചു.

"ആയുർവ്വേദ മരുന്നുകൊണ്ടേ മാറൂ". വേറെ ചിലർ.

എന്തായാലും സെറാമ്പൂരിൽ തുടരുക പ്രയാസമായിരിക്കുന്നു.



malankaralibrary.com

കോളജധികൃതരെ വിവരമറിയിച്ചു. അതവർക്ക് ദു:ഖകരമായ വാർത്ത യായിരുന്നു. ആബോയോട് ഡോക്ടർ ഹവ്വൽസ് അപേക്ഷിച്ചു.

“ഇവിടുത്തെ രാജിമൂലം അങ്ങേയ്ക്ക് നേട്ടങ്ങളേ ഉണ്ടാകൂ. എന്നാൽ ഈ യൂണിവേഴ്സിറ്റിക്ക് തീരാനഷ്ടമാണത്”.

ആബോ കാര്യം പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു.

“നാട്ടിൽ പോയി കുറച്ച് വിശ്രമിക്കണം. ചികിത്സയും ചെയ്യണം”.

“ഇവിടുത്തെ ഇംഗ്ലീഷ് ചികിത്സകൾ പ്രയോജനപ്പെടുന്നില്ലെങ്കിൽ നാട്ടിലേക്ക് പൊയ്ക്കോളൂ. എന്നാൽ വിശ്രമത്തിനുശേഷം അങ്ങിവിടെ ത്തന്നെ വരണം”.

“നാളയെപ്പറ്റി എന്തെങ്കിലും പറയാൻ നമ്മളാരാണ്. എങ്കിലും മര ണംവരെ നിങ്ങളെല്ലാവരും എന്റെ ഉള്ളിലുണ്ടാകും”.

ഡോക്ടർ ഹവ്വൽസ് ഒരു പൊതിക്കെട്ടെടുത്ത് കൊടുത്തു പറഞ്ഞു.

“ആറുമാസത്തെ മുൻകൂർ ശമ്പളമാണിത്. ആശ്രമകാര്യങ്ങൾക്ക് പണം ധാരാളം ആവശ്യമാണല്ലോ”.

“വളരെ നന്ദി. ആറു കൊല്ലങ്ങളായി നിങ്ങളുടെയെല്ലാം അതിരറ്റ ഔദാര്യവും സ്നേഹവും എനിക്കു കിട്ടി. ദൈവം നിങ്ങൾക്കു പ്രതി ഫലം തരും”.

“പ്രൊഫസർ ആയി അങ്ങേയ്ക്കിനി മടങ്ങിവരാൻ കഴിയാതെ പോയാലും സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ സെനറ്റ് അംഗമായി തുടർന്നേ പറ്റൂ. ഭാവിയിലും അങ്ങയുടെ നിർദ്ദേശങ്ങൾ ഞങ്ങൾക്കു വേണം”.

ആബോ അതിനു വഴങ്ങി.

പുസ്തകങ്ങളെല്ലാം കെട്ടുകളാക്കിയെടുത്തു. മദർ ഈഡി ത്തിൽനിന്നും കിട്ടിയ അനേകം വിലപ്പെട്ട കൃതികളുണ്ട്. ആശ്രമഗ്രന്ഥ ശാലയിൽ അതെല്ലാം സൂക്ഷിച്ചു വയ്ക്കണം.

ഏലിശുബായും, സാറാമ്മയും ആബോയ്ക്കൊപ്പം നാട്ടിലേക്കു മട ങ്ങാൻ വന്നുചേർന്നു. യാത്രാസമയത്ത് യൂറോപ്യൻ മിഷനറിമാരും കോള ജുദ്യോഗസ്ഥരും വിപുലമായ ശിഷ്യഗണങ്ങളും വേദനയോടെയെത്തി. പലരും തീവണ്ടി നിലയത്തോളം കൂടെവന്നു. തീവണ്ടി ഇളകുന്നു. താളം മുറുകുന്നു. നൊമ്പരപ്പെട്ട മനസ്സോടെ തന്നെ യാത്രയാക്കുന്നവരെ നോക്കി ആബോ വണ്ടിയുടെ വാതിലിൽ നിന്നു. കണ്ണിൽനിന്നും അവർ മറയുമ്പോഴും മനസ്സിൽ കോളജും മിഷനറിമാരും ശിഷ്യരും തെളിഞ്ഞു നിന്നു.



malankaralibrary.com

നീണ്ടയാത്ര കൂടിയായപ്പോൾ രോഗം മൂർച്ഛിച്ചു. മാവേലിക്കരയിലേക്ക് നേരെ പോകാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ കോട്ടയം വരെയെങ്കിലും എത്തിയാൽ മതിയെന്നായി. അത്ര കഠിനമായ വേദന. കൂടെയുള്ളത് രണ്ട് സന്ന്യാസാർത്ഥിനികൾ. ദു:ഖിക്കാനും കരയാനുമല്ലാതെ അവർക്കെന്തു ചെയ്യാനാവും.

കോട്ടയത്തെത്തിയയുടൻ ചെമ്പകശ്ശേരി വർക്കി വൈദ്യനെ കണ്ടു. ആയുർവ്വേദ ചികിത്സയിൽ കൈപ്പുണ്യമുള്ള ആളാണ്. വലിയൊരു സമുദായ സ്നേഹിയാണ്. 'കിരീട ധാരണ' വൈദ്യശാലയുടെ ഉടമയും.

വൈദ്യശാലയിൽ കിടന്ന് പിഴിച്ചിൽ തുടങ്ങി. എന്നിട്ടും രോഗം വഷളാവുകയാണ്. കേട്ടറിഞ്ഞവർ കാണാൻ വന്നു. ഇപ്പോൾ സംസാരിക്കാൻപോലും വയ്യാതെയായിരിക്കുന്നു. എല്ലാവരും ഭയന്നു.

വൈദ്യനോട് പീലിപ്പോസ് വക്കീൽ പറഞ്ഞു.

"എന്റെ വീട്ടിലോട്ട് അച്ചനെ മാറ്റിക്കോട്ടെ. അടുത്തായതിനാൽ അവിടെ വന്ന് വൈദ്യന് ചികിത്സിക്കയും ആകാമല്ലോ".

അതാണ് നല്ലതെന്ന് വൈദ്യനും തോന്നി. എന്നാൽ വൈദ്യൻ നിർദ്ദേശിച്ചു.

"അദ്ദേഹത്തെക്കൊണ്ട് സംസാരിപ്പിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. സന്ദർശകരെ പ്രത്യേകം ഇക്കാര്യം ഓർമ്മിപ്പിക്കുകയും വേണം. കഴിക്കാൻ ലഘുവായെന്തെങ്കിലുമേ ആകാവൂ... കഞ്ഞിയോ മറ്റോ. തൊണ്ണൂറു ദിവസത്തെ പത്ഥ്യം കർശനമായി നോക്കണം".

പിഴിച്ചിലങ്ങനെ പീലിപ്പോസ് വക്കീലിന്റെ വീട്ടിൽ തുടർന്നു.

കർശനനിർദ്ദേശമുണ്ടായിട്ടും സംസാരിക്കാതിരിക്കാൻ ആബോയ്ക്ക് കഴിയുമോ? ഭാവിപരിപാടികളെപ്പറ്റിയുള്ള ചിന്തകൾ മനസ്സിൽ തിളച്ചുമറിയുകയാണ്.

ബഥനിയെപ്പറ്റിയുള്ള പൊന്നോമൽ പ്രതീക്ഷകൾ കൂട്ടുകാരനോട് ആബോ വളരെ ക്ലേശിച്ചു പറഞ്ഞു.

"എനിക്കു കുറെ സ്വപ്നങ്ങളുണ്ടെടോ. മുണ്ടൻമലയിലും സമീപങ്ങളിലുമായി അതെല്ലാം സാധിക്കണം".

"എന്തൊക്കെയാണെന്നറിയാൻ എനിക്ക് വളരെ ആകാംക്ഷയുണ്ട്. പക്ഷേ അതൊന്നും ഇപ്പോൾ വേണ്ടാ. സുഖമാകട്ടെ".

"ഇതെല്ലാം സാധിക്കുവാൻ ദൈവമെനിക്ക് അവസരം തരും; തരാതിരിക്കില്ല".

"അതാണിപ്പോൾ സഭയുടെ മുഴുവൻ പ്രാർത്ഥനയും".



malankaralibrary.com

തീരെ അവശതയാണെങ്കിലും ആ കിടപ്പിൽ തന്റെ മോഹങ്ങൾ പറയുകയാണ്.

"യേശുവിനെപ്പോലെ ജീവിക്കുന്ന കുറേപ്പേരുണ്ടാകണം. സുവിശേഷം പ്രസംഗിക്കാനായി അവരെ നാനാവഴിക്കും അയയ്ക്കണം. പാവങ്ങൾക്ക് സൗജന്യമായി മരുന്നുകൊടുക്കുന്ന ഒരാശുപത്രി ഉണ്ടാകണം. ആരും... തുണയില്ലാത്ത... പ്രായമായവർക്കുവേണ്ടി ഒരു വൃദ്ധസദനം വേണം.

അനാഥക്കുഞ്ഞുങ്ങൾക്കായി... ഒരനാഥമന്ദിരവും. പിന്നെ... ആത്മീയ പോഷണത്തിനായി ധ്യാനമന്ദിരവും ആവശ്യമാണ്. അത്... ഏതെങ്കിലുമൊരു പുഴയോരത്തായാൽ വളരെ... നല്ലത്".

അപ്പോഴേക്കും നാവു കുഴഞ്ഞു. തളർന്ന് കണ്ണുകളടച്ച് ചരിഞ്ഞു കിടന്നു.

പട്ടമേറ്റ് അലക്സിയോസ് കൊച്ചച്ചൻ നേരെ മുണ്ടൻ മലയിലേക്കു പോയി. കിളിലേത്തു ചാക്കോയും കൂടെയുണ്ട്. പൊതുവേ വിജനമെങ്കിലും പെരുനാട്ടിൽ അവിടവിടെ കുറച്ചാളുകളുണ്ട്. അവർക്കു പക്ഷേ, പള്ളികളോ പട്ടക്കാരോ ഇല്ല. അതിനു പരിഹാരമായിട്ടാണല്ലോ തന്നെ ഇവിടേയ്ക്ക് ആബോ അയച്ചിരിക്കുന്നത്.

മലയടിവാരത്തിലെത്തുമ്പോൾ അവിടെ സത്രം പൂർത്തിയായിരിക്കുന്നു. മുളകളും കാട്ടുകമ്പുകളും വച്ചുകെട്ടി പുല്ലുമേഞ്ഞ സത്രം.

പക്ഷേ ആരെയും കാണാനില്ല.

ഉമ്മൻ വാദ്ധ്യാരെവിടെ? മത്തായി പണിക്കരെവിടെ? പണിക്കാരെവിടെ?

സത്രത്തിനുള്ളിലേക്കു കിളിവാതിലിലൂടെ നോക്കി. പണി ആയുധങ്ങളും തുണിയും മറ്റും കിടപ്പുണ്ട്; അവർ മലയിൽത്തന്നെ ഉണ്ടാകും എന്നതിന്റെ സൂചനയായി.

മലമുകളിലേക്കു കണ്ണുകളയച്ച് തെരയുമ്പോൾ ഉച്ചത്തിൽ കൈകൊട്ടി ആരൊക്കെയോ കൂവി വിളിക്കുന്നു.

അലക്സിയോസ് അച്ചനോടു കിളിലേത്തു ചാക്കോ പറഞ്ഞു.

"അതാ... അതവരാണല്ലോ".

അവരുടെ അടുത്തെത്താൻ ഇരുവരും മേലോട്ടു കയറിത്തുടങ്ങി. എങ്ങനെ കയറും? വഴികളില്ല. കുത്തുകയറ്റമുള്ള കൊടുംമല. സൂര്യരശ്മി ഇറങ്ങാത്ത ഘോരവനം. കാടും പടർപ്പും തഴച്ചു വളർന്നു കിടക്കുന്നു. അങ്ങിങ്ങായി വൻ പാറക്കെട്ടുകൾ. അതിന്റെ പള്ളകളിൽ ഭീകരങ്ങളായ ഗുഹകൾ.



malankaralibrary.com

വഴി കാട്ടാനായി മത്തായി പണിക്കർ ഒരു വ്യാഘ്രം പോലെ താഴേക്കു കുതിച്ചിറങ്ങി. കാട്ടുവള്ളികൾ വെട്ടിമാറ്റി വഴിയുണ്ടാക്കി.

അഭ്യാസിയെപ്പോലെ കയ്യിലെ നീളമുള്ള കമ്പുയർത്തി, ഉയർന്നുതിങ്ങിയ പുല്ലും വള്ളിയും അടിച്ചൊതുക്കിയാണ് വരവ്.

കമ്പുകൊണ്ട് അവിടവിടെ കുത്തിനോക്കുന്നുമുണ്ട്. ചുറ്റും പുല്ലു വളർന്ന് വായടഞ്ഞ ചതിക്കുഴികളെ തിരിച്ചറിയാനാണത്. കരിയില വീണു മൂടിയ കുഴികളുമുണ്ട്. ഏറെ പണിപ്പെട്ട് മലഞ്ചെരിവിലെത്തി മത്തായി പണിക്കർ പറഞ്ഞു.

"നിങ്ങളെ കാത്തിരിക്കുകയായിരുന്നു. സത്രത്തിൽച്ചെന്ന് വേഷമൊക്കെ മാറ്റി വാ. പണി എങ്ങുമെത്തിയിട്ടില്ല".

അവർ വേഗം സത്രത്തിൽച്ചെന്ന് വേഷം മാറ്റി. ആയുധങ്ങളെടുത്തു. മലകയറി. പണി തുടങ്ങി. മലമ്പണ്ടാരങ്ങൾ കൂടെയുണ്ട്. വേല ചെയ്ത് എല്ലാവരും ക്ഷീണിച്ചിരിക്കുമ്പോൾ മലമ്പണ്ടാരങ്ങൾ തീറ്റ തേടി നടക്കും.

പഴം നിറഞ്ഞ മരങ്ങൾ എവിടുണ്ടെന്ന് അവർക്കറിയാം. അതിൽ കുരങ്ങന്മാരെപ്പോലെ ചാടിക്കയറും. മരച്ചില്ല ഉലച്ച് നിലത്തിട്ട പഴങ്ങളുമായി ഓടിയെത്തി എല്ലാവരുമായി അതു പങ്കുവയ്ക്കും.

ആകെ എട്ടുപത്തുപേരുണ്ട്. കാട്ടാനകളുടെ പിണ്ടം നിറഞ്ഞ ഈറ്റക്കാടു കടന്നവർ മുകളിലേക്കു കയറി. പുൽമേടും ഗുഹകളും ചൂണ്ടി മലമ്പണ്ടാരങ്ങൾ ഓർമ്മപ്പെടുത്തി.

"സൂച്ചിക്കണേ. പുലീം കടുവേം ഉള്ള സ്ഥലമാ".

ശത്രുമൃഗങ്ങളെ ഒറ്റയ്ക്കു വെട്ടിവീഴ്ത്തിയ മല്ലിട്ടി പണിക്കരുടെ രക്തത്തിൽ പിറന്ന മത്തായി പണിക്കർ തിളങ്ങുന്ന വെട്ടുകത്തി മുറുകെപിടിച്ച് ചുറ്റും നോക്കി.

കുത്തനെ കയറി മുണ്ടൻ മലയുടെ നെറുകയിലെത്തി. വള്ളിച്ചെടികളും പുല്ലും തഴച്ചുവളരുന്ന സമതലം. സമതലത്തിന്റെ നാലുവശവും കാവൽക്കാരെപ്പോലെ കൂറ്റൻ കാട്ടുമരങ്ങൾ.

മലമ്പണ്ടാരം പറഞ്ഞു.

"കറ്റയടിക്കേം മെതിക്കേം ചെയ്യണ കളമാരുന്നിത്".

"അതിനു വയലെവിടാടാ?" ചാക്കോച്ചൻ ചോദിച്ചു.

പണ്ടാരം സമതലത്തിന്റെ ഒരു വശത്തേക്ക് ചൂണ്ടിപ്പറഞ്ഞു. "ദാ... അവിടാരുന്നു കണ്ടം. ഏനും കൂട്ടരും തോനേ പണിഞ്ഞതാ അവിടെ".

എല്ലാവരും അവിടേക്കു നോക്കി. കാടണിഞ്ഞ താഴ്‌വാരങ്ങളും ചുറ്റു



malankaralibrary.com

പാടുകളുമെല്ലാം അവിടെനിന്ന് നോക്കിയാൽ വ്യക്തമായി കാണാം. കാടിളക്കി ചീറിപ്പറക്കുന്ന മലങ്കാറ്റിന്റെ ചിറകടി മുഴക്കം കേൾക്കാം.

ചോരപ്പൂക്കൾ നെറുകയിലണിഞ്ഞ് കൂട്ടംകൂടി നിൽക്കുന്ന വാകമരക്കാടു കാണാം. പുല്ലാങ്കുഴൽപ്പാട്ട് കാറ്റിലലിയിച്ച് താളം പിടിക്കുന്ന മുളങ്കാടുകൾ കാണാം. ആരണ്യ ഗർഭത്തിലെവിടെയോ ഒഴുകുന്ന ജലധാരയുടെ ഇരമ്പൽ കേൾക്കാം.

അലക്സിയോസ് അച്ചൻ എല്ലാവരോടും അഭിപ്രായം ചോദിച്ചു. "ഇവിടെത്തന്നെ ആശ്രമം കെട്ടിയാലോ?"

"ഞാനും അതുതന്നെ ചിന്തിക്കുകയായിരുന്നു". ചാക്കോച്ചൻ പിന്താങ്ങി.

"എങ്കിൽ താമസമെന്തിന്? ഉടൻ പണിതുടങ്ങാം."

മത്തായി പണിക്കർ കാടും പടർപ്പും വെട്ടിത്തെളിച്ചുതുടങ്ങി. ഒന്നുരണ്ടു ദിവസംകൊണ്ട് സമതലം ചെത്തിവെടിപ്പാക്കി. കാട്ടുകല്ലുകൾ നിരത്തി തറയൊരുക്കി. അതിനുമുകളിൽ മണ്ണിട്ട് തല്ലിയുറപ്പിച്ചു. തെക്കുവടക്കുനീളത്തിൽ ഈരണ്ടു വലിയ കുഴികൾ കുത്തി. വളവില്ലാത്ത നാലു മുഴുത്ത തേക്കിൻ കഴകൾ വെട്ടിയെടുത്ത് കുഴികളിൽ നാട്ടിയുറപ്പിച്ചു. താഴെ മുളങ്കാട്ടിൽനിന്നും മുളകൾ വെട്ടി ഉത്തരങ്ങളാക്കി.

"ചേർത്തുകെട്ടാൻ കയറില്ലല്ലോ. അതിനെന്തുചെയ്യും". മത്തായി പണിക്കരുടെ ആവലാതി കേട്ട് മലമ്പണ്ടാരം പരിഹാരം നിർദ്ദേശിച്ചു.

"ഏങ്കൊണ്ടരാമേ. 'എടംപിരി വലംപിരി' മരോണ്ടിവിടെ. അയിന്റെ തൊലിയുരിച്ചോണ്ടിപ്പം വരാം".

വെട്ടുകത്തിയുമായി പണ്ടാരം കാട്ടിനുള്ളിൽ മറഞ്ഞു.

അലക്സിയോസച്ചൻ മുളകൾകീറി വാരികൾ തയ്യാറാക്കി. കെട്ടുവള്ളിയുമായി മലമ്പണ്ടാരം വന്നു. എല്ലാം ചേർത്തുകെട്ടി. സാമാന്യം വലിയ ഒരു കെട്ടുപുര.

ഇനി മേയണം.

മറ്റേ മലയിൽ പുല്ലു ധാരാളം. ചെരിവിലൂടൂർന്നിറങ്ങി എല്ലാവരും തൊട്ടടുത്ത മലയുടെ താഴ്വാരത്തിലെത്തി. കാട്ടുപുല്ലുതിങ്ങിയ അതിന്റെ പള്ളയിലേക്ക് വലിഞ്ഞു പിടിച്ചുകയറി. ആന നിന്നാൽ കാണാത്തത്ര ഉയർന്ന പുൽക്കാടാണ്. ആവോളം പുല്ലരിഞ്ഞുകൂട്ടി. കെട്ടി തലയിലേറ്റി മുണ്ടൻ മലയിലേക്കു നടന്നു. ചിലർ കുത്തിറക്കത്തിൽ മറിഞ്ഞുവീണു. ഭാരവുമായി കുത്തുകയറ്റത്തിൽ നന്നേ കിതച്ചു.

പുരയ്ക്കുമുകളിൽ കുറേപ്പേർ കേറി. താഴെ പുല്ലുവാരിക്കൊടുക്കാൻ



malankaralibrary.com

മറ്റുള്ളവരും. വൈക്കോലിനേക്കാൾ നീളമുള്ള തങ്ക നിറമുള്ള ഉണക്ക പ്പുല്ല്. വാരികളിൽ അതു വിരിച്ചപ്പോഴേക്കും പുരയുടെ അഴകുതെളിഞ്ഞു. വനാന്തരത്തിൽ തപസ്സുചെയ്യുന്ന ജടാധാരിയായ വൃദ്ധമാമുനിയെപ്പോലെ അതുയർന്നു നിന്നു.

പണി തീർന്നിട്ടില്ല. ചുവരുകൾ വേണം. മുളകൾ തല്ലിപ്പരത്തി ചുവ രുകളാക്കി നാലുവശത്തും കെട്ടിത്തൂക്കി. ചുവരുകൾ അവിടെവിടെ ചതു രവടിവിൽ മുറിച്ചുമാറ്റി ജനലുകളാക്കി.

പുറംപണികൾ ഏതാണ്ടൊന്നൊതുങ്ങി. ഇനി മുറികൾ വിഭജി ക്കണം. ഇരുപതാൾക്കെങ്കിലും നിൽക്കാൻ വലിപ്പത്തിൽ ചാപ്പൽ തിരി ക്കണം. തല്ലിപ്പരത്തിയ മുളംചെറ്റയാൽ ആദ്യം അതു വേർതിരിച്ചു.

പിന്നീട് തിണ്ണയും കിടപ്പുമുറിയും കുശിനിയും. മൺതറ ചാണകം മെഴുകി.

പകൽ മുഴുവൻ പണിചെയ്ത് തളർന്നാവും എല്ലാവരും താഴ്‌വാര സത്രത്തിലേക്ക് ഇറങ്ങി വരുന്നത്. നേരെ കക്കാട്ടാറ്റിൽ ഇറങ്ങി മുങ്ങി ക്കുളിക്കുമ്പോഴാണ് ജീവൻ തിരിച്ചുകിട്ടുന്നത്.

പക്ഷേ, അലക്സിയോസച്ചൻ തീരെ അവശനായിക്കഴിഞ്ഞു. അട്ട കടിയേറ്റ് ഇരുകാലുകളും നീരുപിടിച്ചു. വനത്തിലെ കൊടുംതണുപ്പും ശക്തമായ മലങ്കാറ്റും അസഹ്യമായി.

എങ്കിലും പ്രയാസങ്ങളൊന്നും ആരെയും അറിയിച്ചില്ല. ഒരു ദിവസം കാടുതെളിക്കുന്നതിനിടയിൽ മയങ്ങിവീണു. ദേഹം വല്ലാതെ വിറയ്ക്കു ന്നുണ്ടായിരുന്നു. എല്ലാവരും താങ്ങിയെടുത്ത് അടിവാരസത്രത്തിൽ കിടത്തി. ജ്വരമായിരുന്നു.

ഉമ്മൻവാദ്ധ്യാർ എവിടെനിന്നോ മരുന്നുമായി എത്തി. മൂന്നുനേരം വീതം മൂന്നുനാലു ദിവസം കൊടുത്തിട്ടും യാതൊരു ഫലവും കാണുന്നില്ല.

വാദ്ധ്യാർ ഉടൻ കോട്ടയത്തേക്കു പാഞ്ഞു. പീലിപ്പോസ് വക്കീലിന്റെ വീട്ടിലേക്ക്.

പക്ഷേ അവിടെ ആബോയില്ല. മാവേലിക്കരയിലെ വീട്ടിലേക്ക് വിശ്ര മിക്കാൻ പോയിരുന്നു. എന്നാൽ അവിടെ സിസ്റ്റർ ഹെലൻ ഉണ്ടായിരുന്നു.

രോഗികളെവിടുണ്ടെങ്കിലും മരുന്നുമായി സിസ്റ്റർ അവിടോടിയെത്തും. ആബോയുടെ രോഗവിവരമറിഞ്ഞ് ശുശ്രൂഷിക്കാനായി ബാരിസോ ളിൽനിന്നും വന്നതാണ്. ഇവിടെത്തിയപ്പോൾ മലയാളഭാഷയോട് സിസ്റ്റ റിന് വല്ലാത്തൊരു അഭിനിവേശം. പുതിയ ഭാഷകൾ പഠിക്കാൻ അതി



malankaralibrary.com

സമർത്ഥയുമാണല്ലോ. ബാരിസോളിൽവച്ച് ബംഗാളി പഠിച്ചു. അതിനായി ബ്രഹ്മസമാജം പ്രവർത്തകരെ വരുത്തിയതു സിസ്റ്റർ ഹെലൻതന്നെയായിരുന്നു. ഇപ്പോൾ മലയാളം പഠിച്ചേ തീരു എന്നാണു വാശി.

സിസ്റ്റർ ആഗ്രഹിക്കുംപോലെ ചെയ്യാൻ ആബോ കൂട്ടുകാരനോടു നിർദ്ദേശിച്ചു. പീലിപ്പോസ് വക്കീൽ സന്തോഷത്തോടെ സമ്മതിക്കുകയും ചെയ്തു. വക്കീലിന്റെ വീട്ടിൽ താമസിച്ച് അവർ ഒരുവിധം മലയാളം പഠിച്ചുകഴിഞ്ഞു.

അവിടെനിന്നും ഗുരുവിനെത്തേടി ഉമ്മൻവാദ്ധ്യാർ മാവേലിക്കരയിലെത്തി. പുതിയകാവിലുള്ള പണിക്കർ തറവാട്ടിൽ അദ്ദേഹം മരുന്നു സേവിച്ചു കിടക്കുകയാണ്.

ഉമ്മൻവാദ്ധ്യാരിൽനിന്നും വത്സലശിഷ്യന്റെ രോഗവാർത്ത ആബോ അറിഞ്ഞു. തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന വൈദ്യനേയും കൂട്ടി ഉടൻ പെരുനാട്ടിലേക്കു പുറപ്പെടാനൊരുങ്ങി.

തോമ്മാപണിക്കർ ചിട്ടിത്തുക ആബോയെ ഏൽപ്പിച്ചു. വള്ളത്തിൽകൊണ്ടുപോകാവുന്നത്ര അരിയും അരിഞ്ഞുണ്ടാക്കിയ കപ്പയും ഏത്തക്കുലകളും എടുത്തുവച്ചു. ആശ്രമാവശ്യത്തിലേക്ക് അമ്മയുടെ വകയായി ഒരു പാട്ട ഉമിക്കരിയും.

കക്കാട്ടാറ്റുകടവിൽ വഞ്ചിയടുത്തപ്പോഴേക്കും ആബോയെ കാണാൻ മലവാസികൾ ഉൾപ്പെടെ അനേകർ ഓടിക്കൂടി. വഞ്ചിയിൽനിന്നും സാധനങ്ങൾ സത്രത്തിൽ വച്ചു.

സത്രത്തിനടുത്തുകൂടി വീതിയേറിയ പുതിയ വഴി കണ്ട് ആബോ അവരോടു തെരക്കി.

“അന്നു ഞാനിവിടെ വരുമ്പോൾ ഈ വഴി ഇല്ലായിരുന്നല്ലോ. ഇതാരു വെട്ടി!”

അനുജൻ വിവരിച്ചു.

“ഞാനും വാദ്ധ്യാരും ചേർന്ന് ഈ സത്രം ഉണ്ടാക്കാൻ തുടങ്ങിയ ദിവസം വേറെ കുറേപ്പേർ ആയുധങ്ങളുമായി അവിടെത്തി. കാര്യം തെരക്കിയപ്പോൾ അറിഞ്ഞു; പെരുന്നാട്ടിൽനിന്നും ളാഹയിലെ റബ്ബർ തോട്ടത്തിലേക്ക് വഴിവെട്ടാൻ വന്നതാണെന്ന്”.

“ഇതും തമ്പുരാന്റെ കാരുണ്യം”. ആബോ സന്തോഷിച്ചു.

ആബോയുടെ അടുത്തേക്കു മത്തായി പണിക്കർ വന്നുകൊണ്ട് തെല്ലു പരുങ്ങലോടെ ഒരാഗ്രഹം അറിയിച്ചു.

“കൃഷിക്കു നല്ലൊന്നാന്തരം മണ്ണാ ഇത്. ഇവിടെ കുറച്ചു ഭൂമി എനിക്കു കിട്ടിയാൽ കൊള്ളാമായിരുന്നു”.



malankaralibrary.com

ആബോയുടെ മുഖം ഗൗരവപ്പെട്ടു. സ്വരവും.

"നിന്റെ പേരിൽ ഒരിഞ്ചു സ്ഥലംപോലും ഇവിടെ പാടില്ല. ദൈവ വേലയ്ക്കായി പുറപ്പെടുന്നവന്റെ ഭവനകാര്യങ്ങൾ യഹോവാ നോക്കിക്കൊള്ളും".

ആബോ സത്രത്തിൽ കയറി. കിടപ്പിലായ അലക്സിയോസച്ചനെ കണ്ടു. വൈദ്യൻ അദ്ദേഹത്തെ പരിശോധിക്കുകയാണ്. കൊണ്ടുവന്ന മരുന്നുകൾ കൊടുക്കുന്നു. വനത്തിൽനിന്നും മലവാസികളുടെ സഹായത്താൽ പറിച്ചെടുത്ത പച്ചമരുന്നുകൾ കൊണ്ട് വേറെ മരുന്ന് ഉണ്ടാക്കിക്കൊടുത്തു.

മരണവക്ത്രത്തിൽനിന്നും അങ്ങനദ്ദേഹം കഷ്ടിച്ചു രക്ഷപ്പെടുകയായിരുന്നു. കൂടെയുള്ളവരോട് ആബോ പറഞ്ഞു.

"മുകളിൽ ആശ്രമം തീർന്നല്ലോ. ഇനി നമുക്ക് അങ്ങോട്ടു പോകാം".

രോഗകാഠിന്യം കുറഞ്ഞെങ്കിലും ആബോയ്ക്ക് പൂർണ്ണസൗഖ്യമായിട്ടില്ല. മലകയറിയിറങ്ങിയാൽ സ്ഥിതി വീണ്ടും വഷളാകും. അതിനാൽ ഉമ്മൻ വാദ്ധ്യാർ പറഞ്ഞു.

"വയ്യാത്ത അങ്ങ് എങ്ങനെയാണു മല കയറുന്നത്.! ആബോയ്ക്കു വേണ്ടി ഒരു കുതിരയെ ഞങ്ങൾ വാങ്ങിക്കൊണ്ടുവരാം. അതു കഴിഞ്ഞു കയറിയാൽ പോരേ".


എല്ലാവരും അതുതന്നെ നിർദ്ദേശിച്ചു.

മത്തായി പണിക്കരും ഉമ്മൻ വാദ്ധ്യാരും കുതിരയെ വാങ്ങാൻ തിരിച്ചു. രണ്ടുനാൾക്കകം തിരിച്ചെത്തി; ചന്തമുള്ള ഒരു വെള്ളക്കുതിരയുമായി.

✠



malankaralibrary.com



# 21
# യോഗി ഒരു യാഗപ്പശു

ആശ്രമച്ചാപ്പലിലെ ബലിപീഠത്തിൽ പ്രാർത്ഥനയോടെ ആബോ വിളക്കുകൊളുത്തി.

ആദ്ധ്യാത്മിക ദീപം മങ്ങിയ സഭയിൽ വെളിച്ചത്തിന്റെ കിരണങ്ങളായി അതെരിഞ്ഞു.

പ്രാർത്ഥനയ്ക്കുശേഷം ആബോ എല്ലാവരോടും പറഞ്ഞു. "ബഥനിക്ക് ഒരാത്മീയ മദ്ധ്യസ്ഥനെ തരണമേ എന്ന് നമ്മുടെ കർത്താവിനോട് ഞാനപേക്ഷിക്കുകയായിരുന്നു. മനസ്സിൽ കിട്ടിയത് വിശുദ്ധ യോഹന്നാൻ ശ്ലീഹായെയാണ്. കർത്താവിനെ ഏറ്റം അധികം സ്നേഹിച്ച ശിഷ്യനാണദ്ദേഹം. അന്ത്യത്താഴവേളയിൽ കർത്താവിന്റെ നെഞ്ചിൽ തലചായിച്ചു കിടന്ന ശിഷ്യനും. ക്രൂശിൽ കിടന്ന് മരിക്കുംമുമ്പ് യോഹന്നാനെ, തന്റെ മാതാവിനു നൽകി അവിടുന്നരുൾ ചെയ്തു; ഇതാ നിന്റെ മകൻ. മരിച്ച യേശു ഉയിർത്തെഴുന്നേറ്റെന്നറിഞ്ഞ് കല്ലറയിൽ ആദ്യം ഓടിയെത്തിയതും മറ്റാരുമല്ലല്ലോ. ഉത്ഥിതനായ നമ്മുടെ രക്ഷകൻ തീബേരിയൂസ് കടൽക്കരയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ 'ഇത് നമ്മുടെ കർത്താവാണെന്നു' പറഞ്ഞ് ആദ്യം തിരിച്ചറിഞ്ഞതും ഈ യോഹന്നാനാണ്. ബ്രഹ്മചാരിയുമാണല്ലോ അദ്ദേഹം".



malankaralibrary.com

സെറാമ്പൂരിൽനിന്നും ശിഷ്യഗണം മുണ്ടൻ മലയിലെത്തി. സമൂഹം വളരുകയാണ്. രണ്ടനാഥക്കുഞ്ഞുങ്ങളെയും കിട്ടി.

അത്യാവശ്യജോലികൾ ഇനിയും ശേഷിക്കുന്നുണ്ട്. അനാഥക്കുഞ്ഞുങ്ങൾ ഉൾപ്പെടെ ഓരോരുത്തർക്കുമുള്ള പണികൾ വീതിച്ചു.

വെള്ളം എത്തിക്കുന്നതാണ് എല്ലാവർക്കും ക്ലേശകരമായി തോന്നിയത്. അടിവാരത്തിലെ കക്കാട്ടാറ്റിൽ എത്തിവേണം വെള്ളമെടുക്കാൻ. കിഴുക്കാന്തൂക്കു മലയിറങ്ങി ഒരു മൈലോളം യാത്രയുണ്ട്. ചെന്നായും പുലിയും പാമ്പുമെല്ലാം യഥേഷ്ടം വിഹരിക്കുന്ന വനാന്തരത്തിലെ ഒറ്റയടി പാതയിലൂടെയാണ് പോകേണ്ടത്. ഭാരം തലയിലേറ്റി കുത്തുകയറ്റം കയറി കൊടുമുടിയിലെത്തുമ്പോഴേക്കും അവശരായിപ്പോകും.

എന്താണിതിനൊരു പരിഹാരം?

എല്ലാവരും ആലോചിച്ചു.

ആബോ പറഞ്ഞു.

"ഇത്ര വലിയ വനത്തിൽ നീരൊഴുക്കു കാണാതിരിക്കില്ല. തെരഞ്ഞു നോക്കിൻ".

ധൈര്യപൂർവ്വം അവർ കാട്ടിലേക്കു കയറി.

ആബോയും അലക്സിയോസ് അച്ചനും ആശ്രമത്തിൽ വിശ്രമിക്കുകയാണ്. അവരെ ശുശ്രൂഷിക്കുകയാണു യാക്കൂബ് ശെമ്മാശൻ.

മാനേജർ ചാക്കോച്ചനെ പല ആവശ്യങ്ങൾക്കായി ആബോ പറഞ്ഞയച്ചിരിക്കുകയാണ്.

വീട്ടിൽനിന്ന് കൊണ്ടുവന്ന അരിസാധനങ്ങളൊക്കെ തീരാൻ അധികനാൾ വേണ്ടാ. അതുകഴിഞ്ഞാലും കാര്യങ്ങൾ നടക്കേണ്ടേ? അടുത്തെങ്ങും കടയും കമ്പോളവും ഒന്നുമില്ല. സാധനങ്ങൾക്ക് കോഴഞ്ചേരിയിലോ മറ്റോ പോകണം. അതിനു സ്ഥിരമായൊരു വള്ളക്കാരനെ ചുമതലപ്പെടുത്താൻ പോയിരിക്കുകയാണ് അദ്ദേഹം.

വനത്തിൽ കടന്ന് തെരഞ്ഞ ശിഷ്യന്മാർ കൊച്ചൊരു അരുവി കണ്ടെത്തി. നേർത്ത ഒഴുക്കേയുള്ളൂ. എങ്കിലും അല്പം വിസ്താരമുള്ള പാറക്കുഴിയിൽ സ്ഫടികജലം തുളുമ്പിക്കിടക്കുന്നു. ആശ്രമത്തിൽനിന്നും അത്രയധികം ദൂരവുമില്ല.

പാറയിടുക്കിന്റെ വക്കിൽനിന്ന് മാവേലിക്കരനിന്നുള്ള സാധുക്കളായ ഐസക്കും ജേക്കബും താഴേക്കുനോക്കി. സ്ഫടിക ജലത്തിൽ അവരുടെ പുഞ്ചിരിമുഖങ്ങൾ തെളിഞ്ഞു.



malankaralibrary.com

അവർ തമ്മിൽ പറഞ്ഞു.

“ആശ്രമത്തിൽ കണ്ണാടിയില്ലാത്ത കുറവ് ഇവിടെ പരിഹരിക്കാമല്ലോ”.

ഇതുകേട്ട് കൂടെയുള്ള കല്ലൂപ്പാറക്കാരൻ എബ്രഹാം കുറ്റിത്തല മുടി തടവി പറഞ്ഞു.

“എന്തോന്നിനാ കണ്ണാടി? മൊട്ടത്തലകൾ ചീകേണ്ട കാര്യമില്ല; മീശ വടിക്കേണ്ടവരും ആരുമില്ല”.

ഇതുകേട്ട് ശൂരനാട്ടുകാരൻ കോശിശെമ്മാശൻ പറഞ്ഞു.

“നാം നമ്മെ കണ്ടെത്തേണ്ടത് അപരനിലാണെന്നല്ലേ ആബോ പഠിപ്പിച്ചിട്ടുള്ളത്”.

കാട്ടുകമുകിൽനിന്ന് അടർന്നുവീണ പഴുത്തപാള മുറിച്ചു മടക്കി ഈർക്കിൽ കുത്തി ഇരുവശവും ചേർത്തുതയ്ച്ച്, മഞ്ഞുതുള്ളിപോലെ നിർമ്മലമായ തെളിവെള്ളവുമായി അവർ ആശ്രമത്തിലെത്തി.

ഇപ്പോൾ വെള്ളമെടുക്കുന്ന പണി എളുപ്പമായിതോന്നി. പലനാൾ നടന്ന് അരുവിയിലേക്കൊരു വഴി തെളിഞ്ഞു.

പക്ഷേ ആഹ്ലാദം നീണ്ടു നിന്നില്ല.

വേനലല്ലേ? ഒഴുക്കുനിലച്ച് പാറയിടുക്കിലെ ജലം താണു. താണു താണു വറ്റി.

പക്ഷേ അവർ നിരാശരായില്ല.

“അന്വേഷിച്ചാൽ കണ്ടെത്തുമെന്നല്ലേ തിരുവചനം”. പുളിക്കീഴുകാരൻ വറുഗീസ് പറഞ്ഞു.

അതുപോലെ സംഭവിക്കുകയും ചെയ്തു. ഉയരത്തിലുള്ള പാറയിൽനിന്നും വെള്ളക്കുടപോലെ താഴേക്കു വിരിഞ്ഞുപതിക്കുന്ന വെള്ളച്ചാട്ടം. അവിടെ വീണ്‌വീണ്ടും ശക്തിയോടെ ആരണ്യഗർഭത്തിലേക്ക് കുതിച്ചൊഴുകുകയാണ്.

പക്ഷേ ആശ്രമത്തിൽനിന്നും കുറച്ചകലത്തിലാണത്. അതിനൊരു പരിഹാരം എല്ലാവരും ചേർന്ന് കണ്ടുപിടിച്ചു. മുളകൾ വെട്ടി, നടുവേ പിളർത്തി കുടവിരിയുന്നിടത്തുനിന്നും തുടങ്ങി ആശ്രമംവരെ അതു ചേർത്തുവച്ചു. പാത്തിക്കുള്ളിലെ ഇടമുട്ടുകൾ തട്ടി ഒഴുക്ക് സുഗമമാക്കി.

ക്ലേശകരമായ ഒരദ്ധ്വാനത്തിൽനിന്നും രക്ഷപ്പെടാമല്ലോ എന്നോർത്തപ്പോൾ എല്ലാവർക്കും ആശ്വാസം.

എന്നാൽ ആശ്വാസം ശാശ്വതമായില്ല. ഏതാനും ദിവസങ്ങൾക്കുള്ളിൽ ജലഗതി നിലച്ചു. കാരണം തേടി അവർ ഇറങ്ങി.



malankaralibrary.com

നിരാശാകരമായ അനുഭവം. വേനൽ കൊഴിച്ചിട്ട ഇലകൾ വീണ് പാത്തികൾ അടഞ്ഞിരിക്കുന്നു. ചേർത്തു കെട്ടിയ മുളപ്പാത്തികൾ കാട്ടുപന്നികൾ കുത്തി മറിച്ചിട്ടിരിക്കുന്നു.

ഇനിയും യാതൊരു വഴിയും കണ്ടെത്താനില്ല.

ആശ്രമമുറ്റത്ത് നിരാശരായിനിന്ന അവരുടെ അടുത്തേക്ക് ആശ്രമാദ്ധ്യക്ഷൻ ഇറങ്ങിവന്നു. അവരെ ആശ്വസിപ്പിച്ചു പറഞ്ഞു.

“നമുക്കിവിടൊരു കിണറു കുഴിക്കാം”

ആശങ്കയോടെ അവർ പരസ്പരം നോക്കി.

“ഇത്ര ഉയരത്തിൽ വെള്ളം കിട്ടുമോ”

“ദൈവം തരും” ആബോയുടെ ഉറച്ച മറുപടി.

“എന്നാൽ ഞാനിപ്പം പാലക്കമ്പു കൊണ്ടുവരാം”. യാക്കൂബ് ശെമ്മാശൻ പറഞ്ഞു.

കിണറിനു സ്ഥാനം കാണാനുള്ള പ്രത്യേക സിദ്ധി ആബോയ്ക്കുള്ളതായി ശെമ്മാശനറിയാം. സെറാമ്പൂരിൽവച്ച് ഒരു സായിപ്പു കൊടുത്ത ശാസ്ത്രഗ്രന്ഥത്തിൽനിന്നും നേടിയ വിദ്യയാണിത്. ഭൂഗർഭ ജല സാന്നിദ്ധ്യം നിർണ്ണയിക്കാനുള്ള കഴിവ് എല്ലാവരിലും ഇല്ല. അത് തനിക്കുണ്ടെന്ന് ആബോ പലതവണ പരീക്ഷിച്ചറിഞ്ഞിട്ടുമുണ്ട്. കവരമുള്ള ഒരു പാലക്കമ്പു വേണമെന്നേയുള്ളൂ.

എന്നാൽ യാക്കോബു ശെമ്മാശനെ ആബോ വിലക്കി.

“പാലക്കമ്പൊന്നും വേണ്ടടോ. ശാസ്ത്രം തോൽക്കുന്നിടത്ത് പ്രാർത്ഥന ഫലിക്കും. ഇത്തവണ ശെമ്മാശൻ സ്ഥാനം കണ്ടാൽ മതി”.

ഗുരുശാസനം എന്തും അതേപടി അനുസരിക്കാനേ ശെമ്മാശന് വശമുള്ളൂ. ചാപ്പലിൽ കയറി പ്രാർത്ഥിച്ചിറങ്ങി. ആബോയുടെ മുന്നിൽ അനുഗ്രഹത്തിനായി തലകുനിച്ചുനിന്നു. പിന്നെ ആശ്രമമുറ്റത്ത് കുനിഞ്ഞ് വിരലുകൊണ്ട് കുരിശടയാളം വരച്ചു. കുന്താലി എടുത്ത് ഒന്നു കൊത്തി മണ്ണിളക്കി.

ബാക്കിയുള്ളവർ പണി തുടർന്നു. പതിനഞ്ചടി താണതേയുള്ളൂ. അത്ഭുതം! ഉഗ്രമായ വേനലിൽപോലും ഉറവക്കണ്ണുകൾ നാലുപാടും തുറക്കുന്നു. കണ്ണീരുപോലെ പവിത്രമായ വെള്ളം തുള്ളിതുള്ളിയായി പൊടിച്ചു വീഴുന്നു. കിണർ പകുതിയോളം നിറയുന്നു.

വെള്ളം സുലഭമായതോടെ അടുക്കളത്തോട്ടത്തിന് ഉണർവ്വായി. ചീരയും പാവലും പയറുമെല്ലാം തഴച്ചു വളർന്നു.

മഴക്കാലമാകുമ്പോൾ കൂടുതൽ കൃഷിയിറക്കണം. മലമ്പണ്ടാരങ്ങളെ



malankaralibrary.com

പണിക്കു വിളിച്ചു. കാടുതെളിച്ചു. കിളച്ചൊരുക്കി. മഴക്കാലമായി. കപ്പയും കാച്ചിലും ചേനയും വാഴയും നട്ടു. വളക്കൂറുള്ള മണ്ണിൽ അതു തഴച്ചുയർന്നു. സൂര്യരശ്മിയിൽ തിളങ്ങുന്ന മരതകത്തഴപ്പാർന്ന കൃഷി ത്തോപ്പു കണ്ട് ആശ്രമസ്ഥർ ആനന്ദിച്ചു.

അതിനേക്കാൾ ആനന്ദം കാട്ടുമൃഗങ്ങൾക്കായിരുന്നു. രാത്രികളിൽ അവർ കൃഷിപ്പറമ്പിലെത്തി. കൃഷിപ്പറമ്പു ചവിട്ടി മെതിച്ചു നശിപ്പിച്ചു.

മരിച്ചു വീണുകിടക്കുന്ന സസ്യജഡങ്ങളെ കണികണ്ടുണർന്ന് ആശ്ര മസ്ഥർ വിതുമ്പി. അവരെ അപ്പോഴും ആശ്വസിപ്പിക്കുകയാണു ആബോ.

"കൃഷിയുടെ ലാഭനഷ്ടങ്ങൾ നോക്കേണ്ടതില്ല. നാം അദ്ധ്വാനിക്കു ക, അതുമാത്രം മതി. കൃഷിയിലല്ല നമ്മുടെ ശരണം. ദൈവത്തിലാണ്".

പന്നിശല്യം കൂടുകയാണ്. അവ കടക്കാതിരിക്കാൻ കൃഷിപ്പറമ്പിനു ചുറ്റും കാട്ടുകല്ലുകൾ അടുക്കി ഉയരമുള്ള കയ്യാലകൾ തീർത്തു. ശല്യ ക്കാരായ മൃഗങ്ങളെ ഓടിക്കാൻ മാനേജർ ചാക്കോച്ചൻ ഉശിരുള്ള ഒരു പട്ടിയെ കൊണ്ടുവന്നു. ആബോ അതിനുപേരിട്ടു; ടൈഗർ.

* * * * *

സന്ന്യാസപരിശീലനത്തിന്റെ ഒരാണ്ടു തികഞ്ഞു. താനുൾപ്പെടെ മൂന്നുപേരുടെ സന്ന്യാസ പ്രതിഷ്ഠ ഉടൻ നടത്തണം. അലക്സിയോസ് അച്ചനും യാക്കൂബ് ശെമ്മാശനുമാണ് മറ്റു രണ്ടുപേർ. അതിനു നല്ല ഒരു ദിവസം ആബോ കണ്ടുവച്ചു. തിരുസഭയ്ക്ക് ദൈവം പരിശുദ്ധാ ത്മാവിനെ നൽകിയ ദിവസം. അതെ, പെന്തക്കുസ്താ ദിവസം. അന്നെ ല്ലാവർക്കും സന്ന്യാസവേഷം നൽകണം. പത്തു വെള്ളക്കുപ്പായങ്ങൾ തയ്ച്ചുവച്ചിട്ടുണ്ട്. നീളത്തിൽ പുറങ്കുപ്പായംപോലെ വളരെ അയഞ്ഞത രത്തിൽ വെട്ടിത്തയ്ച്ചവയാണ്. വെള്ളക്കുപ്പായങ്ങൾക്കു കാവി നിറം കൊടുക്കണം. കാവി മണ്ണരച്ച് കലക്കിയ വെള്ളത്തിൽ വെള്ളക്കുപ്പായ ങ്ങളും ഇടക്കെട്ടുകളും മുക്കിയെടുത്തു. ഉണങ്ങിയപ്പോൾ നല്ല കാവി ക്കുപ്പായങ്ങൾ.

'മനുഷ്യാ നീ മണ്ണാകുന്നു; മണ്ണിലേക്കുതന്നെ നീ തിരികെച്ചേരും' എന്നു ലോകത്തോട് വിളിച്ചുപറയുന്ന കാവിക്കുപ്പായങ്ങൾ.

എല്ലാവരും പ്രതീക്ഷിച്ചിരുന്ന ദിവസമെത്തി. 1920 ഓഗസ്റ്റ് 23. ഞായ റാഴ്ചയാകയാൽ താഴ്വാരപ്പള്ളിയിലാണ് ആരാധന. സമീപവാസിക ളായ ആളുകളുടെ സൗകര്യാർത്ഥം താഴ്വാര സത്രത്തോടുചേർന്ന് ഉണ്ടാ ക്കിയ പള്ളിയാണത്.

സൂര്യദേവൻ നിദ്രവിട്ടെഴുന്നേൽക്കുന്നതേയുള്ളൂ. ഇലച്ചാർത്തിനി ടയിലൂടെ അരിച്ചിറങ്ങുന്ന തങ്കരശ്മികളിൽ മലമ്പാതകൾ കഷ്ടിച്ചുകാ



malankaralibrary.com

ണാം. ഉദയരശ്മികളുടെ ഊഷ്മള സ്പർശമേറ്റ് മൂടൽമഞ്ഞ് വിണ്ണിലേക്ക് ഉയർന്നുപൊന്തുന്നു.

ആശ്രമച്ചാപ്പലിൽനിന്നും പ്രാരംഭപ്രാർത്ഥനകളോടെ ആശ്രമസ്ഥരെല്ലാം താഴ്‌വരയിലേക്കിറങ്ങി. മുന്നിൽ, വെള്ളക്കുതിരപ്പുറത്ത് ആബോ. പിഞ്ചുകൈകളിൽ വർണ്ണാഭമായ കാട്ടുപൂക്കളുമായി തൊട്ടുപിന്നാലെ അനാഥക്കുഞ്ഞുങ്ങൾ. ഏറ്റം പിന്നിൽ ശിഷ്യഗണം. അവരെല്ലാം ഓരോന്നു വഹിച്ചിട്ടുണ്ട്; കുർബ്ബാനപ്പെട്ടി, പ്രാർത്ഥനപ്പുസ്തകങ്ങൾ, കിലുക്കുമണികൾ.

പ്രധാന ദിവസമാകയാൽ താഴ്‌വാരപ്പള്ളിയിൽ സ്ഥലവാസികൾ എത്തിച്ചേർന്നിരുന്നു. പെന്തക്കുസ്താ ശുശ്രൂഷകളും ബലിയർപ്പണവും കഴിഞ്ഞാണ് സന്ന്യാസപ്രതിഷ്ഠ. അതിനുമുമ്പ് ആബോ സന്ന്യാസത്തെ പ്രതീകാത്മകമായി അവതരിപ്പിച്ചു.

"സന്ന്യാസിയെ ഒരു യാഗപ്പശുവിനോടുപമിക്കാം. സർവ്വാംഗഹോമത്തിനായി വേർതിരിക്കപ്പെട്ട യാഗപ്പശു. സ്വയമേവ അയാൾ പരിപാവനമായ ആശ്രമത്തിലേക്ക് വന്നുചേരുന്നു. അവിടെ അയാൾ യാഗദിനത്തെ കാത്ത് ദിവസംതോറും തന്റെ മാലിന്യങ്ങളെല്ലാം കണ്ണീരിൽ കഴുകിക്കൊണ്ട് താമസിക്കുന്നു. യാഗദിനത്തിൽ സന്ന്യാസി ദേവാലയത്തിന്റെ വാതിൽക്കൽ വച്ച് കണ്ഠഛേദം ചെയ്യപ്പെടേണ്ടതാണ്. അയാളുടെ കഴുത്തിനെ അയാൾതന്നെ ഛേദിച്ചുകളയുന്നു. വെട്ടുകത്തി വ്രതത്രയങ്ങളത്രേ. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം. അനന്തരം ആചാര്യനാകുന്ന ധർമ്മാദ്ധ്യക്ഷന് അയാൾ തന്നെത്തന്നെ ഏൽപ്പിക്കുകയും ധർമ്മാദ്ധ്യക്ഷൻ അയാളെ ദൈവത്തിനായി സമർപ്പിച്ച് ദൈവനാമത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു. സന്ന്യാസിയുടെ തോൽ ഉരിയപ്പെടണം. ദേഹം പലപല കഷണങ്ങളായി നുറുക്കപ്പെടണം. അതിൽ ചീത്തഭാഗങ്ങൾ അറുത്തു നീക്കണം. യേശുമിശിഹായോടൊപ്പം യാഗപീഠത്തിന്മേൽക്കിടന്ന് സന്ന്യാസി ഹോമിക്കപ്പെടുകതന്നെ വേണം. അതത്രേ സന്ന്യാസം".

ആദ്യാംഗങ്ങൾ മൂവരും ഈശ്വരസമക്ഷം സമ്പൂർണ്ണമായി സമർപ്പിച്ചു. കാവിക്കുപ്പായം അണിഞ്ഞു. ഇടകെട്ടി. കരിന്താളി തടിയിൽ തീർത്ത തടിക്കുരിശ് കറുത്ത ചരടിൽ കൊരുത്ത് കഴുത്തിലണിഞ്ഞു. കാവി ഷാളും ധരിച്ചു. മറ്റുള്ളവരും അതേ വേഷമണിഞ്ഞു. ഇടതുവശത്ത് അലക്സിയോസ് അച്ചനെയും വലത്തുവശത്ത് യാക്കൂബ് ശെമ്മാശനെയും നിർത്തി എല്ലാവരോടും ആബോ പറഞ്ഞു.

"ഇന്നു മുതൽ ഫാദർ അലക്സിയോസ് നിങ്ങളുടെ 'ആബൂനാ' ആയിരിക്കും. ഡീക്കൻ യാക്കൂബ്, ആശ്രമഗുരുവും. എല്ലാവരുടെയും



malankaralibrary.com

പേരിനോടുകൂടി ഇനി മുതൽ ഒ.ഐ.സി. എന്നു ചേർത്തുകൊള്ളണം".

ഇതെല്ലാം കണ്ട് അനാഥക്കുഞ്ഞുങ്ങൾ വിസ്മയഭരിതരായി നിന്നു. അവർ തമ്മിൽ ആരാഞ്ഞു.

"ആബൂനാ എന്നാൽ എന്താ?"

ആബൂൻ എന്നാൽ പിതാവ് എന്നാണെന്നവർക്കറിയാം. പക്ഷേ, ആബൂനാ എന്നാൽ എന്താണെന്നവർക്കറിയണം.

അടുത്തുനിന്ന ശെമ്മാശൻ അവരെ പറഞ്ഞു മനസ്സിലാക്കി.

"ആബൂനാ എന്നാൽ കൊച്ചുപിതാവ് എന്നാണർത്ഥം"

കാനനവാസികളായ ഹിന്ദു സന്ന്യാസികളെപ്പോലെ ഒരുപറ്റം ഭിക്ഷാം ദേഹികൾ. ചരടിൽ തൂങ്ങുന്ന കുരിശുള്ളതുകൊണ്ടുമാത്രം ക്രിസ്ത്യാ നികളെന്നു തിരിച്ചറിയാം. ആബോ സ്വന്തം കാലിൽനിന്ന് ചെരിപ്പഴിച്ചു മാറ്റി പറഞ്ഞു.

"ഈ കാട്ടിൽ നാം എത്തിയിരിക്കുന്നത് നമുക്കുവേണ്ടിയല്ല. സമൂ ഹത്തിന്റെ അപരാധജീവിതത്തിന് ആത്മത്യാഗം ചെയ്യാനാണ്".

കല്ലും മുള്ളും നിറഞ്ഞ കാട്ടുവഴിതാണ്ടി ആശ്രമത്തിലെത്തിയപ്പോ ഴേക്കും കഞ്ഞി തയ്യാർ. പാചകത്തിന് പ്രത്യേകം ആരുമില്ല. ഓരോ ദിവസവും ഓരോ സന്ന്യാസി ആ ജോലി നിർവ്വഹിച്ചുകൊള്ളണം.

കാലത്തും വൈകിട്ടും കഞ്ഞിയാണവിടെ പതിവ്. ഉച്ചയ്ക്ക് മാത്രം ചോറും അത്യാവശ്യ കറിയും. സസ്യാഹാരം മാത്രം. ചായയും കാപ്പി യുംപോലും വർജ്യം. മൺചട്ടികളിൽ ഓരോന്നുമായി വലിയ കുരിശിനെ വണങ്ങി ചാണകം മെഴുകിയ മുറിയിൽ അവർ നിരന്നിരുന്നു.

ഊട്ടുശാലയിലെന്നല്ല മുറികളിലെങ്ങും പീഠങ്ങളില്ല. കിടപ്പു ശാല യിൽ മാത്രം ആകെയുള്ളത് ഒരു ശയ്യോപകരണം. നാലു കാട്ടുകമ്പു കൾ തറയിൽ കുഴിച്ചുനാട്ടി ചെമ്പുകമ്പുകൾ നെടുകയും കുറുകെയും വെച്ചുകെട്ടി നിർമ്മിച്ചത്. അതിനു മുകളിൽ ചാക്കിനുള്ളിൽ കച്ചി നിറച്ച ഒരു മെത്ത. വാതരോഗം മൂർഛിക്കുമ്പോൾ മാത്രം ആബോയ്ക്ക് വിശ്ര മിക്കാൻ ഉണ്ടാക്കിയതാണത്.

ചട്ടികളിൽ ചൂടുകഞ്ഞി വീഴ്ത്തി ഒരു ഭിക്ഷു നടന്നു. മറ്റൊരാൾ വലിയ കുരിശിനു കീഴിൽ ചമ്പ്രം പടിഞ്ഞിരുന്ന് വേദഗ്രന്ഥം വായിച്ചു കൊണ്ടിരിക്കുന്നു. അതുകേട്ട് ധ്യാനിച്ച് അവർ കഞ്ഞി കുടിച്ചു. ചട്ടി കൾ സ്വയം കഴുകി അടുക്കിവച്ച് വീണ്ടും എല്ലു മുറിയുന്ന ദിനചര്യകളി ലേക്ക് അവർ ഉത്സുകരായി ഇറങ്ങുന്നു.

✠



malankaralibrary.com



# 22

# വറുതിയുടെ ദിനചര്യകൾ

"വല്ലതും തരണേ..."

പണിക്കരുവീടിന്റെ നടുമുറ്റത്തുയർന്ന യാചക ശബ്ദം.

തോമാപണിക്കർ തെല്ലു കൂനി തിണ്ണയിലെത്തിനോക്കി. ഭിക്ഷാപാത്രം നീട്ടി യാചിക്കുന്ന കാഷായധാരിയായ ഭിക്ഷു അദ്ദേഹത്തിന്റെ നരച്ചകണ്ണുകളിൽ പതിഞ്ഞു. തോമാപണിക്കർ അന്തം വിട്ടുപോയി. പ്രജ്ഞ വീണ്ടുകിട്ടിയ ഉടൻ അകത്തേക്കുനോക്കി ഉറക്കെ വിളിച്ചു.

"എടീ... ഓടിവായോ... ഇതാരാന്നു നോക്ക്".

മുറിക്കുള്ളിൽനിന്നും അന്നമ്മ കഴിയുന്നത്രവേഗം ഇറങ്ങിവന്നു. മുറ്റത്തു വളർന്നുപന്തലിച്ച മാവിന്റെ തണൽ ഉണ്ടായിട്ടും എരിവെയിലിൽ നിൽക്കാൻ കൊതിക്കുന്ന ഭിക്ഷു. ഒന്നുരണ്ടു ശിഷ്യന്മാരും കൂടെയുണ്ട്. പൊള്ളുന്ന മണലിൽ നഗ്നപാദങ്ങളുറപ്പിച്ച് നിൽക്കുകയാണവർ.

വിശ്വസിക്കാനാവുന്നില്ല. തന്റെ വയറ്റിലെ ആദ്യജാതൻ! കാഷായ വേഷത്തിൽ ഭിക്ഷാപാത്രം നീട്ടി യാചിക്കുന്നു.

"എന്റെ മാതാവേ..." ഇരുകൈകളും നെഞ്ചിൽ വച്ച് അവർ അറിയാതെ വിളിച്ചുപോയി.



malankaralibrary.com

ഓടിയിറങ്ങിച്ചെന്ന് ഭിക്ഷുവിനെ കെട്ടിപ്പിടിച്ചു. കണ്ണീർ തുടച്ച് അമ്മ പരിഭവപ്പെട്ടു.

"എന്തിനാ വെയിലത്തു നിൽക്കുന്നേ? കേറി അകത്തോട്ടുവാ..."

വൃദ്ധമാതാപിതാക്കളെ നോക്കി ആബോ പറഞ്ഞു.

"ഇന്നെനിക്ക് ഈ വീട് പലതിൽ ഒന്നുമാത്രം. അനുസരണക്കേടായി കണക്കാക്കരുതേ. ഏറ്റം ദരിദ്രനേക്കാൾ താഴെയുള്ള ജീവിതമാണെനിക്കു വേണ്ടത്. എങ്കിലേ കാലിത്തൊഴുത്തിൽ പിറന്ന യേശുമിശിഹായെ അനുകരിക്കാൻ കഴിയൂ. അതുകൊണ്ടാണ് വീടുവീടാന്തരം കയറി ഞാൻ ഭിക്ഷ തെണ്ടുന്നത്".

ആബോ വെയിലിൽത്തന്നെ നിന്നു.

അമ്മ അകത്തേക്കു കയറി സംഭാരം കൊണ്ടുവന്ന് മകനും ശിഷ്യർക്കും കൊടുത്തു.

അപ്പൻ ചോദിച്ചു.

"എന്താ ഞങ്ങൾ തരേണ്ടത്?"

"എന്തായാലും മതി". നിസംഗമായ മറുപടി.

അപ്പൻ അകത്തേക്കു കയറി. താക്കോലുകൾ കിലുങ്ങി. തെല്ലു കഴിഞ്ഞ് ചെറിയൊരു തടിപ്പെട്ടിയുമായി തിണ്ണയിലെത്തി. അതു തുറന്ന് അതിഭദ്രമായി സൂക്ഷിച്ചിരുന്ന കീർത്തിമുദ്രകൾ പുറത്തെടുത്തു. തങ്കത്തിൽ തീർത്തവയാണ്. മാർത്താണ്ഡവർമ്മ മഹാരാജാവ് തന്റെ അംഗരക്ഷകരായ പണിക്കന്മാർക്ക് നൂറ്റാണ്ടുമുമ്പ് സമ്മാനിച്ച അമൂല്യ നിധി. തോമ്മാ പണിക്കർ ഇരുകൈകളാലും അതു പുറത്തെടുത്തു. മുറ്റത്തേക്കിറങ്ങി. സൂര്യപ്രകാശത്തിൽ അതു വെട്ടിത്തിളങ്ങി. മകന്റെ ഭിക്ഷച്ചട്ടിയിൽ അതർപ്പിച്ചു.

പുതിയകാവുഗ്രാമം അത്ഭുതം കൂറിയ ദിവസം.

ഭിക്ഷാടനം മാത്രമല്ല ആബോയുടെ ലക്ഷ്യം. നാടിന്റെ സ്പന്ദനമറിയുക. ജനഹൃദയങ്ങൾ കാണുക. വിജാതീയരുമായി സംസർഗ്ഗം ചെയ്യുക. പ്രസംഗിക്കുക.

നാടുനീളെ അലയുക തന്നെയായിരുന്നു. കിട്ടുന്നതു ഭുജിച്ചു. കാണുന്നിടത്തു കിടന്നുറങ്ങി.

അലഞ്ഞുതിരിഞ്ഞ് പെരുന്നാട്ടിനടുത്തു വന്നു. ഒരു ഗിരിജൻ കോളനിയിൽ.

ആബോയെക്കണ്ട് ചുറ്റുംകൂടി കോളനി വാസികൾ സങ്കടം പറഞ്ഞു.

"അടിയങ്ങക്കെല്ലാം ദീനമാരുന്നേ. വിഷൂചിക. ദാ... അവിടൊരു



malankaralibrary.com

കൂരേൽ അപ്പനുമമ്മേം ചത്തുപോയി. അവർക്കഞ്ചുകൊച്ചുങ്ങളാ. നോക്കാനാരുമില്ലാഞ്ഞ് നെലവിളിച്ചു കെടക്കാ ആ പിള്ളാര്".

ശിഷ്യരുമായി ആബോ ഉടൻ ആ കൂരയിലെത്തി.

കൂരയുടെ തിണ്ണയിൽ ദയനീയമായി തളർന്നുകിടക്കുകയായിരുന്നു അഞ്ചു കുഞ്ഞുങ്ങളും. അവർക്കിനി ആരുമില്ല.

അപരിചിതരുടെ കാൽപ്പെരുമാറ്റം കേട്ട് ഞെട്ടിയുണർന്ന പിള്ളേർ സന്ന്യാസികളെക്കണ്ട് ഭയന്ന് നാലുപാടും ചിതറിപ്പാഞ്ഞു.

അവരെ പിടിക്കാൻ മറ്റുള്ളവർ പിന്നാലെയും.

മൂന്നു പേരെ മാത്രമേ പടികിട്ടിയുള്ളൂ.

ആബോ അവരോടു പറഞ്ഞു.

"പേടിക്കേണ്ടാ മക്കളെ. നിങ്ങൾക്കെല്ലാവരുമുണ്ട്. കേട്ടോ.."

അവരെ ആബോ ബഥനിയിലാക്കി.

സംഭാവന സ്വീകരിക്കാനായി ആശ്രമസ്ഥരിൽ പലരേയും പലയിടത്തും അയച്ചിരിക്കുകയാണ്. കൊയ്ത്തുകാലമാകയാൽ കുട്ടനാട്ടിലേക്ക് ചിലർ പോയിക്കഴിഞ്ഞു. അവിടുത്തെ സംഭാവന നെല്ലുതന്നെ. ചാക്കിൽക്കെട്ടി വള്ളത്തിൽ മടങ്ങുകയേ വേണ്ടൂ.

അലക്സിയോസച്ചൻ പീരുമേട്ടിലെ തോട്ടക്കാരെ കാണാൻ പോയിരിക്കുന്നു. തിരിച്ചെത്തിയത് കയ്യിലൊരു ആൺകുഞ്ഞുമായാണ്. കുഞ്ഞിനെ കാണിച്ച് ആബോയോട് അച്ചൻ കാര്യം പറഞ്ഞു.

"പീരുമേട്ടിൽ ഒരാളുടെ വീട്ടിൽച്ചെന്ന് സംഭാവന എന്തെങ്കിലും ഉണ്ടോ എന്ന് ഞാൻ ചോദിച്ചു. 'ഉണ്ട്' എന്നു പറഞ്ഞ് വീട്ടുകാരൻ അകത്തേക്കു കയറി. തിരിച്ചിറങ്ങിയത് ഈ കൊച്ചിനേയും കൊണ്ടാ. എവിടുന്നോ കളഞ്ഞു കിട്ടയതാണെന്ന് പറഞ്ഞ് എന്റെ കയ്യിലേൽപ്പിച്ചു".

ആബോ പറഞ്ഞു.

"വളരെ നന്നായി. ഇത്തരം സംഭാവനകൾ ഇനിയും കിട്ടട്ടേ".

അതുതന്നെ സംഭവിച്ചു. പ്രഭാതത്തിൽ ആശ്രമസ്ഥർ എഴുന്നേറ്റത് ഏതോ ഒരനാഥശിശുവിന്റെ കരച്ചിൽ കേട്ടുകൊണ്ടാണ്.

"നല്ല കോമളത്താമരപ്പൂവോ" എന്നു പാടിയത് ഇവനെക്കുറിച്ചാണോ എന്നു ശങ്കിച്ചു പോകുന്ന ഓമനത്തം. ഇതുവരെ ആശ്രമത്തിലെത്തിയ അനാഥരിൽ വെളുത്തവൻ ഇവൻ മാത്രം.

കാക്കക്കൂട്ടത്തിലെ അരയന്നം പോലെ. അധഃകൃതരായ അനാഥക്കുഞ്ഞുങ്ങൾ വെളുത്ത നവാഗതനെ കയ്യിലേറ്റാൻ മത്സരിച്ചു.



malankaralibrary.com

പക്ഷേ ഇതൊരു വർഗ്ഗീയവഴക്കിനു വഴിതെളിച്ചു.

സവർണ്ണമേധാവികൾ രോഷത്തോടെ ആശ്രമത്തിലേക്ക് കയറിവന്നു. ആശ്രമാദ്ധ്യക്ഷന്റെ നേർക്ക് വിരൽചൂണ്ടി ഒരു മുട്ടാളൻ ചോദിച്ചു.

"താണജാതിയിലെ പിള്ളേർക്കൊപ്പം ഇവിടൊരു സവർണ്ണബാലനുണ്ടെന്നു കേൾക്കുന്നല്ലോ. അതേയോ?"

ശിഷ്യരുമായി ആബോ ഗിരിജന കോളനിയിലേക്കു പോകാൻ ഇറങ്ങുമ്പോഴാണ് ചോദ്യം.

ശാന്തസൗമ്യനായി മുറ്റത്തുനിന്ന് ആബോ ദൃഢമായി പറഞ്ഞു.

"ഇവിടെ കീഴ്ജാതിക്കാരോ മേൽജാതിക്കാരോ ഇല്ല. എല്ലാവരും സമന്മാരാണ്".

മുട്ടാളൻ ദേഷ്യംകൊണ്ടു വിറച്ചു.

"നിങ്ങടെ തത്വശാസ്ത്രമൊന്നും കേക്കാനല്ല ഞങ്ങൾ വന്നത്. വല്ല പൊലപ്പിള്ളാരുടേം കൂടെ അവനെ താമസിപ്പിക്കാനൊക്കത്തില്ല. അത്ര തന്നെ".

ഉച്ചത്തിലുള്ള വഴക്കുകേട്ട് ആശ്രമസ്ഥരെല്ലാം ഇറങ്ങി വന്നു. ആബോയുടെ സ്വരവും ഒന്നു കനത്തു.

"ശരീരത്തിന്റെ നിറംനോക്കി അവർണ്ണനെന്നും സവർണ്ണനെന്നും വേർതിരിക്കുന്ന മനുഷ്യാധമന്മാരേ, കറുത്തതോ വെളുത്തതോ ആയ തൊലിയുടെ അടിയിലൂടെ ഒഴുകുന്ന ചോരയുടെ നിറം എന്താണ്? ലോകത്തിലുള്ള സകലരുടേയും രക്തത്തിന്റെ ഘടന നോക്ക്. എല്ലാം ഒന്നാണെന്നു കാണാം".

എന്നിട്ടും അവർ പിന്തിരിയുന്നില്ല.

"എന്തോ പറഞ്ഞാലും അവനെ ഇരുവരുടെകുടെ താമസിപ്പിക്കാനൊക്കത്തില്ല".

പുച്ഛസ്വരത്തിൽ ആബോ പറഞ്ഞു.

"അത്രയേ വേണ്ടുവോ? ഞാൻ ഒരുക്കമാണ്. പക്ഷേ ഒരുപാധിയുണ്ട്. നിങ്ങളിലാരെങ്കിലും ഇവന്റെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കണം".

അവരുടെ നാവു താണു. എന്നിട്ടും ആബോ അവരെ വെറുതെ വിട്ടില്ല.

ഗൂഢസ്മിതത്തോടെ ആബോ തുറന്നു പറഞ്ഞു.

"ഒരുപക്ഷേ അതു നിങ്ങളിൽ ആരുടെയെങ്കിലും കടമ കൂടിയാണ്".



malankaralibrary.com

അതുകേട്ട് അവർ ഞെട്ടി നിൽക്കുമ്പോൾ ആബോ തുടർന്നു.

"ഈ വെളുത്ത കുഞ്ഞിന്റെ തള്ള ഒരു പുലയസ്ത്രീയാണെന്നാണ് ഞാനറിയുന്നത്".

അവർ പിന്നൊരുനിമിഷം നിന്നില്ല. ചിറതകർത്തൊഴുകിയ ജലപ്രവാഹംപോലെ മലയടിവാരത്തിലേക്ക് അവർ ഓടിമറഞ്ഞു.

അനാഥക്കുഞ്ഞുങ്ങളുടെ മുടി പറ്റെമുറിച്ചു. ഒരേ വേഷം നൽകി. ജോലികൾ നിർദ്ദേശിച്ചു. ഓരോരുവനും ഓരോ ശ്ലീഹായുടെ പേരും കൊടുത്തു.

കൊച്ചുകോടാലി തോളിലേറ്റി രാവിലെ അവർ കാട്ടിലേക്കു കയറും. വിറകുകെട്ടുകൾ തലച്ചുമടാക്കി ഉച്ചയോടെ മടങ്ങും. കൂടകളിൽ നിറയെ പഴുത്ത കാട്ടുനാരങ്ങയും നെല്ലിക്കയും കാണും.

വാഴനാരിൽ കോർത്ത ഇലഞ്ഞിപ്പൂക്കളും ചിലപ്പോൾ ഉണ്ടാകും. തങ്ങളുടെ അപ്പനും ഗുരുവും സംരക്ഷകനുമായ ആബോയ്ക്ക് അവർ അതു സമ്മാനിക്കും.

ആബോ അപ്പോൾ ഉപദേശിക്കും.

"മക്കളേ... ആദരവെല്ലാം കുരിശിനാണു കൊടുക്കേണ്ടത്".

അതുകേട്ടവർ ആശ്രമച്ചാപ്പലിലേക്കു കയറും. വലിയ കുരിശിൽ മാല ചാർത്തി പ്രാർത്ഥിക്കും.

മനുഷ്യൻ വേർതിരിച്ച വ്യത്യസ്ത ജാതികളിൽ പിറന്നവർ. എവിടൊക്കെയോ ജീവിച്ചിരിക്കുന്ന ആരുടെയൊക്കെയോ സന്താനങ്ങൾ. അഥവാ, അകാലത്തിൽ മൃതപ്പെട്ടവരുടെ ഓമനക്കുരുന്നുകൾ. അവർക്ക് ബഥനിയിൽനിന്നും ഒരമ്മയുടെ കാരുണ്യം കിട്ടുന്നു; ഒരപ്പന്റെ സംരക്ഷണം കിട്ടുന്നു.

ബഥനിക്കുവേണ്ടി എന്തുജോലിയും ചെയ്യാൻ അവർക്ക് വലിയ ഉത്സാഹമാണ്. ആശ്രമപ്പശുക്കളുടെ സംരക്ഷമാണവരുടെ മുഖ്യധർമ്മം. മാംസാഹാരം വർജ്യമാകയാൽ പാലും തൈരും ധാരാളം വേണമല്ലോ. അതിനായി വാങ്ങിയ പശുക്കൾ പത്തോളമുണ്ട്.

കൂട്ടത്തിൽ എല്ലാ ലക്ഷണവുമൊത്ത ഒരു ചുവന്ന പശുവുണ്ട്. പക്ഷേ പ്രായമായി; ആബോ അതിനു നല്ലൊരു പേരിട്ടിട്ടുമുണ്ട്. 'അമ്മച്ചിപ്പശു'. രോഗിയായി സെറാമ്പൂരിൽനിന്നും ഇവിടെയെത്തിയപ്പോൾ ധാരാളം പാലു കുടിക്കണമെന്ന് വൈദ്യന്റെ നിർദ്ദേശമുണ്ടായി. അന്നൊരാൾ ആബോയ്ക്കു കാഴ്ചവച്ച പശുവാണിത്.

അനാഥക്കുഞ്ഞുങ്ങളെ കാണുമ്പോൾ ആബോ മിക്കവാറും തെരക്കും.



malankaralibrary.com

"അമ്മച്ചി പശുവിന് സുഖമാണോ മക്കളേ?"

അതിന്റെ കറവ വറ്റി. എങ്കിലും ആബോ അതിനെ വിൽക്കില്ല. പുൽമേട്ടിലെ മരത്തണലിൽ ചാഞ്ഞുകിടന്ന് അയവിറക്കുന്ന അമ്മച്ചിപ്പശുവിന്റെ വിശാലമായ പള്ളയിൽ അനാഥക്കുഞ്ഞുങ്ങൾ ചെന്നുകിടന്നു മേളിക്കും. ആ കിടപ്പിൽ കിടന്നവർ പള്ളിപ്പാട്ടു പാടും. പാടിപ്പാടി ചിലപ്പോൾ ഉറങ്ങും. അതുവരെ മാറിയിരുന്ന് ബാലലീലകൾ കണ്ട സന്തോഷിച്ചിരിക്കുന്ന ആബോ ഓരോരുത്തരേയും വാരിയെടുത്ത് ആശ്രമത്തിൽ കൊണ്ടുപോയി കിടത്തും.

അനാഥരുടെ എണ്ണം കൂടുകയാണ്.

അതനുസരിച്ചുള്ള സ്ഥലസൗകര്യം ആശ്രമത്തിലില്ലാതായിരിക്കുന്നു.

"കുഞ്ഞുങ്ങൾക്കായി പ്രത്യേകം ഒരു പുര നമുക്കുണ്ടാക്കാം".

ആബോ തന്നെ സ്ഥാനവും നിർണ്ണയിച്ചു. ആശ്രമത്തിനുതൊട്ടു താഴെ.

തറ തല്ലിയുറപ്പിക്കാനും കാട്ടുകഴകൾ വെട്ടിയെടുക്കാനും കുഞ്ഞുങ്ങൾതന്നെ മുന്നിട്ടിറങ്ങി.

മേയാനുള്ള പുല്ലരിയാനായി രാവിലെതന്നെ അവർ വടക്കേമലയിലേക്കുപോയി. ഉച്ചയോടുകൂടി ഒരു കുന്നിലെ പുല്ലു മുഴുവൻ അരിഞ്ഞെടുത്തു. നൂറു നൂറ്റമ്പതു കെട്ടുകളാക്കി മരച്ചുവട്ടിൽ കുത്തിച്ചാരിവച്ചു.

ആബോയും അവരോടൊപ്പം കുറേനേരം വേലയിൽ മുഴുകി.

ക്ഷീണിച്ചപ്പോൾ മലയടിവാരത്തിലേക്ക് ഒറ്റയ്ക്കിറങ്ങി. അവിടൊരു വള്ളിക്കുടിലുണ്ട്. മുളങ്കാടിന്റെ സംഗീതവും. അതിനുള്ളിൽ ആബോ സ്വയംമറന്നിരുന്നു.

കാടിന്റെ ചൂളമോ മുളംകിളികളുടെ കലപിലയോ കേൾക്കാനാവാത്തപോലെ സ്വയം മറന്ന നിമിഷങ്ങൾ.

ഉള്ളിലെ വിളക്ക് ആളിക്കത്തുകയാണ്. അതിന്റെ പ്രകാശവലയം ക്രമേണ വളരുകയാണ്. അതു ശരീരത്തിനു വെളിയിൽപോലും പ്രസരിക്കുന്നതുപോലെ സ്വയം ബോദ്ധ്യപ്പെടുന്നു.

തത്ത്വമസിയുടെ തത്വം ആഴത്തിൽ അനുഭവപ്പെടുന്ന നിമിഷങ്ങൾ. അജ്ഞാതമായ ആത്മീയ ദർശനതലങ്ങൾ ഉൾവിളക്കിന്റെ പ്രകാശത്തിൽ വ്യക്തമാകുകയാണ്.

മനസ്സിന്റെ താളുകളിൽ മനോഹര കവിതകളായി അവ ആലേഖനം ചെയ്യപ്പെടുന്നു.

പെട്ടെന്നൊരു കൂട്ടക്കരച്ചിൽ കേട്ടു.



malankaralibrary.com

"കാട്ടു തീ വരുന്നേയ്-കാട്ടു തീ വരുന്നേയ്..."

ആബോ ധ്യാനത്തിൽനിന്നുണർന്ന് ശ്രദ്ധിച്ചു.

വടക്കേ മലയിൽനിന്നാണു വിലാപം.

അവിടെത്തുമ്പോൾ കണ്ണെത്താ ദൂരത്തുനിന്നും സർവ്വ സംഹാരിയായി വാപിളർന്നോടിവരുന്ന അഗ്നി രക്ഷസ്. ഉണങ്ങി നിൽക്കുന്ന പുൽമേടുകൾ നക്കിത്തുടച്ച് മലങ്കാറ്റിന്റെ ശക്തിരഥമേറി അലറിയെത്തുകയാണവൾ.

പുല്ലരിഞ്ഞുനിന്നവർ ഭയന്നോടി.

തീ പിടിക്കാത്ത കെട്ടുകൾ എടുക്കാനവർ കുതിച്ചു.

"മതി... മതി... ഓടിപ്പോന്നോളൂ..."

ആബോയുടെ നിർദ്ദേശം കേട്ട് കിട്ടിയതു ശിരസ്സിലേറ്റി അവർ ആശ്രമത്തിലേക്കു കുതിച്ചു.

പക്ഷേ അവിടേക്കും തീ പടർന്നു വരികയാണ്. പ്രാണഭീതിയോടെ മുരണ്ടുപായുന്ന കാട്ടു മൃഗങ്ങൾ.

നിസ്സഹായരായി ആശ്രമസ്ഥർ നോക്കിനിൽക്കേ തങ്ങളുടെ കൃഷിത്തോട്ടങ്ങളിലേക്ക് അഗ്നി ഇരച്ചുകയറുന്നു.

കാറ്റിൽ താളംപിടിച്ചുനിന്ന പച്ചതഴച്ച വാഴത്തോട്ടം കരിഞ്ഞു ചാരമായിക്കഴിഞ്ഞു.

ആബോയുടെ ശ്രദ്ധമുഴുൻ ആശ്രമത്തിലെ ഗ്രന്ഥപ്പുരയിലാണ്. അതിഥിപ്പുരയിൽ അടുക്കി വച്ചിരിക്കുകയാണ്, വിലപ്പെട്ട നൂറുകണക്കിനു ഗ്രന്ഥങ്ങൾ. അതിലേറെയും കൽക്കത്തയിൽവച്ചു മദർ ഈഡിത്ത് സംഭാവന ചെയ്തതാണ്.

"ലൈബ്രറി തീ പിടിക്കാതെ നോക്കണം". ആബോ ഇതു പറഞ്ഞപ്പോഴേക്കും സമീപത്തുള്ള പുല്ലും കരിയിലയുമെല്ലാം മാറ്റി വെള്ളം കോരി അവിടെല്ലാം ആശ്രമസ്ഥർ ഒഴിച്ചു.

ഭാഗ്യത്തിന് ആശ്രമം ദഹിച്ചില്ല.

അനാഥാലയം പൂർത്തീകരിച്ച് ആബോയും ശിഷ്യരും വീണ്ടും ചേരികളിലേക്കുപോയി. പാവങ്ങൾ നിറഞ്ഞ കോളനികളിൽ ചെല്ലുന്നതാണ് ആബോയ്ക്ക് ഏറെ ഇഷ്ടം. ഹിന്ദുവും ക്രിസ്ത്യാനിയും മുസ്ലീമും എല്ലാം ഒരു പിതാവിന്റെ പല മക്കളാണെന്നവരെ പഠിപ്പിക്കണം. നാനാവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന സാധുക്കൾക്കു മരുന്നു നൽകണം. പല രോഗത്തിനും കാരണം ശുചിത്വമില്ലായ്മയാണെന്നവരെ പഠിപ്പിക്കണം. ദുർഗ്ഗന്ധം നിറയുന്ന മലിനക്കൂമ്പാരങ്ങളായ ചേരികൾ അവരെക്കൊണ്ടു



malankaralibrary.com

തന്നെ വൃത്തിയാക്കണം. ദാരിദ്ര്യത്തിൽ വലയുന്നവരെ ഊട്ടിഉറക്കണം.

ചെരിപ്പിടാതെ ചേരികളിലെത്തുന്ന ഋഷീശ്വരൻ അവർക്കെല്ലാം ഒരു വിസ്മയമാണ്. എളിയവരിലൊരാളായിത്തീരുന്ന ആ ലാളിത്യത്തിൽ നാനാജാതി മതസ്ഥർ ആകൃഷ്ടരായി ഓടിക്കൂടുകയാണ്. കൂട്ടത്തൽ ധനാഢ്യനായ ഒരു ഹിന്ദുവും.

അയാൾ ആബോയുടെ മുമ്പിലെത്തി താണുതൊഴുതപേക്ഷിച്ചു.

"സ്വാമിൻ! അവിടുന്നെന്റെ വീട്ടിലേക്കെഴുന്നെള്ളണം".

നിവർന്നിരുന്നു ചേരിവാസികൾക്ക് സാരോപദേശം നൽകുന്നതിനിടയിൽ ആബോ ആരാഞ്ഞു.

"എന്തിന്?"

"എന്റെ മകൾ രോഗം കൂടി മരിക്കാറായിരിക്കുന്നു. സ്വാമിൻ രക്ഷിക്കണം". അയാളുടെ ശബ്ദം ഇടറി.

"രക്ഷയും ശിക്ഷയും എല്ലാ ഈശ്വരനിൽനിന്നു മാത്രം. ഓരോരുത്തർക്കും സഹിക്കാവുന്ന തരത്തിലുള്ള ജീവിത സാഹചര്യങ്ങൾ ലോകാരംഭം മുതൽക്കേ ദൈവം ഒരുക്കിവച്ചിരിക്കുകയാണ്. അതു മാറ്റാൻ നാം ആഗ്രഹിച്ചുകൂടാ. ചിലർ ചെറുപ്പത്തിലേ മരിച്ചുപോകുന്നതാവും നല്ലത്. അവർ ദീർഘായുസ്സായിരുന്നെങ്കിൽ പ്രലോഭനങ്ങൾക്ക് അടിപ്പെട്ട് നശിച്ച് ശാപഗ്രസ്തരായിത്തീർന്നേക്കാം". ആബോ അയാളെ നിരുത്സാഹപ്പെടുത്തി.

"അങ്ങെന്നെ ഉപേക്ഷിക്കരുതേ. ആണുംപെണ്ണുമായി എനിക്കവൾ മാത്രമേയുള്ളു സ്വാമിൻ. ചെയ്യാത്ത മരുന്നൊന്നുമില്ല". അയാൾ കരഞ്ഞു.

അതുകണ്ട് കരുണാമയനായ ആബോയുടെ മനസ്സ് നൊന്തു.

"ശരി. പുറപ്പെടാം".

വീട്ടിലേക്കു നടക്കുമ്പോൾ ആബോ തെരക്കി.

"എന്താണു മകളുടെ രോഗം?"

അതിനുള്ള മറുപടി വിങ്ങിപ്പൊട്ടിയുള്ള കരച്ചിലായിരുന്നു. കൂട്ടത്തിലൊരാൾ ആബോയോടു രഹസ്യമായി മന്ത്രിച്ചു.

"പ്രാന്താണ്".

"എത്ര നാളായി?"

കരച്ചിലോടെ അയാൾ പറഞ്ഞു.

"ആറേഴുമാസമായി. കുടുംബത്തിലാർക്കും ഇങ്ങനുണ്ടായിട്ടില്ല".



malankaralibrary.com

അവളുടെ മുറിതുറന്നു. ആബോ മുറിക്കു പുറത്ത് ധ്യാനനിമഗ്ന നായി നിന്നു.

ചങ്ങലകളിൽ കരുങ്ങിക്കിടന്ന അവൾ ഉടൻ ചാടിയെണീറ്റ് അപ്പനു നേരെ അലറി.

"പോ... പോ... കൊല്ലും... നിന്നെ ഞാൻ കൊല്ലും..."

മുടിയഴിച്ച് തലചുഴറ്റി ചാടിവന്ന അവളുടെ പിടിയിൽനിന്നും അയാൾ രക്ഷപ്പെട്ട് പുറത്തുവന്നു.

ആബോ മെല്ലെ മുറിയിൽ കയറി. അവളെ തറപ്പിച്ചൊന്നു നോക്കി. ജ്വലിക്കുന്ന ആ താപസമുഖം നോക്കാൻ വയ്യാതെ അവൾ ഞെട്ടി പിൻതിരിഞ്ഞു. അവളിലെ ദുരാത്മാവിനെ വേർതിരിക്കാൻ ആ ഒരു നോട്ടം മതിയായിരുന്നു.

"ഞാൻ പൊക്കോളാമേ... എന്നെ ഉപദ്രവിക്കല്ലേ... അവൾ ആബോയുടെ കാൽക്കൽവീണ് കേണു".

ആബോ വീട്ടുകാരോടു പറഞ്ഞു.

"ഇവളുടെ ബന്ധനങ്ങൾ അഴിച്ചു മാറ്റ്"

അവർ ഒന്നറച്ചു. വളരെ നാളുകളായി അവളെ കെട്ടിയിട്ടിരിക്കുകയാണ്. തുറന്നുവിട്ടാൽ പിന്നെ പിടിതരില്ല. കാണുന്നതെല്ലാം തകർക്കും. എല്ലാവരേയും ഉപദ്രവിക്കും. അട്ടഹസിച്ചുകൊണ്ട് ഓടിനടക്കും.

എങ്കിലും അവർ അവളെ സ്വതന്ത്രയാക്കി.

അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് ആബോയുടെ മുമ്പിൽ നിന്നു.

ആബോ അവളോടു പറഞ്ഞു.

"കുളിച്ചു വസ്ത്രം മാറി ഭക്ഷണം കഴിക്ക്".

അവൾ എല്ലാം അക്ഷരംപ്രതി അനുസരിച്ചു.

കണ്ടുനിന്നവർക്ക് വിസ്മയം

അവളുടെ അപ്പൻ ആബോയുടെ കാലിൽ വീണു നമസ്കരിച്ചു.

"ഇതെങ്ങനെ കഴിഞ്ഞു ഗുരോ?" ചേരിനിവാസികൾ അത്ഭുതത്തോടെ ചോദിച്ചു.

കഴുത്തിലണിഞ്ഞ മരക്കുരിശുയർത്തി അവരോടു പറഞ്ഞു.

"എല്ലാം ഈ കുരിശിന്റെ ശക്തിയാണ്".

വീട്ടുകാരൻ വിരുന്നൊരുക്കി. ആബോയെ ക്ഷണിച്ചു.



malankaralibrary.com

അലങ്കരിച്ച ഭക്ഷണമേശയ്ക്കരികിൽ ആബോ വന്ന് അവരോടു പറഞ്ഞു.

"ഇന്നെനിക്ക് ഉപവാസമാണ്"

വീട്ടുകാരുടെ മുഖം മങ്ങി.

ആബോ ഭക്ഷണം ആശീർവ്വദിച്ചശേഷം വീട്ടുകാരോടു പറഞ്ഞു.

"ചേരിയിലെ ഏറ്റവും പാവങ്ങളെ വരുത്തി ഈ പീഠത്തിലിരുത്തി അവർക്കിതു കൊടുക്കുക".

ചേരിയിൽനിന്നും ഒരു പുലയച്ചെറുക്കനെ അവർ വിളിച്ചു കൊണ്ടു വന്നു. തനിക്കുവേണ്ടി ഒരുക്കിയിട്ട പീഠത്തിൽ ആബോ അവനെ കയറ്റിയിരുത്തി.

അവൻ ആർത്തിയോടെ ഭക്ഷണം കുത്തിവാരി വിഴുങ്ങിത്തുടങ്ങി. നിമിഷങ്ങൾക്കുള്ളിൽ എല്ലാം അകത്താക്കി.

എന്നിട്ടവൻ ചേരിയിലേക്ക് ഓടിപ്പോയി.

അവന്റെ ദൈന്യമായ മുഖം ആബോയുടെ മനസ്സിൽ നിറഞ്ഞു നിന്നു. ആബോ അവനെ പിന്തുടർന്നു.

അവന്റെ പുലയക്കുടിലിലെത്തി. തന്തപ്പുലയൻ ഓലമെടഞ്ഞ് മുറ്റത്തു കുത്തിയിരിക്കുന്നു. പുലയിയും അരികിൽത്തന്നെ. കുടിലിനു മുമ്പിലെത്തിയ ആബോയെക്കണ്ട് പുലയനും പുലയിയും പിടഞ്ഞെണീറ്റ് അകലേക്കൊരോട്ടം.

ദൂരെ മാറി അവർ താണു കുമ്പിട്ടുനിന്നു.

ആബോ ആജ്ഞാപിച്ചു.

"ഇങ്ങടുത്തു വരൂ".

അവർ മൂക്കിൽ വിരൽവച്ചു അത്ഭുതത്തോടെ പറഞ്ഞു.

"ഇതെന്തു കൂത്ത്?".

"ഉം. വരാനല്ലേ പറഞ്ഞത്". ആബോയുടെ സ്വരം കടുത്തു.

അവർ ആലിലപോലെ വിറച്ച് പമ്മിപ്പരുമ്മി അടുത്തടുത്തു വന്നു.

ആബോ ഓടിച്ചെന്ന് പുലയന്റെ തോളിൽ കൈചേർത്തു നിന്നു. അവൻ ഭയന്നു നിലവിളിച്ചു.

"യ്യോ! വല്ലോരും കണ്ടാൽ എന്നെ വെച്ചേക്കത്തില്ലമ്പ്രാ... ഏൻ... തൂരെ മാറി നിന്നോളാമേ".

ആബോ അതു ഗൗനിച്ചില്ല.



malankaralibrary.com

"എനിക്കല്പം കുടിക്കാൻ വേണം".

അതുകേട്ട ഉടൻ മുറ്റത്തു കുലച്ചുനിന്ന തൈത്തെങ്ങിലേക്കവൻ ചാടിക്കയറി.

ആബോ അവനെ തടഞ്ഞു.

"കരിക്കല്ല വേണ്ടത്. കഞ്ഞിവെള്ളമുണ്ടെങ്കിൽ കൊണ്ടുവരൂ".

അവൻ തെങ്ങിൽ നിന്നിറങ്ങി വിഷമിച്ചുനിന്നു.

പുലയിയും മുഖം താഴ്ത്തി നിന്നു. അവൾ സങ്കടപ്പെട്ടു.

"കഞ്ഞോള്ളംല്ലമ്പ്രാ".

"എങ്കിൽ പച്ചവെള്ളം മതി".

ആബോ കുടിലിൽ കയറി. പുലയന്റെ കഞ്ഞികുടിക്കുന്ന ചട്ടി കണ്ടെത്തി-അതു കയ്യിലേന്തി നിന്നു. ചാളയിൽനിന്നും മൺകുടത്തിൽ പച്ചവെള്ളവുമായി പുലയൻ തിണ്ണയിലെത്തി.

അന്നത്തെ ആഹാരമായി ആബോ അതു പകർന്നുകുടിച്ചു.

മുറ്റത്തുനിന്ന യാക്കൂബ് ശെമ്മാശനോട് ആബോ നിർദ്ദേശിച്ചു.

"ഇവർക്കെന്തെങ്കിലും കൊടുക്ക്".

ശെമ്മാശൻ കുറച്ചു കാശെടുത്ത് പുലയക്കിടാവിന്റെ കയ്യിൽ കൊടുത്തു.

പകൽമുഴുവൻ നീണ്ട മിഷൻവേലകളോടെ ആബോയും ശിഷ്യരും ആശ്രമത്തിലെത്തി.

തെല്ലുവിശ്രമിക്കാൻ പായ നിവർത്തിയതേയുള്ളൂ. അനാഥക്കുഞ്ഞുങ്ങൾ ഓടിയെത്തി പറഞ്ഞു.

"താഴത്തെ സത്രത്തിൽ ഒരു വല്യപ്പൻ വന്നിരിപ്പുണ്ട്. പിതാവിനെ കാണണമെന്നു പറയുന്നു".

ആബോ അവരോട്;

"കുതിരയ്ക്കു ജീനി വച്ചുകെട്ടി സൂക്ഷിച്ച് കുതിരപ്പുറത്തു കയറ്റി ഇവിടെ കൊണ്ടുവരിക".

ആഗതനെക്കാത്ത് ആബോ താഴ്വാരത്തിലേക്കു നോക്കി നിന്നു. മുഷിഞ്ഞ് അവശനായ വൃദ്ധനെപ്പേറി കുതിരയെത്തി.

ഒറ്റനോട്ടത്തിൽ ആബോ തിരിച്ചറിഞ്ഞു.

'ദാവീദാശാൻ'.



malankaralibrary.com

ആബോയുടെ സാഗര ഹൃദയത്തിൽ ആനന്ദവീചികളിളകി. ആശ്രമസ്ഥരെ വിളിച്ചുകൂട്ടി. പ്രാകൃതനായ വൃദ്ധന്റെ മുമ്പിൽ ആശ്രമാദ്ധ്യക്ഷൻ തലതാഴ്ത്തി വണങ്ങിനിന്നു. 'ആരാണീ വയസ്സൻ?' ആശ്രമസ്ഥർ അത്ഭുതപ്പെട്ടു. അവർ പരസ്പരം സംശയത്തോടെ നോക്കിനിൽക്കെ ആബോയുടെ ആഹ്ലാദസ്വരം.

"ഇതാ...എന്നെ ഹരിശ്രീ പഠിപ്പിച്ച ഗുരുനാഥൻ".

കെട്ടിപ്പിടിച്ച് ഉമ്മവച്ച് ഭക്ഷണശാലയിലേക്ക് ആശാനെ ആബോ ആനയിച്ചു.

ആശാൻ ആനന്ദാശ്രുക്കളോടെ പറഞ്ഞു.

"അങ്ങയോളം ശ്രേഷ്ഠനായ മറ്റൊരു ശിഷ്യൻ എനിക്കില്ല. വല്ലപ്പോഴും ശമുവേൽ വീട്ടിൽ വരുമ്പോൾ ഇവിടുത്തെ കാര്യങ്ങളൊക്കെ അറിയിക്കും. കണ്ണടയുംമുമ്പ് ഇവിടെവന്ന് എല്ലാം ഒന്ന് കാണണമെന്നുണ്ടായിരുന്നു. തൃപ്തിയായി... ഇനി ഞാൻ പോട്ടേ..."

ദാവീദാശാൻ കുറച്ചു മാമ്പഴം കൊണ്ടുവന്നിരുന്നു. ഇവിടേക്കു പോരുന്നെന്നറിഞ്ഞ് പണിക്കരു വീട്ടിൽനിന്നും കൊടുത്തുവിട്ടതാണ്. അതെടുത്ത് ചെത്തിപ്പൂളാൻ ആശ്രമസ്ഥരെ ഏൽപ്പിക്കുന്നതിനിടയിൽ ആശാനോട് ആബോ പറഞ്ഞു.

"ആശാൻ നാളെപ്പോയാൽ മതി. വീട്ടുകാര്യങ്ങൾ നോക്കാൻ യോഹന്നാച്ചനുണ്ടല്ലോ അവിടെ".

ചെത്തിപ്പൂളിയ മാങ്ങാ എല്ലാവരും പങ്കുവച്ചു. അതിലൊരു മാങ്ങയണ്ടിയെടുത്ത് ആബോ ആശ്രമമുറ്റത്തു കുഴിച്ചിട്ടു.

എന്നിട്ട് ജോലിക്കാരോടു നിർദ്ദേശിച്ചു.

"നമ്മുടെ വള്ളത്തിൽ കയറ്റാവുന്നത്ര കൃഷിസാധനങ്ങൾ കയറ്റി ആ വള്ളത്തിൽത്തന്നെ നാളെ ആശാനെ മാവേലിക്കരയിലെത്തിക്കണം".


പോകുംമുമ്പ് ആശാൻ ശിഷ്യനെ അനുഗ്രഹിച്ചു.

"അങ്ങിനിയും വലിയവനാകട്ടെ. ഒരു മഹാത്മാവായിത്തീരട്ടെ".

✠



malankaralibrary.com



# 23

# ആശ്വാസഭവനം - ബഥനി

**ബാ**രിസോളിൽനിന്നും തിരുമൂലപുരത്തേക്ക്. മദർ ഈഡിത്തും സിസ്റ്റർ ഹെലനും മാത്രമല്ല; വേറെ രണ്ടു മദാമ്മമാരും. മിസ്സ് ഹോംസ്, പി.ആർ.ബ്രൂക്ക്സ്മിത്ത്. മിസ്സ് ഹോംസ്, മദറിന്റെ സഹപാഠിയാണ്. ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ മുപ്പതുവർഷം അദ്ധ്യാപികയായിരുന്നു. സന്ന്യാസാർത്ഥിനികൾ പതിനൊന്നുപേരും പഠനം പൂർത്തിയാക്കി അവരുടെ നേതൃത്വതണലിൽ ഉണ്ട്.

ആദ്യ ബഥനി മഠം മുണ്ടൻ മലയുടെ അടിവാരസത്രത്തിനടുത്ത് എവിടെയെങ്കിലും സ്ഥാപിക്കാനായിരുന്നു തന്റെ ആഗ്രഹം. എന്നാൽ അതിനേക്കാൾ സൗകര്യമായി തിരുമൂലപുരത്ത് വസ്തു കിട്ടിക്കഴിഞ്ഞു. പെൺപള്ളിക്കൂടത്തിനായി വസ്തു തന്റെ പേരിൽ എഴുതിത്തരണമെന്ന് അഭ്യർത്ഥിച്ചപ്പോൾ കണ്ടത്തിൽ വറുഗീസ് മാപ്പിള എത്ര സന്തോഷപൂർവ്വമാണതിനു സന്നദ്ധനായത്. എന്നാൽ മകൻ ഈപ്പൻ വക്കീലാണെതിർത്തത്. അവിടെയും പോളച്ചിറയ്ക്കൽ കത്തനാരുടെ ഇടപെടൽ ഉപകാരമായി. മഠം അങ്ങനെയുയർന്നു. മുണ്ടൻ മലയിൽനിന്നും തടി കിട്ടിയതിനാൽ ചെലവല്പം കുറഞ്ഞുകിട്ടി.

യാക്കോബായ സഭയിൽ സ്ത്രീജനോദ്ധാരണത്തിന്റെ ആദ്യകിരണ



malankaralibrary.com

ങ്ങളായി തിരുമൂലപുരം വിദ്യാലയം ഉദിച്ചുയർന്നു. ദൂരസ്ഥരായ പെൺകുട്ടികൾ പോലും അവിടെ പഠിക്കാനെത്തി. അവർക്കുവേണ്ടി ബോർഡിംഗ് തുടങ്ങി. മദാമ്മമാർ മാത്രമല്ല പഠിപ്പിക്കുന്നത്; ബാരിസോളിൽനിന്നും പഠിച്ചു വന്ന സന്ന്യാസാർത്ഥിനികളും. കുട്ടികൾക്കവർ കൊച്ചമ്മമാരായി.

സമയം കിട്ടുമ്പോഴൊക്കെ ആബോ സ്കൂളിലെത്തും; മറ്റൊരു കുട്ടിയുടെ ഇളം മനസ്സോടെ. ഓരോ കുട്ടിയുടെയും ബൗദ്ധികനിലവാരത്തിലേക്ക് താണിറങ്ങുന്ന ആബോയുടെ ചുറ്റും കുട്ടികൾ കൂടും. ഗുണപാഠകഥകളുടെ ആലിപ്പഴവർഷത്തിനായി കാത്തു നില്ക്കും. തന്റെ ആശകൾക്കും ആശയങ്ങൾക്കും വർണ്ണച്ചിറകു നൽകുന്ന യൂറോപ്യൻ കന്യാസ്ത്രീകളുടെ പ്രവർത്തനമഹിമ കണ്ട് ആബോയുടെ ഉള്ളം കുളിർത്തു.

സിസ്റ്റർ ഹെലന്റെ സേവനങ്ങൾ സ്കൂളിൽ മാത്രം ഒതുങ്ങുന്നില്ല. മലയാളം നന്നായി പഠിച്ചതിനാൽ തിരുമൂലപുരത്തെ സാധുഭവനങ്ങളിൽ അവർ നിരന്തരം ചെന്നു. ആതുരർക്കു മരുന്നു നൽകി. മതപഠനം നടത്തി. അധ:കൃതർക്കുവേണ്ടി മാത്രം ഒരു മലയാളം പ്രൈമറിസ്കൂളും തുടങ്ങി. 'നല്ലിടയന്റെ സ്കൂൾ' എന്ന് ആബോ അതിന് ഓമനപ്പേരിട്ടു.

തിരുമൂലപുരത്ത് ഇനിയും വികസനം വേണമെന്നായി ആബോ. മാനേജർ ചാക്കോച്ചനെ വരുത്തി ഒരു ജോലികൂടി ഏൽപ്പിച്ചു.

"ചാക്കോച്ചാ, തിരുമൂലപുരത്ത് നമുക്കു മഠമായി. അതിനടുത്തായി കുറച്ചുസ്ഥലം കൂടി നോക്കിവയ്ക്കണം. ഇതുപോലൊരാശ്രമം അവിടെ ഉണ്ടാക്കണം".

വസ്തു സമ്പാദിക്കുന്ന കാര്യം കേൾക്കുന്നതുതന്നെ ചാക്കോച്ചനു സന്തോഷകരമാണ്. ഏതെങ്കിലും പറമ്പ് ഇഷ്ടപ്പെട്ടാൽ അതു സ്വന്തമാക്കുന്ന മാന്ത്രികവിദ്യ ചാക്കോച്ചനുണ്ടെന്നാണു പറയപ്പെടുന്നത്. ഇതിനകം ബഥനിക്കുവേണ്ടി ആബോയുടെ പേരിൽ പലയിടത്തും വാങ്ങിയ വസ്തുവിന്റെ ആധാരവും മറ്റും കൈമാറിയശേഷം ചാക്കോച്ചൻ വീണ്ടും അന്വേഷണമായി.

* * * *

ബഥനിയുടെ പ്രകാശം താഴ്വരകളിലേക്കു തിളച്ചുതൂവുകയാണ്. സഭാകലഹത്തെപ്പറ്റി സംസാരിച്ചിരുന്ന നാവുകളിൽ ഇപ്പോൾ ബഥനിക്കാര്യങ്ങളേയുള്ളൂ. അറിഞ്ഞുകേൾക്കുന്നവ അനുഭവിച്ചറിയാൻ ദിനംതോറും കയറിവരുന്നവർ അനേകം. ഹൈന്ദവർപോലും സന്ന്യാസം അഭ്യസിക്കാൻ ബഥനിയിലെത്തുകയാണ്. ശാന്തിദാഹികളുടെ ആശംസകളും പ്രശംസകളും തിമിർത്തുപെയ്യുകയാണ്.



malankaralibrary.com

പക്ഷേ, കുറേ നാളുകളായി ആബോയുടെ മനസ്സിൽ പ്രയാസത്തിന്റെ ഇരുട്ട്. സന്ന്യാസാർത്ഥിനികളുടെ സന്ന്യാസപ്രതിഷ്ഠ ഇനിയും സാധിച്ചിട്ടില്ല. അവർക്കുവേണ്ട സകല പരിശീലനങ്ങളും പൂർത്തിയായിട്ട് വർഷങ്ങൾതന്നെ കഴിഞ്ഞിരിക്കുന്നു. പുരുഷന്മാരുടെ സന്ന്യാസപ്രതിഷ്ഠപോലെ സ്ത്രീകളുടേതു എളുപ്പമല്ല. അതിന് മെത്രാപ്പോലീത്തായുടെ സഹകരണം വേണം. സന്ന്യാസിനി പ്രതിഷ്ഠാകർമ്മം നടത്താൻ മേൽപ്പട്ടക്കാരനു മാത്രമേ അനുവാദമുള്ളു. ഇക്കാര്യത്തെപ്പറ്റി മെത്രാപ്പോലീത്തായോടു പറഞ്ഞപ്പോഴെല്ലാം ഓരോരോ കാരണം പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറുകയായിരുന്നല്ലോ.

ഇനി എന്തായാലും പ്രതിഷ്ഠാകർമ്മത്തിനു താമസമുണ്ടായിക്കൂടാ. മെത്രാപ്പോലീത്തയെക്കണ്ട് നിർബന്ധിക്കുക തന്നെ. അങ്ങനെ കരുതി ഇരിക്കുമ്പോഴാണ് മെത്രാപ്പോലീത്തായുടെ അടിയന്തിര സന്ദേശം കിട്ടുന്നത്. ഉടൻ കോട്ടയത്തേക്ക് ചെല്ലണമെന്നാണു കല്പന.

കാര്യമെന്തെന്ന് ഊഹിക്കാൻ ആബോയ്ക്കു കഴിഞ്ഞു. വട്ടിപ്പണക്കേസിന്മേലുള്ള ഹൈക്കോടതി വിധി ഉണ്ടായിരിക്കുന്നു. ആർ.വീരരാഘവ അയ്യരെന്ന ജഡ്ജിയാണ് വിധിച്ചിരിക്കുന്നത്.

തന്റെ ഗുരുവിനെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിക്കളഞ്ഞത് ശരിവച്ചുകൊണ്ടുള്ള വിധി!

തിരുമനസ്സിന് അത് ദുസ്സഹം തന്നെയാണ്. കീഴ്കോടതിയിലുണ്ടായതുപോലൊരു അനുകൂലവിധി ഹൈക്കോടതിയിൽ നിന്നുമുണ്ടാകുമെന്നായിരുന്നു പ്രതീക്ഷ. ചുംബനം പ്രതീക്ഷിച്ചു ചെന്നപ്പോൾ അടികിട്ടിയ അനുഭവം. ഭരണാവകാശം മെത്രാപ്പോലീത്തായിൽ നിന്നെടുത്ത് ശത്രുപക്ഷത്തെ ഏൽപ്പിക്കാനുമാണ് വിധിയിൽ നിർദ്ദേശം.

വിധികേട്ട് പാത്രിയർക്കീസ് പക്ഷം ആഹ്ലാദാരവത്താൽ ഇളകി മറിയുകയാണ്. മെത്രാപ്പോലീത്തായുടെ നേർക്ക് വിരൽ ചൂണ്ടി അലറുകയും ചെയ്യുന്നു.

"അബ്ദദ് മിശിഹാ പാത്രിയർക്കീസ് സ്ഥാനഭ്രഷ്ടനാണ്. അയാൾ കൊടുത്ത പട്ടത്തിന് യാതൊരു വിലയുമില്ല. അതിനാൽ അബ്ദദ്മിശാഹാ വാഴിച്ച കാതോലിക്കാബാവാ വെറുംചുവപ്പു വേഷക്കാരൻ മാത്രം".

ഇതുകേട്ട് മെത്രാപ്പോലീത്തായുടെ മനസ്സ് തകർന്നിട്ടുണ്ടാവും.

കല്പനപോലെ ആബോ പഴയ സെമിനാരിയിൽച്ചെന്നു. തിരുമനസ്സിനെക്കണ്ടു. കെണിയിൽപ്പെട്ട പറവയുടെ ചിറകുപോലെ വിറയ്ക്കുന്ന



malankaralibrary.com

കൈപിടിച്ചു മുത്തി. സ്ഥാനപ്പൊരുത്തമില്ലാത്ത കണ്ണുകളിൽ ഭീതിയുടെ കരിനിഴൽ.

പക്ഷേ കണ്ണുനീരില്ല. അദ്ദേഹം പറഞ്ഞു.

"ഇനിയിപ്പോൾ എന്താ കത്തനാരേ ചെയ്യുക".

"രണ്ടു കോടതിവിധികൾ രണ്ടുതരത്തിലായിരിക്കുന്നു. എങ്കിലും ആത്യന്തികവിജയം നമുക്കു തന്നെയാവുമെന്ന് എനിക്കുറപ്പുണ്ട്".

"അതെ. അതിനുള്ള വഴികളാലോചിക്കണം. അതിനുവേണ്ടികൂടെയാണ് കത്തനാരെ വരുത്തിയത്".

'പക്ഷേ, കോടതിയും വ്യവഹാരങ്ങളുമൊന്നും ദൈവനീതിക്കു നിരക്കുന്നതല്ല തിരുമനസ്സേ".

"ഒന്നും മനസ്സുകൊണ്ടല്ല. മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ടല്ലേ".

"എന്തായാലും വ്യവഹാരത്തിനൊന്നും ഞാൻ പങ്കാളിയാകയില്ല. ഇതിന്റെ ലാഭനഷ്ടക്കണക്കുകളിൽ എനിക്ക് താല്പര്യവും ഇല്ല".

"അങ്ങനെപറഞ്ഞ് ഒഴിഞ്ഞു മാററുത്. കത്തനാരിൽ മാത്രമാണെന്റെ സർവ്വ പ്രതീക്ഷയും".

"ബഥനിയുമായി ആ കാട്ടിലും മലയിലുമായി കഴിയാൻ എന്നെ അനുവദിക്കണമെന്നേ എനിക്കു പറവാനുള്ളൂ".

"വാസ്തവത്തിൽ ദൈവംതമ്പുരാൻ നേരിട്ടു തുടങ്ങിയതാണ് ബഥനി. അവിടെവന്നു കുറച്ചുനാൾ താമസിച്ച് പ്രാർത്ഥിക്കണമെന്ന് എത്ര നാളായി ആഗ്രഹിക്കുകയാണ്. പക്ഷേ, പ്രശ്നങ്ങൾ ഒഴിഞ്ഞിട്ടുവേണ്ടേ?"

"ഗുരുവായ അവിടുത്തോടൊപ്പം ബഥനിയിൽ താമസിക്കാൻ കഴിഞ്ഞാൽ അതെത്ര ഭാഗ്യമായിരുന്നു എനിക്ക്".

"പക്ഷേ അതുടനെ നടക്കുമെന്നു തോന്നുന്നില്ല കത്തനാരേ. ഞാൻ പാത്രിയർക്കീസിനെക്കാണാൻ ഉടൻ മർദ്ദീനിലേക്കു പോകുകയാണ്. വയസ്സായ നമുക്ക് ഈ ക്ലേശകരമായ യാത്രചെയ്യാൻ കഴിവുണ്ടായിട്ടല്ല. ഹൈക്കോടതിവിധി നമുക്കെതിരായ സ്ഥിതിക്ക് പാത്രിയർക്കീസിനെക്കണ്ട് എങ്ങനെങ്കിലും രമ്യപ്പെടുകയേ വഴിയുള്ളൂ".

പഴയ രണ്ടു പാത്രിയർക്കീസന്മാരും കാലം ചെയ്തു; അബ്ദദ് മിശിഹായും അബ്ദുള്ളായും. ഇപ്പോൾ ഭരിക്കുന്നത് ഏലിയാസ് തൃതിയൻ പാത്രിയർക്കീസ്. എങ്ങനെങ്കിലും അദ്ദേഹത്തിന്റെ കാലുപിടിച്ച് അംഗീകാരം നേടണം. അതിനുവേണ്ടിയാണ് ദുഷ്കരമായ കപ്പൽയാത്രയ്ക്ക് മെത്രാപ്പോലീത്താ ഇറങ്ങിത്തിരിക്കുന്നത്.



malankaralibrary.com

“യാത്രയിൽ ഒന്നുരണ്ടുപേരെക്കൂടി കൊണ്ടുപോകുന്നത് നന്നായിരിക്കും”. ആബോ അഭിപ്രായപ്പെട്ടു.

“രണ്ടുവൈദികരെയും രണ്ട് അൽമായരെയും കൂട്ടിക്കൊള്ളാം. പിന്നൊരു പ്രധാനകാര്യമുണ്ട്...”

ധ്യാനലീനവദനനായ ആബോ നിസ്സംഗനായി ശ്രവിച്ചു.

“എപ്പോൾ മടങ്ങിയെത്തുമെന്നു പറയാനാവില്ല. അതുവരെ ഇവിടുത്തെ ഭരണച്ചുമതല മുഴുവൻ നാം കത്തനാരെ ഏൽപ്പിക്കുന്നു.

പള്ളികളും പള്ളിക്കൂടങ്ങളും സെമിനാരികളും മറ്റെല്ലാസ്ഥാപനങ്ങളും ആബോയുടെ ഭരണനുകത്തിനു കീഴിലാവുകയാണ്. മറ്റൊന്നിലും കൈകടത്താതെ ബഥനിയിൽ മാത്രം പ്രവർത്തനനിരതനാകാനാണു ആബോയുടെ ആശ. പക്ഷേ, ഗുരുവായ മെത്രാപ്പോലീത്തായുടെ ഉത്തരവാദിത്തം ഉപേക്ഷിക്കാനും വയ്യ.

അധികാരപത്രം സ്വീകരിച്ചുകൊണ്ട് ആബോ പറഞ്ഞു.

“എനിക്കും അങ്ങയോടൊരു പ്രധാനകാര്യം ഉണർത്തിക്കാനുണ്ട്”.

പ്രിയശിഷ്യനെ വാത്സല്യാതിരേകത്താൽ കടാക്ഷിച്ച് അദ്ദേഹം പറഞ്ഞു.

“ഉം? എന്താണ്?”

“ബഥനിയുടെ കീഴിൽ പുരുഷന്മാർക്കായുള്ള ആശ്രമത്തിനു മാത്രമേ അങ്ങ് അനുവാദം തന്നിട്ടുള്ളൂ. കന്യാസ്ത്രീകളുടെ മഠത്തിനുള്ള അനുമതി ഇനിയെങ്കിലും തന്നനുഗ്രഹിക്കണം”.

“കത്തനാരച്ചാാാ...” മാർ ദിവന്നാസ്യോസിന്റെ മുഖത്ത് പെട്ടെന്ന് അനിഷ്ടം ഇരച്ചുകയറി. നരച്ച താടിമീശ ഇടതുകൈകൊണ്ട് പിടിച്ചുയർത്തി വിറയാർന്ന വലതുകൈയുടെ ചൂണ്ടുവിരൽ കൊണ്ട് കഴുത്തിൽ കുറുകെ അങ്ങോട്ടുമിങ്ങോട്ടും അറുക്കുന്ന തരത്തിൽ ആഗ്യം കാട്ടി.

കഴുത്തുപോയാലും സമ്മതിക്കില്ലത്രേ.

വിഷാദ മൗനത്താലാഴ്ന്നു നിൽക്കുന്ന അബൂന്റെ നേർക്ക് വീണ്ടും കഠിന വാക്കുകളുടെ ആഗ്നേയാസ്ത്രങ്ങൾ.

“കന്യാമഠങ്ങൾ നമ്മുടേതുപോലെ ബലഹീനമായ സഭയിൽ വിജയിക്കുകയില്ലെന്ന് നാം പലവട്ടം പറഞ്ഞതല്ലേ? ഇതൊക്കെ സഭയ്ക്ക് മാനക്കേടുണ്ടാക്കുകയേയുള്ളൂ. അതിലും ഭേദം അവരെ അറബിക്കടലിൽ കെട്ടിത്താഴ്ത്തുകയാണ്”.

ആബോയുടെ കണ്ണു നിറഞ്ഞു. നെഞ്ചുരുകി പ്രാർത്ഥിച്ചു. യാതൊന്നും ഉരിയാടാതെ മുറിവിട്ടിറങ്ങി.



malankaralibrary.com

പ്രതികൂല വിധിയറിഞ്ഞ് നേതാക്കളെല്ലാം എത്തിയിട്ടുണ്ട്.

ആബോയെക്കണ്ട് ഇലഞ്ഞിക്കൽ വക്കീൽ പറഞ്ഞു.

"കോടതിവിധിപ്രകാരം നമ്മൾ പഴയ സെമിനാരി ഉടൻ ഒഴിഞ്ഞു കൊടുക്കണം. ഇവിടെക്കയറിപ്പറ്റി ഭരണം നടത്താൻ മാർ കൂറിലോസും മറ്റും ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു".

മാമ്മൻ മാപ്പിളയും പറഞ്ഞു.

"പഴയസെമിനാരി പോലീസ് കസ്റ്റഡിയിൽ ആകുന്നെന്നും കേട്ടു".

ദു:ഖിതനെങ്കിലും ആബോ സൗമ്യനായി പറഞ്ഞു.

"ഇക്കാര്യത്തിൽ മിസ്റ്റർ ജോണിന് നിയമപരമായി പലതും ചെയ്യാൻ കഴിയും. അതുപോലെ മനോരമ പത്രത്തിലൂടെ മിസ്റ്റർ മാമ്മൻ മാപ്പിളയും പ്രതികരിക്കണം. എന്നാലും... ഈ വടംവലി ഉടനെയെങ്ങും ഒടുങ്ങുമെന്നു കരുതേണ്ടാ".

"പിന്നെന്താണൊരു പരിഹാരം?"

സമുദായ പ്രമാണിമാർ ഏക സ്വരത്തിൽ ആരാഞ്ഞു.

"പരിഹാരമുണ്ട്. താൽക്കാലികമല്ല. ശാശ്വതമായ പരിഹാരം തന്നെ". ആബോയുടെ ദൃഢസ്വരം

"എന്താണത്?" അവരുടെ ജിജ്ഞാസ തിളച്ചു.

അതിനുത്തരം മറ്റൊരു ചോദ്യമായിരുന്നു.

"നമുക്കു കത്തോലിക്കാ സഭയിൽ ചേർന്നാൽ എന്താണു തരക്കേട്?" അതു കേട്ടവരുടെ ഉള്ളൊന്നു ഞെട്ടി. മൗനം കനത്തുറഞ്ഞ നിമിഷങ്ങൾ.

അവർ കണ്ണോടുകണ്ണു നോക്കിനിന്നു.

പീലിപ്പോസ് വക്കീൽ മറ്റൊന്നു നിർദ്ദേശിച്ചുകൊണ്ട് മൗനം ഭഞ്ജിച്ചു.

"ഇപ്പോൾ സമുദായത്തിൽ സകലരുടെയും കണ്ണുകൾ എം.എ. അച്ചനിലും ബഥനിയിലുമാണ്. അച്ചനിൽ മാത്രമേ ജനങ്ങൾക്ക് വിശ്വാസവും പ്രതീക്ഷയുമുള്ളു. അതിനാൽ ഈ വ്യവഹാരസഭയിൽനിന്ന് ഭാഗം പിരിഞ്ഞ് സ്വതന്ത്രമായ ഒരു സഭ അച്ചൻ ആരംഭിക്കണം. എല്ലാവരും അതിൽചേരും".

പീലിപ്പോസിനെ ആബോ തറപ്പിച്ചൊന്നു നോക്കി.

"ഇപ്പോൾത്തന്നെ യേശുവിന്റെ തിരുശരീരം നൂറുനൂറായി കീറി മുറിഞ്ഞിരിക്കുന്നു. അതിനിയും മുറിക്കുകയാണോ വേണ്ടത്? മുറിവുണക്കുകയല്ലേ?"

അല്പം ആലോചിച്ച് മാമ്മൻ മാപ്പിള അഭിപ്രായപ്പെട്ടു.



malankaralibrary.com

"എം.എ.അച്ചൻ പറഞ്ഞതുപോലെ കത്തോലിക്കാസഭയിൽ ചേരുന്നതുകൊണ്ടു കുഴപ്പമൊന്നുമില്ല. പക്ഷേ നമ്മുടെ സമുദായത്തിൽ തലയെടുപ്പുള്ള നമ്മൾ കുറേപ്പേർ കത്തോലിക്കരായാൽ മറ്റുള്ളവർ ഇടയന്മാരില്ലാത്ത ആടുകളെപ്പോലെ വഴിതെറ്റിപ്പോകില്ലേ. അതുകൊണ്ട് എനിക്കു പറയാനുള്ളത്, കത്തോലിക്കാ സഭയിൽ ചേരുന്നെങ്കിൽ സമുദായം ഒന്നടങ്കം ചേരണം".

കെ.സി.മാമ്മൻ മാപ്പിള കത്തോലിക്കാസഭയുടെ ആരാധകനാണെന്ന് ആബോയ്ക്കറിയാം. പതിന്നാലു വർഷങ്ങൾക്കുമുമ്പ് മാമ്മൻ മാപ്പിള, കത്തോലിക്കാസഭയെപ്പറ്റി മനോരമ പത്രത്തിൽ എഴുതിയ ലേഖനത്തിലെ ചില വാക്യങ്ങൾ ആബോ ഓർക്കുന്നുണ്ട്.

"ലോകത്തിൽ ഇപ്പോൾ ഉള്ളതോ ഇതിനുമുൻപുണ്ടായിട്ടുള്ളതോ ആയ മഹാശക്തികളിൽ ഒന്നിനുപോലും കത്തോലിക്കാസഭയുടെ ശക്തിയോ മഹിമയോ ഇല്ല. മാർപ്പാപ്പാസ്ഥാനവും ഇതുപോലെതന്നെയാണ്. ലോക ധാർമ്മികതയുടെ ഏക ശബ്ദവും മാർപ്പാപ്പായുടെതു മാത്രമാണ്".

അതോർമ്മിച്ച് ആബോ പറഞ്ഞു.

"നമ്മെപ്പോലുള്ള നേതാക്കൾ ആദ്യം കത്തോലിക്കാസഭയിലേക്കു ചേർന്ന് വഴികാണിച്ചാൽ ബാക്കിയുള്ളവർ താനേ നമ്മെ അനുഗമിച്ചുകൊള്ളും".

അതുകേട്ട് കെ.വി.ചാക്കോയ്ക്കു സംശയം

"മട്ടാഞ്ചേരിയിലെ കൂനൻകുരിശുസത്യത്തിൽ നമ്മുടെ പൂർവ്വപിതാക്കന്മാർ എന്താ ശപഥം ചെയ്തത്? ഒരു നാളും ലത്തീൻ മെത്രാന് കീഴ്പ്പെടുകയില്ല എന്നല്ലേ?"

ആബോ വാചാലനായി.

"നിഷ്പക്ഷമായി ചിന്തിച്ചാൽ കൂനൻകുരിശുസത്യം അവിവേകമായിരുന്നില്ലേ? പോർട്ടുഗീസുകാരുടെ വരവും അടിച്ചമർത്തിയുള്ള അവരുടെ ഭരണവും മലങ്കര സുറിയാനിക്കാരെ അസഹ്യപ്പെടുത്തി എന്നതു നേര്. അതിനു പരിഹാരമുണ്ടാക്കാൻ അഹത്തുള്ളാ ബാവായെ നമ്മുടെ പൂർവ്വികർ ഇവിടേക്കു ക്ഷണിച്ചു എന്നതും നേര്. എന്നാൽ അദ്ദേഹത്തെ പോർട്ടുഗീസുകാർ കൊച്ചിയിലെ കായലിൽ കെട്ടിത്താഴ്ത്തിക്കൊന്നു എന്ന കിംവദന്തിപരത്തിയതു തെറ്റ്. അതിന്റെ വാസ്തവികത അന്വേഷിക്കാതെ ഉടൻ എടുത്തുചാടി ശപഥമെടുത്തതും തെറ്റ്".

"ആ തെറ്റുകളുടെ എല്ലാം തിക്തഫലങ്ങളാണ് നമ്മളിന്നനുഭവിക്കുന്നത്". പീലിപ്പോസ് വക്കീൽ ആബോയുടെ പക്ഷത്തു നിന്നു.



malankaralibrary.com

ദു:ഖത്തോടെ എം.എ.അച്ചൻ തുടർന്നു.

“സമുദായ വഴക്കുമൂലം നല്ലകാര്യങ്ങളൊന്നും ചെയ്യാൻ വയ്യാത്ത അവസ്ഥയിലാണു നമ്മൾ. ഞാൻ പ്രിൻസിപ്പാളായിരുന്ന കാലം മുതൽ ആഗ്രഹിക്കുകയായിരുന്നു എം.ഡി.സെമിനാരി ഹൈസ്കൂളിനെ ഒരു നല്ല കോളജാക്കി ഉയർത്തണമെന്ന്. ഈ കോലാഹലങ്ങളില്ലായിരുന്നെങ്കിൽ എന്നേ അതു സാദ്ധ്യമാകുമായിരുന്നു”.

“അതെങ്ങനെ നടക്കാനാണ് എം.എ അച്ചാ! നിധിയിരിക്കൽ മാണി യച്ചന്റെ കണ്ണീരുവീണ് കുതിർന്ന മണ്ണിലല്ല്യോ എം.ഡി.സെമിനാരി നിൽക്കുന്നത്”. കെ.വി.ചാക്കോ തുറന്നുപറഞ്ഞു.

അതിന്റെ ചരിത്രപശ്ചാത്തലം ആബോയ്ക്കു വ്യക്തമായറിയാം. വാരാപ്പുഴ രൂപതയിലെ കത്തോലിക്കാ മെത്രാനും പുലിക്കോട്ടു വലിയ തിരുമേനിയും പുനരൈക്യലക്ഷ്യത്തോടെ തുല്യ അവകാശത്തിൽ വാങ്ങിയ ‘വുഡ്ലാൻഡ്സ് എസ്റ്റേറ്റാ’ണിത്. പുനരൈക്യലക്ഷ്യത്തോടെ ‘നസ്രാണി ജാത്യൈക്യ സംഘം’ എന്ന പേരിൽ അന്നുതുടങ്ങിയ പ്രസ്ഥാനത്തിന്റെ കാര്യനിർവ്വഹണാലയത്തിനുവേണ്ടി വാങ്ങിയതായിരുന്നു ആ സ്ഥലം. ഒരു ദിവസം രാത്രിയിൽ പാവം മാണിയച്ചനെ ഭീഷണിപ്പെടുത്തി വുഡ്ലാൻഡ്സ് എസ്റ്റേറ്റിൽനിന്നും ഇറക്കിവിട്ട് ചതിവിൽ കൈക്കലാക്കിയ ഭൂമിയാണത്.

ആബോ പ്രത്യുത്തരിച്ചു.

“ആ അനുഭവം വച്ചുകൊണ്ടാണ് ബഥനിയെ സ്വതന്ത്രനിലയിൽ ഞാൻ സ്ഥാപിച്ചിട്ടുള്ളത്. വ്യവഹാരമോ കലഹമോ എന്തുണ്ടായാലും അതൊന്നും ബഥനിയെ ബാധിക്കുകയില്ല”.

“ബഥനിയെപ്പറ്റി ചോദിക്കുമ്പോഴൊക്കെ സുഖമാണ്, സുഭിക്ഷമാണ്, തൃപ്തികരമാണ് എന്നൊക്കെയേ അച്ചൻ പറയാറുള്ളല്ലോ. വാസ്തവത്തിൽ അങ്ങ് ഒരുപാടു കഷ്ടപ്പെടുന്നില്ലേ?” ജോൺ വക്കീൽ സങ്കടപ്പെട്ടു.

കെ.വി.ചാക്കോ ഒപ്പം കൂടി.

“ഭിക്ഷാടനം ചെയ്തല്ലേ ബഥനിയുടെ നിത്യവൃത്തി കഴിയുന്നത്?”

കൂട്ടുകാരുടെ സങ്കടനിമഗ്നമായ അന്വേഷണങ്ങൾക്ക് ആബോ ഇത്ര മാത്രം പറഞ്ഞു.

“പട്ടിണിയും ക്ലേശങ്ങളും ഉണ്ടാകാതെ പറ്റുമോ?”

ജോൺ വക്കീൽ അടുത്തുവന്ന് ആബോയുടെ കരംപിടിച്ചു പറഞ്ഞു.

“അച്ചൻ ഒന്നുകൊണ്ടും ബുദ്ധിമുട്ടരുത്. കടം വന്നാൽ ഞങ്ങൾ നികത്തിക്കൊള്ളാം. ബഥനി നടത്തിക്കൊണ്ടുപോവുകയാണാവശ്യം”.

✠



malankaralibrary.com



# 24

# അതിശയം ഈ ഈശ്വരപാലനം!

ആചാര്യാനുശാസനം അനുസരിക്കാൻ ഉത്സാഹമേയുള്ളു. അതേറെ ചുറുചുറുക്കോടെ നിറവേറ്റുകയുമാണ്. പക്ഷേ ഭരണ സാരഥ്യത്തെക്കാൾ തനിക്കഭിലഷണീയം മുണ്ടൻമലയിലെ ആരണ്യാന്തരമല്ലേ? അവിടുത്തെ, ഗംഭീരോദാത്ത നിശബ്ദതയിൽ മുങ്ങി നികുഞ്ജത്തിലോ ഗുഹാന്തരത്തിലോ ചെന്നിരിക്കാൻ മനസ്സു വെമ്പുകയല്ലേ?

എങ്കിലും ക്ഷമയോടെ കാത്തുകഴിയാം.

മാസങ്ങൾ പലതുകഴിഞ്ഞു. മെത്രാപ്പോലീത്തയും സംഘവും മർദ്ദീനിൽനിന്ന് യാത്ര തിരിക്കുന്നു.

ആബോ ചിന്തിച്ചു.

വയസ്സേറിയ ജീവിതസായാഹ്നത്തിൽ എന്തിനുവേണ്ടിയാണ് മെത്രാപ്പോലീത്താ തിരുമനസ്സ് ഇത്രയേറെ പാടുപെടുന്നത്? മലങ്കരസഭയുടെ ശ്രേയസ്സിനുവേണ്ടി മാത്രമല്ലേ? അദ്ദേഹത്തിന്റെ ധീരസാഹസിക പടപ്പുറപ്പാടിന് ഏത്രയേറെ നന്ദികാട്ടിയാലാണ് മതിയാവുക!

കുറഞ്ഞപക്ഷം ബോംബയിൽവരെ പോയി വന്ദ്യതിരുമേനിയെ സ്വീകരിച്ചാനയിക്കുക തന്നെ.



malankaralibrary.com

കൂട്ടിന് പാറേട്ട് മാത്യൂസ് കത്തനാരെ വിളിച്ചു.

മലങ്കരയിലെത്തിയാലുടൻ നൽകേണ്ട സ്വീകരണങ്ങളെപ്പറ്റി പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശനോടു നിർദ്ദേശിച്ചു.

ബോംബെയിൽ കപ്പലിറങ്ങിയ മെത്രാപ്പോലീത്താ വളരെ ക്ഷീണിതനായിരിക്കുന്നു. കാറ്റത്തുലഞ്ഞ് അലങ്കോലമായ നരച്ചമീശ. മുഷിഞ്ഞ വേഷം.

ചെന്ന് കൈമുത്തിയപ്പോഴേക്കും ചിലമ്പിച്ച പരുക്കൻ ശബ്ദത്തിൽ ശിഷ്യനോട്;

"കഷ്ടപ്പെട്ട യാത്രകളായിരുന്നെങ്കിലും ഒരുവിധം ആശ്വസിക്കാൻ വകയുണ്ട്".

ആബോയ്ക്ക് ആദ്യം അറിയേണ്ടത് സഭാകാനോൻ സംബന്ധിച്ച കാര്യമാണ്.

"കാനോൻ സംബന്ധിച്ച് പാത്രിയർക്കീസ് തിരുമനസ്സ് എന്തു വിധിച്ചു? ശരിയായ കാനോൻ, കോടതിയിൽ നമ്മൾ ഹാജരാക്കിയതെന്നോ അതോ എതിർകക്ഷികൾ ഹാജരാക്കിയ പതിനെട്ടക്ക കാനോൻ ശരിയെന്നോ?"

"പതിനെട്ടക്ക കാനോൻ കള്ളക്കാനോനാണെന്നുതന്നെ കല്പിച്ചു. പക്ഷേ... മറ്റു പലതിനും തൃപ്തികരമായ മറുപടിയൊന്നും കിട്ടിയില്ല".

"പിന്നെന്താണ് ഒരുവിധം ആശ്വസിക്കാൻ വകയുണ്ടെന്നു പറഞ്ഞത്?"

"അതൊരു രഹസ്യമാണ്". ആബോയുടെ തോളിൽപിടിച്ച് മറ്റുള്ളവരേക്കാൾ മുമ്പിൽനടന്ന് മെത്രാപ്പോലീത്താ സ്വരം താഴ്ത്തി പറഞ്ഞു.

"മർദ്ദീനിലേക്ക് പോകുംവഴിക്ക് ബാഗ്ദാദ് തീവണ്ടി നിലയത്തിൽവച്ച് അപ്രേം റഹമാനി പാത്രിയർക്കീസ് തിരുമേനിയെ കാണാനിടയായി".

"ഓഹോ! നമ്മുടെ സഭയിൽനിന്നും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട ആളാണല്ലോ അദ്ദേഹം". – ആബോയുടെ സ്വരത്തിൽ ആകാംക്ഷ.

"അതെ. അദ്ദേഹത്തോട് നാം കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞു. അപ്പോൾ തിരുമേനി പറയുകയാണ്. യാക്കോബായ പാത്രിയർക്കീസന്മാരെല്ലാം അധികാരമോഹികളാകയാൽ അവരുമായി അനുരഞ്ജനത്തിനു പോകരുതെന്ന്".

"പിന്നെന്തു നിർദ്ദേശമാണ് അദ്ദേഹം കല്പിച്ചത്?"



malankaralibrary.com

"കത്തോലിക്കാസഭയിൽ ചേരാനാണദ്ദേഹം നിർബന്ധിക്കുന്നത്. അതിനുവേണ്ട എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിട്ടുമുണ്ട്".

"എന്നിട്ട് തിരുമേനി എന്തുപറഞ്ഞു?"

"തീർത്തൊന്നും പറഞ്ഞില്ല. ഇവിടെവന്ന് പണിക്കരു കത്തനാരുമായി ആലോചിച്ച് അറിയിക്കാമെന്നു കരുതി. എങ്കിലും റഹമാനിത്തിരുമേനിയുമായി പുനരൈക്യത്തെപ്പറ്റി കുറച്ചുകൂടി ചർച്ചചെയ്യണമെന്നുണ്ടായിരുന്നു. കൂടെ ഇവരൊക്കെയുണ്ടായിരുന്നതിനാൽ അതിനുള്ള സൗകര്യം കിട്ടാതെ പോയി".

ആബോയുടെ ഉള്ളിൽ പലതരം ചിന്തകൾ തളിരിട്ടു പടർന്നു പന്തലിക്കുകയായിരുന്നു. ശാശ്വതശാന്തിക്കുള്ള വഴിയെന്ത്? മലങ്കര സഭയുടെ രക്ഷാമാർഗ്ഗമെന്ത്?

അധികാരപത്രമെല്ലാം മെത്രാപ്പോലീത്തായെ തിരിച്ചേൽപ്പിച്ച് ബഥനിയിലേക്കു ചെല്ലുമ്പോഴും മനസ്സിൽ അതു മാത്രമായിരുന്നു ചിന്ത.

പക്ഷേ മനസ്സു പറഞ്ഞു. യാതൊന്നും ധൃതിവച്ച് തീരുമാനിക്കാൻ പാടില്ല. ഗുരുവും പിതൃതുല്യനുമായ മെത്രാപ്പോലീത്താ തനിക്കു മുകളിലുണ്ടല്ലോ. അദ്ദേഹം തീരുമാനിച്ചു കല്പിക്കട്ടെ. അതനുസരിക്കുക മാത്രമാണ് തന്റെ ധർമ്മം.

മുണ്ടൻമലയിലെ കാറ്റേറ്റപ്പോൾത്തന്നെ എത്ര ആശ്വാസം. ലളിതാഭമായ പർണ്ണാശ്രമത്തിനുള്ളിലെ കുളിർമ്മയിൽ ചെന്നിരിക്കുമ്പോൾ ആകുലചിന്തകളുടെ മുൾപ്പടർപ്പിൽനിന്നും മനസ്സ് രക്ഷപ്പെടുകയല്ലേ?

കാവിയുടുത്ത സാധുക്കളും അനാഥക്കുരുന്നുകളും ആബോ, ആബോ എന്നു വിളിച്ച് ചുറ്റുംകൂടുമ്പോൾ എത്ര അലൗകികാനന്ദം!

ഇവിടെ അധികാരമോഹമില്ല. ഭൂമിയിലുള്ള യാതൊന്നിലും മമതയില്ല. നാളെയെപ്പറ്റി ആകുലതകളില്ല. തമ്പുരാനിൽ സർവ്വതുമർപ്പിച്ച് പ്രാർത്ഥനയിൽ ആഴ്ന്നിറങ്ങുന്ന ഭിക്ഷാംദേഹികൾ.

മെത്രാപ്പോലീത്തായുടെ ശീമയാത്രമൂലം കോട്ടയത്ത് മാസങ്ങൾതന്നെ കഴിയേണ്ടിവന്നു. ഇതിനിടയിൽ അനുഗ്രഹകരമായ പല മാറ്റങ്ങളും ആശ്രമത്തിനുണ്ടായിരിക്കുന്നു.

യാക്കൂബു ശെമ്മാശൻ വൈദികാഭിഷിക്തനായിരിക്കുന്നു. അദ്ദേഹം ഇപ്പോൾ ആശ്രമത്തിലെ ഗുരുവച്ചനായിത്തീർന്നിരിക്കുന്നു. അനാഥക്കുഞ്ഞുങ്ങളുടെ എണ്ണം കൂടിയിരിക്കുന്നു. നൂറോളം ഏക്കർ കാടുതെളിച്ച് പതിനായിരത്തിൽപരം റബ്ബർ തൈകൾ നട്ടിരിക്കുന്നു. പശുക്കളുടെ സംഖ്യ അൻപതോളമായി പെരുകി.



malankaralibrary.com

ഇതെല്ലാം കണ്ട് ഗുരുവച്ചനോടു ആബോ പറഞ്ഞു.

"കൊള്ളാം".

ഫാദർ യാക്കൂബ് വിനയത്തോടെ പറഞ്ഞു.

"പിതാവിന്റെ നിർദ്ദേശങ്ങൾപോലെ ഞങ്ങൾ ചെയ്തുവെന്നേയുള്ളൂ".

പുലരിയിൽ ദിവ്യബലിയർപ്പണം കഴിഞ്ഞ് നിൽക്കവേ ആശ്രമ മണി മുഴങ്ങി. പ്രഭാതഭക്ഷണത്തിനുള്ളതാണ്. കൈ കഴുകി ഊട്ടുപുരയിൽ കയറി.

ഓരോരുത്തർ ക്രമമായിവന്ന് വലിയ കുരിശിനുമുമ്പിൽ താണുതൊഴുത് നിലത്തു ചമ്രം പടിഞ്ഞിരുന്നു.

പ്രാർത്ഥിക്കാൻ ആബോ ദൃഷ്ടികളുയർത്തി. കണ്ണിൽ തെളിഞ്ഞത് ഒരു ഭീകര ഉരഗം! ഉത്തരത്തിൽ കെട്ടുപിണഞ്ഞ കരിമൂർഖൻ. അതു താഴേക്കു നോക്കിക്കിടക്കുന്നു.

ബഥനിവനത്തിൽ വന്നതിൽപിന്നെ എത്രയോ വിഷസർപ്പങ്ങളെ കണ്ടിരിക്കുന്നു. നിർത്താതെ കുരച്ചുകൊണ്ട് ഇക്കഴിഞ്ഞ രാത്രിയിൽ 'ടൈഗർ' തന്നെയല്ലേ ഒന്നിനെ കാട്ടിത്തന്നത്. പക്ഷേ ഇത്ര ഭയങ്കരമായതിനെ കാണുന്നത് ഇതാദ്യം.

ഭക്ഷണം കഴിച്ചുതീരുവോളം ആബോ ആരെയും വിവരമറിയിച്ചില്ല. തലേ രാത്രിയിൽ തുടങ്ങുന്ന മൗനവ്രതം പ്രഭാതഭക്ഷണശേഷമേ ഭഞ്ജിക്കാൻ പാടുള്ളല്ലോ.

തന്റെ നാമഹേതുകനും സർപ്പനാശകാരിയുമായ വിശുദ്ധ ഗീവറുഗീസ് സഹദായെ മനസ്സിൽ ധ്യാനിച്ച് പ്രാർത്ഥിച്ചു.

വിഷപ്പാമ്പാണെങ്കിലും ആബോയ്ക്കതിനോടനുകമ്പ തോന്നി. മന:പൂർവ്വം ഉപദ്രവിക്കാനെത്തിയതാവില്ല. വന്നവഴിയേ അതു പോകുന്നെങ്കിൽ പൊയ്ക്കൊള്ളട്ടെ.

കഞ്ഞികുടിച്ച് ദൈവത്തിനു സ്തോത്രം പറഞ്ഞ് ആശ്രമസ്ഥർ വരിയായി മൺചട്ടികളുമായി കൈകഴുകാൻ പുറത്തേക്കു പോയി.

ആബോ വീണ്ടും മുകളിലേക്കു നോക്കി.

സർപ്പം ശക്തിയായി ഒന്നിളകി. ചുരുളഴിച്ച് അത് മേച്ചിലിന്നുള്ളിലേക്കു കടക്കാൻ ഇഴയുകയാണ്.

അതപകടമാണല്ലോ! ആത്മഗതത്തോടെ ആബോ ആശ്രമസ്ഥരെ വിളിച്ചു.

"യ്യോ പാമ്പ്..." അനാഥക്കുഞ്ഞുങ്ങൾ ഭയന്നു.



malankaralibrary.com

"തല്ലിക്കൊല്ലട്ടെയോ" ആശ്രമസ്ഥർ ആബോയുടെ അനുവാദ മാരാഞ്ഞു.

"അല്ലാതെന്തുചെയ്യും?" അതിനെ ഉപദ്രവിക്കുന്നതിൽ മനസ്സില്ലാമ നസ്സോടെ ആബോ പറഞ്ഞു. കോശി സാധു പുറത്തേക്കു പാഞ്ഞു.

കവരംപോലെ അറ്റംവെട്ടിയ ഒരു മുളയുമായി വേഗം തിരച്ചെത്തി. സന്ന്യസിയായി ആശ്രമത്തിൽക്കഴിയുന്ന ഉമ്മൻ വാദ്ധ്യാരും ഐസക് സാധുവും വടികളുമായി താഴെ സജ്ജമായി നിന്നു.

മുളപൊക്കി ആഞ്ഞൊരുകുത്ത്. അതു തലയ്ക്കുതാഴെ കൃത്യമാ യികൊണ്ടു. സർപ്പം ഫണം വിരിച്ച് ചീറ്റി. വാ പിളർന്നു. വിഷപ്പല്ലുകൾ തെളിഞ്ഞു. നാവുനീണ്ടു. അതു മുളയിൽ വരിഞ്ഞു ചുറ്റി.

"കുത്തുവിടല്ലേ. രാജവെമ്പാലയാ..." നടുക്കത്തോടെ ആരോ വിളിച്ചു പറഞ്ഞു.

"ചത്താലും വിടില്ല. നിങ്ങൾ നോക്കിനിക്കാതെ കമ്പെടുത്തുതല്ല്"- കോശി സാധു പറഞ്ഞു.

കമ്പുയർത്തി അടിക്കാവുന്ന ഉയരമേയുള്ളൂ.

ഉടൻ അടി തുടങ്ങി. എല്ലാം തലയ്ക്കുതന്നെ. ശൗര്യം മൂത്ത് ചീറി മുളങ്കമ്പിൽ ആഞ്ഞതു കൊത്തി. പിന്നെ തളർന്നു. ചോര ഒഴുകിയ പത്തി തളർന്നു ചുരുങ്ങി. ചത്തെന്നു തീർച്ചയായപ്പോൾ മുള അയച്ചു. ധിം. ഊട്ടുശാലയുടെ നടുത്തളത്തിൽ അതുവീണു.

അതിനെ കമ്പിൽ തൂക്കി എല്ലാവരും കൂടി പുറത്തേക്കിറങ്ങി. യാതൊരനർത്ഥവും ഉണ്ടാകാത്തതിൽ ആബോ ദൈവത്തെ സ്തുതിച്ചു.

കുശിനിക്കാരൻ ആബോയെ സമീപിച്ച് ഒരു കാര്യം അറിയിച്ചു.

"പിതാവേ, ഉച്ചച്ചോറിന് അരി തെകയത്തില്ല".

"ഉള്ള അരിയെടുത്ത് അനാഥക്കുഞ്ഞുങ്ങൾക്കു കഞ്ഞിവച്ചുകൊടു ക്കുക. മറ്റുള്ളവർക്കു കപ്പയുണ്ടല്ലോ".

"കപ്പയും തീർന്നുപോയി".

"എങ്കിൽ നമുക്കു പട്ടിണികിടക്കാം. ഇതു ദൈവത്തിന്റെ കരുണ യാണെന്ന് വിചാരിച്ചാൽ മതി".

ഉച്ചയുടെ പ്രാർത്ഥനവരെ ആബോ സ്വന്തം തൗനായിൽ എഴുതുക യായിരുന്നു. സ്വജീവിതാനുഭവങ്ങൾ പലതും എഴുതിക്കൊണ്ടിരിക്കുക യാണ്. സമയക്കുറവിനാൽ ഇതുവരെ പൂർത്തിയാക്കാൻ കഴി യാതെപോയ പല പുസ്തകങ്ങളുമുണ്ട്.



malankaralibrary.com

പ്രാർത്ഥനയ്ക്കുള്ള ആശ്രമമണി മുഴങ്ങി. ചാപ്പലിൽ കയറി ഏറ്റം മുന്നിൽ ആശ്രമാദ്ധ്യക്ഷൻ മുട്ടുകുത്തി. പിന്നിൽ മറ്റുള്ളവരും. ആശ്രമം തുടങ്ങിയതിനുശേഷം ഇന്നാദ്യമാണ് ദൈവം തങ്ങളെ പട്ടിണിക്കിടുന്നത്.

ഉപവാസം ആശ്രമസ്ഥർക്കു ശീലമാണ്. എങ്കിലും ആഹാരത്തിനു വകയില്ലാതെ ഉപവസിക്കുന്നത് ഇതാദ്യം.

സ്വയം പട്ടിണി കിടക്കാം. അതാനന്ദമാണ്. പക്ഷേ തന്റെ സർവ്വസ്വമായ അനാഥക്കുഞ്ഞുങ്ങൾ...; എല്ലാ സുഖസമൃദ്ധിയും വിട്ടുപേക്ഷിച്ച് തന്റെ വിളികേട്ടിറങ്ങിത്തിരിച്ച സന്ന്യാസസന്താനങ്ങൾ...

ആബോയുടെ കണ്ണുകൾ തുളുമ്പി. കാടുപിടിച്ച കറുത്ത മീശയിലൂടെ കാട്ടരുവിപോലെ കണ്ണീരൊഴുകി.

ചാപ്പലിലെ വലിയ തടിക്കുരിശിലേക്കു നോക്കി ആബോ ഇടനെഞ്ചിൽ ആഞ്ഞടിച്ചു. നെഞ്ചിലുയർന്ന പെരുമ്പറ മുഴക്കം ചാപ്പലിൽ പ്രതിദ്ധ്വനിച്ചു.

തൊട്ടുപിന്നിൽ മുട്ടുകുത്തിയ യാക്കൂബ് അച്ചനും ഗുരുവിനെ അനുകരിച്ചു.

ശബ്ദംകേട്ട് ആബോ പിന്തിരിഞ്ഞു നോക്കി. സഗൗരവം ചോദിച്ചു.

"അച്ചൻ എന്തിനാണെടോ നെഞ്ചത്തടിച്ചത്?"

പേടിയോടെ മറുപടികൊടുത്തു.

"പിതാവ് നെഞ്ചിലിടിക്കുന്നതു കണ്ട്".

"വേണ്ടാ, നിങ്ങൾക്കെല്ലാവർക്കും വേണ്ടിയാണ് ഞാനിടിച്ചത്".

ഉടൻ ആശ്രമത്തിനു പുറത്ത് സന്ദർശകർ ആരോ മണിമുഴക്കി.

ചാപ്പലിൽനിന്നും വരാന്തയിലെത്തി നോക്കുമ്പോൾ അപരിചിതനായ വൃദ്ധൻ വലിയൊരു കുട്ട തലയിൽ ചുമന്നു നിൽക്കുന്നു.

"കൊറച്ചു വെള്ളേപ്പമാ. ഒന്നു പിടിച്ചു താഴ്ത്തിയാട്ടെ".

സന്ന്യാസികൾ കുട്ട താഴ്ത്തി ആശ്രമത്തിണ്ണയിൽ വച്ചു.

വൃദ്ധന് പഴവും വെള്ളവും കൊടുത്ത് ആബോ പുഞ്ചിരിയോടെ പറഞ്ഞു.

"അങ്ങനെ, പട്ടിണികിടക്കാനുള്ള പരമഭാഗ്യവും നമുക്കു നഷ്ടമായി".



malankaralibrary.com

ഉച്ചയ്ക്കും വൈകിട്ടും സുഭിക്ഷമായി ഭക്ഷിക്കാനുള്ളത് കുട്ടയിലുണ്ട്. പക്ഷേ, നാളേക്കെന്തു ചെയ്യും? നെൽപ്പിരിവിനായി കുട്ടനാട്ടിലേക്കുപോയ അലക്സിയോസച്ചൻ ഇനിയും വന്നിട്ടില്ല. അവിടെത്തന്നെ നെല്ലു കുത്തി അരിയാക്കി ചാക്കിൽ നിറച്ച് വള്ളത്തിൽ കയറ്റി ഇങ്ങെത്തേണ്ടേ? എന്നുവരുമെന്ന് പറയാനാവില്ല.

കുശിനിക്കാരനാണ് പരിഭ്രമത്തിലായത്. വീണ്ടും ആശ്രമപിതാവിനോടു വിഷമം പറയാൻ വയ്യ. അതിനാൽ ഗുരുവച്ചനെ സമീപിച്ചു. അന്നത്തെ ഭക്ഷണച്ചുമതല അദ്ദേഹത്തിനാണു താനും.

പരുങ്ങലോടെ കുശിനിക്കാരൻ പറഞ്ഞു.

"നാളത്തേക്കെന്തു ചെയ്യും. അരി തീരെയില്ല".

"വിഷമിക്കേണ്ടാ. ഇന്നത്തെപ്പോലെ എന്തെങ്കിലും വഴി ദൈവം കാണിച്ചുതരും". ഗുരുവച്ചൻ അയാളെ ആശ്വസിപ്പിച്ചു വിട്ടു.

ആശ്രമത്തിൽ അരി തീർന്ന കാര്യം എല്ലാവർക്കുമറിയാം. അതിനാൽ പട്ടിണി അനുഭവിക്കാൻ തയ്യാറായിത്തന്നെ പിറ്റേന്നവർ ഉറക്കമുണർന്നു.

ആശ്രമത്തിലെ സമയസൂക്ഷിപ്പുകാരൻ ഭക്ഷണമണി അടിച്ചില്ല. അയാൾ വേറെ ജോലികളിൽ മുഴുകി.

പക്ഷേ ഗുരുവച്ചൻ മണി മുഴക്കി.

അവർ പരസ്പരം ചോദിച്ചു.

"കഴിക്കാനൊന്നുമില്ലല്ലോ. പിന്നെന്തിനു മണിയടിക്കുന്നു".

എങ്കിലും എല്ലാവരും ഊട്ടുശാലയിൽ കടന്നു. ആശ്രമ പിതാവും സാകൂതം എത്തി. പാത്രങ്ങളുമായി നിലത്തിരിക്കുന്നവരുടെ നടുവിൽനിന്ന് ഗുരുവച്ചൻ പ്രാർത്ഥിച്ചു.

"കർത്താവേ, സകല കണ്ണുകളും നിങ്കലേക്കു നോക്കുന്നു. എന്തെന്നാൽ തക്കസമയത്ത് അവിടുന്ന് ഞങ്ങൾക്ക് ആഹാരം നൽകുന്നു".

ആവി ഉയരുന്ന കഞ്ഞിയുമായി കുശിനിക്കാരൻ എത്തി.

അരി എവിടെനിന്നു കിട്ടി എന്നറിയാൻ ഏവർക്കും ആകാംക്ഷ.

തലേരാത്രിയിൽ ആശ്രമസ്ഥരെല്ലാം ഉറക്കമായപ്പോൾ നെൽപ്പുര തുറന്ന്, യാക്കുബ് അച്ചൻ കുറച്ചു നെല്ലെടുത്തു. കുശിനിയിൽ അതു പുഴുങ്ങി. വറകലത്തിലിട്ടു വറുത്തുണക്കി. ആരെയും അറിയിക്കാതെ ഉരലിലിട്ടു കുത്തി. മുറത്തിൽ പാറ്റിക്കൊഴിച്ചെടുത്തു. അതിരാവിലെ ഉണർന്നെണീറ്റ കുശിനിക്കാരനെ അരി ഏൽപിച്ച് തൗനായിൽ ഉറങ്ങാൻ പോയി.



malankaralibrary.com

പക്ഷേ അദ്ദേഹം ഇതൊന്നും ആരെയും അറിയിച്ചില്ല.

ആശ്രമസ്ഥരുടെ അതിശയം അപ്പോഴും ബാക്കിനിന്നു.

ദൈവസ്നേഹത്തിന്റെ ആഴം തൊട്ടറിഞ്ഞ നിമിഷങ്ങൾ. ഒരു ദിവസംപോലും പട്ടിണിക്കിടാതെ കഴിയാൻ ദൈവം ഓരോരുത്തരെ കരുവാക്കുന്നുവല്ലോ. അതിരുകളില്ലാത്ത ദൈവസ്നേഹത്തിനുമുന്നിൽ എന്തു മറുപടിയാണ് കൊടുക്കുക.

ഊട്ടുശാലയിലെ വലിയ മരക്കുരിശെടുത്ത് സ്വന്തം തോളിലേറ്റി ആബോ മുട്ടുകുത്തിനിന്ന് കഞ്ഞി കോരിക്കുടിച്ചു.

അതുകണ്ട് ശിഷ്യരും ഓരോ പരിഹാരക്രിയകളിലേക്കു തിരിഞ്ഞു.

യാക്കൂബച്ചൻ മുൾമുടി ശിരസ്സിൽ ഉറപ്പിച്ച് മുട്ടുകുത്തി നിന്നു.

“ദൈവത്തെയോർത്തു വല്ലതും തരണേ...” മറ്റുള്ളവർ മുട്ടുകുത്തി നിന്നു യാചിച്ചു കഞ്ഞി വാങ്ങിക്കുടിച്ചു.

✠



malankaralibrary.com



# 25

# മെത്രാനാകേണ്ടാ

ആശിച്ചതുപോലെ ആശ്രമത്തിനുള്ള സ്ഥലം തിരുമൂലപുരത്തു കിട്ടി. മഠത്തിൽനിന്നും കിഴക്കോട്ട് ഏറിയാൽ അരമൈൽ ദൂരമേയുള്ളൂ. ആശ്രമമാതൃക മുണ്ടൻ മലയിലേതുതന്നെ. മണ്ണിട്ടുറപ്പിച്ചു ചാണകം മെഴുകിയ തറ. പകുതി മണ്ണുകൊണ്ടും ബാക്കി പരമ്പുകൊണ്ടും തീർത്ത ചുമരുകൾ. ഓലമേഞ്ഞ മേൽക്കൂര. എല്ലാം ചേർന്ന് ഏഴെട്ടുമുറികൾ.

മുണ്ടൻമലയിൽനിന്നും കുറച്ച് ആശ്രമസ്ഥരുമായി ആബോ തിരുമൂലപുരത്ത് താമസവുമായി. മഠവും പള്ളിക്കൂടവും തൊട്ടടുത്താകയാൽ അക്കാര്യങ്ങളിലും ശ്രദ്ധിക്കാമല്ലോ.

എവിടെപ്പോയാലും ഗുരുവിനെ നിഴൽപോലെ പിഞ്ചെല്ലുന്ന യാക്കുബച്ചന്റെ ശിക്ഷണത്തിൽ സന്ന്യാസികളായ സ്തേപ്പാനോസും പുളിക്കീഴുകാരൻ വർഗീസും മറ്റും എത്തിയിട്ടുണ്ട്.

അവിടെ പടിഞ്ഞാറേ അറ്റത്തെ മുറിയാണ് ആബോയുടെ തൗന. ജനൽ തുറന്നിട്ട് ആബോ എഴുതിക്കൊണ്ടിരിക്കുകയാണ്. മേശമേൽ ചിതറിക്കിടക്കുന്ന കനത്തഗ്രന്ഥങ്ങൾ ഇടയ്ക്കിടെ തുറന്നു നോക്കുന്നുണ്ട്.



malankaralibrary.com

ഏകാഗ്രചിത്തനായി എഴുതുന്നതിനിടയിൽ ആരോ വെളിയിൽ വന്ന് നിൽക്കുന്നതുപോലെ തോന്നുന്നു. ജനൽവഴി ദൃഷ്ടികളയച്ചു.

കറുത്തു മെലിഞ്ഞ ഏതോ ഒരു ചെക്കൻ. കണ്ടിട്ടൊരു പുലയക്കുട്ടിയെപ്പോലെ. ദൈന്യമായ മിഴികളുയർത്തി കൂപ്പുകയ്യോടെ നിൽക്കുന്ന അവനെക്കണ്ട് ആബോയുടെ ഉള്ളലിഞ്ഞു.

"മകനേ, നീ എന്തിനാ വന്നത്?"

"പിതാവിനെക്കാണാൻ".

"എന്താ നിന്റെ ആവശ്യം?"

"എനിക്കു മാമോദീസാ മുങ്ങണം".

ആബോ എഴുത്തു നിർത്തി. അവനെ ഉറ്റുനോക്കി ചോദിച്ചു

"എന്തിനാ മാമോദീസാ മുങ്ങുന്നത്".

"എന്റെ ആത്മാവിനു രക്ഷ കിട്ടാൻ". ആത്മീയ പാഠങ്ങൾ പഠിച്ചുറച്ചവനെപ്പോലെ സുധീരമായ മറുപടി.

ആബോ അവന്റെ അടുത്തെത്തി തോളിൽ പിടിച്ച് വാത്സല്യപൂർവ്വം ആരാഞ്ഞു.

"നീ വല്ലതും കഴിച്ചോ കുഞ്ഞേ? ഇല്ലെങ്കിൽ വാ". അവനെയും കൂട്ടി ആബോ ഭക്ഷണമുറിയിലേക്കു നടന്നു.

പാത്രത്തിൽനിന്നും ചൂടുപാൽ പകർന്ന് അവനു കൊടുത്ത് ആബോ വീണ്ടും തെരക്കി.

"നിന്റെ പേരെന്താ കുഞ്ഞേ?"

"യാക്കോബ് എന്നാണെന്നെ വിളിക്കുന്നത്".

"നിന്നെപ്പറ്റിയുള്ള വിശദവിവരങ്ങൾ കേൾക്കട്ടെ".

"ഞാനൊരു പുലയനാണു പിതാവേ. തോട്ടം കങ്കാണിമാരുടെ അടിമയായിരുന്നു എന്റമ്മ. ഒരു ദിവസം കങ്കാണി എന്റെ കുടീന്ന് എന്നേം അടിമയാക്കാൻ പിടിച്ചോണ്ടുപോയി. വാവിട്ടു നെലവിളിച്ച അമ്മയുടെ മുമ്പിലേക്കവർ ഒരു രൂപാ എറിഞ്ഞുകൊടുത്തു. പക്ഷേ, ഞാനവരുടെ കണ്ണു വെട്ടിച്ച് ഒളിച്ചോടി. അങ്ങനെ ഞാൻ തുമ്പമണ്ണിലെത്തി. കളരിക്കൽ വീട്ടിലെ മത്തായി അപ്പച്ചൻ എന്നെ വീട്ടിൽ വേലയ്ക്കു നിർത്തി. കർത്താവിനെക്കുറിച്ചെല്ലാം അപ്പച്ചനാ എന്നെ പഠിപ്പിച്ചത്. എനിക്കു ക്രിസ്ത്യാനിയാകണമെന്നു ഞാമ്പറഞ്ഞു. ഒത്തിരി യാക്കോബാ പള്ളികളിൽ അപ്പച്ചനെന്നേം കൊണ്ടുപോയി അവിടുത്തെ അച്ചന്മാരോടു പറഞ്ഞു എന്നെ മാമ്മോദീസാ മുക്കണമെന്ന്".



malankaralibrary.com

“എന്നിട്ട്?” ശ്രദ്ധാപൂർവ്വം അവന്റെ കഥകൾ കേൾക്കുകയാണ് ആബോ.

“പക്ഷേ, എടവകക്കാരെല്ലാം എതിർത്തു. പൊലയനെ പള്ളിപ്പരിസരത്തുപോലും കേറ്ററുതെന്നവർ പറഞ്ഞു. പിന്നെ അപ്പച്ചൻ എന്നേം കൊണ്ട് പിതാവിനെക്കണ്ട് സങ്കടം പറയാൻ പെരുന്നാട്ടിലെ ബഥനി മലയിൽ വന്നു. പക്ഷേ പിതാവവിടെ ഇല്ലായിരുന്നു. അലക്സിയോസച്ചൻ കൊറേ പുസ്തകം തന്നു വിട്ടു. അതു വായിച്ചിട്ട് ചെല്ലാൻ പറഞ്ഞു. പിന്നേം ചെന്നു. തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കത്തിന് ആറു കവിഞ്ഞൊഴുകുവാരുന്നു. അപ്പച്ചനും ഞാനും കൂടി ആറു നീന്തിക്കടന്നാ മുണ്ടൻമലമേൽ വന്നത്. അപ്പോഴും പിതാവവിടെ ഇല്ലായിരുന്നു. അതുകൊണ്ടാ പിതാവിനെക്കാണാൻ ഇവിടെ വന്നത്”.

അവൻ കണ്ണീരോടെ കഥ പറഞ്ഞൊതുക്കി.

അവന്റെ കണ്ണീർ തുടച്ച് ആബോ ആശ്വസിപ്പിച്ചു.

“മകനേ, നിനക്കു ഞാൻ മാമോദീസാ നൽകാം. ക്രിസ്ത്യാനിയായശേഷം നിനക്കു വീട്ടിൽ പോകണമോ?”

“പിതാവിന്റെ ഇഷ്ടം പോലെ”.

“എങ്കിൽ ഇന്നു മുതൽ നീ ഇവിടെ താമസിച്ചു കൊള്ളുക”.

അന്നത്തെ തപാലിൽ മെത്രാപ്പോലീത്തായുടെ കത്ത്.

ഉടൻ പരുമല സെമിനാരിയിലേക്കു ചെല്ലണമത്രേ.

എന്തിനാണ്? എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല.

എങ്കിലും യഥാസമയം അവിടെത്തി.

മെത്രാന്മാരുടെ സൂനഹദോസിനുള്ള ഒരുക്കങ്ങളാണവിടെ. മെത്രാന്മാരെല്ലാം വന്നുചേർന്നു. സമുദായനേതാക്കളും.

മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിനു വയസ്സായി വരികയാണ്. പ്രശ്നങ്ങളുടെ ഘോരവീചികൾ ഒന്നിനു പിന്നാലെ മറ്റൊന്നായി അലറിയടിക്കുകയാണ്. കരുത്തനായ ആ അമരക്കാരന്റെ നിയന്ത്രണത്തിൽ സഭാനൗക ഇത്രനാളും സുരക്ഷിതമായിരുന്നു. പക്ഷേ ഇനി അതിനു ശക്തിയില്ല. പിന്നിലേക്കുമാറി വിശ്രമിക്കണം. അതിനുമുമ്പേ ശക്തനായൊരു പുതിയ അമരക്കാരനെ കണ്ടെത്തണം. സഭയുടെ ഗണ്യമായ ഏക വരുമാനമായ വട്ടിപ്പണംപോലും അനുഭവിക്കാൻ വിധിയില്ലാതായിരിക്കുന്നു. ഈ ദുർഘടാവസ്ഥയിൽ സഭയ്ക്കൊരു ധീരതേരാളി അനിവാര്യമായിരിക്കുന്നു. അതാരാവണം എന്ന കാര്യത്തിൽ ആർക്കും രണ്ടഭിപ്രായമില്ല. എല്ലാ നാവുകളും ഏക സ്വരത്തിൽ ഉദ്ഘോഷിച്ചു.



malankaralibrary.com

"ഫാദർ പി.റ്റി.ഗീവറുഗീസ്."

സകല ദൃഷ്ടികളും ആബോയെ അഭിനന്ദനപൂർവ്വം പൊതിഞ്ഞു. പ്രതീക്ഷിച്ചിരുന്ന രക്ഷകനെ കണ്ടെത്തിയ ആഹ്ലാദം ആ വീക്ഷണങ്ങളിൽ വ്യക്തമായിരുന്നു.

ആബോയെ ഇരുകൈകളാൽ ചുറ്റിപ്പിടിച്ച് മെത്രാപ്പോലീത്താ പറഞ്ഞു.

"കാതോലിക്കാ വാഴ്ചയ്ക്കായി അബ്ദദ്മിശിഹാ തിരുമേനിയെ ഇവിടെ വരുത്തിയ അങ്ങേയ്ക്കു തക്ക സമ്മാനം തരണമെന്ന് അന്നേ നാം നിശ്ചയിച്ചുവച്ചതാണ്. ഇപ്പോൾ അതിനു സമയമായിരിക്കുന്നു".

പക്ഷേ ആബോയുടെ മുഖം തെളിഞ്ഞില്ല. അദ്ദേഹം ചിന്തിച്ചു. മെത്രാപ്പോലീത്താ ആയതുകൊണ്ടല്ലേ തന്റെ ഗുരുനാഥന് എല്ലാ സ്വസ്ഥതയും നഷ്ടമായത്? പ്രശ്നങ്ങളെ നേരിടാനല്ലാതെ ദൈവത്തെ തേടാൻ അദ്ദേഹത്തിനു നേരമില്ലല്ലോ. എല്ലാ അധികാരങ്ങളും വെറുത്തുപേക്ഷിച്ചതുകൊണ്ടല്ലേ തനിക്ക് ദൈവസമ്പാദനം സാദ്ധ്യമാകുന്നത്.

ആബോ പറഞ്ഞു.

"ദയവായി അവിടുന്നു പൊറുക്കണം. ഈ രക്തസിംഹാസനം സ്വീകരിക്കാൻ എന്നെ നിർബ്ബന്ധിക്കരുത്".

മെത്രാപ്പോലീത്താ കുഴങ്ങി. ശിഷ്യനാണെങ്കിലും എല്ലാക്കാര്യങ്ങൾക്കും അദ്ദേഹം വഴങ്ങണമെന്നില്ല. ദൈവിക വെളിപാടു ലഭിക്കാതെ യാതൊരു കാര്യങ്ങൾക്കും തലകുലുക്കുന്ന ആളല്ല തന്റെ ശിഷ്യൻ. അതറിഞ്ഞുകൊണ്ടുതന്നെ മെത്രാപ്പോലീത്താ ചോദിച്ചു.

"സഭാന്തരീക്ഷം കലുഷമാണ്. ഈ സാഹചര്യത്തിൽ സഭയെ രക്ഷിക്കാൻ പണിക്കരു കത്തനാരെക്കൊണ്ടേ പറ്റൂ. അതുകൊണ്ട് ഇതിനു എതിരു പറയരുത്".

"പദവികളും അധികാരങ്ങളും ഉപേക്ഷിച്ചവനാണു ഞാനെന്ന് അങ്ങേയ്ക്കറിയാമല്ലോ. ബഥനിയുടെ പ്രവർത്തനങ്ങളുമായി കഴിഞ്ഞുകൂടാൻ എളിയവനായ എന്നെ അനുവദിക്കണം".

"പക്ഷേ പണിക്കരു കത്തനാരെ മേല്പട്ടക്കാരനാക്കാനുള്ള തീരുമാനം പരിശുദ്ധ സൂനഹദോസു കൂടി തീരുമാനിച്ചതാണ്. അതു സ്വീകരിക്കാൻ കത്തനാർക്കു ബാദ്ധ്യതയില്ലേ?"

നാനാവശത്തുനിന്നും നിർബന്ധം തന്നിലേക്കു തറയ്ക്കുകയാണ്. ആബോ ചിന്തിച്ചു. ചിന്തയിൽ തന്റെ സന്ന്യാസിനികളുടെ രോദനം ചിലമ്പുന്നതുപോലെ. പരിശീലനമെല്ലാം കഴിഞ്ഞിട്ടും അവരുടെ വ്രതാനുഷ്ഠാനത്തിന് ദിവന്നാസ്യോസ് തിരുമേനി അനുവദിക്കുന്നില്ല. സന്ന്യാ



malankaralibrary.com

സിനികളെപ്പറ്റി കേൾക്കുന്നതുപോലും അദ്ദേഹത്തിന് അനിഷ്ടമായിരിക്കുന്നു. എന്നാൽ സന്ന്യാസാശ്രമസ്ഥാപനം മുതൽ സന്ന്യാസിനീ മഠവും തുടങ്ങാൻ താൻ എത്രയോ ആഗ്രഹിച്ചതാണ്. ഇപ്പോൾ സകലരും മെത്രാനാകാൻ തന്നെ ഹേമിക്കുകയും ചെയ്യുന്നു. മെത്രാനായാൽ മറ്റാരുടേയും ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ സന്ന്യാസിനികളുടെ പ്രതിഷ്ഠ നടത്താം. അതു ബഥനിയുടെ പ്രവർത്തനങ്ങൾക്ക് എത്രയോ സഹായകമാകും.

എങ്കിൽ മെത്രാഭിഷേകത്തിനു സമ്മതിച്ചാലോ!

ആബോയുടെ ഉള്ളുണർന്നു. മുഖം തെളിഞ്ഞു.

സൂനഹദോസിനു മുമ്പിൽ ആബോ പ്രഖ്യാപിച്ചു.

"ആദരണീയരായ നിങ്ങളുടെ നിർബന്ധത്തിനു ഞാൻ കീഴടങ്ങുന്നു. പക്ഷേ, ഒരു കാര്യം..."

എല്ലാവരും ചെവിയോർത്തിരുന്നു. ആബോ തുടർന്നു.

"കാട്ടിൽ തപസ്സനുഷ്ഠിക്കുന്ന സന്ന്യാസിയാണു ഞാൻ. മെത്രാനായേ പറ്റൂ എങ്കിൽ ദയവായി എന്നെ ബഥനിയുടെ മാത്രം മെത്രാനായി വാഴിച്ചുകൊള്ളുക".

ബഥനിയുടെ സവിശേഷതകൾ എല്ലാവർക്കുമറിയാം. അതു സ്വതന്ത്രമാണ്. പാത്രിയർക്കീസിനോ കാതോലിക്കായ്ക്കോ മെത്രാപ്പോലീത്തായ്ക്കോ ആർക്കും അതിൽ ഭരണാവകാശമില്ല. ബഥനി വളർന്നു പന്തലിച്ച് സഭയുടെ തണലായിത്തീരുകയാണ്. ഇപ്പോൾത്തന്നെ അതു സഭയുടെ നെടുങ്കോട്ടയായിത്തീർന്നിട്ടുണ്ട്. അപ്പോൾ അതിനു മാത്രമായി ഒരു മെത്രാനെ വാഴിക്കുന്നതു നല്ലതുതന്നെ.

മെത്രാപ്പോലീത്താ പ്രത്യുത്തരിച്ചു.

"ശരി അങ്ങനെയാവട്ടെ. മറ്റുപാധികളൊന്നുമില്ലല്ലോ?"

"ഒന്നുകൂടിയുണ്ട്. മെത്രാഭിഷേകവേളയിൽ ലെയോ മാർപ്പാപ്പ തുടങ്ങിയ പല വിശുദ്ധരെയും ശപിക്കുന്ന പതിവ് നമുക്കുണ്ടല്ലോ. അതു ഞാൻ ചെയ്യുകയില്ല".

എന്നാൽ ആചാരത്തെ മുറുകെ പിടിച്ച് മെത്രാപ്പോലീത്താ പറഞ്ഞു.

"അങ്ങനെ ശപിക്കാൻ കാരണമുണ്ടല്ലോ. കൽക്കദോനിയാ സൂനഹദോസിൽവച്ച് നമ്മുടെ പൂർവ്വപിതാവായ യാക്കോബോ ബുർദ്ദോനെ അവർ സഭയിൽനിന്നു ബഹിഷ്കരിച്ചതുകൊണ്ടല്ലേ".

"പക്ഷേ, നമ്മുടെ പ്രാർത്ഥന പുസ്തകത്തിലുണ്ടല്ലോ, റോമിലെ പാത്രിയർക്കീസായ മാർപ്പാപ്പാ, വിശുദ്ധനായ പത്രോസിന്റെ യഥാർത്ഥ പിൻഗാമിയാണെന്ന്. അങ്ങനെയുള്ള പരമ പരിശുദ്ധസ്ഥാനത്തെ നിന്ദിക്കുന്നതു ശരിയാണോ തിരുമേനി?"



malankaralibrary.com

പക്ഷേ, അതൊന്നും കേൾക്കാൻ മെത്രാപ്പോലീത്താ തയ്യാറല്ല. തന്റെ ഭാഗം ന്യായീകരിക്കാനാണ് അപ്പോഴും മെത്രാപ്പോലീത്തായുടെ ശ്രമം.

സത്യമെന്തായാലും ഗുരുനാഥനോട് വാഗ്വാദം തുടരാൻ ആബോ ആഗ്രഹിച്ചില്ല. എങ്കിലും തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു.

"ഞാൻ ആരെയും ശപിക്കുകയില്ല. ആരെയും ശപിച്ച് എനിക്കു മെത്രാൻ സ്ഥാനം വേണ്ടാ".

മെത്രാപ്പോലീത്താ പിന്നെതിർത്തില്ല. തന്റെ നിലനിൽപ്പിന് പണിക്കരച്ചനെ ഏതു വിധേനയും മെത്രാനാക്കുകയാണാവശ്യം.

എല്ലാ ഉപാധികളും സൂനഹദോസ് അംഗീകരിച്ചു.

മെത്രാഭിഷേകത്തിനു മുമ്പുള്ള റമ്പാൻ സ്ഥാനം കൊടുക്കേണ്ട തീയതി നിശ്ചയിച്ചു.

ആളുകൾ ഒഴിഞ്ഞപ്പോൾ മെത്രാപ്പോലീത്താ രഹസ്യമായി ആബോയെ വിളിച്ച് സ്വന്തം മുറിയിലേക്ക് കൊണ്ടുപോയി കതകടച്ചു.

സുപ്രധാനമായതെന്തോ ആലോചിക്കാനാണെന്നു വ്യക്തം.

പെട്ടിയിൽ സൂക്ഷിച്ചിരുന്ന ഒരെഴുത്തെടുത്ത് ശിഷ്യനെ ഏൽപിച്ചു പറഞ്ഞു.

"റഹമാനി പാത്രിയർക്കീസ് അയച്ചുതന്നതാണ്. വായിച്ചു നോക്ക്".

മടക്കു നിവർത്തി ആബോ വായിച്ചു.

"... നാം യാക്കോബായ വിശ്വാസം ഉപേക്ഷിച്ച് കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനായ റോമാ മാർപ്പാപ്പയുടെ വിശുദ്ധ സംസർഗ്ഗത്തിൽ ജീവിക്കുന്നു. ലോകമാസകലം ഒരിടയനും ഒരു തൊഴുത്തും എന്ന നമ്മുടെ കർത്താവിന്റെ കല്പനപ്രകാരം നിങ്ങളും മലങ്കരയിലുള്ള സഭ മുഴുവനും നമ്മോടു യോജിക്കണം".

മാർ വട്ടശ്ശേരിൽ നിർദ്ദേശിച്ചു.

"ഇപ്പോൾത്തന്നെ ഇതിനൊരു മറുപടി എഴുതി നമ്മെ ഏൽപ്പിക്കണം. അദ്ദേഹത്തിന്റെ പേർക്ക് നാമത് അയച്ചുകൊടുത്തു കൊള്ളാം. റഹമാനി പാത്രിയർക്കീസുമായി യോജിച്ച് കത്തോലിക്കനാകാൻ എനിക്കു സമ്മതമാണ്".

വെട്ടിത്തുറന്ന് അങ്ങനൊരു മറുപടി മെത്രാപ്പോലീത്തായിൽ നിന്നു തീരെ പ്രതീക്ഷിച്ചില്ല. പ്രതികൂലമായ കോടതിവിധിയുടെ കനത്ത അടിയേറ്റ് അദ്ദേഹം തകർന്നുകഴിഞ്ഞിരിക്കുന്നു. ഇനിയുള്ള ഏക രക്ഷാമാർഗ്ഗം കത്തോലിക്കനാവുകതന്നെ. മെത്രാപ്പോലീത്തായുടെ തീരുമാനം ഏറ്റം മഹത്തരം തന്നെ. എങ്കിലും ആബോ ചോദിച്ചു.

"അങ്ങനെ എഴുതാമോ?"



malankaralibrary.com

"അങ്ങനെതന്നെ എഴുതാം". ഉറച്ച മറുപടി.

കണ്ണുകൾ പൂട്ടി അല്പനേരം ചിന്തിച്ചിരുന്നശേഷം ആബോ എഴുതിത്തുടങ്ങി. ആലോചനയ്ക്കായി എഴുത്തു നിർത്തുമ്പോഴൊക്കെ മെത്രാപ്പോലീത്താ പറഞ്ഞു.

"ഏതാണ്ടു രണ്ടേമുക്കാൽ നൂറ്റാണ്ടായി നമ്മുടെ പൂർവ്വികർ കിണഞ്ഞു ശ്രമിക്കുകയാണ് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ. പക്ഷേ ഇതുവരെ ആർക്കും വിജയിക്കുവാൻ കഴിഞ്ഞിട്ടില്ല".

കത്തു പൂർത്തിയാക്കി മെത്രാപ്പോലീത്തായെ ഏൽപ്പിച്ച് ആബോ എഴുന്നേറ്റു. തിരുവല്ലായിലേക്കു തിരിച്ചുപോയി. അവിടെനിന്നും തിരുമൂലപുരത്തേക്കു നടന്നു.

എം.ജി.എം. ഹൈസ്കൂളിനു സമീപത്തു കൂടിയാണ് നടക്കുന്നത്. ആബോയുടെ ചുവടുകൾ മന്ദഗതിയിലായി. ഹൈസ്കൂളിലേക്കു കയറിയാലോ!

സ്വന്തം സമുദായത്തിലെ ചിലർ ചേർന്ന് 'വീരഭാരതി' എന്നൊരു പുതിയ പ്രസിദ്ധീകരണം ആരംഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനരംഗം ഇവിടെയാണല്ലോ. അതിന്റെ കഴിഞ്ഞ ലക്കം വായിച്ചതു മുതൽ വിചാരിക്കുകയാണ് അതിന്റെ അണിയറ ശില്പികളെ ഒന്നു കാണണമെന്ന്.

അഭിനന്ദിക്കാനല്ല; ശാസിക്കാൻ

മാർത്തോമ്മാസഹോദരങ്ങൾ അവരുടെ 'നവഭാരതി' എന്ന മാസികയിലൂടെ യാക്കോബായ മെത്രാൻകക്ഷികളെ അധിക്ഷേപിച്ചുവത്രേ. വട്ടിപ്പണ വ്യവഹാരത്തിന്മേൽ ഹൈക്കോടതി വിധി തങ്ങൾക്ക് എതിരായി വന്നതു മുതലെടുത്ത് അവർ നവഭാരതിയിലൂടെ യാക്കോബായ സഭയെ അവഹേളിച്ചിരിക്കുന്നു. എന്നാൽ ഇങ്ങനെ തരംതാഴ്ന്നതരത്തിൽ പ്രതികരിച്ചാലോ. എതിരാളികളെ വാക്കുകൾ ചുഴറ്റി എറിഞ്ഞു മുറിപ്പെടുത്തിയാലോ!

അതുകൊണ്ട് വീരഭാരതി നിർത്തണമെന്ന് അവരെക്കണ്ട് ഉപദേശിക്കണം.

വിചാരിച്ചതുപോലെ വീരഭാരതിയുടെ പ്രവർത്തകരെല്ലാം ഹൈസ്കൂളിലുണ്ട്. ആബോയുടെ അപ്രതീക്ഷിതമായ വരവിൽ അവർ ആശ്ചര്യപ്പെട്ടു.

വന്ന ഉടൻ ആബോ അവരോടു ചോദിച്ചു.

"യേശുദേവന്റെ ഗിരിപ്രഭാഷണം നിങ്ങൾ വായിച്ചിട്ടില്ലേ?"

"ഉണ്ട്".



malankaralibrary.com

“എന്താണവിടുന്നു പഠിപ്പിച്ചത്? പല്ലിനു പകരം പല്ലെന്ന രീതിയിൽ പ്രതികാരം ചെയ്യാനോ, ക്ഷമിക്കാനോ?”

“ക്ഷമിക്കാൻ”.

വീരഭാരതിയുടെ ഒരു പ്രതി കയ്യിലെടുത്തുയർത്തി ആബോ ശബ്ദിച്ചു.

“പിന്നെന്തിനിതിൽക്കൂടി ഈ ലിഖിതശണ്ഠ നടത്തുന്നു. നിർത്തിക്കൂടേ?”

“പക്ഷേ, മാർത്തോമ്മാക്കാർക്കുകൂടി ഈ നല്ല ബുദ്ധി തോന്നേണ്ടേ എം.എ. അച്ചോ. നവഭാരതിയുടെ ഓരോ ലക്കത്തിലൂടെയും അവർ നമ്മളെ ക്രൂരമായി നോവിക്കുകയാണ്”.

“അതൊക്കെ എന്തുകൊണ്ട് ഭാഗ്യമായിക്കരുതി സഹിക്കുന്നില്ല. ഏഴേഴുവീതം എഴുപതുതവണ - അതായത് അതിരുകളില്ലാതെ ശത്രുവിനോടു ക്ഷമിക്കാനല്ലേ ഗുരു നമ്മെ പഠിപ്പിക്കുന്നത്?”

“പക്ഷേ... അച്ചോ... അത്...” അവർ ഉരുണ്ടുകളിക്കുകയാണ്.

ആബോ തറപ്പിച്ചു പറഞ്ഞു.

“എനിക്കൊന്നേ പറയാനുള്ളൂ. വീരഭാരതി ഉടൻ നിർത്തണം. എന്താ, നിർത്തുകില്ലേ?”

“അവർ നവഭാരതി നിർത്താമെങ്കിൽ വീരഭാരതിയും നിർത്തിയേക്കാം”. സമുദായ ഭ്രാന്തുമൂലം അനുസരിക്കാൻ അവർക്കാവാത്തതുപോലെ.

“ഓഹോ, അങ്ങനെയാണോ?” ഗൗരവത്തോടെ പറഞ്ഞ് ആബോ രണ്ടാം നിലയിലേക്ക് ഓടിക്കയറി.

എന്തിനുള്ള പുറപ്പാടാണെന്നറിയാതെ സർവ്വരും വിരണ്ടു നിന്നു.

രണ്ടു ബഞ്ചുകൾ അവിടെ ചേർത്തുവച്ച് ആബോ അതിൽക്കിടന്നു. പടികയറി അവിടെയെത്തിയ പ്രസാധകരോട് ആബോ വ്യക്തമാക്കി.

“വീരഭാരതി നിർത്തുന്നില്ലെങ്കിൽ മരിക്കുംവരെ ഞാനിവിടെ കിടക്കും; യാതൊന്നും ഭക്ഷിക്കാതെ”.

കേട്ടുനിന്നവർ ഞെട്ടി.

വാർത്ത നാടെങ്ങും പരന്നു.

നാടിളകി.

അനേകർ ഓടിയെത്തി. അവർ പ്രസാധകരുടെ ചുറ്റും വളഞ്ഞ് താക്കീതു ചെയ്തു.



malankaralibrary.com

"പിതാവിനെന്തെങ്കിലും സംഭവിച്ചാൽ വീരഭാരതിയും കാണില്ല, അതിന്റെ പ്രവർത്തകരും അവശേഷിക്കത്തില്ല. ഓർത്തോ".

യാമങ്ങൾ പലതു കടന്നു. ദൃഢചിത്തനായ ആബോയ്ക്ക് ഇളക്കമില്ല. കാര്യം കുഴപ്പമാകുമെന്നു കണ്ട് പ്രസാധകർ ആബോയുടെ മുമ്പിലെത്തി അറിയിച്ചു.

"അങ്ങ് നിരാഹാരം അവസാനിപ്പിക്കണം. പറഞ്ഞതുപോലെ ഞങ്ങൾ പ്രവർത്തിച്ചുകൊള്ളാം".

ചുറ്റും തിങ്ങിക്കൂടിയ ജനക്കൂട്ടത്തിനു നടുവിൽ ആബോ സന്തോഷത്തോടെ എഴുന്നേറ്റിരുന്നു. പടികളിറങ്ങുമ്പോൾ അവരെ ഓർമ്മിപ്പിച്ചു.

"നിർഭാഗ്യവശാൽ ഏതാണ്ടൻപതാണ്ടുകൾക്കു മുൻപ് നമ്മിൽ നിന്നും പിരിഞ്ഞു പോയവരാണ് മാർത്തോമ്മാക്കാർ. അവരുമായി യോജിക്കാനാണ് നാം സർവ്വാത്മനാ ശ്രമിക്കേണ്ടത്. അവരെ പിരിച്ചുവിട്ട നമ്മുടെ ദൗർഭാഗ്യമാണ് അവരുടേതിനേക്കാൾ വലുത്".

പിരിയുംമുമ്പ് ആബോ ഒന്നുകൂടി പറഞ്ഞു.

"നമ്മുടെ മുഖത്തു തുപ്പുന്നവരെ ചുംബിക്കാൻ കഴിയണം".

വീണ്ടും നടന്നു.

ഇതുവഴിയുള്ള കാൽനട ആബോയ്ക്കു പതിവാണ്. അതിനാൽ വഴിവക്കിൽ പന്തലിച്ചു നിൽക്കുന്ന അരയാലും അതിന്റെ തണലിലെ യാചകനും ചിരപരിചിതരായിരിക്കുന്നു. എന്നും തനിക്കു നേരെ ഭിക്ഷാപാത്രം നീട്ടി "സ്വാമീ..." എന്നു വിളിച്ചു യാചിക്കുന്ന അയാൾക്കുവേണ്ടി കാവിക്കുപ്പായത്തിന്റെ കീശയിൽ എന്തെങ്കിലും കരുതിവയ്ക്കുക പതിവായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ ഇപ്പോൾ യാതൊന്നും കയ്യിലില്ല.

തിരുവല്ലായിൽവരെ വരാൻവേണ്ട വള്ളക്കൂലി കൃത്യമായെടുത്ത് ബാക്കിത്തുട്ടുകൾ മുഴുവൻ പരുമല തിരുമേനിയുടെ കബറിൽ അർപ്പിച്ച് വരികയാണല്ലോ.

മനസ്സിൽ ആഗ്രഹിച്ചു.

അയാൾ ഇന്ന് ഒന്നും ചോദിക്കാതിരുന്നെങ്കിൽ.

ആബോ ആൽമരത്തോടടുത്തു.

പതിവുപോലെ ഭിക്ഷു ആൽത്തറയിൽ. തന്നെക്കണ്ട ഉടൻ പുഞ്ചിരിയോടെ ഭിക്ഷാപാത്രം നീട്ടി.

ഒരു കൊച്ചുകാശെങ്കിലും കീശയുടെ കോണിൽ കുരുങ്ങിക്കിടപ്പുണ്ടോ എന്നറിയാൻ വീണ്ടും പരതി.



malankaralibrary.com

യാതൊന്നുമില്ല.

ആബോ വിഷണ്ണനായി

അതുകണ്ട് ഭിക്ഷു ചോദിച്ചു.

“എന്താ സ്വാമിൻ, ഇന്നെനിക്കൊന്നുമില്ലേ?”

“അല്പം കാത്തിരിക്കണേ... ” പറഞ്ഞുകൊണ്ട് ആബോ ചുറ്റും നോക്കി മുന്നോട്ടു നടന്നു.

വഴിയോരത്തു വലിയവീട്. ഗേറ്റിൽ എഴുതിവച്ച വീട്ടുപേരു വായിച്ചു. ‘പെരുമ്പള്ളിക്കാട്ട്’.

ഗേറ്റുതുറന്ന് മണൽ വിരിച്ച വിശാലമായ മുറ്റത്തെത്തി.

തോളിൽ ചുറ്റിയിട്ടിരിക്കുന്ന കാവിഷാൾ നടുമുറ്റത്തു വിരിച്ച് ആബോ വിളിച്ചു പറഞ്ഞു.

“ഭിക്ഷ... ഭിക്ഷ...”

ഗൃഹസ്ഥൻ വാതിൽ തുറന്നു നോക്കി.

അയാൾ നടുങ്ങിപ്പോയി.

വിഖ്യാതനായ എം.എ.അച്ചൻ വീട്ടുമുറ്റത്ത്, ഭിക്ഷാടനത്തിന്!

ബഥനിക്കുവേണ്ടി തെണ്ടിയലയുന്ന എം.എ. അച്ചനെപ്പറ്റി അയാൾ കേട്ടിട്ടേയുള്ളു. ഇന്നതു കണ്ടറിയുന്നു.

അയാൾ അകത്തേയ്ക്ക് ഓടിക്കയറി. വീട്ടിലുള്ളവരെയെല്ലാം വിവരമറിയിച്ചു. എല്ലാവരും ഓടിയെത്തി. ചാവടിയിൽ കൈകൂപ്പിനിന്നു.

മടിയിൽ തിരുകിവച്ചിരുന്ന താക്കോൽക്കൂട്ടം പുറത്തെടുത്ത് വീട്ടുകാരൻ അകത്തേക്കു പോകാൻ തുടങ്ങി.

ആബോ അയാളെ വിളിച്ചു പറഞ്ഞു.

“മറ്റൊന്നും വേണ്ടാ. കുറച്ചരിയും രണ്ടു നാണയത്തുട്ടും മതി”.

കുത്തരിയുമായി ഓടി ഇറങ്ങി വന്ന വീട്ടമ്മ അതു ഷാളിലേക്കു കുടഞ്ഞിട്ടു. ഗൃഹസ്ഥൻ ഇരുകയ്യിലും വാരിനിറച്ച നാണയങ്ങളുമായി വന്നു. ആബോ അതിൽ രണ്ടു കൊച്ചു നാണയങ്ങൾ മാത്രം എടുത്തു. രണ്ടും കൂടി ഷാളിൽ പൊതിഞ്ഞു കെട്ടി, നന്ദി പറഞ്ഞു വഴിയിലിറങ്ങി. നേരെ ആൽച്ചുവട്ടിലെത്തി, ഭിക്ഷുവിന്റെ പിച്ചച്ചട്ടിയിൽ അതഴിച്ചിട്ടു.

നോക്കിനിന്ന വീട്ടുകാരുടെ കണ്ണിൽ വിസ്മയം. ഭിക്ഷുവിന്റെ കണ്ണിൽ ആദരവാലൂറുന്ന നനവ്.

എരിവെയിലത്തു നിഷ്പാദുകനായി നടന്നുപോകുന്ന സന്ന്യാസ വൈദികൻ കണ്ണിൽനിന്നു മറയുന്നതുവരെ അവർ നോക്കി നിന്നു.



malankaralibrary.com



# 26

# ബഥനിത്തിരുമേനി

മരിക്കാൻപോലും ഒരുങ്ങിയിരിക്കുന്ന മനസ്സാണ്. പ്രത്യേകിച്ചൊരു തയ്യാറെടുപ്പ് ഒന്നിനും വേണമെന്നില്ല. ഉടലും ഉയിരും അത്രത്തോളം മെരുങ്ങിയിരിക്കുന്നു. എങ്കിലും തോന്നി മെത്രാഭിഷേകത്തിനുമുമ്പ് ഒരാത്മശോധന നടത്തണം. മാലിന്യാംശം അബോധമനസ്സിലെങ്കിലും ഒളിഞ്ഞിരിപ്പുണ്ടെങ്കിൽ അവ പറിച്ചെറിയണം.

ഒരാഴ്ചക്കാലം ദേവാലയത്തിനുള്ളിൽ തപസ്സു ചെയ്യണം.

ഒറ്റയ്ക്കുവേണ്ടാ. യാക്കോബിനെക്കൂടി കൂട്ടാം. ആത്മനവീകരണം കഴിഞ്ഞാലുടൻ തനിക്കു റമ്പാൻ സ്ഥാനം; യാക്കോബിനു മാമോദീസായും.

ആബോ, യാക്കോബിനോട്;

“നാളെ മുതൽ നമുക്കു രണ്ടുപേർക്കും തിരുമൂലപുരം യാക്കോബായ പള്ളിയിൽ ഒരാഴ്ചത്തേക്കു ധ്യാനമാണ്. വളരെ ലളിതമായ ആഹാരമായിരിക്കും ധ്യാനദിവസങ്ങളിൽ കിട്ടുക. അതു പള്ളിയിലേക്ക് എത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. വളരെ അത്യാവശ്യങ്ങൾക്കല്ലാതെ പള്ളിയിൽനിന്നും പുറത്തിറങ്ങരുത്, ധ്യാനത്തിനായി നീ ഒരുങ്ങിക്കൊള്ളുക”.



malankaralibrary.com

“പിതാവേ, ധ്യാനമൊന്നും എനിക്കു വശമില്ല. എന്തു ചെയ്യണമെന്നു പഠിപ്പിച്ചു തരണേ”.

ആബോ മേശപ്പുറത്തുനിന്നും ചെറിയൊരു കുറിപ്പു ബുക്കെടുത്ത് അവനു കൊടുത്തു.

“നീ മുൻപ് ചെയ്തുപോയ പാപങ്ങളോരോന്നും ഓർത്ത് അതെല്ലാം ഈ ബുക്കിൽ കുറിച്ചുവയ്ക്കണം. അവയെപ്പറ്റി കണ്ണീരോടെ മനസ്തപിക്കണം. ധ്യാനം കഴിഞ്ഞാലുടൻ നിന്റെ മാമോദീസാ നടത്താം”.

മാമോദീസായെപ്പറ്റി കേട്ട് അവൻ ആഹ്ലാദിച്ചു.

രണ്ടുപേരും പള്ളിയിൽ കയറി കതകടച്ചു. ആബോ മദ്ബഹായിലേക്കു കയറി.

പുലയച്ചെക്കൻ ആദ്യമായാണ് പള്ളിയിൽ കയറുന്നത്. അവനു ഭയം തോന്നി. എവിടിരുന്നു ധ്യാനിക്കണമെന്നറിയാതെ പരുങ്ങി.

അതുകണ്ട് ആബോ സ്ഥാനം ചൂണ്ടിപ്പറഞ്ഞു.

“നീ ഹൈക്കലായിൽ ഇരുന്നോളൂ. രാത്രിയിൽ ഉറക്കം വരുമ്പോൾ അവിടെത്തന്നെ കിടന്നുറങ്ങിക്കൊള്ളണം”.

രാപകൽ ധ്യാനത്തിലാണു മനസ്സ്. ആത്മീയാഗ്നിയാൽ മനസ്സും എരിയുകയാണ്. ഒരേ ചിന്തയിൽ മനസ്സു കേന്ദ്രീകരിച്ച് പകൽ മുഴുവൻ കഴിയുമ്പോഴേക്കും യാക്കോബിനു വല്ലാത്ത ക്ഷീണം. മരഞ്ചാടിക്കുരങ്ങനെപ്പോലെ ഇരിപ്പുറയ്ക്കാത്ത മനസ്സിനെ ഒരിടത്തു മാത്രം പിടിച്ചിരുത്താനായി പണിപ്പെട്ട് അവൻ തളർന്നു കഴിഞ്ഞു.

രാത്രിയായപ്പോഴേക്കും അവൻ ഉറങ്ങിപ്പോയി.

അർദ്ധരാത്രി കഴിഞ്ഞിട്ടുണ്ടാവും. ഇടിമുഴക്കം കേട്ടിട്ടെന്നപോലെ അവൻ പിടഞ്ഞെണീറ്റു.

എവിടുന്നാണീ ശബ്ദം?

പാതി ഉറക്കത്തിൽ കണ്ണുമിഴിക്കുമ്പോൾ ആദ്യം കണ്ടത് മദ്ബഹായിൽ എരിയുന്ന മെഴുകുതിരി.

അതണയ്ക്കാൻ ആബോ മറന്നുവോ! ആശങ്കയോടെ തിരശ്ശീല തെല്ലുമാറ്റി മദ്ബഹായിലേക്കു നോക്കുമ്പോൾ എന്താണു കാണുന്നത്!

ഇരുകരങ്ങളും മുകളിലേക്കുയർത്തിപ്പിടിച്ച് മുട്ടിന്മേൽനിന്ന് പ്രാർത്ഥനയിൽ എരിയുന്ന ആബോ! അത്താഴത്തിന് എത്തിച്ച ഭക്ഷണപ്പൊതി അഴിക്കുകപോലും ചെയ്യാതെ വച്ചിടത്തുതന്നെ ഇരിക്കുന്നു. ഉയർത്തിപ്പിടിച്ച കൈകൾ ചിലപ്പോൾ ശക്തിയായി നെഞ്ചിലേക്ക് ആഞ്ഞിടിക്കുന്നു. അനാഥപ്പയ്യനു നടുക്കം.



malankaralibrary.com

ധ്യാനവേളയിൽ ആബോയ്ക്കൊരു നിയോഗമുണ്ടായിരുന്നു. മെത്രാനാകുമ്പോൾ ആരുടെ നാമധേയം സ്വീകരിക്കണം. പരിശുദ്ധ കന്യാമറിയത്തിന്റെ മദ്ധ്യസ്ഥതയിൽ ഊണും ഉറക്കവും ഇല്ലാതെ ഭജനയിരുന്നു.

മനസ്സിൽ ഉദിച്ചുയർന്നത് വിശുദ്ധ യോഹന്നാൻ ശ്ലീഹാ. അതെ, ബഥനിയുടെ മദ്ധ്യസ്ഥൻ തന്നെ. മനസ്സിൽ ചൂഴ്ന്നുനിന്ന അതിന്റെ ഗ്രീക്കു രൂപം ചുണ്ടുകളിൽ വന്നു മൃദുവായി സ്പന്ദിച്ചു, 'ഈവാനിയോസ്'. കേൾവിയിൽ ലളിതമെങ്കിലും ആത്മീയതയിൽ ഗംഭീരമായ നാമം.

പള്ളിയിലെ ധ്യാനം കഴിഞ്ഞു.

നിരണം ഭദ്രാസനാധിപൻ മാർ ഗ്രിഗോറിയോസ് തിരുമൂലപുരം പള്ളിയിലെത്തി. അഗ്നിയിൽ സ്ഫുടം ചെയ്ത കനകംപോലെ വ്രതശുദ്ധനായ ആബോയെ അദ്ദേഹം റമ്പാൻ സ്ഥാനത്തേക്കുയർത്തി. അന്നു തന്നെ മെത്രാഭിഷേകത്തീയതിയും പ്രഖ്യാപിച്ചു. 1925 മെയ് മാസം ഒന്നാം തീയതി.

അന്നത്തെ ചടങ്ങുകൾക്കു സാക്ഷ്യം വഹിക്കാൻ മലങ്കര മക്കൾ നിമിഷങ്ങൾ എണ്ണിക്കാത്തിരുന്നു.

അതിപുരാതനമായ നിരണം പള്ളിയാണു കർമ്മവേദി. വിശുദ്ധ തോമാശ്ലീഹാ സ്ഥാപിച്ച ഏഴരപ്പള്ളികളിൽ ഒന്ന്.

വിസ്തൃതമായ പന്തലിന്നകവും പുറവും ജനങ്ങൾ നിറഞ്ഞു. മാവേലിക്കരയിൽനിന്നും പല വള്ളങ്ങൾ നിറയെ ആളുകൾ എത്തി മുൻനിരയിൽത്തന്നെ ഇരുന്നു. തിരുമൂലപുരം മഠത്തിൽനിന്നുംയൂറോപ്യൻ കന്യാസ്ത്രീകളും സന്ന്യാസാർത്ഥിനികളും വളരെ മുമ്പേ വന്നു. മുണ്ടൻ മലയിൽനിന്നും ആശ്രമസ്ഥരെത്തി. നവാഭിഷിക്തന്റെ അപ്പനമ്മമാരെ സംഘാടകർ പ്രത്യേക പീഠത്തിൽ മുൻപിൽത്തന്നെ ഇരുത്തി.

കാർമ്മികർ വേദിയിൽ നിരന്നു. മലങ്കരസഭയുടെ രണ്ടാം കാതോലിക്കായായി ഇന്നലെ വാഴിക്കപ്പെട്ട ബസേലിയോസ് ബാവായാണൊരാൾ. വെറും രണ്ടുവർഷത്തെ വാഴ്ചയോടെ ഒന്നാം കാതോലിക്കാ ബാവാ കാലം ചെയ്തെങ്കിലും പകരം ഒരാളെ വാഴിക്കാൻ പന്ത്രണ്ടു വർഷങ്ങൾ കഴിഞ്ഞിട്ടും സഭയ്ക്കു കഴിയാതെ പോയി. ഇന്നലെയാണതു പരിഹരിക്കപ്പെട്ടത്. അതിന്റെ ആഹ്ലാദം എല്ലാവരുടെയും മുഖത്തു തിളങ്ങുന്നുമുണ്ട്. കാർമ്മികരിൽ മറ്റൊരാൾ ആബോയെ റമ്പാനാക്കിയ മാർ ഗ്രീഗോറിയോസാണ്.

അത്ഭുതം അതല്ല; രോഗക്കിടക്കയിലായിരുന്ന യുവാക്കീം മാർ ഈവാനിയോസ് തിരുമേനിയും കാർമ്മികനായി എത്തിയിരിക്കുന്നു! ജന



malankaralibrary.com

ങ്ങൾക്കതു വിശ്വസിക്കാനാവുന്നില്ല. മരണദിനങ്ങൾ എണ്ണപ്പെട്ട് അത്യവശനായി രോഗക്കിടക്കയിൽ കിടന്ന അദ്ദേഹത്തെ ഇക്കഴിഞ്ഞ ദിവസങ്ങളിൽപോലും പരുമല സെമിനാരിയിൽച്ചെന്ന് പലരും സന്ദർശിച്ചതാണ്. അങ്ങനെയുള്ള തിരുമേനി എങ്ങനെ എഴുന്നേറ്റു വന്നു എന്ന് ആർക്കും വിശ്വസിക്കാനാവുന്നില്ല.

'ഇതു ദൈവനിയോഗം തന്നെ'. പലരും മനസ്സിൽ പറഞ്ഞു.

കറുത്ത ശിരോവസ്ത്രധാരികളായ കാർമ്മികരുടെ മുമ്പിൽ കാവി നിറമുള്ള മസനപ്സയണിഞ്ഞ ആബോ ഗീവറുഗീസ് റമ്പാൻ തലകുനിച്ചു മുട്ടുകുത്തിനിന്നു. കാഷായ നിറമുള്ള മസനപ്സ കൂടിയായപ്പോൾ സന്ന്യാസശോഭ അടിമുടി ജ്വലിക്കുകയല്ലേ!

വിശ്വചരിത്രത്തിൽത്തന്നെ കാഷായ ശിരോവസ്ത്രം ധരിച്ച ഒരാൾ ഇതാദ്യം. ജനം കണ്ണിമയ്ക്കാതെ അനന്യനായ ആ തേജോരൂപനെ നോക്കി സായൂജ്യമനുഭവിക്കുകയാണ്.

ധ്യാനമിഴികൾ ചിലപ്പോൾ തുറന്ന് ആബോ വേദിയിൽ ആരെയോ പരതുന്നുണ്ട്. മറ്റാരെയുമല്ല; തന്റെ ഗുരുവും വളർത്തച്ഛനുമായ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയെത്തന്നെ.

അദ്ദേഹം ഇനിയും എത്തിച്ചേർന്നിട്ടില്ല.

അവസാനം വ്യക്തമായി, അദ്ദേഹം വരില്ലെന്ന്. തന്റെ ജീവിതത്തിലെ സുപ്രധാന വഴിത്തിരിവായ മെത്രാഭിഷേകത്തിന് അദ്ദേഹം ഇല്ലാത്തതിൽ ആബോയുടെ മനസ്സു നീറി.

മെത്രാപ്പോലീത്താ അകലെയെവിടെയെങ്കിലും ആയിരുന്നെങ്കിൽ എങ്ങനെയും സമാധാനിക്കാമായിരുന്നു. എന്നാൽ അദ്ദേഹം ഇവിടെ നിന്നും വെറും മൂന്നുമൈൽ ദൂരത്തിൽ പരുമലസെമിനാരിയിലുണ്ട്. ഇവിടെ വരാനാവാത്തതിൽ അദ്ദേഹത്തിന്റെ ഉള്ളും പിടയുന്നുണ്ടാവും. ഒന്നും മന:പൂർവ്വമല്ലല്ലോ. കാരണമെന്തെന്നു തനിക്കറിയാം. താൻ അന്ത്യോക്യൻ പാത്രിയർക്കീസിനു വിധേയനാണെന്നല്ലേ വട്ടിപ്പണക്കേസിൽ അദ്ദേഹം ഹൈക്കോടതിയിൽ മൊഴികൊടുത്തത്. എന്നാൽ ഈ മെത്രാഭിഷേകം പാത്രിയർക്കീസിന്റെ അനുമതി കൂടാതെയുള്ളതാണല്ലോ. ഈ സാഹചര്യത്തിൽ കൂർമ്മബുദ്ധിയായ അദ്ദേഹം മാറി നിൽക്കുക സ്വാഭാവികം. എങ്കിലും തനിക്കിതു സഹിക്കാനാവുന്നില്ലല്ലോ.

ശുശ്രൂഷാകർമ്മങ്ങൾ യാമങ്ങളോളം നീണ്ടു. അവസാനം മരണാസന്നനായ യുവാക്കീം തിരുമേനി ആബോയുടെ ശിരസ്സിൽ വിറയ്ക്കുന്ന കൈകൾവച്ചനുഗ്രഹിച്ചു. മരംകൊണ്ടുള്ള അംശവടി പിടിപ്പിച്ചു. പിന്നെ



malankaralibrary.com

മദ്ബഹായുടെ മുമ്പിൽനിന്ന് മൂന്നുതവണ കുരിശുയർത്തി ആശീർവ്വദിച്ചു.

മെത്രാഭിഷേകം കഴിഞ്ഞു.

തുടർന്നു വൻപിച്ച അനുമോദനയോഗമാണ്. ബഥനി മെത്രാൻ മാർ ഈവനിയോസ് എഴുന്നേറ്റു. അവിടുത്തെ വാക്കുകൾക്കായി വിശന്നിരിക്കുകയാണു ജനം.

പ്രസംഗപീഠത്തിലെത്തിയപ്പോഴേക്കും ജനാവലിയുടെ കരഘോഷം. പുതിയവേഷത്തിൽ ജ്വലിക്കുന്ന ആ കാന്തിപ്രഭാവനെ കാണുന്നതുതന്നെ സകലർക്കും നിർവൃതി.

വയസ്സ് നാല്പത്തിമൂന്നേയുള്ളൂ. എങ്കിലും ഒരു യുഗം ജീവിച്ച കർമ്മകാണ്ഡത്തിന്റെ പുണ്യപൂർണ്ണത. ആഗ്നേയാസ്ത്രങ്ങൾ പോലെ തുളച്ചുകയറുന്ന ദൃഷ്ടികൾ. കൂരിരുട്ടിൽ അങ്ങിങ്ങു വീശിപ്പറക്കുന്ന മിന്നാംമിനുങ്ങിന്റെ ജ്വലനരേഖകൾപോലെ കറുത്തുതഴച്ച താടിമീശയിൽ നേർത്ത നര. ചീകിയൊതുക്കാൻപോലും ശ്രദ്ധിക്കാതെ അർദ്ധവൃത്താകൃതിയിൽ താടി നിറഞ്ഞ് വളർന്ന മീശ. ചുണ്ടുകൾപോലും കാണാനാവാത്ത വിധം അവ വളർന്നു പടർന്നു കിടക്കുന്നു.

ബഥനിമെത്രാന്റെ സ്വരമുയർന്നു. ഗുഹാന്തരത്തിലെ സിംഹദ്ധ്വനി പോലെ മുഴങ്ങുന്ന ശബ്ദം. കൊടുമുടിയിൽനിന്നഗാധതയിൽ ആഞ്ഞുപതിക്കുന്ന മഹാജലപ്രവാഹത്തിന്റെ ഗംഭീരാരവം പോലെ അതവിടെങ്ങും പ്രതിദ്ധ്വനിച്ചു.

ഇന്നെലെവാഴിക്കപ്പെട്ട കാതോലിക്കാബാവാ വേദിയിലുണ്ട്. അതിനാൽ കാതോലിക്കാ സ്ഥാപനത്തിന്റെ പ്രത്യേകതകളെപ്പറ്റി പറഞ്ഞാണു തുടങ്ങിയത്. "അന്ത്യോക്യയുമായുള്ള ബന്ധം, കാതോലിക്കാ സ്ഥാപനത്തോടെ വർദ്ധിക്കുകയാണു വേണ്ടത്".

ഭിന്നിച്ചുകഴിയുന്നവരുടെ ഐക്യത്തിനുവേണ്ടിയുള്ള ആഹ്വാനമായിരുന്നു പിന്നീട്. ഒരിടയനും ഒരു സഭയും എന്ന തത്വം പറഞ്ഞുകൊണ്ട് പുതിയ കാതോലിക്കായുടെ പ്രഥമദൗത്യം ഈ അനുരഞ്ജന കർമ്മമാകട്ടെ എന്നും ആശംസിച്ചു.

പിന്നീടാണു ബഥനിയിലേക്കു കടന്നത്.

"ക്രിസ്തീയ സഭയെ മനുഷ്യശരീരത്തോടുപമിക്കുന്ന പക്ഷം സന്ന്യാസാശ്രമം അതിന്റെ ചങ്കാണ്. ബഥനി മെത്രാന്റെ ഇടവക എത്രയും ചെറുതാണെങ്കിലും ബഥനിയുടെ ആദർശം വലുതാണ്. നമ്മുടെ സമുദായത്തിന്റെ ജീവിതോദ്ദേശ്യം സർവ്വോപരി ദൈവത്തെ സ്നേഹിക്കുകയും ചുറ്റുമുള്ളവരെ ശുശ്രൂഷിക്കുകയുമാണ്.



malankaralibrary.com

ബഥനിയുടെ അദ്ധ്യക്ഷനായ ആശ്രമപിതാവിനെ അതിപരിശുദ്ധമായ മേല്പട്ട സ്ഥാനത്തേക്കു വിളിപ്പാനും ബഥനിയുടെ മെത്രാനായി അഭിഷേകം ചെയ്‌വാനും ഇടയാക്കിയ ദൈവംതമ്പുരാനു സ്തോത്രം".

സഭാചരിത്രവും കാനോനും അടിസ്ഥാനപ്പെടുത്തിയ പ്രസംഗമായിട്ടുപോലും മതിമറന്നതിൽ ലയിച്ചിരിക്കുകയാണു ജനം. അത്രമാത്രം സരളവും വിശകലനാത്മകവുമായിരുന്നു അത്.

പ്രഭാഷണത്തിന്റെ അവസാനഘട്ടത്തിലെത്തിയപ്പോഴേക്കും ആഹ്വാനം ആധികാരികമാവുകയാണ്.

"കേരള സുറിയാനിക്കാരിൽ ഭൂരിപക്ഷം ജനങ്ങൾ ലോകവ്യാപകമായ കത്തോലിക്കാ സഭയിൽ ഉൾപ്പെട്ടു നിൽക്കുന്നവരാണ്. ഇവർ നമ്മുടെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും ആകുന്നു. പഴയ കുറ്റുകാർ എന്നു പറഞ്ഞു വരുന്ന ഈ വലിയ ജനസമുദായവും പുത്തൻ കുറ്റുകാർ എന്നു പറഞ്ഞുവരുന്ന നമ്മളും തമ്മിൽ ഐക്യം ഉണ്ടാകുക എന്നുള്ളത് ഏറ്റവും ആവശ്യമാണ്. ലോകരക്ഷകനായ യേശുമിശിഹാ ഇപ്രകാരം പിതാവായ ദൈവത്തോട് പ്രാർത്ഥിച്ചിട്ടുള്ളതായി നിങ്ങൾക്കറിയാമല്ലോ. 'പിതാവേ, നീയും ഞാനും ഒന്നായിരിക്കുന്നപ്രകാരം ഇവരും നമ്മിൽ ഒന്നാകണമേ'. ഈ പ്രാർത്ഥന സഫലമാകാൻ ദൈവവിശ്വാസത്തോടും താഴ്മയോടും കൂടി കാതോലിക്കാബാവാ തിരുമേനിയും നാമെല്ലാവരും ഒത്തൊരുമിച്ചു ശ്രമിക്കുന്നതായാൽ അതിൽപരം ഭാഗ്യം കേരള സുറിയാനിക്കാരായ നമുക്ക് ഉണ്ടാകുവാനില്ല".

അതുകേട്ട് ജനം സ്തബ്ധരായിപ്പോയി. ഉയർന്ന പുരികക്കൊടികളിൽ ചോദ്യഭാവം ഉയർന്നു. അവർ പരസ്പരം നോക്കി. "ഇതെന്നതു കൂത്ത്!" പന്തലിൽ പിറുപിറുപ്പ്.

സഭകൾ തമ്മിൽ വാളോങ്ങി നിൽക്കുന്ന പാരമ്പര്യമേ അവർക്കറിവുള്ളൂ. ഇന്നാദ്യമാണ് ഇങ്ങനെയൊന്നു കേൾക്കുന്നത്. അത് ഒരു യാക്കോബായ മെത്രാനിൽനിന്നും. സഭകൾ തമ്മിൽ ഒന്നിക്കണമത്രേ.

പക്ഷേ ആരും എതിർത്തില്ല. അഥവാ അതിനുള്ള ചങ്കൂറ്റം ആർക്കുമില്ല. തീവ്രവാദികൾക്കുപോലും. ചോദ്യം ചെയ്താൽ കരിംപാറയിൽ വെട്ടുന്ന അരിവാളുപോലെ വായ്ത്തല മടങ്ങി പിന്മാറുകയേ തരമുള്ളെന്ന് ആർക്കാണറിയാത്തത്.

അതിനാൽ സകലരും അടങ്ങിയിരുന്ന് കേൾക്കുകയാണ്.

പ്രസംഗം നിർത്തിയത് തന്നെപ്പറ്റി പറഞ്ഞുകൊണ്ടാണ്. ലോകചരിത്രത്തിൽത്തന്നെ ഇങ്ങനൊരു മെത്രാൻ ആദ്യാനുഭവം. ആകയാൽ



malankaralibrary.com

വ്യത്യസ്തമായ തന്റെ വേഷത്തെപ്പറ്റിക്കൂടി ചെറിയൊരു വിശദീകരണം ആവശ്യമെന്ന് ബഥനി മെത്രാൻ കരുതിയിരിക്കാം.

"മഹർഷിമാർ രണ്ടുതരമുണ്ട്. രാജയോഗ്യങ്ങളായ ജീവിതരീതികൾ സ്വീകരിച്ച് രാജർഷികളായി കഴിയുന്നവർ. ഇടവക മെത്രാന്മാർ അത്തരം രാജർഷികളാണ്. എന്നാൽ ആശ്രമസ്ഥനായ ഞാൻ വാനപ്രസ്ഥം സ്വീകരിച്ചവനാണ്. അതിനാലാണ് കാവി ഉടുക്കുകയും മരംകൊണ്ടുള്ള അംശവടി ഉപയോഗിക്കുകയും മരക്കുരിശു ധരിക്കുകയും ചെയ്യുന്നത്".

അനുമോദന മഹാസമ്മേളനം കഴിഞ്ഞു. തിരിച്ചുപോകും മുമ്പ് ആളുകൾ മുഖം കാണിക്കാൻ തിടുക്കത്തിൽ ചുറ്റുംകൂടി. മാവേലിക്കരയിൽനിന്നു വന്നവർക്ക് ആഹ്ലാദം അടക്കാനാവുന്നില്ല. അവർ നവാഭിഷിക്തന്റെ കൈമുത്തിപ്പറഞ്ഞു.

"അടിയങ്ങൾ അവിടുത്തേക്കൊരു സ്വീകരണം മാവേലിക്കരയിൽ ഒരുക്കുകയാണ്. എന്ന് എഴുന്നെള്ളാമെന്ന് അറിയിച്ചാൽ കൊള്ളാമായിരുന്നു".

"എനിക്കു സ്വീകരണത്തോടൊന്നും മമതയില്ലെന്നു നിങ്ങൾക്കറിയില്ലേ? ബഥനിയുടെ വികസനത്തിനുവേണ്ട സമയമാണ് അതുകൊണ്ട് നഷ്ടമാകുന്നത്. സ്വീകരണം ഒഴിവാക്കി ചെലവാക്കാൻ ഉദ്ദേശിക്കുന്ന ധനം പാവങ്ങൾക്കു കൊടുക്കുക; അല്ലെങ്കിൽ ബഥനിയെ ഏൽപ്പിക്കുക. അതാണു പുണ്യം".

പുതിയകാവു പള്ളിയിലെ വികാരിയച്ചൻ കൂപ്പുകയ്യോടെ വീണ്ടും നിർബന്ധിച്ചു.

"പല മഹാരാജാക്കന്മാർക്കും രാജ്ഞികൾക്കും ജന്മമേകിയ നാടാണു മാവേലിക്കര. എന്നാൽ ഒരു മേല്പട്ടക്കാരനു ജന്മം കൊടുക്കാൻ ഭാഗ്യം കിട്ടുന്നത് ഇതാദ്യമല്ലേ പിതാവേ. അതിനാൽ പിതാവു വരണം".

നിർബന്ധത്തിനു വഴങ്ങേണ്ടിവന്നു.

ബന്ധുമിത്രാദികളോട് കുശലം പറഞ്ഞു. ക്ഷേമമന്വേഷിച്ചു. പിരിയും മുമ്പ് കയ്യിലെ മരക്കുരിശുയർത്തി അനുഗ്രഹിച്ചു. പിന്നെ പള്ളിമേടയിലേക്കു കയറി.

രോഗിയും വയസ്സനുമായ യുവാക്കീം തിരുമേനി വിശ്രമിക്കുന്ന മുറിയിൽ കടന്നു. ഉള്ളുനിറയെ അദ്ദേഹത്തോട് വലിയ ആദരവ്. മൃതപ്രായനായ അദ്ദേഹത്തെ ദൈവമാണ് എഴുന്നേൽപ്പിച്ചുവിട്ടത്. തന്നെ അനുഗ്രഹിക്കുന്നതിനുവേണ്ടി മാത്രം!

ബഥനി മെത്രാനെക്കണ്ട് അദ്ദേഹം കിടന്നുകൊണ്ടുതന്നെ പറഞ്ഞു.

"നയപ്രസംഗം ഒന്നാന്തരമായിരുന്നു, കേട്ടോ. പുനരൈക്യത്തെപ്പറ്റി



malankaralibrary.com

ഇത്ര തുറന്നു പറയുമെന്ന് ആരും കരുതിയില്ല. എന്തായാലും പറഞ്ഞതു നന്നായി".

"സത്യമെന്ന് ഉറപ്പുള്ളതെന്തും തുറന്നു പറയാൻ എനിക്കു മടിയില്ല തിരുമേനീ".

"അതാ വേണ്ടത്. ആർക്കുമില്ലാത്ത ഈ ചങ്കുറപ്പ് അങ്ങേയ്ക്കുണ്ടായല്ലോ. കത്തോലിക്കാ ഐക്യത്തിലേക്കുള്ള ആദ്യ ചവിട്ടു പടിയായിരിക്കട്ടെ അങ്ങയുടെ ഈ പ്രസംഗം".

"അതിനായി തിരുമേനി പ്രാർത്ഥിക്കണം".

"ഹൂദായ കാനോനിൽ മാർപ്പാപ്പായെപ്പറ്റി പറയുമ്പോൾ 'റീശോ, ഉറാബോ' എന്നാണല്ലോ പറയുന്നത്. നമ്മുടെ ആരാധനക്രമത്തിൽ നിന്നുതന്നെവിശുദ്ധ പത്രോസിന്റെ പരമാധികാരവും റോമാ സിംഹാസനത്തിന്റെ മഹിമയും വ്യക്തമാകുന്നുണ്ടല്ലോ. എങ്കിലും നാം എന്തുകൊണ്ട് മാർപ്പാപ്പായെ തലവനും നേതാവുമായി അംഗീകരിക്കുന്നില്ല. സത്യം അറിഞ്ഞ അന്നുതന്നെ ഞാനും പുനരൈക്യത്തിന് ഇറങ്ങിത്തിരിച്ചതാണ്. പക്ഷേ..."

യുവാക്കീം തിരുമേനിയുടെ മുഖത്തു നിരാശയുടെ കരിനിഴൽ പടർന്നു.

"പിന്നെന്തായിരുന്നു അങ്ങയുടെ തടസ്സം?"

കിടക്കയിൽ മെല്ലെ എഴുന്നേറ്റിരുന്ന് അദ്ദേഹം തന്റെ കഥ പറഞ്ഞു.

"കത്തോലിക്കാസഭയാണു സത്യസഭയെന്നു പൂർണ്ണമായി എനിക്കു ബോദ്ധ്യമായത് കഴിഞ്ഞവർഷമാണ്. ഉടൻ എറണാകുളം അതിരൂപതാദ്ധ്യക്ഷൻ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയുമായി പുനരൈക്യ ആലോചന നടത്തി. എറണാകുളം അതിരൂപതയിൽച്ചെന്നു പുനരൈക്യപ്പെടാനുള്ള ദിവസവും നിശ്ചയിച്ചു. യാത്രയ്ക്കുള്ള കാറും ക്രമീകരിച്ചു. എന്നാൽ നമ്മുടെ അനുജന്റെ മകനായ കണ്ടനാട്ടു സൈമൺ കോർ എപ്പിസ്ക്കോപ്പാ ഈ പുനരൈക്യത്തിനെതിരായിരുന്നു. അയാൾ എന്നോടു പറഞ്ഞു; കാറിൽ പോകുന്നതിനേക്കാൾ നല്ലത് വള്ളത്തിൽ പോകുന്നതാണെന്ന്. ചതിയാണെന്ന് ഞാൻ അറിഞ്ഞതേയില്ല. വള്ളത്തിൽ കിടന്ന് രാത്രിയിൽ ഞാനങ്ങുറങ്ങിപ്പോയി. പ്രഭാതപ്രാർത്ഥനയ്ക്കായി മൂന്നുമണിക്കു ഉണർന്നു നോക്കിയപ്പോഴാണ് അയാളുടെ കടുംകൈ അറിഞ്ഞത്".

"എന്തായിരുന്നു ചതി".

"എറണാകുളത്തു ചെല്ലേണ്ട വഞ്ചി നേരെ എതിരേ പോയി പരുമലയിലെത്തിയിരിക്കുന്നു. മാനസികമായി അന്നു ഞാൻ തളർന്നതാണ്.



malankaralibrary.com

അന്നു മുതൽ മറ്റെങ്ങും പോകാതെ പരുമല സെമിനാരിയിൽത്തന്നെ താമസിക്കുകയായിരുന്നു. അതിനുശേഷം ഇന്നാദ്യമാണ് പുറത്തേക്കിറങ്ങുന്നത്".

"അതുകൊണ്ട് അവിടുത്തെ അനുഗ്രഹം അതിശയകരമായി എനിക്കു കിട്ടിയല്ലോ".

കഥ മുഴുമിച്ചപ്പോഴേക്കും സന്ന്യാസാർത്ഥിനികൾ മേടയിലെത്തി. അവരുടെ ഹൃദയാഹ്ലാദം ഓരോ മുഖത്തും തിളങ്ങുന്നുണ്ടായിരുന്നു. വാക്കുകളിലൂടെ അവരത് അറിയിക്കുകയു ചെയ്തു.


അവരെ വാത്സല്യപൂർവ്വം കടാക്ഷിച്ച് ബഥനി മെത്രാൻ വികാരാധീനനായി പറഞ്ഞു.

"മക്കളേ; നിങ്ങളെപ്രതി ഞാനീ കുരിശു വഹിക്കുന്നു. നിങ്ങളെ പ്രതി മാത്രം".

✠



malankaralibrary.com



# 27

# അധഃസ്ഥിതരുടെ വിമോചകൻ

**നി**റഞ്ഞുപെയ്യേണ്ട മഴക്കാലമാണ്. പക്ഷേ ചാറ്റൽ മഴപോലും കിട്ടാതായിട്ട് മാസങ്ങളായി. ഇലയറ്റ ചില്ലകൾ വിണ്ണിലേക്കുയർത്തി മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്ന മരനിരകൾ. എരിയുന്ന വെയിലിൽ വെന്തുരുകുന്ന പ്രപഞ്ചം. മൃതപ്രായയായ അവളുടെ ചുടു നിശ്വാസങ്ങൾ എവിടെയും നിറയുന്നു. അതേൽക്കുമ്പോൾ തീനാളങ്ങൾ വന്നു പൊതിയുന്നതുപോലെ. നീരുറവകളുടെ കണ്ണടഞ്ഞുപോയിരിക്കുന്നു. ശേഷിക്കുന്നവ പ്രപഞ്ചത്തിന്റെ കണ്ണീരുപോലെ ഇറ്റിറ്റിങ്ങുന്നു.

മഠത്തിനുള്ളിലും അത്യുഷ്ണം. മദാമ്മമാർക്കാണത് അസഹ്യമായത്. ബഥനി പിതാവിനോട് മദർ ഈഡിത്തും സിസ്റ്റർ ഹെലനും ചോദിച്ചു.

"ഈ കൊടുംചൂടിൽ എങ്ങനെയാ പ്രൊഫഷൻ നടത്തുക?"

മെത്രാനായതുമുതൽ ഒരു ചിന്തയേ ഉണ്ടായിരുന്നുള്ളു. സന്ന്യാസാർത്ഥിനികളുടെ വ്രതാനുഷ്ഠാനം നടത്തണം. അതിനേറ്റം പറ്റിയ



malankaralibrary.com

ദിവസം നിശ്ചയിച്ചിട്ടുമുണ്ട്. സെപ്തംബർ ഇരുപത്തിയൊന്ന്. തന്റെ നാല്പത്തിനാലാം പിറന്നാളിനു കണ്ടെത്തിയ ആഘോഷപരിപാടി.

മദാമ്മമാരെ അദ്ദേഹം ആശ്വസിപ്പിച്ചു.

"സാരമില്ല. ദൈവമെല്ലാം ഭംഗിയായി നടത്തിത്തരും".

നാളെയാണു പ്രതിഷ്ഠാകർമ്മം. അതിനുമുൻപ് അർത്ഥിനികളെയെല്ലാം പിതാവു വിളിച്ചു കൂട്ടി. അവരിൽ മൂന്നുപേരെ മാത്രമേ സന്യാസിനീപ്രതിഷ്ഠയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളു. പോസ്റ്റുലൻസി കഴിഞ്ഞവർ നാലുപേരാണെങ്കിലും ഒരാൾ സുഖമില്ലാതെ കഴിയുകയാണ്.

തെരഞ്ഞെടുക്കപ്പെട്ടവരെ പ്രത്യേകിച്ചും മറ്റുള്ളവരെ പൊതുവായും ആത്മീയമായി ഒരുക്കുകയാണു പിതാവ്.

"ദൈവകുഞ്ഞാട് പോകുന്നിടത്തോളം അവനെ അനുഗമിക്കുകയും മറ്റാർക്കും പാടാൻ കഴിയാത്ത ഗാനം പാടുകയും ചെയ്യാൻ ദൈവം തെരഞ്ഞെടുത്ത കന്യകമാരാണു മക്കളേ, നിങ്ങൾ. സകല ലോകഭോഗങ്ങളും നിങ്ങൾ വെറുത്തുപേക്ഷിച്ചു കഴിഞ്ഞു. അതിനു നൂറിരട്ടി പ്രതിഫലം ഇഹത്തിൽവച്ചുതന്നെ ദൈവം നിങ്ങൾക്കു തിരിച്ചു തരും".

മഠത്തിനോടുചേർന്നുള്ള കൊച്ചു പള്ളിയിൽ സായാഹ്നധ്യാനം തുടരുകയാണ്. പെട്ടെന്നു പ്രകൃതിയുടെ തീജ്വാല കെട്ടടങ്ങി. നാലുദിക്കും കറുത്തിരുണ്ടു. മാനത്ത് ഭീമാകാരങ്ങളായ കാർമേഘങ്ങൾ തിങ്ങി. ഇടിവെട്ടി. അതിന്റെ ആഘാതത്തിൽ മഴത്തുള്ളികൾ താഴേക്കുപൊഴിഞ്ഞു. വിണ്ടുകീറിയ മണ്ണിന്റെ ആഴങ്ങളിലേക്ക് അവ ഊർന്നിറങ്ങി. മഴയുടെ ഇരമ്പൽപേറി അകലെ നിന്നോടിയെത്തുന്ന കാറ്റിൽ പ്രകൃതിയുടെ മുടിക്കെട്ടുലഞ്ഞു.

പിതാവും വ്രതാർത്ഥിനികളും ജനൽവഴി പുറത്തേക്കുനോക്കിനിന്നു. മഴയുടെ ഗംഭീരമായ സംഘനൃത്തം കണ്ടാനന്ദിക്കുകയാണവർ.

വെന്തുകിടന്ന ഭൂമിയിൽ എത്രപെട്ടെന്നാണു കുളുർമ്മ പരന്നത്. അനേകനാൾകൂടി അന്നുരാത്രിയിലാണ് എല്ലാവരും സുഖമായി ഒന്നുറങ്ങിയത്.

സൂര്യോദയത്തിനുമുമ്പേ ഉണർന്നു.

പത്തുവർഷങ്ങളായി ആത്മാവിൽ മൊട്ടായിനിന്ന ദിവ്യമോഹം ഇന്നു വിടരുകയാണ്.

സ്വകരങ്ങളാൽ വെട്ടിത്തയ്ച്ചെടുത്ത മൂന്നുവെള്ളക്കുപ്പായങ്ങളുമായി മദർ ഈഡിത്ത് പള്ളിയിലേക്കു നടന്നു.



malankaralibrary.com

ശിരസ്സും ശരീരവും തൂവെള്ള വസ്ത്രത്തിൽ പൊതിഞ്ഞ് വെള്ളരി പ്രാവുകൾപോലെ പിന്നാലെ മറ്റു സന്യാസാർത്ഥിനികൾ. അവരിൽനിന്നു വേർതിരിക്കപ്പെട്ട മൂന്നുപേർ ഏറ്റം മുന്നിൽ.

മലങ്കര സഭാചരിത്രത്തിലെ ഒരു ആദ്യസംഭവം അരങ്ങേറാൻ പോകുന്നു. അതിനു സാക്ഷികളാകാൻ ആളുകൾ എത്തി. എരിയുന്ന മെഴുകുതിരികളുമായി സന്ന്യാസിനികൾ ഇരുനിരയായി കാത്തുനിന്നു.

നടുവിലൂടെ നടന്ന് പിതാവ് എഴുന്നെള്ളുകയാണ്.

കറുത്ത കുഭത്തൊപ്പിയും അയഞ്ഞ പുറങ്കുപ്പായവും ധരിച്ച് മരക്കുരിശുയർത്തി ഇരുപുറവും നിരന്നുനിൽക്കുന്നവരെ ആശീർവ്വദിച്ച് പിതാവ് പള്ളിയിലേക്കു കടന്നു.

തെരഞ്ഞെടുക്കപ്പെട്ട മൂന്നു പേരൊഴികെ സകലരും പള്ളിക്കുള്ളിൽ കയറിക്കഴിഞ്ഞു.

വാതിൽ അടയ്ക്കുകയും ചെയ്തു.

മൂവരിൽ മുന്നിൽനിന്ന ശോശാമ്മ വാതിലിൽ ആഞ്ഞു മുട്ടി.

വാതിൽ പാളിയുടെ മറുവശത്തുനിന്നും പിതാവിന്റെ മുഴക്കമുള്ള ശബ്ദം.

"നീയാര്?"

തലേന്നു പിതാവു പഠിപ്പിച്ച ഉത്തരം നൽകി. വാതിൽ തുറക്കപ്പെട്ടു. പിതാവ് അവളെ വിളിച്ചു; "ശൈനാ".

തൊട്ടുപിന്നിൽ നിൽക്കുന്നത് ആച്ചിയമ്മ.

അവൾക്കും പുതിയപേരു നൽകി; "ഹൂബാ".

അവസാനംനിന്ന സാറാമ്മയെ പിതാവു വിളിച്ചു. "ദനഹാ".

മൂവരും പിതാവിനു പിന്നാലെ ദേവാലയമദ്ധ്യത്തിലൂടെ നടന്ന് ശുശ്രൂഷാവേദിയിലെത്തി.

എരിദീപങ്ങളുമായി മണവറയിൽ പ്രവേശിച്ച മണവാട്ടികളെപ്പോലെ അവർ ആനന്ദിച്ചു.

ശുശ്രൂഷകൾ നാലു മണിക്കൂർ ദീർഘിച്ചു.

ശിരസ്സു നമിച്ചുനിന്ന അവരുടെ തലമുടി പിതാവു തന്നെ മുറിച്ചുകളഞ്ഞു. ഓരോരുത്തർക്കും പ്രത്യേകം ഒരുക്കിവച്ച വസ്ത്രം നൽകി. പിതാവു പറഞ്ഞു:

"യേശു മിശിഹായ്ക്കു കാഴ്ചയർപ്പിക്കപ്പെട്ട പൊന്നും മൂരും കുന്തുരുക്കവുമാണു നിങ്ങൾ. ശൈനാ എന്നാൽ സമാധാനം. ഹൂബാ എന്നാൽ



malankaralibrary.com

സ്നേഹം. ദനഹാ എന്നാൽ ഉദയം. നിങ്ങൾ മലങ്കരയുടെ ഉദയവും സ്നേഹവും ശാന്തിയും ആയിരിക്കട്ടെ".

മഠവും കൂടി തുടങ്ങിയതോടെ അടിത്തറ പൂർത്തിയായ സംതൃപ്തി. പക്ഷേ വിശ്രമിക്കാനാവില്ലല്ലോ. ശിഷ്യരെ കൂടെക്കൂടെ ഓർമ്മപ്പെടുത്തി.

"താലന്തുകൾ ശരിക്കുപയോഗിക്കാത്തപക്ഷം ദൈവം കണക്കു ചോദിക്കും. അതിനാൽ നമുക്കാർക്കും വിശ്രമിക്കാൻ അവകാശമില്ല".

അവരതു പാലിച്ചു. ഗുരുവും ശിഷ്യരും നാടെങ്ങും സേവനത്തിന്റെ പ്രകാശം പരത്തി നടന്നു.

പ്രസംഗിക്കാൻ ചെല്ലുന്നിടത്തെല്ലാം നേർച്ചക്കുടുക്കകൾ കൊണ്ടുപോകും. അതു വാങ്ങാൻ ചേരികളിലെ പട്ടിണിപ്പാവങ്ങൾ പോലും തള്ളിക്കയറി. ബഥനിയുടെ നേർച്ചക്കുടുക്കയിൽ എന്തെങ്കിലും നിക്ഷേപിക്കുന്നത് ഭാഗ്യമായി അവർ കരുതി.

ഇങ്ങനെ കിട്ടിയ തുക സൂക്ഷിച്ചുവച്ചു. അതുപയോഗിച്ച് പതിന്നാലു ബഥനിപ്പള്ളികൾ സ്ഥാപിച്ചു. ഓരോ പള്ളിയിലും താമസിച്ച് പ്രസംഗിച്ച് പിതാവു ചുറ്റിസഞ്ചരിച്ചു.

പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി ഓരോരുത്തരെ ഓരോ കാര്യം ഏൽപ്പിച്ചിരിക്കുകയാണ്. മാമോദീസാ കിട്ടിയതോടെ യാക്കോബാണ് പിടിയരിപ്പിരിവിന് മുന്നിട്ടിറങ്ങിയിരിക്കുന്നത്. തോളിലൊരു ചാക്കുമേന്തി രാവിലെ ഇറങ്ങിത്തിരിക്കുന്ന അവൻ വെറുങ്കയ്യോടെ ക്ഷീണിച്ചവശനായി വൈകിട്ട് തിരിച്ചെത്തി പിതാവിനോടു സങ്കടമുണർത്തിച്ചു.

"എനിക്കാരും ഒന്നും തരുന്നില്ല പിതാവേ. പുലയാ... പുലയാ... എന്നു വിളിച്ച് എല്ലാരും എറിഞ്ഞോടിക്കുവാ".

"നീ ഉച്ചയ്ക്കു വല്ലതും കഴിച്ചോ?"

"പച്ചവെള്ളംപോലും ആരും തന്നില്ല പിതാവേ".

"ഇനി പിടിയരി പിരിക്കാൻ പോകുമ്പോൾ ഒരു ബുക്കും പെൻസിലും കൂടി നീ കൊണ്ടുപോകണം. ഓരോ വീട്ടിൽനിന്നും കിട്ടുന്ന ശകാരവാക്കുകൾ അതിൽ കുറിച്ചെടുത്ത് എന്നെ ഏൽപ്പിക്കണം".

പോകാൻ തുടങ്ങിയ യാക്കോബിനെ പിതാവു വീണ്ടും വിളിച്ചു. "ബഥനിക്കുവേണ്ടി നീ വളരെ കഷ്ടപ്പെടുന്നുവല്ലോ. ദൈവം നിനക്കു പ്രതിഫലം തരും. എങ്കിലും നിത്യവൃത്തി കഴിയാൻ ഞാനൊരു മാർഗ്ഗം പറഞ്ഞുതരാം".

അവൻ പിതാവിന്റെ മുൻപിൽ ശ്രദ്ധയോടെ നിന്നു. കവരമുള്ള പാലക്കമ്പുപയോഗിച്ച് കിണറിനു സ്ഥാനം കാണാനുള്ള വിദ്യ പിതാവ് അവനെ പഠിപ്പിച്ചു.



malankaralibrary.com

മെത്രാനായിട്ടുപോലും ചേരികളിൽ സേവനത്തിനിറങ്ങിയ ബഥനി പിതാവ് അവരുടെ കണ്ണുകളിൽ അവതാര പുരുഷനായിരുന്നു. ജാതീയ മേൽക്കോയ്മയാൽ ചവിട്ടി അരയ്ക്കപ്പെട്ട പറയരും പുലയരും ആ തണലിൽ ആശ്വസിച്ചു.

അവർ പിതാവിനോടു പറഞ്ഞു.

"അടിയങ്ങളെ അവിടുന്നേലും തള്ളിക്കളേല്ലേ പൊന്നുതിരുമേനീ".

അനുഭവംകൊണ്ടാണവർ അങ്ങനെ വിതുമ്പുന്നത്.

ക്രിസ്ത്യാനികളാക്കണമെന്ന് അപേക്ഷിച്ചാൽപോലും അവരെ സ്വീകരിക്കാൻ ആരുമില്ല. എങ്ങനെയെങ്കിലും ക്രൈസ്തവരായാൽത്തന്നെ പള്ളികളിൽ അവർക്കു പ്രവേശനമില്ല.

അവർ വീണ്ടും പറഞ്ഞു.

"അടിയങ്ങളു പള്ളീക്കേറാൻ തമ്മതിക്കില്ലേൽ ഒരു പൊലയപ്പള്ളി വച്ചു തന്നേച്ചാ മതിയേ".

അവരെ ചുറ്റിപ്പിടിച്ച് പിതാവ് ആശ്വസിപ്പിച്ചു.

"അങ്ങനെ നിങ്ങളെ വേർതിരിക്കാൻ ഞാനനുവദിക്കുകയില്ല". അതുപറഞ്ഞ് പിതാവ് അവരെയെല്ലാം വിളിച്ചുകൂട്ടി. അവർക്കു സ്നേഹം കൊടുത്തു. ശക്തി കൊടുത്തു. പൊതുനിരത്തിലൂടെ അവരെ നടത്തി ബഥനിപ്പള്ളിയിലെത്തി. സവർണ്ണർ വഴിയോരങ്ങളിൽ അതുകണ്ടമ്പരന്നു നിന്നു.

പിതാവ് പള്ളിയിൽ കയറി പ്രാർത്ഥിച്ചു. യാക്കോബായ പള്ളിയിലെ പതിവനുസരിച്ച് പുരുഷന്മാർ മുൻപിൽ നിരന്നു. അതിനു പിന്നിൽ മാത്രമേ സ്ത്രീകൾ നിൽക്കാൻ അനുവാദമുള്ളൂ.

അതുകണ്ട് ആബോ ശബ്ദിച്ചു.

"ബഥനിപ്പള്ളികളിലെങ്കിലും അനാചാരങ്ങൾ ഉണ്ടാകരുത്. നമ്മുടെ പള്ളികളിൽ ജനങ്ങൾ നിൽക്കുന്ന വിധംതന്നെ ശരിയല്ല. ഇതാ നോക്കുക... അബലകളായ നമ്മുടെ സഹോദരിമാരെ ഏറ്റം പിന്നിലേക്ക് പുറം തള്ളി ആണുങ്ങൾ മുൻപിൽ ഞെളിഞ്ഞു നിൽക്കുന്നു. ഇനിമേലിൽ ബഥനിപ്പള്ളികളിൽ ഈ നില തുടരരുത്. കിഴക്ക് അഭിമുഖമായി നിൽക്കുമ്പോൾ വലത്തുവശത്തു സ്ത്രീകളും ഇടതുവശത്തു പുരുഷന്മാരും നിന്നുകൊള്ളണം".

എവിടെയും ബഥനിയുടെ തനിമ ദൃശ്യമായിരുന്നു. ബഥനിപ്പള്ളികളിൽ എല്ലാ വിഭാഗക്കാർക്കും പ്രത്യേക സംഘടനകൾ തുടങ്ങി.

കുട്ടികൾക്കു വേദപാഠശാല കാര്യക്ഷമമാക്കി. പ്രാർത്ഥനാ സംഘ



malankaralibrary.com

ടനകൾ തുടങ്ങി. പ്രസംഗയോഗങ്ങൾ തുടർന്നു. വനിതാ സമാജം ആരംഭിച്ചു.

കുറച്ചുപേർ മാത്രം പാടുകയും മറ്റുള്ളവർ അതാസ്വദിച്ചു നിൽക്കുകയും ചെയ്യുന്ന പതിവ് ബഥനിപ്പള്ളികളിൽ ഒഴിവാക്കി.

അവിടെ എല്ലാവരുടെയും നാവുകൾ ഉച്ചത്തിൽ സ്തുതി കീർത്തനങ്ങളുയർത്തി. ഓരോ പള്ളിയിലും ഓരോ തരത്തിലുള്ള ആരാധനാ സമ്പ്രദായം ഏകീകരിക്കുവാൻ പ്രാർത്ഥനപ്പുസ്തകങ്ങൾ അച്ചടിച്ച് എല്ലാ പള്ളികളിലും എത്തിച്ചു.

സന്ന്യാസികൾക്ക് ആശ്രമവും സന്ന്യാസിനികൾക്ക് മഠവും തുടങ്ങിയ നാൾ മുതൽ മറ്റൊന്നുകൂടി ആഗ്രഹിക്കുകയായിരുന്നു.

മനസ്സിൽ അതിന് 'തൃതീയാശ്രമം' എന്നു പേരിട്ടു. ഇപ്പോൾ ബഥനി വളർന്നു കഴിഞ്ഞു. തന്റെ മൂന്നാം ആശ്രമവും തുടങ്ങാൻ കാലമായിരിക്കുന്നു. ഗാന്ധിജിയുടെ സബർമതി ആശ്രമത്തിൽ ചെന്നതുതന്നെ ഈ ആഗ്രഹം വച്ചുകൊണ്ടായിരുന്നല്ലോ.

പ്രസംഗവേദികളിലെല്ലാം അതിനെപ്പറ്റി ആബോ ഉദ്ബോധിപ്പിച്ചു.

"യഥാർത്ഥ ദൈവഭക്തിയിൽ കുടുംബജീവിതം നയിക്കണമെന്ന് ആഗ്രഹിക്കുന്ന ഏവർക്കും തൃതീയാശ്രമത്തിലെ അംഗങ്ങളാകാവുന്നതേയുള്ളു. അവർ സന്ന്യാസ നിഷ്ഠകൾ പാലിക്കേണ്ട ആവശ്യം ഇല്ല. പരിശുദ്ധമായ കുടുംബജീവിതം നയിക്കണമെന്നേയുള്ളു. ആണ്ടുതോറും ഓരോ ദുർഗുണങ്ങളെ നശിപ്പിച്ചാൽ നമുക്കു വിശുദ്ധരാകാൻ കഴിയും. തൃതീയാശ്രമസ്ഥർ സ്വന്തദേശമോ വീട്ടുവസ്തുക്കളോ ഉപേക്ഷിക്കേണ്ട ആവശ്യമില്ല".

പിടിയരിപ്പിരിവിൽ നേരിട്ട ദു:ഖാനുഭവങ്ങൾ കുറിച്ചെടുത്ത് യാക്കോബ് അതാതു ദിവസങ്ങളിൽ പിതാവിനെ ഏൽപ്പിക്കുന്നുണ്ട്. അതു കീശയിൽ കരുതിയാണ് പിതാവ് അതാതു സ്ഥലങ്ങളിൽ പ്രസംഗിക്കാൻ ചെല്ലുന്നത്. പ്രസംഗമദ്ധ്യേ കടലാസു നിവർത്തി ഓരോരുത്തർചെയ്ത ക്രൂരതകൾ അല്പം ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് വിവരിക്കും. പക്ഷേ, ഹാസ്യത്തിനു പിന്നിലെ താക്കീതാവും എല്ലാവരുടേയും ഉള്ളിൽ തറച്ചുകയറുന്നത്.

ഈ പ്രസംഗപര്യടനങ്ങളുടെ ലക്ഷ്യം കുടുംബം ദേവാലയമാക്കുകയായിരുന്നു. കാലത്തും വൈകിട്ടും പ്രാർത്ഥനയുടെ പുണ്യനാദം കുടുംബങ്ങളിൽത്തന്നെ ഉയർന്നുതുടങ്ങി.

മദ്യസേവയും കലഹവും കുടുംബങ്ങളിൽ കുറഞ്ഞു. സഭാകാര്യങ്ങളിൽ ജനം എരിവുള്ളവരായി.



malankaralibrary.com

ഗ്രാമങ്ങൾതോറുമുള്ള ഈ സഞ്ചാരത്തിനിടയിൽ രോഗികളെ പേറി അനേകർ പിതാവിന്റെ പക്കലെത്തി. ആബോ പറഞ്ഞു.

"രോഗം വന്നിട്ട് പ്രതിവിധി നോക്കുന്നതിനേക്കാൾ ഉത്തമം രോഗം വരാതെ നോക്കുന്നതാണെന്നു നിങ്ങൾക്കറിയാമല്ലോ. നമ്മുടെ ജീവിത നിയന്ത്രണംകൊണ്ടുതന്നെ പല രോഗങ്ങളും ഒഴിവാക്കാൻ നമുക്കു കഴിയും. നാമെല്ലാം പഞ്ചവസ്തുക്കളാൽ നിർമ്മിക്കപ്പെട്ടവരാണല്ലോ. മനുഷ്യൻ ഹീനനാകുമ്പോൾ പഞ്ചഭൂതങ്ങൾ എതിർത്ത് ദൈവത്തോട് ആവലാതി പറയും. ഭൂമിയും ജലവും വായുവും അഗ്നിയുമെല്ലാം അവനിൽ കോപത്തെ അയയ്ക്കും. അതു രോഗമായിത്തീരുന്നു."

ഉപദേശങ്ങൾകൊണ്ടുമാത്രം പിതാവ് അവരെ അയച്ചില്ല. രോഗശാന്തിയും നൽകി.

തൃതീയാശ്രമം വിജയിക്കുകയാണ്. അതിന്റെ പ്രചാരകനായി ബഥനിപിതാവ് അവിശ്രമം കുതിക്കുകയാണ്, ബഥനിയുടെ അതിർത്തികൾക്കപ്പുറത്തേക്ക്.

പലരുടേയും ക്ഷണം സ്വീകരിച്ചാണ് വിദൂരങ്ങളിൽ പോകുന്നത്. അങ്ങനൊരു ദിവസം കുന്നങ്കുളത്തുനിന്നും മടങ്ങുകയാണ്. മുണ്ടൻമലയിലെത്തിയപ്പോൾ രാത്രി വളരെ വൈകി.

നിരന്തരമായ പ്രസംഗയോഗവും ദുർഘടമായ ദീർഘയാത്രയും ശരീരത്തെ തളർത്തിയിരിക്കുന്നു.

സത്രത്തിൽനിന്നും കുതിരയെ അഴിച്ച് അതിന്മേൽ മലകയറി. നിലാവുള്ളതിനാൽ മലമ്പാതകൾ ഏകദേശം കാണാം.

രൂക്ഷമായ വിശപ്പുണ്ട്. എങ്കിലും അതു കാര്യമാക്കുന്നില്ല.

പായ നിവർത്തി നിവർന്നു കിടന്നൊന്നുറങ്ങണം.

ആശ്രമപരിസരത്തെത്തിയപ്പോഴേക്കും അസഹ്യമായ നാറ്റം. ആശ്രമച്ചിട്ടകളിൽ പ്രധാനമാണു വൃത്തി. ഇന്നെന്തുപറ്റി?

നാറ്റത്തിന്റെ ഉൽഭവം കണ്ടെത്തി. പശുത്തൊഴുത്തിൽനിന്നാണ്. തുറന്നിട്ടിരിക്കുന്ന ആശ്രമത്തിണ്ണയിൽ തൂക്കിയിട്ടിരുന്ന എണ്ണവിളക്കിന്റെ തിരി നീട്ടി ഗോശാലയിലേക്കു കയറിനോക്കി. തൊഴുത്ത് മലിനപൂർണ്ണം. ഗോമൂത്രവും ചാണകവും കൂടിക്കുഴഞ്ഞ് നാറുന്നു. തന്റെ അരുമയായ അമ്മച്ചിപ്പശുവുപോലും ചാണകം നിറഞ്ഞ തറയിൽ പുതഞ്ഞുകിടക്കുന്നു. പൈക്കളെ കുളിപ്പിച്ചിട്ടുപോലുമില്ല.

'പശുക്കളുടെ ഉത്തരവാദിത്തം ഈ ആഴ്ചയിൽ ആർക്കാണ്?' സ്വയം ആലോചിച്ചു.



malankaralibrary.com

'അതു യാക്കോബിനല്ലേ?'

'കാര്യബോധമുള്ളവനാണല്ലോ അവൻ. പിന്നെന്തേ ഇങ്ങനെവ രാൻ?" ദേഷ്യവും സങ്കടവും കൂടിക്കലർന്ന ആത്മഗതത്തോടെ പിതാവ് തൂമ്പായും ചൂലും എടുത്തുകൊണ്ടുവന്നു.

കുപ്പായത്തിന്റെ നീണ്ട കൈകൾ മുട്ടോളം തെറുത്തുകയറ്റി. വിശപ്പും തളർച്ചയും ഉറക്കവും എല്ലാം മറന്നു.

തൂമ്പായിൽ ചാണകം കോരി കുട്ടയിൽ നിറച്ചു. കുനിഞ്ഞെടുത്ത് അകലെയുള്ള ചാണകക്കുഴിയിൽ നിക്ഷേപിച്ചു.

ചൂലെടുത്തു തൂത്തുവൃത്തിയാക്കി.

എന്നിട്ടു വിളിച്ചു.

"യാക്കോബ്..."

അർദ്ധരാത്രിയിൽ ഗുരുവിന്റെ വിളികേട്ടവൻ ഞെട്ടിയെഴുന്നേറ്റു. പുറത്തേക്കിറങ്ങി നിന്നു.

ചാണകം നിറഞ്ഞ കുപ്പായവും ദേഹവുമായി നിൽക്കുന്ന പിതാവിനെക്കണ്ട് അവൻ ഞെട്ടി.

ഭയത്തോടെ അവൻ കാര്യം പറഞ്ഞു.

"പിതാവെന്നോടു പൊറുക്കണം. രണ്ടു ദിവസമായി പനിയായി ഞാൻ കിടപ്പായിരുന്നു".

മൃദുവായി പിതാവു പറഞ്ഞു.

"തൊഴുത്തെല്ലാം വൃത്തികേടായിരുന്നു. ഞാനതുവാരി വൃത്തിയാക്കി. കഴിയുമെങ്കിൽ നീ കുറച്ചുവെള്ളം കൊണ്ടുവാ. കയ്യും കാലുമൊക്കെ ഒന്നു കഴുകട്ടെ".

✠



malankaralibrary.com



# 28

# പുനരൈക്യത്തിന് യാക്കോബായ സിനഡിന്റെ തീരുമാനം

"ഏതെങ്കിലും പുരാതന സഭയുമായി യോജിക്കാൻ വേണ്ട എഴുത്തുകുത്തുകൾ ഉടൻ നടത്തുക". വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ കല്പനയാണ്.

അതിനെപ്പറ്റി ആലോചിക്കാൻ ബഥനിപിതാവിനെ പരുമലയിലേക്കു ക്ഷണിച്ചിരിക്കുന്നു. കാതോലിക്കാബാവായും കുണ്ടറ മാർ ഗ്രീഗോറിയോസും ഉൾപ്പെട്ട സൂനഹദോസിലാണു ചർച്ച നടക്കുന്നത്.

കല്പിച്ചതല്ലാതെ അവിടെയും മെത്രാപ്പോലീത്താ പ്രത്യക്ഷപ്പെട്ടിട്ടില്ല. വിശ്രമിക്കുകയാണെന്ന ഭാവത്തിൽ തൊട്ടടുത്ത മുറിയിൽത്തന്നെ അദ്ദേഹം ഉണ്ടുതാനും. കത്തോലിക്കാ പുനരൈക്യത്തിനു താൻ മുന്നിട്ടിറങ്ങുന്നുവെന്ന വാർത്ത വന്നാൽ ഇനി വരാൻ പോകുന്ന കോടതിവിധിയെ അതു ദോഷമായി ബാധിക്കില്ലേ. അതാണദ്ദേഹത്തിന്റെ ആശങ്ക.



malankaralibrary.com

എങ്കിലും ബഥനിമെത്രാനെ രഹസ്യമായി മുറിയിലേക്കു വരുത്തി ഒരു കത്തും കുറെ പുസ്തകങ്ങളും കൊടുത്തുകൊണ്ടുപറഞ്ഞു.

"റഹമാനി പാത്രിയർക്കീസിന്റെ മറുപടിക്കത്താണ്. നമ്മൾ ആവശ്യപ്പെട്ടപ്രകാരം അവർ ഉപയോഗിക്കുന്ന തക്സായും മറ്റു പ്രാർത്ഥനപ്പുസ്തകങ്ങളുമൊക്കെ അയച്ചുതന്നിട്ടുണ്ട്. ഇതൊക്കെ പരിശോധിച്ച് തിരുമേനിതന്നെ എന്തു വേണമെന്നു തീരുമാനിച്ചു കൊള്ളുക. നമ്മുടെ പൂർണ്ണപിന്തുണ ഉണ്ടായിരിക്കും".

കത്തും പുസ്തകങ്ങളുമായി ബഥനിമെത്രാൻ സൂനഹദോസിലെത്തി. ചർച്ചയ്ക്കുമുൻപ് അദ്ധ്യക്ഷനായ കാതോലിക്കാ ബാവാ നിർദ്ദേശിച്ചു.

"ബഥനിത്തിരുമേനിതന്നെ ഈ ദൗത്യം ഏറ്റെടുക്കുന്നതാണ് എല്ലാംകൊണ്ടും നല്ലത്. എല്ലാക്കാര്യങ്ങളിലും ഞങ്ങളുടെ സഹായം ഉണ്ടായിരിക്കും".

പലതും ചിന്തിച്ച് ബഥനിമെത്രാൻ എഴുന്നേറ്റു.

"ഏതെങ്കിലും പുരാതന സഭയിൽ ചേരാനാണ് കല്പിച്ചിട്ടുള്ളത്. യൗനായ, യാക്കോബായ, നെസ്തോറിയൻ, അർമ്മേനിയൻ തുടങ്ങിയവയെല്ലാം പുരാതന സഭകൾതന്നെ. പക്ഷേ ഇവയെല്ലാം വളർച്ച മുരടിച്ചു നാൾക്കുനാൾ അധ:പതിച്ചുവരുന്നതായാണ് നാം കാണുന്നത്. അപ്പോൾ എന്തുകൊണ്ടും നല്ലത്, ലോകമെങ്ങും തഴച്ചുവളരുന്ന കത്തോലിക്കാ സഭയിൽ ചേരുകയല്ലേ".

മറ്റു രണ്ടുപേരുടെയും അഭിപ്രായവും അതുതന്നെയെന്ന് അവരുടെ മുഖഭാവം വ്യക്തമാക്കുന്നു.

മാർ ഗ്രീഗോറിയോസ് പറഞ്ഞു.

"എങ്കിൽ അതിനുവേണ്ട എഴുത്തുകുത്തുകൾ തിരുമേനി ആരംഭിക്കുക".

മലങ്കര സഭയെ റഹമാനി പാത്രിയർക്കീസ് സ്വീകരിക്കാമെന്ന വാഗ്ദാനവും മറ്റും ബഥനി മെത്രാൻ അവരെ അറിയിച്ചു. അവിടെ നിന്നും അയച്ചുകിട്ടിയ കത്തും പുസ്തകങ്ങളും കാണിച്ചു.

മാർ ഗ്രിഗോറിയോസ് പുസ്തകങ്ങൾ വാങ്ങി പരിശോധിച്ചു.

വിശുദ്ധ കുർബ്ബാന, ശ്ഹീമോ നമസ്കാരം, പട്ടം കൊട, ശവസംസ്കാരം ഇവയ്ക്കെല്ലാം പ്രത്യേകം തയ്യാറാക്കിയ സുറിയാനി പുസ്തകങ്ങൾ.

കാതോലിക്കാ ബാവാ പറഞ്ഞു.



malankaralibrary.com

“നിങ്ങൾ രണ്ടുപേരും കൂടി ഈ പുസ്തകങ്ങൾ സസൂക്ഷ്മം പരിശോധിച്ച് നമുക്കു സ്വീകാര്യമാണോ എന്ന് അറിയുക. ആണെങ്കിൽ എഴുത്തുകുത്തുകളും നടത്തുക”.

മാർ ഗ്രീഗോറിയോസ് ബഥനി മെത്രാനോടു പറഞ്ഞു.

“ഇവിടെനിന്നും ഞാൻ തിരുമേനിയോടൊപ്പം തിരുവല്ലായിലേക്കു വരികയാണ്. അവിടെവച്ച് നമുക്കീ പുസ്തകങ്ങൾ പരിശോധിക്കാം”.

തിരുവല്ലാ ബഥനി പ്രസിൽ ഇരുവരും എത്തി.

മദർ ഈഡിത്തു സംഭാവന നൽകിയ ട്രഡിൽ പ്രസുകൊണ്ട് ആബോ തുടങ്ങിയ അച്ചടിശാലയാണിത്. ആത്മീയ ലഘുലേഖകളും പുസ്തകങ്ങളും അച്ചടിച്ച് നാടെങ്ങും വിതരണം ചെയ്യാനായി തുടങ്ങിയതാണ്. അവിടെ അലമാരിയിൽ സഭാപരമായ എല്ലാ പുസ്തകങ്ങളുമുണ്ട്. അതോരോന്നും എടുത്ത് അയച്ചുകിട്ടിയ പുസ്തകങ്ങളുമായി താരതമ്യം ചെയ്തുനോക്കി.

മാർ ഗ്രീഗോറിയോസ് സസന്തോഷം പറഞ്ഞു.

“യാതൊരു വ്യത്യാസവുമില്ലല്ലോ”.

“എങ്കിൽ ഞാൻ വാകത്താനത്തിനു പോവുകയാണ്. കാതോലിക്കാ തിരുമേനിയെ വിവരം അറിയിക്കണം. എന്നിട്ടു മറുപടിക്കത്ത് തയ്യാറാക്കി റഹമാനിത്തിരുമേനിക്കു അയച്ചു കൊള്ളാം”. ആബോ പറഞ്ഞു. ഇരുവരും ആശ്ലേഷിച്ചു ചുംബിച്ചു പിരിഞ്ഞു.

മാർ ഈവാനിയോസ് വാകത്താനത്തിനു പോയി. കൂടെ ഒരു വൈദികനെയും അൽമായനെയും കൊണ്ടുപോവുക ആബോയ്ക്കു പതിവാണ്. ഇത്തവണ പാറേട്ടു മാത്യൂസ് അച്ചനും കെ.വി.ചാക്കോയ്ക്കുമാണ് ആ ഭാഗ്യമുണ്ടായത്.

വിവരങ്ങൾ കേട്ട് കാതോലിക്കാ ബാവാ സന്തോഷിച്ചു.

“ആദ്യ കത്ത് നാം തന്നെ എഴുതിത്തരാം”. കാതോലിക്കാ പറഞ്ഞു. ബേറൂട്ടിലെ കത്തോലിക്കാ പാത്രിയർക്കീസുമായി ബന്ധപ്പെടുന്നത് അദ്ദേഹത്തെ സംബന്ധിച്ച് ഭാഗ്യകരമായ അനുഭവമായിരുന്നു.

കാതോലിക്കാ തന്നെ സുറിയാനിയിൽ കത്തെഴുതി ആബോയെ ഏൽപ്പിച്ചു. അന്നുമുതൽ റഹമാനി പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ തുടങ്ങി.

ഇതിനിടയിൽ ഒരു ദിവസം ഇലഞ്ഞിക്കൽ വക്കീൽ തിരുമൂലപുരത്തുവന്നു. ആശ്രമത്തിൽവന്ന് പിതാവിനെ കാണുകയും സഭാകാര്യങ്ങൾ ചർച്ചചെയ്യുകയും പതിവാണ്.



malankaralibrary.com

റഹമാനി പാത്രിയർക്കീസിന്റെ പേർക്ക് കാതോലിക്കാബാവാ എഴുതിയ ആദ്യകത്തിന്റെ ഇംഗ്ലീഷ് പരിഭാഷ വക്കീലിനെ ആബോ കാണിച്ചു.

അതു വായിച്ച് ജോൺവക്കീൽ പറഞ്ഞു.

"പിതാവിനോളം വരില്ല എന്റെ ചിന്തകൾ. എങ്കിലും ചില സ്വാതന്ത്ര്യം ഉപയോഗിച്ച് ഒന്നുണർത്തിച്ചു കൊള്ളട്ടെയോ".

"മിസ്റ്റർ ജോണിന്റെ അഭിപ്രായങ്ങൾ തുറന്നു പറയണം".

"തിരുമേനീ, അന്ത്യോഖ്യക്കാരനായ ഒരു പാത്രിയർക്കീസിനെ ഉപേക്ഷിച്ച് മറ്റൊരു അന്ത്യോഖ്യൻ പാത്രിയർക്കീസിനെ സ്വീകരിക്കുന്നതു ബുദ്ധിയാണോ? ഒരാൾ യാക്കോബായനും മറ്റെയാൾ കത്തോലിക്കനുമാണെന്നതു ശരിതന്നെ. പക്ഷേ രണ്ടുപേരും തുർക്കികളാണ്. അവരുടെ സംസ്കാരം നമുക്കറിവുള്ളതാണല്ലോ".

"അപ്പോൾ, വക്കീൽ പറഞ്ഞുവരുന്നത് റോമായിലെ മാർപ്പാപ്പായുമായി നേരിട്ടു ബന്ധപ്പെടുവാനാണോ?"

"അതെ തിരുമേനീ".

ആലോചനയോടെ ആബോ പറഞ്ഞു.

"പക്ഷേ റോമിൽനിന്നും എന്തെങ്കിലും സാധിച്ചു കിട്ടാൻ വലിയ കാലതാമസം വേണ്ടിവന്നേക്കും. "റോം മൂവ്സ് സ്ലോവ്ലീ' എന്നാണല്ലോ പഴഞ്ചൊല്ല്".

അതിനൊരു പരിഹാരം കണ്ടെത്തിയ മട്ടിൽ വക്കീൽ നിർദ്ദേശിച്ചു.

"ഇന്ത്യയിലിപ്പോൾ കത്തോലിക്കരുടേതായ രണ്ടു റീത്തുകളുണ്ടല്ലോ; ലത്തീനും സീറോ മലബാറും. അതിലേതിലെങ്കിലും ചേർന്നാൽ പോരേ, തിരുമേനീ".

"അതു പറ്റില്ല മിസ്റ്റർ ജോൺ. ലത്തീൻ റീത്തു പാശ്ചാത്യരുടേതാണ്. കൽദായ രീതികളിൽനിന്നും ഉണ്ടായതാണ് മലബാർറീത്തും. ഇതു രണ്ടും നമ്മുടെ പാരമ്പര്യവുമായി യോജിക്കില്ല".

"ലോകത്താകെയുള്ള പതിനെട്ടു കത്തോലിക്കാ റീത്തുകളിൽ നമ്മളുമായി യോജിപ്പുള്ള ആചാരക്രമം റഹമാനി പാത്രിയർക്കീസിന്റേതു മാത്രമല്ലേ. അപ്പോൾ പിന്നെന്തു ചെയ്യും?"

വിദൂരതയിൽ മിഴികളൂന്നി ഗാഢമായി ചിന്തിച്ചുറച്ചപോലെ പിതാവു ചോദിച്ചു.

"പുതിയൊരു റീത്തായാലോ മിസ്റ്റർ ജോൺ? ശ്രേഷ്ഠമായ കത്തോ



malankaralibrary.com

ലിക്കാ വിശ്വാസവും അതിപുരാതനമായ അന്ത്യോഖ്യൻ ആചാരവും ഒന്നിക്കുന്ന പുതിയൊരു റീത്ത്?"

അതുകേട്ട് വലിയ സന്തോഷത്തോടും അതേസമയം സംശയത്തോടും ജോൺ വക്കീൽ പറഞ്ഞു.

"റോം അതനുവദിച്ചു തരുമോ? തരുമെങ്കിൽത്തന്നെ അങ്ങ് അതിനുവേണ്ടി എല്ലുമുറിയെ കഷ്ടപ്പെടേണ്ടിവരും".

"ദൈവജനത്തിനുവേണ്ടി എന്തു ത്യാഗം ചെയ്യുന്നതും എനിക്കു ഭാഗ്യമാണ്. നമ്മുടെ സഭയിൽനിന്നും പലരും ഇവിടുത്തെ കലഹം നിമിത്തം ലത്തീനിലും സീറോ മലബാറിലും ചേർന്നിരുന്നല്ലോ. അവരിന്ന് അനുഭവിക്കുന്ന ദുരിതത്തിനു കണക്കില്ല".

"അതെ, അതെ. വിവാഹം പോലും ചെയ്യാനാകാതെ അവരിന്ന് വലയുകയാണ്. പിരിഞ്ഞുപോയതിനാൽ നമ്മുടെ കൂട്ടർ അവരുമായി വിവാഹബന്ധം ആഗ്രഹിക്കുന്നില്ല. പുതുതായി കത്തോലിക്കാ സഭയിൽ ചേർന്ന അവരെ പുരാതന സുറിയാനിക്കാരായ സീറോ മലബാറുകാർ പുച്ഛത്തോടെയാണു കാണുന്നത്. ലത്തീൻകാരെ അധഃകൃതരും മരയ്ക്കാന്മാരുമെന്നൊക്കെ വിളിച്ച് ഈ പുതുകത്തോലിക്കർ വെറുക്കുകയും ചെയ്യുന്നു".

"അതുകൊണ്ടാണ് വക്കീലേ ഞാൻ പറയുന്നത് പുതിയൊരു റീത്തുതന്നെ നമുക്കു വേണമെന്ന്".

പിരിയും മുമ്പ് വക്കീൽ പറഞ്ഞു.

"പക്ഷേ പിതാവേ, കഴിയുന്നതും ഇക്കാര്യങ്ങൾ രഹസ്യമായി നടത്തുകയാണു നല്ലതെന്നു തോന്നുന്നു. ലക്ഷ്യത്തിലെത്താൻ എന്തെങ്കിലും തടസ്സങ്ങളുണ്ടായാൽ അതുമതി എതിർപക്ഷത്തിനു കൊട്ടിഘോഷിക്കാൻ".

"പക്ഷേ, യാക്കോബായ മെത്രാനായ എനിക്ക് മാർപ്പാപ്പായുമായി നേരിട്ടു ബന്ധപ്പെടാൻ അനുവാദമുണ്ടോ? അതോ കത്തോലിക്കാ മെത്രാന്മാരിലൂടെയോ പാടുള്ളോ?"

"അതൊന്നും എനിക്കറിവില്ല പിതാവേ. ഞാനതിന്റെ നിയമവശങ്ങൾ മനസ്സിലാക്കി നാളെത്തന്നെ അറിയിച്ചാൽ മതിയോ".

"കഴിവതും ഇത്തരം സുപ്രധാന കാര്യങ്ങൾ നാളേക്ക്നീട്ടേണ്ടാ. കാളാശ്ശേരിത്തിരുമേനി ചങ്ങനാശ്ശേരി അരമനയിലുണ്ടെന്നാണ് അറിവ്. ഇന്നുതന്നെ അദ്ദേഹത്തെ പോയിക്കണ്ട് വിശദവിവരങ്ങൾ അറിഞ്ഞുകൊള്ളാം".



malankaralibrary.com

ഏറ്റം അടുത്തുള്ള കത്തോലിക്കാമെത്രാനാണു മാർ കാളാശ്ശേരി. അദ്ദേഹത്തോട് ചോദിക്കേണ്ട സംശയങ്ങളെല്ലാം മനസ്സിൽ അടുക്കി വച്ചു.

യാക്കോബിനെ വിളിച്ച് പിതാവു പറഞ്ഞു.

"മേളാംപറമ്പിൽ ചെന്ന് കാറയയ്ക്കാൻ പറയൂ".

ഡ്രൈവർ തമ്പി കാറുമായി ആശ്രമമുറ്റത്തുവന്നു. പിതാവ് അതിൽ കയറി. കിളിലേത്തു ചാക്കോച്ചനെയും കൂട്ടി. കാർ ഇരമ്പിനീങ്ങി.

ചങ്ങനാശ്ശേരി അരമനയുടെ ഉത്തുംഗകവാടത്തിൽ വണ്ടി നിൽക്കുമ്പോൾ രാത്രി പത്തുമണി കഴിഞ്ഞിരിക്കുന്നു.

കാവൽക്കാരനോട് കാറിലിരുന്നുതന്നെ പിതാവു ചോദിച്ചു.

"തിരുമേനി ഇവിടെ ഉണ്ടോ?"

കാറിനുള്ളിൽ ആരാണെന്നു കണ്ടില്ലെങ്കിലും അയാൾ ആദരവോടെ പറഞ്ഞു.

"ഒണ്ട്. പക്ഷേ ഒറങ്ങാൻ പോയിക്കാണും".

"സാരമില്ല. തിരുമേനിയുടെ മുറി ഏതാണ്. താൻ കൂടെ വരിക".

കാറിന്റെ വാതിൽ തുറക്കാൻ തമ്പി ഓടി ഇറങ്ങി വന്നപ്പോഴേക്കും പിതാവ് പുറത്തിറങ്ങി അരമനയിലേക്കു വേഗത്തിൽ നടന്നു.

പടികൾ കയറി രണ്ടാം നിലയിലെത്തിയപ്പോൾ കാവൽക്കാരൻ മുറി ചൂണ്ടിക്കാട്ടി.

കാൽപ്പെരുമാറ്റം കേട്ട് മുറിക്കുള്ളിൽനിന്നും ചോദ്യമുയർന്നു.

"ആരാണത്?"

"ബഥനിയുടെ മെത്രാൻ മാർ ഈവാനിയോസ്".

തൽക്ഷണം അത്ഭുതാഹ്ലാദത്തോടെ വാതിൽ മലർക്കെ തുറന്നു. ആശ്ലേഷിച്ച് ചുംബിച്ച് കാളാശ്ശേരി തിരുമേനി ആരാഞ്ഞു.

"അതിശയമായിരിക്കുന്നല്ലോ. എന്താ ഈ അസമയത്ത്?"

വിവരമെല്ലാം അറിയിച്ചു.

സംശയങ്ങൾ ചോദിച്ചു.

മാർ കാളാശ്ശേരി പറഞ്ഞു.

"മാർപ്പാപ്പായുടെ കീഴിൽ നേരിട്ടുള്ള പുനരൈക്യമാണ് എല്ലാം കൊണ്ടും നല്ലത് എന്നാണെന്റെ അഭിപ്രായം. കത്തോലിക്കാ മെത്രാന്മാരായ ഞങ്ങൾക്ക് ഇന്ത്യൻ ഡലിഗേറ്റ് മുഖേന മാത്രമേ പ്രധാനകത്തി



malankaralibrary.com

ടപാടുകൾ അയയ്ക്കാൻ പാടുള്ളൂ. എന്നാൽ യാക്കോബായ മെത്രാന്മാർക്ക് റോമിലേക്ക് നേരിട്ട് അപേക്ഷകൾ അയയ്ക്കാം".

കാളാശ്ശേരി തിരുമേനിയോടു വിടപറഞ്ഞിറങ്ങുമ്പോൾ മനസ്സിൽ ഓർമ്മകളുടെ കിളിവാതിൽ തുറക്കുകയായിരുന്നു. ജോൺ റിബേരാ എന്നൊരു വൃദ്ധ വൈദികനുണ്ട്. റോമിൽനിന്നും ഉന്നതപഠനം നേടിയിട്ടുള്ള ആൾ. മാവേലിക്കരയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ ഇപ്പോൾ വിശ്രമിച്ചു കഴിയുന്നു. മാർപ്പാപ്പയുമായി ബന്ധപ്പെടാനുള്ള വഴികളൊക്കെ അദ്ദേഹത്തിൽനിന്ന് കിട്ടാതിരിക്കില്ല.

പിറ്റേന്നു രാവിലെ മാവേലിക്കരയിലേക്കു തിരിച്ചു.

റോമിലേക്കുള്ള ആദ്യകത്ത് റീബേരാ അച്ചൻ തയ്യാറാക്കി. കൂടാതെ സന്മനസ്സോടെ പറഞ്ഞു.

"കത്തോലിക്കാ സഭയെപ്പറ്റിയുള്ള കൂടുതൽ കാര്യങ്ങൾ ബഥനിമലയിൽവന്ന് ഞാൻ പറഞ്ഞുതന്നുകൊള്ളാം. തിരുമേനി അവിടെ ഏതെല്ലാം ദിവസങ്ങളിൽ ഉണ്ടാകുമെന്നു പറഞ്ഞാൽ മതി.

"മിക്കവാറും എല്ലാശനിയാഴ്ചകളിലും ഉണ്ടാവും. ഞായറാഴ്ചത്തെ ആരാധനയ്ക്കായി ധ്യാനിച്ചൊരുങ്ങുന്നത് അന്നാണ്. അച്ചനു കഴിവുണ്ടെങ്കിൽ സൗകര്യമുള്ള ശനിയാഴ്ചകളിൽ വരിക".

റോമിലേക്ക് ആദ്യ എഴുത്തയച്ചു.

തൊട്ടുപിന്നാലെ ബ്ാംഗ്ലൂരിലുള്ള എഡ്വേർഡ് മൂണിക്കെഴുതി. മാർപ്പാപ്പായുടെ ഇന്ത്യൻ പ്രതിനിധിയാണദ്ദേഹം.

കൂടാതെ കൊല്ലം മെത്രാൻ ഡോക്ടർ അലോഷ്യസ് ബൻസിഗറിനും. അന്ത്യോഖ്യൻ രീതികളോടുകൂടിയ പുതിയ റീത്ത് അനുവദിച്ചു കിട്ടാൻ റോമിലേക്കു ശിപാർശചെയ്യണമേ എന്നു അഭ്യർത്ഥിച്ചുള്ളവയായിരുന്നു രണ്ടും.

ബഥനിയുടെ നേതൃത്വവും പുനരൈക്യ ശ്രമങ്ങളുമായി നിരന്തര യാത്ര തന്നെ. എങ്കിലും മുണ്ടൻമലയിൽ നിന്നു വിട്ടുനിൽക്കാറില്ല. എല്ലാവരും തന്നെക്കാണാൻ അവിടാണല്ലോ എത്തുക. അൻപതോളം സന്ദർശകരില്ലാത്ത ദിവസമില്ല. ആശ്രമവും മറ്റും കാണാൻ വരുന്നവർ, ധ്യാനത്തിനെത്തുന്നവർ, പ്രസംഗങ്ങൾക്കു ക്ഷണിക്കാൻവരുന്നവർ, സന്ന്യാസാഭ്യാസത്തിനെത്തുന്നവർ. ക്രിസ്ത്യാനികൾ മാത്രമല്ലവർ. ഹിന്ദുക്കളും മുസ്ലീമുകളും ഉണ്ട്. സ്വദേശികളും വിദേശികളുമുണ്ട്.

എല്ലാം ചൂണ്ടിക്കാട്ടി, ആത്മീയ ഭൗതിക ഭക്ഷണം നൽകി അവർക്കൊപ്പം നടക്കുമ്പോൾ ആശ്രമപിതാവിന്റെ ആനന്ദം കാണേണ്ടതാണ്.



malankaralibrary.com

അന്നതുപോലെ സന്ദർശകരെ യാത്രയാക്കി ആശ്രമമുറ്റത്തു പന്ത ലിച്ച ഞാവൽ മരച്ചോട്ടിൽ പിതാവിരിക്കുകയാണ്. അനാഥക്കുഞ്ഞുങ്ങ ളിലൊരാൾ മടിയിൽ തളർന്നുകിടപ്പുണ്ട്. എന്തോ രോഗം അവനെ ബാധി ച്ചിരിക്കുന്നു.

തെങ്ങുംതറയിൽ ജോബച്ചൻ പാത്രത്തിൽ മരുന്നുമായി തൊട്ടടു ത്ത്. ആശ്രമവൈദ്യനായ ജോബച്ചന്റെ മരുന്നുണ്ടെങ്കിൽ മാറാത്ത രോഗ മില്ലെന്നാണ് ജനാഭിപ്രായം.

ഒരിക്കൽ ഗിരിജൻ കോളനിയിൽനിന്നും പാമ്പുകടിയേറ്റ ഒരാളെ മല കയറി ആശ്രമത്തിലെത്തിച്ചു. കോളനികളിൽ ആശ്രമപിതാവിനൊപ്പം പോയി രോഗികൾക്ക് മരുന്നു കൊടുക്കാറുള്ള ജോബച്ചനെ അവർക്കു നേരത്തെ പരിചയമായിരുന്നു.

മുറിവുനോക്കി കടിച്ച പാമ്പിന്റെ ഇനം അച്ചൻ നിർണ്ണയിച്ചു. പിന്നെ വനത്തിനുള്ളിൽ കയറി ഗരുഡക്കൊടിയുടെ ഇല പറിച്ചു തിരിച്ചെത്തി. അതു ചതച്ചു പിഴിഞ്ഞ് നീരെടുത്ത് കുറച്ചു കുരുമുളകു ചതച്ചിട്ട് കുടി പ്പിച്ചു. ഇല തിരുമ്മി കോൾവായിൽ വച്ചുകെട്ടി. നാട്ടുവൈദ്യന്മാർ പലരും കൈയൊഴിഞ്ഞ അയാൾ ജീവനിലേക്കു തിരിച്ചു വന്നു. അതുമുതലാണ് ജോബച്ചന്റെ പ്രസിദ്ധി.

അനാഥബാലന്റെ വായിലേക്ക് അച്ചൻ മരുന്നു പകർന്നു. പിഴുതിട്ട കരിഞ്ചേമ്പിൻ താളുപോലെ മടിയിൽ തളർന്നു കിടന്ന അവന്റെ തല യിൽ പിതാവ് തലോടിക്കൊണ്ടിരുന്നു.

അല്പം മുമ്പ് ആശ്രമത്തിലെത്തിയ കിളിലേത്തു ചാക്കോച്ചൻ ചില കാര്യങ്ങളെപ്പറ്റി പറയാൻ പിതാവിന്റെ അടുത്തുണ്ട്.

"പിതാവേ, അവിടവിടെയായി നല്ല കുറേ സ്ഥലങ്ങൾ നോക്കി വച്ചി ട്ടുണ്ട്. പിതാവിന്റെ ആഗ്രഹംപോലെ കൊച്ചുകുന്നുകളാണെല്ലാം. എന്തു വേണം?"

ഉയർന്ന സ്ഥലം മാത്രമേ പിതാവിനിഷ്ടമുള്ളു. ചാക്കോച്ചനോട് ഇക്കാര്യം പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുമുണ്ട്. ഇതുവരെ ബഥനിപ്പള്ളി ക്കായി വാങ്ങിയ സ്ഥലങ്ങളിലേറെയും അത്തരം കുന്നുകൾ തന്നെ.

ഉയരത്തിലേക്കു പോകുന്തോറും മന:ശാന്തികൂടുമെന്നാണ് പിതാ വിന്റെ മതം. അതുപോലെ ശുദ്ധവായുവും അവിടെ സുലഭമാണ്. സദാ നല്ല കാറ്റും.

"പണത്തിന് എന്തുചെയ്യും ചാക്കോച്ചാ. ഞെരുക്കമാണെന്നാണ് അല ക്സിയോസച്ചൻ പറയുന്നത്. എന്തായാലും ഒരു കാര്യം ചെയ്യ്. ഉള്ള



malankaralibrary.com

പണം കൊണ്ടുപോയി അഡ്വാൻസ് കൊടുക്ക് എങ്ങനെയെങ്കിലും നമുക്കു വാങ്ങാം".

"അതുപോലെ... പിതാവേ, വാങ്ങിച്ചിട്ട ചിലയിടങ്ങളിൽ പള്ളി പണിയാനുണ്ട്. പള്ളി പണിഞ്ഞാലുടൻ ചുറ്റുവട്ടത്തുള്ളവരൊക്കെ വിശ്വാസം സ്വീകരിക്കാൻ കാത്തിരിക്കുകയാണ്".

പണം എങ്ങനുണ്ടാവും? പിതാവ് ആലോചനയിൽ മുങ്ങി. എന്നിട്ടു പറഞ്ഞു.

"ആറ്റുപുറത്ത് അലക്സാണ്ടർ ശെമ്മാശനെ വിളിക്ക്. യാക്കോബിനെയും".

ആശ്രമത്തിൽനിന്നും ഇരുവരേയും കൂട്ടി ചാക്കോച്ചൻ ഉടൻ വന്നു.

ആദ്യം യാക്കോബിനോടു പിതാവു പറഞ്ഞു.

"നിന്നെ ഞാനൊരു തൊഴിലു പഠിപ്പിച്ചിട്ടുണ്ടല്ലോ. കിണറിനു സ്ഥാനം കാണൽ. ഇതിനകം നീ എത്ര എണ്ണം കണ്ടു?"

അവൻ ഭക്ത്യാദരവോടെ ഉണർത്തിച്ചു.

"ഏഴെണ്ണം. എല്ലാത്തിലും ഇഷ്ടംപോലെ വെള്ളോമൊണ്ട്".

"കൊള്ളാം. നാളെ നീ കുന്നങ്കുളത്തേക്കു പോകാൻ ഒരുങ്ങിക്കോളൂ. എനിക്കവിടെ ആർത്താറ്റു പള്ളിയിൽ ധ്യാനപ്രസംഗമുണ്ട്. ധാരാളം ആളുകൾ കൂടുന്ന സ്ഥലമാണ്. പ്രസംഗം കഴിഞ്ഞ് നിന്നെപ്പറ്റി ഞാൻ പറയും. 'വേനൽക്കാലത്തും വെള്ളം വറ്റാത്തവിധം കുറഞ്ഞ ആഴത്തിൽ വെള്ളത്തിന്റെ നില കണ്ടുപിടിച്ച് വിദഗ്ദ്ധമായി കിണറിനു സ്ഥാനനിർണ്ണയം നടത്തിത്തരുന്ന ഒരാൾ എന്നോടൊപ്പം വന്നിട്ടുണ്ടെന്ന്. അവരവരുടെ സാമ്പത്തിക ശേഷിയനുസരിച്ച് പ്രതിഫലം കൊടുക്കണമെന്നും അതു ബഥനിയുടെ പ്രവർത്തനങ്ങൾക്കു മുതൽ കൂട്ടുമെന്നും ഞാൻ പറയും. നീ അതുപോലെ പ്രവർത്തിച്ചുകൊള്ളണം".

ആഹ്ളാദത്തോടെ അവൻ അതേറ്റു.

അലക്സാണ്ടർ ശെമ്മാശനോടും പിതാവു കല്പിച്ചു.

"എടോ ശെമ്മാശാ. നമുക്കത്യാവശ്യമായി ഒന്നുരണ്ടു പള്ളികൾകൂടി പണിയണമല്ലോ. കാശൊക്കെ കയ്യിൽ കുറവാണ്. എത്രയും ചെലവു ചുരുക്കാമോ അത്തരത്തിൽ പണിയണം".

അതിനു പറ്റിയ ആൾ അലക്സാണ്ടർ ശെമ്മാശൻ തന്നെയാണെന്നു പിതാവിനറിയാം. ആശ്രമത്തിൽ വന്നിട്ട് ഒരാണ്ടു കഴിഞ്ഞതേയുള്ളൂ. അപ്പോഴേക്കും മനോഹരമായ രണ്ടു പള്ളികൾ ശെമ്മാശൻ പണിതു കഴി



malankaralibrary.com

ഞ്ഞു. ഏതൊരു കെട്ടിട വിദഗ്ദ്ധനും സമ്മതിച്ചു പോകുന്നത്ര ഉറപ്പും ഒതുക്കവുമാണവയ്ക്കു.

പിതാവിന്റെ കല്പന പ്രകാരം ഇപ്പോൾ തിരുവല്ലാ ബഥനി പ്രസിന്റെ ചുമതലക്കാരനാണെങ്കിലും മനസ്സിലെപ്പോഴും നിറയുന്നത് കെട്ടിട നിർമ്മാണത്തിന്റെ തോതും വരപ്പും. അക്കാര്യത്തിൽ വല്ലാത്തൊരു കമ്പം തന്നെയാണു ശെമ്മാശന്.

സ്വയം കണ്ടെത്തിയ ചെലവുകുറഞ്ഞ നിർമ്മാണ രീതികൾ ശെമ്മാശൻ അവതരിപ്പിച്ചു. ശരിവച്ചും ചിലതിനു മാറ്റങ്ങൾ നിർദ്ദേശിച്ചും പിതാവ് ഇരിക്കുകയാണ്.

പടിഞ്ഞാറുനിന്നും സൂര്യൻ കോരിയൊഴിക്കുന്ന കാവിച്ചായത്തിൽ മുണ്ടൻ മല തിളങ്ങി നിൽക്കുന്നു. കാട്ടുവഴി കയറി മലയിലേക്ക് ആരോ വരുന്നു. എല്ലാവരും സൂക്ഷിച്ചുനോക്കി. അടുക്കുന്തോറും രൂപം വ്യക്തമാകുന്നു. കണ്ടിട്ടൊരു ശെമ്മാശന്റെ മട്ടുണ്ട്. നല്ല പുഷ്ടിയുള്ള ദേഹം. തുടുത്തുതിളങ്ങുന്ന മുഖം. ഇടതൂർന്ന കറുത്ത താടിമീശ.

അനാഥബാലനെ മടിയിൽക്കിടത്തി തഴുകിയാശ്വസിപ്പിക്കുന്ന ആശ്രമപിതാവിനെക്കണ്ട് അയാൾ തെല്ലുനേരം നിന്നുപോയി.

അതുകണ്ട്, 'എനിക്കും ഇതുപോലെ ജീവിക്കണം' എന്നു വിളിച്ചുപറയുന്ന മുഖഭാവം.

അയാൾ പിതാവിന്റെ മുമ്പിലെത്തി മുട്ടുകുത്തി താണു നമസ്കരിച്ചു.

'ശെമ്മാശൻ ഏതാ?" പിതാവുചോദിച്ചു.

"ജോൺ എന്നാണുപേര്. ഓമല്ലൂരിലാ വീട്. വീട്ടുപേരു കുഴിമേപ്പുറത്ത്".

"ഓഹോ. താൻ എന്തുവരെ പഠിച്ചു?"

"ഇന്റർ മീഡിയേറ്റു ജയിച്ചു. പിതാവിന്റെ ആശ്രമത്തിൽ ചേരണമെന്നാണ് ആഗ്രഹം. എന്നെ പിതാവു സ്വീകരിക്കണം".

"അങ്ങനെ തോന്നാൻ എന്താണു കാരണം. തുടർന്നു കോളജിൽ പഠിക്കുന്നില്ലേ?"

സന്ന്യാസദാഹം ആഴമുള്ളതാണോ എന്നാണു പിതാവിനറിയേണ്ടത്. ഒരാൾ സന്ന്യാസിയാവുന്നില്ല സ്വയമറിയാതെ സന്ന്യാസിയായിപ്പോവുകയാണ് എന്നാണല്ലോ പിതാവു പറയാറുള്ളത്.

ശെമ്മാശൻ പറഞ്ഞു.

"ചെറുപ്പത്തിലേ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ മൂന്നു



malankaralibrary.com

നോമ്പിനു പിതാവ് മാക്കാംകുന്നിൽ പ്രസംഗിച്ചതു കേട്ടപ്പോഴാണ് ആശ്രമത്തിൽ ചേരണമെന്നു തീരുമാനിച്ചത്".

അന്ന് മാക്കാംകുന്നിൽ പിതാവ് ധാരാളം നേർച്ചവഞ്ചികൾ വിതരണം ചെയ്തിരുന്നു. അതു ബഥനിയിലെ അനാഥർക്കുവേണ്ടിയാണെന്നറിഞ്ഞ് ജോൺ ശെമ്മാശൻ കയ്യിൽ ആകെയുള്ള തുട്ടുകൾ എണ്ണിനോക്കി.

വീട്ടിലേക്കു പോകാനുള്ള യാത്രക്കൂലിക്കേ തികയുകയുള്ളൂ. എങ്കിലും ബഥനിക്കുടുക്കയിലേക്ക് അതു മുഴുവൻ നേർച്ചയിട്ടു. രാത്രിയിൽ പിതാവിന്റെ പ്രസംഗം കഴിഞ്ഞ് ഓമല്ലൂരിലേക്ക് നടന്നു പോവുകയും ചെയ്തു.

പിതാവ് ഉപദേശിച്ചു.

"സന്ന്യാസമെന്നു പറയുന്നത് കുറച്ചുനാൾ പരീക്ഷിച്ചു നോക്കാനുള്ള ഒന്നല്ല. അത് എക്കാലത്തേയും ജീവിതവ്രതമാകണം".

ശെമ്മാശൻ തന്റെ ഒരനുഭവകഥകൂടി പിതാവിനോടു പറഞ്ഞു.

"പിതാവേ, ചങ്ങനാശ്ശേരിയിലെ തോമസ് കുര്യാളശേരി തിരുമേനി എന്റെ തലയിൽ കൈവച്ച് 'ശെമ്മാശൻ ഭാവിയിൽ ഒരു കത്തോലിക്കനായിത്തീരു'മെന്നു പ്രവചിച്ചു. അതു നടക്കണമെങ്കിൽ പിതാവിന്റെ ബഥനിയിൽ ചേരുകയാണു വേണ്ടതെന്ന് എന്റെ മനസ്സുപറയുന്നു".

ശെമ്മാശനെ പിതാവു പുഞ്ചിരിയോടെ കടാക്ഷിച്ചു.

ശെമ്മാശന്റെ വീരകഥകേട്ട് മറ്റുള്ളവർക്കു നല്ലരസം. പിതാവു ചോദിച്ചു.

"കുര്യാളശ്ശേരിത്തിരുമേനിയെ എവിടെവച്ചു കണ്ടു?"

"പാലായിലുള്ള ജ്യേഷ്ഠന്റെ കൂടെ താമസിച്ച് അവിടെ സെന്തോമസ് കോളജിൽ പഠിക്കുകയായിരുന്നു ഞാൻ. അന്നു കുര്യാളശ്ശേരി തിരുമേനി പാലാപ്പള്ളിയിൽ വന്നു. സ്വീകരണയോഗത്തിൽ പ്രസംഗിച്ചതു ഞാനായിരുന്നു. ആ പ്രസംഗം തിരുമേനിക്ക് ഇഷ്ടപ്പെട്ടു. അപ്പോഴാ എന്നെ അനുഗ്രഹിച്ചത്".


പിതാവ് കൂടെയുള്ളവരെ നോക്കി സന്തോഷത്തോടെ പറഞ്ഞു.

"ഭാവിയിലെ ഒരു കത്തോലിക്കനെ നമുക്കു ലഭിച്ചിരിക്കുന്നു. ദൈവത്തിനു സ്തോത്രം. നിങ്ങൾ ശെമ്മാശനെ ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടു പോകുവിൻ".

✠



malankaralibrary.com



# 29

# അദ്ധ്യാത്മ ജ്വാലയിൽ മുണ്ടൻമല

ദു:ഖവെള്ളി. അൻപതു നോമ്പിലെ ദു:ഖാർദ്രമായ ദിനം. വെളുത്ത ശിരോവസ്ത്രമണിഞ്ഞ് ധ്യാനിച്ചു നിൽക്കുന്ന കന്യാസ്ത്രീകളെപ്പോലെ മഞ്ഞണിഞ്ഞ മലനിരകൾ. മൗനത്തിന്റെ ആഴങ്ങളിൽ മനംപൂഴ്ത്തിയ ആശ്രമസ്ഥർ. നോമ്പുകാലം മുഴുവൻ കഠിന തപസ്സനുഷ്ഠിക്കുന്ന ആശ്രമപിതാവ്. നോമ്പിന്റെ അന്ത്യദിനങ്ങളായ ഹാശാ ആഴ്ചയിൽ കടുത്ത ഭജനയിൽ മുഴുകിക്കഴിയുകയാണവിടുന്ന്.

ദൈവസാമിപ്യം പോരാ, സാരൂപ്യവും പോരാ എന്ന നിഷ്ഠയിൽ സായൂജ്യത്തിന്റെ ഉയരങ്ങളിലെത്തിനിൽക്കുന്ന ഭജന.

ശിഷ്യരെക്കൂടി ഭജനയുടെ രത്ന ഗുഹയിലേക്ക് ആനയിക്കുന്ന ലോലസ്വരം വല്ലപ്പോഴും ഉയരുന്നുണ്ട്. വേദപുസ്തകപശ്ചാത്തലത്തിൽ ഭജനയുടെ ഗൗരവം കാട്ടിക്കൊടുക്കുകയാണു ഗുരു.

“മോശ പത്തു കല്പനകൾ നേടിയത് സീനായ് മലയിലെ ഭജനം വഴിയാണ്. ഏലിയാ പ്രവാചകന് ഇരട്ടി ആത്മീയശക്തി കിട്ടിയത് കർമ്മേൽ മലയിലെ ഭജനത്തിലൂടെയാണ്. യോഹന്നാന്റെ ശക്തി രഹസ്യവും വനാന്തരത്തിലെ ഭജനം തന്നെയായിരുന്നു. അപ്പസ്തോലന്മാർ



malankaralibrary.com

പരിശുദ്ധാത്മാവിനെ പ്രാപിച്ചത് സെഹിയോൻ മാളികയിലെ പത്തു ദിവസം നീണ്ട ഭജനം മൂലമാണ്. പരിശുദ്ധ അമ്മയ്ക്കു ഗബ്രിയേൽ പ്രത്യക്ഷമായതും യേശു ഉരുവാകുമെന്നറിയിച്ചതും ഭജനകാലത്തു തന്നെ. മരുഭൂമിയിൽ നാല്പതു ദിനരാത്രങ്ങൾ ഭജനനോറ്റ് യേശുനാഥൻ സാത്താനെ ജയിച്ചു."

താഴ്വാരപ്പള്ളിയിലാണ് ഹാശാവാര ശുശ്രൂഷകൾ.

ദു:ഖമണിയുടെ ഇടവിട്ടുള്ള തേങ്ങൽ മുണ്ടൻമലയിൽ പ്രതിദ്ധ്വനിക്കുന്നു.

ബഥനിയിലെ പീഡ ാനുഭവ ശുശ്രൂഷകൾ സുപ്രസിദ്ധമാണ്. യോഗീശ്വരനായ ബഥനി പിതാവിന്റെ ധ്യാനശുശ്രൂഷകളിൽ പങ്കെടുക്കാൻ ഭക്തജനങ്ങൾ തിങ്ങിക്കൂടുകയാണ്. വിദൂരസ്ഥരായ ആയിരങ്ങൾപോലും വന്നുനിറയുന്നു. അന്യജാതിക്കാരും ധാരാളം. നടന്നും വള്ളത്തിലും കാളവണ്ടിയിലുമൊക്കെയായി വൃദ്ധരും സ്ത്രീകളും കുട്ടികൾ പോലും മുണ്ടൻമലയുടെ താഴ്വാരങ്ങളിൽ ആരാധനയ്ക്കെത്തുന്നു.

അവരും ഉപവസിക്കും. പ്രായശ്ചിത്തം ചെയ്യും. നോമ്പു തീരുന്നതുവരെ മൗനം പാലിക്കും.

നോമ്പിന്റെ എല്ലാ ദിവസങ്ങളിലും ഈരണ്ടു മണിക്കൂർ വീതമുള്ള പിതാവിന്റെ പ്രസംഗം ശ്രവിക്കാൻ അവർ ഓടിയെത്തി.

തുടക്കം മുതൽ മുപ്പതുദിവസത്തോളം ഒരു വിഷയമാണ് പ്രസംഗിച്ചത്. കസേരയിൽ കണ്ണടച്ചിരുന്ന് ആ യോഗീശ്വരൻ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ ആത്മീയാമൃതം നിറയ്ക്കുകയായിരുന്നു.

തിരുമൂലപുരം മഠത്തിൽനിന്നും മിക്കവാറും എല്ലാവരും എത്തി. ഇത്തവണ യൂറോപ്യൻ കന്യാസ്ത്രീകൾ രണ്ടുപേരുണ്ട്. എല്ലാക്കൊല്ലവും വരാറുള്ള സിസ്റ്റർ ഹെലനാണ് ഒരാൾ. എന്നാൽ കൂടെയുള്ള സിസ്റ്ററ് 'ഡോറിന്' ഇത് ആദ്യാനുഭവം. മഠത്തിന്റെയും സ്കൂളിന്റെയും പ്രവർത്തനങ്ങൾക്കായി മദർ ഈഡിത്ത് വിളിച്ചു വരുത്തിയതാണു സിസ്റ്റർ ഡോറിനെ.

മുണ്ടൻമലയിലെ ആത്മീയനിറവിൽ ധ്യാനനിമഗ്നരായി നിൽക്കുകയാണവർ. കന്യാസ്ത്രീകൾ താഴ്വാര സത്രത്തിൽ പോയി ബാഗും മറ്റും വച്ച് അരമൈൽ ദൂരത്തിലുള്ള പള്ളിയിൽ കയറി.

മെഴുകുതിരികളെരിഞ്ഞു. കറുത്ത വസ്ത്രങ്ങളണിഞ്ഞ് പിതാവ് പ്രാർത്ഥന തുടങ്ങി.

മറ്റെല്ലാശബ്ദവും നിലച്ചു. വ്യക്തവും സ്ഫുടവുമായ പിതാവിന്റെ



malankaralibrary.com

പ്രാർത്ഥനകൾ ജനാവലിക്കപ്പുറത്തേക്കും കടന്ന് മുഴങ്ങുന്നു. എത്ര കേട്ടാലും മതിവരാത്തത്ര വശ്യമായ പ്രാർത്ഥനാ സിദ്ധി.

പ്രാരംഭ പ്രാർത്ഥന കഴിഞ്ഞുള്ള വേദപുസ്തക വായനയാണ്. അതിനു നിയുക്തനായ ശെമ്മാശൻ വേദപുസ്തകം പേറി ജനത്തിനഭിമുഖമായി വന്നുനിന്നു.

അന്നത്തെ പ്രത്യേക വേദഭാഗം ഉറക്കെ വായിച്ചുതുടങ്ങി. നാലഞ്ചു വാചകം കഴിഞ്ഞതേയുള്ളൂ. ഉടൻ പിതാവിന്റെ കർക്കശമായ ആജ്ഞ.

"നിർത്ത്".

സകലരും നടുങ്ങി

പിതാവിനെന്തോ അനിഷ്ടമുണ്ടായിരിക്കുന്നു.

എന്താണെന്ന് ആർക്കും നിശ്ചയം പോരാ.

അപ്പോൾ വീണ്ടും ആജ്ഞ.

"ശെമ്മാശൻ തെറ്റാണു വായിച്ചത്. സൂക്ഷിച്ചുവായിക്കുക".

അയാൾ വിയർത്തുപോയി. എങ്കിലും വീണ്ടും ആ ഭാഗം വായിച്ചു; മുൻപുവായിച്ചതുപോലെതന്നെ.

വീണ്ടും ഗർജ്ജനം.

"നിർത്താനല്ലേ പറഞ്ഞത്. വായിക്കുന്നതു ദൈവവചനമാണെന്നോർമ്മവേണം. അതു തെറ്റിച്ചു വായിക്കുന്നുവോ!"

പിതാവിന്റെ മുഖപേശികൾ മുറുകി. ഭസ്മീകരിക്കുന്ന നോട്ടം. ആദ്യമായാണ് ആ സാത്വികന്റെ മുഖത്ത് ഇത്ര കടുത്ത ഭാവം കാണുന്നത്.

വിറയലോടെ ശെമ്മാശൻ ന്യായീകരിച്ചു.

"പുസ്തകത്തിൽ ഉള്ള പ്രകാരമേ വായിച്ചിട്ടുള്ളൂ..."

ഉടൻ പിതാവ് സിംഹംപോലെ മുന്നോട്ടു കുതിച്ചു. ശെമ്മാശന്റെ കയ്യിൽനിന്നും ബൈബിൾ പിടിച്ചുവാങ്ങി. മുന്നിൽ കണ്ട മേശപ്പുറത്തേക്ക് അതിട്ടുകൊണ്ട് മുരണ്ടു.

"അർത്ഥശങ്ക വരുത്തുന്ന തർജ്ജമ".

എന്നിട്ട് സ്വന്തം സുറിയാനിബൈബിൾ തുറന്നു. ഒരു നിമിഷത്തിനുള്ളിൽ അന്നത്തെ വേദഭാഗം കണ്ടുപിടിച്ചു. സുറിയാനി ഭാഷ മനസ്സുകൊണ്ടുവായിച്ച് ഉടൻ മലയാളതർജ്ജമ പറഞ്ഞുകൊടുത്തു. ശെമ്മാശൻ അതേറ്റുപറഞ്ഞു.

അടുത്തനിമിഷം പിതാവ് പഴയ മനുഷ്യനായി.



malankaralibrary.com

വികാരാർദ്രമായ ശുശ്രൂഷകളാണിനിയും. വലിയ മരക്കുരിശെടുത്ത് പിതാവ് തോളിലേറ്റി. പ്രദക്ഷിണത്തിനുള്ള സമയം.

നിർമ്മലനായ യേശുതമ്പുരാൻ ശത്രുപീഡകളേറ്റ് കുരിശുചുമന്ന് കാൽവരിമല കയറുന്നതിന്റെ അനുസ്മരണം.

പ്രദക്ഷിണത്തിനായി ജനം പിന്നാലെ നിരന്നു.

പിതാവിന്റെ ഉള്ളിൽ യേശുവിന്റെ ദീനരോദനം നിറഞ്ഞു.

മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടുന്നതുപോലെ സ്വയം തോന്നി. കുരിശിന്റെ ഭാരം പേറി ഇടറിനീങ്ങുന്നതിനിടയിൽ നെഞ്ചിൽ ആഞ്ഞിടിച്ചുകൊണ്ട് പിതാവിന്റെ ഗദ്ഗദം ഉയർന്നു.

“ജറുസലേം പുത്രിമാരേ, നിങ്ങൾ എന്നെയോർത്തു കരയേണ്ടാ; നിങ്ങളേയും നിങ്ങളുടെ മക്കളേയും ഓർത്തു കരയുവിൻ.”

അതുകേട്ട് വിതുമ്പി നിൽക്കുന്ന ജനം. ഗോഗുൽത്തായിലേക്കു കൊല്ലാൻ കൊണ്ടുപോകുന്ന കർത്താവിനെ എന്നപോലെ അവർ ആ ത്യാഗമൂർത്തിയെ നോക്കി മനം തപിച്ചുനിന്നു.

വിശ്രമത്തിന്റെ ഇടവേളകളിൽപോലും ഭക്തജനം നിശബ്ദർ. മുണ്ടൻമല അവർക്കു ഗോഗുൽത്താ മലയായിരുന്നു. മരത്തണലുകളിൽ പറ്റിക്കൂടി അവർ ധ്യാനലീനരായി. പ്രസംഗത്തോടെ പകൽ മുഴുവൻ നീണ്ട ശുശ്രൂഷകൾ തീരുകയാണ്.

കസേരയിൽ ജനത്തിനഭിമുഖമായി പിതാവ് കണ്ണടച്ചിരുന്നു. കരളലിയിക്കുന്ന വാഗ്പ്രവാഹം.

പള്ളിയിൽ സ്ഥലം പോരാതെ മുറ്റത്തു നാലുപാടും ജനം നിറഞ്ഞിരുന്നു. യേശുവിന്റെ മുറിവുകളാണ് പ്രസംഗവിഷയം.

സഭയിലെ വഴക്കും മറ്റുമാണ് ആ മുറിവുകൾക്ക് കാരണമെന്നു വ്യക്തമാക്കുന്ന പ്രസംഗം.

ശ്വാസംപിടിച്ച് കേട്ടിരിക്കുന്ന ഭക്തജനം. യൂറോപ്യൻ കന്യാസ്ത്രീകളും അക്കൂട്ടത്തിലുണ്ട്.

സിസ്റ്റർ ഹെലന് മലയാളം അറിയാം. അവരതു കേട്ടിരിക്കുകയാണ്. പക്ഷേ, തൊട്ടുചേർന്നിരിക്കുന്ന സിസ്റ്റർ ഡോറിന് ഒന്നും മനസ്സിലാവുന്നില്ല. സിസ്റ്റർ ഹെലൻ ഇടയ്ക്കിടയ്ക്ക് പ്രസംഗം തർജ്ജമചെയ്ത് സിസ്റ്റർ ഡോറിനെ ഗ്രഹിപ്പിക്കുന്നുണ്ട്. പക്ഷേ തർജ്ജമക്കാര്യംപോലും മറന്ന് സിസ്റ്റർ ഹെലൻ പ്രഭാഷണവശ്യതയിൽ ലയിച്ച് അങ്ങനെയിരുന്നുപോകുന്നു. രക്ഷയില്ലാതെ സിസ്റ്റർ ഡോറിൻ പതുക്കെ പുറത്തിറങ്ങി. സത്രത്തിലേക്കു തനിച്ചു നടന്നു.



malankaralibrary.com

പ്രാർത്ഥനാപ്പുസ്തകങ്ങൾ സത്രത്തിൽ വച്ചു. സൂര്യൻ മറഞ്ഞിട്ടില്ല. പുറത്തിറങ്ങി ഒന്നു നടന്നാലോ. അവർക്കു തോന്നി.

ധ്യാനിക്കാൻ പറ്റിയ വലിയൊരു പാറ അവിടെവിടെയോ ഉള്ളതായി സിസ്റ്റർ ഹെലനിൽനിന്നും കേട്ടിട്ടുണ്ട്. അതുതേടി കാട്ടുവഴിയിലൂടെ മലകയറി. ഉയർന്ന പാറ കണ്ടെത്തി. ചെരിവിലൂടെ പിടിച്ചുകയറി അതിന്റെ മുകൾപ്പരപ്പിൽച്ചെന്നു. ഇടതൂർന്ന മരങ്ങളുടെ ചില്ലകൾ പാറയുടെ മുകളിലേക്കു ചാഞ്ഞ് ആകാശംപോലും കാണാനാവാത്തവിധം പടർന്നു മൂടിക്കിടക്കുന്നു. അവിടെ ചമ്രം പടിഞ്ഞിരുന്നു. മിഴികളടച്ചു.

മനസ്സിൽ അപ്പോഴും രക്ഷകന്റെ പീഡാനുഭവമായിരുന്നു. ശ്വസനം ക്രമീകൃത താളത്തിലായി. ആബോയിൽ നിന്നഭ്യസിച്ച പ്രാണായാമപ്രക്രിയ. ഉള്ളിലൊരജ്ഞാതശക്തി ഉണരുന്ന അനുഭവം. ചുറ്റുപാടുകൾ മറന്നുള്ള ധ്യാനം. ചേക്കേറുന്ന കാട്ടുകിളികളുടെ കലപില അറിഞ്ഞില്ല. സൂര്യൻ തിരിതാഴ്ത്തി ഉറങ്ങാൻപോയതും അറിഞ്ഞില്ല.

പിതാവിന്റെ പ്രസംഗം തീർന്നു. ബഥനിക്കഞ്ഞി കുടിക്കാൻ ജനം അവിടെങ്ങും നിരന്നിരുന്നു. നിലത്തുണ്ടാക്കിയ ചെറുകുഴികളിൽ തേക്കിലവച്ച് അതിൽ കഞ്ഞി വീഴ്ത്തും. പുഴുങ്ങിയ പയറും കാണും. ഇലക്കുമ്പിളിൽ കോരിക്കുടിച്ച് അന്നത്തെ നിരാഹാരവ്രതം അവസാനിപ്പിക്കുകയാണ്.

സിസ്റ്റർ ഹെലൻ സത്രത്തിലെത്തി. ഉടൻ സിസ്റ്റർ ഡോറിനെ തെരഞ്ഞു. അവരവിടില്ല. പക്ഷേ അവർകൊണ്ടുവച്ച പ്രാർത്ഥനാപ്പുസ്തകങ്ങൾ അവിടുണ്ട്.

നേരം ഇരുട്ടിക്കഴിഞ്ഞു. കറുത്ത മൂടുപടമണിഞ്ഞ കന്യകയെപ്പോലെ മുണ്ടൻമല.

"ഡോറിൻ... ഡോറിൻ.." സിസ്റ്റർ ഹെലൻ ചുറ്റുപാടും നോക്കി വിളിച്ചു. സത്രത്തിന്റെ നാലു ചുവരുകൾക്കു വെളിയിലേക്ക് ആ വിളി ഉയർന്നു.

ഉത്തരമില്ല. അവർ പുറത്തിറങ്ങി. സത്രക്കാരനോടു തെരക്കി.

"പുസ്തകമിവിടെ വച്ചിട്ട് ഇതിലേ ഒറ്റയ്ക്കു നടന്നുപോകുന്നതു കണ്ടു".

കനത്ത ഇരുട്ടിൽ വിരൽ ചൂണ്ടി അയാൾ പറഞ്ഞു.

"എങ്ങോട്ടുപോയി? എന്തിനു പോയി?"

"ചുമ്മാ നടക്കാനിറങ്ങിയതാരിക്കുമെന്നു ഞാൻ വിചാരിച്ചു".

സിസ്റ്റർ ഹെലന്റെ നീലക്കണ്ണുകളിൽ പരിഭ്രമത്തിന്റെ കാളിമ.

റാന്തൽ വിളക്കുമായി അവർ അടുത്തെല്ലാം തെരഞ്ഞു.



malankaralibrary.com

മറ്റു കന്യാസ്ത്രീകളും പരിഭ്രാന്തരായി അങ്ങുമിങ്ങും അന്വേഷിച്ചു പാഞ്ഞു.

കത്തിച്ച ചൂട്ടുകറ്റയുമായി സത്രക്കാരൻ കാട്ടുവഴി കയറി കുറേദൂരം പോയി തിരിച്ചുവന്നു. ഒരു വിശേഷവുമില്ല.

കൊടുംവനമാണ്. രാത്രിയും. സ്ഥലപരിചയമില്ലാത്ത മദാമ്മ വനാന്തരത്തിൽ വഴിതെറ്റി അലയുകയാണോ! അതോ വല്ല കുഴിയിലോ തോട്ടിലോ വീണുകിടക്കുന്നോ! അതുമല്ലെങ്കിൽ വല്ല കാട്ടുജന്തുക്കളുടെയും...

വയ്യ! ഒന്നും ഓർക്കാൻ വയ്യ.

സിസ്റ്റർ ഹെലന്റെ കൺപീലികൾ നനഞ്ഞു. ചുണ്ടുകൾ വിറച്ചു. കുരിശുവരച്ച് പ്രാർത്ഥിച്ചു.

"ഓ! ഗോഡ്. ഹെൽപ് അസ്".

പിന്നൊരു നിമിഷം അവരവിടെ നിന്നില്ല. സത്രക്കാരനെയും കൂട്ടി ഉടൻ പള്ളിയിലേക്കോടി.

ശുശ്രൂഷകളെല്ലാം തീർന്നിട്ടും തിരുമേനി പള്ളിയിൽത്തന്നെയുണ്ട്. മുട്ടുകുത്തി, കരങ്ങൾ വിരിച്ച് ഒരു പ്രതിമപോലെ പിതാവ് നിൽക്കുന്നു. ശിഷ്യരും പ്രാർത്ഥനയിൽത്തന്നെ.

എങ്ങനെയാണു പിതാവിന്റെ ധ്യാനത്തിനു ഭംഗം വരുത്തുക! എങ്കിലും മറ്റു മാർഗ്ഗമില്ലല്ലോ.

ഭാരിച്ച മനസ്സോടെ സിസ്റ്റർ ഹെലൻ വാതിൽക്കൽ മുട്ടി.

പിതാവ്മെല്ലെ തലതിരിച്ചു നോക്കി. റാന്തൽ വെളിച്ചത്തിൽ സിസ്റ്ററിന്റെ കരയുന്ന മുഖം കണ്ടു. ഓടിയിറങ്ങി വന്നു. കാര്യം തെരക്കുംമുമ്പ് സിസ്റ്റർ വിതുമ്പി.

"സിസ്റ്റർ ഡോറിനെ കാണുന്നില്ല. മലയിലേക്കു കേറിപ്പോകുന്നതു കണ്ടെന്ന് സത്രക്കാരൻ പറയുന്നു".

ധ്യാനനിമഗ്നരായ ശിഷ്യരെ വിളിച്ച് പിതാവു നിർദ്ദേശിച്ചു.

"നമ്മുടെ മദാമ്മ സിസ്റ്റർ കാട്ടിലെവിടെയോ അകപ്പെട്ടിരിക്കുന്നു. പല വഴിയായി പിരിഞ്ഞ് നിങ്ങൾ തെരയണം. കണ്ടെത്തിയാലുടൻ ആശ്രമച്ചാപ്പലിലെത്തി വലിയമണി മുഴക്കണം. അതു കേട്ടാലുടൻ എല്ലാവരും തെരച്ചിൽ നിർത്തി മടങ്ങിക്കൊള്ളണം".

കത്തിച്ച ചൂട്ടുകറ്റകളുമായി അവർ വനത്തിലേക്കു പലവഴിയായി കയറി. ചേറിൽ പുതഞ്ഞ വെൺമുത്തിനെയെന്നപോലെ അവർ തെരഞ്ഞുതുടങ്ങി.



malankaralibrary.com

കൈകൊട്ടിയും തകരപ്പാട്ടകൾ അടിച്ചും അവർ നീട്ടി വിളിച്ചു.

"സിസ്റ്റർ.... സിസ്റ്റർ...."

ചുറ്റു മലകളിൽ അതാഞ്ഞടിച്ച് മടങ്ങി വരുന്നു. അതു കേട്ടെവിടെയോ ഹിംസ്രജന്തുക്കൾ മുരണ്ടു.

പള്ളിയിലെ റാന്തലുമായി തിരുമേനിയും ഇറങ്ങി.

അവിടംമുതൽ സത്രംവരെയുള്ള കാട്ടുവഴികളിൽ തെരഞ്ഞു. സത്രത്തിലെങ്ങാനും എത്തിയിട്ടുണ്ടോ എന്നറിയാൻ വീണ്ടും അതിൽ കയറി പരിശോധിച്ചു.

പിതാവിനെ കണ്ട ഉടൻ അടക്കാനാവാത്ത വേദനയോടെ കന്യാസ്ത്രീകൾ പൊട്ടിക്കരഞ്ഞു. മൗനവ്രതത്തിലായിരുന്നതിനാൽ അവരുടെ പ്രയാസമത്രയും തേങ്ങലിൽ ഒതുങ്ങി.

മൃദുസ്വരത്തിൽ പിതാവ് അവരെ സാന്ത്വനിപ്പിച്ചു.

"എന്തിനു കരയുന്നു? നാമെല്ലാരും ദൈവത്തിന്റെ ഉള്ളം കയ്യിലല്ലയോ. സിസ്റ്ററിനെ ഇപ്പോൾ കൊണ്ടുവരാം".

വനാന്തരത്തിലേക്കാണ് പിതാവ് കടന്നത്. തെരഞ്ഞുനടക്കുന്നവരുടെ വിളികൾ മാത്രം മുഴങ്ങുന്നു. പക്ഷേ മറുപടിയില്ല.

മണിക്കൂറുകൾ മൂന്നോളം കഴിഞ്ഞിരിക്കുന്നു. എല്ലാവരും തളർന്നുകഴിഞ്ഞു.

പിതാവ് കരഞ്ഞു പ്രാർത്ഥിച്ചു.

"ദാനിയേലിനെ സിംഹക്കുഴിയിൽനിന്നു രക്ഷിച്ച തമ്പുരാനേ, സിസ്റ്ററിനെ കാത്തുകൊള്ളണമേ".

അപ്പോഴും തെരയുന്നവരുടെ വിളികൾ പ്രതിധ്വനിച്ചുകൊണ്ടിരുന്നു.

"സിസ്റ്റേർ.... സിസ്റ്റേർ...."

ആശ്വാസം! അതിനൊരു മറുപടി ഉയർന്നപോലെ. കാടിനുള്ളിൽ ഉയർന്ന ഏതോ ഭാഗത്തുനിന്നാണ്. ചെവിയോർത്തുനിന്നു. നേർമ്മയുള്ള കൂർത്തസ്വരം. അതു മദാമ്മയുടേതല്ലേ?

"ആംഹ്യർ... ആംഹ്യർ...".

"പ്രതീക്ഷകളോടെ തിരിച്ചിറങ്ങി സത്രത്തിലെത്തിയപ്പോഴേക്കും മലമുകളിലെ ആശ്രമമണി മുഴങ്ങുന്നു.

ദൈവത്തിന് നന്ദിയർപ്പിച്ച് പിതാവ് സത്രത്തിൽ ഇരുന്നു. എല്ലാവരും ആഹ്ലാദാരവങ്ങളോടെ മലയിറങ്ങി വരുന്നു. തീപ്പന്തങ്ങളുടെ നടുവിൽ ഭയന്നുവിറച്ച് സിസ്റ്റർ ഡോറിൻ.



malankaralibrary.com

കൂട്ടുകാരിയെ കണ്ട ഉടൻ ഓടിയടുത്തെത്തി സിസ്റ്റർ ഹെലൻ കെട്ടിപ്പിടിച്ചുകരഞ്ഞു.

"സിസ്റ്ററ് എവിടായിരുന്നു...?"

കുറ്റബോധത്തോടെ അവർ പറഞ്ഞു.

"പാറപ്പുറത്തു ധ്യാനിക്കാൻ പോയതായിരുന്നു. ഇരുട്ടായ കാര്യം അറിഞ്ഞതേയില്ല. പിന്നെ വഴി കാണാൻ വയ്യാതെ അവിടിരുന്നുപോയി".

സത്രത്തിലേക്കു വന്ന അവർ പിതാവിനെക്കണ്ടു സങ്കടപ്പെട്ടു. സിംഹപ്രഭാവം തുടിച്ച ആ മുഖത്തു നോക്കാൻ ധൈര്യമില്ലാതെ സിസ്റ്റർ ഡോറിൻ യാചിച്ചു.

"അവിടുത്തെ വേദനിപ്പിച്ചതിൽ എന്നോടു ക്ഷമിക്കണേ"

മറുപടി എന്തായിരിക്കുമെന്നറിയാതെ സകലരും ഭയന്നുനിന്നു.

പിതാവ് പറഞ്ഞു; അതിമൃദുലമായ ശീതളശബ്ദത്തിൽ,

"മേലിൽ സൂക്ഷിച്ചോണേ"...

ഗുരുവും ശിഷ്യരും മലകയറി ആശ്രമത്തിലെത്തി. പട്ടിണിയോടെ ഒരു പകൽ നീണ്ടകർമ്മങ്ങൾക്കുശേഷം അവർ ഊട്ടുശാലയിൽ കടന്നു. മൺചട്ടികളിൽ കഞ്ഞി വിളമ്പി. പ്രാർത്ഥിച്ചു. എല്ലാവരും കഞ്ഞികുടിച്ചു തുടങ്ങിയപ്പോൾ പിതാവെഴുന്നേറ്റു.

അതു പതിവില്ലാത്തതാണ്. ആർക്കുമൊന്നും മനസ്സിലായില്ല.

പിതാവിന്റെ കരുണാർദ്രമായ നയനങ്ങൾ ഒരു ശെമ്മാശനിൽ കേന്ദ്രീകരിച്ചു. പള്ളിയിൽവച്ച് ശകാരിക്കേണ്ടിവന്ന ശെമ്മാശനിൽ.

പിതാവ് വേദനയോടെ സ്വരമുയർത്തി പറഞ്ഞു.

"വേദപുസ്തക തർജ്ജമ തെറ്റിയതിനു ഞാൻ ശെമ്മാശനെ ശാസിച്ചു. ദൈവത്തെയോർത്ത് ശെമ്മാശൻ എന്നോടു ക്ഷമിക്കണം".

പിതാവിന്റെ കണ്ണുകൾ തുളുമ്പി.

സകലരും അമ്പരന്നു. വിഖ്യാതനായ ബഥനി പിതാവ് കേവലം ഒരു ശെമ്മാശനോടു മാപ്പപേക്ഷിക്കുന്നു!

അതുകേട്ട് ശെമ്മാശൻ പിടഞ്ഞെണീറ്റു. വിറയ്ക്കുന്ന കാലടികളോടെ അയാൾ ഓടി പിതാവിന്റെ പക്കലെത്തി. ഗുരുപാദങ്ങളിൽ കെട്ടിപ്പിടിച്ച് ഏങ്ങലടിച്ചു പറഞ്ഞു.

"അവിടുത്തെ ശാസന എനിക്കു ഭാഗ്യമാണ്".

✠



malankaralibrary.com



# 30

# ചങ്കുറപ്പുള്ള ഒറ്റയാൾ മുന്നേറ്റം

**കൂ**ർത്ത ചരലുവിരിച്ച പായയിൽ നിവർന്നുകിടക്കുമ്പോഴും വേദന അറിയാത്തവിധം മനസ്സു തൃപ്തമായിരുന്നു. ഓശാനയുടെ ആഹ്ലാദാരവങ്ങളേക്കാൾ ദു:ഖവെള്ളിയിലെ മൂകസാന്ദ്രമായ ഈ രാത്രിയല്ലേ തനിക്കു പ്രിയംകരം. ആത്മദണ്ഡനങ്ങൾക്കു മനസ്സിൽ മാതൃക വിശുദ്ധ ഫ്രാൻസിസ് അസീസി. ഇത്തരം ദിവസങ്ങളിൽ മുള്ളുനിറഞ്ഞ റോസാച്ചെടികൾക്കിടയിൽക്കിടന്ന് അദ്ദേഹം ഉരുളുമായിരുന്നല്ലോ. യേശുവിന്റെ പഞ്ചക്ഷതങ്ങൾ നേടുവാനുള്ള കുതിപ്പിൽ അത്രയെങ്കിലും അദ്ദേഹത്തിനു കഴിഞ്ഞു. പക്ഷേ തനിക്കോ ഇതുപോലെ ചില നിസ്സാര പീഡകൾ സഹിക്കാനേ കഴിയുന്നുള്ളല്ലോ.

ചരലുകളുടെ കടിയേറ്റ് ഉറങ്ങാതെ കിടക്കുമ്പോൾ കാട്ടുകിളികൾ നേരമറിയിക്കുന്നു. നാലുമണിയെങ്കിലും ആയിട്ടുണ്ടാവും.

രാത്രിമുഴുവൻ പ്രാർത്ഥിക്കുകയായിരുന്നെങ്കിലും നിഷ്ഠാപരമായ പ്രഭാതനമസ്കാരം ചെയ്തു. പിന്നെ റാന്തൽ തെളിച്ച് മേശയ്ക്കരികിൽ കസേരയിലിരുന്നു. പുസ്തകശേഖരത്തിൽനിന്നും തടിച്ച കുറേഎണ്ണം തെരഞ്ഞെടുത്ത് മേശപ്പുറത്തു വച്ചു. ഹീബ്രുവിലും സുറിയാനിയിലു



malankaralibrary.com

മുള്ള വേദപുസ്തകങ്ങൾ, വേദപുസ്തകനിഘണ്ടുക്കൾ. പിന്നെ കുറെ വെള്ളക്കടലാസും പേനയും.

മനസ്സിൽ അപ്പോഴും വേദപുസ്തകതർജ്ജമയെപ്പറ്റിയുള്ള ചിന്തകൾ. തെറ്റായ തർജ്ജമകളെ ഇനി ആശ്രയിക്കേണ്ടിവരരുത്. നല്ല വിവർത്തനങ്ങൾ ഇല്ലാത്തതുകൊണ്ടല്ലേ പ്രൊട്ടസ്റ്റന്റുകാരുടെ വികലമായ തർജ്ജമകളെ ആശ്രയിക്കേണ്ടിവരുന്നത്. ഇന്ത്യൻ ബൈബിൾ സൊസൈറ്റിയുടെ തർജ്ജമകളാണിവ. ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കു മൊഴിമാറ്റം വരുത്തിയവ. വികലമായ ഭാഷയും തെറ്റായ ആശയങ്ങളും നിറഞ്ഞവ.

ഈ ദു:സ്ഥിതി മാറാൻ ഒരു 'പ്ശീത്താ ബൈബിൾ' തർജ്ജമ ചെയ്യണം. യേശുവിന്റെ സംസാരഭാഷയിൽനിന്ന് നേരിട്ടു മൊഴിമാറ്റം ചെയ്ത ആദ്യ മലയാള വേദപുസ്തകമായിരിക്കും അത്.

ഭാഗ്യവശാൽ ഇതുവരെ എഴുതിക്കൊണ്ടിരുന്ന തന്റെ ആത്മകഥയുടെ ആദ്യഭാഗം പൂർത്തിയായിരിക്കുന്നു. ആ സമയംകൂടി വിനിയോഗിച്ച് പ്ശീത്താ ബൈബിളിന്റെ തർജ്ജമ ചെയ്യാം. രാവിലെ നാലുമുതൽ ഒമ്പതുവരെയുള്ള അഞ്ചുമണിക്കൂറുകൾ അതിനായി മാറ്റിവയ്ക്കാം. റോമിലേക്കുള്ള എഴുത്തുകുത്തുകൾക്കും ആലോചനകൾക്കും ബാക്കി സമയം ഉണ്ടല്ലോ. ഒരു കൊല്ലത്തിനുള്ളിൽ പുതിയനിയമതർജ്ജമയെങ്കിലും നിർവ്വഹിക്കണം.

ആത്മകഥയുടെ ആദ്യഭാഗം പൂർത്തിയായെങ്കിലും അതിനൊരു പേരുകൊടുത്തിട്ടില്ല.

എന്തു പേരു കൊടുക്കണം?

'മലയിലെ വിളക്കെ'ന്നായാലോ? പോരാ. അതിനൊരു ശക്തിയില്ല.

'മലമടക്കിലെ കെടാവിളക്കെ'ന്നായാലോ? കേൾക്കാൻ കൊള്ളാം. പക്ഷേ, വിപരീത ആശയമാണല്ലോ അതിന്.

മലമടക്കെന്നാവുമ്പോൾ രണ്ടു മലകൾ ചേരുന്ന താഴ്വാരഭാഗമെന്നല്ലേ അർത്ഥം. അതായത് ശിവലിംഗ പ്രതിഷ്ഠയുള്ള താഴ്വാരഭാഗം. പക്ഷേ ആത്മകഥയിലെ പ്രതിപാദ്യം മലമുകളിലെ ബഥനി ആശ്രമമല്ലേ. അപ്പോൾ 'ഗിരിദീപം' എന്നല്ലേ വേണ്ടത്. അതെ അങ്ങനെ തന്നെയാവട്ടെ.

ചുണ്ടുകളിൽ അതുരുവിട്ട് മഷിയിൽ പേന താഴ്ത്തി കടലാസിൽ വലിയ അക്ഷരത്തിൽ എഴുതി; 'ഗിരിദീപം'.

എന്നിട്ട് അലക്സാണ്ടർ ശെമ്മാശനെ മണിയടിച്ചുവരുത്തി. എഴുതിവച്ച ബഥനി ചരിത്രം കൊടുത്തു പറഞ്ഞു.



malankaralibrary.com

“ഇതു തിരുവല്ലായിൽ കൊണ്ടുപോയി നമ്മുടെ ബഥനി പ്രസിൽ അച്ചടിച്ചെടുക്കണം”.

വീണ്ടും തിരക്കിട്ട് എഴുതിക്കൊണ്ടിരുന്ന പിതാവിനെ നോക്കി ശെമ്മാശൻ തിരക്കി.

“ഇനിയും എന്താണു പിതാവേ ധൃതിവച്ചെഴുതുന്നത്”.

“പലതുമുണ്ടെടോ. അത്യാവശ്യമായി പ്ശീത്താ ബൈബിളിന്റെ തർജ്ജമ. പിന്നെ റോമിലേക്കുള്ള കത്തിടപാടുകൾ”.

“മൂന്നു കൊല്ലമായി പിതാവ് റോമിലേക്കെഴുതുന്നുവല്ലോ. ലത്തീനിലോ മലബാറിലോ ചേർന്നാൽ ഈ കഷ്ടപ്പാട് ഒഴിവാക്കരുതോ പിതാവേ?”

കത്തോലിക്കാ സഭയിൽ പുതിയൊരു റീത്തുതന്നെ അനുവദിച്ചെടുക്കുകയാണ് പിതാവിന്റെ ലക്ഷ്യമെന്ന് ശെമ്മാശനറിയാം. പക്ഷേ, അതു സാധ്യമാകുമോ എന്നു കണ്ടറിയണം. അതുകൊണ്ടാണ് തന്റെ അഭിമതം തുറന്നുപറഞ്ഞത്.

ചെറുചിരിയോടെ പിതാവ് ഒരു മറുചോദ്യം ഉന്നയിച്ചു.

“നിങ്ങളുടെ വീടും അയൽക്കാരന്റെ വീടും ഒരേ നിലവാരത്തിലുള്ളതാണെന്നു കരുതുക. എങ്കിൽ നിങ്ങളുടെ കുഞ്ഞിനെ അയൽക്കാരന്റെ വീട്ടിൽ വളർത്തിയാൽ മതിയോ? അങ്ങനെ ചെയ്താൽ അവൻ വ്യക്തിത്വമില്ലാതെ രണ്ടുസംസ്കാരങ്ങളുടെയും സങ്കലനമായിപ്പോവില്ലേ?

ശെമ്മാശൻ കടലാസുകെട്ടുമായി തൗനായിൽ നിന്നിറങ്ങി.

മെത്രാൻകക്ഷികളെ പുളകമണിയിക്കുന്ന കോടതിവിധിയുമായി പിറ്റേ പ്രഭാതം പിറന്നു. മരിച്ചുകിടന്ന മെത്രാൻകക്ഷികളുടെ മേൽ അതൊരു മൃതസഞ്ജീവനിയായിരുന്നു. മനോരമ പത്രത്തിൽ വലിയ വാർത്തയായി അതെത്തി.

കോടതിവിധി തങ്ങൾക്കനുകൂലമായിരിക്കുന്നു. ഹൈക്കോടതിവിധിക്കെതിരേ നാലുകൊല്ലംമുമ്പ് കൊടുത്ത അപ്പീലിന്മേലുള്ള വിധിയാണ്.

സകല ഭൗതികാധികാരങ്ങളും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് തിരിച്ചു കിട്ടിയിരിക്കുന്നു. സകല സ്കൂളുകളും അധീനതയിലായി. പഴയസെമിനാരിയും കയ്യിൽകിട്ടി.

നഷ്ടപ്രതാപങ്ങളെല്ലാം തിരിച്ചുകിട്ടിയ അത്യാഹ്ലാദം കോട്ടയത്ത് അലയടിച്ചുയരുകയാണ്. പക്ഷേ, അതിൽ നിന്നെല്ലാം അകന്ന് ബഥനി മെത്രാൻ ശിഷ്യരെ ഓർമ്മിപ്പിച്ചു. “ഇതൊന്നുമല്ല വിജയം, അതുണ്ടാ



malankaralibrary.com

കാൻ പോകുന്നതേയുള്ളു. കത്തോലിക്കാ സഭയുമായുള്ള ഐക്യമാണ് യഥാർത്ഥ വിജയം".

ഇതേ ചിന്തയുള്ള മറ്റൊരാൾകൂടിയുണ്ടായിരുന്നു; ചേപ്പാട്ടു പീലിപ്പോസ് കത്തനാർ. പുതിയ കോടതിവിധിയിൽ തൃപ്തനാകാത്തവൻ. ശാന്തിയുടെ ഈറ്റില്ലമായ ബഥനിയുടെ ആരാധകൻ. സത്യസഭയിലേക്കുള്ള പ്രവേശനകവാടമായികരുതി ബഥനിയെ സ്നേഹിച്ചവൻ.

ചേപ്പാട്ടുപള്ളി പൂട്ടി താക്കോൽ വീട്ടിൽ ഏൽപ്പിച്ചു. കുടുംബപിതാമഹൻ ചേപ്പാട്ടു മാർ ദിവന്നാസ്യോസിന്റെ കബറിൽ വീണു പ്രാർത്ഥിച്ച് നേരെ തിരുമൂലപുരം ആശ്രമത്തിലെത്തി. വലിയനോമ്പിന്റെ ധ്യാനശുശ്രൂഷകൾ കഴിഞ്ഞ് ആശ്രമാദ്ധ്യക്ഷൻ മുണ്ടൻമലയിൽനിന്നും അവിടെയെത്തിയിട്ടുണ്ട്.

സമർത്ഥനായ അച്ചന്റെ വരവ് പിതാവിനു സന്തോഷമായി. ആശ്രമസ്ഥനായ ചേപ്പാട്ടച്ചനോടു ആബോ പറഞ്ഞു. "ബഥനിപ്പള്ളികൾ പലതായി. കൂടാതെ ധാരാളം മിഷ്യൻ കേന്ദ്രങ്ങളുമുണ്ട്. അവിടെല്ലാം വിതരണം ചെയ്യാനായി യഥാർത്ഥ വിശ്വാസസത്യങ്ങളെപ്പറ്റി അച്ചൻ എഴുതി അച്ചടിപ്പിച്ചെടുക്കണം."

എഴുത്തുകാരനായ അച്ചന് ആ നിയോഗം വലിയ സന്തോഷമായി.

അതുവരെയും പിതാവ് തന്റെ സെക്രട്ടറിയായ യാക്കൂബച്ചനുമായി മാത്രമേ പുനരൈക്യകാര്യങ്ങൾ ചർച്ചചെയ്തിരുന്നുള്ളൂ. ചേപ്പാട്ടുകത്തനാരുടെ വരവോടെ ഒരാളിലേക്കുകൂടി അതു പടരുകയാണ്.

നിരന്തരചർച്ചകളും എഴുത്തുകളുമായി പുനരൈക്യജോലികളിൽ മുഴുകിക്കഴിയുന്ന പിതാവിന് ചേപ്പാട്ടുകത്തനാർ തുണയായി.

കോടതിവിധിയുണർത്തിയ ആഹ്ലാദാരവങ്ങൾ ബഥനിയിലേക്കും ഇരമ്പിയെത്തുകയാണ്. വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നുതന്നെ അതറിഞ്ഞു.

ബഥനിമെത്രാനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തുന്നു. യാക്കൂബച്ചനെ മെത്രാനാക്കുന്നു.

എവിടെയും ആഹ്ലാദത്തിന്റെ പൊടിപൂരം.

യാക്കൂബച്ചൻ റമ്പാനായി.

ഒന്നരമാസംമുൻപ് കാലംചെയ്ത രണ്ടാം കാതോലിക്കാബാവായുടെ സ്ഥാനത്ത് കുണ്ടറ ഭദ്രാസനാധിപൻ മാർ ഗ്രീഗോറിയോസ് വാഴിക്കപ്പെട്ടു.



malankaralibrary.com

അന്നുതന്നെ മാർ ഈവാനിയോസ് ബഥനിയുടെ മെത്രാപ്പോലീത്തയും ആയി.

പിറ്റേന്നു മാർ തെയോഫിലോസ് എന്ന പേരിൽ യാക്കോബുറമ്പാനെ മെത്രാനായും വാഴിച്ചു.

വലിയ പദവികളോടെ ബഥനി ആദരിക്കപ്പെട്ടിരിക്കുന്നു. അതിന്റെ ശ്രേഷ്ഠമായ സേവനങ്ങൾക്കുള്ള സമ്മാനംപോലെ.

എം.ഡി.സെമിനാരിയിലായിരുന്നു സ്ഥാനാരോഹണച്ചടങ്ങുകൾ. ബഥനി മെത്രാന്റെ പുതിയ സ്ഥാനലബ്ധിയിൽ ആരാധകർക്ക് അഭിമാനം ഇരട്ടിച്ചു. പദവികൾ വീണ്ടെടുത്തസഭയുടെ സ്വർണ്ണത്തൊപ്പിയിൽ ഉയർന്നുജ്ജ്വലിച്ച വർണ്ണത്തൂവലായിരുന്നു അവർക്കദ്ദേഹം. ഇനിമുതൽ ബഥനി മെത്രാപ്പോലിത്തായ്ക്കു സഭയിലുള്ള ഏഴു ഭദ്രാസനങ്ങളിലും ദേവാലയങ്ങൾ സ്ഥാപിച്ച് സ്വതന്ത്രമായി ഭരിക്കാം.

ശിഷ്യന്മാർ ഗുരുവിനു ചുറ്റുംകൂടി ആഹ്ലാദിച്ചു. കുഞ്ഞാടുകൾക്കു നടുവിൽനിന്ന ആ സിംഹരാജനെ പത്രപ്രവർത്തകർ ക്യാമറയിൽ പകർത്തി. കൂട്ടത്തിൽ വാളക്കുഴി ജോസഫ് അച്ചനുണ്ട്. പാറേട്ട് മാത്യൂസ് അച്ചനുണ്ട്. ഇരുവരും ഗുരുസവിധത്തിൽ വന്ന് അനുഗ്രഹം തേടി. വാളക്കുഴി അച്ചൻ വൈദികനായിട്ട് പതിനാറു ദിവസങ്ങളേ ആയിട്ടുള്ളൂ.

പാറേട്ടു മാത്യൂസച്ചൻ പിതാവിനോട് പുനരൈക്യശ്രമങ്ങളെപ്പറ്റി അന്വേഷിച്ചു.

ആബോ പറഞ്ഞു.

"യാക്കോബായ പാത്രിയർക്കീസിനു ഇന്നു നാം നൽകുന്ന സ്ഥാനം റോമാ മാർപ്പാപ്പായ്ക്കു കൊടുത്താൽ എന്താണു തെറ്റ്? എന്നാൽ അവരതു സമ്മതിക്കുമോ എന്നാണറിയേണ്ടത്."

പാറേട്ടച്ചൻ അതനുകൂലിച്ചു. എങ്കിലും ചില സംശയങ്ങളുണ്ട്.

"അങ്ങയുടെ ചിന്ത വളരെ നല്ലതാണ്. സഭകളെല്ലാം ഒന്നിക്കുകയാണല്ലോ ദൈവേഷ്ടം. എന്നാൽ കത്തോലിക്കാസഭയിൽ നമ്മൾ ചേർന്നാൽ നമ്മുടെ ആരാധനാരീതികൾ നഷ്ടപ്പെടുത്തേണ്ടി വരില്ലേ?"

മന്ദഹാസത്തോടെ ആബോ ഒരു മറുചോദ്യമെറിഞ്ഞു.

"നമ്മുടെ ആരാധനയും ആചാരവും അതേപടി നിലനിർത്തിക്കൊണ്ടുള്ള ഐക്യത്തിന് അവർ അനുവദിച്ചാലോ?"

എന്തോ ചിന്തിച്ച് പാറേട്ടച്ചൻ പറഞ്ഞു. "അങ്ങനെയെങ്കിൽ അതിൽപരമെന്തു സന്തോഷമാണുള്ളത്? എങ്കിലും വലിയമെത്രാനച്ചന്റെ



malankaralibrary.com

കാലം കഴിഞ്ഞേ പുനരൈക്യത്തെപ്പറ്റി ചിന്തിക്കാവൂ. അല്ലെങ്കിൽ അദ്ദേഹത്തിനതു സഹിക്കില്ല".

സംശയത്തിനു പഴുതില്ലാത്തവിധം ആബോ തറപ്പിച്ചു പറഞ്ഞു.

"സത്യം കണ്ടെത്തിയാൽ വലിയ തിരുമേനിയെപ്പോലും ഉപേക്ഷിച്ചു പോകേണ്ടിവരും.

ഇതുകേട്ട് അടുത്തുനിന്ന വാളക്കുഴി അച്ചന്റെ നെറ്റി ചുളിഞ്ഞു. യാക്കോബായസഭ വിട്ടുപോവുകയോ! റോമാസഭയിൽ ചേരുകയോ! അദ്ദേഹത്തിനതു ചിന്തിക്കാൻപോലും ആവുന്നില്ല. യാക്കോബായ വിശ്വാസത്തിൽ പിറന്നു. ഇനി വളരുന്നതും മരിക്കുന്നതുമെല്ലാം അതിൽത്തന്നെയാവണമെന്നാണു കൊച്ചച്ചന്റെ നിശ്ചയം. യാക്കോബായ വിശ്വാസത്തെ കൊച്ചാക്കുന്ന യാതൊന്നിനും കൂട്ടുനിൽക്കാൻ അദ്ദേഹത്തിനാവില്ല.

പക്ഷേ, വത്സലപിതാവായ ആബോയോട് എങ്ങനെ മറുത്തു പറയും. ആശ്രമസന്ന്യാസിയാകാൻ വരം ലഭിച്ചില്ലെങ്കിലും ആബോയേയും ബഥനിയേയും താൻ എത്രയധികം ആദരിക്കുന്നു. ചൂരൽവടി കയ്യിലേല്പിച്ച് നഗ്നമായ ചുമൽകാട്ടി മുന്നിൽനിന്ന് അടിക്കാൻ ആജ്ഞാപിക്കുന്ന ആ മഹാത്മാവിന്റെ രൂപം എന്നും തന്റെ ഉള്ളിലുണ്ടല്ലോ.

എങ്കിലും തിളച്ചുപൊന്തിയ വികാരം വാക്കുകളായി പുറത്തു ചാടി.

"പിതാവേ, നമ്മൾ ജയിച്ചല്ലോ. ഇനിയും പുനരൈക്യശ്രമങ്ങൾ നടത്തുന്നതെന്തിനാണ്?"

മന്ദസ്മിതത്തോടെ പിതാവു പ്രത്യുത്തരിച്ചു.

"കേസും ജയവും മറ്റുമായി പുനരൈക്യശ്രമങ്ങൾക്ക് എന്തു ബന്ധമാണെടോ ഉള്ളത്. യാഥാർത്ഥ്യത്തിലേക്കു തിരിച്ചു പോവുക; അതാണു വേണ്ടത്."

"പക്ഷേ, സൂനഹദോസുകൂടി പുനരൈക്യതീരുമാനമെടുത്തത് വട്ടിപ്പണക്കേസിൽ നമ്മൾ തോറ്റു കിടന്നപ്പോഴല്ലേ, പിതാവേ"

കൊച്ചച്ചനാണെങ്കിലും അദ്ദേഹത്തിന്റെ ചോദ്യം ഗൗരവമായെടുത്ത് പിതാവ് പറഞ്ഞു.

"സൂനഹദോസുകൂടി അഭിവന്ദ്യ തിരുമേനിമാർ എന്നെ ഭരമേൽപ്പിച്ച ദൗത്യമാണ് ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത്. അതിൽനിന്നു പിന്തിരിയാൻ ഞാനൊരുക്കമല്ല. കലപ്പയിൽ കൈവച്ചിട്ടു പിന്തിരിയുന്നവരാരും ദൈവരാജ്യത്തിനർഹരല്ല".

✠



malankaralibrary.com



# 31

# സത്യം കണ്ടെത്തി, ഇനി പിന്തിരിയില്ല

എങ്ങനെയെങ്കിലും ചേപ്പാട്ടു പീലിപ്പോസു കത്തനാരെ ബഥനിയിൽ നിന്നകറ്റണം. അല്ലെങ്കിൽ അദ്ദേഹം ബഥനിയുടെ മാത്രം സ്വത്തായി മാറും

സഭാനേതൃത്വം ഗൂഢമായി ചിന്തിച്ചു.

ബഥനിയുടെ സർവ്വസ്വതന്ത്രത എക്കാലവും സംരക്ഷിച്ചുകൊള്ളണമെന്ന് കൂടെക്കൂടെ ഓർമ്മപ്പെടുത്താറുള്ള വലിയ തിരുമേനിപോലും ഇപ്പോൾ തിരിഞ്ഞിരിക്കുന്നു. ബഥനിപ്പള്ളികളിലെ ആരാധനക്രമം തങ്ങളുടേതിൽനിന്നും വ്യത്യസ്തമല്ലെങ്കിലും അതിന്റെ തുബ്ദേനിൽ ബഥനിമെത്രാന്മാരുടെ പേരുകൾ മാത്രമേ അനുസ്മരിച്ച് പ്രാർത്ഥിക്കുന്നുള്ളൂ. സഭാധികാരികൾ ഇതെങ്ങനെ സഹിക്കും. പ്രത്യേകിച്ച് മലങ്കരമെത്രാപ്പോലീത്തായ്ക്കു സർവ്വാധികാരങ്ങളും ഹൈക്കോടതി അംഗീകരിച്ചുകൊടുത്ത സാഹചര്യത്തിൽ.

മാത്രമല്ല യാക്കോബായ അസോസിയേഷനിലേക്ക് ബഥനിപ്പള്ളികളിൽ നിന്നും പ്രതിനിധികളെ അയയ്ക്കാൻപോലും കൂട്ടാക്കുന്നില്ല. സഭാ



malankaralibrary.com

പരമായ യാതൊരു ആലോചനകളിലും ബഥനി പങ്കെടുക്കുന്നില്ല. വരവുചെലവു കണക്കുകളും സഭാധികാരികളെ ബോദ്ധ്യപ്പെടുത്തുന്നില്ല.

ഈ സാഹചര്യത്തിൽ ബഥനിയെ ഇങ്ങനെ വളർത്തിക്കൂടാ. അതപകടകരമാണ്. ധനത്തിലും ജനസംഖ്യയിലും വളർന്നുകൊണ്ടിരിക്കുന്ന അവർ ബഥനിമെത്രാന്റെ ഇച്ഛപ്രകാരം കൂട്ടത്തോടെ പുനരൈക്യപ്പെട്ടാലോ! അതോർക്കാൻ കൂടിവയ്യ.

റോമായിലേക്കുള്ള ബഥനിയുടെ ചായ്‌വ് അത്രത്തോളം പരസ്യമായിക്കഴിഞ്ഞിരിക്കുന്നു. പുതിയ കാതോലിക്കായും വലിയ തിരുമേനിയും ബഥനിയിൽ നേരിട്ടുവന്നഭ്യർത്ഥിച്ചിട്ടും തന്റെ ദൗത്യമുപേക്ഷിക്കാൻ ബഥനിമെത്രാപ്പോലീത്താ ഒരുക്കമല്ല. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയല്ലാതെ മറ്റൊരു മാർഗ്ഗവും തന്റെ ഉള്ളിലില്ലെന്ന് അവരോടദ്ദേഹം തുറന്നു പറയുകയും ചെയ്തു. അതിനാലാണ് ചേപ്പാട്ടു കത്തനാരെ തിരിച്ചുകിട്ടാൻ ബദ്ധപ്പെടുന്നത്.

രണ്ടാം കാതോലിക്കാ ബാവായും കണ്ടനാടു യൂവാക്കീം മെത്രാനും കാലംചെയ്തപ്പോൾ കുണ്ടറ ഭദ്രാസനാധിപൻ മാർ ഗ്രിഗോറിയോസ് പുതിയ കാതോലിക്കയായി. സഭയിൽ അങ്ങനെ മെത്രാന്മാരുടെ എണ്ണം കുറഞ്ഞു. ആ കുറവും നികത്തണം. രണ്ടു മെത്രാന്മാരെ ഉടൻ വാഴിക്കണം. അതിനായി രണ്ടു വൈദികരെ സഭാധികാരികൾ കണ്ടെത്തിയിട്ടുമുണ്ട്.

ഒന്ന് പുലിക്കോട്ടു ജോസഫ് അച്ചൻ. മറ്റേതു ചേപ്പാട്ടു വഞ്ചിയിൽ പീലിപ്പോസ് അച്ചനും.

ഇരുവരും ശ്രേഷ്ഠമായ ആത്മീയ പാരമ്പര്യമുള്ളവർ. മികച്ച വാഗ്മികളും എഴുത്തുകാരും.

പുലിക്കോട്ടുകത്തനാരെ കുന്നങ്കുളത്തുവച്ച് റമ്പാൻസ്ഥാനത്തേക്കുയർത്തിക്കഴിഞ്ഞു.

ഇനിയും വിട്ടുകിട്ടാനുള്ളത് ചേപ്പാട്ടു കത്തനാരെ.

ബഥനിയുടെ ആകർഷണവലയത്തിൽ അദ്ദേഹം അകപ്പെട്ടുകഴിഞ്ഞിരുന്നു. ആരൊക്കെ നിർബ്ബന്ധിച്ചിട്ടും ആശ്രമപിതാവിന്റെ തണലിൽനിന്നും അദ്ദേഹം മാറിയില്ല. തീവെയിലേറ്റു വലഞ്ഞപ്പോൾ കണ്ടെത്തിയ തണൽ മരമാണത്. അതുപേക്ഷിക്കാൻ ചേപ്പാട്ടച്ചനു കഴിയുമോ. അവസാനം പുതിയ കാതോലിക്കാ ബസേലിയോസ് തൃതിയൻ തന്നെ രംഗത്തെത്തി. ബഥനി മെത്രാനെത്തന്നെ സമീപിച്ചു.



malankaralibrary.com

“ചേപ്പാട്ടച്ചനെ റമ്പാനാക്കാനാണ് സൂനഹദോസിന്റെ തീരുമാനം. അയാളെ ഉടൻ ബഥനിയിൽനിന്നും വിട്ടുതരണം”.

പിതാവു പറഞ്ഞു.

“ഞാൻ പറഞ്ഞിട്ടല്ല അയാൾ ബഥനിയിൽ വന്നത്. അതിനാൽ പോകാൻ പറയാനും ഞാൻ തയ്യാറല്ല”.

കാതോലിക്കാ കുപിതനായി തിരിച്ചിറങ്ങി.

രോഷംപൂണ്ടുള്ള ആ പോക്കുകണ്ട് പിതാവും ചേപ്പാട്ടച്ചനും ആശ്രമവാതില്ക്കൽ നോക്കിനിന്നു. പിതാവിന്റെ മുഖത്തു ചിരിപടർന്നു.

അതുകണ്ട് അച്ചൻ തെരക്കി.

“പിതാവെന്താ ചിരിക്കുന്നത്”.

“കാതോലിക്കയാകുന്നതിനു മുൻപ് മുൻഗാമിയായ ബസേലിയോസ് ദ്വിതീയന്റെ പേർക്ക് ഈ തിരുമേനി എഴുതിയ കത്തിലെ ഒന്നുരണ്ടു വാചകം ഓർത്തുപോയി”.

“അതെന്താണ്?” ജിജ്ഞാസയോടെ ചേപ്പാട്ടച്ചൻ ചോദിച്ചു.

“പ്രതീക്ഷയ്ക്കു യാതൊരു വകയുമില്ലാത്ത സഭയാണു നമ്മുടേത്. ഇതിൽ ജനിച്ചുപോയതുതന്നെ എന്റെ ദുര്യോഗം. ഈ വാചകങ്ങളാണു കത്തിലുണ്ടായിരുന്നത്”.

“അതുകൊണ്ടായിരിക്കും മെത്രാനായിരുന്നപ്പോൾതന്നെ പുനരൈക്യത്തിനായി അദ്ദേഹം ആശിച്ചത്.”

“പുനരൈക്യ ദൗത്യം എന്നെ ഏൽപ്പിച്ച സൂനഹദോസിൽപ്പെട്ട തിരുമേനിയാണ് ഇപ്പോൾ പുനരൈക്യത്തിൽനിന്നും പിന്തിരിയാൻ കല്പിക്കുന്നത്. ബഥനിയുടെ സ്വതന്ത്രത ഉപേക്ഷിക്കാൻ ആജ്ഞാപിക്കുന്നത്.”

ലക്ഷ്യം നേടാനാവാതെ ബഥനിയിൽ നിന്നിറങ്ങിപ്പോയ കാതോലിക്കാബാവായുടെ രണ്ടുകത്തുകൾ താമസിയാതെ ആശ്രമത്തിൽ കിട്ടി. ആശ്രമാദ്ധ്യക്ഷന്റെ പേർക്കാണ് ഒന്ന്. മറ്റേതു ചേപ്പാട്ടച്ചന്റെയും. രണ്ടും തുറന്നു വായിച്ചതു പിതാവു തന്നെ.

ആശ്രമാദ്ധ്യക്ഷനായ അവിടുന്നു വായിച്ചിട്ടേ കത്ത് ആശ്രമസ്ഥർക്കു കൊടുക്കൂ.

രണ്ടുപേർക്കും മുടക്കു ഭീഷണി!

പിതാവു ചോദിച്ചു.

“പോകണമെന്നോ, എപ്പിസ്ക്കോപ്പൽ സ്ഥാനം ഏൽക്കണമെന്നോ ആഗ്രഹമുണ്ടോ?”



malankaralibrary.com

ചേപ്പാട്ടച്ചൻ തെല്ലുനേരം ചിന്തിച്ചു. എന്നിട്ടു പറഞ്ഞു.

"ഉണ്ട്, എന്നാൽ പിതാവു പുനരൈക്യപ്പെടുന്ന നിമിഷത്തിൽ ഞാനും അവിടുത്തോടൊപ്പമുണ്ടായിരിക്കും".

"എങ്കിൽ പൊയ്ക്കൊള്ളുക".

പിതാവിന്റെ അനുഗ്രഹത്തോടെ റമ്പാൻസ്ഥാനം ഏൽക്കാനായി അച്ചൻ പോയി.

ബഥനിയുടെ പ്രവർത്തനങ്ങളിലേക്കു പിതാവും.

അതിന്റെ സേവനങ്ങൾ ഇനിയും വളരണം.

അനാഥരേയും രോഗികളെയും സംരക്ഷിക്കാൻ ഇപ്പോഴുള്ള സൗക ര്യങ്ങൾ പോരാ. കിഴക്കൻ മേഖലകളിലും മറ്റും മലമ്പനി പിടിച്ച് അനേ കർ ചത്തൊടുങ്ങുകയാണ്. ബന്ധുക്കൾപോലും അവരെ ഉപേക്ഷിക്കുന്ന അവസ്ഥ. രോഗികളെ പായിൽ തെറുത്ത് ജീവനോടെ കുഴിച്ചു മൂടുക യാണത്രേ. ആരുപേക്ഷിച്ചാലും തനിക്കവരെ ഉപേക്ഷിക്കാൻ പറ്റുമോ. ബഥനിയുടെ സേവനഹസ്തങ്ങൾ അവിടേക്കും നീളണം.

പക്ഷേ അതിനു പണമെവിടെ? ആകെയുള്ള സ്വത്തെന്നു പറയു ന്നത് അവിടവിടെ വാങ്ങിയിട്ട ഭൂമിയാണ്. പലതിലും ബഥനിപ്പള്ളികൾ ഉയർന്നുകഴിഞ്ഞു. മറ്റു പലതിലും പണി നടന്നുകൊണ്ടിരിക്കുന്നു. അപ്പോൾ പിന്നെ, അതു വിറ്റ് ആതുരസേവനം ചെയ്യാം എന്നു കരുതു ന്നതു ബുദ്ധിയല്ല.

മറ്റെന്തെങ്കിലും മാർഗ്ഗം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഭാഗ്യത്തിന് അപ്പോഴേക്കും ആറ്റുപുറത്തു ശെമ്മാശൻ വന്നു പറഞ്ഞു.

"പിതാവേ, ഗിരിദീപമെല്ലാം വിറ്റുതീർന്നു. പണമെല്ലാം അല ക്സിയോസച്ചനെ ഏൽപ്പിച്ചു. ഇനിയും അച്ചടിച്ചു കൊടുക്കണമെന്നാണ് എല്ലാവരും ആവശ്യപ്പെടുന്നത്".

സന്തോഷത്തോടെ പിതാവു നിർദ്ദേശിച്ചു.

"ആ പണത്തിൽ പകുതി എടുത്ത് നമ്മുടെ ആശുപത്രിക്ക് കൊടുക്ക്. ബാക്കിയുള്ളതു തിരുമൂലപുരത്തെ പുലയപ്പള്ളിക്കൂടത്തിനും കൊടുക്ക്"

മുണ്ടൻ മലയുടെ താഴ്വാരത്തിൽ തുടങ്ങിയ ആതുരാലയം പണമില്ലാതെ വിഷമിക്കുകയാണ്. തിരുമൂലപുരം മഠത്തിനോടനുബ ന്ധിച്ച് തുടങ്ങിയ പുലയപ്പള്ളിക്കൂടവും. മറ്റുസ്കൂളുകളിൽ, പ്രവേശനം നിഷേധിക്കപ്പെട്ട പുലയക്കുട്ടികൾക്കായി മാത്രം തുടങ്ങിയതാണ്, നല്ലി



malankaralibrary.com

ടയന്റെ സ്കൂൾ എന്ന പേരിൽ. തയ്യലും നെയ്ത്തുമൊക്കെ അവിടെ പഠിപ്പിക്കുന്നുണ്ട്. പിതാവ് അലക്സിയോസ് അച്ചനെ വരുത്തി പറഞ്ഞു.

"കിട്ടാവുന്നിടത്തുനിന്നെല്ലാം സംഭാവന നമുക്കു കിട്ടിക്കഴിഞ്ഞു. എന്നിട്ടും പണത്തിന്റെ ഞെരുക്കം തീരുന്നില്ല. അച്ചനെ സിംഗപ്പൂരിലേക്കു വിട്ടാലോ എന്നു ഞാൻ ചിന്തിക്കുകയാണ്. എന്താ പോകാമോ?"

"പോകാം".

"പണപ്പിരിവു മാത്രമായിരിക്കരുത് ലക്ഷ്യം. അവിടെ നമ്മുടെ സഭാമക്കൾ ധാരാളമുണ്ട്. അവരുടെ സഹകരണവും ഐക്യവും ഉറപ്പാക്കണം. നാടിനു പുറത്താണെന്നു കരുതി വിശ്വാസം ക്ഷയിക്കാൻ അവർക്കിടയാകരുത്".

"എങ്കിൽ പിതാവെഴുതിയ പുസ്തകങ്ങളും ലഘുലേഖകളുമൊക്കെ കൊണ്ടുപോയി അവർക്കു കൊടുക്കട്ടെ".

"സൗകര്യംപോലെ ചെയ്തുകൊള്ളുക".

സിംഗപ്പൂരിലേക്കു പോകാനുള്ള ഒരുക്കങ്ങൾ ചെയ്തു.

മസനപ്സയണിഞ്ഞ മൂന്നാമതൊരാൾകൂടി ആശ്രമത്തിലെത്തി; ചേപ്പാട്ടു പീലിപ്പോസു റമ്പാൻ. വന്ന ഉടൻ വിവരങ്ങളെല്ലാം ആശ്രമപിതാവിനെ അറിയിച്ചു.

കാതോലിക്കായിൽനിന്നും പരുമലയിൽവച്ചു റമ്പാൻസ്ഥാനം ഏറ്റ വിവരങ്ങൾ കേൾക്കാൻ മറ്റുള്ളവരും വന്നു.

പിതാവു ചോദിച്ചു.

"റമ്പാൻ ഇവിടേക്കു വരുന്നകാര്യം വലിയ തിരുമേനിയെ അറിയിച്ചുവോ?"

"ബഥനിയിലേക്കു മടങ്ങാൻ അനുവദിക്കണമെന്നു വലിയ തിരുമേനിയോടും കാതോലിക്കാ തിരുമേനിയോടും ഞാൻ അഭ്യർത്ഥിച്ചു. പക്ഷേ അവർ അതു ശ്രദ്ധിക്കാതെ മറ്റൊരു ജോലി എന്നെ ഏല്പിച്ചു".

"അതെന്താണ്?"

"വട്ടിപ്പണക്കേസു നടത്തി സഭയ്ക്കു വലിയ കടം വന്നെന്നും അതു നികത്താൻ ഇടവകകൾതോറും ഞാൻ ചെന്ന് പണം പിരിക്കണമെന്നും കല്പിച്ചു".

"എന്നിട്ടെന്തു പറഞ്ഞു?"

"കേസിലും അതു സംബന്ധിച്ച കാര്യങ്ങളിലും നിന്നകന്ന് ബഥനിയിൽ കഴിയാനാണ് താല്പര്യമെന്നും അറിയിച്ചു. അപ്പോൾ



malankaralibrary.com

ബഥനിയുടെ പുനരൈക്യത്തെപ്പറ്റിയും പിതാവിനെപ്പറ്റിയും എന്നോടു കുറ്റം പറഞ്ഞു."

എല്ലാം പിതാവു സഗൗരവം മൂളിക്കേൾക്കുകയാണ്. റമ്പാച്ചൻ തുടർന്നു.

"നമ്മൾ കത്തോലിക്കരിൽനിന്നും പിരിഞ്ഞവരാണെന്നും മേലിൽ അവരുമായി ബന്ധപ്പെടില്ലെന്നു നമ്മുടെ പൂർവ്വികർ ശപഥം ചെയ്തിട്ടുണ്ടെന്നും എന്നോടു പറഞ്ഞു. അപ്പോൾ ഞാൻ ചോദിച്ചു! പത്രോസിന്റെ പിൻഗാമിയെ അനുസരിക്കുന്നതിൽ എന്താണു തെറ്റെന്ന്".

അതുകേട്ട് ആശ്രമപിതാവ് അഭിമാനത്തോടെ റമ്പാച്ചനെ നോക്കി. സത്യം തുറന്നറിയിക്കാനുള്ള ചങ്കുറപ്പാണ് പിതാവിനിഷ്ടം.

"അപ്പോൾ എന്തു പറഞ്ഞു"

അതു പറയാൻ റമ്പാച്ചൻ മടിച്ചു.

"ഉം... പറയൂ..." പിതാവിന്റെ ആജ്ഞ.

വിഷാദമുഖത്തോടെ റമ്പാച്ചൻ അറിയിച്ചു.

"പിന്നവർ പറയുകയാണ്... പിതാവ്... ചതിയനാണെന്ന്".

പിതാവിന്റെ കണ്ണുനിറഞ്ഞു. പിതൃസ്ഥാനീയനും ഗുരുഭൂതനുമായ വലിയ തിരുമേനിയാണിതു പറയുന്നതെന്നോർത്തപ്പോൾ മനസ്സുവെന്തു. വലിയ തിരുമേനിയുടെ ഓരോ ദുർഘടഘട്ടത്തിലും കൂടെനിന്നു പൊരുതിയതിനുള്ള സമ്മാനം.

ചതിയനെന്നു തന്നെപ്പറ്റി അദ്ദേഹം പരസ്യമായി പറഞ്ഞുകഴിഞ്ഞു. കഷ്ടം! എന്തു ചതിയാണ് താൻ ചെയ്തത്?

ഏതെങ്കിലും പുരാതന സഭയുമായി ചേരണമെന്ന് വലിയ തിരുമേനിയല്ലേ തന്നോടു നിർദ്ദേശിച്ചത്. അതുനുവേണ്ടി പ്രവർത്തിക്കാൻ മെത്രാന്മാരുടെ സൂനഹദോസല്ലേ തന്നെ ചുമതലപ്പെടുത്തിയത്. നാലരവർഷങ്ങളായി അതുമാത്രം വ്രതമായിക്കരുതി പ്രവർത്തിക്കുകയായിരുന്നില്ലേ താൻ. അതിലെന്തെങ്കിലും ഉദാസീനത വന്നിരുന്നെങ്കിൽ ചതിയനെന്ന സംബോധനയ്ക്ക് അർത്ഥം ഉണ്ടാകുമായിരുന്നു.

എന്നാൽ ചതിവു കാട്ടിയത് മറ്റുള്ളവരല്ലേ. യാക്കോബായ സഭ ഉപേക്ഷിക്കണമെന്ന് ഒരിക്കൽ പറയുകയും ഇപ്പോൾ അഭിപ്രായം മാറ്റിപ്പറയുകയും ചെയ്യുന്നത് അവരല്ലേ.

കോടതിവിധി പ്രതികൂലമാകുമ്പോൾ സഭ വിടാനും അനുകൂലമാകുമ്പോൾ അതിൽത്തന്നെ തുടരാനും തീരുമാനിക്കുന്നതല്ലേ യഥാർത്ഥ ചതി. എന്നാൽ ചതിയൻ താനായിരിക്കുന്നു !



malankaralibrary.com

ഗുരുവിന്റെ ആക്ഷേപം കരളിൽ തീക്കനലുകൾപോലെ വന്നുപതിച്ചിരിക്കുന്നു. പക്ഷേ അപ്പോഴും തന്റെ ശ്രമങ്ങൾ ലക്ഷ്യത്തോടടുക്കുകയാണല്ലോ എന്നാശ്വസിച്ചു. റോമിൽനിന്നുള്ള മറുപടിയിൽ അതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി.

പക്ഷേ, തന്നോടൊപ്പം ആരൊക്കെ പുനരൈക്യപ്പെടുമെന്നു നിശ്ചയമില്ല. മെത്രാൻകക്ഷിയിൽപ്പെട്ട സകലരും പുനരൈക്യപ്പെടുമെന്നാണ് ആദ്യം കരുതിയത്. എന്നാൽ കഴിഞ്ഞ വർഷത്തെ കോടതിവിധി അനുകൂലമായതോടെ അതിനെത്രപേർ സന്നദ്ധരാകുമെന്ന് നിശ്ചയമില്ല. എങ്കിലും തടസ്സങ്ങൾകണ്ട് വഴിയിൽ അറച്ചുനിൽക്കുക സാദ്ധ്യമല്ല. ലക്ഷ്യത്തിലെത്തുന്നതുവരെ മുന്നേറുകതന്നെ.

പക്ഷേ, ബഥനിയുടെ ഭാവിയാണ് സുരക്ഷിതമാക്കേണ്ടത്. പതിനൊന്നു വർഷത്തെ അദ്ധ്വാനത്തിന്റെ ഫലമായി നട്ടുനനച്ചു വളർത്തിയ പ്രസ്ഥാനമാണ്. അതൊരിക്കലും അനാഥമായിക്കൂടാ.

അതിനെന്താണ് ചെയ്യേണ്ടത്?

പിതാവ് ഗാഢമായി ചിന്തിച്ചു. ആശ്രമസ്ഥരോട് അഭിപ്രായം ആരാഞ്ഞു.

ചർച്ചകൾ പാതിരാകഴിഞ്ഞും നീണ്ടു.

ചേപ്പാട്ടു റമ്പാച്ചൻ അഭിപ്രായപ്പെട്ടു.

"പുനരൈക്യപ്പെട്ടു കഴിഞ്ഞാലും ബഥനി മലയിൽത്തന്നെ തുടരുക".

ആശ്രമമുറ്റത്തു ചിന്താഭാരവും പേറി കൊച്ചുതിരുമേനിയുടെ കൈപിടിച്ച് അതിശീഘ്രം അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന ആശ്രമപിതാവ് അതു കേട്ടുനിന്നു.

"അതുവലിയ കലഹങ്ങൾക്കു കാരണമാകും റമ്പാച്ചാ. കത്തോലിക്കാ സഭയിൽ ചേർന്നതിനാൽ നമ്മൾ ഉടൻ ഇവിടെനിന്നും ഇറങ്ങണമെന്നു പറഞ്ഞ് ഒരുകൂട്ടർ വരും. ബഥനി സ്വതന്ത്രസ്ഥാപനമാകയാൽ ബഥനി മെത്രാന്റെ ഇഷ്ടംപോലെയാകാമെന്നും മുണ്ടൻമല വിടേണ്ടതില്ലെന്നും പറഞ്ഞ് മറ്റൊരു കൂട്ടരും രംഗത്തെത്തും. പിന്നെ മുണ്ടൻമല രക്തക്കളമാകാൻ അധികതാമസമുണ്ടാവില്ല".

"പക്ഷേ, പിതാവേ... ബഥനി സ്വത്തുക്കളെല്ലാം പിതാവിന്റെ പേരിലല്ലേ കിടക്കുന്നത്. നിയമപരമായി ആർക്കും നമ്മോടെതിർക്കാൻ പറ്റില്ലല്ലോ. കോടതിയിൽ പോയാലെങ്കിലും വിജയം നമുക്കുതന്നെയാവും".

"കോടതിയും വ്യവഹാരങ്ങളും കണ്ടു മടുത്തിട്ടാണു റമ്പാച്ചാ ഞാൻ ബഥനിയാരംഭിച്ചത്. യാതൊന്നിനുവേണ്ടിയും ഒരാശ്രമസ്ഥൻ വ്യവഹാരം



malankaralibrary.com

നടത്തിക്കൂടാ. എല്ലാം ഉപേക്ഷിക്കേണ്ടി വന്നാലും ആരുമായും നാം ശണ്ഠയ്ക്കൊരുങ്ങിക്കൂടാ".

"എങ്കിൽ പിതാവേ, ബഥനിയെ വലിയ തിരുമേനിയുടെ പേർക്കോ കാതോലിക്കാ തിരുമേനിയുടെ പേർക്കോ എഴുതിക്കൊടുത്തിട്ട് നമുക്കു പുനരൈക്യപ്പെട്ടാലോ".

സാത്വികനായ മാർ തെയോഫിലോസാണു പറഞ്ഞത്.

ശീഘ്രഗമനം നിർത്തി പിതാവു വീണ്ടും ചിന്തിച്ചു. എന്നിട്ട് അതിന്റെ ദോഷഫലങ്ങൾ ഓരോന്നായി വിവരിച്ചു.

"അതും ബുദ്ധിയല്ല മെത്രാച്ചാ. ബഥനി ഈ നിലയിൽ വളർന്നത് അനേകരുടെ സംഭാവന മൂലമാണ്. ബഥനി സ്വതന്ത്രമായതുകൊണ്ടു മാത്രമാണ് അവർ സംഭാവന തന്നതും. എന്നിട്ടിപ്പോൾ വലിയ തിരുമേനിയുടെ പേർക്കോ മറ്റോ ബഥനിയെ എഴുതിക്കൊടുത്താൽ ഇതുവരെയും ബഥനി കാത്തുസൂക്ഷിച്ച സ്വതന്ത്രത നഷ്ടപ്പെടും. കലഹം നിറഞ്ഞ യാക്കോബായ സഭയിൽ അതു ലയിച്ച് അതിന്റെ തനിമ ഇല്ലാതാകും. ഈ ഒറ്റക്കാരണത്താൽ സംഭാവന തന്നവരെല്ലാം ഇതിനെതിരേ കേസു തുടങ്ങും".

പിതാവിന്റെ ദീർഘവീക്ഷണത്തിൽ ആശ്രമസ്ഥരെല്ലാം വിസ്മയിച്ചു നിൽക്കുകയാണ്. പിതാവു തുടർന്നു.

"മാത്രമല്ല, സമുദായ വ്യവഹാരങ്ങൾ ഇപ്പോഴും നടക്കുകയാണ്. ഭാവിയിൽ അതിന്റെ വിധി പാത്രിയാർക്കീസ് കക്ഷികൾക്ക് അനുകൂലമാകുമെന്നു കരുതുക. എങ്കിൽ ബഥനി സ്വത്തുക്കൾ മുഴുവൻ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ ഭരണത്തിലാകും. ക്രമേണ വളർച്ച മുരടിച്ച് ബഥനി നശിച്ചുപോവുകയും ചെയ്യും".

ഇനിയിപ്പോൾ ആർക്കും യാതൊരു അഭിപ്രായവും പറയാനില്ല. അല്പനേരത്തെ നിശബ്ദതയ്ക്കുശേഷം പിതാവു തന്നെ പറഞ്ഞു.

"മറ്റൊന്നാണ് ഞാനാലോചിക്കുന്നത്".

എല്ലാവരുടേയും മിഴികളിൽ ജിജ്ഞാസ കത്തിനിന്നു.

"ബഥനിക്കു സംഭാവന നൽകിയവരെയെല്ലാം ചേർത്ത് ഒരു ട്രസ്റ്റ് രൂപീകരിക്കുക. ആ ട്രസ്റ്റിന്റെ കയ്യിൽ ബഥനിയെ ഏൽപ്പിക്കുക. എന്നിട്ടു പുനരൈക്യപ്പെടുക".

എല്ലാവർക്കും തൃപ്തിയായി.

സംഭാവന നൽകിയ എല്ലാവരെയും ക്ഷണിക്കുന്നില്ല. നൂറുരൂപയിൽ കുറയാത്തതുക തന്നിട്ടുള്ളവരെ മാത്രമാണ് ട്രസ്റ്റിൽ അംഗങ്ങളാക്കുക. നൂറു രൂപയിൽ കുറഞ്ഞ തുക നൽകുന്നവരുടെ പേര് മൂലധന ലിസ്റ്റിൽ



malankaralibrary.com

ചേർക്കില്ലെന്നു സംഭാവന വാങ്ങുംമുമ്പേ എല്ലാവരേയും അറിയിച്ചിട്ടുള്ളതാണ്. അതിൽ താണതുക മുഴുവൻ നിത്യച്ചെലവിലേക്കു മാറ്റുകയേയുള്ളുവെന്നും അവർക്കറിയാവുന്നതു തന്നെ.

ക്ഷണക്കത്ത് ബഥനി പ്രസിൽ നിന്നും അച്ചടിച്ചെടുത്തു. വിലാസമെഴുതി ആശ്രമസ്ഥരുടെ കൈ കുഴഞ്ഞു.

മൂലധന നിക്ഷേപകർക്കെല്ലാം കത്തയച്ചു.

പൂർണ്ണ വിവരം പത്രങ്ങളിൽ പരസ്യപ്പെടുത്തി.

നിക്ഷേപകർ മുണ്ടൻ മലയിലെത്തി. ആശ്രമത്തിനടുത്തുള്ള അതിഥി മന്ദിരത്തിൽ വിരിച്ചിട്ട പുൽപ്പായിൽ അവരിരുന്നു.

കത്തോലിക്കരും മാർത്തോമ്മാക്കാരും ഹിന്ദുക്കളും മുസ്ലീങ്ങളും തോളുരുമ്മി ഒരുമയോടിരുന്നു. അവിടെ ഇടം പോരാതെ വരാന്തയിലും ചാവടിയിലും അവർ ഇരുന്നു.

കാട്ടുതേനും പച്ചവെള്ളവും ചേർത്തെടുത്ത പാനീയം അവർക്കു കുടിക്കാൻ കൊടുത്തു. മൺപാത്രങ്ങളിൽത്തന്നെ. അവരിൽ ഭൂരിപക്ഷവും ബഥനിക്കഞ്ഞി കുടിച്ചു ശീലമുള്ളവരാകയാൽ അതൊരു പുതുമയായി തോന്നിയില്ല. അതു കുടിച്ച് മലകയറിയ ക്ഷീണം തീർത്ത് അവർ ഇരുന്നു.

പിതാവ് അദ്ധ്യക്ഷ വേദിയിൽ എഴുന്നേറ്റ് ബഥനിയുടെ ഇന്നോളമുള്ള വികാസപരിണാമങ്ങൾ അവതരിപ്പിച്ചു. എന്നിട്ട് ഇങ്ങനെ സംക്ഷേപിച്ചു.

"നിങ്ങൾ തന്നിട്ടുള്ള സംഭാവനകൊണ്ട് സമ്പാദിച്ച സർവ്വവസ്തുക്കളും നിങ്ങളുടെ ഹിതംപോലെ വിനിയോഗിക്കാൻ തക്കവണ്ണം ഇപ്പോൾ ഇതാ നിങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്നു. നിങ്ങൾ എന്തു തന്നെ നിശ്ചയിച്ചാലും ഈ വിഷയത്തിൽ നിങ്ങളുടെ നിശ്ചയമനുസരിച്ച് പ്രവർത്തിക്കാൻ ഞാൻ പരിപൂർണ്ണ സമ്മതനാണ്. സ്വത്തുക്കൾ എന്റെ പേരിൽ സമ്പാദിക്കപ്പെട്ടവയാണെങ്കിലും നിങ്ങളുടെ ഹിതംപോലെ ആർക്കെങ്കിലും ഉടമ്പടിയോ രജിസ്റ്റർ പ്രമാണമോ എഴുതിക്കൊടുക്കാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു. ഏതു വിധമുള്ള പ്രമാണവും നിങ്ങൾ എഴുതിക്കൊൾവിൻ. ഞാൻ ഒപ്പിട്ടുതരാം."

തുടർന്ന് വരവു ചെലവു കണക്കുകൾ അവതരിപ്പിച്ച് പിതാവു ചോദിച്ചു.

"കണക്കിനെപ്പറ്റി എന്തെങ്കിലും സംശയമുണ്ടോ? പാസ്സാക്കാമോ?"

ഒരു ഹൈന്ദവൻ എഴുന്നേറ്റു പറഞ്ഞു.

"കണക്കുകൾ എല്ലാക്കൊല്ലവും ഞങ്ങളെ അറിയിച്ചിട്ടുള്ളതാണല്ലോ. അതിനാൽ പാസ്സാക്കാം എന്ന് ഞാൻ അഭിപ്രായപ്പെടുന്നു".



malankaralibrary.com

എല്ലാവരും അതംഗീകരിച്ചു.

തുടർന്ന് ട്രസ്റ്റികളായി മൂന്നുപേരെ യോഗം തെരഞ്ഞെടുത്തു. ഭരണസമിതി അംഗങ്ങളായി പതിമൂന്ന് ആശ്രമസ്ഥരേയും.

പിരിയുംമുമ്പ് പുനരൈക്യത്തെപ്പറ്റി ചില കാര്യങ്ങൾ പറയാൻ പിതാവ് നിശ്ചയിച്ചു. ഇക്കാര്യത്തിൽ അത്രമാത്രം കിംവദന്തി പ്രചരിച്ചിരിക്കുന്നു. നാനാജാതിമതസ്ഥരായ ഇവരെങ്കിലും അതിന്റെ സത്യാവസ്ഥ അറിഞ്ഞിരിക്കട്ടെ; ഒരുപക്ഷേ ഈ പ്രസംഗം വിവാദത്തിനു തിരികൊളുത്തിയാൽപോലും.

പിതാവ് പറഞ്ഞുതുടങ്ങി.

"നാം ഇപ്പോഴും ക്രിസ്തുവിൽനിന്നും വളരെ വിദൂരതയിലാണ്".

അക്രൈസ്തവർ പലരും അതുകേട്ട് ആശ്ചര്യപ്പെട്ടു. ക്രിസ്തുവിനെ അനുകരിക്കാനായി സ്ഥാപിച്ചതല്ലേ ബഥനി. എന്നാൽ ബഥനികൊണ്ടും അതു സാദ്ധ്യമായില്ലെന്നാണോ!

തുടർന്നുള്ള വിശദീകരണംകൂടി കേട്ടപ്പോൾ അവരുടെ ആശങ്കകൾ മാറി.

സഭാചരിത്രത്തിന്റെ രണ്ടായിരമാണ്ടുകൾ സംക്ഷിപ്തമായി അവതരിപ്പിച്ചു.

"പരസ്പര വിരുദ്ധങ്ങളായ ധർമ്മോപദേശങ്ങൾ ക്രിസ്തു ചെയ്തിട്ടില്ല. അതിനാൽ സഭ ഏകമായേ മതിയാവൂ. ക്രൈസ്തവ സഭയുടെ സാക്ഷാൽ ഉടൽ സാർവ്വത്രിക സഭയാണെന്നുള്ളതു നിർവ്വിവാദമത്രേ. സാക്ഷാൽ തായ്ത്തണ്ടിൽനിന്നും ഛേദിക്കപ്പെടുന്ന ഏതൊരു ശാഖയ്ക്കും ജീവച്ഛക്തി ലഭിക്കുന്നതല്ല. ഈ ചിന്തയുടെ ഫലമാണ് നമ്മുടെ പുനരൈക്യാലോചന".

ലളിതപദാവലിയിൽ കൊരുത്ത ഗംഭീരമായ പ്രസംഗംകേട്ട് അക്രൈസ്തവർപോലും മതിമറന്നിരുന്നുപോയി. നീണ്ട പ്രസംഗത്തിന്റെ അന്ത്യഭാഗത്തേക്കു പിതാവു കടന്നു.

"യാക്കോബായക്കാരുടെ കാനോൻ പുസ്തകത്തിൽ ഇങ്ങനെ പറയുന്നുണ്ട്; ലോകത്തിന്റെ നാലു ഭാഗങ്ങളിലുമായി നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരെല്ലാവരുടേയും തലവനും നേതാവും റോമായിലെ പാത്രിയർക്കീസ് ആയിരിക്കണം. അതിനാൽ യാക്കോബായ സഭയിലെ ഇരുവിഭാഗങ്ങളും ഗ്രീക്കുകാരും അർമ്മേനിയരും മറ്റും ഒന്നായി കത്തോലിക്കാസഭയോടു യോജിച്ച് പൊതുവായ ഒരദ്ധ്യക്ഷനെ സ്വീകരിക്കുകയും ഒരാട്ടിൻകൂട്ടവും ഒരിടയനും എന്ന വേദോക്തി സഫലമാക്കുകയും വേണം".

✠



malankaralibrary.com



# 32

# ബഥനിക്കു വിലക്ക്

"ഇനിമേലിൽ ബഥനിപ്പള്ളികൾ സ്ഥാപിച്ചുപോകരുത്".

സഭാധികാരികൾ മെത്രാപ്പോലീത്തായ്ക്കുനേരെ ഗർജ്ജിച്ചു. വാക്കുകൾ കൊണ്ടല്ല; രേഖാമൂലം തന്നെ.

കൽപ്പനയിൽ ഒപ്പു വച്ചിരിക്കുന്നത് കാതോലിക്കാബാവായും വലിയതിരുമേനിയും കോട്ടയം ഭദ്രാസനാധിപൻ മാർ ഗ്രീഗോറിയോസും.

ട്രസ്റ്റുണ്ടാക്കി അതിന്റെ കീഴിൽ ബഥനിയെ വിട്ടുകൊടുത്തതാണ് ഇതിനെല്ലാം കാരണം. പിന്നെ ആശ്രമാദ്ധ്യക്ഷന്റെ അന്നത്തെ പുനരൈക്യാഹ്വാന പ്രസംഗവും.

അന്നുതന്നെ വലിയ തിരുമേനി കർക്കശമായി ബഥനിയിലേക്കെഴുതിയതാണ്, ബഥനിയുടെ സ്വാതന്ത്രത ഉപേക്ഷിക്കണമെന്ന്. ബഥനി മെത്രാപ്പോലീത്തായുടെ അധികാരങ്ങൾക്കു കടിഞ്ഞാണിടാൻ അതുമാത്രമേ വഴിയുള്ളുവെന്ന് വലിയ തിരുമേനിക്കറിയാം.

മാർ ഈവാനിയോസ് അതിനു മറുപടി എഴുതി.

"ബഥനിയുടെ സ്വാതന്ത്രനില ഉപേക്ഷിക്കാം. പക്ഷേ ചില ഉപാധി



malankaralibrary.com

കളോടെമാത്രം. ഒന്നാമതായി, സർവ്വ വ്യവഹാരങ്ങളും സഭ അവസാനിപ്പിക്കണം. രണ്ടാമതായി, യാക്കോബായ പാത്രിയർക്കീസുമായി കൂടുതൽ അടുക്കാതെ സ്വയംഭരണസഭയുടെ തനതു വ്യക്തിത്വം കാത്തുസൂക്ഷിക്കണം".

ഉപാധികളുടെ എണ്ണം പിന്നെയുംകൂടി.

കത്തെഴുതി ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ കയ്യിൽ കൊടുത്തയച്ചു.

അതുകൂടി കണ്ടപ്പോൾ വലിയ തിരുമേനിയുടെ അനിഷ്ടം വർദ്ധിച്ചു.

കുണ്ടറയിൽ ഉടൻ മെത്രാന്മാരുടെ സൂനഹദോസു വിളിച്ചുകൂട്ടി.

എല്ലാവരും ചേർന്നു തീരുമാനിച്ച് കൽപ്പന എഴുതി.

അതു ബഥനിയിലേക്ക് അയയ്ക്കുകയും ചെയ്തു.

കൽപ്പന കിട്ടിയപ്പോഴേക്കും പിതാവിനുചുറ്റും ആശ്രമസ്ഥർ നിരന്നു. പല ബഥനിപ്പള്ളികളിൽനിന്നും സന്ന്യാസി അച്ചന്മാർ ആശ്രമത്തിലെത്തിയിട്ടുണ്ട്. അവർക്കു പിതാവിനോട് ചില സങ്കടങ്ങൾ ബോധിപ്പിക്കാനുണ്ട്. അവസരം പാർത്തുനിൽക്കുകയാണവർ.

ബഥനിയിലേക്ക് മറ്റൊരാൾകൂടി വന്നിട്ടുണ്ട്. പുലിക്കോട്ടു ജോസഫ് റമ്പാച്ചൻ. കുന്നങ്കുളത്തുകാരൻ. ചേപ്പാട്ടു റമ്പാച്ചന്റെ ഉറ്റമിത്രം. അതിലുപരി ആശ്രമപിതാവിന്റെ വത്സലശിഷ്യൻ.

പുലിക്കോട്ടു മാർ ദിവന്നാസ്യോസ് തിരുമേനിയിൽനിന്നും പതിമൂന്നാം വയസ്സിൽ ശെമ്മാശനായി. ആ കൊച്ചു ശെമ്മാശനെയും കൂട്ടി അന്ന് പുലിക്കോട്ടു തിരുമേനി എം.ഡി.സെമിനാരിയിലെത്തി തന്റെ ഈ കൈകളിലേല്പിച്ച് പറഞ്ഞവാചകം ഇപ്പോഴും ബഥനിപിതാവിന്റെ മനസ്സിലുണ്ട്; "ഇതു നമ്മുടെ സ്വന്തം കുട്ടിയാണ്; പണിക്കരു കത്തനാരുടെ കയ്യിൽ ഇവനെ നാം ഏൽപ്പിക്കുകയാണ്". അന്നു മുതൽ തുടങ്ങിയ ഗുരുശിഷ്യബന്ധമാണ്. തന്റെ ഗുരുദക്ഷിണപോലെ ബഥനിപിതാവിന്റെ മുമ്പിൽ തന്നെത്തന്നെ സമർപ്പിച്ച് ഇപ്പോൾ ബഥനിയിലെത്തിയിരിക്കുകയാണ് ജോസഫ് റമ്പാൻ.

പിതാവ് കൽപ്പന നിവർത്തി ചേപ്പാട്ടു റമ്പാച്ചനെ ഏൽപ്പിച്ചു.

എന്താണു കത്തിലുള്ളതെന്ന് റമ്പാച്ചനറിയാം. കുണ്ടറ സൂനഹദോസിൽ പങ്കെടുത്ത ഇലഞ്ഞിക്കൽ വക്കീലും പീലിപ്പോസു വക്കീലും ആശ്രമത്തിലെത്തി വിവരങ്ങൾ നേരത്തേ അറിയിച്ചിരുന്നല്ലോ.

എല്ലാവരും കേൾക്കെ റമ്പാച്ചൻ കൽപ്പന വായിച്ചു.



malankaralibrary.com

പലരുടേയും മുഖം മങ്ങി. പക്ഷേ പിതാവിനു യാതൊരു ചാഞ്ചല്യവുമില്ല.

കസേരയിൽ അമർന്നിരുന്ന് വിദൂരതയിൽ ദൃഷ്ടികളയച്ച് അദ്ദേഹം ചിന്തയിലാണ്ടു.

റമ്പാച്ചന്റെ ഉള്ളിൽ ധാർമ്മിക രോഷം നുരഞ്ഞുയരുകയാണ്. അദ്ദേഹം പറഞ്ഞു.

"പള്ളി സ്ഥാപിക്കുക എന്നത് മെത്രാന്റെ കടമയാണ്. അതു വിലക്കുന്നതു ന്യായീകരിക്കാനാവില്ല. ഒരു വൈദികനോട് കുർബ്ബാന ചൊല്ലരുതെന്നു വിലക്കുന്നതുപോലല്ലേ്യാ ഇത്".

പിതാവു മൊഴിഞ്ഞു.

"പക്ഷേ റമ്പാച്ചാ, പള്ളികൾ വയ്ക്കരുതെന്ന് എന്തുകാരണത്താലാണവർ പറയുന്നതെന്നു നോക്കുക. ആ വാക്കാണ് എന്നെ നോവിക്കുന്നത്".

റമ്പാച്ചൻ ആ ഭാഗം ഒന്നുകൂടി വായിച്ചു.

ബഥനിപ്പള്ളികൾ നിമിത്തം ജനങ്ങൾക്ക് അസ്വാസ്ഥ്യമുണ്ടാകുന്നു എന്ന കാരണമാണ് കല്പനയിൽ എടുത്തു പറയുന്നത്.

"ബഥനിമൂലം ജനങ്ങൾക്ക് അസ്വാസ്ഥ്യമുണ്ടാകുന്നത്രേ"... ആരോടെന്നില്ലാതെ പിതാവിന്റെ ചുണ്ടുകൾ പറഞ്ഞുപോയി.

തന്നെക്കാണുമ്പോഴൊക്കെ ബഥനിയെപ്പറ്റി എത്രയോ പുകഴ്ത്തിപ്പറഞ്ഞിട്ടുള്ള ആളാണ് വലിയതിരുമേനി.

കേസ്സൊന്നു തീർന്നാലുടൻ ബഥനിയിൽവന്ന് സ്വസ്ഥമായി ഒരാഴ്ചയെങ്കിലും ധ്യാനിക്കണമെന്ന് കാണുമ്പോഴൊക്കെ അദ്ദേഹം പറയുമായിരുന്നില്ലേ. ആ നാവുതന്നെയാണല്ലോ ഇപ്പോൾ ബഥനിയെ അസ്വാസ്ഥ്യകേന്ദ്രമെന്നു വിളിച്ചാക്ഷേപിക്കുന്നത്.

പിതാവിന്റെ മനോവേദന അറിഞ്ഞ് പുലിക്കോട്ട് ജോസഫ് റമ്പാൻ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

"പിതാവേ, പതിനെട്ടു കൊല്ലംമുമ്പ് അബ്ദുള്ള പാത്രിയർക്കീസ് ബാവാ വലിയ തിരുമേനിയെ മുടക്കിയത് പ്രത്യേകിച്ച് കാരണമൊന്നും കാണിക്കാതെയായിരുന്നല്ലോ. ഇപ്പോൾ ആ മുടക്കെല്ലാം അഴിഞ്ഞില്ലേ. അതുപോലെയേയുള്ളൂ പിതാവിന്റെ നേർക്കുള്ള ഈ മുടക്കും".

എന്തുവേണമെന്നായി പിതാവിന്റെ ചിന്ത.

ഈ കല്പന സ്വീകരിക്കണോ, അതോ നിരസിക്കണോ.

സ്വീകരിച്ചാൽ ബഥനിപ്രസ്ഥാനം മറ്റുള്ളവരുടെ നിയന്ത്രണത്തിലാ



malankaralibrary.com

കും. ഇന്നോളം കാത്തുസൂക്ഷിച്ച സ്വതന്ത്രത നഷ്ടമാകും. ക്രമേണ അത് അന്ത്യോഖ്യായുടെ അടിമത്തത്തിൽ അകപ്പെട്ടുപോകും.

കല്പന നിരസിച്ചാലോ.

കാതോലിക്കായെയും ഗുരുവായ വലിയ തിരുമേനിയെയും ധിക്കരിക്കുന്നവനാണു താനെന്നു ജനം പഴിക്കും.

പിന്നെന്തു ചെയ്യും?

അങ്ങനാലോചിച്ചിരിക്കുമ്പോൾ ബഥനിപ്പള്ളികളിൽ നിന്നെത്തിയ സന്ന്യാസ വൈദികർ മുമ്പിൽവന്ന് സങ്കടമറിയിച്ചു.

"വട്ടശ്ശേരിൽ തിരുമേനി ഞങ്ങളുടെ പേർക്കും കത്തുകളയച്ചിരുന്നു".

"എന്തെഴുതി?" പിതാവ് ചിന്തയിൽ നിന്നുണർന്ന് ആകാംക്ഷയോടെ ആരാഞ്ഞു.

"മലങ്കര യാക്കോബായ അസോസിയേഷന്റെ പൊതുയോഗം ചേരുന്നെന്ന്. അതിന് എല്ലാ ബഥനിപ്പള്ളികളിൽനിന്നും പ്രതിനിധികളെ തെരഞ്ഞെടുത്ത് പഴയ സെമിനാരിയിലേക്ക് അയയ്ക്കണമെന്ന്. ഞങ്ങളെന്തു ചെയ്യണം പിതാവേ?"

പിതാവു തീർപ്പു കല്പിച്ചു.

"ബഥനി സ്വതന്ത്ര ഘടകമായാണ് ഇതുവരെയും മുന്നോട്ടു പോയിട്ടുള്ളത്. യാക്കോബായ അസോസിയേഷനിൽ ഇതുവരെയും നാം പ്രതിനിധികളെ അയച്ചിട്ടില്ല. ഇനിമേലിൽ അയയ്ക്കുകയും വേണ്ട".

അവർക്കു ധൈര്യമായി.

രണ്ടു റമ്പാന്മാരും മാറിനിന്ന് എന്തൊക്കെയോ ചർച്ച ചെയ്യുകയാണ്. പുലിക്കോട്ടു റമ്പാൻ പത്തുവയസ്സ് ഇളയതാണെങ്കിലും ചേപ്പാട്ടു റമ്പാനെ കരുതുന്നത് ഉറ്റ സുഹൃത്തായിട്ടാണ്. ബഥനിക്കാര്യങ്ങൾ തന്നെയാണവരുടെ ചർച്ചാവിഷയം.

അവരുടെ രഹസ്യസംസാരം ശ്രദ്ധിച്ച് ചെറുചിരിയോടെ പിതാവു ചോദിച്ചു.

"എന്താ റമ്പാച്ചന്മാരുടെ ആലോചന?"

അവർ സംസാരം നിർത്തി പിതാവിന്റെ പക്കലെത്തി പറഞ്ഞു.

"ബഥനിയുടെ സൽപേരിനു കളങ്കമുണ്ടാക്കത്തക്ക തരത്തിൽ വലിയ തിരുമേനിയും കൂട്ടരും കുപ്രചരണം തുടങ്ങിക്കഴിഞ്ഞു. അതിനാൽ സത്യാവസ്ഥ എഴുതി അച്ചടിപ്പിച്ച് ജനങ്ങളിലെത്തിക്കുന്നതു നല്ലതല്ലേ എന്നു ആലോചിക്കുകയായിരുന്നു".



malankaralibrary.com

"കൊള്ളാം പക്ഷേ, ആരേയും മുറിപ്പെടുത്തുന്ന തരത്തിൽ ഒരക്ഷരം എഴുതരുത്".

ഭാഷാവിദഗ്ദ്ധരായ രണ്ടു റമ്പാന്മാരും അന്നുമുതൽ ലേഖനങ്ങളെഴുതിത്തുടങ്ങി. സത്യവിശ്വാസത്തെപ്പറ്റി, ബഥനിയുടെ ശ്രേഷ്ഠതയെപ്പറ്റി, പുനരൈക്യത്തിന്റെ ആവശ്യകതയെപ്പറ്റി...

ജനങ്ങളുടെ ആശങ്കകൾ ഭസ്മീകരിക്കുന്ന ഒന്നാന്തരം പ്രബന്ധങ്ങൾ. അത്, ആർക്കും സുഗ്രഹമായ ശൈലിയിൽ സരസമായിത്തന്നെ.

അതെല്ലാം ചേർത്തുവച്ച് പുസ്തകമാക്കി. അസാധാരണമായൊരു പേരും നൽകി. 'മലങ്കരയുടെ കുഴൽക്കണ്ണാടി'.

ബഥനി പ്രസിൽ അച്ചടിച്ചതു വിതരണം ചെയ്തു.

ഇതുകൂടിയായപ്പോൾ വലിയ തിരുമേനി കോപാവേശത്താൽ ജ്വലിച്ചു.

രണ്ടു റമ്പാന്മാർക്കും ഉടൻ മുടക്കുകൽപ്പന അയച്ചു.

"നിങ്ങളെ റമ്പാന്മാരാക്കിയത് ബഥനിക്കു വേണ്ടിയല്ല. അതിനാൽ ഉടൻ നിങ്ങൾ ബഥനി വിട്ടു തിരിച്ചു വരണം. അല്ലെങ്കിൽ മുടക്കായിരിക്കും ഫലം".

ആ കൽപ്പന വായിച്ച് ആശ്രമപിതാവ് അവരെ ആശ്വസിപ്പിച്ചു.

"സത്യത്തിന്റെ തീരം കണ്ടെത്തുവാൻ ഇനി താമസമില്ല. അവസാനംവരെ സഹിച്ചു നിൽക്കുന്നവരല്ലേ ഭാഗ്യവാന്മാർ".

* * * *

സിംഗപ്പൂരിൽ പിരിവിനുപോയ അലക്സിയോസച്ചൻ ഉടൻ മടങ്ങിയെത്തി. അവിടെച്ചെന്ന അച്ചന് എന്തോ രോഗം പിടിപെട്ടു. ആ വിവരം അറിഞ്ഞ ആശ്രമപിതാവ് കമ്പി അയച്ച് അച്ചനെ തിരിച്ചു വിളിക്കുകയായിരുന്നു.

തിരുമൂലപുരം ബഥനിയാശ്രമത്തിൽ വന്ന് അലക്സിയോസച്ചൻ പിതാവിനെക്കണ്ടു സങ്കടപ്പെട്ടു.

"പണം പിരിക്കാൻ കഴിഞ്ഞില്ല പിതാവേ...".

"അതിനെന്തിനാടോ സങ്കടപ്പെടുന്നത്? പണം യാതൊന്നും നമുക്കു നേടിത്തരുന്നില്ല. നമ്മുടെ ലക്ഷ്യം ഈശ്വരസമ്പാദനം മാത്രമാണ്".

ക്ഷീണിതനായ അച്ചനെ നോക്കി കരുണാർദ്രനായ പിതാവ് നിർദ്ദേശിച്ചു.

"അച്ചൻ ഇനിയും പിരിവിനൊന്നും പോകേണ്ടതില്ല. മുണ്ടൻ മലയിൽപോയി, മരുന്നും വിശ്രമവുമായി കഴിഞ്ഞാൽമതി". "മുണ്ടൻ മല



malankaralibrary.com

യിലേക്കു പോകുന്നതിനുമുമ്പ് കോട്ടയം പഴയ സെമിനാരിയിൽവരെ ഒന്നു പോയാൽ കൊള്ളാമായിരുന്നു."

"എന്തിന്?"

"മട്ടയ്ക്കൽ അലക്സാന്ത്രയോസ് അച്ചൻ വയ്യാതവിടെ കിടപ്പാണ്. ഒന്നു കാണണമെന്നുണ്ട്".

അലക്സിയോസ് അച്ചന്റെ പിതൃസഹോദരനാണ് അദ്ദേഹം.

"അതിനെന്താ, പൊയ്ക്കൊള്ളുക".

പുറപ്പെടുംമുമ്പ് അച്ചനെ പിതാവു വിളിച്ച് ഒരുകാര്യംകൂടി പറഞ്ഞു.

"നമ്മുടെ പുനരൈക്യ തീരുമാനങ്ങളൊക്കെ അച്ചനറിയാമല്ലോ. അതിനിനിയും താമസമുണ്ടാകയില്ല. വിശദകാര്യങ്ങൾ പിന്നാലെ അറിയിച്ചുകൊള്ളാം."

"ഞങ്ങളെല്ലാം ആ ദിവസത്തിനായി കാത്തിരിക്കുകയാണ് പിതാവേ. ഏതു നിമിഷവും പിതാവിനോടൊപ്പം ഇറങ്ങിവരാൻ ഞാൻ ഒരുങ്ങിയിരിക്കുകയുമാണ്".

അച്ചൻ കോട്ടയം പഴയസെമിനാരിയിൽച്ചെന്നു. അവശനായിക്കിടക്കുന്ന വൃദ്ധനായ പിതൃസഹോദരനെക്കണ്ടു.

ബഥനി ആശ്രമത്തിലെ ആബൂനായെക്കാണാൻ മുറിയിലേക്ക് വലിയ തിരുമേനി ഉൾപ്പെടെ പലരും വേഗമെത്തി.

കാവിക്കുപ്പായക്കാരനെ പൊതിഞ്ഞ് അവർ നിന്നു.

വലിയ തിരുമേനി ബഥനിക്കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞു. എന്നിട്ടു ബഥനിയെപ്പറ്റിയും ബഥനിമെത്രാപ്പോലീത്തയെപ്പറ്റിയും അവഹേളിച്ചു പറഞ്ഞു.

എങ്ങനെയും അലക്സിയോസച്ചന്റെ മനസ്സു തിരിക്കുകയാണു ലക്ഷ്യം. അനുനയത്തിൽ വലിയ തിരുമേനി പറഞ്ഞു.

"കത്തനാരേ, നിങ്ങളുടെ ആബൂൻ ചതിയനാണ്. നമ്മുടെ സഭയിൽനിന്ന് വെള്ളവും വളവും ഊറ്റിക്കുടിച്ച് വളർന്നു പന്തലിച്ച ബഥനി മെത്രാൻ ഇപ്പോൾ നന്ദികേടു കാട്ടുകയാണ്. സഭാ ശത്രുവാണാമനുഷ്യൻ. നിങ്ങൾ പുനരൈക്യപ്പെട്ടാൽ ചെകുത്താനും കടലിനും നടുവിലായ അനുഭവമായിരിക്കും ഉണ്ടാകാൻ പോകുന്നത്. സൂക്ഷിച്ചോണം".

ഇതുകേട്ടു കട്ടിലിൽ കിടന്ന അലക്സാന്ത്രിയോസ് അച്ചൻ ശോഷിച്ച കൈനീട്ടി അലക്സിയോസച്ചനെ പിടിച്ചു വിറയലോടെ അപേക്ഷിച്ചു.

"എന്റെ കുഞ്ഞേ... ഈ വയസ്സുകാലത്ത് എന്നെ ഇട്ടേച്ചു പോവല്ലേ...".

വൃദ്ധവൈദികൻ കരഞ്ഞു.



malankaralibrary.com

പിന്നെയും പലരുംവന്ന് അലക്സിയോസ് അച്ചനെ സ്വാധീനിച്ചു.

"അച്ചൻ പുനരൈക്യപ്പെട്ടാലും ഇതുവരെ കഷ്ടപ്പെട്ടപോലെ പിരിവെടുത്തു തെണ്ടി നടക്കുകയേയുള്ളൂ. ഇവിടെ നിന്നാൽ അർഹിക്കുന്നതെല്ലാം കിട്ടും".

പതുക്കെ അദ്ദേഹത്തിന്റെ മനസ്സുമാറിത്തുടങ്ങി. മരണാസന്നനായ അലക്സാന്ത്രിയോസച്ചന്റെ വേദനനിറഞ്ഞ വാക്കുകൾ അന്ത്യാഭിലാഷംപോലെ മനസ്സിൽ ചിലമ്പിച്ചു.

മുണ്ടൻ മലയിലേക്കുള്ള യാത്രയിൽ അച്ചന്റെ മനസ്സ് നാനാവിധ ചിന്തകളാൽ തിങ്ങിനിറഞ്ഞു. രോഗവും യാത്രാക്ലേശവും ആകുല ചിന്തകളും നിമിത്തം മനസ്സിന്റെ സമനിലപോലും ഉലയുകയാണ്. ചിന്തകൾ പലവഴിക്കു തിരിഞ്ഞു.

ജനിച്ചുവളർന്ന സഭവിട്ട് മറ്റൊരു സഭയിൽ ചേരുന്നതു ശരിയാണോ. നമ്മെ സ്നേഹിക്കുന്ന സഭാപിതാക്കന്മാരോടു ചെയ്യുന്ന നന്ദികേടായിരിക്കില്ലേ അത്. യാക്കോബായ സഭയും പുരാതന സഭയല്ലേ. അപ്പോൾ പിന്നെ അതുപേക്ഷിച്ച് മറ്റൊന്നിലേക്ക് പോകുന്നതെന്തിനാണ്? അഥവാ അങ്ങനെ പോയാൽത്തന്നെ പുതിയ ഈ സമൂഹത്തെ ആരെങ്കിലും കാര്യമായി സ്വീകരിക്കുമോ? അവർക്കു വളർച്ചയുണ്ടാകുമോ? കടലിൽ കായം കലക്കുന്നതുപോലെ സാർവ്വത്രിക സഭയിൽ അത് അപ്രസക്തമായി ലയിക്കുകയല്ലേയുള്ളൂ.

ചിന്തകളുടെ കാർമേഘങ്ങളാൽ അദ്ദേഹത്തിന്റെ മനസ്സുമൂടിക്കെട്ടി. മുണ്ടൻമലയിലെത്തിയ ഉടൻ സന്ന്യാസികൾവന്ന് രോഗവിവരം തെരക്കി. പക്ഷേ അതിനുള്ള മറുപടിയല്ല അച്ചൻ കൊടുത്തത്. പറഞ്ഞതത്രയും പുനരൈക്യത്തിന് എതിരായിട്ടുള്ളവ. അതുകേട്ടുനിന്നവർ ഭയന്നു.

"അച്ചനിതെന്തുപറ്റി? ആകപ്പാടെ വല്ലാത്ത മാറ്റം!"

പക്ഷേ എതിർക്കാനും പലർക്കും ധൈര്യമില്ല. ആശ്രമത്തിലെ ആബൂനായല്ലേ. ബഥനി പിതാവ് വിശ്വസിച്ച് നിയമിച്ച ആബൂനാ. അതിനാലവർ എതിരൊന്നും പറയാതെ അതുകേട്ടുനിന്നു.

അലക്സിയോസച്ചൻ തന്റെ പ്രചരണം പടർത്തുകയാണ്. ശെമ്മാശന്മാരായി ആശ്രമത്തിലെത്തിയവരെ എളുപ്പം സ്വാധീനിക്കാമെന്നു കരുതി അവരെ പിന്തിരിപ്പിക്കാനായി ആദ്യശ്രമം. അവർ പക്ഷേ അതിനു വഴിപ്പെട്ടില്ല.

പിന്നീട് കത്തുകളിൽകൂടിയായി പ്രചരണം. ബഥനിപ്പള്ളികളിലെ സന്ന്യാസി അച്ചന്മാരുടെ പേർക്കെഴുതി. മഠങ്ങളിലേക്കും എഴുത്തയച്ചു.



malankaralibrary.com

എല്ലാവരും ഉൽക്കണ്ഠാകുലരായി.

പുറമറ്റം പള്ളിയിൽനിന്നു ബർശ്ളീബാ അച്ചനും മംഗലം പള്ളിയിൽനിന്നും ജോബച്ചനും തിരുമൂലപുരം ആശ്രമത്തിൽച്ചെന്ന് പിതാവിനെക്കണ്ട് വിവരമറിയിച്ചു.

ഉടൻ പിതാവ് മുണ്ടൻ മലയിലെത്തി. കൂടെ തെയോഫിലോസ് തിരുമേനിയും.

അലക്സിയോസച്ചനെ മുമ്പിൽവരുത്തി. ഒരൊറ്റ ചോദ്യം.

"നാം കേൾക്കുന്നതു ശരിയോ?"

"എന്താണു പിതാവുകേട്ടത്?" അലക്സിയോസച്ചന്റെ മറുചോദ്യം.

"ഞാനോ ഗുരോ എന്നു പണ്ട് യൂദാസു ചോദിച്ചതു പോലെയാണല്ലോ ഈ മറുചോദ്യം. പുനരൈക്യത്തിനെതിരായി അച്ചൻ പറഞ്ഞുനടക്കുന്നെന്നു കേൾക്കുന്നു. അതു വാസ്തവമോ എന്നാണു ചോദ്യം."

അച്ചൻ നിശബ്ദനായി കുനിഞ്ഞുനിന്നു.

"ഉം?... ഇപ്പോൾ എനിക്കങ്ങനെ തോന്നുന്നു".

"എന്തു തോന്നുന്നു ?"

"സഭ വിട്ടുപോകുന്നതു പാപമാണെന്ന്".

"സഭ വിട്ടുപോകണമെന്ന് അച്ചനോടു നാം കൽപ്പിച്ചോ? ഇല്ലല്ലോ. അതിന് ഒരുക്കമല്ലെങ്കിൽ പുനരൈക്യപ്പെടാതിരുന്നാൽ പോരേ? അതിനാഗ്രഹിക്കുന്നവരെ എന്തിനുപദ്രവിക്കുന്നു?"

അച്ചൻ മുഖം താഴ്ത്തി അങ്ങനെതന്നെ നിന്നു.

"ഉം... പൊയ്ക്കോള്ളൂ..." പിതാവിന്റെ ശബ്ദം കനത്തു.

കൊടുങ്കാറ്റേറ്റു പറന്നുപോയ കരിയിലപോലെ പിതാവിന്റെ ആജ്ഞകേട്ട നിമിഷം അച്ചൻ നിഷ്ക്രമിച്ചു.

വേദനയോടെ പിതാവ് ആശ്രമച്ചാപ്പലിൽ കയറി നെഞ്ചിൽ ആഞ്ഞടിച്ചു പ്രാർത്ഥിച്ചു.

പ്രാർത്ഥനയ്ക്കുശേഷം ആശ്രമസ്ഥരെ ഒരുമിച്ചുകൂട്ടി പഠിപ്പിച്ചു തുടങ്ങി; നിത്യരക്ഷയെപ്പറ്റി, നിത്യരക്ഷ പ്രദാനം ചെയ്യുന്ന ഏക സത്യ സഭയെപ്പറ്റി.

അവയിലൊന്നും പങ്കെടുക്കാതെ അലക്സിയോസച്ചൻ അകന്നു നിന്നു. കൂടെ രണ്ടു അനുചരന്മാരും.

ബഥനിപിതാവും ആശ്രമസ്ഥരും പുനരൈക്യപ്പെടുന്നുവെന്ന



malankaralibrary.com

വാർത്ത എവിടെയും പരന്നുകഴിഞ്ഞു. കേട്ടവർ മുണ്ടൻ മലയിലേക്ക് ഓടിക്കിതച്ചെത്തി.

ചിലർ ധൃതികൂട്ടി.

"പിതാവേ, ഉടൻ കത്തോലിക്കാ സഭയിൽ ചേരണം. യാക്കോബായ സഭയുടെ ഭൂരിപക്ഷം നമുക്കെതിരായി നിൽക്കുമെങ്കിലും കാലാന്തരത്തിൽ തിരുമേനിയും ബഥനിയും അവർക്കു പുളിമാവായിത്തീരും".

കൊല്ലം രൂപതാദ്ധ്യക്ഷൻ ഡോക്ടർ അലോഷ്യസ് ബൻസിഗർ തിരുമേനിയും ഇതേവിധം അഭ്യർത്ഥിക്കുന്നു; കത്തിലൂടെയാണെന്നുമാത്രം. കുറെക്കൂടി പ്രചരണം നടത്തി വലിയൊരു സംഖ്യ ജനങ്ങളുമായി പുനരൈക്യപ്പെടുകയല്ലേ നല്ലത് എന്ന് എഴുതിച്ചോദിച്ചതിനുള്ള മറുപടിയാണത്.

"വന്ദ്യ മെത്രാച്ചൻ ആദ്യം കുഴിയിൽനിന്നും കരയ്ക്കു കയറുക. എങ്കിലേ കുഴിയിലുള്ളവരെ രക്ഷിക്കാൻ കഴിയൂ".

മറ്റു ചിലർ അപേക്ഷിച്ചു.

"പിതാവേ, ഒരിക്കലും നമ്മുടെ സഭ ഉപേക്ഷിച്ചു പോകരുതേ".

അവരോടു പിതാവ് തന്റെ പദ്ധതി അറിയിച്ചു. അതുകേട്ടവരുടെ മുഖം കറുത്തു. അരിശംമൂത്തു വിറച്ചു. ചിലർ ഒച്ച ഉയർത്തി ആക്രോശിക്കുകപോലും ചെയ്തു.

പിതാവ് അവരെ തണുപ്പിച്ചു. പാലും പഴവും നൽകി മാത്രമല്ല; പുഞ്ചിരിയിൽ ചാലിച്ച സ്നേഹഭാഷണം വഴിയും.

✠



malankaralibrary.com



# 33

# "ബഥനിമലയേ പുശ്ബശ്ലോമോ"

നാളെയുടെ പ്രഭാതത്തിനു പിതാവ് കാത്തിരുന്നു. പുനരൈക്യാനുവാദം ഇനിയും ലഭിച്ചിട്ടില്ല. എങ്കിലും അതിനായി അനേകരുടെ പ്രാർത്ഥനയുണ്ട്. വിശുദ്ധ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയിൽ വിശുദ്ധയുടെ സഹോദരി മദർ ആഗ്നസിന്റെ പ്രാർത്ഥനപോലും. എല്ലാ പ്രാർത്ഥനകളും സ്വർഗ്ഗകവാടത്തിൽ ചെന്നുമുട്ടും. നിത്യരക്ഷയുടെ കവാടം തങ്ങൾക്കുമുമ്പിൽ തുറക്കപ്പെടുകയും ചെയ്യും.

ഒരുപക്ഷേ അതിനൽപ്പംകൂടി കാത്തിരിക്കേണ്ടി വന്നേക്കാം. എങ്കിലും മുണ്ടൻമലയോടു വിടപറയുകയാണ്; നാളെ രാവിലെ തന്നെ.

പമ്പാനദിയിലൂടെ കോഴഞ്ചേരിയിലെത്തി, അവിടെനിന്ന് വണ്ടികയറി തിരുവല്ലായിൽചെന്ന് വാടകകെട്ടിടത്തിൽ പാർക്കുക. ഇതാണു തീരുമാനം.

പിതാവ് അന്നു പതിവിലേറെനേരത്തെ ആശ്രമച്ചാപ്പലിൽ കടന്നു.



malankaralibrary.com

ബലിപീഠത്തിനടുത്തു മുട്ടുകുത്തി. ധ്യാനനിരതനായി തെയോഫിലോസ് തിരുമേനിയും തൊട്ടരികിൽ മുട്ടുകുത്തി നിൽപ്പുണ്ട്.

പിന്നിലായി മറ്റെല്ലാവരും.

സന്ധ്യാപ്രാർത്ഥന കഴിഞ്ഞു. വേദപുസ്തകം തുറന്ന് വിശുദ്ധ യോഹന്നാന്റെ സുവിശേഷം പത്താം അദ്ധ്യായം പതിനാറാം വാക്യം വായിച്ചു.

"ഈ ആലയത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവരെ ക്കൂടി എനിക്കു കൊണ്ടുവരേണ്ടതുണ്ട്. അവരെന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനും ആകും".

എല്ലാവരും അതുശ്രവിച്ച് റാന്തൽ വെട്ടത്തിൽ ധ്യാനലീനരായി ഇരുന്നു.

പിതാവ് വാചാലനായി. അവസാനം ഇങ്ങനെ പ്രാർത്ഥിച്ച് ഉപസം ഹരിച്ചു.

"പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോ ലെ, അവരെല്ലാവരും ഒന്നാകുന്നതിനുവേണ്ടിയും നീ എന്നെ അയച്ചു എന്ന് ലോകം അറിയുന്നതിനുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു."

ആരും ഇരുന്നിടത്തുനിന്നും ഇളകിയില്ല. പലർക്കും എന്തൊക്കെയോ സൂചനകൾ ലഭിച്ചിരിക്കുന്നു. പിതാവിൽനിന്നുള്ള സുപ്രധാന തീരുമാ നങ്ങൾക്ക് കാതോർത്തിരിക്കുകയാണവർ.

പിതാവ് കൽപ്പിച്ചു.

"ഈ ബഥനിമലയിൽനിന്നും നാളെ രാവിലെ നാമും മാർ തെയോ ഫിലോസും കൂടി ഇറങ്ങുവാൻ നിശ്ചയിച്ച വിവരം നിങ്ങളെ അറിയിച്ചു കൊള്ളുന്നു. ഞങ്ങളോടുകൂടി ഇവിടെനിന്നും ഇറങ്ങി കത്തോലിക്കാ സഭയോട് പുനരൈക്യപ്പെടുവാൻ സന്നദ്ധതയുള്ളവർ വിവരം ഈ രാത്രി പന്ത്രണ്ടുമണിക്കുമുമ്പ് നമ്മെ അറിയിക്കണം. ഞങ്ങളോടൊന്നിച്ചു വരു ന്നതിനോ വരാതിരിക്കുന്നതിനോ ഉള്ള പൂർണ്ണ സ്വാതന്ത്ര്യം ആശ്രമാ ദ്ധ്യക്ഷനായ നാം നൽകുന്നു. രാത്രി പന്ത്രണ്ടുമണിവരെ നാം ഈ ചാപ്പ ലിൽ ഉണ്ടായിരിക്കുന്നതാണ്."

മദ്ബഹായുടെ വലതുവശത്ത് കസേരയിൽ ധ്യാനാരൂപിയിൽ പിതാ വിരുന്നു.

ഓരോരുത്തർ സാവധാനം മദ്ബഹയിലെത്തി പിതാവിന്റെ ഇടതു വശത്തു മുട്ടുകുത്തി കൂപ്പുകൈയ്യോടെ അറിയിച്ചു.

"പിതാവിനോടൊപ്പം ഞാനും വരുന്നു".



malankaralibrary.com

ചിലർ ദീർഘമായി പ്രാർത്ഥിച്ച് വ്യക്തമായ മനോനിർദ്ദേശം കിട്ടിയ ശേഷം സാവധാനമാണ് പിതാവിന്റെ മുമ്പിലെത്തി സമ്മതം അറിയിത്.

മണി പതിനൊന്നു കഴിഞ്ഞു. മിക്കവാറും എല്ലാവരും സമ്മതം അറിയിച്ചു കഴിഞ്ഞു. അലക്സിയോസ് അച്ചനും കൂടെ നടക്കുന്നവരും സമ്മതം പറയാൻ വരില്ലെന്ന് എല്ലാവർക്കുമറിയാം. എന്നാൽ മറ്റൊരാളുണ്ട്. ആറ്റുപുറത്തു അലക്സാണ്ടർ ശെമ്മാശൻ! അദ്ദേഹം ഇനിയും സമ്മതം തന്നിട്ടില്ല.

ഇടംവലം ഇളകാതെതന്നെ ആശ്രമപിതാവ് കാര്യം ഗ്രഹിച്ചു. പിതാവിനതു സഹിക്കാനാവില്ല.

അത്രമാത്രം സ്നേഹിച്ചുപോയ ശിഷ്യനാണയാൾ. ബഥനിവക കെട്ടിടങ്ങളുടെയെല്ലാം പണിയിൽ ശെമ്മാശന്റെ വിയർപ്പുതുള്ളികൾ ലയിച്ചു കിടപ്പുണ്ട്. അയാളെന്തേ ഇനിയും വന്നിട്ടില്ല.

കുറച്ചുനേരംകൂടി കാത്തിരുന്നിട്ടും ശെമ്മാശനെ കാണുന്നില്ല. പിതാവ് വാച്ചിൽനോക്കി. പറഞ്ഞസമയം തീരാറാകുന്നു. സമയപരിധിക്കുശേഷം ഒരു നിമിഷംപോലും ചാപ്പലിൽ ഇരുന്നുകൂടാ.

പിതാവിന്റെ ഹൃദയം വേദനിച്ചു. ചുണ്ടുകളിൽ പ്രാർത്ഥനാശകലങ്ങൾ വിറപൂണ്ടുനിന്നു. അതുക്രമേണ ഉച്ചത്തിലാവുകയാണ്. കൈ നിവർത്തി നെഞ്ചിൽ ആഞ്ഞടിച്ചു പ്രാർത്ഥിച്ചു.

സമയരഥം ഉരുളുകയാണ്. പന്ത്രണ്ടു മണിയാകാൻ ഇനി വെറും പതിനഞ്ചു നിമിഷങ്ങൾ കൂടി മാത്രം.

അത്ഭുതം! ഏതോ ദിവ്യ പ്രേരണയാലെന്നപോലെ ശെമ്മാശൻ അതാ ചാപ്പലിനുള്ളിലേക്ക് ഓടിക്കിതച്ചുവരുന്നു. നേരെ പിതാവിന്റെ പക്കലേക്കു നടന്നു. സമ്മതം അറിയിച്ചു; താമസിച്ചതിലുള്ള ക്ഷമായാചനയോടെ. അങ്ങനെ ഇരുപത്തിമൂന്നുപേരിൽ പത്തൊൻപതുപേരും യാത്രാസമ്മതം അറിയിച്ചുകഴിഞ്ഞു.

ആർക്കും ഉറക്കംവന്നില്ല. അതിനാൽ പ്രഭാതത്തിന്റെ ഓരോ ചുവടുവയ്പും അവർ അറിഞ്ഞുകൊണ്ടിരുന്നു.

കാട്ടിലെ വള്ളിപ്പടർപ്പുകളിലിരുന്നു കിളിക്കൂട്ടം ചിലച്ചു.

പൂർവ്വദിഗ്മുഖം തുടുത്തു തുടങ്ങി.

കൊഴുത്തുറഞ്ഞ ഇരുട്ടിൽ നേർത്ത തെളിവ്.

ഗുരു ധ്യാനത്തിൽ നിന്നുണർന്നു.

ശിഷ്യരെ നോക്കി പറഞ്ഞു.



malankaralibrary.com

“പ്രഭാതത്തിൽ നാം ഇവിടെനിന്നും പോവുകയാണ്. എല്ലാവരും ദേഹവിശുദ്ധി വരുത്തി എത്രയുംവേഗം എത്തണം. ഓരോരുത്തർക്കും അത്യാവശ്യമുള്ള നിത്യോപയോഗ സാധനങ്ങൾ മാത്രമേ എടുക്കാൻ പാടുള്ളൂ. മറ്റുള്ളതൊക്കെ ഇവിടെ കിടന്നു കൊള്ളട്ടെ”.

ആശ്രമസ്ഥർ ഒരു നിമിഷംപോലും പാഴാക്കാതെ കുളിച്ചുവെടിപ്പായി വന്നു. കാവിക്കുപ്പായവും ഇടക്കെട്ടും കഴുത്തിൽ മരക്കുരിശും ധരിച്ച് അവർ നിരന്നുനിന്നു.

അനാഥക്കുഞ്ഞുങ്ങളും കാവിയണിഞ്ഞു. ഓരോ ഭാണ്ഡവും അടുക്കിപ്പിടിച്ചിട്ടുണ്ട് എല്ലാവരും. അതിനുള്ളിൽ ഓരോ ജോഡി തുണി മാത്രം.

പിതാവിന്റെ തൗനാ അടുക്കിപ്പെറുക്കിയതു ബർശ്ലീബാ അച്ചൻ. പിതാവിന്റെ കട്ടിലിന്റെ ഒരറ്റത്തു ഭദ്രമായി തെറുത്തുവച്ചിരുന്ന സാമാന്യം വലിയ ഒരു കെട്ട് അദ്ദേഹം അഴിച്ചുനോക്കി. ഒരു പഞ്ഞിമെത്ത. വർഷങ്ങൾക്കുമുമ്പ് ഒരാരാധകൻ പിതാവിനു കിടക്കാൻ സമ്മാനിച്ചതാണ്. ഇന്നുവരെ അതൊന്നു നിവർത്തി നോക്കുകപോലും ചെയ്യാതെ അതേപടി പൊതിഞ്ഞുകെട്ടിവച്ചിരിക്കുന്നു. അവിടെനിന്നും അത്യാവശ്യ പുസ്തകങ്ങൾ മാത്രം എടുത്താൽ മതിയെന്നാണു കൽപ്പന. അതുമാത്രം ഭാണ്ഡത്തിലാക്കി അച്ചൻ എത്തി.

“എല്ലാവർക്കും ചാപ്പലിലേക്കു പോകാം”. പിതാവിന്റെ ആജ്ഞ. മുണ്ടൻമലയിൽവച്ചുള്ള അവസാന പ്രാർത്ഥനയാണ്.

ചാപ്പലിൽ പിതാവ് സാഷ്ടാംഗം വീണു കിടന്നു പ്രാർത്ഥിച്ചു.

“പരസ്യജീവിതത്തിനായി മുപ്പതു വർഷം തപസ്സു ചെയ്ത കർത്താവേ... നിന്റെ ദാസനിതാ, പതിനൊന്നു കൊല്ലത്തെ ഒരുക്കത്തോടെ നിന്റെ പ്രകാശത്തിലേക്കു വരുന്നു...”

കരളറുത്തുമാറ്റുന്ന വേദനയുണ്ട്. ഒതുക്കി വച്ച വികാരം ചിറതകർത്തൊഴുകുകയാണ്. കണ്ണീരോടെ പിതാവു വിതുമ്പി.

“എല്ലാവർക്കും എഴുന്നേൽക്കാം”

രാജകല്പനകൾപോലെ അവർ എല്ലാം തൽക്ഷണം പാലിക്കുകയാണ്. നിയന്ത്രിക്കാനാവാത്ത വിധം ഹൃദയഭാരം പെരുകുകയാണ്.

പിതാവിനു തൊണ്ട ഇടറി. അവിടുന്നു പൊട്ടിക്കരഞ്ഞു. “മക്കളേ... നമ്മളിവിടെ ഒന്നുമില്ലാത്തവരായി വന്നു. ഇപ്പോഴിതാ ഒന്നുമില്ലാത്തവരായി നമുക്കിറങ്ങിപ്പോകാം”.

ഉടൻ ചില അനാഥക്കുഞ്ഞുങ്ങൾ ചാപ്പലിലേക്ക് ഓടിയെത്തി. ഉൽക്കണ്ഠാകുലമായ മുഖത്തോടെ അവർ പിതാവിനെ അറിയിച്ചു.



malankaralibrary.com

“പിതാവേ, ആബൂനായ്ക്ക് ദീനം കൂടി. കട്ടിലേൽകെടന്നു വെപ്രാളപ്പെടുന്നു”.

എല്ലാവരും അലക്സിയോസച്ചന്റെ മുറിയിലേക്ക് പാഞ്ഞു.

കട്ടിലിൽക്കിടന്ന് അതിവേദനയാലെന്നപോലെ പുളയുകയാണ് അദ്ദേഹം.

“കുറച്ചു മുമ്പുവരെ യാതൊരു കുഴപ്പവുമില്ലായിരുന്നല്ലോ” പലരും പറഞ്ഞു.

ഭയാനകമായി കണ്ണുരുട്ടി മരണവെപ്രാളം കാണിക്കുകയാണ് അച്ചൻ. വല്ലാതെ മുരളുകയും കിടന്നുരുളുകയുമാണ്.

“വെള്ളം... വെള്ളം...”

കുശിനിക്കാരൻ വെള്ളവുമായി പാഞ്ഞെത്തി. അത് നാവിലിറ്റിച്ചു. മുഖത്തുതളിച്ചു.

ചിലർ കയ്യും കാലും തിരുമ്മി. അനാഥക്കുഞ്ഞുങ്ങൾ വിശറി എടുത്തു വീശി. എന്നിട്ടും പരിസരബോധമില്ലാത്തപോലെ ഉരുണ്ടു.

പിതാവ് കണ്ണുകളടച്ച് ഒരു നിമിഷം മൗനമായി പ്രാർത്ഥിച്ചു. പിന്നെ അച്ചന്റെ തലയിൽ കൈവച്ചു. കരുണാർദ്രമായി വിളിച്ചു.

ക്ഷണത്തിൽ ഉരുളൽ നിന്നു; മുരളൽ നിന്നു. മുഖം ശാന്തമായി. എല്ലാവരേയും കണ്ണുവിടർത്തിനോക്കി. പതുക്കെ എഴുന്നേൽക്കാൻ ശ്രമിച്ചു.

പിതാവു വിലക്കി.

“കിടന്നോളൂ... വിശ്രമമാണാവശ്യം”.

എന്നിട്ട് ജോഷാച്ചന്റെ നേർക്കു നോക്കി പിതാവു കല്പിച്ചു.

“ആബൂനായ്ക്കൊരു തുണയായിട്ട് അച്ചൻ ഇവിടെ തൽക്കാലം നിൽക്കുക”.

പിതാവിനൊപ്പംപോകാൻ മുന്നിട്ടുനിന്ന ജോഷാച്ചൻ ഒരു നിമിഷം ദു:ഖിതനായിനിന്നു. എങ്കിലും അനുസരിക്കാതെ പറ്റില്ലല്ലോ. എത്രയും വേഗം ആബൂനായുടെ രോഗം ഭേദമാകണമെന്നു ജോഷാച്ചൻ പ്രാർത്ഥിച്ചിട്ടുണ്ടാവാം.

അലക്സിയോസച്ചനോടു പിതാവു യാത്രപറഞ്ഞു. പിന്നെ കൈത്തണ്ടയിൽനിന്നും വാച്ചഴിച്ച് അലക്സിയോസച്ചന്റെ കയ്യിൽവച്ചുപറഞ്ഞു.

“ഇതാ, എന്റെ അവസാനത്തെ സമ്മാനം”.



malankaralibrary.com

കിടന്നുകൊണ്ടുതന്നെ ഗുരുവിന്റെ സമ്മാനം മാറോടുചേർത്ത് അച്ചൻ വിങ്ങിപ്പൊട്ടി. എന്തോ പറയാൻ വന്നെങ്കിലും വാക്കുകൾ അവ്യക്തം.

കിഴക്കൻമലകളിൽ സൂര്യബിംബം ഉദിച്ചുയരുന്നു.

അവസാനമായി പിതാവും ശിഷ്യരും എല്ലായിടത്തും ഒന്നു കണ്ണോടിച്ചു. തഴച്ചുവളരുന്ന റബ്ബർമരങ്ങൾ, പതിനൊന്നു വർഷം വിയർപ്പൊഴുക്കി അദ്ധ്വാനിച്ചമണ്ണ്, പച്ചക്കറിത്തോട്ടം...

ആശ്രമമുറ്റത്തു സ്വയംനട്ട മാവ് പടർന്നുപന്തലിച്ചു തുടങ്ങിയിരിക്കുന്നു. താമസിയാതെ പൂവിടും. അതിന്റെ പഴമെടുക്കാൻ ചിലരെങ്കിലും ഇവിടെ അവശേഷിക്കുന്നുണ്ടല്ലോ.

വാല്യക്കാരനെവിളിച്ച് പിതാവ് ഓർമ്മിപ്പിച്ചു.

"എന്റെ അമ്മച്ചിപ്പശുവിനെയും കുതിരയെയും ടൈഗറിനെയും എല്ലാം നിന്നെ എൽപ്പിക്കുകയാണ്".

മുണ്ടൻമലയുടെ നെറുകയിൽനിന്നും അവരിറങ്ങി. മുന്നിൽ ഗുരു. തൊട്ടുപിന്നിൽ തെയോഫിലോസ് തിരുമേനി. പിന്നാലെ അച്ചന്മാരും ശെമ്മാശന്മാരും അനാഥക്കുഞ്ഞുങ്ങളും. മോശയുടെയും അഹറോന്റെയും നേതൃത്വത്തിൽ ഫറവോന്റെ അടിമത്തത്തിൽനിന്നും പ്രത്യാശയുടെ കനാനിലേക്കുള്ള പുറപ്പാടുപോലെ.

കുത്തിറക്കത്തിലൂടെ മററുള്ളവർക്കൊപ്പം എത്താനാവാതെ സ്റ്റേഫാനോസച്ചൻ കിതയ്ക്കുന്നുണ്ടായിരുന്നു. ക്ഷയരോഗിയായ അച്ചൻ ചുമച്ചുകൊണ്ട് ക്ലേശിച്ചുനീങ്ങി. അതുകണ്ട് മറ്റുള്ളവർ അച്ചന്റെകയ്യിൽനിന്നും ഭാണ്ഡം വാങ്ങിച്ചുമന്നു.

വളഞ്ഞുപുളഞ്ഞ മലവഴിയിലൂടെ ഇറങ്ങിപ്പോകുന്ന ഭിക്ഷാംദേഹികളെക്കാണാൻ മലയോരവാസികൾ നിരന്നുനിന്നു. വർഷങ്ങളായി ബഥനിമലയിൽ പണിയെടുത്തിട്ടുള്ളവരാണ് അവരിലേറെയും. അവരുടെ മിഴികളിൽ വേദനയുടെ ഉറവ്. കൂപ്പുകൈകളിൽ ഭക്ത്യാദരവിന്റെ നിറവ്.

പിതാവിന്റെ ദർശനാനുഗ്രഹത്താൽ അവരുടെ ഉള്ളം തുളുമ്പി.

പുറപ്പാടിനിടയിൽ യൗനാൻ സാധു ചോദിച്ചു.

"പിതാവേ, നമ്മൾ എങ്ങോട്ടാണു പോകുന്നത്?"

അവരിൽത്തന്നെ പലർക്കും അതു നിശ്ചയമില്ല. പിതാവു വിളിച്ചു. അവരിറങ്ങി. അത്രമാത്രം.

പിതാവു പ്രത്യുത്തരിച്ചു.



malankaralibrary.com

“മകനെ... ദൈവം നോക്കിക്കൊള്ളും”.

തെല്ലു ദു:ഖത്തോടെ അപ്രേം സാധു അഭിപ്രായപ്പെട്ടു.

“പിതാവേ, വലിയ പ്രചരണത്തോടെയായിരുന്നു ഈ യാത്രയെങ്കിൽ ഇതിൽ കൂടുതൽ ആളുകൾ നമ്മോടൊപ്പം വന്നേനെ”.

പലർക്കുമുണ്ട് അതേ അഭിപ്രായം. പ്രാണതുല്യം പ്രണയിച്ച യാക്കോബായ സഭ ഉപേക്ഷിച്ച് സാർവ്വത്രിക സഭയിൽ പ്രവേശിക്കാനുള്ള പുറപ്പാടാണ്. പക്ഷേ ആ പ്രയാണത്തിൽ ഉള്ളവരുടെ സംഖ്യ എത്ര തുച്ഛം.

പലരും ഇതിനുമുമ്പും പുനരൈക്യപ്പെട്ടിരുന്നല്ലോ. അതുപോലെ ഇതും ശ്രദ്ധിക്കപ്പെടാതെ പോവുകയല്ലേയുള്ളൂ.

സാധുവിനുള്ള മറുപടി എല്ലാവരും കേൾക്കെ പിതാവു പറഞ്ഞു.

“അത്തരം പ്രചരണബഹളങ്ങൾ നമുക്കുവേണ്ടടോ. ദു:ഖത്തോടെ വിതയ്ക്കുന്നവരാണ് സന്തോഷത്തോടെ കൊയ്യുന്നത്”.

സംഘം അടിവാരത്തിലെത്തി. ചുവടുമുതൽ ഗിരിമകുടം വരെ ഒരിക്കൽകൂടി പിതാവിന്റെ കണ്ണുകൾ കയറിയിറങ്ങി.

മരച്ചാർത്തിനിടയിലൂടെ അരിച്ചിറങ്ങുന്ന ഉദയരശ്മികളേറ്റ് മഞ്ഞുയരുന്ന മുണ്ടൻമല. അവിടെക്കഴിഞ്ഞ പതിനൊന്നു വർഷങ്ങളിലെ സംഭവപരമ്പരകൾ മനസ്സിലൂടെ ഒഴുകിക്കൊണ്ടിരുന്നു.

പിതാവ് വീണ്ടും പൊട്ടിക്കരഞ്ഞു. മരക്കുരിശുയർത്തി മൂന്നുതവണ ആശീർവ്വദിച്ചു. ഇരുകൈകളും വീശി മുണ്ടൻമലയോട് എന്നേക്കുമായി വിടപറഞ്ഞു.

“ബഥനിമലയേ പുശ്ബശ്ലോമോ”.

മലയുടെ തേങ്ങൽപോലെ അതെവിടോയോ തട്ടിപ്രതിദ്ധ്വനിച്ചുവോ?

മടത്തുംമൂഴിക്കടവിൽ വഞ്ചികാത്തുകിടക്കുന്നു. വനം വിട്ടിറങ്ങുന്ന താപസന്മാരെ കാത്ത് സ്ഥലവാസികൾ വള്ളക്കടവിൽ കൂടിനിൽപ്പുണ്ട്.

നിറഞ്ഞൊഴുകുന്ന കക്കാട്ടാറിന്റെ നെഞ്ചിൽ തിരമാലത്തള്ളലിൽ ചാഞ്ചാടുന്ന വള്ളം. ഓരോരുത്തരായി അതിൽ കയറി. അവസാനം പിതാവും.

സ്ഥലവാസികളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ചേരികളിൽ മരുന്നും സുവിശേഷവുമായി വരുന്ന സ്നേഹതാപസന്മാരെ ഇനിയെന്നു കാണും.

ആ മൺചെരാതുകൾ എവിടേക്കോ അകലുകയാണ്. വള്ളക്കാ



malankaralibrary.com

രൻ മുളങ്കോൽ താഴ്ത്തി ഊന്നി. വഞ്ചിയിളകി. പാറക്കൂട്ടം നിറഞ്ഞ കക്കാട്ടാറ്റിലൂടെ അതു പടിഞ്ഞാറേക്കു നീങ്ങി.

വടശ്ശേരിക്കര കടവിലും ആളുകൾ കാത്തുനിന്നു. അവിടെ കടവിൽ ഒരു വലിയ കെട്ടുവള്ളം തയ്യാറാക്കി നിർത്തിയിരിക്കുന്നു. ജനമദ്ധ്യത്തിൽനിന്നും ഒരാൾ പിതാവിനെ നോക്കി ചിരിച്ച് കടവിലേക്കിറങ്ങിച്ചെന്നു. അയാളെക്കണ്ടു പിതാവു ചോദിച്ചു.

"എന്താ മാണിയും വരുന്നോ?"

പനച്ചമൂട്ടിൽ മാണി, പിതാവിന്റെ മിത്രമാണ്.

അയാൾ തൊഴുതറിയിച്ചു.

"പിതാവേ, ഈ കെട്ടുവള്ളത്തിലേക്ക് ഒന്നു മാറിക്കയറാൻ തിരുമനസ്സാകണം. മഴപെയ്താൽ നനയാതെ പോകാമല്ലോ"

ഇടവപ്പാതിക്കാലമാകയാൽ അതാണു നല്ലതെന്നു പിതാവിനും തോന്നി. മാണിയുടെ വക കാപ്പി സൽക്കാരം സ്വീകരിച്ചു. എല്ലാവരും കെട്ടുവള്ളത്തിലേക്കു കയറി.

അവിടെനിന്നും റാന്നിയിലേക്ക്.

ഉച്ചകഴിഞ്ഞപ്പോഴേക്കും അവിടെത്തി. കടവിൽ അടുക്കാറായപ്പോൾ ബർസ്ക്കീപ്പാ അച്ചനായിത്തീർന്ന ശൂരനാട്ട് ഉമ്മൻ വാദ്ധ്യാർ അറിയിച്ചു.

"പിതാവേ, തിരുവല്ലായിൽ ഇത്രയും പേർക്കു താമസിക്കാനുള്ള സൗകര്യമുണ്ടാകുമോ? മാത്രമല്ല, അവിടെ നമ്മുടെ അനുകൂലികൾ കുറവുമാണല്ലോ. ഭക്ഷണകാര്യങ്ങളും ബുദ്ധിമുട്ടാകും."

'പിന്നെവിടമാണ് അച്ചന്റെ മനസ്സിലുള്ളത്?"

"വെണ്ണിക്കുളത്തായാൽ ഈ വക പ്രശ്നങ്ങളൊന്നുമില്ലല്ലോ. പള്ളിയും പള്ളിക്കൂടവും അവിടെയുണ്ട്. അവിടുള്ള അക്രൈസ്തവർപോലും നമ്മോട് അനുഭാവമുള്ളവരുമാണ്".

"എങ്കിൽ അങ്ങനെയാവട്ടെ".

അങ്ങനെ വഞ്ചിയാത്ര തീർന്നു. ഇനി വണ്ടികിട്ടണം. ഒരു വണ്ടിയോ മറ്റോ വെണ്ണിക്കുളത്തേക്കുണ്ട്. നോക്കി നിൽക്കുമ്പോൾ പുകയുയർത്തി ഘടഘടാരവത്തോടെ അതു വന്നുനിന്നു. മേൽമൂടിയില്ലാത്ത വണ്ടിക്കുള്ളിൽ കയറി കമ്പികളിൽ പിടിച്ചവർ നിന്നു.

സന്ധ്യയോടെ ആ യാത്ര വെണ്ണിക്കുളത്ത് അവസാനിച്ചു.

ഒരു പകൽ മുഴുവൻ നീണ്ട യാത്ര. എല്ലാവരും കുഴഞ്ഞു.



malankaralibrary.com

പ്രത്യേകിച്ച് അനാഥക്കുഞ്ഞുങ്ങളും രോഗിയായ സ്തേഫാനോസ് അച്ചനും.

വെണ്ണിക്കുളം മേമല പള്ളിക്കൂടത്തിനടുത്ത് എല്ലാവരും ഇറങ്ങി. പ്രൈമറിസ്കൂളിലേക്കു നടന്നു. ബഞ്ചുകൾ ചേർത്തുവച്ചും തറയിലും മറ്റുമായി കിടന്ന് നേരം വെളുപ്പിച്ചു.

പിറ്റേന്നു വാർത്ത നാടെങ്ങും പരന്നു; 'ബഥനി പിതാവും ശിഷ്യരും മുണ്ടൻമലയിൽനിന്നും ഇറങ്ങിപ്പോയി'.

പത്രങ്ങളിൽ അതു പൊള്ളുന്ന വർത്തയായി. അറിഞ്ഞവർ വെണ്ണിക്കുളത്ത് ഓടിക്കൂടി. അവരിലേറെയും ഹൈന്ദവർ.

ഒരാൾ മുന്നോട്ടുവന്ന് ഉണർത്തിച്ചു.

"തിരുമേനിയും കൂട്ടരും ഈ പള്ളിക്കൂടത്തിൽ കിടന്നു പ്രയാസപ്പെടരുത്. എന്റെ വീട്ടിലേക്ക് താമസം മാറ്റണം"

പിതാവു ചോദിച്ചു.

"ഇരുപത്തഞ്ചോളം ആളുകൾ അവിടങ്ങനെ താമസിക്കും"

"എന്റെ വീട് നിങ്ങൾക്കുവേണ്ടി ഞാനൊഴിഞ്ഞു തരാം. മറ്റൊരു ചെറിയ വീടുണ്ടെനിക്ക്. അതു ഞങ്ങൾക്കു ധാരാളം".

സകലരും ആശ്ചര്യപ്പെട്ടു. പിതാവ് അയാളെ അരികിലണച്ചു ചോദിച്ചു.

"എന്താ പേര്?"

"കാഞ്ഞിരത്തുംമൂട്ടിൽ കുട്ടി എന്നു വിളിക്കും".

പിതാവ് പുഞ്ചിരിയോടെ അനുഗ്രഹിച്ചു പറഞ്ഞു.

"നിങ്ങളുടെ വലിയ മനസ്സിനു ദൈവം പ്രതിഫലം തരട്ടെ."

✠



malankaralibrary.com



# 34

# "ഉരുക്കിടുന്നു; മിഴിനീരിലിട്ടു മുക്കുന്നു..."

"**മേ**ലാൽ ബഥനിക്കാരെ ആരും സഹായിക്കരുത്". സഭാകാരണവരുടെ നിർദ്ദയമായ അടുത്ത കല്പന. ഒരുപക്ഷേ രോഷത്തേക്കാൾ ഭയമായിരിക്കും ആ കല്പനയുടെ പിന്നിൽ.

ബഥനിമെത്രാപ്പോലീത്താ മൂന്നാലുപേരൊഴികെയുള്ള ആശ്രമസ്ഥരുമായി മുണ്ടൻമലവിട്ടിറങ്ങിയിരിക്കുന്നു. ഇനി സഭ ഉപേക്ഷിക്കാനും ഏറെ വൈകില്ല. അപ്പോഴേക്കും തങ്ങളുടെ തട്ടകത്തിൽനിന്നും ജനം അവിടേക്കുപോയാലോ? അതായിരുന്നു വലിയതിരുമേനിയുടെ ഭയം.

അതുകൊണ്ടാണ് ശിഷ്യന്റെ മുഖത്തടിക്കുന്ന ഈ കല്പന അദ്ദേഹം എഴുതിയത്. അതെല്ലാ പള്ളികളിലും അയച്ചു. വ്യക്തിപരമായിപ്പോലും ബഥനിയെ സഹായിക്കാൻ ജനം ഭയന്നു.

നേർച്ചക്കുടുക്കകളിൽപോലും പിരിച്ചെടുക്കാനാവാതെ ഭിക്ഷുക്കൾ വലഞ്ഞു. യാതൊരു നിക്ഷേപവും കയ്യിലില്ല. ദിവസം ഒരുനേരമെങ്കിലും ഭക്ഷിക്കാതെന്തു ചെയ്യും? കിണറ്റുവെള്ളം മാത്രം സുലഭമായു



malankaralibrary.com

ണ്ട്. അതെത്രമോന്തിയിട്ടും വിശപ്പടങ്ങുന്നില്ലല്ലോ. സാധുക്കൾ വല്ലാതെ ക്ഷീണിച്ചു. എങ്കിലും മനോവിശുദ്ധിയുടെ പ്രകാശം മുഖങ്ങളിൽ മിന്നുന്നുണ്ട്. അവിടെയും അനാഥക്കുഞ്ഞുങ്ങളെപ്പറ്റിയാണ് പിതാവിന് ആദ്യവിചാരം. വിശപ്പു സഹിക്കാതായപ്പോൾ അനാഥക്കുഞ്ഞുങ്ങളുടെ കണ്ണുകൾ വെളുന്തകര തഴച്ചുനിൽക്കുന്ന പറമ്പിലേക്കു നീണ്ടു. അവരതിന്റെ തളിരിലകൾ പറിച്ചുകൊണ്ടുവന്നു. അതു പുഴുങ്ങി തേങ്ങയും മുളകും ചതിച്ചിട്ട് ഭിക്ഷാംദേഹികൾ തൃപ്തിയോടെ ഭക്ഷിച്ചു.

അതിനിടയിൽ പിതാവ് പറഞ്ഞു.

"മക്കളേ, മഹത്തായ ലക്ഷ്യത്തിൽ എത്തുവോളം നമുക്കൊരുപാടു വിഷമതകൾ സഹിക്കേണ്ടതായിട്ടുണ്ട്. ഇതുമുതൽ നമുക്കെല്ലാവർക്കും പട്ടിണിയായിരിക്കും അനുഭവം. വട്ടശ്ശേരിൽ തിരുമേനി നമുക്കെതിരെ എല്ലാ സഹായവഴികളും അടച്ചുകഴിഞ്ഞു. ആകയാൽ നമ്മോടൊന്നിച്ച് നിങ്ങളും പട്ടിണികിടക്കേണ്ടിവരും".

അതുകേട്ട് സന്ന്യാസികളുടെ മുഖം മങ്ങിയില്ല.

എല്ലാവരും പിതാവിനു പിൻബലം നൽകി.

"പിതാവേ, ഞങ്ങൾ അങ്ങയുടെ അരൂപിയിൽ ജീവിക്കാൻ ഇറങ്ങി വന്നവരാണ്. ഭിക്ഷാടനം ചെയ്താലെങ്കിലും എന്തെങ്കിലും കിട്ടാതിരിക്കില്ല. മഠത്തിലുള്ള കന്യാസ്ത്രീകളെപ്പറ്റി ഓർക്കുമ്പോഴേ വിഷമമുള്ളൂ. മഠത്തിനു പുറത്തിറങ്ങാൻ അനുവാദമില്ലാത്ത അവർക്ക് എന്തെങ്കിലും പിതാവു കൊടുത്താൽ മതി"

വെണ്ണിക്കുളത്തു കഴിയുമ്പോഴും പിതാവിന്റെ ചിന്ത തിരുമൂലപുരത്തുള്ള കന്യാസ്ത്രീകളെപ്പറ്റിയാണ്. എന്തുകഷ്ടതയുണ്ടെങ്കിലും മുഖഭാവംകൊണ്ടുപോലും അവരതു പുറത്തറിയിക്കില്ല. എല്ലാം കണ്ടറിഞ്ഞ് അവരെ സഹായിക്കണം. മദർ ഈഡിത്തും മറ്റും അവിടെയുള്ളതാണ് സമാധാനം. എങ്കിലും പിതാവ് തിരുമൂലപുരം മഠത്തിലെത്തി.

വറ്റാത്ത പുഞ്ചിരിയുമായി മദർ ഈഡിത്തും മദറിന്റെ നിഴൽപോലെ സിസ്റ്റർ ഹെലനും അവിടെയുണ്ട്.

പിതാവിനോടു മദർ അന്വേഷിച്ചു.

"റോമിൽനിന്നു കൽപ്പന ലഭിച്ചുവോ?"

"ദൈവകാരുണ്യത്താൽ അതുടൻ കിട്ടുമെന്നാണറിയുന്നത്".

"ഞാൻ നമ്മുടെ സന്ന്യാസിനികളോട് പുനരൈക്യത്തെപ്പറ്റി പറയാറുണ്ട്. തിരുമേനിയെ അനുഗമിക്കണമെന്നു ഞാനവരോടു പറഞ്ഞു".



malankaralibrary.com

“ഞാനാരേയും നിർബ്ബന്ധിക്കാറില്ല, മദർ. എങ്കിലും നിത്യമായ സത്യത്തിലേക്കുള്ള ചുവടുവയ്പാണ് എന്റേതെന്ന് എനിക്കുത്തമ ബോദ്ധ്യമുണ്ട്. അതിനാൽ മറ്റുള്ളവരും ആ വഴി പിന്തുടരണമെന്നാണ് എന്റെ പ്രാർത്ഥന”.

“ആ പ്രാർത്ഥന സന്ന്യാസിനികളെ സംബന്ധിച്ചിടത്തോളം ദൈവം കേട്ടിരിക്കുന്നു. അവരെല്ലാവരും കത്തോലിക്കരാകാൻ കാത്തിരിക്കുകയാണ്”.

വർദ്ധിച്ച സന്തോഷത്തോടെ പിതാവു തെരക്കി.

“അവരെല്ലാം എവിടെ?”

സിസ്റ്റർ ഹെലൻ അവരെ വിളിക്കാൻ മഠത്തിനുള്ളിലേക്കു പോയി.

മദർ പറഞ്ഞു.

“അപ്പോൾ സ്വർഗ്ഗത്തിൽ നമ്മുടെ രണ്ടു സമൂഹങ്ങളും വളരെ അടുത്തായിരിക്കും. അല്ലേ തിരുമേനി?”

മദറിന്റെ പരിശുദ്ധി തളംകെട്ടിയ ഇളംപച്ചക്കണ്ണുകളിലേക്കു നോക്കി പിതാവു പറഞ്ഞു.

“മദറിനെ കണ്ടെത്താതിരുന്നെങ്കിൽ ബഥനി ആശ്രമം കൊണ്ടുമാത്രം എനിക്കു തൃപ്തിപ്പെടേണ്ടി വന്നേനേ. ദൈവത്തിന് ആയിരമായിരം സ്തോത്രം”

മദർ ശൈനാ ഇറങ്ങിവന്നു. അഞ്ചു വർഷത്തോളമായി മഠത്തിന്റെ സുപ്പീര്യർ ആണ് മദർ ശൈനാ. പിന്നാലെ മറ്റുള്ളവരും വന്നു.

മദർ ശൈനാ പറഞ്ഞു.

“പലരുടേയും വീട്ടുകാർ പുനരൈക്യത്തോട് എതിർപ്പാണ്. എത്ര എതിർത്താലും ഞങ്ങളെല്ലാവരും പിതാവിനോടൊപ്പം ഇറങ്ങിവരും”.

ഇതുകേട്ട് വൃദ്ധയായ മദർ ഈഡിത്ത് ചരിതാർത്ഥ്യ മനസ്സോടെ ഉണർത്തിച്ചു.

“കേട്ടില്ലേ? കാര്യങ്ങളെല്ലാം അങ്ങു വിചാരിച്ചതുപോലെ പൂർത്തിയാവുകയാണ്. ഇനിയെല്ലാം ഈ കന്യാസ്ത്രീകൾക്കു സ്വയം ചെയ്യാവുന്നതേയുള്ളൂ. എങ്കിൽ ഇനി ഞങ്ങൾ തിരിച്ചു പൊയ്ക്കൊള്ളട്ടെ.”

സകലരുടെയും മുഖത്തു ശോകത്തിന്റെ നിഴൽ പെട്ടെന്നു പരന്നു. മദർ ഈഡിത്ത് തങ്ങളോടു യാത്രാനുമതി തേടുന്നു!



malankaralibrary.com

അവർക്കതു സഹിക്കാനാവുമോ? ബഥനി സിസ്റ്റേഴ്സിന്റെ തലത്തൊട്ടമ്മയാണവർ. സ്വന്തമായുണ്ടായിരുന്നതെല്ലാം ദാനമായി ബഥനിക്കു നൽകിയ മഹോന്നത.

പാണ്ഡിത്യവും ഭാഷാജ്ഞാനവും ധനവും അതിലുപരി നിഷ്കളങ്കസ്നേഹവും പതിനഞ്ചുകൊല്ലങ്ങളായി അനുഭവിക്കുകയായിരുന്നല്ലോ. കന്യാസ്ത്രീമഠം സ്ഥാപിച്ചശേഷം കൽക്കത്തയിലേക്കവർ തിരിച്ചുപോയിരുന്നെങ്കിലും എല്ലാക്കൊല്ലവും മുടങ്ങാതെ ഇവിടെ എത്തുമായിരുന്നല്ലോ. എല്ലാക്കാര്യങ്ങളും അന്വേഷിച്ചറിയുമായിരുന്നല്ലോ.

"പക്ഷേ, മദർ...ഇത്രയും കാത്തിരുന്ന സ്ഥിതിക്ക് പുനരൈക്യംകൂടി സാധിച്ചിട്ടേ മടങ്ങിപ്പോകാവൂ".

പിതാവിന്റെ ആഹ്വാനം മദർ സ്വീകരിച്ചു.

മദറിന്റെ അതിരറ്റ വാത്സല്യവും സേവനങ്ങളും പിതാവ് അപ്പോൾ അനുസ്മരിച്ചു. എന്നിട്ട് മദറിനെ ചൂണ്ടി ബഥനി സിസ്റ്റേഴ്സിനോടു പറഞ്ഞു.

"ഈ മാതൃക എന്നും നിങ്ങൾ പിന്തുടരണം. ഞാൻ ആശിച്ചുപോവുകയാണ് എന്റെ ചെറുപ്പത്തിൽ മദർ ഈഡിത്തിന്റെ ശിക്ഷണം എനിക്കു ലഭിച്ചിരുന്നെങ്കിൽ എന്ന്. എങ്കിൽ ഞാൻ അതിശ്രേഷ്ഠമായൊരു ജീവിതത്തിന് ഉടമയായിത്തീരുമായിരുന്നു."

സ്വയം വിനീതനാവുകയും മറ്റുള്ളവരെ പ്രകീർത്തിക്കുകയും ചെയ്യാനുള്ള ഉത്സാഹം ആ വാക്കുകളിലുണ്ട്.

സന്ന്യാസിനികൾ പിതാവിന്റെയും മദറിന്റെയും മുഖത്തു മാറിമാറി നോക്കി. ഇരുവരും അവർക്കു ദിവ്യാവതാരങ്ങൾ. രൂപപരമായിമാത്രം വ്യത്യസ്തർ.

മദറിന്റെ മുഖത്തു വെണ്ണിലാവിന്റെ പ്രകാശം. മിഴികളിൽ സ്നേഹത്തിന്റെ തിളക്കം. ചോരച്ചുണ്ടുകളിൽ പുഞ്ചിരിയുടെ വറ്റാത്ത ഉറവ. വാക്കുകൾക്ക് ഇളംകാറ്റിന്റെ സ്നിഗ്ദ്ധത.

പക്ഷേ, ജ്വലിക്കുന്ന മുഖമാണു പിതാവിന്റേത്. സൂര്യനെപ്പോലെ. പന്തംപോലെ എരിയുന്ന ആ ദൃഷ്ടികളിൽ നോക്കുകപോലും അസാദ്ധ്യം. ഗൗരവം നിറഞ്ഞ ഇരുണ്ട വലിയ മുഖത്ത് കാടുപിടിച്ച മീശകൂടിയാകുമ്പോൾ നേരെ നോക്കാൻ ആരാണു ഭയക്കാത്തത്. ആ ചുണ്ടുകൾ ചലിച്ചാലോ. ഉയർന്നു മുഴങ്ങുന്ന പരുക്കൻ ശബ്ദം. അതിനു മഹാരാജാവിന്റെ കല്പനയുടെ ആധികാരികത. എന്നാൽ ഈ പ്രത്യക്ഷാനുഭ



malankaralibrary.com

വത്തിനു പിന്നിലെ പരിശുദ്ധി, ത്യാഗം, എളിമ, സ്നേഹം... അതവർ എത്രയോ കാലമായി അനുഭവിച്ചറിയുന്നു.

അതേ അരൂപിയിൽ പിതാവ് അവരോടു പറഞ്ഞു.

"മക്കളേ...നമുക്കൊരുപാടു കഷ്ടതകൾ അനുഭവിക്കേണ്ടതായി വരും. വലിയ തിരുമേനിയുടെ വിലക്കിനെപ്പറ്റി നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. കത്തോലിക്കാസഭയിൽ ചേർന്നിട്ടില്ലാത്തതിനാൽ അവരിൽനിന്നുള്ള സഹായവും പ്രതീക്ഷിക്കുക വയ്യ. എങ്കിലും എന്തെങ്കിലും കിട്ടിയാൽ ജേക്കബിന്റെ കയ്യിൽ കൊടുത്തയയ്ക്കാം".

"പിതാവേ, വല്ലതും കിട്ടുന്നത് അച്ചന്മാർക്കാണ് കൊടുക്കേണ്ടത്. അവർ പുറത്തിറങ്ങി ജോലിചെയ്യേണ്ടവരാണല്ലോ. ഞങ്ങളാണെങ്കിൽ മഠത്തിനുള്ളിലിരിക്കേണ്ടവരല്ലേ. പട്ടിണിയായാലും ഞങ്ങൾക്കൊരു കുഴപ്പവുമില്ല".

ദാരിദ്ര്യവ്രതത്തെ അനുഭവ സമ്പത്താക്കുന്ന സന്ന്യാസിനികളുടെ വാക്കുകൾ കേട്ട് പിതാവിന്റെ ഉള്ളുനിറഞ്ഞു. ലക്ഷ്യത്തിലെത്തുവോളം എന്തുത്യാഗവും സഹിക്കാനുള്ള അവരുടെ ഉത്സാഹത്തിൽ ദൈവത്തെ സ്തുതിച്ചു.

പിതാവിന്റെ ഉള്ളിൽ അനിർവാച്യമായൊരനുഭൂതി. വേദനകളുടെ സാർത്ഥകതയെപ്പറ്റിയുള്ള ഒരു കാവ്യഭാഗം ഓർമ്മിച്ച് പിതാവു ചൊല്ലി.

"ഉരുക്കിടുന്നു മിഴിനീരിലിട്ടു-

മുക്കുന്നു മുറ്റും ഭുവനൈക ശില്പി

മനുഷ്യഹൃത്താം കനകത്തെയേതോ

പണിത്തരത്തിന്നുപയുക്തമാക്കാൻ".

വേദനകളിൽപോലും തന്റെ ശിഷ്യഗണം തനിക്കുപിൻബലമാവുകയാണ്. പ്രവർത്തനനിരതനാകാൻ അതു തനിക്കു പ്രേരണയാവുകയാണ്.

ജോലികൾ വളരെയുണ്ട്. തിരുമൂലപുരം ആശ്രമത്തിലേക്ക് അത്യാവശ്യമായി ചെല്ലണം.

അവിടെയെത്തിയപ്പോൾ അത്ഭുതം! വട്ടശ്ശേരിൽ തിരുമേനി എഴുന്നെള്ളിയിരിക്കുന്നു.

ഗുരുനിന്ദ കാട്ടിയ ശിഷ്യനെന്നു വിളിച്ച് തന്നെ ശകാരി ക്കാനുള്ള പുറപ്പാടാണോ ഇത്.



malankaralibrary.com

എന്തധിക്ഷേപവും സ്വീകരിക്കാം. ഗുരുമുഖത്തുനിന്നല്ലേ. എന്തും സഹിക്കാം. അത്യുന്നതമായൊരു ലക്ഷ്യത്തിനുവേണ്ടിയല്ലേ.

എന്നാൽ ദൈവാനുഗ്രഹം എന്നും തനിക്കുണ്ടാകുമെന്നു മനസ്സു മന്ത്രിക്കുന്നു. അതുമതി. പക്ഷേ വലിയ തിരുമേനിയുടെ കോപാഗ്നി എന്തു പറഞ്ഞ് ശമിപ്പിക്കും. മറുപടിക്കുള്ള വാക്കുകൾപോലും ദൈവം തക്കസമയത്ത് തരാതിരിക്കില്ല. അതിനായി ചാപ്പലിൽ കയറി ഏതാനും നിമിഷം പ്രാർത്ഥിച്ചു.

"കർത്താവേ, അവിടുത്തെ തൃപ്പാദത്തിലുള്ള ചെറിയൊരു മുറിവെങ്കിലും കരിക്കുവാൻ ഈ ദാസനെ അനുവദിക്കണമേ. അതിനായി എന്നെ അസംഖ്യം കഷണങ്ങളാക്കി നുറുക്കി ആ മുറിവിൽ വച്ചാലും".

ചാപ്പലിൽനിന്നിറങ്ങി ആശ്രമത്തിലേക്കു കയറി.

ഗുരുവിന്റെ മുമ്പിൽ കണ്ണീരോടെ പറഞ്ഞു.

"അവിടുത്തെ ആശ്ലേഷത്തിന് അർഹനല്ലാത്തവിധം എന്നെ ആക്കിത്തീർത്തുവല്ലോ".

മുള പിളർത്തുംപോലുള്ള ശബ്ദത്തിൽ പൊട്ടിക്കരഞ്ഞുകൊണ്ട് ഗുരുവിന്റെ പാദങ്ങളിൽ കമഴ്ന്നു വീണു.

"ഉം? ..." ക്രുദ്ധനായി അമർത്തിമൂളി വലിയതിരുമേനി കാൽ പിൻവലിച്ച് ദൂരെ മാറിനിന്നു.

താഴെ വീണുകിടന്ന് മാർ ഈവാനിയോസ് ഏങ്ങലടിച്ചു. പക്ഷേ, ഗുരുവിനെപ്പോലെ ശിഷ്യനും ശാഠ്യക്കാരനാണ്. ഗുരുവിനെ ആശ്ലേഷിക്കണമെന്നാശിച്ചാൽ അതു നടക്കണം.

"കാലുമുത്താൻ അനുവദിക്കില്ലെങ്കിൽ കയ്യെങ്കിലും മുത്തിക്കോട്ടെ".

ശിഷ്യൻ അപേക്ഷിച്ചു. ഒപ്പം എഴുന്നേറ്റ് മുന്നോട്ടൊരു കുതിപ്പും. പിന്നിൽ ഒളിപ്പിച്ച കൈപിടിച്ച് പലതവണമുത്തി. സ്നേഹാദരവോടെ വാരിപ്പുണരുകയും ചെയ്തു.

പിന്നെ ഗുരുസവിധത്തിൽ തൊഴുതപേക്ഷിച്ചു.

"ഞാൻ അങ്ങയെ ഏതെങ്കിലും തരത്തിൽ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം ദൈവത്തെയോർത്തു ക്ഷമിക്കണം. എന്നെ അനുഗ്രഹിക്കണം. ഞാൻ ദൈവത്തിന്റെ കൽപ്പനയാണോ മനുഷ്യരുടെ ഇഷ്ടമാണോ ചെയ്യേണ്ടതെന്നു തിരുമനസ്സുതന്നെ കൽപ്പിക്കുക".

കൽക്കശനായ വലിയ തിരുമേനി അയഞ്ഞില്ല.

മാർ ഈവാനിയോസ് തുടർന്നു.



malankaralibrary.com

“തിരുമനസ്സ് ദൈവത്തെ നോക്കിയല്ല മനുഷ്യരെ നോക്കിയാണു നിൽക്കുന്നതെന്നാണ് എന്റെ ബോധ്യം. അതുപേക്ഷിക്കണം.”

“ഞാൻ എന്റെ ചുമതല നിർവ്വഹിക്കേണ്ടേ?”

“ഏതു ചുമതല? ദൈവം ഏൽപ്പിച്ച ചുമതലയോ മനുഷ്യൻ ഏൽപ്പിച്ച ചുമതലയോ?”

അതിനുത്തരം കൊടുക്കാതെ വലിയതിരുമേനി ഗർജ്ജിച്ചു.

“എന്റെ ജനത്തെ റോമായിൽ കൊണ്ടുപോകുമോ?”

“എന്റെ ജനമെന്നു കല്പിക്കരുതേ. ദൈവത്തിന്റെ ജനമാകുന്നു”.

“ബഥനിയിൽ നിന്നിറങ്ങിപ്പോന്നത് എന്തുകൊണ്ടാണ്?”

“അവിടുന്നെന്റെ പിതാവാണ്. ഗുരുനാഥനാണ്. അങ്ങും ഞാനും തമ്മിൽ വാദിയും പ്രതിയുമായി വ്യവഹാരം നടത്തി സ്വത്തുക്കൾ കൈവശം വയ്ക്കേണ്ട യാതൊരാവശ്യവും എനിക്കില്ല. ഇതേപ്പറ്റി ഞാനാലോചിച്ചു. ബഥനിമല വിട്ടിറങ്ങണമെന്ന് ദൈവം കല്പിക്കുന്നതായി തോന്നി. അങ്ങനെതന്നെ ചെയ്തു. തിരുമനസ്സിൽനിന്നും എന്തൊക്കെ ബഥനിക്കുണ്ടോ അതെല്ലാം അവിടുത്തേക്കു തിരികെ തരികയും ചെയ്യുന്നു.”

ഇത്രയുമായപ്പോൾ, വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം വന്നവർ വലിയ തിരുമേനിയോട് അപേക്ഷിച്ചു.

“ആ കല്പന ഇനിയും പിൻവലിക്കരുതോ?”

മാർ ഈവാനിയോസിനെതിരെ പുറപ്പെടുവിച്ച നിരോധനാജ്ഞയെപ്പറ്റിയാണ് അവർ പറഞ്ഞത്.

പതിവുശൈലിയിലുള്ള ആംഗ്യമായിരുന്നു അതിനുത്തരം. കൊഴിഞ്ഞു തുടങ്ങിയ നരച്ചമീശ ഇടംകയ്യാൽ പിടിച്ചുയർത്തി വിറയ്ക്കുന്ന വലത്തുകയ്യിലെ ചൂണ്ടുവിരൽ കഴുത്തിനു കുറുകെ അങ്ങോട്ടുമിങ്ങോട്ടും അറുക്കുന്നപോലെ പായിച്ചു.


അത് കണ്ട് ബഥനി പിതാവിന്റെ നെഞ്ചു തകർന്നു.

ഒരുനിമിഷംപോലും അവിടെ നിൽക്കാനാവാതെ മുഖം പൊത്തി പൊട്ടിക്കരഞ്ഞുകൊണ്ട് അവിടുന്ന് സ്വന്തം തൗനായിലേക്ക് ഓടിപ്പോയി.

✠



malankaralibrary.com



# 35
# തിരിച്ചെത്തുന്നു, മാതൃസഭയുടെ മടിയിലേക്ക്

**അ**വസാനം റോം പച്ചക്കൊടികാട്ടി. എന്തെല്ലാം ആവശ്യപ്പെട്ടിരുന്നുവോ അതെല്ലാം അംഗീകരിച്ചുകൊണ്ട്. അനുമതിപത്രം മാർപ്പാപ്പായുടെ ഭാരതപ്രതിനിധിവഴി അയച്ചുകിട്ടി.

മലങ്കരസഭയുടെ അത്യുൽകൃഷ്ടമായ ആരാധനക്രമവും ഭരണ രീതികളും അതേപടി തുടരാനുള്ള അനുമതിപത്രം. അഞ്ചാണ്ടുകളോളമായി തുടർന്ന അത്യദ്ധ്വാനത്തിന് സമാശ്വാസ സമ്മാനം.

ഇങ്ങനൊരു തീരുമാനത്തിലെത്താൻ റോമും നിരന്തരാദ്ധ്വാനത്തിലായിരുന്നു. ബഥനിമെത്രാന്മാരുടെ മാമോദീസാ മുതൽ മെത്രാഭിഷേകം വരെയുള്ള കാര്യങ്ങൾ സാധുവാണോ എന്നവർക്കറിയണം. അക്കാര്യം അന്വേഷിക്കാൻ റോം ചുമതലപ്പെടുത്തിയത് ബൻസിഗർ തിരുമേനിയെ.

പുനരൈക്യാനന്തരവും തുടരുവാനുദ്ദേശിക്കുന്ന യാക്കോബായ ആരാധനക്രമം തലനാരിഴകീറി പരിശോധിക്കുവാൻ ചുമതലപ്പെടുത്തിയത് ചങ്ങനാശ്ശേരി മെത്രാൻ കാളാശ്ശേരി തിരുമേനിയെ. പഠനാനന്തരം ഇരുവരും റോമിലേക്കെഴുതി;



malankaralibrary.com

“എല്ലാം അനുകൂലംതന്നെ”.

പുനരൈക്യകർമ്മം നടത്താൻ ഡോക്ടർ ബൻസിഗറിനെ റോം ചുമതലപ്പെടുത്തുകയും ചെയ്തു.

ക്ഷോഭിച്ച ആഴക്കടലിൽനിന്നും തീരത്തണഞ്ഞ കപ്പലിലെ നാവികന്റെ സംതൃപ്തിയായിരുന്നു മാർ ഈവാനിയോസിന്. ശിഷ്യസമൂഹത്തിന്റെ ആഹ്ലാദത്തിന് അതിരില്ല. പിതാവിന്റെ ആരാധകവൃന്ദം ബഥനിയിലെത്തി സന്തോഷം പങ്കുവയ്ക്കുകയാണ്.

ജനിച്ചുവളർന്ന യാക്കോബായ സഭ ഉപേക്ഷിച്ച് കത്തോലിക്കാ സഭയിൽ ചേരാൻ പോവുകയാണ്. വ്യക്തിപരമായല്ല; ഒരു സമൂഹമായി. പുതിയൊരു റീത്തായിത്തന്നെ. രണ്ടായിരമാണ്ടുകളായി നിലകൊള്ളുന്ന സഭയിൽ ഇന്നോളം പതിനെട്ടുറീത്തുകൾ മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇപ്പോളിതാ, പത്തൊൻപതാം റീത്തായി മലങ്കര കത്തോലിക്കാ സഭ പിറക്കാൻ പോകുന്നു. അതിന്റെ തുടക്കമായി പുനരൈക്യച്ചടങ്ങുകൾ നടക്കണം.

അതേതു ദിവസം വേണം?

അധികം ആലോചിക്കേണ്ടി വന്നില്ല.

പരിശുദ്ധ കന്യാമറിയത്തിന്റെ ജനനപ്പെരുനാളല്ലേ അടുത്തു വരുന്നത്. സെപ്തംബർ ഇരുപത്തിയൊന്ന്. അന്നു തന്റെയും പിറന്നാൾ അല്ലേ. നാല്പത്തിയൊൻപതാം പിറന്നാൾ.

അന്നു പ്രഭാതത്തിൽ പുതിയ സഭാംഗമായി പ്രഥമദിവ്യബലിയർപ്പിക്കണം. ഇതിനുമുമ്പേ കൊല്ലത്തിനു പോകണം, ധ്യാനിച്ചൊരുങ്ങണം, ഇരുപതാം തീയതി പുനരൈക്യപ്പെടണം; പിതാവു നിശ്ചയിച്ചു.

മാർ തെയോഫിലോസിനെയും കൂട്ടി കൊല്ലത്തേക്കു പുറപ്പെടാൻ തയ്യാറായി.

യാത്രതിരിക്കുംമുമ്പ് പിതാവ് യൂറോപ്യൻ കന്യാസ്ത്രീകളെചെന്നു കണ്ട് തന്റെ തീരുമാനം അറിയിച്ചു.

അവർ ആഹ്ലാദിച്ചു. തങ്ങൾ വളർത്തി വലുതാക്കിയ സുറിയാനി സന്ന്യാസിനികൾ സാർവ്വത്രിക സഭാംഗങ്ങളാകുന്നത് അവർ ഭാവനയിൽ കണ്ടു.

പുനരൈക്യത്തിന്റെ മംഗളധ്വനി കേൾക്കുവാനായിരുന്നു അവർ ഇത്ര നാളും ഇവിടെക്കഴിഞ്ഞത്. നിർവൃതിയോടെ മദർ ഈഡിത്തും സിസ്റ്റർ ഹെലനും മിസ് ബ്രൂക്ക് സ്മിത്തും പിതാവിന്റെ തൊട്ടടുത്ത് നിന്നു.



malankaralibrary.com

ഇനി അവർക്ക് പിതാവിനോടു യാത്രാനുമതി ചോദിക്കണം. പക്ഷേ, അതെങ്ങനെ പറയും?

അവരുടെ മുഖത്തു താങ്ങാനാവാത്ത വേദന. ഏങ്ങലടിച്ച് അവർ പറഞ്ഞു.

"ഇനി ഞങ്ങൾ പൊയ്ക്കൊള്ളട്ടെ"

പിതാവിനു മറുപടി പറയാൻ വാക്കുകളില്ല. അകലെയെവിടെയോ നോക്കി നില്ക്കുന്ന ആ ദൃഷ്ടികൾ നിറഞ്ഞൊഴുകുന്നു. അധരങ്ങൾ വിറയ്ക്കുന്നു.

സന്ന്യാസിനികളും അവിടെയുണ്ട്. അവർ തപിച്ചുനിന്ന നിമിഷം. സർവ്വവും ബഥനിക്കു കാഴ്ചവച്ച മാതൃതുല്യരായ അവരുടെ വിടവാങ്ങൽ അവർക്കു ചിന്തിക്കാൻതന്നെ ആവുന്നില്ല. പറന്നകലാൻ തുടങ്ങുന്ന ആ വെള്ളപ്പിറാവുകളെ ഓർത്ത് നിറകണ്ണുകളോടെ അവർ നിന്നു.

ഓക്സ്ഫോർഡു കന്യാസ്ത്രീകൾ എന്നും പ്രാർത്ഥനാഗാനം പാടുവാൻ ഉപയോഗിക്കുന്ന ഒരു ഹർമോണിയം ഉണ്ട്. മുറിക്കുള്ളിൽനിന്നും സിസ്റ്റർ ഹെലൻ അതെടുത്തുകൊണ്ടുവന്ന് മദർ ശൈനായെ ഏൽപ്പിച്ചു പറഞ്ഞു.

"ഞങ്ങളുടെ ഓർമ്മയ്ക്കായി ഇതേയുള്ളൂ തരാൻ"

അതുകേട്ട് പിതാവു പറഞ്ഞു.

"നിങ്ങൾ പോയാലും ഈ നില്ക്കുന്ന കന്യാസ്ത്രീകളിലൂടെ നിങ്ങളുടെ സാന്നിദ്ധ്യം ഞങ്ങൾക്കുണ്ടാകും. ഈ കൽക്കരിത്തുണ്ടുകളെ നിങ്ങൾ അഗ്നിക്കനലുകളാക്കിത്തീർത്തിരിക്കുന്നു. നന്ദി മദർ ഈഡിത്, നന്ദി സിസ്റ്റർ ഹെലൻ, നന്ദി മിസ് ബ്രൂക്ക് സ്മിത്ത്".

മേളാംപറമ്പിൽ ഉമ്മച്ചന്റെ കാറുമായി അതിരാവിലെ തന്നെ ഡ്രൈവർ തമ്പി ആശ്രമമുറ്റത്തെത്തി. മാർ ഈവാനിയോസും മാർ തെയോഫിലോസും കാറിൽകയറി.

എവിടെപ്പോയാലും കൂടെ ഒരു വൈദികനെയും ശെമ്മാശനെയും കൊണ്ടുപോവുക പതിവാണല്ലോ. ആ പതിവ് ഇവിടെയും പാലിച്ചു.

പത്തുദിവസംമുമ്പ് താൻ വൈദികപട്ടം നൽകിയ ജോൺ അച്ചനെ വിളിച്ചു. അലക്സാണ്ടർ ശെമ്മാശനും പോരട്ടെ. അവരും കാറിൽ കയറി. എന്തോ ആവശ്യത്തിനായി വെണ്ണിക്കുളത്തുനിന്നും തിരുമൂലപുരം ആശ്രമത്തിലേക്ക് വന്നതായിരുന്നു ഇരുവരും.

കാർ പതുക്കെ ഉരുണ്ടു. ആശ്രമമുറ്റംവിട്ട് നിരത്തിലേക്കിറങ്ങി. ഉടൻ



malankaralibrary.com

പിന്നിൽനിന്നും ആരോ കൈകൊട്ടി വിളിച്ച് ഓടിവരുന്നു. കാറിന്റെ ഇരമ്പലിനും മുകളിലായിരുന്നു ആ വിളി.

"വണ്ടി നിർത്തുക". പിതാവിന്റെ നിർദ്ദേശംപോലെ തമ്പി ചെയ്തു.

കിളീലേത്തു ചാക്കോച്ചനാണ് പിന്നിൽനിന്നും പാഞ്ഞുവരുന്നത്. തല പുറത്തേക്കിട്ട് പിതാവു ചോദിച്ചു,

"എന്താ മാനേജരേ?"

ചാക്കോച്ചൻ കിതച്ചുകൊണ്ടു പരിഭവപ്പെട്ടു.

"എന്നാലും പിതാവേ... എന്നെക്കൂടി വിളിച്ചില്ലല്ലോ. പിതാവു പുനരൈക്യപ്പെടുന്നതുകാണാൻ എനിക്കും വരണം. എന്നേയും കൂടെവരാൻ അനുവദിക്കണം".

"അതിനു കാറിൽ സ്ഥലംപോരല്ലോ ചാക്കോച്ചാ"

"സാരമില്ല പിതാവേ പുറകിലത്തെ ഡിക്കിയിലെങ്ങാനും ഞാൻ ചുരുണ്ടുകൂടിയിരുന്നുകൊള്ളാം. എന്നാലും എനിക്കും വരണം"

"എങ്കിൽ കയറുക" പിതാവു വാതിൽതുറന്നു വിളിച്ചു. അതു കേൾക്കാത്ത താമസം, ചാക്കോച്ചൻ ചാടിക്കയറി ഞെരുങ്ങിയിരുന്നു. എന്നിട്ടു പറയുകയാണ്.

"പിതാവു നരകത്തിൽപോയാലും അവിടെയും എനിക്കു വരണം"

"ങേ!" അതുകേട്ട് എല്ലാവരും ചാക്കോച്ചനെ ചോദ്യഭാവത്തിൽ നോക്കി.

ചാക്കോച്ചൻ ഉടൻ ചിരിച്ചുകൊണ്ടു തുടർന്നു.

"അല്ല.... അവിടുന്നു നരകത്തിൽപോവുകില്ലെന്ന് ഉറപ്പ് ഉണ്ട്".

നങ്ങ്യാർകുളങ്ങരവഴിയാണു പോകുന്നത്. അവിടെയാണു ചേപ്പാട്ടു പീലിപ്പോസ് റമ്പാച്ചൻ. കുറച്ചുഭൂമി വാങ്ങി അവിടൊരു പള്ളിക്കൂടം തുടങ്ങാനുള്ള ശ്രമമാണ്. അതിന്റെ ചുമതലകളെല്ലാം റമ്പാച്ചന്റെ ചുമലിലാണ്.

അവിടെയെത്തിയപ്പോഴേക്കും പെരുമഴ. എന്നാലും റമ്പാച്ചനെ ഒന്നു കാണണം, വിവരങ്ങൾ അറിയിക്കണം.

മഴയിൽ മുക്കാലും കുളിച്ച് പിതാവ് റമ്പാച്ചനെ ചെന്നുകണ്ടു. യാത്രോദ്ദേശ്യം വെളിപ്പെടുത്തി.

റമ്പാച്ചൻ പറഞ്ഞു.



malankaralibrary.com

"പിതാവു പുനരൈക്യപ്പെട്ടശേഷം പുലിക്കോട്ടു റമ്പാച്ചനെയും എന്നെയും തിരുസഭയിൽ ചേർത്താൽമതി."

പുലിക്കോട്ടു ജോസഫ് റമ്പാച്ചൻ തിരുവല്ലായിലുണ്ട്. കൊല്ലത്തുനിന്നും തിരിച്ചുവന്നശേഷം പുലിക്കോട്ടു റമ്പാച്ചനെയും മറ്റും സഭയിൽ ചേർക്കാം.

മഴ ശമിക്കാൻ കാത്തുനിൽക്കാതെ യാത്ര തുടർന്നു. കൊല്ല ത്തെത്തി.

ഉപവാസവും പ്രാർത്ഥനയുമായി രണ്ടു ദിവസം നീങ്ങി.

ഇരുളിന്റെ മറ നീക്കി പുനരൈക്യത്തിന്റെ പ്രഭാതമായി. ആയിര ത്തിത്തൊള്ളായിരത്തി മുപ്പതാമാണ്ട് സെപ്തംബർ മാസം ഇരുപതാം തീയതി ശനിയാഴ്ച.

മാർ ഈവാനിയോസും കൊച്ചു തിരുമേനിയും ഉച്ചയോടെ കൊല്ലം അരമനച്ചാപ്പലിൽ കടന്നു. കോട്ടയം മെത്രാൻ മാർ അലക്സ്ാണ്ടർ ചൂള പ്പറമ്പിലും ചങ്ങനാശേരി മെത്രാൻ മാർ ജയിംസ് കാളാശ്ശേരിയും എത്തി ച്ചേർന്നിട്ടുണ്ട്. ബൻസിഗർ തിരുമേനിയുടെ മുമ്പിൽ മുട്ടുകുത്തി നിന്നു. പ്രത്യേക പ്രാർത്ഥനകളോടെ ഇരുവരും കത്തോലിക്കാ സഭയിൽ ചേർന്നു. അപ്പോൾ നാഴികമണി ശബ്ദിച്ചു. കൃത്യം മൂന്നരമണി.

പള്ളിയിൽ നിന്നിറങ്ങി അരമനയിൽ കാപ്പി കുടിക്കുന്നതിനിടയിൽ ഡോക്ടർ ബൻസിഗർ പറഞ്ഞു.

"ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റം മഹത്തായ സഭാസംഭവമാണു ഇന്നു നടന്നത്. ഈ വിവരങ്ങൾ മാർബിളിൽ കൊത്തി ഈ ദേവാ ലയഭിത്തിയിൽ സ്ഥാപിക്കാൻ പോവുകയാണ്".

കാപ്പികുടി കഴിഞ്ഞപ്പോൾ മാർ ഈവാനിയോസ് പറഞ്ഞു.

"നമുക്കു കടൽത്തീരംവരെ പോകാം".

വിശ്രമമില്ലാത്ത അദ്ധ്വാനങ്ങൾക്കുശേഷം അല്പം സ്വസ്ഥത കിട്ടു ന്നത് ഇതാദ്യം. അവിടെ തണുത്ത കാറ്റേറ്റ് വിശ്രമിക്കാനാണോ പിതാ വിന്റെ ഭാവം. അതോ അവിടിരുന്ന് അടുത്ത പദ്ധതികൾക്കു വേണ്ട രൂപ രേഖകൾ തയ്യാറാക്കാനോ.

തൊട്ടടുത്താണു കടൽ. എല്ലാവരും അങ്ങോട്ടു പോയി. മസന പ്സയും നീണ്ടതാടി മീശയും കുപ്പായവും കടൽക്കാറ്റിൽ പറന്നു കളിച്ചു. പഞ്ചസാരമണൽ നിറഞ്ഞ തീരത്തിലൂടെ പലതും ആലോചിച്ചു നടക്കുന്നതിനിടയിൽ മാർ ഈവാനിയോസ് പെട്ടെന്നു നിന്നു.



malankaralibrary.com

മനസ്സിൽ ഒരു ചിന്ത ആരോ രൂപപ്പെടുത്തുന്നതുപോലെ. ഇപ്പോൾ രണ്ടുപേർ മാത്രമേ പുനരൈക്യപ്പെട്ടിട്ടുള്ളൂ. മറ്റെല്ലാവരേയും പിന്നീടു കത്തോലിക്കരാക്കാനായിരുന്നല്ലോ തീരുമാനം.

എന്നാൽ അത് ഇന്നുതന്നെയായാലോ. കൂടെ മൂന്നുപേർ കൂടി വന്നിട്ടുണ്ടല്ലോ. അവരെക്കൂടി പുനരൈക്യപ്പെടുത്തിയാൽ ഒരു സഭാസമൂഹത്തിന്റെ സമ്പൂർണ്ണ പ്രാതിനിധ്യം ഉണ്ടാകുമല്ലോ. മെത്രാപ്പോലീത്തായും മെത്രാനും വൈദികനും ശെമ്മാശനും അൽമായനും ചേർന്ന സഭാ പ്രാതിനിധ്യം.

പൊടുന്നനെ ഉള്ളിലുദിച്ച ഈ ചിന്ത കൂടെനടക്കുന്ന ബൻസിഗർ തിരുമേനിയോടു പറഞ്ഞു.

"കൊള്ളാം, ഇന്നുതന്നെ ഈ ചിന്ത ദൈവം തോന്നിച്ചതു വലിയ കാര്യമായി. ഈ മൂന്നുപേരുടെ പുനരൈക്യം തിരുമേനി നടത്തിക്കൊള്ളുക". ബൻസിഗർ തിരുമേനി അഭിപ്രായപ്പെട്ടു.

"അല്ല, ഈ സഭാ പ്രതിനിധികൾ അഞ്ചുപേരുടെയും പുനരൈക്യം അങ്ങുതന്നെ നിർവ്വഹിക്കണമെന്നാണ് എന്റെ ആഗ്രഹം".

മാർ ഈവാനിയോസ് നിർബ്ബന്ധിച്ചു.

പിന്നെ ബൻസിഗർ തിരുമേനി വിസമ്മതിച്ചില്ല.

ഉടൻ പള്ളിയിലേക്കു തിരിച്ചു. മറ്റു മൂവരും ബൻസിഗർ തിരുമേനിയുടെ മുമ്പിൽ മുട്ടുകുത്തി. ജോണച്ചനും അലക്സാണ്ടർ ശെമ്മാശനും കിളിലേത്തു ചാക്കോയും.

പുനരൈക്യത്തിന്റെ അഞ്ചു വീരസന്താനങ്ങളെത്തേടി പത്രപ്രവർത്തകരെത്തി. അനേകം സംശയങ്ങൾ ഉന്നയിച്ചു. പരിപക്വവും സുദൃഢവുമായ മറുപടികൾ പിതാവിൽ നിന്നവർക്കു കിട്ടി.

യാക്കോബായ പള്ളികളിലെല്ലാം നാളെയാണ് എട്ടുനോമ്പുവീടുന്നത്. പരിശുദ്ധ കന്യാമറിയത്തിന്റെ ജനനപ്പെരുന്നാൾ ദിവസം. എന്നാൽ കത്തോലിക്കാ പള്ളികളിലെ എട്ടുനോമ്പ് സെപ്തംബർ എട്ടിനായിരുന്നു. യാക്കോബായക്കാരുപയോഗിക്കുന്ന ജൂലിയൻ പഞ്ചാംഗവും കത്തോലിക്കരുപയോഗിക്കുന്ന ഗ്രിഗോറിയൻ പഞ്ചാംഗവും തമ്മിൽ പതിമൂന്നു ദിവസത്തെ വ്യത്യാസം ഉള്ളതാണ് അതിനു കാരണം.

എങ്കിലും ഇന്നലെവരെയും താൻ യാക്കോബായയിലായിരുന്നില്ലേ. അതിനാൽ ഓരോ സെപ്തംബർ ഇരുപത്തിയൊന്നും തനിക്കു മറക്കാനാവില്ലല്ലോ.



malankaralibrary.com

പിറ്റേന്നു പ്രഭാതത്തിൽ തിരുവസ്ത്രങ്ങളണിഞ്ഞ് മാർ ഈവാനിയോസ് ബലിവേദിയിൽ നിന്നു.

ബലിയർപ്പണം മുഴുവൻ മലയാളത്തിലാണ്. അതുകേട്ട് ഡോക്ടർ ബൻസിഗർ അമ്പരന്നു. അദ്ദേഹം സ്വയം സംശയിച്ചു.

'ഇവർ സുറിയാനിക്കാരാണെന്നല്ലേ പറയുന്നത്. എങ്കിൽ സുറിയാനിയിലല്ലേ പ്രാർത്ഥിക്കാൻ പാടുള്ളൂ. പക്ഷേ ഇവർ മലയാളത്തിലാണല്ലോ ബലിയർപ്പിക്കുന്നത്! എന്തായാലും... ഇക്കാര്യം റോമിലേക്കൊന്ന് എഴുതിച്ചോദിക്കുക തന്നെ'.

തന്റെ ജീവിതത്തിൽ പരമപ്രധാനമായ രണ്ടാം ഘട്ടം ആരംഭിക്കുകയാണ്. ഒരു കുതിപ്പിനുള്ള ശക്തി പുനരൈക്യാനന്തരമുള്ള പ്രഥമബലിയർപ്പണത്തോടെ ആർജ്ജിച്ചിരിക്കുന്നു.

ഇനി നേരെ മാവേലിക്കരയിലെ തന്റെ ജന്മഗൃഹത്തിലേക്ക്. സ്വന്തം കരങ്ങളാൽ ആദ്യം പുനരൈക്യപ്പെടുത്തേണ്ടത് തന്റെ അപ്പനമ്മമാരെത്തന്നെ.

വീട്ടിൽനിന്നും അപ്പനേയും അമ്മയേയും കൂട്ടി മാർ ഈവാനിയോസ് മാവേലിക്കരയിലെ ബഥനിപ്പള്ളിയിലേക്ക് പോയി. മകൻ മൂലം വിശ്വാസപൂർണ്ണതയിലേക്കു തങ്ങൾ നീങ്ങുകയാണെന്നോർത്തു അവർക്കു നിർവൃതി.

ആ ഉദ്യമത്തിൽ പഴയൊരു കാര്യം മാർ ഈവാനിയോസ് ഓർത്തു. പണ്ട്, അമ്മയുടെ കൈത്തുമ്പിൽ തൂങ്ങി പുതിയകാവു യാക്കോബായ പള്ളിയിലേക്കു പോകുമ്പോൾ വഴി മദ്ധ്യത്തിലുള്ള കത്തോലിക്കാപള്ളി ചൂണ്ടി അമ്മ പറയുമായിരുന്നു.

"ഇതാണു മോനേ സാക്ഷാൽ പള്ളി"

അന്നുമുതൽ യാഥാർത്ഥ്യം തേടുകയായിരുന്നു. അതു കണ്ടെത്തിക്കഴിഞ്ഞു. അതിലേക്കു കടന്നുചെല്ലുവാനുള്ള വഴി തെളിക്കുകയായിരുന്നു. ഇന്നലെ ആ വഴി തുറന്നു കിട്ടുകയും ചെയ്തു.

വൃദ്ധരായ മാതാപിതാക്കളെ താങ്ങിപ്പിടിച്ച് പള്ളിയിലേക്കു നടക്കുന്നതിനിടയിൽ മകനോട് അപ്പൻ പറഞ്ഞു.

"നമ്മുടെ ചാർച്ചക്കാരൊക്കെ കത്തോലിക്കരാകാൻ ഒരുങ്ങിയിരിക്കുവാ. പക്ഷേ എതിർപ്പുകാരും കൊറവല്ല. കത്തോലിക്കനായാൽ രാജാവിൽനിന്നും പണിക്കന്മാർക്കു കിട്ടിപ്പോരുന്ന മാസപ്പടി മേലിൽ തരത്തില്ലെന്നു അവർ ദേഷ്യപ്പെട്ടു പറഞ്ഞു".



malankaralibrary.com

"നിധി മറഞ്ഞിരിക്കുന്ന വയലാ അപ്പച്ചാ കത്തോലിക്കാസഭ. ഇതെല്ലാം ഉപേക്ഷിച്ചായാലും നമുക്കതു സ്വന്തമാക്കണം. രാജാവിനെ സേവിച്ചതിനുള്ള മാസപ്പടി തരുന്നില്ലെങ്കിൽ വേണ്ടാ. രാജാക്കന്മാരുടെ രാജാവിനെ ആരാധിച്ചാൽ കിട്ടുന്ന സമ്മാനത്തിനു മുൻപിൽ അതെത്ര തുച്ഛം".

ദേവാലയത്തിൽ മെഴുകുതിരികൾ തെളിഞ്ഞു. കാപ്പയണിഞ്ഞ് തിരുമേനി പ്രാർത്ഥന തുടങ്ങി. മാതാപിതാക്കളെ പുനരൈക്യപ്പെടുത്തി. വിവരമറിഞ്ഞ് പത്രക്കാർ വന്നിട്ടുണ്ട്.

ക്യാമറായുമായി എത്തിയ അവർ കണ്ണിമയ്ക്കാതെ നോക്കി നിന്നുപോയി. താടി നീട്ടി വളർത്തി, ശിരോവസ്ത്രമണിഞ്ഞ്, കാവിക്കുപ്പായമിട്ട കത്തോലിക്കാമെത്രാനെ അവർ ആദ്യമായി കാണുന്നത്. ഇത്തരം വേഷമിട്ട കത്തോലിക്കാ മെത്രാൻ ലോകത്തുതന്നെ ഇതാദ്യമല്ലേ! റഹമാനി പാത്രിയർക്കീസിന്റെ അന്ത്യോഖ്യൻ കത്തോലിക്കാ മെത്രാന്മാർക്കുപോലും കാവിവേഷമില്ലല്ലോ.

പ്രാർത്ഥനപുസ്തകം മടക്കിവച്ച് അപ്പനമ്മമാരുടെ മുമ്പിൽ മെത്രാപ്പോലീത്താ മുട്ടുകുത്തി കുനിഞ്ഞുനിന്നപേക്ഷിച്ചു.

"ഇനി രണ്ടുപേരും എന്നെ അനുഗ്രഹിച്ചാലും".

സകലരും കണ്ണിമയ്ക്കാതെ ആ രംഗം നോക്കിനിന്നു.

അപ്പനും അമ്മയും പൊന്നോമനപ്പുത്രന്റെ ശിരസ്സിൽ വിറയ്ക്കുന്ന കൈകൾവച്ച് കണ്ണീരോടെ പ്രാർത്ഥിച്ചു.

ക്യാമറകളുടെ ഉള്ളിൽ ചാരുതയാർന്ന ആ അസുലഭ ദൃശ്യവും പതിഞ്ഞു.

അവിടെനിന്നും തിരുമൂലപുരത്തേക്കു തിരിച്ചു. രണ്ടു റമ്പാച്ചന്മാരും പിതാവിന്റെ വരവുകാത്ത് അവിടുണ്ട്. അവരേയും സഭയിൽ ചേർത്തു.

പിന്നീട് ബഥനി മഠത്തിലേക്ക്. യൂറോപ്യൻ കന്യാസ്ത്രീകൾ ഒഴികെ ആകെ പതിമൂന്നു സന്ന്യാസിനികളുണ്ടവിടെ.

പിതാവ് അവരോടു പറഞ്ഞു.

"ഞാൻ നിങ്ങളിലാരേയും നിർബ്ബന്ധിക്കില്ല. കത്തോലിക്കാ സഭയിൽ ചേരാനാഗ്രഹിക്കുന്നവർ ഉടൻ ചാപ്പലിലേക്കു വരണം".

"ഞങ്ങൾ മുഴുവൻ പേരും പുനരൈക്യപ്പെടാൻ കാത്തിരിക്കയാണു പിതാവേ". മദർ ശൈനാ അറിയിച്ചു.

പിതാവിന്റെ മിഴികളിൽ ആനന്ദാശ്രുക്കൾ തുളുമ്പി.



malankaralibrary.com

മഠത്തിലുള്ളവരെല്ലാം കീർത്തനാലാപത്തോടെ പള്ളിയിൽ നിന്നു. അവരെയെല്ലാം പിതാവു പുനരൈക്യപ്പെടുത്തി.

അവിടെനിന്നും ആശ്രമത്തിലെത്തുമ്പോൾ രണ്ടുപേർ അവിടെ കാത്തിരിക്കുന്നു. മാർ ജയിംസ് കാളാശ്ശേരിയും കോട്ടയം മെത്രാൻ അലക്സാണ്ടർ ചൂളപ്പറമ്പിലും.

അവരുടെ അനുമോദനാഹ്ലാദവാക്കുകൾ വന്നു പൊതിയുമ്പോഴും മനസ്സിൽ, വിടപറഞ്ഞകലുന്ന മദാമ്മയുടെ ശാലീന മുഖങ്ങൾ.

ഇരുവരും കൊണ്ടുവന്ന സമ്മാനങ്ങൾ സ്വീകരിച്ചു. അനുമോദനയോഗങ്ങളിലേക്കു ക്ഷണിച്ചു.

നാനാദിക്കിൽനിന്നും അഭിനന്ദനപ്രവാഹം. റോമിൽനിന്നും പതിനൊന്നാം പീയൂസ് മാർപ്പാപ്പ അയച്ചുതന്ന കമ്പി സന്ദേശമാണ് ഏറ്റം അമൂല്യമായി തോന്നിയത്. ചെറിയ രണ്ടു വാക്കുകളേയുള്ളൂ അതിൽ.

"വെൽകം. എ ബിഗ് വെൽകം".

അതുള്ളിലുണർത്തുന്ന അത്യാനന്ദം എങ്ങനെ വർണ്ണിക്കും.

ബഥനിപിതാവിന്റെ പുനരൈക്യവാർത്ത ലോകമെങ്ങും ഘനഗംഭീര വാർത്തയായി പരന്നു കഴിഞ്ഞു. വിശ്വോത്തര പത്രങ്ങളുടെ ഒന്നാം താളിൽത്തന്നെ അതച്ചടിച്ചു വന്നു; പിതാവിന്റെ ഉജ്ജ്വലചിത്രത്തോടെ.

അമേരിക്കയിലെ അതിപ്രശസ്തമായ 'സൈൻ' പത്രമെഴുതി;

"ഇരുപതാം നൂറ്റാണ്ടിൽ കത്തോലിക്കാ സഭയിലുണ്ടായ ഏറ്റം പ്രധാന സംഭവമാണ് മാർ ഈവാനിയോസിന്റെ പുനരൈക്യം".

വിഖ്യാതപത്രങ്ങൾ പലതും അദ്ദേഹത്തെ വിശേഷിപ്പിച്ചു.

"ഭാരത ന്യൂമാൻ".

എൺപത്തിയഞ്ചു കൊല്ലം മുമ്പാണ് ഹെൻട്രി ന്യൂമാന്റെ പുനരൈക്യം ഉണ്ടായത്. ഇംഗ്ലണ്ടിനെ പിടിച്ചുലച്ച മഹാസംഭവമായിരുന്നു അത്. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ പ്രൊഫസറായിരുന്ന ന്യൂമാൻ സമാനചിന്താഗതിക്കാരായ ശിഷ്യഗണത്തിന്റെ പിൻബലത്തോടെ ഓക്സ്ഫോർഡ് മൂവ്മെന്റ് ഉണ്ടാക്കി. അതിനൊരു ലക്ഷ്യമുണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടുവരെ ഇംഗ്ലണ്ടിൽ തഴച്ചുവളർന്ന കത്തോലിക്കാ സഭയെ സ്വേച്ഛാധിപനായ ഹെൻട്രി എട്ടാമൻ തകർത്തു നശിപ്പിച്ചു. പകരം പ്രൊട്ടസ്റ്റന്റുസഭ പറിച്ചു നട്ടു. തന്മൂലം ഉണ്ടായ വിശ്വാസത്തകർച്ചയ്ക്ക് മറുമരുന്നായിരുന്നു ന്യൂമാന്റെ പുനരൈക്യം.



malankaralibrary.com

ഇപ്പോൾ ഭാരതസഭയിലും ഇതേ അനുഭവം ഉണ്ടായിരിക്കുന്നു. അതിനാൽ ഈ സംബോധന എത്രയോ സാർത്ഥകം.

ലോകമെങ്ങുമുള്ള കർദ്ദിനാളന്മാരും മറ്റും അയച്ചുതരുന്ന അനുമോദനസന്ദേശങ്ങൾ പെരുകിക്കൊണ്ടിരുന്നു.

പത്രപ്രവർത്തകർ സദാ പിന്തുടരുന്നു. ചോദ്യങ്ങളാൽ മൂടുന്നു. ഹൃദ്യവും അനിഷ്ടകരവുമായ ചോദ്യങ്ങളുണ്ട്. എല്ലാത്തിനും സൗമ്യവും വ്യക്തവുമായ മറുപടികൾ.

ഒരാൾ ചോദിച്ചു.

"എന്തുകണ്ടുകൊണ്ടാണ് കത്തോലിക്കാ സഭയിലേക്ക് എടുത്തുചാടിയത്?"

"മുകളിൽ ആകാശവും താഴെ ഭൂമിയും കണ്ടുകൊണ്ടാണ് ഞാൻ കത്തോലിക്കാ സഭയിൽ പ്രവേശിച്ചത്". പുഞ്ചിരിപുരണ്ട അതിമൃദുവായ മറുപടി.

ഈ തിരക്കിനിടയിലാണ് കേരളത്തിനകത്തും പുറത്തുമുള്ള സ്വീകരണ സമ്മേളനങ്ങളിൽ ചെല്ലേണ്ടത്. മാർ കാളാശ്ശേരിയുടെ ക്ഷണപ്രകാരം യഥാസമയം ചങ്ങനാശ്ശേരിയിലെത്തി. മഹാ സമ്മേളനമാണ്. അദ്ധ്യക്ഷവേദിയിൽനിന്ന് മാർ കാളാശ്ശേരി പ്രസംഗിച്ചു.

"പുനരൈക്യപ്പെട്ട ഈ വന്ദ്യതിരുമേനിയോട് ഞങ്ങൾക്കുള്ള സ്നേഹാദരവുകൾ പ്രകടിപ്പിച്ചുകൊള്ളുന്നു. ഈ സ്നേഹം പ്രായോഗികമായി തിരുമേനിയോടും പുനരൈക്യപ്രസ്ഥാനത്തോടും നാം കാണിക്കണം. അതായത് അവർക്കുവേണ്ട സഹായങ്ങൾ നാം ചെയ്തു കൊടുക്കണം. അതുപോലെ അവരും നമ്മെ പല വിധത്തിലും സഹായിക്കും.

ഏറ്റം ചെറുതായിരിക്കുന്ന പുനരൈക്യപ്രസ്ഥാനം വളർന്നൊരു വൻവൃക്ഷമാകുന്നതിന് നമ്മുടെ സകല ജനങ്ങളും അവരെ സഹായിക്കണം. പ്രത്യേകിച്ച് നമ്മുടെ ബഹുമാനപ്പെട്ട വൈദികരും കന്യാസ്ത്രീകളും വൈദികപട്ടത്തിനു പോകാനാഗ്രഹിക്കുന്ന യുവാക്കളും ബഥനിയെ സഹായിക്കണമെന്ന് നാം ആഹ്വാനം ചെയ്യുന്നു."

പ്രസംഗം നിർത്തി ഒരു പൊതിക്കെട്ട് സമ്മാനമായി പിതാവിനെ ഏൽപ്പിച്ചു; ആയിരം രൂപയടങ്ങിയ പൊതിക്കെട്ട്.

ഇനി മറുപടി പ്രസംഗമാണ്. പിതാവെഴുന്നേറ്റു.

അസാധാരണ ചന്തമുള്ള ആ ഗംഭീരരൂപനെ കണ്ണിമയ്ക്കാതെ നോക്കിയിരിക്കുന്ന മഹാസദസ്സിൽ പുഞ്ചിരിയോടെ പ്രസംഗം തുടങ്ങി.



malankaralibrary.com

"വന്ദ്യ തിരുമേനി പറഞ്ഞതുപോലെ ഞങ്ങൾ പ്രവർത്തിച്ചു കൊള്ളാം. പരസ്പര സ്നേഹവും സഹായവും നമുക്കു പ്രായോഗികമാക്കാം. അതിൻ പ്രകാരം ഇനിമുതൽ നിങ്ങൾക്കുള്ളതെല്ലാം ഞങ്ങളുടേതും; ഞങ്ങൾക്കുള്ളതെല്ലാം നിങ്ങളുടേതും ആയിരിക്കും".


സദസ്സിൽ ചിരിയുടെ മാലപ്പടക്കം പൊട്ടി. പറഞ്ഞത് അബദ്ധമായിപ്പോയെന്ന മട്ടിൽ മാർ കാളാശ്ശേരി തലയാട്ടി അതു നിഷേധിച്ചു.

അപ്പോഴും ജനം മാർ ഈവാനിയോസ് തിരുമേനിയുടെ വാഗ്പ്രവാഹത്തിൽ മുങ്ങി രസിക്കുകയായിരുന്നു.

✠



malankaralibrary.com



# 36

# പകയുടെ വിഷഫണങ്ങൾക്കു നടുവിൽ

തങ്ങളെ വിട്ടുപേക്ഷിച്ചവർ അലഞ്ഞുതിരിഞ്ഞു നശിച്ചു പോകുമെന്ന് ആശ്വസിച്ചിരുന്നവർക്കെല്ലാം തെറ്റി. ഇടയലേഖനങ്ങളിലൂടെ വട്ടശ്ശേരിൽ വലിയ തിരുമേനി വിലക്കിയിട്ടും ബഥനിയെപ്പോറ്റാൻ അനേകരുണ്ടായിരുന്നു. കയ്യിൽ പണക്കിഴിയും കാളവണ്ടികളിൽ അരിസാധനങ്ങളുമായി യാക്കോബായ വൈദികർ പോലും വെണ്ണിക്കുളത്തെത്തി.

പുല്ലാട്ടുകാരനായ ഒരാഢ്യഹൈന്ദവനും കൂട്ടത്തിൽ വന്നു. വരിക്കണ്ണാമല നാരായണ വൈദ്യൻ. ജനസേവകനാണ്. ആശ്രമസ്ഥരുടെ കഷ്ടതകൾ കണ്ട് അദ്ദേഹത്തിനു സഹതാപം തോന്നി. വേണ്ട സൗകര്യങ്ങൾ നൽകി വെണ്ണിക്കുളത്തുതന്നെ അവരെ പാർപ്പിക്കണമെന്ന് അദ്ദേഹം ആശിച്ചു.

നാലര ഏക്കർ സ്ഥലം സ്വന്തം പണം കൊടുത്ത് അദ്ദേഹം അവിടെ വാങ്ങി. നല്ലൊരു കുന്ന്. അത് ആശ്രമാദ്ധ്യക്ഷനു കൈമാറി. മുണ്ടൻമലയിലെ രൂപഭംഗിയിൽ ആശ്രമം ഉയർന്നു. മേച്ചിലിന് പുല്ലിനു പകരം



malankaralibrary.com

മെടഞ്ഞ ഓല ഉപയോഗിച്ചു എന്ന വ്യത്യാസം മാത്രം. അർത്ഥിനികൾക്കും ആയാതന്മാർക്കും സന്ന്യാസികൾക്കും പ്രത്യേകമായി ഭവനങ്ങൾ. ഏഴുമുറികൾ വീതമുള്ളവ. അരികിലൊരു അരുവിയുള്ളതു സൗകര്യമായി.

ബാലാരിഷ്ടതകളിലൂടെയെങ്കിലും പതുക്കെ ഇഴഞ്ഞു മുന്നേറുകയാണു പുനരൈക്യപ്രസ്ഥാനം. അതു കണ്ട് പ്രബലനായ മാർ ദിവന്നാസ്യോസും അനുചരന്മാരും വിരണ്ടു. മുളയിലേ നുള്ളിക്കളയാൻ വഴികളാലോചിച്ചു.

പ്രസിദ്ധ വാഗ്മികളെ ആയുധങ്ങളാക്കി നാടെങ്ങും നിരത്തി. പ്രസിദ്ധീകരണ ഖഡ്ഗങ്ങളുയർത്തി ആഞ്ഞുവെട്ടി. മനം പുരട്ടുന്ന വഷളൻ ഭാഷയിൽ ഒരു പുസ്തകം പുറത്തിറക്കി; 'മലങ്കരയുടെ ഭൂതക്കണ്ണാടി' എന്ന പേരിൽ. കന്യാസ്ത്രീകളെപ്പോലും അതിലൂടെ അസഭ്യം പറഞ്ഞു. അതിന്റെ ശാപം ഏൽക്കാതിരിക്കാനോ എന്തോ ഒരു വ്യാജ തൂലികാനാമമാണ് അധിക്ഷേപകർത്താവിന്റേത്; കോട്ടയത്തുകാരൻ പി.ജോൺ മാത്യു.

വ്യാജൻ ദുർഭൂതം കണക്കേ ഭൂതക്കണ്ണാടിയിലൂടെ അലറി.

"സാധുക്കളായ സുറിയാനിക്കുഞ്ഞാടുകളെ പിടിച്ചു വിഴുങ്ങാനായി ബഥനിക്കാടുകളിൽനിന്നും ആട്ടിൻ തോലണിഞ്ഞ ഒരു കടുവാ ഇറങ്ങിയിരിക്കുന്നു. ജാഗ്രതൈ".

അതുകൊണ്ട് പുലിക്കോടനും ചേപ്പാടനും അടങ്ങിയിരിക്കുമോ. യഥാർത്ഥ പേരുവച്ച് റമ്പാന്മാർ സധീരം അതിനു മറുപടി കൊടുത്തു; 'മലങ്കരയുടെ കുഴൽക്കണ്ണാടി" എന്ന ഗ്രന്ഥത്തിലൂടെ. കുലീന ഭാഷയിൽ സത്യത്തിന്റെ മറ നീക്കുകയായിരുന്നു ലക്ഷ്യം. അതു വലിയ വിജയമായി. മറ്റു പത്രപംക്തികളിൽ അതിന്റെ ഉദ്ദേശ്യശുദ്ധി പ്രകീർത്തിക്കപ്പെട്ടു. മൂന്നു തവണ അച്ചടിച്ചിട്ടുപോലും ആവശ്യക്കാരെ തൃപ്തിപ്പെടുത്താനാവാത്ത സ്ഥിതി.

ബഥനിപിതാവിന്റെ മറ്റൊരു സഹചരൻ എം.എം.വർക്കിയും പത്രപ്രവർത്തകനാണ്. 'ഭൂതക്കണ്ണാടി' എറിഞ്ഞുടയ്ക്കാനായി അദ്ദേഹം മറുപടിപ്പുസ്തകമെഴുതി; 'മലങ്കരയുടെ എക്സ്റേ".

വിഷംപുരട്ടി എയ്യുന്ന കൂരമ്പുകളേറ്റ് പുനരൈക്യശിശു പിടഞ്ഞൊടുങ്ങുമെന്നു കരുതിയവർക്കു വീണ്ടും തെറ്റുകയാണ്. ഇനി കടുത്ത പ്രയോഗംതന്നെ വേണ്ടി വന്നേക്കും. എതിരാളികളുടെ വക്രചിന്ത ഉണർന്ന് ക്രൂരവഴികളിലൂടെ പതുങ്ങി നടന്നു.

സമൂഹമദ്ധ്യേ അവഹേളിക്കാനാണു പദ്ധതി.



malankaralibrary.com

സ്വീകരണയോഗത്തിലെത്താൻ പുനരൈക്യ പിതാവ് അന്നു രാവിലെ ആശ്രമം വിട്ടു. മാവേലിക്കര രാജകൊട്ടാരത്തിലാണ് അന്നത്തെ സ്വീകരണം. യാത്ര, മേളംപറമ്പിൽ ഉമ്മച്ചന്റെ കാറിൽത്തന്നെ.

പ്രസംഗവിഷയം മനസ്സിൽ അടുക്കിവച്ചുകൊണ്ട് പിൻസീറ്റിൽ ചാരിയിരിക്കുകയാണ് പിതാവ്. യാത്ര തുടങ്ങും മുമ്പേ ഡ്രൈവർ തമ്പി ചോദിച്ചു.

"പിതാവേ, പതിവുതെറ്റിച്ച് വേറൊരു വഴിയിലൂടെ കാറു വിടട്ടേ?"

"ങും? എന്തിന്?"

"വരുന്ന വഴിക്ക് ഞാനൊരു കാര്യം കണ്ടു".

പിതാവ് ചിന്തയിൽ നിന്നുണർന്ന് ചോദ്യഭാവത്തിൽ തമ്പിയെ നോക്കി.

"കൊറേ ചട്ടമ്പികള് ശവപ്പെട്ടീമായി വഴീലൂടെ ശവമണീം അടിച്ചോണ്ടു പോകുന്നെ കണ്ടു".

"അതിനു നമുക്കെന്താടോ?"

ബാക്കി പറയാൻ തമ്പിക്കു മടി. മുസ്ലീം ആണെങ്കിലും പിതാവിനോട് അത്രത്തോളം ആദരവാണയാൾക്ക്.

"എന്താടോ കാര്യം പറയുക"

"ശവപ്പെട്ടിക്കകത്ത് ഒരു വാഴപ്പിണ്ടിയാരുന്നു. പെട്ടീടെ പൊറത്ത് വലിയ അക്ഷരത്തിൽ ചുണ്ണാമ്പുകൊണ്ട് പിതാവിന്റെ പേരാ എഴുതിവച്ചിരുന്നത്... ഇബിലീസുകള്"

"എങ്കിൽ മറ്റേതെങ്കിലും വഴിയിലൂടെ വണ്ടി വിടുക".

യാത്രയ്ക്കിടയിൽ തമ്പി മറ്റൊരു കാര്യം കൂടി അറിയിച്ചു.

"ഇന്നലെ കൊറേപ്പേര് എന്നെ തല്ലാൻ വന്നു പിതാവേ".

"എന്തിന്?"

"അവർ നീട്ടിയ അഞ്ഞൂറു രൂപാ ഞാൻ വാങ്ങിക്കാഞ്ഞതിന്"

"അതൊരു നഷ്ടമായല്ലോടോ. തനിക്കുവേണ്ടാ എങ്കിൽ ആ തുക ബഥനിക്കു തരാമായിരുന്നല്ലോ. ആകട്ടെ കാര്യമെന്താണെന്നു പറയുക".

ഗദ്ഗദത്തോടെ അയാൾ പറഞ്ഞു.

"കാറിൽ പിതാവു യാത്ര ചെയ്യുമ്പോൾ വല്ല കൊക്കേലും കാറു മറിച്ചിടണമെന്ന്. എന്നാൽ അഞ്ഞൂറു രുപാ തരാമെന്ന്. ഞാമ്പറഞ്ഞു അമ്പതിനായിരം തന്നാലും വയ്യാന്ന്.... അപ്പോ അവർ എന്നെ തല്ലാൻ വന്നു".



malankaralibrary.com

പുഞ്ചിരിതൂകി പിതാവുപറഞ്ഞു.

"കഷ്ടം! നമ്മുടെ ജീവൻ ഇത്ര നിസ്സാരമോ? അഞ്ഞൂറു രൂപയല്ലേ അവർ നമുക്കു വിലവച്ചുള്ളൂ".

സ്വീകരണയോഗങ്ങൾ പലതുകഴിഞ്ഞു. സമ്മാനങ്ങളും പണക്കിഴികളും കിട്ടി. ഒരിടത്തുനിന്നും കിട്ടിയത് ഒരു സ്വർണ്ണ മാല. അതു സ്വീകരിച്ച് വേദിവിട്ട് പിതാവിറങ്ങി.

തെല്ലു വിശ്രമിക്കണം.

മേടയിലെ മുറിയിൽ പിതാവുകയറി. മാല മേശപ്പുറത്തുവച്ചു. അപ്പോളൊരാൾ വാതിൽക്കൽ വന്നു കതകിനു മുട്ടി.

പിതാവിനെക്കണ്ടു താണു തൊഴുത് അപേക്ഷിച്ചു.

"അവിടുത്തേക്കു കിട്ടിയ മാല അടിയനെ ഒന്നു കാണിക്കാൻ തിരുവുള്ളമുണ്ടാകണം."

"അതാ മേശമേലിരിക്കുന്നു." കട്ടിലിനടുത്തേക്കു നടക്കുന്നതിനിടയിൽ അനുവാദം കൊടുത്തു.

നല്ല ക്ഷീണമുണ്ട്. ദുർഘട വഴികൾ താണ്ടിയുള്ള സഞ്ചാരമല്ലേ. ധാരാളം പ്രസംഗവും. കട്ടിലിൽ കിടന്ന ഉടൻ പിതാവുറങ്ങി.

നിർദ്ദേശിച്ച സമയമായപ്പോൾ തമ്പിവന്നു വിളിച്ചു.

എഴുന്നേറ്റു നോക്കുമ്പോൾ മേശപ്പുറത്തു മാലയില്ല. എവിടെയെങ്കിലും മറഞ്ഞിരിപ്പുണ്ടോ എന്നറിയാൻ വിശദമായി നോക്കി. ഇല്ല. മാല കാണാനപേക്ഷിച്ച ആളിന്റെ മുഖം പിതാവിന്റെ ഉള്ളിൽ തെളിഞ്ഞു. അയാളെവിടെ. കാണുന്നില്ലല്ലോ. അതുമായി കടന്നുകളഞ്ഞുവോ. പക്ഷേ കാഴ്ചയിൽ അയാളത്തരക്കാരനല്ലായിരുന്നല്ലോ. എന്തായാലും ഇക്കാര്യം മറ്റാരും അറിയാതിരിക്കട്ടെ.

പരിപാടികൾ കഴിഞ്ഞ് പിറ്റേന്ന് വൈകിട്ട് മാത്രമേ മടങ്ങാൻ കഴിഞ്ഞുള്ളൂ. ചട്ടമ്പികളിന്നലെ ശവപ്പെട്ടിയുമായി ചുവടുവച്ച സ്ഥലമായി. ഇന്നാ നിരത്തു ശാന്തം. എങ്കിലും അങ്ങിങ്ങായി ആളുകൾ കൂടിനില്പ്പുണ്ട്. അവരുടെ മുഖത്ത് ദു:ഖഭാവം. പിതാവിനെക്കണ്ട് വഴിയോരങ്ങളിൽ അവർ കൂപ്പുകൈയ്യോടെ നിന്നു. പശ്ചാത്താപ വിവശരായി നിന്ന അവരെ കണ്ട് പിതാവ് തമ്പിയോട് പറഞ്ഞു.

"വണ്ടിനിർത്ത്, ഇവർക്കെന്തോ പറയാനുള്ളതുപോലെ തോന്നുന്നല്ലോ. വിശേഷങ്ങളറിഞ്ഞു പോകാം."

വണ്ടിനിന്നയുടൻ നിശ്ചലരായിനിന്ന അവർ ഓടിയടുത്തു. താണു തൊഴുത് അപേക്ഷിച്ചു.



malankaralibrary.com

"അവിടുന്ന് ഈ നാടിനെ ശപിക്കല്ലേ. അവന് ഈശ്വരൻ തന്നെ തക്ക ശിക്ഷ കൊടുത്തല്ലോ".

"നാം യാതൊന്നും അറിഞ്ഞിട്ടില്ല. നിങ്ങൾ തെളിച്ചു പറയുക".

"തിരുമേനിയെ ആക്ഷേപിക്കാൻ ഇന്നലെ രാവിലെ ചില ചട്ടമ്പികൾ ശവമണിയടിച്ചാളെ കൂട്ടിയത് അറിഞ്ഞോ, എന്തോ".

"തമ്പി പറഞ്ഞറിഞ്ഞു".

"അതിന്റെ നേതാവിന്നലെ വൈകിട്ട് ചത്തു".

"എങ്ങനെ"? ഉത്കണ്ഠയോടെ തമ്പി തെരക്കി.

"തിരുമേനിയെ കാത്ത് ഒത്തിരിനേരം അവന്മാര് വഴിയിലിരുന്നു. കാണാതായപ്പോ തിരിഞ്ഞ് കള്ളുഷാപ്പിൽചെന്നു. അവിടെവച്ച് ആരുമായോ അടിയും കുത്തുമുണ്ടായി. ശവപ്പെട്ടി പൊക്കിപ്പിടിച്ചു നടന്ന ആ തടിമാടനില്ലേ. അവൻ കുത്തേറ്റു ചത്തു".

"എന്നിട്ട്"? തമ്പി ശ്വാസം വിടാതെ ചോദിച്ചു.

"ഇന്ന് കാലത്ത് പോസ്റ്റുമോർട്ടം ചെയ്തു. അവന്റെ ശവം പെട്ടിയിൽവച്ച് ഈ വഴിയേ കൊണ്ടുപോയി ഇപ്പം കുഴിച്ചിട്ടതേയുള്ളൂ".

പിതാവ് ദു:ഖത്തോടെ ചോദിച്ചു.

"അയാളുടെ വീട്ടിൽ ആരൊക്കെയുണ്ട്?"

"കെട്ടിയോളും രണ്ടു കുട്ടികളും".

"അവരെവിടെ താമസിക്കുന്നു?"

ആളുകൾ വഴി പറഞ്ഞു കൊടുത്തു. അന്നുമുതൽ ആ വിധവയുടെയും അനാഥ കുട്ടികളുടെയും വിലാപം പിതാവിന്റെയുള്ളിൽ ദു:ഖമണിപോലെ മുഴങ്ങി. അവരെ കണ്ടെത്തി സാന്ത്വനിപ്പിക്കാതെ പിതാവിന് ആശ്വസിക്കാനാവില്ല.

അങ്ങനിരിക്കെ അതിനൊരവസരം കിട്ടി. കുമ്പഴ പള്ളിയിലേക്ക് അത്യാവശ്യമായി പോകേണ്ടതുണ്ട്. അവിടെ മേടയിൽ ഫീലിപ്പോസ് അച്ചന്റെ നേതൃത്വത്തിൽ പുനരൈക്യപ്പെടാൻ അനേകർ കാത്തിരിക്കുന്നു. കാറിൽ യാത്രതിരിക്കുമ്പോൾ ആദ്യം ഓർത്തത് വിധവയുടെയും മക്കളുടെയും കാര്യം. യാത്രാമദ്ധ്യേ അവരുടെ വീട്ടിലേക്കുള്ള ഇടവഴിയിലൂടെ കാറു തെളിച്ചു. വഴിയടഞ്ഞപ്പോൾ കാറു നിന്നു. അതിലിരുന്നു തന്നെ വീടു കണ്ടു. ചെറ്റക്കുടിൽ. ഹോൺ മുഴക്കിയപ്പോൾ ഒരു സാധുസ്ത്രീ ഇറങ്ങിവന്നു. പിന്നാലെ അനാഥക്കുട്ടികളും. പിതാവ് അവരെ മാടിവിളിച്ചു. വിധവയും കുട്ടികളും കാറിനടുത്തേക്ക് ഇറങ്ങിവന്നു. പിതാവ് അവരെ ആശ്വസിപ്പിച്ചു. കുപ്പായക്കീശയിൽ കരുതി



malankaralibrary.com

വച്ച പണം എടുത്ത് അവരുടെ കയ്യിലേൽപ്പിച്ചു. അവർ അതു വാങ്ങി വിതുമ്പി. ഒരു മഹാത്മാവിനെ നേരിൽ കാണുന്ന ആദ്യാനുഭവമായിരുന്നു അവരുടെ വിസ്മയനയനങ്ങളിൽ.

അവിടെനിന്നും കുമ്പഴയിലേക്ക് തിരിച്ചു. കൈപ്പട്ടൂർ വഴിയാണ് പോകേണ്ടത്. ശത്രുപക്ഷം അതറിഞ്ഞ് കൈപ്പട്ടൂർ കടവിൽ ഒത്തുകൂടി. പാലമില്ലാത്തതിനാൽ അവിടിറങ്ങി ചങ്ങാടത്തിൽ കാർ കയറ്റി ആറിനക്കരെ എത്തിച്ചു വേണം പോകേണ്ടത്.

അവിടെ വച്ചവഹേളിക്കുകയാണ് ലക്ഷ്യം. കുറെ പിള്ളേരെയും അവർ സംഘടിപ്പിച്ചു. കരിങ്കൊടി അവരുടെ കുരുന്നു കൈകളിൽ പിടിപ്പിച്ചു. നിർദ്ദേശവും നൽകി.

“മെത്രാന്റെ കാർ ഇപ്പം വരും. കാറു നിർത്തിയാലുടൻ കരിങ്കൊടി വീശി ഇങ്ങനെ വിളിച്ചു പറഞ്ഞോണം, അയ്യോ നാശം വരുന്നേ... അയ്യോ നാശം വരുന്നേ”.

കുട്ടികളതു മൂന്നു നാലു തവണ പറഞ്ഞു പരിശീലിച്ചു. കരിങ്കൊടി കയ്യിലും മന:പാഠമാക്കിയ ആക്ഷേപവാക്യം ചുണ്ടിലും വഹിച്ച് കാറിന്റെ വരവു നോക്കി പിള്ളേർ കാത്തുനിന്നു. ആറിന്റെ അക്കരെ കാറെത്തിക്കാനുള്ള ചങ്ങാടക്കാരനേയും അവർ ഭീഷണിപ്പെടുത്തി.

“ആറിന്റെ മറുകരയിൽ കൊണ്ടുപോയി ചങ്ങാടം കെട്ടിയിട്ടോണം. നിന്നെയും ഇവിടെങ്ങും കണ്ടുപോകരുത്”. ചങ്ങാടക്കാരൻ പേടിച്ച് അതുപോലെ ചെയ്തു. വൈകിയില്ല. അതാ കാറിന്റെ ഇരമ്പൽ. കാത്തുനിന്നു തളർന്ന പിള്ളേർ ഉടൻ ഉഷാറായി. കാർ വന്നുനിന്നയുടൻ കരിങ്കൊടി ഉയർത്തി വീശി അവർ കൂകി വിളിച്ചു.

“അയ്യോ നാശം വരുന്നേ”.

പ്രതിഷേധപ്രകടനം കണ്ട് കാറിന്റെ വാതിൽ തള്ളിത്തുറന്ന് ആ ഭയാനകരൂപൻ ചാടിയിറങ്ങി. കയ്യിൽ ചൂരവടി ചുഴറ്റി ബൂട്ടിട്ട കാൽ നിലത്ത് ആഞ്ഞു ചവിട്ടി അദ്ദേഹം അലറി. പിള്ളേർ ഭയന്ന് ചിതറിപ്പാഞ്ഞു. സംഘാടകരും ഓടിമറഞ്ഞു. കയ്യിൽ കിട്ടിയവർക്കൊക്കെ ചുട്ട പ്രഹരം കിട്ടി. അതുകൊണ്ടും അരിശം തീരാതെ അയാൾ നിന്നു വിറച്ചു. കടുവാ സുബ്രഹ്മണ്യം എന്ന തന്റെ പേര് അന്വർത്ഥമാകത്തക്കവിധത്തിൽ അയാളപ്പോഴും മുരളുകയും അലറുകയുമായിരുന്നു. സ്ഥലത്തെ ജില്ലാ പോലീസ് മേധാവിയല്ലേ. തന്നെ അധിക്ഷേപിച്ചാൽ തിരിച്ചു രണ്ടു കൊടുക്കാതെ പറ്റുമോ.

മെത്രാപ്പോലീത്തായെ കാത്തുനിന്ന ചട്ടമ്പികളുണ്ടോ അറിയുന്നു ആ കാർ കടുവാ സുബ്രഹ്മണ്യത്തിന്റേതാണെന്ന്. ഉടനതാ വീണ്ടും ഒരു



malankaralibrary.com

ഇരമ്പൽ. വളവു തിരിഞ്ഞെത്തിയ കാർ കടവിൽ വന്നുനിന്നു. സകല ദൃഷ്ടികളും അങ്ങോട്ട് തിരിഞ്ഞു. അതിലിരിക്കുന്ന ഉജ്ജ്വലരൂപനെകണ്ട് ചട്ടമ്പികൾ ഇളിഭ്യരായി. തങ്ങൾ ആക്ഷേപിക്കാൻ കാത്തിരുന്ന മാർ ഈവാനിയോസ് തിരുമേനി പുഞ്ചിരിയോടെ വാതിൽ തുറന്നിറങ്ങി. വടി ചുഴറ്റി ആക്രോശിച്ചുനിന്ന കടുവായുടെ കോപം പൊടുന്നനെ ഓടി ഒളിച്ചു.

പിതാവിന്റെ പക്കൽ അയാളോടിവന്ന് കൈകൂപ്പി നടന്നതെല്ലാം അറിയിച്ചു. ഇരുവരും പൊട്ടിച്ചിരിച്ചു. എന്നിട്ട് അക്കരെ നിൽക്കുന്ന കടത്തുകാരനെ കൈകാട്ടി വിളിച്ച് പോലീസ് മേധാവി ആജ്ഞാപിച്ചു.

“കൊണ്ടുവാടാ ചങ്ങാടം”.

ചങ്ങാടം എത്തി. സുബ്രഹ്മണ്യം, തമ്പിയോടു പറഞ്ഞു.

“തിരുമേനിയുടെ കാർ ചങ്ങാടത്തിൽ കയറ്റൂ”.

പിതാവ് പറഞ്ഞു.

“ആദ്യം വന്നത് ഡി.എസ്.പി.അല്ലേ. അപ്പോൾ താങ്കൾ തന്നെ ആദ്യം പൊയ്ക്കൊള്ളുക”.

“അതല്ല. തിരുമേനിയുടെ സമയമാണ് എന്റേതിനേക്കാൾ വിലപ്പെട്ടത്. മാത്രമല്ല എന്റെ ധർമ്മം മനുഷ്യന്റെ ശാരീരിക രക്ഷ മാത്രമാണ്. അങ്ങയുടേത് അനേകരുടെ ആത്മീയ രക്ഷയല്ലേ. അതിനാൽ അവിടുന്ന് പോയിട്ടേ ഞാൻ പോകൂ”.

അവിടെയും തമ്പുരാൻ തന്റെ ഉള്ളംകയ്യിൽ കാത്തുരക്ഷിക്കുന്ന അനുഭവം. ആ ധൈര്യത്തിൽ മാത്രമല്ലേ എതിരാളികളുടെ വാൾമുനമുന്നിലൂടെ പുനരൈക്യ പ്രവർത്തനവുമായി രാപകലെന്യേ മുന്നേറുവാൻ കഴിയുന്നത്.

മദ്ധ്യതിരുവിതാംകൂറിൽ അനേകരെ പുനരൈക്യപ്പെടുത്തി പിതാവ് വെണ്ണിക്കുളം ആശ്രമത്തിലെത്തി. ആശ്രമസ്ഥരോട് പിതാവ് വിശേഷങ്ങൾ തെരക്കി.

അവർ പറഞ്ഞു.

“പുനരൈക്യപ്പെടുന്നവരെ യാക്കോബാക്കാര് വല്ലാതെ പീഡിപ്പിക്കുകയാണ് പിതാവേ”.

“ഉം.. എന്തുണ്ടായി?”

“പുനരൈക്യപ്പെട്ട ഒരാളുടെ മുടി വെട്ടിക്കൊണ്ടിരുന്ന ക്ഷുരകനെ യാക്കോബായക്കാര് വിരട്ടി ഓടിച്ചു. മേലാൽ നമ്മുടെ ആളുകളുടെ മുടി വെട്ടരുതെന്ന് എല്ലാ ക്ഷുരകന്മാരോടും പറഞ്ഞിരിക്കുകയാണവർ. പാതി



malankaralibrary.com

മുടിയുമായി അവനെ അവർ ആക്ഷേപിച്ച് ഓടിച്ചു. അങ്ങനവൻ ഇവിടെ കരഞ്ഞുകൊണ്ട് വന്നു കയറി. ഞങ്ങൾ ദൂരെനിന്നും മറ്റൊരു ക്ഷുരകനെ വരുത്തി അവന്റെ ബാക്കി മുടി കൂടി വെട്ടിച്ചു വിട്ടു".

"പാവം. അയാൾ നമ്മെ അറിയിച്ചിരുന്നെങ്കിൽ നാം പോയി ബാക്കി മുടികൂടി മുറിച്ചു കൊടുക്കുമായിരുന്നല്ലോ".

എല്ലാവരും അവരവരുടെ ഊഴം വരുമ്പോൾ എന്തു ജോലിയും ചെയ്യണമെന്നാണ് ആശ്രമനിയമം. ആ നിയമം പാലിച്ച് എത്രയോ ആശ്രമസ്ഥരുടെ മുടി പിതാവ് സ്വയം വെട്ടിക്കൊടുത്തിട്ടുണ്ട്. ആ കഴിവ് ഒരിക്കൽകൂടി പ്രയോഗിക്കാൻ പിതാവിന് താത്പര്യമേയുള്ളൂ.

അതീവ താൽപര്യത്തോടെ പിതാവ് തെരക്കി. "നമ്മുടെ സ്തേഫാനോസച്ചന് കുറവുണ്ടോ".

എല്ലാവരുടേയും മുഖത്ത് ദു:ഖത്തിന്റെ കരിനിഴൽ പടർന്നു. ആശ്രമവൈദ്യനായ ജോബച്ചൻ അറിയിച്ചു. "ആശയ്ക്കു യാതൊരു വഴിയുമില്ല പിതാവേ. മരുന്നുകളൊന്നും ഏൽക്കുന്നില്ല. ഇപ്പോൾ ഭക്ഷണവും കഴിക്കുന്നില്ല".

പിതാവ് സ്തേഫാനോസച്ചന്റെ മുറിയിലെത്തി. അതിദയനീയമാണച്ചന്റെ നില. അനങ്ങാൻപോലും വയ്യ. ബഥനിയുടെ ആരംഭം മുതൽ ചുറുചുറുക്കോടെ പ്രവർത്തിച്ച ആ നല്ല മകന്റെ കിടക്കയ്ക്കരികിൽ പിതാവിരുന്നു. സദാ പ്രസന്നവദനനായിരുന്ന അച്ചന്റെ പഴയമുഖം പിതാവിന്റെ ഉള്ളിൽ തെളിഞ്ഞു. എത്രയോ ഹൃദ്യമായ സംസാരത്തിനുടമ. ബഥനിക്കുവേണ്ടി പിടിയരി പിരിച്ച് എത്രയോ കഷ്ടപ്പെട്ടതാണ്. ബഥനിയിലെ നേർച്ച കുടുക്കകൾ നാടെങ്ങും വിതരണം ചെയ്യാനും എന്തൊരുത്സാഹമായിരുന്നു അച്ചന്. ഊർജ്ജസ്വലനായ ആ മനുഷ്യനിതാ മരിക്കാറായി കിടക്കുന്നു. ഇടയ്ക്കിടെ തൊണ്ടപൊട്ടി ചുമയ്ക്കുന്നു. കോളാമ്പിയിലേക്ക് കഫം ചുമച്ചു തുപ്പുന്നു. ചോര നിറഞ്ഞ കഫം. അപ്പോഴും കഴിയുന്നത്ര സ്വരമുയർത്തി അച്ചൻ പ്രാർത്ഥിച്ചു. ബഥനിക്കുവേണ്ടി, ആശ്രമസ്ഥർക്കുവേണ്ടി, പുനരൈക്യവളർച്ചയ്ക്കുവേണ്ടി.

പിതാവിനോടച്ചൻ പറഞ്ഞു.

"മരിക്കാൻ ഞാനൊരുങ്ങിയിരിക്കുന്നു പിതാവേ. പുനരൈക്യപ്പെട്ട് സത്യവിശ്വാസം സ്വീകരിക്കാൻ എനിക്കു ഭാഗ്യമുണ്ടായല്ലോ".

രാപകൽ ആശ്രമസ്ഥർ കിടക്കയ്ക്കരികിൽ ഉണ്ട്. മരുന്നും പരിചരണവുമായി ജോബച്ചൻ തൊട്ടടുത്ത്.

പക്ഷേ ഒന്നും പ്രയോജനപ്പെട്ടില്ല. ദിവസങ്ങൾ കഴിയുന്തോറും രോഗ



malankaralibrary.com

നില വഷളായി. ക്ഷയരോഗത്തിന്റെ വിഷാണുക്കൾ ആ നിർമ്മല മെയ്യിൽ ആധിപത്യം ഉറപ്പിച്ചിരിക്കുന്നു.

ദീർഘമായ ചുമയുടെ മൂർദ്ധന്യതയിൽ അവസാനം ആ ശ്വാസം നിലച്ചു.

ബഥനിയിലെ ആദ്യ മരണം.

വേദപുസ്തക പ്രകാരം വിശുദ്ധ സ്തേഫാനോസാണല്ലോ സഭയിലെ ആദ്യ രക്തസാക്ഷി. അതുപോലിതാ ബഥനിക്കുവേണ്ടി, പുനരൈക്യ സമൂഹത്തിനുവേണ്ടി എല്ലാ നൊമ്പരങ്ങളുമേറ്റ് സ്വജീവൻ വെടിഞ്ഞിരിക്കുന്നു. സുവിശേഷ വേലകളിൽ മുഴുകിക്കഴിഞ്ഞ സഭാപ്രവർത്തകർ വാർത്തയറിഞ്ഞ് വെണ്ണിക്കുളം ആശ്രമത്തിലെത്തി. ആശ്രമചാപ്പൽ മുറ്റത്ത് ശവക്കുഴിവെട്ടി. പ്രാർത്ഥനാസാന്ദ്രമായ അന്തരീക്ഷം.


ആ ഭൗതികശരീരം കുഴിയിലേക്കിറക്കുമ്പോൾ ഒരു പിടി മണ്ണെടുത്ത് നിർജ്ജീവദേഹത്തിലർപ്പിച്ച് കരളുരുകി പിതാവ് പ്രാർത്ഥിച്ചു.

"നീ മണ്ണാകുന്നു; മണ്ണിലേക്കുതന്നെ മടങ്ങിച്ചേരുന്നു; വീണ്ടും അതിൽനിന്ന് പുതുതാക്കപ്പെടുകയും ചെയ്യുന്നു എന്ന് അരുളിച്ചെയ്തവനായ കർത്താവേ ഇതാ നിന്റെയിഷ്ടം നിവൃത്തിയായിരിക്കുന്നു".

✠



malankaralibrary.com



# 37

# തിരുസഭയുടെ സിരാകേന്ദ്രത്തിലേക്ക്

**ഗോ**വയിലേക്കു ക്ഷണിക്കപ്പെട്ടപ്പോൾ ഇത്ര ഗംഭീരസ്വീകരണമാകുമെന്ന് പ്രതീക്ഷിച്ചില്ല. ആയിരങ്ങൾക്കു മുന്നിൽ പ്രധാനാതിഥിയായി സ്വീകരിക്കപ്പെട്ടതോ പ്രകീർത്തനങ്ങളുടെ പൊന്നാടകൾ അണിയിക്കപ്പെട്ടതോ ഒന്നുമായിരുന്നില്ല തനിക്കേറ്റം പ്രിയംകരമായി തോന്നിയത്. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ അഴുകാത്ത അത്ഭുത തിരുശരീരത്തിനു തൊട്ടുമുമ്പിൽ മുഖ്യ കാർമ്മികനായിനിന്നു ദിവ്യബലിയർപ്പിക്കുവാൻ കഴിഞ്ഞുവെന്നതാണ്. അതു മാത്രമോ. ആ പരിശുദ്ധ മൃതദേഹം വഹിച്ചുള്ള മഹാപ്രദക്ഷിണത്തിലും പങ്കെടുക്കാൻ കഴിഞ്ഞിരിക്കുന്നു. അപ്പോഴെല്ലാം തന്റെ മനസ്സിനെ ആ പുണ്യപാദാന്തികത്തിൽ അർപ്പിച്ച് പ്രാർത്ഥിക്കുകയായിരുന്നല്ലോ; ബഥനിയുടെ ശ്രേയസ്സിനുവേണ്ടി.

ഗോവയിൽ ആറു ദിവസത്തെ തിരുനാൾ അവസാനിക്കുകയാണ്. പിരിഞ്ഞുപോകുംമുമ്പ് പങ്കെടുത്ത എല്ലാ മെത്രാന്മാർക്കും സംഘാടകർ ഓരോ ദിവ്യസമ്മാനം നല്കി. വിശുദ്ധന്റെ വസ്ത്രത്തിൽനിന്നും മുറിച്ചെടുത്ത തുണ്ടുകൾ.



malankaralibrary.com

പക്ഷേ അതുകൊണ്ട് തൃപ്തിപ്പെടാൻ മാർ ഈവാനിയോസിനു കഴിഞ്ഞില്ല. നേരെ ഗോവയിലെ മെത്രാനെ കണ്ട് അഭ്യർത്ഥിച്ചു.

"വിശുദ്ധന്റെ ശരീരത്തിൽനിന്നും എന്തെങ്കിലുമൊരു തിരുശേഷിപ്പ് എനിക്കുവേണം".

എന്തു മറുപടി പറയണമെന്നറിയാതെ മെത്രാൻ നിന്നു. കാരണം അത് അത്രമേൽ മൂല്യമുള്ളതാണ്. പക്ഷേ ചോദിക്കുന്നത് വിശ്വപ്രസിദ്ധനായ പുനരൈക്യപിതാവ്.

അദ്ദേഹം അറിയിച്ചു.

"വളരെ പ്രധാനപ്പെട്ട കാര്യമാണല്ലോ ഇത്. അതിനാൽ എനിക്കു സ്വയം ഒന്നും ചെയ്യുക സാദ്ധ്യമല്ല തിരുമേനീ. മറ്റു മെത്രാന്മാരുമായി ആലോചിച്ചു തീരുമാനിക്കാൻ അല്പം സാവകാശം നൽകണം."

അതു പറഞ്ഞ് ഗോവാമെത്രാൻ അരമനയിലേക്കു പോയി. മെത്രാന്മാരുമായി ചർച്ച ചെയ്തു. എല്ലാവരുടെയും അഭിപ്രായം സമാനം.

'അസാമാന്യനായ മാർ ഈവാനിയോസിന് തിരുശേഷിപ്പ് സമ്മാനിക്കുകതന്നെ; വിശുദ്ധന്റെ കൈവിരലിന്റെ ഒരംശം'.

അതു കൈക്കൊള്ളുമ്പോൾ പിതാവിന്റെ ഹൃദയം ആനന്ദസാഗരമാവുകയായിരുന്നു. 'കാലത്തെ അതിജീവിക്കുന്ന തിരുശേഷിപ്പുപോലെ, ബഥനിയും പുനരൈക്യസഭയും എക്കാലവും നിലനിൽക്കണമെ'; പിതാവുപ്രാർത്ഥിച്ചു. തിരുനാൾ കഴിഞ്ഞു. ഗോവയിൽനിന്നും തിരുമൂലപുരത്തേക്കു മടങ്ങി. ആശ്രമത്തിലെത്തിയപ്പോൾ നേരം വളരെ ഇരുട്ടി. എന്നിട്ടും ആശ്രമസ്ഥർ കാത്തിരിക്കുന്നു.

അവരെ കണ്ടയുടൻ പറഞ്ഞു.

"നാം ഇന്ന് ഏറ്റവും സമ്പന്നനായിരിക്കുന്നു".

കാര്യമറിയാതെ നിന്ന അവരെ തിരുശേഷിപ്പു കാണിച്ചു. അതു ഭദ്രമായി അകത്തു കൊണ്ടുപോയി വച്ചു. ആനന്ദാതിരേകത്താൽ പീലിപ്പോസ് റമ്പാച്ചൻ അറിയിച്ചു.

"പരിശുദ്ധ മാർപ്പാപ്പായുടെ കമ്പി ഇന്നലെ കിട്ടി".

"എവിടെ കാണട്ടെ". അത്യാകാംക്ഷയോടെ പിതാവ് പ്രത്യുത്തരിച്ചു.

റമ്പാച്ചൻ അതു നിവർത്തി കാട്ടി. ആർത്തിയോടെ പിതാവ് അത് വായിച്ചു.

പരിശുദ്ധ മാർപ്പാപ്പാ തിരുമേനി, തന്നെ കാണാനാഗ്രഹിക്കുന്നു.



malankaralibrary.com

അതിനായി റോമിലേക്കു ചെല്ലണമെന്ന്. മനസ്സിൽ ആനന്ദം പതഞ്ഞുയർന്നു.

മറ്റു കുറെ കത്തുകളും റമ്പാച്ചൻ ഏൽപിച്ചു. സ്വദേശീയവും വിദേശീയവുമായവ. റോമിലെ പല സെമിനാരികളും സർവ്വകലാശാലകളും ആശംസകൾ അറിയിക്കുന്നു. റോമിലെത്തുമ്പോൾ അവിടെല്ലാം ചെന്ന് പ്രഭാഷണങ്ങൾ ചെയ്യാൻ അവർ ക്ഷണിക്കുന്നു. പലരും പ്രഭാഷണ വിഷയങ്ങൾ പോലും അറിയിച്ചിരിക്കുന്നു.

കത്തിലൊരെണ്ണം ഐർലൻഡിന്റെ തലസ്ഥാനമായ ഡബ്ലിനിൽ നിന്നാണ്. മുപ്പത്തിരണ്ടാം ദിവ്യകാരുണ്യ കോൺഗ്രസിന്റെ അഖിലലോക സമ്മേളനം ഇത്തവണ അവിടെ വച്ചാണ്. പരിശുദ്ധ കുർബ്ബാനയുടെ മഹാമഹത്വം ഉദ്ഘോഷിക്കാനുള്ള ശ്രേഷ്ഠാവസരം. അവിടെ ബലിയർപ്പിക്കാനും സമ്മേളനത്തിൽ പങ്കെടുക്കാനുമുള്ള പ്രത്യേക ക്ഷണക്കത്തും അയച്ചുതന്നിട്ടുണ്ട്.

മറ്റൊരു കത്ത് ജി.കെ.ചെസ്റ്റർട്ടന്റേത്. വിശ്വോത്തര ആംഗല സാഹിത്യകാരൻ എന്നതിലുപരി പ്രൊട്ടസ്റ്റന്റ് സഭയിൽനിന്നും കത്തോലിക്കനായ വ്യക്തിയാണദ്ദേഹം. ഇംഗ്ലണ്ടിലെ സഭാന്തരീക്ഷത്തിൽ അതിപ്പോഴും വലിയ ചർച്ചാവിഷയം തന്നെയാണല്ലോ.

പാതിരാവോളം കത്തുകളെല്ലാം പരിശോധിച്ചുകൊണ്ടിരുന്നു. അതിനിടയിൽ കഞ്ഞി കുടിക്കുന്ന കാര്യംപോലും മറന്നു. ഊട്ടുശാലയിലേക്കു പോകാൻ നേരമില്ല. കത്തുകൾക്കുപലതിനും ഉടൻ മറുപടി എഴുതേണ്ടതുണ്ട്. അതിനാൽ മുറിയിലേക്ക് കഞ്ഞി വരുത്തി. കോരിക്കുടിക്കുന്നതിനിടയിൽ കത്തുകളോരോന്നും എടുത്തുവായിച്ച് മറുപടികൾ പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. റമ്പാച്ചനത് ധൃതിയിൽ എഴുതി എടുക്കുകയാണ്. മുറിയിൽ മറ്റുപലരും ഉണ്ട്. അവരോടെല്ലാം ഗോവയിലെയും മറ്റും കാര്യങ്ങൾ വിശദമായി പറയുന്നുമുണ്ട്.

"ഇനി റമ്പാച്ചൻ പോയി കിടന്നോളൂ".

ഉറക്കത്തിനായി ദാഹിക്കുന്ന റമ്പാച്ചന്റെ കണ്ണുകൾ കണ്ട് പിതാവ് പറഞ്ഞു.

പ്രധാനപ്പെട്ട കത്തുകൾക്കെല്ലാം മറുപടികൾ എഴുതിക്കഴിഞ്ഞു. ഇനി കുറച്ചു പ്രസംഗങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. റോമിൽ അനേകസ്ഥാപനങ്ങളാണ് തന്നിൽനിന്നും പ്രഭാഷണങ്ങൾ ആവശ്യപ്പെടുന്നത്. പണ്ഡിത സദസ്സുകളാണെല്ലാം. ആധികാരികമായ പ്രസംഗങ്ങളാണ് അവർക്ക് വേണ്ടത്.

ഭാരതീയതയിൽ വേരൂന്നിയുള്ള പ്രസംഗങ്ങൾ അവർക്കു രുചിക്കാ



malankaralibrary.com

തിരിക്കില്ല. അതിനെപ്പറ്റി പറയാൻ വലിയ ഒരുക്കമൊന്നും വേണമെന്നില്ല. ഭാരതീയ സാഹിത്യത്തെപ്പറ്റിയോ മലയാള സാഹിത്യത്തെപ്പറ്റിയോ ഒറ്റ നിൽപിൽ രണ്ടു മണിക്കൂറെങ്കിലും-സർവ്വകലാശാലയിലാകട്ടെ, സാഹിത്യ ഗവേഷണശാലയിലാകട്ടെ പറയാൻ പ്രയാസമില്ല. സെമിനാരികളിൽ പ്രസംഗിക്കാൻ ഭാരതീയ ചിന്തയും മതവും എന്ന വിഷയമോ, അദ്വൈതം എന്നതോ ആവാം. പിന്നെ ചില സാംസ്കാരിക സംഘടനകൾ ക്ഷണിച്ചിട്ടുണ്ട്. അവിടെ പറയാൻ എന്തെങ്കിലുമൊരു വിഷയം കണ്ടെത്തണം.

പണ്ടൊരിക്കൽ പുരാതന നാണയങ്ങളെപ്പറ്റി ഗവേഷണം ചെയ്തിരുന്നല്ലോ. അക്കൂട്ടത്തിൽ കലകളെപ്പറ്റിയും പുരാതന വസ്തുക്കളെപ്പറ്റിയുമൊക്കെ പഠിച്ചത് ഓർമ്മയിലുണ്ട്. എങ്കിലും നല്ല ചില പുസ്തകങ്ങൾ പരിശോധിക്കേണ്ടതുണ്ട്. ഒരു വ്യാഴവട്ടക്കാലംമുമ്പു വാങ്ങിയ ഒന്നു രണ്ടു പുസ്തകങ്ങളെപ്പറ്റി പെട്ടെന്നോർത്തു. ബാരിസോളിലെ സന്ന്യാസിനികളെയും കൂട്ടി വിനോദയാത്രയ്ക്കു പോയപ്പോൾ വാങ്ങിയതാണ്. നേരെ ഗ്രന്ഥപ്പുരയിലേക്ക് കടന്നു. മുകളിലത്തെ തട്ടിൽ വലതുവശത്ത് ഒതുക്കിവച്ച ഓർമ്മയുണ്ട്. ഭാഗ്യം. അവ രണ്ടും യഥാസ്ഥാനത്തുണ്ട്. പൊടിതുടച്ചെടുത്തു. ഒന്ന്, 'ഭാരതീയ ശില്പകലാവിദ്യ' മറ്റത് 'ഇൻഡ്യൻ കലകളുടെ നവോത്ഥാനം'.

അതു വായിച്ചിരുന്ന് നേരം വെളുത്തത് അറിഞ്ഞില്ല. പുറത്തേക്കിറങ്ങിയപ്പോൾ ഒരാൾ താണുതൊഴുത് മുറ്റത്തു നിൽക്കുന്നു. കണ്ടയുടൻ വന്ന് കൈമുത്തി. അയാളുടെ മുഖം ഉള്ളിലെവിടെയോ പതിഞ്ഞുകിടപ്പുണ്ട്. മറവിയുടെ പൊടി തുടച്ചപ്പോൾ ആ ചിത്രം തെളിയുന്നതുപോലെ. അയാൾ തൊഴുകൈയ്യോടെ ഉണർത്തിച്ചു.

"അടിയനെ പിതാവ് ഓർക്കുന്നുവോ. അന്ന് പിതാവിന് സമ്മാനം കിട്ടിയ സ്വർണ്ണമാല കാണാനെടുത്തത് അടിയനായിരുന്നു".

"ഇപ്പോളെന്തുവേണം"? നടക്കുന്നതിനിടയിൽ പിതാവ് ചോദിച്ചു.

അയാൾ കൂടെ ചെന്ന് വിവരിച്ചു.

"പിതാവിന് തരാൻ ഒരു പവന്റെ മാലയെങ്കിലും വേണമെന്നാണ് ഞങ്ങളുടെ പിള്ളിക്കാര് ആഗ്രഹിച്ചത്. പക്ഷേ അന്നത്തെ സാഹചര്യത്തിൽ മുക്കാൽ പവൻ തരാനേ ഒത്തൊള്ളൂ. അടിയന്റെ സ്വന്തം വകയായി കാൽപവൻ ചേർത്ത് ഒരു പവനാക്കി പിതാവിന് തരണമെന്ന് അടിയനു മോഹമായിരുന്നു. അതിനു വേണ്ടിയാ അന്നു മാല വാങ്ങിയത്. പക്ഷേ മറ്റെന്തെങ്കിലും പറയുന്നതിനുമുമ്പ് പിതാവ് ഉറക്കം പിടിച്ചിരുന്നു. പിന്നെ പലപ്പോഴും അടിയനിവിടെ വന്നെങ്കിലും പിതാവിവിടെ



malankaralibrary.com

ഇല്ലായിരുന്നു. ഇപ്പോളാ മാല ഒരു പവനാക്കി കൊണ്ടുവന്നിട്ടുണ്ട്. അവിടുന്നിതു സ്വീകരിച്ചനുഗ്രഹിക്കണം". അയാളത് പിതാവിനു നേരെ ആദരവോടെ നീട്ടി.

അതുവാങ്ങി പുഞ്ചിരിയോടെ പിതാവ് പറഞ്ഞു.

"കൊള്ളാം, നല്ല കള്ളൻ"

രസകരമായ ആ ദൃശ്യം കണ്ട് ആശ്രമസ്ഥർ സാകൂതം നിന്നു.

പിതാവ് വീണ്ടും ജോലികളിൽ മുഴുകി. സഹായത്തിനായി പീലിപ്പോസ് റമ്പാച്ചനുമുണ്ട്.

റമ്പാച്ചനോട് പിതാവ് ചോദിച്ചു.

"എന്താ റമ്പാച്ചന്റെ ഇപ്പോഴുള്ള ജോലി"?

"നമ്മുടെ പള്ളിക്കൂടങ്ങളുടെ മേൽനോട്ടമാണല്ലോ പിതാവ് ഏൽപ്പിച്ചത്. അത് ചെയ്യുകയാണ്."

"എങ്കിൽ ജോലിയിൽ നിന്നൊരു വിടുതൽ തരാൻ പോകുകയാണ്".

റമ്പാച്ചന് കാര്യം പിടി കിട്ടിയില്ല. പിതാവ് വ്യക്തമാക്കി.

"നമ്മുടെ സ്കൂളുകളെല്ലാം വലിയ തിരുമേനിയുടെ പേർക്ക് വിട്ടുകൊടുത്തേക്കുക".

റമ്പാച്ചന്റെ മനസ്സുലഞ്ഞു. ഉദ്വേഗപൂർവ്വം തെല്ലുറക്കെ ചോദിച്ചു.

"അതെന്തിനാണ് പിതാവേ?, രാപ്പകലോടി നടന്ന് കടം വാങ്ങിയ കാശുകൊണ്ട് പിതാവ് വാങ്ങിച്ചിട്ടതല്ലേ ഈ പള്ളിക്കൂടങ്ങൾ".

"പക്ഷേ അതൊക്കെ നമ്മൾ യാക്കോബായയിൽ ആയിരുന്നപ്പോഴല്ലേ. ഇതെല്ലാം ഉടൻ വിട്ടുകൊടുക്കാൻ വലിയ തിരുമേനി ആവശ്യപ്പെട്ടിരിക്കുന്നു. പ്രായമായ അദ്ദേഹത്തിന്റെ ഈ ആഗ്രഹം നാം നിരസിച്ചുകൂടാ".

സഹിക്കാനാവാതെ റമ്പാച്ചൻ വീണ്ടും ചൊടിച്ചു.

"നമ്മുടെ പള്ളികളും ബഥനിപ്രസും എല്ലാം അവർ കൈക്കലാക്കിയില്ലേ പിതാവേ. ഇനി ഇതു കൂടി കൊടുത്താൽ പിന്നെ നമുക്കെന്തുണ്ട്.

"തിരുമേനിയും ഞാനും തമ്മിൽ വാദിപ്രതികളായി ഒരു വ്യവഹാരം നടത്തിയിട്ട് യാതൊന്നും എന്റെ അധികാരത്തിലോ കൈവശത്തിലോ സൂക്ഷിക്കേണ്ട യാതൊരാവശ്യവും എനിക്കില്ല. പള്ളിക്കൂടങ്ങളുടെ ആധാരവും മറ്റു രേഖകളുമെല്ലാം ഇന്നുതന്നെ കോട്ടയത്തു കൊടുത്തേക്കുക".



malankaralibrary.com

റമ്പാച്ചൻ പിന്നെ ഒന്നും മറുത്തു പറഞ്ഞില്ല. ആശ്രമത്തിലേക്ക് അനേകർ എത്തുകയാണ്. യാക്കോബായ സഭയിൽ പെട്ടവരാണ് ഏറെയും. അവർക്കെല്ലാം കത്തോലിക്കരാകണം.

വട്ടശ്ശേരിൽ തിരുമേനിയുടെ അടുത്ത ബന്ധുവായ വി.എ.വർഗ്ഗീസും സെക്രട്ടറിയായ കെ.വി.ചാക്കോയും പീലിപ്പോസ് വക്കീലും അക്കൂട്ടത്തിലുണ്ടായിരുന്നു. ഇതിനോടകം ഏതാണ്ട് അയ്യായിരത്തോളമാളുകൾ പുനരൈക്യപ്പെട്ടുകഴിഞ്ഞു. അത്ഭുതകരമായ വളർച്ച. എതിർപ്പുകളുടെ കുത്സിതവലയം ഭേദിച്ച് അത് പുഷ്ടിടി നേടുകയാണ്.

ഇനിയും റോമാ സന്ദർശനത്തിന് അമാന്തിച്ചുകൂടാ. പരിശുദ്ധപിതാവിനെ മുഖാമുഖം ദർശിക്കണം.കാതോലികാ ഐക്യത്തിൽ പുതിയൊരു സഭാ വിഭാഗത്തിനു അനുവാദംതന്ന പരിശുദ്ധ സിംഹാസനത്തോടു നന്ദി പറയണം. പിന്നൊരു പ്രധാനകാര്യം ആ കൂടിക്കാഴ്ചയിലൂടെ നേടുകയും വേണം. തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള വൈദിക സംസ്ഥാനത്തിനുള്ള അനുമതി. ആസ്ഥാനം എന്തുകൊണ്ടും തിരുവനന്തപുരത്ത് ആകുന്നതാണ് നല്ലത്. പക്ഷേ അവിടെ ഒരിഞ്ചു ഭൂമിപോലും സ്വന്തമായി ഇല്ലല്ലോ. സ്വപക്ഷത്തുള്ളവരും ആരുമില്ലവിടെ. അപ്പോൾ പിന്നെ അടൂർ കേന്ദ്രമാക്കി അപേക്ഷിക്കേണ്ടിവരും.

റോമായാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി. പാസ്പോർട്ടും മറ്റു രേഖകളും ശരിയായി. പോകുംമുമ്പ് വീട്ടിലൊന്ന് ചെല്ലണം. അപ്പനും അമ്മയും വയസ്സായിരിക്കുകയല്ലേ. പുതിയകാവിലേക്കു തിരിച്ചു. പുത്തൻകാവിലെത്തിയപ്പോഴേക്കും വഴിയടഞ്ഞു കുറെ ചെറുപ്പക്കാർ കൂടി നിൽക്കുന്നു. തമ്പി, കാറിന്റെ ഹോൺ നിർത്താതെ മുഴക്കി.

പ്രയോജനമൊന്നുമില്ല.

കാർ അടുത്തെത്തിയപ്പോൾ അവർ ഉച്ചത്തിൽ കൂവാനും തുടങ്ങി.

കാറിൽനിന്നും പുഞ്ചിരിതൂകി പിതാവിറങ്ങി. നിർത്താതെ ഓരിയിടുന്ന യുവസംഘത്തിലേക്കു കടന്നു കയറി. ഓരോരുത്തരുടേയും തോളിൽ പിടിച്ച് ചോദിച്ചു.

"കുഞ്ഞേ... കുഞ്ഞേതാ...?"

തിരുമേനിയുടെ അപ്പന്റെ അമ്മവീട് പുത്തൻകാവിലാകയാൽ അവിടെയുള്ള പലരേയും പിതാവിനറിയാം.

ശിലപോലും അലിയുന്ന ആർദ്രമായ ആ വിളികേട്ട് അവർ കുനിഞ്ഞുനിന്നു. കണ്ടാൽ ഭയങ്കരൻ. പക്ഷേ വെണ്ണപോലെ മൃദുവായ ആ ഹൃദയത്തിൽനിന്നും പതഞ്ഞുയർന്ന ആ വിളികേട്ട് അവരുടെ മുഖ



malankaralibrary.com

ങ്ങൾ വിളറിപ്പോയി. പലരും വഴുതി മാറി. ചിലർ പശ്ചാത്താപവിവശരായി ഉത്തരം കൊടുത്തു. അവരോട് വീട്ടുകാരുടെ ക്ഷേമം തെരക്കി.

ചോദ്യവും മറുപടിയുമായി ശത്രുസംഘം താമസിയാതെ സഖ്യവൃന്ദമായി മാറി. വഴി വിജനമായപ്പോൾ പിതാവു യാത്ര തുടർന്നു. യാത്രാമദ്ധ്യേ ഒരു പ്രധാന കാര്യം അറിഞ്ഞു.

തനിക്കെതിരെ എതിർപക്ഷം കള്ളക്കേസുണ്ടാക്കിയിരിക്കുന്നു. തിരിച്ചുകൊടുത്ത അധികാരപാത്രങ്ങൾ സ്വീകരിക്കാതെ പള്ളിക്കൂടങ്ങളൊന്നും താൻ വിട്ടുകൊടുക്കുന്നില്ല എന്നു പറഞ്ഞ് ശത്രുപക്ഷം ശണ്ഠക്കൊരുമ്പെടുന്നു. അറസ്റ്റുവാറണ്ടുമായി പോലീസധികാരികൾ പാഞ്ഞു നടക്കുന്നു.

പുതിയകാവിലെത്തി മാതാപിതാക്കളെ കണ്ട് അനുഗ്രഹം വാങ്ങി ഉടൻ തിരിച്ചു. റോമായാത്രയ്ക്കു തടസ്സമുണ്ടാക്കുകയാവും എതിർ കക്ഷികളുടെ ലക്ഷ്യം. അത് അതിജീവിച്ചേ പറ്റൂ. ഉടൻ റോമിലേക്കു തിരിക്കണം. കഴിയുമെങ്കിൽ നാളെത്തന്നെ. സി.കെ.മറ്റത്തിലച്ചനേയും കൂട്ടിക്കൊണ്ടുപോകണം. ബഹുഭാഷാ പണ്ഡിതനായ അച്ചൻ തനിക്കൊരു സഹായകമാകും. അച്ചനെ വിളിക്കാനായി ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിലേക്ക് ആളയച്ചു. അവിടെ പ്രൊഫസറാണ് അച്ചൻ. ഉടൻ പുറപ്പെടേണ്ടതിനാൽ ഇവിടെ പല കാര്യങ്ങളും അടിയന്തിരമായി തീർക്കേണ്ടതുണ്ട്. ഡയറി തുറന്ന് പരിപാടികളുടെ വിശദാംശങ്ങൾ പരിശോധിച്ചു.

അതിൽ വളരെ പ്രധാനപ്പെട്ട ഒന്നുണ്ട്. ഏതാനും സന്ന്യാസികളുടെ വ്രതവാഗ്ദാനം. അടുത്ത ആഴ്ചയിൽ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഈ സാഹചര്യത്തിൽ അതുവരെ കാത്തിരിക്കുക ബുദ്ധിയല്ല. അത്യാവശ്യ ജോലികൾ ചെയ്ത് പാതിരാവരെ ദീർഘിച്ചു. പിന്നീട് വെണ്ണിക്കുളം ആശ്രമത്തിലേക്ക് ഓടിയെത്തി പിതാവ് മണി മുഴക്കി.

ആരാണീ പാതിരാത്രിയിൽ!

ആശങ്കയോടെ ആശ്രമസ്ഥർ വാതിൽ തുറന്നു. പിതാവിനെ കണ്ടവർ അതിശയിച്ചു.

പിതാവ് പറഞ്ഞു.

“സന്ന്യാസപ്രതിഷ്ഠയ്ക്കുള്ളവർ ചാപ്പലിലേക്കു പ്രവേശിക്കുക. അതു നടത്താൻ ഇപ്പോഴേ നമുക്കു സമയമുള്ളൂ”. പ്രതിഷ്ഠാകർമ്മം കഴിഞ്ഞ് തിരുമൂലപുരം ആശ്രമത്തിൽ മടങ്ങിയെത്തി. അതിരാവിലെ എറണാകുളത്തേക്കു പോകണം.



malankaralibrary.com

നേരം പുലരാൻ ഒന്നു രണ്ടു മണിക്കൂർ കൂടിയേയുള്ളൂ. വരാന്തയിൽ ഉറങ്ങിക്കിടന്ന പീലിപ്പോസ് വക്കീൽ പിതാവിന്റെ ആഗമനം അറിഞ്ഞ് ഉണർന്നിരുന്നു. പിതാവ് തൗനായിൽ കയറി കതകടച്ചു. കുരിശിന്റെ മുമ്പിൽനിന്ന് സങ്കടത്തോടെ പ്രാർത്ഥിച്ചു. 'അവർ എനിക്കായ് കെണികൾ വച്ചു' എന്ന പ്രാർത്ഥനാഭാഗം ഉറക്കെ ചൊല്ലി നെഞ്ചിലാഞ്ഞടിച്ച് പ്രാർത്ഥിച്ചു. പെരുമ്പറപോലെ മുഴങ്ങുന്ന ഓരോ ഇടിനാദവും കേട്ട് ഞെട്ടിയ പീലിപ്പോസ് വക്കീൽ താക്കോൽ പഴുതിലൂടെ തൗനായിലേക്കു നോക്കി.

മെഴുകുതിരി വെട്ടത്തിൽ കൈവിരിച്ചു കരഞ്ഞു നെഞ്ചിലിടിച്ചു പ്രാർത്ഥിക്കുന്ന പിതാവിനെ കണ്ടു. അതുകണ്ട് 'അരുതേ' എന്ന് പറയാൻ വെമ്പിയതാണ്. പക്ഷേ അതിനുള്ള മനോബലമില്ല.

നേരം വെളുത്തു.

ഇന്നലെത്തന്നെ എത്തിയ മറ്റത്തിലച്ചൻ അവശ്യസാധനങ്ങൾ നിറച്ച ബാഗുമായി ഇറങ്ങിക്കഴിഞ്ഞു.

യാത്രയ്ക്കുമുമ്പ് ഓരോരുത്തർക്കും വേണ്ട നിർദ്ദേശങ്ങൾ പിതാവ് നൽകി.

മാർ തെയോഫിലോസിനോട് പറഞ്ഞു.

"തിരുവല്ലായിൽ ഒരു വാടകക്കെട്ടിടം കണ്ടെത്തി തിരുമേനി അങ്ങോട്ടു മാറണം."

കിളിലേത്ത് ചാക്കോച്ചനോട് നിർദ്ദേശിച്ചു.

"തിരുവനന്തപുരത്തുപോയി ഒരു ചെറിയ വാടക കെട്ടിടം തരപ്പെടുത്തണം. അതു കിട്ടിയാലുടൻ ജോഷ്വാച്ചനും ബർസ്ലീബാ അച്ചനും അവിടെ താമസിക്കട്ടെ". പിന്നീട് ആശ്രമസ്ഥരെ എല്ലാം നോക്കിപ്പറഞ്ഞു.

"ആശ്രമങ്ങളുടേയും പള്ളികളുടേയും കാര്യങ്ങൾ നോക്കാൻ രണ്ടു റമ്പാച്ചന്മാരും തത്ക്കാലം ഇവിടെത്തന്നെ ഉണ്ടാകും".

ശിരസ്സു നമിച്ചുനിന്ന സകലരേയും അനുഗ്രഹിച്ച് ഉടൻതന്നെ യാത്രയായി.

എറണാകുളത്തുനിന്നും തീവണ്ടിയിൽ ബോംബെയിലേക്ക്. അവിടെനിന്നും കപ്പലിലാണ് റോമിലേക്കു പോകേണ്ടത്. ബോംബെ തുറമുഖത്ത് യാത്രാരേഖകൾ ശരിയാക്കുകയാണ് മറ്റത്തിലച്ചൻ. യാത്രക്കാർക്കുള്ള മുറിയിൽ പിതാവ് സ്വസ്ഥമായി ഇരിക്കുകയാണ്. അറസ്റ്റുവാറണ്ടുമായി തന്നെത്തേടി അലഞ്ഞ് അവസാനം നിരാശരായി



malankaralibrary.com

മടങ്ങുന്നവരുടെ മ്ലാനമുഖങ്ങൾ പിതാവിന്റെ ഭാവനയിൽ തെളിഞ്ഞു. അങ്ങനെയിരുന്ന് അല്പം ഉറങ്ങിപ്പോയി. വിശ്രമരഹിതമായ ദിനങ്ങളായിരുന്നല്ലോ കഴിഞ്ഞതത്രയും. ആരോ വിളിച്ചപ്പോൾ ഉണർന്നു. മറ്റത്തിലച്ചൻതന്നെ. അച്ചന്റെ മുഖം വല്ലാതെ വിളറിയിട്ടുണ്ട്. കാര്യം തെരക്കും മുമ്പെ ഒരു അടിയന്തിരതപാൽ കമ്പി പിതാവിനു നേരെ നീട്ടി പ്പറഞ്ഞു.

"പിതാവിന്റെ അമ്മച്ചി...."

ടെലഗ്രാം വാക്യം പൂർത്തിയാക്കാൻ അച്ചനു കഴിഞ്ഞില്ല.

ഒരു നിമിഷത്തിനുള്ളിൽ പിതാവ് ടെലഗ്രാം വാങ്ങി. അനുജൻ മത്തായിപ്പണിക്കരാണ് അതയച്ചിരിക്കുന്നത്. അതിലെ വാക്യം വായിച്ച് ഇരുകൈകളും നെഞ്ചിൽ ചേർത്ത് കണ്ണുകളടച്ച് കസേരയിലേക്കു ചാരി അനങ്ങാതെ കിടന്നു. നെഞ്ചിൽ ആ വാക്യങ്ങൾ നിർത്താതെ മുഴങ്ങിക്കൊണ്ടിരുന്നു.

'നമ്മുടെ അമ്മച്ചി മരിച്ചു'

ഇക്കഴിഞ്ഞ ദിവസം തന്നെ അനുഗ്രഹിച്ചയച്ച വത്സലമാതാവ്. ക്ഷീണിതയായിരുന്നെങ്കിലും മരണത്തോളം എത്തിയെന്ന് വിചാരിച്ചില്ല.

സന്ന്യാസലോകത്തേക്ക് തന്നെ വഴി തെളിച്ചയച്ചത് അമ്മയാണ്. കുഞ്ഞുനാളിൽ അമ്മ പഠിപ്പിച്ച പരിശുദ്ധ കന്യാമറിയത്തോടുള്ള പ്രാർത്ഥനകൾ ഇന്നും തന്റെ ശക്തിയാണ്. സ്നേഹനിധിയായ ആ മാതാവ് ദൈവസാന്നിധ്യത്തിൽ വിലയം പ്രാപിച്ചു കഴിഞ്ഞു.

ഈ അവസ്ഥയിലെന്താണു ചെയ്യേണ്ടത്? മടങ്ങിപ്പോയി അമ്മയുടെ ശവസംസ്കാരം നടത്തുകയോ. എങ്കിൽ റോമാ യാത്ര നടക്കില്ല. കോടതി ഉത്തരവുമായി നിയമപാലകർ മരണവീട്ടിനടുത്തുതന്നെ പതുങ്ങി നിൽപ്പുണ്ടാവും; ശവസംസ്കാര ശുശ്രൂഷ കഴിഞ്ഞാലുടൻ അവർ തന്നെ തടഞ്ഞു നിർത്തും.

'ഇല്ല' ശത്രുഹസ്തങ്ങളിൽ അകപ്പെടാൻ പാടില്ല. ഇന്നോളം സ്വന്തം കാര്യങ്ങളെക്കാൾ സഭാകാര്യങ്ങളെ മാത്രമേ സ്നേഹിച്ചിട്ടുള്ളൂ. അതിനാൽ ദൈവവും ദൈവജനവുമാണ് തനിക്കു വലുത്. അതിനാൽ ഈ റോമാ സന്ദർശനം മാറ്റിവച്ചു കൂടാ. മാറ്റിവച്ചാൽ ഒരു പക്ഷേ ഒരിക്കലും അതു സാധ്യമാകാതെ പോയാലോ.

വികാരം വിചാരത്തെ അതിജീവിക്കുകയായിരുന്നു. ഉടൻ അനുജന്റെ പേർക്ക് കമ്പി അയച്ചു.

"ശവസംസ്കാരം ആഘോഷമായി നടത്തണം. എനിക്ക് റോമിലേക്കു പോയേ പറ്റൂ".



malankaralibrary.com

കപ്പൽ കയറുന്ന വിവരം റോമിലേക്കും അറിയിച്ചു.

കപ്പൽയാത്രയിലും ഉള്ളു നിറയെ അമ്മ. കപ്പലിൽ കടന്ന ഉടൻ ആദ്യം ചെയ്തതു പ്രിയ മാതാവിനുവേണ്ടി ദിവ്യബലി അർപ്പിക്കുകയായിരുന്നു.

നേർക്കുനേരെ അലറി അടുക്കുന്ന ഭയങ്കരങ്ങളായ തിരമാലകൾ കണ്ണിൽ പെട്ടില്ല. ആഞ്ഞടിക്കുന്ന കടൽക്കാറ്റിന്റെ രൗദ്രഭേരി കേട്ടില്ല. ഉള്ളിന്റെ അഗാധതലത്തിൽ മനോഹരമായ ആ മാതൃചിത്രം നോക്കിയിരുന്നു പ്രാർത്ഥിക്കുകയായിരുന്നു ആ സീമന്തപുത്രൻ.

✠



malankaralibrary.com



# 38

# മലങ്കര ഹൈരാർക്കി വിസ്മയവേഗത്തിൽ

നിത്യനഗരം. ക്രിസ്തുശിഷ്യരിൽ ഒന്നാമനായ വിശുദ്ധ പത്രോസിന്റെ കർമ്മവേദി; റോം.

ഏഴുദിവസത്തെ കപ്പൽയാത്ര കഴിഞ്ഞ് അവിടിറങ്ങുമ്പോൾ ഉള്ളിൽ അവാച്യമായ സ്വസ്ഥത. കോപസാഗരത്തിൽനിന്നും ശാന്തിതീരത്തണഞ്ഞ നാവികന്റേതുപോലെ.

തുറമുഖം നിറയെ ആളുകൾ. വിവരമറിഞ്ഞ് പള്ളികളിൽനിന്നും സെമിനാരികളിൽനിന്നും എത്തിയവർ. അവരുടെ ആകാംക്ഷാനിർഭരമായ മുഖങ്ങൾ. എവിടെയും സ്വാഗതാശംസകൾ നിറഞ്ഞ ബാനറുകൾ. കൊടിതോരണങ്ങളാൽ തുറമുഖം മുതൽ അലങ്കരിച്ചിരിക്കുന്നു.

ഇടതു കൈയ്യിൽ അംശവടി പിടിച്ച് പുഞ്ചിരിതൂകി പിതാവിറങ്ങി. കൂടിനിന്ന ജനം ഇരുവശത്തേക്കും മാറി വഴിയൊരുക്കി. വലതു കയ്യിലുയർത്തിയ കുരിശുകൊണ്ട് ഇരുവശത്തും മാറി മാറി ആശീർവ്വദിച്ച്



malankaralibrary.com

പിതാവു നടന്നു. ചുവന്ന മസനപ്സയും അതിനു മുകളിൽ കറുത്ത കുംഭത്തൊപ്പിയും കാവിക്കുപ്പായവും.

നിരത്തിലും ജനം കാത്തുനിന്നു. വാഹനസഞ്ചാരികൾ വഴിയോരത്തു വണ്ടി നിർത്തി ഇറങ്ങി നോക്കി. വീടുകളിൽനിന്നും ആളുകൾ ഓടിയിറങ്ങി പാതവക്കിൽ നിരന്നു. ഒലിവു മരത്തണലിൽ അമ്മമാർ കുഞ്ഞുങ്ങളുമായി നിന്നു. "കണ്ടോ... കണ്ടോ?" അമ്മമാർ കുഞ്ഞുങ്ങളെ ഉയർത്തി ചൂണ്ടിക്കാട്ടി.

അതു കണ്ട് പിതാവു നിന്നു. കുഞ്ഞുങ്ങളുടെ നിർമ്മല മുഖങ്ങളിൽ വിരിയുന്ന ആകാംക്ഷയും സന്തോഷവും കാണുമ്പോൾ എങ്ങനെ നില്ക്കാതിരിക്കും. പിന്നിൽ നടക്കുന്ന മറ്റത്തിലച്ചന്റെ കയ്യിൽ അംശവടി കൊടുത്ത് ഒരു കുഞ്ഞിനെ പിതാവ് വാരിയെടുത്തു. ഉമ്മ കൊടുത്തു. അതുകണ്ട് അനേകം അമ്മമാർ ഓടിവന്നു. തങ്ങളുടെ കുഞ്ഞിനെക്കൂടി എടുക്കണേ എന്ന അപേക്ഷകളോടെ. അവരെയെല്ലാം അനുഗ്രഹിച്ചു പിതാവു നടന്നു.

വിശ്രമത്തിനായി പാഷ്യനിസ്റ്റു വൈദികാശ്രമത്തിലേക്കാണ് സംഘാടകർ ആനയിച്ചത്. മാർപ്പാപ്പയുടെ പ്രതിനിധികൾ വത്തിക്കാനിൽനിന്നും അവിടെയെത്തിയിട്ടുണ്ട്. പൗരസ്ത്യ സഭാ ചുമതലയുള്ള കർദ്ദിനാളിനെ കണ്ട ഉടൻ മാർ ഈവാനിയോസ് അന്വേഷിച്ചു.

"മാർപ്പാപ്പ തിരുമേനിയെ കാണുകയാണ് എന്റെ പ്രഥമ ലക്ഷ്യം. അതിനുള്ള അവസരം എപ്പോഴാണ്?"

"രണ്ടാഴ്ച കഴിഞ്ഞാണ് പരിശുദ്ധ പിതാവുമായുള്ള കൂടിക്കാഴ്ച നിശ്ചയിച്ചിരിക്കുന്നത്."

അവിടെയുള്ള സർവ്വകലാശാലകളിൽ പഠിക്കുന്ന മലയാളികൾ പിതാവിനെക്കാണാനെത്തി. തോമസ്സ് വടശ്ശേരി ശെമ്മാശനാണ് അവരിൽ പ്രധാനി. ചങ്ങനാശ്ശേരി രൂപതക്കാരൻ. മലങ്കരയിലേയ്ക്കു സേവനത്തിനെത്തിയതാണ്. പഠിക്കുന്നതു പ്രൊപ്പഗാന്താ സെമിനാരിയിൽ. മറ്റു ശെമ്മാശന്മാർ പിതാവിനെക്കണ്ടു മടങ്ങിയപ്പോഴും വടശ്ശേരി ശെമ്മാശൻ പിതാവിനൊപ്പം നിന്നു. പിതാവിന്റെ റോമാ സന്ദർശനത്തിലുടനീളം കൂടെ വരാൻ തന്നെയും അനുവദിക്കണമേ എന്ന അപേക്ഷയുമായി.

റോമിലെ എല്ലാ മതചടങ്ങുകളിലും മുഖ്യാതിഥിയായിക്കിട്ടാൻ കർദ്ദിനാളന്മാർവരെ നിർബന്ധിക്കുകയാണ്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ വത്തിക്കാൻ അംബാസിഡർ വന്ന് വിരുന്നിനു ക്ഷണിച്ചു.

പിന്നീടുള്ള രണ്ടാഴ്ച വിശ്രമരഹിതമായിരുന്നു. എവിടെയും പ്രസംഗങ്ങൾ. ബിഡാ കോളേജിൽ, സ്കോട്ടിഷ് കോളേജിൽ, ഐറീഷ് കോളേ



malankaralibrary.com

ജിൽ, നോർത്തമേരിക്കൻ കോളജിൽ, വിശുദ്ധ സിൽവസ്റ്റർ, വിശുദ്ധ സൂസന്നാ എന്നീ പള്ളികളിൽ...

പത്രക്കാരുടെ ഒരു സംഘം തന്നെ എല്ലായിടത്തും അനുഗമിക്കുകയാണ്. പാണ്ഡിത്യം തിളച്ചൊഴുകുന്ന നർമ്മരസം നിറഞ്ഞ പ്രഭാഷണങ്ങൾ പത്രങ്ങളിൽ വലിയ തലക്കെട്ടോടെ വന്നുകൊണ്ടിരിക്കുന്നു. അനിതരസാധാരണമായ രൂപഭംഗി തുടിച്ച പ്രഭാഷകന്റെ ചിത്രങ്ങൾ സഹിതം.

അങ്ങനെ ആ ദിനം സമാഗതമായി. കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനെ കാണാനുള്ള ദിവസം. ഇതിനു മുമ്പേ മാർ ഈവാനിയോസ് വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽ കയറി. ലോകത്തിലേറ്റം വലിയ ദേവാലയം. മൈക്കൽ ആഞ്ചലോയുടെ കരവിരുതുകാട്ടുന്ന ശില്പ സമുച്ചയങ്ങൾ നിറഞ്ഞ പള്ളി. എല്ലാറ്റിലുമുപരി വിശുദ്ധ പത്രോസിന്റെ ശവകുടീരം ഉൾക്കൊള്ളുന്ന മഹാദേവാലയം. അവിടെ മാർ ഈവാനിയോസ് ദിവ്യ ബലിയർപ്പിച്ചു.

അവിടെനിന്നും പരിശുദ്ധ പാപ്പായുടെ സവിധത്തിലേക്ക്. കൊട്ടാരവാതിലിൽ കാവൽക്കാർ കുന്തം ഇളക്കി അഭിവാദ്യം ചെയ്തു.

മാർപാപ്പായുടെ സെക്രട്ടറി വന്നു പറഞ്ഞു.

"പരിശുദ്ധ പിതാവ് കാത്തുനിൽക്കുന്നു. കർദ്ദിനാളന്മാർക്കു മാത്രം അനുവദിക്കാറുള്ള രഹസ്യസന്ദർശനമാണ് അങ്ങേയ്ക്കു അനുവദിക്കപ്പെട്ടിരിക്കുന്നത്".

സെക്രട്ടറിയോടൊപ്പം മാർ ഈവാനിയോസ്, മാർപ്പാപ്പായുടെ സ്വകാര്യ മുറിയിലെത്തി.

പതിനൊന്നാം പീയൂസ് മാർപ്പാപ്പാ മേശയ്ക്കരികിൽ കാത്തു നില്ക്കുന്നു.

മാർ ഈവാനിയോസ് മുട്ടുകുത്തി മാർപ്പാപ്പായുടെ കൈപിടിച്ചു മുത്തി വികാരഭരിതനായി പറഞ്ഞു.

"പരിശുദ്ധ പിതാവേ, ധൂർത്തപുത്രൻ സ്വപിതാവിന്റെ അരികിലേക്കു തിരിച്ചുവന്നപോലെ ഞാനിതാ അവിടുത്തെ സന്നിധിയിലേക്കു വന്നിരിക്കുന്നു".

പുഞ്ചിരിയോടെ കുനിഞ്ഞ് മാർപ്പാപ്പാ അദ്ദേഹത്തെ പിടിച്ചെഴുന്നേൽപ്പിച്ചു മാറോടു ചേർത്ത് പറഞ്ഞു.

"യൂ ആർ മൈ ഗുഡ് സൺ"

ക്യാമറകൾ ആ അമൂല്യ സംഗമം പകർത്തി.



malankaralibrary.com

പരമാധികാരിയുടെ മുമ്പിൽ ആ നല്ല പുത്രനു പറയാൻ ഒരുപാടുണ്ടായിരുന്നു. ആശ്രമം, മഠം, അനാഥാലയം, പള്ളിക്കൂടങ്ങൾ ഇവയെപ്പറ്റിയെല്ലാം. സരസമായ ആ വാഗ്പ്രവാഹത്തിൽ ആകൃഷ്ടനായി ഇരുന്നുപോയി മാർപ്പാപ്പാ. കൂടെവന്ന മറ്റത്തിലച്ചനേയും മാർപ്പാപ്പയ്ക്കു പരിചയപ്പെടുത്തി. അവസാനം മാർപ്പാപ്പ കൽപ്പിച്ചു.

"ആവശ്യമുള്ളതെന്തും എഴുതിത്തന്നുകൊള്ളൂ".

ഇനിയും സന്ദർശിക്കാൻ അവസരമുണ്ട്. അപ്പോഴേക്കും വേണ്ട കാര്യങ്ങൾ എഴുതിക്കൊടുത്താൽ മതി. എന്നാൽ അതിനുമുമ്പേ ഒരാഗ്രഹം ഉണർത്തിച്ചു.

"സഭാ പ്രവർത്തനങ്ങളുടെ സംരക്ഷകനായി ഒരു വിശുദ്ധനെ അവിടുന്ന് നിർദ്ദേശിച്ചു തരണം".

അൽപ്പം ആലോചിച്ച് മാർപ്പാപ്പാ പറഞ്ഞു.

"വിശുദ്ധ പത്രോസു തന്നെയാകട്ടെ".

അന്നത്തെ കൂടിക്കാഴ്ച അവസാനിച്ചു.

ഇനിയും മൂന്നു തവണകൂടി സന്ദർശനാനുമതിയുണ്ട്. അതിനിടയിലൊരു ദിവസം ഇറ്റലിയിൽനിന്നും കുറേ കോളജു വിദ്യാർത്ഥികൾ മാർപ്പാപ്പായെ കാണാനെത്തി. മാർ ഈവാനിയോസ് വത്തിക്കാനിൽ ഉണ്ടെന്നറിഞ്ഞ് കുട്ടികൾ ആദ്യം അദ്ദേഹത്തിന്റെ അടുത്തെത്തി. അവരുടെ സർവ്വകലാശാലയിൽ ചെയ്ത ഉജ്ജ്വല പ്രഭാഷണത്തിലൂടെ മാർ ഈവാനിയോസ് അവരുടെ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയിരുന്നു.

അവർ പറഞ്ഞു.

"മാർപ്പാപ്പായെ കാണാൻ തിരുമേനിയും ഞങ്ങൾക്കൊപ്പം വരണം".

"അതു പറ്റില്ലല്ലോ. മുൻകൂട്ടി അനുവാദം നേടിയാലല്ലേ പരിശുദ്ധ പിതാവിനെ കാണാൻ പറ്റൂ. എന്റെ സന്ദർശനം ഇനിയും അടുത്ത ആഴ്ചയിലേയുള്ളൂ."

അവർ പക്ഷേ വളരെയേറെ നിർബന്ധിച്ചു. അവസാനം തിരുമേനി സമ്മതിച്ചു.

ഉടൻ സാധിച്ചുകിട്ടേണ്ട കാര്യങ്ങളൊക്കെ എഴുതി തയ്യാറാക്കിയിട്ടുണ്ട്. അതും കയ്യിലെടുത്തുകൊണ്ടാണ് കുട്ടികൾക്കൊപ്പം ഇറങ്ങിയത്.

മാർപ്പാപ്പായെ കണ്ട ഉടൻ കുറ്റബോധത്തോടെ മാർ ഈവാനിയോസ് പറഞ്ഞു.

"ഈ കുഞ്ഞുങ്ങളുടെ നിർബ്ബന്ധം മൂലമാണ് അനുവാദമില്ലാതെ അങ്ങയെ ഇപ്പോൾ സന്ദർശിക്കാൻ ഇടയായത്".



malankaralibrary.com

പുഞ്ചിരിയോടെ മാർപ്പാപ്പാ പറഞ്ഞു.

''മകനേ, താങ്കൾക്കെപ്പോഴും സ്വാഗതം. മുൻനിശ്ചയമില്ലാതെയും സ്വകാര്യസന്ദർശനംപോലും താങ്കൾക്കു നാം അനുവദിക്കുന്നു".

തുടർന്ന് മാർപ്പാപ്പാ കുട്ടികളോട് സംസാരിച്ചു. അതത്രയും മാർ ഈവാനിയോസിന്റെ മാഹാത്മ്യത്തെപ്പറ്റിത്തന്നെ. അവസാനം ഇങ്ങനെ പറഞ്ഞു നിർത്തി.

"മാർ ഈവാനിയോസ് റോമിൽ ആയിരിക്കുന്നത് നമുക്ക് അതിയായ സന്തോഷം തരുന്നു".

ആവശ്യങ്ങൾ എഴുതി വച്ച കടലാസ് നിവർത്തി മാർ ഈവാനിയോസ് ഉടൻ മാർപ്പാപ്പായെ ഏൽപ്പിച്ചു. പ്രധാനമായും അതിൽ ഒന്നേ ആവശ്യപ്പെട്ടിട്ടുള്ളൂ. തിരുവനന്തപുരം കേന്ദ്രമാക്കി അതിരൂപതയും തിരുവല്ലാ കേന്ദ്രമാക്കി രൂപതയും ചേർന്ന മലങ്കര സുറിയാനി ഹൈരാർക്കി വേണം.

അതിനൊരുപാടു കടമ്പകൾ കടക്കണം.

അതിരൂപതയ്ക്കുള്ള അപേക്ഷ റോമിൽ കിട്ടിയാലുടൻ അത് അതാതു രാജ്യത്തിലെ വത്തിക്കാൻ പ്രതിനിധിക്ക് അയച്ച് കൊടുക്കും. അദ്ദേഹം മറ്റു മെത്രാന്മാരുമായി ആലോചിച്ചശേഷമേ റോമിലേക്ക് അനുകൂലാഭിപ്രായം അയയ്ക്കുകയുള്ളൂ. വീണ്ടും അതേപ്പറ്റി റോമിൽ ചർച്ചകൾ നടക്കും. ഇതെല്ലാം കഴിഞ്ഞേ മാർപ്പാപ്പായുടെ അനുവാദം കിട്ടുകയുള്ളൂ. അങ്ങനെ അതു സംബന്ധിച്ച ബൂളാ തയ്യാറാക്കുകയും പുതിയ ഹൈരാർക്കി നിലവിൽ വരികയും ചെയ്യും. ഇത്രയും സാധിച്ചു കിട്ടുവാൻ മാസങ്ങളോ വർഷങ്ങളോ പോലും വേണ്ടി വന്നേയ്ക്കും.

എന്തായാലും പ്രാരംഭ അപേക്ഷ മാർ ഈവാനിയോസ് ഏൽപ്പിച്ചു. നിവേദനത്തിലൂടെ മാർപ്പാപ്പായുടെ നയനങ്ങൾ ശ്രദ്ധാപൂർവ്വം സഞ്ചരിച്ചു.

എല്ലാം വായിച്ചുതീർത്ത് അതു സെക്രട്ടറിയെ ഏൽപ്പിച്ച് തൽക്ഷണം കല്പിച്ചു.

"അനുവദിച്ചിരിക്കുന്നു".

അത്കേട്ട് സകലരും ഒന്നു ഞെട്ടുകതന്നെ ചെയ്തു. പക്ഷേ, ദൈവാനുഗ്രഹത്തിന്റെ പൂമഴയേറ്റു ശീലിച്ച മാർ ഈവാനിയോസിന് ആഹ്ലാദമായിരുന്നു.

മാർപ്പാപ്പാ നേരെ മുറിയിൽ കയറി. സ്വകാര്യമായി മാർ ഈവാനിയോസിനേയും കൂട്ടി. മേശമേൽ അടുക്കിക്കെട്ടിവച്ചിരുന്ന ഒരു കെട്ടു ക



malankaralibrary.com

ത്തുകൾ എടുത്ത് മാർ ഈവാനിയോസിനെ കാണിച്ച് മാർപ്പാപ്പാ പറഞ്ഞു.

"ഇതെല്ലാം അങ്ങേയ്ക്കെതിരേ ഇവിടെയെത്തിയിട്ടുള്ള കത്തുകളാണ്".

അതുകേട്ട് ഒരു കുട്ടിയെപ്പോലെ മാർ ഈവാനിയോസ് പൊട്ടിക്കരഞ്ഞു. മാർപ്പാപ്പാ പെട്ടെന്ന് അടുത്തുചെന്ന് അദ്ദേഹത്തെ സഗാഢം പുണർന്നു. കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീർ മണികൾ വിരലുകളാൽ തുടച്ചു. ആശ്വസിപ്പിച്ചു. എന്നിട്ടു ഭദ്രമായ പെട്ടിയിൽനിന്നും ഒരമൂല്യ വസ്തു പുറത്തെടുത്തു. പാലിയം. എപ്പിസ്ക്കോപ്പൽ ഭരണാധിപനുള്ള പ്രത്യേക സ്ഥാനവസ്ത്രമാണത്. വെളുത്ത കുഞ്ഞാടിന്റെ രോമത്തിൽനിന്നുണ്ടാക്കുന്ന അഞ്ചിഞ്ചു വീതിയുള്ള കമ്പിളിമാല. അതെടുത്തു പുനരൈക്യശില്പിയുടെ കഴുത്തിൽ മാർപ്പാപ്പ അണിയിച്ചു.

ക്യാമറാകൾ അതും പകർത്തി.

നന്ദിയാൽ നിറയുകയാണ് ആർച്ചു ബിഷപ്പിന്റെ ഹൃദയം. മാർപ്പാപ്പാ കല്പിച്ചു.

"പൗരസ്ത്യ തിരുസംഘത്തെക്കണ്ട് പുതിയ ഹൈരാർക്കിക്കുള്ള ബൂളാ തയ്യാറാക്കിക്കൊണ്ടു വരിക".

ആനന്ദാതിരേകത്താൽ ആർച്ചുബിഷപ്പ് പൗരസ്ത്യ തിരുസംഘത്തിന്റെ കാര്യാലയത്തിൽച്ചെന്നു.

അംഗീകാരപത്രം ടൈപ്പു ചെയ്തു തരാൻ അഭ്യർത്ഥിച്ചു. അതുകേട്ട് അവിടെ ഉണ്ടായിരുന്ന കർദ്ദിനാളന്മാർ ഊറിച്ചിരിച്ചു. അവർ കരുതി; പുതിയ മെത്രാനല്ലേ, ഹൈരാർക്കിക്കാര്യം ഇത്ര എളുപ്പമാണെന്നു തെറ്റിദ്ധരിച്ചിട്ടുണ്ടാവും.

അതിനാൽ അവർ കത്തോലിക്കാസഭയുടെ നിയമങ്ങളെപറ്റി മാർ ഈവാനിയോസിനോടു വിശദമായി പറഞ്ഞു.

വളരെ ക്ഷമയോടെ ശ്രദ്ധാപൂർവ്വം കേട്ടിരുന്ന ആർച്ചുബിഷപ്പ് അവസാനം പുഞ്ചിരിയോടെ പറഞ്ഞു.

"നിങ്ങൾ പറയുന്നതെല്ലാം കാനോൻ നിയമത്തിൽ നിന്നുമാണെന്നു ഞാൻ മനസ്സിലാക്കുന്നു. കത്തോലിക്കാ സഭയിലെ കാനൻ നിയമങ്ങൾ ഞാൻ ശരിക്കു പഠിച്ചിട്ടില്ല. ഇതു സംബന്ധിച്ചുള്ള എല്ലാ നടപടികളും നിയമാനുസരണം തന്നെ നിങ്ങൾ നടത്തിക്കൊള്ളണം. പക്ഷേ ഒരു കാര്യം മാത്രമേ എനിക്കു പറയുവാനുള്ളൂ. പരിശുദ്ധ പിതാവ് ഇക്കാര്യം നേരിട്ട് അനുവദിച്ചുകഴിഞ്ഞു".



malankaralibrary.com

സകലരും അത്ഭുത സ്തബ്ധരായിപ്പോയി. കത്തോലിക്കാസഭയുടെ ചരിത്രത്തിൽ ഇതാദ്യ സംഭവം.

ഒരു കർദ്ദിനാൾ ആശ്ചര്യത്തോടെ പറഞ്ഞു.

“റോം സാവധാനം നീങ്ങുന്നു എന്ന പഴഞ്ചൊല്ല് ഇന്നാദ്യം തിരുത്തപ്പെട്ടിരിക്കുന്നു”.

മറ്റൊരാൾ പ്രസ്താവിച്ചു.

“മുപ്പതു വർഷമായി ഭരിക്കുന്ന ബൻസിഗർ തിരുമേനി തിരുവനന്തപുരം കേന്ദ്രമാക്കിയുള്ള ലത്തീൻ രൂപതയ്ക്കുവേണ്ടി എത്രയോ കാലമായി ശ്രമിക്കുകയാണ്. ഇതുവരെ സാധിച്ചിട്ടില്ല”.

നന്ദിപൂർവ്വമുള്ള ആർച്ചുബിഷപ്പിന്റെ പുഞ്ചിരി അപ്പോഴുമവിടെ പ്രാകാശിച്ചുനിന്നു.

ആ മുഖത്തുനിന്നു പ്രസരിക്കുന്ന അതുല്യ ശോഭയിൽ ആകൃഷ്ടരായിരിക്കുന്നു കർദ്ദിനാൾ വൃന്ദം.

ഒരു കർദ്ദിനാൾ ഓടിയെത്തി ആർച്ചുബിഷപ്പിനെ ഉമ്മവച്ചുകൊണ്ട് എല്ലാവരും കേൾക്കെ പറഞ്ഞു.

“ഞാൻ മാർപ്പാപ്പ ആയിരുന്നെങ്കിൽ അങ്ങയെ ഒരു കർദ്ദിനാൾ ആക്കുമായിരുന്നു.”

പുഞ്ചിരി തുടിച്ച ചുണ്ടുകളിൽ മറുപടി ഓടിയെത്തി.

“അങ്ങു മാർപ്പാപ്പ അല്ലാത്തതിനാൽ ദൈവത്തിനു സ്തോത്രം”.

പുതിയ ഹൈരാർക്കിക്കുള്ള ‘ബുള’ ടൈപ്പു ചെയ്തു കിട്ടുകയേ വേണ്ടൂ. അതിൽ മാർപ്പാപ്പ് ഒപ്പുവച്ചു അയച്ചുതരും. മുട്ടുകുത്തി കയ്യിൽ ഉമ്മവച്ച് മാർപ്പാപ്പായോടു പറഞ്ഞു.

“ഈ വലിയ സന്തോഷത്തോടെ ഞാനിനി മടങ്ങിക്കൊള്ളട്ടെ”.

യാത്രാ പരിപാടികളെപ്പറ്റി പരിശുദ്ധ പിതാവിനോടദ്ദേഹം വിവരിച്ചു.

“അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സിൽ പങ്കെടുക്കാനായി ഐർലണ്ടിലേക്കു പോവുകയാണ്. അതിനിടയിൽ ലണ്ടനിൽ ഇറങ്ങി ജോർജ്ജ് അഞ്ചാമൻ രാജാവിനേയും കാണുന്നുണ്ട്”.

മാർപ്പാപ്പാ പറഞ്ഞു.

“ജോർജ്ജ് അഞ്ചാമൻ രാജാവിന്റെ പ്രതിനിധിയാണല്ലോ ഭാരതം ഭരിക്കുന്നത്. അതിനാൽ ഈ സന്ദർശനം ബന്ധങ്ങൾ സുദൃഢമാകാൻ ഇടയാകട്ടെ”.



malankaralibrary.com

എന്നിട്ട് മാർപ്പാപ്പ ഒരെഴുത്തെടുത്ത് ആർച്ച്ബിഷപ്പിനെ ഏൽപ്പിച്ചു പറഞ്ഞു.

"രാജാവും കുടുംബവും ഇവിടെ വന്നിരുന്നു. അദ്ദേഹത്തിന്റെ പേർക്ക് അയയ്ക്കാൻ വച്ചിരുന്ന ഒരു സന്ദേശമാണിത്. തിരുമേനി അതു വഴി പോകുമ്പോൾ ഇതുകൂടി കൊടുക്കുക".

ആ കത്തുവാങ്ങി ആർച്ച് ബിഷപ്പ് വിട പറഞ്ഞു.

ഐർലണ്ടിലേക്കു തിരിക്കും മുമ്പെ മലങ്കരയിലേക്കു കമ്പി അയച്ചു; പുലിക്കോട്ട് ജോസഫ് റമ്പാച്ചന്റെ പേർക്ക്.

'തിരുസിംഹാസനത്തിൽനിന്നും നമ്മെ തിരുവനന്തപുരം അതിരൂപതയുടെ ആർച്ച്ബിഷപ്പായി നിയമിച്ചിരിക്കുന്നു. ഉടൻ തിരുവനന്തപുരത്തുപോയി നമുക്കു താമസിക്കാൻ വേണ്ട സജ്ജീകരണങ്ങൾ ചെയ്യുക'.

പിന്നീട് നേരെ ഡ്ബ്ലിനിലെത്തി. കുരിശാകൃതിയിലുള്ള ഒരു നാൽക്കവലയിലാണ് വേദി. ലക്ഷോപലക്ഷം ജനങ്ങളാണ് തിങ്ങികൂടിയിരിക്കുന്നത്.

അതിനടുത്ത് ആർച്ച് ബിഷപ്പ് കാറിൽ വന്നിറങ്ങി. ആ പൊതുനിരത്തിൽ കാറിനരികിലായി ഒരാൾ ഭവ്യതയോടെ ഓടിയെത്തി മുട്ടുകുത്തി നിൽക്കുന്നു. കോട്ടു ധരിച്ച, തടിച്ചുരുണ്ട ഒരു വെള്ളക്കാരൻ. അദ്ദേഹത്തെ ആർച്ച്ബിഷപ്പിനു സംഘാടകർ പരിചയപ്പെടുത്തി.

'ഗിൽബർട്ട് കെയ്ത്ത് ചെസ്റ്റേർട്ടൺ'

"ഓ! ജി.കെ.ചെസ്റ്റേർട്ടൺ!" അതു പറഞ്ഞ് ആർച്ച് ബിഷപ്പ് അദ്ദേഹത്തിനരികിലേക്കു കുതിച്ചു.

വിശ്വോത്തരനായ ആ ആംഗലസാഹിത്യമഹാപ്രതിഭ ഏതോ മായാലോകത്തെത്തിയപോലെ ഒരു നിമിഷം സ്തബ്ധനായി നിന്നുപോയി. അൻപത്തെട്ടുകാരനായ അദ്ദേഹം നാലുവർഷം മുമ്പാണ് പുനരൈക്യപ്പെട്ടത്. അന്നുമുതൽ മാർ ഈവാനിയോസിന്റെ പുനരൈക്യശ്രമങ്ങളെപ്പറ്റി കേട്ടറിഞ്ഞിരുന്നു. രണ്ടു കൊല്ലം മുമ്പ് മാർ ഈവാനിയോസ് പുനരൈക്യപ്പെട്ടതോടെ ആ മഹോജ്ജ്വല രൂപനെ ഒരു നോക്കുകാണാൻ കാത്തിരിക്കുകയായിരുന്നു ഈ സാഹിത്യനായകൻ. തന്നെക്കാൾ എട്ടു വയസ്സിളയതാണെങ്കിൽകൂടി ആർച്ചു ബിഷപ്പിനെ ഗുരുവും പിതാവും വഴികാട്ടിയുമൊക്കെയായി ചെസ്റ്റേർട്ടൺ ഹൃദയത്തിൽ പൂജിക്കുന്നു.

സ്ഥൂലാകാരമാർന്ന വെണ്ണക്കൽ പ്രതിമപോലെ, ഇമചിമ്മാതെ നോക്കി നിൽക്കുകയാണദ്ദേഹം. ചെമ്മണ്ണിന്റെ നിറമാർന്ന ഉടയാടകളുമായി കടന്നുവരുന്ന മാർ ഈവാനിയോസിന്റെ ഭാവം കണ്ട് ഒരു മഹാ



malankaralibrary.com

ഹിന്ദുക്ഷേത്രത്തിൽ നിന്നിറങ്ങി വരുന്ന ഒരു മഹർഷിയോ ഇത് എന്ന് ആശ്ചര്യപ്പെട്ട് നിന്നുപോവുകയാണദ്ദേഹം.

പൊക്കം കൂടിയ തലപ്പാവ്, നരച്ച സമൃദ്ധമായ മീശയാൽ ചൂഴ്ന്ന ബുദ്ധിമത്തും ജാഗ്രത്തുമായ മുഖം. അതുകണ്ട് തന്റെ മാംസത്തിൽ എന്തോ നുരയ്ക്കുന്നപോലെ. കാഴ്ചയിൽ ഒരു മഹാരാജാവു തന്നെ. ക്രിസ്തീയ പുരോഹിതന്റെ അഭിഷേകം നേടിയ മഹാരാജാവ്. അതെ, പൗരാണിക സങ്കല്പത്തിലെ പ്രസ്റ്റർ ജോൺ തന്നെയല്ലേ ഇദ്ദേഹം. ജോൺ എന്ന പേരിൽ പൗരസ്ത്യ ദേശത്ത് പണ്ടെങ്ങോ വാണരുളിയ മഹാരാജാവായ ക്രൈസ്തവ പുരോഹിതന്റെ അവതാരം തന്നെയല്ലേ ഇത്. ഈവാനിയോസ് എന്ന പേരു പോലും ജോണിന്റെ രൂപാന്തരമാണല്ലോ. അപ്പോൾ ഈ സൂര്യോദയം കാണുമ്പോൾ ആ ഐതിഹ്യം പുനർജ്ജനിക്കുകയല്ലേ.

ചിന്തകളിലേക്കു ചൂഴ്ന്നിറങ്ങിയ മനസ്സുമായി നിന്നുപോയ ചെസ്റ്റേർട്ടൺ ഈ അവതാര പുരുഷന്റെ ധ്വനി കേട്ടുണർന്നു.

"താങ്കളുടെ ലേഖനങ്ങൾ പത്രങ്ങളിലും മറ്റും ഞാൻ വായിച്ചിട്ടുണ്ട്".

അതിന്റെ ശൈലിയെപ്പറ്റിയും ആശയത്തെപ്പറ്റിയും തുടർന്നു പറഞ്ഞു.

ഉത്കൃഷ്ടമായ ഇംഗ്ലീഷിലുള്ള ആ മധുരവാക്കുകൾ നുകർന്ന് ഒരക്ഷരം പ്രതികരിക്കുവാൻ പോലുമാകാതെ വീണ്ടും ഒരു നിമിഷം അദ്ദേഹം നിശ്ചലനായിപ്പോയി. ഉള്ളിലെ വിസ്മയം വളരുകയാണ്.

ലോകമെങ്ങും പടർന്ന സംവാദത്തിനു കാരണക്കാരനായ സൂര്യോദയത്തിന്റെ ഈ ദിക്കുകാരൻ, പത്രത്തിൽ വന്ന തന്റെ വികൃതികൾ ശ്രദ്ധിച്ചിട്ടുണ്ടെന്നോ!

എങ്കിൽപ്പോലും അദ്ദേഹം എത്രയോ അമാനുഷ പ്രതിഭാധനനായിരിക്കുന്നു.

ക്രമേണ സ്ഥലകാലബോധം വീണ്ടുകിട്ടിയ ചെസ്റ്റേർട്ടൺ പിതാവിന്റെ കരങ്ങൾ ചുംബിച്ചു സംസാരിച്ചു തുടങ്ങി.

ഡബ്ളിനിൽ ആർച്ചുബിഷപ് ബലിയർപ്പിച്ചു. മലങ്കര റീത്തിലുള്ള ആഘോഷമായ ദിവ്യബലി. പ്രസംഗിക്കുകയും ചെയ്തു; പൗരസ്ത്യ ആരാധനക്രമത്തിന്റെ മഹിമകളെപ്പറ്റി. ഏവർക്കും എല്ലാം ഒരസാധാരണാനുഭവം.

അതുകഴിഞ്ഞുടൻ അവിടുത്തെ ഗവർണ്ണർ വന്ന് വിരുന്നിനു ക്ഷണിച്ചു. ഒപ്പം ചെസ്റ്റേർട്ടണേയും. ഗവർണ്ണറുടെ സൽക്കാരവേദിയിലേക്കു



malankaralibrary.com

നീങ്ങും മുമ്പ് പത്രക്കാർ പൊതിഞ്ഞു. പടങ്ങൾക്കായി ഒന്നു നിൽക്കണമെന്ന് അപേക്ഷിച്ചു.

ബംഗ്ലാവിലേക്കുള്ള കൽപ്പടികളിൽ ക്യാമറാകൾക്കഭിമുഖമായി ആർച്ചുബിഷപ്പ് നിന്നു. തെല്ലു മാറിനിന്ന ചെസ്റ്റേർട്ടണെ ആർച്ചുബിഷപ്പ് മാടി വിളിച്ചു.

ചെസ്റ്റേർട്ടൺ ചിന്തിച്ചു.

"ഈ തെരഞ്ഞെടുപ്പിന് തനിക്കെന്തു യോഗ്യതയുണ്ട്! വിശ്വവിഖ്യാതനായ ഈ ബഹുമുഖ പ്രതിഭയോടൊപ്പം നിൽക്കാൻ താനാര്!"

എങ്കിലും അനുസരിച്ചു. ഒരു വെള്ളാനപോലെ സ്ഥൂലനായ തന്റെ സാന്നിദ്ധ്യം അദ്ദേഹത്തിനു കണ്ണുപറ്റാതിരിക്കാൻ ഇടയാകുമെങ്കിൽ എന്നു കരുതി ഒപ്പം നിന്നു.

ഗവർണ്ണറുടെ വസതിയിൽനിന്നും അവർ തമ്മിൽ യാത്ര പറഞ്ഞു.

ആർച്ചുബിഷപ്പിനു മറ്റൊരു പരിപാടിക്കുകൂടി ഡബ്ളിനിൽ പങ്കെടുക്കേണ്ടതുണ്ട്. ലീജിയൻ ഓഫ് മേരിയുടെ വിശ്വസമ്മേളനം. കന്യാമറിയത്തെ ആദരിക്കുന്ന യോഗമാണ്. പിറ്റേന്ന് അവിടെത്തുമ്പോൾ 'യൂണിവേഴ്സ്' എന്ന സുപ്രസിദ്ധ ഇംഗ്ലീഷ് ദിനപത്രം കയ്യിൽ കിട്ടി. അതിൽ 'പ്രെസ്റ്റർ ജോൺ' എന്ന വലിയ തലക്കെട്ടിൽ തന്നെപ്പറ്റി ഒരു സുദീർഘലേഖനവും. എഴുതിയത്, ഇന്നലെക്കണ്ട ജീ.കെ.ചെസ്റ്റേർട്ടൺ. വ്യംഗ്യമായി പറയുന്ന ജി.കെ.യുടെ അസാധാരണമായ ഭാഷാശൈലി ഒരിക്കൽകൂടി അനുഭവിക്കുകയാണ്. ലേഖനത്തിന്റെ അവസാനഭാഗങ്ങളിൽ വ്യംഗ്യതയുടെ ഭംഗി തുടിച്ചുനിൽക്കുന്നതുപോലെ തോന്നി.

"......... അദ്ദേഹത്തിന്റെ ദയാമസൃണമായ സംഭാഷണത്തിൽ നിന്നും നമസ്കാരം ചെയ്തു പിൻവാങ്ങുമ്പോൾ എന്നിൽ പരിഭ്രമകരമായ ചിന്തകൾ നിറഞ്ഞു. അർദ്ധബുദ്ധിയുടേയോ ഭ്രാന്തന്റേയോ സാന്നിദ്ധ്യം ഭാഗ്യോദർക്കമായിട്ടോ ദുർഭൂതങ്ങളിൽ നിന്നുള്ള രക്ഷയായിട്ടോ ഭാരതത്തിൽ വിചാരിക്കപ്പെടാറുണ്ട് എന്നു ഞാനോർമ്മിച്ചു.

ഇത്ര അതിബൗദ്ധികനായ ഒരു കത്തോലിക്കാ മെത്രാപ്പോലീത്താ മൂഢവിശ്വാസികൾക്ക് അതീതനാണെങ്കിലും ഈ സംശയം എന്നിൽ പ്രത്യാവർത്തിച്ചു.."

✠



malankaralibrary.com



# 39

# സംസ്ഥാനതലസ്ഥാനത്ത് സഭാ ആസ്ഥാനം

ആറുമാസങ്ങൾ പെട്ടെന്നു കടന്നുപോയതുപോലെ. നാട്ടിലേക്കു മടങ്ങുമ്പോൾ നേടേണ്ടതു നേടിയ സംതൃപ്തി.

വിമാനത്തിലാണു മടക്കം. കപ്പലിൽത്തന്നെ മടങ്ങണമെന്നാണു തീരുമാനിച്ചിരുന്നത്. പക്ഷേ പെട്ടെന്നു നാട്ടിലെത്തണമെന്നു തോന്നി. കാരണം ഒരു കിംവദന്തി തന്നെ.

ഇംഗ്ലണ്ടിൽനിന്നും ബൽജിയത്തിലേക്കു തിരിക്കുമ്പോഴാണ് അതറിഞ്ഞത്. തിരുവനന്തപുരം രൂപതയ്ക്കുള്ള അനുവാദം ലത്തീൻസഭയ്ക്കു കിട്ടിയിരിക്കുന്നത്രേ. പുലിക്കോട്ടു റമ്പാന്റെ കമ്പിയിലൂടെയാണ് ഇതറിഞ്ഞതും. റോമിലേക്ക് ഉടൻ ബന്ധപ്പെട്ടപ്പോൾ ഭയപ്പെടേണ്ട എന്ന മറുപടി. തിരുവനന്തപുരം അതിരൂപത മലങ്കരയ്ക്കുതന്നെ എന്ന അറിയിപ്പ്.

അറിഞ്ഞറിഞ്ഞു കിംവദന്തിയാണെങ്കിലും പെട്ടെന്നു നാട്ടിലെത്ത



malankaralibrary.com

ണമെന്നു തോന്നി. കറാച്ചിവരെ വിമാനത്തിൽ. അവിടെനിന്നു ബോംബെവരെ കപ്പലിൽ. പിന്നീടു തീവണ്ടിയിലും.

തിരുവനന്തപുരത്തു തീവണ്ടി എത്തുമ്പോൾ രാത്രി പത്തു മണി. വാർത്ത അറിഞ്ഞവരെല്ലാം അവിടെ കൂടിയിട്ടുണ്ട്; ജാതി ഭേദമെന്യേ. തീവണ്ടിവരുന്ന ഭാഗത്തേക്കു കണ്ണുകൾ പായിച്ച് കാത്തുനിൽക്കുകയാണു പൗരാവലി. ഏറ്റം മുൻഭാഗത്ത് ആശ്രമസ്ഥരും രണ്ടു റമ്പാന്മാരും. പുലിക്കോട്ടു റമ്പാച്ചന്റെ തൊട്ടടുത്ത് എല്ലാവരുടേയും നേതാവിനെപ്പോലൊരാൾ തലയുയർത്തിപ്പിടിച്ചു നിവർന്നു നിൽക്കുന്നു. വളരെ ഉയരമുള്ള അദ്ദേഹത്തിന്റെ കഷണ്ടിത്തലയിൽ വൈദ്യുതി പ്രകാശം പതിച്ച് ചിതറിത്തിളങ്ങുന്നു. തൂവെള്ള ഖദർ ജൂബായും മുണ്ടും തോളിലൊരു രണ്ടാം മുണ്ടുമണിഞ്ഞ സ്വർണ്ണവർണ്ണമുള്ള ഗൗരവക്കാരൻ; മഹാകവി വള്ളത്തോൾ നാരായണമേനോൻ.

ആർച്ചുബിഷപ്പിനെ സ്വീകരിക്കാനായി കയ്യിൽ ഒരു ഖദർഷാളും കരുതി നിൽക്കുകയാണു മഹാകവി.

തീവണ്ടി നിലയത്തിൽനിന്നും അറിയിപ്പുകിട്ടി. വണ്ടി ഉടൻ എത്തിച്ചേരും. സകലരും പ്രസരിപ്പോടെ തയ്യാറായിനിന്നു. പക്ഷേ, തൽക്ഷണം വൈദ്യുതി നിലച്ചു. എങ്ങും കൂരിരുട്ട്. എല്ലാവരും ഭയന്നു. ആർച്ചുബിഷപ്പിനു ശത്രുക്കളും കുറവില്ല. അറസ്റ്റുവാറണ്ടുമായി പിന്തിരിയേണ്ടിവന്നവരുടെ പക കെട്ടടങ്ങിയിട്ടുണ്ടാവില്ല. അവർ കരുതിക്കൂട്ടിച്ചെയ്യുന്ന അട്ടിമറിയാണോ ഇത്.

കിളിലേത്തു ചാക്കോച്ചൻ ഓടിപ്പോയി കുറച്ചു മെഴുകുതിരികളുമായി പാഞ്ഞെത്തി. മുൻനിരയിൽ നിന്നവർ അതു കത്തിച്ചു പിടിച്ചു. വളവിനപ്പുറം ചൂളംവിളിയുയർന്നു. ഇരുളിൽ തുളച്ചുപായുന്ന മുൻവെളിച്ചവുമായി തീവണ്ടി വരുന്നു.

ഇരുളിൽ, കമ്പാർട്ടുമെന്റു കണ്ടുപിടിക്കാനായി ആളുകൾ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു.

തീവണ്ടി പതുക്കെ വന്നുനിന്നു.

തല്ക്ഷണം വൈദ്യുതിയും തിരിച്ചുവന്നു.

വിളക്കുകൾ ജ്വലിച്ചു. അതേ മുഖപ്രകാശത്തോടെ പുഞ്ചിരി തൂകി വാതിലിൽ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്.

ആഹ്ളാദാരവങ്ങളുയരുമ്പോൾ മഹാകവി വള്ളത്തോൾ ഓടിച്ചെന്നു ഖദർഷാൾ അണിയിച്ചു. അപ്പോളുണ്ടാക്കിയ ഈരടി ഉറക്കെച്ചൊല്ലുകയും ചെയ്തു.

"അന്ധകാര മദ്ധ്യേ ഞങ്ങൾക്കാശ്വാസമേകുവാൻ വന്ന



malankaralibrary.com

പൊൻതാരമേ ജയിച്ചാലും മേൽക്കുമേൽ ഭൂമൗ"

യാത്രാക്ഷീണമുണ്ടെങ്കിലും തന്നെക്കാത്ത് അവിടെക്കൂടിയവരെ നോക്കി പിതാവ് അല്പം സംസാരിച്ചു. അപ്പോഴേക്കും പുലിക്കോട്ടു റമ്പാച്ചൻ വന്നു വിളിച്ചു.

കാർ ഒരുങ്ങിക്കിടക്കുന്നു. അതിൽക്കയറുമ്പോൾ പിൻസീറ്റിൽ വളരെ വൃദ്ധനായ ഒരാൾ കൂനിക്കൂടിയിരിപ്പുണ്ട്. ആർച്ചു ബിഷപ് സൂക്ഷിച്ചുനോക്കി. സ്വപിതാവ്.

തന്റെ ആഗമനമറിഞ്ഞ് തൊണ്ണൂറു വയസ്സുള്ള വത്സലപിതാവ് രാവേറെയായിട്ടും കാത്തിരിക്കുന്നു. അപ്പച്ചന്റെ അരികിൽ അദ്ദേഹം ഇരുന്നു. മുൻഭാഗത്ത് പുലിക്കോട്ടു റമ്പാച്ചനും കിളിലേത്തു ചാക്കോച്ചനും.

ആദ്യം അപ്പച്ചനോടു തെരക്കിയത് അമ്മയുടെ മരണവിവരങ്ങൾ. ഉറക്കെയെങ്കിലും തെല്ലവ്യക്തതയോടെ അപ്പച്ചന്റെ വായിൽ നിന്നും വാക്കുകൾ ഉരുണ്ടു വീണു. അതു കേൾക്കാൻ മാർ ഈവാനിയോസ് പിതൃമുഖത്തേക്കു ചെവി ചായ്ച്ചിരുന്നു.

"വല്യ കേമമായിത്തന്നെയാ അവളെ അടക്കിയത്. അതിനു കാരണക്കാരൻ ദാ, ഈ ഇരിക്കുന്ന നമ്മുടെ ചാക്കോച്ചനാ. ചങ്ങനാശ്ശേരി എസ്.ബി.കോളജിൽ ഇവൻ ചെന്ന് പുരയ്ക്കലച്ചനോടു മരണവിവരം അറിയിച്ചു. മറ്റച്ചന്മാരേയും കൂട്ടി പുരയ്ക്കലച്ചൻ ഓടിവന്നു. കൊടേം കുരിശുമൊക്കെയായി കേമമാരുന്നു കാര്യങ്ങൾ".

ചാക്കോച്ചൻ അറിയിച്ചു.

"വെള്ളയമ്പലത്ത് ഒരു വാടക കെട്ടിടം കിട്ടിയിട്ടൊണ്ട്. ഡോക്ടർ രാമൻ തമ്പി എന്നൊരാളിന്റേതാണ്. എഴുപത്തഞ്ചു റുപ്പികയാ മാസവാടക. മൂന്നാലുപേർക്ക് പാർക്കാനുള്ള സൗകര്യമുണ്ട്".

ആർച്ചു ബിഷപ്പ് പറഞ്ഞു.

"ചാക്കോച്ചാ, നമുക്കിവിടെ അത്യാവശ്യമായി ഒരു പള്ളികൂടി ഉണ്ടാവണം. വസ്തുവാങ്ങി അതിലൊരു പള്ളി നിർമ്മിക്കാനുള്ള വകയൊന്നും നമ്മുടെ പക്കലില്ല. അതിനാൽ, പള്ളിയാക്കിയെടുക്കത്തക്ക തരത്തിൽ വല്ല കെട്ടിടവും കിട്ടാനുണ്ടോ എന്നുകൂടി അന്വേഷിക്കണം".

ചാക്കോച്ചൻ അതും ഏറ്റു.

വെള്ളയമ്പലത്തെ വാടകക്കെട്ടിടത്തിന്റെ മുറ്റത്തു കാർ ചെന്നു നിന്നു. പാതിരാക്കാറ്റിൽ ഇളകിച്ചിരിക്കുന്ന വർണ്ണത്തോരണങ്ങൾ. പക്ഷേ സ്വീകരിക്കാൻ അവിടെ കുറച്ചാളുകൾ മാത്രം. പിടിക്കാൻ ആളില്ലാത്തതിനാലോ എന്തോ ഇരുവശത്തുമുള്ള മരനിരകളിൽ മുത്തുക്കുടകൾ കെട്ടിവച്ചിരിക്കുന്നു.



malankaralibrary.com

തിരുവനന്തപുരത്തു സ്വന്തമായി ഒരിഞ്ചു സ്ഥലമില്ല. ആൾ സ്വാധീനമില്ല. എന്നിട്ടും സഭാകേന്ദ്രം ഇവിടെ അനുവദിച്ചുകിട്ടിയിരിക്കുന്നു. സഭാപരമായ ഒരത്ഭുതം തന്നെ. പക്ഷേ ഈ നില ഉടൻ മാറിയേ പറ്റൂ. മലങ്കര ഹൈരാർക്കി സ്ഥാപനം ഉടൻ നടക്കണം. അതിന്റെ മേൽനോട്ടവും ബൻസിഗർ തിരുമേനിക്കു തന്നെ. അദ്ദേഹം ഇക്കാര്യത്തിൽ ഉത്ക്കണ്ഠാകുലനാണ്. വത്തിക്കാനിൽ നിന്നുള്ള ഭാരത പ്രതിനിധിയുടെ മനോനിലയും അങ്ങനെ തന്നെ. കാരണം, ഹൈരാർക്കിസ്ഥാപനം നടത്തുവാൻ തിരുവനന്തപുരത്തു മലങ്കര കത്തോലിക്കർക്കു പള്ളിയില്ല.

താൽക്കാലിക സംവിധാനംപോലും ഒത്തുകിട്ടിയില്ല. അങ്ങനെ വിഷമിച്ചിരിക്കുമ്പോൾ ഒരു വാർത്ത കേട്ടു.

'പാളയത്ത് ഒരു സിനിമാശാല വിൽക്കുന്നത്രേ'.

ഈ സദ്വാർത്ത പിതാവിനു മുമ്പിൽ മനേജർ ചാക്കോച്ചൻ വിളമ്പി.

"ഉടൻ പോയി അതു വാങ്ങെടോ." പിതാവിന്റെ കല്പന. എവിടുന്നൊക്കെയോ സ്വരൂപിച്ച കുറച്ചു കാശുമായി ചാക്കോച്ചൻ പോയി. കരാർ ഉറപ്പിച്ചു. നഗരഹൃദയത്തിലെ 'പോമ്പിഡോർ', സിനിമാശാല അങ്ങനെ സ്വന്തമായി.

ധാരാളം ആളുകളെ ഉൾക്കൊള്ളാനുള്ള ഇടമുണ്ട്. കേടുപാടുകൾ പോക്കി മുഖഛായ ഒന്നു മാറ്റിയെടുത്താൽ ദേവാലയമായി.

പണിക്കാരും ആശ്രമസ്ഥരും അതിനായി ഉത്സാഹിച്ചു. പണി തിടുക്കത്തിൽ പുരോഗമിക്കുകയാണ്.

അതിനുമുമ്പേ കുറച്ചു ഭൂമി വാങ്ങിയിരുന്നു. നാലാഞ്ചിറയിലാണ്. ചാക്കോച്ചൻ പോയിക്കണ്ടു. പൊതുവഴിയുടെ ഇരുവശങ്ങളിലായി പന്ത്രണ്ടേക്കർ ഉണ്ട്. ഒരിടത്ത് എട്ടും മറുവശത്തു നാലും.

എട്ടേക്കർ നല്ലൊരു കുന്നാണ്. ആശ്രമത്തിനു പറ്റിയസ്ഥലം. പഴയതെങ്കിലും അതിലൊരു ചെറുകെട്ടിടവുമുണ്ട്. അതൊന്നു പുതുക്കിയാൽ നാലഞ്ചാളുകൾക്കു പാർക്കാൻ അതുമതി.

മറ്റേതും നല്ലൈശ്വര്യമുള്ള ഭൂമി.

പക്ഷേ, പണമില്ലാതെ പിതാവു ഞെരുങ്ങുകയാണ്.

എങ്കിലും ചാക്കോച്ചനോടു പറഞ്ഞു.

"കാശെങ്ങനെങ്കിലും ഉണ്ടാക്കി അതും നമുക്കുവാങ്ങണമെടോ"

റോമായാത്രയിൽ പ്രസംഗങ്ങൾക്കുള്ള പ്രതിഫലമായും മറ്റും കുറച്ചു



malankaralibrary.com

പണം കിട്ടിയിരുന്നു. പിന്നെക്കുറച്ചു തുക കടം വാങ്ങി ആ സ്ഥലവും വാങ്ങി. സ്ഥലം സൂക്ഷിപ്പു ജോലി ജേക്കബിനെ ഏൽപ്പിച്ചു.

എന്നിട്ടു വെണ്ണിക്കുളത്തേക്കു പോയി. ആശ്രമസ്ഥരെ കണ്ടിട്ട് എത്രയധികനാളായി.

സ്നേഹതാതനെ കണ്ട് ശിഷ്യഗണത്തിന്റെ മുഖത്തുനിന്ന് ഇല്ലായ്മകളുടെ ഭാവം ഓടിയകന്നു. വിവരങ്ങളെല്ലാം പിതാവു ചോദിച്ചറിഞ്ഞു. നിർദ്ദേശങ്ങൾ നൽകി.

പക്കോമിയോസ് ഓ.ഐ.സിയെ പ്രത്യേകം വിളിച്ച് പിതാവു പറഞ്ഞു.

"എടോ, നാലാഞ്ചിറയിൽ നമുക്കു കുറെ ഭൂമി ലഭിച്ചിട്ടുണ്ട്. കാടു തെളിച്ച് കയ്യാല തീർത്ത് അതൊന്നു വൃത്തിയാക്കണം. ഏതാനും പണിക്കാരുമായി അവിടേക്കു പോവുക".

ചുറുചുറുക്കോടെ അദ്ദേഹം തലയാട്ടി

സെറാഫിയോൻ അച്ചനായിത്തീർന്ന അലക്സാണ്ടർ ശെമ്മാശനെപ്പോലെ കെട്ടിടനിർമ്മാണ ജോലികളിലും മറ്റും വലിയ തൽപ്പരനാണ് പക്കോമിയോസ് ശെമ്മാശനും.

പിതാവിന്റെ കല്പനപ്രകാരം പിറ്റേന്നു വെളുപ്പിന് വേലക്കാരേയും കൂട്ടി പക്കോമിയോസ് ശെമ്മാശൻ നാലാഞ്ചിറയിലേക്കു തിരിച്ചു.

വെണ്ണിക്കുളം ആശ്രമപ്പള്ളിയിൽ പിതാവു ബലിയർപ്പിച്ചു. ആശ്രമസ്ഥരായ കാഷായ സന്ന്യാസികൾ പള്ളിയിലുണ്ട്. വെള്ള മുണ്ടും ഉടുപ്പുമണിഞ്ഞ ഒരു പയ്യനും. വയസ്സു പതിനേഴ്, പ്രശാന്ത കോമളൻ, സ്വർണ്ണദണ്ഡുപോലുള്ളദേഹം. അവന്റെ ശാന്തമിഴികളിൽ ആത്മീയദീപ്തി.

ആശ്രമസ്ഥർക്കെല്ലാം അവൻ സുപരിചിതൻ. കല്ലൂപ്പാറയിലെ കടമാൻകുളം ബഥനിക്ക് അടുത്താണവന്റെ വീട്. ദരിദ്രമെങ്കിലും ശ്രേഷ്ഠ പാരമ്പര്യമുള്ള തങ്ങളത്തിൽ കുടുംബത്തിലെ ആദ്യജാതൻ; കുഞ്ഞൂട്ടി എന്ന ഓമനപ്പേരുള്ള ടി.ഇ.വർഗീസ്.

യാഥാസ്ഥിതിക യാക്കോബായക്കാരനാണ്. എന്നിട്ടും കുഞ്ഞൂട്ടി ബഥനിയിലെ നിത്യസന്ദർശകൻ. വെണ്ണിക്കുളം ആശ്രമത്തിലും കടമാൻകുളം പള്ളിയിലും അങ്ങനവൻ സുപരിചിതൻ. സരസസംസാരവും വശ്യമായ പുഞ്ചിരിയും അവനെ പ്രിയംകരനാക്കി.

കുർബ്ബാന കഴിഞ്ഞു. കപ്യാർ കസേര തുടച്ച് പള്ളിയുടെ പടിഞ്ഞാറേ അറ്റത്തു പ്രതിഷ്ഠിച്ചു. പിതാവു ചെന്നതിലിരുന്നു. അതു പതിവാണ്. കുറെനേരം കണ്ണടച്ചിരുന്ന് ധ്യാനലോകത്തേക്കു മനസ്സിനെ



malankaralibrary.com

പറത്തിവിടും. പിന്നെ ചുറ്റും എത്തുന്നവരെ ഓരോരുത്തരായി അരികിൽ വിളിച്ച് വിശേഷങ്ങളന്വേഷിക്കും.

ഇന്നാ ദൃഷ്ടികൾ ചെന്നുടക്കിയത് കുഞ്ഞൂട്ടിയിൽ. പിതാവിനവനെ നന്നായറിയാം. റോമിൽ പോകുന്നതിനുമുമ്പാണവനെ ആദ്യം കണ്ടത്. കല്ലൂപ്പാറയിലെ കടമാൻകുളം പള്ളിയിൽവച്ച് പുനരൈക്യപ്പെട്ടവരോട് അന്നു താൻ പറഞ്ഞു.

“ഇനിമുതൽ നിങ്ങൾ യാക്കോബായക്കാരല്ല; മറിച്ച് കത്തോലിക്കരാണ്”.

അതുകേട്ട് കൂട്ടത്തിൽനിന്നും തള്ളിക്കയറി മുമ്പിലെത്തി വീറോടെ ഉറക്കെ ചോദിച്ച കുഞ്ഞുട്ടിയുടെ സ്വരം ഇപ്പോഴും ഉള്ളിലുണ്ടല്ലോ.

“അപ്പോൾ പിതാവേ, ഞങ്ങളിനി ക്രിസ്ത്യാനികളല്ലേ”?

പാവം ബാലൻ! യാക്കോബായ സഭയാണ് യഥാർത്ഥ ക്രൈസ്തവ സഭയെന്ന് അവൻ തെറ്റിദ്ധരിച്ചിരിക്കുന്നു.

പിന്നീടുണ്ടായ ഓരോ ചലനവും ഇപ്പോഴും വ്യക്തമായി ഓർക്കുന്നു.

സ്വവിശ്വാസത്തെ പ്രതി ജ്വലിച്ചു നിന്ന അവന്റെ തോളിൽ താൻ വാത്സല്യത്തോടെ പിടിച്ചു. ആ സ്പർശത്തിൽ മെരുങ്ങി ഒതുങ്ങി നിന്ന അവനെ ബർസ്ലീബാ അച്ചന്റെ കയ്യിൽ ഏൽപ്പിക്കുകയല്ലേ ഉണ്ടായത്.

“ഈ കൊച്ചിനെ കത്തോലിക്കാ സഭയെപ്പറ്റി പഠിപ്പിക്ക്” എന്നു നിർദ്ദേശിക്കുകയും ചെയ്തല്ലോ.

അച്ചൻ പഠിപ്പിച്ചു കാണും. അതുകൊണ്ടാവും തന്റെ മുഖത്തേക്കു പോലും നോക്കാനാവാതെ പശ്ചാത്താപ ഭാരത്താൽ അവൻ കുനിഞ്ഞു നിൽക്കുന്നത്.

കുഞ്ഞൂട്ടിയെ പിതാവു വിളിച്ചു.

സിംഹത്തിന്റെ മുമ്പിലേക്ക് ആ കുഞ്ഞാടു മെല്ലെ നടന്നു ചെന്നു.

പിതാവു ചോദിച്ചു.

“ഇപ്പോൾ നിനക്കെന്തു തോന്നുന്നു?”

“എനിക്കെല്ലാം മനസ്സിലായി പിതാവേ. ബർശ്ലീബാ അച്ചൻ പറഞ്ഞുതന്നതും സ്കൂളിലെ ചരിത്രാദ്ധ്യാപകൻ പഠിപ്പിച്ചതും ഒന്നു തന്നെയാണ്. അതിനാൽ എന്നെക്കൂടി പിതാവു കത്തോലിക്കാ സഭയിൽ ചേർക്കണം”.

കത്തോലിക്കനാകാനും ആശ്രമത്തിൽ ചേരാനുമുള്ള ആഗ്രഹം അവൻ നേരത്തേതന്നെ ബന്ധുവായ ഏബ്രഹാം അച്ചനോടു പറഞ്ഞിരു



malankaralibrary.com

ന്നതാണ്. അച്ചൻ അതു പിതാവിനോടും. എല്ലാം മനസ്സിൽവച്ചു പിതാവു ചോദിച്ചു.

"നീ കോട്ടയത്ത് എന്തോ ജോലിക്കു പോകുന്നെന്നു ഏബ്രഹാം അച്ചൻ പറഞ്ഞല്ലോ".

"ഒരിൻഷ്വറൻസ് കമ്പനിയിലായിരുന്നു. എന്നാൽ അതല്ല എന്റെ വഴിയെന്നു മനസ്സു പറയുന്നു. ആ ജോലി ഉപേക്ഷിച്ചിട്ടാണ് ഞാൻ വന്നിരിക്കുന്നത്".

പിതാവ് കുറച്ചുനേരം ആലോചിച്ചശേഷം കൽപ്പിച്ചു.

"ആശ്രമത്തിൽ ചേരണമെന്നു നീ പറഞ്ഞല്ലോ. ചേരുന്നെങ്കിൽ ഇപ്പോൾ ചേരണം. പിന്നീടായാൽ പറ്റില്ല".

ഇത്ര തിടുക്കത്തിൽ പിതാവ് ആജ്ഞാപിക്കുമെന്നു കരുതിയില്ല. ഇതിനുടൻ മറുപടി കൊടുക്കണം. ഒരു നിമിഷത്തിനുള്ളിൽ അവൻ പലതോർത്തു.

യാക്കോബായ വിശ്വാസം മുറുകെ പിടിക്കുന്നവരാണ് വീട്ടുകാർ. താൻ മാത്രം കത്തോലിക്കനായാൽ അവർക്കതു സഹിക്കാനാവില്ല. മാത്രമല്ല ദരിദ്ര കുടുംബത്തിലെ മൂത്ത പുത്രനാണു താൻ. കോട്ടയത്തെ ഇൻഷ്വറൻസ് ജോലി കിട്ടിയതറിഞ്ഞ് അപ്പൻ സന്തോഷിച്ചിരിക്കുകയായിരുന്നു. അതു രാജിവച്ച് താൻ സന്ന്യസിക്കാൻ ബഥനിയിൽ ചേർന്നെന്നറിഞ്ഞാൽ...! അമ്മപോലും സമ്മതം തരില്ല. ഇപ്പോഴത്തെ കാതോലിക്കാ ബാവാ, അമ്മയുടെ ഒരു വല്യപ്പനാണല്ലോ. അദ്ദേഹത്തെ പിണക്കാൻ അമ്മ ആഗ്രഹിക്കുമോ.

പിന്നെന്തു ചെയ്യും?

എന്തായാലും അവൻ സധൈര്യം പറഞ്ഞു.

"എനിക്കു സന്ന്യാസിയാകണം പിതാവേ".

അടുത്തുനിന്ന ഏബ്രഹാം അച്ചനെ വിളിച്ച് പിതാവ് കൽപ്പിച്ചു.

"എടോ, കൊച്ചിനെ ആശ്രമത്തിൽ ചേർക്ക്".

✠



malankaralibrary.com



# 40

# പ്രതിസന്ധികളുടെ കൊടുങ്കാറ്റിലും കഴലുറപ്പോടെ

**വേപ്പ**മ്പിഡോർ സിനിമാശാല സെന്റ് മേരീസ് പള്ളിയായി. ചടങ്ങുകൾ അവിടെ നടക്കണമെങ്കിൽ മഹാരാജാവിന്റെ ഉത്തരവുവേണം. അതിനിയും കിട്ടിയിട്ടില്ല.

ഹൈരാർക്കിക്കുള്ള അനുമതി കിട്ടിയാൽ ആറുമാസത്തിനുള്ളിൽ സ്ഥാനാരോഹണച്ചടങ്ങുകൾ നടത്തണമെന്നാണു സഭാ നിയമം. ആ കാലാവധി തീരാറാവുകയുമാണ്. കൊട്ടാരത്തിലേക്കു നിവേദനങ്ങൾ പലതയച്ചിട്ടും പ്രയോജനമുണ്ടാകുന്നില്ല. ശത്രുക്കളുടെ സ്വാധീനമാവാം ഈ തടസ്സത്തിനും കാരണം. രാജാവിൽ നിന്നും പ്രതികൂലമായ കല്പനയേ കിട്ടുകയുള്ളൂ എന്നു കേട്ടു. അത്തരമൊരു കല്പന കൈപ്പറ്റാൻ മാർ ഈവാനിയോസിനു കഴിയില്ല.

പിതാവ് വേദനയോടെ നാലാഞ്ചിറയിലേക്കു പോയി. അവിടെ ഉണ്ടായിരുന്ന പഴയകെട്ടിടം ആശ്രമമാക്കി രൂപപ്പെടുത്തിയിരുന്നു. പക്കോമിയോസ് ഒ.ഐ.സി. ഉൾപ്പെടെ ഏതാനും ആശ്രമസ്ഥരും അവിടുണ്ട്. ആശ്ര



malankaralibrary.com

മത്തിലെത്തിയ പിതാവ് അന്നു പകൽ മുഴുവൻ ആശ്രമച്ചാപ്പലിലിരുന്നു കരഞ്ഞുപ്രാർത്ഥിച്ചു.

"തരണം... തരണം... തരണം..."

കൊച്ചുകുട്ടിയുടെ ശാഠ്യംപോലെ അതുച്ചത്തിൽ മുഴങ്ങി. ഇതിനുത്തരം കിട്ടിയിട്ടേ മറ്റുകാര്യമുള്ളൂ എന്ന മട്ടിൽ രാത്രിയിലും അതേ ഇരിപ്പുതന്നെ.

താമസിയാതെ ആശ്രമമണി ശബ്ദിച്ചു. ആരോ വന്നിരിക്കുന്നു. ചെറുവാതിൽ തുറന്നു. സർക്കാർ ഉത്തരവുമായി ഒരു ദൂതൻ. കല്പന നിവർത്തി പിതാവ് വായിച്ചു.

പാളയത്ത് ആരാധനാലയം അനുവദിച്ചിരിക്കുന്നു.

ശേഷം കാര്യങ്ങളെല്ലാം തിടുക്കത്തിൽ നടന്നു. സ്ഥാനാരോഹണ ദിവസം നിശ്ചയിച്ചു. മാർച്ചു പന്ത്രണ്ട്. ക്ഷണക്കത്തുകൾ എഴുതി. സമീപസ്ഥലങ്ങളിലെല്ലാം മാനേജർ ചാക്കോച്ചൻ അതെത്തിച്ചു. അകലേക്കുള്ളവ തപാലിൽ അയച്ചു.

പള്ളിയും പരിസരവും തോരണങ്ങളും മുത്തുക്കുടകളും കൊണ്ടലംകൃതമായി. പാളയത്തിനു ഒരുത്സവലഹരി.

ചടങ്ങുകൾ തുടങ്ങുംമുമ്പേ അനേകരെത്തി. ധാരാളം ഉദ്യോഗസ്ഥരും രാജപ്രതിനിധികളും. മെത്രാന്മാരും കുറവല്ല.

മാർ ഈവാനിയോസ് ബലിയർപ്പിച്ചു. മലങ്കര കത്തോലിക്കാ സഭയുടെ മെത്രാപ്പോലീത്തൻ പള്ളിയിലെ പ്രഥമദിവ്യബലി. തുടർന്ന് മാർപ്പാപ്പായുടെ കല്പന വായിക്കപ്പെട്ടു. 'ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി' എന്ന ലത്തീനിലുള്ള അപ്പസ്തോലിക കല്പനയും അതിന്റെ പരിഭാഷയും. പിന്നീട് എറണാകുളം മെത്രാപ്പോലീത്താ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയുടെ മുമ്പിൽ മാർ ഈവാനിയോസ് മുട്ടുകുത്തി.

പ്രാർത്ഥനകൾക്കുശേഷം ആർച്ചുബിഷപ്പിനെ സിംഹാസനത്തിലിരുത്തി. ബലിഷ്ഠരായ നാലഞ്ചു വൈദികർ കസേരയോടുകൂടി അദ്ദേഹത്തെ എടുത്തുയർത്തി; മൂന്നുതവണ. ഒപ്പം 'ഓക്സിയോസ്' എന്ന ഉദ്ഘോഷവും ഉയർന്നു. അതു ജനാവലിയും ഏറ്റുചൊല്ലി. അങ്ങ് ഇതിനേറ്റം യോഗ്യൻ എന്നാണതിനർത്ഥം.

അതും കഴിഞ്ഞാണു പിതാവു പ്രസംഗിച്ചത്. ആറു മാസത്തെ റോമാസന്ദർശനാനുഭവങ്ങളായിരുന്നു അതിൽ ഏറെയും. അവസാനം നവീന ആർച്ചു ബിഷപ്പിന്റെ കരംമുത്തി സകലരും പിരിഞ്ഞുപോയി. മെത്രാന്മാർ ഓരോരുത്തരും വന്നു ചുംബിച്ചു.



malankaralibrary.com

പ്രായാധിക്യത്താൽ ക്ലേശിക്കുന്ന ബൻസിഗർ തിരുമേനിയും അടുത്തെത്തി. മാർ ഈവാനിയോസിനെ കണ്ട ഉടൻ അദ്ദേഹം പറഞ്ഞു.

"ഒരു പുതിയ റീത്തിന്റെ തുടക്കം കുറിക്കാൻ ദൈവം എനിക്കിടയാക്കിയതു എന്റെ ജീവിതത്തെ അർത്ഥവത്താക്കുന്നു തിരുമേനീ. എത്ര വേഗം ഇതെല്ലാം അങ്ങേയ്ക്കു സാധിച്ചു കിട്ടി! പക്ഷേ, ആദ്യം എനിക്കല്പം സംശയമുണ്ടായിരുന്നു, കേട്ടോ".

അതെന്താണെന്നറിയാൻ മാർ ഈവാനിയോസിന് ആകാംക്ഷ. ബർസിഗർ തിരുമേനി തുടർന്നു.

"പുനരൈക്യപ്പെട്ടശേഷം തിരുമേനി ബലിയർപ്പിച്ചതു മലയാളത്തിലായിരുന്നല്ലോ. അതാണെന്നെ ആശയക്കുഴപ്പത്തിലാക്കിയത്. സുറിയാനിക്കാരെന്നു പറയുന്നവർ സുറിയാനിയിലല്ലേ ചൊല്ലാൻ പാടുള്ളൂ. തുറന്നു പറയട്ടെ; ഈ സംശയം ഞാനുടൻ റോമിലേക്ക് എഴുതിച്ചോദിക്കുകപോലും ചെയ്തു".

"അപ്പോൾ എന്തു മറുപടി കിട്ടി?"

"അതും തിരുമേനിക്ക് അനുകൂലമായിത്തന്നെ. 'അവർ എങ്ങനെ ചൊല്ലുന്നുവോ അങ്ങനെതന്നെ ചൊല്ലിക്കൊള്ളട്ടെ; ഇതായിരുന്നു മറുപടി".

ഇരുവരും ചിരിച്ചു.

മാർ ഈവാനിയോസ് പറഞ്ഞു.

"സുറിയാനിയുടെ തനി മലയാള തർജ്ജമതന്നെയാണ് ഞങ്ങൾ ആരാധനയ്ക്കുപയോഗിക്കുന്നത്. ചരിത്രം പഠിച്ചാൽ ഈ സുറിയാനി ഭാഷ ഭാരതത്തിൽ പണ്ടേ ഉണ്ടായിരുന്നതായിക്കാണാം. ക്രിസ്തുവിനു മുമ്പ് അശോക ചക്രവർത്തിയുടെ കാലത്ത് ഭാരതത്തിൽ അരമായക് ഭാഷ പ്രചാരത്തിലിരുന്നുവെന്നാണ് ചരിത്രം പറയുന്നത്".

"അങ്ങനെയോ"?

ബൻസിഗർ തിരുമേനിക്ക് അതൊരു പുതിയ അറിവായിരുന്നു.

"അതേ, പലയിടത്തുനിന്നും കണ്ടെടുത്ത അശോകന്റെ ശിലാശാസനകൾ അരമായയിലുള്ളതായിരുന്നു".

രസകരമായ ഈ ചരിത്രസത്യങ്ങൾ കേട്ട് ബൻസിഗർ തിരുമേനി പുളകമണിഞ്ഞു. മാർ ഈവാനിയോസിനെ വാരിപ്പുണർന്ന് അദ്ദേഹം കൊല്ലത്തേക്കു മടങ്ങി.

തിരുവനന്തപുരത്ത് മലങ്കര കത്തോലിക്കാ സഭയുടെ വേരോടിത്തു



malankaralibrary.com

ടങ്ങിക്കഴിഞ്ഞു. ഇനി ഇലവിരിഞ്ഞ് ശാഖോപശാഖകളോടെ അതു തഴച്ചുപൊന്തണം. വെയിലേറ്റു പൊരിയുന്ന പാന്ഥർക്ക് തണലൊരുക്കുന്ന ഒരു മഹാശ്വത്ഥമായിത്തീരണം. അതായിരുന്നു പിതാവിന്റെ ലക്ഷ്യം.

നാലാഞ്ചിറയിൽ ബഥനിമഠം പൂർത്തിയായിരിക്കുന്നു. മഠത്തിനു സ്ഥാനം നിർണ്ണയിച്ചതു പിതാവുതന്നെ. സെറാഫിയോനച്ചന്റെ അക്ഷീണാദ്ധ്വാനം മൂലമാണ് ഇത്രവേഗം അതു തീർന്നത്. സ്ഥലം സൂക്ഷിപ്പുകാരനായ ജേക്കബുതന്നെ സ്ഥാനം കണ്ടു കുഴിച്ച കിണർ കുളിർ ജലം പേറി മഠത്തിനരികിൽത്തന്നെയുള്ളതും വലിയ സൗകര്യമായി.

തിരുമൂലപുരത്തുനിന്നും കന്യാസ്ത്രീകളെ നാലാഞ്ചിറ മഠത്തിലേക്കു മാറ്റി. സന്ന്യാസികളെ നാലാഞ്ചിറ ആശ്രമത്തിലേക്കും. വെണ്ണിക്കുളം ബഥനി ആശ്രമത്തിൽനിന്നും നാലാഞ്ചിറയിലേക്കു തീർത്ഥാടനം ചെയ്ത സന്ന്യാസികൾ ഒരമൂല്യ നിധിയുമായാണ് ഇറങ്ങിയത്. ഒരു തൂകൽപ്പെട്ടിയിൽ ഭദ്രമായെടുത്ത തലയോട്ടിയും നുറുങ്ങിയ അസ്ഥിപഞ്ജരവും. സ്തേഫാനോസച്ചന്റെ ശവകുടീരം തുറന്നെടുത്തതാണ്. എന്തൊക്കെ മറന്നാലും അതെടുത്തുകൊണ്ടുപോരാൻ ആരും മറന്നില്ല. ഇസ്രായേല്യർ മിസ്രയിം വിട്ടപ്പോൾ അവർക്കു പ്രിയംകരനായിരുന്ന യൗസേഫിന്റെ അസ്ഥികളും ഒപ്പം കൊണ്ടുപോയതുപോലെ.

നാലാഞ്ചിറ ആശ്രമത്തിലെത്തിയ സന്ന്യാസികൾ ആദ്യം ചെയ്തത് ആശ്രമ സമീപത്ത് ഒരു കുഴി വെട്ടുകയായിരുന്നു. തുടർന്നു പുനർസംസ്കരണത്തിനുള്ള ചടങ്ങുകൾ. അതിൽ പങ്കുകൊള്ളാൻ ആശ്രമസ്ഥരും കന്യാസ്ത്രീകളും ആശ്രമ മുറ്റത്തുണ്ട്. നാലാഞ്ചിറ ആശ്രമത്തിലെ പ്രഥമ സന്ന്യാസാർത്ഥിയായ തങ്ങളത്തിൽ കുഞ്ഞൂട്ടിയുമുണ്ട്.

ദിവസങ്ങൾ കഴിയുന്തോറും സഭ വളരുകയാണ്. എന്നാൽ ഭരണകാര്യങ്ങൾക്കുള്ള സൗകര്യം പോരാ. വെള്ളയമ്പലത്തിലുള്ള ചെറിയ വാടക കെട്ടിടത്തിൽ അതിനുള്ള ഇടമില്ല. കാര്യാലയം നാലാഞ്ചിറ ആശ്രമത്തിലേക്കു മാറ്റാനും പറ്റില്ല. അതു തപോഗൃഹമല്ലേ.

അതിനാൽ അതിമെത്രാസന കാര്യാലയമായി ഉപയോഗിക്കാൻ പുതിയൊരു കെട്ടിടം കണ്ടെത്തണം. ഇത്തവണ അതു കണ്ടെത്താൻ മാനേജർ ചാക്കോച്ചന് ഒരു കൂട്ടു കിട്ടി. പന്തളം സ്വദേശി മത്തായി വാദ്ധ്യാർ. മലങ്കരുവിൽ മത്തായി സാറെന്നു വിളിക്കും. കാഴ്ചയിൽത്തന്നെ കാര്യപ്രാപ്തനെന്നു വ്യക്തം. ആജ്ഞാശക്തിയുള്ള മുഖഭാവം. ഇരുണ്ട നിറവും. പള്ളിക്കൂടം വാദ്ധ്യാരാണ്. പക്ഷേ അതെല്ലാം ഉപേക്ഷിച്ച് ആർച്ചു ബിഷപ്പിന്റെ പ്രഭാവലയത്തിലേക്ക് ആകൃഷ്ടനായി എത്തിയിരിക്കുന്നു. യാക്കോബായ സഭയിലെ വിഖ്യാത വാഗ്മിയായിരുന്നു. ഇപ്പോൾ പുനരൈക്യപ്പെട്ട് പിതാവിനോടൊപ്പമുണ്ട്.



malankaralibrary.com

അധഃസ്ഥിതരുടെ ഇടയിലേക്കാണ് പിതാവ് അദ്ദേഹത്തെ ആദ്യം അയച്ചത്. പന്തളത്തുള്ള ഉള്ളന്നൂരിൽത്തന്നെയാണ് പ്രവർത്തിച്ചു തുടങ്ങിയത്. വീടിനടുത്ത് ഓലപ്പുര കെട്ടി അധഃകൃതരെകൂട്ടി എഴുത്തും വായനയും പഠിപ്പിച്ചു. പിന്നെ യേശുവിനെപ്പറ്റിയുള്ള നിശബ്ദ ചിത്രങ്ങൾ സിനിമാ പ്രൊജക്ടറിലൂടെ ജനങ്ങളെ കാട്ടി.

ഇതൊക്കെയറിഞ്ഞ പിതാവ് കൂടുതൽ ഉത്തരവാദിത്തങ്ങൾ വാദ്ധ്യാരെ ഏൽപ്പിച്ചു; വസ്തു സംബന്ധിച്ചുള്ള എല്ലാ ചുമതലകളും. ചില ഭൂമി വാങ്ങാൻ ചെല്ലുമ്പോൾ അതിലെ കുടികിടപ്പുകാർ പ്രശ്നമുണ്ടാക്കും. അവിടൊക്കെ മത്തായി സാറിന്റെ നേതൃത്വം പ്രയോജനപ്പെട്ടു.

വ്യവഹാരക്കുരുക്കിൽപ്പെട്ട ഏതു വസ്തുവും കുരുക്കഴിച്ച് കൈവശപ്പെടുത്താൻ അദ്ദേഹത്തിനുള്ള മികവൊന്നു വേറെ തന്നെ. അങ്ങനെ പിതാവിന്റെ മുക്തിയാർപദം അലങ്കരിച്ചുകൊണ്ട് തിരുവനന്തപുരത്തു പാർക്കുകയാണദ്ദേഹം.

ഇങ്ങനെയിരിക്കേ ഒരു വാർത്ത കേട്ടു.

"പട്ടത്ത് ഒരു വിധവയുടെ സ്ഥലം പാട്ടത്തിനു കൊടുക്കാൻ പോകുന്നു."

ശരവണക്കുന്നെന്നു പറയും. പൊതുനിരത്തിനു തൊട്ടടുത്താണ്.

"അതു കിട്ടിയാൽ നന്നായിരുന്നു". പിതാവാശിച്ചു. കാരണം ആശ്രമവും മഠവും പള്ളിയുമെല്ലാം അതിനടുത്തായി വരുമല്ലോ. പോരെങ്കിൽ; പഴയതെങ്കിലും സാമാന്യം വലിയൊരു കെട്ടിടവും അതിലുണ്ട്.

ആശിച്ചതുപോലെ അതുപാട്ടത്തിനു കിട്ടി. അതോടെ വെള്ളയമ്പലത്തെ വാടകക്കെട്ടിടം വിട്ടു.

നഗരാതിർത്തിയാണു പട്ടം. വഴിയുടെ ഇരുപുറവും വലിയ കാട്. അതിൽ നിറയെ കാടന്മാർ. ജനവാസം തീരെയില്ല. കാടന്മാരുടെ കൂട്ടനിലവിളികളേ കേൾക്കാനുള്ളൂ.

ശരവണക്കുന്നിലെ കാടെല്ലാം വെട്ടിത്തെളിച്ചു. അരമനയാക്കി. പിതാവു താമസം തുടങ്ങി. അത്യാവശ്യം വേണ്ട കാര്യാലയ ജോലിക്കാരും ഉണ്ട്. വികാരിമാരുടെ തലവൻ മറ്റത്തിലച്ചനാണ്. പണമിടപാടുകളും അച്ചന്റെ ചുമതലയിൽത്തന്നെ.

സഹായിയായ ജേക്കബിനെ വിളിച്ച് പിതാവു പറഞ്ഞു.

"നാം നിന്നെ ഒരുപദേശിയാക്കാൻ പോവുകയാണ്. ഇന്നു മുതൽ



malankaralibrary.com

നീ കത്തോലിക്കാ സഭയുടെ ഉപദേശിയാണ്. ജനങ്ങളുടെ ഇടയിലിറങ്ങി ക്രിസ്തുവിന്റെ ഉപദേശങ്ങൾ പഠിപ്പിക്കുകയാണു നിന്റെ ജോലി".

അവന്റെ ഉള്ളൊന്നുണർന്നു. അടിമയായിരുന്ന പുലയ ചെറുക്കന് അന്തസുള്ള ജീവിതം പിതാവു തന്നു. ഇന്ന്, ജനത്തെ ഉപദേശിക്കാനുള്ള അധികാരവും തന്നിരിക്കുന്നു. അയാൾ ആ ശ്രേഷ്ഠപാദങ്ങളിൽ വീണു വണങ്ങി.

പിതാവു തുടർന്നു.

'നിന്നെ തനിച്ചല്ല അയയ്ക്കുന്നത്. ഉപദേശിമാരുടെ ഒരു സംഘം തന്നെ ഉണ്ടായിരിക്കും. എല്ലാ ഉപദേശിമാരും നിർബന്ധമായും യൂണിഫോറം ധരിക്കണം. വെള്ള ഓവർകോട്ടും തലക്കെട്ടും ബാഡ്ജുമാണു യൂണിഫോറം. ഒരുപക്ഷേ ശത്രുക്കൾ കള്ളക്കേസുണ്ടാക്കി നിങ്ങളെ പോലീസിലേല്പിച്ചേക്കാം. ഈ യൂണിഫോറം അപ്പോൾ നിങ്ങൾക്കു രക്ഷയാകും".

അതിനൊരുക്കമുള്ളവരെ പിതാവു തെരഞ്ഞെടുത്തു. അവർ യൂണിഫോറം ധരിച്ചു. അവർ യാത്രയ്ക്കൊരുങ്ങി.

അവരുടെ സംഘത്തിനു പിതാവൊരു പേരിട്ടു; ഭാരത സുവിശേഷ സംഘം. ചുരുക്കത്തിൽ ബി.എസ്.എസ്.

അവരെ യാത്രയാക്കി പിതാവു പറഞ്ഞു.

"നമ്മുടെ എല്ലാക്കാര്യങ്ങൾക്കും ഒരു യൂണിഫോമിറ്റി ഉണ്ടായിരിക്കണം. രൂപത്തിലും ഭാവത്തിലും എല്ലാം. ബഥനി അച്ചന്മാരെക്കൊണ്ടു മാത്രം എല്ലാക്കാര്യങ്ങളും നടക്കുകയില്ല. അതിനായി ആശ്രമസ്ഥരല്ലാത്ത വൈദികരേയും നമുക്കാവശ്യമുണ്ട്. അവരും മീശവളർത്തിയും മറ്റും അന്ത്യോഖ്യൻ പ്രത്യേകത പ്രകടിപ്പിക്കണം. അതുപോലെ വേഷത്തിലും ഭാവത്തിലും നിങ്ങളും ഐകരൂപ്യമുള്ളവരായിരിക്കണം".

അവസാനമായി പിതാവ് ഓർമ്മപ്പെടുത്തി.

"നിങ്ങളുടെ ലക്ഷ്യം യേശുവിന്റെ ഉപദേശങ്ങൾ എവിടെയും അറിയിക്കുക എന്നതാണ്. അല്ലാതെ ആരേയും മതപരിവർത്തനം ചെയ്യാൻ നിർബന്ധിച്ചുകൂടാ. സ്വയം മുന്നോട്ടു വരുന്നവരെ മാത്രമേ സ്വീകരിക്കാവൂ."

ഇടയവാക്യം ശ്രവിച്ച് വേദപുസ്തകം നെഞ്ചോടു ചേർത്തു പിടിച്ച് അവർ പോയി; പലപല മേച്ചിൽപുറങ്ങളിലേക്ക്.

അവരുടെ സേവനഫലങ്ങൾ ക്രമേണ കണ്ടു തുടങ്ങി. പ്രത്യേകിച്ച് തെക്കൻപ്രദേശങ്ങളിൽ. സുവിശേഷം ശ്രവിച്ചവർ സഭാമക്കളാകാൻ



malankaralibrary.com

മുന്നോട്ടുവന്നു. അവർക്കു മാമോദീസാ നൽകാൻ മറ്റത്തിലച്ചൻ സുവിശേഷമേഖലകളിൽ ചുറ്റി നടന്നു. അവർക്ക് ആരാധനാലയങ്ങളുണ്ടാക്കാൻ ഉത്സാഹിച്ചു.

ഓലപ്പുരകൾ മതി. എങ്കിൽപോലും അതിനുവേണ്ട മുഴുവൻ പണവും കൊടുക്കാൻ പറ്റാത്ത ഞെരുക്കത്തിലാണ് അരമന. അതിനാൽ പകുതി തുക അരമന കൊടുത്തു. ബാക്കി പകുതി അതാതു സ്ഥലത്തെ സഭാമക്കളും. ഈ പദ്ധതി വിജയകരമായി. നാളുകൾ കഴിയുന്തോറും അംഗങ്ങൾ പെരുകുകയാണ്.

ഒപ്പം ചില പ്രതിസന്ധികളും.

ഇപ്പോൾ താമസിക്കുന്ന ശരവണക്കുന്നിൽനിന്നും ഉടൻ ഇറങ്ങിക്കൊടുക്കണമെന്നു വിധവ. പാട്ടക്കാലാവധി തീർന്നിട്ടില്ല. അപ്പോൾ ഇങ്ങനെ പറയുന്നത് അനീതിയാണ്. എതിരാളികളുടെ ദുഷ്ടചിന്തകളായിരുന്നു ഇതിനു പിന്നിൽ.

ഇതിനെതിരെ കേസുകൊടുക്കാൻ പലരും പിതാവിനോടഭ്യർത്ഥിച്ചു. അങ്ങനെ ചെയ്താൽ ഒരുപക്ഷേ പാട്ടകാലാവധി തീരുന്നതുവരെ അവിടെ തുടരാൻ കഴിഞ്ഞേക്കും. എന്നാൽ ഒരു വിധവയ്ക്കെതിരെ കേസുകൊടുക്കാൻ പിതാവൊരുക്കമല്ല.

പിതാവ് പ്രാർത്ഥിക്കുക മാത്രം ചെയ്തു. അതു ദൈവം കേട്ടു.

പട്ടത്തുതന്നെ ഒരു മുഹമ്മദീയന്റെ പത്തേക്കർ പുരയിടം വിൽക്കാനുണ്ടെന്നറിഞ്ഞു. മാനേജർ ചാക്കോച്ചൻ പോയിക്കണ്ടു. പൊതുവഴിയോരത്ത് മനോഹരമായ മറ്റൊരു കുന്ന്. അതിന്റെ നടുവിൽ ഒരു കെട്ടിടവും.

പിതാവതു വിലകൊടുത്തു വാങ്ങിച്ചു.

ശരവണക്കുന്നിൽനിന്നും സാധനങ്ങളുമായി അവർ അവിടെത്തി.

സുവിശേഷ സംഘത്തിന്റെ പ്രവർത്തനഫലമായി ദരിദ്രഗ്രാമങ്ങൾ ഒന്നുണർന്നു. അനേകർ ക്രിസ്ത്യാനികളായി. അതു കണ്ട് സവർണ്ണ ഹിന്ദുക്കൾ അവരെ ക്രൂരമായി ഉപദ്രവിച്ചു തുടങ്ങി. അഭയാർത്ഥികളെപ്പോലെ ദുരിതപാവങ്ങൾ ചേരികൾ വിട്ടു. അവർ വന്നു ചേർന്നത് പിതാവിന്റെ മുമ്പിൽ. ദാരിദ്ര്യത്തിന്റെയും രോഗപീഡകളുടെയും ദുരിത കഥകൾ കേട്ട് പിതാവു വേദനിച്ചു.

അവരെ തിരിച്ചയയ്ക്കാൻ പിതാവൊരുക്കമല്ല.

ഇതിനകം നിരത്തിനെതിർവശത്ത് കുറച്ചു വസ്തുകൂടി കിട്ടിയിരുന്നു. ശ്മശാനത്തിനുവേണ്ടി വാങ്ങിയതാണ്.



malankaralibrary.com

അവിടെ ഒന്നുരണ്ട് ഓലക്കെട്ടിടം ഉണ്ടാക്കി.

അഭയാർത്ഥികളെ അവിടെ പാർപ്പിച്ചു. അവരെ വേദം പഠിപ്പിച്ചു. അതിനിടയിൽ അവരിലൊരാൾ ദീനം കൂടി മരിച്ചു; ഒരു വൃദ്ധൻ. സെമിത്തേരിപ്പള്ളിയുടെ പിൻവശത്ത് ശവക്കുഴി വെട്ടി. പിതാവു പ്രാർത്ഥനയോടെ ശവം മറവു ചെയ്യാനൊരുങ്ങി. ഹൈന്ദവർ അതറിഞ്ഞു ഓടിവന്നു. അവർ ആക്രോശിച്ചു.

"ഇവിടെ ശവമടക്കാൻ പറ്റത്തില്ല".

"എന്താണു കാരണം?" ആർച്ചു ബിഷപ്പ് കനത്ത സ്വരത്തിൽ ചോദിച്ചു.

"വീടുകൾക്കടുത്തു ശവപ്പറമ്പുണ്ടാകുന്നതു ഞങ്ങൾക്കിഷ്ടമല്ല". കടുത്ത ദേഷ്യത്തിൽ അവർ പൊട്ടിത്തെറിച്ചു.

"ഓഹോ" അല്പം ചിന്തിച്ച് കൂടെയുള്ളവരോട് ആർച്ചു ബിഷപ്പ് പറഞ്ഞു.

"നാം ഒരിടംവരെ പോവുകയാണ്. ഉടൻ തിരിച്ചെത്തും. വരുന്നതുവരെ കാത്തുനിൽക്കണം".

കാപ്പിപ്പൊടി നിറമുള്ള ബ്യൂക്ക്കാറിന്റെ പിൻവാതിൽ തുറന്നു പിടിച്ച് ഡ്രൈവർ ഗീവറുഗീസ് നിന്നു. യൂറോപ്പിൽനിന്നും ധന്യാഢ്യനായ സായിപ്പ്, പിതാവിനു സമ്മാനിച്ച കാറാണ്. അസാധാരണ നീളവും വിസ്താരവുമുള്ളത്. നമ്പർ മുന്നൂറ്.

വലിയ കാർ ഓടിക്കാൻ ദീർഘാകാരൻ തന്നെ വേണമെന്നുള്ളതിനാലാവും ഗീവറുഗീസിനെത്തന്നെ നിയമിച്ചത്. കിളിലേത്തു ചക്കായുടെ ജ്യേഷ്ഠന്റെ മകനാണ്. ചീർത്ത കവിൾത്തടങ്ങളിൽ വളഞ്ഞുയർന്നു നിൽക്കുന്ന കനത്ത കൊമ്പൻ മീശ കൂടിയാവുമ്പോൾ ഗീവറുഗീസിന്റെ രൂപം ആരെയും നടുക്കിക്കളയും.

പിതാവ് കാറിൽക്കയറി. കാർ തെക്കോട്ടു പാഞ്ഞു. എവിടേക്കെന്ന് ആർക്കുമറിയില്ല.

ആർച്ചു ബിഷപ്പ് നേരെ പോയത് കൊട്ടാരത്തിലേക്ക്, മഹാരാജാവിനെക്കാത്ത് സ്വീകരണ ഹാളിലിരുന്നു.

ഭിത്തിനിറയെ എണ്ണച്ഛായാ ചിത്രങ്ങൾ. അവയിലോരോന്നിലും മിഴികളോടിച്ച് ആർച്ചു ബിഷപ്പ് ഇരുന്നു. അതിൽ ഒരു ചിത്രം വളരെയേറെ ആകർഷകമായി തോന്നി. ശ്രീമൂലം തിരുനാളിന്റേതാണ്. ധാരാളം മലനിരകൾ പശ്ചാത്തലമായുള്ള ആ ചിത്രത്തിൽ ഒരു മുസ്ലീം പള്ളിയുടെ താഴികക്കുടവും കാണാം. മത സൗഹാർദ്ദതയ്ക്കും പിൻബല



malankaralibrary.com

മായ ചിത്രം. കണ്ണെടുക്കാതെ അതിൽ നോക്കി ഇരിക്കുമ്പോൾ മഹാരാജാവിന്റെ കാൽ പെരുമാറ്റം.

മിന്നിത്തിളങ്ങുന്ന തലപ്പാവണിഞ്ഞ് ഔദ്യോഗിക വേഷത്തിൽ ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് പ്രത്യക്ഷനായി. മീശ മുളച്ചിട്ടില്ലാത്ത ശാന്തസുന്ദരനായ യുവരാജാവ് വിനയാന്വിതനായി നിറഞ്ഞ ചിരിയോടെ മുമ്പിൽ വന്ന് കാര്യം തെരക്കി.

ആർച്ചു ബിഷപ്പ് അറിയിച്ചു.

"മരിച്ചവരെ അടക്കാൻ പട്ടത്ത് എനിക്കല്പം ഭൂമിയുണ്ട്. ഇന്നൊരാളുടെ ശവം അവിടെ മറവു ചെയ്യാൻ ചെന്നപ്പോൾ നാട്ടുകാരിൽ ചിലർ പറ്റില്ലെന്നു പറഞ്ഞു പ്രശ്നമുണ്ടാക്കുന്നു. അങ്ങെന്നെ സഹായിക്കണം".

മഹാരാജാവ് ഉടൻ ഉദ്യോഗസ്ഥനെ വരുത്തി. കല്പന എഴുതി. അതിൽ തുല്യം ചാർത്തി ആർച്ചുബിഷപ്പിനെ ഏൽപ്പിച്ചു പുഞ്ചിരിയോടെ പറഞ്ഞു.

"ശവസംസ്കാരം ഭംഗിയായി നടക്കട്ടെ".

✠



malankaralibrary.com



# 41
# സർ സി.പി.ക്കു ചുട്ട മറുപടി

മഹാരാജാവിന്റെ ഉപദേഷ്ടാവായി ഒരു കർക്കശക്കാരൻ കൊട്ടാരത്തിലെത്തി. തന്ത്രശാലി, ഭരണനിപുണൻ, കൂർമ്മ ബുദ്ധിക്കാരനും, സാക്ഷാൽ സർ സി.പി. രാമസ്വാമി അയ്യർ. പട്ടുമുണ്ടു തറ്റുടുത്ത് വെള്ള തലപ്പാവും കോട്ടുമണിഞ്ഞ ഗൗരവക്കാരൻ.

സി.പി.യെക്കാണാൻ അന്നുതന്നെ മാർ ഈവാനിയോസ് കൊട്ടാരത്തിലെത്തി. കൂടിക്കാഴ്ച സഭാ വളർച്ചയ്ക്കു വളമാക്കുകയാണു ലക്ഷ്യം. മാത്രമല്ല സി.പി.യെ നേരത്തെ പരിചയവുമുണ്ടല്ലോ. വക്കീലായ സി.പി.വട്ടിപ്പണക്കേസ് വാദിക്കാനാണല്ലോ ആദ്യമായി കേരളത്തിൽ വന്നത്. അന്നേ കണ്ടറിഞ്ഞതാണ് അയാളുടെ മേധാശക്തിയും നെഞ്ചൂക്കും. അന്നത്തേതിനേക്കാൾ ഇപ്പോൾ തലക്കനവും ഗൗരവവും ഇരട്ടിച്ചതുപോലെയുണ്ട്. അധികാരലബ്ധിയാവാം കാരണം.

സി.പി.യെ മാർ ഈവാനിയോസ് കാണുക മാത്രമല്ല, അരമനയിലേക്കു ക്ഷണിക്കുകയും ചെയ്തു. വരാമെന്ന് സമ്മതിക്കുകയുണ്ടായി.

അരമന മോടികൂട്ടി ആർച്ചുബിഷപ്പും കൂട്ടരും കാത്തിരുന്നു. സൽക്കരിക്കാൻ വിഭവസമൃദ്ധമായ ബ്രാഹ്മണ്യ ഭക്ഷണം ഒരുക്കി. കൊടുക്കാൻ



malankaralibrary.com

സമ്മാനവും കരുതി. അത്യാവശ്യങ്ങളുണ്ടായിട്ടും അതെല്ലാം മാറ്റിവച്ച് ആർച്ചുബിഷപ്പ് നോക്കിയിരുന്നു.

പക്ഷേ കാത്തിരിപ്പു വെറുതേയായി. സി.പി.വന്നില്ല. അതിനുള്ള കാരണം ആർച്ചു ബിഷപ്പ് കണ്ടെത്തി. സവർണ്ണരുടെ പക്ഷവാദിയാണു സി.പി.പക്ഷേ, താൻ അങ്ങനെയല്ലല്ലോ. നിരാലംബരായ അധഃകൃതരെ താൻ സ്നേഹിച്ചു പോയില്ലേ? അതു സി.പി.യെ പ്രകോപിപ്പിച്ചിരിക്കുന്നു. അഥവാ, സവർണ്ണർക്ക് നേരിട്ടെതിർക്കാൻ ശക്തിപോരാതെ സി.പി.യെ കൂട്ടുപിടിച്ചിരിക്കുന്നു.

അങ്ങനെ ജീവിതത്തിലാദ്യം താൻ അധിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ഇതേതു വിധത്തിൽ കൈകാര്യം ചെയ്യണം? ആർച്ചുബിഷപ്പ് ആലോചിച്ചു.

സാരമില്ലെന്നു കരുതി അയാളോടു വേണമെങ്കിൽ ക്ഷമിക്കാം. പക്ഷേ അതിന് ഇതൊരു വ്യക്തിപരമായ കാര്യമല്ലല്ലോ. സഭാപരമായ കാര്യമല്ലേ. സഭ വളർന്നു തുടങ്ങുന്നതേയുള്ളൂ. ഇപ്പോഴേ അധികാരം ദുരുപയോഗിക്കാനാണ് ഭാവമെങ്കിൽ അതനുവദിച്ചു കൂടാ. അയാളുടെ ധിക്കാരച്ചൂടിൽ സഭയുടെ പുതുനാമ്പ് കരിഞ്ഞു കൂടാ. തടയുവാൻ ആളില്ലെന്നു കണ്ടാൽ അടിച്ചു നിലംപറ്റിക്കുന്നവനാണു സി.പി. അതിനാൽ പ്രതികരിക്കണം. സൗഹാർദ്ദപൂർവ്വം കഴിയുന്നതാണ് ഇരുകൂട്ടർക്കും നല്ലതെന്ന് അയാളെ ബോദ്ധ്യപ്പെടുത്തണം.

താമസിയാതെ അതിനൊരു വഴി തുറന്നുകിട്ടി. ഇംഗ്ലണ്ടുകാരനായ ഹെൻട്രി ഓസ്റ്റിൻ, ദിവാൻസ്ഥാനത്തുനിന്നും പെൻഷനായി മടങ്ങുകയാണ്. ഓസ്റ്റിൻ തന്റെ ഉറ്റസുഹൃത്തുമാണല്ലോ. അദ്ദേഹത്തെ അരമനയിലേക്കു ക്ഷണിച്ച് പ്രൗഢഗംഭീരമായ ഒരു യാത്രയയപ്പു നൽകുക. യോഗത്തിലേക്ക് എല്ലാ പ്രമുഖ ഉദ്യോഗസ്ഥരേയും ക്ഷണിക്കുകയും വേണം. തീയതി നിശ്ചയിച്ചു.

ക്ഷണക്കത്തുകൾ മുൻകൂട്ടി അയച്ചു. പന്തൽ കെട്ടി. അതലങ്കരിച്ചു. ഭക്ഷണമൊരുക്കി. അതിഥികളെ സ്വീകരിക്കാൻ കുട്ടികൾ പൂച്ചെണ്ടുമായി നിരന്നു.

പക്ഷേ ഒരാളെ മാത്രം ക്ഷണിച്ചില്ല. സർ സി.പി.യെ. യോഗാരംഭത്തിന് ഇനി രണ്ടു മണിക്കൂറുകൾ മാത്രം. ഉടൻ മാർ ഈവാനിയോസ് ഒരു ക്ഷണപത്രിക എടുത്ത് സർ സി.പി.യുടെ വിലാസം എഴുതി; ക്ഷണിക്കാൻ വൈകിയതിലുള്ള വിശദീകരണത്തോടെ.

"ഈ പരിപാടികളിലേക്ക് ആളുകളെ ക്ഷണിച്ചത് അരമനയിലെ സന്ദർശക ഡയറിയിലുള്ള മേൽവിലാസങ്ങൾ അനുസരിച്ചാണ്. നിർഭാ



malankaralibrary.com

ഗ്യവശാൽ താങ്കളുടെ പേര് അതിലില്ലെന്ന കാര്യം ഇപ്പോൾ മാത്രമേ അറിഞ്ഞുള്ളു. എന്തായാലും പരിപാടിയിൽ പങ്കെടുക്കുമല്ലോ".

കത്തെഴുതി ദൂതനെ ഏൽപ്പിച്ച് സി.പി.യുടെ പക്കലേക്കയച്ചു. യോഗാരംഭമായപ്പോഴേക്കും ദൂതൻ തിരിച്ചെത്തി പിതാവിനോടു പറഞ്ഞു:

"സർ സി.പി. വരില്ല പിതാവേ. അദ്ദേഹത്തിന് ആർട്ട്സ് കോളേജിൽ എന്തോ ചടങ്ങുണ്ടെന്നു പറഞ്ഞു".

സി.പി.യുടെ അഭാവത്തിലും യോഗം ഗംഭീരമായി നടന്നു. കരുതിക്കൂട്ടി ചില കാര്യങ്ങൾ പ്രസംഗമദ്ധ്യേ ആർച്ചു ബിഷപ്പ് പറയുകയും ചെയ്തു.

"മതവും സർക്കാരും കൈകോർത്തു പോയെങ്കിലേ രാജ്യപുരോഗതി ഉണ്ടാവുകയുള്ളൂ. ദൈവത്തിനുള്ളതു ദൈവത്തിനും സീസറിനുള്ളതു സീസറിനും കൊടുക്കുകയാണു ശരിയായ രീതി. ജീവിച്ചിരിക്കുന്നവർക്ക് ആരാധനാലയങ്ങളും മരിച്ചവർക്ക് ശ്മശാനങ്ങളും ഉണ്ടായേ മതിയാകൂ. അതിനെതിരായി കാണുന്ന വിലക്കുകളും നിയമങ്ങളും എടുത്തു കളയാൻ ബന്ധപ്പെട്ടവർ സന്മനസ്സു കാണിക്കണം". ഇപ്പോൾ മാർ ഈവാനിയോസിന്റെ ഘനഗംഭീരമായ വാക്കുകൾ അരമന വളപ്പിനും പുറത്തേക്കു മുഴങ്ങി. പത്രവാർത്തയിലൂടെ അതു സി.പി.യുടെ ഉള്ളിലും.

ജോലിഭാരം തീർത്ത് ആർച്ചു ബിഷപ്പ് അരമനയിൽ വിശ്രമിക്കുകയാണ്. സമൃദ്ധമായ കാറ്റേറ്റ് ചാരുകസേരയിൽ കിടക്കുകയാണ്. ചേപ്പാട്ടു പീലിപ്പോസു റമ്പാച്ചൻ വന്ന് പുതിയ മാസിക പിതാവിനെ ഏൽപ്പിച്ചു.

'സത്യസഭാ കാഹളം'.

അതു മറിച്ചു നോക്കുന്നതിനിടയിൽ പിതാവു പറഞ്ഞു.

"കൊള്ളാം. ഇത്തരം നല്ല പ്രസിദ്ധീകരണങ്ങൾ ഇനിയും നമുക്കുണ്ടാകണം. വിശ്വാസ സംബന്ധമായ കാര്യങ്ങൾ ആഴത്തിൽ എഴുതണം. അത് എല്ലാ വിശ്വാസികൾക്കും എത്തിച്ചു കൊടുക്കുകയും വേണം".

"അതിനാണു ശ്രമിക്കുന്നത്. എഴുത്തുകാരായ ഏതാനും വൈദികരും അൽമായരും ഒപ്പമുണ്ട്".

"റമ്പാച്ചൻ മറ്റൊരു ജോലികൂടെ ഏറ്റെടുക്കണം. നമ്മുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കാനായി എല്ലാ സൺഡേസ്കൂൾ ക്ലാസ്സിലേക്കുമുള്ള വേദപാഠാവലി എഴുതിയുണ്ടാക്കണം".

പിതാവുതന്നെ എഴുതിയ പുസ്തകങ്ങളുപയോഗിച്ചാണ് ഇതുവരെയുള്ള പഠനം. ചിന്തകനും എഴുത്തുകാരനുമായ റമ്പാച്ചന് ഇതൊക്കെ ഇഷ്ടകരമായ ജോലികളാണ്. അതേപ്പറ്റി കൂടുതൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അപരിചിതനായ ഒരാൾ അവിടേക്കു കയറിവന്നു.



malankaralibrary.com

അയാൾ പിതാവിനുനേരെ മുദ്രവച്ച ഒരു എഴുത്ത് നൽകി, താഴ്മയോടെ പറഞ്ഞു.

"സർ സി.പി.യുടെ പ്രൈവറ്റ് സെക്രട്ടറിയാണു ഞാൻ. പേരു ഷൺമുഖം. അദ്ദേഹം തന്നയച്ച കത്താണിത്".

കുപ്പായക്കീശയിൽനിന്നും പിതാവ് കണ്ണട എടുത്ത് മുഖത്തു വച്ചു. കൂട തുറന്ന് ശംഖുമുദ്രയുള്ള കത്തുനിവർത്തി നോക്കി. ഇംഗ്ലീഷിൽ ടൈപ്പു ചെയ്തു കർക്കശമായ കത്ത്. ആർച്ചുബിഷപ്പ് അതു വായിച്ച് ചാടിയെണീറ്റു. ഷൺമുഖത്തിനു നേരെ തിരിഞ്ഞു.

"അയാൾ രാജാവിന്റെ ഉപദേഷ്ടാവോ അതോ പ്രതികാരദാഹിയോ? പോയി പറയൂ നമുക്കു മനസ്സില്ലെന്ന്. നമ്മെ ഇവിടെനിന്നും ഒഴിപ്പിച്ചിട്ട് അയാൾക്കു സേവനം ചെയ്യണം പോലും! എന്തു സേവനം? എന്തായാലും നാം ഇവിടെ ചെയ്യുന്നതിനോളം വരുമോ അത്?"

ഷൺമുഖം മുഖം താഴ്ത്തിനിന്നു കൂടെയുള്ളവർക്ക് കാര്യം വ്യക്തമായില്ല. അതു പിതാവിനോടു ചോദിക്കാൻ അവർക്കു ഭയം. എങ്കിലും അവർക്ക് ഏകദേശം പിടികിട്ടി.

അരമന നിൽക്കുന്ന ഈ പത്തേക്കർസ്ഥലം ഉടൻ ഒഴിഞ്ഞു കൊടുക്കണമെന്ന്. സർക്കാരിനെന്തോ സേവനങ്ങൾ ഇവിടെ തുടങ്ങണം പോലും.

ഷൺമുഖത്തെ ശവക്കോട്ടപറമ്പിലേക്കു പിതാവു കൂട്ടിക്കൊണ്ടു പോയി. ഓലപ്പുരകളിൽ പാർപ്പിച്ചിരിക്കുന്ന അശരണരെ ചൂണ്ടിക്കാട്ടി പറഞ്ഞു.

"സവർണ്ണരെ ഭയന്ന് അഭയം തേടിയുള്ള ഈ പാവങ്ങളെ കണ്ടോ. ഇവരെ ഒഴിപ്പിച്ചിട്ടുവേണോ അയാൾക്ക് ആളാകാൻ?"

ഒരക്ഷരം ഉരിയാടാതെ ഷൺമുഖം നിന്നു. ആ കത്തു നടുവെ കീറി ഷൺമുഖത്തെ ഏൽപ്പിച്ച് പിതാവു തുടർന്നു.

"ഇതു നിങ്ങളുടെ മേലധികാരിയെ കാണിച്ചിട്ടു പറയൂ, ഇതുപോലെ അയാളുടെ നീചബുദ്ധിയേയും നാം ചീന്തിക്കളയുന്നുവെന്ന്".

കീറിയ കത്ത് കീശയിൽത്തിരുകി ഷൺമുഖം പോയി.

ഓലപ്പുരയിൽക്കഴിയുന്ന അഭയാർത്ഥികൾ ഓരോരുത്തരുടേയും പക്കൽ പിതാവുചെന്നു. ക്ഷേമമന്വേഷിച്ചു. ആശ്വസിപ്പിച്ചു.

മലബാർ റീത്തിൽ നിന്നെത്തിയ ഏതാനും വൈദികരും അവിടെ താമസമുണ്ട്. പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനശ്ശേരി എന്നീ രൂപതകളിൽ നിന്നെത്തിയവർ. ധനാഢ്യ കുടുംബങ്ങളിൽനിന്നുള്ളവരാണെന്നു മുഖം കണ്ടാലറിയാം.



malankaralibrary.com

പലരും നവവൈദികർ. അനുഭവിച്ചുപോന്ന സുഖസമൃദ്ധികളെല്ലാം ഉപേക്ഷിച്ച് വന്നവരാണ്; പുനരൈക്യ പ്രസ്ഥാനം ശക്തമാക്കാൻ.

രോഗികളെ ശുശ്രൂഷിച്ചും വേദം പഠിപ്പിച്ചും അവർ പുതിയ റീത്തിന്റെ സേവന വീഥിയിൽ പ്രകാശം പരത്തുന്നു.

രാത്രിയിൽ ബഞ്ചുകൾ ചേർത്തുവച്ച് അതിൽ കിടന്നുറങ്ങും.

അവരോടു പിതാവു പറഞ്ഞു.

"നമുക്കു മഠം വരെ പോകാം. വിവരങ്ങളറിഞ്ഞിട്ട് ദിവസങ്ങൾ പലതായി".

"ഡ്രൈവറെ വിളിക്കട്ടെ പിതാവേ"?

"നാലാഞ്ചിറവരെ പോകാൻ എന്തിനാടോ കാറ്? പെട്രോൾ വെറുതെ കിട്ടുമോ? വാ നടന്നു പോകാം".

നടക്കമ്പു കയ്യിൽ കറക്കി കാടിനു നടുവിലുള്ള വഴിയിലൂടെ വൈദികരെയും കൂട്ടി പിതാവു നടന്നു. വഴിയിൽനിന്നിരുന്ന കാട്ടുജന്തുക്കൾ അവരെക്കണ്ട് ഓടി ഒളിച്ചു.

നടക്കമ്പു നീട്ടിക്കുത്തി ചുറുചുറുക്കോടെ പിതാവു മുന്നിൽ. സായാഹ്നമാണെങ്കിലും വെയിലിന്റെ ശക്തി കുറഞ്ഞിട്ടില്ല. വഴി നിറയെ മരങ്ങളുള്ളതിനാൽ തണൽപറ്റി നടന്ന് മഠത്തിലെത്തി.

കൂടെയുള്ള അച്ചന്മാരെ മഠത്തിനു മുമ്പിൽ നിർത്തി, പിതാവ് പിൻഭാഗത്തേക്കു നീങ്ങി. അവിടെയാണ് അടുക്കള.

അതിന്റെ കതക് ചാരിയിട്ടേയുള്ളൂ, പൂട്ടിയിട്ടില്ല. ആരും അവിടില്ലതാനും.

ആരാധനയിൽ മുഴുകി അകത്തെ മുറിയിലാണ് കന്യാസ്ത്രീകൾ.

പിതാവ് ചെരുപ്പഴിച്ചു മാറ്റി, അടുക്കളക്കതകു മെല്ലെ തുറന്നു. അടുക്കളയിൽ കയറി.

കാൽപ്പെരുമാറ്റം കേട്ട് അവരുടെ പ്രാർത്ഥനയ്ക്കു ഭംഗം വന്നുകൂടാ. താൻ അടുക്കളയിൽ കയറിയവിവരം അവർ അറിയുകയും വേണ്ടാ.

പട്ടിണിയാണെങ്കിലും അതു സഹിക്കുകയല്ലാതെ മറ്റൊരാളെ അറിയിക്കുന്ന സ്വഭാവം കന്യാസ്ത്രീകൾക്കില്ലല്ലോ. അതിനാൽ അവരുടെ അടുക്കളരഹസ്യം അറിയാൻ ഇതേയുള്ളു മാർഗ്ഗം. അരിപ്പത്തായവും ചട്ടിയും കലവുമെല്ലാം പരിശോധിച്ചു. അരി തീരെയില്ല. അത്താഴത്തിന് ആകെയുള്ളത് കുറച്ചു ചോറു മാത്രം. കൂട്ടിന് ചീരക്കറിയും ഓമയ്ക്കാത്തോരനും. ഒരു കലത്തിൽ പുഴുങ്ങിയ കപ്പയും.



malankaralibrary.com

ചോറ് പകുതിപ്പേർക്കുപോലും തെകയുകയില്ലെന്നു തീർച്ച. അപ്പോൾ കപ്പ കഴിച്ച് വിശപ്പടക്കാനാവും ഭാവം!

കലവും ചട്ടിയുമെല്ലാം അതേപോലെ അടച്ച് പിതാവു മുറ്റത്തിറങ്ങി. ഒരു വൈദികനെ പറഞ്ഞ് അരമനയിലേക്കു വിട്ടു.

"ഉടനെ ഒരു ചുമട്ടുകാരന്റെ വശം അരി കൊടുത്തു വിടണം. പിന്നെ, പയറോ മറ്റന്തെങ്കിലും ഉള്ളതും".

പ്രാർത്ഥന കഴിഞ്ഞ് പുറത്തുവന്ന കന്യാസ്ത്രീകൾ പിതാവിനെക്കണ്ട് ആശ്ചര്യത്തോടെ ഓടിവന്നു.

"പുതിയതായി കുറച്ചുപേർ മഠത്തിൽ വന്നെന്നു കേട്ടല്ലോ. ആരൊക്കെയാണവർ?" പിതാവ് തെരക്കി.

മദർ ശൈനാ അവരെ പരിചയപ്പെടുത്തി.

പിതാവ് ഓരോരുത്തരോടും സംസാരിച്ചു. മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

കൂട്ടത്തിൽനിന്ന സിസ്റ്റർ ഹെംസയെ പിതാവു പ്രത്യേകം ശ്രദ്ധിച്ചു. കൊള്ളാം രൂപതക്കാരിയാണ്.

"സിസ്റ്ററിന് ഇവിടുത്തെ രീതികളൊക്കെ ഇഷ്ടമായോ?" വാത്സല്യത്തോടെ ആരാഞ്ഞു.

"അതേ പിതാവേ" സിസ്റ്റർ തലയാട്ടി.

പറമ്പിലെല്ലാം പിതാവു കണ്ണോടിച്ചു. തഴച്ചു വളരുന്ന പച്ചക്കറിത്തോട്ടം കണ്ട് സന്തോഷിച്ചു. തെങ്ങുകളിൽ വിളഞ്ഞുകിടക്കുന്ന തേങ്ങാക്കുലകൾ കണ്ട് പിതാവു ചോദിച്ചു.

"മത്തായിച്ചൻ വന്നില്ലേ? തേങ്ങായൊക്കെ പൊഴിയാറായല്ലോ".

മദർ ഹൂബാ പറഞ്ഞു.

"ഈ ആഴ്ചവരുമെന്നും പറഞ്ഞാണു പോയത്. കോടതിക്കാര്യത്തിനു പോയിരിക്കുകയാണ്". പറമ്പിലെ ആദായമെല്ലാം മത്തായിസാറാണ് നോക്കി നടത്തുന്നത്.

പാകമായാൽ തേങ്ങാവെട്ടാൻ പണിക്കാരുമായി അദ്ദേഹം വരും. മഠത്തിൽ ആവശ്യമുള്ളതു കൊടുത്തു ബാക്കിയെല്ലാം കാളവണ്ടിയിൽക്കയറ്റി അരമനയിലെത്തിക്കുകയാണു പതിവ്.

കുറച്ചുകഴിഞ്ഞപ്പോഴേക്കും ചുമട്ടുകാരൻ അരിയുമായി അരമനയിൽനിന്നും വന്നു.

മദർ പ്രൊവിൻഷ്യാളിനോടു പിതാവു പറഞ്ഞു.



malankaralibrary.com

“എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അറിയിക്കണമെന്നു പറഞ്ഞിട്ടില്ലേ?”

എന്നിട്ടു ചുമട്ടുകാരനോടു നിർദ്ദേശിച്ചു.

“കൊണ്ടുപോയി അരിപ്പെട്ടിയിൽ വയ്ക്കുക”.

പിന്നെ, പോക്കറ്റിൽനിന്നും കുറച്ചു പണമെടുത്തു മദറിനെ ഏൽപ്പിച്ചു പറഞ്ഞു.

“ഇതുകൊടുത്ത് നല്ലൊരു പശുവിനെ വാങ്ങിക്കൊള്ളുക. പറമ്പിൽ പുല്ലും പോച്ചയും ധാരാളം ഉണ്ടല്ലോ”.

മദർ അതു നന്ദിയോടെ വാങ്ങി.

പിതാവു തുടർന്നു.

“മറ്റൊരു പ്രധാനകാര്യം കൂടിയുണ്ട്. ഇവിടെനിന്നും രണ്ടുമൈൽ ദൂരത്തിൽ അരുവിയോട് എന്ന സ്ഥലത്ത് ഒരു പള്ളിക്കൂടം വാങ്ങാനായി കരാറായിട്ടുണ്ട്. അതു വാങ്ങി നിങ്ങളെ ഏൽപ്പിക്കാൻ പോവുകയാണ്. എന്തു പറയുന്നു?”

“ഞങ്ങൾക്കു സന്തോഷമാണു പിതാവേ”.

“എങ്കിൽ നിങ്ങൾക്കൊരു കാളവണ്ടികൂടി വാങ്ങിത്തരാം. സ്കൂളിലേക്കുള്ള പോക്കുവരവിന്”.

“പിതാവിന്റെ ഇഷ്ടംപോലെ”.

അവിടെനിന്നും പിതാവ് ബഥനി ആശ്രമത്തിലേക്കു പോയി. മഠത്തിൽ വന്നിട്ട് തൊട്ടടുത്തുള്ള ആശ്രമത്തിൽ കയറാതെ പോയാൽ സന്ന്യാസികൾക്കതു സഹിക്കുമോ.

ആശ്രമച്ചാവടിയിൽ ചാരുകസേരയിലിരുന്ന് ഭാവികാര്യങ്ങളെപ്പറ്റി പറയുകയാണ് പിതാവ്.

ഉടൻ രണ്ടുമൂന്നുപേർ കുന്നുകയറി അതിശീഘ്രം പാഞ്ഞുവരുന്നു. മുന്നിൽ വരുന്ന ആളിനെ കണ്ടു പരിചയമുണ്ട്. കല്ലൂപ്പാറക്കാരൻ ഏബ്രഹാം അച്ചൻ പറഞ്ഞു.

“തങ്ങളത്തിലെ ഇടിക്കുളേം ചാർച്ചക്കാരുമാണല്ലോ വരുന്നത്”.

അവർ വന്ന് പിതാവിന്റെ മുന്നിൽ രൗദ്രഭാവത്തിൽ നിന്നു.

“എന്റെ മോൻ കുഞ്ഞൂട്ടി ഇവിടെയുണ്ടെന്നറിഞ്ഞു. അവനെ കൊണ്ടുപോകാനാണു ഞങ്ങൾ വന്നത്”. ഇടിക്കുള ഗൗരവത്തോടെ പറഞ്ഞു.

എന്നാൽ പിതാവിന്റെ സ്വരം സൗമ്യമായിരുന്നു.



malankaralibrary.com

“മകൻ ധ്യാനത്തിലാണ്, എങ്കിലും വിളിപ്പിക്കാം. അവൻ കൂടെ വരുമെങ്കിൽ നിങ്ങൾക്കു കൊണ്ടുപോവുകയും ചെയ്യാം”.

ഏബ്രഹാം അച്ചൻ അകത്തുപോയി കുഞ്ഞൂട്ടിയെ വിളിച്ചുകൊണ്ടു വന്നു.

അവനെ കണ്ടപ്പോഴേക്കും ഇടിക്കുളയുടെ കോപം ഇരട്ടിച്ചു.

“നീ ഞങ്ങളെ തീ തീറ്റിച്ചല്ലോടാ കൊച്ചേ. നിന്റെ അമ്മയോടെങ്കിലും സത്യം പറയാമാരുന്നില്ലേ? ഇരവിപേരൂരിൽ പോകുവാന്നും പറഞ്ഞല്ലേ നീ വീട്ടീന്നിറങ്ങിപ്പോന്നത്?”

കുഞ്ഞൂട്ടി കണ്ണുനീരോടെ പറഞ്ഞു.

“സത്യം തുറന്നുപറയാതെ വീടുവിട്ടിറങ്ങേണ്ടി വന്നതിൽ എനിക്കു കുറ്റബോധമുണ്ട്. അപ്പച്ചൻ എന്നോടു ക്ഷമിക്കണം. സത്യം പറഞ്ഞാൽ നിങ്ങളാരും എന്നെ ആശ്രമത്തിൽ വിടില്ലെന്നെനിക്കറിയാമായിരുന്നു”.

ബന്ധുവായ ഏബ്രാഹാമച്ചന്റെ ശിപാർശപ്രകാരമാണ് അന്നവൻ നാലാഞ്ചിറയിലേക്കു പോന്നത്. യാത്രയ്ക്കുവേണ്ട പണം പോലും അച്ചനാണു കൊടുത്തത്.

പിതാവിനെ നോക്കി ഇടിക്കുള അപേക്ഷിച്ചു.

“തിരുമേനീ, ഞങ്ങൾ പാവങ്ങളാ. ഞങ്ങടെ കഷ്ടപ്പാടുകൾ മാറ്റാൻ ഇവനല്ലാതെ ഞങ്ങൾക്കാരുമില്ല. ഇവൻ സഭ മാറി കത്തോലിക്കനായതുപോലും ഞങ്ങളുടെ സമ്മതം കൂടാതെയാണ്. അതുപോലും ഞാൻ ക്ഷമിക്കുന്നു. എന്നാൽ ഇതു ഞാൻ ഒരിക്കലും സമ്മതിക്കത്തില്ല. ഇവനെ ആശ്രമത്തീന്ന് ഇപ്പം ഞാൻ കൊണ്ടുപോകും”.

അപ്പൻ മുന്നോട്ടുകുതിച്ച് മകന്റെ കൈയ്ക്കു കടന്നുപിടിക്കാൻ ആഞ്ഞു.

പിതാവ് സഗൗരവം വിലക്കി.

“ഗുസ്തിയൊന്നും ഇവിടെ വേണ്ടാ. ഇവനു പറയാനുള്ളതു മുഴുവൻ കേൾക്കട്ടെ”.

കുഞ്ഞൂട്ടി ധൈര്യപൂർവ്വം പറഞ്ഞു.

“സന്ന്യാസിയാവുക എന്നത് ചെറുപ്പം മുതലുള്ള എന്റെ ആഗ്രഹമാണ്. ഇക്കാര്യത്തിൽ അപ്പച്ചന്റെ അനുവാദവും അനുഗ്രഹവും എനിക്കുവേണം. ദൈവവേലയ്ക്കായി ഇറങ്ങിത്തിരിക്കുന്നവന്റെ ഭവനകാര്യങ്ങൾ നോക്കാൻ ദൈവമുണ്ടപ്പച്ചാ. നമുക്കു പരാധീനത തന്ന ദൈവംതന്നെ അതു മാറ്റിത്തരികയും ചെയ്യും”.



malankaralibrary.com

കാപ്പിയുമായി ബർശ്ലീബാ അച്ചൻ വന്നു. അതു കുടിക്കാതെ ഇടിക്കുള വേദനയോടെ മാറി നിന്നു.

ഹൃദയം തകർന്ന അനുഭവമായിരുന്നു അദ്ദേഹത്തിന്. കണ്ണുകൾ നിറഞ്ഞൊഴുകി. ഭാരം താങ്ങാനാവാതെ ഏങ്ങലടിച്ചു.

ഒരിക്കലും പതറാത്ത അപ്പൻ കരയുന്നത് ആദ്യമായി കാണുകയാണ് കുഞ്ഞൂട്ടി. അതുകണ്ട് അവൻ നെഞ്ചുരുകി പ്രാർത്ഥിച്ചു.

“ദൈവമേ, ഈ കണ്ണുനീർ അവിടുന്നു സ്വീകരിക്കണമേ. എന്റെ വഴിയിൽ അവിടുന്നു മാർഗ്ഗനിർദ്ദേശം നൽകണമേ”.

✠



malankaralibrary.com



# 42

# ചുവടൊന്നുറപ്പിക്കാൻ ധീരപോരാട്ടം

കൂട്ടിൽക്കിടന്ന് 'അക്ബർ' ഭയങ്കരമായി കുരയ്ക്കുന്നു. അരമനയിലെ കൂറ്റൻ കാവൽ നായയാണവൻ. അനിഷ്ടമായതെന്തെങ്കിലും കണ്ടാൽ മാത്രമേ ഇങ്ങനെ നിർത്താതെ അവൻ കുരയ്ക്കുകയുള്ളൂ.

'സത്യവിശ്വാസ സംക്ഷേപം' എന്നൊരു പുസ്തകത്തിന്റെ മിനുക്കുവേലയിൽ മുഴുകി അരമന മുറിയിലായിരുന്നു പിതാവ്. സഭയിൽ കൂട്ടത്തോടെ ചേർന്നുകൊണ്ടിരിക്കുന്ന നാടാർ സമുദായക്കാർക്ക് വേണ്ടിയുള്ള പുസ്തകമാണ്. അവരുടെ വിശ്വാസം ദീപ്തമാക്കുകയാണു ലക്ഷ്യം. പക്ഷേ പട്ടിയുടെ ഭീകരഗർജ്ജനം തന്റെ ഏകാഗ്രതയ്ക്ക് തടസ്സമാകുന്നു. അടുത്തെവിടെയോ ചങ്ങല ഇളകുന്ന ഒച്ചയും കേൾക്കാം. ഒപ്പം ആരുടെയൊക്കെയോ സംസാരവും.

ആർച്ചുബിഷപ്പ് കസേരവിട്ടെഴുന്നേറ്റ് ജനൽവഴി മിഴികളയച്ചു. തനിക്കു വിശ്വാസം വരുന്നില്ല. തോക്കും ലാത്തിയുമായി കുറേ പോലീ



malankaralibrary.com

സുദ്യോഗസ്ഥർ. റവന്യൂ അധികാരികളും. അവരിൽ ഒരുവന്റെ മുഖം നല്ലപരിചയം. സർ സി.പിയുടെ സെക്രട്ടറി ഷൺമുഖം തന്നെ.

അവർ അരമനപ്പറമ്പിൽ കുറ്റികളടിച്ച് ചങ്ങലവലിക്കുന്നു, വസ്തു അളന്ന് കടലാസിൽ കുറിക്കുന്നു.

പ്രതിരോധ സന്നാഹങ്ങളുള്ളതിനാൽ നിർഭയം ജോലി ചെയ്യുകയാണവർ.

ഇതു കണ്ടുനിൽക്കാൻ പിതാവിനാകുമോ! അനുവാദം കൂടാതെ തന്റെ പറമ്പിൽ കടന്ന് വസ്തു അളന്നെടുക്കുന്നു. ഇതിന്റെ പിന്നിലെ ഗൂഢോദ്ദേശ്യം പിതാവ് ഊഹിച്ചു.

നെഞ്ചൂക്കോടെ ആ ഒറ്റയാൾപട്ടാളം കട്ടിലിനടിയിൽനിന്നും ചൂരൽവടി വലിച്ചെടുത്തു. ആത്മദണ്ഡനത്തിനായി സ്വന്തം ശരീരത്തിൽ മാത്രം ആഞ്ഞടിച്ചിട്ടുള്ള ചൂരലാണ്. മറ്റുള്ളവരുടെ നേർക്ക് വളരെ വിരളമായേ അതുയർന്നിട്ടുള്ളൂ. ഒരിക്കൽ അനുസരണക്കേടു കാട്ടിയ ഒരു ശെമ്മാശനു നേരെ. പിന്നെ സുറിയാനി പഠിക്കാതെ ഉഴപ്പിനടന്ന ചിലർക്കു നേരെ. അതു ലഘുവായി. എന്നാൽ താന്തോന്നിത്തം കാട്ടുന്ന ഈ അക്രമികളെ അടിച്ചോടിക്കുക തന്നെ.

ചൂരൽ പിടിച്ച് കൊടുങ്കാറ്റിന്റെ വേഗതയിൽ ആർച്ചുബിഷപ് പുറത്തേക്ക് ചാടിയിറങ്ങി. താഴെനിന്ന് അളന്നു തിരിക്കുന്നവർക്കു നേരെ ചൂരലോങ്ങി പാഞ്ഞുചെല്ലുന്നതിനിടയിൽ അത്യുച്ചത്തിൽ ഗർജ്ജിച്ചു.

"പട്ടാപ്പകൽ പിടിച്ചുപറിക്കുകയോ? കടക്കണം പുറത്ത്"

സിംഹമുഖനായ ആർച്ചുബിഷപ്പിന്റെ ജ്വലിക്കുന്ന മുഖത്തു നോക്കാനാവാതെ റവന്യൂ ഉദ്യോഗസ്ഥർ അറിയിച്ചു.

"ദിവാന്റെ കല്പനയാണ്".

"എങ്കിൽ ഇതു നമ്മുടെ കല്പനയാണ്. മേലിൽ അനുവാദമില്ലാതെ നമ്മുടെ സ്ഥലങ്ങളിൽ കാലുകുത്തിപ്പോകരുത്".

തോക്കും ലാത്തിയും പിടിച്ചുനിന്ന പോലീസുദ്യോഗസ്ഥർ പോലും മിണ്ടിയില്ല. പുറമേ ഗൗരവപ്പെട്ടു നിൽക്കുന്ന അവരുടെ ഉള്ളിലും ആർച്ചുബിഷപ്പിന്റെ തേജോമയ രൂപമുണ്ട്. എതിർത്താൽ തകർത്തു തരിപ്പണമാക്കുന്ന മഹാമാന്ത്രികനാണ് മാർ ഈവാനിയോസ് എന്ന് അവർക്കറിയാം. ദിവാൻ കോപിച്ചാൽ കോപിക്കട്ടെ എന്ന മട്ടിൽ അവർ തോക്കും വഹിച്ച് പ്രതിമകൾപോലെ നിന്നതേയുള്ളൂ.

ഷൺമുഖം പിതാവിന്റെയടുത്ത് വന്ന് കുനിഞ്ഞു നിന്നറിയിച്ചു.

"പുതുതായി എന്തോ തുടങ്ങാനാണിവിടെ. അളന്നെടുക്കുന്ന ഭൂമിക്ക് പൊന്നും വില തരും".



malankaralibrary.com

എരിയുന്ന ദൃഷ്ടികളോടെ അയാളെ നോക്കി ആർച്ചുബിഷപ് ഗർജ്ജിച്ചു.

"മീൻകച്ചവടംപോലെ ലാഭത്തിനു വാങ്ങാനും വിൽക്കാനും നമുക്കധികാരമില്ല. ഈ സ്ഥലം മാർപ്പാപ്പായുടെ വകയാണ്. അതിനാൽ മാർപ്പാപ്പായ്ക്കെഴുതി മറുപടി അറിഞ്ഞശേഷമേ ഇതിനു സമാധാനം പറയുവാൻ നിവൃത്തിയുള്ളൂ".

ഇനി അവിടെ തങ്ങുന്നതു നല്ലതിനല്ലെന്നവർക്കു തോന്നി. കുത്തിനാട്ടിയ കോലുകൾ അവർ വലിച്ചൂരി. ചങ്ങല തിരികെ ചുറ്റിയെടുത്തു. അവർ മെല്ലെ സ്ഥലം വിടുകയാണ്.

അവർക്കൊപ്പം ചെല്ലാൻ ഓടിയിറങ്ങിയ ഷൺമുഖത്തോടു പിതാവ് അവസാനമായി ഗർജ്ജിച്ചു.

"ടെൽ സർ സി.പി. ദാറ്റ് ദി വേഡ് ഫിയർ നെവർ ഒക്കേസ് ഇൻ ദി ഡിക്ഷ്ണറി ഓഫ് മാർ ഈവാനിയോസ്".

വിള നശിപ്പിക്കാൻ വന്ന കാട്ടുപന്നികളെ ആട്ടിപ്പായിച്ച ചാരിതാർത്ഥ്യത്തോടെ പിതാവ് അരമനയിലെത്തി.

എന്നിട്ടും മനസ്സിലൊരു വല്ലായ്മ. അതു മാറ്റാനായി പുലിക്കോട്ടു ജോസഫ് റമ്പാച്ചനെ ഉമ്മറത്തേക്കു വിളിച്ചു. തിരുവല്ലാ രൂപതയുടെ ചുമതലയാണ് റമ്പാച്ചന്. രൂപതാഭരണകാര്യങ്ങളിൽ മാർ തെയോഫിലോസ് തിരുമേനിയുടെ സഹായി. ചില ആവശ്യങ്ങൾക്കായി ഇവിടെത്തിയതാണ്.

വിനീതനായ റമ്പാച്ചൻ പിതാവിന്റെ മുന്നിലെത്തി. ഉറ്റചങ്ങാതികൂടിയായ റമ്പാച്ചനോടു പിതാവു ചോദിച്ചു.

"റമ്പാച്ചാ... നേരം പോക്കു വല്ലതുമുണ്ടോ"?

അതുകേൾക്കാത്ത താമസം റമ്പാച്ചൻ കഥകളുടെയും പാട്ടുകളുടെയും രസക്കുടുക്ക പൊട്ടിച്ചു; നല്ലൊരു ഹരികഥാക്ഷേപക്കാരന്റെ വിരുതോടെ. അതുകേട്ട് മറ്റച്ചന്മാരും ഉമ്മറത്തുവന്നിരുന്നു. ചിരിയുടെ മാലപ്പടക്കം പൊട്ടിത്തുടങ്ങി. മനോസംഘർഷം ഓടി മറയാൻ അതു മതിയായിരുന്നു.

എല്ലാവരും വർത്തമാനം പറഞ്ഞിരുന്ന് നേരം ഏറെയായി. അത്താഴം കഴിച്ചുകൊണ്ടിരിക്കെ കേട്ടു; വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി മരണാസന്ന നിലയിൽ.

പിതാവ്, ചേപ്പാട്ടു പീലിപ്പോസു റമ്പാച്ചനേയും കൂട്ടി കാറിൽ യാത്ര തിരിച്ചു.

കോട്ടയം പഴയ സെമിനാരിയിലെത്തുമ്പോൾ പാതിരാത്രി.



malankaralibrary.com

കണ്ണടച്ചു മയങ്ങിക്കിടക്കുന്ന തന്റെ ഗുരുനാഥന്റെ കിടക്കയ്ക്കരികിൽ മാർ ഈവാനിയോസ് ചെന്നുനിന്നു. ചുറ്റും യാക്കോബായ മെത്രാന്മാരും വൈദികരും. വലിയതിരുമേനിയുടെ ശോകാർദ്രമായ കിടപ്പുകണ്ട് മാർ ഈവാനിയോസിന്റെ ഉള്ളുലഞ്ഞു.

യാക്കോബായ സഭയിലെ ഒരിക്കലും ഒടുങ്ങാത്ത ശണ്ഠകൾ കണ്ട് ആ വൃദ്ധമാനസം മരവിച്ചതല്ലേ! വാർദ്ധക്യത്തിൽപോലും കോടതി കയറാൻ വിധിക്കപ്പെട്ട ആ പടക്കുതിര ഇതാ യുദ്ധക്കളത്തിൽ തളർന്നു വീണു കഴിഞ്ഞു. ഉശിരുള്ള ആ പടനായകൻ ഇതാ, ഒന്നനങ്ങാൻപോലുമാവാതെ ഈ ഇരുണ്ട അകത്തളത്തിൽ മയങ്ങിക്കിടക്കുന്നു.

മാർ ഈവാനിയോസ്, അരികിലിരുന്നു പതുക്കെ വിളിച്ചു.

"വലിയ തിരുമേനീ..."

റാന്തൽ വെളിച്ചത്തിൽ, അടഞ്ഞ മിഴികൾ മെല്ലെത്തുറന്നു.

"ങേ...?" ചെറിയൊരു ഞരക്കമുയർന്നു.

"ഇതു ഞാനാണു തിരുമേനീ... മാർ ഈവാനിയോസ്..."

പാതി തുറന്ന മിഴികളിൽ കണ്ണീർ തുളുമ്പിത്തിളങ്ങി. എന്തോ പറയാൻ ധൃതിപ്പെടുന്നതുപോലെ. പക്ഷേ, വരണ്ട ചുണ്ടുകൾ വിറച്ചതല്ലാതെ ശബ്ദിച്ചില്ല.

വലിയ തിരുമേനി തന്നെപ്പറ്റി എല്ലാവരോടും പറയാറുണ്ടായിരുന്ന ഒന്നു രണ്ടു വാചകങ്ങൾ മാർ ഈവാനിയോസ് ഓർമ്മിച്ചു.

"നമുക്കൊരു വിശ്വസ്തനും സ്നേഹിതനുമുണ്ടെങ്കിൽ അതു പണിക്കരുക്കത്തനാർ മാത്രമാണ്".

മെത്രാനായിക്കഴിഞ്ഞും തന്നെപ്പറ്റി ഇങ്ങനെതന്നെ എത്രയോ തവണ പറഞ്ഞിരുന്നു.

"ഇഹലോകത്തിൽ നമ്മുടെ ബഥനി മെത്രാച്ചനെപ്പോലെ നാം ആരേയും സ്നേഹിക്കയും വിശ്വസിക്കയും ഉണ്ടായിട്ടില്ല. നമ്മുടെ കാതോലിക്കാ ബാവായെക്കാളും നമ്മേക്കാളും നാം അദ്ദേഹത്തെ വിശ്വസിക്കയും സ്നേഹിക്കയും ചെയ്യുന്നു".

അന്നൊക്കെ ഈ പ്രശംസകൾ കേൾക്കാൻ തീരെ ഉത്സാഹം തോന്നിയിട്ടില്ല. എന്നാലിപ്പോൾ ഈ വൃദ്ധ പിതാവിൽനിന്നും ആ വാചകം ഒരിക്കൽക്കൂടി കേൾക്കാൻ കൊതിയാവുന്നു. പക്ഷേ ഈ വരണ്ട ചുണ്ടുകൾക്ക് ഇനി അതു സാദ്ധ്യമോ? അഥവാ, ഇപ്പോഴും തന്നെ വിശ്വസ്തനെന്നും സ്നേഹിതനെന്നും വിളിച്ചോമനിക്കാൻ ഇദ്ദേഹത്തിനാവുമോ? അതോ, സഭ വിട്ടുപോയതിൽ ചതിയനെന്നു വിളിക്കാനാണോ ഈ ചുണ്ടുകൾ വിറകൊള്ളുന്നത്.



malankaralibrary.com

എങ്കിലും ഗദ്ഗദത്തോടെ അപേക്ഷിച്ചു.

"അവിടുന്നെന്നെ അനുഗ്രഹിക്കണം".

വലിയ തിരുമേനിയുടെ ശോഷിച്ച വലതു കൈ മെല്ലെച്ചലിച്ചു. മാർ ഈവാനിയോസ് നിലത്തു മുട്ടുകുത്തി കിടക്കയ്ക്കരികിൽ നിന്നു. പാതി ഉയർത്തിയ കൈ ഉമ്മവച്ച് അനുഗ്രഹം സ്വീകരിച്ചു.

അവിടെ നിന്നെഴുന്നേറ്റ് എല്ലാവരേയും ഒന്നു നോക്കി. തന്റെ പഴയ ചങ്ങാതി വാളക്കുഴി ജോസഫ് അച്ചനും കൂട്ടത്തിലുണ്ട്. ഇന്നദ്ദേഹം പക്ഷേ, മെത്രാച്ചനാണ്. നിരണം ഭദ്രാസനാധിപനായ മാർ സേവേറിയോസ്.

ചേപ്പാട്ടു റമ്പാച്ചനെ മെത്രാനാക്കി നിരണം ഭദ്രാസനത്തിൽ ആക്കാനായിരുന്നു വലിയ തിരുമേനിയുടെ പദ്ധതി. അതു നടക്കാതെ വന്നപ്പോൾ കണ്ടെത്തിയതാണു വാളക്കുഴി അച്ചനെ. പുനരൈക്യ പ്രസ്ഥാനം തകർക്കാൻ ആശയും ശേഷിയുമുള്ള ആളുമാണല്ലോ അദ്ദേഹം. മെത്രാനാകും മുമ്പേ അതദ്ദേഹം തെളിയിക്കുകയും ചെയ്തു. അതിനാലല്ലേ, പുനരൈക്യപ്പെട്ട തന്റെ ഉറ്റ മിത്രമായ കെ.വി.ചാക്കോ മരിച്ചപ്പോൾ ശവം കത്തോലിക്കാ പള്ളിയിൽ സംസ്കരിക്കാൻ വാളക്കുഴിയച്ചൻ സമ്മതിക്കാതിരുന്നത്.

കഴിഞ്ഞവർഷം മെത്രാനായതോടെ പുനരൈക്യപ്പെടാൻ ആഗ്രഹിച്ചവരെയെല്ലാം തടഞ്ഞു നിർത്തി പിന്തിരിപ്പിക്കുകയായിരുന്നല്ലോ അദ്ദേഹത്തിന്റെ മുഖ്യ ജോലി. ഉറ്റ ശിഷ്യനായിരുന്നെങ്കിലും ഇപ്പോൾ തന്നെക്കണ്ട ഭാവം പോലുമില്ല മാർ സേവേറിയോസിന്. കൂടെയുള്ള യാക്കോബായ വൈദികരുടെയും നിലപാട് അതുതന്നെ. എം.എ അച്ചനെന്നു വിളിച്ചോമനിച്ച്, ബഥനി പിതാവെന്നു വിളിച്ചാദരിച്ച് സ്തുതിഗീതങ്ങളുടെ പൂമാലയർപ്പിച്ചിരുന്നവരാണവരിൽ പലരും. ഇപ്പോൾ നീരസഭാവത്തിൽ മുഖം തിരിച്ചുനിൽക്കുന്നു.

എങ്കിലും മാർ ഈവാനിയോസ് സ്നേഹപൂർവ്വം അവരെ സമീപിച്ചു. ആദ്യം മാർ സേവേറിയോസിന്റെ അടുത്തേക്ക്.

"കൊച്ചു മെത്രാച്ചാ.. എന്താ, പിണക്കമാണോ?"

"പിണക്കമുണ്ട്. പക്ഷേ അതു വ്യക്തിപരമല്ല. യാക്കോബായസഭ ഉപേക്ഷിച്ച അങ്ങയുടെ നിലപാടിലാണു പിണക്കം".

"ഈ അവസരത്തിൽ കൂടുതലൊന്നും ഞാൻ പറയുന്നില്ല. ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. യാക്കോബായക്കാരുടെ ശനിയാഴ്ച നമസ്കാരത്തിൽ ഇങ്ങനെ ചൊല്ലുന്നുണ്ടല്ലോ; 'അൽഹോയി കീപ്പോ ദ്



malankaralibrary.com

ബെസ് ശെമ ഊന്റിശ് തൽമീദെ ബനിയോനോലോദോ ഹലോ നോ ഈത്തോ നോസ്തവ മറാസ്'. എന്താണ് ഇതിന്നർത്ഥം?"

കൊച്ചു തിരുമേനി മിണ്ടിയില്ല.

"ഉം പറയണം. മാർ സേവേറിയോസിന്റെ ചുണ്ടിൽ നിന്നുതന്നെ എനിക്കതു കേൾക്കണം".

നിവൃത്തിയില്ലെന്നായപ്പോൾ കൊച്ചു തിരുമേനി അർത്ഥം പറഞ്ഞു.

"സഭയായ ഞാൻ ശ്ലീഹന്മാരുടെ തലവനായ ശിമയോൻ കീപ്പാമേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഞാൻ ഭയപ്പെടുകയില്ല".

"ഈ സത്യം ഉരുവിടുകയും ശിമയോൻ കീപ്പായുടെ പിൻഗാമികളായ മാർപ്പാപ്പാമാരെ തള്ളിപ്പറയുന്നതും വിരോധാഭാസമല്ലേ. ഞാൻ അവസാനമായി കൊച്ചു തിരുമേനിയോട് പറയുകയാണ്; ഈ സത്യം കണ്ടെത്താൻ ഇനിയെങ്കിലും വൈകരുത്".

എന്നിട്ടും മാർ സേവേറിയോസ് വീറോടെ പറഞ്ഞു.

"എന്തുപറഞ്ഞാലും, പോറ്റി വളർത്തി മെത്രാൻ പദത്തിൽ വരെ എന്നെ എത്തിച്ച യാക്കോബായ സഭയെ ഉപേക്ഷിക്കാൻ ഞാൻ തയ്യാറല്ല".

"ഇനി കൂടുതലൊന്നും പറയാനില്ല. അനുഭവം മെത്രാച്ചനെ നേർവഴിക്കു നടത്തട്ടെ". മാർ ഈവാനിയോസ് മുറിവിട്ടിറങ്ങി.

കനത്ത ഇരുട്ടാണു പുറത്ത്. എങ്കിലും യാത്ര തിരിച്ചു. കാറിലിരുന്ന് ആലോചിച്ചു. പോകുംവഴിക്കു തിരുവല്ലായിൽ ഇറങ്ങുക. തെയോഫിലോസ് തിരുമേനി രോഗാവസ്ഥയിലാണെന്ന് അറിഞ്ഞിട്ട് ഏതാനും ദിവസങ്ങളായല്ലോ.

ചെറുപുഷ്പഗിരി അരമനമുറ്റത്തു കാർ ചെന്നു നിൽക്കുമ്പോൾ നേരം വെളുത്തു തുടങ്ങിയിരുന്നു. പിതാവിന്റെ ആഗമനമറിഞ്ഞ് സകലരും ധൃതിയിൽ കിടക്കവിട്ടെഴുന്നേറ്റു. ഇൻഫന്റ് ജീസസ് മൈനർ സെമിനാരിയിൽ പഠിക്കുന്ന ശെമ്മാശന്മാരും ഓടിയെത്തി.

പിതാവിന്റെ സരസവും ജ്ഞാനസമ്പുഷ്ടവുമായ സംസാരം കേൾക്കാൻ എല്ലാവർക്കും കൊതി. അവർ ചുറ്റും നിരന്നു.

ആദ്യം കൊച്ചു തിരുമേനിയുടെ രോഗവിവരം തെരക്കി. അപ്പനോടു മകൻ എന്നപോലെ അദ്ദേഹം അതു വിവരിച്ചു.

പിതാവു പറഞ്ഞു.

"ഞാൻ നാലാഞ്ചിറ ആശ്രമത്തിൽ എല്ലാക്കൊല്ലവും പിഴിച്ചിൽ നടത്തി വിശ്രമിക്കാറുണ്ട്. ഇനിമുതൽ അതു നമുക്കൊരുമിച്ചാകാം".



malankaralibrary.com

എന്നിട്ടു കൂടിനിൽക്കുന്നവരോട് ചോദിച്ചു.

"നമ്മുടെ പുനരൈക്യവേലകൾ എങ്ങനെ നടക്കുന്നു? പ്രശ്നങ്ങൾ വല്ലതുമുണ്ടോ?"

കൊച്ചു തിരുമേനിയുടെ സെക്രട്ടറിയായ ഗീവറുഗീസച്ചൻ പറഞ്ഞു. "ദൈവകൃപയാൽ എല്ലാം ഭംഗിയായി നടക്കുന്നു പിതാവേ. എന്നാലും കഴിഞ്ഞാഴ്ചയിലൊരു സംഭവമുണ്ടായി".

"എന്താണ്, കേൾക്കട്ടെ".

"പുനരൈക്യപ്പെട്ട ഒരാൾ മരിച്ചു. ശവം കുഴിയിലിറക്കാൻ ഞങ്ങൾ തുടങ്ങിയപ്പോൾ നാട്ടുകാരിളകി. അവിടെ ശവം അടക്കാൻ പറ്റത്തില്ലെന്നു പറഞ്ഞു ഒരു പുലയൻ ഓടിവന്ന് ആ കുഴിക്കകത്തിറങ്ങി നിവർന്നു കിടന്നു".

"എന്നിട്ട്?" കൂടെ നിന്ന ചേപ്പാട്ടു റമ്പാച്ചനു ജിജ്ഞാസ.

"അവനോട് എത്ര പറഞ്ഞിട്ടും എഴുന്നേറ്റു പോകാൻ കൂട്ടാക്കിയില്ല. ഉടനെ നമ്മുടെ ഒരച്ചൻ തൂമ്പായും എടുത്തു ശവക്കുഴിയുടെ അടുത്തേക്കോടി. 'ഇവനെ വെറുതേ വിടേണ്ടാ... ജീവനോടെ മൂടിനെടാ...' എന്നു വിളിച്ചു പറഞ്ഞു മണ്ണുവെട്ടി ശവക്കുഴിയിലേക്കിടാൻ തുടങ്ങി. പുലയൻ ഇതു കണ്ടു പേടിച്ച് പിടഞ്ഞെണീറ്റു അലറിക്കൊണ്ടോടി. ശവസംസ്കാരം ഭംഗിയായി നടക്കുകയും ചെയ്തു".

എല്ലാവരും ഇതുകേട്ടു ചിരിച്ചുപോയി.

പിതാവു അതുകഴിഞ്ഞു ചില നിർദ്ദേശങ്ങൾ നൽകി.

"നമ്മുടെ എല്ലാ ഇടവകകളിലും ലീജിയൻ ഓഫ് മേരി എന്ന സംഘടന തുടങ്ങണം".

പരിശുദ്ധ ദൈവമാതാവിനെ ആദരിക്കാനുള്ള ഈ സംഘടന വളരെയേറെ ഫലം ചെയ്യുമെന്നാണു പിതാവിന്റെ പക്ഷം. ഡബ്ലിനിലെ സമ്മേളനത്തിൽ നിന്നുമാണ് ഇതിനുള്ള പ്രേരണ ഉണ്ടായത്.

തിരുവനന്തപുരത്തേക്കു മടങ്ങും മുമ്പ് പിതാവു ചോദിച്ചു.

"മിഷ്യനുകളിൽ കൊടുത്തയയ്ക്കാനായി എനിക്കു കുറച്ചു പുസ്തകങ്ങൾ ആവശ്യമുണ്ട്. ക്രിസ്തുനാഥാനുകരണവും സ്ലീബാപാതയും".

ഇംഗ്ലീഷിൽ നിന്നും 'ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ്' എന്ന വിഖ്യാത ഗ്രന്ഥം 'ക്രിസ്താനുകരണം' എന്ന പേരിൽ മാർ തെയോഫിലോസ് തിരുമേനിയാണ് തർജ്ജമചെയ്തത്. സ്ലീബാപാതയും അദ്ദേഹം തന്നെയാണെഴുതിയത്.



malankaralibrary.com

അതുകേട്ട് മാർ തെയോഫിലോസ് ചോദിച്ചു.

"ഇതു കൂടാതെ സുറിയാനിയിൽനിന്നും ഹാശാഗാനങ്ങൾ ഞാൻ മലയാളത്തിലേക്കു തർജ്ജമ ചെയ്ത് പുസ്തകമാക്കിയിട്ടുണ്ടു പിതാവേ".

"കൊള്ളാം. അതു കൂടെ വേണം. വലിയനോമ്പല്ലേ വരുന്നത്". ശെമ്മാശന്മാർ ഓടിപ്പോയി പുസ്തകങ്ങൾ അടുക്കിക്കെട്ടി കാറിൽ വച്ചു.

അപ്പോഴേക്കും ചൂടുകാപ്പിയും ഏത്തപ്പഴവുമായി പോൾ ശെമ്മാശൻ വന്നു. കുന്നങ്കുളത്തു തെക്കേക്കര കുടുംബാംഗമാണു ശെമ്മാശൻ. പുലിക്കോട്ടു ജോസഫ് റമ്പാച്ചന്റെ അടുത്ത ബന്ധു. അടുത്ത കൊല്ലം വൈദികനാകും. മാർ തെയോഫിലോസ് നൽകാൻ പോകുന്ന ആദ്യത്തെ വൈദികാഭിഷേകം.

മൂന്ന് ഏത്തപ്പഴം പിതാവെടുത്തു. അതിലൊരെണ്ണം ആദ്യം ഡ്രൈവർ ഗീവറുഗീസിനു കൊടുത്തു. പിന്നെ പീലിപ്പോസു റമ്പാച്ചന്. അവസാനത്തേതു പിതാവും.

മറ്റെല്ലാവരും പിതാവിന്റെ അനുഗ്രഹത്തിനായി കാത്തു നിന്നു.

✠



malankaralibrary.com



# 43

# ദൈവാനുഗ്രഹത്തിന്റെ നിറവ്

"അനുഭവം മെത്രാച്ചനെ നേർവഴിക്കു നടത്തും".

മാർ സേവേറിയോസിന്റെ ഉള്ളിൽ തന്റെ ഗുരുനാഥൻ പറഞ്ഞ ഈ വാക്യം മുഴങ്ങിക്കൊണ്ടിരുന്നു. നാളുകൾ കഴിയുന്തോറും പുനരൈക്യത്തിനെതിരെ യോഗങ്ങൾ സംഘടിപ്പിച്ചു ചുറ്റി നടക്കുമ്പോഴും ഈ ചിന്തയായിരുന്നു ഉള്ളിൽ.

തന്റെ വഴി ശരിയല്ലെന്നു പറഞ്ഞത് സാധാരണ മെത്രാപ്പോലീത്തായല്ല. പണ്ഡിതാഗ്രനായ മാർ ഈവാനിയോസ് തിരുമേനിയാണ്. അപ്പോൾ അതു തള്ളിക്കളയാൻ പാടില്ല. അന്നുമുതൽ മാർ സേവേറിയോസ് കുടുതൽ പഠിക്കാൻ തുടങ്ങി. സഭാപരമായ സകല പ്രാചീന രേഖകളും പഠിച്ചു. കൽക്കദോനിയാ സുനഹദോസിന്റെ പ്രമാണരേഖകൾ പഠിച്ചു. തൽഫലമായി എവുത്തിക്കോസിന്റെ ഏകസ്വഭാവവാദം അബദ്ധമാണെന്നു കണ്ടു. സഭയ്ക്കു അടിക്കടി പിണഞ്ഞ പിഴകൾ കണ്ടു.

പ്രാർത്ഥനയോടെ വേദപുസ്തകം തുറന്നു.

കണ്ണിൽപ്പെട്ടത് വിശുദ്ധ ലൂക്കായുടെ സുവിശേഷം പതിനൊന്നാം അദ്ധ്യായം ഇരുപത്തിമൂന്നാം വാക്യം.



malankaralibrary.com

"എന്നോടു കൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു. അങ്ങനെയുള്ളവൻ ചിതറിക്കപ്പെടും".

ഒരുറച്ച തീരുമാനം മനസ്സിൽ രൂപപ്പെട്ടു.

പുനരൈക്യപ്പെടുക തന്നെ.

പിന്നീടൊട്ടും വൈകിയില്ല.

സ്വന്തം കാർ യാക്കോബായ സഭയ്ക്കു വിട്ടുകൊടുത്തു. പുനരൈക്യ സ്നേഹിയായ മേളാംപറമ്പിൽ ഉമ്മെച്ചന്റെ കാർ വരുത്തി. ധരിച്ചിരുന്ന കുപ്പായവും കുർബ്ബാനപ്പെട്ടിയും മാത്രമായി തിരുവനന്തപുരത്തേക്കു തിരിച്ചു.

മാർ ഈവാനിയോസ് അന്ന് നാലാഞ്ചിറ ആശ്രമത്തിലാണ്. ആയുർവേദ വിധി പ്രകാരം പിഴിച്ചിൽ നടത്തി വിശ്രമിക്കുന്നു. മാർ തെയോഫിലോസും പിഴിച്ചിൽ നടത്താൻ ചെല്ലാമെന്ന് ഏറ്റിരുന്നതാണ്. പക്ഷേ, എഴുന്നേറ്റു നിൽക്കാൻ പോലും വയ്യാത്തവിധം അദ്ദേഹം അവശനായിരിക്കുന്നു. എന്തോ മാരകരോഗം അദ്ദേഹത്തെ അടിച്ചു വീഴ്ത്തിയിരിക്കുന്നു. ഓർമ്മപോലും നഷ്ടമാകുന്നു. പരസ്പര ബന്ധമില്ലാതെ പലതും പറയുന്നു.

തിരുവല്ലാ രൂപതയുടെ ദുര്യോഗം എന്നല്ലാതെന്തു പറയാൻ. നല്ല രീതിയിൽ രൂപതയെ പടുത്തുയർത്തുകയായിരുന്നു. ധാരാളം മിഷ്യനുകളായി. അനേകം പള്ളികൾ ഉയർന്നുകഴിഞ്ഞു. അപ്പോഴിതാ അതിന്റെ ശില്പി തളർന്നു വീണുകിടക്കുന്നു.

ആശ്രമത്തിൽ വിശ്രമിക്കുകയാണെങ്കിലും മാർ ഈവാനിയോസിന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. പ്രയാസങ്ങളെല്ലാം ദൈവമുമ്പാകെ സമർപ്പിച്ച് നെഞ്ചത്തടിച്ചദ്ദേഹം പ്രാർത്ഥിച്ചു.

"ജഗദീശാ... തിരുവല്ലാ രൂപതയെ അനാഥമാക്കല്ലേ".

ഉടൻ മാനേജർ ചാക്കോച്ചൻ ഓടിവന്ന് അറിയിച്ചു. അയാളുടെ മുഖത്ത് ആഹ്ളാദത്തിന്റെ വേലിയേറ്റം.

"പിതാവിനെക്കാണാൻ ആരാ വന്നിരിക്കുന്നതെന്നു നോക്കിക്കേ".

കാര്യം വ്യക്തമായില്ലെങ്കിലും പിതാവു സ്വീകരണമുറിയിലെത്തി. അവിടാരുമില്ല.

"എവിടെ?" എന്നർത്ഥത്തിൽ പിതാവു ചാക്കോയെ നോക്കി.

ചാക്കോച്ചൻ വെളിയിലേക്കു വിരൽ ചൂണ്ടിപ്പറഞ്ഞു.

"പിതാവിനെക്കണ്ട് അനുവാദം വാങ്ങിയിട്ടേ അകത്തു വരൂ എന്നു വാശിപിടിച്ച് ദാ... മുറ്റത്തു നിൽക്കുന്നു".



malankaralibrary.com

പിതാവു വെളിയിലേക്കു നോക്കി.

അവിശ്വസനീയമായിരുന്നു ആ കാഴ്ച.

തന്റെ ഉദ്യമങ്ങളെ വെട്ടി മുറിക്കാൻ അങ്കം കുറിച്ച എതിരാളി. പഴയ ഗാഢബന്ധം പോലും മറന്ന് തനിക്കെതിരേ പ്രസംഗിച്ചു നടന്ന തന്റെ പൂർവ്വശിഷ്യൻ.

ചൂളമരങ്ങൾ ഇലപൊഴിക്കുന്ന ആശ്രമമുറ്റത്ത്, പച്ചപ്പുൽപ്പരപ്പിൽ പശ്ചാത്താപത്തോടെ നിൽക്കുകയാണു മാർ സേവറിയോസ്.

പിതാവ് ഇരുകൈകളും വിരിച്ച് ഓടിയിറങ്ങി കൊച്ചു മെത്രാനെ സഗാഢം പുണർന്നു. പിന്നിൽ ചാക്കോച്ചന്റെ ആഹ്ലാദവാണി അപ്പോഴും ഉയർന്നു. "പിതാവിന്റെ കാത്തിരിപ്പ് അങ്ങനെ തീർന്നു".

പിതാവ് വാത്സല്യത്തോടെ ചോദിച്ചു.

"സുഖമാണോ മെത്രാച്ചാ?"

"സുഖം തേടി പിതാവിന്റെ പക്കൽ വന്നതാണു ഞാൻ. ഞാൻ തെറ്റായ വഴിയിലായിരുന്നു. അവിടുന്നെന്നെ കൈക്കൊള്ളണം".

"അതിനു ഞാനൊരിക്കലും ഉപേക്ഷിച്ചിട്ടില്ലല്ലോ. ആകട്ടെ... വല്ലതും കഴിച്ചോ? ഇല്ലെങ്കിൽ വാ... അതു കഴിഞ്ഞു മതി ബാക്കി".

"ഇല്ല പിതാവേ, അങ്ങന്നെ സ്വീകരിക്കുന്നതുവരെ എനിക്കുപവാസമാണ്".

"എനിക്കെതിരേ വീറോടെ പൊരുതുമ്പോഴും ഒരു കാര്യം ഉറപ്പുണ്ടായിരുന്നു. ശൗലിനെപ്പോലെ മെത്രാച്ചൻ തിരിച്ചുവരുമെന്ന്. ദൈവം എത്രയോ കാരുണ്യവാനാണ്. അല്ലെങ്കിൽ ഈ ദുർഘടാവസ്ഥയിൽത്തന്നെ ഈ വരവ് ഉണ്ടാകുമായിരുന്നോ?

പൊരുളറിയാതെ മാർ സേവേറിയോസ് ആരാഞ്ഞു.

"ഞാൻമൂലം പരിഹരിക്കേണ്ട എന്തു ദുർഘടാവസ്ഥയാണു പിതാവേ ഉള്ളത്?"

"തെയോഫിലോസ് തിരുമേനി രൂപതാ ഭരണത്തിൽനിന്നും വിരമിച്ചു".

വിവരങ്ങളറിഞ്ഞ് മാർ സേവേറിയോസ് ദു:ഖിതനായി.

"തെയോഫിലോസ് തിരുമേനി സുഖമില്ലാതിരിക്കുകയാണെന്നേ ഞാനറിഞ്ഞുള്ളൂ. വന്നു കാണണമെന്ന് ആഗ്രഹവുമുണ്ടായിരുന്നു. എങ്കിലും കഴിഞ്ഞില്ല. പിതാവേ, എനിക്കാദ്യം പുനരൈക്യപ്പെടണം. എന്നിട്ടുടനെ തെയോഫിലോസ് തിരുമേനിയെക്കാണാൻ പോകണം".



malankaralibrary.com

മാലാഖയുടെ നിഷ്കളങ്കമായ ആ മുഖം കാണാൻ; ആ സ്വർഗ്ഗീയ നാദം കേൾക്കാൻ ആരാണു തിരക്കുകൂട്ടാത്തത്.

അവർ ഉടനെ പട്ടം അരമനയിലേക്കു പോയി. ആശ്രമസ്ഥരും അനുഗമിച്ചു.

വിവരമറിഞ്ഞ് അരമനയിലെല്ലാവർക്കും അതിരറ്റ ആഹ്ലാദം.

വൈദികർ കത്തിച്ചമെഴുകുതിരികളുമായി വരവേറ്റു.

മലബാർ റീത്തിൽ നിന്നുള്ള വൈദികരിൽ പലരും മാർ സേവേറിയോസിനെ കാണുന്നത് ഇതാദ്യം.

ചാപ്പലിലേക്കു പോകുന്നതിനിടയിൽ അവരോടു മാർ ഈവാനിയോസ് ചോദിച്ചു.

"ഇതാരാണെന്നറിയാമല്ലോ"

"സേവേറിയോസ് തിരുമേനി..." പട്ടത്തെ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയുടെ പ്രഥമ റെക്ടർ ആയ ഫാദർ മാത്യു പോത്തനാംമൂഴി പറഞ്ഞു.

മാർ ഈവാനിയോസ് പുഞ്ചിരിയോടെ പറഞ്ഞു.

"അങ്ങനെയും വിളിക്കാം. എന്നാൽ അതിലും ശരിയായ പേര് 'അഭിനവ ശൗൽ' എന്നാണ്".

പുനരൈക്യ പ്രസ്ഥാനത്തിന്റെ ശക്തനായ ആ പ്രതിയോഗിയെ അവർ അടുത്തു കണ്ടു. അദ്ദേഹത്തിന്റെ ഓരോ പ്രതിപ്രവർത്തനവും കണ്ട് മാർ ഈവാനിയോസ് നെഞ്ചുപൊട്ടിക്കരഞ്ഞു പ്രാർത്ഥിച്ചതിന് അച്ചന്മാരെല്ലാം സാക്ഷികളാണല്ലോ.

അരമനച്ചാപ്പലിൽ ആർച്ചു ബിഷപ്പിന്റെ മുമ്പിൽ മുട്ടുകുത്തി വിശ്വാസപ്രതിജ്ഞചെയ്ത് മാർ സേവേറിയോസ് കത്തോലിക്കാ മെത്രാനായിത്തീർന്നു. സാക്ഷിയായി കിളിലേത്തു ചാക്കോ ഒപ്പുവച്ചു.

അതുകഴിഞ്ഞ് അരമനയിൽ തിരിച്ചെത്തിയപ്പോൾ മാർ സേവേറിയോസ് അഭ്യർത്ഥിച്ചു.

"പിതാവേ, എനിക്കൊരു കടലാസും പേനയും വേണം".

"എന്തിനാ മെത്രാച്ചാ? പൗലോസ് ശ്ലീഹായെപ്പോലെ ലേഖനമെഴുതാനാണോ?"

എല്ലാവരും ചേർന്ന് കുലുങ്ങിച്ചിരിച്ചു. ശൗൽ മാനസാന്തരപ്പെട്ട് പൗലോസ് എന്ന പേരിൽ ലേഖനങ്ങളെഴുതുകയായിരുന്നല്ലോ.

ചിരി അടങ്ങിയപ്പോൾ മാർ സേവറിയോസ് പറഞ്ഞു.



malankaralibrary.com

"ഞാനിപ്പോൾ ഔദ്യോഗികമായി നിരണം മെത്രാപ്പോലീത്തയാണ്. മനസ്സുകൊണ്ടു മാത്രമേ ആ സ്ഥാനം ഉപേക്ഷിച്ചിട്ടുള്ളൂ. ഇനിയിപ്പോൾ ഒരു രാജിക്കത്തെഴുതി ആ സ്ഥാനം പൂർണ്ണമായും ഒഴിയണം".

പിതാവ് അദ്ദേഹത്തെ സ്വന്തം മുറിയിലേക്കു വിളിച്ചു കൊണ്ടു പോയി.

കടലാസും പേനയും നൽകി.

രാജിക്കത്തെഴുതി കൂട്ടിലാക്കി ഒട്ടിച്ചു.

പിതാവ് മേശതുറന്ന് അതിൽ ഭദ്രമായി സൂക്ഷിച്ചു വച്ചിരുന്ന ഒരു പഴയ എഴുത്തുമായി മാർ സേവേറിയോസിന്റെ അരികിലെത്തി.

ആ കത്ത് നിവർത്തിക്കാട്ടി പിതാവു പറഞ്ഞു.

"ഏഴുവർഷമായി സൂക്ഷിച്ചുവച്ചിരിക്കുന്ന എഴുത്താണിത്. ആരെഴുതിയതാണെന്നറിയാമോ?"

മാർ സേവറിയോസ് കത്തിലേക്കു സൂക്ഷിച്ചുനോക്കി.

അത്ഭുതം! തന്റെ സ്വന്തം കൈപ്പടതന്നെ.

ഏഴുവർഷമായി! ഇതു സൂക്ഷിച്ചു വയ്ക്കേണ്ട കാര്യമെന്ത്?

അതിലെ വാചകങ്ങളിലൂടെ അദ്ദേഹത്തിന്റെ മിഴികൾ ഇഴഞ്ഞു.

"... നമ്മുടെ കർത്താവ് മരുഭൂമിയിൽ ഉപവസിച്ചു. പിന്നീടു പിശാച് ലൗകിക പ്രതാപങ്ങൾ കാട്ടി കർത്താവിനെ പരീക്ഷിച്ചു. പക്ഷേ കർത്താവ് പിശാചിനെ ആട്ടിയോടിച്ചു.

തിരുമേനി മുണ്ടൻമലയിൽ പ്രാർത്ഥനയും ഉപവാസവും അനുഷ്ഠിച്ചു. പിശാച് റോമാസഭയുടെ ലൗകിക പ്രതാപങ്ങൾ കാണിച്ച് തിരുമേനിയെ പരീക്ഷിച്ചു. തിരുമേനി വീണുപോയി..."

പുനരൈക്യപ്പെട്ട മാർ ഈവാനിയോസിനെ പരിഹസിച്ചു കൊണ്ട് താനെഴുതിയ കത്താണത്. അതു വായിക്കുന്തോറും കൊച്ചുമെത്രാന്റെ മിഴികൾ നനയുകയായിരുന്നു. നിലവിളി അടക്കാനാവാതെ കൂപ്പുകയ്യോടെ അദ്ദേഹം പിതാവിനു മുമ്പിൽ നിന്നു മാപ്പപേക്ഷിച്ചു.

പിതാവ് ആശ്വസിപ്പിച്ചു.

"സാരമില്ല മെത്രാച്ചാ. ഇന്നെനിക്ക് ഇരട്ടി സന്തോഷം കിട്ടിയില്ലേ".

എഴുതിവച്ച രാജിക്കത്ത് കാതോലിക്കാ ബാവായ്ക്കാണു കൊടുക്കേണ്ടത്. അദ്ദേഹം പാളയം സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ ഉണ്ടുതാനും. പക്ഷേ നേരിൽ കൊടുക്കേണ്ടാ. ആരുടെയെങ്കിലും കൈവശം കൊടുത്തയയ്ക്കാം. തുമ്പമൺകാരൻ പുത്തൻവീട്ടിലച്ചൻ ആ ദൗത്യം ഏറ്റെടുത്തു. അദ്ദേഹം രാജിക്കത്ത് ബാവായെ ഏൽപ്പിച്ചു.



malankaralibrary.com

ബാവായുടെ കൂടെയുണ്ടായിരുന്നവർ വാർത്ത കേട്ടു ഞെട്ടി. അവർ സംഘംചേർന്നു കോപാന്ധരായി പാഞ്ഞു. മാർ സേവേറിയോസിനെ കണ്ടെത്തുകയാണു ലക്ഷ്യം.

മാർ ഈവാനിയോസും മാർ സേവേറിയോസും തിരുവല്ലായിലേക്കു പോകാൻ കാറിൽക്കയറി. കൂടെ മാനേജർ ചാക്കോച്ചനുമുണ്ട്. 'ദാ പോകുന്നു മെത്രാന്മാർ' എന്നു പറഞ്ഞ് അക്രമികൾ മറ്റൊരു കാറിൽ പിന്നാലെകൂടി.

എന്തുവേണമെന്നമട്ടിൽ ഡ്രൈവർ ഗീവറുഗീസ് പിതാവിനെ നോക്കി.

"വണ്ടി നേരെ കന്യാകുമാരിയിലേക്കു തിരിച്ചുവിട്". മാർ ഈവാനിയോസ് കല്പിച്ചു.

അവിടെ മുനമ്പിനോടു ചേർന്ന് നല്ലുയരത്തിൽ ഒന്നാന്തരമൊരു വസ്തു വാങ്ങിയിട്ടിട്ടുണ്ട്. താമസിക്കാൻ വേണ്ട കെട്ടിടവുമുണ്ട്. ശത്രുക്കളുടെ കഴുകൻ കണ്ണുകളിൽനിന്നു രക്ഷപ്പെടാൻ അവിടെത്തുക തന്നെ.

ഊടുവഴികളിലൂടെ കാർ അതിശീഘ്രം കയറ്റിവിട്ടു. പിന്നെ തെക്കോട്ടു പറന്നു. ശത്രുക്കൾ പിന്നാലെ വരുന്നുണ്ടോ എന്നറിയാൻ ഗീവർഗീസ് ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

പോകുന്നതു മാർത്താണ്ഡം വഴിയാണ്. അവിടെ കേന്ദ്രമാക്കിയാണ് ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മിഷ്യൻ പ്രവർത്തനം. അദ്ദേഹം വന്നതു മുതൽ നാടാർ സമുദായക്കാർ കൂട്ടത്തോടെ പുനരൈക്യപ്പെടുകയാണ്. മലബാർ റീത്തിൽ നിന്നും വന്ന അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനങ്ങൾ മൂലം തെക്കൻ പ്രദേശത്ത് സഭ ശക്തിപ്പെട്ടു കഴിഞ്ഞു. ഭരണങ്ങാനത്തിനടുത്ത് പ്രവിത്താനമാണ് അച്ചന്റെ സ്വദേശം. ചങ്ങനാശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികനായതിന്റെ പിറ്റെക്കൊല്ലം തന്നെ മലങ്കരയിൽ വന്നതാണ്. പുരൈക്യ പിതാവിന്റെ മന്ത്രികപ്രഭാവത്തിൽ ആകൃഷ്ടനായിട്ടെന്നപോലെ.

അവിടിറങ്ങി അച്ചനക്കണ്ട് ചിലതു പറയാനുണ്ടായിരുന്നു. എന്നാൽ അതുവേണ്ടാ. ശത്രുക്കൾ അവിടെയും കാണും? അതിനാൽ എങ്ങും നിർത്താതെ കാർ പാഞ്ഞു.

രാത്രിയായപ്പോൾ കന്യാകുമാരിയിലെത്തി.

മാർ ഈവാനിയോസും കൊച്ചുമെത്രാനും കെട്ടിടത്തിൽ കടന്നു. ചാക്കോച്ചനും ഗീവറുഗീസും മുനമ്പിലേക്കു നടന്നു.

മൂന്നു സാഗരങ്ങളുടെ സംഗമവേദിയല്ലേ? എത്ര കണ്ടാലും കൊതി തീരാത്തസ്ഥലം. വെള്ളിക്കൊലുസുകളണിഞ്ഞ മൂന്നു സാഗര കന്യകമാരുടെ സംഘനൃത്തം കാണാം.



malankaralibrary.com

കാറ്റടിച്ചിളകുന്ന അവരുടെ കൈകൊട്ടിക്കളി കാണാം.

സ്വാമി വിവേകാനന്ദൻ ഭാരത പരിക്രമാനന്തരം തപസ്സു ചെയ്ത വലിയ കരിമ്പാറ കടലിന്റെ നടുവിൽ ഉയർന്നു കാണാം.

ഇരുവരും സഭാകാര്യങ്ങൾ പറഞ്ഞ് മുനമ്പിലേക്കു നടന്നു. പെട്ടെന്നൊരു കറുത്ത കാർ ഇരമ്പി വന്ന് അൽപ്പം മുമ്പിൽ നിർത്തി. ചാക്കോച്ചനും ഗീവർഗീസും സൂക്ഷിച്ചുനോക്കി. പട്ടത്തുവച്ചു കണ്ട കാർ തന്നെ.

വാതിൽ തള്ളിത്തുറന്ന് നാലഞ്ചു മുട്ടാളന്മാർ ആരെയോ ചുറ്റും തെരയുന്നു. ഇരുട്ടായതിനാൽ അവരുടെ മുഖങ്ങൾ വ്യക്തമല്ല. എങ്കിലും അവരുടെ ഒച്ചകേൾക്കാം. അടുത്തുകണ്ട കടയിൽക്കയറി അവർ ചോദിക്കുന്നതു കേട്ടു.

"ഒരു കാറിൽ ഇതുവഴി രണ്ടു തിരുമേനിമാർ വന്നോ"?

"ഇല്ലയ്യാ. അപ്പടിയാരെയും നാൻ പാർക്കയില്ലാ".

കടക്കാരൻ പറഞ്ഞതു ശരിതന്നെ. തങ്ങളുടെ കാർ ആ കടയ്ക്കിപ്പുറത്തുനിന്നും വലത്തോട്ടു കയറിപ്പോവുകയായിരുന്നല്ലോ.

അവരിൽ ഒരാളുടെ സ്വരമുയർന്നു.

"നമ്മൾ വാഴിച്ചുകൊണ്ടുവന്ന മെത്രാൻ റോമാസഭയെ ഭരിക്കാൻ ഇടവരുത്തല്ലെടാ".

മറ്റൊരു ചട്ടമ്പി പിന്താങ്ങി.

"കാറു തകർത്തിട്ടാണെങ്കിലും സേവേറിയോസിനെ നമ്മുടെ വണ്ടിയിൽ കേറ്റണം. ബഥനി മെത്രാച്ചനെങ്ങാനും എതിർത്താൽ പിന്നൊന്നും നോക്കേണ്ടാ; തട്ടിയേക്കണം".

മാനേജർ ചാക്കോച്ചനും ഗീവർഗീസും അതുകേട്ടു നടുങ്ങി. അവർ ഓടിക്കയറി തിരുമേനിമാരുടെ മുമ്പിലെത്തി.

ചാക്കോച്ചൻ കിതപ്പോടെ പറഞ്ഞു.

"പിതാവേ, അവന്മാർ ഇവിടെയും എത്തീട്ടൊണ്ട്. കൊല്ലാൻവരെ തയ്യാറായിട്ടാ വന്നിരിക്കുന്നത്. ഉടൻ നമുക്കു രക്ഷപെട്ടേ പറ്റൂ".

"എങ്കിൽ നമുക്കു മദ്രാസിലേക്കു പോകാം. അവിടെച്ചെന്നിട്ട് പല കാര്യങ്ങളും സാധിക്കാനുമുണ്ട്". ആലോചിച്ച് പിതാവു പറഞ്ഞു.

യാത്ര അങ്ങനെ തുടർന്നു.

ദിവസങ്ങൾ പലതു കഴിഞ്ഞു.

നാട്ടിലെ കോലാഹലങ്ങൾ കെട്ടടങ്ങിക്കാണുമെന്ന പ്രതീക്ഷയിൽ തിരുവനന്തപുരത്തു തിരിച്ചെത്തി.



malankaralibrary.com

പക്ഷേ മറ്റു ചില പ്രശ്നങ്ങൾ സഭാന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുകയാണ്. പ്രതിബന്ധങ്ങളുടെ നെടുങ്കോട്ടകൾ ചുറ്റുമുയർത്തി സഭയെ ശ്വാസം മുട്ടിച്ചു കൊല്ലാനാണു ശ്രമം. എല്ലാം സർ സി.പി.യുടെ ചെയ്തികൾ.

നോവിച്ചു വിട്ട മൂർഖനെപ്പോലെ അയാൾ പ്രതികാര ബുദ്ധിയോടെ പ്രവർത്തിക്കുകയാണ്. പാവം യുവരാജാവിനെപ്പോലും അയാൾ സ്വാധീനിച്ചു കഴിഞ്ഞു.

സർക്കാരിന്റെ അനുവാദമില്ലാതെ ക്രിസ്ത്യാനികളുടെ ശവം മറവു ചെയ്യാൻ പാടില്ലത്രേ.

തിരുവിതാംകൂറിൽത്തന്നെ ക്രിസ്ത്യാനികളുടെ എണ്ണം പതിനായിരത്തിൽപ്പരമാണ്. അവരിൽ ഓരോരുത്തർ മരിക്കുമ്പോഴും ദിവാനെക്കണ്ട് അനുമതി വാങ്ങണമെന്നു ശഠിച്ചാൽ എന്തു ചെയ്യും.

അനുവാദത്തിനായി വൈദികർ കൊട്ടാരത്തിൽ ചെന്നാലോ. ദിവാൻ ഉടൻ ഒളിച്ചുകളയും. വൈദികർ പിന്നെ ഉദ്യോഗസ്ഥരുടെ കാലു പിടിക്കണം. അവരാകട്ടെ ഓരോ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് വൈദികരെ ഒഴിവാക്കുകയും ചെയ്യും. നിയമം അവഗണിച്ച് ശവം മറവു ചെയ്ത അച്ചന്മാരെ അധികാരികൾ തല്ലിച്ചതയ്ക്കുന്നു. അവർക്കെതിരെ കള്ളക്കേസുകൾ ഉണ്ടാക്കുന്നു.

ഇതുമാത്രമല്ല ദിവാന്റെ കുതന്ത്രങ്ങൾ. ക്രിസ്ത്യാനികൾക്കു പരസ്യാരാധനയും വിലക്കിക്കഴിഞ്ഞു.

ഇതെല്ലാം പുനരൈക്യ പ്രസ്ഥാനത്തെ ഞെരുക്കുകയാണ്.

ഈ പ്രതിസന്ധിയിൽ വേദനിച്ചുനിന്ന അച്ചന്മാരെ പിതാവ് ആശ്വസിപ്പിച്ചു.

"നിങ്ങൾ എന്തിനാണു ഭയപ്പെടുന്നത്? താഴേക്കു നോക്കുന്നവർക്കേ ഭയക്കേണ്ടതുള്ളൂ. നിങ്ങളുടെ ദൃഷ്ടികൾ ഉയരങ്ങളിലായിരിക്കട്ടെ".

'ഞാൻ പർവ്വതത്തിലേക്കു എന്റെ കണ്ണുകളുയർത്തും' എന്നു തുടങ്ങുന്ന സങ്കീർത്തനം പലരുമപ്പോൾ ഓർത്തു.

ജനങ്ങളെ ധൈര്യപ്പെടുത്താൻ പിതാവ് ഇടയലേഖനം അച്ചടിച്ച് പള്ളികളിലെത്തിച്ചു.

ഭഗ്നാശരായ ജനത്തെ അഭിസംബോധന ചെയ്തു പറഞ്ഞു.

"ഇവിടെ ക്രൈസ്തവർ മാത്രമല്ലല്ലോ വസിക്കുന്നത്. ഹൈന്ദവരുമില്ലേ. അവർക്ക് ആരുടേയും അനുമതിയില്ലാതെ സൗകര്യംപോലെ ശവം കുഴിച്ചിടുകയോ ദഹിപ്പിക്കുകയോ ആകാം. അവർക്ക് ഉത്സവങ്ങളാകാം പൊങ്കാലയാകാം ആറാട്ടാകാം. ക്രിസ്ത്യാനികൾക്കു മാത്രം എവിടെയും



malankaralibrary.com

വിലക്ക്. ഫറവോൻ പണ്ട് ജനത്തെ രണ്ടു തട്ടുകളാക്കിയതുപോലെ. ഈ ദു:സ്ഥിതി മാറിയേ തീരൂ".

ആർച്ചു ബിഷപ്പിന്റെ ഇടയലേഖനം പത്രങ്ങളിൽ വന്നു. പത്രങ്ങൾ രണ്ടു ചേരിയായി. മാർ ഈവാനിയോസ് ഹൈന്ദവ ശത്രുവെന്ന് ഒരു കൂട്ടർ എഴുതി. അല്ല, ന്യൂനപക്ഷത്തിന്റെ അവകാശം സംരക്ഷിക്കുന്ന അദ്ദേഹം നീതിമാനെന്ന് മറ്റൊരു കൂട്ടർ.

ഈ വാദപ്രതിവാദങ്ങൾക്കിടയിലാണ് ബ്രിട്ടീഷ് പാർലമെന്റിൽ നിന്നും ഒരു കടലാസ് രാജകൊട്ടാരത്തിലെത്തിയത്.

താക്കീതിന്റെ ധ്വനിയുള്ള ഒരു ചോദ്യമായിരുന്നു, അതിൽ.

"ഇന്ത്യയിലെ ഒരു നാട്ടുരാജ്യമായ തിരുവിതാംകൂറിൽ ക്രൈസ്തവർക്ക് എതിരായി മതപീഡനം നടത്തുന്നുവെന്നു കേൾക്കുന്നു. ഇതു ശരിയോ? വിശദാംശങ്ങൾ ഉടൻ അറിയിക്കണം".

ആ ചോദ്യം ദിവാനെ സംബന്ധിച്ച് ഓർക്കാപ്പുറത്തുള്ള വെള്ളിടിയായിരുന്നു.

ഇതിനെന്തുത്തരം കൊടുക്കുമെന്നാലോചിച്ച് മഹാരാജാവും നടുങ്ങി.

ഇതുകൂടി കിട്ടിയപ്പോൾ പത്രങ്ങളുടെ മത്സരം ഇരട്ടിച്ചു. ദിവാന്റെ രക്ഷയ്ക്ക് പല പത്രങ്ങളും ഉണ്ടായിരുന്നു. ബ്രിട്ടീഷ് പാർലമെന്റിൽ പരാതിപ്പെട്ടത് മാർ ഈവാനിയോസാണെന്ന് അവരെഴുതി.

അങ്ങനെ പറയാൻ അവർക്കു വ്യക്തമായൊരു കാരണവുമുണ്ടായിരുന്നു.

ബ്രിട്ടീഷ് പാർലമെന്റിലെ പ്രധാനപ്പെട്ട അംഗമായ ഫിറ്റ്സാലൻ പ്രഭുവാണ് പാർലമെന്റിൽ ഈ വിഷയം അടിയന്തിരമായി അവതരിപ്പിച്ചത്. അദ്ദേഹം മാർ ഈവാനിയോസിന്റെ ഉറ്റ ചങ്ങാതിയാണുതാനും. ലണ്ടനിലെ ഒരു മഹാസമ്മേളനത്തിൽവച്ച് ആരംഭിച്ച ബന്ധമാണത്. പുനരൈക്യ പിതാവിനെ അനുമോദിക്കാൻ അവിടെ കൂടിയ യോഗത്തിന്റെ അദ്ധ്യക്ഷനായിരുന്നു ഫിറ്റ്സാലൻ പ്രഭു. അതുകഴിഞ്ഞ് കത്തുകളിലൂടെ ആ ബന്ധം വളരുകയായിരുന്നല്ലോ.

പത്രങ്ങളിലെ മുഖപ്രസംഗങ്ങൾപോലും ഇതായിത്തുടങ്ങി. സർവീസസ് എന്ന പത്രം എഴുതി.

"മഹാരാജാവിനെതിരെ ദൂഷ്യാരോപണം നടത്തിയ ആർച്ചുബിഷപ്പിനെ ഉടൻ ജയിലിലടയ്ക്കണം".

ഇതുകണ്ട് 'മലയാളമനോരമ' അടങ്ങിയിരിക്കുമോ.



malankaralibrary.com

പഴയ വൈരമെല്ലാം മറന്ന് അവർ ആർച്ചുബിഷപ്പിനെ പിന്താങ്ങി. എല്ലാ വിഭാഗം ക്രിസ്ത്യാനികളുടെയും രക്ഷയെക്കരുതി പൊരുതുന്ന പടനായകനെ ന്യായീകരിച്ചെഴുതി.

"ന്യായമായ സങ്കടങ്ങൾ ബ്രിട്ടീഷ് പാർലമെന്റിൽ ആർച്ചു ബിഷപ്പ് അറിയിച്ചിട്ടുണ്ടെങ്കിൽത്തന്നെ അതിൽ എന്താണു തെറ്റ്?"

തനിക്കെതിരായും അനുകൂലമായും പത്രങ്ങൾ നാളുകളോളം എഴുതിയിട്ടും ആർച്ചുബിഷപ്പ് ഒരക്ഷരം പ്രതികരിച്ചില്ല. എല്ലാം ഒരു സാത്വികന്റെ മനസ്സോടെ വായിച്ചു തള്ളി.

പത്രങ്ങളിലെ ശണ്ഠമൂർഛിച്ചപ്പോൾ പത്രക്കാർ സ്വയം തീരുമാനിച്ചു. ഇനിയെങ്കിലും ആർച്ചു ബിഷപ്പിനെ നേരിൽ കാണണം. വാസ്തവം എന്താണെന്നറിയണം.

പത്രാധിപസംഘം അരമനയിലെത്തി. സംഘത്തലവൻ പറഞ്ഞു.

"ഇനിയെങ്കിലും യാഥാർത്ഥ്യം എന്താണെന്ന് അറിയിക്കണം. തിരുമേനിയാണോ ഇക്കാര്യം ബ്രിട്ടീഷ് പാർലമെന്റിൽ പരാതിപ്പെട്ടത്?"

അതുകേട്ട് ആർച്ചുബിഷപ്പ് കുറേ കടലാസുകൾ ഓരോരുത്തർക്കു കൊടുത്തു. പരമാർത്ഥം എന്തെന്നറിയിക്കാൻ സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥന്റെ പേർക്ക് മാർ ഈവാനിയോസ് എഴുതിയ കത്തിന്റെ പകർപ്പുകളായിരുന്നു അവ.

എന്നിട്ടു പുഞ്ചിരിയോടെ വാസ്തവം തുറന്നു പറഞ്ഞു.

"എന്നെ തിരുവിതാംകൂർ സർക്കാർ വല്ലാതെ ദ്രോഹിച്ചിട്ടുണ്ട്. പള്ളികൾ സ്ഥാപിക്കാൻ അനുവാദം തേടി ഞാനയച്ച ഇരുപത്താറ് അപേക്ഷകളും അവർ തള്ളിക്കളയുകയാണുണ്ടായത്. ഇതു പുന:പരിശോധിക്കണമെന്ന് സർ സി.പിയോട് രേഖാമൂലം അഭ്യർത്ഥിക്കുകയും ചെയ്തു. അല്ലാതെ യാതൊരു രാഷ്ട്രീയ പരാമർശം നടത്തുകയോ മറ്റാരോടെങ്കിലും ഇക്കാര്യം അറിയിക്കുകയോ ഞാൻ ചെയ്തിട്ടില്ല".

സത്യസന്ധമായ ആ വാക്കുകൾ അവർ കുറിച്ചെടുത്തു കൊണ്ടു നിന്നു.

ആർച്ചുബിഷപ്പ് ഉപദേശപൂർവ്വം തുടർന്നു.

"നിങ്ങൾ സത്യമേ എഴുതുവാൻ പാടുള്ളൂ. ഇപ്പോൾതന്നെ യാതൊരടിസ്ഥാനവുമില്ലാത്ത കാര്യത്തെച്ചൊല്ലി വർഗ്ഗീയ ലഹളയുടെ വക്കോളം നിങ്ങൾ ജനങ്ങളെ എത്തിച്ചു. ഹിന്ദുവിന് അമ്പലം പണിയുകയും പ്രാർത്ഥിക്കുകയും ശവം മറവു ചെയ്യുകയും ചെയ്യാമെങ്കിൽ അതേ അവകാശം ക്രിസ്ത്യാനിക്കും മുസ്ലീമിനും ഉണ്ടെന്നേ ഞാൻ പറഞ്ഞുള്ളൂ".

പിരിഞ്ഞു പോകുംമുമ്പ് പത്രക്കാർ അറിയിച്ചു.



malankaralibrary.com

"ഞങ്ങൾ ദിവാനെക്കണ്ടും ഒരഭിമുഖം തയ്യാറാക്കിയിട്ടുണ്ട്. നാളെത്തെ പത്രത്തിൽ ഇതു രണ്ടും ചേർക്കണമെന്നാണു കരുതുന്നത്. സംഭാഷണമദ്ധ്യേ തിരുമേനിയെപ്പറ്റി ദിവാന്റെ നാവിൽനിന്നും അറിഞ്ഞോ അറിയാതെയോ ഒരു വാചകം വീണു".

"എന്താണത്?"

"അദ്ദേഹത്തിനു തിരുവിതാംകൂറിൽ ആരെയെങ്കിലും ഭയമുണ്ടെങ്കിൽ അത് ആർച്ചുബിഷപ്പ് മാർ ഈവാനിയോസിനെ ആണെന്ന്".

ഉറക്കെ ചിരിച്ചുകൊണ്ട് ആർച്ചുബിഷപ്പ് ചോദിച്ചു.

"ഓഹോ! അതിനു തക്കവണ്ണം എന്തുണ്ടായി?"

പത്രലേഖകൻ തുടർന്നു.

"അത്രത്തോളം സാമർത്ഥ്യവും സ്വാധീനശക്തിയുമുള്ള ഒരു രാജ്യതന്ത്രജ്ഞനാണ് തിരുമേനിയെന്ന്".

✠



malankaralibrary.com



# 44

# പത്തിതാഴ്ത്തിയ മൂർഖൻ സി.പി.

"ഒരു സന്ന്യാസിനീസമൂഹം കൂടി നമുക്കു തുടങ്ങിയാലോ?" ചോദിക്കുന്നത് ജോസഫ് കുഴിഞ്ഞാലിൽ അച്ചനാണ്. തെക്കൻ പ്രദേശത്തു നിന്നും നാലായിരത്തിൽപ്പരം ആളുകളെ ക്രൈസ്തവരാക്കിയ മിഷ്യൻപ്രവർത്തകനാണദ്ദേഹം. അതും വെറും നാലാണ്ടിനുള്ളിൽ. ഇത്ര അർപ്പണചിത്തനായ ഒരാൾ പറഞ്ഞ ഈ നിർദ്ദേശം ഗൗരവമുള്ളതല്ലേ.

ആർച്ചുബിഷപ്പിനോട് അദ്ദേഹം വിശദീകരിച്ചു.

"മലബാർ റീത്തിൽനിന്നും കുറേ പെൺകുട്ടികൾ കന്യാസ്ത്രീകളാകാൻ തയ്യാറായി വന്നിട്ടുണ്ട്. അവരെ പിന്തുടർന്നു കൂടുതൽപേർ വരികയും ചെയ്യും. അവരെയെല്ലാം ചേർത്ത് മാർത്താണ്ഡത്തു പ്രത്യേകമൊരു സമൂഹം തുടങ്ങണമെന്നുണ്ട്".

ചില വൈദികർ അതുകേട്ടു സംശയം പ്രകടിപ്പിച്ചു, "പിതാവു സ്ഥാപിച്ച ബഥനിമഠം ഉണ്ടല്ലോ. പിന്നെന്തിനാ വീണ്ടുമൊരു സന്ന്യാസിനീസമൂഹം".

പക്ഷേ ദീർഘവീക്ഷണത്തോടെ പിതാവു കല്പിച്ചു.

"അതാവശ്യമാണച്ചാ. മലങ്കരയെയും മലബാറിനെയും ബന്ധിപ്പി



malankaralibrary.com

ക്കുന്ന നല്ലൊരു പാലമായിരിക്കും അത്. അതിനുവേണ്ടകാര്യങ്ങൾ ഉടൻ ചെയ്യുക".

"ഇപ്പോൾത്തന്നെ പാലായിൽനിന്നും കുറച്ചു പെൺകുട്ടികൾ എത്തിയിട്ടുണ്ട്. പക്ഷേ അവർക്കു പരിശീലനം കൊടുക്കുന്ന കാര്യമാണു പ്രയാസം".

"അതിനുവഴിയുണ്ടാക്കാം. നാലാഞ്ചിറ മഠത്തിൽനിന്നു മദർ ബാസിമിനെ മാർത്താണ്ഡത്തേക്കയയ്ക്കാം."

തിരുവല്ലാ രൂപതയിലെ പ്രൊവിൻഷ്യാളായ മദർ ഹൂബായുടെ ബന്ധുവാണ് മദർ ബാസിം. കായങ്കുളം പൊൻവാണിഭം ദാനിയേലിന്റെ മൂത്തമകൾ. വ്രതവാഗ്ദാനം കഴിഞ്ഞിട്ട് എട്ടു വർഷങ്ങളായി.

'മേരിമക്കൾ' എന്ന പേരിൽ പുതിയ സന്ന്യാസിനീസമൂഹം അങ്ങനെയാരംഭിച്ചു.

നേരിയമാറ്റങ്ങളോടെ ഫ്രാൻസിസ്ക്കൻ നിയമങ്ങൾ സമൂഹത്തിനുവേണ്ടി തെരഞ്ഞെടുത്തു. 'ഡോട്ടേഴ്സ് ഓഫ് മേരി' എന്നതിന്റെ ചുരുക്കായ ഡി.എം. എന്ന അക്ഷരങ്ങൾ സമൂഹാംഗങ്ങളുടെ പേരിനോടൊപ്പം ചേർത്തു.

സഭയുടെ ബാലാരിഷ്ടതകളൊക്കെ കുറയുകയാണ്. അതു വളർന്നു കഴിഞ്ഞു. ആർക്കും മറക്കാനാവാത്ത സേവന ദീപ്തിയായി എരിയുകയാണ്. സർ സി.പി.യുടെ പ്രതികാരബുദ്ധിയാണ് ഇനിയും ശേഷിക്കുന്ന പ്രശ്നം. അയാളുടെ കെണിയിൽ കുടുങ്ങാതിരുന്ന ആർച്ചുബിഷപ്പിനോടാണ് വൈരം മുഴുവനും. തന്നെക്കാൾ ശ്രേഷ്ഠനായ ആരും തിരുവനന്തപുരത്ത് ഉണ്ടായിക്കൂടെന്നാണ് സി.പി.യുടെ ധാർഷ്ട്യം. മഹാരാജാവിനെക്കാളും വലിയവനാണു താനെന്നാണ് അയാളുടെ മട്ടും ഭാവവും.

ദിവാന്റെ എതിർപ്പില്ലായിരുന്നെങ്കിൽ പുനരൈക്യസഭ ഇതിലേറെ പന്തലിക്കുമായിരുന്നു. ഇതറിയാമായിരുന്ന പലരും ആർച്ചുബിഷപ്പിനെക്കണ്ടു പറഞ്ഞു. ഉറ്റ ചങ്ങാതി പീലിപ്പോസു വക്കീൽ ഉണർത്തിച്ചു.

"ദിവാനുമായുള്ള പിണക്കം തീർക്കാൻ പിതാവു തന്നെ മുൻകൈ എടുക്കണം".

വാസ്തവത്തിൽ ദിവാനോട് പിതാവിനു യാതൊരു ശത്രുതയുമില്ല. അയാളുടെ വക്രബുദ്ധിയോടാണെതിർപ്പ്. അതു സഭാവളർച്ചയ്ക്കു ദോഷമാകുമെങ്കിൽ അന്ത്യശ്വാസംവരെ ചെറുത്തു നിൽക്കുകതന്നെ ചെയ്യും.

എല്ലാവരുടെയും സമ്മർദ്ദം കൂടുകയാണ്. അവസാനം പിതാവു സമ്മതിച്ചു.

എന്നാൽ അതിനൊരവസരം ഒത്തു വരണ്ടേ?



malankaralibrary.com

പിതാവിന്റെ ബുദ്ധിയിൽ ഒരാശയം ഉദിച്ചു.

"ഈ വർഷം സി.പി.യുടെ ഷഷ്ടി പൂർത്തിയാണ്. അയാളെ ഇവിടേക്കു ക്ഷണിച്ചു നല്ലൊരു സ്വീകരണം കൊടുത്താലോ?"

"അതു ബസ്റ്റ് ഐഡിയാ" പീലിപ്പോസ് വക്കീൽ പറഞ്ഞു.

"അന്ന് നമുക്കു പട്ടം സെന്റ് മേരീസ് സ്കൂളിന്റെ ഉൽഘാടനവും നടത്താം".

എഴുന്നൂറു കുട്ടികൾ ഈ സ്കൂളിൽ ചേർന്നുകഴിഞ്ഞു. ഉൽഘാടന ദിവസം തന്നെ ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളും ആരംഭിക്കുകയാണ്. ഇത്തരമൊരനുഭവം തിരുവിതാംകൂർ ചരിത്രത്തിൽ ഇതാദ്യം. സചിവോത്തമ സർ സി.പി.രാമസ്വാമി അയ്യർ ഷഷ്ട്യബ്ദപൂർത്തി മെമ്മോറിയൽ ഹൈസ്കൂൾ എന്നായിരുന്നു വിദ്യാലയനാമം.

ക്ഷണപ്രകാരം സർ സി.പി. അരമനയിൽ വന്നു. അനുമോദനയോഗത്തിൽ പങ്കെടുക്കാൻ വന്നവർ അരമന മുറ്റത്തുനിറഞ്ഞു. മെത്രാന്മാർ, വൈദികർ, ജഡ്ജിമാർ അങ്ങനെ ആയിരങ്ങൾ. തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ മാർ സേവേറിയോസും ഉണ്ട്.

ആ മഹായോഗത്തിൽ സർ സി.പി. പ്രസംഗിച്ചു. പ്രൗഢമായൊരു പ്രസംഗം. കത്തോലിക്കാ സഭയുടെ അതുല്യമായ പദവിയെപ്പറ്റിയാണു പറഞ്ഞുതുടങ്ങിയത്. അതു, റോമാസിംഹാസനവും രാജകുടുംബവും തമ്മിലുള്ള ഗാഢ ബന്ധത്തിൽവരെ ചെന്നു നിന്നു. സഭാചരിത്രം പറഞ്ഞുവന്നപ്പോൾ വിഷയം മാർ ഈവാനിയോസിലേക്കു വഴി തിരിഞ്ഞു. സൂര്യസമാനനായ ആ വ്യക്തിത്വത്തെ പ്രകീർത്തിച്ചു. അത്ഭുതത്തോടെ ആളുകൾ അതു കേട്ടിരിക്കെ സി.പി. പറഞ്ഞു.

"മാർ ഈവാനിയോസ് ഈസ് ദി മേക്കർ ഓഫ് പട്ടം".

അത്യധികം ആഹ്ലാദത്തോടെയാണ് സി.പി.അന്നു മടങ്ങിയത്. മടങ്ങും മുമ്പ് ആർച്ചുബിഷപ്പിന്റെ കൈപിടിച്ചു ചുംബിച്ച് ഇങ്ങനെ പറയുകപോലുമുണ്ടായി.

"ഇനി നമുക്ക് മിത്രങ്ങളായിരിക്കാം. എന്താവശ്യമുണ്ടെങ്കിലും പറയാൻ മടിക്കരുത്".

സിംഹത്തിനു മുമ്പിൽ മുട്ടുകുത്തി തലകുനിച്ചു നിൽക്കുന്ന ഗജേന്ദ്രന്റെ പരാജിത ശബ്ദമായിരുന്നോ അത്. അതോ, ആത്മാർത്ഥമായ ഒരാശ്വാസനിശ്വാസമോ.

ദിവാനിൽനിന്നു നേടേണ്ട ആനുകൂല്യങ്ങളെപ്പറ്റിയായിരുന്നു പിതാ



malankaralibrary.com

വിന്റെ ചിന്ത. സഭാപരവും വ്യക്തിപരവുമായ ആനുകൂല്യങ്ങൾ കഴിയുന്നത്ര നേടണം.

ഒരു ദിവസം അങ്ങനെ ചിന്തിച്ച് അരമനയിലെ ഓഫീസിലേക്കു പിതാവ് കടന്നു.

ടൈപ്പിസ്റ്റ് ധൃതിയിൽ ജോലിചെയ്യുകയാണ്. ഞരമ്പെഴുന്ന വിരലുകൾ കീബോർഡിനെ കൊത്തിപ്പറക്കുന്നതു നോക്കി പിതാവു തെല്ലു നിന്നു. എന്നിട്ടു വിളിച്ചു.

"എടോ..." ടൈപ്പ്റൈറ്റർ പെട്ടെന്നു നിശബ്ദമായി.

അയാൾ ഞെട്ടി എഴുന്നേറ്റു.

വെട്ടിമുറിച്ചപോലെ പിതാവു പറഞ്ഞു.

"നാളെ മുതൽ താനിവിടെ ജോലിക്കു വരേണ്ടതില്ല".

ആ സാധു നടുങ്ങിപ്പോയി.

പിതാവിൽനിന്നും ഇത്ര നിർദാക്ഷണ്യമായ വാക്കുകൾ ആദ്യമായി കേൾക്കുകയാണ്. അയാളുടെ കണ്ണുകളിൽ ഇരുട്ടു നിറഞ്ഞു.

തന്റെ ജീവിതവഴി ഇനി അന്ധകാരത്തിൽ ആഴുകയേയുള്ളൂ. ഈ ഒരൊറ്റ വരുമാനംകൊണ്ട് അഞ്ചാറുവയറുകൾ കഴിയണം. ഇനി എന്തു ചെയ്യും.

വരണ്ട ചുണ്ടുകളോടെ അയാൾ സങ്കടപ്പെട്ടു.

"പിതാവേ... അറിഞ്ഞോണ്ട് ഒരു തെറ്റും ഞാൻ ചെയ്തിട്ടില്ല".

"തെറ്റു ചെയ്തെന്നാരു പറഞ്ഞെടോ?"

"പിതാവെന്നെ പിരിച്ചുവിട്ടാൽ എന്റെ കുടുംബം പട്ടിണിയായിപ്പോകും".

"നിന്റെ വീട്ടുകാര്യങ്ങൾ അറിയാവുന്നതു കൊണ്ടാണ് ഞാൻ പറഞ്ഞത്".

ഒന്നും മനസ്സിലാകാതെ അയാൾ വിഷണ്ണനായി നിന്നു. പിതാവു തെളിച്ചു പറഞ്ഞു.

"എടോ, തനിക്കൊരു സർക്കാർ ജോലി ശരിയാക്കിയിട്ടുണ്ട്. എന്റെ കത്തുമായി ദിവാനെ പോയി കണ്ടാൽ മതി".

അത്യാഹ്ലാദത്താൽ അയാൾ കരഞ്ഞുപോയി. പിതാവിന്റെ കാലിൽത്തൊട്ടയാൾ വന്ദിച്ചു. എന്നിട്ടു പറഞ്ഞു.

"ഏറെ ജോലികൾ ഇവിടെ ചെയ്തുതീർക്കാനുണ്ടു പിതാവേ. നാളെത്തന്നെ ഞാൻ പുതിയ ജോലിക്കു പോയാൽ ഇതെല്ലാം കെട്ടിക്കിടക്കുമല്ലോ".



malankaralibrary.com

"എന്തൊക്കെ ജോലികളാണ് അത്യാവശ്യമുള്ളതെന്നു പറഞ്ഞു തന്നാൽ മതി. ഞാനതൊക്കെ ചെയ്തു കൊള്ളാം, നീ നാളെത്തന്നെ സി.പി.യെക്കാണണം".

തൂപ്പുകാരനാകാൻപോലും മനസ്സുള്ള ആർച്ചുബിഷപ്പിന്റെ മുമ്പിൽ അയാൾ നന്ദിയോടെ നിന്നു.

കത്തുകൊടുത്തനുഗ്രഹിച്ചു പിതാവ് അദ്ദേഹത്തെ അയച്ചു.

ഓഫീസിലെ ജോലിക്കൂമ്പാരത്തിനു മുമ്പിൽ പിതാവിരുന്നു. സഹായത്തിനു രണ്ടു ശെമ്മാശന്മാരും. കുടമാളൂർ ചാൽക്കടവിൽ ജോസ് മാത്യൂസും ഇലഞ്ഞിമറ്റത്തു കുര്യനും. അവരുടെ സഹപാഠികളായ തൈക്കാട്ടുശ്ശേരിയും ആന്റണി കേളമ്പറമ്പിലും അരമനയിൽ വേറെ ജോലികൾ ചെയ്യുന്നുണ്ട്. മലബാർ റീത്തിൽ നിന്നു വന്ന ആദ്യകാല ശെമ്മാശന്മാരാണു നാലുപേരും. രണ്ടു വർഷം കഴിഞ്ഞാൽ വൈദികരാകേണ്ടവർ.

അവർ രാത്രിമുഴുവൻ ജോലികളിൽ മുഴുകിയിരുന്നു. നേരം പുലരാറായി. നാലുമണി. അരമനമുറ്റത്തു ആരോ കാറിൽ വന്നിറങ്ങുന്ന ശബ്ദം കേട്ടാണ് അവർ ജോലി നിർത്തിയത്. ഉറക്കക്ഷീണമുള്ള മിഴികളുമായി പിതാവു വാതിൽ തുറന്നു നോക്കി.

അത്ഭുതപ്പെട്ടുപോയി. മാർ ദിയസ്ക്കോറസ് തിരുമേനി. യാക്കോബായ ക്നാനായ സഭയുടെ ഏകമെത്രാപ്പോലീത്താ. പത്തുകൊല്ലങ്ങളായി ചിങ്ങവനം അരമനയിൽ കഴിയുകയായിരുന്നു.

പിതാവ് സ്വീകരിച്ചിരുത്തി വിശേഷങ്ങൾ തെരക്കി. ഒരു കുഞ്ഞിനെപ്പോലെ നിഷ്കളങ്കമായി ചിരിച്ച് മാർ ദിയസ്ക്കോറസ് പറഞ്ഞു.

"യാക്കോബായ സഭയിൽ ആത്മരക്ഷയ്ക്കുവേണ്ട പൂർണ്ണത ഞാൻ കാണുന്നില്ല. അതിനാൽ കത്തോലിക്കാ സഭയിൽ ചേരാൻ ഞാൻ ഒരുങ്ങി വന്നിരിക്കുന്നു".

വർദ്ധിതാഹ്ലാദത്തോടെ മാർ ഈവാനിയോസ് പറഞ്ഞു.

"നമ്മുടെ കൂട്ടായ്മയെ ദൈവം എത്രയധികമായി പരിപാലിക്കുന്നു എന്നാണു ഞാൻ ചിന്തിക്കുന്നത്. സഭ വളരുന്നതനുസരിച്ച് ഉത്തരവാദിത്വങ്ങൾ ഏൽക്കാൻ ഓരോരുത്തരെ ദൈവം അയച്ചു തരുന്നുവല്ലോ".

അതുകേട്ട് മാർ ദിയസ്ക്കോറസ് താഴ്മയോടെ അറിയിച്ചു.

"യാതൊരു ഭരണഭാരവും എനിക്കുവേണ്ടാ തിരുമേനീ. ഇനിയുള്ള കാലം ബഥനി സന്ന്യാസികൾക്കൊപ്പം ഞാൻ കഴിഞ്ഞോട്ടെ".

"ആഗ്രഹം അതാണെങ്കിൽ തിരുമൂലപുരം ആശ്രമത്തിൽ ആയിക്കൊള്ളട്ടെ".



malankaralibrary.com



# 45

# സ്വാശ്രയസർവ്വകലാശാല എന്ന ലക്ഷ്യത്തോടെ കോളജ് സ്ഥാപനം

"**ആ** ചെട്ടിയാർ സ്ഥലം തരുന്ന മട്ടൊന്നുമില്ല പിതാവേ. ഞങ്ങൾ ചോദിക്കാവുന്നതിന്റെ പരമാവധി ചോദിച്ചു". മാനേജർ ചാക്കോയും മത്തായി സാറും സങ്കടപ്പെട്ടു. നോക്കിവച്ച സ്ഥലം കിട്ടാതെ പോകുന്നത് അവർക്ക് സഹിക്കില്ല.

തുക്കാസാ പുസ്തകം എഴുതിക്കൊണ്ടിരുന്ന പിതാവു അതുകേട്ടു നിവർന്നിരുന്നു. പുതിയ കൊച്ചച്ചന്മാർക്കു കർമ്മങ്ങൾ നടത്തേണ്ടക്രമം വിവരിക്കുന്ന പുസ്തകമാണ് എഴുതുന്നത്. മലബാർ റീത്തിൽനിന്നു വന്ന് പട്ടം കിട്ടിയ കൊച്ചച്ചന്മാർക്ക് അതൊരു സഹായമാകട്ടെ എന്നു കരുതി.

വസ്തു കിട്ടില്ലെന്നു കേട്ട് പിതാവിനും പ്രയാസമായി. ഇന്നോളം സാധിക്കാതെപോയ തന്റെ ആഗ്രഹമാണ് നല്ലൊരു കോളജ് തുടങ്ങണമെന്നത്. അത് ഈ തിരുവനന്തപുരത്തു തുടങ്ങാൻ കഴിഞ്ഞാൽ വലിയ നേട്ടവുമായി. അങ്ങനെ ചിന്തിച്ചിരിക്കേ കേട്ടറിഞ്ഞതാണ് നാലാഞ്ചിറ



malankaralibrary.com

യിൽ അതിവിശാലമായ കുറേ ഭൂമി വിൽക്കാനുണ്ടെന്ന്. ദേവകോട്ടയിലുള്ള ഒരു ചെട്ടിയാരുടെ വകയാണത്.

അയാളെ നേരിൽക്കണ്ട് നിരാശരായി തിരിച്ചെത്തിയിരിക്കുകയാണ് ചാക്കോച്ചനും മത്തായിസാറും.

പിതാവ് അവരോടു ചോദിച്ചു.

"അയാളെന്തു പറഞ്ഞു?"

"സെന്റിന് അഞ്ചു രൂപയ്ക്ക് വിൽക്കുന്നില്ലെന്നു പറഞ്ഞു. അതിൽ കൂടുതൽ മറ്റാരോ പറഞ്ഞിട്ടുണ്ടെന്ന്".

"ഇരുന്നൂറേക്കറോളം ഉണ്ടെന്നല്ലേ പറഞ്ഞത്. അപ്പോൾ ഒരു ലക്ഷം രൂപാ വരുമല്ലോ. അതിനയാൾ സമ്മതിച്ചാൽത്തന്നെ പണത്തിനെവിടെ പോകും?"

രണ്ടാം ലോകമഹായുദ്ധകാലമല്ലേ, റേഷൻപോലും കിട്ടാതായിരിക്കുന്നു. ഉള്ളതെല്ലാം നുള്ളിപ്പെറുക്കിയാണ് അത്യാവശ്യങ്ങൾ നടത്തുന്നത്. നങ്ങ്യാർകുളങ്ങര മഠത്തിലേക്ക് നൂറുരൂപാ കൊടുത്തതുതന്നെ കടംവാങ്ങിയാണ്. ഒരു പശുവിനും കച്ചിക്കും അതു തെകയുമോ എന്തോ.

ഇതിനുപുറമേയാണ് ദൂരെവിട്ടു പഠിപ്പിക്കുന്ന വൈദികരുടെയും ശെമ്മാശന്മാരുടെയും ചെലവുകൾ. കല്ലൂപ്പാറക്കാരൻ തങ്ങളത്തിൽ വറുഗീസിനെപ്പോലെ അതിസമർത്ഥരായ ശെമ്മാശന്മാരെ എത്ര കഷ്ടപ്പെട്ടായാലും പഠിപ്പിക്കേണ്ടേ. ബനഡിക്ട് ഓ.ഐ.സി. ആയ അദ്ദേഹം ശ്രീലങ്കയിലെ കാൻഡി പേപ്പൽ സെമിനാരിയിൽ പഠിക്കുകയായിരുന്നു ഇതുവരെ. ഇപ്പോൾ പഠനം പൂർത്തിയാക്കി പട്ടത്തെത്തിയിട്ടുണ്ട്.

ഫാ.ബനഡിക്ട് ഓ.ഐ.സി.യെ പിതാവു പ്രത്യേക വാത്സല്യത്തോടെ വിളിച്ചടുപ്പിച്ചു ചോദിച്ചു.

"യുദ്ധംമൂലം വളരെ കഷ്ടപ്പെട്ടു അല്ലേ?"

രണ്ടാം ലോകമഹായുദ്ധകാലത്തായിരുന്നല്ലോ ബനഡിക്ട് അച്ചൻ കാൻഡിയിൽ പഠിച്ചത്. അക്കാലമത്രയും പട്ടിണിയിലുമായിരുന്നു.

വിനയാന്വിതനായ അച്ചൻ പറഞ്ഞു.

"സർവ്വസൈന്യാധിപനായിരുന്ന മൗണ്ട് ബാറ്റൻ പ്രഭു താമസിച്ചിരുന്നത് കാൻഡി സെമിനാരിയുടെ തൊട്ടടുത്തായിരുന്നു. അതുകൊണ്ട് ശത്രുക്കളുടെ നോട്ടം മുഴുവൻ അവിടെയായിരുന്നു".

ശില അലിയുന്നത്ര ആർദ്രതയോടെ പിതാവ് ആവർത്തിച്ചു ചോദിച്ചു.

"ഒരു പാടു പട്ടിണികിടന്നു അല്ലേ?"



malankaralibrary.com

അച്ചന്റെ ശാന്തമിഴികളിൽ കണ്ണീർ തിളങ്ങി. എങ്കിലും നറുപുഞ്ചിരിയോടെ പറഞ്ഞു.

"ഏറ്റം കൂടുതൽ പട്ടാളക്കാർ ക്യാമ്പു ചെയ്തിരുന്നതും കാൻഡിയിലായിരുന്നു. അതിനാൽ ഭക്ഷണസാധനമെല്ലാം അവർക്കുവേണ്ടി നീക്കിവച്ചിരുന്നു".

ധൈര്യം പകരുന്ന വാക്കുകളായിരുന്നു പിന്നെ.

"സാരമില്ലെടോ, അഗ്നിയിലൂടെ കടന്നു പോയെങ്കിലേ സ്വർണ്ണത്തിനു മാറ്റേറുകയുള്ളൂ".

പിന്നീട് മാനേജർ ചാക്കോച്ചനെ നോക്കി പിതാവു പറഞ്ഞു

"എന്തായാലും നമുക്കു ചെട്ടിയാരെ ഒന്നുകൂടിക്കാണാം. ഡ്രൈവറെ വിളിക്ക്. പിന്നെ മറ്റത്തിലച്ചനെക്കണ്ട് കാശു വല്ലതുമുണ്ടെങ്കിൽ കരുതിക്കൊള്ളണം. സമ്മതിക്കുമെങ്കിൽ അഡ്വാൻസായി അതുകൊടുക്കാം".

കാപ്പിപ്പൊടി നിറത്തിലുള്ള വലിയ ബ്യൂക്ക് കാർ നാലാഞ്ചിറയിലെത്തി. റോമാനഗരംപോലെ ഏഴു കുന്നുകൾ നിറഞ്ഞ അതിവിശാലമായ ഭൂമി. നിറയെ കൊടും കാടാണ്. നല്ല മരങ്ങളും കുറവല്ല. അതുവെട്ടി കോളജിന്റെ പണിക്കുപയോഗിക്കാം.

സ്ഥലം കണ്ടു തൃപ്തനായ ആർച്ചുബിഷപ്പ് നേരെ ചെട്ടിയാരുടെ അടുത്തെത്തി. സ്യൂട്ടണിഞ്ഞ ഒരു ഗൗരവക്കാരൻ. ഷൂസും ടൈയും ഹാറ്റും ധരിച്ച് സ്വന്തം കാറിനോടു ചേർന്നു നിൽക്കുന്ന ചെട്ടിയാർക്കു നല്ല ഗാംഭീര്യം.

ആർച്ചുബിഷപ്പിനെ അയാൾ ഇംഗ്ലീഷിൽ സ്വാഗതം ചെയ്തു. തുടർന്നു സംസാരിച്ചതും ഇംഗ്ലീഷിൽ. തമിഴനായ ചെട്ടിയാർക്ക് മലയാളം അറിയാത്തതുകൊണ്ടു മാത്രമല്ല ഇംഗ്ലീഷ് ഉപയോഗിക്കുന്നത്. ഇംഗ്ലീഷിനോടുള്ള അതിരറ്റ മമതമൂലമാണ്. അതറിഞ്ഞ് പിതാവും ഇംഗ്ലീഷിൽ സംസാരിച്ചു തുടങ്ങി. പ്രൗഢസുന്ദരമായ വാഗ്വിലാസം ചെട്ടിയാരുടെ ഹൃദയത്തെ തൊട്ടുഴിഞ്ഞു. ആ സംസാരവലയത്തിലകപ്പെട്ടുപോയ മനസ്സ് തിരിച്ചെടുക്കാനാവാതെ ചെട്ടിയാർ എല്ലാത്തിനും 'യേസ്, യേസ്...' പറഞ്ഞു.

എങ്കിലും ചെട്ടിയാർ ചോദിച്ചു.

"ഈ കാട്ടിൽ കോളേജുണ്ടാക്കിയാൽ ആളുകൾ കളിയാക്കത്തില്ലേ"?

"ഇന്നത്തെ കാടുകൾ നാളത്തെ നാടുകളാകും ചെട്ടിയാരേ. അല്ലെങ്കിൽത്തന്നെ സ്വച്ഛമായ പഠനത്തിന് പട്ടണത്തേക്കാൾ ഭേദം അല്പം ഉൾപ്രദേശമാണ്".



malankaralibrary.com

പിന്നെയും ചെട്ടിയാർക്കു സംശയം

"ഇവിടെ നിങ്ങളുടെ റീത്തിൽപെട്ടവർ കുറവല്ലേ. അപ്പോൾ ഇവിടൊരു കോളജു തുടങ്ങിയാൽ വിജയിക്കുമോ?"

ഉദാഹരണസഹിതം പിതാവു പറഞ്ഞു.

"കുറച്ചുനാൾ മുമ്പ് നങ്ങ്യാർകുളങ്ങരയിൽ ഞങ്ങളൊരു സ്കൂൾ തുടങ്ങി. അന്ന് ആളുകൾ ഇതേ കാരണം പറഞ്ഞ് ഞങ്ങളെ കളിയാക്കി. എന്നാലിപ്പോൾ അവിടെയുള്ള മറ്റു സ്കൂൾ അധികാരികൾ ഞങ്ങളുടെ കാലുപിടിച്ചപേക്ഷിക്കുകയാണ്; നിങ്ങളുടെ സ്കൂളിൽ ഇനിയും കുട്ടികളെ ചേർക്കല്ലേ, -ചേർത്താൽ കുട്ടികളെ കിട്ടാതെ മറ്റെല്ലാ സ്കൂളുകളും പൂട്ടേണ്ടി വരുമെന്ന്"

അവസാനം ചെട്ടിയാർ പറഞ്ഞു.

"എന്തായാലും തിരുമേനിക്ക് നല്ലൊരു കാര്യത്തിനു വേണ്ടിയല്ലേ. സെന്റിന് അഞ്ചുരൂപാ വിലയ്ക്കുതന്നെ ഉറപ്പിച്ചിരിക്കുന്നു".

ഇത്ര എളുപ്പം കാര്യം സാധിക്കുമെന്ന് ആരും നിനച്ചിരുന്നില്ല.

തന്റെ ഭാവനയിലുണ്ടായിരുന്നതുപോലെ ശാന്തസുന്ദരമായ സ്ഥലം സ്വന്തമാവുകയാണ്. അവിടൊരു പ്രൗഢമായ കോളജ് ഉയരണം. മലയാളക്കരയിൽ ആരും ഇതേവരെ തുടങ്ങിയിട്ടില്ലാത്തതരത്തിൽ പല പുതിയ വിഷയങ്ങളും അവിടെ പഠിപ്പിക്കണം. പ്രായോഗിക ജീവിതത്തിൽ കുട്ടികൾക്കു വഴികാട്ടിയായിത്തീരത്തക്ക വിഷയങ്ങളാവണം അത്. ഇവിടൊരു കോളജിലും 'കൊമേഴ്സ്' പഠിപ്പിക്കുന്നില്ല. അതുപോലെ 'സഹകരണ'വും. ഈ രണ്ടു വിഷയങ്ങളും പുതിയ കോളജിൽ തുടങ്ങണം.

ഇന്ത്യയിൽത്തന്നെ ഒരിടത്തും 'സ്ക്കൊളാസ്റ്റിക് തത്വശാസ്ത്രം' പഠിപ്പിക്കുന്നില്ല. അതും മന:ശാസ്ത്രവും ചേർത്ത് സുറിയാനിയിൽ ഒരു കോഴ്സും ഇവിടെ തുടങ്ങണം. കോളജിന് 'ബഥനികോളജ്' എന്നു പേരു നൽകണം. സാമൂഹ്യ സേവന രംഗത്തു പ്രകാശിക്കുന്ന ബഥനി പ്രസ്ഥാനത്തിന് ഇതൊരു കീർത്തിസ്തംഭം ആവുക തന്നെ ചെയ്യും. ഇത്തരം പ്രതീക്ഷകളോടെ എവിടെ നിന്നൊക്കെയോ കടമെടുത്ത തുക കൊണ്ട് വസ്തു വാങ്ങി.

എന്നാൽ തന്റെ പ്രതീക്ഷകളുടെ നീലാകാശത്തിൽ പൊടുന്നനെ കാർമേഘങ്ങൾ ഉരുണ്ടു കൂടുന്നപോലെ. അസൂയ പെരുത്ത എതിരാളികൾ പറഞ്ഞുപരത്തിയ കിംവദന്തിയായേ ആദ്യം തോന്നിയുള്ളൂ. പക്ഷേ അതു സത്യമായിരുന്നു.

കോളജിനു വാങ്ങിയ സ്ഥലം സർക്കാരിന്റേതാക്കാൻ രാജകുടുംബം



malankaralibrary.com

തീരുമാനിച്ചിരിക്കുന്നു. അവർ വന്നു സ്ഥലം കാണുകപോലും ചെയ്തു കഴിഞ്ഞു. ഇനി, അളന്നു തിട്ടപ്പെടുത്തി സർക്കാരിന്റേതാക്കുകയേ വേണ്ടൂ.

അതു നാളെത്തന്നെ ഉണ്ടാവുകയും ചെയ്യും.

പിതാവിന്റെ മനസ്സ് അലകടലായി. അന്തഃക്ഷോഭം ആ വലിയ മുഖത്തു പ്രതിഫലിച്ചു.

ഇരുട്ടു നിറഞ്ഞ അരമനമുറ്റത്തിലൂടെ അതിശീഘ്രം അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു.

അത്താഴം വിളമ്പിവച്ച് അച്ചന്മാർ വന്നു വിളിച്ചു.

"നിങ്ങളെല്ലാവരും കഴിച്ചുകൊള്ളുക", നടക്കുന്നതിനിടയിൽ പറഞ്ഞു. എല്ലാവരും ഒന്നിച്ചിരുന്ന് പ്രാർത്ഥനയും തമാശയുമൊക്കെയായി ഭക്ഷിക്കുകയാണു പതിവ്. എന്നാൽ ഇന്നതിനുള്ള മനോഭാവമില്ല.

"എടോ കുര്യച്ചാ... ഇങ്ങുവാ..." ശീഘ്രഗമനത്തിനിടയിൽ കുര്യൻ ഇലഞ്ഞിമറ്റം അച്ചനെ വിളിച്ചു.

വെളുത്തുരുണ്ട കൊച്ചച്ചൻ തൽക്ഷണം പിതാവിന്നടുത്തു വന്നു.

അച്ചന്റെ കയ്യിൽ കടന്നു പിടിച്ച് പിതാവു നടന്നു. ഉള്ളിൽ ചിന്തകൾ കുരുങ്ങിക്കിടക്കുകയാണ്. അതഴിച്ച് വഴി തെളിക്കണം.

പെട്ടെന്നു പിതാവു നിന്നു. വരാന്തയിൽ കൂടിനിന്നിരുന്നവരെ നോക്കി കല്പിച്ചു.

"എല്ലാവരും ഉടൻ നാലാഞ്ചിറക്കുന്നിലേക്കു പൊയ്ക്കൊള്ളണം. ഇന്നു രാത്രി തന്നെ അവിടൊരു താൽക്കാലിക ഷെഡ്ഡ് ഉണ്ടാക്കണം".

അച്ചന്മാർ ഓടിപ്പോയി പണിക്കാരെ വരുത്തി. കമ്പും മുളയും ആയുധങ്ങളും കരുതി. മെടഞ്ഞുവച്ച ഓലക്കെട്ട് തലയിലേറ്റി. റാന്തലും പെട്രോമാക്സും ചൂട്ടുകറ്റകളുമായി എല്ലാവരും ഇറങ്ങി. കാട്ടു ജന്തുക്കൾ വിഹരിക്കുന്ന വിജനമായ കാട്ടുവഴിയിലൂടെ നടന്നു. നാലാഞ്ചിറക്കുന്നിലെത്തി. കുറെ ഭാഗത്തെ കാടു തെളിച്ചു. വെളുക്കുവോളം അദ്ധ്വാനിച്ചു. താൽക്കാലിക താമസത്തിനൊരു പുരയായി.

അരമനയുടെ മുന്നിൽനിന്നും 'ആർച്ചുബിഷപ്സ് ഹൗസ്' എന്ന ബോർഡ് ഇളക്കിക്കൊണ്ടുവന്ന് പുതിയ പുരയുടെ മുമ്പിൽ സ്ഥാപിച്ചു. അച്ചന്മാരും ഓഫീസ് ജോലിക്കാരും അതിൽ താമസത്തിനെത്തി.

ഭയപ്പെട്ടപോലെ പിറ്റേന്നു രാവിലെ സർവ്വേ ഉദ്യോഗസ്ഥരെത്തി. ചീഫ് സെക്രട്ടറി ഡോക്ടർ കുഞ്ഞൻപിള്ളയുടെ നേതൃത്വത്തിലാണ്. തൊട്ടു പിന്നാലെ ദിവാനും. കാറിൽ വന്നിറങ്ങിയ അയാളുടെ മുമ്പിൽ മാർ ഈവാനിയോസ് നിന്നു.



malankaralibrary.com

“നിങ്ങളുടെ ശല്യം തീർന്നെന്നാണു കരുതിയത്. നിങ്ങൾ പിന്മാറില്ല അല്ലേ”?

പ്രീതി നേടാനൊന്നുമല്ല അന്ന് അരമനയിൽ അയാളുടെ ഷഷ്ടിപൂർത്തിയാഘോഷിച്ചത്. സി.പി.അന്നു ചെയ്ത പ്രസംഗം പല ഭാഷകളിൽ തർജ്ജമ ചെയ്തു വത്തിക്കാൻ റേഡിയോയിലൂടെ താൻ പ്രക്ഷേപണം ചെയ്യിച്ചതും അയാളൊടുള്ള വിധേയത്വം കൊണ്ടായിരുന്നില്ല. എങ്ങനെയെങ്കിലും അയാളിലെ ദുഷ്ടത ഒന്നൊതുങ്ങട്ടെന്നു കരുതി മാത്രമാണ്. പക്ഷേ അതുകൊണ്ടൊന്നും അയാൾ വഴിപ്പെടുന്നില്ലെങ്കിൽ ഇനി സാത്വികത ഉപേക്ഷിച്ചേ പറ്റൂ.

താക്കീതിന്റെ ഘനമുള്ള ശബ്ദം കേട്ട് സി.പി. പക്ഷേ, ക്ഷോഭിച്ചില്ല. അയാൾ സർവ്വേ ഉദ്യോഗസ്ഥനെ വിളിച്ച് എന്തോ രഹസ്യം പറഞ്ഞു. എന്നിട്ട് ആർച്ചുബിഷപ്പിന്റെ മുന്നിൽനിന്ന് അപൂർവ്വ മന്ദഹാസത്തോടെ പറഞ്ഞു.

“വീണ്ടും തിരുമേനിയെ വിഷമിപ്പിക്കണമെന്നു ഞാൻ ആഗ്രഹിച്ചിട്ടില്ല. ഞാനീസ്ഥലം വന്നു കാണുകയോ ഏറ്റെടുക്കൻ നേരിട്ടു ശ്രമിക്കുകയോ ചെയ്തിട്ടില്ല”.

ഗൗരവത്തോടെ തന്നെ ആർച്ചുബിഷപ്പ് പ്രതികരിച്ചു

“പിന്നീ പരിവാരങ്ങളുമായുള്ള വരവിന്റെ പൊരുളെന്ത്?”

“തീപ്പെട്ടുപോയ അവിട്ടം തിരുനാളിന്റെ സ്മാരകമായി ഒരു സ്ഥാപനം ഉണ്ടാക്കണമെന്ന് മഹാരാജാവു നിശ്ചയിച്ചു. കുട്ടികൾക്കായി ഒരാശുപത്രി വേണമെന്നാണ് ആഗ്രഹം. അതിനു പറ്റിയ സ്ഥലം കണ്ടുപിടിക്കാൻ എന്നോടു പറയുകയും ചെയ്തു”.

കിരീടാവകാശിയായ കാർത്തിക തിരുനാൾ തമ്പുരാട്ടിയുടെ മകൻ അവിട്ടം തിരുനാൾ രാജകുമാരൻ ശൈശവത്തിൽത്തന്നെ നാടു നീങ്ങിയ വിവരം ആർച്ചു ബിഷപ്പിനറിവുള്ളതുതന്നെ. എന്നാൽ ബാക്കിയെല്ലാം ഇപ്പോഴാണറിയുന്നത്.

“അതിന് നമ്മുടെ സ്ഥലമല്ലേ ദിവാന്റെ ശ്രദ്ധയിൽ പെടുകയുള്ളൂ.”

പരിഹാസം കേട്ടിട്ടും സി.പി.ക്ഷോഭമില്ലാതെ പറഞ്ഞു.

“തിരുമേനിയുടെ ഈ സ്ഥലത്തെപ്പറ്റി എനിക്കറിയാമായിരുന്നു. എന്നാലത് കോളജിനും അരമനക്കെട്ടിടത്തിനും വേണ്ടിയുള്ളതാണെന്ന് തിരുമേനിതന്നെ എന്നോടു പറഞ്ഞിരുന്നല്ലോ. അതിനാൽ ഈ സ്ഥലം ഏറ്റെടുക്കാൻ ഞാൻ ചിന്തിച്ചേയില്ല”.

“അപ്പോൾ മഹാരാജാവും കുടുംബവും നമ്മുടെ സ്ഥലം വന്നു കാണാൻ കാരണം?”



malankaralibrary.com

ഈ സ്ഥലം അങ്ങയുടെ ശത്രുക്കളാരോ ആവാം മഹാരാജാവിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. തിരുമേനിക്കു സമ്മതമാണെങ്കിൽ സർക്കാരിലേക്ക് എടുക്കാമെന്ന് രാജാവു ചിന്തിച്ചുകാണും. അതിൻപ്രകാരമാണ് സർവ്വേക്കാരെ രാജാവ് ഇവിടേക്കു വിട്ടത്. എന്നാൽ ഇക്കാര്യം അറിഞ്ഞ ഉടൻ അവരുടെ പിന്നാലെ ഞാൻ ഇറങ്ങിത്തിരിക്കുകയായിരുന്നു".

"എന്തായാലും ഈ സ്ഥലം വിട്ടു തരിക സാദ്ധ്യമല്ല. അർച്ചുബിഷപ്പിന്റെ സ്ഥലമെന്നു പറയുന്നത് പരിശുദ്ധ മാർപ്പാപ്പായുടെ സ്ഥലം തന്നെയാണ്. അവിടുത്തെ കല്പന കൂടാതെ ആർക്കുമിതു വിട്ടുതരികയില്ല".

"അപ്പോൾ, ആശുപത്രിക്കുള്ള സ്ഥലം കണ്ടുപിടിക്കേണ്ട ജോലി എന്റെ തലയിൽത്തന്നെയായല്ലോ".

"ആശുപത്രിക്കു വേണ്ടത് ഇതുപോലെ ആൾപ്പാർപ്പില്ലാത്ത കാട്ടു പ്രദേശമല്ല. വെള്ളവും വെളിച്ചവുമുള്ള തുറസ്സായ സ്ഥലമാണ്. എന്താ... അത്തരമൊരു നൂറേക്കർ ഭൂമി കാണിച്ചു തരുന്നതിൽ വിരോധമുണ്ടോ?"

"കൊള്ളാം. എങ്കിൽ എന്റെ ജോലിഭാരം തീർന്നേനെ".

"ശരി. എങ്കിൽ കാറിൽ കയറൂ". ആർച്ചുബിഷപ്പ് ചിരിച്ചു കൊണ്ടു പറഞ്ഞു.

ദിവാനും ഉദ്യോഗസ്ഥന്മാരും ആർച്ചുബിഷപ്പിന്റെ കാറിൽ കയറി. വണ്ടി തെക്കോട്ടു വിട്ടു. കേശവദാസപുരം കവലയിൽനിന്നും വലത്തോട്ടു തിരിഞ്ഞു. ഉള്ളൂരിലെത്തി. എല്ലാവരും കാറിൽ നിന്നിറങ്ങി. ആർച്ചുബിഷപ്പ് 'ഡ്രെസ്സർ തോപ്പ്' എന്ന നൂറേക്കർ സ്ഥലം കാട്ടി സൗകര്യങ്ങൾ വിവരിച്ചു. സി.പി.തൃപ്തിയോടെ പറഞ്ഞു.

"അനുയോജ്യമായ സ്ഥലം. ആശുപത്രി ഇവിടെത്തന്നെയാവട്ടെ".

അങ്ങനെ നാലാഞ്ചിറക്കുന്ന് സംരക്ഷിതമായി. ഇനി വൈകാതെ അവിടൊരു കോളജ് ഉയരണം. അതിന് ഭീമമായ തുക വേണം. അതിനെന്താണു വഴിയെന്ന് ആകുലപ്പെട്ടിരിക്കുമ്പോഴാണ് ക്യാനഡായിൽ നിന്നും ഒരു ക്ഷണക്കത്തു കിട്ടിയത്.

അതിന്റെ തലസ്ഥാനമായ ഓട്ടോവായിൽ നടത്തപ്പെടുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ വിശ്വസമ്മേളനത്തിലേക്കുള്ള ക്ഷണമാണ്. അതിനു മുമ്പ് തന്നെ അമേരിക്കയിൽ നിന്നനേകർ ക്ഷണിച്ചിരുന്നല്ലോ. പിതാവു ചിന്തിച്ചു. ഈ രണ്ടു രാജ്യങ്ങളിലുമായി ഒരു പര്യടനം നടത്തിയാലോ. എങ്കിൽ അവിടൊക്കെ ധാരാളം പ്രസംഗങ്ങൾ ചെയ്യാം. പ്രഭാഷണത്തിലൂടെ കിട്ടുന്ന പണം കോളജിന്റെ നിർമ്മാണത്തിനു സ്വരൂപിക്കാം.

അമേരിക്കയിലേക്കു പോകാൻ തന്നെ തീരുമാനിച്ചു.



malankaralibrary.com

യാത്രാദിവസം സമീപിക്കുകയാണ്.

മുറിയിലിരുന്ന് തന്റെ നാണയശേഖരത്തിൽ നിന്നും അപൂർവ്വങ്ങളായ പുരാതന നാണയങ്ങൾ തെരഞ്ഞെടുത്തുകൊണ്ടിരിക്കുകയാണു പിതാവ്. അമേരിക്കൻ യാത്രയിൽ പ്രസിഡന്റ് ട്രൂമാനെ കാണാൻ പരിപാടിയുണ്ട്. അദ്ദേഹം പുരാതനനാണയങ്ങൾ ശേഖരിക്കാറുണ്ടത്രേ. സന്ദർശനവേളയിൽ അദ്ദേഹത്തിനു സമ്മാനമായി കുറച്ചു നാണയങ്ങൾ കൊടുക്കാനാണു പരിപാടി.

അതു തെരയുന്നതിനിടയിൽ ചേപ്പാട്ടു റമ്പാച്ചൻ മുറിയിലേക്കു വന്നു പറഞ്ഞു.

"അടുത്തലക്കം കാഹളത്തിലേക്ക് പിതാവിന്റെ സന്ദേശം കിട്ടിയിട്ടില്ല".

"ശരിയാണല്ലോ. ഇപ്പോൾ വലിയനോമ്പു പകുതിയായില്ലേ. അതിനാൽ ഉയിർപ്പുപെരുന്നാളിനെപ്പറ്റിയാകട്ടെ".

പിതാവു മേശപ്പുറത്തിരുന്ന മണികിലുക്കി.

സെക്രട്ടറിയായ കൊച്ചച്ചൻ അടുത്ത മുറിയിൽ നിന്നു വന്നു.

ഫാദർ ജോസഫ് വടക്കേക്കൂറ്റ്. പാലായ്ക്കടുത്ത കൊഴുവനാൽ സ്വദേശി. അച്ചനെക്കണ്ട ഉടൻ പിതാവു തെരക്കി.

"ജോലി എവിടെവരെയായെടോ?"

അമേരിക്കയിലേക്കു മറുപടികളെഴുതാൻ അച്ചനെ ഏൽപ്പിച്ചിരിക്കുകയായിരുന്നു.

"പകുതിയോളം എഴുതിത്തീർന്നു".

"കടലാസും പേനയുമെടുത്ത് വന്നിരിക്ക്".

അച്ചനു കാര്യം മനസ്സിലായി. എല്ലാ മാസവും റമ്പാച്ചനുവേണ്ടി പിതാവ് ലേഖനങ്ങൾ പറഞ്ഞെഴുതിക്കാറുണ്ടല്ലോ.

പിതാവു കണ്ണടച്ച് യോഗീശ്വരനെപ്പോലെ കസേരയിൽ ചാരിയിരുന്നു. തന്റെ മക്കൾക്കുവേണ്ടി സകല പീഡകളുമേറ്റ് കുരിശിൽ മരിച്ച യേശുവിന്റെ മഹത്ത്വപൂർണ്ണമായ ഉത്ഥാനത്തെപ്പറ്റി പറഞ്ഞു തുടങ്ങി.

അതെഴുതിയെടുക്കാൻ അച്ചൻ അതിവേഗം പേന ചലിപ്പിച്ചുകൊണ്ടിരുന്നു.

പറഞ്ഞു തീർത്തശേഷം പിതാവു കല്പിച്ചു.

"എഴുതിയെടുത്തതു വായിക്കുക".



malankaralibrary.com

അതിവേഗത്തിലുള്ള എഴുത്തിനിടയിൽ വിട്ടുപോയ വാക്കുകൾ പിതാവു പറഞ്ഞുകൊടുത്തു.

റമ്പാച്ചൻ ലേഖനം വാങ്ങിപ്പോകും മുമ്പ് പിതാവ് ഓർമ്മപ്പെടുത്തി.

"എന്തു പ്രയാസങ്ങളുണ്ടെങ്കിലും കാഹളം മുടക്കരുത്. അതു സുറിയാനി കത്തോലിക്കരുടെ മുഖപത്രമാകണം. കാലാനുസൃതമായി അതിനെ പരിഷ്കരിക്കണം. അക്ഷരാർത്ഥത്തിൽ അതു സത്യസഭാകാഹളമാകണം".

റമ്പാച്ചൻ ഉണർത്തിച്ചു

"നമ്മുടെ മിഷനുകളിലെല്ലാം അതിനു നല്ല പ്രചാരം കിട്ടുന്നുണ്ട്".

പിതാവ്, വടക്കേക്കൂറ്റച്ചനോടു പറഞ്ഞു.

"യാത്രയ്ക്കുള്ള ക്രമീകരണങ്ങളെല്ലാം ചെയ്യണം. ഒരു വർഷത്തോളം ദീർഘിച്ച പര്യടനമാണ്. അച്ചനും കൂടെ വരണം".

സെക്രട്ടറി അച്ചന് അതുകേട്ട് അതിരറ്റ ആഹ്ലാദം.

പിതാവ് റോമിൽ വിട്ട് തന്നെ പഠിപ്പിച്ചു. ഇപ്പോൾ അമേരിക്കയിലേക്കു കൂടെക്കൊണ്ടുപോകുന്നു. എത്ര അസുലഭമായ നേട്ടം. ഒരു മഹാത്മാവിനൊപ്പം ലോകപ്രസിദ്ധരായ വമ്പന്മാരെ അടുത്തു പരിചയപ്പെടാൻ കിട്ടുന്ന അനർഘാവസരം.

ഒരു മനോഹര സ്വപ്നലോകത്തെന്ന പോലെ അച്ചൻ നിന്നുപോയി. അപ്പോഴും പിതാവ് അപൂർവ്വങ്ങളായ നാണയങ്ങൾ തെരഞ്ഞുപെറുക്കി ആൽബത്തിൽ ക്രമീകരിച്ചുകൊണ്ടിരുന്നു.

✠



malankaralibrary.com



# 46

# സപ്തസാഗരങ്ങൾക്കപ്പുറം

"ഒന്നരയ്ക്കാണു പിതാവേ വിമാനം. ഇപ്പോഴെങ്കിലും ഇറങ്ങിയില്ലെങ്കിൽ...?" ക്ലോക്കിൽ മണി പന്ത്രണ്ടടിച്ചപ്പോൾ വടക്കേക്കൂറ്റച്ചൻ ജനത്തിരക്കിനിടയിലൂടെ ചെന്നറിയിച്ചു.

അരമനയിൽ അനേകർ തിങ്ങിക്കൂടിയിട്ടുണ്ട്. ഇളകിയ തേനീച്ചക്കൂടുപോലെ മുഖരിതമാണവിടം.

മാനേജർ ചാക്കോച്ചനെ പിതാവു വിളിച്ചു. യാത്രയ്ക്കുള്ള പെട്ടി അടച്ചു പൂട്ടിക്കൊണ്ടിരുന്ന ചാക്കോച്ചൻ ഓടിച്ചെന്നു.

"നാലാഞ്ചിറക്കുന്നിലെ കാടെല്ലാം പണിക്കാരെക്കൂട്ടി വെട്ടിത്തെളിക്കണം. കോളജിന്റെ പണിക്കുവേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കണം".

സെറാഫിയോനച്ചനും പിതാവിന്റെ പക്കലുണ്ട്. കോളജിന്റെ വരപ്പുകൾ നേരത്തേതന്നെ സെറാഫിയോനച്ചൻ പിതാവിനെ ഏൽപ്പിച്ചിരുന്നു. അതു പരിശോധിച്ച് പിതാവു തൃപ്തിയോടെ നിർദ്ദേശിച്ചു.

"കാടുതെളിച്ചാലുടൻ പണി തുടങ്ങട്ടെ. മറ്റു സഹായങ്ങളൊക്കെ മത്തായി വാദ്ധ്യാർ ചെയ്തുതരും".



malankaralibrary.com

തന്റെ യാത്രയിൽ ദു:ഖിതനായി നിൽക്കുകയാണ് സന്ന്യാസികളും സന്ന്യാസിനികളും.

എല്ലാവരോടും പിതാവ് യാത്രചോദിച്ചു.

കൂപ്പുകൈമൊട്ടുകളോടെ വഴിയുടെ ഇരുവശത്തും പട്ടം സെന്റ് മേരീസ് സ്കൂളിലെ കുട്ടികൾ നിരന്നു. അദ്ധ്യാപകരും.

അരമനച്ചാപ്പലിൽ കയറി പ്രാർത്ഥിച്ച് പിതാവിറങ്ങി. സെക്രട്ടറി അച്ചനും.

കാറിൽ കയറും മുമ്പ് കുരിശുയർത്തി സകലരേയും അനുഗ്രഹിച്ചു മുന്നോട്ടു നീങ്ങി. മാർഗ്ഗമദ്ധ്യേ പാളയം പള്ളിയിൽക്കയറി. ദൈവമാതാവിന്റെ പേരിലുള്ള പള്ളിയല്ലേ. പോകുന്നതു മുഖ്യമായും മരിയൻ കോൺഗ്രസിൽ പങ്കെടുക്കാനുമാണ്. അതിനാൽ മേരിമാതാവിനോടു മദ്ധ്യസ്ഥ്യം യാചിച്ചു.

വിമാനത്താവളത്തിലെത്തിയപ്പോഴേക്കും ബോംബെയിലേക്കുള്ള വിമാനം തയ്യാറായിക്കിടക്കുന്നു. അവിടെയും അനേകർ കാത്തു നില്പുണ്ട്. മുട്ടുകുത്തിത്തന്നെ. അവരോടും വിടപറഞ്ഞ് വിമാനത്തിൽ കടന്നു. വിമാനം റൺവേയിലൂടെ ചീറിപ്പാഞ്ഞു. ഒരു വെള്ളപ്പിറാവുപോലെ നീലാകാശത്തിലേക്കത് പറന്നുയർന്നു.

സുദീർഘമായ ആ യാത്ര ചെന്നുനിന്നത് ഓട്ടോവയിൽ. അവിടെ പിതാവിന്റെ ആഗമനവാർത്തയറിഞ്ഞ് തോമസ് നങ്ങച്ചിവീട്ടിലച്ചൻ കാത്തുനിൽപ്പുണ്ട്. പട്ടം സെന്റ് മേരീസ് സ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയിരുന്ന അച്ചനെ പിതാവ് ഉപരിപഠനാർത്ഥം അമേരിക്കയിലേക്കു വിട്ടിരിക്കുകയാണ്. ന്യൂയോർക്കിലെ ഫോർഡാം യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥിയാണദ്ദേഹം.

ജനലക്ഷങ്ങൾ തിങ്ങിയ മരിയൻ കോൺഗ്രസിൽ പിതാവ് മലങ്കരക്കുർബ്ബാന അർപ്പിച്ചു. പിന്നെ പ്രസംഗിച്ചു. എല്ലാം ഭക്തിസാന്ദ്രമായ അനുഭവം.

പ്രസംഗം കഴിഞ്ഞ് ജനക്കൂട്ടത്തിനിടയിലെത്തിയ പിതാവിനോട് അവർ പറഞ്ഞു.

"കന്യാമറിയത്തെ രണ്ടാം സ്വർഗ്ഗമെന്നാണല്ലോ തിരുമേനി പ്രസംഗത്തിൽ വിശേഷിപ്പിച്ചത്. ഈ വിശേഷണം ഞങ്ങൾ ആദ്യമായി കേൾക്കുകയാണ്".

"ലോകത്ത് അന്ത്യോഖ്യൻക്രമം മാത്രമേ ദൈവമാതാവിനെ അങ്ങനെ സംബോധന ചെയ്യുന്നുള്ളൂ". പൗരസ്ത്യ ആരാധനയിൽ കന്യാമറിയത്തിനുള്ള ഉന്നതസ്ഥാനത്തെപ്പറ്റി പിതാവു വിശദീകരിച്ചു.



malankaralibrary.com

അപ്പോഴും ഗായകസംഘത്തിന്റെ മധുരസംഗീതം നിലച്ചിരുന്നില്ല. ഒരേ താളത്തിൽ, ശ്രുതിയിൽ അവർ പാടുകയാണ്. അലൗകികമായ ആ ഗാനവീചികൾ മനസ്സിനെ തഴുകുന്ന ദിവ്യാനുഭവം.

പരിശുദ്ധ ജനനിയെപ്പറ്റിയുള്ള ഇമ്പകരമായ ആ സ്തുതി ഗീതങ്ങളിൽ ലയിച്ച് പിതാവങ്ങനെ നിന്നു.

എന്നിട്ടു സംഘാടകരോടു പറഞ്ഞു.

"എനിക്കീ ഗാനകോകിലങ്ങളെ ഒന്നു കാണണം".

ഗായകരുടെ അടുത്തേക്കു പിതാവിനെ ആനയിച്ചുകൊണ്ട് സംഘാടകർ അറിയിച്ചു.

"വിശ്വപ്രശസ്തരായ പഞ്ചശിശുക്കളാണു പാടുന്നത്".

കൂടുതൽ അറിയാൻ ആഗ്രഹിച്ച പിതാവിനോടവർ തുടർന്നു പറഞ്ഞു.

"ഒരു പ്രസവത്തിലുള്ളവരാണ് ഈ അഞ്ചുപെൺകുട്ടികളും. എല്ലാവരും ഒന്നാന്തരം ഗായികമാരും."

അത്യാഹ്ലാദത്തോടെ പിതാവ് ഗായികമാരുടെ അടുത്തു ചെന്നു. പതിനേഴു വയസ്സുള്ള അഞ്ചു മദാമ്മക്കുട്ടികൾ. തൂവെള്ള വേഷം. മാലാഖകളെപ്പോലെ നിഷ്കളങ്കരായ അവരെ നോക്കി പിതാവു പറഞ്ഞു.

"ഇരുപത്തേഴു മക്കളുള്ള മാതാപിതാക്കളെ ഞാൻ കണ്ടിട്ടുണ്ട്. അന്നുണ്ടായതിലേറെ ആഹ്ലാദം തോന്നുന്നു, നിങ്ങളെ കാണുമ്പോൾ. മക്കളേ, വീട്ടിൽ ആരൊക്കെയുണ്ട്?"

"പപ്പായും മമ്മിയുമുണ്ട്. ഞങ്ങൾ പന്ത്രണ്ടു മക്കളാണ്".

ലില്ലിപ്പൂക്കൾ വിരിയുന്നപോലെ അവർ അഞ്ചുപേരും ഒരു പോലെ ചിരിച്ചു.

"കൊള്ളാം. അപ്പോൾ നിങ്ങൾ ആകെ പതിനാലുപേർ അല്ലേ. കർത്താവും മാതാവും പിന്നെ പന്ത്രണ്ടു ശിഷ്യന്മാരും പോലെ. നിങ്ങൾക്കു തരാൻ ഒന്നുമില്ലല്ലോ മക്കളേ".

എങ്കിലും പിതാവു കൊന്ത എടുത്തു. എവിടെയും കൊണ്ടുപോകാറുള്ളതാണത്. അതവർക്കു കൊടുത്തു പറഞ്ഞു.

"നിങ്ങളുടെ കുടുംബപ്രാർത്ഥനയ്ക്ക് ഇതിരിക്കട്ടെ".

കുട്ടികളുടെ നീലക്കണ്ണുകളിൽ ആഹ്ലാദത്തിന്റെ തിളക്കം. അതു വാങ്ങാൻ അഞ്ചുകൈകളും ഒരുപോലെ മുന്നോട്ടു നീണ്ടു.

അപ്പോഴേക്കും ത്രിവേഴ്സ് നഗരത്തിന്റെ ഭരണാധിപനായ മേയർ റൂസ്സോ വന്ന് വിരുന്നിനു ക്ഷണിച്ചു. അദ്ദേഹത്തിന്റെ വീട്ടിലെത്തിയപ്പോൾ



malankaralibrary.com

ആദ്യം ശ്രദ്ധയിൽപ്പെട്ടത് മുൻവാതിലിൽ എഴുതിവച്ചിരുന്ന ഒരു വാക്യ മാണ്.

'എന്റെ രാജ്യവും എന്റെ പള്ളിയുമാണ് എന്റെ സ്നേഹ വസ്തുക്കൾ".

നഗരഹൃദയത്തിലെ ബംഗ്ലാവിൽ വിരുന്നുണ്ടു കഴിയുന്നതിനേക്കാൾ ആർച്ചുബിഷപ്പിനിഷ്ടം അവിടുത്തെ ഗ്രാമങ്ങളിലേക്കു പോകാനാ യിരുന്നു.

മേയർ അതിനുള്ള ക്രമീകരണങ്ങളൊരുക്കി. റൂസോയും ഭാര്യയും കൂടെച്ചെന്നു.

ഗ്രാമഹൃദയത്തിന്റെ സ്പന്ദനമറിയാൻ അനേക ഗ്രാമങ്ങളിൽ പിതാ വുചെന്നു. കൃഷിയിടങ്ങൾ സന്ദർശിച്ചു. പഴത്തോട്ടങ്ങളിൽ കയറിയിറ ങ്ങി. അപൂർവ്വങ്ങളായ പഴങ്ങൾ കഴിച്ചു. വ്യാപാരശാലകൾ കണ്ടു. ഗ്രാമീണരുമായി ധാരാളം സംസാരിച്ചു. അവരുടെ ഉല്ലാസങ്ങളിൽ പങ്കു കൊണ്ടു. വേദനകൾ കേട്ടുനിന്നു.

ധനാഢ്യനായ ഒരു വ്യവസായിയുണ്ടായിരുന്നു കൂട്ടത്തിൽ. അയാൾ പിതാവിനോടു പലതും ചോദിച്ചറിഞ്ഞു. കേരളത്തെപ്പറ്റി, പുനരൈക്യ പ്രസ്ഥാനത്തെപ്പറ്റി, സഭാ വളർച്ചയെപ്പറ്റി.

കോളജിന്റെ പണിയെപ്പറ്റിയും സാമ്പത്തിക ഞെരുക്കത്തെപ്പറ്റിയും അന്വേഷിച്ചറിഞ്ഞ വ്യാപാരി പറഞ്ഞു.

"കോളേജിന്റെ പണിക്കായി ഞാൻ കുറച്ചു ഉരുക്കു ശീലാന്തികൾ കപ്പലിൽ അയച്ചു തരാം. തിരുമേനി അതു സ്വീകരിക്കണം".

പിതാവയാളോടു നന്ദി പറഞ്ഞു.

ഭാരതീയർ പാർക്കുന്ന ഒരു ഗ്രാമത്തിലും പിതാവു ചെന്നു. കൂടു തലും പഞ്ചാബികളാണ്. അവർ ആദരവോടെ വരവേറ്റു. പക്ഷേ, അവർക്കു പറയാനുണ്ടായിരുന്നതത്രയും പരിദേവനങ്ങൾ.

"മുപ്പതു വർഷങ്ങളായി ഞങ്ങളിവിടെ താമസിക്കുകയാണ്. ഇരു ന്നൂറ്റിപ്പത്തു വീട്ടുകാരുണ്ടു ഞങ്ങൾ. പക്ഷേ ഇതുവരെ ഞങ്ങൾക്ക് ഈ രാജ്യത്തിലെ പൗരത്വം കിട്ടിയിട്ടില്ല. അതുകൊണ്ട് പല ആനുകൂല്യ ങ്ങളും ഞങ്ങൾക്ക് കിട്ടുന്നില്ല. അവിടുന്നു ഞങ്ങളെ സഹായിക്കണം."

മേയർ റൂസോയോട് ഉടൻ ആർച്ചുബിഷപ്പ് പറഞ്ഞു.

"കേട്ടില്ലേ ഇവരുടെ സങ്കടങ്ങൾ. ഇവർക്കുകൂടി പൗരത്വം കൊടു ത്തുകൂടേ?"

റൂസോ അന്നുതന്നെ നിയമപരമായ കുരുക്കുകൾ അഴിച്ച് അവർക്ക് അനുകൂലമായ നടപടികൾ സ്വീകരിച്ചു. ഇനി യാത്ര ന്യൂയോർക്കി



malankaralibrary.com

ലേക്ക്. ലോകത്തിലെ ഏറ്റം വലിയ അതിരൂപതയായ ന്യൂയോർക്കിന്റെ കർദ്ദിനാൾ സ്പെൽമാനും കൂടെയുണ്ട്.

ന്യൂയോർക്കിലെത്തിയ ആർച്ചുബിഷപ്പിനെക്കാത്ത് സുഹൃത്തായ ഒര മേരിക്കക്കാരൻ കാറുമായി കാത്തുനിൽക്കുന്നു. യു.എൻ.ഓയുടെ അസംബ്ലി സന്ദർശനമാണ് പരിപാടി. അതിലേക്ക് അധികൃതരുടെ പ്രത്യേക ക്ഷണമുണ്ട്.

ന്യൂയോർക്ക് നഗരത്തിലൂടെ കാർ അതിവേഗം ഒഴുകുകയാണ്. നഗ രഹൃദയത്തിലെത്തിയപ്പോഴേക്കും അവിടെന്തോ മഹാ സമ്മേളനം നട ക്കുന്നതുപോലെ. ധാരാളം അലങ്കാരങ്ങൾ. വലിയ ജനക്കൂട്ടം. വാക്കി ടോക്കികളുമായി പോലീസധികാരികൾ റോന്തു ചുറ്റുന്നു. വാഹനങ്ങൾ മറ്റുവഴികളിലൂടെ തിരിച്ചുവിടുന്നു.

കാർ നിർത്താൻ പിതാവു പറഞ്ഞു.

അല്പം ഇടംകിട്ടിയ വഴിവക്കിൽ കാർ ഒതുക്കി. ചില്ലു താഴ്ത്തി തലവെളിയിലേക്കിട്ട് ആളുകളോടു പിതാവുതെരക്കി.

"എന്താണിവിടെ വിശേഷം?"

ചുവന്ന മസനപ്സയണിഞ്ഞ ഗംഭീരനായ മീശക്കാരനെ നോക്കി ബാഡ്ജുധാരികളായ സംഘാടകർ അറിയിച്ചു.

"ഐറീഷ് പ്രസിഡന്റിന് ഇവിടെ സ്വീകരണമാണ്".

"ആർക്ക് !ഡീവലറായ്ക്കോ!" ആശ്ചര്യവും ആഹ്ലാദവും നിറഞ്ഞ ശബ്ദത്തിൽ ആർച്ചുബിഷപ് ചോദിച്ചു.

"അതേ".

"അതാ, ആ കെട്ടിടത്തിന്റെ മൂന്നാം നിലയിൽ".

ആകാശംമുട്ടി ഉയർന്നു നിൽക്കുന്ന കെട്ടിടം ചൂണ്ടി അവർ അറിയിച്ചു.

"കൊള്ളാം. അദ്ദേഹത്തെ എനിക്കൊന്നു കാണാനൊക്കുമോ"

"അതു സാധിക്കുമെന്നു തോന്നുന്നില്ല. രാഷ്ട്രീയ നേതാക്കന്മാരു മായി ഗൗരവമുള്ള ചർച്ചകൾ നടത്തുകയാണദ്ദേഹം".

"ഓ അതു സാരമില്ല. ദയവായി നിങ്ങൾ ഈ വിസിറ്റിംഗ് കാർഡ് അദ്ദേഹത്തിനു കൊടുത്താൽ മതി". പോക്കറ്റിൽ നിന്നും സ്വന്തം മേൽവിലാസമടങ്ങിയ കാർഡ് എടുത്ത് സംഘാടകരെ ഏൽപ്പിച്ചു. അവർ ജിജ്ഞാസയോടെ അതു വായിച്ചു.

'ആർച്ചുബിഷപ് മാർ ഈവാനിയോസ്. ട്രിവാൻഡ്രം, ഇന്ത്യ'.

എന്തായാലും സംഘാടകർ ഈ കാർഡുമായി പോയി.



malankaralibrary.com

താഴെനിന്ന ഉദ്യോഗസ്ഥനെ കാർഡ് ഏൽപ്പിച്ചു. അയാൾ ലിഫ്റ്റിൽ കയറി മൂന്നാം നിലയിലേക്കു പോയി.

പിതാവ് കാറിൽ നിന്നിറങ്ങി കെട്ടിടത്തിന്നടുത്തേക്കു നടന്നു. സകല കണ്ണുകളും ആ അപൂർവ്വ വേഷധാരിയിലാണ്. അത്ഭുതത്തോടെ തന്നെ നോക്കി നിൽക്കുന്ന ജനക്കൂട്ടത്തെ പുഞ്ചിരിയോടെ കടാക്ഷിച്ചു പൈൻ മരത്തണലിൽ പിതാവു നിന്നു.

തന്റെ സന്ദർശക കാർഡു കണ്ടാൽ എത്ര തിരക്കായാലും ഡിവലേറാ തന്നെ വിളിക്കുമെന്നാണു പ്രതീക്ഷ. പതിനഞ്ചുവർഷം മുമ്പാണു ഡിവലേറായെ ആദ്യമായി കണ്ടത്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കു പറ്റാൻ ഐർലണ്ടിൽ ചെന്നപ്പോൾ. അന്നദ്ദേഹം എത്ര ആദരവോടെയാണു പെരുമാറിയത്.

വിടചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്പോഴും ഓർക്കുന്നുണ്ട്.

“ഞാൻ ഭാരതത്തിൽ വന്നാൽ ആദ്യം കാണാൻ ആഗ്രഹിക്കുന്നത് അങ്ങയെത്തന്നെയായിരിക്കും”.

മൂന്നാം നിലയിൽ നിന്നും ലിഫ്റ്റു താഴേക്കു വരുന്നത് കണ്ണാടിയിലൂടെ കാണാം. അതിൽ മറ്റാരുമായിരുന്നില്ല. സാക്ഷാൽ ഡിവലേറാ! ഐർലണ്ടിലെ കിരീടം വയ്ക്കാത്ത രാജാവ്. കറ തീർന്ന കത്തോലിക്കൻ.

ആൾക്കൂട്ടത്തിൽ വ്യത്യസ്ത രൂപവേഷങ്ങളിൽ ജ്വലിച്ചു നിന്ന ആർച്ചുബിഷപ്പിനെ ആ കണ്ണുകൾ ഞൊടിയിടയിൽ കണ്ടെത്തി. ആശ്ചര്യം കൂറിയ മിഴികളോടെ ചുറ്റുമുള്ള രക്ഷാഭടന്മാരെ വകഞ്ഞു മാറ്റി അദ്ദേഹം ആർച്ചുബിഷപ്പിനു മുന്നിലെത്തി. വെയിലേറ്റു പൊള്ളുന്ന ടാർറോഡിൽ ഡിവലേറാ മുട്ടുകുത്തി നിന്നു. ആർച്ചുബിഷപ്പിന്റെ കൈപിടിച്ചു ചുംബിച്ചു.

അതുകണ്ട് പത്രപ്രവർത്തകർ അവിടേക്കു ഇരച്ചെത്തി. ആ രംഗം പകർത്തുവാൻ ക്യാമറകളുടെ മത്സരത്തിരക്ക്.

ജനം മുഴുവൻ നടുങ്ങി നിൽക്കുകയാണ്.

ആർച്ചുബിഷപ് ചോദിച്ചു.

“താങ്കളുടെ വിലയേറിയ സമയം ഞാൻ നഷ്ടപ്പെടുത്തിയോ?”

“അങ്ങയോടൊപ്പം കൂടുതൽ സമയം ചെലവിടാൻ ഇപ്പോൾ പറ്റുന്നില്ലല്ലോ എന്നാണെന്റെ ദു:ഖം”.

“സാരമില്ല. ഞാൻ യു.എൻ.ഓ യിലേക്ക് പോകുന്ന വഴിയാണ്. ഭാഗ്യവശാലാണ് താങ്കളെ കാണാൻ കഴിഞ്ഞത്”.



malankaralibrary.com

ഇരുവരും വിടചൊല്ലി.

സകലരേയും ആശീർവദിച്ച് ആർച്ചുബിഷപ് കാറിൽ കയറുമ്പോഴും ആളുകളുടെ ആശ്ചര്യാരവം അലയടിച്ചു.

"ആരാണീ ബിഷപ്? ഇദ്ദേഹം എവിടെനിന്നു വരുന്നു.?"

നേരം ഉച്ചയാകാറായി. യു.എൻ.ഓ യിൽ അസംബ്ലി നടക്കുകയാണ്. നീലത്തൊപ്പിയണിഞ്ഞ യു.എൻ. ഭടന്മാരുടെ സല്യൂട്ടു സ്വീകരിച്ച് ബ്രഹ്മാണ്ഡമായ ആ കെട്ടിടത്തിൽ ആർച്ചു ബിഷപ്പ് കടന്നു.

അസംബ്ലി ഹാളിൽ മിക്ക ലോകനേതാക്കളുമുണ്ട്. ഇരുചേരികളായി തിരിഞ്ഞ് ആക്രോശിക്കുന്നതിനിടയിലാണ് ആർച്ചുബിഷപ്പ് കടന്നു ചെന്നത്.

റഷ്യൻ നേതാവ് അമേരിക്കയ്ക്കെതിരെ വിരൽചൂണ്ടി അലറുകയാണ്. വാതിലിൽ ഒരു നിമിഷംനിന്ന് ചർച്ചാ വിഷയം ശ്രദ്ധിച്ചു. ചെക്കോസ്ലോവ്യക്കയാണ് പ്രശ്ന വിഷയം. പൊരിഞ്ഞ ഈ പോരാട്ടത്തിനിടയിൽ വരേണ്ടതില്ലായിരുന്നു എന്നു തോന്നിപ്പോയി. എങ്കിലും ക്ഷണിച്ചതല്ലേ? ബഹളം നിറഞ്ഞ ഹാളിലേക്ക് ആർച്ചുബിഷപ്പ് നടന്നു കയറി. തൽക്ഷണം ആക്രോശങ്ങൾ നിലച്ചു. തങ്ങളുടെ അതിഥിയും വിശ്വപ്രശസ്തനുമായ ആർച്ചുബിഷപ്പിനെ കണ്ണിമയ്ക്കാതെ നോക്കി അവർ എഴുന്നേറ്റുനിന്നു. ലോകനേതാക്കളുടെ നിരയിലൂടെ മാർ ഈവാനിയോസ് പുഞ്ചിരിയോടെ മിഴികളയച്ചു. എന്നിട്ട് ആതിഥേയരോടു പറഞ്ഞു.

"നിങ്ങളുടെ ചർച്ചകൾ നടക്കട്ടെ. എനിക്കു വിജയലക്ഷ്മി പണ്ഡിറ്റിനെ ഒന്നു കണ്ടാൽക്കൊള്ളാം".

ഇന്ത്യ ഇക്കഴിഞ്ഞ മാസത്തിലാണു സ്വതന്ത്രയായതെങ്കിൽക്കൂടി ഐക്യരാഷ്ട്രസഭയിലേക്ക് പ്രതിനിധികളെ അയച്ചിരിക്കുന്നു. അവിടെ എത്തിയിട്ടുള്ള ഭാരത പ്രതിനിധികളുടെ നേതാവാണവർ. ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ പെങ്ങൾ. റഷ്യയിലെ ഇന്ത്യൻ അംബാസിഡർ കൂടിയാണവർ.

ഭാരതപ്രതിനിധികൾക്കായി വേർതിരിച്ചിരുന്ന മുറിയിലേക്ക് സംഘാടകർ അദ്ദേഹത്തെ ആനയിച്ചു.

വിജയലക്ഷ്മി പണ്ഡിറ്റ് അവിടെ വന്നു. തുടുത്ത ഒരു കുലീന വനിത. നേരത്തേതന്നെ അവർ തമ്മിൽ നല്ല പരിചയമുണ്ട്.

കുശലാന്വേഷണങ്ങൾ കഴിഞ്ഞ് ആർച്ചുബിഷപ്പ് പറഞ്ഞു.

"എനിക്കൊരു കാര്യം അത്യാവശ്യമായി സാധിച്ചു തരണം".

"എന്താണത്?"



malankaralibrary.com

"ഇന്ത്യ സ്വതന്ത്രയായി. അതിനാൽ വത്തിക്കാനിലേക്ക് ഇന്ത്യയുടെ ഒരു പ്രതിനിധിയെ അയച്ചു കൊടുക്കണം. സ്വാതന്ത്ര്യത്തിനുശേഷം പണ്ഡിറ്റ് നെഹ്രുവിന്റെ പേർക്ക് ഞാൻ കത്തയച്ചെങ്കിലും ഇക്കാര്യം സൂചിപ്പിച്ചില്ല. മിസിസ് വിജയലക്ഷ്മി ഇക്കാര്യം നേരിട്ട് അദ്ദേഹത്തോടു ആവശ്യപ്പെടുന്നതാവും നല്ലത്".

"മറ്റെന്താണ് പണ്ഡിറ്റ്ജിയുടെ പേർക്ക് തിരുമേനി എഴുതിയത്?"

"ബ്രിട്ടീഷ് കോമ്മൺവെൽത്തിൽ ഇന്ത്യയേയും ഉൾപ്പെടുത്തണമെന്നാണ് പ്രധാനമായും നിർദ്ദേശിച്ചത്".

"അതേപ്പറ്റി ഇന്ത്യയിൽ ചർച്ചകൾ നടക്കുന്നതേയുള്ളൂ. വത്തിക്കാനിലേക്കു പ്രതിനിധിയെ അയയ്ക്കുന്ന കാര്യം ഞാൻ അവതരിപ്പിച്ചുകൊള്ളാം".

ഐക്യരാഷ്ട്രസഭ പിരിഞ്ഞു. ഭാരത പ്രതിനിധികൾ പിതാവിന്റെ പക്കൽ ഓടിയെത്തി. മറ്റുലോകനേതാക്കളും. ഓരോ നേതാവു വന്നു പരിചയപ്പെടുമ്പോഴും ക്യാമറാകൾ അതു പകർത്തുകയാണ്. ചിരപരിചിതരെപ്പോലെയാണ് ആദ്യമായി കാണുന്നവർപോലും പെരുമാറുന്നത്.

ദിനപത്രങ്ങളിലെ ചിത്രങ്ങളിലൂടെ ആർച്ചുബിഷപ്പ് അവർക്ക് ഉറ്റ ബന്ധുവായിരിക്കുന്നു.

പത്രലേഖകർ ചുറ്റും വന്ന് ആവശ്യപ്പെട്ടു.

"ഐക്യരാഷ്ട്ര സംഘടനയെപ്പറ്റി ഒരു പ്രസ്താവന കിട്ടിയാൽ നന്നായിരുന്നു".

ഗൗരവ പൂർണ്ണമായ മറുപടി ഉടൻ കിട്ടി.

"ഭീകരങ്ങളായ രണ്ടു ലോകമഹായുദ്ധങ്ങൾ കഴിഞ്ഞിരിക്കുന്നു. അതിന്റെ വിജയം ഒരു കക്ഷിയുടെ മാത്രം വിജയമായി കാണരുത്. ക്രിസ്തീയ സംസ്കാരത്തിന്റെ നിലനിൽപ്പിനും മനുഷ്യരാശിയുടെ പുരോഗതിക്കും വേണ്ടിയുള്ള പോരാട്ടമായിരുന്നു അത്. ഐക്യകക്ഷികളുടെ വിജയം അന്യന്റെ മേൽ ആധിപത്യം സ്ഥാപിക്കാനുള്ളതല്ല. നേരായ മാർഗ്ഗത്തിലേക്കു മനുഷ്യകുലത്തെ ആനയിക്കാനുള്ള ഉത്തരവാദിത്വമാണ് അവർക്കുള്ളത്".

✠



malankaralibrary.com



# 47

# സർവ്വാദരണീയൻ ഈ വിശ്വപൗരൻ

മഞ്ഞണിഞ്ഞ മാമലപോലെ അമേരിക്കൻ പ്രസിഡന്റിന്റെ വെള്ള ക്കൊട്ടാരം; വൈറ്റ് ഹൗസ്. അവിടെ ആർച്ചുബിഷപ്പ് വിരുന്നിനു ക്ഷണി ക്കപ്പെട്ടിരിക്കുന്നു. അതിനുമുമ്പ് കൂടിക്കാഴ്ചയ്ക്കും. പക്ഷേ അത് അഞ്ചു നിമിഷത്തേക്കുമാത്രം. പ്രസിഡന്റ് ഹാരിട്രൂമാന് അത്രമാത്രം തെരക്കുള്ള ദിവസമാണന്ന്. നാഗസാക്കിയിലും ഹിരോഷിമായിലും അണുബോംബു വർഷിക്കാൻ ഉത്തരവിട്ട ആളല്ലേ. അതുസംബന്ധിച്ച ചർച്ചകൾക്കായി വിശ്വനേതാക്കൾ പലരും അവിടെയുണ്ട്.

ഉദ്യോഗസ്ഥർ വന്ന് ആർച്ചുബിഷപ്പിനെ അകത്തേക്കു കൂട്ടിക്കൊ ണ്ടുപോയി.

ഹാരിട്രൂമാൻ സന്തോഷത്തോടെ സ്വീകരിച്ചിരുത്തി.

പുറത്ത് പൈൻമരങ്ങൾക്കിടയിലൂടെ വെള്ളിനൂലുകൾ പോലെ മഞ്ഞുവീഴുന്നത് കണ്ണാടിയിലൂടെ കാണാം. അസഹ്യമായ തണുപ്പ്. എങ്കിലും ഉഷ്ണീകരണസംവിധാനം ഉള്ളതിനാൽ മുറിക്കുള്ളിൽ സുഖം.



malankaralibrary.com

ട്രൂമാൻ പറഞ്ഞു.

"പത്രങ്ങളിൽവരുന്ന അങ്ങയെപ്പറ്റിയുള്ള ലേഖനങ്ങൾ വായിച്ചപ്പോഴും റേഡിയോ പ്രഭാഷണങ്ങൾ കേട്ടപ്പോഴും ഞാനാഗ്രഹിക്കുകയായിരുന്നു ഒന്നു കാണാൻ".

ചുരുങ്ങിയ നേരത്തിനുള്ളിൽ രാഷ്ട്രപരമായി ഒരു കാര്യം ആർച്ചുബിഷപ് പറഞ്ഞു.

"അനേകവർഷങ്ങളായി കൂട്ടിലടച്ച പക്ഷിയായിരുന്നു എന്റെ രാജ്യം. ഇപ്പോൾ അതിനെ തുറന്നുവിട്ടെങ്കിലും പറക്കാറായിട്ടില്ല. അതിനു നിങ്ങളുടെ സഹകരണം ഞങ്ങൾക്കാവശ്യമുണ്ട്".

ഈയിടെ സ്വതന്ത്രയായ ഭാരതത്തിന്റെ ഭാവിയായിരുന്നു ആർച്ചുബിഷപ്പിന്റെ ഉള്ളിൽ.

ട്രൂമാനു സമ്മാനിക്കാൻ കരുതിക്കൊണ്ടുവന്ന നാണയ ആൽബം സെക്രട്ടറി അച്ചനിൽനിന്നും ആർച്ചുബിഷപ്പു വാങ്ങി. അതു പ്രസിഡന്റിനു സമ്മാനിച്ചു.

"നമ്മുടെ കൂടിക്കാഴ്ചയുടെ ഓർമ്മയ്ക്ക് ഇതിരിക്കട്ടെ".

ആൽബം തുറന്ന് അത്ഭുതത്തോടെ ട്രൂമാൻ പറഞ്ഞു.

"നാണയക്കമ്പക്കാരനാണു ഞാനെന്ന് അറിഞ്ഞിരുന്നോ! നാണയ ശേഖരം വിനോദത്തേക്കാളേറെ എനിക്കൊരുതരം 'ക്രേയ്സ്' ആണ്".

ഓരോ നാണയത്തിലൂടെയും കണ്ണോടിച്ച് ട്രൂമാൻ വീണ്ടും ആശ്ചര്യപ്പെട്ടു.

"ആഹാ! ഇത്ര ചെറുതും പുരാതനവുമായ വെള്ളി നാണയങ്ങൾ ഞാൻ കണ്ടിട്ടേ ഇല്ലല്ലോ. ഇതെല്ലാം എവിടെ നിന്നു കിട്ടി?"

"കുറേകൊല്ലം മുമ്പ് പുരാതന നാണയങ്ങളെപ്പറ്റി നല്ലൊരു ഗവേഷണം ഞാൻ നടത്തിയിരുന്നു. അന്നു സൂക്ഷിച്ചുവച്ചിരുന്നതിൽനിന്നും നാല്പത്തിയെട്ടെണ്ണം പ്രസിഡന്റിനുവേണ്ടി എടുത്തു".

"അതായത് ഇവിടുത്തെ ഒരു സംസ്ഥാനത്തിന് ഒരെണ്ണം വീതം; അല്ലേ? കൊള്ളാം, കൊള്ളാം. വളരെ നന്ദി. പക്ഷേ... ഇത്ര തീരെ ചെറിയ നാണയങ്ങൾ നിങ്ങളെങ്ങനെ സൂക്ഷിച്ചു വയ്ക്കും? കയ്യിൽ നിന്നു തന്നെ ചോർന്നു പോകുമല്ലോ..."

മാർ ഈവാനിയോസ് ചിരിച്ചുകൊണ്ടു പറഞ്ഞു.

"കള്ളന്മാർ കണ്ടുപിടിക്കാതിരിക്കാനാണ് ഇത്ര ചെറിയ നാണയങ്ങൾ ഞങ്ങൾ നിർമ്മിച്ചിട്ടുള്ളത്. കണ്ണിലിട്ടുപോലും നമുക്കിതു സൂക്ഷിക്കാം".



malankaralibrary.com

നേരമ്പോക്കാവുമെന്നു കരുതിയിരുന്നവരുടെ മുമ്പിൽ 'ഇതാ നോക്കി ക്കോളൂ' എന്നു പറഞ്ഞ് ആർച്ചുബിഷപ്പ് രണ്ടു മൂന്നു വെള്ളി നാണയ ങ്ങൾ കയ്യിലെടുത്തു. എന്നിട്ടു തന്റെ കൺപോളകൾ വലിച്ചു തുറന്നു. നാണയങ്ങൾ അതിനുള്ളിലിട്ട് കണ്ണുകൾ ഭദ്രമായി പൂട്ടി. ആ ഇരുപ്പിൽ പറഞ്ഞു.

"ഇങ്ങനെയാണു ഞങ്ങൾ സൂക്ഷിക്കുന്നത്".

"അങ്ങൊരു മാന്ത്രികൻ കൂടിയാണെന്ന് ഇപ്പോഴാണു മനസ്സിലായത്". പൊട്ടിച്ചിരിച്ചുകൊണ്ട് ഹാരി ട്രൂമാൻ പറഞ്ഞു.

കണ്ണുതുറന്ന് പൊഴിച്ചിട്ട നാണയങ്ങൾ തിരിച്ചു കൊടുത്ത് ആർച്ചു ബിഷപ്പ് ഇരുന്നു.

"ഇത്തിരി കണ്ണീരുപോലും പൊടിയാതെ ഇതെങ്ങനെ സാദ്ധ്യമാ കുന്നു?" ട്രൂമാന്റെ സെക്രട്ടറി ആശ്ചര്യപ്പെട്ടു.

പുരാതന നാണയങ്ങളെപ്പറ്റി കൂടുതലറിയാൻ ട്രൂമാൻ ജിജ്ഞാസു വായി. ആർച്ചുബിഷപ്പ് അതു പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. ട്രൂമാൻ അതെഴുതിയെടുത്തുകൊണ്ടും. ആ വാചാലത ചെന്നു നിന്നത് കേരള ത്തിനുമാത്രം അവകാശപ്പെട്ട ചില പൗരാണിക പെരുമയിലേക്ക്.

പഴയനിയമത്തിലെ ശലോമോൻ രാജാവിന്റെ നാവികർ ക്രിസ്തു വിനു മുമ്പ് ആയിരാമാണ്ടോടെ കേരളത്തിൽ എത്തിയിരുന്നത്രേ. അവർ മാവേലിക്കരയിൽനിന്നും സ്വർണ്ണം കുഴിച്ചെടുത്തുവത്രേ. ആ സ്വർണ്ണ മാണ് ജറുശലേം ദേവാലയത്തിൽ ഉപയോഗിച്ചിരുന്നത്.

ഹാരിട്രൂമാനു കേട്ടിട്ടു മതിവരുന്നില്ല. ഇംഗ്ലീഷുകാരെപോലും വെല്ലുന്ന ഉച്ചാരണം, ഭാഷാശൈലി!

മാർ ഈവാനിയോസ് വാച്ചു നോക്കി.

"എനിക്കനുവദിച്ച സമയം കടന്ന് ഏതാണ്ട് ഒരുമണിക്കൂർ കൂടി ആയി രിക്കുന്നല്ലോ".

ട്രൂമാൻ പറഞ്ഞു.

"അതൊരു മിനിറ്റു പോലെയാണു കഴിഞ്ഞത്. കഴിയുമെങ്കിൽ അങ്ങി വിടെ ഒന്നുരണ്ടു ദിവസം താമസിക്കുക. വിശദമായി കേൾക്കാമല്ലോ".

"പക്ഷേ, ഇനിയും പലയിടത്തും എനിക്കു ചെല്ലേണ്ടതുണ്ടല്ലോ".

ട്രൂമാൻ, വൈറ്റ് ഹൗസിലെ വിരുന്നുശാലയിലേക്കു ആർച്ചുബിഷ പ്പിനെ കൂട്ടിക്കൊണ്ടു പോയി. നൂറുകണക്കിന് അതിഥികൾ അവിടെ എത്തിക്കൊണ്ടിരിക്കുന്നു. ആർച്ചുബിഷപ്പാണ് മുഖ്യാതിഥി.

എല്ലാവരും ഭക്ഷണശാലയിൽ ഇരുന്നു. ഭക്ഷിക്കുന്നതിനിടയിൽ



malankaralibrary.com

സംഘാടകർ മൈക്രോഫോണുമായി പിതാവിനെ സമീപിച്ചു. ആ സംസാരം കേൾക്കാൻ എല്ലാവരും കാത്തിരിക്കുകയാണ്.

പിതാവു പറഞ്ഞു തുടങ്ങി.

"ഭാരതീയരായ ഞങ്ങൾ അമേരിക്കക്കാരായ നിങ്ങളേക്കാൾ വൃത്തിയുള്ളവരാണ്".

സകലരും അതുകേട്ട് മിഴിച്ചു നോക്കി. ചിലർ ഉറക്കെ പ്രതികരിച്ചു.

"എന്നാൽ നേരെ മറിച്ചാണല്ലോ ഞങ്ങൾ കേട്ടിട്ടുള്ളത്".

എന്നിട്ടും പിതാവു സ്വന്തം നിലപാടിൽ ഉറച്ചു നിന്നു.

" ആ കേൾവി ശരിയല്ല. നിങ്ങൾ സദ്യയ്ക്ക് ഒരിക്കൽ ഉപയോഗിച്ച പാത്രം വീണ്ടും ഉപയോഗിക്കാറില്ലേ. എന്നാൽ ഞങ്ങൾ ഒരിക്കൽ ഉപയോഗിച്ച പാത്രം പിന്നീടുപയോഗിക്കുകയില്ല. വലിച്ചു ദൂരെയെറിഞ്ഞു കളയും".

പ്രതികരണം പൂർവ്വാധികം ഉച്ചത്തിലായി.

"അപ്പോൾ വൃത്തിയിൽ മാത്രമല്ല; സാമ്പത്തികമായും പാശ്ചാത്യരെ വെല്ലുന്നവരാണ് നിങ്ങളെന്നാണോ!"

സ്വതസിദ്ധമായ പുഞ്ചിരിയോടെ പിതാവ് പൊരുളറിയിച്ചു.

"ഞങ്ങൾ വാഴയിലയിലാണു ഭക്ഷണം കഴിക്കാറുള്ളത്".

ബ്രഹ്മാണ്ഡമായ കെട്ടിടം മുഴുവൻ തകർന്നു പോകത്തക്ക വിധത്തിലുള്ള പൊട്ടിച്ചിരിയായിരുന്നു പിന്നെ.

തണുപ്പ് അസഹ്യമാവുകയാണ്. കമ്പിളിക്കുപ്പായം ഉണ്ടായിട്ടും രക്ഷയില്ല. മാത്രമല്ല ശരീരത്തിനു മൊത്തത്തിൽ ഒരസ്വസ്ഥത. ബലക്കുറവു പോലെ. ഇനിയും എത്രയോ സ്ഥലങ്ങളിൽ ചെല്ലേണ്ടതുണ്ട്. എന്നിട്ടും, യാത്ര ചെയ്യാൻ ആവുന്നില്ല. എന്താണസുഖമെന്നു വ്യക്തമാവുന്നുമില്ല.

മാർ ഈവാനിയോസ് ക്ഷീണിതനായി.

ഇതറിഞ്ഞു കർദ്ദിനാൾ സ്പെൽമാൻ ഓടിയെത്തി.

"വിശ്രമമില്ലാത്ത ഓട്ടമാണു കാരണം. ഒന്നുരണ്ടാഴ്ച വിശ്രമിക്കുകയേ വേണ്ടൂ. ഇവിടുത്തെ ഏറ്റം വലിയ ആശുപത്രിയാണു പ്രോവിഡൻസ്. തിരുമേനിക്കുവേണ്ടി ഒരു മുറി അവിടെ ഒഴിച്ചിട്ടിട്ടാണു ഞാൻ വരുന്നത്". കർദ്ദിനാൾ പറഞ്ഞു.

ക്ഷീണമുണ്ടെങ്കിലും പുഞ്ചിരിയോടെ മാർ ഈവാനിയോസ് ചോദിച്ചു.

"ഒന്നും ചെയ്യാനില്ലാതെ വെറുതെ ആശുപത്രിയിൽ കിടക്കുന്ന കാര്യം പ്രയാസമാണ്. തിരുമേനി എനിക്കൊരുപകാരം ചെയ്യാമോ?



malankaralibrary.com

ഹീബ്രു പഠിക്കാൻ പറ്റിയ ഒരു പുസ്തകം എത്തിക്കാമോ? എങ്കിൽ അതു പഠിച്ചുകൊണ്ട് ഞാനിവിടെ കിടന്നുകൊള്ളാം".

പിതാവിന്റെ വലിയൊരാഗ്രഹമായിരുന്നു ഹീബ്രു പഠനം. സമയക്കുറവുമൂലം ഇന്നോളം അതു സാധിച്ചില്ല. ആശുപത്രി വിടുമ്പോഴേക്കും അതു സാദ്ധ്യമാക്കാനാണ് ആഗ്രഹിക്കുന്നത്.

കർദ്ദിനാൾ സമ്മതിച്ചു. അങ്ങനെ ആശുപത്രിക്കിടക്കയിലായി. പരിചരിക്കാൻ രണ്ടച്ചന്മാരും കിടക്കയ്ക്കരികിലുണ്ട്. വടക്കേക്കൂറ്റച്ചനും നങ്ങച്ചിവീട്ടിലച്ചനും. വൈദ്യന്മാർ എപ്പോഴും വന്നു ശ്രദ്ധിച്ചു.

പ്രധാന ഭിഷഗ്വരൻ വന്നപ്പോൾ പിതാവു തെരക്കി.

"ഡോക്ടർ, മനുഷ്യജീവൻ ഈശ്വരന്റെ കയ്യിലാണെങ്കിലും ഒന്നു ചോദിക്കട്ടെ. എന്റെ ആരോഗ്യം എങ്ങനെ?"

ചിരിച്ചുകൊണ്ടു ഡോക്ടർ പറഞ്ഞു.

''എക്സ്റേയിൽ അങ്ങേയ്ക്കു യാതൊരു കുഴപ്പവുമില്ല. പ്രായത്തിനനുസരിച്ചു തിരുമേനി പൂർണ്ണ ആരോഗ്യവാനാണ്. എങ്കിലും പൊതുവെ, ഇനി വിശ്രമിക്കണം. ഭക്ഷണം യഥാസമയം തന്നെ കഴിക്കണം. ദിവസവും എട്ടുമണിക്കൂർ ഉറങ്ങണം. പിന്നെ, മുടങ്ങാതെ ലഘു വ്യായാമങ്ങൾ ചെയ്യുന്നതും നല്ലതാണ്".

പിതാവിനെപ്പറ്റി വാർത്തകൾവന്ന പത്രങ്ങളെല്ലാം നങ്ങച്ചിവീട്ടിലച്ചൻ അടുക്കി സൂക്ഷിച്ചിട്ടുണ്ടായിരുന്നു. പിതാവിന്റെ സമയക്കുറവുമൂലം അതിൽ പലതും കാണിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ അതെല്ലാം കെട്ടഴിച്ചു പുറത്തെടുത്തു. ഓരോന്നും എടുത്തു പിതാവിനു കൊടുത്തുകൊണ്ട് അച്ചൻ വിശദീകരിച്ചു.

"ഇതു രണ്ടുകോടി വരിക്കാരുള്ള അമേരിക്കൻ പത്രമാണ്. ഡെയ്‌ലി ന്യൂസ്".

കട്ടിലിൽ കിടന്നുകൊണ്ടു പിതാവ് അതു നിവർത്തിനോക്കി. അതിന്റെ ഒന്നാംപേജിൽ പുഞ്ചിരിതൂകുന്ന തന്റെ ഒരു വലിയ ചിത്രം. പടത്തിനടിയിൽ കൊടുത്തിരുന്ന അടിക്കുറിപ്പും വായിച്ചു.

'ദി മോസ്റ്റ് ഫോട്ടോഗ്രോഫ്ഡ് പേഴ്സൺ ഓഫ് ദി ഇയർ'.

'ഇന്ത്യയിലെ മഹാനായ മിഷനറി' എന്ന തലക്കെട്ടിൽ ഒരു നെടുങ്കൻ ലേഖനവും.

മറ്റു പലതിലും മുഖപ്രസംഗങ്ങൾ പോലും എഴുതിയിരിക്കുന്നു. അതെല്ലാം ഓടിച്ചു നോക്കിയശേഷം സെക്രട്ടറി അച്ചനോടു പിതാവു പറഞ്ഞു.

"ഉടനെ നമ്മുടെ ബനഡിക്ട് അച്ചനു കത്തയയ്ക്കണം. ഇവിടുത്തെ നമ്മുടെ സന്ദർശനം തീർന്നാലുടൻ അച്ചൻ ഇവിടെ വരണമെന്ന് എഴുത



malankaralibrary.com

ണം. ഇവിടെനിന്നും നമ്മൾ നേരെ റോമിലേക്കാണല്ലോ പോകുന്നത്. ഫാദർ ബനഡിക്ടും കൂടി റോമിലേക്കു പോരട്ടെ. യാത്രാരേഖകളും ശരിയാക്കി അയച്ചുകൊടുക്കണം".

അഞ്ചാഴ്ചകൾക്കുശേഷമാണ് ആശുപത്രി വിട്ടത്. അത്രയും നാൾ ആഴമായി പ്രാർത്ഥിക്കാനും വായിച്ചുപഠിക്കാനും കഴിഞ്ഞല്ലോ എന്നോർത്ത് ആ കർമ്മനിരതന് പക്ഷേ, ദു:ഖം തോന്നിയില്ല.

അവിടെനിന്നും ഹോട്ടൽ മുറിയിലെത്തുമ്പോൾ ഒരു പറ്റം ഇന്ത്യക്കാർ ധൃതിയിൽ വന്നു.

എല്ലാവരുടേയും മുഖത്തു ദു:ഖഭാവം. അവർ ഹൃദയം പൊട്ടി പറഞ്ഞു.

"മഹാത്മാ ഗാന്ധി വെടിയേറ്റു മരിച്ചു".

"ഓ! മൈഗോഡ് !" അതുമാത്രമേ പിതാവിനു മന്ത്രിക്കുവാൻ കഴിഞ്ഞുള്ളൂ. വന്നവർ തുടർന്നു.

"പ്രാർത്ഥിക്കാനായി പോവുകയായിരുന്നു. ഗോഡ്സേ എന്നൊരു തീവ്രവാദിയാണു വെടിവച്ചത്. കൂപ്പുകയ്യിലൊളിപ്പിച്ച തോക്കുകൊണ്ട്. .... അഞ്ചു വെടിയുണ്ടകൾ നെഞ്ചിൽത്തറച്ചു. ... ഹേ ... റാം ... എന്നു പറഞ്ഞ് ഘാതകന്റെ മുമ്പിൽ വീണു മരിച്ചു".

ഒരക്ഷരം പ്രത്യുത്തരിക്കാതെ കണ്ണീർമിഴികൾ ദൂരത്തിലെങ്ങോ പായിച്ച് ഒരു പ്രതിമപോലെ പിതാവു നിന്നു.

ഓർക്കുവാൻ ഏറെയുണ്ട്. ബഥനി സ്ഥാപനത്തിനുമുമ്പ് സബർമതി ആശ്രമത്തിലെത്തിയതും ഗാന്ധിജിയെക്കണ്ടതും ധാരാളം സംസാരിച്ചതുമെല്ലാം മനസ്സിലെ ആൽബത്തിലുണ്ട്. അതു മറിച്ചുനോക്കി നില്ക്കുമ്പോൾ ഫോർഡാം സർവ്വകലാശാലയിൽനിന്നും അധികൃതർ വന്നു പറഞ്ഞു.

"മഹാത്മാ ഗാന്ധിയുടെ വേർപാടിൽ ഇന്നു വൈകിട്ട് സർവ്വകലാശാലയിൽവച്ച് ഒരനുശോചനയോഗം ചേരുന്നുണ്ട്. മുഖ്യപ്രസംഗകനായി തിരുമേനി വരണം".

മഹാത്മജിയെപ്പറ്റി പറയാൻ പ്രത്യേക തയ്യാറെടുപ്പൊന്നും വേണ്ടാ. ഒരു തുറന്ന പുസ്തകം പോലെ അദ്ദേഹം ഉള്ളിലുണ്ട്.

ശോകാർദ്രമായ ആ ചടങ്ങിൽ ആർച്ചുബിഷപ്പ് പങ്കെടുത്തു പ്രസംഗിച്ചു.

"സത്യത്തിന്റെയും അഹിംസയുടെയും സ്നേഹത്തിന്റെയും ശക്തിയിൽ - അതെ - ക്രിസ്തുമതത്തിന്റെ തത്വങ്ങളിൽത്തന്നെ അടിയുറച്ചു



malankaralibrary.com

കൊണ്ട് ഭാരത ജനതയിൽ ആദ്ധ്യാത്മിക ചലനം സൃഷ്ടിക്കുവാൻ കഴിഞ്ഞവനാണ് മഹാത്മാഗാന്ധി. വിശുദ്ധ വേദപുസ്തകം പതിവായി വായിക്കുന്നതിൽ ഉത്സുകനായിരുന്നദ്ദേഹം. യേശുവിന്റെ ഗിരിപ്രഭാഷണം വായിക്കാതെ ഒരു രാത്രിപോലും ഉറങ്ങാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. തിന്മയെ ക്ഷമയോടെ സഹിക്കാനും ശത്രുക്കളെ ബലപ്രയോഗത്താലല്ല, സ്നേഹാധിഷ്ഠിതമായ അക്രമരാഹിത്യംമൂലം ജയിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. അക്രമരാഹിത്യം ഭീരുവിന്റെയല്ല, അസാധാരണ ധൈര്യമുള്ളവന്റേതു മാത്രമാണെന്ന് അദ്ദേഹം തെളിയിച്ചു".

സകലരും നിശ്ചലരായിരുന്ന് പ്രഭാഷണം കേൾക്കുകയാണ്. പത്രക്കാർ നിരന്നിരുന്ന് അതിവേഗം അതു പകർത്തുന്നു. പിതാവു തുടർന്നു.

"എല്ലാ മതങ്ങളിലേയും പ്രബോധനങ്ങളുടെ അടിസ്ഥാനം ഒന്നാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. തന്മൂലം വിവിധ മതസ്ഥരുടെ പ്രാർത്ഥനായോഗങ്ങളിൽ അദ്ദേഹം സംബന്ധിക്കുകയും ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടേയും പഠനങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തിരുന്നു. അതുമൂലം ഭാരതജനതയിൽ മതപരമായ ഐക്യം ഉണ്ടാക്കുവാനും അദ്ദേഹം മരണംവരെ പരിശ്രമിച്ചു".

പ്രസംഗശേഷം അഭിമുഖസംഭാഷണത്തിനായി പത്രലേഖകർ അടുത്തുവന്നു. അവരോടു പറഞ്ഞു.

"ശ്രീബുദ്ധനിൽനിന്നു ലഭിച്ച അഹിംസാപൈതൃകം ഉജ്ജ്വലമാക്കിയതാണ് ഗാന്ധിജിയുടെ നേട്ടം. അതു ബഥനിയുടെ രൂപീകരണവേളയിൽ എനിക്കു പറഞ്ഞുതരികയും ചെയ്തു".

"അപ്പോൾ മഹാത്മജിയും തിരുമേനിയും സുഹൃത്തുക്കളായിരുന്നുവോ?"

"ഞാൻ കൽക്കത്തയിൽ പ്രൊഫസറായിരിക്കേ മഹാത്മജിയുടെ ആശ്രമത്തിൽച്ചെന്നു താമസിച്ചിട്ടുണ്ട്".

"ഗാന്ധിജിയുടെ ആശ്രമത്തിൽനിന്നും എന്തെല്ലാമാണ് അങ്ങു സ്വീകരിച്ചത്?"

"മുഖ്യമായും അഹിംസതന്നെ".

"അതുകൊണ്ടാണോ അങ്ങ് മാംസം ഭക്ഷിക്കാത്തത്?"

"അഹിംസയുടെ ഒരു ഭാഗം മാത്രമേയാകുന്നുള്ളു മാംസവർജ്ജനം. ഭാരതീയരായ ഞങ്ങളെ സംബന്ധിച്ച് പെറ്റമ്മയും പോറ്റമ്മയുമുണ്ട്. പോറ്റമ്മ എന്നാൽ പാലുതന്ന് നമ്മെ സ്നേഹിക്കുന്ന പശുതന്നെയാണ്. അതിന്റെ മാംസം കഴിക്കുന്നത് അമ്മയെകൊന്നു തിന്നുന്നതിനു തുല്യമാണ്".



malankaralibrary.com

“അപ്പോൾ പാശ്ചാത്യരായ ഞങ്ങളൊക്കെ അത്തരക്കാരാണെന്നല്ലേ വ്യംഗ്യാർത്ഥം?”

ചിരിച്ചുകൊണ്ട് പിതാവു ചോദിച്ചു.

“എന്താ, അതല്ലേ സത്യം?”

അമേരിക്കൻ പര്യടനത്തിന്റെ അവസാനഘട്ടത്തിലേക്കു നീങ്ങുകയാണ്. ഇനിയും പ്രധാനപ്പെട്ട ഒരു ചടങ്ങുകൂടിയേയുള്ളൂ. കാലിഫോർണിയായിലെ സാൻഫ്രാൻസിസ്ക്കോ യൂണിവേഴ്സിറ്റിയിൽ. അതിന്റെ തൊണ്ണൂറ്റിമൂന്നാം വാർഷികച്ചടങ്ങുകളാണ്. പിതാവിനെ മുഖ്യാതിഥിയായി അവർ ക്ഷണിച്ചതിനു ഒരു പ്രധാന ഉദ്ദേശ്യമുണ്ട്. ഡോക്ടർ ബിരുദം പിതാവിനു സമ്മാനിക്കുക. സർവ്വകലാശാലയുടെ പരമോന്നത ബിരുദമായ അത് ഇത്തവണ ആർക്കു സമ്മാനിക്കണമെന്നു സെനറ്റിൽ ചർച്ചയുണ്ടായി. എല്ലാവരും ഏകസ്വരത്തിൽ നിർദ്ദേശിച്ച പേര് – ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്.

ബിരുദദാനവിവരം സർവ്വ പത്രങ്ങളിലും ചേർത്തിരുന്നു. അതിനാൽ വലിയൊരു ജനക്കൂട്ടമായിരുന്നു അവിടെ. ആർച്ചുബിഷപ്പ് കാറിൽ വന്നിറങ്ങി. ബാൻഡുമേളം മുഴങ്ങി. ജനം ഇരുവശത്തേക്കും അകന്നുനിന്നു വഴിയൊരുക്കി. സാഗരമദ്ധ്യത്തിൽ പെട്ടെന്നുണ്ടായ വഴിയിലൂടെ മോശ എന്നപോലെ ആർച്ചുബിഷപ്പ് നടന്നു.

ജസ്യൂട്ട് സഭാംഗമായ പ്രിൻസിപ്പൽ, അദ്ദേഹത്തെ വേദിയിലേക്ക് ആനയിച്ചു. എന്നിട്ട് ചാൻസലർ, മൈക്കിലൂടെ ആർച്ചുബിഷപ്പിനെപ്പറ്റി സുദീർഘ വിശേഷണത്തോടെ പറഞ്ഞു. “ഇന്ത്യാമഹാരാജ്യത്തിന്റെ വിശ്രുതനായ പുത്രനും തന്റെ മാതൃഭൂമിയുടെ പ്രശസ്തമായ ദാർശനിക വിജ്ഞാനാർത്ഥിയും ജ്ഞാനസമ്പാദനത്തിൽ അത്യുത്സുകനും പൗരസ്ത്യസംസ്കാരത്തിന്റെ പ്രകാശനാളവും വിശ്വദീപത്തിന്റെ മാതൃകാനുഗാമിയും പൗരാണിക ഹൈന്ദവക്ഷേത്രങ്ങളാൽ അലംകൃതവും പൂതവർണ്ണധാരിയുമായ ഗംഗയുടെ ശാദ്വലപ്രദേശത്തുനിന്നും കപിലവർണ്ണാങ്കിതമായ ടൈബർ നദീതീരത്തു കമനീയമായി പരിലസിക്കുന്ന പത്രോസിന്റെ കുംഭഗോപുരത്തിലേക്കു വന്ന തീർത്ഥാടകനും മദ്രാസ് സർവ്വകലാശാലയിൽനിന്നും പ്രശസ്തമായി എം.എ ബിരുദം സമ്പാദിച്ചശേഷം കൽക്കത്താ സർവ്വകലാശാലയിൽ ധനതത്വശാസ്ത്രവും അഖിലലോകഗുരുവായ ക്രിസ്തുനാഥന്റെ സംസാരഭാഷയായ സുറിയാനിയും പഠിപ്പിച്ച സമർത്ഥനായ കോളേജ് പ്രൊഫസറും ലോകരക്ഷകനായ ക്രിസ്തുവിനെ അനുകരിക്കുന്നതിനായി സ്വയം സമർപ്പിച്ചിരിക്കുന്ന ഒരു സന്ന്യാസ സമൂഹത്തിന്റെ വിധാതാവും ശ്രേഷ്ഠാധിപനും ഉദ്ഭവത്തിൽ



malankaralibrary.com

പ്രാചീനവും അനശ്വരസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ അംഗീകാരം സിദ്ധിച്ചതും ഏറ്റം അർവ്വാചീനവുമായ മലങ്കര റീത്തിന്റെ പരമാദ്ധ്യക്ഷനും പാശ്ചാത്യപൗരസ്ത്യദേശങ്ങളെ സ്നേഹ ശൃംഖലയാൽ പരസ്പരം യോജിപ്പിച്ച അപ്പസ്തോലനും സൂര്യതാപത്താൽ അഭൂതമായ രാജ്യത്തിലെ കവിശ്രേഷ്ഠനായ രവീന്ദ്രനാഥടാഗോറിന്റെ ഉത്തമസുഹൃത്തും പാശ്ചാത്യരും പൗരസ്ത്യരുമായ പണ്ഡിതാഗ്രേസന്മാരുമായി ഉണ്ടായ ആദ്ധ്യാത്മികവും ഭൗതികവുമായ സമ്പർക്കത്താലും പരിശീലനത്താലും സംസിദ്ധമായ സ്വഭാവവൈശിഷ്ട്യവും അനർഘമായ വിജ്ഞാനപാടവവും നിമിത്തം ക്രൈസ്തവ സഭയുടെ അതിപുരാതനവും സമുന്നതവുമായ നിലകളിൽ ദൈവത്തെയും മനുഷ്യകുലത്തെയും സേവിക്കുന്നതിന് ആളിക്കത്തുന്ന തീക്ഷ്ണതയേറിയ അഭിവാഞ്ഛയും അചഞ്ചലമായ മനസ്ഥൈര്യവുമുള്ള അഭിവന്ദ്യനും മാതൃരാജ്യഭക്തനും നലം തികഞ്ഞ പണ്ഡിതവര്യനും സുപ്രസിദ്ധ പൗരസ്ത്യദാർശനികനും ക്രൈസ്തവ തത്വശാസ്ത്രജ്ഞനും പ്രധാനാദ്ധ്യക്ഷനും മഹാപുരോഹിതനുമായ അങ്ങയെ ഞങ്ങൾ സഹർഷം അഭിവാദനം ചെയ്യുന്നു".

അങ്ങേയ്ക്കുവേണ്ടി തിരുവനന്തപുരത്തുയർന്ന ഓക്സിയോസ് വിളി ഇവിടെയും ഞങ്ങൾ ഉയർത്തിക്കൊണ്ട് കാലിഫോർണിയാ സംസ്ഥാനം നൽകിയ അധികാരം ഉപയോഗിച്ച് വന്ദ്യതിരുമേനിക്ക് ഇതാ 'ഡോക്ടർ ഓഫ് ലോ' ബിരുദം നൽകുന്നു.

അതു സ്വീകരിക്കാൻ ആർച്ചുബിഷപ്പ് എഴുന്നേറ്റപ്പോൾ ജനക്കൂട്ടത്തിൽ കരഘോഷമുയർന്നു. പിതാവിന്റെ ശിരസ്സിൽ ഇരുവശവും തൊങ്ങലുകളുള്ള പട്ടുനിർമ്മിതമായ പ്രത്യേകതരം തൊപ്പി അണിയിച്ചു. എന്നിട്ടു കുഴൽരൂപത്തിൽ ചുരുട്ടി ചുവന്ന പട്ടുനൂലുകൊണ്ട് കെട്ടിയ ബിരുദപത്രിക കയ്യിൽ കൊടുത്തു.

മറുപടി പ്രസംഗത്തെത്തുടർന്ന് അവിടെ നടന്ന എല്ലാ പ്രഭാഷണങ്ങളും ചില കലാപരിപാടികളും പിതാവു ശ്രദ്ധിച്ചു.

അതിനിടയിൽ അടുത്തിരുന്ന പ്രിൻസിപ്പലിന്റെ ചെവിയിൽ പിതാവു മന്ത്രിച്ചു.

"ഈ കലാലയം കാണുമ്പോൾ ഒരിക്കൽക്കൂടി വന്നു പഠിച്ചാൽ കൊള്ളാമെന്നുണ്ട്".

അതുകേട്ട് പ്രിൻസിപ്പൽ പറഞ്ഞു.

"വിജ്ഞാന സാഗരമായ അങ്ങ് ഇനിയെന്തു പഠിക്കാൻ. ഇവിടുത്തെ ചാൻസലർ ആകണമെന്നു ശഠിച്ചാലും ആരുമതു അനുവദിച്ചു തരില്ല. അങ്ങേയ്ക്കതുപോലും എത്രയോ ചെറിയ പണിയാണ്".

✠



malankaralibrary.com



# 48

# ഓസ്ട്രേലിയായിലും മുഖ്യാതിഥി

അവിചാരിതമായിരുന്നു അവരുടെ വരവ്. ഓസ്ട്രേലിയായിൽനിന്നും നേരെ വരികയാണ്. അവിടെ മെൽബോൺ രൂപതയുടെ ശതാബ്ദി ആഘോഷത്തിലേക്കു ക്ഷണിക്കാൻ. അതിവിപുലമായ ചടങ്ങുകൾ. അതിൽ സംബന്ധിച്ചേ തീരൂ എന്നാണവരുടെ നിർബന്ധം.

"ദയവായി നിങ്ങളെന്നെ ഒഴിവാക്കണം. എനിക്കിവിടെനിന്നും ഉടൻ റോമിലേക്കു പോകേണ്ടതുണ്ട്" തന്റെ പരിപാടികൾ പിതാവ് അവരെ അറിയിച്ചു.

പക്ഷേ അവർക്ക് ആർച്ചുബിഷപ്പിനെ കിട്ടിയേ തീരൂ. മെൽബോൺ രൂപതാദ്ധ്യക്ഷൻ മറ്റു ചില വമ്പന്മാരെ കൂട്ടുപിടിച്ച് സ്വാധീനിക്കാൻ ശ്രമിച്ചു. അങ്ങനെ കർദ്ദിനാൾ സ്പെൽമാനും നിർബന്ധിച്ചു പറഞ്ഞു.

"തിരുമേനിക്ക് വേണ്ടപ്പെട്ടവരൊക്കെ ഇവിടെനിന്നും മെൽബോണിലേക്കു പോകുന്നുണ്ട്. ഫുൾട്ടൻ ജെ. ഷീനും ഐർലണ്ടിലെ ഡിവലേറായും പിന്നെ ഈ ഞാനും. തിരുമേനികൂടെ ഇല്ലെങ്കിൽ അതൊരു വലിയ നഷ്ടമായിരിക്കും".

ഇനി എന്തു ചെയ്യും? പിതാവ് ആലോചിച്ചു.



malankaralibrary.com

ഒരിക്കൽകൂടി റോമിലെത്തി പരിശുദ്ധ മാർപ്പാപ്പായെ കാണുകയെന്നത് എത്ര വലിയ ആശയാണ്. അന്നുണ്ടായിരുന്ന പതിനൊന്നാം പീയൂസ് മാർപ്പാപ്പാ കാലം ചെയ്തുവല്ലോ. പകരം വാഴുന്നത് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ. പതിനാറു വർഷം മുമ്പവിടെച്ചെന്നപ്പോൾ കർദ്ദിനാളായി കണ്ടതാണദ്ദേഹത്തെ. കർദ്ദിനാൾ പച്ചെല്ലി.

ഇത്തവണ ബനഡിക്ട് അച്ചനെക്കൂടി റോമിൽ കൊണ്ടുപോയി എല്ലാവർക്കും പരിചയപ്പെടുത്തണമെന്നും നിശ്ചയിച്ചിരിക്കുകയായിരുന്നല്ലോ. കാൻഡി സെമിനാരി പഠനം കഴിഞ്ഞ് തൃശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളജിൽ എം. എയ്ക്കു പഠിക്കുന്ന അച്ചന്റെ പേർക്ക് ഇക്കാര്യം എഴുതി അറിയിച്ചിട്ടുമുണ്ട്. ഇവിടേക്കു പുറപ്പെടാൻ അച്ചൻ തയ്യാറെടുക്കുകയാവും ഇപ്പോൾ. പക്ഷേ മെൽബോൺ തിരുമേനി തന്റെ ശാഠ്യം തുടരുകയാണ്. അവസാനം മാർ ഈവാനിയോസ് തീരുമാനം മാറ്റി. വടക്കേക്കൂറ്റച്ചനോടു നിർദ്ദേശിച്ചു.

യാത്ര ഓസ്ട്രേലിയായിലേക്കു മാറ്റേണ്ടി വന്നിരിക്കുന്നു. ഫാദർ ബനഡിക്ട് ഒ.ഐ.സി. യുടെ പേർക്ക് കമ്പി അയച്ചേക്കൂ; ഇങ്ങോട്ടു പുറപ്പെടേണ്ടതില്ലെന്ന്".

വിഖ്യാതസംഘം ബുധനാഴ്ചയിൽ യാത്ര തിരിച്ചു. വിമാനത്തിലാണ്. യാത്രയ്ക്കിടയിൽ പൈലറ്റിന്റെ അറിയിപ്പുണ്ടായി.

"അന്തർദ്ദേശീയ സമയരേഖ നമ്മൾ മുറിച്ചുകടക്കുകയാണ്".

മാർ ഈവാനിയോസിന് ഇത് ആദ്യാനുഭവം. കൂടെയുള്ളവരോട് ഈ സമയരേഖയെപ്പറ്റി കുടുതൽ തെരക്കി. വിശ്വപ്രസിദ്ധവാഗ്മിയും ഗ്രന്ഥകാരനുമായ ബിഷപ്പ് ഫുൾട്ടൻ ജെ.ഷീൻ വിശദീകരിച്ചു.

"അന്തർദേശീയ സമയരേഖ മറികടക്കുമ്പോൾ നമുക്കൊരു ദിവസം നഷ്ടമാകും. അതായത് അമേരിക്കയിൽനിന്നും ബുധനാഴ്ച യാത്ര തിരിച്ച നമ്മൾ പിറ്റേന്ന് ഓസ്ട്രേലിയായിലെത്തുമ്പോൾ അവിടെ വെള്ളിയാഴ്ചയായിരിക്കും".

അതുകേട്ടു പിതാവു സങ്കടപ്പെട്ടു.

"അപ്പോൾ എന്റെ ജീവിതത്തിൽ ഒരു വ്യാഴാഴ്ച നഷ്ടമായിപ്പോയി; അല്ലേ? മഹാകഷ്ടം!"

അതിഗംഭീരമായ ശതാബ്ദിയാഘോഷത്തിമിർപ്പിൽ പങ്കെടുക്കുമ്പോഴും പിതാവിന്റെ ഉള്ളിൽ ആ നഷ്ടബോധമായിരുന്നു. അവിടെനിന്നു തിരുവനന്തപുരത്തു മടങ്ങിയെത്തുമ്പോഴും മനസ്സിന്റെ കോണിൽ അതൊരു പോറൽപോലെ കിടന്നു.

വിമാനത്താവളം നിറയെ തന്റെ സഭാസന്താനങ്ങൾ. അവരുടെ



malankaralibrary.com

ആഹ്ലാദാരവങ്ങൾ. ഒരു വർഷമായി ഹൃദയങ്ങളിൽ നിറച്ചുവച്ച സ്നേഹത്തിന്റെ പൂക്കൾ തന്റെമേൽ വാരിവിതറുന്ന അനുഭവം. അതേറ്റുവാങ്ങി ആദ്യം പാളയം സെന്റ് മേരീസ് പള്ളിയിലേക്ക്. രോഗാസ്വാസ്ഥ്യവും യാത്രാക്ഷീണവും മറന്ന് അവിടെ ബലിയർപ്പിച്ചു. പിന്നെ പട്ടം അരമനയിലേക്ക്. അവിടൊരു സ്വീകരണ മഹായോഗം ഒരുക്കപ്പെട്ടിരിക്കുന്നു.

പത്രലേഖകർ പൊതിഞ്ഞു. യാത്രാവിശേഷങ്ങൾ തെരക്കി. ഓസ്ട്രേലിയാ യാത്ര ഒഴികെയുള്ള വിവരങ്ങളെല്ലാം വടക്കേക്കൂറ്റച്ചൻ അപ്പപ്പോൾ അമേരിക്കയിൽനിന്നും ഇവിടേക്ക് എഴുതി അയച്ചിരുന്നു. പീലിപ്പോസു റമ്പാച്ചനും ഇഞ്ചയ്ക്കലോടി അച്ചനും അതെല്ലാം മാസന്തോറുമുള്ള സത്യസഭാകാഹളത്തിൽ അതേപടി ചേർക്കുകയും ചെയ്തിരുന്നു. എന്നാൽ അതിനുശേഷമുള്ളവയാണ് പത്രക്കാർക്ക് അറിയേണ്ടത്. അവരോടു സെക്രട്ടറി അച്ചൻതന്നെ വിശദീകരിച്ചു.

"ആസ്ട്രേലിയായിൽനിന്നും കപ്പലിലാണു തിരിച്ചത്. അതിഭയങ്കരമായ കടൽക്ഷോഭമായിരുന്നു. മുങ്ങിത്താഴുമെന്നുവരെ എല്ലാവരും ഭയന്നതാണ്. എന്നാൽ യാതൊരനർത്ഥവും കൂടാതെ ദൈവം കരപറ്റിച്ചു".

"കപ്പലിൽ എവിടെവരെ വന്നു?" പത്രലേഖകർ തെരക്കി.

"കൊളംബോയിൽ. അന്നു കാൻഡി പേപ്പൽ സെമിനാരിയിലാണു വിശ്രമിച്ചത്".

പിതാവ് അല്പം കഴ്ഞ്ഞ് സ്വീകരണസമ്മേളനത്തിനെത്തിയപ്പോൾ പത്രലേഖകർ പിതാവിന്റെ പക്കലേക്കു കുതിച്ചു.

അനേകം ക്യാമറകൾ പ്രകാശിച്ചു.

പിതാവിന്റെ വാക്കുകൾക്കായി അവർ കാത്തുനിന്നു.

"ഒരാണ്ടത്തെ യാത്രയ്ക്കിടയിൽ ഒരു സങ്കടമേ ഉണ്ടായുള്ളൂ".

കുറിച്ചുകൊണ്ടു നിന്നവർ ജിജ്ഞാസുക്കളായി. പിതാവു തുടർന്നു.

"നമ്മുടെ ജീവിതത്തിൽ ഒരു ദിവസം നഷ്ടമായിപ്പോയി".

കാര്യമറിയാതെ മിഴിച്ചു നിന്നിരുന്നവരെ പിതാവ് തന്റെ പ്രോഗ്രാം ഡയറി നിവർത്തിക്കാട്ടി. അതിൽ എല്ലാ പുറവും എഴുതി നിറച്ചിരിക്കുന്നു. പക്ഷേ ഒരു വ്യാഴാഴ്ച മാത്രം തരിശ്ശായി കിടക്കുന്നു.

അവർക്കതു വ്യക്തമാക്കിയ ശേഷമാണ് പിതാവു സമ്മേളനത്തിനിരുന്നത്. അനേകർ പ്രസംഗിക്കാനുണ്ട്. കൂട്ടത്തിൽ നാല്പതുകാരനായ ഒരു കവിയും. മഹാകവി കെ.വി.സൈമണിന്റെ സഹോദര പുത്രനാണ്. കെ.വി.സൈമണിന്റെ വളർത്തുമകൻ എന്നു പറഞ്ഞാലും തെറ്റില്ല.



malankaralibrary.com

മാർത്തോമ്മാ വിശ്വാസിയാണെങ്കിലും ആർച്ചുബിഷപ്പിന്റെ സൂര്യ പ്രഭാവലയത്തിൽ അയാൾ അകപ്പെട്ടുപോയിരിക്കുന്നു. ആ അതുല്യ പ്രഭാവനെ വാഴ്ത്തിപ്പുകഴ്ത്താൻ ഒരവസരം നോക്കിക്കഴിയുകയായിരുന്നു അദ്ദേഹം. പിതാവിനെ പ്രകീർത്തിച്ച് നല്ലൊരു മംഗളകവിത എഴുതിക്കൊണ്ടു വന്നിരിക്കുകയാണ്.

ഉച്ചഭാഷണിയിലൂടെ കവിയുടെ പേരു വിളിച്ചു.

'ഇടയാറന്മുള കെ.എം.വറുഗീസ്'.

പിതാവിന്റെ കരം മുത്തി ഇടയാറന്മുള, കവിത ചൊല്ലി; ഉയർന്ന ശബ്ദത്തിൽ.

"പശ്ചിമരാജ്യത്തുള്ളോർ മുമ്പേങ്ങാൻ കേട്ടിട്ടുണ്ടാം
നസ്രാണി സിംഹങ്ങൾ തൻ പ്രതാപപ്പൊലിമകൾ.
ഇന്നവയെല്ലാമവർ കണ്ടറിഞ്ഞല്ലോ സർവ്വാ-
നന്ദന ഗുണാകര, ഭവദർശനവശാൽ.
സാഗരപ്പരപ്പിലും മാനത്തിൽ വിരിവിലും
ശോകലേശമാർന്നിടാതങ്ങയെ കാത്തോരീശൻ
ഭാവൽക്ക ലക്ഷ്യങ്ങളൊക്കെയും സാധിക്കുവാ-
നേകട്ടെയവിടേക്കു മേൽക്കുമേൽ സുമംഗളം".

ജനം അതു കേട്ടാസ്വദിച്ചിരുന്നു. കവിത ചൊല്ലി തിരിച്ചിറങ്ങുമ്പോൾ കവിയെ പിതാവു വിളിച്ചു. അരികിലിരുത്തി പറഞ്ഞു.

"കൊള്ളാം. കെ.വി.സൈമണെപ്പോലെ നീയും മഹാകവിയായിത്തീരണം. 'വേദവിഹാരം' പോലെയോ അതിലുപരിയായോ കാവ്യരൂപത്തിൽ ഒരു ബൈബിൾ നീയും എഴുതണം".

കവി കോരിത്തരിച്ചുപോയി. പിതാവിന്റെ അനുഗ്രഹവർഷം ലോഭമില്ലാതെ തുടർന്നു.

"ആറായിരം ഈരടികളുള്ള 'വേദവിഹാരം' എഴുതിയ സൈമൺ ചെയ്തതു വലിയൊരു കാര്യമാണ്. ഹൈന്ദവ സാഹിത്യത്തിനുവേണ്ടി തുഞ്ചത്തെഴുത്തച്ഛൻ ചെയ്തതെന്തോ അതു തന്നെയാണ് ക്രിസ്തീയ സാഹിത്യത്തിനുവേണ്ടി അദ്ദേഹം ചെയ്തത്. എന്നാൽ വേദവിഹാരം ഉൽപ്പത്തിപ്പുസ്തക കഥകളിൽ ഒതുക്കിനിർത്തിക്കളഞ്ഞു. ആ കുറവു നീ പരിഹരിക്കണം. പ്രതിദിന പാരായണത്തിനുതകുന്ന വിധത്തിൽ ബൈബിളിന്റെ സമഗ്രമായൊരു കാവ്യകൃതി നീ എഴുതണം".

* * * *



malankaralibrary.com

നാലാഞ്ചിറക്കുന്നിലെ കാടെല്ലാം തെളിച്ചുകഴിഞ്ഞു. പ്രൗഢഗംഭീരമായ കലാലയം അവിടുയർന്നു നിൽക്കുന്നു. ക്യാനഡായിലെ വ്യാപാരി കപ്പലിൽ അയച്ച ഉരുക്കുശീലാന്തികൾ വന്നുചേർന്നു. അതു ഉറപ്പിച്ചു കഴിഞ്ഞു. ആശാരിമാരുടെ പണികളും തീരാറായി. അവരുടെ തട്ടും മുട്ടും ഏഴു കുന്നുകളിലും തട്ടി പ്രതിദ്ധ്വനിക്കുന്നു. എഞ്ചിനീയരച്ചൻ ഓടി നടന്ന് പണിക്കാർക്കെല്ലാം മാർഗ്ഗനിർദ്ദേശം കൊടുക്കുകയാണ്. മാനേജർ ചാക്കോച്ചനും മറ്റും സഹായത്തിനുണ്ട്.

ഏതാനും പേരുമായി പിതാവും അവിടെത്തി.

കഴിഞ്ഞ ദിവസം തൃശിനാപ്പള്ളിയിൽ നിന്നെത്തിയ ബനഡിക്ട് അച്ചനും പിതാവിന്റെ തൊട്ടു പിന്നാലെയുണ്ട്. എം.എ ധനതത്വശാസ്ത്രത്തിന്റെ പരീക്ഷാഫലം അറിഞ്ഞു. മദ്രാസ് പ്രസിഡൻസിയിൽ ഒന്നാം റാങ്ക് ഫാ.ബനഡിക്ട് ഓ.ഐ.സിക്ക്! അതറിഞ്ഞ് അരമനയിൽ ആഹ്ലാദം കത്തി നിൽക്കുകയാണ്. അതിന്റെ പ്രതിഫലനം പിതാവിന്റെ മുഖത്തും ഉണ്ട്. മെലിഞ്ഞു സമുഖനായ ബനഡിക്ട് അച്ചന്റെ തോളിൽ പിടിച്ച് പിതാവു നടന്നു.

പണിപൂർത്തിയാകുന്ന വിദ്യാക്ഷേത്രം നോക്കി കണ്ണിമയ്ക്കാതെ നിൽക്കുമ്പോൾ പിതാവിന്റെ പക്കൽ അച്ചന്മാർ വന്നു. സെറാഫിയോനച്ചൻ കാര്യങ്ങളെല്ലാം വിശദമാക്കുന്നതിനിടയിൽ പറഞ്ഞു.

“പിതാവേ, കോളജിന്റെ പേരൊന്നു മാറ്റാൻ അനുവദിക്കണം”.

“എന്താടോ, ‘ബഥനി’ എന്ന പേരു കോളജിനു പറ്റിയതല്ലേ?”

“കോളജിനു പിതാവിന്റെ പേരു വേണമെന്നാണു എല്ലാവരുടേയും ആഗ്രഹം. പിതാവു അതിനനുവദിക്കണം”.

“എന്റെ പേരിൽ യാതൊന്നും തുടങ്ങാൻ ഞാൻ ആഗ്രഹിച്ചിട്ടില്ല. എന്നാൽ നിങ്ങളുടെയെല്ലാം ആഗ്രഹമാണെങ്കിൽ എന്റെ നാമകാരണക്കാരനായ വിശുദ്ധന്റെ പേരിലായിക്കൊള്ളട്ടെ”.

എന്നിട്ട് ചുറ്റും നിരന്നു നിൽക്കുന്ന വൈദികരോടു പിതാവു പറഞ്ഞു.

“എം.ഡി.സെമിനാരിയിലായിരുന്നപ്പോൾ മുതലുള്ള ആഗ്രഹമായിരുന്നു ഒന്നാന്തരം ഒരു കോളജു തുടങ്ങണമെന്ന്. ഈ ആഗ്രഹം ശക്തമാകാൻ ഈയിടെ ഒരു കാരണം ഉണ്ടാവുകയും ചെയ്തു”.

മറ്റത്തിലച്ചൻ ആരാഞ്ഞു.

“ചങ്ങനാശ്ശേരി എസ്.ബി.കോളേജിൽ നമ്മുടെ രണ്ടു കുട്ടികൾക്ക് പ്രവേശനം നൽകാതിരുന്നതാണോ പിതാവേ കാരണം”.

“അതേ. പക്ഷേ അതവരുടെ കുഴപ്പമായിരുന്നില്ല. അഡ്മിഷനെല്ലാം



malankaralibrary.com

പൂർത്തിയായപ്പോഴല്ലേ കുട്ടികളെ ഞാൻ അവിടേക്കയച്ചത്. അപ്പോൾ സർവ്വകലാശാലയുടെ അനുവാദമില്ലാതെ അവർക്കൊന്നും ചെയ്യാനുമാവില്ലല്ലോ".

എസ്.ബി.യിലെ മുൻ അദ്ധ്യാപകൻ എന്ന നിലയിൽ മറ്റത്തിലച്ചൻ തന്നെ വീണ്ടും പ്രതികരിച്ചു.

"പക്ഷേ, പിതാവിന്റെ ആവശ്യം സാധിച്ചു തരാൻ കഴിയാത്തതിൽ പ്രൻസിപ്പലിനു വല്ലാത്ത കുറ്റബോധമായിരുന്നു".

"ഓ. അതിന്റെ കാര്യമൊന്നുമില്ലെന്നു പറഞ്ഞേക്കൂ. അങ്ങനൊരു സംഭവം ഉണ്ടായതുകൊണ്ടു പെട്ടെന്നൊരു കോളജുണ്ടാക്കാൻ പ്രേരണയായില്ലേ".

സംസാരത്തിനിടയ്ക്ക് പിതാവ് കുപ്പായക്കീശയിൽനിന്നും ടൈപ്പു ചെയ്ത ഒരു കടലാസെടുത്ത് ഫാദർ ബനഡിക്ടിനെ ഏൽപ്പിച്ചു. അതു നിവർത്തി പെട്ടെന്നു വായിച്ച കൊച്ചച്ചൻ അതിശയിച്ചു നിന്നുപോയി. അറിയാതെ കണ്ണിൽ വെള്ളം നിറഞ്ഞു.

അടുത്തു നിന്ന മറ്റച്ചന്മാർ കാര്യമറിയാനായി കടലാസിലേക്കു നോക്കി. പുതിയ കോളജിലെ പ്രിൻസിപ്പലായി ഫാദർ ബനഡിക്ടിനെ നിയമിച്ചുള്ള ഉത്തരവ്. വിറയ്ക്കുന്ന കൈകളിൽ അതു പിടിച്ചു നിൽക്കുമ്പോൾ വീണ്ടും പിതാവു പോക്കറ്റിൽ കയ്യിട്ടു. സ്വർണ്ണ വർണ്ണമുള്ള ഒരു പേനയും ഒരു ചെറിയ താക്കോലും അച്ചന്റെ കയ്യിൽ കൊടുത്തു. എന്നിട്ടു പറഞ്ഞു.

"അരമനയിലൊരു പുതിയ സൈക്കിൾ വാങ്ങിവച്ചിട്ടുണ്ട്. അതിന്റെ താക്കോലാണ് ഇത്. ഇതൊന്നും പക്ഷേ, ഫാദർ ബനഡിക്ടിനുള്ളതല്ല, കേട്ടോ".

പിന്നാർക്കാണ് എന്നമട്ടിൽ ബനഡിക്ട് അച്ചൻ ഗുരുനാഥന്റെ മുഖത്തേക്കു നോക്കി.

പിതാവു തുടർന്നു.

"ഇതു ഫാദർ പ്രിൻസിപ്പലിന്റെ ഉപയോഗത്തിനുമാത്രമുള്ളവയാണ്".

ഉപദേശങ്ങൾ തുടർന്നു.

"സൈക്കിൾ ഉണ്ടെന്നു കരുതി എന്നെക്കാണാൻ കൂടെക്കൂടെ സൈക്കിളിൽ അരമനയിൽ വരരുത്. ടയർ തേയും എന്നതു കൊണ്ടു തന്നെ".

എന്നിട്ടു പിതാവ് വലിയ പ്രതീക്ഷകളോടെ പറഞ്ഞു.



malankaralibrary.com

"നിങ്ങൾ ലോകമെങ്ങും പോയി സർവ്വജനത്തേയും പഠിപ്പിക്കണമെന്ന നമ്മുടെ കർത്താവേശുമിശിഹായുടെ ആഹ്വാനമനുസരിച്ചാണ് ഞാനീ വിദ്യാലയങ്ങളെല്ലാം നടത്തുന്നത്. അച്ചൻ അതു തുടർന്നു പോകുമെന്ന് എനിക്കറിയാം".

സെറാഫിയോനച്ചൻ കൂട്ടത്തിൽനിന്നു ചോദിച്ചു.

"പിതാവേ, കോളജിന്റെ പണിതീർന്നു. ഇനി നമുക്കൊരു അരമന പണിയേണ്ടേ?"

അച്ചൻ ചോദിച്ചതിൽ കാര്യമുണ്ട്. പതിനെട്ടു കൊല്ലങ്ങളായിട്ടും ഇടിഞ്ഞു വീഴാറായ കെട്ടിടത്തിലാണ് അരമന പ്രവർത്തിക്കുന്നത്.

പക്ഷേ പിതാവു പറഞ്ഞു.

"വലിയ കെട്ടിടങ്ങളൊക്കെ പണിയാൻ ഇപ്പോൾ ആരെക്കൊണ്ടു സാധിക്കുമെടോ. നമുക്കിപ്പോൾ അരമനയും കത്തീഡ്രലും ഒന്നുമല്ല അത്യാവശ്യം. കൂടുതൽ മിഷ്യൻ കേന്ദ്രങ്ങളാണ്. അത് ഇപ്പോൾ സാധിച്ചില്ലെങ്കിൽ പിന്നീട് സാധിക്കാതെ വരും".

സാമ്പത്തിക പ്രതിസന്ധിയിൽ സഭാരഥചക്രങ്ങൾ പുതഞ്ഞു പോകാതിരിക്കാൻവേണ്ട മാർഗ്ഗങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ടാണ് പിതാവ് അരമനയിൽ മടങ്ങിയെത്തിയത്.

അപ്പോഴതാ ഒരച്ചൻ അരമനയിലേക്കു വരുന്നു. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി. ചരിത്രാഭിമുഖ്യമുള്ള നല്ലൊരെഴുത്തുകാരൻ. കത്തോലിക്കാ വിശ്വാസങ്ങളെപ്പറ്റിയുള്ള തീക്ഷ്ണ ലേഖനങ്ങളുടെ കർത്താവ്. മിഷൻകേന്ദ്രത്തിൽനിന്നും എന്തോ അത്യാവശ്യം പറയാൻ ഓടി വരികയാണ്.

ഇങ്ങോട്ടെന്തെങ്കിലും പറയുംമുമ്പേ അച്ചനെ നോക്കി ആർച്ചു ബിഷപ്പ് മറ്റുള്ളവരോടു പറഞ്ഞു.

"ഇതാ നമ്മുടെ പ്രയാസങ്ങളൊക്കെ പങ്കുപറ്റാൻ ഒരാൾ കൂടി വരുന്നു".

അരമനവരാന്തയിലെ അരഭിത്തിയിൽ ഇരിക്കാൻ ആംഗ്യം കാട്ടി പിതാവു തുടർന്നു.

"അച്ചാ, പണമില്ലാതെ ഞാനിപ്പോൾ വിഷമിക്കുകയാണ്. വലിയ സംഖ്യ കടത്തിലുമായിത്തീർന്നു. എന്തുചെയ്യേണ്ടു എന്നാലോചിക്കുകയാണ്".

ഇഞ്ചയ്ക്കലോടി അച്ചന്റെ പ്രതീക്ഷ മങ്ങി. കുറച്ചു പണം അരമനയിൽനിന്നും കൊണ്ടുപോകാമെന്നു കരുതി ഇറങ്ങിയതാണ്. ഒരു പള്ളി വേണമെന്ന് ആളുകൾ മുറവിളി കൂട്ടാൻ തുടങ്ങിയിട്ട് വളരെ



malankaralibrary.com

നാളുകളായി. അരമനയിൽനിന്നുള്ള സഹായമില്ലാതെ അതു നടക്കുകയുമില്ല. ഇപ്പോൾ, പിതാവിങ്ങനെ പറഞ്ഞ സ്ഥിതിക്ക് കാശിന്റെ കാര്യം പറയാനൊക്കുമോ?

എങ്കിലും കടം വീട്ടാനൊരു മാർഗ്ഗം നിർദ്ദേശിച്ചു.

"പിതാവേ, അതിനൊരു വഴി ഞാൻ പറയട്ടെ. നമ്മൾ അങ്ങുമിങ്ങും കുറേ ഭൂമി വാങ്ങിയിട്ടിട്ടുണ്ടല്ലോ. അതിൽ പലതും വെറുതെ കിടക്കുകയാണ്. അവിടെങ്ങും ആളുകൾ ചേരുന്ന യാതൊരു ലക്ഷണവും ഇല്ലതാനും. അതൊക്കെ വിറ്റാൽ നമ്മുടെ കടം കുറെയെങ്കിലും വീടുമല്ലോ".

സാകുതം അതുകേട്ടു ചിരിച്ചുകൊണ്ട് പിതാവു നിർദ്ദേശിച്ചു.

"അതുവേണ്ടാ. അച്ചനുടനേപോയി ഇപ്പറഞ്ഞ സ്ഥലത്തിനടുത്ത് ഇനിയും ഭൂമി വാങ്ങാൻ കിട്ടുമോ എന്നന്വേഷിച്ച് എന്നെ വിവരം അറിയിക്കണം. കടം കൂടിയാലും തരക്കേടില്ല; മിഷ്യന്റെ ഭാവിക്ക് ഇതൊരാവശ്യമാണ്".

നിലയില്ലാക്കടത്തിൽ അതിരൂപത താണുപോകുന്നത് ഭാവനാശാലിയായ ഇഞ്ചയ്ക്കലോടിയച്ചൻ മനസ്സിൽ കണ്ടു. അതുണർത്തിയ ഭയത്തോടെ സംശയം ചോദിച്ചു.

"ഇത്ര ഭീമമായൊരു കടം അതിരൂപതയ്ക്കുണ്ടാക്കി, അതു വീടുന്നതിനുമുമ്പ് പിതാവിനെന്തെങ്കിലും സംഭവിച്ചാൽ...? മിഷ്യനുകളെല്ലാം നാമാവശേഷമാകും; ഞങ്ങളെല്ലാം പട്ടിണി കിടന്നു ചാകുകയും ചെയ്യും".


പിതാവു വീണ്ടും ചിരിച്ചു.

"എടോ, അതോർത്തു നിങ്ങളാരും വിഷമിക്കേണ്ടാ. ഇതു കത്തോലിക്കാസഭയാണ്. ഞാനില്ലെങ്കിൽ മറ്റൊരാൾ വരും. കടമുണ്ടെങ്കിൽ സഭ വീട്ടിക്കൊള്ളും".

✠



malankaralibrary.com



# 49

# ന്യൂനപക്ഷസംരക്ഷകൻ

**അ**രമനയിൽ ഒരാണ്ടത്തെ ജോലികൾ കൂടിക്കിടപ്പുണ്ട്. അതുടൻ തീർക്കണം. പിന്നെ കഴിയുമെങ്കിൽ പിഴിച്ചിലും മറ്റും വീണ്ടും പരീക്ഷിച്ചു നോക്കണം. ക്ഷീണം മാറുന്നതുവരെ വിശ്രമിക്കുകയും വേണം. ഇതൊക്കെയായിരുന്നു ആഗ്രഹങ്ങൾ. പക്ഷേ സാഹചര്യം സമ്മതിക്കുന്നില്ല.

സമുദായ വിദ്യാലയങ്ങളുടെ ഭാവി അപകടത്തിലായിരിക്കുന്നു. പനമ്പള്ളി ഗോവിന്ദമേനോനാണു കാരണക്കാരൻ. തിരുക്കൊച്ചിയിലെ വിദ്യാഭ്യാസ മന്ത്രിയാണ്. അയാൾ സമുദായ സ്കൂളുകളുടെ കഴുത്തിൽ കർശന നിയന്ത്രണക്കുരുക്കെറിഞ്ഞിരിക്കുന്നു. സമുദായം വക സ്കൂളുകളൊക്കെ ഭാവിയിൽ സർക്കാരിന്റേതാകത്തക്ക തരത്തിലാണ് പുതിയ ചട്ടങ്ങൾ. ഈ സ്കൂളുകൾ പിരിച്ചെടുക്കുന്ന ഫീസിന്റെ എൺപതു ശതമാനവും സർക്കാരിനു കൊടുക്കണമത്രേ. ബാക്കി ഇരുപതു ശതമാനംകൊണ്ട് സ്കൂളിന്റെ ആവശ്യങ്ങളെല്ലാം സമുദായംതന്നെ നടത്തിക്കൊള്ളണം. പോരാ, ഈ ഇരുപതു ശതമാനം തുക എന്തിനെല്ലാം ചെലവാക്കുന്നു എന്ന് കൃത്യമായി അറിയിക്കുകയും വേണമത്രേ. അതുപോലെ അദ്ധ്യാപകനിയ



malankaralibrary.com

മനം ഇനിമേലിൽ സർക്കാരാവും നടത്തുക. അത്, സാമുദായിക പ്രാതിനിധ്യപ്രകാരം മാത്രം.

ഇതു ദിനപത്രങ്ങളിലും റേഡിയോയിലുമെല്ലാം പ്രധാനവാർത്തയായി നിറഞ്ഞു. ചതിക്കുഴി നിറഞ്ഞ നിയന്ത്രണച്ചട്ടങ്ങൾ ആർച്ചുബിഷപ്പിനും അയച്ചു കിട്ടി. പിന്നൊട്ടും വൈകിയില്ല. വിശ്രമം വേണ്ടെന്നു വച്ചു. സർക്കാരിനോട് ഏറ്റുമുട്ടുവാൻതന്നെ തീരുമാനിച്ചു.

സകലരുടെയും ശ്രദ്ധ ആർച്ചുബിഷപ്പിലാണ്. അദ്ദേഹം എന്തുപറയുന്നു എന്നറിയണം. പത്രങ്ങളെല്ലാം അതിനായി കാത്തിരിക്കുകയാണ്. അവർ പ്രതിനിധികളെ അരമനയിലേക്കയച്ചു.

പിതാവിന്റെ ശബ്ദമുയർന്നു.

“സർക്കാരിന്റെ യാതൊരു ഗ്രാന്റും ഇല്ലാതെയാണ് ഇത്രയേറെ സ്കൂളുകൾ ഭംഗിയായി നാം മുന്നോട്ടു കൊണ്ടുപോകുന്നത്. അതിനംഗീകാരം നൽകുക മാത്രമേ സർക്കാർ ചെയ്തിട്ടുള്ളൂ. എന്നാലിപ്പോൾ അദ്ധ്യാപക നിയമനം പി. എസ്. സി. മൂലം നടത്താനാണ് സർക്കാർ നീക്കം. അപ്പോൾ സമുദായത്തിനു പിന്നെന്തു സ്വാതന്ത്ര്യമാണുള്ളത്?”

ഒരു പത്രക്കാരൻ പറഞ്ഞു.

“പക്ഷേ, തിരുമേനിയുടെ സ്കൂളിലുള്ള ചില അദ്ധ്യാപകർതന്നെ സർക്കാരിനു പിന്തുണ കൊടുക്കുന്നുണ്ടല്ലോ”.

“അത്തരം ചില തീവ്രവാദികൾ എവിടെയും കാണും. മരക്കൊമ്പിലിരുന്ന ചുവടുമുറിക്കുന്ന വിഡ്ഢികളാണവർ”.

മറ്റൊരാൾ ചോദിച്ചു.

“അദ്ധ്യാപകർക്ക് തൃപ്തികരമായ വേതനം സമുദായം കൊടുക്കുന്നില്ലെന്നു പനമ്പള്ളി ആക്ഷേപിക്കുന്നുണ്ടല്ലോ”.

“ആ ആക്ഷേപം മാത്രമാണ് സത്യമായിട്ടുള്ളത്. സാധാരണക്കാരായ വിദ്യാർത്ഥികളിൽനിന്നും പിരിച്ചെടുക്കുന്ന തുച്ഛമായ തുക കൊണ്ടു വേണം എല്ലാക്കാര്യങ്ങളും നടന്നുപോകാൻ. ഈ സാഹചര്യത്തിൽ അദ്ധ്യാപകർക്ക് ഇതിൽക്കൂടുതൽ കൊടുക്കാൻ യാതൊരു നിവൃത്തിയുമില്ല. വിദ്യാർത്ഥികളിൽനിന്നും ഇത്ര തുകയേ പിരക്കാവൂ എന്ന് വിലക്കിയിട്ടുള്ളതും സർക്കാർ തന്നെയല്ലേ? അപ്പോൾ പിന്നെ അദ്ധ്യാപകരുടെ ശമ്പളം ഉയർത്തുകയും അതുകൊടുക്കാനായി മാനേജുമെന്റുകളെ സഹായിക്കുകയുമല്ലേ സർക്കാർ ചെയ്യേണ്ടത്?”

“അപ്പോൾ സർക്കാരിനോട് ഏറ്റുമുട്ടാൻതന്നെയാണോ തിരുമേനിയുടെ തീരുമാനം?”



malankaralibrary.com

"എടോ, നൂറിലേറെ വിദ്യാലയങ്ങൾ നാം നടത്തുന്നുണ്ട്. സർക്കാരിൽനിന്നും ഒരു ചില്ലിക്കാശുപോലും ഗ്രാന്റായി ഇതുവരെ വാങ്ങിയിട്ടില്ല. പണം മുഴുവൻ അന്യരാജ്യങ്ങളിലെ കത്തോലിക്കർ നൽകിയിട്ടുള്ളതാണ്. അപ്പോൾ പിന്നെതിർക്കാതിരിക്കാനോ? നമ്മുടെ എല്ലാ സ്കൂളുകളും നഷ്ടപ്പെടേണ്ടിവന്നാലും പനമ്പള്ളിപദ്ധതി സമ്മതിച്ചു കൊടുക്കുകയില്ല".

പിതാവ് ഇടയലേഖനം എഴുതി.

"ഇതുവരെയും നമ്മുടെ മാനേജരന്മാരും അദ്ധ്യാപകരും കുട്ടികളും ഒരു കുടുംബംപോലെ ഐക്യത്തിൽ കഴിഞ്ഞുവരികയായിരുന്നു. എന്നാൽ പനമ്പള്ളി പദ്ധതിമൂലം സർക്കാർ നിയമിക്കുന്ന അദ്ധ്യാപകരും നമ്മുടെ മാനേജരന്മാരും തമ്മിൽ ശണ്ഠ തുടങ്ങുമെന്നു തീർച്ച. അതിൽപരം ഒരധഃപതനം സ്കൂളുകൾക്കുണ്ടാകാനില്ല".

ഇതെഴുതി എല്ലാ പള്ളികളിലും അയച്ചു. ജനത്തെ സത്യാവസ്ഥ അറിയിച്ചു. ഇതിനെതിരെ സംഘടിക്കാൻ പ്രേരിപ്പിച്ചു.

ഈ ഇടയലേഖനം പത്രങ്ങൾ മുഖപ്രസംഗമാക്കി. പൂർവ്വവൈരം മറന്ന് ശത്രുക്കൾപോലും ആർച്ചുബിഷപ്പിന്റെ തണലിൽ ഒത്തുകൂടി.

എങ്ങനെയെങ്കിലും ഒത്തു തീർപ്പാക്കാൻ ഭരണാധിപന്മാർ പനമ്പള്ളിയെ ഗുണദോഷിച്ചു. അങ്ങനെ മാനേജുമെന്റിനെ ഒത്തുതീർപ്പു ചർച്ചയ്ക്കു സർക്കാർ ക്ഷണിച്ചു. പക്ഷേ യാതൊരു വിട്ടുവീഴ്ചയ്ക്കും മാർ ഈവാനിയോസ് സന്നദ്ധനല്ല.

ചർച്ച പാളിപ്പോയി. പനമ്പള്ളി രോഷാകുലനായി. നാടെങ്ങും അയാൾ പ്രസംഗിച്ച് അലറി നടന്നു.

"ആരെതിർത്താലും സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസ പദ്ധതി ഞാൻ നടപ്പാക്കുക തന്നെ ചെയ്യും".

എങ്കിൽ 'കാണാം' എന്ന് ആർച്ചുബിഷപ്പും.

എതിർപ്പു രൂക്ഷമായി. സമുദായങ്ങളെല്ലാം ഒറ്റക്കെട്ടായി മുന്നോട്ടു കുതിച്ചു. ഭൂരിപക്ഷം പത്രങ്ങളും പിതാവിന്റെ നിലപാടിനെ ശ്ലാഘിച്ചു. പൊതുജനവികാരത്തെ അതു നുള്ളിയുണർത്തി. നിഷ്കാമസേവനം ചെയ്ത് തിരുവിതാംകൂറിൽ വിദ്യാഭ്യാസവിപ്ലവം സൃഷ്ടിച്ച ക്രൈസ്തവരെ പൊതുജനം പിന്തുണച്ചു. ഇന്ത്യയിലെ ഏറ്റം വിദ്യാസമ്പന്നമായ സംസ്ഥാനം എന്ന സൽപേരുപോലും തിരുവിതാംകൂറിനായിരുന്നല്ലോ.

ഇതിനിടയിൽ പിതാവിന്റെ കാതിൽ ഒരനിഷ്ടവാർത്ത എത്തി.



malankaralibrary.com

“നമ്മുടെ മാനേജ്മെന്റിലെ രണ്ടുമൂന്നു സ്കൂളുകളിലെ ചില അദ്ധ്യാപകർ സർക്കാരിനോടുചേർന്ന് നമുക്കെതിരെ സമരം ചെയ്യുന്നുണ്ട്. ആ സ്കൂളിലെ കുട്ടികളെക്കൊണ്ടും അവർ സമരം നടത്തിക്കുകയാണ്”.

അതു വാസ്തവമെന്നു ബോദ്ധ്യപ്പെട്ട ഉടൻ പിതാവു കല്പിച്ചു.

“ആ മൂന്നു സ്കൂളുകളും നാം നിർത്തൽ ചെയ്തിരിക്കുന്നു. ഇക്കാര്യം എഴുതി ഇന്നുതന്നെ സർക്കാരിന് അയച്ചുകൊടുക്കണം. ആ സ്കൂളുകൾ നമ്മുടെ മഠങ്ങൾക്കു വിട്ടുകൊടുത്തേക്കുക. അവർ അവിടെ അനാഥാലയമോ മറ്റോ നടത്തട്ടെ”.

ഇങ്ങനെ എല്ലാ സ്കൂളുകളും പൂട്ടേണ്ടിവന്നാലും പിന്നോട്ടു പോകില്ലെന്നു ആർച്ചുബിഷപ്പ് വ്യക്തമാക്കി. രക്ഷയില്ലെന്നു പനമ്പള്ളിക്കു ബോദ്ധ്യമായി. മാർ ഈവാനിയോസിനോടു ഉരസുന്നത് അപകടമാണെന്നു ഭരണപക്ഷത്തുള്ളവർതന്നെ മന്ത്രിയെ ഉപദേശിച്ചു.

പനമ്പള്ളിയുടെ മനസ്സു പതറി. അവസാനം അയാൾ പ്രഖ്യാപിച്ചു.

“ഈ പദ്ധതി പൂർണ്ണമായും പിൻവലിച്ചിരിക്കുന്നു”.

അദ്ധ്യാപകരുടെ ശമ്പളം സർക്കാർ തന്നെ കൊടുത്തുകൊള്ളാമെന്നു വാഗ്ദാനവും ചെയ്തു.

പക്ഷേ സമരനായകൻ ശാരീരികമായി തളരുകയായിരുന്നു. വിശ്രമിക്കണം എന്നു കരുതുന്നതല്ലാതെ അതിനവസരം ഇന്നോളം കിട്ടിയിട്ടില്ല.

ഇനി ഇതില്ലാതെ വയ്യ. അസുഖമെന്താണെന്നു വ്യക്തമല്ല. എന്തായാലും വാതമല്ല. ഒരു പക്ഷേ കുറച്ചുനാൾ സ്വസ്ഥമായി എവിടെങ്കിലും വിശ്രമിച്ചാൽ മാറിയേക്കും. അങ്ങനെയാണു ദേവികുളത്തേക്കു പോകാൻ നിശ്ചയിച്ചത്. സഹായകനായി സെറാഫിയോനച്ചനും ഇറങ്ങിത്തിരിച്ചു.

മാസമൊന്നു കഴിഞ്ഞിട്ടും വിശേഷമൊന്നുമില്ല. ക്ഷീണം കൂടുകയാണ്. തന്റെ ആരോഗ്യത്തിനെന്തോ കാര്യമായ കുഴപ്പം വന്നിരിക്കുന്നു. പലപ്പോഴും രോഗിയായെങ്കിലും പിഴിച്ചിലും വിശ്രമവും മൂലം ഒട്ടൊക്കെ ആശ്വാസമുണ്ടാകുമായിരുന്നു. ഇതതുപോലെയല്ല. ഒരു പക്ഷേ, തന്റെ ഓട്ടം ഈ എഴുപതാം വയസ്സിൽ കുറയ്ക്കണമെന്നാവും ദൈവവിധി. തന്റെ നിത്യവിശ്രമത്തെപ്പറ്റിയുള്ള സൂചനയാവാം ഈ പ്രയാസങ്ങൾ.

ദേവികുളത്തെ മന്ദിരമുറ്റത്തുള്ള മരത്തണലിൽ ചാരുകസേരയിൽ കാറ്റേറ്റുകിടക്കുകയാണു പിതാവ്. മുന്നിലെ മേശമേൽ നിറയെ കടലാസുകൾ. ക്ഷീണം അല്പം മാറുമ്പോൾ പിതാവ് മുന്നോട്ടാഞ്ഞ് കടലാസിൽ ആലോചിച്ചെഴുതുന്നുമുണ്ട്. ‘ആത്മകഥാകഥന’ മെന്ന പേരിൽ



malankaralibrary.com

സ്വന്തം ജീവിതാനുഭവങ്ങളുടെ രണ്ടാം ഭാഗമാണ് എഴുതുന്നത്. അതിനിയും പൂർത്തിയായിട്ടില്ല.

എഴുത്തു നിർത്തി തൊട്ടരികിൽ നിൽക്കുന്ന സെറാഫിയോൻ അച്ചനോടു പിതാവു പറഞ്ഞു.

"എടോ അച്ചാ, നമുക്കു തിരുവനന്തപുരത്തിനു മടങ്ങിപ്പോകാം. നമുക്കൊട്ടും സുഖം തോന്നുന്നില്ല".

വിഷമിച്ചു മുഖം കുനിച്ചുനിന്ന അച്ചനോടു പിതാവു പറഞ്ഞു.

"തിരുവനന്തപുരത്തു ചെന്നാലുടൻ നമുക്കു വിശ്രമിക്കാൻ ഒരു കൊച്ചു ഭവനം അച്ചൻ പണിയണം".

"അരമനയല്ലേ പിതാവേ, ഉദ്ദേശിക്കുന്നത്".

"അതൊക്കെ പിന്നീടാവട്ടെ. നാം പറഞ്ഞത് നമ്മുടെ കല്ലറയെപ്പറ്റിയാണ്. അത്യാവശ്യമായി അതിന്റെ പണി ഉടൻ തുടങ്ങണം".

സെറാഫിയോനച്ചനു തലചുറ്റുന്നതുപോലെ തോന്നി. ഓർക്കാപ്പുറത്തുള്ള സൂര്യാസ്തമയം ഭാവനയിൽകണ്ടു നടുങ്ങി. പക്ഷേ, എത്ര അനായാസമായാണ് സ്വന്തം മരണത്തെപ്പറ്റി പിതാവു പറയുന്നത്!

"എന്താടോ എഞ്ചിനീയരച്ചാ ഒന്നും പറയാത്തത്?"

പിതാവിന്റെ ചോദ്യം കേട്ട് അച്ചൻ നടുക്കത്തിൽ നിന്നും മോചിതനായി.

"പിതാവിനൊരാപത്തും വരില്ല. ഉടനെ കല്ലറയുടെ ആവശ്യമൊന്നുമുണ്ടാകത്തില്ല".

അതു ശ്രദ്ധിക്കാതെ പിതാവു നിർദ്ദേശം നൽകി.

"പട്ടത്ത് അരമനയ്ക്കു അടുത്തായി ഒരു കത്തീഡ്രൽ പള്ളിയും പണിയണം. അതിന്റെ മദ്ബഹായുടെ തൊട്ടുതാഴെയായിരിക്കണം നമ്മുടെ കല്ലറ".

ഈ തീരുമാനത്തോടെയാണ് തിരുവനന്തപുരത്തു തിരിച്ചെത്തിയത്. അതിഭദ്രാസനപ്പള്ളിയുടെ ശിലാസ്ഥാപന കർമ്മം ഉടൻ നടത്തി. പണി തുടങ്ങി. അടുത്തുള്ള അരമനയിൽ കിടക്കുകയാണെങ്കിലും പണിയുടെ പൂർണ്ണവിവരങ്ങൾ പിതാവ് അന്വേഷിച്ചുകൊണ്ടിരുന്നു.

ക്ഷീണം അല്പം കുറഞ്ഞതേയുള്ളൂ. കട്ടിൽ വിട്ടു പതുക്കെ എഴുന്നേറ്റു. വളഞ്ഞ പിടിയുള്ള ചൂരൽവടിയും ഊന്നി മാനേജർ ചാക്കോച്ചന്റെ കയ്യിൽ പിടിച്ച് സാവധാനം നടന്നു. കൂടെ 'നീറോയും' ഇറങ്ങി. എല്ലായിടത്തും പിതാവു കൊണ്ടുപോകാറുള്ള വിശേഷപ്പെട്ട ചെറിയ പട്ടിയാണ്. പള്ളി സന്ദർശനങ്ങൾക്കും മറ്റും കാറിൽ സഞ്ചരിക്കു



malankaralibrary.com

മ്പോൾപോലും നീറോയേയും കൂടെ കൂട്ടിയിരുന്നു. കാറിൽനിന്നും പിതാവിറങ്ങി നടക്കുമ്പോൾ നടക്കമ്പു കടിച്ചെടുത്ത് യജമാനനു കൊടുക്കാൻ നീറോയ്ക്കു എന്തുത്സാഹമായിരുന്നു. പിതാവിന് വയ്യാതായതുമുതൽ എങ്ങും പോകുന്നില്ല. ആ വാത്സല്യംപറ്റി കാൽച്ചുവട്ടിൽന്നെ കഴിഞ്ഞ് നീറോയും ആശ്വസിക്കുന്നു.

നടന്ന്, പള്ളിപണി നടക്കുന്നിടത്തെത്തി.

കല്ലറയുടെ പണി ശ്രദ്ധിച്ചു.

അതുകണ്ട് പിതാവിന്റെ മുഖത്ത് അതൃപ്തിയുടെ മങ്ങൽ. മദ്ബഹായുടെ താഴെ പ്രധാന ബലിപീഠത്തിനു നേരെ കീഴിൽ കല്ലറ പണിയാനാണു പ്രത്യേകം കല്പിച്ചത്.

എന്നാൽ പണിയുന്നത് കത്തീഡ്രലിന്റെ കിഴക്കേ അറ്റത്തുള്ള സാക്രിസ്റ്റിയുടെ കീഴിൽ.

ഉടൻ സെറാഫിയോനച്ചനെ വിളിച്ചു.

"ഇവിടെ പണിയാനാണോടോ നാം പറഞ്ഞത്?

ഉടൻ പൊളിച്ചു മാറ്റണം. പറഞ്ഞിടത്തു പണിയണം"

പകുതിയോളം പണിതുയർത്തിയ കല്ലറ ഇടിച്ചു പൊളിക്കണമല്ലോ എന്നോർത്ത് ഒരു നിമിഷം നിന്നുപോയ സെറാഫിയോൻ അച്ചനെ നോക്കി പിതാവു തുടർന്നു.

"നിലാവുദിക്കുന്നതുവരെ പന്നി കാത്തു നിൽക്കുകയില്ല. ഉടൻ തന്നെ കബറിടപ്പണി പൂർത്തിയാക്കണം".

പിതാവു അരമനയിലെത്തുമ്പോൾ പ്രത്യേക ഉദ്ദേശ്യവുമായി പന്തളം മത്തായിസാർ അവിടെ കാത്തു നിൽപ്പുണ്ട്. കൂടെ തന്റെ മകൻ ജയിംസും. പിതാവിന്റെ അരികിലേക്ക് മകനെയും കൂട്ടി അദ്ദേഹം ചെന്നു.

"പിതാവേ, ഇവനും വൈദികനാകണമെന്ന് ആഗ്രഹിക്കുന്നു".

ജയിംസ് മുന്നോട്ടു ചെന്ന് പിതാവിന്റെ കൈമുത്തി കൈ കൂപ്പി നിന്നു.

പതിനഞ്ചുകാരനായ ജയിംസിന്റെ മേൽ പിതാവിന്റെ മുനയുള്ള ദൃഷ്ടികൾ തറച്ചു. ശരീരപുഷ്ടിയുള്ള, വിടർന്ന മിഴികളുള്ള ഇരുനിറക്കാരനായ അവനെ കണ്ട മാത്രയിൽ പിതാവിനിഷ്ടമായി. അതിസമർത്ഥനാണെന്ന് അവന്റെ മുഖം കണ്ടാലറിയാം. അവന്റെ ഒരു ജ്യേഷ്ഠൻ അതിരൂപതാ വൈദികനാണ്. മറ്റൊരു ജ്യേഷ്ഠൻ സെമിനാരിയിൽ വൈദിക പഠനം നടത്തിക്കൊണ്ടിരിക്കുന്നു. ഒരു പെങ്ങൾ ബഥനി മഠത്തിലുമുണ്ട്.



malankaralibrary.com

പിതാവു സന്തുഷ്ടിയോടെ കല്പിച്ചു.

"മത്തായിച്ചാ, ഇവനെ ആശ്രമത്തിലാണു ചേർക്കേണ്ടത്. മലങ്കര വിൽ ഭവനത്തിൽനിന്നും ഇനിയും ദൈവവിളികൾ ഉണ്ടാകട്ടെ"

പിതാവ് അനുഗ്രഹിച്ചു.

ദിവസങ്ങൾ കഴിയുന്തോറും വിശപ്പില്ലായ്മ കൂടുകയാണ്. യാതൊന്നും ദഹിക്കുന്നില്ല. ഇപ്പോൾ ഉദരത്തിനു മുകളിൽ ഒരു തടിപ്പുണ്ടായിരിക്കുന്നു. മുഴപോലെ അതു വളരുകയാണ്. വല്ലാത്ത അസ്വസ്ഥത. സകലരും ഭയന്നു.

മെഡിക്കൽ കോളജിൽനിന്നും ഡോക്ടറന്മാർ എന്നും വരുന്നുണ്ട്. രോഗകാരണം അവർക്കു വ്യക്തമാകുന്നില്ല. എങ്കിലും, ഒരു ശസ്ത്രക്രിയ വേണ്ടിവരുമെന്ന് അവർ പറയുന്നുണ്ട്. അതു ചെയ്യാൻ അവർക്കു ധൈര്യമില്ലതാനും. അതിനവർ നിർദ്ദേശിക്കുന്നത് മദ്രാസിലേക്കു കൊണ്ടുപോകാനാണ്. അവിടെ പ്രഗത്ഭരായ ഡോക്ടർ മസിലാമണി ദമ്പതിമാരുണ്ട്. അതാണു ഭേദമെന്ന് എല്ലാവർക്കും തോന്നി. അങ്ങനെ മദ്രാസിലേക്ക്.

അവിടെ സവിസ്തരപരിശോധന.

ഓപ്പറേഷൻ നടത്താതെ നിവൃത്തിയില്ലെന്നു തന്നെ വിധിച്ചു. കൂടെയുള്ള അച്ചന്മാർ ഉടൻ തിരുവനന്തപുരത്തേക്കും തിരുവല്ലായിലേക്കും വിവരമറിയിച്ചു. മാർ സേവേറിയോസും സെറാഫിയോനച്ചനും മദ്രാസിലെത്തി.

പതിനാറു പ്രഗത്ഭ ഡോക്ടറന്മാർ ചേർന്ന് ശസ്ത്രക്രിയ നടത്തി. അതുകൊണ്ട് ഒരു പ്രയോജനമേ ഉണ്ടായുള്ളൂ. രോഗമെന്തെന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞു.

'കരളുമുഴുവൻ കുരുക്കൾ നിറഞ്ഞിരിക്കുന്നു!'

അതറിഞ്ഞു വിറങ്ങലിച്ചു നിന്ന അച്ചന്മാരോട് ഡോക്ടർമാർ വേദനയോടെ വിശദീകരിച്ചു.

"പ്രധാനപ്പെട്ട അവയവമാകയാൽ കരളിൽ ശസ്ത്രക്രിയ സാദ്ധ്യമല്ല. അതു നീക്കം ചെയ്യാനും കഴിയില്ല. ഇനി സൗഖ്യം എന്നതു ഈശ്വരന്റെ കയ്യിൽ മാത്രം".

ശസ്ത്രക്രിയ കഴിഞ്ഞ് പിതാവിനെ മുറിയിലേക്കു മാറ്റി. അതിവേദനയാണ്. കാണുവാൻ എല്ലാവരും കട്ടിലിനു ചുറ്റും നിരന്നു. അവരുടെ ദു:ഖം കനത്ത മുഖങ്ങളിലേക്കു നോക്കി പിതാവു പുഞ്ചിരി തൂകി. എന്നിട്ടു ചൊല്ലി.



malankaralibrary.com

"വീണിതല്ലോ കിടക്കുന്നൂ ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ, ശിവ
നല്ല മരതകക്കല്ലിനോടൊത്തൊരു
കല്ല്യാണരൂപൻ കുമാരൻ മനോഹരൻ".

വേദനയുടെ പരകോടിയിലും പുഞ്ചിരിയോടെ കിടന്നു കവിത ചൊല്ലുന്ന പിതാവിനെ നോക്കി അവർ അപ്പോഴും വിഷമത്തോടെ നിന്നു. തീരെ അവശനെങ്കിലും മാർ സേവേറിയോസിനോട് ആകാംക്ഷാപൂർവ്വം പിതാവു തെരക്കി.

"ടിസറന്റ് തിരുമേനി വന്നോ?"

റോമിലെ, പൗരസ്ത്യസഭകളുടെ തലവനാണു കർദ്ദിനാൾ ടിസറന്റ്. അദ്ദേഹം കേരളത്തിലേക്കു വരാമെന്ന് ഏറ്റിട്ടുണ്ട്. ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായ മാർതോമ്മാശ്ലീഹാ കേരളത്തിലെത്തിയിട്ട് പത്തൊൻപതു നൂറ്റാണ്ടുകൾ പൂർത്തിയാവുകയല്ലേ. അതു ഗംഭീരമായി ആഘോഷിക്കാനാണ് കേരള ക്രൈസ്തവരുടെ തീരുമാനം. അതിന്റെ മുഖ്യാതിഥിയാണു കർദ്ദിനാൾ ടിസറന്റ്. മാർപ്പാപ്പയുടെ പ്രതിനിധിയായാണു വരവ്.

രണ്ടു വർഷം മുമ്പ് തന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷിച്ചപ്പോൾ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രത്യേകമൊരു ആശംസ അയച്ചുതന്നതാണ്. പുനരൈക്യ പ്രസ്ഥാനത്തെ ശ്ലാഘിച്ച് സാമാന്യം ദീർഘമായ ഒരു കത്തും. അതെല്ലാം മാർപ്പാപ്പാ സ്വന്തം കൈപ്പടയിൽ എഴുതിയതായിരുന്നു എന്നതാണ് ആശ്ചര്യകരം. അദ്ദേഹത്തെ നേരിൽ കാണാൻ ഭാഗ്യമുണ്ടായില്ല. അദ്ദേഹത്തിന്റെ പ്രതിനിധിയെ എങ്കിലും കാണാൻ കഴിഞ്ഞെങ്കിൽ! അതിനാലാണ് കർദ്ദിനാൾ ടിസറന്റിനെ പിതാവ് അന്വേഷിക്കുന്നത്.

പക്ഷേ മാർ സേവേറിയോസ് ദു:ഖത്തോടെ പറഞ്ഞു.

"കർദ്ദിനാൾ വരുന്നില്ലെന്ന് അറിയിപ്പുണ്ടായി പിതാവേ".

"എന്താണു കാരണം?" ഉൽക്കണ്ഠയോടെ തെരക്കി.

"മാർതോമാശ്ലീഹാ കേരളത്തിൽ വന്നിട്ടേ ഇല്ലെന്ന് നമ്മുടെ നാട്ടിലെ കുറെ യുക്തിവാദികൾ റോമിലേക്ക് എഴുതി അറിയിച്ചു. വന്നാൽ, തങ്ങൾ തടയുമെന്നും എഴുതി. അതറിഞ്ഞ ഉടൻ കർദ്ദിനാൾ ഇവിടേയ്ക്കുള്ള യാത്ര റദ്ദു ചെയ്തു".

തളർന്നുകിടന്ന ആ വീരസിംഹത്തിന്റെ വലിയ മുഖത്ത് ചോര ഇരച്ചുകയറി. ചരിത്രപണ്ഡിതനായ ആ സഭാസ്നേഹി ജ്വലിക്കുന്ന ഗൗരവത്തോടെ ശബ്ദിച്ചു.



malankaralibrary.com

"മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്നോ! അങ്ങനെ പുലമ്പാനുംമാത്രം ചരിത്രമറിയാത്തവർ കേരളത്തിലുണ്ടെന്നോ! കഷ്ടം! ഇതിനു ചുട്ട മറുപടി റോമിലേയ്ക്ക് അയച്ചുകൊടുക്കാൻ ഈ നാട്ടിൽ ആരുമില്ലാതായിപ്പോയോ!"

മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നതും ഏഴരപ്പള്ളികൾ സ്ഥാപിച്ചതും പകൽപോലെ സത്യമല്ലേ. ഏഴരപ്പള്ളികളിൽ കണ്ടെത്താതെപോയ നിലയ്ക്കൽ പള്ളിയുടെ സ്ഥാനവും കണ്ടെത്തണം എന്നതായിരുന്നില്ലേ തന്റെ ആഗ്രഹം. ആ ദൗത്യം ഏറ്റെടുക്കാൻ മൈലപ്രക്കാരൻ ഗീവർഗീസ് മുന്നോട്ടു വരികയും ചെയ്തു. തെങ്ങുംതറയിൽ ഏബ്രഹാം കത്തനാരുടെ മൂത്തപുത്രനാണ്. അല്ലെങ്കിൽ മാക്കാംകുന്നു തെങ്ങുംതറയിൽ ഗീവർഗീസ് കോർ എപ്പിസ്ക്കോപ്പായുടെ ജ്യേഷ്ഠപുത്രൻ. അഥവാ പുനരൈക്യപ്പെട്ട മൈലപ്രാ എ.ജി.ഏബ്രഹാം കത്തനാരുടെ ജ്യേഷ്ഠൻ.

ശബരിമലയ്ക്കടുത്ത കൊടുംവനത്തിൽ തോക്കുമേന്തി എത്രയോ കാലം അദ്ദേഹം കഷ്ടപ്പെട്ടു. അവസാനം നിലയ്ക്കലിലെത്തുകതന്നെ ചെയ്തു. പണ്ടെങ്ങോ ആൾപ്പാർപ്പുണ്ടായിരുന്നതിന്റെ അവശിഷ്ടങ്ങൾ കണ്ടുകിട്ടി. നിലയ്ക്കൽ വനത്തിൽ പള്ളി സ്ഥാനത്തുനിന്നും വെട്ടിയെടുത്ത ഒന്നാന്തരമൊരു ചൂരൽവടി വെള്ളികെട്ടി അതു തനിക്കു സമ്മാനിച്ചുകൊണ്ടല്ലേ അദ്ദേഹം ആ കണ്ടെത്തലിന്റെ വിവരങ്ങൾ അറിയിച്ചതുപോലും.

എന്നിട്ടും തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്നു പറയാൻ ധൈര്യമുള്ളവരുണ്ടായല്ലോ. ഇതിനെതിരെ ഒന്നും ചെയ്യാൻ തനിക്കാവില്ലല്ലോ എന്നോർത്ത് പിതാവ് വേദനയോടെ കിടന്നു.

മദ്രാസിൽ തീപോലെ പൊള്ളുന്ന ചൂട്. അതുകൊണ്ടാണോ എന്തോ പിതാവിന്റെ അസ്വസ്ഥതകൂടി. അതികഠിനമായ പനിയും തുടങ്ങി. ഡോക്ടറന്മാർ ഭയന്നു. നല്ല കാലാവസ്ഥയിലേക്കു പിതാവിനെ മാറ്റാൻ അവർ നിർദ്ദേശിച്ചു.

മാർ സേവേറിയോസ് പറഞ്ഞു.

"ബാംഗ്ലൂരിലേക്കു മാറ്റിയാലോ. അവിടെ സെന്റ് മാർത്താസ് ആശുപത്രിയിൽ എല്ലാ സജ്ജീകരണങ്ങളുമുണ്ട്".

ഡോക്ടറന്മാർ അതു ശരിവച്ചു.

താങ്ങിയെടുത്താണു കാറിലിരുത്തിയത്.

അവിടെച്ചെന്നിട്ടും യാതൊരു ഭേദവുമില്ല.

അതിനാൽ പിതാവു തന്നെ കല്പിച്ചു.



malankaralibrary.com

"ഇവിടെന്തിനു വൃഥാ സമയം പാഴാക്കുന്നു. ഉടൻ നമുക്കു തിരുവനന്തപുരത്തേക്കു പോകണം. ചെയ്തു തീർക്കാൻ പല അത്യാവശ്യകാര്യങ്ങളുമുണ്ട്".


ഇങ്ങോട്ടു തിരിച്ചതുപോലെ കാറിൽ യാത്ര ചെയ്യാൻ വയ്യ. വിമാനത്തിലുള്ള മടക്കയാത്രയ്ക്കുവേണ്ട എല്ലാ ഒരുക്കങ്ങളും മാർ സേവേറിയോസ് പൂർത്തിയാക്കി. പിതാവിനോടൊപ്പം വിമാനത്തിൽ കയറാൻ തുടങ്ങിയ മാർ സേവേറിയോസിനെ പക്ഷേ, പിതാവു വിലക്കി.

"വേണ്ടാ, മാർ സേവേറിയോസ്, നമ്മോടൊപ്പം വിമാനത്തിൽ പോരേണ്ടാ. വിമാനത്തിന് എന്തെങ്കിലും അപകടം സംഭവിച്ചാൽ മലങ്കര സുറിയാനി ഹൈരാർക്കി അനാഥമായിപ്പോകും. പട്ടം കൊടുക്കുവാൻപോലും ഇതര റീത്തിലെ മെത്രാന്മാരെ ആശ്രയിക്കേണ്ടിവരും. അങ്ങനെ എതിരാളികൾ പണ്ടു പറഞ്ഞതെല്ലാം പരമാർത്ഥമായിത്തീരുകയും ചെയ്യും".

✠



malankaralibrary.com



# 50

# നിത്യവിശുദ്ധിയിലേക്ക്

**നാ**ലാഞ്ചിറ ബഥനി ആശ്രമത്തിലെ വിശ്രമമുറി. കട്ടിലിൽ കണ്ണ ടച്ചുകിടന്ന് ഇടയലേഖനം പറഞ്ഞു കൊടുക്കുകയാണ് പിതാവ്. വളരെ പതിഞ്ഞസ്വരത്തിൽ സാവധാനം പുറത്തിറങ്ങി വരുന്ന പദങ്ങളെ കട ലാസിൽ നിരത്തി തൊട്ടടുത്ത് ഫാദർ കോശി ഓ.ഐ.സി.

"നമ്മുടെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമായി കഴിഞ്ഞുവരുന്ന അകത്തോലിക്കാ സഹോദരങ്ങളെപ്പറ്റി അതിയായ ഖേദം നമ്മുടെ ഹൃദയത്തിൽ ഇപ്പോഴും ഉണ്ട്. പുനരൈക്യ ത്തിന്റെ പൂർത്തീകരണം കാണുവാൻ നമുക്കു ഭാഗ്യം സിദ്ധിച്ചില്ല. ആസ ന്നഭാവിയിൽ നമ്മുടെ അഭിലാഷം സാധിതമായിത്തീരുമെന്ന് നാം ആശി ക്കുന്നു.

പ്രിയ മക്കളേ, നിങ്ങളോരോരുത്തരും ഓരോ മിശിഹായായി രൂപാ ന്തരപ്പെടുവാൻ അഹമഹമികയാ പരിശ്രമിക്കുവിൻ. മാതാപിതാക്കന്മാർ തങ്ങളുടെ വത്സലസന്താനങ്ങളെ മിശിഹായ്ക്കു വേണ്ടി വളർത്തുന്നതിൽ ഉത്സുകരായി വർത്തിക്കട്ടെ. മിശിഹാരാജൻ നിങ്ങളുടെ ഹൃദയങ്ങളിലും ഭവനങ്ങളിലും എന്നും വാഴുമാറാകട്ടെ".



malankaralibrary.com

അത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേക്കും നാവു കുഴഞ്ഞ്, തളർന്നു കിടന്നു. "ബോധം മറയും മുമ്പേ കന്തീലാ ശുശ്രൂഷ കൊടുക്കണം"; എല്ലാവരുടേയും അഭിപ്രായം. അതറിഞ്ഞ് അനേകർ ആശ്രമത്തിലെത്തി.

മാർ അഗസ്റ്റിൻ കണ്ടത്തിൽ വന്നു. മുഖ്യ കാർമ്മികൻ മാർ സേവേറിയോസ്. മെത്രാന്മാർ പിന്നെയും വന്നു. പ്രാർത്ഥന തുടങ്ങി. വൈദികർ, കന്യാസ്ത്രീകൾ, രാഷ്ട്ര സേവകർ എന്നിവർ പ്രതിവാക്യം ചൊല്ലിക്കൊണ്ടുനിന്നു. രണ്ടര മണിക്കൂർ നീണ്ട പ്രാർത്ഥനകളെല്ലാം സുബോധത്തോടെ കിടന്ന് പിതാവ് ഏറ്റുചൊല്ലി.

പ്രാർത്ഥന തീർന്നു കഴിഞ്ഞ് പിതാവ് എന്തോ മെല്ലെ പറയുന്നു. കൂടെ നിന്നവർ ചെവിചായ്ച്ചു നിന്നു.

"എന്റെ ജീവിതത്തിൽ നിരവധി തെറ്റുകൾ ഞാൻ പ്രവർത്തിച്ചുപോയിട്ടുണ്ട്. സ്നേഹമേറിയ ദൈവം അവയെല്ലാം എന്നോടു ക്ഷമിക്കുമെന്നെനിക്ക് ഉറപ്പുണ്ട്. കാരണം, നല്ല ഉദ്ദേശ്യത്തോടു മാത്രമേ ഞാൻ അവയെല്ലാം പ്രവർത്തിച്ചിട്ടുള്ളൂ".

രണ്ടാഴ്ച അങ്ങനെ കിടന്നു. ഈ കിടപ്പിലും പിതാവിന്റെ ഉള്ളിൽ എന്തോ കണക്കുകൂട്ടലുകൾ നടക്കുന്നുണ്ടെന്നു വ്യക്തം. ഇനിയും എന്തൊക്കെയോ കൂടി ചെയ്തു തീർക്കാനുള്ളതുപോലെ. അതുകൂടി സാധിക്കുന്നതു വരെ ഈ പഞ്ജരത്തിൽ ജീവന്റെ പക്ഷിയെ ആരോ പിടിച്ചിട്ടിരിക്കുന്നതുപോലെ. ആ ഉൾബോദ്ധ്യത്തോടെ പിതാവു പറഞ്ഞു.

"നമ്മെ പട്ടം അരമനയിലേക്കു മാറ്റുക".

ഇരുപതുകൊല്ലം താൻ ചെലവിട്ട അരമനയിൽ ഇനിയുള്ള കാലവും ചെലവഴിക്കാനാണു പിതാവിന്റെ ആശ.

ഡോക്ടർ മസിലാമണി മദ്രാസിൽനിന്നും മിക്കവാറും വരുന്നുണ്ട്.

പിതാവിന്റെ ആരോഗ്യ നിലയിലുണ്ടാകുന്ന ഓരോ നേരിയ മാറ്റവും ഡോക്ടർക്ക് അറിയണം. സൂക്ഷ്മമായി പരിശോധിച്ചു. ശരീരത്തിൽ രക്തത്തിന്റെ അളവ് വളരെ കുറവ്. മുഖത്തു വിളർച്ച കണ്ടപ്പോഴേ ഡോക്ടർ അതു കരുതിയതാണ്. അനുയോജ്യമായ രക്തം ആരിൽ നിന്നെങ്കിലും എടുത്ത് ഉടൻ കുത്തിവയ്ക്കണം.

അതു കേൾക്കാത്ത താമസം അരമനയിലുള്ളവർ രക്തം നൽകാൻ മത്സരമായി. ഡോക്ടർ മസിലാമണി പലരുടേയും രക്തം പരിശോധിച്ചു. അനുയോജ്യമായത് ചാൽക്കടവിൽ ജോസ് മാത്യൂസ് അച്ചന്റേത്.



malankaralibrary.com

ഭാഗ്യസമ്മാനം കിട്ടിയ ആനന്ദമായിരുന്നു അച്ചന്. അച്ചന്റെ ധമനിയിൽ നിന്നും ചോരത്തുള്ളികൾ കുപ്പിയിലേക്ക് ഒഴുകി. അരമനമുറിയിൽ കട്ടിലിൽ കിടക്കുന്ന പിതാവിന്റെ ധമനിയിലൂടെ തുള്ളികളായി അതു കടത്തി വിട്ടു.

നാനാദിക്കിൽ നിന്നും സന്ദർശകർ പാഞ്ഞു വരികയാണ്. ഉൽകണ്ഠയും കരച്ചിലും തുളുമ്പി നിൽക്കുന്ന മുഖമാണ് എല്ലാവരുടേതും.

"നിങ്ങളെവിടെ നിന്നാണു മക്കളെ? ഓരോരുത്തരേയും നോക്കി, കിടന്നു കൊണ്ടുള്ള ചോദ്യം.

അവർ അതാതു സ്ഥലങ്ങളുടെ പേരു പറഞ്ഞു. ബസിലും തീവണ്ടിയിലുമൊക്കെ മാറിക്കയറി മണിക്കൂറുകൾ സഞ്ചരിച്ചെത്തുന്നവരാണ് പലരും.

"നിങ്ങൾ ചാക്കോയെ കണ്ടോ മക്കളേ?. ഇല്ലെങ്കിൽ പോയി കണ്ടിട്ടു വാ". പിതാവു പറഞ്ഞു. അരമനയിലെ ഭക്ഷണച്ചുമതലയുള്ള ആളാണു ചാക്കോ. ആരു വന്നാലും ആദ്യം പിതാവ് ഇതാണു പറയുന്നത്. ആരും ക്ഷീണിച്ചോ വിശന്നോ തന്റെ മുമ്പിൽ നിൽക്കുന്നതു ആ കരുണാമയനു സഹിക്കില്ല. ജനത്തിനു പക്ഷേ വിശപ്പൊന്നും പ്രശ്നമല്ല.

പിതാവിനെ കണ്ണിമയ്ക്കാതെ നോക്കി നില്ക്കയാണവർ. അവർ വഴി മാറിയിട്ട് വേണം മുറ്റത്തു തിക്കിത്തിരക്കുന്നവർക്കു കാണാൻ. അവരുടെ ആകാംക്ഷ കണ്ട് പിതാവു തന്റെ അവശതയൊക്കെ മറക്കുന്നതു പോലെ. സ്വന്തം നെഞ്ചിൽ വിരൽ ചൂണ്ടി പുഞ്ചിരിയോടെ അവരോടു പിതാവു ആരാഞ്ഞു.

"ഈ കിടക്കുന്നത് ആരാണെന്നറിയാമോ?"

സന്ദർശകർ മാത്രമല്ല കൂടെയുള്ള അച്ചന്മാരും അതുകേട്ട് മിഴിച്ചു നിന്നു.

കേരളത്തിലെന്നല്ല ലോകത്തിന്റെ ഏതു കോണിൽച്ചെന്നാലും തിരിച്ചറിയപ്പെടുന്ന ആളാണോ ഇതു ചോദിക്കുന്നത്! അവർ അത്ഭുതത്തോടെ തമ്മിൽ നോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല. പക്ഷേ പിതാവു സ്വയം പരിചയപ്പെടുത്താൻ തന്നെയാണു ഭാവം.

"ഇതാണു ഫാദർ ജോസ് മാത്യൂസ്".

ദൈവമേ, പിതാവെന്തൊക്കെയാണു പറയുന്നത്! ജോസ് മാത്യൂസച്ചൻ അതാ, അപ്പുറത്തിരിക്കുന്നതല്ലേ? പലരും മനസ്സിൽ സംശയിച്ചു. പക്ഷേ അടുത്തുനിന്ന അച്ചന്മാർ അതുകേട്ടു ചിരിച്ചു. അവർ ആളുകളോട് കാര്യം പറഞ്ഞു.



malankaralibrary.com

പിതാവിന്റെ ശരീരത്തിലൂടെ ഒഴുകുന്നത് ജോസ് മാത്യൂസ് അച്ചന്റെ രക്തമാണെന്ന കാര്യം അപ്പോൾ മാത്രമാണ് അവർ അറിഞ്ഞത്.

ശുശ്രൂഷിച്ചുകൊണ്ടു തൊട്ടരികിൽ നിൽക്കുന്ന കോശിയച്ചനോടു പിതാവു സഭാ ഭാവിയെപ്പറ്റി ഉദ്വേഗത്തോടെ ആലോചിക്കുകയും പറയുകയുമാണ്. അതുകേട്ട് കോശിയച്ചൻ പ്രശ്നപരിഹാരാർത്ഥമെന്നപോലെ പറഞ്ഞു.

"പിതാവേ നമുക്കു സർവ്വതും ദൈവത്തിൽ ഭരമേൽപ്പിക്കാം"

തെല്ല് ആലോചിച്ച് പിതാവു പ്രതികരിച്ചു.

"എടോ. അതു ശരിയാണ്. എല്ലാം ദൈവത്തിൽ ഭരമേൽപ്പിക്കണം. എന്നാൽ ദൈവം നമ്മെ ചിലകാര്യങ്ങൾ ഭരമേൽപ്പിച്ചിട്ടില്ലേ. അതിന്റെ കാര്യമോ?"

കോശിയച്ചൻ പിന്നൊന്നും പറഞ്ഞില്ല.

പിതാവു തുടർന്നു.

"എന്റെ ജീവിതാഭിലാഷങ്ങളെല്ലാം സ്നേഹമേറിയ ദൈവം നിറവേറ്റിത്തന്നിട്ടുണ്ട്. ഇനിയും അവസാനമായി രണ്ട് ആഗ്രഹങ്ങൾ കൂടി എനിക്കുണ്ട്. പണിതുകൊണ്ടിരിക്കുന്ന കത്തീഡ്രൽ സ്ഥലത്ത് വിശുദ്ധ കുർബ്ബാന അർപ്പിക്കണം. എന്റെ കൈകൊണ്ട് ഒരു സഹായമെത്രാനെ വാഴിക്കണം".

അതുകേട്ടു സകലമുഖങ്ങളും മങ്ങി. എഴുന്നേറ്റുനിൽക്കാനുള്ള ത്രാണിപോലും പിതാവിനില്ല. ഈ അവസ്ഥയിൽ ഈ രണ്ട് ആഗ്രഹങ്ങളും സാധിക്കാതെ പോവുകയേയുള്ളൂ എന്ന് അവർക്കറിയാം.

അവരുടെ മനോഭാവം അറിഞ്ഞിട്ടെന്നവണ്ണം പിതാവിന്റെ സ്വരം കനത്തു.

"ഇതു രണ്ടും എനിക്കു സാധിക്കണം. തീർച്ചയായും സാധിക്കും". അതൊരു ശാഠ്യമായിരുന്നു. ദൈവശക്തിയിൽ പൂർണ്ണമായും ശരണപ്പെട്ടവന്റെ പ്രതീക്ഷാപൂർണ്ണമായ ശാഠ്യം.

തന്റെ കാലശേഷം സഭയെ ദൈവം അനാഥമാക്കില്ലെന്നു പിതാവിനുറപ്പുണ്ടായിരുന്നു. പിൻഗാമിയെ സ്വയംകണ്ടെത്തിയിട്ടുണ്ട്. അക്കാര്യം റോമിലേക്ക് എഴുതി അറിയിച്ചിട്ടുമുണ്ട്. അതാരെന്നറിയാൻ സകലരും വീർപ്പുമുട്ടി കാത്തിരിക്കുകയാണ്. താമസിയാതെ റോമിൽനിന്നുള്ള കല്പന അരമനയിൽവന്നു.

അന്നുതന്നെ പിൻഗാമിയുടെ പേരു പരസ്യമാക്കി. ഫാദർ ബനഡിക്ട് ഒ.ഐ.സി.



malankaralibrary.com

കോളജിൽ പ്രിൻസിപ്പലായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം ഇപ്പോൾ വൈസ് പ്രിൻസിപ്പലാണ്. അമേരിക്കയിൽ നിന്നും ഉപരിപഠനം കഴിഞ്ഞു തിരിച്ചെത്തിയ ഡോക്ടർ നങ്ങച്ചിവീട്ടിലച്ചനാണു പ്രിൻസിപ്പൽ.

ബനഡിക്ട് അച്ചനെ പിതാവ് അരമനയിലേക്കു വരുത്തി. റമ്പാൻ സ്ഥാനം നൽകി. മെത്രാഭിഷേകത്തീയതി പരസ്യപ്പെടുത്തി. പുതിയ കത്തീഡ്രലിനുവേണ്ടി കെട്ടിത്തീർന്ന തറയിൽ മനോഹരമായ ഇരുനില പന്തൽ ഉയർന്നു.

നാനാദേശത്തു നിന്നും പതിനായിരങ്ങളെത്തി. ഇരുപതോളം മെത്രാന്മാർവന്നു. സഹകാർമ്മികരായി മാർ സേവേറിയോസും കോട്ടയം രൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിലും. പ്രധാനകാർമ്മികനായി മാർ ഈവാനിയോസ് വേദിയിൽ എഴുന്നെള്ളി. അദൃശ്യമായ ഏതോ കരങ്ങൾ അദ്ദേഹത്തെ താങ്ങി നിർത്തുകയായിരുന്നു. ബലിയർപ്പണത്തോടെ ചടങ്ങുകൾ തുടങ്ങി. മൂന്നു മണിക്കൂറോളം നീണ്ട ശുശ്രൂഷകൾ. വത്സലശിഷ്യനെ സ്വന്തം കരങ്ങളാൽ അഭിഷേകം ചെയ്തു; ബനഡിക്ട് മാർ ഗ്രിഗോറിയോസ് എന്ന കൊച്ചു മെത്രാനായി.

നവാഭിഷിക്തനെപ്പറ്റി നല്ല കുറെ വാക്കുകൾ പ്രസംഗിക്കുകപോലും ചെയ്തു. സൂര്യന്റെ ജ്വലന രശ്മികൾ തട്ടിത്തിളങ്ങുന്ന ചന്ദ്രനെപ്പോലെ നിന്ന കൊച്ചു മെത്രാനെ കാട്ടി പിതാവു വിശേഷിപ്പിച്ചു.

"ഹി ഈസ് ഗോൾഡ്. ഹി ഈസ് പ്യൂവർ ഗോൾഡ്".

അതു കേട്ട് ജനത്തിന്റെ ഹർഷാരവം.

അതിവിനീതനായി ബനഡിക്ട് മാർ ഗ്രീഗോറിയോസ് സദസ്സിൽ എഴുന്നേറ്റു മറുപടി പ്രസംഗത്തിനായി പ്രസരിപ്പോടെ നിന്നു. ഗുരുനാഥന്റെ പ്രശംസകൾ കേട്ട് ആ മനസ്സു കുളിർത്തിരുന്നു.

"സ്നേഹം മമ ദീപം. മെത്രാനെന്ന നിലയിൽ ഈ വാക്യം ഞാനെന്റെ ജീവിതവ്രതമായി സ്വീകരിക്കുന്നു. ഞാനൊരു പാവപ്പെട്ട വീട്ടിൽ പിറന്നവനാണ്. പട്ടിണി നേരിട്ടറിഞ്ഞവനാണ് ഞാൻ. അതിനാൽ എന്റെ കർമ്മം മുഴുവനും പാവങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഞാൻ വിനിയോഗിക്കും".

അതിമനോഹരമായ ശബ്ദത്തിൽ ചടുലമായ ആ നയപ്രസംഗം കേട്ട് ഗുരുവിന്റെ ഹൃദയം കൂടുതൽ സന്തോഷിച്ചു.

അങ്ങനെ താൻ അഭിലഷിച്ച രണ്ടു കാര്യങ്ങളും സാധിച്ചുകഴിഞ്ഞു. എല്ലാം പൂർത്തിയായെന്നു മനസ്സു മന്ത്രിക്കുന്നു.

ഇനി തന്റെ നിത്യവിശ്രമമന്ദിരത്തിലേക്കു പോകണം.



malankaralibrary.com

കല്ലറ കാണാനായി മാനേജർ ചാക്കോച്ചന്റെ തോളിൽ പിടിച്ച് പതുക്കെ നടന്നു. പണി പൂർത്തിയാക്കിയ കല്ലറ നോക്കി ധ്യാനനിരതനായി നിന്നു പ്രാർത്ഥിച്ചു.

"ഓ! എന്റെ അന്ത്യവിശ്രമത്തിനുള്ള ചെറിയ ഭവനമേ, ഞാൻ നിന്നിലേക്ക് ആനയിക്കപ്പെടുന്നു. നിന്നിൽ ഞാൻ സമാധാനത്തോടെ നിദ്ര കൊള്ളട്ടെ. നിന്നിൽനിന്നും ഞാൻ നിത്യാനന്ദത്തോടുകൂടെ ഉണരുകയും ചെയ്യട്ടെ".

സാവധാനം നടന്ന് അവിടെല്ലാം നോക്കിക്കണ്ടു. പിന്നെ കാറിൽ നാലാഞ്ചിറക്കുന്നിലേക്കുപോയി. ഇരുവശത്തും നിൽക്കുന്നവരുടെ തോളിൽപിടിച്ച് വിറയ്ക്കുന്ന കാലുകൾ പതുക്കെ മുന്നോട്ടുവച്ച് നടക്കുന്നതിനിടയിൽ ബ്രഹ്മാണ്ഡമായ കോളജും ഹോസ്റ്റലും എല്ലാം പിതാവു നോക്കി. എന്നിട്ട് പറഞ്ഞു.

"ബഥനിമെത്രാൻ ചിരട്ടയുമെടുത്ത് നാടുനീളെ നടക്കേണ്ടിവരും എന്നു നമ്മെപ്പറ്റി അന്നു പലരും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്നത്തെ സ്ഥിതിയോ? സാധുക്കൾ. അവർക്ക് കത്തോലിക്കാസഭയെപ്പറ്റിയോ പുനരൈക്യ പ്രസ്ഥാനത്തെപ്പറ്റിയോ എന്തറിയാം? അവർ വെറും ഭൗതികവാദികൾ".

അവിടെനിന്നും വീണ്ടും അരമനമുറിയിലേക്ക്. കിടക്കയിലേക്ക്. രോഗനില വഷളാവുകയാണ്. ശരീരവേദന അതികഠിനം. കരളിൽനിന്നും ചോരനിറമുള്ള വെള്ളം ഉദരത്തിലേക്ക് ഒഴുകി കെട്ടിക്കിടക്കുകയാണ്. ഡോക്ടർമാർ അത് അപ്പപ്പോൾ പുറത്തുകളഞ്ഞുകൊണ്ടിരുന്നു.

പത്രവാർത്തകളറിഞ്ഞ് നൂറുകണക്കിന് ആളുകൾ അരമനയിലേക്കു പ്രവഹിച്ചു. പടുവൃദ്ധനായ കെ.സി.മാമ്മൻ മാപ്പിള തീരെവയ്യെങ്കിലും കോട്ടയത്തുനിന്നും വന്നു. കൂനി വിറച്ചുവരുന്ന മാമ്മൻ മാപ്പിളയെ മാനേജർ ചാക്കോച്ചനും ഡ്രൈവർ വർഗീസും പിടിച്ചു കട്ടിലിന്നരികിലേക്കു കൊണ്ടുവന്നു. കട്ടിലിൽ ചുരുണ്ട് അവശനായികിടക്കുന്ന ആർച്ചുബിഷപ്പിനെ കണ്ട് മാമ്മൻ മാപ്പിള നെഞ്ചുതകർന്നു കരഞ്ഞു. ആ രൂപം കണ്ട് അദ്ദേഹത്തിനു വിശ്വസിക്കാൻ വയ്യാ.

തൊലിപൊതിഞ്ഞ ഒരസ്ഥി പഞ്ജരം. കണ്ണുകൾ വല്ലാതെ കുഴിഞ്ഞുതാണുപോയി. ഒരു കൊഞ്ചുപോലെ വളഞ്ഞുചുരുണ്ട് കട്ടിലിൽ കിടക്കുകയാണു പിതാവ്.

ചേപ്പാട്ടു പീലിപ്പോസു റമ്പാച്ചൻ പിതാവിന്റെ ചെവിയിൽ പതുക്കെ പറഞ്ഞു.

"പിതാവിനെക്കാണാൻ ആരാ വന്നിരിക്കുന്നതെന്നു നോക്കിക്കേ..."



malankaralibrary.com

അടഞ്ഞമിഴികൾ മെല്ലെ തുറന്നു. മാമ്മൻമാപ്പിളയെക്കണ്ടു ചിരിക്കാൻ ശ്രമിച്ചു. മാമ്മൻമാപ്പിള കുനിഞ്ഞ് കെട്ടിപ്പിടിച്ച് ഏങ്ങലടിച്ചു കരഞ്ഞു. അരികിലിരുന്ന് ഒരുപാടു സംസാരിച്ചു. പിതാവ് കേൾക്കുന്നുണ്ടായിരുന്നു. അവസാനം മാമ്മൻമാപ്പിള പറഞ്ഞു.

"തിരുമേനിയോടൊപ്പം പുനരൈക്യപ്പെടാൻ കഴിഞ്ഞില്ലെങ്കിലും പുനരൈക്യ പ്രസ്ഥാനത്തോട് എനിക്ക് ആദരവേ ഉള്ളൂ. എന്റെ മൂക്കിൽ ശ്വാസമുള്ളിടത്തോളം കാലം ഞാനാകട്ടെ എന്റെ മനോരമ പത്രമാകട്ടെ തിരുമനസ്സിന്റെ പ്രസ്ഥാനത്തെ ഒരു നാളും എതിർക്കുകയില്ല".

പിതാവിനെക്കാണാൻ വരുന്നവരെ ക്രമമായി മുറിയിലേക്കു കയറ്റി വിടുകയാണു മത്തായിസാറും മറ്റും. മകൻ ജയിംസ് ശെമ്മാശനും കൂടെയുണ്ട്. ഇടത്തും വലത്തുമായി ബനഡിക്ട് മാർ ഗ്രിഗോറിയോസും സി. റ്റി.കുരുവിള അച്ചനുമുണ്ട്. ചങ്ങനാശ്ശേരി രൂപതയിൽനിന്നും വന്ന് പഠിച്ച് വൈദികനായ ആളാണു കുരുവിളയച്ചൻ. ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നും ആദ്യമായി പട്ടമേറ്റ രണ്ടു വൈദികരും മുറിയിലുണ്ട്; ഫാദർ ലോറൻസ് തോട്ടവും ഫാദർ സഖറിയാസ് കിളിലേത്തും. കിളിലേത്ത് അച്ചന്റെ ജ്യേഷ്ഠൻ ഡ്രൈവർ ഗീവറുഗീസും സഹായത്തിനുണ്ട്.

പിതാവിന്റെ ബോധം ഇടയ്ക്കിടയ്ക്ക് മറയുന്നു.

ഇടവിട്ട് ദീർഘമായുള്ള ശ്വാസോച്ഛ്വാസം. അത് വളരെ പണിപ്പെട്ട്. ഓരോ ശ്വാസമെടുക്കുമ്പോഴും 'തമ്പുരാനേ' എന്ന ഞരക്കം മാത്രം.

സംസാരിക്കാൻ അല്പം ശേഷിവന്നപ്പോൾ കൊച്ചുതിരുമേനിയെ വിളിച്ചു. അദ്ദേഹം കിടക്കയോളം ചെവി ചായ്ച്ച് ആ ഭാഷണം കേട്ടു.

"മരണാനന്തരം സ്വർഗ്ഗത്തിലെത്തിയശേഷവും എന്റെ അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി ദൈവസന്നിധിയിൽ ഞാൻ നിരന്തരം പ്രാർത്ഥിച്ചു കൊണ്ടിരിക്കും".

എന്നിട്ടു അരികിൽ വച്ചിട്ടുള്ള കുരിശിലേക്കു നോക്കി പ്രാർത്ഥിച്ചു.

"എന്റെ ദൈവമേ. നീ തന്ന ഈ പീഡകൾക്കായി സ്തോത്രം. അങ്ങേയ്ക്കു ഹിതമെങ്കിൽ ഇതിന്റെ നൂറു മടങ്ങു വേദന നീ എനിക്കു തന്നാലും. നിന്റെ തിരുഹിതം നിറവേറുന്നത് എനിക്കെത്രയോ ആനന്ദകരമാകുന്നു".

സന്ദർശകരുടെ കൂട്ടത്തിൽ തോമസ് ഇഞ്ചയ്ക്കലോടി അച്ചനും വന്നു. പന്തളം മിഷനിൽ നിന്നുമാണു വരവ്. അച്ചനെക്കണ്ടു പിതാവു തെരക്കി.

"അച്ചന്റെ പുസ്തകമെഴുത്ത് എവിടെ വരെയായി?" എഴുത്തുകാരോടു പിതാവിനു വളരെ മമതയാണ്. ജോലിത്തിരക്കു വളരെയായിട്ടും



malankaralibrary.com

മുപ്പതിലേറെ ഗഹനങ്ങളായ ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള ആളാണു പിതാവ്. താൻ എഴുതിയതിൽ ഒരു പുസ്തകം മാത്രമേ അച്ചടിക്കാൻ കഴിയാതെ പോയുള്ളൂ. പ്ശീത്താ വേദപുസ്തകം. പുതിയ നിയമം മുഴുവൻ മൂലഭാഷയായ സുറിയാനിയിൽ നിന്നും തർജ്ജമ ചെയ്തതാണ്. പക്ഷേ, മുണ്ടൻ മലയിൽ നിന്നുള്ള ഇറക്കത്തിനിടയിൽ അതെടുക്കാൻ മറന്നു. പിന്നീട് അന്വേഷിച്ചിട്ടും കണ്ടുകിട്ടിയതുമില്ല. എങ്കിലും ആ വേദന പിതാവു മറക്കുകയാണ്; മറ്റുള്ള എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക വഴി.

ഇഞ്ചയ്ക്കലോടി അച്ചൻ അറിയിച്ചു.

"എഴുതിത്തീർന്നു പിതാവേ. ഉടനെ പ്രസിദ്ധപ്പെടുത്തണമെന്നുണ്ട്"

"കൊള്ളാം. ഞാനും ഒരു സംഭാവന നൽകാം". പിതാവ് ബനഡിക്ട് മാർ ഗ്രിഗോറിയോസിനെ വിളിച്ചു കല്പിച്ചു.

"കൊച്ചു തിരുമേനീ, ഇരുന്നൂറ്റൻപതു രൂപാ അച്ചനു സംഭാവനയായി കൊടുക്കണം".

അച്ചൻ ആ വാത്സല്യാതിരേകത്തിനു മുന്നിൽ കരഞ്ഞുപോയി.

പിതാവിന്റെ സ്ഥിതി അറിഞ്ഞു മാർപ്പാപ്പായുടെ പ്രതിനിധി ഡോക്ടർ മാർട്ടിൻ ലൂക്കോസ് തിരുമേനി അരമനയിൽ വന്നു.

കണ്ണുതുറക്കാൻ ശക്തിയില്ലാതെ, നാവനക്കാനാവാതെ കിടക്കുന്ന ആർച്ചുബിഷപ്പിനെ അദ്ദേഹം കണ്ടു. കട്ടിലിൽ നിറഞ്ഞു കിടന്നിരുന്ന ശരീരപുഷ്ടിയുള്ള ആ മഹാമനുഷ്യൻ ഇന്ന് കട്ടിലിന്റെ ഒരറ്റത്തു പറ്റിച്ചേർന്നു കിടക്കുന്നു!

ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉജ്ജ്വല വാഗ്ധോരണി സമ്മാനിച്ച ആ സ്വർണ്ണനാവുകാരൻ ഇതാ ഒന്നനങ്ങാൻ പോലുമാവാതെ ചുരുണ്ടു കിടക്കുന്നു.

പക്ഷേ, മാർട്ടിൻ തിരുമേനി മടങ്ങാൻ ഭാവമില്ല. പിതാവു കണ്ണുതുറന്നു കണ്ടിട്ടേ മടങ്ങുന്നുള്ളൂ.

അതു സാധിക്കുകയും ചെയ്തു. ഒരാഴ്ചയ്ക്കുശേഷം ആദ്യമായി പിതാവു കണ്ണുതുറക്കുകയാണ്. അതാദ്യം കണ്ടത് സി.റ്റി.കുരുവിളയച്ചൻ. അദ്ദേഹം ഓടി മാർട്ടിൻ തിരുമേനിയേയും കൊച്ചു തിരുമേനിയേയും വിളിച്ചു. എല്ലാവരും കിടക്കയ്ക്കരികിലേക്കു കുതിച്ചു.

മാർ ഗ്രീഗോറിയോസ് അറിയിച്ചു.

"പിതാവിനെക്കാണാൻ ഇതാ മാർട്ടിൻ തിരുമേനി വന്നിരിക്കുന്നു".

പിതാവ് അതുകേട്ടു. തലതിരിച്ചു നോക്കാനുള്ള ത്രാണിയില്ല. എങ്കിലും കാര്യമറിഞ്ഞ് വളരെ താഴ്ന്ന സ്വരത്തിൽ പ്രതികരിച്ചു.



malankaralibrary.com

“വെൽകം; എ ബിഗ് വെൽകം”.

മാർട്ടിൻ തിരുമേനി അരികിലിരുന്ന് ഇംഗ്ലീഷിൽ സംസാരിച്ചു. അതിനെല്ലാം മറുപടി പറയാൻ പിതാവു ചുണ്ടുകൾ ചലിപ്പിക്കുന്നുണ്ട്. പക്ഷേ ഒന്നും വ്യക്തമാകുന്നില്ല.

മാർട്ടിൻ തിരുമേനി പറഞ്ഞു.

“ഞാൻ തിരുമേനിയോടൊപ്പം ഒരാഴ്ചയായി ഇവിടുണ്ടായിരുന്നു. ഇനി ഡൽഹിയിലേക്കു പൊയ്ക്കൊള്ളട്ടെ”.

അതുകേട്ട് അതേകിടപ്പിൽ പിതാവു പറഞ്ഞു.

“വാട്ട് എ ഗ്രേറ്റ് പ്രിവിലേജ്!”

“യുവർ ഗ്രേയ്സ് ഡിസേർവ്സ് ഇറ്റ്”.

അദ്ദേഹം ഡൽഹിയിലേക്കു പോയി.

ചുറ്റുമുള്ളവരോടു പിതാവ് പറഞ്ഞു

“കിടക്കയുടെ ഇരുവശത്തും... ഓരോ ക്രൂശിതരൂപം... വയ്ക്കണം. എങ്ങോട്ടു തിരിഞ്ഞാലും ... അതെനിക്കു കാണാൻ കഴിയണം. ഞാൻ കണ്ണുകളടച്ചു കിടന്നാലും ... ജപങ്ങൾ ചൊല്ലിക്കൊണ്ടിരിക്കണം”.

അതുപറഞ്ഞ് പിതാവ് കണ്ണുകൾ അടച്ചു.

കുരുവിളയച്ചൻ പ്രാർത്ഥന ചൊല്ലിത്തുടങ്ങി.

അതിയായ ദാഹത്താൽ ചുണ്ടും തൊണ്ടയും വരളുകയാണ്.

കോശി അച്ചൻ ജലം ചേർത്ത പാൽ അല്പാല്പമായി ചുണ്ടിൽ പകർന്നു കൊടുത്തു.

ചൊല്ലിക്കൊടുക്കാതെതന്നെ പിതാവു സ്വയം പ്രാർത്ഥിച്ചു. കർമ്മല മാതാവിനോടുള്ള പ്രാർത്ഥന.

നാളെ കർമ്മല മാതാവിന്റെ തിരുനാളാണ്. പക്ഷേ പിതാവ് അതെങ്ങനെ അറിഞ്ഞു. ഇന്ന് ജൂലൈ മാസം പതിനഞ്ചാം തീയതിയാണെന്ന് പിതാവ് അറിഞ്ഞിരിക്കാനിടയില്ല. ആണ്ട്, ആയിരത്തിത്തൊള്ളായിരത്തി അൻപത്തിമൂന്നാണ് എന്നുപോലും ഓർക്കുന്നുണ്ടാവില്ല. പിന്നെങ്ങനെ, നാളത്തെ തിരുനാളിന്റെ പ്രത്യേകത മനസ്സിലാക്കിയിട്ടെന്നപോലെ പിതാവു പ്രാർത്ഥിച്ചു! ഒരു പക്ഷേ, അതുല്യനായ ആ ദൈവമാതൃഭക്തന് ദൈവം നൽകിയ സൗഭാഗ്യമായിരിക്കാം അത്.

വീണ്ടും പിതാവു പ്രാർത്ഥിച്ചു.

“ദൈവമേ ഇതാ... എന്റെ... ജീവനെ... നിന്റെ കയ്യിൽ... ഏൽപിക്കുന്നു. നിന്റെ ... സ്നേഹമാകുന്ന ... യാഗപീഠത്തിന്മേൽ... ഞാനൊരു



malankaralibrary.com

യാഗപ്പശുവായി... ശയിക്കുന്നു. ഈ യാഗപ്പശുവിനെ... അടിക്കുക; മുറിക്കുക; യാഗമായി ദഹിപ്പിക്കുക. നിനക്കായി കഷ്ടപ്പെടാനുള്ള... സഹനശക്തി മാത്രം തന്നാൽ മതി".

അന്നു ബുധനാഴ്ചയുടെ സന്ധ്യയായി. പകലിന്റെ നാഥനായി ജ്വലിച്ചുനിന്ന സൂര്യദേവൻ മറഞ്ഞുകഴിഞ്ഞു. സന്ധ്യയുടെ മുഖം ഇരുണ്ടുതുടങ്ങി. പിതാവിന്റെ അസ്വസ്ഥത കൂടി.

ഒരിത്തിരി വായു വലിച്ചെടുക്കാൻപോലും ക്ലേശിക്കുകയാണ്. നെഞ്ചിലെ എല്ലിൻകൂട് അതിനായി ബദ്ധപ്പെടുന്നതുകാണാം. മാർ സേവേറിയോസും മാർ ഗ്രിഗോറിയോസും പ്രാർത്ഥനാനിരതരായി. വൈദികരും കന്യാസ്ത്രീകളും അരമനയിൽ നിറഞ്ഞു. സകല മിഴികളും കവിഞ്ഞൊഴുകി.

നേരം രാത്രി പതിനൊന്നര. ആർക്കും ഊണില്ല. ഉറക്കമില്ല. മറ്റൊരു ചിന്തയില്ല. വെന്തെരിയുന്ന മനസ്സോടെ അവർ നിന്നു.

പിതാവിന്റെ ദേഹം വല്ലാതൊന്നിളകി. സകലരും നിർത്താതെ പ്രാർത്ഥിച്ചു.

"ഈശോ-മറിയം-യൗസേപ്പേ..."

അടഞ്ഞുകിടന്ന മിഴികൾ പെട്ടെന്നു തുറന്നു. ആഴക്കുണ്ടുകളിൽ താണുകിടന്ന ആ മിഴികൾ അവസാനമായി ഒന്നു തിളങ്ങി. പെട്ടെന്നതു വലുതായി. തല വലത്തു വശത്തേക്കു ചാഞ്ഞു. മിഴികൾ അടഞ്ഞു.

മാലോകരുടെ തീരാവേദന ഏറ്റുവാങ്ങി, കൂറ്റൻ പള്ളിമണി ഏങ്ങലടിപോലെ തേങ്ങിക്കരഞ്ഞു.

അഭൗമതേജസ്സിലേക്ക് പറന്നുയരുന്ന പുണ്യാത്മാവിന്റെ ചിറകടിശബ്ദംപോലെ പാതിരായുടെ പരമ നിശബ്ദതയിൽ ആ മണിനാദം മുഴങ്ങിക്കൊണ്ടിരുന്നു.

✠



malankaralibrary.com

MALANKARA
LIBRARY

malankaralibrary.com
malankaralibrary.com